ജില്ലാ പദ്ധതി

വയനാട്

ഭാഗം 1

2018

ജില്ലാ ആസൂത്രണ സമിതി വയനാട്

നവകേരളത്തിന് ജനകീയാസൂത്രണം

ജില്ലാ പദ്ധതി

വയനാട്

ഭാഗം 1

ജില്ലാ ആസൂത്രണ സമിതി
വയനാട്

2018

മുഖവുര

ഭരണഘടനയുടെ അനുച്ഛേദം 243 (ZD) പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണസമിതി കളുടെ മുഖ്യ ചുമലതയാണ് ജില്ലയ്ക്ക് മൊത്തത്തിൽ ബാധകമായ ജില്ലാപദ്ധതി തയ്യാറാക്കുക എന്നുള്ളത്. സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാറുകൾ, ഏജൻസികൾ തുടങ്ങിയ വികസനമേഖലയിൽ ഉൾപ്പെടുന്ന ഓരോ യൂണിറ്റിനും ദിശാബോധം നൽകുന്നതിന് സഹായിക്കുന്നതും ജില്ലയുടെ സമഗ്രവികസനം വിഭാവനം ചെയ്യുന്നതുമായ ഒരു രേഖയായിരിക്കണം ജില്ലാ പദ്ധതിയെന്ന് സർക്കാർ നിഷ്ക്കർഷിക്കുന്നു.

ഭരണഘടന വിഭാവനം ചെയ്യുന്നതുപോലെ തദ്ദേശഭരണസ്ഥാപനങ്ങൾ അവയുടെ അധികാരമേഖലയിൽ സ്വതന്ത്രമായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതോടൊപ്പം വികസന വകുപ്പുകളുമായുള്ള സമന്വയവും ഏകോപനവും ഉറപ്പാക്കി വികസന പ്രവർത്തികൾ നടപ്പാക്കുന്നതിന് ജില്ലാ പദ്ധതിരേഖ ഉപകരിക്കുന്നതാണ്. ഇതിനായി ലഭ്യമാകുന്ന മനുഷ്യ–പ്രകൃതി–ധന സ്ഥാപന വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിക്കുകയും ആവർത്തനങ്ങൾ പരമാവധി ഒഴിവാക്കി പരിപാടികളുടെ സമന്വയം പരമാവധി ഉറപ്പാക്കുകയും ചെയ്യുന്ന രീതിയിലാണ് ജില്ലാപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(അച്ചടി) നം.19/2017/പ്ലാനിംഗ് തീയതി 23/01/2017 ആയി പുറപ്പെടുവിച്ചിട്ടു ്. മാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ച പ്രകാരംചിട്ടയായ പ്രവർത്തനമാണ് ജില്ലാപദ്ധതി തയ്യാറാക്കുന്നതിനായി ജില്ലയിൽ നടത്തിയത്. വയനാട് ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വികസന മേഖലകളിലെ വിദഗ്ദരും ഉദ്യോഗസ്ഥരും അടങ്ങിയ 28 ഉപസമിതികൾ ഇതിനായി രൂപീകരിക്കുകയു ായി. ഉപസമിതികൾ തയ്യാറാക്കിയ റിപ്പോർട്ട് അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി ബഹു. എം.പി., എം.എൽ.എ.മാർ, തദ്ദേശഭരണസ്ഥാപനങ്ങൾ, മാധ്യമപ്രവർത്തകർ, പൊതുജനങ്ങൾ, തുടങ്ങിയവർക്ക് നൽകുകയു ായി .അവരുടെ നിർദ്ദേശങ്ങളും വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും കൂടിഉൾപ്പെടുത്തിയാണ് ജില്ലയുടെ വികസന പരിപ്രേക്ഷ്യവും വികസന കാഴ്ചപ്പാടുമടങ്ങുന്ന ജില്ലാ പദ്ധതിതയ്യാറാക്കിയത്. സംസ്ഥാനതല വിദഗ്ദ സമിതിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഇത് പരിഷ്കരിക്കുകയു ായി. തുടർന്ന് സംസ്ഥാന വികസന കൗൺസിലിന്റെ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി ജില്ലാ പദ്ധതി അന്തിമമാക്കി.

പ്രാദേശികസർക്കാറുകളുടേയും വികസന വകുപ്പുകളുടേയും ഏകോപനം സാധ്യമാക്കുന്നതിനും മറ്റു ഏജൻസികൾക്ക് വികസന പ്രവർത്തനങ്ങളിൽ പങ്കാളിത്തം നൽകുന്നതിനും ജില്ലാപദ്ധതി ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ടി. ഉഷാകുമാരി
ചെയർപേഴ്സൺ
ജില്ലാആസൂത്രണസമിതി &
പ്രസിഡ ്, ജില്ലാ പഞ്ചായത്ത്

സമഗ്ര വികസനത്തിലേക്ക്

ഭൂമികയിൽ വയനാട് അടയാളപ്പെടുത്തുന്നത് പട്ടികവർഗ്ഗ അധിവാസ പ്രദേശമെന്ന നില യിലും തനത് വിത്തിനങ്ങളും പാരമ്പര്യ കൃഷിരീതികളും അവലംബിക്കുന്ന പ്രദേശമെന്ന നിലയിലു മാണ്. വയനാടിന്റെ തനതായ ജൈവവൈവിധ്യം പ്രധാനം ചെയ്യുന്നത് ഇവിടുത്തെ 40 ശതമാനം വരുന്ന വനപ്രദേശങ്ങളാണ്.

പ്രദേശികസർക്കാരുകളും വികസന വകുപ്പുകളും സമാന സ്വഭാവമുള്ള പദ്ധതികൾ സമാന്തരമായി നടപ്പിലാക്കുന്നത് ലഭ്യമായ വിഭവങ്ങളുടെ പരമാവധി വിനിയോഗം സാധ്യമാകുന്നതിന് തടസ്സമാകാറു ്. ഇതിനു പരിഹാരമാകുന്നതിനും ജില്ലയുടെ സമഗ്ര വികസനം സാധ്യമാകുന്നതിനുമാണ് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചത്. മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചതിൻ പ്രകാരം ജില്ലയുടെ വികസന പരിപ്രേക്ഷ്യവും നിർദ്ദേശങ്ങളും ഉൾപ്പെടുന്ന ര ് ഭാഗങ്ങളായാണ്. ജില്ലാ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ജില്ലയുടെ വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിന് വിവിധ വികസന മേഖലകളുടെ അവസ്ഥ വിശകലനത്തിന് വിധേയമാക്കുകയുമു ായി. ഇത്തരത്തിൽ നടന്ന വിശകലനങ്ങളിൽ കെ ത്തിയ വികസന വിടവുകൾ, വികസന പ്രശ്നങ്ങൾ, വികസന സാധ്യതകൾ, ഏകോപന സാധ്യതകൾ തുടങ്ങിയവ പഠനവിധേയമാക്കുകയും ജനകീയ ആവശ്യങ്ങളിൽ പരിഹാരമാർഗ്ഗം തേടുന്നതിനാവശ്യമായ ഇടപെടൽ സാധ്യതകൾ കെ ത്തുകയും ചെയ്തിട്ടു ്. നടപ്പു പഞ്ചവത്സര പദ്ധതിക്കാലത്തും ദീർഘകാലാടിസ്ഥാനത്തിലും സ്വീകരിക്കേ ുന്ന വികസന നയസമീപനം രൂപപ്പെടുത്തിയിട്ടു ്. ജില്ലയുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും പരിസ്ഥിതി സൗഹൃദവികസന സാധ്യതകളും കണക്കിലെടുത്ത്, ജില്ലയുടെ സാമൂഹിക, സാംസ്കാരിക തനിമകൾ ചോർന്നു പോകാത്ത തരത്തിൽ സമഗ്ര വികസനമാണ് ജില്ലാ പദ്ധതി ലക്ഷ്യമിടുന്നത്.

കാർഷിക അനുബന്ധ മേഖല, അടിസ്ഥാന വികസനം, വിനോദ സഞ്ചാരം, പരിസ്ഥിതി സംരക്ഷണം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം, എന്നിവയ്ക്ക് ജില്ലാ പദ്ധതിയിൽ പ്രത്യക ഊന്നൽ നൽകിയിട്ടു ്.

ജില്ലയുടെ സമഗ്രവികസനത്തിന് ജില്ലാ പദ്ധതി സഹായകരമാകുമെന്ന് കരുതുന്നു.

എസ്. സുഹാസ്, ഐ.എ.എസ്സ്
മെമ്പർ സെക്രട്ടറി ജില്ലാ ആസൂത്രണ സമിതി &
ജില്ലാ കളക്ടർ

ജില്ലാ പദ്ധതി – പ്രവർത്തനങ്ങൾ

ജില്ലാ ആസൂത്രണ സമിതിയുടെ മുഖ്യ ചുമതല ജില്ലാ പദ്ധതി തയ്യാറാക്കലിലൂടെ നിറവേറ്റുകയാണ്. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന്റെ മാർഗ്ഗരേഖ അംഗീകരിച്ചു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതോടെ പ്രവർത്തനങ്ങൾക്ക് ആരംഭംക്കുറിച്ചു. (സ.ഉ.(അച്ചടി) നമ്പർ: 19/2017/പ്ലാനിംഗ് തീയതി: 23.09.2017). പ്രസ്തുത മാർഗ്ഗരേഖയിൽ വിവരിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചു കൊ□ ് ജനകീയ പങ്കാളിത്തത്തോടെയാണ് ജില്ലാ ആസൂത്രണ സമിതി വയനാട് ജില്ലയുടെ ജില്ലാ പദ്ധതി തയ്യാറാക്കിയത്.

ജില്ലാ ആസൂത്രണ സമിതിയംഗം ചെയർമാനും വിഷയ മേഖലയിലെ ജില്ലാതല വിദഗ്ദൻ വൈസ് ചെയർമാനും ജില്ലാതല ഉദ്യോഗസ്ഥർ കൺവീനറും വിഷയമേഖലയുമായി ബന്ധപ്പെട്ട അംഗങ്ങൾ കൂടി ഉൾപ്പെട്ട 27 ഉപസമിതികളാണ് ജില്ലാപദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ചത്. ഉപസമിതി രൂപീകരിച്ചുകൊ□ ുള്ള ഉത്തരവ് 9/10/2017 ന് പുറപ്പെടുവിച്ചു.

ആമുഖം, വിഭവങ്ങൾ, വികസനത്തിന്റെ സ്ഥലമാനങ്ങൾ, കൃഷി, ജലസേചനം, മണ്ണ്, ജലസംരക്ഷണം, മൃഗസംരക്ഷണം, ക്ഷീര വികസനം, മൽസ്യ വികസനം, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം, വനവികസനം, വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ സംരംഭങ്ങൾ, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, പാർപ്പിടം, ദാരിദ്ര്യ ലഘൂകരണം, വിദ്യാഭ്യാസം, സംസ്കാരം, കായികം, യുവജനകാര്യം, ഊർജ്ജം, ഗതാഗതം, വാർത്താ വിനിമയം, വിനോദ സഞ്ചാരം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെ□ ർ വിഭാഗം, വനിതാ വികസനം, കുട്ടികൾ, തൊഴിൽ, സഹകരണം എന്നീ ഉപസമിതികൾ ആണ് രൂപീകരിച്ചത്. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ഉപസമിതി അംഗങ്ങൾക്ക് 10.10.2017 ന് പരിശീലനം നൽകുകയു□ ായി

ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തേ□ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു.എംപിമാർ, എം.എൽ.എമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വ്യാപാരി വ്യവസായി സംഘടനകൾ, ട്രേഡ് യൂണിയനുകൾ തുടങ്ങി ജില്ലയിലെ വികസന മേഖലയിലെ വ്യക്തികൾ, സംഘടനകൾ എന്നിവരുമായി 21.10.2017 ന് കൂടിയാലോചനായോഗം ചേർന്നു.

കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ഉപസമിതികൾ യഥാസമയം യോഗം ചേർന്നിട്ടു□ ്. ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വികസന വിടവുകൾ ക□ ത്തി ജില്ലാതല ലക്ഷ്യങ്ങളും മുൻഗണനകളും നിശ്ചയിക്കുന്നതിന് ഉപസമിതികൾക്ക് കഴിഞ്ഞിട്ടു□ ്. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് ഉപസമിതികൾ റിപ്പോർട്ട് തയ്യാറാക്കിയത്.

സംസ്ഥാന ആസൂത്രണ ബോർഡ് നിയോഗിച്ച വിദഗ്ധ സമിതിയുടെ സാന്നിദ്ധ്യത്തിൽ കരട് റിപ്പോർട്ടിന്റെ അവതരണം 20.12.2017 ന് നടത്തി. ബന്ധപ്പെട്ട ഉപസമിതി കൺവീനർമാരാണ് അവതരണം നടത്തിയത്. തുടർന്ന് റിപ്പോർട്ട് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയും പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

റിപ്പോർട്ട് അഭിപ്രായ രൂപീകരണത്തിനായി ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുകയു□ ായി. തദ്ദേശഭരണ സ്ഥാപനതലത്തിൽ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് റിപ്പോർട്ട് ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ ഉപസമിതികൾക്ക് ലഭ്യമാക്കി.

വികസന റിപ്പോർട്ടർമാരായ മാധ്യമ പ്രവർത്തകരുമായി ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും അഭിപ്രായങ്ങൾ സ്വരൂപിക്കുകയു ായി.

വിവിധ തലങ്ങളിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് പരിഷ്കരിച്ച് 20.01.2018 ന് വികസന സെമിനാറിൽ അവതരിപ്പിച്ചു. വിഷയമേഖലാ ഗ്രൂപ്പ് അടിസ്ഥാനത്തിൽ റിപ്പോർട്ട് ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തു. ബഹു. എം.പി, എം.എൽ.എമാർ, തദ്ദേശ ഭരണ സ്ഥാപന അദ്ധ്യക്ഷൻമാർ, ഗവേഷണ സ്ഥാപന മേധാവികൾ, ലീഡ് ബാങ്ക്, നബാർഡ് പ്രതിനിധികൾ, ഉപസമിതി ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, കൺവീനർമാർ എന്നിവർ പങ്കെടുത്ത വികസന സെമിനാർ പങ്കാളിത്തം കൊ ും സജീവ ആശയ സംവാദങ്ങൾകൊ ും സമ്പന്നമായിരുന്നു.

വികസന സെമിനാറിലെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് പരിഷ്കരിക്കുകയും 23.01.2018 ന് ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നൽകുകയും ചെയ്തു.

അന്തിമമാക്കിയ കരട് റിപ്പോർട്ട് അംഗീകാരത്തിനായി സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിച്ചു. 2019 ജനുവരി 31, ഫെബ്രുവരി 1 എന്നീ തീയതികളിൽ സംസ്ഥാനതല വിദഗ്ധ സമിതി റിപ്പോർട്ട് പരിശോധിക്കുകയു ായി.

2018 ഫെബ്രുവരി 12, 14 എന്നീ തീയതികളിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വെച്ച് നടത്തിയ സംസ്ഥാനതല സെമിനാറിൽ ജില്ലാ പദ്ധതി കരട് റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്കു വേ ി ജില്ലാ കളക്ടർ അവതരിപ്പിച്ചു. ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ സെമിനാറിൽ പങ്കെടുക്കുകയു ായി. ഉള്ളടക്കം കൊ ് റിപ്പോർട്ട് മികച്ച നിലവാരം പുലർത്തിയതായി സെമിനാറിൽ വിലയിരുത്തപ്പെട്ടു.

2018 ഫെബ്രുവരി 20 ന് ചേർന്ന സംസ്ഥാന വികസന കൗൺസിൽ ജില്ലാ പദ്ധതി പരിഗണിക്കുകയും ഭേദഗതി നിർദ്ദേശങ്ങളോടെ സർക്കാരിന്റെ അംഗീകാരത്തിന് ശുപാർശ ചെയ്യുകയും ചെയ്തു. സംസ്ഥാന വികസന കൗൺസിൽ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ജില്ലാ പദ്ധതി അന്തിമമാക്കുകയും ചെയ്തു.

വികസന വകുപ്പുകൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ദിശാബോധം നൽകുന്ന ഒരു സുപ്രധാന രേഖയായി ജില്ലാ പദ്ധതി മാറുകയാണ്. എന്നാൽ ഇതു ഒരു അന്തിമ രേഖയല്ല. കാലികമായ പരിഷ്കരണം സർക്കാർ നിർദ്ദേശിച്ചിട്ടു ്. ജില്ലയുടെ സമഗ്ര വികസനത്തിന് ഈ രേഖ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഏലിയാമ്മ നൈനാൻ
ജില്ലാ പ്ലാനിംഗ് ഓഫീസർ

അദ്ധ്യായം 1

ആമുഖം

സഹ്യാദ്രിയുടെ മടിത്തട്ടിൽ സ്ഥിതി ചെയ്യുന്ന അത്യന്തം പ്രകൃതി രമണീയമായ ഭൂഭാഗമാണ് വയനാട്.കോഴിക്കോട് ജില്ലയുടെ ഭാഗമായിരുന്ന തെക്കേ വയനാട് താലൂക്കും കണ്ണൂർ ജില്ലയുടെ ഭാഗമായിരുന്ന വടക്കേ വയനാട് താലൂക്കും സംയോജിപ്പിച്ചുകൊണ്ട് 1980 നവംബർ ഒന്നിനു കേരളത്തിന്റെ പത്തൊണ്ടാമത് ജില്ലയായി വയനാട് രൂപീകൃതമായി. സമുദ്ര നിരപ്പിൽ നിന്നും 700 മീറ്റർ മുതൽ 2100 മീറ്റർ വരെ ഉയരത്തിലുള്ള ഈ ജില്ല പശ്ചിമഘട്ട മലനിരകൾക്കിടയിൽ വിശാല പീഠഭൂമിയായി സ്ഥിതി ചെയ്യുന്നു. 2131 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വയനാട് ജില്ലയുടെ 862.16 ചതുരശ്ര കിലോമീറ്റർ പ്രദേശം നിക്ഷിപ്ത വനഭൂമിയാണ്. കേരളത്തിലെ ഇതര ജില്ലകളിൽ നിന്നും വേറിട്ട് പ്രത്യേക ഭൂവിഭാഗമായി നിലകൊള്ളുന്ന ഈ ജില്ല തമിഴ് നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്നു.

ചിത്രം 1.1
ഭൂപടം–വയനാട്ജില്ല



വയനാട് ജില്ല ഒറ്റ നോട്ടത്തിൽ

- സ്ഥാനം : ഉത്തര അക്ഷാംശം 11^0 30' 08''നും 11^0 58' 40''നും പൂർവ്വ രേഖാംശം75^0 47' 23''നും 76^0 26' 40''നും മദ്ധ്യേ
- അതിരുകൾ

  വടക്ക് : കർണാടക സംസ്ഥാനത്തിലെ കുടക് ജില്ല

  കിഴക്ക് : തമിഴ്നാട് സംസ്ഥാനത്തിലെ നീലഗിരിജില്ല

  തെക്ക് : മലപ്പുറം ജില്ല

  പടിഞ്ഞാറ് : കോഴിക്കോട് – കണ്ണൂർ ജില്ലകൾ
- വിസ്തീർണ്ണം : 2131 ച.കി.മീ
- വന വിസ്തൃതി : 862.16ച.കി.മീ
- സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം : 700 മീറ്റർ മുതൽ 2100മീറ്റർവരെ
- ജനസംഖ്യ (2011) : 8,17,420
- പുരുഷൻ : 401684
- സ്ത്രീകൾ : 415736
- റൂറൽ ജനസംഖ്യ : 6,92,449
- അർബൻ ജനസംഖ്യ : 1,24.971
- പട്ടിക ജാതി ജനസംഖ്യ (2011) : 32578
- പുരുഷൻ : 16406
- സ്ത്രീകൾ : 16172
- പട്ടിക വർഗ്ഗ ജനസംഖ്യ (2011) : 151443
- പുരുഷൻ : 74476
- സ്ത്രീകൾ : 76967
- സ്ത്രീ പുരുഷ അനുപാതം : 1035
- സാക്ഷരത നിരക്ക് : 89.03%
- ജനസാന്ദ്രത : 384
- ജനന നിരക്ക് 2015 : 17.33
- മരണ നിരക്ക് 2015 : 5.15
- ശിശുമരണ നിരക്ക് 2015 : 2.70
- ആകെ തൊഴിലാളികൾ : 3,40,070
- വർക്ക് പാർട്ടിസിപ്പേഷൻ റേറ്റ് : 41.60%
- താലൂക്കുകളുടെ എണ്ണം : 3
- റവന്യൂ ഡിവിഷൻ : 1
- ബ്ലോക്ക് പഞ്ചായത്തുകൾ : 4
- ഗ്രാമപഞ്ചായത്തുകൾ : 23
- മുനിസിപ്പാലിറ്റികൾ : 3
- ലോക സഭാ മണ്ഡലങ്ങൾ : 01
- നിയമസഭാ മണ്ഡലങ്ങൾ : 3

- പ്രധാന കാർഷിക വിളകളുടെ വിസ്തൃതി(2015-16)

കാപ്പി	:	67414 ഹെക്ടർ
അടയ്ക്ക	:	13461 ഹെക്ടർ
കുരുമുളക്	:	12498 ഹെക്ടർ
റബ്ബർ	:	10790 ഹെക്ടർ

- അണക്കെട്ടുകൾ : ബാണാസുര സാഗർ, കാരാപ്പുഴ

കാലാവസ്ഥ, മണ്ണിന്റെ ഘടന, ഭൂപ്രകൃതി എന്നിവയുടെ പ്രത്യേകത ജില്ലയുടെ കാർഷിക സമ്പദ്ഘടനയെ സാരമായി സ്വാധീനിക്കുന്നു. മണ്ണിന്റെ മക്കളും വനവാസികളുമായ ആദിവാസികളും പല കാലങ്ങളിലായി കുടിയേറി പാർത്ത മറ്റു വിഭാഗത്തിൽപ്പെട്ടവരും കഠിനാദ്ധ്വാനത്തിലൂടെ മണ്ണ് പൊന്നാക്കി മാറ്റിയ വയനാടൻ ചരിത്രം ആവേശകരമാണ്.

ചിത്രം 1.2
സ്ഥാനീയ ഭൂപടം



അവലംബം:നഗരഗ്രാമാസൂത്രണ വകുപ്പ്

ചരിത്രത്തിന്റെ തിരുശേഷിപ്പുകളായി ഇപ്പോഴും നിലനിൽക്കുന്ന സ്മാരകങ്ങൾ നമുക്ക് വയനാട്ടിൽ അങ്ങോളമിങ്ങോളം കാണാം. ബി.സി. 10000നും 4000നും ഇടയിലുള്ള നവീന ശിലായുഗത്തിലെ ചരിത്രരേഖകളായി ചരിത്രകാരൻമാർ ചൂണ്ടിക്കാണിക്കുന്ന,നെന്മേനി ഗ്രാമപഞ്ചായത്തിലെ അമ്പുകുത്തി മലയിലെ എടക്കൽ ഗുഹയും തൊവരി മലയിലെ ശിലാലിഖിതങ്ങളും വളരെ പഴക്കം ചെന്ന വയനാടിന്റെ ഒരു സാംസ്കാരിക ചരിത്രമാണ് വരച്ചു കാട്ടുന്നത്. കൂപ്പക്കൊല്ലി, ആയിരംകൊല്ലി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുള്ള ശിലാനിർമ്മിതമായ ആയുധങ്ങളും മറ്റും ശിലായുഗ സംസ്കാരത്തിന്റെ സ്പന്ദിക്കുന്നതെളിവുകളാണ്.

ബി.സി. മൂന്നാം നൂറ്റാണ്ടിൽ തെന്നിന്ത്യയിൽ വ്യാപിച്ച ജൈനസ്മൃതിയുടെ ശേഷിപ്പുകളായി പനമരം പുഞ്ചവയലിലെ കല്ലമ്പലവും സുൽത്താൻ ബത്തേരിയിലെ ജൈനക്ഷേത്രവും പുളിയാർമലയിലെ ഗുഹയും ഇന്നും നിലകൊള്ളുന്നു.തിരുനെല്ലിക്ഷേത്രവും രാമായണവുമായി ബന്ധപ്പെട്ടു കിടക്കുന്ന ചെതലയമെന്ന സീതാലയവും പുൽപ്പള്ളി എന്ന പുൽകുടിലും പൊൻകുഴിയിലെ

കണ്ണീർ തടാകവും വാത്മീകി ആശ്രമവും ലവകുശക്ഷേത്രങ്ങളും ഇന്ന് അറിയപ്പെടുന്ന തീർത്ഥാടന കേന്ദ്രങ്ങളാണ്.

കേരളത്തിന്റെ പൊതുവായ സവിശേഷതകളിൽ നിന്ന് പലതുകൊണ്ടും വ്യതിരിക്തമായ ചരിത്ര പശ്ചാത്തലവും സാംസ്കാരിക പൈതൃകവുമാണ് വയനാട് ജില്ലയ്ക്കുള്ളത്. ലഭ്യമായ ചരിത്ര രേഖകളും അവ്യക്തമായ സൂചനകളും ഐതീഹ്യങ്ങളും വയനാടിന്റെ പ്രാചീന ചരിത്രത്തിൽ ഇഴപിരിക്കാനാവാത്ത വിധം ഇടകലർന്നിരിക്കുന്നു. വയനാട്ടിലെ ബാണാസുരൻ മല, സീതാമൗണ്ട്, തിരുനെല്ലി, എടക്കൽ ഗുഹ എന്നിവ പൗരാണിക-നവീന ശിലായുഗ കാലങ്ങളിൽ സംസ്കാര സമ്പന്നരായ ജനത വയനാട്ടിലുണ്ടായിരുന്നു എന്ന് അനുമാനിക്കാവുന്നതിന് സൂക്ഷ്മ തെളിവുകൾ ലഭിച്ച സ്ഥലങ്ങളാണ്. ആദിവാസി വിഭാഗങ്ങളും അവരുടെ ഐതീഹ്യ കഥകളും ഇതിന് സാക്ഷ്യം വഹിക്കുന്നു. ഇപ്പി മലയിലെ ആദിവാസികളായ പണിയരും വേടവംശത്തിലെ പ്രതാപികളായ മുള്ളുവ കുറുമരും നാഗമക്കളായ ഊരാളിമാരും കുറിച്യരും കീയൊരുത്തിയുടേയും മേലൊരച്ഛന്റെയും പിൻമുറക്കാരായ അടിയാരും ശ്രദ്ധേയമായ സാംസ്കാരിക പാരമ്പര്യമുള്ളവരാണ്.

മാനന്തവാടി പള്ളിക്കലിലെ കല്ല്യാണത്തുപള്ളിയും, വെള്ളമുണ്ടയിലെ പഴഞ്ചന പള്ളിയും വാരാമ്പറ്റ, പക്രന്തളം, ബാവലി, കുഞ്ഞോം, തരുവണ തുടങ്ങിയ സ്ഥലങ്ങളിലെ മുസ്ലീംകേന്ദ്രങ്ങളും പേരിയ ചുരത്തിലുള്ള പട്ടാണിയുടെ ഖബർസ്ഥാനവും ബ്രിട്ടീഷുകാരുടെ ആധിപത്യത്തിന് മുമ്പുതന്നെ മുസ്ലീങ്ങൾ വയനാട്ടിൽ എത്തിയിരുന്നു എന്നതിന് തെളിവാണ്. കുറിച്യപ്പട ബ്രിട്ടീഷ് പട്ടാളത്തെ കെട്ടുകെട്ടിച്ച പനമരം, ബ്രിട്ടീഷുകാർക്കെതിരെ പോരാടുന്നതിന് വേണ്ടി ടിപ്പുസുൽത്താൻ പടക്കോപ്പുകൾ ശേഖരിച്ചുവച്ച ബത്തേരിയിലെ കോട്ട, പഴശ്ശിതമ്പുരാൻ വീരമൃത്യു വരിച്ച മാവിലാം തോട്, തമ്പുരാന്റെ പടനായകനായ കുങ്കന്റെ വാസസ്ഥലമായ എടച്ചന, ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് സ്ഥാപിച്ച പള്ളിക്കുന്നിലെ തിരുഹൃദയ ദേവാലയം ഇതെല്ലാം വയനാടിന്റെ അതിപുരാതനം മുതൽ കുടിയേറ്റം വരെയുള്ള കാലഘട്ടത്തിലെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു.

അരനൂറ്റാണ്ടിനപ്പുറം തിരുവിതാംകൂർ പ്രദേശത്തു നിന്നുള്ള അത്യുത്തരപൂർവ്വമായ കുടിയേറ്റം വയനാടൻ മണ്ണ് കാർഷിക സമ്പത്തുകളുടെ വിളനിലമാക്കി മാറ്റിയതിനു പുറമെ പുതിയ വാസസ്ഥലങ്ങൾ രൂപപ്പെടുത്തുന്നതിനും കാരണമായി. തുടർന്ന് ഗതാഗത സൗകര്യങ്ങളും വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങളും നിലവിൽ വന്നു.

വയൽനാടായിരുന്ന വയനാട് ഒരു കാലത്ത് വിളഞ്ഞു നിൽക്കുന്ന നെൽകതിർകുലകൾ ചാരുത പകർന്ന വിശാലമായ നെൽ പാടങ്ങളുടെ നാടു തന്നെയായിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ നെൽ പാടങ്ങൾ വാഴ, കമുക്, തെങ്ങ്, ഇഞ്ചി, മരച്ചീനി തുടങ്ങി വിളകൾക്കും മറ്റ കാർഷികേതര ഉപയോഗങ്ങൾക്കും വഴി മാറികൊടുക്കുന്ന അവസ്ഥയാണിന്നുള്ളത്. എങ്കിലും തേയില, കാപ്പി, ഇഞ്ചി, കുരുമുളക്, കമുക് തുടങ്ങിയ നാണ്യവിളകളും നെല്ല്, ഏത്തവാഴ, മരച്ചീനി, കിഴങ്ങു വർഗ്ഗങ്ങൾ തുടങ്ങിയ ഭക്ഷ്യവിളകളും വയനാടിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ്. തീർത്തും കാലാവസ്ഥയെ ആശ്രയിച്ചുള്ള കാർഷിക പ്രവർത്തനങ്ങളാണ് ജില്ലയുടെ ജീവനാഡി.

ഗോത്ര വർഗ്ഗ സംസ്കൃതിയുമായി ബന്ധപ്പെട്ട സാംസ്കാരിക പശ്ചാത്തലമാണ് വയനാടിനുള്ളത്. നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ എത്തിചേർന്ന ജൈനമത വിഭാഗത്തിൽപ്പെട്ടവരുടെയും വിവിധ പ്രദേശങ്ങളിൽ നിന്ന് കുടിയേറിയ ജനവിഭാഗങ്ങളുടെയും ഭാഷ, ആചാരം, ജീവിതരീതി എന്നിവയും, വയനാടൻ തനിമയിൽ ജീവിച്ചുവന്ന ആദിവാസികളും അവരുടെ ആചാരാനുഷ്ഠാനങ്ങളും എല്ലാം ഇഴുകി ചേർന്ന ഒരു സങ്കര സംസ്കാരം ഇവിടെ ഉടലെടുത്ത് വികസിച്ചു വരുന്നതായി കാണാം.

ഗണപതി വട്ടം എന്നറിയപ്പെട്ടിരുന്ന സുൽത്താൻ ബത്തേരിയും കൽപ്പേട്ട എന്നറിയപ്പെട്ടിരുന്ന കൽപ്പറ്റയും കണിയാപ്പേട്ട എന്നറിയപ്പെട്ടിരുന്ന കണിയാമ്പറ്റയും അവിടങ്ങളിലെ ജൈന ക്ഷേത്രങ്ങളും ശ്രദ്ധേയമാണ്. വേടരാജാക്കൻമാരുടെയും പിൽക്കാലത്ത്

ടിപ്പുസുൽത്താന്റെയും പഴശ്ശി രാജാവിന്റെയും ആധിപത്യവും സാന്നിദ്ധ്യവും വയനാട്ടിനുണ്ടായിട്ടുണ്ട്. പഴശ്ശിയുടെ പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച പനമരം, പുൽപ്പള്ളി, മാനന്തവാടി എന്നീ സ്ഥലങ്ങളും ടിപ്പുവിന്റെ പടനീക്കവുമായി ബന്ധപ്പെട്ട സുൽത്താൻ ബത്തേരിയും ചരിത്രത്തിന്റെ ഏടുകളിൽ ഇടംപിടിച്ചിട്ടുണ്ട്. പഴശ്ശിയുടെ ഭരണത്തിൻ കീഴിലായിരുന്നപ്പോൾ മൂത്തോർനാട്, ഇളംകൂർനാട്, വയനാട് സ്വരൂപം, പൊരുന്നന്നൂർ സ്വരൂപം, നല്ലൂർനാട്, കുറുമ്പാലനാട്, എടനാടലംകൂർ, തൊണ്ടർനാട്, വേലിയമ്പം, പാക്കം സ്വരൂപം എന്നിങ്ങനെ പത്ത് നാടുകൾ ചേർന്നതായിരുന്നു വയനാട്. പതിനെട്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ ആദിവാസികളെയും സാധാരണക്കാരായ ജനങ്ങളെയും സംഘടിപ്പിച്ച് ബ്രിട്ടീഷുകാർക്കെതിരെ പടനയിച്ച് 1805-ൽ പുൽപ്പള്ളിയിലെ മാവിലാംതോട്ടിൽ വീരമൃത്യുവരിച്ച കേരളവർമ്മ പഴശ്ശിരാജയുടെ ഭൗതിക ശരീരം സംസ്കരിച്ച പഴശ്ശി കുടീരം മാനന്തവാടിയിലാണ് സ്ഥിതി ചെയ്യുന്നത്. പഴശ്ശിരാജയുടെ പതനത്തോടെ ബ്രിട്ടീഷ് ഭരണത്തിന്റെ ആധിപത്യത്തിലായ വയനാട് പ്രദേശം വൈത്തിരി ആസ്ഥാനമായ തെക്കെ വയനാട് എന്നും മാനന്തവാടി ആസ്ഥാനമായ വടക്കെ വയനാട് എന്നുമാണ് പിന്നീട് അറിയപ്പെട്ടിരുന്നത്.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1910-ൽ രൂപംകൊണ്ട മലബാർ ഘടകവുമായി ബന്ധപ്പെട്ട് പിൽകാലത്ത് ദേശീയ സമരത്തിൽ വയനാടൻ പ്രദേശത്തും നാമമാത്രമായെങ്കിലും സമരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. മഹാത്മാഗാന്ധി കൽപ്പറ്റയിലെ പുളിയാർമലയിൽ നടത്തിയ പര്യടനത്തോടെ സ്വാതന്ത്ര്യ സമരത്തിൽ വയനാട് പ്രദേശത്തുനിന്നും പലരും സജീവമായി പങ്കാളികളായി.

1.1. സസ്യ സമ്പത്ത്

വൃക്ഷ ലതാദികൾ തളിരണിഞ്ഞ മലനിരകൾ ജില്ലയുടെ പ്രകൃതി ഭംഗികൂട്ടുന്നു. ഹരിതാഭമായ ജില്ലയുടെ 37% വനമേഖലയും 40% നാണ്യ വിളകളും10%മറ്റുകാർഷിക വിളകളുമാണ് ഭൂവിസ്തൃതിയുടെ പ്രധാന സസ്യ ജാലം. ഈ സസ്യ സമ്പത്ത് വർഷം മുഴുവൻ സുഖകരമായ കാലാവസ്ഥ പ്രദാനം ചെയ്യുന്നു. നിബിഡമായ വനമേഖല ശക്തമായ കാറ്റിൽ നിന്ന് ജില്ലയ്ക്ക് പ്രതിരോധ കോട്ടതീർക്കുന്നു. ജില്ലയിലെ വനമേഖല ഔഷധ സസ്യങ്ങളാലും വന്യജീവികളാലും പ്രകൃതി ദത്തമായ വിനോദ സഞ്ചാരമേഖലകളാലും സമൃഷ്ടമാണ്. കേരളത്തിലെ ചിറാപുഞ്ചി എന്നറിയപ്പെട്ടിരുന്ന ലക്കിടി പ്രദേശം ഉൾപ്പെടുന്ന വയനാട്ടിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി മഴയുടെ ലഭ്യതയിൽ സാരമായ കുറവ് അനുഭവപ്പെടുന്നു

ഭൂപ്രകൃതിയനുസരിച്ച് വയനാടു ജില്ലയുടെ പടിഞ്ഞാറും, തെക്കുവടക്കുഭാഗങ്ങളും മലനിരകളാണ്. പടിഞ്ഞാറുഭാഗത്തുള്ള ബാണാസുര മലകളിൽ നിന്ന് കിഴക്കോട്ട് അല്പം ചരിഞ്ഞു കിടക്കുന്ന സമതല പ്രദേശം, കുന്നുകളും പാടങ്ങളും ഇട കലർന്ന് നിലകൊള്ളുന്നു. മലയോരപ്രദേശങ്ങളെ അപേക്ഷിച്ച്, ജില്ലയുടെ മദ്ധ്യഭാഗം കൂടുതൽ ഫലഭൂയിഷ്ടമാണ്. പശിമരാശിയുള്ള കളിമണ്ണ്, ആഴവും നീർവാർച്ചയും നല്ല ഫലഭൂയിഷ്ടിയുമുള്ള വനമണ്ണ്, (Forest Soil), ചരിവു മലകളിൽ കാണുന്നതും, ചരൽ കലർന്ന പശിമരാശിയും, നീർവാർച്ചയും വെട്ടുകൽ മണ്ണിനേക്കാൾ അമ്ല സ്വഭാവം കുറവും ഉള്ള മലയോരമണ്ണ് (Hill Soil), പുഴയോരങ്ങളിലും അതിനോട് ബന്ധപ്പെട്ട സമതല പ്രദേശങ്ങളിലും കാണപ്പെടുന്ന നീർവാർച്ച കുറവുള്ളതും, ഫലഭൂയിഷ്ടിയുള്ളതും മണൽ കലർന്ന പശിമരാശി അധികരിച്ച തോതിലുള്ള എക്കൽ മണ്ണ് എന്നിവയാണ് വയനാട്ടിലെ പ്രധാന മണ്ണിനങ്ങൾ.

1.2. പുഴകളും തടാകങ്ങളും

വയനാട്ടിലെ പ്രധാന പുഴകൾ പടിഞ്ഞാറൻ മലയോരങ്ങളിൽ നിന്നാരംഭിച്ച് കിഴക്കോട്ട് ഒഴുകുന്നവയാണ്. മാനന്തവാടി, നൂൽപ്പുഴ, പനമരം, പുഴകൾ കിഴക്കോട്ടൊഴുകി കബനീ നദിയായി കർണ്ണാടകത്തിൽ പ്രവേശിച്ച് കാവേരി നദിയുമായി സംയോജിച്ച് തമിഴ് നാട്ടിലൂടെ ഒഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു. കടമാൻതോട്, വെണ്ണിയോട് പുഴ, കാരാപ്പുഴ, നരസിപ്പുഴ എന്നിവയാണ് മാനന്തവാടിപ്പുഴയുടെ കൈവഴികൾ. കർണ്ണാടകാതിർത്തിയിൽ വച്ച് ബാവലിപ്പുഴ കബനീനദിയുമായി ചേരുന്നു. ജില്ലയുടെ കിഴക്ക് തെക്ക് ഭാഗത്തുകൂടി ഒഴുകി മനോഹരമായ മീൻമുട്ടി വെള്ളച്ചാട്ട

സമുച്ചയങ്ങൾ തീർത്ത് സൂചിപ്പാറയിലെ വെള്ളച്ചാട്ടത്തോടൊപ്പം ചാലിയാറിലേക്ക് ഒഴുകുന്ന ചോലാടി പുഴയും, പടിഞ്ഞാറത്തറ മലയിൽനിന്നും പുറപ്പെട്ട് കുറ്റ്യാടിക്ക് ഒഴുകുന്ന മയ്യഴിപ്പുഴയും കേരളത്തിന്റെ ഇതരജില്ലകൾക്ക് വയനാട് ജില്ല നൽകുന്ന ജലസ്രോതസ്സുകളാണ്.

കുന്നത്തിടവക വില്ലേജിൽ 5.23 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന പൂക്കോട് തടാകം പ്രസിദ്ധമായ ഒരു ശുദ്ധജലതടാകമാണ്. ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ മൺനിർമിത അണക്കെട്ടായ ബാണാസുര ഡാമും, കാരാപ്പുഴ ഡാമും ജില്ലയിലെ പ്രധാന ജലസംഭരണികളാണ്.

1.3. വയനാടിന്റെസാംസ്കാരിക സാമ്പത്തിക ചരിത്രം

ചരിത്രാതീതകാലം മുതൽക്ക് വിവിധ പരിണാമ പ്രക്രിയകൾക്ക് വിധേയമായ ഒരു സമൂഹം ഇവിടെ നിവസിച്ചിരുന്നു. പല വിഭാഗം ജനങ്ങൾ സംഗമിച്ച ഒരു പ്രദേശമാണ് വയനാട്. ആദിവാസികൾ എന്ന വിഭാഗം ഇവിടെ കൂടുതലാണ്. പണിയർ, കുറിച്യർ, മുള്ളകുറുമർ, ഊരാളികുറുമർ, കാട്ടുനായ്കർമാർ അഥവാ തേൻകുറുമർ, കാടർ, അടിയർ തുടങ്ങിയവരാണ് ഇവർ. ഇവർ സവിശേഷ സംസ്കാരമുള്ളവരാണ്. സമതലങ്ങളിൽ നിന്നു വിവിധ കാരണങ്ങളാൽ ആട്ടിയോടിക്കപ്പെട്ടവരും യുദ്ധങ്ങളിൽ പരാജയപ്പെട്ടവരും മലമ്പ്രദേശങ്ങളെ അഭയസ്ഥാനമാക്കിയെന്നും അങ്ങനെയുള്ള വരാണ് വയനാട്ടിലെ ആദിവാസികളെന്നും ഉള്ള ധാരണ തെറ്റാണ്. മാനവിക സംസ്കാരത്തിന്റെ തുടക്കം ഇത്തരം വനങ്ങളിലാണ്. മൃഗങ്ങളുമായി പോരാടി മനുഷ്യർ ആധിപത്യമുറപ്പിച്ച കാടുകൾ പിൽക്കാലത്ത് നഗരങ്ങളായി.

തീ, ചക്രം, കൊഴു തുടങ്ങിയ ആയുധങ്ങളാണ് മനുഷ്യനെ മനുഷ്യനാക്കിയത്. വയനാടൻ പുഴയോരങ്ങളിൽ നിന്ന് പ്രാചീന ശിലായുധങ്ങൾ ധാരാളം ലഭിച്ചിട്ടുണ്ട്. മരങ്ങൾ വട്ടത്തിൽ ഉരുളാക്കി മുറിച്ചെടുത്ത് രണ്ടു ചക്രങ്ങളിലായി അക്ഷത്തിന്മേൽ ഘടിപ്പിച്ച് വാഹനം കണ്ടുപിടിച്ച് ഉപയോഗിച്ച് മനുഷ്യ സംസ്കാരം വളർന്നുവന്ന ഇന്ത്യയിലെ ചുരുക്കം പ്രദേശങ്ങളിലൊന്നാണ് വയനാട്.

ബി.സി.മൂന്നാം നൂറ്റാണ്ടിനും എ.ഡി.അഞ്ചാം നൂറ്റാണ്ടിനുമിടയിലുള്ള കാലഘട്ടത്തിൽ വയനാട്ടിൽ ഭരണം നടത്തിയിരുന്ന കുടുംബി വംശത്തിൽ ജനിച്ച വേടരാജാക്കൻമാരുടെ ഭരണത്തിൻകീഴിൽ ഒന്നിച്ചു നിന്ന വയനാട് രാജ്യം കോട്ടയം രാജാവിന്റെ അധീനതയിലുള്ളവടക്കെ വയനാടായും കുറുമ്പ്രനാട് രാജാവിന്റെ അധീനതയിലുള്ളതെക്കെ വയനാടായും രാജ്യങ്ങൾ നിലവിൽ വന്നു.

മഹാശിലായുഗത്തിന്റെ സാംസ്കാരിക ചരിത്രത്തിന് വയനാട്ടിനും സ്ഥാനമുണ്ടായിരുന്നു എന്നതിന് തെളിവാണ് കേരളത്തിലെ ഇതര പ്രദേശങ്ങളോടൊപ്പം വയനാട്ടിലും കണ്ടെത്തിയ ഗുഹകളും നന്നങ്ങാടികളും കല്ലറകളും. അന്നത്തെ ആൾക്കാർ കാടുകളിലും പാറമടക്കുകളിലും താമസിച്ച് മാംസാഹാരത്തിനുവേണ്ടി മൃഗങ്ങളെ വളർത്തിയും നായാടിയും മീൻപിടിച്ചും കിഴങ്ങുവർഗ്ഗങ്ങളും തേനും ശേഖരിച്ചും ആഹരിച്ചും ജീവിച്ചു. കുറഞ്ഞ വസ്തുക്കളെ അവർ ഉപയോഗിച്ചിരുന്നുള്ളൂ എന്നതിന് വയനാട്ടിലെ ആദിവാസികളുടെ വസ്തുധാരണം തെളിവാണ്. അവരുടെ ആഭരണങ്ങൾ നിറമുള്ള കല്ലുകളും മുത്തുകളുമായിരിന്നു. മുള,ഓടഎന്നിവകൊണ്ടുള്ള പാത്രങ്ങൾ, മൺഭരണി, മൺപാത്രങ്ങൾ, എന്നിവ നിർമ്മിക്കാൻ ഈ ആദിവാസി സമൂഹത്തിന് വശമുണ്ടായിരുന്നു.

നരവംശശാസ്ത്ര പ്രകാരംആദിമ വർഗ്ഗങ്ങൾ സാംസ്കാരികമായി വളരെ പുരോഗമിച്ചവരാണ്. അവർ എന്തും സാമൂഹ്യസ്വത്തായി കണക്കാക്കുന്നു. എല്ലാവരും സാമൂഹ്യബോധമുള്ളവരാണ്. സമതലങ്ങളിൽ കാണുന്ന കാർഷിക രീതിയല്ല ആദിവാസികൾക്കിടയിൽ വളർന്നുവരുന്നത്. മലഞ്ചരക്ക്, ഔഷധങ്ങൾ, സുഗന്ധവസ്തുക്കൾ തുടങ്ങിയതെല്ലാം സ്വാഭാവികമായി വളരുകയും ഉപയോഗത്തിനെടുക്കുകയും ചെയ്യുന്ന രീതിയാണ് ആദിവാസികൾ ആദ്യം അവലംബിച്ചത്.

എന്നാൽ ഇവരിൽ ആധുനിക സംസ്കാരത്തിന്റെയും കൃഷിരീതിയുടെയും ജീവിതരീതിയുടെയും വിത്തുകൾ പാകിയത് ജൈനരായിരിന്നു. ധാന്യങ്ങൾ കൃഷി ചെയ്യും കാലികളെ വളർത്തിയും തികച്ചും സസ്യാഹാരികളായി ജീവിച്ചുപോന്ന ഇവർ പുത്തൻ വാസസ്ഥലം അന്വേഷിച്ച് പോകുന്നവരായിരിന്നു.എന്നാൽ വയനാടൻ മലമടക്കുകളിലെ സമൃദ്ധമായ നീരുറവകളും

അല്ലലില്ലാതെ കാർഷിക വൃത്തിക്കും കാലിവളർത്തലിനുമായി ലഭ്യമായ കൃഷിയിടവും ഭൂപ്രകൃതിയും കാലാവസ്ഥയും അവരെ വയനാട്ടിൽ സ്ഥിരതാമസമാക്കാൻ പ്രേരിപ്പിച്ചു. നെല്ല്, മുത്താറി, തിന, ചോളം തുടങ്ങിയ ധാന്യങ്ങളും പയർവർഗ്ഗങ്ങളും കൃഷി ചെയ്യാനും അത്തരത്തിൽ കാർഷികസംസ്കാരം, വേട്ടയാടി ജീവിച്ചിരുന്ന വനവാസികളിൽ പടർത്താനും ജൈനർക്ക് സാധിച്ചു എന്നത് വയനാടിന്റെസാംസ്കാരിക, സമ്പദ് വ്യവസ്ഥകളിൽ ജൈനർ വഹിച്ച നിസ്തുലമായ പങ്ക് വ്യക്തമാക്കുന്നു.ഇത് വയനാടിന്റെ വരും കാലത്തെ സാമ്പത്തിക വളർച്ചക്ക് ഉപോൽബലകമായിതീർന്നു.

കേരളത്തിന്റെ കിഴക്കുള്ള മലമ്പ്രദേശങ്ങളിൽ നിലനിന്നിരുന്ന വനസമ്പത്ത് നിമിത്തമാണ് വിദേശീയർ കേരളത്തിലേക്ക് യാത്ര ചെയ്യാൻ തിടുക്കം കാട്ടിയത്. പത്താം ശതകത്തിനു ശേഷം ഇങ്ങനെയെത്തിച്ചേർന്ന കച്ചവടസംഘങ്ങൾ നാടുവാഴികളെ കൈക്കൂലി, പ്രലോഭനം, ഭീഷണി എന്നിവ കൊണ്ട് തമ്മിലടിപ്പിച്ച് വരുതിക്ക് നിർത്തി. കോലത്തിരി, സാമൂതിരി, കൊച്ചി, വെണാട്, വെമ്പനാട്, കുറുമ്പ്രനാട് തുടങ്ങി നൂറ്റിയമ്പതോളം നാടുവാഴി സ്വരൂപങ്ങൾ കേരളത്തിലുണ്ടായിരുന്നു. ഓരോ സ്വരൂപത്തിനും നാലഞ്ചു ശാഖകൾ വീതമുണ്ടായിരുന്നു. വിദേശീയരുടെ അധീശത്വം ആരംഭിച്ചപ്പോൾ നമ്മുടെ ഭരണാധികാരികൾ ആഢ്യത്വവും ജാതിമഹത്വവും മുറുകെ പിടിച്ച് അടിതെറ്റി വീണു. പഴശ്ശി മാത്രമാണ് ഇതിനൊരു അപവാദമായി തീർന്നത്.

എ.ഡി. പത്താം നൂറ്റാണ്ടോടു കൂടി വയനാട്ടിൽതാമസമാക്കിയ ജൈനർ കൃഷിചെയ്തുണ്ടാക്കിയ നെല്ലിനും മഞ്ഞളിനും സുഗന്ധദ്രവ്യങ്ങൾക്കും കുരുമുളകിനും ആദിവാസികൾ ശേഖരിച്ച് കൊണ്ടുവന്ന കാട്ടുതേനിനും കാട്ടുനെല്ലിക്കയ്ക്കും കോലരക്കിനും ലോകത്തിന്റെ നാനാഭാഗത്തു നിന്നും ആവശ്യക്കാരുണ്ടായി.ഇവിടത്തെ മലഞ്ചരക്കുകളും ആനക്കൊമ്പ് ചന്ദനം തുടങ്ങിയ വിശിഷ്ടവസ്തുക്കളും മലയും കടലും കടന്ന് വിപണി കണ്ടെത്തി. അറബികൾ, ഈജിപ്തുകാർ, യൂറോപ്യന്മാർ തുടങ്ങിയവർ ലോകത്ത് മറ്റെങ്ങുമില്ലാത്ത ഔഷധമൂല്യമുള്ള കുരുമുളക് വയനാട്ടിൽ മാത്രമേയുള്ളൂവെന്ന് കണ്ടെത്തിയിരുന്നു.

അവ വിപണനം നടത്തുന്നതിന് വ്യാപാര സങ്കേതങ്ങൾ സ്ഥാപിക്കപ്പെട്ടു. കോഴിക്കോട് ആസ്ഥാനമായി ഭരിച്ച സാമൂതിരി രാജാവ് പതിനാലാം നൂറ്റാണ്ടോടെ തെക്കെ വയനാട്ടിലേക്ക് ആളെ അയച്ച് സാധനങ്ങൾ ശേഖരിച്ച് കോഴിക്കോട് കടപ്പുറം വഴി വിദേശത്തേക്ക് വിപണനം നടത്തി. അതേപോലെ വടക്കേ വയനാട് മുതൽ കണ്ണൂർ വരെ ആധിപത്യമുണ്ടായിരുന്ന കോട്ടയം രാജാക്കൻമാർ വയനാടൻവിഭവങ്ങൾ കണ്ണൂരിലെത്തിച്ച് വിപണനം നടത്തി.അത് വയനാടിന്റെ സാമ്പത്തിക സ്ഥിതിയിൽ ഗണ്യമായ മാറ്റങ്ങൾക്കിടയാക്കി.

ഇതോടൊപ്പം പതിനാലാംനൂറ്റാണ്ടിന്റെ അന്ത്യത്തിലായി മലബാറിൽ നിന്നും കർണ്ണാടകത്തിൽ നിന്നും ഉത്തരേന്ത്യയിൽനിന്നും മത പ്രചരണത്തിനെത്തിയ മുസ്ലീങ്ങളുടെ പിൻമുറക്കാരായവർ കൂടുതൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചു. അതുവഴി അവർ ഇവിടേക്ക് ആവശ്യമുള്ള സാധനങ്ങൾ കൊണ്ടുവന്നും ഇവിടെ നിന്നും ശേഖരിക്കാനുള്ള സാധനങ്ങൾ വിലകൊടുത്ത് വാങ്ങിച്ചും വ്യാപാര പ്രക്രിയ പുരോഗമിച്ചു. നാണയം ഉപയോഗിച്ചുള്ള ക്രയവിക്രയവും സമ്പാദ്യവും ഉടലെടുത്തു. അതുവഴി സൃഷ്ടിച്ച സ്വർണ്ണത്തിൻറെയും മുത്തുകളുടെയും ശേഖരം പിന്നീട് ഹൈദരലി, ടിപ്പുസുൽത്താൻ തുടങ്ങിയവരുടെ പടയോട്ടത്തിനുംഅവരെ തുരത്താനെന്ന വ്യാജേന രാജാക്കൻമാരെ സഹായിച്ച ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും വയനാടിന്റെ പുത്തൻ ചരിത്രത്തിന് വിത്തുപാകി.

ക്രമേണ ബ്രിട്ടീഷ് ആധിപത്യത്തിൽ വന്ന വയനാട് പുതിയ സംസ്കാരത്തിലേക്ക് വഴി മാറി. കൃഷിരീതിയിലും ഗതാഗതരീതിയിലും യുദ്ധതന്ത്രങ്ങളിലും മാറ്റമുണ്ടായി. ധാന്യങ്ങളും കിഴങ്ങുവർഗ്ഗങ്ങളും സമൃദ്ധമായി വളർന്ന വയനാട് കാപ്പിയും റബ്ബറും തേയിലയും കമുകും കശുവണ്ടിയും ചീനികപ്പയും കൃഷിചെയ്യുന്നിടമായി ക്രമേണ മാറി. വിവിധതരം ഇടവിളകളും ഓറഞ്ച്,

വാഴ,കൈതച്ചക്ക തുടങ്ങിയ പഴവർഗ്ഗങ്ങളും ബ്രിട്ടീഷുകാരുടെ ആധിപത്യം വഴി വയനാട്ടിൽ വന്ന് ചേർന്നു. ഇതുവഴി സൃഷ്ടിച്ചെടുത്ത സമ്പദ് വ്യവസ്ഥ വയനാടിന്റെ മുഖഛായ മാറ്റാൻ കാരണമായി.

മുസ്ലീം സമുദായ പണ്ഡിതരും ബ്രിട്ടീഷ് ഭരണത്തോടെ എത്തിയ ക്രിസ്ത്യൻ മിഷണറിമാരും തീർത്ത പുതിയ മതങ്ങൾ വയനാട്ടിലെ ആരാധനാക്രമത്തിലും മാറ്റം വരുത്തി. കാവുകളും അതിനെ ചുറ്റിപറ്റി ആദിവാസികളിലുണ്ടായ ആരാധന രീതികളും ക്ഷേത്രങ്ങളിലും ക്രിസ്ത്യൻപള്ളികളിലും മുഴങ്ങിയ മണിനാദങ്ങളും മുസ്ലീംപള്ളികളിലെ ബാങ്ക് വിളിയും വയനാടിനെ ഒരു സർവ്വമത സംസ്കാര പ്രദേശമാക്കി മാറ്റി. അതുവഴി പുതിയ ആരാധനാ സ്ഥലങ്ങളും വാസസ്ഥലങ്ങളും ഉയർന്നുവന്നു. വിശ്വാസത്തിലും സംസ്കാരത്തിലും സാമ്പത്തിക കാര്യങ്ങളിലും വരുത്തിയ മാറ്റം പുതിയ വിദ്യാഭ്യാസ ആവശ്യങ്ങളിലേക്ക് വിരൽ ചൂണ്ടി. ജൈനർ കൊണ്ടുവന്ന സംസ്കൃതവും കൊങ്ങിണിയും മുസ്ലീംങ്ങൾ കൊണ്ടുവന്ന അറബിയും ബ്രിട്ടീഷുകാർ കൊണ്ടുവന്ന ഇംഗ്ലീഷും വയനാടിന് പുതിയ അറിവുകൾ സംഭാവന ചെയ്തു.അതിന്റെ തുടർച്ചയായി വിദ്യാഭ്യാസ സ്ഥാപനങ്ങൾവയനാട്ടിൽവ്യപകമായി. തുടർന്ന് ആരോഗ്യം സാമ്പത്തികം ശാസ്ത്രം തുടങ്ങിയ രംഗങ്ങളിലും വികസനം ഉണ്ടായി.

ജില്ലയുടെ പല ഭാഗത്തും പുതിയതായി നിർമ്മിച്ച പാലങ്ങളും റോഡുകളും ഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുന്നതിന് സഹായിച്ചു. ആദ്യകാലത്ത് കാലികളെയും കുതിരകളെയും ഉപയോഗിച്ചുള്ള ഗതാഗതം ബ്രിട്ടീഷുകാരുടെ വരവോടെ പാശ്ചാത്യനാട്ടിലെ കണ്ടുപിടിത്തങ്ങളുടെ ചുവടു പിടിച്ച് കരിവണ്ടിയിലേക്കും പെട്രോൾ/ഡീസൽ വണ്ടിയിലേക്കും വഴിമാറി. ജില്ലയ്ക്ക് പുറത്തു പോകാനും അകത്തുള്ള യാത്രകൾക്കും റോഡുകളെ മാത്രം ആശ്രയിക്കുന്ന പ്രദേശമാണ് വയനാട്

തുടക്കത്തിൽ കൽപ്പറ്റയും കമ്പളക്കാടും പനമരവും മാനന്തവാടിയും മീനങ്ങാടിയും സുൽത്താൻ ബത്തേരിയും കല്ലൂരും ചുള്ളിയോടും മാത്രമായി നിലനിന്നിരുന്ന വ്യാപാര കേന്ദ്രങ്ങൾ ഇന്ന് വയനാടിന്റെ ഓരോ കോണിലും ഉയർന്ന് വരുന്നു. ഇതുവഴി സൃഷ്ടിക്കുന്ന സാമ്പത്തിക പുരോഗതി വയനാടിന് ഒരു പുതിയ വികസന കാഴ്ചപ്പാടിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

കൃഷിയെ മാത്രം അടിസ്ഥാനമാക്കിയുണ്ടായിരുന്ന വയനാടൻ സമ്പദ് വ്യവസ്ഥയും വികസനവും മാറേണ്ടുന്നതിന്റെ ആവശ്യകതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വയനാട്ടിലെ കാലാവസ്ഥയേയും പ്രകൃതിയേയും കോർത്തിണക്കുന്നതുമായ വികസന സംസ്കാരം വയനാട്ടിനുണ്ടാവണം.

1.4. വികസന ചരിത്രം

സമ്പന്നമായൊരു സംസ്കാരത്തിന് ഉടമകളായ ആദിവാസി വർഗ്ഗങ്ങളുടെ ചരിത്രവുമായി ഇഴചേർന്നതാണ് വയനാട് ജില്ലയിലെ മനുഷ്യവികസന ചരിത്രം. ആധുനിക ഭരണ ക്രമങ്ങൾ വികസിച്ചു വരുന്നത് പുരാതനമായ ഭരണ സംവിധാനത്തിന്റെ നവീകരണമായാണ്. ഗോത്രഭരണ കാലത്ത് ഓരോ ഗോത്രത്തിനും ഓരോ കാരണവരും അദ്ദേഹത്തിൻറെ ആജ്ഞാനുവർത്തികളായ ഗോത്രകുലങ്ങളുമുണ്ടായിരുന്നു. ഒരു ഗോത്രത്തിൽ എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്നതിനനുസരിച്ച് അവർപുതിയ വാസസ്ഥലം കണ്ടെത്തിയിരുന്നു. സ്ഥിരമായി ഒരിടത്തും അക്കാലത്തെ ഗോത്രവർഗ്ഗങ്ങൾ തങ്ങിയിരുന്നില്ല.

അക്കാലത്തു കടന്നുവന്ന ജൈനരിൽ വയനാടിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും അനുയോജ്യമാണെന്ന് കണ്ടെത്തിയ വലിയൊരു വിഭാഗം ഇവിടെ താവളമാക്കി കൃഷിയും കാലിവളർത്തലും നടത്തി. ഇവരിൽ നിന്നും കൃഷിയും കാലിവളർത്തലും ശീലിച്ച തദ്ദേശീയർ ചില സ്ഥലങ്ങളിൽ സ്ഥിരതാമസമാക്കി. സ്ഥിരം താവളമുണ്ടാക്കിയ ഗോത്രവർഗ്ഗക്കാരും ജൈനരും ഭൂവുടമകളായി. മറ്റുള്ളവരാവട്ടെ സ്വന്തമൊന്നുമില്ലാത്തവരായി കഴിഞ്ഞുകൂടി. അവരെ പിൽക്കാലത്ത് ഭൂവുടമകളായ ഗോത്രത്തലവൻമാരും ജൈനരും അവരുടെ കൃഷി സ്ഥലത്ത് പണിയെടുക്കുന്നതിനും കാലിയെ മേയ്ക്കുന്നതിനും നിയമിച്ചു. അതുവഴി ഒരു വിഭാഗത്തിൻറെ അടിമത്തം വയനാട്ടിൽ സൃഷ്ടിക്കപ്പെട്ടു.ഈ അടിമകളെ ലേലം ചെയ്തും ഉടമ്പടിയുണ്ടാക്കിയും ഭൂവുടമകൾഉപയോഗിച്ചു.

ഇത്തരത്തിലുള്ള ഗോത്രകുടുംബങ്ങളെ ആക്രമിച്ചും കീഴ് പെടുത്തിയും പതുക്കെ വേടരാജവംശം ഉടലെടുത്തു. മദ്ധ്യകാലഘട്ടം വരെ ഈ വേടരാജാക്കൻമാർ വയനാടിനെ ഒറ്റ രാജ്യമായി ഭരിച്ചു.

മദ്ധ്യകാലത്ത് മലബാറിലെ കോട്ടയം പ്രദേശങ്ങളിൽ ആധിപത്യം പുലർത്തിയിരുന്ന പുറനാട് രാജാക്കൻമാരുടെ പിൻമുറക്കാരായി കോട്ടയം കുറുമ്പ്രനാട് രാജവംശങ്ങളുണ്ടായി. നാലാം നൂറ്റാണ്ടോടെ ഇന്നത്തെ തലശ്ശേരി താലൂക്കിൽ ഇരുവഴിനാട്ട് നമ്പ്യാരുടെ അധികാരപരിധിയിൽപെടാത്ത പ്രദേശങ്ങൾ കോട്ടയത്തിന്റെ കീഴിലായിരിന്നു. ഗ്രുഡല്ലൂർ ഉൾപ്പെടെയുള്ള വയനാട് പ്രദേശം ഇവരുടെ അധീനതയിലായിരിന്നു. വേടരാജാക്കൻമാരെ കീഴ്പ്പെടുത്തി വടക്കേ വയനാട് കോട്ടയം രാജാവും തെക്കെ വയനാട് കുറുമ്പ്രനാട് രാജാവും കൈവശം വെച്ചു. ഇവരുടെ താവഴികളെ ഭരണചുമതലയ്ക്ക് നിയോഗിച്ചു. അങ്ങനെ പുതിയ പുതിയ ഭരണസംവിധാനങ്ങൾ നിലവിൽ വന്നു. കോട്ടയം രാജവംശത്തിന് ഉണ്ടായിരുന്ന മൂന്ന് താവഴികൾക്ക് ഭരണചുമതല നൽകി. കോട്ടയം രാജവംശത്തിൻറെ ആസ്ഥാനം മാനന്തവാടിയായിരുന്നു.പടിഞ്ഞാറെ കോവിലകത്തെ കേരളവർമ്മയ്ക്കായിരുന്നു വയനാടിന്റെ അവകാശം. കോട്ടയം രാജവംശത്തിന്റെ കീഴിൽ വയനാടിനെമൂത്താർനാട്, എളംങ്കൂർനാട്, വയനാട് സ്വരൂപം, നല്ലൂർനാട്, കുറുമ്പാലനാട്, എടനാടരക്കുർ,തൊണ്ടർനാട്, വേലിയമ്പം, പാക്കം സ്വരൂപം എന്നിങ്ങനെ10 നാടുകളായി വിഭജിച്ചു. പരമാധികാരം കോട്ടയം രാജാവിനായിരുന്നെങ്കിലും സിവിൽ ക്രിമിനൽ അധികാരമുള്ള ദേശവാഴികൾക്കായിരിന്നു ഓരോ നാടിന്റെയും ഭരണ ചുമതല.

മൂത്ത രാജാവിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലുണ്ടായിരുന്ന പേരിയ, തവിഞ്ഞാൽ, എടവക എന്നീ അംശങ്ങളിൽ ദേശവാഴികളായി തവിഞ്ഞാൽ നായർ, ആയിരവീട്ടിൽ നായർ, വരയാൽ നായർ, ആലാറ്റിൽ നായർ,മുള്ളിയൻ കീഴിൽ നായർ, വയത്താറ്റി നായർ, എന്നിങ്ങനെ ആറു രാജാക്കൻമാരുണ്ടായിരിന്നു. ഇവരെയാണ് ആറുവരമ്പത്തു രാജാക്കൻമാർ എന്നു വിളിച്ചിരുന്നത്.

രണ്ടാമത്തെ ഇളയരാജാവിന്റെ കീഴിലായിരുന്നു എല്ലോർനാട് അഥവാ ഇളങ്കൂർനാട്.വേമം, തിരുനെല്ലി പ്രദേശങ്ങൾ ചേർന്ന എളംങ്കൂട്ടിൽ സ്വരൂപത്തിന്റെ ദേശവാഴികൾ എടച്ചേന നായരും വേമം നമ്പ്യാരും ആയിരുന്നു. വയനാട് സ്വരൂപത്തിൽ കുപ്പത്തോട്,പുറക്കാടി, അഞ്ചുകുന്ന് , പൂതാടി അംശങ്ങളാണുണ്ടായിരുന്നത്. കുപ്പത്തോട് നായർ, തൊണ്ട്ര നമ്പ്യാർ, പുൽപ്പാടി നായർ, ചീക്കല്ലൂർ നായർ എന്നിവരാണ് ദേശവാഴികൾ.

വെള്ളമുണ്ട –പൊരുന്നന്നൂർ അംശങ്ങൾ ചേർന്ന പൊരുന്നന്നൂർ ദേശത്തിന്റെദേശവാഴികളായിരുന്നു കരിങ്ങാരി നായർ, മംഗലശ്ശേരി നായർ, മഞ്ചൻ നമ്പ്യാർ,വട്ടത്തോട് നമ്പ്യാർ, ചെറുകര നായർ, എടച്ചെന നായർ എന്നിവർ. വയനാട്, പൊരുന്നന്നൂർ, നല്ലോർനാട് എന്നിവ മൂന്നും ചേർന്നതാണ് മൂന്നാം എടവഴി തമ്പുരാന്റെകയ്യിലുണ്ടായിരുന്നത്.

കോട്ടയം രാജാവിന്റെ പുത്രനായ വാഴുന്നവർ എന്ന പേരിലറിയപ്പെട്ട തവിഞ്ഞാട്ടു നായരുടെ അധീനതയിലായിരിന്നു കോട്ടത്തറ കുറുമ്പാല അംശം.കോട്ടപ്പടി, കൽപ്പറ്റ, വൈത്തിരി അംശങ്ങൾ ചേർന്ന എടനാടരക്കുറിന്റെ ദേശവാഴികൾ കൽപ്പറ്റ നായരും കാന്തമംഗലത്തുള്ള നായരുമായിരിന്നു. തൊണ്ടർനാടിൻറെ ഭരണം പ്രദേശത്തിന്റെ ഭരണാവകാശം സിദ്ധിച്ച നെല്ലിയോട് തിരുമൽപ്പാടിന്റെ മകൻ തൊണ്ടർ നമ്പ്യാർക്കുംവേലിയമ്പം വാഴുന്നവരുടെ കീഴിലുമായിരിന്നു. പാക്കസ്വരൂപത്തിൽ മുട്ടിലും പുൽപ്പള്ളിക്കടുത്ത പാക്കം പ്രദേശങ്ങളുമാണ് ഉണ്ടായിരുന്നത്.

കോട്ടയം രാജവംശത്തിന്റെ ഭരണകാലത്താണ് വയനാട് ഗോത്രജനതയുടെ ജീവിതഘടനയിൽ മാറ്റം സംഭവിച്ചത്. ഭ്രമിയുടെ മേൽ അവർക്കുണ്ടായിരുന്ന അവകാശങ്ങൾ പ്രമാണിമാർ കൈവശപ്പെടുത്തി. അവരുടെ ശക്തിക്ക് കീഴിൽ ഗോത്രവിഭാഗക്കാർ അടിമകളുടെ നിലയിലേക്ക് തരംതാഴ്ത്തപ്പെട്ടു.

ഈ ഭരണ സംവിധാനത്തിൽ ടിപ്പുസുൽത്താനൊ പഴശ്ശിയൊ കാര്യമായ മാറ്റം വരുത്തിയിരുന്നില്ല. ബ്രിട്ടീഷുകാരും ഈ ഭരണ സംവിധാനത്തെ നിലനിർത്തിയെങ്കിലും രാജാവിൽ നിക്ഷിപ്തമായ എല്ലാ അധികാരങ്ങളും ബ്രിട്ടീഷ് പ്രവിശ്യാഭരണത്തിൻ കീഴിലാക്കി. നീതിന്യായ കാര്യങ്ങൾക്കു വരെ അധികാരമുണ്ടായിരുന്ന ദേശവാഴികൾ ഒരു പരിധി വരെ ബ്രിട്ടീഷ് ഭരണത്തിന്റെ നിയന്ത്രണത്തിലുമായി.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്ത് ബ്രിട്ടീഷ് സർക്കാർ നിയോഗിച്ച സർവ്വേസംഘം വയനാടിനെയും മദ്രാസ്സ് ഭരണകൂടത്തിന്റെ ഭാഗമായി സർവ്വേ ചെയ്തു. അതോടെ ഭൂമി മൂന്നായി തരം തിരിച്ച് അതിരുകളിട്ടു. നിബിഡവനം, പുഞ്ച (കരഭൂമി) നഞ്ച (വയൽഭൂമി) എന്നിങ്ങനെ മൂന്നായി തിരിച്ചു. ഇതിന്റെ ഉടമസ്ഥാവകാശം ദേശവാഴികൾക്കു തന്നെ ഏൽപ്പിച്ചു. എന്നാൽ ജൈനർ കൈവശം വെച്ച ഭൂമിയുടെ അവകാശം അവർക്കു തന്നെയായിരിന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് പരമാവധി ചൂഷണങ്ങൾക്കായി പുത്തൻ സങ്കേതങ്ങൾ രൂപപ്പെട്ടു. വാണിജ്യകേന്ദ്രങ്ങളും അവയിലെ കപ്പം പിരിവും നടത്തി. അടിമകളും കിട്ടാപ്പണവും ഉണ്ടായി. ബ്രിട്ടീഷുകാർ ആവശ്യപ്പെടുന്നതനുസരിച്ച് കരം പിരിവ് ഈ ദേശവാഴികളുടെ ചുമതലയായിരുന്നു.അതുകൊണ്ടുതന്നെ അവരെ ആദേശത്തിൻറെ മൊത്തം ചുമതലയുള്ള ഭരണാധികാരി എന്ന് അർത്ഥം വരുന്ന അധികാരികളായി മാറ്റി. സിവിൽ ചുമതല ഈ ദേശവാഴികളായ അധികാരിമാർക്കും ക്രിമിനൽ ചുമതല ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കുമായിരുന്നു. ഈ അധികാരിമാരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലങ്ങളാണ് കുടിയേറ്റക്കാർക്ക് കൃഷിക്കുവേണ്ടി ലഭിച്ചിരുന്നത്. നാടുവാഴികൾക്ക് പണമടച്ച് അതിന്റെ ഉടമസ്ഥാവകാശം അവർ നേടിയെങ്കിലും നിയമപരമായ അവകാശം സിദ്ധിച്ചത് 1969ലെ ഭൂപരിഷ്കരണ നിയമത്തിന്റെ ഫലമായാണ്.

ബ്രിട്ടീഷുകാർക്കെതിരായി സ്വാതന്ത്ര്യസമരം ആരംഭിച്ച വീരകേരളവർമ്മ പഴശ്ശിരാജയോടൊന്നിച്ച് അവസാനം വരെയും പൊരുതിയ സ്വാതന്ത്ര്യസമര സേനാനികൾ തലക്കൽ ചന്തുവിന്റെ നേതൃത്വത്തിലുള്ള കുറിച്യരായിരുന്നു. 1805 ൽ പഴശ്ശിയുടെ പതനത്തോടെ കമ്പനിക്കാരുടെ കണ്ണിൽ അനഭിമതരായി തീർന്ന കുറിച്യർ, ബ്രിട്ടീഷുകാരുമായി പൊരുത്തപ്പെടാൻ ഒരുക്കമായിരുന്നില്ല. ഈ ശീതസമരം 1812 ൽ വീണ്ടും ഒരു സ്വാതന്ത്ര്യസമരമായി രൂപം കൊണ്ടു. വീരപഴശ്ശിയുടെ നേതൃത്വം ഇല്ലാതിരുന്നിട്ടും അവർ കമ്പനിപട്ടാളത്തോടേറ്റുമുട്ടി. കുറിച്യ ലഹള യായി മാത്രം ചിത്രീകരിക്കപ്പെട്ട ആ സമരം ഒതുക്കാൻ ബ്രിട്ടീഷുകാർക്ക് നന്നേ പാടുപെടേണ്ടി വന്നു.

ഇരുളടഞ്ഞ ഒരു ഭൂഖണ്ഡം പോലെ ഒറ്റപ്പെട്ടു കിടന്നിരുന്ന വയനാടൻ പ്രദേശങ്ങളുടെ പ്രാധാന്യം ആദ്യം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് മനസ്സിലായില്ല. പക്ഷെ തെക്കേ ഇന്ത്യയിൽ തങ്ങൾക്ക് നേരിടേണ്ടി വരുന്ന വൻശക്തി മൈസൂരിലെ ടിപ്പുസുൽത്താൻ ആണെന്ന് മനസ്സിലായതോടെ അദ്ദേഹത്തെ തോൽപിക്കാനുള്ള തന്ത്രങ്ങളുടെ ഭാഗമായിട്ടാണ് വയനാട് കമ്പനിയുടെ ശ്രദ്ധയിൽപ്പെട്ടതെന്ന് കരുതാം. കരയിലൂടെ കോയമ്പത്തൂർ വഴിയോ കോഴിക്കോട്ടു നിന്ന് താമരശ്ശേരി ചുരം കടന്ന് വയനാട് വഴിയോ മൈസൂരിനെ ഉപരോധിക്കാൻ കഴിയുമെന്ന് കമ്പനി കണക്കാക്കി. 1792 ലെ ശ്രീരംഗപട്ടണം സന്ധിപ്രകാരം ടിപ്പുസുൽത്താൻ കൊച്ചിയും കൂർഗും ഉൾപ്പെടെ എല്ലാ പ്രദേശങ്ങളും കമ്പനിക്ക് വിട്ടുകൊടുത്തെങ്കിലും വയനാട് അതിൽ ഉൾപ്പെടുത്തിയിരുന്നില്ല. വയനാടിന്റെ തന്ത്രപ്രാധാന്യം കണക്കിലെടുത്തു കൊണ്ടായിരിക്കാം അത് വിട്ടു കൊടുക്കാതിരുന്നത്. ടിപ്പുവിന്റെ പതനത്തോടെ വയനാട് രണ്ടായി ഭാഗിക്കാനും അത് അവരുടെ കൈവശം വെക്കാനും ശ്രമം തുടങ്ങിയപ്പോഴാണ് ഇംഗ്ലീഷുകാരുടെ തനിനിറം പഴശ്ശി മനസിലാക്കിയത്. പിന്നീട് കമ്പനിയുമായി അദ്ദേഹം ഉറന്ന യുദ്ധംനടത്തി. 1800 ൽ തുടങ്ങിയ ഈ യുദ്ധം 1805 നവംബർ 30 ന് പഴശ്ശിരാജയുടെ വീരചരമത്തോടെ അവസാനിച്ചു. അതോടെ വയനാട് കമ്പനിക്ക് പൂർണ്ണമായി കീഴടങ്ങി.

വയനാട്ടിലെ ബ്രിട്ടീഷ് ഭരണത്തെ രണ്ടായി തരംതിരിക്കാം. ആദ്യത്തേത് പഴശ്ശി രാജയുടെ കൈയിൽ നിന്നും ലഭിച്ച വയനാടൻ പ്രദേശങ്ങൾ ഭരിച്ചിരുന്ന ഈസ്റ്റ് ഇന്ത്യാ കമ്പനി ഭരണമാണ്. 1858 ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി ഭരണം ബ്രിട്ടീഷ് രാജ്ഞി ഏറ്റെടുക്കുന്നതുവരെ തുടർന്നു. പിന്നെ സ്വാതന്ത്ര്യലബ്ധി വരെ മലബാർ കലക്ടറുടെ ബ്രിട്ടീഷ് ഭരണമായിരുന്നു വയനാട്ടിൽ.

പഴശ്ശിരാജയും ഈസ്റ്റ് ഇന്ത്യാ കമ്പനിയും ഘോരമായ യുദ്ധം നടത്തിയ 1800 ൽ ആണ് കമ്പനിയുടെ നിയോഗപ്രകാരം ഫ്രാൻസിസ് ബുക്കാനൻ മലബാറിലെ സമ്പത്തുകളെപ്പറ്റി സർവ്വെ നടത്തിയത്. അദ്ദേഹത്തിന് യുദ്ധം കാരണം വയനാടിനെപ്പറ്റി അധികം പഠിക്കാൻ കഴിഞ്ഞില്ല. എന്നാൽ പഴശ്ശിരാജയുമായി യുദ്ധം നടത്താൻ കമ്പനി നിയോഗിച്ച ആർതർ വെല്ലസ്ലിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പുറംനാട്ടുകാർക്ക് പേടിസ്വപ്നമായി മാറിയിരുന്ന വയനാടിനെ ബാഹ്യലോകവുമായി ബന്ധിപ്പിക്കാനുള്ള നടപടി ആദ്യം നടത്തിയത് ഈസ്റ്റ് ഇന്ത്യാ കമ്പനി തന്നെയാണ്. കമ്പനി ഭരണം വയനാടിന്റെ പാരമ്പര്യത്തിലധിഷ്ഠിതമായ പഴയ സാമൂഹ്യ വ്യവസ്ഥയെ ആകെ മാറ്റിമറിക്കാൻ തുടങ്ങി. അതേവരെ മത്സരിച്ചു കഴിഞ്ഞിരുന്ന ദേശവാഴികളും അവരുടെ കീഴിലുള്ള വിവിധ ജനവിഭാഗങ്ങളും ഒന്നുപോലെ കമ്പനി സർക്കാരിന്റെ ആജ്ഞകൾ അനുസരിക്കാൻ നിർബന്ധിതരായി. ഭരണം നടത്താൻ എത്തിയ കമ്പനി ഉദ്യോഗസ്ഥന്മാരെ എല്ലാവരും ഭയന്നു തുടങ്ങി. നികുതി പിരിവ്, വസ്തുക്കളുടെ ജന്മാവകാശം സംബന്ധിച്ച ഇടപാടുകൾ, ക്രമസമാധാന പരിപാലനം, അടിമത്ത നിരോധനം, നീതിന്യായ കോടതി എന്നിവയെല്ലാം മലബാറിന് മുഴുവൻ നിലനിന്നിരുന്ന ഏകീകൃത നിയമം വയനാട്ടിലും നടപ്പാക്കി. അതോടെ നാടുവാഴികളോ പ്രമാണികളോ ആയി കഴിഞ്ഞിരുന്നവർ തങ്ങളുടെ ഭൂമിയിന്മേലുള്ള അവകാശം സംരക്ഷിക്കാനും നികുതി ഇളവ് ലഭിക്കാനും കച്ചേരികളെ സമീപിക്കാൻ തുടങ്ങി.

ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയാണ് വയനാട്ടിൽ ആധുനിക റവന്യു സമ്പ്രദായത്തിന് തുടക്കം കുറിച്ചത്. വയനാട് മുഴുവൻ കമ്പനി ഉദ്യോഗസ്ഥർ ചുറ്റിനടന്ന് സമ്പത്തുകളെപ്പറ്റി രൂപം ഉണ്ടാക്കി. തലശ്ശേരി സബ്കളക്ടർ ആയിരുന്ന ടി.എച്ച്.ബേബറെയാണ് ആദ്യമായി ഒരു റവന്യു സെറ്റിൽമെന്റിന് തുടക്കം കുറിച്ചതെന്ന് 1822 ലെ എച്ച്.എസ് ഗ്രാമെയുടെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. 1857 ൽ മലബാർ ആക്ടിംഗ് കലക്ടർ ഡബ്ല്യു.റോബിൻസൺ വയനാടിനെപ്പറ്റി മറ്റൊരു റിപ്പോർട്ട് തയ്യാറാക്കി. വയനാട്ടിൽ നിന്നും വൻതോതിൽ ഏലം ആളുകൾ കടത്തിക്കൊണ്ടു പോകുന്നത് തടയണമെന്നും ആനകളുടെ ശല്യം കൂടുതലുള്ള സ്ഥലങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കണമെന്നും ഗ്രാമെ തന്റെ റിപ്പോർട്ടിൽ നിർദ്ദേശിച്ചു. അദ്ദേഹം റിപ്പോർട്ട് തയ്യാറാക്കുന്ന കാലത്ത് വയനാട്ടിലെ ജനസംഖ്യ 22,659 ആണ്. 49,629 രൂപയാണ് വയനാട്ടിൽ നിന്നുള്ള വാർഷിക വരുമാനം കണക്കാക്കിയിരുന്നത്.

ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന ഈ പ്രദേശത്തെ പുറംലോകവുമായി ബന്ധപ്പെടുത്തിയ കമ്പനിയുടെ ലക്ഷ്യം അതിവിപുലമായ പ്രകൃതി സമ്പത്ത് ചൂഷണം ചെയ്യൽ മാത്രമായിരുന്നു. വയനാടൻ മണ്ണിൽ സ്വർണ്ണം അടിഞ്ഞു കിടക്കുന്നതായി അറിഞ്ഞപ്പോൾ ഇവിടേക്ക് യൂറോപ്യന്മാരുടെ ഇരച്ചുകയറ്റം തന്നെയുണ്ടായി. സ്വർണ്ണഖനനത്തിനു വേണ്ടി നിരവധി കമ്പനികൾ രജിസ്റ്റർ ചെയ്യപ്പെട്ടു. പക്ഷെ, സ്വർണ്ണഖനനം ലാഭകരമല്ലെന്ന് മനസ്സിലാക്കിയതോടെ അവരിൽ കുറേപ്പേരെങ്കിലും തോട്ടകൃഷിയിലേക്ക് തിരിഞ്ഞു. ആദ്യകാലത്ത് വൻതോതിൽ വനം നശിപ്പിച്ച ഇംഗ്ലീഷുകാർ തന്നെയാണ് വയനാട്ടിലെ വനസംരക്ഷണത്തിന് നിയമങ്ങൾ കൊണ്ടുവന്നതും അവ കർശനമായി പാലിച്ചതും. ഇതുകൊണ്ട് കുറേ വനങ്ങൾ റിസർവ്വ് വനങ്ങളായി സംരക്ഷിച്ച് നിർത്താൻ അവർക്കു കഴിഞ്ഞു. 1859 ൽ വനം വകുപ്പ് രൂപീകൃതമായതിനെ തുടർന്ന് കാട് വെട്ടിത്തെളിച്ച് മാറിമാറി കൃഷിചെയ്യുന്ന പഴയ സമ്പ്രദായത്തിന് നിയന്ത്രണം ഏർപ്പെടുത്തി. ആനവേട്ട നിരോധിച്ചു. വാരിക്കുഴിയിൽ ആനകളെ കുരുക്കിട്ടുപിടിക്കുന്ന സമ്പ്രദായം നിലവിൽ വന്നു. 1878 ൽ തേക്ക് മുറിക്കുന്നത് നിരോധിച്ചു. 1882ൽ വനം വികസനത്തിനും സംരക്ഷണത്തിനും പുതിയ നിയമം ബാധകമായി.

ജില്ലയുടെ വികസനത്തെ ഗാഢമായി സ്വാധീനിച്ചിട്ടുള്ള നിരവധി സാമൂഹ്യ-രാഷ്ട്രീയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. 1928 ൽ പയ്യന്നൂരിൽ നടന്ന കേരള പ്രദേശ് കോൺഗ്രസ് സമ്മേളനത്തോടെയാണ് സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വയനാട്ടിൽ ശക്തിപ്രാപിച്ചത്. കേരള പര്യടനവേളയിൽ വയനാടൻചുരം കയറി ഗാന്ധിജി കല്പറ്റയിലെത്തിയത് 1934 ജനുവരി 14 നായിരുന്നു. ലക്കിടി മുതൽ കല്പറ്റവരെ അന്ന് ഉത്സവത്തിന്റെ പ്രതീതിയിലായിരുന്നു. ഗാന്ധിജിയെ ഒരുനോക്കു കാണുവാൻ കാൽനടയായി രാത്രിതന്നെ കല്പറ്റയിലേയ്ക്കു ആളുകളുടെ പ്രവാഹമായിരുന്നു. ഹരിജൻ ഫണ്ടിലേയ്ക്കുള്ള ധനശേഖരണത്തിനും സുബ്ബഗൗഡർ സംഭാവന ചെയ്ത ഭൂസ്വത്ത് ഏറ്റുവാങ്ങുന്നതിനുമായിരുന്നു ഗാന്ധിജിയുടെ വരവ്. വയനാട്ടിലെ ആദ്യകാല കോൺഗ്രസ്സ് പ്രവർത്തകരായിരുന്ന മണിയങ്കോട് കൃഷ്ണഗൗഡറും എം.എ.ധർമ്മരാജ അയ്യരുമാണ് ഗാന്ധിജിയെ സ്വീകരിക്കുവാൻ ഒരുക്കങ്ങൾ തുടങ്ങിയത്. ഹരിജൻ ഫണ്ടിലേയ്ക്ക് 500 രൂപ നൽകുന്നതിന് പണപ്പിരിവ് നടത്തിയിരുന്നു. ധർമ്മ രാജ അയ്യർ, കല്ലങ്കോടൻ മൊയ്തീൻ ഹാജി എന്നിവർക്കായിരുന്നു അതിന്റെ നേതൃത്വം. സുബ്ബഗൗഡർ ഒസ്യത്ത് പ്രകാരം സംഭാവന ചെയ്ത സ്ഥലം ഏറ്റുവാങ്ങി മലയാചല കർഷകാലയ എന്ന സ്ഥാപനം രൂപവൽക്കരിച്ചിരുന്നു. ഗാന്ധിജിയുടെ സന്ദർശനത്തോടെ വയനാട്ടിലെ ഒട്ടേറെ പ്രമുഖവ്യക്തികൾ സ്വാതന്ത്യ സമര പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളായി ആദിവാസികളെ അടക്കം സംഘടിപ്പിച്ചുകൊണ്ട് അയിത്തത്തിനെതിരായിട്ടുള്ള പ്രസ്ഥാനം ശക്തിപ്പെട്ടിരുന്നു. 1940-41 കാലത്ത് വ്യക്തി സത്യാഗ്രഹം തുടങ്ങി. അതോടെ നിയമലംഘനവും അറസ്റ്റ് വരിക്കലും വ്യാപകമായി.

സ്വാതന്ത്യ ലബ്ധിക്കുശേഷമാണ് ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ വയനാട്ടിൽ ശക്തിപ്പെട്ടത്. ആദ്യകാലത്ത് മാനന്തവാടിയിൽ ഗ്ലെൻലെവൻ എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ എന്നൊരു സംഘടനയുണ്ടായിരുന്നു. അതാണ് പിന്നീട് നോർത്ത് വയനാട് എസ്റ്റേറ്റ് ലേബർ യൂണിയൻ ആയത്. മേപ്പാടിയിലെ മലയാളം പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ, കുറിച്യാർമല പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ ചെമ്പ്രപീക്ക് എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ എന്നിവയും പ്രവർത്തിച്ചിരുന്നു. 1955 ൽ ഈ നാലുസംഘടനകളും ലയിച്ചാണ് മലബാർ എസ്റ്റേറ്റ് യൂണിയൻ രൂപവൽക്കരിച്ചത്. ഇരുന്നൂറോളം തൊഴിലാളികളായിരുന്നു അന്ന് ഇതിൽ അംഗങ്ങളായിരുന്നത്. രണ്ടണയായിരുന്നു തൊഴിലാളികളുടെ മാസവരി. പ്രമുഖ എസ്റ്റേറ്റുകൾക്കു പുറമേ നാടൻ കാപ്പി തോട്ടങ്ങളായ അരിമുണ്ട, എടപ്പെട്ടി, തരിയോട്ടെ കാട്ടിമട, അയിരൂർ എന്നിവയിലും തൊഴിലാളി സംഘടനാ പ്രവർത്തനം ഉണ്ടായിരുന്നു.വയനാട്ടിലെ കാപ്പിത്തോട്ടങ്ങളിൽ തൊഴിലാളികൾ അസംഘടിതരായിരുന്നു.

അക്കാലത്ത് പ്ലാന്റേഷൻ മേഖലയിൽ പ്രത്യേകിച്ച് ഒരു നിയമവും ഉണ്ടായിരുന്നില്ല. തൊഴിലാളികൾ അസംഘടിതരായിരുന്നു. മുതലാളിമാർ അവർക്കുതോന്നുന്ന കൂലിയാണ് നൽകിയിരുന്നത്. ഈ ദുരവസ്ഥയിൽ നിന്നും തൊഴിലാളികളെ കരകയറ്റുന്നതിനു വേണ്ടി ഐ.എൻ.റ്റി.യു.സി ജനറൽ സെക്രട്ടറിയായിരുന്ന കെ.കുമാരൻ 19 ദിവസം നിരാഹാര സത്യാഗ്രഹം അനുഷ്ഠിച്ചു. സമരത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകുന്നതിന് അന്നത്തെ മദ്രാസ് മുഖ്യമന്ത്രി സി.രാജഗോപാലാചാരി തയ്യാറാകാതിരുന്നതിനെ തുടർന്ന് മന്ത്രിസഭയിലെ സഹമന്ത്രി കെ.പി.കൃട്ടികൃഷണൻ നായർ രാജി പ്രഖ്യാപിക്കേണ്ടി വന്നു. അതെ തുടർന്ന് മുഖ്യമന്ത്രി പ്രത്യേക താൽപര്യമെടുത്ത് ലേബർ കമ്മീഷണറെ കൊണ്ട് യൂണിയൻ നേതാക്കളുടെയും തോട്ടമുടമകളുടെയും സംഘടനയായ ഉപാസിയുടെ യോഗം വിളിപ്പിച്ചു. മുഖ്യമന്ത്രിയുടെ താൽപര്യപ്രകാരമാണ് മദ്രാസ് കരാർ ഒപ്പിട്ടത്. കൂലി വർദ്ധന, പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയ കാര്യങ്ങളിൽ ഇതോടെ തീരുമാനമായി. ലീവിനും ബോണസ്സിനും വേണ്ടി തുടർന്നും പ്രക്ഷോഭ സമരങ്ങൾ നടത്തേണ്ടി വന്നിരുന്നു.

തേയിലത്തോട്ടങ്ങളിലെ ആനുകൂല്യം കാപ്പിത്തോട്ടങ്ങളിലെ തൊഴിലാളികൾക്കു പ്രാപ്യമായിരുന്നില്ല. ഇതിനെല്ലാം പരിഹാരമുണ്ടാക്കാൻ 1960 കളിൽ തൊഴിലാളികൾ സംഘടിച്ച് 20 ദിവസം പണി മുടക്കി. തോട്ടം ഉടമകളുടെ നേതൃത്വം വഹിച്ചിരുന്ന എം.കെ.ജിനചന്ദ്രൻ പ്രത്യേകം താൽപര്യം എടുത്തതിന്റെ ഫലമായി തൊഴിലാളികളുമായി അനുകൂല കരാറുണ്ടാക്കി. തുടർന്ന് നടന്ന

പല സമരങ്ങളിലൂടെയാണ് ചായത്തോട്ടങ്ങളിൽ നിന്നു ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ കാപ്പിത്തോട്ടങ്ങളിലും ലഭ്യമായത്.

പ്ലാന്റേഷൻ മേഖലയിലെ വലിയ പ്രശ്നം കങ്കാണി സമ്പ്രദായമായിരുന്നു. ഷെയ്ഖ് മൊയ്തീനായിരുന്നു കങ്കാണിമാരിൽ മുഖ്യൻ. ഇവർ തമിഴ് നാട്ടിൽ നിന്നും മംഗലാപുരം ഭാഗത്തു നിന്നും തോട്ടം ഉടമ പറയുന്നത്ര തൊഴിലാളികളെ കൊണ്ടുവരും. ഒരണയായിരുന്നു ഇവർക്കു കമ്മീഷൻ. കങ്കാണിമാർ നാനാവിധത്തിലും തൊഴിലാളികളെ ചൂഷണം ചെയ്യാൻ കൂട്ടുനിന്നിരുന്നു. കങ്കാണി സമ്പ്രദായത്തിനെതിരെ നിരന്തരം നടത്തിയ പ്രതിഷേധ പ്രകടനങ്ങളെ തുടർന്ന് മദ്രാസ് സർക്കാർ അത് നിരോധിച്ചു. ട്രേഡ് യൂണിയൻ രംഗത്ത് മുന്നിട്ടു നിന്നു പ്രവർത്തിച്ചത് രാധാ ഗോപിമേനോൻ, ടി.എം.രാഘവൻ, കെ.കുമാരൻ, പി.കെ.ഗോപാലൻ, പി.കുഞ്ഞികണ്ണൻ തുടങ്ങിയവരായിരുന്നു. ട്രേഡ് യൂണിയൻ പ്രവർത്തനം തൊഴിലാളികളെ അവകാശബോധമുളളവരാക്കി തീർത്തു.

വയനാട്ടിലെ കുടിയേറ്റ മേഖലകളിൽ ഭൂപ്രഭുത്വത്തിന്റെ കടുത്ത ചൂഷണത്തിനു വിധേയമാകേണ്ടി വന്ന കർഷകനും കർഷകത്തൊഴിലാളികളും ആയിരത്തി ത്തൊളളായിരത്തി മുപ്പതുകളിലും നാൽപ്പതുകളിലും സംഘടിത പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ജന്മിത്തത്തിനും സാമ്രാജ്യത്വത്തിനും എതിരായി അണിനിരക്കാൻ തുടങ്ങിയിരുന്നു. ഭൂടമ വ്യവസ്ഥയിൽ ശക്തമായ ഒരു മാറ്റം കൊണ്ടു മാത്രമേ ചൂഷണ രഹിതമായ ജീവിതവും സാമ്പത്തികോന്നമനവും സാമൂഹ്യ നീതിയും കൈവരിക്കാൻ കഴിയുകയുളളൂ എന്ന തിരിച്ചറിവ് പുരോമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി ഉണ്ടാക്കി എടുക്കാൻ കഴിഞ്ഞു. 1957 ൽ അധികാരത്തിൽ വന്ന ശ്രീ.ഇ.എം.എസ്സിന്റെ നേതൃത്വത്തിലുളള മന്ത്രിസഭ പാസ്സാക്കിയ കർഷകബന്ധ ബില്ല്, ഒട്ടേറെ മാറ്റങ്ങൾക്കു ശേഷം 1970 ജനുവരി ഒന്നാം തീയതി മുതൽ നടപ്പിൽ വന്നതോടെ കേരളത്തിൽ നൂറ്റാണ്ടുകളായി നിലനിന്ന ജന്മിത്തം അവസാനിച്ചു. ഇതോടെ വയനാട്ടിലെ കുടിയേറ്റ മേഖലയിൽ കൃഷിക്കാർക്കു കൈവശഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചു.

1.5. കുടിയേറ്റം

വയനാട്ടിലെ ആദിമനിവാസികൾ ഒഴികെയുളളവർ കഴിഞ്ഞ ഒരു നൂറ്റാണ്ടു കാലം കൊണ്ട് വിവിധ പ്രദേശങ്ങളിൽ നിന്നും കുടിയേറിപാർത്തവരാണെന്നു കരുതാം. കേരളം, കർണ്ണാടകം, തമിഴ് നാട് എന്നീ മൂന്ന് സംസ്ഥാനങ്ങളുടെ ഇടയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാകയാൽ ഈ സംസ്ഥാനങ്ങളിൽ നിന്നുളള കുടിയേറ്റം സ്വാഭാവികം മാത്രമാണ്. 1881 ലെ സെൻസസ് പ്രകാരം പഴയ വയനാട്ടിലെ ജനസാന്ദ്രതഒരു ചതുരശ്ര നാഴികയ്ക്ക് 92 ആയിരിന്നു എന്ന് വില്യം ലോഗൻ രേഖപ്പെടുത്തിയിട്ടുണ്ട്. വയനാട്ടിൽ ആദ്യമായി കുടിയേറിയവർ കർണ്ണാടകത്തിലെ കാവേരിയുടെ തീരങ്ങളിൽ നിന്നുളള ഗൗണ്ടൻ എന്നു വിളിക്കുന്ന ജൈനമതക്കാരാണെന്നു കരുതപ്പെടുന്നു. ഇവരുടെ മുഖ്യ തൊഴിൽ കൃഷിയായിരുന്നു. വയനാട്ടിൽ പല സ്ഥലങ്ങളിലും ജൈനന്മാർ അധിവസിച്ചിരുന്നതിന്റെ തെളിവാണ് സുൽത്താൻബത്തേരി, പുഞ്ചവയൽ എന്നിവിടങ്ങളിൽ കാണുന്ന ജൈനക്ഷേത്രാവശിഷ്ടങ്ങൾ, വയനാട്ടിലെ ചെട്ടിമാർ മൈസൂർ, മദ്രാസ് പ്രവശ്യകളിൽ നിന്നുളളവരാണെന്നും അവരുടെ അന്നത്തെ തൊഴിൽ ക്രയവിക്രയമായിരുന്നു എന്നും വന്നവരിൽ ചിലർ മൈസൂരിലേയ്ക്കു തിരിച്ചുപോയി എന്നും ഇവിടെ സ്ഥിരതാമസം ഉറപ്പിച്ചവർ ക്രമേണ കൃഷിയിലേക്കു തിരിച്ചു എന്നും കരുതപ്പെടുന്നു.

മുസ്ലീം കുടിയേറ്റം വിവിധ കാലഘട്ടങ്ങളിലായിരുന്നു. ഇതിൽ പട്ടാണിമാർ, മൈസൂർ, മംഗലാപുരം ഭാഗത്തു നിന്നും റാവുത്തർമാർ പാലക്കാടു നിന്നും വന്നവരാണെന്നു കരുതുന്നു.ഏറനാട് താലൂക്കിൽ നിന്ന് കുടിയേറിയ മുസ്ലീങ്ങൾ അധികവും തെക്കേവയനാട്ടിലാണ് താമസമുറപ്പിച്ചത്. എന്നാൽ തലശ്ശേരി, നാദാപുരം ഭാഗങ്ങളിൽ നിന്നുളള കുടിയേറ്റക്കാർ വടക്കേ വയനാട്ടിലും താമസം ആരംഭിച്ചു. ഈ കാലഘട്ടങ്ങളിൽ ഒട്ടേറെ മുസ്ലീം പളളികളും സ്ഥാപിക്കപ്പെട്ടു. മലബാറിൽ നിന്നും ഉത്തരേന്ത്യയിൽ നിന്നും വന്ന മുസ്ലീങ്ങളും വയനാട്ടിൽ താമസമുറപ്പിച്ചിട്ടുണ്ട്.

വയനാടിന്റെ ഭരണകാര്യങ്ങളിൽ മുഖ്യപങ്കു വഹിച്ചിട്ടുള്ള നായർ, നമ്പ്യാർ ജന്മിവിഭാഗങ്ങൾ തലശ്ശേരി വടകര ഭാഗത്തുനിന്നും വന്നവരാണ്. കോഴിക്കോടിനു വടക്കുള്ള പ്രദേശങ്ങളിൽ നിന്നും തീയന്മാരും പാലക്കാടു നിന്നും തണ്ടാൻ, മുത്താർ, ഈഴവർ തുടങ്ങിയവരും വന്നതായിട്ടാണ് പറയപ്പെടുന്നത്. വിവിധ സേവനമേഖലകളിൽ ജോലി ലഭിച്ചതിന്റെ ഫലമായി വയനാട്ടിൽ എത്തിയവർ ക്രമേണ കുടുംബസമേതം താമസം തുടങ്ങി. തോട്ടം മേഖലയിൽ തൊഴിൽ തേടി എത്തിയവരും ഇവിടെ സ്ഥിരവാസം ഉറപ്പിച്ചു.

മുപ്പതുകളുടെ ആരംഭത്തിൽ വയനാട്ടിലേയ്ക്കുള്ള കുടിയേറ്റം ശക്തിപ്പെട്ടു. പട്ടിണിയും ഭക്ഷ്യക്ഷാമവും തിരുവിതാംകൂറിലെ അധ്വാന ശീലരായ നാനാജാതി മതവിഭാഗങ്ങളിൽ പെട്ട ജനങ്ങളെ വയനാട്ടിലേയ്ക്ക് കുടിയേറാൻ പ്രേരിപ്പിച്ചു. നാൽപതുകളിലെ ക്ഷാമകാലത്ത് ഭക്ഷ്യോൽപാദനം വർധിപ്പിക്കുക എന്ന പദ്ധതി പ്രകാരം ഏതു കാടും വെട്ടിത്തെളിച്ചു കൃഷി ചെയ്യാൻ കർഷകരെ സർക്കാർ തന്നെ വയനാട്ടിലേയ്ക്ക് ക്ഷണിക്കുകയായിരുന്നു. 1947-48 കാലഘട്ടത്തിൽ വിമുക്തഭടന്മാരെ പുനരധിവസിപ്പിക്കാൻ സർക്കാർ ആരംഭിച്ച കോളനി സ്കീമുമായി ബന്ധപ്പെട്ടും ധാരാളം ആളുകൾ വയനാട്ടിൽ എത്തിച്ചേർന്നു.

പത്തൊൻപതാം നൂറ്റാണ്ടിൽ തന്നെ ക്രിസ്തീയ വിഭാഗത്തിൽപ്പെട്ടവർ വയനാട്ടിലുണ്ടായിരുന്നെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെ തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ നിന്നുണ്ടായ കുടിയേറ്റം കൂടുതൽ ആളുകളിലേയ്ക്ക് ക്രിസ്തുമതം പ്രചരിക്കുന്നതിനോടൊപ്പം പുതിയ കാർഷിക സംസ്കാരത്തിനും കാരണമായിട്ടുണ്ട്. അവർ ദേവാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിക്കാൻ ശ്രദ്ധിച്ചു. ഇതു വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ പുത്തൻ ഉണർവുണ്ടാക്കി.

വയനാട്ടിൽ കാർഷിക വിപ്ലവത്തിനും വികസന പ്രക്രിയക്കും ശക്തി പകർന്നത് കുടിയേറ്റക്കാരാണ്. ഗതാഗതം, വാർത്താവിനിമയം, ഊർജ്ജം, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, സംസ്കാരം എന്നീ രംഗങ്ങളിൽ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായി. 1888 ൽ കോഴിക്കോട് ആദ്യമായി തീവണ്ടി എത്തി. വയനാട്ടിലെ ഏറ്റവും അടുത്ത റയിൽവേ സ്റ്റേഷൻ ഇപ്പോഴും കോഴിക്കോടാണ്. കോഴിക്കോട്ട് നിന്നും കല്പറ്റ സുൽത്താൻ ബത്തേരി വഴി മൈസൂരിലേക്ക് റോഡ് മാർഗ്ഗം ഗതാഗതം അഭിവൃദ്ധിപ്പെട്ടത് 1950 നു ശേഷമാണ്. കുടിയേറ്റ മേഖലകളിൽ പള്ളികളും പള്ളിക്കൂടങ്ങളും ആരംഭിച്ചത് ക്രിസ്ത്യാനികളാണ്. മലങ്കര, പയ്യമ്പള്ളി, കണിയാരം പള്ളികൾ ഇക്കൂട്ടത്തിൽ പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. കല്പറ്റയിലെ എസ്.കെ.എം.ജെ ഹൈസ്കൂളാണ് വയനാട്ടിലെ ആദ്യകാല ഹൈസ്കൂൾ

ഈ കുടിയേറ്റങ്ങൾ വയനാടിന്റെ മുഖഛായ തന്നെ മാറ്റിയിട്ടുണ്ട്. നിബിഡവനത്തിന്റെ വിസ്തൃതി ഗണ്യമായി കുറഞ്ഞു. അമൂല്യമായ പല ഔഷധ സസ്യങ്ങളും പക്ഷി മൃഗാദികളും വയനാടിന് അന്യമായി.ഒട്ടേറെ സവിശേഷതകൾ നിറഞ്ഞ ഈ പ്രദേശത്ത് ജീവിയ്ക്കുന്ന ഗോത്ര ജനത, അവരുടെ തനതു സംസ്കാരത്തിൽ നിന്നും മാറ്റപ്പെടുകയും കുടിയേറ്റത്തിന്റെ കൂടി ഭാഗമായ ഒരു സങ്കര സംസ്കാരത്തിലേയ്ക്ക് എത്തപ്പെടുകയുമാണ്. സ്വാതന്ത്ര്യത്തോടെ വസിച്ചിരുന്ന വനപ്രദേശങ്ങളും സ്വയം പര്യാപ്തമായ ജീവത ഘടനയും മാറിയെങ്കിലും പൊതു സമൂഹത്തോടൊപ്പം എത്തിച്ചേരാൻ ഈ ഗോത്ര വിഭാഗങ്ങൾക്ക് ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. അവരുടെ ഭാഷയും സംസ്കാരവും മാറ്റി മറിച്ചുകൊണ്ട്, അവർ താമസിച്ചിരുന്ന ഭൂമി ആദ്യം ജന്മിമാരിലേയ്ക്കും പിന്നീട് കുടിയേറ്റക്കാരിലേയ്ക്കും കൈമാറ്റം ചെയ്യപ്പെട്ടു. അവരുടെ പുരോഗതിയ്ക്കായി കൈക്കൊണ്ട പല നടപടികളും വർഗ്ഗപരമായ സവിശേഷതകൾ ഇല്ലാതാകുന്നതിനുള്ള കാരണമായിട്ടുണ്ട്.

1.6. ഭരണ നിർവ്വഹണം

വൈത്തിരി, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നീ മൂന്ന് താലൂക്കുകൾ ഉൾപ്പെടുന്ന ജില്ലയുടെ ആസ്ഥാനം കൽപ്പറ്റയാണ്. ഈ മൂന്ന് താലൂക്കുകളിലുമായി ആകെ 49 വില്ലേജുകൾ ഉണ്ട്.

കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി എന്നിങ്ങനെ മൂന്ന് നിയമസഭ മണ്ഡലങ്ങളാണ് ജില്ലയിലുള്ളത്. ഇവയിൽ മാനന്തവാടി, സുൽത്താൻ ബത്തേരി എന്നിവ

പട്ടികവർഗ്ഗ സംവരണ മണ്ഡലങ്ങളാണ്. 2009-ൽ രൂപീകൃതമായ വയനാട് ലോകസഭാ മണ്ഡലത്തിൽ ജില്ലയിലെ മൂന്ന് നിയമസഭാ മണ്ഡലങ്ങൾക്ക് പുറമെ മലപ്പുറം ജില്ലയിലെ നിലമ്പൂർ, വണ്ടൂർ, ഏറനാട്, കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി എന്നീ നിയമസഭാ മണ്ഡലങ്ങളും ഉൾപ്പെടുന്നു.

പട്ടിക 1.2

വയനാട് ജില്ലയിലെ വില്ലേജുകൾ (താലൂക്ക് അടിസ്ഥാനത്തിൽ)

വൈത്തിരി താലൂക്ക്		മാനന്തവാടി താലൂക്ക്		സുൽത്താൻ ബത്തേരി താലൂക്ക്	
1	അച്ചൂരാനം	1	അഞ്ചുകുന്ന്	1	അമ്പലവയൽ
2	ചുണ്ടേൽ	2	ഇടവക	2	ചീരാൽ
3	കൽപ്പറ്റ	3	കാഞ്ഞിരങ്ങാട്	3	ഇരുളം
4	കണിയാമ്പറ്റ	4	മാനന്തവാടി	4	കൃഷ്ണഗിരി
5	കാവുമന്ദം	5	നല്ലൂർനാട്	5	കുപ്പാടി
6	കോട്ടപ്പടി	6	പനമരം	6	നടവയൽ
7	കോട്ടത്തറ	7	പയ്യമ്പള്ളി	7	നെൻമേനി
8	കുന്നത്തിടവക	8	പേരിയ	8	ന്യൽപുഴ
9	കുപ്പാടിത്തറ	9	പൊരുന്നന്നൂർ	9	പാടിച്ചിറ
10	മൂപ്പൈനാട്	10	തവിഞ്ഞാൽ	10	പൂതാടി
11	മുട്ടിൽ നോർത്ത്	11	തിരുനെല്ലി	11	പുൽപ്പള്ളി
12	മുട്ടിൽ സൗത്ത്	12	തൃശ്ശിലേരി	12	പുറക്കാടി
13	പടിഞ്ഞാറത്തറ	13	വാളാട്	13	സുൽത്താൻ ബത്തേരി
14	പൊഴുതന	14	വെള്ളമുണ്ട	14	കിടങ്ങനാട്
15	തരിയോട്	15	ചെറുകാട്ടൂർ	15	തോമാട്ടുചാൽ
16	തൃക്കൈപ്പറ്റ	16	തൊണ്ടർനാട്		
17	വെള്ളരിമല				
18	വേങ്ങപ്പള്ളി				

അവലംബം:റവന്യൂ വകുപ്പ്, 2017

3 മുൻസിപ്പാലിറ്റികളും 23 ഗ്രാമപഞ്ചായത്തുകളും 4 ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും ഉൾപ്പെടെ 31 തദ്ദേശ ഭരണസ്ഥാപനങ്ങളാണ് ജില്ലയിലുള്ളത്.

പട്ടിക 1.3

വയനാട് ജില്ലയിലെതദ്ദേശ ഭരണസ്ഥാപനങ്ങൾ

ക്രമ.നം	തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	ക്രമ.നം	തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്
I. കൽപറ്റ ബ്ലോക്ക് പഞ്ചായത്ത്		**III. മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത്**	
1	കോട്ടത്തറ ഗ്രാമപഞ്ചായത്ത്	15	വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്
2	വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്	16	തിരുനെല്ലി ഗ്രാമപഞ്ചായത്ത്
3	വൈത്തിരി ഗ്രാമപഞ്ചായത്ത്	17	തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്
4	മുട്ടിൽ ഗ്രാമപഞ്ചായത്ത്	18	എടവക ഗ്രാമപഞ്ചായത്ത്
5	പൊഴുതന ഗ്രാമപഞ്ചായത്ത്	19	തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്
6	തരിയോട് ഗ്രാമപഞ്ചായത്ത്	**IV. സുൽത്താൻ ബത്തേരി ബ്ലോക്ക്പഞ്ചായത്ത്**	
7	പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്	20	മീനങ്ങാടി ഗ്രാമപഞ്ചായത്ത്
8	മേപ്പാടി ഗ്രാമപഞ്ചായത്ത്	21	നെൻമേനി ഗ്രാമപഞ്ചായത്ത്
9	മൂപ്പൈനാട് ഗ്രാമപഞ്ചായത്ത്	22	അമ്പലവയൽ ഗ്രാമപഞ്ചായത്ത്
II. പനമരം ബ്ലോക്ക് പഞ്ചായത്ത്		23	നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്
10	പനമരം ഗ്രാമപഞ്ചായത്ത്	**മുൻസിപാലിറ്റികൾ**	
11	പൂതാടി ഗ്രാമപഞ്ചായത്ത്	24	കൽപറ്റ മുൻസിപാലിറ്റി
12	മുളളൻകൊല്ലി ഗ്രാമപഞ്ചായത്ത്	25	സുൽത്താൻ ബത്തേരി മുൻസിപാലിറ്റി
13	പുൽപളളി ഗ്രാമപഞ്ചായത്ത്	26	മാനന്തവാടി മുൻസിപാലിറ്റി
14	കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്		

അവലംബം: തദ്ദേശസ്വയംഭരണ വകുപ്പ് 2017

പട്ടിക 1.4

വയനാട് ജില്ലയിലെതദ്ദേശ ഭരണസ്ഥാപനങ്ങളിലെ ഡിവിഷനുകളുടെ /വാർഡുകളുടെ വിവരങ്ങൾ

ക്രമ നം	തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	ഡിവിഷനുകളുടെ/വാർഡുകളുടെ എണ്ണം					
		ആകെ	ആകെ സ്ത്രീ സംവരണം	ആകെ പട്ടിക ജാതി സംവരണം	ആകെ പട്ടിക ജാതി സ്ത്രീ സംവരണം	ആകെ പട്ടിക വർഗ്ഗ സംവരണം	ആകെ പട്ടിക വർഗ്ഗ സ്ത്രീ സംവരണം
1	വയനാട് ജില്ല പഞ്ചായത്ത്	16	8	1	1	3	2
2	കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്	13	7	1	0	2	1
3	സുൽത്താൻബത്തേരി ബ്ലോക്ക്	14	7	1	0	3	2
4	പനമരം ബ്ലോക്ക് പഞ്ചായത്ത്	15	8	1	0	3	2
5	മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്	15	8	0	0	3	2
6	കോട്ടത്തറ	13	7	0	0	4	2
7	വേങ്ങപ്പള്ളി	13	7	0	0	3	2
8	വൈത്തിരി	14	7	2	1	1	0
9	മുട്ടിൽ	19	10	1	0	3	2
10	പൊഴുതന	13	7	1	0	2	1

11	തരിയോട്	13	7	0	0	3	2
12	പടിഞ്ഞാറത്തറ	16	8	1	0	2	1
13	മേപ്പാടി	22	11	2	1	2	1
14	മൂപ്പൈനാട്	16	8	1	0	1	0
15	പനമരം	23	12	1	0	5	3
16	പൂതാടി	22	11	1	0	4	2
17	മുള്ളൻകൊല്ലി	18	9	1	0	2	1
18	പുൽപള്ളി	20	10	1	0	4	2
19	കണിയാമ്പറ്റ	18	9	0	0	4	2
20	വെള്ളമുണ്ട	21	11	0	0	3	2
21	തിരുനെല്ലി	17	9	0	0	7	4
22	തൊണ്ടർനാട്	15	8	0	0	3	2
23	എടവക	19	10	0	0	3	2
24	തവിഞ്ഞാൽ	22	11	1	0	4	2
25	മീനങ്ങാടി	19	10	1	0	4	2
26	നെൻമേനി	23	12	1	0	4	2
27	അമ്പലവയൽ	20	10	1	0	3	2
28	നൂൽപ്പുഴ	17	9	0	0	7	4
29	കൽപ്പറ്റ മുൻസിപ്പാലിറ്റി	28	14	2	1	3	2
30	സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി	35	18	1	0	4	2
31	മാനന്തവാടി മുൻസിപ്പാലിറ്റി	36	18	1	0	6	3

അവലംബം: സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷൻ –2015

1.7. ജനസംഖ്യ

കാർഷിക മേഖലക്ക് പ്രധാന്യമുള്ള ജില്ലയിൽ വ്യവസായങ്ങൾ കുറവാണ്. ആയതിനാൽ തന്നെ ജില്ലയുടെ സാമ്പത്തിക സ്ഥിതി മനുഷ്യവിഭവങ്ങളുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. ഈ പ്രദേശത്തിന്റെ വികസനം, ജനസംഖ്യയിലുള്ള വർദ്ധനവ് ജനങ്ങളുടെ തൊഴിൽ ചെയ്യാനുള്ള ശേഷി, സ്ത്രീ– പുരുഷ അനുപാതം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യ ജീവിതത്തിൽ ഏറ്റവും ആവശ്യമായ ആഹാരം, വസ്ത്രം, പാർപ്പിടം, കുടിവെള്ളം, ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ, യാത്രാ സംവിധാനങ്ങൾ, വാർത്താ വിനിമയോപാധികൾ, വിനോദ മാർഗ്ഗങ്ങൾ, എന്നിവയുടെ ശരിയായ വിതരണം ഉറപ്പുവരുത്തുന്നതിന് ജനസംഖ്യാ വളർച്ച സംബന്ധിച്ച വിവരങ്ങൾ അത്യന്താപേക്ഷിതമാണ്. പ്രകൃതി വിഭവങ്ങളോട് മനുഷ്യാദ്ധ്വാനവും കൂടി ചേരുമ്പോൾ മാത്രമേ സമൂഹത്തിന് ഉതകുന്ന വിധത്തിൽ വിഭവങ്ങളെ മാറ്റിയെടുക്കുന്നതിന് സാധിക്കുകയുള്ളൂ.

പട്ടിക 1.5
ജനസംഖ്യ –ജില്ല തിരിച്ച്

ക്രമ നമ്പർ	ജില്ല	2011	റാങ്ക്	2001	റാങ്ക്
1	തിരുവനന്തപുരം	33,01,427	2	32,34,356	2
2	കൊല്ലം	26,35,375	7	25,85,208	7
2	കൊല്ലം	26,35,375	7	25,85,208	7
3	പത്തനംതിട്ട	11,97,412	12	12,34,016	12
4	ആലപ്പുഴ	21,27,789	9	21,09,160	9
5	കോട്ടയം	19,74,551	10	19,53,646	10

6	ഇടുക്കി	11,08,974	13	11,29,221	13
7	എറണാകുളം	32,82,388	3	31,05,798	3
8	തൃശ്ശൂർ	31,21,200	4	29,74,232	4
9	പാലക്കാട്	28,09,934	6	26,17,482	6
10	മലപ്പുറം	41,12,920	1	36,25,471	1
11	കോഴിക്കോട്	30,86,293	5	28,79,131	5
12	വയനാട്	8,17,420	14	7,80,619	14
13	കണ്ണൂർ	25,23,003	8	24,08,956	8
14	കാസർഗോഡ്	13,07,375	11	12,04,078	11
	കേരളം	3,34,06,061		3,18,41,374	

അവലംബം: സെൻസസ് ഡയറക്ടറേറ്റ് 2011

ജനസംഖ്യയിൽ പ്രായം തിരിച്ചുള്ള കണക്കുകൾക്ക് ഇന്ന് വളരെയധികം പ്രാധാന്യമുണ്ട്. വൃദ്ധരുടെ ജനസംഖ്യയുടെ ശരിയായ കണക്ക് ആ വിഭാഗം ജനങ്ങൾക്ക് ആവശ്യമായ പകൽവീടുകൾ, ആശുപത്രികൾ തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കുന്നതിന് സഹായകരമാവും. കൂടാതെ കുട്ടികളെ സംബന്ധിച്ച കണക്കുകൾക്കും തൊഴിൽ ചെയ്യാൻ കഴിയുന്ന ജനങ്ങളുടെ കണക്കുകൾക്കും ഭിന്നശേഷിക്കാരായവരുടെ കണക്കുകൾക്കുംവളരെയധികം പ്രാധാന്യം ഉണ്ട്. ഇത്തരം അടിസ്ഥാന വിവരങ്ങളുടെ ശരിയായ ലഭ്യത ഒരു സമൂഹത്തിന്റെ ആസൂത്രണ പ്രക്രിയയിൽനിർണ്ണായക പങ്ക് വഹിക്കുന്നു.

കേരളത്തിലെ 14 ജില്ലകളിലെയും ജനസംഖ്യ പരിശോധിച്ചാൽ ഏറ്റവും കുറവ് ജനസംഖ്യയുള്ള ജില്ലയാണ് വയനാട്. 2011ലെ സെൻസസ് പ്രകാരം 817420 ആണ് വയനാട്ടിലെ ജനസംഖ്യ. ഇത് കേരളത്തിലെ ആകെ ജനസംഖ്യയുടെ 2.45% മാത്രമാണ്. ഇതിൽ401684 പേർ പുരുഷൻമാരും 415736 പേർ സ്ത്രീകളുമാണ്. 2001ലെ സെൻസസ് പ്രകാരം ജില്ലയിൽ 391273പുരുഷൻമാരും389346സ്ത്രീകളും ഉൾപ്പെടെ ആകെ 780619 ആയിരുന്നു ജനസംഖ്യ. 2001 ലും കേരളത്തിലെ ആകെ ജനസംഖ്യയുടെ 2.45% മാത്രമായിരുന്നു വയനാട് ജില്ലയുടെ ജനസംഖ്യ.

ചിത്രം 1.3
തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള ജനസംഖ്യ 2011



അവലംബം: സെൻസസ് ഡയറക്ടറേറ്റ്, 2011

2011 ലെ കാനേഷുമാരിയെ അടിസ്ഥാനമാക്കി ഗ്രാമ പഞ്ചായത്ത് തലത്തിൽജനസംഖ്യയെ പരിശോധിച്ചാൽ ജില്ലയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഗ്രാമ പഞ്ചായത്ത് നെന്മേനിയും (46950) ഏറ്റവും കുറവ് ജനസംഖ്യയുള്ള ഗ്രാമ പഞ്ചായത്ത് തരിയോടും ആണ് (11725). വയനാട് ജില്ലയിലെ വെള്ളമുണ്ട, പനമരം, നെൻമേനി എന്നീ പഞ്ചായത്തുകൾ 40000 ജനസംഖ്യക്ക് മുകളിലുള്ള പഞ്ചായത്തുകളാണ്.

1.7.1. സ്ത്രീ– പുരുഷ അനുപാതം

1901 മുതലുള്ള എല്ലാ ജനസംഖ്യ കണക്കെടുപ്പുകളിലും കേരളത്തിൽ സ്ത്രീകൾ പുരുഷൻമാരെക്കാൾ കൂടുതലായിരുന്നു. എന്നാൽ വയനാട് ജില്ലയിൽ1901 മുതൽ 2001 വരെയുള്ള എല്ലാ സെൻസസുകളിലും പുരുഷൻമായിരുന്നു കൂടുതൽ. ഈ രീതി 2011 ലെ ജനസംഖ്യ കണക്കെടുപ്പോടു കൂടി മാറി. ജില്ലയിലെ സ്ത്രീ – പുരുഷ അനുപാതം 1901 ൽ 805 സ്ത്രീകൾക്ക് 1000 പുരുഷൻമാർ എന്നതായിരുന്നു. ഈ അനുപാതം ക്രമാനുഗതമായി ഓരോ ജനസംഖ്യ കണക്കെടുപ്പുകളിലും സ്ത്രീ പക്ഷത്തേക്ക് മാറി വന്നു. 1931 ൽ ഏറ്റവും കുറവ് സ്ത്രീ– പുരുഷ അനുപാതം (804) രേഖപ്പെടുത്തി. സ്ത്രീ– പുരുഷ അനുപാതം 2011 ൽ 1035 ആയി.

ചിത്രം 1.4
സ്ത്രീ– പുരുഷ അനുപാതം 1971–2011



അവലംബം: സെൻസസ് ഡയറക്ടറേറ്റ് 2011

2011 –ലെ ജനസംഖ്യ കണക്കുകൾ പ്രകാരം വയനാട് ജില്ലയിലെ 26 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പുരുഷൻമാരെക്കാൾ കൂടുതൽ സ്ത്രീ ജനസംഖ്യയാണെന്ന് കാണാം. ഇത് വയനാട് ജില്ലയുടെ ഒരു പ്രത്യേകതയാണ്.

1.7.2 ജനസംഖ്യ വളർച്ച

ജനനം കൊണ്ടുള്ള വളർച്ചയെക്കാൾ കൂടിയേറ്റം മൂലം ജനസംഖ്യയുടെ വളർച്ചാ നിരക്കിൽ വർദ്ധനവ് ഉണ്ടായ ഏക ജില്ല വയനാട് ആയിരിക്കും. 194070 വരെയുള്ള കാല ഘട്ടത്തിൽ മദ്ധ്യതിരുവിതാംകൂറിൽ നിന്നാണ് ജില്ലയിലേക്ക് ഏറ്റവും അധികം കുടിയേറ്റം ഉണ്ടായിട്ടുള്ളത്. എങ്കിലും കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും വയനാട്ടിലേക്ക് കുടിയേറ്റം ഉണ്ടായിട്ടുണ്ട്. കൂടാതെ അയൽ സംസ്ഥാനങ്ങളായ കർണാടക, തമിഴ് നാട് എന്നിവിടങ്ങളിൽ നിന്നും കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനം വരെ വ്യാപകമായി തൊഴിലിന് വേണ്ടിയുള്ള കുടിയേറ്റവും ഉണ്ടായിരുന്നു. ഇന്നത് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റമായി പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുണ്ടായ കുടിയേറ്റങ്ങൾ വയനാടിന്റെ വികസനത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നത് തർക്കമില്ലാത്ത വസ്തുതയാണ്.

പട്ടിക 1.6
ജനസംഖ്യ വർദ്ധന 1901–2011

സെൻസസ് വർഷം	ജനസംഖ്യ	വ്യത്യാസം		പുരുഷൻ	സ്ത്രീ
		ജനസംഖ്യ	ശതമാനം		
1901	75,149	–	–	41,632	33,517
1911	82,549	+7,400	+9.85	45,489	37,060
1921	84,771	+2,222	+2.69	47,473	37,298
1931	91,769	+6,998	+8.26	50,877	40,892
1941	1,06,350	+14,581	+15.89	57,952	48,398
1951	1,69,280	+62,930	+59.17	92,099	77,181
1961	2,75,255	+1,05,975	+62.60	1,44,635	1,30,620
1971	4,13,850	+1,38,595	+50.35	2,15,338	1,98,512
1981	5,54,026	+1,40,176	+33.87	2,84,261	2,69,765
1991	6,72,128	+1,18,102	+21.32	3,41,958	3,30,170
2001	7,80,619	+1,08,491	+16.14	3,91,273	3,89,346
2011	8,17,420	+36,801	+4.71	4,01,684	4,15,736

അവലംബം: സെൻസസ് ഡയറക്ടറേറ്റ് 2011

1901 മുതൽ ഉള്ള ജനസംഖ്യ പരിശോധിച്ചാൽ 1991 വരെ സ്ഥിരമായ വർദ്ധനവിന്റെ ചിത്രം നമുക്ക് ലഭിക്കുന്നതാണ്. 1901 മുതൽ 1931 വരെയുള്ള നാല് ജനസംഖ്യ കണക്കെടുപ്പുകളിലും ജില്ലയുടെ ജനസംഖ്യ ഒരു ലക്ഷത്തിന് താഴെയായിരുന്നു. 1941ലെ ജനസംഖ്യ കണക്കെടുപ്പിലാണ് ആദ്യമായി ജില്ലയുടെ ജനസംഖ്യ ലക്ഷം കവിയുന്നത്. അന്ന് വയനാടിൻറെ ജനസംഖ്യ 106350 ആയിരുന്നു. 1951, 1961, 1971, 1981,1991 എന്നീ സെൻസസുകളിൽ ജില്ലയിലെ ജനസംഖ്യയിൽ ഒരു വൻ കുതിച്ചുചാട്ടം തന്നെ ദൃശ്യമായി. ആ കാലഘട്ടത്തിലാണ് വയനാട് ജില്ലയിൽ വ്യാപകമായ കുടിയേറ്റങ്ങൾ

നടന്നിട്ടുള്ളത് . 1951 ൽ 59.17% ജനസംഖ്യ വർദ്ധനവും 1961 ൽ 62.60% വർദ്ധനവും 1971 ൽ 50.35% വർദ്ധനവും രേഖപ്പെടുത്തി.

1.7.3 ജനസംഖ്യ വിതരണം – പ്രായം അടിസ്ഥാനത്തിൽ

14 വയസ്സിൽ താഴെയുള്ള കുട്ടികളുടെ ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം 212246 ആണ്. 15 മുതൽ 59 വയസ്സുവരെയുള്ളവരുടെ ജനസംഖ്യ 526414ഉം60 വയസ്സിനു മുകളിലുള്ളവരുടെ ജനസംഖ്യ 78760 ഉം ആണ്. അതായത് 14 വയസ്സിന് താഴെയുള്ളവരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ 25.96% ഉം 15 മുതൽ 59 വയസ്സുവരെയുള്ളവരുടെ ജനസംഖ്യ 64.35% ഉം 60 വയസ്സിനു മുകളിലുള്ളവരുടെ ജനസംഖ്യ 9.63% ഉം ആണ്.

ചിത്രം 1.5
വയനാട് ജില്ലജനസംഖ്യ സ്തൂപിക 2011 സെൻസസ്



അവലംബം: സെൻസസ് ഡയറക്ടറേറ്റ് –2011

പട്ടിക 1.7
പ്രായം അടിസ്ഥാനത്തിലുള്ളജനസംഖ്യ

വയസ്സ്	ആകെ			റൂറൽ			അർബൻ		
	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ
04	65082	33062	32020	62548	31746	30802	2534	1316	1218
59	69746	35656	34090	67062	34327	32735	2684	1329	1355
1014	77418	39481	37937	74468	38044	36424	2950	1437	1513
1519	63919	32424	31495	61480	31186	30294	2439	1238	1201

2024	66417	31936	34481	63802	30722	33080	2615	1214	1401
2529	70224	33366	36858	67639	32134	35505	2585	1232	1353
3034	65644	31334	34310	63056	30153	32903	2588	1181	1407
3539	67856	32250	35606	65154	31007	34147	2702	1243	1459
4044	57693	28496	29197	55323	27310	28013	2370	1186	1184
4549	55397	27117	28280	53099	25982	27117	2298	1135	1163
5054	42987	21742	21245	41320	20890	20430	1667	852	815
5559	36277	18451	17826	34796	17676	17120	1481	775	706
6064	28307	14181	14126	27267	13633	13634	1040	548	492
6569	19045	8801	10244	18346	8470	9876	699	331	368
7074	12686	5737	6949	12283	5566	6717	403	171	232
7579	8542	3524	5018	8293	3425	4868	249	99	150
8084	5176	2118	3058	5035	2062	2973	141	56	85
8589	2835	1066	1769	2749	1030	1719	86	36	50
9094	1018	381	637	1003	378	625	15	3	12
9599	322	132	190	316	130	186	6	2	4
100+	131	44	87	127	43	84	4	1	3
പ്രായം പറയാത്തവർ	698	385	313	674	369	305	24	16	8
ആകെ	**817420**	**401684**	**415736**	**785840**	**386283**	**399557**	**31580**	**15401**	**16179**

അവലംബം: സെൻസസ് ഡയറക്ടറേറ്റ് –2011

60 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചു വരികയും 14 വയസ്സിന് താഴെയുള്ളവരുടെ എണ്ണം കുറഞ്ഞു വരുന്നതായും കാണുന്നു. ഇത് സൂചിപ്പിക്കുന്നത് ജനങ്ങളുടെ ആയുർദൈർഘ്യം കൂടി വരുന്നെന്നും വൃദ്ധജനങ്ങളുടെ പരിപാലനത്തിന് ഉചിതമായ സംവിധാനങ്ങൾ നമ്മുടെ ജില്ലയിലും ആരംഭിക്കേണ്ടത് അത്യാവശ്യമാണെന്നും ഇക്കാര്യത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സജീവ ശ്രദ്ധ ആവശ്യമാണെന്നുമാണ്.

1.7.നഗര ഗ്രാമീണ മേഖലയിലെ ജനസംഖ്യ വിതരണം

നിലവിൽ വയനാട് ജില്ലയിൽ മാനന്തവാടി, സുൽത്താൻ ബത്തേരി, കല്പറ്റ എന്നീ മൂന്ന് മുനിസിപ്പാലിറ്റികളും 23 ഗ്രാമ പഞ്ചായത്തുകളുമാണുള്ളത്. 2011 ലെ സെൻസസ് പ്രകാരം അന്ന് കല്പറ്റമാത്രമാണ് നഗര സഭാ പ്രദേശം.

ചിത്രം 1.7
നഗര ഗ്രാമീണ മേഖലയിലെ ജനസംഖ്യ വിതരണം –2015



അവലംബം: സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

വയനാട് ജില്ലയിൽ 31580 ആണ് നഗര ജനസംഖ്യ. 2001 ലെ സെൻസസിൽ ഇത് 29612 ആയിരുന്നു. ജനസംഖ്യയിൽ 1968 ന്റെവർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2015 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പോടു കൂടി മാനന്തവാടി, സുൽത്താൻ ബത്തേരി എന്നീ രണ്ട് മുനിസിപ്പാലിറ്റികൾ രൂപീകരിക്കുകയും അതുവഴി നഗരജനസംഖ്യ 124971 ആയി വർദ്ധിക്കുകയും ഗ്രാമീണ ജനസംഖ്യ 692449 ആയി കുറയുകയും ചെയ്തു. ഇപ്പോൾ നഗര ജനസംഖ്യ 15.29% ഉം ഗ്രാമീണ ജനസംഖ്യ 84.71% ഉം ആണ്.

1.7.4. ജനസാന്ദ്രത

ഒരു ചതുരശ്ര കിലോമീറ്ററിൽ താമസിക്കുന്ന ജനങ്ങളുടെ എണ്ണമാണ്ജനസാന്ദ്രത. വയനാട് ജില്ലയുടെ ജനസാന്ദ്രത 1901 മുതൽ ക്രമാനുഗതമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 1901 ൽ 35 ആയിരുന്നത് 1911 ൽ 39 ഉം 1951ൽ 79 ഉം ആയി വർദ്ധിച്ചു. ഇത് വളരെ ചെറിയ ഒരു വർദ്ധനവ് തന്നെയാണ്. എന്നാൽ ഇത് 1961 ൽ 129 ആയും തുടർന്ന് 2011ലെ ജനസംഖ്യ കണക്കെടുപ്പോടെ 384 ഉം ആയി വർദ്ധനവ് രേഖപ്പെടുത്തി.

മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കുറവ് ജനസാന്ദ്രതയുള്ള ജില്ലയാണ് വയനാട്. ജനസംഖ്യയെ ജില്ലയുടെ ആകെ വിസ്തൃതി കൊണ്ട് ഹരിച്ച് കിട്ടുന്ന ഈ സൂചിക, 30% നിക്ഷിപ്ത വനവും വിശാലമായ തോട്ടങ്ങളും ഉള്ള വയനാട് ജില്ലയ്ക്ക് എത്രത്തോളം യാഥാർത്ഥ വസ്തുതകളുമായി ചേർന്നുപോകുന്നു എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. വനമേഖലയും തോട്ടമേഖലയും ഒഴിവാക്കിയുള്ള ഭൂവിസ്തൃതി കണക്കിലെടുത്തുകൊണ്ട് കണക്കാക്കി നോക്കിയാൽ വയനാട് ജില്ലയുടെ ജനസാന്ദ്രത മറ്റ് ജില്ലകളെ അപേക്ഷിച്ച് വളരെ പിന്നിലല്ല എന്ന് കാണാം.

പട്ടിക 1.8
വയനാട് ജില്ലയിലെ ജനവാസകേന്ദ്രങ്ങളിലെ ജനസാന്ദ്രത

ക്രമ നം	തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	ജനസംഖ്യ	വിസ്തൃതി ച.കി.മീ	റിസർവോയറുകളും വനവും തോട്ടങ്ങളും ഒഴിവാക്കിയുള്ള ഭൂവിസ്തൃതി	ജനസാന്ദ്രത	
					സെൻസസ് പ്രകാരം	റിസർവോയറുകളും വനവും തോട്ടങ്ങളും ഒഴിവാക്കിയുള്ളത്
1	കോട്ടത്തറ	16670	32.34	30.37	517	549
2	വെങ്ങപ്പള്ളി	11756	21.48	21.37	550	550

3	വൈത്തിരി	18305	47.65	22.32	385	820
4	മുട്ടിൽ	35281	46.78	41.09	756	859
5	പൊഴുതന	18406	70.60	27.59	261	667
6	തരിയോട്	11725	74.10	38.12	159	308
7	പടിഞ്ഞാറത്തറ	25965	55.09	37.17	472	699
8	മേപ്പാടി	37785	129.64	39.42	292	959
9	മൂപ്പൈനാട്	24590	62.51	30.80	394	798
10	പനമരം	45627	81.03	75.13	563	607
11	പൂതാടി	39649	82.79	60.72	479	653
12	മുള്ളൻകൊല്ലി	28400	71.98	50.76	395	559
13	പുൽപള്ളി	33951	78.23	50.78	434	669
14	കണിയാമ്പറ്റ	33956	38.23	38.22	889	889
15	വെള്ളമുണ്ട	40627	64.16	58.03	634	700
16	തിരുനെല്ലി	29696	200.76	36.09	148	823
17	തൊണ്ടർനാട്	23142	130.72	47.03	177	492
18	എടവക	33665	47.78	47.76	705	705
19	തവിഞ്ഞാൽ	39813	142.10	69.03	280	577
20	മീനങ്ങാടി	33450	54.14	49.91	618	670
21	നെൻമേനി	46950	69.44	63.37	676	741
22	അമ്പലവയൽ	35207	60.70	58.58	580	601
23	നൂൽപ്പുഴ	27833	248.02	37.42	112	744
24	കൽപറ്റ മുൻസിപാലിറ്റി	31580	40.85	31.74	773	995
25	സു. ബത്തേരി മുൻസിപാലിറ്റി	45417	99.21	43.86	458	1036
26	മാനന്തവാടി മുൻസിപാലിറ്റി	47974	80.30	52.21	598	919

അവലംബം: സെൻസസ് ഡയറക്ടറേറ്റ് -2011, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്-2017

1.7.5. വിവിധ ജനവിഭാഗങ്ങൾ

വയനാട് ജില്ലയിലെ ആകെ ജനസംഖ്യയിൽ49.48% ഹിന്ദുക്കളും 28.65% മുസ്ലീങ്ങളും 21.34% ക്രിസ്ത്യാനികളും 0.53% മറ്റ് മതവിഭാഗങ്ങളും ആണ്. പട്ടിക ജാതി വിഭാഗങ്ങൾ ആകെ ജനസംഖ്യയുടെ 3.99% ഉം പട്ടിക വർഗ്ഗ വിഭാഗങ്ങൾ 18.53% ഉം ആണ്. ഇത് 2001 ൽ യഥാക്രമം 4.27% ഉം 17.43% ഉം ആയിരുന്നു. പട്ടികജാതി വിഭാഗങ്ങളുടെ ജനസംഖ്യ 2001 ൽ നിന്നും 2011ലെ ജനസംഖ്യ കണക്കെടുപ്പിലേക്ക് എത്തിയപ്പോൾ 786 പേർ കുറഞ്ഞതായി കാണുന്നു. ശതമാന കണക്കിൽ 0.28% കുറവ്. പട്ടികജാതി വിഭാഗങ്ങളുടെ ജനസംഖ്യ കേരളത്തിൽ തന്നെ ഏറ്റവും കുറവുള്ള ജില്ലയാണ് വയനാട്.

പട്ടിക 1.9
വിവിധ ജനവിഭാഗങ്ങൾ

സെൻസസ് വർഷം	ഹിന്ദു	മുസ്ലീം	ക്രിസ്ത്യൻ	മറ്റുള്ളവർ	മതം രേഖപ്പെടുത്താത്തവർ
1991	338774	173868	157212	1772	502
2001	392118	209786	175490	1962	1263
2011	404460	234185	174453	2456	1866

അവലംബം: സെൻസസ് ഡയറക്ടറേറ്റ്, 2011

1.7.6. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ (1971–2011)

പഞ്ചായത്തുകളിലെ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ കണക്ക് പരിശോധിച്ചാൽ മേപ്പാടി പഞ്ചായത്തിലാണ് ഏറ്റവും അധികം പട്ടിക ജാതി വിഭാഗത്തിലെ ജനങ്ങൾ താമസിക്കുന്നത് (3502). 2808 പേരുള്ള വൈത്തിരി പഞ്ചായത്ത് രണ്ടാം സ്ഥാനത്തും 2200 പേരുള്ള കൽപ്പറ്റ മുനിസിപ്പാലിറ്റി മൂന്നാം സ്ഥാനത്തുമാണ്. 224 പേർ മാത്രമുള്ള തരിയോട് പഞ്ചായത്താണ് എറ്റവും കുറവ് പട്ടിക ജാതി വിഭാഗങ്ങൾ ഉള്ള പഞ്ചായത്ത്.

പട്ടിക 1.10

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ (1971–2011)

സെൻസസ് വർഷം	പട്ടിക ജാതിജനസംഖ്യ			പട്ടികവർഗ്ഗജനസംഖ്യ		
	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
1971	9036	4895	4141	73479	36932	36547
1981	21130	10935	10195	95557	47547	48010
1991	27835	14192	13643	114969	57386	57583
2001	33364	16738	16626	136062	67394	68668
2011	32578	16406	16172	151443	74476	76967

അവലംബം: സെൻസസ് ഡയറക്ടറേറ്റ് –2011

പട്ടിക വർഗ്ഗ വിഭാഗങ്ങൾഏറ്റവും കൂടുതലുള്ള പഞ്ചായത്ത് തിരുനെല്ലി ആണ് (13179). തൊട്ടടുത്ത് നൂൽപ്പുഴ പഞ്ചായത്തും (11233) മൂന്നാം സ്ഥാനത്ത് പനമരം പഞ്ചായത്തുമാണ് (10815). എറ്റവും കുറവ് പട്ടിക വർഗ്ഗ വിഭാഗങ്ങൾ ഉള്ള പഞ്ചായത്ത് വൈത്തിരിയാണ്. ഈ പഞ്ചായത്തിലെ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ 1289 ആണ്.

പട്ടിക 1.11

പട്ടിക ജാതി പട്ടിക വർഗ്ഗ ജനസംഖ്യ 2011 തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	പട്ടിക ജാതിജനസംഖ്യ(2011)			പട്ടികവർഗ്ഗജനസംഖ്യ (2011)		
	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
കോട്ടത്തറ	531	259	272	4,808	2,337	2,471
വെങ്ങപ്പള്ളി	266	125	141	2,977	1,473	1,504
വൈത്തിരി	2808	1420	1388	1,289	627	662
മുട്ടിൽ	1030	521	509	5,279	2,617	2,662
പൊഴുതന	1222	620	602	3,622	1,824	1,798
തരിയോട്	224	115	109	2,695	1,327	1,368
പടിഞ്ഞാറത്തറ	1830	901	929	3,131	1,517	1,614
മേപ്പാടി	3502	1786	1716	3,577	1,792	1,785
മൂപ്പൈനാട്	1832	906	926	1,899	899	1,000
പനമരം	1026	506	520	10,815	5,286	5,529

പൂതാടി	930	486	444	7,813	3,892	3,921
മുള്ളൻകൊല്ലി	1578	775	803	3,108	1,600	1,508
പുൽപ്പള്ളി	1022	533	489	7,027	3,383	3,644
കണിയാമ്പറ്റ	772	379	393	6,563	3,276	3,287
വെള്ളമുണ്ട	811	412	399	6,605	3,228	3,377
തിരുനെല്ലി	480	243	237	13,179	6,435	6,744
തൊണ്ടർനാട്	466	238	228	5,147	2,638	2,509
എടവക	450	252	198	5,412	2,808	2,604
തവിഞ്ഞാൽ	1557	784	773	7,676	3,877	3,799
മീനങ്ങാടി	908	477	431	7,775	3,843	3,932
നെൻമേനി	1866	910	956	7,871	3,786	4,085
അമ്പലവയൽ	955	495	460	5,867	2,813	3,054
നൂൽപ്പുഴ	862	419	443	11,233	5,507	5,726
കൽപ്പറ്റ (M)	2200	1125	1075	3,228	1,465	1,763
സുബത്തേരി (M)	1761	867	894	5,346	2,610	2,736
മാനന്തവാടി (M)	1689	852	837	7,501	3,616	3,885
ആകെ	32578	16406	16172	1,51,443	74,476	76,967

അവലംബം: സെൻസസ് ഡയറക്ടറേറ്റ് –2011

2011 ജനസംഖ്യ കണക്കെടുപ്പ് പ്രകാരം കേരളത്തിൽ ആകെയുള്ള പട്ടിക ജാതി വിഭാഗങ്ങളിൽ 1.07% മാത്രമാണ് വയനാട് ജില്ലയിലുള്ളത്. ജില്ലയിലെ പ്രധാനപ്പെട്ട പട്ടിക ജാതി വിഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

1. പുലയൻ/ചെരമാർ/പുലയ/പുലയർ/ചെരമ/ചെരമാൻ/വയനാടൻ പുലയൻ/വയനാട് പുലയൻ/മാത/മാതപുലയൻ
2. ചെരുമാൻ
3. മണ്ണൻ/പതിയൻ/പെരുമണ്ണൻ/വണ്ണൻ/വേലൻ
4. കണക്കൻ/പടന്ന/പടന്നൻ
5. ബകുട

2011ലെ ജനസംഖ്യ കണക്കെടുപ്പ് പ്രകാരം പുലയൻ/ചെരമാർ/പുലയ/പുലയർ/ ചെരമ/ ചെരമാൻ/വയനാടൻ പുലയൻ/വയനാട് പുലയൻ/മാത/മാതപുലയൻ വിഭാഗത്തിൽ 7255 പേർ ഉണ്ട്. ഇതിൽ 3643 പുരുഷൻമാരും 3612 സ്ത്രീകളുമാണ്. ചെരുമാൻ 5250, മണ്ണൻ/ പതിയൻ/ പെരുമണ്ണൻ/വണ്ണൻ/വേലൻവിഭാഗം 4285ഉം കണക്കൻ/പടന്ന/ പടന്നൻ വിഭാഗം 2947 ഉം ബകുട വിഭാഗം 2332 ആണ്. പട്ടിക ജാതി വിഭാഗങ്ങളുടെ സ്ത്രീ– പുരുഷ അനുപാതം 986ആണ്. ഇത് ജനറൽ സ്ത്രീ– പുരുഷ അനുപാതമായ 1035 നെക്കാൾ വളരെ കുറവാണ്.

വയനാട് ജില്ലയിലെ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ സംസ്ഥാനത്തെ ആകെ പട്ടിക വർഗ്ഗ ജനസംഖ്യയുടെ 31.24% ആണ്. ഇത് 2001 ലെ സെൻസസ് പ്രകാരം 37.36 % ആയിരുന്നു. പ്രധാനപ്പെട്ട പട്ടിക വിഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

1. പണിയൻ
2. കുറിച്ചാച്ചൻ/കുറിച്ച്യൻ
3. കുറുമൻ/മുള്ളു കുറുമൻ/മുള്ള കുറുമൻ/മാല കുറുമൻ
4. കാട്ടു നായ്ക്കൻ
5. അടിയൻ

ഇതിൽ 2011ലെ ജനസംഖ്യ കണക്കെടുപ്പ് പ്രകാരം ജില്ലയിൽ 66068 പണിയ വിഭാഗവും 25093 കുറിച്ച്യരും കുറുമൻ/മുള്ളു കുറുമൻ/മുള്ള കുറുമൻ/മാല കുറുമൻ വിഭാഗം 23591 പേരും കാട്ടു നായ്ക്കർ 10996 പേരുമാണുള്ളത്. പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സ്ത്രീ- പുരുഷ അനുപാതം 1033 ആണ്. ജീല്ലയുടെ സ്ത്രീ-പുരുഷ അനുപാതത്തിന് വളരെ അടുത്ത നിൽക്കുന്നതാണ്.

1.8. സാക്ഷരത

നിലവിൽ വയനാട് ജീല്ലയുടെ സാക്ഷരത നിരക്ക് 89.03 ശതമാനമാണ്. പുരുഷൻമാരുടെ സാക്ഷരത നിരക്ക് 92.51% ഉം സ്ത്രീകളുടെ സാക്ഷരത നിരക്ക് 85.70% ഉം ആണ്. 2001 ലെ സെൻസസ് പ്രകാരം ജില്ലയുടെ സാക്ഷരത നിരക്ക് 85.3% ആണ്. പുരുഷൻമാരുടെ സാക്ഷരത നിരക്ക് 89.77% ഉം സ്ത്രീകളുടെ സാക്ഷരത നിരക്ക് 80.72% ഉം ആണ്.സംസ്ഥാനത്തിന്റെ സാക്ഷരത നിരക്ക് 94% ആണ്.

ചിത്രം 1.9
സാക്ഷരത നിരക്ക്



അവലംബം: സെൻസസ് ഡയറക്ടറേറ്റ് –2011

സംസ്ഥാനത്ത് പട്ടിക ജാതി വിഭാഗങ്ങളുടെ സാക്ഷരത 88.73% ഉം പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സാക്ഷരത 75.81% ഉം ആണ്. ഇത് സംസ്ഥാന സാക്ഷരത നിരക്കായ 94% ത്തേക്കാൾ വളരെ കുറവാണ്. 2011ലെ സെൻസസ് കണക്കുകൾ പ്രകാരം ജില്ലയിലെ ഗ്രാമീണ സാക്ഷരത നിരക്ക് 88.9% ഉം നഗര സാക്ഷരത നിരക്ക് 87.2% ഉം ആണ്. 2001 ലെ കനേഷുമാരി കണക്ക് പ്രകാരം ജില്ലയുടെ സാക്ഷരത നിരക്ക് 85.25% ആയിരുന്നു. 2001 മുതൽ 2011 വരെയുള്ള 10 വർഷംകൊണ്ട് ജില്ലയുടെ സാക്ഷരത നിരക്കിൽ 4.7% വർദ്ധനവ് ഉണ്ടായി. 2001 ലെ ഗ്രാമീണ സാക്ഷരത നിരക്ക് 85.17% ഉം നഗര സാക്ഷരത നിരക്ക് 87.15% ഉം ആണ്.

2011 ലെ കണക്ക് പ്രകാരം സ്ത്രീകളുടേയും പുരുഷൻമാരുടേയും സാക്ഷരത നിരക്ക് ജില്ലയിൽ80%നു മുകളിലാണെങ്കിലും പുരുഷൻമാരുടെ സാക്ഷരത നിരക്ക് 92.51% ഉം സ്ത്രീകളുടെ സാക്ഷരത നിരക്ക് 85.70% ഉംആണ്. സ്ത്രീ-പുരുഷ സാക്ഷരതാ നിരക്കുകളിൽ വലിയ ഒരു വ്യത്യാസം (6.81%), നിലനിൽക്കുന്നു. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സ്ത്രീ സാക്ഷരത നിരക്ക് ഉയർത്താൻ

നടത്തിയ ശ്രമങ്ങൾ പൂർണ്ണമായി ഫലപ്രാപ്തിയിലെത്തിയിട്ടില്ലെന്ന് വ്യക്തമാണ്. ജില്ലയിലെ സ്ത്രീ സാക്ഷരത നിരക്ക് ഉയർത്തുന്നതിനാവശ്യമായ കാര്യക്ഷമമായ നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നുണ്ടായാൽ മാത്രമേ അടുത്ത കനേഷുമാരി കണക്കെടുപ്പിലെങ്കിലും ഇക്കാര്യത്തിൽ കാര്യമായ വർദ്ധനവ് പ്രതീക്ഷിക്കേണ്ടതുള്ളൂ.

1.9. തൊഴിൽ പങ്കാളിത്തം

ഗോത്രവർഗ്ഗ കാലത്ത് നിരന്തരമായി പ്രയാണം ചെയ്തു കൊണ്ടിരുന്ന ജനതയിൽ ഒരു വിഭാഗം കൃഷിയിലൂടെഉപജീവനം കണ്ടെത്തിയപ്പോൾ മറ്റൊരു വിഭാഗം അവരുടെ പ്രയാണം തുടർന്നു കൊണ്ടിരുന്നു. കൃഷിയിലേക്ക് തിരിഞ്ഞ വിഭാഗങ്ങൾക്കായി മറ്റുള്ളവർ അടിമകളെപോലെ പണിയെടുക്കേണ്ടി വന്നു. പ്രമാണിമാരും വൻഭൂവുടമകളും സൃഷ്ടിക്കപ്പെട്ടപ്പോൾ അടിമപ്പണികൾക്ക് വ്യവസ്ഥകൾആവശ്യമായി വന്നു. അതിന്റെഫലമായി അടിമകളുടെ ലേലം വയനാട്ടിൽ നടന്നിരുന്നു. കാവുകളിലെ ഉൽസവ സമയങ്ങളിൽ ഇത്തരം അടിമ ലേലങ്ങൾ നിർലോഭം നടന്നതായി രേഖകളുണ്ട്. നാടുവാഴികളുടെ കാലത്തും പിൽക്കാലത്ത് ബ്രിട്ടീഷ് ഭരണകൂടം സൃഷ്ടിച്ച റജിസ്ട്രേഷൻ കച്ചേരിവഴിയും ഇത്തരം ലേല ഉടമ്പടികൾ സർക്കാർ രേഖകളായി റജിസ്റ്റർ ചെയ്തിരുന്നു.

ബ്രിട്ടീഷുകാർ നട്ടുപിടിപ്പിച്ച തേയിലയുടെയും കാപ്പിയുടെയും വൻതോട്ടങ്ങളിൽ ഇത്തരത്തിലുള്ള അടിമകളെക്കൊണ്ട് ജോലി ചെയ്യിപ്പിച്ചതായി കാണുന്നു.ഒരു തൊഴിൽ നിയമകരാറും അന്നു നിലവിലുണ്ടായിരുന്നില്ല. 19ം നൂറ്റാണ്ടിന്റെ അവസാന കാലത്ത് മലബാർ ഗവൺമെൻറ് കൊണ്ടുവന്ന തൊഴിൽ നിയമങ്ങളും 20ം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ചില സ്ഥലങ്ങളിലുണ്ടായ തൊഴിൽ സമരങ്ങളും ഇക്കാര്യത്തിൽ ഗണ്യമായ മാറ്റം വരുത്തി.

എന്നാൽ കാർഷിക ഭൂമിയുടെ ലഭ്യത കുറഞ്ഞതും വാസസ്ഥലത്തിന്റെ വിപുലീകരണവും തൊഴിൽമേഖലയിൽ മാറ്റം സൃഷ്ടിച്ചു. തൊഴിലിൽ നൈപുണ്യം ഉള്ളവരെ മറ്റ സ്ഥലങ്ങളിൽ നിന്നും ഈ ജില്ലയിൽ എത്തിക്കാൻ തുടങ്ങി. വിദ്യാഭ്യാസം കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിക്കുകയും കൂടുതൽ പേർക്ക് വിദ്യാഭ്യാസം ലഭ്യമാകുകയും ചെയ്തതോടെ മറ്റ് തൊഴിൽ മേഖലകൾ അന്വേഷിച്ചുള്ള ചെറുപ്പക്കാരുടെ പുറത്തേക്കുള്ള പ്രയാണം വയനാട്ടിലും നടന്നു. ക്രമേണ നിർമ്മാണ മേഖലയിലേക്ക് ഇതര സംസ്ഥാന തൊഴിലാളികളുടെ കടന്നു കയറ്റം ഉണ്ടായി തുടങ്ങി. ഇന്ന് സമസ്ത മേഖലകളിലും ഈ കുടിയേറ്റ തൊഴിൽ സംസ്കാരം വളർന്നു വന്നിട്ടുണ്ട്.

പട്ടിക 1.12

വയനാട് ജില്ലയിലെതൊഴിലാളികൾ

ക്രമ നം	തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	ആകെ തൊഴിലാളികൾ		
		ആകെ	പുരുഷൻ	സ്ത്രീ
1	കോട്ടത്തറ ഗ്രാമപഞ്ചായത്ത്	7304	4852	2452
2	വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്	4834	3277	1557
3	വൈത്തിരി ഗ്രാമപഞ്ചായത്ത്	6565	4532	2033
4	മുട്ടിൽ ഗ്രാമപഞ്ചായത്ത്	12774	9250	3524
5	പൊഴുതന ഗ്രാമപഞ്ചായത്ത്	7665	4843	2822
6	തരിയോട് ഗ്രാമപഞ്ചായത്ത്	5082	3363	1719
7	പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്	10179	6952	3227
8	മേപ്പാടി ഗ്രാമപഞ്ചായത്ത്	14882	9918	4964
9	മൂപ്പൈനാട് ഗ്രാമപഞ്ചായത്ത്	9966	6617	3349
10	പനമരം ഗ്രാമപഞ്ചായത്ത്	18731	12898	5833
11	പൂതാടി ഗ്രാമപഞ്ചായത്ത്	19115	12061	7054
12	മുളളൻകൊല്ലി ഗ്രാമപഞ്ചായത്ത്	12557	8417	4140
13	പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്	15271	10098	5173
14	കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്	13706	9460	4246

15	വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്	14853	10571	4282
16	തിരുനെല്ലി ഗ്രാമപഞ്ചായത്ത്	13252	8303	4949
17	തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്	9354	6279	3075
18	എടവക ഗ്രാമപഞ്ചായത്ത്	13052	9044	4008
19	തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്	16885	11367	5518
20	മീനങ്ങാടി ഗ്രാമപഞ്ചായത്ത്	15286	10112	5174
21	നെൻമേനി ഗ്രാമപഞ്ചായത്ത്	19547	13477	6070
22	അമ്പലവയൽ ഗ്രാമപഞ്ചായത്ത്	15712	10174	5538
23	നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്	12697	8034	4663
24	കൽപ്പറ്റ മുൻസിപ്പാലിറ്റി	12043	8528	3515
25	സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി	18810	12823	5987
26	മാനന്തവാടി മുൻസിപ്പാലിറ്റി	19955	13389	6566
	വയനാട് ജില്ല	**340077**	**228639**	**111438**

അവലംബം: സെൻസസ് ഡയറക്ടറേറ്റ്, 2011

2011 ലെ കനേഷുമാരി കണക്കെടുപ്പ് പ്രകാരം വയനാട് ജില്ലയുടെ ആകെയുള്ള ജനസംഖ്യയുടെ 41.6% ജോലി ചെയ്യുന്നവരാണ്. ഇതിൽ 32.23% മെയിൻ വർക്കേഴ്സും 9.37% മാർജിനൽ വർക്കേഴ്സുമാണ്. എന്നാൽ 2001ലെ കാനേഷുമാരി കണക്കെടുപ്പ് പ്രകാരം ജില്ലയിലെ ആകെ ജനസംഖ്യയുടെ 39.53% ആണ് തൊഴിൽ ചെയ്യുന്നവരായി ഉണ്ടായിരുന്നത്. മെയിൻ വർക്കേഴ്സ് 2001ൽ 28.16%ഉം മാർജിനൽ വർക്കേഴ്സ് 11.37%ഉം ആയിരുന്നു. 2001ൽ നിന്നും 2011ലെ കാനേഷുമാരി കണക്കെടുപ്പിൽ എത്തി നിൽക്കുമ്പോൾ മെയിൻ വർക്കേഴ്സ്4% വർദ്ധിച്ചപ്പോൾ മാർജ്ജിനൽ വർക്കേഴ്സ്2% കുറയുകയാണുണ്ടായത്. 2001ലെ ഗ്രാമീണ മേഖലയിലെ ആകെ തൊഴിൽ പ്രതിനിധ്യം 39.48% ആയിരുന്നത് 2011ൽ 41.74% ആയി വർദ്ധിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ മെയിൻ വർക്കേഴ്സിന്റെ പ്രാതിനിധ്യം 2001ൽ 28.16%ഉം മാർജിനൽ വർക്കേഴ്സിന്റെ പ്രാതിനിധ്യം 11.38%ഉം ആയിരുന്നു. എന്നാൽ ഇത് 2011ൽ യഥാക്രമം 32.23%ഉം9.51%ഉം ആയി. ജോലി ചെയ്യാത്തവർ 2001ൽ 60.46 ശതമാനവും 2011ൽ 58.26 ശതമാനവും ആണ്.

പട്ടിക 1.13

വയനാട് ജില്ലയിലെപ്രധാന-നാമ മാത്ര തൊഴിലാളികൾ

ക്രമ നം	തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	പ്രധാന തൊഴിലാളികൾ			നാമ മാത്ര തൊഴിലാളികൾ		
		ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷ	സ്ത്രീ
1	കോട്ടത്തറ	5143	3753	1390	2161	1099	1062
2	വേങ്ങപ്പള്ളി	3898	2829	1069	936	448	488
3	വൈത്തിരി	5144	3777	1367	1421	755	666
4	മുട്ടിൽ	10535	8045	2490	2239	1205	1034
5	പൊഴുതന	6140	4048	2092	1525	795	730
6	തരിയോട്	3826	2810	1016	1256	553	703
7	പടിഞ്ഞാറത്തറ	7341	5693	1648	2838	1259	1579
8	മേപ്പാടി	11858	8508	3350	3024	1410	1614
9	മൂപ്പൈനാട്	7496	5363	2133	2470	1254	1216
10	പനമരം	14414	10760	3654	4317	2138	2179

11	പൂതാടി	13490	9224	4266	5625	2837	2788
12	മുള്ളൻകൊല്ലി	9745	7041	2704	2812	1376	1436
13	പുൽപ്പള്ളി	12029	8454	3575	3242	1644	1598
14	കണിയാമ്പറ്റ	11093	8313	2780	2613	1147	1466
15	വെള്ളമുണ്ട	10696	8590	2106	4157	1981	2176
16	തിരുനെല്ലി	9387	6328	3059	3865	1975	1890
17	തൊണ്ടർനാട്	6839	4972	1867	2515	1307	1208
18	എടവക	9783	7474	2309	3269	1570	1699
19	തവിഞ്ഞാൽ	13334	9637	3697	3551	1730	1821
20	മീനങ്ങാടി	12556	8948	3608	2730	1164	1566
21	നെൻമേനി	14926	11062	3864	4621	2415	2206
22	അമ്പലവയൽ	12590	8856	3734	3122	1318	1804
23	നൂൽപ്പുഴ	9186	6450	2736	3511	1584	1927
24	കൽപ്പറ്റ മുൻസിപ്പാലിറ്റി	10145	7450	2695	1898	1078	820
25	സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി	15340	11216	4124	3470	1607	1863
26	മാനന്തവാടി മുൻസിപ്പാലിറ്റി	16511	11810	4701	3444	1579	1865
	വയനാട് ജില്ല	**263445**	**191411**	**72034**	**76632**	**37228**	**39404**

അവലംബം: സെൻസസ് ഡയറക്ടറേറ്റ് –2011

ചിത്രം 1.10
വയനാട് ജില്ലയിലെതൊഴിൽ പങ്കാളിത്തം



അവലംബം: സെൻസസ് ഡയറക്ടറേറ്റ് –2011

2001 ലെ നഗരജനസംഖ്യയുടെ 40.79% ആളുകൾ ഏതെങ്കിലും തരത്തിലുള്ള തൊഴിലുകളിൽ എർപ്പെടുന്നവരാണ്. ഇത് 2011ൽ എത്തുമ്പോൾ38.13 ശതമാനമായി കുറഞ്ഞു. മെയിൻ വർക്കേഴ്സ് 2001ലെ ആകെ ജനസംഖ്യയുടെ 32.06 ശതമാനവും മാർജിനൽ വർക്കേഴ്സ് 8.73 ശതമാനവും ആയിരുന്നു. ഇത് 2011ലെ കണക്കെടുപ്പിൽ എത്തിയപ്പോൾ യഥാക്രമം 32.12 ശതമാനവും 6.01 ശതമാനവും ആയി മാറി. മെയിൻ വർക്കേഴ്സിന്റെ കാര്യത്തിൽ ചെറിയ വർദ്ധനവ് ഉണ്ടെങ്കിലും മാർജ്ജിനൽ വർക്കേഴ്സിന്റെ കാര്യത്തിൽ 2.72 ശതമാനത്തിന്റെ വലിയ കുറവ് രേഖപ്പെടുത്തി. 2001ലെ ജനസംഖ്യാ കണക്കെടുപ്പ് പ്രകാരം ആകെ ജനസംഖ്യയുടെ 59.21% തൊഴിൽ രഹിതരോ

തൊഴിൽചെയ്യാൻ കഴിയാത്തവരോ വിദ്യാർത്ഥികളോ ആണ്. ഇത് 2011ൽ 61.87 ശതമാനമായി ഉയർന്നു.

1.10 പ്രതീക്ഷിത ജനസംഖ്യ (Projected Population)

ഏതുതരം വികസനപ്രവർത്തനങ്ങളുടേയും അടിസ്ഥാന ഘടകമാണ് ജനസംഖ്യ. ജനസംഖ്യാപഠനത്തെ ഒഴിച്ചു നിർത്തിക്കൊണ്ട്ഒരു പ്രദേശത്തെ വികസന കാര്യങ്ങൾ ചർച്ച ചെയ്യുക അസാദ്ധ്യമാണ്. പ്രകൃതിയേയും പരിസ്ഥിതിയേയും സംരക്ഷിച്ചു കൊണ്ട് ജനങ്ങൾക്ക്പരമാവധി നന്മ ഉറപ്പ് വരുത്തുകയാണ് എല്ലാത്തരം പദ്ധതി പ്രവർത്തനങ്ങളുടേയും ലക്ഷ്യം.

പ്രതീക്ഷിത ജനസംഖ്യാ കണക്കുകൾ ഭാവിയിലേയ്ക്കുള്ള പദ്ധതി ആസൂത്രണത്തിന് അത്യന്താപേക്ഷിതമാണ്. വരുംകാല ജനസംഖ്യ കൃത്യമായി പ്രവചിക്കാനാകുന്നത് പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമാക്കു-ന്നതിന് സഹായിക്കും. ജനസംഖ്യാ പ്രവചനത്തിന് ശാസ്ത്രീയമായപല രീതികളും പ്രയോഗത്തിലുണ്ട്. വയനാടിന്റെ1981 മുതലുള്ള ദശവർഷ കാനേഷുമാരി കണക്കുകൾവച്ച് ഉലര്യലമശെിഴ ഞമലേ ങലവേീറ ൽ2021 ലെയും 2031 ലേയും പ്രതീക്ഷിത ജനസംഖ്യ കണക്കാക്കാം.

പട്ടിക 1.14

പ്രതീക്ഷിത ജനസംഖ്യ-Decreasing Rate Method

സെൻസസ് വർഷം	ജനസംഖ്യ	വളർച്ചാ നിരക്ക്	വളർച്ചാ നിരക്കിലുള്ള കുറവ്
1981	553348	-	
1991	672128	21.47	
2001	780619	16.14	-24.80
2011	817420	4.71	-70.79
2021	828675	1.38	-70.79
2031	832007	0.40	-70.79

അവലംബം: നഗര ഗ്രാമാസൂത്രണ വകുപ്പ് -2014

മേൽ പട്ടികയനുസരിച്ച് 1981 ലെ ജനസംഖ്യ 553348 ഉം, 1991 ൽ 672128, 2001 ൽ 780619, 2011 ൽ 817420, എന്നിപ്രകാരമായിരുന്നു എന്ന് കാണാം. 1981 മുതൽ ജനസംഖ്യയിലും വളർച്ചാ നിരക്കിലുമുള്ള വ്യത്യാസങ്ങൾക്കനുസരിച്ച് ശാസ്ത്രീയമായി കണക്കാക്കുമ്പോൾ 2021 ലെ പ്രതീക്ഷിത ജനസംഖ്യ 828675ഉം, 2031 ലെ പ്രതീക്ഷിത ജനസംഖ്യ 832007 ഉം ആയിരിക്കും.

2001, 2011 എന്നീ വർഷങ്ങളിലെ ജില്ലാ-സംസ്ഥാന ജനസംഖ്യകൾ തമ്മിലുള്ള അനുപാതം,20112021, 20212031 എന്നീ ദശാബ്ദങ്ങളിലും തുല്യമായിരിക്കുമെന്ന് അനുമാനിച്ച് കൊണ്ട് പ്രതീക്ഷിത ജനസംഖ്യകണക്കാക്കുന്ന രീതിയാണ് അപ്പോർഷൻമെൻറ് രീതി (അുു്യശേീാലിേ ങലവേീറ).ഇപ്രകാരംകണക്കാക്കുമ്പോൾ ലഭിക്കുന്ന പ്രതീക്ഷിത ജനസംഖ്യ സംബന്ധിച്ച പട്ടികയും ഗ്രാഫും ചുവടെ കൊടുക്കുന്നു.

പട്ടിക 1.15

പ്രതീക്ഷിത ജനസംഖ്യ-Apportionment Method

സെൻസസ് വർഷം	ജനസംഖ്യ		ജില്ലാ-സംസ്ഥാന ജനസംഖ്യകൾ തമ്മിലുള്ള അനുപാതം	അനുപാതത്തിലുള്ള വ്യത്യാസം
	കേരളം	വയനാട്		
1981	25453680	553348	0.0217	0.0217
1991	29098518	672128	0.0230	0.0135
2001	31841374	780619	0.0245	0.00141
2011	33406061	817420	0.0244	-0.000046
2021	35198589	859639	0.0244	-0.000046
2031	36141911	880991	0.0244	-0.000046

അവലംബം: നഗര ഗ്രാമാസൂത്രണ വകുപ്പ് -2014

1.11. വികസനമേഖലയിലെ അടിസ്ഥാന സ്ഥിതി വിവരകണക്കുകൾ

1.11.1. കൃഷി

സമൂഹത്തിന്റെ നിലനിൽപ്പിന്റെ അസ്ഥിവാരമാണ് കൃഷി. 20ം നൂറ്റാണ്ടിന്റെതുടക്കത്തിൽ 85%ൽ അധികംആളുകൾ അവരുടെ ജീവസന്ധാരണ മാർഗ്ഗമായി കൃഷിയെയാണ് ആശ്രയിച്ചിരുന്നത്. സ്വാതന്ത്ര്യം നേടിയ കാലത്ത് ദേശീയ വരുമാനത്തിന്റെ 70 ശതമാനവും കാർഷികമേഖലയിൽ നിന്നായിരുന്നു. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കൃഷിയിൽ നിന്നുള്ള ദേശിയ വരുമാനം 30 ശതമാനമായി കുറഞ്ഞു. കേരളത്തിലെ കാർഷിക മേഖലയുടെ ശരാശരി വളർച്ച നിരക്ക് 1960 നും 1990 നും ഇടയ്ക്ക് 1.66 ശതമാനമായിരുന്നു. പ്രാഥമിക മേഖലയായ കൃഷിയെ ശക്തിപ്പെടുത്തികൊണ്ടുമാത്രമേ കേരളം കൈവരിച്ചിട്ടുള്ള അസൂയാവഹമായ നേട്ടങ്ങൾനിലനിർത്തുവാൻ സാധിക്കുകയുള്ളൂ. വയനാട് ജില്ല പൂർണാർത്ഥത്തിൽ തന്നെ കാർഷിക ജില്ലയാണ്. ജില്ലയിലെ പ്രധാനപ്പെട്ട കാർഷിക വിളകൾ കാപ്പി, കുരുമുളക്, തേയില, ഇഞ്ചി നെല്ല്, തെങ്ങ്, റബ്ബർ, വാഴ, കമുക് എന്നിവയാണ്.

പട്ടിക 1.16
പ്രധാന കാർഷിക വിളകളും വിസ്തൃതിയും
ഉൽപ്പാദനക്ഷമതയും 2015-16

ഉൽപ്പന്നം	വിസ്തൃതി (ഹെക്ടറിൽ)	ഉൽപ്പാദനക്ഷമത (കി. ഗ്രാം/ ഹെക്ടർ)	
		വയനാട്	കേരളം
നെല്ല്	7822	4977	2846
കപ്പ	1728	35703	38361
ഏത്തവാഴ	12359	25000	8961
കുരുമുളക്	10565	391	490

ഇഞ്ചി	2156	4338	4421
ഏലം	4120	148	491
കാപ്പി	67426	852	815
തേയില	5306	2284	1917
റബ്ബർ	10800	700	796
അടയ്ക്ക	12079	599	1336
തെങ്ങ്	10327	7130	*7432
		* എണ്ണം/ഹെക്ടർ	

അവലംബം: സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് 2017

കേരളത്തിൽ നെല്ലൽപാദനത്തിൻ മൊത്തത്തിലുണ്ടായ പിന്നോട്ടടി ജില്ലയിലും ദൃശ്യമാണ്. വയലുകൾ വാഴകൃഷിക്ക് വഴിമാറി. 201516 കാർഷിക വർഷത്തിൽ നെൽകൃഷി 9204 ഹെക്ടറിലേക്ക് ചുരുങ്ങി. കേരളത്തിലെ ആകെ കാപ്പി ഉൽപാദനത്തിന്റെ 70 ശതമാനവും വയനാട് ജില്ലയിലാണ്. ബ്രിട്ടീഷ് ഭരണ കാലത്ത് വയനാട്ടിൽ ആരംഭിച്ച പ്രധാന തോട്ട വിളയാണ് കാപ്പി. വയനാട്ടിൽ കുടിയേറ്റ കർഷകരുടെ ശ്രമഫലമായാണ് കാപ്പി കൃഷി സജീവമായത്. ഉണമേന്മയുള്ള റോബസ്റ്റ ഇനത്തിൽപ്പെട്ട കാപ്പികൃഷി ചെയ്യുന്ന പ്രദേശമാണ് വയനാട്. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ തന്നെ സ്വാധീനംചെലുത്താവുന്ന നാണ്യവിളകളാണ് വയനാട് ജില്ലയിൽ കൃഷി ചെയ്യുന്നത്. കാർഷികോൽപന്നങ്ങളുടെ വിലതകർച്ചയും ശാസ്ത്രീയ കൃഷിരീതിയിലെ അഭാവവും, രോഗ ബാധയും കൃഷി ഭൂമിയുടെ ഉണ്ടുവൽകരണവും കാർഷിക മേഖലയെ തകർക്കുന്നു.

ആർ എ ആർ എസ്, അമ്പലവയൽ, എം എസ് സ്വാമിനാഥൻ ഫൌണ്ടേഷൻ, പുത്തൂർവയൽ എന്നിവകാർഷിക മേഖലയിൽ ജില്ലയിലെ പ്രശസ്തമായ സ്ഥാപനങ്ങളാണ്.

1.11.2. ജലസേചനം

തികച്ചും മഴയെ മാത്രം ആശ്രയിച്ചാണ് വയനാട്ടിലെ കൃഷിരീതി ഇപ്പോഴും നടക്കുന്നത്. ഇവിടെ കൃഷി എന്ന ഉപജീവന മാർഗ്ഗം എത്തിച്ച ജൈനർ കുളങ്ങളും ചിറകളും പണിത് അതിൽ നിന്നുള്ള നീരുറവകളെ കൃഷിസ്ഥലത്തേക്ക് തിരിച്ചുവിട്ടായിരിന്നു കൃഷി ചെയ്തിരുന്നത്. ഫലഭ്രയിഷ്ടമായ മണ്ണ് നല്ല വളക്കൂറും നീരുറവയുമുള്ളവയായിരുന്നു. തികച്ചും ചതുപ്പ് നിലമായിരുന്ന വയനാട് ഒരു വലിയ ജലസ്രോതസ്സായിരിന്നു. വയനാടിന്റെ താഴ്ന്ന പ്രദേശങ്ങളിൽ ജലം സുലഭമായിരുന്നു.ഇത്തരം ജലസ്രോതസ്സുകളെ പരമാവധി ഉപയോഗിക്കുകയും അതോടൊപ്പം അവയെ നശിച്ചു പോകാതെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന ഒരു കാർഷിക സംസ്കാരമായിരുന്നു വയനാടിനുണ്ടായിരുന്നത്.ബ്രിട്ടീഷ് ആധിപത്യവും കുടിയേറ്റവും വയനാട്ടിൽ തീർത്ത പുതിയ കാർഷിക സമ്പ്രദായം ജലസ്രോതസ്സുകളെയും പ്രകൃതിയെയും ബാധിച്ചിട്ടുണ്ട്. നിബിഡവനങ്ങളുടെ നാശത്തിലെത്തിച്ച ആ പുത്തൻ സംസ്കാരം കാലാവസ്ഥയുടെ സന്തുലിതാവസ്ഥയെവരെ താളം തെറ്റിച്ചു. വർഷം മുഴുവൻ സുലഭമായി കിട്ടികൊണ്ടിരുന്ന മഴയും കുളിരും ക്രമേണ കുറയാൻ തുടങ്ങി. പല നീരുറവകളും വറ്റി തുടങ്ങി. ചതുപ്പ് നിറഞ്ഞ വളക്കൂറുള്ള മണ്ണ് വരളാൻ തുടങ്ങി.

അതിന്റെ ഫലമായി പുതിയ ജലസേചന മാർഗ്ഗങ്ങൾ അന്വേഷിക്കാൻ നിർബന്ധിതമായി. ആദ്യമാദ്യം ചെറിയ ചെറിയ തോടുകൾ വെട്ടിയും ജലത്തെ തിരിച്ചുവിട്ടും നടത്തിയിരുന്ന ജലസേചനം അതിനും പറ്റാത്ത അവസ്ഥയിലെത്തി. ബണ്ട് കെട്ടിയും അണക്കെട്ട് തീർത്തും ജലസേചനം നടത്തുവാനുള്ള ആധുനിക മനുഷ്യന്റെസ്വപ്നമാവട്ടെ പലസ്ഥലങ്ങളിലും പൂവണിയാതെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടു. വയനാട്ടിലെ കാർഷികമേഖലയിൽ ജലസേചനം നടത്തുന്നതിന് ഉദ്ദേശിച്ച വൻകിട പദ്ധതികൾ ഒന്നും തന്നെ ലക്ഷ്യത്തിലെത്തിയിട്ടില്ല.

1.11.3. വിദ്യാഭ്യാസം

ജൈനരുടെയും മുസ്ലീംങ്ങളുടെയും ബ്രിട്ടീഷുകാരുടെയും വരവ് വിദ്യാഭ്യാസ മേഖലയുടെ പുരോഗതി അനിവാര്യമാക്കി. ആടിയും പാടിയും കഴിഞ്ഞുകൂടിയിരുന്ന ഗോത്ര വിഭാഗത്തിന് ലിപികളില്ലെങ്കിലും അവരുടേതായ വിദ്യാഭ്യാസ സമ്പ്രദായംഉണ്ടായിരുന്നതായി കരുതുന്നു. ജൈനരും ഉപരി വർഗ്ഗങ്ങളും കൊണ്ടുവന്ന സംസ്കൃതവും മലബാറിൽനിന്നു വാണിജ്യത്തിനായി വന്നവരിൽ നിന്നും ലഭിച്ച മലയാളവും ബ്രിട്ടീഷുകാരുടെ ആഗമനം സൃഷ്ടിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസവും വയനാടിൽ വിദ്യാലയങ്ങളുടെ ആവശ്യം വരുത്തി തുടങ്ങി. ജൈനർആരംഭിച്ച പ്രാഥമിക വിദ്യാലയങ്ങൾ പലയിടത്തും ഇന്നും സ്ഥിതി ചെയ്യുന്നു. പിൽക്കാലത്ത് ഇംഗ്ലീഷുകാർ സ്ഥാപിച്ച വിദ്യാലയങ്ങളോടെ വിദ്യാഭ്യാസ മേഖല കുറേക്കൂടിശക്തിപ്രാപിച്ചു സ്വാതന്ത്ര്യ ലബ്ദിക്കും കേരള സംസ്ഥാന രൂപീകരണത്തിനും ശേഷം സ്ഥാപിച്ച വിദ്യാലയങ്ങൾ വയനാട്ടിലെ വിദ്യാഭ്യാസം സാർവ്വത്രികമാക്കി.എങ്കിലും ഈ സാർവ്വത്രിക വിദ്യാഭ്യാസം ആദിവാസിവിഭാഗങ്ങളിലെത്തിക്കുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടില്ല എന്നതന്നെയാണ് വിലയിരുത്തുന്നത്.

പട്ടിക 1.17
ജില്ലയിലെ വിദ്യാലയങ്ങൾ

	ഹൈസ്കൂൾ	അപ്പർ പ്രൈമറി	ലോവർ പ്രൈമറി	ആകെ
ഗവൺമെന്റ്	62	21	90	173
എയിഡഡ്	25	41	47	113
അൺ എയിഡഡ്	5	7	9	21
ആകെ	**92**	**69**	**146**	**307**

അവലംബം: വിദ്യാഭ്യാസ വകുപ്പ് 2017

പട്ടിക 1.18
ജില്ലയിലെ വിദ്യാർത്ഥികളുടേയും കൊഴിഞ്ഞു പേയവരുടേയും എണ്ണം

ക്ലാസ്സ്	വിദ്യാർത്ഥികൾ(201617)			കൊഴിഞ്ഞു പേയത് (201617)		
	ആൺകുട്ടി	പെൺകുട്ടി	ആകെ	ആൺകുട്ടി	പെൺകുട്ടി	ആകെ
1	4747	4729	9476	45	26	71
2	4941	4888	9829	34	18	52
3	4923	4833	9756	16	9	25
4	5205	4901	10106	10	8	18
5	5690	5259	10949	22	17	39
6	5586	5383	10969	39	18	57
7	6041	5655	11696	57	38	95
8	6200	6093	12293	133	100	233
9	6725	6421	13146	242	152	394

10	6485	6290	12775	175	131	306
	56543	**54452**	**110995**	**773**	**517**	**1290**

അവലംബം: വിദ്യാഭ്യാസ വകുപ്പ്–2017

വയനാട് ജില്ല വിദ്യാഭ്യാസ രംഗത്ത് ഈ അടുത്ത കാലത്ത് അഭ്രത പൂർവ്വമായ വളർച്ചയാണ് കൈവരിച്ചത്. നിലവിൽ ജില്ലയിൽ സ്വകാര്യമേഖലയിൽ ഒരു മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നുണ്ട്. സർക്കാർ മേഖലയിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ മേഖലയിൽ ഒരു എൻജീനിയറിംഗ് കോളേജും രണ്ട് പോളി ടെക്നിക് കോളേജുകളും മൂന്ന് ഐ ടി ഐ –കളും മൂന്ന് യൂണിവേഴ്സിറ്റി ടെയിനിംഗ് കോളേജുകളും അഞ്ച് സ്വാശ്രയ ടെയിനിംഗ് കോളേജുകളും മൂന്ന് ടിടിഐ–കളും രണ്ട് ഗവൺമെൻറ് ആട്സ് &സയൻസ് കോളേജുകളും സ്വകാര്യമേഖലയിൽ മൂന്ന് എയിഡഡ് കോളേജുകളും രണ്ട് സ്വാശ്രയ കോളേജുകളുമുണ്ട്. വയനാട് ജില്ലയിലെ ഉന്നത വിദ്യാഭ്യാസ മേഖല കണ്ണൂർ, കോഴിക്കോട് സർവകലാശാലകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളുടെ അഭാവം വയനാടിനെ സാരമായി ബാധിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ആരോഗ്യ വിദ്യാഭ്യാസ രംഗത്തും ജില്ല വളരെ പിൻതള്ളപ്പെട്ടിട്ടുണ്ട്. പൂക്കോടുള്ള വെറ്റിനറി കോളേജും വെറ്റിനറി യൂണിവേഴ്സിറ്റിയും മൃഗസംരക്ഷണ രംഗത്ത് പുത്തനുണർവ്വ് തരുന്നതാണ്.

1.11.4. ആരോഗ്യം

അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളിലായി പ്രശസ്തമായ സ്ഥാപനങ്ങൾ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. ജില്ല ആശുപത്രി മാനന്തവാടിയിലും, ആയുർവേദ ജില്ലാ ആശുപത്രി കൽപ്പറ്റ ആസ്ഥാനമായും, ഹോമിയോ വിഭാഗത്തിലുള്ള ജില്ലാ ആശുപത്രി അഞ്ചുകുന്ന് ആസ്ഥാനമായും പ്രവർത്തിക്കുന്നു. വയനാട് ജില്ലയ്ക്ക് പുറമെ അയൽ സംസ്ഥാന ജില്ലയായ കുടക്, ഗൂഡല്ലൂർ എന്നിവിടങ്ങളിലെ പാവപ്പെട്ട പൊതു ജനങ്ങളും ജില്ലയിലെ സേവനം ഉപയോഗിച്ചുവരുന്നു.

പൊതുജനാരോഗ്യ രംഗത്ത് സർക്കാർ ഉടമസ്ഥതയിൽ നടത്തുന്ന മാനന്തവാടി ജില്ലാ ആശുപത്രി തന്നെയാണ് മുന്നിൽ. എന്നാൽ സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയും കൽപ്പറ്റയിൽ പുതുതായി തുടങ്ങിയ ജനറൽ ആശുപത്രിയും പുതിയ സംരംഭങ്ങളുമായി ഉയർന്നു വരുന്നത് ആശ്വാസകരമാണ്

വർദ്ധിച്ചു വരുന്ന ജനസംഖ്യയും അതുവഴി പടരുന്ന പലവിധ രോഗങ്ങളും കൃത്യമായി മുൻകൂട്ടി കണ്ടെത്തുന്നതിനൊ ഫലപ്രദമായ ചികിത്സ നൽകുന്നതിനൊ ഉള്ള സംവിധാനം ഇപ്പോഴും ഉയർന്നു വന്നിട്ടില്ല. ജനസംഖ്യയിൽ നല്ലൊരു വിഭാഗമായ ആദിവാസികളെ ഇത് സാരമായി ബാധിക്കുന്നു. സ്വകാര്യമേഖലയിലുള്ള ആശുപത്രികളും എല്ലാവിധ സൗകര്യങ്ങളോടും കൂടിയതല്ല. വിദഗ്ദ ഡോക്ടർമാരുടെ ഒഴിവുകൾ പലപ്പോഴും നികത്താതെ പോകുന്നുണ്ട്.ജില്ലയുടെ പരിമിതികൾ വിദഗ്ദ ഡോക്ടർമാരെ ജില്ലയിലേക്ക് ആകർഷിക്കുന്നതിന് തടസ്സം നിൽക്കുന്നു.

ആശുപത്രികളുടെ സൗകര്യങ്ങൾ കൂട്ടുകയും വിദ്യാഭ്യാസ താമസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യാതെ ഇതിനൊരു പരിഹാരം കണ്ടെത്തുക പ്രയാസമാണ്.

സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം)

സിക്കിൾസെൽ അനീമിയ രോഗം ഏറ്റവും കൂടുതൽ കണ്ടുവരുന്ന ജില്ലയാണ് വയനാട് ആദിവാസികളിലും വയനാടൻ ചെട്ടി സമുദായത്തിലും കണ്ടുവരുന്ന ഈ മാരക രോഗം തടയുന്നതിനാവശ്യമായ സംവിധാനങ്ങൾ ജില്ലയിൽ കാര്യക്ഷമമല്ല. ഈ രോഗം ബാധിച്ച 3000ത്തോളം പേർ വയനാട്ടിലുണ്ടെന്നും വർഷം തോറും രോഗബാധയുള്ള ശിശുക്കൾ ജനിക്കുന്നതായും കേരള ഗവൺമെൻറിൻറെ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റി നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

വാതം, അസ്ഥിസംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്കെല്ലാം ഗോത്രവൈദ്യൻമാരുടെ ചികിത്സക്ക് പ്രചാരം കാണുന്നുണ്ട്. ഇത്തരത്തിലുള്ള ചികിത്സകരെ തേടി ദൂരെ ദിക്കിൽ നിന്ന് പോലും ആളുകൾ ഇവിടെ എത്താറുണ്ട്. ആയുർവേദവും സിദ്ധയും ചേർന്നുള്ള ഈ ചികിത്സാ രീതിയെ സംബന്ധിച്ച് ഫലപ്രദമായ അന്വേഷണവും ഗവേഷണവും നടത്തി അവ പൊതു ജനങ്ങളിലെത്തിക്കാനുള്ള ശ്രമമുണ്ടാകേണ്ടതാണ്.

വനമേഖല മൂല്യമേറിയ ഔഷധ സസ്യങ്ങളുടെ കലവറയാണ്. വയനാടൻ മേഖലയിലെ അത്തരത്തിലുള്ള ഔഷധങ്ങൾ കണ്ടെത്തുന്നതിൽ ഗോത്രവിഭാഗക്കാർ പ്രഗത്ഭരാണ്. അവയിൽ നിന്നും അമൂല്യമായ ഔഷധങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ തന്നെ നിർമ്മിച്ച് വിപണനം നടത്താവുന്നതാണ്.

പട്ടിക 1.19
ജില്ലയിലെആരോഗ്യസ്ഥാപനങ്ങൾ

ചികിത്സാ വിഭാഗം	ഹോസ്പിറ്റൽ	ഡിസ്പെൻസറി	പി എച്ച് സി	സി എച്ച് സി	എഫ് ഡബ്ല്യു സി
അലോപ്പതി	53	23	22	7	32
ആയുർവേദം	3	26	–	–	–
ഹോമിയോപ്പതി	25	27	–	–	–
സിദ്ധ	–	2	–	–	–

അവലംബം: ആരോഗ്യ വകുപ്പ്–2017

1.11.5. വ്യവസായം

വയനാട് ജില്ല വ്യാവസായികമായി വളരെ പിന്നിൽ നിൽക്കുന്ന ജില്ലകളിലൊന്നാണ്. സംരംഭകത്വത്തിന്റെ കുറവ്, ഭക്ഷ്യ മേഖല ഒഴിച്ച് മറ്റ് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഭൂമിയുടെ ദൗർലഭ്യം, ലഭ്യമാകുന്ന ഭൂമിയിൽ അടിസ്ഥാന ആവശ്യങ്ങളായ റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയവയുടെ അപര്യാപ്തത എന്നിവയാണ് ഇതിന്റെ മുഖ്യകാരണങ്ങൾ.തികച്ചുംകാർഷിക വൃത്തിയെ മാത്രം ആശ്രയിക്കുന്ന ഒരു ജില്ലയാണ് വയനാട്. എടുത്തുപറയാവുന്ന വ്യവസായങ്ങളൊന്നും തന്നെ ജില്ലയിൽ ഉണ്ടായിരുന്നില്ല. പാർപ്പിട സമുച്ചയങ്ങൾ ഉയർന്നു വരാൻ തുടങ്ങിയതോടെ വ്യവസായങ്ങളുടെ പുതിയ മേഖലകൾ ജില്ലയിലും രൂപപ്പെട്ടിട്ടുണ്ട്. കരിങ്കൽ പാറകൾ അടർത്തി കല്ലും മെറ്റലും കൽപ്പൊടിയുമാക്കുന്ന വൻ വ്യവസായങ്ങൾ തന്നെ വയനാട്ടിലുണ്ടായിട്ടുണ്ട്. പാരിസ്ഥിതിക കാരണങ്ങളാൽ ഇവയിൽ ചിലത് ഇപ്പോൾ അടഞ്ഞുകിടക്കുകയാണ്.

കൽപറ്റയിലുള്ള മിൽമയുടെ ഉൽപാദന യൂണിറ്റും ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന മലബാർ മാംസ സംസ്കരണ വിപണന യൂണിറ്റും വ്യവസായ മേഖലയിൽ ജില്ലയിലെ എടുത്തുപറയാവുന്ന സ്ഥാപനങ്ങളാണ്.

പട്ടിക 1.20
വ്യവസായ യൂണിറ്റുകളും ആസ്തികളും

1	പ്രവർത്തിക്കുന്ന യൂണിറ്റുകൾ – എണ്ണം	3069
2	വ്യവസായ സംബന്ധമായ ആസ്തികൾ– ഏക്കർ	9.12

അവലംബം: വ്യവസായ വകുപ്പ് 2017

പാർപ്പിടവുമായി ബന്ധപ്പെട്ട് തന്നെ ഉയർന്നുവന്ന മറ്റൊരു വ്യവസായമാണ് തടി വ്യവസായം. കാട്ടിലും നാട്ടിലും ലഭ്യമായിരുന്ന മരങ്ങൾ ദൂര സ്ഥലങ്ങളിലേക്ക് കയറ്റി അയക്കുകയാണ് ആദ്യകാലത്ത് ചെയ്തിരുന്നത്. തടി അറക്കുന്നതിനും അവ ഗൃഹോപകരണങ്ങളായും മറ്റും രൂപാന്തരപ്പെടുത്തുന്നതുമായ നിരവധി ചെറുകിട വ്യവസായങ്ങൾ ഇന്ന് വയനാട്ടിൽ തന്നെയുണ്ട്.

മരത്തിന്റെ ലഭ്യത കുറഞ്ഞു തുടങ്ങിയപ്പോൾ, ഗൃഹനിർമ്മാണത്തിനുള്ള സാമഗ്രികൾ സിമൻറും മണലും മെറ്റലും ഉപയോഗിച്ച് നിർമ്മിക്കുന്ന വ്യവസായവും വയനാട്ടിൽ ക്രമാതീതമായി ഉയർന്നു വരുന്നുണ്ട്.

എന്നാൽ ഇവിടെ സുലഭമായനെല്ല്, കുത്തി അരിയും ഓയിലും ആക്കുന്നതോ അടക്കയിൽ നിന്നും സുഗന്ധപദാർത്ഥങ്ങൾ ഉണ്ടാക്കുന്നതോ കാപ്പി, ഇഞ്ചി, കശുവണ്ടി തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങളെ ഉപയോഗിച്ചുള്ള വ്യവസായമോ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങളൊന്നും ജില്ലയിൽഉണ്ടായിട്ടില്ല.

1.11.6. മൃഗസംരക്ഷണം

സംസ്ഥാനത്ത് മൃഗസംരക്ഷണ ക്ഷീര വികസന രംഗങ്ങളിൽ ശ്രദ്ധേയമായ സ്ഥാനമാണ് വയനാടിനുള്ളത്. ഭൂവിസ്തൃതിയിൽ പിന്നിലാണെങ്കിലും കേരളത്തിൽ പാലുൽപാദനത്തിന്റെ കാര്യത്തിൽ ജില്ല രണ്ടാം സ്ഥാനത്തു നിൽക്കുന്നു. 93 ശതമാനത്തിലധികം സങ്കരയിനം കറവമാടുകൾ, പഞ്ചായത്തുകൾ തോറുമുള്ള മൃഗ ചികിത്സ ശൃംഖല, രോഗ നിർണയത്തിനുള്ള വിവിധ പദ്ധതികൾഎന്നിവജില്ലയിലെ മൃഗസംരക്ഷണ മേഖലയ്ക്ക് മുതൽക്കൂട്ടാണ്.

പട്ടിക 1.21
പാൽ ഉൽപാദനം (ലക്ഷം ലിറ്ററിൽ)

വർഷം	2006–2007	2007–2008	2008–2009	2009–2010	2010–2011	2011–2012	2012–2013	2013–2014	2014–2015	2015–2016	2016–2017
പാൽ സംഭരണം	403	431	450	459	507	503	526	589	639	722	744

അവലംബം:ക്ഷീര വികസന വകുപ്പ്

പൂക്കോട് സ്ഥാപിച്ചിട്ടുള്ള വെറ്റിനറി കോളേജും വെറ്റിനറി യൂണിവേഴ്സിറ്റിയും ജില്ലയിലെമൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് പുത്തനുണർവ്വ് തരുന്നു.

1.11.7. പ്രവാസികൾ

ആദ്യകാലഘട്ടങ്ങളിൽ മറ്റ ജില്ലകളിൽ നിന്നും വയനാട്ടിലേക്ക് ഉണ്ടായ കുടിയേറ്റം പിന്നീട് വയനാട്ടിൽ നിന്നും വിദേശരാജ്യങ്ങളിലേക്ക് ജോലി തേടി പോകുന്നതിലേക്ക് പരിവർത്തനപ്പെട്ടു.

2013ൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് പ്രകാരം,14,328 പുരുഷന്മാരും, 1,332 സ്ത്രീകളും ഉൾപ്പെടെ15,660വയനാട്ടുകാർ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നു.

പട്ടിക 1.22

തൊഴിലിന്റെഅടിസ്ഥാനാത്തിൽ ജില്ലയിലെ പ്രവാസികൾ

ക്രമ നം	തൊഴിൽ	**പ്രവാസികളുടെഎണ്ണം
1	ഡോക്ടർ	31
2	നേഴ്സ്	856
3	എഞ്ചിനീയർ	403
4	ബാങ്ക്	80
5	ഐടി	250
6	ആദ്ധ്യാപകർ	85
7	മാനേജർ	200
8	ഡ്രൈവർ	2505
9	ബിസിനസ്മാൻ	616
10	സെയിൽസ്മാൻ	3875
11	മറ്റുള്ളവർ (Labourers)	6759

അവലംബം: സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്-പ്രവാസി സെൻസസ് 2013

വിദേശത്തുള്ള വയനാട്ടുകാരിൽ സെയിൽസ്മാൻ, ഡ്രൈവർ, മറ്റുള്ള തൊഴിലാളികൾ എന്നീ വിഭാഗങ്ങളിലാണ് കൂടുതൽ ആളുകൾ ജോലി ചെയ്യുന്നത്. ആകെയുള്ള പ്രവാസികളിൽ 5759 പേരും മറ്റുള്ള മേഖലകളിൽ ജോലി ചെയ്യുന്നു. സെയിൽസ്മാൻ ആയി 3785 പേരും ഡ്രൈവർമാരായി 2505 പേരും ജോലി നോക്കുന്നു. പ്രൊഫഷണൽ മേഖലയിൽ എഞ്ചിനിയർമാർ403 ഉം, നേഴ്സുമാർ 856 ഉം, ബാങ്കിംഗ് മേഖലയിൽ 80 പേരും, ഐ.ടി മേഖലയിൽ 250 പേരും ജോലി നോക്കുന്നു.

പട്ടിക 1.23

ജില്ലയിലെ പ്രവാസികൾ-രാജ്യാടിസ്ഥാനത്തിൽ

രാജ്യത്തിൻറെ പേര്	ജോലി ഉള്ളവർ	ജോലി ഉള്ളവരുടെ കൂടെ..താമസ്സിക്കുന്നവർ	ആകെ
യു.എസ്.എ	175	104	279
കാനഡ	94	39	133
യു.കെ	161	85	246
ജർമനി	14	0	14
മറ്റു യൂറോപ്പ്യൻ രാജ്യങ്ങൾ	135	27	162
നൈജീരിയ	6	2	8
ലിബിയ	3	0	3

മറ്റ ആഫ്രിക്കൻ രാജ്യങ്ങൾ	72	11	83
സൗദി അറേബ്യ	6381	290	6671
യു.എ.ഇ	3699	363	4062
കുവൈറ്റ്	1055	83	1138
ഒമാൻ	1279	132	1411
ഖത്തർ	1221	107	1328
ബഹറിൻ	580	46	626
ഇറാഖ്	8	0	8
ഇറാൻ	4	0	4
സിങ്കപ്പൂർ	64	9	73
മലേഷ്യ	80	7	87
മറ്റ എഷ്യൻ രാജ്യങ്ങൾ	198	29	227
ന്യൂസിലാൻഡ്	41	13	54
ആസ്ത്രേലിയ	143	75	218
മറ്റ രാജ്യങ്ങൾ	247	31	278
ആകെ	15660	1453	17113

അവലംബം: സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്-പ്രവാസി സെൻസസ് 2013

മറ്റ ജില്ലകളെ അപേക്ഷിച്ച് പ്രൊഫഷണൽ രംഗത്ത് ജോലി ചെയ്യുന്ന വയനാട് ജില്ലയിൽ നിന്നുള്ളവരുടെ എണ്ണം കുറവാണ്. വയനാട് ജില്ലക്കാരായ പ്രവാസികളിൽ 6671 പേരും സൗദി അറേബ്യയിലാണുള്ളത്. യു.എ.ഇ യിൽ 4062 പേരും,. കുവൈത്തിൽ 1138 പേരും, ഓമനിൽ 1411 പേരും, ഖത്തറിൽ 1328 പേരും, യു.എസ്.എ യിൽ 279 പേരും യു.കെ യിൽ 246 പേരും താമസിക്കുന്നു.

വിദേശ രാജ്യങ്ങളിൽ കുടുംബത്തോടൊപ്പമല്ലാതെ താമസിക്കുന്ന വയനാട്ടുകാരായ പ്രവാസികളുടെ എണ്ണം 11233 ആണ്. ഇതിൽ 650 പേർ സ്ത്രീകളാണെന്നത് ശ്രദ്ധേയമാണ്.

1.11.8. മനുഷ്യവിഭവ ശേഷി വികസനം

വികസന ലക്ഷ്യത്തോടു കൂടിയതും, ചലനാത്മകവുമായ ഏതൊരു പ്രസ്ഥാനത്തിന്റെയും, സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അനിവാര്യഘടകമാണ് മനുഷ്യ വിഭവശേഷിയുടെ വികസനം. മറ്റ വിഭവങ്ങളിൽ നിന്നും വ്യത്യസ്ഥമായി അനുകൂലമായ സാഹചര്യങ്ങളും, പ്രേരണകളും, ഉപയോഗവും, മേൽത്തട്ടിലേക്ക് വരുന്നതിലൂടെയും അനന്തമായ വിനിയോഗ-വികസന സാധ്യതകളാണ് മനുഷ്യ വിഭവശേഷിക്കുള്ളത്. വികസനമെന്നത് നിർവ്വചനാതീതവും അനന്തവുമാണ്, പരിമിതികൾക്കുള്ളിൽ അതിനെ ഒതുക്കി നിറുത്തുവാനാകില്ല. മനുഷ്യവിഭവ ശേഷിയുടെ വികസനം ഉൽപാദനപരവും, സ്വാഭിമാനപരവും, സർഗ്ഗാത്മകവുമാണ്.

മനുഷ്യ വിഭവ ശേഷി വികസനത്തിന്റെ പരമപ്രധാനമായ ലക്ഷ്യമെന്നത് ഉൽപ്പാദനപരമായി മനുഷ്യന്റെ കായിക, ബൗദ്ധിക ശേഷി വികസിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ്. ആരോഗ്യം, വിജ്ഞാനം, മറ്റ് കഴിവുകൾ എന്നിവയുടെ കൂട്ടിചേർക്കലുകളിലൂടെ മനുഷ്യ വിഭവ ശേഷിയെ വളർത്തിയെടുക്കേണ്ടതുണ്ട്.മനുഷ്യ വിഭവ ശേഷി വികസനത്തിലൂടെ സമൂഹത്തിന്റെ സമഗ്ര വികസനം സാധ്യമാകുന്നു.

1.11.9. മാനവ വികസന സൂചിക

ഒരു പ്രത്യേക പ്രദേശത്ത് അധിവസിക്കുന്ന ജനങ്ങളുടെ ആരോഗ്യം, വരുമാനം, വിദ്യാഭ്യാസം എന്നീ വീക്ഷണ കോണുകളിലൂടെ തയ്യാറാക്കുന്ന വികസനസൂചകമാണ് മാനവ വികസന സൂചിക.2005ൽ സംസ്ഥാന ആസൂത്രണ സമിതി കേരളത്തിന്റെമാനവ വികസന സൂചിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരളത്തിന്റെയും വയനാടിന്റെയും വരുമാന സൂചിക യഥാക്രമം 0.562, 0.563; ആരോഗ്യ സൂചിക യഥാക്രമം 0.827, 0.809; വിദ്യാഭ്യാസസൂചിക യഥാക്രമം 0.930, 0.886 എന്നിങ്ങനെയാണ്. ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് സംസ്ഥാന സൂചികയേക്കാൾ കുറവാണ് വയനാട് ജില്ലയുടേത്. മാനവവികസന സൂചികയിൽ സംസ്ഥാന സൂചിക 0.773 ഉം വയനാട് ജില്ലയുടേത്0.753 ഉം ആണ്. സൂചികയിൽ സംസ്ഥാനത്ത് പതിമൂന്നാം സ്ഥാനത്താണ് വയനാട് ജില്ല.

പട്ടിക 1.24
മാനവ വികസന സൂചിക (2005)

ക്രമ നമ്പർ	ജില്ല	വരുമാന സൂചിക	ആരോഗ്യ സൂചിക	വിദ്യാഭ്യാസ സൂചിക	എച്ച്ഡിഐ സൂചിക	റാങ്ക്
1	തിരുവനന്തപുരം	0.573	0.837	0.91	0.773	9
2	കൊല്ലം	0.561	0.868	0.93	0.787	6
3	പത്തനംതിട്ട	0.566	0.862	0.957	0.795	3
4	ആലപ്പുഴ	0.567	0.868	0.947	0.794	4
5	കോട്ടയം	0.583	0.843	0.963	0.796	2
6	ഇടുക്കി	0.593	0.791	0.878	0.754	12
7	എറണാകുളം	0.6	0.849	0.953	0.801	1
8	തൃശ്ശൂർ	0.574	0.857	0.95	0.794	5
9	പാലക്കാട്	0.538	0.851	0.894	0.761	10
10	മലപ്പുറം	0.49	0.843	0.913	0.749	14
11	കോഴിക്കോട്	0.56	0.839	0.945	0.781	8
12	വയനാട്	0.563	0.809	0.886	0.753	13
13	കണ്ണൂർ	0.551	0.844	0.955	0.783	7
14	കാസർഗോഡ്	0.555	0.846	0.881	0.76	11

	കേരളം	0.562	0.827	0.93	0.773	

അവലംബം: സംസ്ഥാന ആസൂത്രണ ബോർഡ്-2005

1.11.10. മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (ജി.എസ്.ഡി.പി 201516 Provisional, Base Year 2011 12)

സംസ്ഥാനത്തിൻറെ 201516 (Current Price) വർഷത്തെ ആഭ്യന്തര ഉൽപ്പാദനത്തിൽ വയനാട് ജില്ലയുടെ പങ്ക് 2.04% മാത്രമാണ്. കൃഷിയും അനുബന്ധ മേഖലകളും ഉൾപ്പെടുന്ന പ്രാഥമിക മേഖലയിൽ നിന്നുമുള്ള വരുമാനം ജില്ലയുടെ വരുമാനത്തിൻറെ 28.86 % ഉം, വ്യവസായം ഉൾക്കൊള്ളുന്ന ദ്വിതീയ മേഖലയുടെ പങ്ക് 19.39 % ഉം, സേവന മേഖലയുടേത് 51.75% വുമാണ്.

1.11.11. ആളോഹരി വരുമാനം

വയനാട് ജില്ലയുടെ ആളോഹരി വരുമാനം 201516 (Current Price) ൽ 123364 രൂപയും സംസ്ഥാനത്തിന്റെ ആളോഹരി വരുമാനം 147674 രൂപയും ആണ്.

പട്ടിക 1.25
മൊത്ത ആഭ്യന്തര ഉൽപ്പാദനം, ആളോഹരി വരുമാനം-വയനാട് ജില്ല

വർഷം	ജില്ലാ വരുമാനം (ലക്ഷം രൂപയിൽ) (Current Price)				ആളോഹരി വരുമാനം (രൂപയിൽ)
	പ്രാഥമികമേഖല	ദ്വിതീയമേഖല	തൃതീയ മേഖല	ആകെ	
2011-12	197581	122314	334872	654767	79886
2012-13	206239	172274	391879	770392	93559
2013-14	239436	172544	459618	871597	105407
2014-15	284022	199789	483415	967226	116434
2015-16 (Provl)	297151	199617	532756	1029524	123364
2016-17(Quick)	299285	209896	597877	1107058	132045

അവലംബം: സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്-2017

1.11.12. ഊർജ്ജം

നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് ഊർജ്ജ പ്രതിസന്ധി. ഒരു ജനതയുടെ ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും അളവുകോലായി കണക്കാക്കുന്നത് ഊർജ്ജത്തിൻറെ പ്രതിശീർഷ ഉപഭോഗമാണ്. വയനാട് ജില്ലയിലെ മുഴുവൻ ഗ്രാമങ്ങളിലെ വീടുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. നമ്മുടെ ജില്ലയിൽ വ്യവസായ ആവശ്യങ്ങൾക്കായി വൈദ്യുതി ഉപയോഗിക്കുന്നത് തുലോം കുറവാണ്. പ്രധാനമായും വെളിച്ചത്തിനും ഗാർഹിക ആവശ്യത്തിനുമാണ് വൈദ്യുതി ഉപയോഗിക്കുന്നത്. ജലസേചനത്തിനായി പമ്പ സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനും വൈദ്യുതി ഉപയോഗിക്കുന്നു.

മുൻകാലങ്ങളിൽ പാചക ആവശ്യങ്ങൾക്കുവേണ്ടി ജനങ്ങൾ വിറക്, മണ്ണെണ്ണ എന്നിവയാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് അത് പാചക വാതകത്തിന് വഴിമാറിയിട്ടുണ്ട്. പാരമ്പര്യേതര

ഊർജ്ജ മേഖലയുടെ വികസനത്തിനായി കേരള സർക്കാർ സ്ഥാപിച്ചിട്ടുള്ള ഏജൻസിയായ അനർട്ട് സംയോജിത ഊർജ്ജാസൂത്രണ പദ്ധതികൾ ജില്ലയിലുടനീളം നടപ്പാക്കി വരുന്നു.

ബാണാസുര സാഗർ അണക്കെട്ട് – സൗരോർജ്ജനിലയം

ബാണാസുര സാഗർ അണക്കെട്ടിൽ 1.25 ഏക്കറിൽ 500 കിലോവാട്ട് ശേഷിയുള്ള രാജ്യത്തെ ഏറ്റവും വലിയ ഫ്ലോട്ടിങ്ങ് സൗരോർജ്ജനിലയം നിലയം സ്ഥിതിചെയ്യുന്നു. 1938 സൗരോർജ്ജ പാനലുകളും, ഒരു ട്രാൻസ്ഫോർമറും,17 ഇൻവെർട്ടറുകളും ഒരു 11 കെ വി സബ്സ്റ്റേഷനുംഈ നിലയത്തിലുണ്ട്

1.11.13. വിനോദ സഞ്ചാരം :

ദൈവത്തിൻറെ സ്വന്തം നാടായ കേരളത്തിലെ'ഗ്രീൻ പാരഡൈസ് എന്ന നാമധേയത്തിൽ, ലോക വിനോദസഞ്ചാര ഭൂപടത്തിൽ കണ്ടിരിക്കേണ്ട സ്ഥലങ്ങളിൽ ഒമ്പതാം സ്ഥാനമാണ് പ്രകൃതിരമണീയത കൊണ്ട് അനുഗ്രഹീതമായ വയനാട് ജില്ലക്കുള്ളത്. വന്യജീവി സങ്കേതങ്ങളും, തടാകങ്ങളും, മലനിരകളും, ഡാമുകളും, വെള്ളച്ചാട്ടങ്ങളും, ഹരിതാഭയാർന്ന താഴ്വാരങ്ങളും, ചരിത്ര സ്മാരകങ്ങളും, തീർത്ഥാടന കേന്ദ്രങ്ങളും വിനോദസഞ്ചാരികളെ ജില്ലയിലേക്ക് ആകർഷിക്കുന്നു.

1.12. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ.

1.12.1. ലക്കിടി ചുരം വ്യൂ പോയിൻറ്

ജില്ലയുടെ പ്രവേശന കവാടമായതാമരശ്ശേരി ചുരത്തിന്റെ മുകളിലാണ് ലക്കിടി വ്യൂ പോയിൻറ്. മേഘപാളികൾക്കിടയിലൂടെ തലയുയർത്തി നിൽക്കുന്ന മലനിരകൾ അതിശയിപ്പിക്കുന്ന കാഴ്ചയാണ്.

1.12.2. ചങ്ങലമരം

ലക്കിടി ചുരം വ്യൂ പോയിൻറിനടുത്താണ്. ചുരം കണ്ടെത്തിയ ആദിവാസിയായ കരിന്തണ്ടനെ മരത്തിൽ ബന്ധിച്ചിരിക്കുകയാണെന്നാണ് വിശ്വാസം

1.12.3. പൂക്കോട് തടാകം–

നാലു വശവും ഘോരവനത്താൽ ചുറ്റപ്പെട്ടതാണ് ഈ പ്രകൃതിദത്ത തടാകം

1.12.4. ബാണാസുര സാഗർ ഡാം–

മണ്ണുകൊണ്ടുള്ള അണക്കെട്ടുകളിൽ ഇന്ത്യയിൽ ഏറ്റവും വലുതും, ഏഷ്യയിൽ രണ്ടാമത്തേതുമായ അണക്കെട്ടാണിത്. ബാണാസുര മലയുടെ പശ്ചാത്തലം ഡാമിന് ഭംഗിയേകുന്നു. കർലാട് തടാകം

1.12.5. കാരാപ്പുഴ അണക്കെട്ട്.

പ്രധാനമായും ജലസേചനത്തിനായുള്ള ഒരു അണക്കെട്ടാണിത്. ഏകദേശം 63 കി.മി. ചുറ്റളവാണ് ഇതിന്റെ ക്യാച്ച്മെന്റ് വിസ്തീർണ്ണം.

1.12.6. ചെമ്പ്ര മല

സമുദ്രനിരപ്പിൽ നിന്ന് 2100 മീറ്റർ ഉയരത്തിലാണ് ചെമ്പ്ര മല സ്ഥിതി ചെയ്യുന്നത്. ഇത് വയനാട് ജില്ലയുടെ ഏറ്റവും ഉയരമേറിയ ഭാഗമാണ്. മല മുകളിലെ പ്രകൃതിദത്തമായ മനുഷ്യഹൃദയത്തിന്റെ ആകൃതിയുള്ള തടാകമായ ഹൃദയസരസ്സും പുൽമേടും, ദൂരകാഴ്ചകളും മറ്റും വിനോദ സഞ്ചാരികളുടെ മനം മയക്കുന്നു.

1.12.7. സൺറൈസ് വാലി

മേപ്പാടിക്കടുത്ത് സൺറൈസ് വാലി വ്യൂ പോയിൻറ് കാഴ്ചക്കാർക്ക് അനുഭൂതി പകരുന്ന ഒന്നാണ്. ചാലിയാർ നദിയുടെ ഉദ്ഭവവും, കോഴിക്കോട്, മലപ്പുറം ജില്ലയുടെ ഭാഗങ്ങളും കാണാം.

1.12.8. എടക്കൽ ഗുഹ

അമ്പലവയലിലെ അമ്പുകുത്തി മലനിരകളിൽ സമുദ്രനിരപ്പിൽ നിന്ന് ആയിരം മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. ശിലായുഗത്തെ ചുമർ കൊത്തു ചിത്രങ്ങളാണ് പ്രത്യേകത. ലോക പൈതൃക പട്ടികയിലുള്ള എടക്കൽ ഗുഹാചിത്രങ്ങൾ പുരാവസ്തു ഗവേഷകരുടെ ശ്രദ്ധാകേന്ദ്രമാണ്.

1.12.9. മീൻമുട്ടി വെള്ളച്ചാട്ടം

കാടിന്റെ വന്യമായ സൗന്ദര്യവും സാഹസിക യാത്രയും ആസ്വദിക്കാൻ ഏറ്റവും അനുയോജ്യമായ ഇടംമുപ്പൈനാട് സ്ഥിതി ചെയ്യുന്നു. ട്രക്കിംഗിങ്ങിനോടൊപ്പം,1000 അടി താഴ്ചയിലേക്ക് മൂന്ന് തട്ടായി വന്യമായി ഒഴുകുന്ന വെള്ളച്ചാട്ടമുള്ള മീൻമുട്ടി, സാഹസിക സഞ്ചാരികൾക്ക് മറക്കാനാവാത്ത അനുഭവമാണ് സമ്മാനിക്കുന്നത്.വയനാട്ടിലെ ഏറ്റവും ഉയർന്ന വെള്ളച്ചാട്ടവും കേരളത്തിലെ രണ്ടാമത്തെ ഉയർന്ന വെള്ളച്ചട്ടവുമാണ് മീൻമുട്ടി. കാട്ടിലൂടെ 2 കിലോമീറ്റർ നടന്നുവേണം മീൻമുട്ടിയിലെത്താൻ.

1.12.10. കാന്തൻപാറ വെള്ളച്ചാട്ടം

മേപ്പാടിക്കടുത്ത് സ്ഥിതി ചെയ്യുന്നകാനന വെള്ളച്ചാട്ടം. ശാന്തമായ അന്തരീക്ഷം ഇതിനെ മനോഹരമാക്കുന്നു. നയന മനോഹരമായ ചുറ്റുപാടുകളാൽ ഏറെ ശ്രദ്ധയാകർഷിക്കുന്നതാണ് കാന്തൻപാറ വെള്ളച്ചാട്ടം.

1.12.11..സൂചിപ്പാറ വെള്ളച്ചാട്ടം

മേപ്പാടിക്കടുത്ത് സ്ഥിതി ചെയ്യുന്നസൂചിപ്പാറ വെള്ളച്ചാട്ടംവിനോദസഞ്ചാരികൾക്ക്നയനാനന്ദം പകരുന്നു.പേരു പോലെ തന്നെ വീതി കുറവുള്ളതും മൂന്ന് തട്ടായി 100 മുതൽ 300 വരെ അടി ഉയരത്തിൽ നിന്ന് വെള്ളം പതഞ്ഞുവീഴുന്നതുമായ ഈ വെള്ളച്ചാട്ടം ഭംഗിയിൽ ഏറെ മികച്ചതാണ്.

1.11.12. മുത്തങ്ങ വന്യജീവി സങ്കേതം

1973 ൽ വന്യജീവി സങ്കേതമായി പ്രഖ്യാപിക്കപ്പെട്ട മുത്തങ്ങ വന്യജീവി സങ്കേതം നീലഗിരി ജൈവമേഖലയിലെ ബന്ദിപ്പൂർ ദേശീയ പാർക്കും(കർണാടക) മുതുമല വന്യജീവി സങ്കേതവും (തമിഴ് നാട്) മായി ബന്ധപ്പെട്ട് കിടക്കുന്നു. മൂന്ന് സംസ്ഥാനങ്ങളുടെ സംഗമസ്ഥലം മുത്തങ്ങ വനത്തിനുള്ളിലാണ്. സഞ്ചാരികൾക്ക് കാനന യാത്രയിൽ വന്യമൃഗങ്ങങ്ങളേയും, പക്ഷികളേയും, ഉരഗങ്ങളേയും അടുത്തുകാണാവുന്നതാണ്. വന്യജീവി മ്യൂസിയം ഇവിടുത്തെ മറ്റൊരു കാഴചയാണ്.

1.11.13. തോൽപ്പെട്ടി വന്യജീവി സങ്കേതം

വന്യമൃഗങ്ങളുടെ ലോകത്തേയ് ക്കുള്ള സാഹസിക യാത്രാനുഭവമാണ് തോൽപ്പെട്ടി വന്യജീവി സങ്കേതം നൽകുന്നത്.

1.11.14. പക്ഷിപാതാളം

തിരുനെല്ലിയിൽ നിന്ന് ഏഴു കിലോമീറ്റർ അകലെയായി ബ്രഹ്മഗിരി മലനിരകളിലാണ്യത്യസ്ഥ വർഗ്ഗങ്ങളിൽപ്പെട്ട നൂറുകണക്കിന് കൊച്ചുപക്ഷികളുടേയും സസ്യജാലങ്ങളുടേയും അപൂർവ്വ കലവറയാണ് പക്ഷിപാതാളം എന്ന ഗുഹാസങ്കേതം. കേരള കർണ്ണാടക സംസ്ഥാന അതിർത്തികളിലൂടെ പക്ഷിപാതാളത്തിലേയ്ക്കുള്ള വനയാത്ര വന്യമൃഗങ്ങളേയും കാനനവശ്യഭംഗിയേയും കാണുവാൻ സഞ്ചാരികൾക്ക് അവസരം നൽകുന്നു.

1.11.15. സുൽത്താൻ ബത്തേരി ജൈനക്ഷേത്രം

ടിപ്പുവിന്റെ പടയോട്ടങ്ങൾക്ക് ആയുധപ്പുരയായി ചരിത്രം രേഖപ്പെടുത്തിയ, കൂറ്റൻ ശിലാപാളികളാൽനിർമ്മിതമായ ആയിരത്തിലേറെ വർഷം പഴക്കമുള്ള പ്രസിദ്ധമായ ജൈനക്ഷേത്രം.

1.11.16. കുറുവ ദ്വീപ്

950 ഏക്കർ വിസ്തൃതിയിൽ കബനി നദിയിൽ ചിതറിക്കിടക്കുന്ന നൂറ്റമ്പതോളം ചെറുദ്വീപുകളാണ് കുറുവയുടെ പ്രത്യേകത. മുള കൊണ്ടുള്ള പാലങ്ങളും, ചങ്ങാട യാത്രയും വന്യസൗന്ദര്യവും സാഹസിക ജലയാത്രയും ഈ ദ്വീപസമൂഹങ്ങൾക്ക് ചാരുതയേകുന്നു. അപൂർവ്വഇനം പക്ഷികളും സസ്യങ്ങളും കണ്ടൽക്കാടുകളും നിറഞ്ഞ അത്ഭുത ലോകമാണ് കുറുവ ദ്വീപ്.

1.11.17. തിരുനെല്ലി ക്ഷേത്രം

ബ്രഹ്മഗിരി മലകളുടെ തഴ്വാരത്തിൽ തിരുനെല്ലിയും പാപനാശിനിയും ഭക്തർക്ക് ഉൾക്കുളിരണിയിച്ചും പിതൃക്കൾക്ക് ആത്മശാന്തിയേകിയും പ്രകൃതിയുടെ സ്വച്ഛഖണ്ഡമായി നിലകൊള്ളുന്ന പുണ്യഭൂമി. സഹ്യ പർവ്വത നിരകൾക്കിടയിൽ ദേവദേവേശനായ ശ്രീ മഹാവിഷ്ണുവിന്

പ്രിയങ്കരവും ചിരപുരാതനവുമായ തിരുനെല്ലി ക്ഷേത്രം സ്ഥിതി ചെയ്യുന്നു. തെക്കൻ കാശിയാണ് തിരുനെല്ലിയെങ്കിൽ ഇവുടുത്തെ ഗംഗയാണ് പാപനാശിനി. ബ്രഹ്മഗിരിയിൽ നിന്ന് ഉൽഭവിച്ച് പാറക്കെട്ടുകൾക്കും വനത്തിനുമിടയിലൂടെ ഒഴുകിയെത്തുന്ന ഔഷധഗുണമുള്ള പാപനാശിനി പാപത്തെ കഴുകി കളഞ്ഞ് ഭക്തരെ മോക്ഷത്തിലേയ്ക്ക് നയിക്കുന്നതായാണ് സങ്കൽപ്പം.

1.11.18. പഴശ്ശി സ്മാരകം

ബ്രിട്ടീഷുകാർക്കെതിരെ വയനാട്ടിൽ പട നയിച്ച വീരപഴശ്ശിയുടെ മൃതദേഹം സംസ്കരിച്ച പഴശ്ശിസ്മാരകം മാനന്തവാടിയിലാണ് സ്ഥിതിചെയ്യുന്നത്. പഴശ്ശിയുടെ ശവകുടീരവും ഒരു മ്യൂസിയവും ഇവിടെയുണ്ട്. പഴശ്ശിരാജ മരിച്ച വീണകർണ്ണാടക അതിർത്തിയിൽ, കങ്കാറപ്പുഴയ്ക്കരികിൽ മാവിലാംതോട്ടിൽ അദ്ദേഹത്തിൻറെ മൃതദേഹം കിടന്നിടത്ത് ഒരു സ്മാരകം നിർമ്മിച്ചിട്ടുണ്ട്.

1.11.19. ഫാന്റം റോക്ക്

അമ്പലവയലിന് അടുത്തുള്ള രാക്ഷസ രൂപമുള്ള പാറ. ചിത്ര കഥകളിലെ ഫാന്റത്തിന്റെ രൂപവുമായി സാമ്യമുള്ളതിനാൽ ഫാൻറം റോക്ക് എന്ന് അറിയപ്പെടുന്നു.

1.11.20. വയനാട് ഹെറിറ്റേജ് മ്യൂസിയം

അമ്പലവയലിലാണ് ഈ പുരാവസ്തു മ്യൂസിയം. ഗോത്രസ്മൃതിയുടെ നേർകാഴ്ചകളും പൗരാണിക കാലത്തെ ശിൽപങ്ങളുമാണ് പ്രധാനമായും മ്യൂസിയത്തിലുള്ളത്. മണ്ണിലും ശിലയിലും നിർമ്മിച്ച ശിൽപങ്ങളുടേയും, പഴയകാല വേട്ട ആയുധങ്ങളുടേയും, ശിലായുധങ്ങളുടേയും ശേഖരം

1.11.21. ചെതലയം വെള്ളച്ചാട്ടം

ചെതലയത്ത് നിന്ന് നാലു കിലോമീറ്റർ മാറി കുറിച്യാട് വനമേഖലയിലാണ് 150 മീറ്റർ ഉയരമുള്ള ഈ വെള്ളച്ചാട്ടം. ഈ ദൂരം കാൽനടയായി സഞ്ചരിച്ചാൽ തനിമ നഷ്ടപ്പെടാത്ത വെള്ളചാട്ടം കാണുന്നതിനും ട്രക്കിംഗിനും പക്ഷി നിരീക്ഷണത്തിനും അനുയോജ്യമാണ്

1.11.22. കൃഷ്ണഗിരി സ്റ്റേഡിയം

ഇന്ത്യയിലെ രണ്ടാമത്തെ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയമാണ്. ഏകദേശം 5000 കാണികൾക്ക് ഒരു പാർക്കിലേതുപോലെ കസേരകളിലും പുൽത്തകിടിയിലുമിരുന്ന് കളി കാണുവാനുള്ള സൗകര്യങ്ങളുണ്ട്.

1.11.23. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

സുഗന്ധ വ്യജ്ഞനങ്ങളുടേയും പഴ വർഗ്ഗങ്ങളുടേയും പച്ചക്കറികളുടേയും കരനെല്ലിന്റെയും ഗവേഷണങ്ങൾക്കായി അമ്പലവയലിൽ ഈ കേന്ദ്രം പ്രവർത്തിക്കുന്നു. അപൂർവ്വങ്ങളായ പുഷ്പച്ചെടികളുടേയും അലങ്കാരച്ചെടികളുടേയും നാണ്യ- സുഗന്ധ വ്യജ്ഞന ഇനങ്ങളുടേയും വിപുലമായ നഴ്സറിയും വിത്തുകളുടെ വിപണന കേന്ദ്രവും കാലാവസ്ഥ നിരീക്ഷണ കേന്ദ്രവും ഇവിടെയുണ്ട്.

1.11.24. എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ

എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ ഒരു പ്രാദേശിക കേന്ദ്രം കൽപ്പറ്റക്കടുത്ത് പുത്തൂർവയലിൽ സ്ഥിതിചെയ്യുന്നു. ആദിവാസികളുടേയും ഗ്രാമീണ ജനതയുടേയും സാമൂഹ്യ സംരക്ഷണ സംവിധാനം പ്രോത്സാഹിപ്പിക്കുകയും പ്രബലപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കാർഷിക സമൂഹത്തെ പങ്കാളികളാക്കികൊണ്ട് സുസ്ഥിരമായ കാർഷിക, ഗ്രാമ വികസനത്തിന് ഈ കേന്ദ്രം പ്രവർത്തിക്കുന്നു. ഒരു മികച്ച സസ്യോദ്യാനവും ചിത്രശലഭ ഉദ്യാനവും ഈ കേന്ദ്രത്തിന്റെ ആകർഷണമാണ്.

1.11.25. കൊളഗപ്പാറ

മീനങ്ങാടിക്കടുത്ത് കൃഷ്ണഗിരിയിൽ സാഹസിക സഞ്ചാരികൾക്ക് ട്രക്കിങ്ങിന് അനുയോജ്യമായ സ്ഥലം.

****

വിഭവങ്ങൾ

Copyright © Indi

RESERVE BANK OF INDIA

GOVERNMENT ENGINEERING COLLEGE

അദ്ധ്യായം 2

വിഭവ ലഭ്യത

2.1 ആമുഖം

വയനാട് ജില്ലയുടെ വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിശാല കാഴ്ചപ്പാടും ദീർഘവീക്ഷണവും ആവശ്യമാണ്. ജൈവ വൈവിധ്യങ്ങളുടെ സന്തുലനം നിലനിർത്തി കൊണ്ട് പ്രകൃതി സമ്പത്തിനെ ജീവസന്ധാരണ പ്രക്രിയക്കുതകും വിധം എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെ ആശ്രയിച്ചാണ് ഒരു ജില്ലയുടെ വികസനവും സാമ്പത്തിക ഭദ്രതയും നിലകൊള്ളുന്നത്. ജില്ലയിലെ പ്രകൃതി വിഭവങ്ങൾ, മനുഷ്യ വിഭവങ്ങൾ, സാമ്പത്തിക വിഭവങ്ങൾ, സ്ഥാപന വിഭവങ്ങൾ എന്നിവയിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനും സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ വികസന സാധ്യതകൾ രൂപപ്പെടുത്തുന്നതിനും ജില്ലാ പരിപ്രേക്ഷ്യം ഉപകാരപ്രദമായിരിക്കും. ജില്ലാ പദ്ധതിയിൽ, ലഭ്യമായിട്ടുള്ള വിഭവങ്ങൾ അനുസരിച്ച് ജില്ലയുടെ വികസന കാഴ്ചപ്പാടുകൾ നേടിയെടുക്കുന്നതിനുള്ള ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പ്രസ്തുത പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

2.2 പ്രകൃതി വിഭവങ്ങൾ

മിതോഷ്ണ വിളകൾക്കും ഉഷ്ണമേഖല വിളകൾക്കും അനുയോജ്യമായ ഈർപ്പം നിറഞ്ഞ മിതോഷ്ണ കാലാവസ്ഥയാണ് വയനാട് ജില്ലയിൽ അനുഭവപ്പെടുന്നത്.ഉത്തര അക്ഷാംശം 11^0 26'നും 2^0 യ്ക്കും ഇടയിലും പൂർവ്വ രേഖാംശം 75^0 45' – 76^0 27'ന് ഇടയിലുമാണ് വയനാടിൻറെ സ്ഥാനം. ജൂൺ – സെപ്റ്റംബർ വരെ കാലവർഷവും ഒക്ടോബർ – നവംബർ മാസങ്ങളിൽ തുലാവർഷവും, ഡിസംബർ – ജനുവരി മാസങ്ങളിൽ നല്ല തണുപ്പും ഏപ്രിൽ – മെയ് മാസങ്ങളിൽ കനത്ത ചൂടും അനുഭവപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. വിവിധ കാരണങ്ങളാൽ പ്രസ്തുത കാലാവസ്ഥയിൽ വ്യതിയാനം സംഭവിച്ചിട്ടുണ്ട്.

2.2.1 ഭൂമി

'വയൽനാടായ' വയനാട് ഒരു കാലത്ത് വിളഞ്ഞ് നിൽക്കുന്ന തനത് നെൽകതിർക്കുലകൾ ചാരുത പകർന്ന വിശാലമായ നെൽപാടങ്ങളുടെ പ്രദേശമായിരുന്നു. ഭൂവിനിയോഗത്തെ സംബന്ധിച്ച് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ, വയനാട് ജില്ലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വന്നതായി കാണാൻ സാധിക്കുന്നുണ്ട്.എന്നാൽ നെൽപാടങ്ങൾ വാഴ, കമുക്, ഇഞ്ചി, തെങ്ങ്, തുടങ്ങി മറ്റ് വിളകൾക്ക് വഴിമാറികൊടുക്കുന്ന കാഴ്ചയാണ് ഇന്നുള്ളത്.

- നിമ്ന്നോന്നത സ്ഥിതി അനുസരിച്ച് ജില്ലയെ മൂന്നായി തരംതിരിക്കാം.
  1. സമുദ്ര നിരപ്പിൽ നിന്നും 600 – 900 മീറ്റർ ഉയരത്തിൽ കാണപ്പെടുന്ന സമതല പ്രദേശങ്ങൾ
  2. സമുദ്രനിരപ്പിൽ നിന്നും 900 – 1200 മീറ്റർ ഉയരത്തിൽ ഉൾപ്പെടുന്ന മധ്യസഹ്യാദ്രിയുടെ മലപ്രദേശങ്ങൾ
  3. സമുദ്രനിരപ്പിൽ നിന്ന് 1200 മീറ്ററിലധികം ഉയരത്തിലുള്ള മധ്യസഹ്യാദ്രിയുടെ പർവ്വത പ്രദേശങ്ങൾ

പട്ടിക–2.1
നിമ്നോന്നത സ്ഥിതി വിവരപ്പട്ടിക

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം	വിവരണം	വിസ്തീർണ്ണം
വയനാടൻ സമതലം		
600 – 900 മീറ്റർ	തീരെച്ചെരിവ് കുറഞ്ഞതു മുതൽ അൽപം ചെരിവ് വരെയുമുള്ള (1% -5%) വിസ്തൃതിയേറിയ താഴ്വരകളും പ്ലെയിനുകളും ഉൾപ്പെടുന്ന ഭാഗം	19500
600 – 900 മീറ്റർ	വയനാട് സമതലത്തിൻറെ സമനിരപ്പല്ലാത്തതു മുതൽ വളരെ ചെരിവുള്ള പ്രതലങ്ങൾ വരെ അടങ്ങിയ ഭൂഭാഗം (ചരിവ് 15 % മുതൽ 25% വരെ)	91600
600 – 900 മീറ്റർ	വളരെ ചരിവുള്ളതു മുതൽ കുത്തനെ ചരിഞ്ഞതായ ഒറ്റപ്പെട്ട കുന്നുകളും മലകളും അടങ്ങിയ പ്രദേശം (ചരിവ് 15 % മുതൽ 25% വരെ)	45600
മധ്യസഹ്യാദ്രിയുടെ മലമ്പ്രദേശങ്ങൾ		
900 – 1200 മീറ്റർ	അൽപം ചരിവ് മുതൽ വളരെ ചരിവോടു കൂടെ, അടിവാരങ്ങളിൽ കാണപ്പെടുന്ന കുന്നുകളും വീതി കുറഞ്ഞ താഴ് വരകളും ഉൾപ്പെടുന്ന പ്രദേശം (ചരിവ് 5 % മുതൽ 15% വരെ)	23200
900 – 1200 മീറ്റർ	വളരെ ചരിവുള്ളതു മുതൽ കുത്തനെയുള്ള ചരിവോടു കൂടിയ ഒറ്റപ്പെട്ട കുന്നുകളും മലകളും പ്രദേശം (ചരിവ് 15 % മുതൽ 50% വരെ)	26800
മധ്യസഹ്യാദ്രിയുടെ പർവ്വത പ്രദേശങ്ങൾ		
1200 മീറ്ററിനു മുകളിൽ	പർവ്വത ശൃംഗങ്ങൾ,കിഴക്കാംതൂക്കായ പാറകൾ, മേൽ മണ്ണ് നശിച്ച് തെളിഞ്ഞ പാറകൾ എന്നിവയടങ്ങുന്ന പ്രദേശം (ചരിവ് 40 % ത്തിനു മുകളിൽ)	
ആകെ		**212560**

ഉറവിടം. മണ്ണ് സംരക്ഷണ വകുപ്പ്

പ്രകൃതിക്ഷോഭം, വിഭവങ്ങളുടെ ചൂഷണം എന്നിവ കാരണം മേൽ വിവരിച്ച നിമ്നോന്നത സ്ഥിതി വിവര പട്ടികയിൽ നേരിയ വ്യതിയാനം സംഭവിച്ചിട്ടുണ്ട്.(*വയനാട് ജില്ലയുടെ ഭൗമ ശാസ്ത്ര പരമായ വിവരങ്ങൾ സ്ഥലമാന ആസൂത്രണ അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)*

ഭൂവിനിയോഗത്തിലുള്ള മാറ്റം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക–2.2
– ഭൂവിനിയോഗത്തിലുള്ള മാറ്റം

ക്രമ നമ്പർ	ഭൂവിനിയോഗ ക്രമം	1996–1997 (ഹെക്ടർ)	2010–2011 (ഹെക്ടർ)
1	മൊത്തംഭൂമി	212560	212966
2	വനം	78787	78787
3	കൃഷി ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമി	9123	11070
4	കൃഷിയോഗ്യമല്ലാത്തതും തരിശ്ശുമായ ഭൂമി	772	171
5	സ്ഥിരമായ പുൽമേടുകളും മേച്ചിൽ പ്പുറങ്ങളും	66	ഇല്ല
6	മിശ്രിത വൃക്ഷ വിളകളുടെ കീഴിലുള്ള ഭൂമി	1428	106
7	കൃഷി ചെയ്യാവുന്ന തരിശ്ഭൂമി	2293	1195
8	വർത്തമാന കാല തരിശ്ശു കൂടാതെയുള്ള തരിശ്ഭൂമി	839	833
9	മൊത്തം കൃഷിസ്ഥലം	117032	175300

ഉറവിടം. നഗരാസൂത്രണ വകുപ്പ്

ജില്ലയിലെ ആകെ വിസ്തീർണ്ണമായ 2,12,966 ഹെക്ടറിൽ 78,787 ഹെക്ടർ വനഭൂമിയും 24,731 ഹെക്ടർ വയൽ പ്രദേശവും 1,00,869 ഹെക്ടർ കരപ്രദേശവുമാണ്. 1996 – 1997 സാമ്പത്തിക വർഷത്തിൽ കൃഷി ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമി അളവ് 9123 ൽ നിന്ന് 2010 – 11 ൽ 11,070 ആയി വർദ്ധിച്ചിട്ടുണ്ട്. കൃഷിയോഗ്യമല്ലാത്തതും തരിശ്ശുമായ ഭൂമി ഉപയോഗത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം കുറയുകയും മറ്റു വിളകളായ വാഴ, മരച്ചീനി, കമുക്, പച്ചക്കറി തുടങ്ങിയ കൃഷികളിലേക്ക് മാറികൊണ്ടിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി കാലം മുതൽ കാർഷിക മേഖലയിൽ കൂടുതലായി നെൽകൃഷി, പച്ചക്കറി ഉൽപ്പാദനം എന്നിവയിലേക്ക് കർഷകർ മാറുന്നതിൻറെ സൂചനയുണ്ട്. 1996 – 97 കാലഘട്ടങ്ങളിൽ 66 ഹെക്ടർ സ്ഥിരമായ പുൽമേടുകളും മേച്ചിൽ പുറങ്ങളുമുണ്ടായിരുന്നു. എന്നാൽ 2010–11 കാലഘട്ടമായപ്പോഴേക്കും പുൽമേടുകളും മേച്ചിൽപ്പുറങ്ങളും ഇല്ലാതായിട്ടുണ്ട്.

1996 – 97 വർഷങ്ങളിൽ മിശ്രിതങ്ങളായ വൃക്ഷ വിളകളുടെ കീഴിലുള്ള ഭൂമി 1426 ഹെക്ടറായിരുന്നത് 2010 – 11 ൽ 106 ഹെക്ടറായി ചുരുങ്ങിയിട്ടുണ്ട്. ജില്ലയിൽ 1996 – 97 കാലഘട്ടങ്ങളിൽ കൃഷി ചെയ്യുന്ന മൊത്തം കൃഷി സ്ഥലം 1,17,032 ഹെക്ടറായിരുന്നത് 2010 – 11 ൽ 1,75,300 ആയി വർദ്ധിച്ചിട്ടുണ്ട്. പൊതുവെ ഭൂവിനിയോഗത്തിൽ കാര്യമായ മാറ്റം വന്നു കൊണ്ടിരിക്കുന്ന സാഹചര്യം നിലവിലുണ്ട്.

ചാർട്ട്-1 ഭൂവിനിയോഗ വിതരണം



ഉറവിടം: നഗരാസൂത്രണ വകുപ്പ്

ജില്ലയിലെ മൊത്തം വിസ്തൃതിയുടെ 39.26% വനഭൂമിയായി നിലകൊള്ളുന്നു. ഇതിൽ 39.02 % പ്ലാൻറേഷൻ ആണ്. എന്നാൽ മൊത്തം വിസ്തൃതിയുടെ 10.94% കൃഷി.ക്കായും 6.39 % സമ്മിശ്ര കൃഷിക്കായും 0.71%,വാസയോഗ്യമായും 0.56% ജലലഭ്യതയുള്ള ഭൂമിയായും ഉള്ളത്.

- വയനാട് ജില്ലയിൽ കാണുന്ന പ്രകൃതിദത്ത വനങ്ങളെ താഴെ പറയുന്ന വിഭാഗങ്ങളായി തിരിക്കാം.

1. വെസ്റ്റ് കോസ്റ്റ് ട്രോപ്പിക്കൽ എവർഗ്രീൻ ഫോറസ്റ്റ്

2. വെസ്റ്റ് കോസ്റ്റ് സെമി എവർഗ്രീൻ ഫോറസ്റ്റ്
3. സൗത്ത് ഇന്ത്യൻ മോയിസ്റ്റ് ഡെസിഡ്യൂസ് ഫോറസ്റ്റ്
4. സതേൺ ട്രോപ്പിക്കൽ ഡ്രൈ ഡെസിഡ്യൂസ് ഫോറസ്റ്റ്
5. സതേൺ മൊൻറയിൻ വെറ്റ് ടെമ്പറേച്ചർ ഫോറസ്റ്റ്
6. ഗ്രാസ് ലാൻഡ്

2.2.2 ജലം

വയനാട് ജില്ല ജലത്താൽ സമൃഷ്ടമായിരുന്നു. എന്നാൽ ഇപ്പോൾ വനനശീകരണം, മഴയുടെ ലഭ്യതക്കുറവ്, നെൽപാടം നികത്തൽ എന്നീ കാരണങ്ങളാൽ കൊടും വരൾച്ചയെ നേരിടുന്ന ജില്ലയായി മാറിയിട്ടുണ്ട്. കബനീ നദിയിൽ നിന്നും ജില്ലയ്ക്ക് ജലവിനിയോഗത്തിനായി ലഭിക്കുന്നത് 21 ടി.എം.സി. യാണെങ്കിലും ജില്ല വിനിയോഗിക്കുന്നത് 6 ടി.എം.സിയിൽ താഴെയാണ്. കാരാപ്പുഴ, ബാണാസുരസാഗർ എന്നീ രണ്ട് പ്രധാനപ്പെട്ട അണക്കെട്ടുകളാണ് ജില്ലയിലുള്ളത്. വൈത്തിരി, സുൽത്താൻ ബത്തേരി താലൂക്കുകളിലെ 5,221 ആയക്കട്ട് ഏരിയയിലുള്ള ഭൂമിയിൽ ജലസേചന വിതരണം നടത്തുന്നതിനാണ് കാരാപ്പുഴ ജലസേചന പദ്ധതി നടപ്പിലാക്കിയത്. പടിഞ്ഞാറത്തറ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബാണാസുരസാഗർ അണക്കെട്ടിൻറെ ആയക്കട്ട് ഏരിയ 1278 ഹെക്ടറാണ്.

ജില്ലയിൽ നിരവധി ജലസേചന, നീർത്തട, കുടിവെള്ള പദ്ധതികൾ നിലവിലുണ്ടെങ്കിലും പ്രസ്തുത പദ്ധതികൾ ശരിയായ രീതിയിൽ പരിപാലനം നടത്താത്തതിനാലും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാത്തതിനാലും ജില്ലയിൽ വളരെയധികം ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, മറ്റു പ്രസ്ഥാനങ്ങൾ എന്നിവർ ജനപങ്കാളിത്തത്തോടെ ജലം സംരക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും ജലസ്രോതസ്സ് വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക എന്നതു മാത്രമാണ് ജലക്ഷാമം പരിഹരിക്കുന്നതിനുള്ള ഏക പോംവഴി.

ജില്ലയിൽ ദീർഘകാലമായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന നീർത്തട പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനും ജലസ്രോതസ്സ് പരിപാലിക്കുന്നതിലൂടെ ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് സഹായിക്കുന്നതാണ്.

2.2.3 മഴയുടെ തോത്

2011 സാമ്പത്തിക വർഷത്തിനു മുമ്പ് വയനാട് ജില്ലയിൽ ശരാശരി 3,000mm ൽ കൂടുതൽ മഴ ലഭിച്ചിരുന്നു. ലക്കിടി, വൈത്തിരി, മേപ്പാടി എന്നീ പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ഇതിൽ നിന്നും വ്യത്യസ്ഥമായി അയൽ സംസ്ഥാനമായ കർണ്ണാടകയുടെ കാലാവസ്ഥയുമായി ജില്ലയുടെ കാലാവസ്ഥയ്ക്ക് സാമ്യതയുണ്ടായിട്ടുണ്ട്. കൂടാതെ ജൂൺ, ജൂലൈ മാസങ്ങളിൽ വളരെയധികം മഴ ലഭിക്കുന്ന ജില്ലയായിരുന്നു വയനാട് ജില്ല. *(2000-2014)*വർങ്ങളിലെവിശദാംശങ്ങൾ ജലസേചന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചാർട്ട് -2
മഴയുടെ തോത്



ഉറവിടം: RARS

2.3 മണ്ണും ധാതുക്കളും

ഭൂപ്രകൃതി അനുസരിച്ച് വയനാട് ജില്ലയുടെ പടിഞ്ഞാറും, തെക്കു വടക്ക് ഭാഗങ്ങളും മലനിരകളാണ്. പടിഞ്ഞാറു ഭാഗത്തുള്ള ബാണാസുര മലകളിൽ നിന്ന് കിഴക്കോട്ട് അൽപം ചരിഞ്ഞ് കിടക്കുന്ന സമതല പ്രദേശം, കുന്നുകളും പാടങ്ങളും ഇടകലർന്ന് നിലകൊള്ളുന്നു. മലയോര പ്രദേശങ്ങളെ അപേക്ഷിച്ച് വയനാടിൻറെ മധ്യപ്രദേശങ്ങൾ കൂടുതൽ ഫലഭൂയിഷ്ടമാണ്. പശിമരാശി മുതൽ കളിമണ്ണ് വരെയുള്ള രജസ്സും ആഴവും നീർവാഴ്ചയും ഫലഭൂയിഷ്ടിയുള്ള വനമണ്ണ് , ചരിവ് മാനമുള്ള മലകളിൽ കാണുന്നതും ചരൽ കലർന്ന പശിമരാശിയോടു കൂടി നീർവാഴ്ചയും, വെട്ടുകല്ല് മണ്ണിനേക്കാൾ അമ്ല സ്വഭാവക്കുറവുമുള്ള മലയോരമണ്ണ് , പുഴയോരങ്ങളിലും അതിനോട് ബന്ധപ്പെട്ട സമതല പ്രദേശങ്ങളിലും കാണപ്പെടുന്ന നീർവാഴ്ച കുറവുള്ളതും ഫലഭൂയിഷ്ടിയുള്ളതും മണൽ കലർന്ന പശിമരാശി അധികരിച്ച തോതിലുള്ള എക്കൽ മണ്ണ് എന്നിവയാണ് വയനാട്ടിലെ പ്രധാന മണ്ണിനങ്ങൾ.

പട്ടിക-2.3
വിവിധ ഇനം മണ്ണിനങ്ങൾ

ക്രമ നമ്പർ	മണ്ണിൻറെ തരം	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
1	സാൻറി ക്ലേ ലോം	1,16,248	52
2	ക്ലേ ലോം	29,227	12.8
3	സാൻറി ക്ലേ	29,227	12.8
4	സാൻറി ലോം	10538	4.31
5	ലോമി സാൻറ്	15	2
6	ക്ലേ സോയിൽ	5.034	0.89

ഉറവിടം: മണ്ണ് സംരക്ഷണ വകുപ്പ്

2.4 വനങ്ങൾ

സങ്കീർണ്ണങ്ങളായ ജൈവവൈവിധ്യങ്ങളുടെകലവറയാണ് വനങ്ങൾ .ജില്ലയിലെ വനവിസ്തൃതി860.55 ചതുരശ്ര കി.മീ ആണ്. ജില്ലയുടെ മൊത്തം വിസ്തീർണ്ണത്തിൻറെ 39.26 ശതമാനമാണ് വനവിസ്തൃതി. *(വനഭൂമിയുടെ ഡിവിഷൻ തിരിച്ചുള്ള വിസ്തീർണ്ണവിശദാംശങ്ങൾ വന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)*

ജില്ലയിൽ ബ്രഹ്മഗിരി പോലുള്ള അപൂർവ്വം പ്രദേശങ്ങളിൽ കാടുകൾക്ക് സമാനമായ പ്രദേശങ്ങളുണ്ട്. ജില്ലയിലെ വനങ്ങളിൽ അപൂർവ്വ ഇനം മരങ്ങളും സസ്യങ്ങളും നിലനിൽക്കുന്നുണ്ട്. പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യങ്ങളുടെ കലവറയായ വയനാട്ടിലെ വനങ്ങൾ പ്രത്യേകമായി സംരക്ഷിക്കപ്പെടേണ്ടവയാണ്. അന്യംനിന്നു പൊയ്ക്കൊണ്ടിരിക്കുന്ന നിരവധി സസ്യജന്തുജാലങ്ങളുടെ കലവറകൾ എന്നു വിശേഷിക്കാവുന്ന കാവുകൾ സംരക്ഷിക്കുന്നതിൽ ജനങ്ങൾ പ്രത്യേക താൽപര്യം കാണിക്കുന്നുണ്ട്. വിശ്വാസങ്ങളിലൂന്നിയ ഈ ജൈവമേഖലയുടെ സംരക്ഷണമാണ് അത്യപൂർവ്വങ്ങളായ ഫലവൃക്ഷങ്ങളും വംശനാശം സംഭവിക്കാതെ നിലനിൽക്കാൻ ഇടയായിട്ടുള്ളത്. കേരളത്തിലെ വനാന്തരങ്ങളിൽ പോലും വംശനാശത്തെ നേരിട്ട് അപൂർവ്വമായി കൊണ്ടിരിക്കുന്ന നിരവധി സസ്യങ്ങൾ ജില്ലയിലെ കാവുകളിൽ കാണുവാൻ സാധിക്കും. അനവധി ഔഷധ സസ്യങ്ങളുടെ അമൂല്യ ശേഖരം കൂടിയാണ് ജില്ലയിലെ കാവുകൾ.

ജില്ലയിലെ പ്രധാനപ്പെട്ട വനവിഭവങ്ങൾ തടി, വിറക്, മുള, ഓട, ചൂരൽ തുടങ്ങിയവയാണ്. ഇവയോടൊപ്പം ചെറുകിട വനവിഭവങ്ങളായ കുന്തിരിക്കം, അമൽപൊരി, ആവണക്ക്, ചെറുതേൻ, ചീനിക്കായ്, മരമഞ്ഞൾ, തേൻനെല്ലിക്ക, ഇഞ്ച, കസ്തൂരിമഞ്ഞൾ, മെഴുക്, സോപ്പ്കായ എന്നിവയും വനത്തിൽ നിന്ന് ലഭിക്കുന്നവയാണ്.

2.5 ഊർജ്ജം

വികസനത്തിൻറെ അവിഭാജ്യ ഘടകമാണ് ഊർജ്ജം. പാരമ്പര്യ ഊർജ്ജ സ്രോതസ്സായ വൈദ്യുതിയെ മാത്രം ആശ്രയിക്കാതെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റിൽ നിന്നുമുള്ള ഊർജ്ജം എന്നിവയിലൂടെ മുന്നേറിയാൽ മാത്രമെ ഊർജ്ജ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കുകയുള്ളു. ജില്ലയിൽ വൈദ്യുതി വിതരണം നടത്തുന്നത് കണിയാമ്പറ്റ, കൂട്ടമുണ്ട, സുൽത്താൻ ബത്തേരി, മാനന്തവാടി, അഞ്ചുകുന്ന്, മീനങ്ങാടി, പുൽപ്പള്ളി, കൽപ്പറ്റ, പടിഞ്ഞാറത്തറ എന്നീ ഒമ്പത് സബ്സ്റ്റേഷനുകളിൽ നിന്നാണ്. (*ഊർജ്ജ ഉൽപ്പാദന പ്രസരണ വിതരണ വിശദാംശങ്ങൾ ഊർജ്ജ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).*

ജില്ലയിലെ വൈദ്യുതി ഉപയോഗം വർഷം തോറും വർദ്ധിച്ചു വരുന്നുണ്ട്. കൂടാതെ ജില്ലയിൽ ഇപ്പോഴും വൈദ്യുതി ലഭ്യമാക്കാത്ത പ്രദേശങ്ങൾ ഉണ്ട്. ജില്ലയിൽ വർദ്ധിച്ചു വരുന്ന ഊർജ്ജം ഉപഭോഗം നിറവേറ്റുന്നതിന് മൈക്രോ, മിനി, ഹൈഡൽ പ്രൊജക്ടുകൾക്കുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതാണ്. കൂടാതെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങളും വൈദ്യുതി ഉപയോഗം നിയന്ത്രിക്കേണ്ട ആവശ്യകതയെ സംബന്ധിച്ച് ജനങ്ങളെ ബോധവൽകരിക്കേണ്ടതും പ്രോൽസാഹിപ്പിക്കേണ്ടതുമാണ്. വയനാട് ജില്ലയിൽ പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിൽ ബാണാസുരസാഗർ അണക്കെട്ടിൽ ആരംഭിച്ച സൗരോർജ്ജ പദ്ധതികൾ കേരളത്തിനു തന്നെ മാതൃകയാണ്.

2.6 മൃഗ–ക്ഷീര വിഭവങ്ങൾ

കാർഷിക ജില്ലയായ വയനാടിൻറെ സമ്പദ്ഘടനയ്ക്ക് മികച്ച സംഭാവനകൾ നൽകുന്ന മേഖലകളാണ് മൃഗ ക്ഷീര മേഖലകൾ. കാർഷികോൽപ്പന്നങ്ങൾ ഗണ്യമായി ചൂഷണം ചെയ്യാൻ കഴിയുന്ന മേഖലകൾ ആയതിനാൽ ഒരു തൊഴിലെന്ന നിലയിലും ഉപജീവനം എന്ന നിലയിലും ഈ മേഖലയിലെ കർഷകരും കർഷക തൊഴിലാളികളും അടങ്ങിയ ജനത ആശ്രയിക്കുന്നുണ്ട്. ജൈവകൃഷിക്ക് പ്രാധാന്യം വർദ്ധിച്ച ഇന്നത്തെ സാഹചര്യത്തിൽ ജില്ലയിൽ മൃഗ സംരക്ഷണ പരിപാടികൾക്ക് ഏറെ പ്രസക്തിയുണ്ട്. കാർഷിക മേഖലയിലെ വിലയിടിവും, കൃഷി നാശവും, കാലാവസ്ഥാ മാറ്റവും കർഷകർ അതിജീവിക്കുന്നതപാലുൽപ്പാദന രംഗത്തു നിന്ന് ലഭിക്കുന്നതും ആട്, കോഴി, കാട, താറാവ്, പോത്ത് കൂട്ടി എന്നിവയെ വളർത്തുന്നതിലൂടെ ലഭിക്കുന്നതുമായ വരുമാനങ്ങളിലൂടെയാണ്.

പട്ടിക–2.4
ജില്ലയിലെ പാൽ ഉൽപ്പാദന സംഭരണ വിശദാംശങ്ങൾ

വർഷം	പാലുൽപ്പാദനം (ലിറ്റർ കോടികളിൽ)	പാൽ സംഭരണം (ലിറ്റർ കോടികളിൽ)
2004 – 05	5.12	3.33
2005 – 06	5.53	3.6
2006 – 07	6.2	4.03
2007 – 08	6.63	4.31
2008 – 09	6.92	4.5
2009 – 10	7.06	4.59
2010 – 11	7.8	5.07
2011 – 12	7.73	5.03
2012 – 13	8.09	5.26
2013 – 14	9.06	5.89
2014 – 15	9.83	6.39
2015 – 16	11.11	7.22
2016 – 17	11.446	7.44

ഉറവിടം: ക്ഷീര വികസനം

ജില്ലയിലെ 2004 – 05 സാമ്പത്തിക വർഷത്തിലെ പാലുൽപ്പാദനം 5.12 കോടി ലിറ്ററും പാൽസംഭരണം 3.3 കോടി ലിറ്ററും ആയിരുന്നത് 2016 – 17 സാമ്പത്തിക വർഷമായപ്പോഴേക്കും പാൽ ഉൽപ്പാദനം 11.446 കോടി ലിറ്ററായും പാൽസംഭരണം 7.44 കോടി ലിറ്റർ ആയി വർദ്ധിപ്പിക്കുകയുംചെയ്തിട്ടുണ്ട്.

ജില്ലയിൽ പ്രവർത്തിക്കുന്ന വയനാട് മിൽമ പാലുൽപാദന വിതരണ കേന്ദ്രത്തിൻറെ നേട്ടങ്ങൾ സംസ്ഥാനത്തിന് തന്നെ മാതൃകയാണ്. കൂടാതെ, വിവിധ ക്ഷീരസഹകരണ സംഘങ്ങള്ർ സ്വന്തം ഉത്തരവാദിത്തത്തിൽ ജില്ലയിലുംജില്ലയ്ക്ക പുറത്തും പാലും പാലുൽപന്നങ്ങളും വിതരണം ചെയ്യുന്നുണ്ട്. പാലുൽപ്പാദനത്തിൽ വയനാട് ജില്ല സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ട്.

സർക്കാർ സഹകരണത്തോടെ ആരംഭിച്ച ബ്രഹ്മഗിരി ഡെവലപ്പ്മെൻറ് സൊസൈറ്റിയുടെ കീഴിലുള്ള മാംസ സംസ്കരണ ഫാക്ടറി സുൽത്താൻ ബത്തേരി താലൂക്കിലെ നെൻമേനി ഗ്രാമ പഞ്ചായത്തിലെ മഞ്ഞാടി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ജില്ലയിലെ കർഷകരുടെ വരുമാന വർദ്ധനത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനും പ്രസ്തുത സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. ബ്രഹ്മഗിരി ഉൽപന്നങ്ങൾ ജില്ലയ്ക്ക് അകത്തും പുറത്തും വിപണന രംഗത്ത് വിജയം കൈവരിച്ചിട്ടുണ്ട്.

പട്ടിക-2.5
കന്നുകാലി സെൻസസ്

കമ നമ്പർ	ഇനം	1987	1996	2003	2007	2012
1	പശു	172981	284116	103694	89135	76777
2	ആട്	32421	72518	41921	78876	351128
3	എരുമ	20681	10435	–	2474	5150
4	പോത്ത്	–	–	3678	1610	4562
5	പന്നി	4642	17799	3684	2333	3509
6	കോഴി	428080	847781	314046	168031	218813
7	താറാവ്	–	9518	7857	9005	14149
8	മുയൽ	–	5521	–	3790	12931
9	ചെമ്മരിയാട്	–	1173	36	190	2474
10	കാട	–	–	–	3288	1028
11	എമു	–	–	–	–	14
12	നായ	–	60913	–	32479	25556
13	മറ്റിനങ്ങൾ (വ്യക്തമാക്കുക)	–	–	–	–	–

ഉറവിടം: മൃഗസംരക്ഷണ ഓഫീസ്

നിർദ്ദേശങ്ങൾ

1. തദ്ദേശഭരണ സ്ഥാപന തലത്തിൽ ബ്രീഡിംഗ് യൂണിറ്റുകൾ ആരംഭിക്കുക
2. അത്യുൽപാദന ശേഷിയുള്ള സങ്കര ഇനം മൃഗങ്ങളുടെ ലഭ്യത.
3. തീറ്റ പുൽ കൃഷി വ്യാപകമാക്കുക – തരിശ്ശ് ഭൂമികളിൽ ക്ഷീര സംഘങ്ങൾ അയൽ കൂട്ടങ്ങൾ എന്നിവയുടെ നേതൃത്വത്തൽ തീറ്റ പുൽകൃഷി നടത്തുക
4. ക്ഷീര കർഷകർക്ക് പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുക.
5. പാൽ വിതരണം നടത്തുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് എടിഎം മെഷീനുകൾ സ്ഥാപിക്കുക.
6. വനിത പാലുൽപാദന വിതരണ കേന്ദ്രങ്ങൾ പ്രോത്സാഹിപ്പിക്കുക.
7. കാലിതീറ്റ ഉല്പാദന വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക
8. നാടൻ പശുക്കളെ വളർത്തുന്നതിന് ക്ഷീര കർഷകർക്ക് പ്രോത്സാഹനം നൽകുക.
9. മുട്ടക്കോഴി സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക
10. ഇറച്ചി വിതരണം സഹകരണാടിസ്ഥാനത്തിലാക്കണം.

2.7 മനുഷ്യ വിഭവങ്ങൾ

ജനസംഖ്യയുടെ വളർച്ചാനിരക്ക്, ഘടന, സ്ത്രീ-പുരുഷ അനുപാതം, ജനസാന്ദ്രത, തൊഴിൽചെയ്യുവാനുള്ള ശേഷി ഇവയൊക്കെ ഒരു പ്രദേശത്തിൻറെ ആവശ്യങ്ങൾ നിർണ്ണയിക്കപ്പെടുന്നതിനും നിർണ്ണയിക്കപ്പെട്ട ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി കൈവരിക്കുന്നതിനും അടിസ്ഥാനപ്പെടുത്തേണ്ട കാര്യങ്ങളാണ്. ആഹാരം, വസ്ത്രം, പാർപ്പിടം, കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം, വിനോദ സഞ്ചാരം, കലാകായികം, വാർത്താ വിനിമയം, ഗതാഗതം, നൂതന സാങ്കേതിക വിദ്യകൾ, ജനങ്ങളിലെ ശുചിത്വ അവബോധം തുടങ്ങിയവ മനുഷ്യ ജീവിതത്തിനും പ്രായ, ലിംഗ ഘടനയ്ക്കും

അനസ്യൂതമായ മേഖലാ ആസൂത്രണത്തിന് അത്യന്താപേക്ഷിതമാണ്.വികസന പ്രക്രിയയിൽ മനുഷ്യ വിഭവ ലഭ്യതയുടെപ്രാധാന്യംഅനിവാര്യമായതാണ്.

വയനാട് ജില്ല രൂപീകൃതമായതിന് ശേഷം മനുഷ്യ വിഭവത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ജില്ലയിലെ ആകെ ജനസംഖ്യയിൽ പതിനെട്ട് ശതമാനത്തിലധികം വരുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുരോഗതിക്കായി വികസനാസൂത്രണത്തിൽ പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്. 2011 സെൻസസ് പ്രകാരം ജില്ലയിലെ സ്ത്രീ പുരുഷ അനുപാതത്തിൽ ഗണ്യമായ മാറ്റം വന്നത് ആശാവഹമാണ് (1035).ജില്ലയുടെ ജനസംഖ്യാവിവരങ്ങൾ ആമുഖം (സാമ്പത്തിക സ്ഥിതി വിവര കണക്ക്) വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജനസംഖ്യയിലെ വളർച്ച, ജനനം കൊണ്ടുള്ള വളർച്ചയേക്കാൾ ഏറ്റവും കൂടുതൽ ഉണ്ടായിട്ടുള്ളത് ജില്ലയിൽകുടിയേറ്റം മൂലമാണ്.1940-70 കാലഘട്ടങ്ങളിലാണ് ജില്ലയിലേക്ക് ഏറ്റവും കൂടുതൽ കുടിയേറ്റം ഉണ്ടായിട്ടുള്ളത്. മധ്യ തിരുവിതാംകൂറിൽ നിന്നാണ് ഏറ്റവും കൂടുതൽ കുടിയേറ്റം ഉണ്ടായിട്ടുള്ളത് എങ്കിലും കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും ജില്ലയിലേക്ക് കുടിയേറ്റം ഉണ്ടായിട്ടുണ്ട്. ഇതുകൂടാതെ അടുത്തകാലത്തായി തൊഴിലിനുവേണ്ടി കർണാടകം, തമിഴ്നാട്, പശ്ചിമ ബംഗാൾ തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികളുടെ കുടിയേറ്റം ഉണ്ടായിട്ടുണ്ട്. കുടിയേറ്റങ്ങൾ വയനാടിൻറെ വികസനത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

പട്ടിക-2.6
വയസ്സ്/ലിംഗഭേദത്തിൻറെ അടിസ്ഥാനത്തിലുള്ള ജനസംഖ്യ

ക്രമ നമ്പർ	ഇനം	1981	1991	2011 (%)
1	0-4 വയസ്സുവരെയുള്ളവരുടെ ജനസംഖ്യ			
	സ്ത്രീ	39.55	33.37	25.02
	പുരുഷൻ	38.21	32.87	26.93
	ആകെ	38.86	33.12	25.96
2	15-59 വയസ്സുവരെയുള്ളവരുടെ ജനസംഖ്യ			
	സ്ത്രീ	55.54	60.33	64.76
	പുരുഷൻ	56.33	61.01	64.00
	ആകെ	55.95	60.68	64.39
3	60 വയസ്സുവരെയുള്ളവരുടെ ജനസംഖ്യ			
	സ്ത്രീ	4.91	6.29	10.19
	പുരുഷൻ	5.46	6.12	9.05
	ആകെ	5.19	6.21	9.63

ഉറവിടം: എക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ്

വിവിധ പ്രായ വിഭാഗങ്ങളിലായി ജനസംഖ്യയുടെ വിതരണം പരിശോധിക്കുമ്പോൾ 0-14 പ്രായ വിതരണം 1981 ൽ 38.86% ആയിരുന്നത് 2011 ൽ 25.96% ആയി കുറഞ്ഞു. എന്നാൽ 15-59 വയസ്സുള്ളവരുടെ ഗ്രൂപ്പിൽ 55.95% ൽ നിന്നും 64.39% ആയി വർദ്ധിച്ചതായും കാണുന്നു. 60 വയസ്സിനു മുകളിലുള്ളവരുടെ ജനസംഖ്യ 5.19% ൽ നിന്നും 9.63% മായി വർദ്ധിച്ചാതായി കാണുന്നുണ്ട്. ആരോഗ്യ രംഗത്തെ പുരോഗതി ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് എന്നിവയിലുള്ള കുറവ് ആയുർ ദൈർഘ്യത്തിലുള്ള വർദ്ധനവ് എന്നിവ ജനസംഖ്യ വളർച്ചയിൽ പ്രതിഫലിച്ച് കാണുന്നുണ്ട്.

പട്ടിക–2.7
ഗ്രാമ നഗര ജനസംഖ്യ

ക്രമ നമ്പർ	ജനസംഖ്യ	ഗ്രാമം	നഗരം
1	ആകെ ജനസംഖ്യ	7,85,840	31,580
	പുരുഷൻ	3,86,283	15,401
	സ്ത്രീ	3,99,557	16,179
2	സ്ത്രീ പുരുഷാനുപാതം	1034	1051
3	കുട്ടികളുടെ സ്ത്രീ പുരുഷ അനുപാതം	965	959
4	കുട്ടികളുടെ ജനസംഖ്യ (0–6)	88727	3597
	ആൺകുട്ടികൾ	45,158	1836
	പെൺകുട്ടികൾ	43,569	1761
5	സാക്ഷരത	620070	25515
	പുരുഷൻ	315367	12769
	സ്ത്രീ	304703	12746

ഉറവിടം. സെൻസസ് 2011

വയനാട് ജില്ലയിൽ ഗ്രാമങ്ങളിൽ താമസിക്കുന്നവരുടെ എണ്ണം 7,85,840ഉം നഗരങ്ങളിൽ താമസിക്കുന്നവർ 31,580പേരുമാണ്. ഗ്രാമ പ്രദേശങ്ങളിൽ സ്ത്രീ പുരുഷാനുപാതം 1034 ഉം നഗരപ്രദേശങ്ങളിൽ 1051 ഉം ആണ്. കുട്ടികളിലെ സ്ത്രീ പുരുഷാനുപാതം ഗ്രാമ പ്രദേശങ്ങളിൽ 965 ഉം നഗരപ്രദേശങ്ങളിൽ 959 ഉം ആണ്.

2.7.1 വിവിധ ജനവിഭാഗങ്ങൾ

ആകെ ജനസംഖ്യയിൽ. 49.48 % ഹിന്ദുക്കളും 28.65 % .മുസ്ലീങ്ങളും 21.34 %ക്രിസ്ത്യാനികളും, 0.01 % സിക്കുകളും 0.04 % ബുദ്ധമതക്കാരും 0.22 %ജൈനമതക്കാരും ആണുള്ളത്. പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ യഥാക്രമം 32,578, 1,51,443 ഉം ആണ്. ഇതര സംസ്ഥാന തൊഴിലാളികളായ7,181 ആളുകൾ ജില്ലയിൽ താമസിക്കുന്നുണ്ട്.

2.7.2 സാക്ഷരത

കേരളത്തിലെ ജില്ലകളിൽ സാക്ഷരത നിലവാരത്തിൽ വയനാട് പുറകിലാണ്.1971ൽ ജനസംഖ്യയുടെ 47.3% മാത്രമേ സാക്ഷരത ഉണ്ടായിരുന്നുള്ളു. എന്നാൽ ഇത് 1981 ൽ 58.3% വും 2011 ൽ 89.32% ഉം ആയിരുന്നു. ഇതിൽ സ്ത്രീ സാക്ഷരത 85.94 % വും പുരുഷ സാക്ഷരത 92.84 % വുമാണ്. സ്ത്രീകൾ പുരുഷൻമാരേക്കാൾ സാക്ഷരതയിൽ പിന്നിലാണ്.

പട്ടികജാതി വിഭാഗങ്ങളുടെ സാക്ഷരത 1981 ൽ 48.1 ശതമാനവും 2011 ൽ 82 ശതമാനവുമാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാക്ഷരതയിൽ 1981 ൽ 20.7 ശതമാനത്തിൽ നിന്നും 2011 ൽ. 71.38 ശതമാനമായി ഉയർന്നിട്ടുണ്ട്.വിശദാംശങ്ങൾ ആമുഖം (സാമ്പത്തിക സ്ഥിതി വിവര കണക്ക്) വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2.7.3 തൊഴിൽ മേഖല

പട്ടിക–2.8–
2011 സെൻസസ് പ്രകാരമുള്ള തൊഴിലാളികളുടെ വിതരണം

ക്രമ നമ്പർ	ഇനം	സ്ത്രീ	പുരുഷൻ	ആകെ
1	പ്രധാന തൊഴിലാളികൾ	72,034	1,91,411	2,63,445
2	മാർജ്ജിനൽ തൊഴിലാളികൾ	76,632	37,228	113860
	ആകെ	**148666**	**2,28,639**	**377305**

ഉറവിടം. സെൻസസ് 2011

ജില്ലയിലെ പ്രധാന തൊഴിലാളികളുടെ എണ്ണം 2,63,445ആണ്. ഇതിൽ സ്ത്രീ തൊഴിലാളികൾ 72,034 ഉം പുരുഷൻമാർ 1,91,411 ഉം ആണ്. ജില്ലയിലെ മാർജിനൽ തൊഴിലാളികൾ 39,404 ആണ്. ജില്ലയിലെ ആകെ തൊഴിലാളികളുടെ എണ്ണം 3,40,077 ആണ്. 3,04,298 പേർ ഒരു തൊഴിലിലും ഏർപ്പെടാത്തവരാണ്.

ജില്ലയിൽ പി.എസ്.സി പരീക്ഷ എഴുതി സർക്കാർ മേഖലയിലേക്ക് വരുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം വളരെക്കുറവാണ്. വയനാട് ജില്ലയിലെ കാർഷിക മേഖലയിൽ വന്ന മാറ്റങ്ങൾ കാരണം പരമ്പരാഗതമായി തൊഴിൽ ചെയ്തിരുന്ന നെൽകൃഷിയിൽ നിന്നും വാഴ, മരച്ചീനി, പച്ചക്കറികൃഷി തുടങ്ങിയ മേഖലയിലേക്ക് പട്ടികവർഗ്ഗ വിഭാഗങ്ങൾ തൊഴിലന്വേഷിച്ച് പോയിട്ടുണ്ട്.

പട്ടിക–2.9
ജില്ലയിലെ തൊഴിലാളികളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	മേഖല	എണ്ണം
1	കർഷക തൊഴിലാളികൾ	123757
2	തയ്യൽ തൊഴിലാളികൾ	14111
3	കെട്ടിട നിർമ്മാണ തൊഴിലാളികൾ	23821
4	തോട്ടം തൊഴിലാളികൾ	8757
5	ഇതര സംസ്ഥാന താഴിലാളികൾ	7181
6	തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെടുന്നവർ	96964
7	കേരള ഷോപ്പ്സ് &കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് പ്രകാരമുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ	17489
8	ചുമട്ടു തൊഴിലാളികൾ	2312

ഉറവിടം. തൊഴിൽ വകുപ്പ്

ചാർട്ട്-4
ജില്ലയിലെ തൊഴിലാളികളുടെ വിശദാംശങ്ങൾ



ഉറവിടം. തൊഴിൽ വകുപ്പ്

ജില്ലയിലെ തൊഴിലാളികളിൽ 44.69 % പേർ കർഷക തൊഴിലാളികളും 5.09 % പേർ തയ്യൽ തൊഴിലാളികളും 8.06 % പേർ കെട്ടിട നിർമ്മാണ തൊഴിലാളികളും 3.16 % പേർ തോട്ടം തൊഴിലാളികളും 2.59 % പേർ ഇതര സംസ്ഥാന തൊഴിലാളികളും 35.01 % പേർ തൊഴിലുറപ്പ് പണിയിൽ ഏർപ്പെടുന്നവരും 6.31 % പേർ കേരള ഷോപ്പ്സ് &കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് പ്രകാരമുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും 0.83 % ചുമട്ടു തൊഴിലാളികളുമാണ്.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ *സ്ഥിതിവിവര കണക്കുകൾ (2017 വരെ)* , വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് , വിശദാംശങ്ങൾ തൊഴിൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജില്ലയിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം 93,290ആണ്. ഇതിൽ പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയ്ക്ക് താഴെയുള്ളവരുടെ എണ്ണം 9,119 ആണ്. പത്താംക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ളവർ 56,086 പേരും പ്രീഡിഗ്രി യോഗ്യതയുള്ളവർ 19,842പേരും ബിരുദ യോഗ്യതയുള്ളവർ 5,988പേരും സാങ്കേതിക വിദ്യാഭ്യാസമുള്ളവരുടെ എണ്ണം 2,504ഉം ആണ്.

ഭിന്നശേഷി വിഭാഗം, പട്ടികജാതി (എസ്.സി), പട്ടികവർഗ്ഗ വിഭാഗം (എസ്.ടി)എന്നിവയുടെവിശദാംശങ്ങൾ തൊഴിൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജില്ലയിൽ എംപ്ളോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം 1221 ആണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം 6741 ഉം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം 11,958 ഉം ആണ്. പട്ടികജാതി വിഭാഗത്തിൽ 22.5 %പേർ പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയ്ക്ക് താഴെയുള്ളവരും 51.80 %പേർ പത്താംക്ലാസ്

വിദ്യാഭ്യാസ യോഗ്യതയുളളവരും 20.60 %പേർ പ്രീഡിഗ്രി യോഗ്യതയുളളവരും 4.99 %പേർ ബിരുദ യോഗ്യതയുളളവരുമാണ്.

പട്ടികവർഗ്ഗ വിഭാഗത്തിൽ 16.82 %പേർ പത്താംക്ലാസ് വിദ്യാഭ്യാസ യോഗ്യതയ്ക്ക് താഴെയുളളവരും 62.76 %പേർ പത്താംക്ലാസ് വിദ്യാഭ്യാസ യോഗ്യതയുളളവരും 17.56 %പേർ പ്രീഡിഗ്രി യോഗ്യതയുളളവരും 4.85 %പേർ ബിരുദ യോഗ്യതയുളളവരുമാണ്. *ഉദ്യോഗപ്പേരിൻറെ* അടിസ്ഥാനത്തിൽജില്ലയിലെ പ്രവാസികളുടെ വിശദാംശങ്ങൾ ആമുഖം (സാമ്പത്തിക സ്ഥിതി വിവര കണക്ക്) വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജില്ലയിലെ പ്രവാസികളിൽ സെയിൽസ് മാൻ, ഡ്രൈവർ എന്നീ തസ്തികകളിൽ വിദേശത്ത് ജോലി ചെയ്യുന്നവരുടെ എണ്ണം മറ്റുളളവരെ അപേക്ഷിച്ച് കൂടുതലാണ്. ഡോക്ടർമാർ, ബാങ്ക് ജീവനക്കാർ, അദ്ധ്യാപകർ എന്നീ വിഭാഗങ്ങളിൽ വിദേശത്ത് ജോലി ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്.

2.7.4 മാനവ വികസന സൂചിക

2015 സാമ്പത്തിക വർഷത്തിൽ,ജില്ലയുടെ മാനവ വികസന സൂചിക 0.753ഉം മാനവ വികസന റാങ്കിംഗിൽപതിമൂന്നാം സ്ഥാനവുമാണ് വയനാട് ജില്ലക്കുള്ളത്. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലുള്ള നിലവാരമുള്ള സ്ഥാപനങ്ങളുടെ കുറവ് മാനവ വികസന സൂചിക റാങ്കിൽ വളരെ പിന്നോട്ട് പോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. കൂടാതെ അഭ്യസ്ഥ വിദ്യരുടെ എണ്ണത്തിലുള്ളകുറവ്, ഐറ്റി മേഖലയിലുള്ള സ്ഥാപനങ്ങളുടെ കുറവ് തുടങ്ങിയവ വയനാടിൻറെ പ്രധാനപ്പെട്ട പോരായ്മകളാണ്.

പട്ടിക-2.10
മാനവ വികസന സൂചിക

വർഷം	വരുമാന സൂചിക	ആരോഗ്യ സൂചിക	വിദ്യാഭ്യാസ സൂചിക	എച്ച്ഡിഐ സൂചിക	dm¦v
2005	0.563	0.809	0.886	0.753	13

ഉറവിടം: എക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ്

2.8 പ്രവാസികളും വയനാട് ജില്ലയും

കേരളത്തിന്റെ വികസനത്തിൽ പ്രവാസികൾ ഒരു സുപ്രധാന പങ്കു വഹിക്കുന്നു. മലപ്പുറം, കോട്ടയം ജില്ലകളെ അപേക്ഷിച് വയനാട് ജില്ലയിൽ പ്രവാസികളുടെ എണ്ണം കുറവാണ്. എന്നിരുന്നാലും 1990-കളുമായി താരതമ്യം ചെയ്യുമ്പോൾ ഈ വിഭാഗത്തിൽ പെട്ടവരുടെ എണ്ണം വർധിച്ചു വരുന്നുണ്ട്. പ്രവാസികളുടെ വരുമാനം സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ലെങ്കിലും അവർ ലഭ്യമാക്കുന്ന തുകയെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങൾ ഏറെയുണ്ട്.

വയനാട് ജില്ലയിലെ പ്രവാസികളുടെയും അവർ ചെയ്യുന്ന തൊഴിലും അടിസ്ഥാനപ്പെടുത്തിയുള്ള ചുരുക്ക വിവരണം ചുവടെ ചേർക്കുന്നു.

പട്ടിക–2.11:
പ്രവാസികളുടെ എണ്ണം

ക്രമ നമ്പർ	ഇനം	എണ്ണം
1	പ്രവാസികൾ ഉള്ള വീടുകൾ	13442
2	ആകെ പ്രവാസികൾ	17113
3	ജോലി ചെയ്യുന്ന പ്രവാസികൾ	17113
4	ആണ്	14328
5	പെണ്ണ്	1332
6	ജോലി ഉള്ളവർ	15660

ഉറവിടം. നോർക്ക റൂട്സ്

2.8.1. ജില്ലയിലെ പ്രവാസികളും തൊഴിലും

പട്ടിക–2.12:
പ്രവാസികളുടെ എണ്ണം തൊഴിൽ അടിസ്ഥാനത്തിൽ.

ക്രമ നമ്പർ	തൊഴിൽ	എണ്ണം
1	ഡോക്ടർ	31
2	നേഴ്സ്	856
3	എഞ്ചിനീയർ	403
4	ബാങ്ക്	80
5	ഐ ടി	250
6	മാനേജർ	85
7	അധ്യാപകർ	200
8	ഡ്രൈവർ	2505
9	ബിസിനസ്	616
10	സെയിൽസ്മാൻ	3875
11	മറ്റുള്ളവർ	6754
12	**ആകെ**	15660

ഉറവിടം. നോർക്ക റൂട്സ്

2.9 ധന വിഭവങ്ങൾ

ഈ വിഭാഗത്തിൽ പ്രധാനമായും താഴെ പറയുന്ന വിഭവങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്

1. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുക
2. തദ്ദേശഭരണ സ്ഥാപനങ്ങളും തനത് ഫണ്ടുകളും
3. സംസ്ഥാനാവിഷ്കൃത പദ്ധതികളും ഫണ്ടുകളും
4. കേന്ദ്രാവിഷ്കൃത പദ്ധതികളും ഫണ്ടുകളും
5. ബാങ്ക് ലോണുകളും വായ്പകളും
6. എം. പിമാരുടെ പ്രാദേശിക വികസന നിധി
7. എം.എൽ.എ. മാരുടെ പ്രാദേശിക വികസന നിധി
8. മൾട്ടിസെക്ടൽഡെവലപ്പ്മെന്റ് പ്രോഗ്രാം
9. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടുകൾ
10. സന്നദ്ധ സംഘടനകൾ മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ

2.9.1 തദ്ദേശഭരണസ്ഥാപനങ്ങളും വിഭവങ്ങളും

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനായി ഓരോ വർഷവും സർക്കാർ വികസന ഫണ്ട് അനുവദിച്ചുവരുന്നു. സർക്കാർ ലഭ്യമാക്കുന്ന ഫണ്ടുകൾമിക്ക വർഷങ്ങളിലും പിൻവർഷത്തെ അപേക്ഷിച്ച് വർദ്ധിച്ച് വരുക തന്നെയാണ് ചെയ്യുന്നത് എന്നാൽ ഈ വർധനവിന് അനുസരിച്ച്തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവിൽവർധനവ് വരുന്നതായി കാണാൻകഴിയുന്നില്ല.

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി കാലയളവിൽസർക്കാരിൽ നിന്നും വയനാട് ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പദ്ധതി ചെലവിലേക്കായി ബജറ്റിൽ നീക്കി വെച്ച തുകയും തദ്ദേശഭരണ സ്ഥാപനങ്ങൾയഥാർത്തിൽ ചെലവഴിച്ച തുകയും തമ്മിൽ സമാന്യമായ അന്തരം നിലനിൽക്കുന്നു. ഈ പ്രവണത താഴെ നൽകിയിട്ടുള്ള പട്ടിക, ഡയഗ്രം എന്നിവയിൽനിന്നും മനസിലാക്കാവുന്നതാണ്.

പട്ടിക-2.13: പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി കാലയളവിൽസർക്കാരിൽ നിന്നും വയനാട് ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പദ്ധതി ചെലവിലേക്കായി ബജറ്റിൽ നീക്കി വെച്ച തുകയും

വർഷം	2012-13	2013-14	2014-15	2015-16	2016-17
അനുവദിച്ചത്	34376.25	44878.28	51381.62	63167.66	57935.02
ചിലവഴിച്ചത്	13319.28	23849.85	20666.21	26176.67	19268.59

ഉറവിടം. LSGD



ഉറവിടം. LSGD

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി കാലയളവിൽ സർക്കാരിൽനിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച തുകയും ലഭ്യമായ തുകയും തദ്ദേശഭരണ സ്ഥാപനങ്ങൾചെലവാക്കിയ തുകയും തമ്മിലുള്ള അന്തരം വർധിച്ച് വരുന്നതായി മുകളിത്തെ ഡയഗ്രത്തിൽനിന്ന് വ്യക്തമാണ്. ഈ അന്തരത്തെ ഉപയുക്തതാ അന്തരം(Utility Gap)എന്ന് പറയുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾഅവയ്ക്ക് ലഭ്യമാകുന്ന വിഭവം പരമാവധി വിനിയോഗിക്കത്തക്ക രീതിയിൽ പ്രോജക്ടുകൾ രൂപീകരിക്കുകയും തുക യഥാസമയം ചെലവഴിക്കുകയും ചെയ്യുക എന്നതാണ് ഉപയുക്തതാ അന്തരം കുറച്ച് കൊണ്ട് വരുന്നതിനുള്ള മാർഗം. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു പ്രത്യക മേഖലയിലെയോ പ്രദേശത്തെയോ വികസന വിടവുകൾകണ്ടെത്തി അവ നികത്തുന്നതിനുള്ള പ്രോജക്ടുകൾരൂപീകരിച്ച് സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. ഓരോ വാർഷിക പദ്ധതിയിലും തദ്ദേശഭരണ സ്ഥാപനത്തിലെ പ്രത്യേക ഉന്നൽനൽകേണ്ടതായ മേഖലകൾ വർക്കിംഗ് ഗ്രൂപ്പ്കളുടെ സഹായത്തോടെ കണ്ടെത്തി അവയ്ക്ക് ഉതകുന്ന രീതിയിലുള്ള പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കാവുന്നതാണ്. ഇത്തരത്തിൽ അഞ്ച് വർഷത്തെക്കുള്ള വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തി ഓരോ വർഷവും കൈവരിച്ച നേട്ടങ്ങളും അതോടെപ്പം കോട്ടങ്ങളും വിലയിരുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന വിടവുകൾ ഒരു പരിധി വരെ നികത്താവുന്നതാണ്.

പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽതദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവയുടെ വികേന്ദ്രീകൃത ആസൂത്രിത പദ്ധതികൾ കൂടുതൽ സ്വതന്ത്രവും അതോടൊപ്പം തുടർച്ചാസാധ്യതയുള്ളതും പരിസ്ഥിതി രക്ഷ ഉറപ്പാക്കുന്നതും സാമൂഹ്യനീതി മുറുകെ പിടിക്കുന്നതുമായ തരത്തിലുള്ള സാമ്പത്തിക വളർച്ച നേടുക എന്ന ലക്ഷ്യത്തോടെ ഏതാണ്ട് 60,000 കോടിയിലധികം രൂപ പ്രദേശിക സർക്കാറുകൾക്കുള്ള വിഹിതമായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരിക്കുന്നു. ഇത്രയും തുക ഉപയോഗിച്ച് കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ പ്രദേശിക തലത്തിലുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുന്ന തരത്തിൽ പദ്ധതി ആസൂത്രണ രൂപീകരണ നിർവ്വഹണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഈ തുക പര്യാപ്തമാണ്.

2017–18 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ 23 ഗ്രാമപഞ്ചായത്തുകൾക്കും മൂന്ന് മുൻസിപ്പാലിറ്റികൾക്കുംനാലു ബ്ലോക്കു പഞ്ചായത്തുകൾക്കും ജില്ലാപഞ്ചായത്തിനും ആയി 28339.59 ലക്ഷം രൂപയാണ് പദ്ധതി അടങ്കൽ തുകയായി വകയിരുത്തിയിട്ടുള്ളത് . ഒരോ തദ്ദേശഭരണ സ്ഥാപനത്തിനും 2017–18 സാമ്പത്തിക വർഷം അനുവദിച്ച തുകയോട് പത്തു ശതമാനം വീതം തുക വർദ്ധിപ്പിച്ച് പതിമൂന്നാം പഞ്ചവൽസര പദ്ധതികാലയളവിലേക്ക് ലഭിക്കുന്ന തുകയുടെ വിശദാംശങ്ങൾ കണക്കാക്കിയിരിക്കുന്നു. ഈ തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ അവയുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് പരിഗണിക്കാവുന്നതാണ്.

പട്ടിക–2.14
പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽതദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന തുക

ക്രമ നം	തദ്ദേശഭരണ സ്ഥാപനം	ഫണ്ടുകൾ	വർഷം				
			2017–18	2018–19	2019–20	2020–21	2021–22
1	അമ്പലവയൽഗ്രാമപഞ്ചായത്ത്	പൊതുവിഭാഗം	203.29	223.62	245.98	270.58	297.64
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	114.00	125.40	137.94	151.73	166.91
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	21.40	23.54	25.89	28.48	31.33
		ട്രൈബൽസബ് പ്ലാൻ	126.94	139.63	153.60	168.96	185.85
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	131.85	145.04	159.54	175.49	193.04

		മൈന്റെൻസ് ഗ്രാൻഡ് റോഡിതരം	79.60	87.56	96.32	105.95	116.54
		ആകെ	677.08	744.79	819.27	901.19	991.31
2	എടവകഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	148.62	163.48	179.83	197.81	217.59
		ഫിനാൻസ് കമ്മീഷൻഗ്രാൻറ്	83.35	91.69	100.85	110.94	122.03
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	10.19	11.21	12.33	13.56	14.92
		ട്രൈബൽ സബ് പ്ലാൻ	130.52	143.57	157.93	173.72	191.09
		മൈന്റെൻസ് ഗ്രാൻഡ് റോഡ്	199.52	219.47	241.42	265.56	292.12
		മൈന്റെൻസ് ഗ്രാൻഡ് റോഡിതരം	60.53	66.58	73.24	80.57	88.62
		ആകെ	632.73	696.00	765.60	842.16	926.38
3	കോട്ടത്തറഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	94.75	104.23	114.65	126.11	138.72
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	53.14	58.45	64.30	70.73	77.80
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	9.64	10.60	11.66	12.83	14.11
		ട്രൈബൽ സബ് പ്ലാൻ	122.29	134.52	147.97	162.77	179.04
		മൈന്റെൻസ് ഗ്രാൻഡ് റോഡ്	196.31	215.94	237.54	261.29	287.42
		മൈന്റെൻസ് ഗ്രാൻഡ് റോഡിതരം	41.81	45.99	50.59	55.65	61.21
		ആകെ	517.94	569.73	626.71	689.38	758.32
4	കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	150.28	165.31	181.84	200.02	220.02
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	84.28	92.71	101.98	112.18	123.39
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	15.10	16.61	18.27	20.10	22.11
		ട്രൈബൽ സബ് പ്ലാൻ	160.43	176.47	194.12	213.53	234.89
		മൈന്റെൻസ് ഗ്രാൻഡ് റോഡ്	59.66	65.63	72.19	79.41	87.35
		മൈന്റെൻസ് ഗ്രാൻഡ് റോഡിതരം	38.42	42.26	46.49	51.14	56.25
		ആകെ	508.17	558.99	614.89	676.37	744.01
5	പടിഞ്ഞാറെത്തറഗ്രാമ	പെതുവിഭാഗം	134.97	148.47	163.31	179.65	197.61

	പഞ്ചായത്ത്	ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	75.70	83.27	91.60	100.76	110.83
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	33.86	37.25	40.97	45.07	49.57
		ട്രൈബൽ സബ് പ്ലാൻ	70.37	77.41	85.15	93.66	103.03
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	287.04	315.74	347.32	382.05	420.26
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	58.02	63.82	70.20	77.22	84.95
		ആകെ	659.96	725.96	798.55	878.41	966.25
6	പനമരം ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	384.06	422.47	464.71	511.18	562.30
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	0.00	0.00	0.00	0.00	0.00
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	37.80	41.58	45.74	50.31	55.34
		ട്രൈബൽ സബ് പ്ലാൻ	294.52	323.97	356.37	392.01	431.21
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	316.87	348.56	383.41	421.75	463.93
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	107.37	118.11	129.92	142.91	157.20
		ആകെ	1140.62	1254.68	1380.15	1518.17	1669.98
7	മീനങ്ങാടിഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	185.02	203.52	223.87	246.26	270.89
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	103.75	114.13	125.54	138.09	151.90
		സ്പെഷ്യൽ കോംപോണേറ്പ്ലാൻ	20.47	22.52	24.77	27.25	29.97
		ട്രൈബൽ സബ് പ്ലാൻ	188.71	207.58	228.34	251.17	276.29
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	175.42	192.96	212.26	233.48	256.83
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	83.88	92.27	101.49	111.64	122.81
		ആകെ	757.25	832.98	916.27	1007.90	1108.69
8	നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	248.65	273.52	300.87	330.95	364.05
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	139.45	153.40	168.73	185.61	204.17
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	13.03	14.33	15.77	17.34	19.08

		ടൈബൽ സബ് പ്ലാൻ	273.50	300.85	330.94	364.03	400.43
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	356.22	391.84	431.03	474.13	521.54
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	90.65	99.72	109.69	120.66	132.72
		ആകെ	1121.50	1233.65	1357.02	1492.72	1641.99
9	തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	241.90	266.09	292.70	321.97	354.17
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	135.66	149.23	164.15	180.56	198.62
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	30.73	33.80	37.18	40.90	44.99
		ടൈബൽ സബ് പ്ലാൻ	180.50	198.55	218.41	240.25	264.27
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	272.74	300.01	330.02	363.02	399.32
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	89.62	98.58	108.44	119.28	131.21
		ആകെ	951.15	1046.27	1150.89	1265.98	1392.58
10	നെന്മേനി ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	254.22	279.64	307.61	338.37	372.20
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	142.57	156.83	172.51	189.76	208.74
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	40.98	45.08	49.59	54.54	60.00
		ടൈബൽ സബ് പ്ലാൻ	188.38	207.22	227.94	250.73	275.81
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	253.15	278.47	306.31	336.94	370.64
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	98.15	107.97	118.76	130.64	143.70
		ആകെ	977.45	1075.20	1182.71	1300.99	1431.08
11	തരിയോട് ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	88.22	97.04	106.75	117.42	129.16
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	49.47	54.42	59.86	65.84	72.43
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	4.26	4.69	5.15	5.67	6.24
		ടൈബൽ സബ് പ്ലാൻ	70.42	77.46	85.21	93.73	103.10
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	89.26	98.19	108.00	118.81	130.69
		മൈന്റൈൻസ് ഗ്രാൻഡ്	48.70	53.57	58.93	64.82	71.30

		റോഡിതരം					
		ആകെ	350.33	385.36	423.90	466.29	512.92
12	തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	171.96	189.16	208.07	228.88	251.77
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	96.43	106.07	116.68	128.35	141.18
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	10.21	11.23	12.35	13.59	14.95
		ടൈബൽ സബ് പ്ലാൻ	116.28	127.91	140.70	154.77	170.25
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	131.06	144.17	158.58	174.44	191.88
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	47.64	52.40	57.64	63.41	69.75
		ആകെ	573.58	630.94	694.03	763.43	839.78
13	മേപ്പാടി ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	272.45	299.70	329.66	362.63	398.89
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	135.52	149.07	163.98	180.38	198.41
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	75.62	83.18	91.50	100.65	110.72
		ടൈബൽ സബ് പ്ലാൻ	93.47	102.82	113.10	124.41	136.85
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	221.94	244.13	268.55	295.40	324.94
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	102.92	113.21	124.53	136.99	150.69
		ആകെ	901.92	992.11	1091.32	1200.46	1320.50
14	പൊഴുതന ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	137.25	150.98	166.07	182.68	200.95
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	66.61	73.27	80.60	88.66	97.52
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	23.63	25.99	28.59	31.45	34.60
		ടൈബൽ സബ് പ്ലാൻ	86.82	95.50	105.05	115.56	127.11
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	83.86	92.25	101.47	111.62	122.78
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	57.30	63.03	69.33	76.27	83.89
		ആകെ	455.47	501.02	551.12	606.23	666.85
15	വൈത്തിരി ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	93.68	103.05	113.35	124.69	137.16
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	52.54	57.79	63.57	69.93	76.92

		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	58.55	64.41	70.85	77.93	85.72
		ടൈബൽ സബ് പ്ലാൻ	23.26	25.59	28.14	30.96	34.05
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	41.44	45.58	50.14	55.16	60.67
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	36.16	39.78	43.75	48.13	52.94
		ആകെ	305.63	336.19	369.81	406.79	447.47
16	പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	224.92	247.41	272.15	299.37	329.31
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	126.13	138.74	152.62	167.88	184.67
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	25.96	28.56	31.41	34.55	38.01
		ടൈബൽ സബ് പ്ലാൻ	189.89	208.88	229.77	252.74	278.02
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	630.32	693.35	762.69	838.96	922.85
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	92.34	101.57	111.73	122.90	135.19
		ആകെ	1289.56	1418.52	1560.37	1716.40	1888.04
17	മുള്ളൻകൊല്ലിഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	184.19	202.61	222.87	245.16	269.67
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	103.29	113.62	124.98	137.48	151.23
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	33.82	37.20	40.92	45.01	49.52
		ടൈബൽ സബ് പ്ലാൻ	72.87	80.16	88.17	96.99	106.69
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	406.84	447.52	492.28	541.50	595.65
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	78.93	86.82	95.51	105.06	115.56
		ആകെ	879.94	967.93	1064.73	1171.20	1288.32
18	പൂതാടി ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	283.81	312.19	343.41	377.75	415.53
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	141.88	156.07	171.67	188.84	207.73
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	19.56	21.52	23.67	26.03	28.64
		ടൈബൽ സബ് പ്ലാൻ	193.05	212.36	233.59	256.95	282.64
		മൈന്റൈൻസ്	207.55	228.31	251.14	276.25	303.87

		ഗ്രാൻഡ് റോഡ്					
		മൈന്റെൻസ് ഗ്രാൻഡ് റോഡിതരം	82.64	90.90	99.99	109.99	120.99
		ആകെ	928.49	1021.34	1123.47	1235.82	1359.40
19	വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	197.11	216.82	238.50	262.35	288.59
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	110.53	121.58	133.74	147.12	161.83
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	13.46	14.81	16.29	17.92	19.71
		ടൈബൽ സബ് പ്ലാൻ	152.06	167.27	183.99	202.39	222.63
		മൈന്റെൻസ് ഗ്രാൻഡ് റോഡ്	331.61	364.77	401.25	441.37	485.51
		മൈന്റെൻസ് ഗ്രാൻഡ് റോഡിതരം	70.13	77.14	84.86	93.34	102.68
		ആകെ	874.90	962.39	1058.63	1164.49	1280.94
20	വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	63.56	69.92	76.91	84.60	93.06
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	35.65	39.22	43.14	47.45	52.20
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	5.66	6.23	6.85	7.53	8.29
		ടൈബൽ സബ് പ്ലാൻ	70.74	77.81	85.60	94.15	103.57
		മൈന്റെൻസ് ഗ്രാൻഡ് റോഡ്	110.30	121.33	133.46	146.81	161.49
		മൈന്റെൻസ് ഗ്രാൻഡ് റോഡിതരം	32.80	36.08	39.69	43.66	48.02
		ആകെ	318.71	350.58	385.64	424.20	466.62
21	മൂപ്പൈനാട് ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	154.86	170.35	187.38	206.12	226.73
		ഫിനാൻസ് കമ്മീഷൻഗ്രാൻറ്	86.85	95.54	105.09	115.60	127.16
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	29.80	32.78	36.06	39.66	43.63
		ടൈബൽ സബ് പ്ലാൻ	26.27	28.90	31.79	34.97	38.46
		മൈന്റെൻസ് ഗ്രാൻഡ് റോഡ്	35.06	38.57	42.42	46.66	51.33
		മൈന്റെൻസ് ഗ്രാൻഡ് റോഡിതരം	46.16	50.78	55.85	61.44	67.58
		ആകെ	379.00	416.90	458.59	504.45	554.89

22	മുട്ടിൽ ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	173.96	191.36	210.49	231.54	254.69
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	97.56	107.32	118.05	129.85	142.84
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	21.07	23.18	25.49	28.04	30.85
		ടൈബൽ സബ് പ്ലാൻ	121.28	133.41	146.75	161.42	177.57
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	174.80	192.28	211.51	232.66	255.92
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	64.63	71.09	78.20	86.02	94.62
		ആകെ	653.30	718.63	790.49	869.54	956.50
23	തിരുനെല്ലി ഗ്രാമപഞ്ചായത്ത്	പെതുവിഭാഗം	280.68	308.75	339.62	373.59	410.94
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	147.04	161.74	177.92	195.71	215.28
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	10.90	11.99	13.19	14.51	15.96
		ടൈബൽ സബ് പ്ലാൻ	297.15	326.87	359.55	395.51	435.06
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	290.96	320.06	352.06	387.27	425.99
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	90.65	99.72	109.69	120.66	132.72
		ആകെ	1117.38	1229.12	1352.03	1487.23	1635.96
24	മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്	പെതുവിഭാഗം	486.77	535.45	588.99	647.89	712.68
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	0.00	0.00	0.00	0.00	0.00
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	35.96	39.56	43.51	47.86	52.65
		ടൈബൽ സബ് പ്ലാൻ	352.60	387.86	426.65	469.31	516.24
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	0.00	0.00	0.00	0.00	0.00
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	137.23	150.95	166.05	182.65	200.92
		ആകെ	1012.56	1113.82	1225.20	1347.72	1482.49
25	പനമരം ബ്ലോക്ക് പഞ്ചായത്ത്	പെതുവിഭാഗം	384.06	422.47	464.71	511.18	562.30
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	0.00	0.00	0.00	0.00	0.00

		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	37.80	41.58	45.74	50.31	55.34
		ടൈബൽ സബ് പ്ലാൻ	294.52	323.97	356.37	392.01	431.21
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	0.00	0.00	0.00	0.00	0.00
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	89.55	98.51	108.36	119.19	131.11
		ആകെ	805.93	886.52	975.18	1072.69	1179.96
26	സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്	പെതുവിഭാഗം	425.97	468.57	515.42	566.97	623.66
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	0.00	0.00	0.00	0.00	0.00
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	43.20	47.52	52.27	57.50	63.25
		ടൈബൽ സബ് പ്ലാൻ	302.54	332.79	366.07	402.68	442.95
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	0.00	0.00	0.00	0.00	0.00
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	78.08	85.89	94.48	103.92	114.32
		ആകെ	849.79	934.77	1028.25	1131.07	1244.18
27	കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്	പെതുവിഭാഗം	439.16	483.08	531.38	584.52	642.97
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	0.00	0.00	0.00	0.00	0.00
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	87.37	96.11	105.72	116.29	127.92
		ടൈബൽ സബ് പ്ലാൻ	228.30	251.13	276.24	303.87	334.25
		മൈന്റൈൻസ് ഗ്രാൻഡ് റോഡ്	0.00	0.00	0.00	0.00	0.00
		മൈന്റൈൻസ് ഗ്രാൻഡ് റോഡിതരം	90.97	100.07	110.07	121.08	133.19
		ആകെ	845.80	930.38	1023.42	1125.76	1238.34
28	സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റി	പെതുവിഭാഗം	273.12	300.43	330.48	363.52	399.87
		ഫിന്നൻസ് കമ്മീഷൻഗ്രാൻറ്	120.88	132.97	146.26	160.89	176.98
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	33.70	37.07	40.78	44.85	49.34
		ടൈബൽ സബ് പ്ലാൻ	130.10	143.11	157.42	173.16	190.48
		മൈന്റൈൻസ്	328.36	361.20	397.32	437.05	480.75

		ഗ്രാൻഡ് റോഡ്					
		മൈന്റെൻസ് ഗ്രാൻഡ് റോഡിതരം	115.65	127.22	139.94	153.93	169.32
		ആകെ	1001.81	1101.99	1212.19	1333.41	1466.75
29	മാനന്തവാടി മുൻസിപ്പാലിറ്റി	പെതുവിഭാഗം	243.91	268.30	295.13	324.64	357.11
		ഫിന്ന്ൻസ് കമ്മീഷൻഗ്രാൻറ്	124.34	136.77	150.45	165.50	182.05
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	32.40	35.64	39.20	43.12	47.44
		ട്രൈബൽ സബ് പ്ലാൻ	181.27	199.40	219.34	241.27	265.40
		മൈന്റെൻസ് ഗ്രാൻഡ് റോഡ്	277.53	305.28	335.81	369.39	406.33
		മൈന്റെൻസ് ഗ്രാൻഡ് റോഡിതരം	92.90	102.19	112.41	123.65	136.01
		ആകെ	952.35	1047.59	1152.34	1267.58	1394.34
30	കൽപ്പറ്റ മുൻസിപ്പാലിറ്റി	പെതുവിഭാഗം	330.38	363.42	399.76	439.74	483.71
		ഫിന്ന്ൻസ് കമ്മീഷൻഗ്രാൻറ്	429.68	472.65	519.91	571.90	629.09
		സ്പെഷ്യൽ കോംപോണേറ് പ്ലാൻ	76.20	83.82	92.20	101.42	111.56
		ട്രൈബൽ സബ് പ്ലാൻ	129.22	142.14	156.36	171.99	189.19
		മൈന്റെൻസ് ഗ്രാൻഡ് റോഡ്	229.80	252.78	278.06	305.86	336.45
		മൈന്റെൻസ് ഗ്രാൻഡ് റോഡിതരം	138.53	152.38	167.62	184.38	202.82
		ആകെ	1333.81	1467.19	1613.91	1775.30	1952.83
31	ജില്ലാ പഞ്ചായത്ത് വയനാട്	പെതുവിഭാഗം	1739.54	1913.49	2104.84	2315.33	2546.86
		ഫിന്ന്ൻസ് കമ്മീഷൻ ഗ്രാൻറ്	0.00	0.00	0.00	0.00	0.00
		സ്പെഷ്യൽ കോംപോണ ൻറ് പ്ലാൻ	204.33	224.76	247.24	271.96	299.16
		ട്രൈബൽ സബ് പ്ലാൻ	1177.95	1295.75	1425.32	1567.85	1724.64
		മെയിൻറനൻസ് ഗ്രാൻറ്റോഡ്	1901.70	2091.87	2301.06	2531.16	2784.28
		മെയിൻറനൻസ് ഗ്രാൻറ് റോഡിതരം	663.46	729.81	802.79	883.07	971.37
		ആകെ	5686.98	6255.68	6881.25	7569.37	8326.31

ഉറവിടം.LSGD

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുകയ്ക്ക് പുറമേ അവയുടെ തനത് ഫണ്ടും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കാവുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2017–18 വാർഷിക പദ്ധതിയിൽ ലഭ്യമായിട്ടുള്ളതും അടുത്ത 4 വാർഷിക കാലത്തേക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക–2.15:തദ്ദേശസ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതി കാലത്തെ തനത് ഫണ്ടും അടുത്ത നാലു വർഷത്തേക്കു പ്രതീക്ഷിക്കുന്ന ഫണ്ടിൻറേയും കണക്ക്

തദ്ദേശസ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതി കാലത്തെ തനത് ഫണ്ടും അടുത്ത നാലു വർഷത്തേക്കു പ്രതീക്ഷിക്കുന്ന ഫണ്ടിൻറേയും കണക്ക്						
ക്രമനം	തദ്ദേശസ്ഥാപനം	ലഭ്യമാകുന്ന ഫണ്ട്				
		2017–18	2018–19	2019–20	2020–21	2021–22
1	വയനാട് ജില്ലാ പഞ്ചായത്ത്	81.22	89.34	98.28	108.10	118.91
2	സുൽത്താൻ ബത്തേരി നഗരസഭ	130.74	143.81	158.20	174.01	191.42
3	മാനന്തവാടി നഗരസഭ	416.13	457.74	503.52	553.87	609.26
4	കൽപ്പറ്റ നഗരസഭ	61.24	67.36	74.10	81.51	89.66
5	കോട്ടത്തറഗ്രാമപഞ്ചായത്ത്	5.76	1,166.00	1,283.00	1,411.00	1,552.00
6	തരിയോട് ഗ്രാമപഞ്ചായത്ത്	3.52	3.87	4.26	4.69	5.15
7	തവിഞ്ഞാല് ഗ്രാമപഞ്ചായത്ത്	155.90	171.49	188.64	207.50	228.25
8	തിരുനെല്ലി ഗ്രാമപഞ്ചായത്ത്	61.04	67.14	73.86	81.24	89.37
9	തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്	39.49	43.44	47.78	52.56	57.82
10	നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്	10.88	11.97	13.16	14.48	15.93
11	നെൻമേനി ഗ്രാമപഞ്ചായത്ത്	121.01	133.11	146.42	161.06	177.17
12	പടിഞ്ഞാറെത്തറഗ്രാമപഞ്ചായത്ത്	69.84	76.82	84.51	92.96	102.25
13	പൂതാടി ഗ്രാമപഞ്ചായത്ത്	70.82	77.90	85.69	94.26	103.69
14	പനമരം ഗ്രാമപഞ്ചായത്ത്	190.72	209.79	230.77	253.85	279.23
15	പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്	124.88	137.37	151.10	166.22	182.84
15	പൊഴുതന ഗ്രാമപഞ്ചായത്ത്	32.58	35.84	39.42	43.36	47.70

16	മുട്ടിൽ ഗ്രാമപഞ്ചായത്ത്	163.51	179.86	197.85	217.63	239.39
17	മൂപ്പൈനാട് ഗ്രാമപഞ്ചായത്ത്	6.26	6.88	7.57	8.33	9.16
18	മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്	75.9	83.49	91.84	101.02	111.12
19	മീനങ്ങാടി ഗ്രാമപഞ്ചായത്ത്	99.26	83.49	91.84	101.02	111.13
20	മേപ്പാടി ഗ്രാമപഞ്ചായത്ത്	83.96	109.19	120.10	132.12	145.33
21	അമ്പലവയൽഗ്രാമപഞ്ചായത്ത്	108.47	92.36	101.59	111.75	122.93
22	എടവകഗ്രാമപഞ്ചായത്ത്	79.49	119.32	131.25	144.37	158.81
23	കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്	169.4	186.34	204.974	225.471	248.019
24	വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്	33.69	37.06	40.76	44.84	49.33
25	വൈത്തിരിഗ്രാമപഞ്ചായത്ത്	230.44	253.48	278.83	306.71	337.38

ഉറവിടം. LSGD

2.9.2 കേന്ദ്രാവിഷ്കൃത പദ്ധതികൾ

കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്നതും കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ സാമ്പത്തിക പങ്കാളിത്തത്തോടെ സംസ്ഥാന സർക്കാർ നിർവ്വഹണം നടത്തുന്നതുമായ പദ്ധതികളാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾഎന്ന വിഭാഗത്തിൽപെടുന്നത്. ഇത്തരം പദ്ധതികളുടെ സാമ്പത്തിക പങ്കാളിത്ത അനുപാതം പ്രത്യേകമായി നിഷ്കർഷിക്കാറുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66ൽ നിന്നും 28 ആക്കി കേന്ദ്ര സർക്കാർ കുറവുവരുത്തിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃതപദ്ധതികൾനടപ്പിലാക്കുന്നതിനായി ഒരോ ജില്ലയ്ക്കും സംസ്ഥാന സർക്കാർവികസന വകുപ്പുകൾ മുഖേന തുക ലഭ്യമാക്കിവരുന്നു.

പതിമൂന്നാം പഞ്ചവൽസരപദ്ധതി കാലയളവിൽ ജില്ലയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭ്യമാവുന്ന തുകയുടെ വിശദാംശങ്ങൾതാഴെ ചേർക്കുന്നു.(2017-18 അടിസ്ഥാന വർഷമായി പരിഗണിച്ച് തുടർവർഷങ്ങളിൽ 10% അധിക തുക ലഭ്യമാകുമെന്ന് പ്രതീക്ഷിച്ചാണ് പട്ടിക തയ്യാറാക്കിയിരിക്കുന്നത്.)

പട്ടിക-2.16:പതിമൂന്നാം പഞ്ചവൽസരപദ്ധതി കാലയളവിൽ ജില്ലയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭ്യമാവുന്ന തുകയുടെ വിശദാംശങ്ങൾ.

ക്രമ നം	വകുപ്പ്/ പദ്ധതി	വർഷത്തിൽ ലഭ്യമാകുന്ന തുക (ലക്ഷത്തിൽ)				
		2017-18	2018-19	2019-20	2020-21	2021-22
1	കൃഷി	1617	1779	1957	2152	2367
2	മൃഗസംരക്ഷണം	168	185	203	224	246
3	മത്സ്യവികസനം	50	55	61	67	73
4	വനവികസനം	975	1073	1180	1298	1427
5	ഗ്രാമവികസനം	754.89	830	913	1005	1105
6	പട്ടികവർഗവികസനം	1000	1100	1210	1331	1464
7	കുടിവെള്ള ശുചിത്വം	61	67	74	81	89
8	കുടുംബശ്രീ	624.33	687	755	831	914

9	സാമൂഹ്യവും സാമൂഹ്യ സേവനപരമായ സേവനങ്ങളും	1109.33	1220	1342	1477	1624
10	പട്ടികജാതി വികസനം	6.67	7	8	9	10
11	സാമ്പത്തിക സ്ഥിതി വിവര കണക്ക്	120.03	132	145	160	176
12	സാമൂഹിക നീതി	243.97	268	295	325	357
13	മഹാത്മഗാന്ധി ദേശീയ തെഴിലുറപ്പ് പദ്ധതി	20814.36	22896	25185	27704	30474
14	പ്രധാനമന്ത്രി ഗ്രമീണ റോഡ് വികസന പദ്ധതി(PMGSY)	1755	1931	2124	2336	2569

2.8.3 എം.പിമാരുടെ പ്രാദേശിക വികസനഫണ്ട്

ബഹുമാനപ്പെട്ട എംപിമാർക്ക് തങ്ങളുടെ മണ്ഡലത്തിലെ പ്രാദേശിക വികസന ആവശ്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള ആസ്ഥികൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 1993-94 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് എംപിമാരുടെ പ്രാദേശിക വികസനഫണ്ട്.2011-12 സാമ്പത്തിക വർഷം മുതൽ 5 കോടി രൂപയാണ് ഈ പദ്ധതി അനുസരിച്ച് ഒരു പാർലമെൻറ് അംഗത്തിന് ഒരു സാമ്പത്തിക വർഷം ലഭിക്കുന്നത്. വയനാട് ലോക്സഭാംഗം ശ്രീ.എം.ഐ.ഷാനവാസ്, രാജ്യസഭാംഗം ശ്രീ.എം.പി.വീരേന്ദ്രകുമാർ എന്നിവരുടെ നോഡൽ ജില്ലയാണ് വയനാട്. കൂടാതെ മറ്റ് രാജ്യസഭാ അംഗങ്ങളായ ശ്രീ. എം പി അച്യുതൻ , ശ്രീ. കെ.കെ.രാഗേഷ്, ശ്രീ. റിച്ചാർഡ് ഹേ , ശ്രീ. സുരേഷ് ഗോപി, ഡോ.ടി എൻ സീമ എന്നിവരും ജില്ലയിലേക്ക് പ്രവൃത്തികൾ നിർദ്ദേശിച്ച് വരുന്നുണ്ട്.

എം.പിമാരുടെ പ്രാദേശിക വികസന പദ്ധതിയിൽ ജില്ലയ്ക്ക് ലഭ്യമാകുന്ന ഫണ്ടിൻറെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക-2.17: എം.പിമാരുടെ പ്രാദേശിക വികസന പദ്ധതിയിൽ ജില്ലയ്ക്ക് ലഭ്യമാകുന്ന ഫണ്ടിൻറെ വിശദാംശങ്ങൾ

ക്രമ നമ്പർ	എംപിയുടെ പേര്	സാമ്പത്തിക വർഷം (തുക ലക്ഷത്തിൽ)					
		2016-17	2017-18	2018-19	2019-20	2020-21	2021-22
1	എം.ഐ.ഷാനവാസ് (ലോകസഭ)	185.00	200.00	200.00	200.00	200.00	200.00
2	എം.പി.വീരേന്ദ്രകുമാർ (രാജ്യസഭ)	250.00	200.00	0.00	0.00	0.00	0.00
3	മറ്റ് രാജ്യസഭാ എംപിമാർ		100.00	200.00	200.00	200.00	200.00
ആകെ		**435.00**	**500.00**	**400.00**	**400.00**	**400.00**	**400.00**

ഉറവിടം. ആസൂത്രണ ഭവൻ

2.9.4 എം എൽ എ മാരുടെ പ്രദേശിക വികസന നിധി

വയനാട് ജില്ലയിൽ മാനന്തവാടി ,കൽപ്പറ്റ,സുൽത്താൻ ബത്തേരി എന്നിമൂന്ന് നിയോജക മണ്ഡലങ്ങളാണ് നിലവിലുള്ളത്.ഈ മൂന്ന് നിയോജക മണ്ഡലങ്ങളിൽ വിനിയോഗിക്കാനായി ഒരു എം എൽ എ യ്ക്ക് ഒരു കോടി രൂപ വീതം മൂന്ന് കോടി രുപയും പദ്ധതിയേതര വിഹിതമായി ഒരു എം എൽ എ യ്ക്ക് അഞ്ചു കോടി രൂപ വീതം പതിനഞ്ചു കോടി രൂപയും ജില്ലക്ക് വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി ജില്ലയ്ക്ക് നൽകിയിട്ടുണ്ട്.

പട്ടിക-2.18:

എം എൽ എ മാരുടെ പ്രദേശിക വികസന നിധി, ലഭ്യമാകുന്നതുക

ക്രമ നമ്പർ	നിയോജക മണ്ഡലം	ലഭ്യമാകുന്നതുക(ലക്ഷത്തിൽ)				
		2017-18	2018-19	2019-20	2020-21	2021-22
1	മാനന്തവാടി	100.00	100.00	100.00	100.00	100.00
2	സുൽത്താൻ ബത്തേരി	100.00	100.00	100.00	100.00	100.00
3	കൽപ്പറ്റ	100.00	100.00	100.00	100.00	100.00
ആകെ		**300.00**	**300.00**	**300.00**	**300.00**	**300.00**

ഉറവിടം. ആസൂത്രണ ഭവൻ

2.9.5 മൾട്ടി സെക്ടറൽ ഡെവലപ്പ്മെൻറ് പ്രോഗ്രാം (എം.എസ്.ഡി.പി)

പ്രധാനമന്ത്രിയുടെ പുതിയ 15 ഇന പരിപാടിയുടെ ഭാഗമായി ന്യൂനപക്ഷ വിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളുടെയും സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായിട്ടാണ് മൾട്ടി സെക്ടറൽ ഡെവലപ്പ്മെൻറ് പ്രോഗ്രാം നടപ്പിലാക്കുന്നത്.
ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ, കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം വിവിധ സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത വികസന പദ്ധതിയാണ് മൾട്ടി സെക്ടറൽ ഡെവലപ്പ്മെൻറ് പ്രോഗ്രാം (എം.എസ്.ഡി.പി).11-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2008-2009 സാമ്പത്തിക വർഷത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 90 ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതി ആരംഭിച്ചത്. അടിസ്ഥാന സൗകര്യവികസനത്തിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ ശാക്തീകരണമാണ് പദ്ധതി മുഖ്യമായും ഊന്നൽ നൽകുന്നത്.

എം.എസ്.ഡി.പി പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ താഴെ വിവരിക്കുന്നു.

1. ന്യൂനപക്ഷ മതവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക ജീവിത നിലവാരം ഉയർത്തുക.
2. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ മെച്ചപ്പെട്ട ജീവിത നിലവാരം സൃഷ്ടിക്കുക
3. ന്യൂനപക്ഷ ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ/ ഉദ്യോഗാർത്ഥികളുടെ തൊഴിൽ നൈപുണ്യ വികസനം ഉറപ്പ് വരുത്തുക.
4. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുക.
5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കൂടിവെള്ള ലഭ്യത ഉറപ്പ് വരുത്തുക.
6. മെച്ചപ്പെട്ട ഗതാഗത സൗകര്യം ലഭ്യമാക്കുക.
7. പ്രാഥമിക ആരോഗ്യകേന്ദ്രം/ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണം/ പുനരുദ്ധാരണത്തിലൂടെ ന്യൂനപക്ഷ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ആരോഗ്യം നൽകുക.

എം എസ് ഡി പി പദ്ധതിയിൽ ജില്ലക്ക് വരും വർഷങ്ങളിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന തുക:

പട്ടിക-2.19

: എം എസ് ഡി പി പദ്ധതിയിൽ ജില്ലക്ക് വരും വർഷങ്ങളിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന തുക:

		ബ്ലോക്ക്പഞ്ചായത്ത് (തുകലക്ഷത്തിൽ)			
വർഷം	മേഖല	കൽപ്പറ്റ	സുൽത്താൻ ബത്തേരി	പനമരം	മാനന്തവാടി
2017-18	ആരോഗ്യ മേഖല വിദ്യാഭ്യാസ മേഖല നൈപുണ്ണ്യ വികസനം	1000.00	1000.00	1000.00	1000.00
2018-19	ആരോഗ്യ മേഖല വിദ്യാഭ്യാസ മേഖല നൈപുണ്ണ്യ വികസനം	1000.00	1000.00	1000.00	1000.00
2019-20	ആരോഗ്യ മേഖല വിദ്യാഭ്യാസ മേഖല നൈപുണ്ണ്യ വികസനം	1000.00	1000.00	1000.00	1000.00
2020-21	ആരോഗ്യ മേഖല വിദ്യാഭ്യാസ മേഖല നൈപുണ്ണ്യ വികസനം	1000.00	1000.00	1000.00	1000.00
2021-22	ആരോഗ്യ മേഖല വിദ്യാഭ്യാസ മേഖല നൈപുണ്ണ്യ വികസനം	1000.00	1000.00	1000.00	1000.00

ഉറവിടം. ആസൂത്രണ ഭവൻ

2.9.6 സംസ്ഥാനാവിഷ്കൃത പദ്ധതികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതികളുടെ അടങ്കൽ തുക 20272.50 കോടി രൂപയാണ്. ഇതിൽ നിന്ന് ജില്ലയ്ക്ക് ഇതുവരെ ലഭ്യമായ തുക. 2017-18 അടിസ്ഥാനവർഷം ആക്കി പതിമൂന്നാംപഞ്ചവത്സരപദ്ധതികാലയളവിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ജില്ലയ്ക്ക് ലഭ്യമാകാൻ സാധ്യതയുള്ള തുകയുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.തുടർവർഷങ്ങളിൽ 10% അധികം തുക ലഭിക്കുമെന്ന രീതിയിൽ പട്ടിക തയ്യാറാക്കിയിരിക്കുന്നു.

പട്ടിക-2.20:

പതിമൂന്നാംപഞ്ചവത്സരപദ്ധതികാലയളവിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ജില്ലയ്ക്ക് ലഭ്യമാകാൻ സാധ്യതയുള്ള തുക

ക്രമ നമ്പർ	സ്ഥാപനം	2017-18	2018-19	2019-20	2020-21	2021-22
I കൃഷിയും അനുബന്ധമേഖലയും						
1.1	കൃഷി വകുപ്പ്	3249.23	3574.153	3931.57	4324.73	4757.19
1.2	മണ്ണ് ,ജല സംരക്ഷണം	231.57	254.727	280.2	308.22	339.04
1.3	മൃഗ സംരക്ഷണം വകുപ്പ്	3635.99	3999.59	4399.55	4839.5	5323.45
1.4	ക്ഷീര വികസന വകുപ്പ്	568.00	624.8	687.28	756.008	831.60
1.5	മത്സ്യ വികസന വകുപ്പ്	138.00	151.8	166.98	183.678	202.04
1.6	വനവും വന്യജീവി സംരക്ഷണവും	2425.81	2668.39	2935.23	3228.75	3551.62

1.7	വിപണനം സംഭരണം സൂക്ഷിക്കലും വിതരണവും	315.00	346.5	381.15	419.265	461.19
II ഗ്രാമവികസനം						
2.1	ഗ്രാമ വികസന വകുപ്പ്	603.26	663.586	729.945	802.939	883.23
2.2	സാമൂഹിക വികസനവും, പഞ്ചായത്തും	805.16	885.676	974.244	1071.67	1178.83
2.3	ഭൂപരിഷ്കരണം	7.50	8.25	9.075	9.9825	10.98
2.4	പ്രദേശിക വികസനത്തിനുള്ള പ്രത്യക പരിപാടി	2140.00	2354	2589.4	2848.34	3133.17
2.5	എൻ എസ് എ പി	0.00	0.00	0.00	0.00	0.00
III സഹകരണം						
3.1	**സഹകരണം**	257.50	283.25	311.575	342.733	377.00
IV ജലസേചനവും വെള്ളപ്പൊക്കനിയന്ത്രണവും						
4.1	വൻകിട ഇടത്തര ജലസേചനം	1950	2145	2359.5	2595.45	2854.9
4.2	ചെറുകിട ജലസേചനം	1045.00	1149.5	1264.45	1390.9	1529.9845
4.3	കമാൻറ് എരിയ വികസനം	0.00	0.00	0.00	0.00	0.00
4.4	വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും	0.00	0.00	0.00	0.00	0.00
V. ഊർജ്ജം						
5.1	കെ സ് ഇ ബി	3600	3960	4356	4791.6	5270.76
VI. വ്യവസായങ്ങളും ധാതുക്കളും						
6.1	ഗ്രാമവും ചെറുകിട വ്യാവസായവും	173.00	190.3	209.33	230.263	253.2893
6.2	ഇടത്തര, വ്യാവസയവും	0.00	0.00	0.00	0.00	0.00
6.3	ധാതുക്കൾ	0.00	0.00	0.00	0.00	0.00
6.4	വിവരസാങ്കേതിക വിദ്യ	329.21	362.131	398.344	438.179	481.99636
VII ഗതാഗതവും വാർത്താവിനിമയവും						
7.1	തുറമുഖം	0.00	0	0	0	0
7.2	റോഡുകളും പാലങ്ങളും	0.00	0	0	0	0
7.3	റോഡ് ഗതാഗതം	10.00	11	12.1	13.31	14.641
7.4	ജല ഗതാഗതം	0.00	0	0	0	0
7.5	മറ്റ ഗതാഗത സേവനങ്ങൾ	0.00	0	0	0	0
7.6	വിനോദസഞ്ചാരം	0.00	0	0	0	0
VIII ശാസ്ത്ര സാങ്കേതികതയും പരിസ്ഥിതിയും		28	30.8	33.8	37.268	40.9948
8.1	ശാസ്ത്രസേവനങ്ങളും ഗവേഷണങ്ങളും	0.00	0	0	0	0
8.2	ആവാസവ്യവസ്ഥയും പരിസ്ഥിതിയും	0.00	0	0	0	0
I.	സാമൂഹ്യവും സാമൂഹ്യസേവനപരമായ സർവ്വിസുകൾ	0.00	0	0	0	0
9.1	വിദ്യാഭ്യസം	0.00	0	0	0	0
9.2	കലയും സംസ്കാരവും	2.95	3.245	3.5695	3.92645	4.319095

9.3	സാങ്കേതിക വിദ്യാഭ്യാസം	0.00	0	0	0	0
9.4	സ്പോർട്ട്സും യുവജനകാര്യവും	0.00	0	0	0	0
9.5	വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും	1129.74	1242.71	1366.99	1503.68	1654.0523
9.6	ശുദ്ധജലവിതരണവും മാലിന്യ നിവാരണവും	2714.1	2985.51	3284.06	3612.47	3973.7138
9.7	ഭവനനിർമാണം	0.00	0	0	0	0
9.8	നഗരവികസനം	431.55	474.705	522.176	574.393	631.83236
9.9	വാർത്താവിതരണവും പ്രചരണവും	0.00	0	0	0	0
9.10	തൊഴിലും തൊഴിലാളി ക്ഷേമവും	0.00	0	0	0	0
9.11	പട്ടികജാതി പട്ടികവർഗ്ഗം മറ്റു പിന്നോക്ക വിഭാഗങ്ങൾമുന്നോക്കാർഎന്നിവരുടെ ക്ഷേമം	18574	20431.4	22474.5	24722	27194.193
9.12	സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	259.27	285.197	313.717	345.088	379.59721
9.13	പോഷകാഹാരം	0.00	0	0	0	0
X. സാമ്പത്തിക സർവ്വിസുകൾ		2294.21	2523.631	2775.99	3053.59	3358.95286
10.1	സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ	191.4	210.54	231.594	254.753	280.22874
10.2	സാമ്പത്തിക ഉപദേശവും സ്ഥിതിവിവര കണക്കുകളും	1.55	1.705	1.8755	2.06305	2.269355
10.3	മറ്റു പൊതു സാമ്പത്തിക സർവ്വീസുകൾ	0.00	0	0	0	0
XI .പൊതു സേവനങ്ങൾ						
11.1	സ്റ്റേഷനറിയും അച്ചടിയും	40.00	44	48.4	53.24	58.564
11.2	പൊതുമരാമത്ത്	170.00	187	205.7	226.27	248.897

ഉറവിടം. ആസൂത്രണ ഭവൻ

2.9.7. ബാങ്കുകളും വായ്പകളും

സർക്കാർ നൽകുന്ന വിവിധ പദ്ധതി-പദ്ധതിയേതര ഗ്രാൻറുകൾക്ക്പുറമേ ജില്ലയിലെ വികസനപ്രവർത്തനങ്ങൾക്കും കാർഷിക-കാർഷികേത വികസന പരിപാടികൾക്കും ജില്ലയിലെ ബാങ്കുകൾ ധനസഹായം ലഭ്യമാക്കിവരുന്നു.വയനാട് ജില്ലയിൽ ബാങ്കിങ് മേഖല പൊതുവെ നഗര കേന്ദ്രീകൃതമാണ്. ഉൾനാടൻ ഗ്രാമ പ്രദേശങ്ങളിലേക് അവയുടെ ശാഖകൾ വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കനറാബാങ്ക്, വിജയബാങ്ക്, ഫെഡറൽ ബാങ്ക്, ഗ്രാമീൺ ബാങ്കുകൾ എന്നിവ നടത്തി വരുന്നുണ്ട്. വയനാട് ജില്ലയിലെ ബാങ്കിങ് ശൃംഖലയുടെ വിശദശാംശങ്ങൾ ചുവടെ പട്ടികയായി നൽകിയിരിക്കുന്നു.

പട്ടിക-2.2
: ബാങ്കിങ് ശൃംഖല

ഏജൻസി	ബാങ്ക്കളുടെ എണ്ണം	ശാഖകളുടെ എണ്ണം			
		ആകെ	റൂറൽ	സെമി-അർബൻ	അർബൻ
വാണിജ്യ ബാങ്കുകൾ	21	80	07	73	0
റീജ്യണൽ റൂറൽ ബാങ്കുകൾ	1	28	0	28	0
ജില്ലാ സഹകരണ ബാങ്കുകൾ	1	53	0	53	0
സഹകരണ കൃഷി ഗ്രാമ വികസന ബാങ്ക്	3	3	0	3	0

മറ്റുള്ളവ	1	1	0	1	0
ആകെ	27	165	7	158	0

ജില്ലയിലെ വാണിജ്യ ബാങ്കുൾ വിവിധ മേഖലകളിൽ നൽകിയ വായ്പകളും വരുും വർഷങ്ങളിൽ ലഭ്യമായേക്കാവുന്ന തുകയും അവയുടെ വിശദശാംശങ്ങളും ചുവടെ പട്ടികയായി ചേർക്കുന്നു.

പട്ടിക-2.22

ജില്ലയിലെ വാണിജ്യ ബാങ്കുൾ വിവിധ മേഖലകളിൽ നൽകിയ വായ്പകളും വരുും വർഷങ്ങളിൽ ലഭ്യമായേക്കാവുന്ന തുകയും (തുക ലക്ഷത്തിൽ)

ക്രമ നമ്പർ	വർഷം	മുൻഗണനാ മേഖലകൾക്കുള്ള വായ്പകൾ				മുൻഗണനാ ഇല്ലാത്ത മേഖലകൾക്കുള്ള വായ്പകൾ	ആകെ വായ്പകൾ
		കൃഷി	എസ്.എം.എസ്	മറ്റു മുൻഗണനാ മേഖലകൾ	ആകെ		
1	2015-16	25889.50	44329.75	36549.82	339769.08	10482.88	350251.96
2	2016-17	244228.18	46253.26	33963.21	324444.66	15977.28	340421.94
3	2017-18	263766.24	49953.24	36680.04	323399.32	17255.16	340654.68
4	2018-19	295417.94	55947.38	41081.60	392446.92	19325.61	411772.53
5	2019-20	336776.45	62660.68	46832.42	446269.55	22031.19	468300.74
6	2020-21	342838.391	73939.60	55261.76	472039.75	25996.61	498036.36

പട്ടിക-2.23

ബാങ്കുകളിലേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലെയും സമ്പാദ്യങ്ങൾ (ലക്ഷത്തിൽ)

പാരാമീറ്റർ	2010-11	2011-12	2012-13	2013-14
സ്റ്റേറ്റ് ഡിപ്പോസിറ്റ്	161563	197557	229148	279655
ആകെ ഡിപ്പോസിറ്റ്	1645	1935	2348	3071
സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ്	300	366	493	616
പൊതുമേഖലാ ബാങ്ക്	324	388	402	506
റീജ്യണൽ റൂറൽ ബാങ്ക്	232	267	259	345
സ്വകാര്യ ബാങ്ക്	212	282	333	434
എൻആർഇ ഡിപ്പോസിറ്റ്	182	210	191	273

2.9.9. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടുകൾ

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളും കോർപ്പറേറ്റുകളും അവയുടെ ലാഭവിഹിതത്തിൻറെ നിശ്ചിത ശതമാനം സാമൂഹ്യസേവന മേഖലകളിൽ ചെലവഴിക്കുന്നതിനായി ഉപയോഗിക്കണമെന്ന് സർക്കാർ അനുശാസിക്കുന്നുണ്ട്. വൻകിട സ്വകാര്യ ബാങ്കുകൾ, വൻകിട ഹോട്ടലുകളും ഹോസ്പിറ്റലുകളും മറ്റ് വൻകിട കമ്പനികൾ തുടങ്ങിയവ ഇപ്രകാരം ഫണ്ട് നീക്കിവെയ്ക്കേണ്ടത് അനിവാര്യമാണ്.

മറ്റ് ജില്ലകളെ അപേക്ഷിച്ച് വയനാട് ജില്ലയിൽ വൻകിട കമ്പനികളും സ്ഥാപനങ്ങളും വളരെക്കുറവാണ്. വിരലിലെണ്ണാവുന്ന ഇടത്തരം കമ്പനികൾ മാത്രമാണ് വയനാട് ജില്ലയിൽ പ്രവർത്തിച്ച് വരുന്നത്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയിലേക്ക് തുക നൽകാൻ ശേഷിയുള്ളകേരളത്തിലെ മറ്റ് ജില്ലകളായ എറണാകുളം, തൃശ്ശൂർ, തിരുവനന്തപുരം, കോഴിക്കോട്, മലപ്പുറം തുടങ്ങിയ ജില്ലകളിൽ സമാഹരിക്കപ്പെടുന്ന കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിഫണ്ട് ഇക്കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ജില്ലകളായ വയനാട്, ഇടുക്കി എന്നീ ജില്ലകൾക്ക് വീതിച്ച് നൽകുന്നത് ഉചിതമാണ്.

2.10 സ്ഥാപന വിഭവങ്ങൾ

ഒരു ദൗത്യത്തിൻറെ വിജയത്തിനായുള്ള പ്രവർത്തനങ്ങളിൽ ഉണ്ടായേക്കാവുന്ന തടസ്സങ്ങളെ പ്രതിരോധിക്കാൻ ഉപകരിക്കുന്ന സൗകര്യങ്ങൾ, സാങ്കേതിക സംവിധാനങ്ങൾ എന്നിവയെയാണ് പൊതുവെ സ്ഥാപന വിഭവങ്ങൾ എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളെയും വകുപ്പുകളെയും പദ്ധതി രൂപീകരണ പ്രക്രിയയിൽ സഹായിക്കുന്നതിനും വിദഗ്ധ ഉപദേശം നൽകുന്നതിനുമായി ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ തലത്തിലുള്ള സ്ഥാപനങ്ങളെ സ്ഥാപന വിഭവങ്ങളുടെ തലത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

2.10.1 കാർഷിക അനുബന്ധ മേഖലയും സ്ഥാപനങ്ങളും
2.10.2 പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസ്

മണ്ണ്,വെള്ളം, സൂര്യപ്രകാശം, ഭൂപ്രകൃതി എന്നിവയുടെ കാര്യത്തിൽ ഏറെ സമ്പന്നമാണ് വയനാട്, വയനാട്ടിലെ കാർഷിക മേഖല ഒരു സന്നിശ ഘട്ടത്തിലൂടെ കടന്നു പോയികൊണ്ടിരിക്കുന്നു. കാലാവസ്ഥ മാറ്റവും അതിന്റെ ഭാഗമായി ഉണ്ടാകുന്ന തളർച്ചയും കൃഷിയെയും അനുബന്ധ മേഖലയെയും ബാധിക്കുന്നു. മണ്ണ്, ജലസംരക്ഷണം എന്നിവയിലൂടെ വയനാട്ടിന്റെ കാർഷിക സമൃദ്ധി വീണ്ടെടുക്കാവുന്നതാണ്. കാർഷിക മേഖലയിലെ ബഹുതല പ്രശ്നങ്ങളിൽ ഇടപെടുന്നതിനും പരിഹാരമാർഗങ്ങൾനിർദ്ദേശിക്കുന്നതിനും,സാമ്പത്തിക സഹായം നൽകുന്നതിനും നിരവധി സ്ഥാപനതല സഹായക സംവിധാനങ്ങൾജില്ലയിൽ ഉണ്ട്.

പട്ടിക– 2.24

കാർഷിക അനുബന്ധ മേഖലയും സ്ഥാപനങ്ങളും

ക്രമ നം	തദ്ദേശ ഭരണ സ്ഥാപനങ്ങൾ	അനുബന്ധ സ്ഥാപനം	സ്ഥാപനങ്ങളുടെ എണ്ണം	ആകെ
1	മാനന്തവാടി ബ്ലോക്ക്	അസിസ്റ്റൻറ് ഡയക്ടറുടെ കാര്യലയം,	1	7
		കൃഷിഭവൻ	6	
2	കൽപ്പറ്റ ബ്ലോക്ക്	അസിസ്റ്റൻറ് ഡയക്ടറുടെ കാര്യലയം,	1	8
		കൃഷിഭവൻ	6	
		സ്വാമിനാഥൻ റിസേർച് ഫൗണ്ടേഷൻ	1	
3	പനമരം ബ്ലോക്ക്	അസിസ്റ്റൻറ് ഡയക്ടറുടെ കാര്യലയം,	1	6
		കൃഷിഭവൻ	5	
4	സുൽത്താൻബത്തേരി ബ്ലോക്ക്	അസിസ്റ്റൻറ് ഡയക്ടറുടെ കാര്യലയം,	1	8
		പ്രദേശിക കാർഷിക ഗവേഷ്ണകേന്ദ്രം	1	
		കൃഷി വിജ്ഞാനകേന്ദ്രം	1	
		കൃഷിഭവൻ	5	

ഉറവിടം. കൃഷി വകുപ്പ്

2.10.3 പ്രദേശിക കാർഷിക ഗവേഷണകേന്ദ്രം അമ്പലവയൽ

വയനാട് ജില്ലയിൽ കാർഷിക മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നൂതന സാങ്കേതിക വിദ്യകൾ അവതരിപ്പിക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം. കൃഷി മേഖലയിൽ നൂതന പ്രവണതകൾ പരിചയപ്പെടുത്തുന്നതിനും കൂടാതെ, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണ പ്രക്രിയയിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിനും ഈ ഗവേഷണ കേന്ദ്രത്തെ സമീപിക്കാവുന്നതാണ്.

2.10.4 കൃഷി വിജ്ഞാന കേന്ദ്രം അമ്പലവയൽ

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽതന്നെ പ്രവർത്തിക്കുന്ന അമ്പലവയലിലുള്ള മറ്റൊരു സ്ഥാപനമാണ് കൃഷി വിജ്ഞാന കേന്ദ്രം. കാർഷിക മേഖലയിൽ ലഭ്യമാകുന്ന നൂതന സാങ്കേതിക വിദ്യകൾ കർഷകർക്ക് പരിചയപ്പെടുത്തുന്നത് കൂടാതെ ജില്ലയുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ പുതിയതരം വിത്തിനങ്ങളും തൈകളും കൃഷി വിജ്ഞാനകേന്ദ്രത്തിൽ ലഭ്യമാണ്.

2.10.5 കോഫി ബോർഡ് കൽപ്പറ്റ

ജില്ലയിലെ ഒരു പ്രധാന കാർഷിക വിളയായ കാപ്പിയുടെ വളർച്ചയ്ക്കും വിളവ് മെച്ചപ്പെടുത്തുന്നതിനുമായുള്ള ഗവേഷണം നടത്തുന്ന ഒരു കേന്ദ്ര സർക്കാർ സ്ഥാപനമാണ് കോഫി ബോർഡ്. കൽപ്പറ്റയ്ക്കടുത്ത് ചുണ്ടയിലാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്.തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാപ്പി കൃഷി മെച്ചപ്പെടുത്തുന്നതിനും കർഷകരെ സഹായിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ രൂപീകരിക്കുന്നതിന് ഈ സ്ഥാപനത്തെ സമീപിക്കാവുന്നതാണ്.

2.10.6 വെറ്ററിനറി &ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി പൂക്കോട്

2010 ഡിസംബർമാസം വയനാട് ജില്ലയിൽ രൂപീകൃതമായ ഒരു പൂർണ്ണ സജ്ജ യൂണിവേഴ്സിറ്റിയാണ് വെറ്ററിനറി &ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി പൂക്കോട്. വയനാട് ജില്ലയിലെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനുമായിട്ടുള്ള ഗവേഷണം നടത്തുന്നതും ആവശ്യമായ വിദ്ഗ്ധ സേവനം ലഭ്യമാക്കുന്നതുമായ ഒരു സ്ഥാപനമാണിത്. ഇതുകൂടാതെ വെറ്ററിനറി സയൻസിൽ ബിരുദ കോഴ്സുകളും ഈ സ്ഥാപനത്തിൽ നടത്തിവരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി രൂപീകരണ പ്രക്രിയകളുടെ ഭാഗമായി മൃഗസംരക്ഷണ മേഖലകളിൽ ഗുണമേൻമയുള്ള പ്രൊജക്ടുകൾ ജില്ലയുടെ പ്രത്യേക സാഹചര്യങ്ങൾക്ക് അനുസൃതമായി രൂപീകരിക്കുന്നതിനും ഇവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുമുള്ള വിദഗ്ധ ഉപദേശങ്ങൾ ലഭ്യമാക്കുന്നതിനായി ഈ ശ്രേഷ്ഠ സ്ഥാപനത്തെ സമീപിക്കാവുന്നതാണ്.

2.10.7 സ്പൈസസ് ബോർഡ്

വയനാട് ജില്ലയിൽ ധാരാളം സുഗന്ധവിളകളും തോട്ടങ്ങളും സ്ഥിതി ചെയ്യുന്നതിനാൽ ജില്ലയിലെ കൽപ്പറ്റയിൽ സ്പൈസസ് ബോർഡിൻറെ ഒരു ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. കാർഷിക മേഖലയിൽ സുഗന്ധവിളകളുടെ ഉൽപാദന വർദ്ധനവിനാവശ്യമായ ഗവേഷണങ്ങൾനടത്തുകയും വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുയും ചെയ്യുകയാണ് ബോർഡിൻറെ ചുമതല. ഇത് കൂടാതെ കർഷകർക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.എല്ലാത്തിനും ഉപരിയായി കയറ്റുമതി- ഇറക്കുമതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഒരു പ്രധാന ഡാറ്റാ ബാങ്കായും സ്പൈസസ് ബോർഡ് പ്രവർത്തിച്ചു വരുന്നു.

2.10.8 കോളേജ് ഓഫ് ഡയറി സയൻസ് &ടെക്നോളജി, പൂക്കോട് കൽപ്പറ്റ

ക്ഷീരവികസന മേഖലയിൽ കർഷകരെ സഹായിക്കുന്നതിനും പുതിയ കോഴ്സുകൾ വിഭാവനം ചെയ്യുന്നതിനുമായി കേരള വെറ്ററിനറി &ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്ഥാപനമാണ് കോളേജ് ഓഫ് ഡയറി സയൻസ് &ടെക്നോളജി, പൂക്കോട് പദ്ധതി

രൂപീകരണ ആസൂത്രണ പ്രക്രിയകളിൽ ക്ഷീര വികസന മേഖലയുടെ ഉന്നമനത്തിന് ഉതകുന്ന രീതിയിൽ പ്രൊജക്ടുകൾ വിഭാവനം ചെയ്യുന്നതിനായി വിദഗ്ധ ഉപദേശം നൽകുന്നതിന് ഈ സ്ഥാപനത്തിന് കഴിയുന്നതാണ്.

2.10.9 സ്വാമിനാഥൻ റിസേർച് ഫൗണ്ടേഷൻ

എം എസ് സ്വാമിനാഥൻ ഗവേഷണ കേന്ദ്രം 1988 ലാണ് സ്ഥാപിതമായത്.വയനാട്ടിലെ ആദിവാസി ഗ്രാമീണ മേഖലയിലെ കൃഷിയറിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സ്വാമിനാഥൻ ഗവേഷണ കേന്ദ്രം പ്രവർത്തിക്കുന്നു.കൃഷിയുടെ ആധുനിക വത്ക്കരണത്തിനും ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും ഈ സ്ഥാപനം പ്രധാന പങ്ക് വഹിക്കുന്നു.

2.10.10 വിദ്യാഭ്യാസ മേഖലയും സ്ഥാപനങ്ങളും

വിദ്യാഭ്യാസ രംഗത്ത് വയനാടിന്റെ സ്ഥാനം മറ്റ ജില്ലകളെ അപേക്ഷിച്ച് തുലോം പുറകിലാണ്. ഗ്രാമീണ മേഖലയിലെ പൊതു വിദ്യാലയങ്ങളിൽപഠിക്കുന്ന പട്ടിക ജാതിപട്ടിക വർഗ വിദ്യാർത്ഥികളുടെ കൊഴഞ്ഞു പോക്കും ഇവിടെ നില നിൽക്കുന്നു. കേരള സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടികളും സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. കോളേജ് പഠനത്തിന് നിരവധി സ്ഥാപനങ്ങൾ വയനാട്ടിൽ ഉണ്ടെങ്കിലും ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിനും , ആതുര സേവന വിദ്യാഭ്യാസത്തിനുമുള്ള സ്ഥാപനങ്ങൾ വയനാട്ടിൽ കുറവാണ്.പുതുതായി രൂപീകരിച്ച മാനന്തവാടി മുനിസിപ്പാലിറ്റിയിൽ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അനുപാതത്തിൽ ഹൈസ്കൂൾ , ഹയർ സെക്കണ്ടറി സ്കൂളുകളുടെ കുറവ് പരിഹരിക്കപ്പെടേണ്ടതാണ്.

2.10.11 ഗവൺമെൻറ് എഞ്ചിനിയറിംഗ് കോളേജ് മാനന്തവാടി

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന ഒരു ശ്രേഷ്ഠ സ്ഥാപനമാണ് ഗവൺമെൻറ് എഞ്ചിനിയറിംഗ് കോളേജ് മാനന്തവാടി. ജില്ലയിലെ തന്നെ വിവിധ പ്രവർത്തനങ്ങൾക്ക് സാങ്കേതികമായ ഉപദേശം നൽകുന്നതിന് ഈ സ്ഥാപനം പ്രധാനപ്പെട്ട പങ്ക് വിഹിക്കുന്നുണ്ട്. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിശിഷ്യാ ജില്ലാ പഞ്ചായത്തിന് ആയതിൻറെ കീഴിലുള്ള വിവിധ സ്കൂളുകളിലും മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള വിദഗ്ധോപദേശം ലഭ്യമാകുന്നതിന് ഗവ.എഞ്ചിനിയറിംഗ് കോളേജിനെ സമീപിക്കാവുന്നതാണ്.

2.10.12 സെൻറർ ഫോർ കമ്പ്യൂട്ടർ സയൻസ് &ഇൻഫർമേഷൻ ടെക്നോളജി കാലിക്കറ്റ് യൂണിവേഴ്സിറ്റി, മുട്ടിൽ, കൽപ്പറ്റ.

കോഴിക്കോട് സർവ്വകലാശാലയുടെ എക്സ്റ്റൻഷൻ സെൻററായി പ്രവർത്തിക്കുന്ന സെൻറർ ഫോർ കമ്പ്യൂട്ടർ സയൻസ് &ഇൻഫർമേഷൻ ടെക്നോളജി ജില്ലയിൽ വിവര സാങ്കേതിക വിദ്യയുടെ ഉപദേശക പ്രവർത്തനങ്ങൾ നിറവേറ്റുന്നതിന് കഴിവുള്ള സ്ഥാപനമാണ്. ആസൂത്രണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും ഈ സ്ഥാപനത്തെ സമീപിക്കാവുന്നതാണ്. കൂടാതെ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും സംഘടിപ്പിക്കുന്ന വിവിധ തരത്തിലുള്ള സർവ്വേകൾ, ഡാറ്റാശേഖരണം, അപഗ്രഥനം തുടങ്ങിയ പ്രവർത്തനങ്ങൾ നിറവേറ്റുന്നതിനും ഈ സ്ഥാപനത്തിൻറെ വിഭവങ്ങൾ വിനിയോഗിക്കാവുന്നതാണ്.

2.10.13 സെന്റർ ഫോർ പോസ്റ്റ് ഗ്രാഡുവേറ്റ് സ്റ്റഡീസ് ഇൻ സോഷ്യൽ വർക്ക് സു.ബത്തേരി.

സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ മികച്ച പ്രൊഫഷനുകളെ വാർത്തെടുക്കുന്നതിനായി കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സെൻറർ ഫോർ പോസ്റ്റ് ഗ്രാജുവേറ്റ് സ്റ്റഡീസ് ഇൻ സോഷ്യൽ വർക്ക്, സു.ബത്തേരി. ജില്ലയിൽ സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും ഇക്കാര്യത്തിൽ ഉപദേശം ലഭ്യമാകുന്നതിനുമായി മേൽ സ്ഥാപനത്തെ സമീപിക്കാവുന്നതാണ്.

2.10.14 ഗവൺമെൻറ് പോളിടെക്നിക് കോളേജ്, മീനങ്ങാടി, മേപ്പാടി, മാനന്തവാടി

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രായോഗിക പരിശീലനം ലഭ്യമാക്കി പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി ജില്ലയിൽ മീനങ്ങാടി, മേപ്പാടി എന്നിവിടങ്ങളിലായി 3 ഗവ.പോളിടെക്നിക് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്ര മേഖലയിൽ പ്ലസ് റ്റു കഴിഞ്ഞതോ, എസ്.എസ്.എൽ.സി പരീക്ഷയിൽ ശാസ്ത്ര വിഷയങ്ങൾക്ക് മികച്ച മാർക്ക് നേടിയതോ ആയ വിദ്യാർത്ഥികൾക്കാണ് പോളിടെക്നിക് കോളേജുകളിൽ പ്രവേശനം ലഭ്യമാകുന്നത്. കൂടാതെ, മികച്ച പരിശീലനം നേടിയവരും സാങ്കേതിക യോഗ്യത ഉള്ളവരുമായ അധ്യാപകരാണ് പോളിടെക്നിക് കോളേജുകളിൽ ഉള്ളത്. ഇവരുടെ സാങ്കേതി വൈദഗ്ധ്യവും, പാടവവും ആസൂത്രണ പ്രക്രിയകളിൽ ഉപയോഗിക്കുന്നത് പ്രൊജക്ടുകളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും നിർവ്വഹണ പ്രക്രിയ സുഗമമാക്കുന്നതിനും സഹായിക്കു. വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളിൽ ഇവരെ ഉൾപ്പെടുത്തുന്നത് ഉചിമാണ്.

2.10.15 സഹകരണ മേഖലയും സ്ഥാപനങ്ങളും

വയനാട് ജില്ലയിൽ സഹകരണ വകുപ്പിന് കീഴിൽ 436 സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്. ജില്ലയിലെ കാർഷിക വായ്പമേഖലയിൽ സഹകരണ സംഘങ്ങൾ പ്രധാന വിഭവ സ്രോതസ്സായി നിലകൊള്ളുന്നു. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ജനറൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ഒരു പരിശീലന കേന്ദ്രം കരണിൽ പ്രവർത്തിച്ചു വരുന്നു. ഏകദേശം 436 സഹകരണ സംഘങ്ങളാണ് വയനാട് ജില്ലയിൽ പ്രവർത്തിച്ചു വരുന്നത്.

2.10.16 ആരോഗ്യസ്ഥാപനങ്ങൾ

ആരോഗ്യ പരിപാലന രംഗത്തെ സ്ഥാപനങ്ങളുടെ അപര്യാപ്തത ഈ മേഖലയെ കാര്യമായി ബാധിക്കുന്നു.മാനന്തവാടിയിൽ പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രിയാണ് സർക്കാർ മേഖലയിലെ ഏറ്റവും വലിയ ആതുര ശുശ്രൂഷാ കേന്ദ്രം. സുൽത്താൻ ബത്തേരി , വൈത്തിരി എന്നീ താലൂക്കുകളിൽ പ്രവർത്തിക്കുന്ന ആശുപത്രികളും പുൽപ്പള്ളി , പനമരം, മാനന്തവാടി എന്നിവിടങ്ങളിലെ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളും കൽപ്പറ്റയിൽ പ്രവർത്തിക്കുന്ന ജനറൽ ആശുപത്രിയുമാണ് ജില്ലയിൽ ലഭ്യമായ മറ്റു ആതുര ശുശ്രൂഷാ കേന്ദ്രങ്ങൾ. ഇവ കൂടാതെ നിലവിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ഇവക്ക് കീഴിൽ ഉപ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.സർക്കാരിന്റെ ആർദ്രം മിഷന്റെ കീഴിൽ ഏഴ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും ചികിത്സാ സൗകര്യങ്ങൾക്ക് ഉന്നത നിലവാരം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.ആരോഗ്യ വിദ്യാഭ്യാസത്തിനും കൂടുതൽ ചികിത്സാ സൗകര്യങ്ങൾക്കും ഉതകുന്ന സ്ഥാപനങ്ങൾ ജില്ലയിൽ വിരളമാണ് . സർക്കാർ മേഖലയിൽ ഒരു മെഡിക്കൽ കോളേജ് അനുവദിച്ചിട്ടുണ്ടെങ്കിലും ചില പ്രശ്നങ്ങൾ കാരണം അതിന്റെ നിർമ്മാണം നിലച്ചിരിക്കുകയാണ്.ആയതിനാൽ സർക്കാരിന്റെ ഭാഗത്തു നിന്നും സത്വര നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു.

2.10.17 ക്ലബുകളും യുവജനക്ഷേമകേന്ദ്രങ്ങളും

യുവജനങ്ങളുടെ മാനസിക – കായിക – വ്യക്തിത്വ വികസനം ലക്ഷ്യമാക്കി നിരവധി ക്ലബുകൾ ജില്ലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. നെഹ്റു യുവ കേന്ദ്രയുടെയും ജില്ലാ രജിസ്ട്രാറുടെയും സാമ്പത്തിക

സഹായത്തിലും നിയന്ത്രണത്തിലും പ്രവർത്തിച്ചു വരുന്ന കേന്ദ്രങ്ങളാണിവയൊക്കെ.നെഹ്റു യുവകേന്ദ്രയുടെയും ജില്ലാ രജിസ്ട്രാറുടെയും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ലബുകളുടെ വിവരങ്ങൾചുവടെ ചേർക്കുന്നു .

പട്ടിക– 2.25:

ക്ലബുകളും യുവജനക്ഷേമകേന്ദ്രങ്ങളും

ക്രമ നം	താലൂക്ക്	പബ്ലിക്ക് ലൈബ്രറി	റീഡിംഗ് റൂമുകൾ	റിക്രിയേഷൻക്ലബുകൾ	
				കായികം	കല
1	വൈത്തിരി	28	25	65	69
2	സുൽത്താൻ ബത്തേരി	35	62	98	79
3	മാനന്തവാടി	35	32	48	53
ആകെ		**98**	**119**	**211**	**201**

2.10.18 അംഗൺവാടികൾ

ജില്ലാ സാമൂഹിക നീതി വകുപ്പിന്റെയും സംയോജിത ശിശു വികസന പരിപാടിയുടെയും കീഴിൽ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നു. 2017 – 2018 വാർഷിക പദ്ധതി വിഹിതത്തിന്റെ5ശതമാനം ഉക കുട്ടികളുടെയും സ്ത്രീകളുടെയും ക്ഷേമത്തിനായി മേൽ സ്ഥാപനങ്ങൾ നീക്കി വെക്കേണ്ടതാണ്. ജില്ലയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സ്വന്തമായി കെട്ടിടമുള്ളവയും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയും ജീർണ്ണാവസ്ഥയിൽ പ്രവർത്തിക്കുന്നവയും ഉണ്ട്.തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ട് കൂടാതെ കേന്ദ്ര പദ്ധതികളായ ബി ആർ ജി ഫ് , എം പി ലാഡ്സ്, എം എൽ എ എസ് ഡി എഫ്,സാമൂഹിക നീതി വകുപ്പിന്റെ സംയോജിത ശിശു വികസന സേവന പദ്ധതിയിൽ ഉൾപ്പെടുത്തി അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമിച്ചു നൽകാവുന്നതാണ്.ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന അംഗൻവാടികളുടെ കണക്ക് ചുവടെ ചേർക്കുന്നു.

2.11. സർക്കാർസ്ഥാപനങ്ങളുംഓഫീസുകളും

2.11.1 ജില്ലാമൃഗസംരക്ഷണ ഓഫീസ്

കേരള സംസ്ഥാനത്ത് മൃഗ സംരക്ഷണ രംഗത്ത് വളരെ ശ്രദ്ധേയമായ സ്ഥാനമാണ് വയനാട് ജില്ലയ്ക്കുള്ളത്. വയനാട്ടിലെ ഗ്രാമീണ സംമ്പദ്ഘടനയുടെ വളർച്ചയ്ക്ക് ശക്തമായ അടിത്തറയാണ് മൃഗസംരക്ഷണ മേഖല നൽകി വരുന്നത് . മുട്ടയുൽപ്പാദനത്തിലും മാംസോൽപാദനത്തിലും വമ്പിച്ച പുരോഗതി കൈവരിക്കുവാൻസാധിച്ചിട്ടുണ്ട്. ജില്ലയിൽബ്രമഗിരി ഡെവലപ്പ്മെൻറെ സൊസൈറ്റിയുടെ കീഴിൽമാംസ്യസംസ്കരണ യുണിറ്റ് പ്രവർത്തിച്ചു വരുന്നു. ജില്ലയിൽ ജില്ലാ വെറ്ററിനറി കേന്ദ്രം , വെറ്ററിനറി ഡിസ്പെൻസറി , വെറ്ററിനറി ഹോസ്പിറ്റൽ, വെറ്ററിനറി പോളിക്ലിനിക്ക്, അസിസ്റ്റൻറ്റ് ഡയക്ടറുടെ കാര്യാലയം, റീജ്യണൽ എ ഐ സെൻറർ മീനങ്ങാടി, എന്നിവ പ്രവർത്തിച്ചു വരുന്നു.

പട്ടിക– 2.26:

ക്രമ നം	തദ്ദേശ ഭരണ സ്ഥാപനങ്ങൾ	അനുബന്ധ സ്ഥാപനം	സ്ഥാപനങ്ങളുടെ എണ്ണം	ആകെ
1	മാനന്തവാടി ബ്ലോക്ക്	വെറ്ററിനറി ഡിസ്പെൻസറി	4	5
		വെറ്ററിനറി പോളിക്ലിനിക്ക്	1	
		വെറ്ററിനറി ഹോസ്പിറ്റൽ	0	
2	കൽപ്പറ്റ ബ്ലോക്ക്	ജില്ലാ വെറ്ററിനറി കേന്ദ്രം	1	10
		വെറ്ററിനറി ഡിസ്പെൻസറി	6	
		വെറ്ററിനറി ഹോസ്പിറ്റൽ	0	
		വെറ്ററിനറി ഡിസ്പെൻസറി	2	
		വെറ്ററിനറി ഹോസ്പിറ്റൽ	1	
3	പനമരം ബ്ലോക്ക്	അസിസ്റ്റന്റ് ഡയക്ടറുടെ കാര്യലയം,	1	1
4	സുൽത്താൻബത്തേരി ബ്ലോക്ക്	റീജനൽസെന്റെർ മീനങ്ങാടി	1	6
		വെറ്ററിനറി ഡിസ്പെൻസറി	5	

2.11.2 ഇക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ്

വയനാട് ജില്ലയുടെ സ്ഥിതിവിവര കണക്കുകള്സൂക്ഷിക്കുന്നതിനും അത് ഭരണ തലത്തിൽ ഉപയുക്തമാക്കുന്നിനുമായി ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യലയവും മുന്നു താലുക്കുകളിലായി (കൽപ്പറ്റ, സുൽത്താൻബത്തേരി, മാനന്തവാടി) സ്റ്റാറ്റിസ്റ്റിക്കൽഓഫീസും പ്രവർത്തിച്ചു വരുന്നു.

പട്ടിക– 2.27

ക്രമ നം	തദ്ദേശ ഭരണ സ്ഥാപനങ്ങൾ	അനുബന്ധ സ്ഥാപനം	സ്ഥാപനങ്ങളുടെ എണ്ണം	ആകെ
1	മാനന്തവാടി ബ്ലോക്ക്	താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽഓഫീസ്	1	1
2	കൽപ്പറ്റ ബ്ലോക്ക്	ഡെപ്യൂട്ടി ഡയറക്ടർ	1	2
		താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽഓഫീസ്	1	
3	പനമരം ബ്ലോക്ക്	–	–	–
4	സുൽത്താൻബത്തേരി ബ്ലോക്ക്	താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽഓഫീസ്	1	1

2.11.3. മലിനീകരണനിയന്ത്രണബോർഡ്

മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾപരിശോധിച്ച് അനുമതി നൽകാൻ ജില്ലയിൽ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽഒരു മലിനീകരണ ബോർഡ് പ്രവർത്തിക്കുന്നു.

2.11.4 മണ്ണു സംരക്ഷണ ഓഫീസ്

ജില്ലയിൽ മണ്ണിന്റെ ഗുണനിലവാരപരിശോധന നടത്തുനത്തിന് ഹൈടെക് സോയിൽ ലാബ് പ്രവർത്തിച്ച് വരുന്നു. ഇത് കർഷകർക്ക് പ്രയോജനകരമാണ്. കൂടാതെ ജില്ലയിൽമണ്ണു സംരക്ഷണ

ഓഫീസും മണ്ണ് പരിവേഷ്യ മണ്ണ് സംരക്ഷണവകുപ്പും ഒരു ജോയിന്റ് ഡയറക്ടറുടെ കാര്യാലയവും സ്ഥിതി ചെയ്യുന്നു.

2.11.5 പട്ടിക ജാതി ,പട്ടിക വർഗ വികസന ഓഫീസ്

ജില്ലയിൽ ഒരു ജില്ലാ പട്ടിക ജാതി വികസന ഓഫീസും നാലു ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസുകളും പ്രവർത്തിച്ചു വരുന്നു . പട്ടിക വർഗക്കാരുടെ ഉന്നമനത്തിനും ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ജില്ലയിൽ സംയോജിത പട്ടിക വർഗ വികസന പ്രൊജക്ട് ഓഫീസും രണ്ടു പട്ടിക വർഗ വികസന ഓഫീസുകളും ഇത് കൂടാതെ എല്ലാ ഗ്രാമ പഞ്ചായത്തിലും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്.

2.11.6 സാമൂഹ്യനീതി വകുപ്പ്

ജില്ലയിൽവയോജനങ്ങൾ, കുട്ടികൾ, വനിതകൾ, ഭിന്നശേഷിയുള്ളവർ ഭിന്നലിംഗ വിഭാഗം എന്നിവരുടെ ഉന്നമനതിനായി ഈ വകുപ്പ് പ്രവർത്തിച്ച് വരുന്നു. കുട്ടികളുടെ മാനസികവും ശാരീരികവും സാമുഹികവുമായ വികസനത്തിലുടെ നേടുന്നത് സമൂഹത്തിന്റെ ഭാവിയാണെന്ന് മനസിലാക്കി കുട്ടികളുടെ വികസനത്തിനായി ഈ വകുപ്പ് പ്രവർത്തിക്കുന്നു.വനിതകൾകെതിരായ ലൈംഗികമോ ശാരീരികമോ മാനസികമോ ആയ അതിക്രമങ്ങളും അവക്കെതിരെ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ബോധവൽക്കരണവും ചൂഷണത്തിനിരയായവരുടെ പുനരധിവാസവും ഈ മേഖല നടപ്പിലാക്കിവരുന്നു.

2.11.7 യൂണിവേഴ്സിറ്റി സെന്ററുകൾ

ജില്ലയിൽ കാലിക്കറ്റ് കണ്ണൂർ സർവലാശാലകളുടേതായി സുൽത്താൻ ബത്തേരി, കൽപ്പറ്റ മാനന്തവാടി ചെതലയം എന്നിവിടങ്ങളിൽ യൂണിവേഴ്സിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കമ്പ്യൂട്ടർ അധിഷ്ഠിത പ്രവർത്തനങ്ങൾ, അധ്യാപക വിദ്യാഭ്യാസം, ട്രൈബൽ പഠനങ്ങൾ എന്നിവയാണ് ഈ സ്ഥാപനങ്ങളിൽ നടന്നു വരുന്നത്.

2.12 നിർദ്ദേശങ്ങളും ഉപസംഹാരവും

- തദ്ദേശഭരണ സ്ഥാപനങ്ങൾ അവയ്ക്ക് സർക്കാർ ലഭ്യമാക്കുന്ന തുക പൂർണ്ണമായും വിനിയോഗിക്കുന്ന രീതിയിൽ പ്രൊജക്ടുകൾ രൂപീകരിക്കുന്നതാണ് ഉചിതം. ഇതിലേക്കായി തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി കണ്ട് വികസന വിടവുകൾ നികത്തുന്ന വിധത്തിലുള്ള ആസൂത്രണ പ്രക്രിയക്ക് രൂപം നൽകാവുന്നതാണ്.
- പതിമൂന്നാം പഞ്ചവല്സരപദ്ധതിയുടെ അവസാന വാർഷിക പദ്ധതിയില് കൈവരിക്കേണ്ട ലക്ഷ്യം നടപ്പുവർഷത്തിൽ തന്നെ വിഭാവനം ചെയ്യേണ്ടതും ഓരോ വാർഷിക പദ്ധതിയിലും പ്രൊജക്ടിലെ ഓരോ ഘടകങ്ങൾ കൈവരിച്ച് അവസാന വർഷം പ്രൊജക്ടിൻറെ പൂർണ്ണ ലക്ഷ്യം കൈവരിക്കത്തക്ക രീതിയിൽ പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.
- ഓരോ വർക്കിംഗ് ഗ്രൂപ്പുകളേയും അതാത് വികസന മേഖലയിലെ വികസന വിടവുകൾ കണ്ടെത്താൻ ചുമതലപ്പെടുത്തേണ്ടതും ഇവയ്ക്ക് മുൻഗണന നിശ്ചയിച്ച് പദ്ധതി രൂപീകരണം നടത്താവുന്നതുമാണ്.
- വിവിധ വകുപ്പുകൾ അതാത് മേഖലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
- തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈകൊള്ളേണ്ടതാണ്.

- പദ്ധതി രൂപീകരണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന വിവിധ അനുബന്ധ സ്ഥാപനങ്ങളിലെ വിദഗ്ധരെ ഉൾപ്പെടുത്താവുന്നതും വിദഗ്ധോപദേശം തേടാവുന്നതുമാണ്.
- ഓരോ മേഖലയിലും ഓരോ പ്രദേശത്തും അടിയന്തിര പ്രാധാന്യം നൽകേണ്ടതും പ്രത്യേക ശ്രദ്ധ ആവശ്യമായതുമായ വിഭാഗങ്ങളെയും പ്രശ്നങ്ങളെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഗ്രാമ സഭകളുടെയും സഹായത്തോടെ കണ്ടെത്തുക. ഇവക്ക് പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുകയും ഓരോ വാർഷിക പദ്ധതിയിലും കൈവരിക്കേണ്ട ലക്ഷ്യങ്ങൾ നിജപ്പെടുത്തി അവ സാക്ഷാത്കരിക്കത്തക്ക രീതിയിൽ പ്രൊജെക്ടുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കുക.
- തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രോജക്ടുകളുടെ എണ്ണം നിജപ്പെടുത്താവുന്നതാണ്. പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ട് സമഗ്ര പ്രൊജക്ടുകൾ രൂപീകരിക്കുക. ഇപ്രകാരം രൂപീകരിക്കുന്ന പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കത്തക്ക രീതിയിൽ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക. വികസന വിടവുകൾ നികത്തുന്നതിനുള്ള ഏറ്റവും ഫലപ്രദമായ രീതിയായി ഈ രീതിയെ കണ്ടുവരുന്നു. ഇത്തരത്തിൽ പ്രൊജക്ടുകൾ രൂപീകരിക്കുന്ന പക്ഷം തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭ്യമാകുന്ന മുഴുവൻ തുകയും വിനിയോഗിക്കാൻ സാധ്യമാകുന്നതും ഉപയുക്തത വിടവ് പരാമാവധി കുറക്കാൻ സാധിക്കുന്നതുമാണ്.

പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിവിധ വകുപ്പുകൾക്കും പദ്ധതി രൂപീകരണത്തിനായി ലഭ്യമാകുന്ന മനുഷ്യ-പ്രകൃതി-ധന-സ്ഥാപന വിഭവങ്ങളുടെ ഒരു ഏകദേശ രൂപമാണ് ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി രൂപീകരണ പ്രക്രിയയിൽ മേൽകണക്കുകൂട്ടലുകൾ ഒരു മാർഗ്ഗനിർദ്ദേശമായി പരിഗണിക്കാവുന്നതും അഞ്ച് വർഷത്തേക്കുള്ള പദ്ധതി ആസൂത്രണത്തിൽ പ്രൊജക്ടുകൾ രൂപീകരിക്കുന്നതിനായി അവംലംബിക്കാവുന്നതുമാണ്.

******

അദ്ധ്യായം–3

വികസനത്തിന്റെ സ്ഥലമാനങ്ങൾ

3.1 ആമുഖം

ജില്ലാ പദ്ധതിയിൽ ജലവിഭവങ്ങളുടെയും, പ്രകൃതി ജന്യവും അല്ലാതെയുമുള്ള വിഭവങ്ങളുടെ പങ്കുവെയ്ക്കൽ, സ്ഥലപരാസൂത്രണം, പശ്ചാത്തല സൗകര്യങ്ങളുടെ സംയോജിത വികസനം, പരിസ്ഥിതി സംരക്ഷണം എന്നിങ്ങനെ പഞ്ചായത്തുകൾക്കും, നഗരസഭകൾക്കും പൊതുവായ വിഷയങ്ങളാണ് കൈകാര്യം ചെയ്യേ തെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ –243 2ഡി (3)എ അനുശാസിക്കുന്നു.

3.1.1. സ്ഥലപരാസൂത്രണം (Spatial Planning)

ഒരു പ്രദേശത്തിന്റെ വികസനം അത് ഒരു പഞ്ചായത്തായാലും ജില്ലയായാലും ഒറ്റപ്പെട്ടല്ല നിൽക്കുന്നത്. ഒരു പഞ്ചായത്തിന്റെ വികസനം സമീപ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ ജില്ലയുടെ വികസനം പഞ്ചായത്തുകളെ മറന്നുകൊ ു ചിന്തിക്കുവാനും ആകില്ല. കൂടാതെ ഒരു പ്രദേശത്തിന്റെ വികസനം വിവിധ വികസന മേഖലകളുടെ സംയോജനത്തിലൂടെയാണ് കൈ വരുന്നത്. വികസന മേഖലകളുടെ സംയോജനം പ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുസൃതമായിരിക്കുകയും വേണം. ചുരുക്കത്തിൽ പ്രാദേശിക പ്രത്യേകതകൾക്കു മുൻതൂക്കം നൽകി വിവിധ തലങ്ങളിലെ, വിവിധ മേഖലകളുടെ, സംയോജനത്തിലൂടെയാണ് ഒരു പ്രദേശത്തിന്റെ യഥാർത്ഥ വികസനം കൈവരിക്കുവാൻ സാധിക്കുന്നത് എന്നർത്ഥം. ഇതിനായി പ്രദേശത്തെ മർമ്മപ്രധാനമായ ചില മേഖലകളെയെങ്കിലും ഏകോപിപ്പിച്ച് അവയ്ക്ക് അനുപൂരകമായി മറ്റു മേഖലകളെ സ്ഥലപരമായി സംയോജിപ്പിക്കേ തു ്. ഒരു പ്രദേശത്തിന്റെ പ്രത്യേകതയ്ക്ക് മുൻതൂക്കം നൽകി വികസനം ആസൂത്രണം ചെയ്യുമ്പോൾ, സമഗ്ര പ്രാദേശിക വികസനത്തിന് എല്ലാ വികസന മേഖലകളിലും മുതൽമുടക്കേ ആവശ്യമില്ല. മറിച്ച് ഏറ്റവും അനുയോജ്യമായ വികസന മേഖലകൾ കെ ത്തി അവിടെ മുതൽ മുടക്കിയാൽ മതി. ഇതുമൂലം ഉ ാകുന്ന വികസന പ്രചോദനങ്ങൾ മറ്റ് വികസന മേഖലകളുടെ വളർച്ചയ്ക്ക് കാരണമാവുകയും, ആ പ്രദേശത്തിന്റെ സ്ഥലപര ക്രമത്തിൽ (Spatial order) മാറ്റം ഉ ാവുകയും ചെയ്യുന്നു. അനുയോജ്യ വികസന മേഖലകളിൽ വേ വിധം മുതൽ മുടക്കുന്നതിനാവശ്യമായ നയങ്ങളും തന്ത്രങ്ങളും രൂപീകരിക്കുകയും അതുമൂലമു ാകുന്ന ഭൗതിക മാറ്റങ്ങൾ മുൻകൂട്ടി മനസ്സിലാക്കി സ്ഥലപരക്രമത്തിന് അനുയോജ്യമായ തരത്തിൽ നിയന്ത്രിക്കുകയും ചെയ്യാം. ഇത്തരത്തിലുള്ള ഒരു സമഗ്ര ആസൂത്രണ രീതിയെ സ്ഥലപരാസൂത്രണ രീതി എന്നു പറയുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം അമൂല്യമെന്ന് പറയാവുന്ന സ്ഥലത്തിന്റെ ഏറ്റവും അനുയോജ്യമായ ഉപയോഗം ഇതുമൂലം സാധ്യമാകുന്നു. സംസ്ഥാനത്തിന്റെ തീരപ്രദേശം, ഇടനാട്, മലനാട് എന്നിങ്ങനെയുള്ള തരം തിരിവിൽ തീരദേശം, തീരദേശപരിപാലന നിയമം മൂലവും മലനാട് ചരിവ് കൂടിയ പരിസ്ഥിത ലോല പ്രദേശങ്ങളാലും വികസനത്തിന് ഉപയുക്തമാകുന്നതിന് പരിമിതികളു ്. ഇതുമൂലം വികസനത്തിന് പ്രയോജനപ്പെടുത്താവുന്ന സ്ഥലം സംസ്ഥാനത്ത് പരിമിതമാണ്. സ്ഥലപരാസൂത്രണത്തിന് സംസ്ഥാനത്ത് ഇതുമൂലം വർദ്ധിച്ച പ്രാധാന്യമാണുള്ളത്.

3.1.2. വയനാട് – മേഖലാതല സ്ഥാനീയ സവിശേഷതകൾ(Regional Setting)

കേരളത്തിന്റെ വടക്ക് –കിഴക്കായി ഉത്തര അക്ഷാംശം 11^0 30’ 08’’നും 11^0 58’ 40’’നും പൂർവ്വ രേഖാംശം75^0 47’ 23’’നും 76^0 26’ 40’’നും മദ്ധ്യേ വടക്ക് കർണാടക സംസ്ഥാനത്തിലെ കുടക് ജില്ലയും, കിഴക്ക് തമിഴനാട് സംസ്ഥാനത്തിലെ നീലഗിരി

ജില്ലയും, തെക്ക് മലപ്പുറം ജില്ലയും, പടിഞ്ഞാറ് കോഴിക്കോട് – കണ്ണൂർ ജില്ലയാലും ചുറ്റപ്പെട്ട , ഒരേ സമയം ര ് വ്യത്യസ്ത സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനത്തെ ഒരേ ഒരു ജില്ലയാണ് വയനാട്. പശ്ചിമഘട്ടമലനിരകളിൽ നീലഗിരി ബയോസ്ഫിയറിൽ ഉൾപ്പെട്ടതും സമുദ്ര നിരപ്പിൽ നിന്നും 700 മുതൽ 2100 വരെഉയരത്തിൽ സ്ഥിതി ചെയ്യുന്നതുമായ ഹരിത മനോഹരമായ ഹൈറേഞ്ച് പ്രദേശമാണിത്. പഴയ കണ്ണൂർ ജില്ലയിലെ നോർത്ത് വയനാട് താലൂക്കും കോഴിക്കോട് ജില്ലയിലെ സൗത്ത് വയനാട് താലൂക്കും കൂട്ടി ചേർത്ത് 1980 നവംബർ1–ന് രൂപം കൊ ജില്ലയുടെ ആസ്ഥാനം കൽപ്പറ്റയും, വിസ്തൃതി 2131 ച.കി.മീ–ഉം ആണ്. സംസ്ഥാനത്തെ പ്രധാന നഗര കേന്ദ്രങ്ങളിലൊന്നായ കോഴിക്കോട് ജില്ല ഏതാ ് 75 കി.മീ കിഴക്കായും തെക്കേ ഇന്ത്യയിലെ പ്രധാന ടൂറിസ്റ്റ് കെന്ദ്രങ്ങളായ മൈസൂർ, ഊട്ടി എന്നിവിടങ്ങളിൽ നിന്നും ഏതാ ് 120 കി.മീ പടിഞ്ഞാറ് മാറിയുമാണ് ജില്ല സ്ഥിതി ചെയ്യുന്നത്. ജില്ലയുടെ സ്ഥാനീയ വിവരങ്ങൾ കാണിക്കുന്ന മാപ്പ് ചിത്രം 3.1.1–ൽ കാണിച്ചിരിക്കുന്നു. ജില്ലയുടെ തനതായ ഭൂപ്രകൃതിയും, കാലാവസ്ഥയും, വനസമ്പത്തും,സാമൂഹിക സാംസ്ക്കാരിക തനിമയും ജില്ലയിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഘടകങ്ങളാണ്. തെക്കേ ഇന്ത്യയിലെ വിനോദ സഞ്ചാര ഭൂപടത്തിൽ ആയതിനാൽ തന്നെ ജില്ല ഗണനീയ സ്ഥാനം പിടിച്ചിട്ടു ്.

*ചിത്രം*3.1.1.

വയനാട് ജില്ലയുടെ സ്ഥാനീയ സവിശേഷതകൾ

3.1.3. ഗതാഗത ബന്ധങ്ങൾ

ജില്ലയെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള മറ്റ് പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന ഏകമാർഗ്ഗം റോഡാണ്. മറ്റ് ഗതാഗത മാർഗ്ഗങ്ങളായ റെയിൽവെ , ജലഗതാഗതം, വ്യോമ ഗതാഗതം എന്നിവ ജില്ലയ്ക്ക് അന്യമാണ്. തൊട്ടടുത്ത റെയിൽവേ സ്റ്റേഷൻ കോഴിക്കോടും, വിമാനത്താവളങ്ങൾ മൈസൂർ (100 കി.മി.), കരിപ്പൂർ(90 കി.മി.), കണ്ണൂർ (90 കി.മി.), എന്നിവയും പോർട്ട് ബേപ്പൂരുമാണുള്ളത്. തെക്കേ ഇന്ത്യയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൈസൂർ, തമിഴ്നാട്ടിലെ നീലഗിരി, കർണാടകയിലെ കുടക്, അയൽ ജില്ലകളായ കോഴിക്കോട്, കണ്ണൂർ എന്നിവയുമായി ജില്ലയ്ക്ക് ഭേദപ്പെട്ട റോഡ് ഗതാഗത ബന്ധങ്ങളു ്. മാനന്തവാടി–തോൽപ്പെട്ടി റോഡ്, മാനന്തവാടി– ബാവലി റോഡ്, സുൽത്താൻ ബത്തേരി– മൈസൂർ റോഡ് (എൻ.എച്ച് –766) എന്നിവ ജില്ലയെ കർണാടക സംസ്ഥാനവുമായി ബന്ധിപ്പിക്കുമ്പോൾ സുൽത്താൻ–ബത്തേരി– അയ്യൻകൊല്ലി റോഡ്, ഗൂഡല്ലൂർ റോഡ്, വൈത്തിരി–വടുവൻചാൽ–ഗൂഡല്ലൂർ റോഡ് എന്നിവ ജില്ലയെ തമിഴ്നാട് സംസ്ഥാനവുമായി ബന്ധിപ്പിക്കുന്നു. കൂടാതെ ജില്ലയെ സമീപ ജില്ലയായ കോഴിക്കോടുമായി താമരശ്ശേരി ചുരം,

പക്രതളം ചുരം എന്നിവ വഴി ബന്ധിപ്പിക്കുമ്പോൾ കണ്ണൂർ ജില്ലയുമായി പേരിയ ചുരം, പാൽചുരം എന്നിവ വഴി ബന്ധിപ്പിക്കുന്നു. ജില്ലയുടെ ഗതാഗത ബന്ധങ്ങൾ ചിത്രം 3.1.2–ൽ കാണിച്ചിരിക്കുന്നു

*ചിത്രം*3.1.2.

വയനാട് ജില്ലയുടെ ഗതാഗത ബന്ധങ്ങൾ



ചുരം വഴിയുള്ള ഗതാഗതം വളരെ ദുർഘടം നിറഞ്ഞതാണ്. വിദഗ്ദ്ധ ചികിത്സക്കായി കോഴിക്കോടിനെ ആശ്രയിക്കുന്നവർ മാർഗ്ഗ മദ്ധ്യേ മരണപ്പെടുന്നത് സാധാരണമാണ്. കനത്ത വർഷപാതത്തിൽ മണ്ണിടിച്ചിൽ ഉ ാവുന്നതിനാൽ ജില്ല ഒറ്റപ്പെട്ടു പോകുന്ന സ്ഥിതി വിശേഷമുള്ളതിനാൽ ബദൽ റോഡുകളെക്കുറിച്ചുള്ള ഗൗരവതരമായ അന്വേഷണത്തിലാണ് ജില്ലാ ഭരണകൂടം. താഴെപ്പറയുന്ന ബദൽ മാർഗ്ഗങ്ങളാണ് ഇപ്പോൾ പരിഗണനയിലുള്ളത് (ചിത്രം 3.1.3)

1. കൽപ്പറ്റ പടിഞ്ഞാറത്തറ–വാരാമ്പറ്റ പൂഴിത്തോട് റോഡ്
2. മേപ്പാടി– ചൂരൽമല – ആനക്കാംപോയിൽ നിലമ്പൂർറോഡ്
3. മേപ്പാടികളളാടി റോഡ്.
4. ചിപ്പിലീതോട്–മരുത്തിലാവ്–തളിപ്പുഴറോഡ്
5. തൊ ർ നാട്–കുഞ്ഞോം വിലങ്ങാട് റോഡ്.

*ചിത്രം*3.1.3.

പരിഗണനയിലുള്ള ബദൽ റോഡുകൾ

മേൽപ്പറഞ്ഞവ കൂടാതെ എയർ ആംബുലൻസ് സൗകര്യം അടക്കം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു എയർ സ്ട്രിപ്പ് നിർമ്മിക്കുന്നതിന്റെ സാധ്യതയും പരിശോധിക്കേ തു ്. ജില്ലയുടെ മേഖലാതല ഗതാഗത ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ താഴെ പറയുന്നവ പരിഗണിക്കേ തായിട്ടു ്.

3.1.4. മേൽത്തട്ടു നിർദ്ദേശങ്ങൾ

1) സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും പരിഗണിച്ചു വരുന്നസുൽത്താൻ–ബത്തേരി–നിലമ്പൂർ റെയിൽവേ ലൈൻ, തലശ്ശേരി–മൈസൂർറെയിൽവേ ലൈൻ എന്നിവ സാക്ഷാത്ക്കരിക്കേ തു ്.
2) കണ്ണൂർ ജില്ലയിലെ മൂർഖൻ പറമ്പ് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഗുണം ജില്ലയ്ക്ക് ലഭ്യമാക്കുന്നതിനായി മാനന്തവാടി– പാൽചുരം–ഇരിട്ടി–കണ്ണൂർ റോഡ് നാലുവരി പാതയാക്കി സംസ്ഥാന പാത നിലവാരത്തിലേക്ക് ഉയർത്തേ തു ്.
3) ദുർഘടമായ ചുരം യാത്ര ഒഴിവാക്കുന്നതിനായി ബദൽ മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുകയും ചരക്ക് ഗതാഗതത്തിന് മാത്രമായി പാത നിർമ്മിക്കുന്നത് പരിഗണിക്കേ തുമാണ്. നിരോധിതമേഖലയിൽ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള സാധ്യത ആരായേ തു ്.
4) അടിയന്തിര ഘട്ടങ്ങളിൽ എയർ ആംബുലൻസ് ഉൾപ്പെടെ വിനോദ സഞ്ചാര മേഖലയിലെ സാധ്യതകൾ മുതലെടുക്കുന്നതിന് ഒരു എയർ സട്രിപ്പ് നിർമ്മിക്കുന്നതിനുള്ള സാധ്യത ആരായേ തു ്.

3.1.5. സംക്ഷിപ്തം

തെക്കേ ഇന്ത്യയിലെ വിനോദ സഞ്ചാര ഭൂപടത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള ജില്ല പശ്ചിമഘട്ടത്തിലെ നീലഗിരി ബയോസ്ഫിയറിൽ ഉൾപ്പെടുന്ന ഹൈറേഞ്ച് മേഖലയാണ്. ജില്ലയ്ക്ക് സമീപ സംസ്ഥാനങ്ങളും, ജില്ലകളുമായി ഭേദപ്പെട്ട ഗതാഗത ബന്ധങ്ങൾ ഉ ങ്കിലും ആയത് വിവിധ കാരണങ്ങളാൽ സുഗമമായ ഗതാഗതത്തിന് ഉതകുന്നില്ല. സർക്കാരിന്റെ പരിഗണനയിലുള്ള നിലമ്പൂർ–നഞ്ചൻകോഡ്, തലശ്ശേരി–മൈസൂർ റെയിൽ പാതകൾ, ചുരത്തിലെ ദുഷ്ക്കരമായ യാത്രക്ക് ബദലായുള്ള മാർഗ്ഗങ്ങൾ, എയർ സ്ട്രിപ്പ്, മുതലായവ ജില്ലയുടെ മേഖലാതല ബന്ധങ്ങൾ മെച്ചപ്പെടുത്തുവാൻ ഉതകുന്നതാണ്. കണ്ണൂരിലെ അന്താരാഷ്ട്ര വിമാനത്താവളം ജില്ലയുടെ വികസനത്തിന് മുതൽക്കൂട്ടാവുമെന്നതിന് സംശയമില്ല. ജില്ലയുടെ തനതായ സുഗന്ധദ്രവ്യങ്ങളും, മറ്റും കയറ്റുമതി ചെയ്യുന്നതിനും ജില്ലയുടെ വ്യവസായ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും തദ്വാരാ ജില്ലയുടെ സമഗ്ര പുരോഗതിയ്ക്കും മേഖലാ ബന്ധങ്ങൾ ശക്തിപ്പെടുത്തേ ത് അത്യാവശ്യമാണ്.

3.2 ഭൂവിനിയോഗം (Land use)

ഒരു പ്രദേശത്തെ മുഖ്യ പ്രവർത്തനമാണ് അവിടുത്തെ ഭൂവിനിയോഗത്തെ സൂചിപ്പിക്കുന്നത്. പ്രവർത്തനം കൃഷിയോ, വനവൽക്കരണമോ, പാർപ്പിട സംബന്ധമോ, വാണിജ്യപരമോ, വ്യാവസായികമോ ആവാം. അത് ആ പ്രദേശത്ത് നില നിൽക്കുന്ന സാമ്പത്തിക പ്രവർത്തനത്തിന്റെ ഒരു സൂചകമാണ്.

3.2.1 സംസ്ഥാന ഭൂവിനിയോഗം – ഒറ്റ നോട്ടത്തിൽ

നിമ്നോന്നതങ്ങളായ പ്രകൃതത്തോട് കൂടിയ കേരളത്തിന്റെ പടിഞ്ഞാറ് സമുദ്രനിരപ്പിൽ നിന്നും 5 മീറ്റർ താഴെയുള്ള തീരപ്രദേശവും കിഴക്ക് 2695 മീറ്റർ ഉയരത്തിലുള്ള മലനിരകളുമാണ്. വീതി 11കി. മീ മുതൽ 124 കിലോമീറ്ററും തീരദേശ ദൈർഘ്യം 560 കി.മീറ്ററും ആകുന്നു. ഭൂപ്രകൃതിയുടെയും ഭൗതിക സവിശേഷതകളുടെയും

അടിസ്ഥാനത്തിൽ കേരളത്തെ 3 വ്യത്യസ്ത പ്രദേശങ്ങളായി വിഭജിക്കാം. മലനാട്, ഇടനാട്, തീരപ്രദേശം. സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയുടെ ഏകദേശം 30% വനങ്ങളാണ്. ജൈവവൈവിധ്യത്തിന്റെ വിലപ്പെട്ട ശേഖരവും ദക്ഷിണേന്ത്യയുടെ ജലസ്രോതസ്സുമായ പശ്ചിമഘട്ടത്തിൽ ഉൾപ്പെടുന്ന സംസ്ഥാനത്തിന്റെ കിഴക്കേ ഭാഗം ലോകത്ത് ജൈവ വൈവിധ്യ ഭീഷണി നേരിടുന്ന "ഹോട്ട് സ്പോട്ടുകളുടെ" കൂട്ടത്തിൽ എട്ടാം സ്ഥാനത്താണ്. അതേ സമയം വർദ്ധിച്ച ജനസാന്ദ്രതയും വികസന പ്രവർത്തനങ്ങളുടെ ഫലമായി ഭൂഭാഗങ്ങൾക്കു ായ വലിയ മാറ്റങ്ങളും പശ്ചിമ ഘട്ടത്തിന്റെ സംരക്ഷണവും ഒപ്പം ഇവിടത്തെ പ്രകൃതി വിഭവങ്ങളുടെ പരിസ്ഥിതിയ്ക്ക് താങ്ങാവുന്ന നിലയിൽ മാത്രമുള്ള ഉപയോഗവും അനുപേക്ഷണീയമാക്കിയിട്ടു ്.

പ്രകൃതി വിഭവങ്ങളുടെയും പാരിസ്ഥിതിക വിവരങ്ങളുടെയും സ്ഥലപര വിതരണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ഭൂവിനിയോഗത്തെ 9 പ്രധാന വിഭാഗങ്ങളാക്കി തിരിക്കാവുന്നതാണ്. അവ ശതമാന നിരക്കിൽ താഴെ പട്ടിക 3.2.1–ൽ കാണിച്ചിരിക്കുന്നു. പ്രസ്തുത പട്ടികയിൽ നിന്നും കേരളത്തിന്റെ ഭൂവിനിയോഗത്തിൽ പ്രധാന ഭാഗം താമസ–കാർഷിക ഉപയോഗമാണെന്ന് കാണാം (41.38%). തുടർന്ന് വനമേഖലയും (23.18%) കാപ്പിയും, പ്ലാന്റേഷനും (20.18%) ആണെന്ന് കാണുന്നു. പട്ടിക വിശകലനം ചെയ്യുമ്പോൾ കേരളത്തിന്റെ സവിശേഷമായ ഭൂവിതരണം കാണാവുന്നതാണ്. അതായത് നഗര–ഗ്രാമ തുടർച്ച വികേന്ദ്രീകൃതമായ ആവാസ മേഖല, വീടും പുരയിടക്കൃഷിയും, മിശ്രവിള സമ്പ്രദായം മുതലായവ.

പട്ടിക3.2.1:
കേരളത്തിന്റെ ഭൂവിനിയോഗം

ക്രമ നമ്പർ	**ഭൂവിനിയോഗവിഭാഗങ്ങൾ**	**വിസ്തൃതി**	**ആകെ വിസ്തൃതി (ശതമാനത്തിൽ)**
1	റസിഡൻഷ്യൽ/അഗ്രികൾച്ചർമിക്സ്	16081.5	41.38
2	വനം	9008.44	23.18
3	അഗ്രികൾച്ചർ	3952.37	10.17
4	പ്ലാന്റേഷൻ	3890.19	10.01
5	മറ്റുളളവ	3159.56	8.13
6	റസിഡൻഷ്യൽ	1340.77	3.45
7	ജലസ്രോതസ്സ്	1134.8	2.92
8	മറ്റ് നിർമ്മിത ഭൂവിനിയോഗം	186.54	0.48
9	ചതുപ്പ്	108.81	0.28
	ആകെ	38863.00	100.00

അവലംബം : സെൻസസ്

പ്രധാന അനുമാനങ്ങൾ

- മൊത്തം വിസ്തൃതിയുടെ ഏകദേശം 30% വനങ്ങളാണ്
- ജൈവവൈവിധ്യത്തിന്റെ വിലപ്പെട്ട ശേഖരവും ദക്ഷിണേന്ത്യയുടെ ജലസ്രോതസ്സുമായ പശ്ചിമഘട്ടത്തിൽ ഉൾപ്പെടുന്നു.
- ലോകത്ത് ജൈവ വൈവിധ്യ ഭീഷണി നേരിടുന്ന ഹോട്ട് സ്പോട്ടുകളുടെ കൂട്ടത്തിൽ എട്ടാം സ്ഥാനത്താണ്.
- ഭൂവിനിയോഗത്തിൽ പ്രധാനഭാഗം താമസ–കാർഷികഉപയോഗമാണ് (41.38%).
- സവിശേഷമായ ഭൂവിതരണം നഗര–ഗ്രാമ തുടർച്ച വികേന്ദ്രീകൃതമായ ആവാസ മേഖല

3.2.2 ജില്ലാ ഭൂവിനിയോഗം (District Land use)

ജില്ലയിലെ ഭൂവിസ്തൃതി 2131 ച.കി.മീ ആണ്. ജില്ലയുടെ ഭൂവിനിയോഗ മാപ്പ് ചിത്രം 3.2.1 ലും, ഭൂ വിനിയോഗ വിശകലനം പട്ടിക 3.2.2.ലും തുടർന്ന് ചിത്രം 3.2.2.ലും വ്യക്തമാക്കിയിരിക്കുന്നു.

ചിത്രം. 3.2.1*:*
വയനാടിന്റെ ഭൂവിനിയോഗ മാപ്പ്

സോഴ്സ്: ലാന്റ് യൂസ് ബോഡ്

ചിത്രം.. 3.2.2:
ജില്ലയുടെലാന്റ് യൂസ് ബ്രേയ്ക്കപ്പ്



പട്ടിക3.2.2:

ജില്ലയുടെ ഭൂവിനിയോഗം

ക്രമ നമ്പർ	ഭൂവിനിയോഗ വിഭാഗങ്ങൾ	വിസ്തൃതി	ആകെ വിസ്തൃതി (ശതമാനത്തിൽ)
1	വനം	862.16	39.26
2	പ്ലാന്റേഷൻ	831.90	39.02
3	അഗ്രികൾച്ചർ	233.2	10.94
4	റസിഡൻഷ്യൽ/അഗ്രികൾച്ചർമിക്സ്	136.2	6.39
5	മറ്റുളളവ	62	2.91
6	റസിഡൻഷ്യൽ	14.9	0.7
7	ജലസ്രോതസ്സ്	11.9	0.56
8	മറ്റ് നിർമ്മിത ഭൂവിനിയോഗം	4.7	.22
9	ചതുപ്പ്	0	0
	ആകെ	38863.00	100

അവലംബം : ലാന്റ് യൂസ് ബോർഡ്

ജില്ല ആകമാനം ഹൈറേഞ്ച് മേഖലയിൽ വരുന്നതിനാൽ അതിന്റെ കാലാവസ്ഥയും ഭൂവിനിയോഗവും മറ്റ് ജില്ലകളുടേതിൽ നിന്നും തുലോം വ്യത്യസ്തമാണ്. കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലയിലെ ഭൂരിഭാഗം അതിർത്തി ഗ്രാമപഞ്ചായത്തുകളും വനവിസ്തൃതിയുടെ സിംഹഭാഗവും ഉൾക്കൊള്ളുന്നു (39.26%). വനം കഴിഞ്ഞാൽ പ്രധാന ഭൂവിനിയോഗം കൃഷിയും പ്ലാന്റേഷനുമാണ്(39.02%). മറ്റു ഉപയോഗങ്ങൾ അവശേഷിക്കുന്ന ഭാഗത്ത് വികേന്ദ്രീകൃതമായി വ്യാപരിച്ച് കിടക്കുന്നു. വാണിജ്യ വികസനം പ്രധാന റോഡുകളുടെയും ജംഗ്ഷനുകളുടെയും സമീപത്ത് വ്യവസായ വികസനം നാമമാത്രവുമാണെന്ന് കാണാം. പട്ടികയും ചിത്രങ്ങളും പരിശോധിച്ചാൽ ജില്ലയുടെ ഭൂവിനിയോഗത്തിന്റെ 90 ശതമാനവും വനം, കൃഷി, പ്ലാന്റേഷൻ എന്നിവയുമാണെന്ന് കാണാം. ഇതിൽ നിന്നും വയനാട് സമൃദ്ധമായ വനസമ്പത്തോടുകൂടിയ ഒരു കാർഷിക ജില്ലയാണെന്ന് കാണാം. ജില്ലയുടെ ഭൂവിനിയോഗം സമീപ ജില്ലകളിലേയും സമാന ജില്ലകളിലേയും ഭൂവിനിയോഗവുമായി താരതമ്യം ചെയ്ത് താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു .

പട്ടിക3.2.3:

ജില്ലയുടെ ഭൂവിനിയോഗ പാറ്റേൺ താരതമ്യം – അയൽ ജില്ലകളുമായി (ചതുരശ്ര കി.മി. യിൽ)

ക്രമ നമ്പ	ഭൂവിനിയോഗം	വയനാട്	പാലക്കാട്	കോഴിക്കോട്	കണ്ണൂർ	മലപ്പുറം	ഇടുക്കി
1	വനം	837.00	1263.90	476.94	436.24	643.13	1810.86
2	ജലസ്രോതസ്സ്	11.90	123.42	60.34	79.91	57.05	96.49
3	ചതുപ്പ് / കോൾ ലാന്റ്	0.00	4.58	4.2	0.00	11.87	0.00
4	റസിഡൻഷ്യൽ	14.90	12.05	18.26	28.65	18.14	0.00
5	അഗ്രികൾച്ചർ	233.20	755.55	128.33	563.02	252.27	42.24
6	പ്ലാന്റേഷൻ	831.90	208.58	4.71	295.10	138.19	506.29
7	റസിഡൻഷ്യൽ/ അഗ്രികൾച്ചർമിക്സ്	136.20	1813.06	1506.69	1323.49	2159.13	1509.99
8	മറ്റ് നിർമ്മിത	4.70	56.75	66.43	91.31	19.79	12.71

	ഭൂവിനിയോഗം						
9	മറ്റുള്ളവ	62.00	231.08	78.09	152.28	252.30	384.87
	ആകെ	2131.80	4480.0	2343.99	2970.00	3551.87	4363.45

സോഴ്സ് : സെൻസസ്

പട്ടിക പരിശോധിച്ചാൽ ജില്ലയുടെ ഭൂവിനിയോഗം സമീപ ജില്ലകളുടേതിൽ നിന്നും തികച്ചും വ്യത്യസ്തമാണെന്ന് കാണാം. വന വിസ്തൃതിയിൽ സംസ്ഥാനത്ത് പാലക്കാട്, ഇടുക്കി ജില്ലകൾ കഴിഞ്ഞാൽ മൂന്നാം സ്ഥാനം ജില്ലയ്ക്കാണ്. ജില്ലയുടെ ഏതാ ് 80 ശതമാനം വരുന്ന വിസ്തൃതിയും വനം, പ്ലാന്റേഷൻ ആവശ്യത്തിനായാണ് ഉപയോഗിക്കുന്നത് എന്നു കാണുന്നു.

മേൽ വിശകലനങ്ങളിൽ നിന്നും പശ്ചിമഘട്ട മലനിരകളിൽ ഉൾപ്പെടുന്നതും അതീവ പാരിസ്ഥിതിക പ്രാധാന്യവുമുള്ള ജില്ല സമൃദ്ധമായ വനസമ്പത്തോടു കൂടിയ കാർഷികാധിഷ്ഠിതമായ ജില്ലയാണെന്നും ആയതിനാൽ കാർഷികാധിഷ്ഠിതമായതും പാരിസ്ഥിതിക സൗഹൃദവുമായ വികസനമാണ് ജില്ലയ്ക്ക് അഭികാമ്യം എന്നും അനുമാനിക്കാവുന്നതാണ്.

പ്രധാന അനുമാനങ്ങൾ

- ജില്ല ആകമാനം ഹൈറേഞ്ച് മേഖലയിൽ വരുന്നു
- വന വിസ്തൃതിയിൽ സംസ്ഥാനത്ത് പാലക്കാട്, ഇടുക്കി ജില്ലകൾ കഴിഞ്ഞാൽ മൂന്നാം സ്ഥാനം
- അതിർത്തി ഗ്രാമപഞ്ചായത്തുകളും വനവിസ്തൃതിയുടെ സിംഹഭാഗവും ഉൾക്കൊള്ളുന്നു (39.26%).
- വാണിജ്യ വികസനം പ്രധാന റോഡുകളുടെയും ജംഗ്ഷനുകളുടെയും സമീപത്ത്
- വയനാട് സമൃദ്ധമായ വനസമ്പത്തോടുകൂടിയ ഒരു കാർഷിക ജില്ലയാണെന്ന് കാണാം
- കാർഷികാധിഷ്ഠിത, പാരിസ്ഥിതിക സൗഹൃദ വികസനം ജില്ലയ്ക്ക് അഭികാമ്യം

3.2.3 ഭൂവിഭവങ്ങളുടെ സ്ഥലപരവിന്യാസം

ജില്ലയിലെ പ്രധാന ഭൂവിനിയോഗങ്ങളും അവയുടെ സ്ഥലപര വിന്യാസം, കേന്ദ്രീകരണം മുതലായവ താഴെ വിവരിക്കുന്നു.

(1) വനം

നിബിഢമായ ഹരിതാഭമായ വനഭൂമിയാണ് ജില്ലയെ സമീപ ജില്ലകളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. ജില്ലയിലെ മുത്തങ്ങ, തോൽപ്പെട്ടി ഫോറസ്റ്റുകൾ ജൈവവൈവിധ്യത്താൽ സമ്പന്നമാണ്. മറ്റു ജില്ലകളിൽ നിന്നും വ്യത്യസ്തമായി വനം ഭൂരിഭാഗം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും വ്യാപിച്ചു കിടക്കുന്നതായി കാണുന്നു. അമ്പലവയൽ, കണിയാമ്പറ്റ, വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് വനത്തിന്റെ സാന്നിദ്ധ്യം ഇല്ലാത്തത്. മേൽ പട്ടിക 3.2.3. പരിശോധിച്ചാൽ സംസ്ഥാന വന സമ്പത്തിന്റെ ഏതാ ് 10 ശതമാനവും (837.59 ച. സ.ാ) ജില്ലയിൽ കേന്ദ്രീകരിച്ചിട്ടുള്ളതായി കാണാം. ജില്ലയിലെ വനഭൂമിയുടെ സ്ഥലപര വിന്യാസം ചിത്രം 3.2.3 ലും സമീപ ജില്ലകളുമായും ഇടുക്കിയുമായുള്ള താരതമ്യം ചിത്രം 3.2.4 .ലും കാണിച്ചിരിക്കുന്നു.

ചിത്രം3.2.3

വനഭൂമി – സമീപ ജില്ലകളും ഇടുക്കിയുമായുള്ള താരതമ്യം



*ചിത്രം*3.2.4*:*

വനഭൂമിയുടെ സ്ഥലപരവിന്യാസം



മേൽ പട്ടികയും ഗ്രാഫും പരിശോധിച്ചാൽ വനസമ്പത്തിൽ സമീപ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ജില്ല ഒന്നാമതാണെന്ന് കാണുന്നു. ജില്ലയിലെ വനവിസ്തൃതി 837 ചതുരശ്ര കി.മി.ആണ് . ആയത് സംസ്ഥാനത്തെ ആകെ വന ഭൂമിയുടെ 9.99%ആണ്. വനസമ്പത്തിൽ ജില്ല സംസ്ഥാനത്ത് നാലാം സ്ഥാനത്താണുള്ളത്. ഇടുക്കി ജില്ലയാണ് ഒന്നാം സ്ഥാനത്തുള്ളത്. ജില്ലയിൽ സുൽത്താൻ ബത്തേരി, നൂൽപ്പുഴ , തൊ ർനാട് , തിരുനെല്ലി എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് വന വിസ്തൃതിയുടെ കൂടുതൽ കേന്ദ്രീകരണം എന്നു വിശകലനത്തിൽ ബോധ്യപ്പെടുന്നു. സമൃദ്ധമായ വനസമ്പത്ത് നമ്മുടെ ജൈവ സമ്പത്ത് കാത്തു സൂക്ഷിക്കുന്നതോടൊപ്പം കാലാവസ്ഥയെയും സ്വാധീനിക്കുന്ന ഘടകമാണ് എന്നതിനാൽ വനസംരക്ഷണത്തിന് ജില്ലാ പദ്ധതിയിൽ മതിയായ ഊന്നൽ നൽകേ ത് അത്യാവശ്യമാണെന്ന് കാണുന്നു.

പ്രധാന അനുമാനങ്ങൾ

- വനസമ്പത്തിൽ ജില്ല സംസ്ഥാനത്ത് നാലാം സ്ഥാനത്താണുള്ളത്.
- ജില്ലയിലെ മുത്തങ്ങ, തോൽപ്പെട്ടി ഫോറസ്റ്റുകൾ ജൈവവൈവിധ്യത്താൽ സമ്പന്നമാണ്.
- സമൃദ്ധമായ വനവും വന്യ ജീവികളും ജൈവ വൈവിധ്യവും ജില്ലയുടെ ടൂറിസം രംഗത്ത് മുതൽക്കൂട്ടാണ്.
- വനവിഭവങ്ങളുടെ ശേഖരണവും വിപണനവും പ്രാദേശിക സാമ്പത്തിക വികസനത്തെ സ്വാധീനിക്കുന്നു.
- ഔഷധ സസ്യങ്ങളുടെ ലഭ്യത പരമ്പരാഗത ചികിത്സാ രംഗത്തും ആയുർവേദ മരുന്നുകളുടെ ഉൽപ്പാദന രംഗത്തും മുതൽക്കൂട്ടാണ്.
- വനവിഭവങ്ങൾ ഉപയോഗിച്ച് വൈവിധ്യമാർന്ന കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് സാധ്യത.
-

(2) കാർഷിക ഉപയോഗം

വയനാടിന്റെ സാമ്പത്തിക അടിത്തറ കൃഷിയെയും, പ്ലാന്റേഷനെയും ആശ്രയിച്ചാണിരിക്കുന്നത്. പ്ലാന്റേഷനുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയിലെ കൃഷി ഭൂമി കുറവാണെന്നാണ് കാണുന്നത് (10.94%). പക്ഷേ ഇത് സംസ്ഥാന ശരാശരിയുമായി താദാത്മ്യം പ്രാപിക്കുന്നതാണ്. സമീപ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ കാർഷിക ഭൂമിയുടെ വിസ്തൃതിയിൽ കണ്ണൂർ ജില്ല ഒന്നാമതും വയനാട് ര ാം സ്ഥാനത്തുമാണ് എന്നു കാണുന്നു (ചിത്രം 3.2.5 ക ാലും). ജില്ലയിലെ കാർഷിക ഭൂമിയുടെ സ്ഥലപര കേന്ദ്രീകരണം ചിത്രം 3.2.6 ൽ കൊടുത്തിരിക്കുന്നു. ചിത്രത്തിൽ നിന്നും ജില്ലയിൽ 13 ഗ്രാമപഞ്ചായത്തുകളിൽ കാർഷിക കേന്ദ്രീകരണം കാണുന്നുെ ങ്കിലും മാനന്തവാടി , എടവക, വെള്ളമു , വെങ്ങപ്പള്ളി, പൊഴുതന, മീനങ്ങാടി, മുട്ടിൽ, അമ്പലവയൽ തുടങ്ങി 7 ഗ്രാമപഞ്ചായത്തുകളിൽ കൃഷിഭൂമിയുടെ കൂടുതൽ കേന്ദ്രീകരണം കാണുന്നു.

*ചിത്രം*3.2.5*:*

കൃഷിഭൂമി – സമീപ ജില്ലയും ഇടുക്കിയുമായുള്ള താരതമ്യം



ചിത്രം3.2.6 കാർഷിക ഭൂമിയുടെ കേന്ദ്രീകരണം



NREDBമാനദണ്ഡങ്ങളനുസരിച്ച് ജില്ലയിലെ കാർഷിക ഭൂവിനിയോഗത്തെ 6 വിഭാഗങ്ങളായി തരം തിരിക്കാവുന്നതാണ്.. ആയത് താഴെ കാണും പ്രകാരമാണ്.

1) കശുമാവ്/ഓറഞ്ച്/കുരുമുളക്/പൈനാപ്പിൾ
2) വിരിപ്പ് (ഒന്നാം വിള)/മു കൻ
3) ലാന്റ് വിത്ത്ഔട്ട് സ്ക്രബ്ബ്
4) ഡബിൾ ക്രോപ്പ് /ട്രിപ്പിൾ ക്രോപ്പ്
5) കൃഷി ഫാമുകൾ
6) കൃഷിത്തോട്ടം (കായ്കനികൾ)/മരങ്ങൾ

മേൽപ്പറഞ്ഞവയിൽ വിരിപ്പ്/(ഒന്നാംവിള) മു കൻ കൃഷിക്കാണ് ജില്ലയിൽ പ്രാമുഖ്യമുള്ളത്. ഇരട്ടവിള/മിശ്രവിള സമ്പ്രദായത്തിനും കൂടുതൽ പ്രാധാന്യം നൽകി കാണുന്നു.

പ്രധാന അനുമാനങ്ങൾ

- ജില്ലയിലെ മുത്തങ്ങ, തോൽപ്പെട്ടി ഫോറസ്റ്റുകൾ ജൈവവൈവിധ്യത്താൽ സമ്പന്നമാണ്.
- സമൃദ്ധമായ വനവും വന്യ ജീവികളും ജൈവ വൈവിധ്യവും ജില്ലയുടെ ടൂറിസം രംഗത്ത് മുതൽക്കൂട്ടാണ്.
- വനവിഭവങ്ങളുടെ ശേഖരണവും വിപണനവും പ്രാദേശിക സാമ്പത്തിക വികസനത്തെ സ്വാധീനിക്കുന്നു.

.



(3). പ്ലാന്റേഷൻ ഭൂവിനിയോഗം

പ്ലാന്റേഷൻ ജില്ലയുടെ സമ്പദ്ഘടനയുടെ പ്രധാന പങ്കു വഹിക്കുന്നു ്. ജില്ലയുടെ ഭൂവിസ്തൃതിയുടെ 39.02 ശതമാനവും പ്ലാന്റേഷൻ ആണ് ആയത് സംസ്ഥാന ശരാശരി (11.91 %) യേക്കാൾ കൂടുതലാണ്. അതിർത്തി ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയിലെ പ്ലാന്റേഷൻ, വിസ്തൃതി ഒന്നാമതാണ് എന്നു കാണുന്നു. ആയത് സംസ്ഥാന വിസ്തൃതിയുടെ 20% വരുന്നതാണ്. ജില്ല കഴിഞ്ഞാൽ സമീപ ജില്ലകളിൽ കണ്ണൂർ ആണ് പ്ലാന്റേഷൻ വിസ്തൃതിയിൽ മുൻപന്തിയിൽ നിൽക്കുന്നത്. ജില്ലയിലെ പ്ലാന്റേഷൻ വിസ്തൃതി സമീപ ജില്ലകളുമായും സംസ്ഥാന ശരാശരിയുമായുള്ള താരതമ്യം ചിത്രത്തിൽ കൊടുത്തിരിക്കുന്നു.

*ചിത്രം*3.2.7

പ്ലാന്റേഷൻ ഉപയോഗം– സമീപ ജില്ലകളും ഇടുക്കിയുമായുള്ള താരതമ്യം



പ്ലാന്റേഷൻ ജില്ലയിൽ ഏതാ ് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വ്യാപിച്ചു കിടക്കുന്നു. എന്നിരുന്നാലും 17 തദ്ദേശഭരണ പ്രദേശത്താണ് ആയതിന്റെ പ്രാമുഖ്യം കൂടുതൽ കാണുന്നത്. പ്രത്യേകിച്ച് ജില്ലയുടെ തെക്ക്, മധ്യ ഭാഗങ്ങളിൽ വരുന്ന കോട്ടത്തറ, വെങ്ങപ്പള്ളി, കൽപ്പറ്റ, മുട്ടിൽ, കണിയാമ്പറ്റ, മീനങ്ങാടി, അമ്പലവയൽ, മുപ്പൈനാട്, വൈത്തിരി എടവക എന്നീ തദ്ദേശഭരണ പ്രദേശങ്ങളിൽ താഴെപ്പറയുന്നവയാണ് ജില്ലയിലെ പ്രധാന പ്ലാന്റേഷൻ

7) തേയില/കാപ്പി/ഏലം/യൂക്കാലിപ്റ്റ്സ്
8) തേയില/കാപ്പി/ ഏലം
9) തേക്ക്
10) തേക്ക്/ മൃദു മരങ്ങൾ
11) യൂക്കാലിപ്റ്റ്സ്

മേൽപ്പറഞ്ഞവയിൽ തേയില/കാപ്പി/ഏലം/യൂക്കാലിപ്റ്റ്സ് എന്നിവയ്ക്കാണ് ജില്ലയിൽ പ്രാമുഖ്യമുള്ളത്. ജില്ലയിലെ പ്ലാന്റേഷൻ ഉപയോഗത്തിന്റെ സ്ഥലപര കേന്ദ്രീകരണം ചിത്രത്തിൽ കാണിച്ചിരിക്കുന്നു.

*ചിത്രം*3.2.8

പ്ലാന്റേഷൻ ഭൂവിനിയോഗ കേന്ദ്രീകരണം>1

പ്രധാന അനുമാനങ്ങൾ

- തേയില/കാപ്പി/ഏലം/യൂക്കാലിപ്റ്റ്സ് എന്നിവയ്ക്കാണ് ജില്ലയിൽ പ്രാമുഖ്യമുള്ളത്
- സമൃദ്ധമായ പ്ലാന്റേഷൻ,ഫാം ടൂറിസം, എസ്റ്റേറ്റ് ടൂറിസം എന്നീ രംഗങ്ങളിൽ ഉപയോഗിക്കുന്നതിന് സാധ്യത
- നഷ്ടത്തിൽ ഓടുന്ന എസ്റ്റേറ്റുകൾ, അനുബന്ധ മേഖലകൾക്ക് (ടൂറിസം, മൃഗ സംരക്ഷണം, ക്ഷീര വ്യവസായം)അനുവാദം നൽകുക വഴി അധിക വരുമാനത്തിന് സാധ്യത.

(4). ഗാർഹിക-കാർഷിക മിശ്ര ഉപയോഗം

സംസ്ഥാന ഭൂവിസ്തൃതിയുടെ 42 ശതമാനത്തോളം താമസ-കാർഷിക മിശ്ര ഉപയോഗമാണ്. എന്നാൽ ജില്ലയുടെ പ്രധാന ഭൂവിനിയോഗം വനവും പ്ലാന്റേഷനുമാണ്. ആയതുകൊ ു തന്നെ ജില്ലയിൽ പ്രസ്തുത ഉപയോഗത്തിന്റെ പങ്ക് (6.39%) വളരെ കുറവാണ്. സമീപ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ വയനാട് ഏറ്റവും പിന്നിലാണ് എന്നാണ് കാണുന്നത്. അതായത് സംസ്ഥാന ശരാശരിയുടെ 0.85% മാത്രം. സമീപ ജില്ലകളിൽ ഒന്നാം സ്ഥാനത്ത് കോഴിക്കോട് ജില്ലയും (64.28%) ര ും മൂന്നും സ്ഥാനങ്ങൾ യഥാക്രമം മലപ്പുറം, കണ്ണൂർ ജില്ലകൾക്കുമാണ്. ജില്ലയിലെ ഗാർഹിക കാർഷിക മിശ്ര ഉപയോഗത്തിന്റെ ജില്ലയും അയൽ ജില്ലകളുമായി താരതമ്യം ചിത്രത്തിൽ (ചിത്രം 3.2.9)കാണിച്ചിരിക്കുന്നു.ഗാർഹിക – കാർഷിക മിശ്ര ഉപയോഗത്തിൽ പ്രധാനമായും കവുങ്ങ്, വാഴ, വാഴ/കപ്പ, തെങ്ങ് & തെങ്ങ് /കപ്പ, തെങ്ങ് മുഖ്യ വിളയായുള്ള മിശ്രവിള, കൃഷി ചെയ്യാതെയിട്ടിരിക്കുന്ന സ്ഥലങ്ങൾ, മിശ്രവിള, റബ്ബർ എന്നിവയാണ് NREDB യുടെ വിശകലന പ്രകാരം ജില്ലയിലുള്ളത്. ജില്ലയുടെ മധ്യഭാഗത്തുള്ള ഏതാ ് 8 തദ്ദേശഭരണ പ്രദേശങ്ങളിലാണ് പ്രധാനമായും ഇത്തരം ഉപയോഗം കൂടുതലായി കേന്ദ്രീകരിച്ചിട്ടുള്ളതായി കാണുന്നത്. ജില്ലയിലെ ഗാർഹിക കാർഷിക മിശ്ര ഉപയോഗത്തിന്റെ സ്ഥലപര കേന്ദ്രീകരണം ചിത്രത്തിൽ (ചിത്രം 3.2.10)കാണിച്ചിരിക്കുന്നു.

*ചിത്രം*3.2.9

അധിവാസകാർഷികമിശ്ര ഉപയോഗം-സമീപ ജില്ലകളും ഇടുക്കിയുമായുള്ള താരതമ്യം



*ചിത്രം*3.2.10*:*

അധിവാസ/കാർഷിക ഭൂവിനിയോഗത്തിന്റെ കോൺസൻട്രേഷൻ*>1*





പ്രധാന അനുമാനങ്ങൾ

- പുരയിടക്കൃഷി, വീട്ടുമുറ്റത്തെ കോഴി വളർത്തൽ, മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നീ രംഗങ്ങളിൽ ജില്ലക്ക് സാധ്യത
- മിശ്രവിള സമ്പ്രദായത്തിൽ നാണ്യവിളകളുടെ സാധ്യത
- അതിർത്തി ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് ജില്ലയുടെ മദ്ധ്യ ഭാഗത്തുള്ള തദ്ദേശഭരണ പ്രദേശത്താണ് കൂടുതൽ കേന്ദ്രീകരണം
- നാണ്യവിളകൾ ശേഖരണം, പ്രൊസസിംഗ്, ബ്രാൻഡിംഗ് എന്നിവയുടെ സാധ്യത

(5). കാർഷികേതര ഭൂവിനിയോഗം

1. ഗാർഹിക ഉപയോഗം

വയനാട് ജില്ലയുടെ ഭൂവിസ്തൃതിയുടെ കേവലം 0.70% മാത്രമാണ് താമസ ആവശ്യത്തിനായി ഉപയോഗിച്ചു വരുന്നത്. ആയത് സംസ്ഥാന ഉപയോഗത്തിന്റെ 1.19% മാത്രമാണ്. സമീപ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ കണ്ണൂർ ജില്ല ഒന്നാമതും വയനാട് ഏറ്റവും പിന്നിലുമാണ്. ജില്ലയിൽ പ്രതിശീർഷ കൈവശഭൂമിയുടെ വിസ്തൃതി താരതമ്യേന കൂടുതലാണ്. കൂടുതൽ വിസ്തൃതിയുള്ള ഭൂമിയിൽ വീടും അനുബന്ധ കൃഷിയും എന്നുള്ളതാണ് ജില്ലയിൽ അനുവർത്തിച്ചു വരുന്ന രീതി. ഈ കാരണത്താലാണ് താമസ ഭൂവിനിയോഗ ശതമാനം വളരെ താഴ്ന്ന നിലയിൽ കാണുന്നത്. താഴ്ന്ന ജനസാന്ദ്രത മറ്റൊരു കാരണമായി കാണാവുന്നതാണ്. ജില്ലയിലെ ഗാർഹിക ഭൂ വിനിയോഗത്തിന്റെ അയൽ ജില്ലകളുമായി താരതമ്യം താഴെ ചിത്രത്തിൽ കാണിച്ചിരിക്കുന്നു.

*ചിത്രം*3.2.11*:*

ഗാർഹിക ഉപയോഗം – സമീപ ജില്ലകളും ഇടുക്കിയുമായുള്ള താരതമ്യം



*ചിത്രം*3.2.12*:*

ഗാർഹിക ഉപയോഗം– സംസ്ഥാന ശരാശരിയുമായുള്ള താരതമ്യം



ജില്ലയിലെ വാസമേഖലകളുടെ കേന്ദ്രീകരണം പരിശോധിച്ചാൽ ജില്ലയുടെ തെക്കു ഭാഗത്തായാണ് വാസവിനിയോഗത്തിന്റെ കൂടുതൽ കേന്ദ്രീകരണം എന്ന് കാണാം. മീനങ്ങാടി, നെൻമേനി, അമ്പലവയൽ ഗ്രാമപഞ്ചായത്തുകളാണ് വാസമേഖലയുടെ കേന്ദ്രീകരണത്തിൽ മുന്നിൽ നിൽക്കുന്നത്. കുറഞ്ഞ വനവിസ്തൃതിയും കൂടിയ താമസ–കാർഷിക മിശ്ര ഉപയോഗവുമായിരിക്കാം ഇത്തരം കേന്ദ്രീകരണത്തിന് കാരണം. ചിത്രം 3.2.13 –ൽ ജില്ലയിലെ താമസ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം വ്യക്തമാക്കിയിരിക്കുന്നു

*ചിത്രം*3.2.13*:*

ഗാർഹിക ഉപയോഗം – സ്ഥലപര കേന്ദ്രീകരണം





പ്രധാന അനുമാനങ്ങൾ

- ജില്ലയിൽ പ്രതിശീർഷ കൈവശഭൂമിയുടെ വിസ്തൃതി താരതമ്യേന കൂടുതലാണ്
- ചെറുകിട വ്യവസായം, കുടിൽ വ്യവസായം, പുരയിടക്കൃഷി എന്നിവയ്ക്ക് സാധ്യത
- ജില്ലയുടെ തെക്കു ഭാഗത്തായാണ് വാസവിനിയോഗത്തിന്റെ കൂടുതൽ കേന്ദ്രീകരണം എന്ന് കാണാം

2. മറ്റ് നിർമ്മിതാവശ്യ ഉപയോഗങ്ങൾ (other built up landuse)

നിർമ്മിത ഭൂവിനിയോഗം എന്നത് ഒരു പ്രദേശത്തിന്റെ നാഗരിക സ്വഭാവം അളക്കുന്നതിനുള്ള ഒരു മാനദണ്ഡമാണ്. മറ്റ് നിർമ്മിത ഉപയോഗത്തിനായുള്ള ജില്ലയിലെ ഭൂവിസ്തൃതി ആകെ വിസ്തൃതിയുടെ 0.22% മാത്രമാണ്. ഇത് സംസ്ഥാന ശരാശരിയുടെ (0.48%) 2.52 ശതമാനം മാത്രമാണ്. ജില്ലയുടെ നിർമ്മിത ഭൂവിനിയോഗം സംസ്ഥാന

ശരാശരിയുമായും സമീപ ജില്ലകളുമായുള്ള തരതമ്യം താഴെ ചിത്രത്തിൽ കൊടുത്തിരിക്കുന്നു.

*ചിത്രം*3.2.15

നിർമ്മിത ഭൂവിനിയോഗം – സമീപ ജില്ലകളും ഇടുക്കിയുമായുള്ള താരതമ്യം



*ചിത്രം*3.2.16

നിർമ്മിത ഭൂവിനിയോഗം – സംസ്ഥാന ശരാശരിയുമായുള്ള താരതമ്യം



ചിത്രത്തിൽ നിന്നും സമീപ ജില്ലകളായ കണ്ണൂർ, കോഴിക്കോട് എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയുടെ നിർമ്മിത ഭൂവിനിയോഗം വളരെ കുറവാണെന്ന് കാണുന്നു. ജില്ലയിലെ കൽപ്പറ്റ, സുൽത്താൻ–ബത്തേരി, മാനന്തവാടി നഗരസഭകൾ, വൈത്തിരി, മുട്ടിൽ, മുപ്പൈനാട്, പൊഴുതന ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ഉയർന്ന നിർമ്മിത ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം കാണുന്നു. ഇങ്ങിനെയുള്ള സ്ഥലങ്ങൾ പ്രധാന ഗതാഗത ഇടനാഴിയിലോ അഥവാ അവയോടു ചേർന്നോ സ്ഥിതി ചെയ്യുന്നതായി കാണാം. ചിത്രം 3.2.17.–ൽ ജില്ലയിലെ നിർമ്മിത ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം വ്യക്തമാക്കിയിരിക്കുന്നു.

*ചിത്രം*3.2.17

മറ്റ് നിർമ്മിത ഭൂവിനിയോഗ കോൺസൻട്രേഷൻ >1

പ്രധാന അനുമാനങ്ങൾ

- മറ്റ് നിർമ്മിത ഉപയോഗത്തിനായുള്ള ജില്ലയിലെ ഭൂവിസ്തൃതി ആകെ വിസ്തൃതിയുടെ 0.22% മാത്രമാണ്
- സമീപ ജില്ലകളായ കണ്ണൂർ, കോഴിക്കോട് എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയുടെ നിർമ്മിത ഭൂവിനിയോഗം വളരെ കുറവാണെന്ന് കാണുന്നു
- ഉയർന്ന നിർമ്മിത ഭൂവിനിയോഗമുള്ള സ്ഥലങ്ങൾ പ്രധാന ഗതാഗത ഇടനാഴിയിലോ അഥവാ അവയോടു ചേർന്നോ സ്ഥിതി ചെയ്യുന്നതായി കാണാം

3. ജലാശയങ്ങൾ

കബനീ നദിയും അതിന്റെ പോഷകനദികളും ഉൾനാടൻ കുളങ്ങളും ചേർന്നതാണ് ജില്ലയിലെ ജല സമ്പത്ത്. പൂക്കോട് ശുദ്ധജല തടാകം, ബാണാസുര സാഗർ കാരാപ്പുഴ അണക്കെട്ടുകളും, വൃഷ്ടി പ്രദേശങ്ങളും ജില്ലയിലെ ജലസ്രോതസ്സുകളിൽ പ്രധാനമാണ്. ജില്ലയിലെ ജലസ്രോതസ്സുകൾ പ്രത്യേകം അധ്യായത്തിൽ വിവരിക്കുന്നതിനാൽ ആയത് ഇവിടെ ആവർത്തിക്കുന്നില്ല. ജില്ലയിലെ ജലാശയ വിസ്തൃതി ആകെ വിസ്തൃതിയുടെ 0.56% മാത്രമാണ്. ആയത് സംസ്ഥാന ശരാശരിയുമായും സമീപ ജില്ലകളിലെ സ്ഥിതിയുമായും താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. ജില്ലയിലെ ജലാശയ വിസ്തൃതിയുടെ താരതമ്യം താഴെ ചിത്രം 3.2.18, 3.219 ൽ കെടുത്തിരിക്കുന്നു.

ചിത്രം 3.2.18*:*

ജലാശയ വിസ്തൃതി –നിർമ്മിത ഭൂവിനിയോഗം – സമീപ ജില്ലകളും ഇടുക്കിയുമായുള്ള താരതമ്യം



*ചിത്രം*3.2.19*:*

ജലാശയ വിസ്തൃതി– സംസ്ഥാന ശരാശരിയുമായുള്ള താരതമ്യം



3.2.4.ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയുടെ പ്രവർത്തന ഘടന

ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയുടെ പ്രവർത്തന ഘടന നിർണ്ണയിക്കുന്നതിന് നിലവിലുള്ള ഒൻപതിന ഭൂവിനിയോഗത്തെ നാല് പ്രധാന വിഭാഗങ്ങളാക്കി താഴെ കാണും വിധം വർഗ്ഗീകരിക്കേ തായിട്ടു ്.

1. കാർഷികേതരം– ആവാസമേഖല+നിർമ്മിത ഉപയോഗം+മറ്റുള്ളവ
2. കൃഷി – കൃഷി+താമസ+കൃഷി മിശ്ര ഉപയോഗം
3. വനം – വനം +വനാനുബന്ധ പ്രവർത്തനങ്ങൾ
4. പ്ലാന്റേഷൻ – പ്ലാന്റേഷൻ +പ്ലാന്റേഷൻ അനുബന്ധ പ്രവർത്തനങ്ങൾ

ജില്ലയിലെ പ്രധാന ഭൂവിനിയോഗങ്ങളും ആയതിന്റെ സ്ഥലപര കേന്ദ്രീകരണവും ഇതിനകം വിശദമാക്കിയിട്ടു ്. പ്രസ്തുത ഭൂവിനിയോഗങ്ങളെ സ്ഥലപരമായി സംയോജിപ്പിച്ച് ജില്ലയുടെ ഭൂവിനിയോഗം അടിസ്ഥാനമാക്കിയുള്ള പ്രവർത്തന ഘടന നിർണ്ണയിക്കുന്നു. ആയതിന്റെ സ്ഥലപര വിന്യാസവും തദ്വാര രൂപം കൊള്ളുന്ന അന്തിമ പ്രവർത്തന ഘടനയും താഴെ ചിത്രങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു.

പട്ടിക3.2.4*:*

പ്രധാന ഭൂവിനിയോഗ വിഭാഗങ്ങളുടെ കോൺസൻട്രേഷൻ ഇൻഡക്സ്

ക്രമ നമ്പർ	തദ്ദേശ സ്ഥാപനത്തിന്റെ പേര്	കാർഷികേതര ഭൂമി (നാഗരിക ഭൂവിനിയോഗം)	കാർഷിക ഭൂമി	പ്ലാന്റേഷൻ	വനം	പരിണിത ഫലം
1	അമ്പലവയൽ	2.36	1.17	1.79	0	അർബൻ
2	എടവക	0.78	6.2	0.06	0.22	കൃഷി
3	കൽപ്പറ്റ മുനിസിപ്പാലിറ്റി	15.79	0.8	1.51	0.31	അർബൻ
4	കണിയാമ്പറ്റ	0.38	6.82	0.21	0	കൃഷി
5	കോട്ടത്തറ	0.7	2.37	1.67	0.03	കൃഷി

6	മാനന്തവാടി	1.63	1.49	1.29	0.57	അർബൻ
7	മീനങ്ങാടി	1.64	1.58	1.81	0.01	പ്ലാന്റേഷൻ
8	മേപ്പാടി	1.21	0.35	1.08	1.04	അർബൻ
9	മുളളൻകൊല്ലി	0.65	1.05	1.92	0.21	പ്ലാന്റേഷൻ
10	മൂപ്പൈനാട്	1.74	0.31	1.81	0.45	പ്ലാന്റേഷൻ
11	മുട്ടിൽ,	1.57	1.74	1.73	0.03	കൃഷി
12	നെൻമേനി	4.04	2.26	1.52	0.04	അർബൻ
13	നൂൽപ്പുഴ	0.08	0.82	0.23	1.95	വനം
14	പടിഞ്ഞാറത്തറ	1.46	1.38	0.93	0.47	അർബൻ
15	പനമരം	0.25	2.32	1.53	0.13	കൃഷി
16	പൂതാടി	0.52	1.22	1.43	0.64	പ്ലാന്റേഷൻ
17	പൊഴുതന	0.45	0.24	0.92	0.95	പ്ലാന്റേഷൻ/വനം
18	പുൽപ്പളളി	0.42	0.99	1.16	1	പ്ലാന്റേഷൻ
19	സുൽത്താൻ ബത്തേരി	1.71	0.67	0.56	1.65	അർബൻ
20	തരിയോട്	0.53	0.35	0.48	1.32	വനം
21	തവിഞ്ഞാൽ	0.15	0.77	0.69	1.27	വനം
22	തിരുനെല്ലി	0.65	0.48	0.46	1.81	വനം
23	തൊ ർനാട്	0.18	0.57	0.26	1.87	വനം
24	വെളളമു	0.65	1.72	0.79	1.05	കൃഷി
25	വെങ്ങപ്പളളി	0.95	1.69	1.91	0	പ്ലാന്റേഷൻ
26	വൈത്തിരി	0.89	0.18	1.64	0.54	പ്ലാന്റേഷൻ

*ചിത്രം*3.2.20*:*

കാർഷികേതര ഉപയോഗത്തിന്റെ സ്ഥലപര വിന്യാസം



ചിത്രം3.2.21:

കാർഷിക ഉപയോഗത്തിന്റെ സ്ഥലപര വിന്യാസം



ചിത്രം3.2.22

പ്ലാന്റേഷൻ ഭൂവിനിയോഗത്തിന്റെ സ്ഥലപര വിന്യാസം

ചിത്രം3.2.23

വനം – സ്ഥലപര വിന്യാസം



ചിത്രം 3.2.24*:*

ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനഘടന



പ്രധാന അനുമാനങ്ങൾ

- വിവിധ ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണം പരിശോധിച്ചാൽ ജില്ലയുടെ അതിർത്തി ഗ്രാമങ്ങളിൽ ഫോറസ്റ്റ്, പ്ലാന്റേഷൻ ഉപയോഗങ്ങളും, മധ്യഭാഗത്തായി കാർഷിക ഉപയോഗവും, പ്രധാന ഗതാഗത ശൃംഖലയോട് അനുബന്ധിച്ച് നാഗരിക ഉപയോഗങ്ങളും കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം.
- കാർഷിക പ്രാധാന്യമുള്ള ജില്ലയിൽ, കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിലുള്ള അസ്ഥിരത, വന്യമൃഗ ശല്യം, കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ കുറവ്, ഉൽപ്പന്ന സംഭരണ/സംസ്ക്കരണ/വിപണന മേഖലകളുടെ അപര്യാപ്തത എന്നിവയാൽ കാർഷിക വൃത്തിയിൽ നിന്നും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഉ ാവുന്നു ്.

3.2.5 സംക്ഷിപ്തം

ജില്ലയുടെ നിലവിലെ ഭൂവിനിയോഗം പരിശോധിച്ചാൽ ആയത് പ്രധാനമായും കൃഷി, പ്ലാന്റേഷൻ, ഫോറസ്റ്റ്, എന്നിവയുൾപ്പെടുന്ന പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്നതായി കാണാം. ഭൂവിനിയോഗത്തിന്റെ അപഗ്രഥനത്തിൽ നിന്നും ജില്ലയെ കാർഷികേതരം, കാർഷികം, പ്ലാന്റേഷൻ, ഫോറസ്റ്റ് എന്നിങ്ങനെ പ്രധാനമായും നാല് പ്രവർത്തന മേഖലകളാക്കി തിരിക്കാവുന്നതാണ്. ജില്ലയുടെ അതിർത്തി പ്രദേശങ്ങൾ വനം, പ്ലാന്റേഷൻ, എന്നിവയ്ക്ക് പ്രാമുഖ്യം നൽകുമ്പോൾ കാർഷിക/കാർഷികേതര പ്രവർത്തനങ്ങളാണ് ഉൾപ്രദേശങ്ങളിൽ. ജില്ലയുടെ നിബിഢമായ സസ്യസമ്പത്ത് തന്നെയാണ് ജില്ലയുടെ സാമ്പത്തിക, പാരിസ്ഥിതിക സുസ്ഥിരതയ്ക്ക് നിദാനം എന്നതിനാൽ നിലവിലെ ഭൂവിനിയോഗ രീതിക്കനുസരിച്ചുള്ള കാർഷിക– പാരിസ്ഥിതിക സൗഹൃദ വികസനമായിരിക്കും ജില്ലയ്ക്ക് തുടർന്നും അഭികാമ്യം എന്ന് അനുമാനിക്കാം.

3.3. മാനവ വിഭവ ശേഷി

എല്ലാ വികസന പരിശ്രമങ്ങളിലും അടിസ്ഥാനമായി വർത്തിക്കുന്നത് ജനസംഖ്യാ സൂചകങ്ങളാണ്. പരമാവധി കുടുംബങ്ങൾക്ക് ഏറ്റവും അധികം ഗുണകരമായ കാര്യങ്ങൾ പ്രാപ്യമാക്കുക എന്നതാണ് ഏതു തരം ആസൂത്രണത്തിന്റെയും ലക്ഷ്യങ്ങളിലൊന്ന്. അതിനാൽ ജനസംഖ്യ, വളർച്ചാ നിരക്ക്, കേന്ദ്രീകരണ പ്രവണതകൾ, തൊഴിൽ പങ്കാളിത്തം

മുതലായവ പഠന വിധേയമാക്കേ തു ്. ജില്ലയുടെ സാമ്പത്തിക അടിത്തറയ്ക്ക് തൊഴിൽ ഘടനയുമായുള്ള ബന്ധം കൂടി ഈ ഭാഗത്ത് ചർച്ച ചെയ്യുന്നു.

3.3.1 ജനസംഖ്യ

2011 സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ ജനസംഖ്യ 3,34,06,061 (പുരുഷൻമാർ– 1,60,27,412, സത്രീകൾ – 1,73,78 ,649) ഉം, ജില്ലയുടേത് 8,17,420ഉം (പുരുഷൻമാർ– 4,01,684 സത്രീകൾ – 4,15,736) ആണ്. സംസ്ഥാന വിസ്തൃതിയുടെ 5.5% വരുന്ന ജില്ലയിൽ സംസ്ഥാന ജനസംഖ്യയുടെ 2.45% കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം. ആയത് സംസ്ഥാന അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ ജനസംഖ്യയാണ്. പട്ടികയിൽ ജില്ലയുടെ ഗ്രാമീണ/ നഗര ജനസംഖ്യയെ സംസ്ഥാന ശരാശരിയുമായി താരതമ്യം ചെയ്തിരിക്കുന്നു.

പട്ടിക3.3.1:

ജനസംഖ്യ 2011 – സംസ്ഥാനവുമായുള്ള താരതമ്യം

ജനസംഖ്യ	കേരളം	വയനാട്	ജില്ലയെകേരളവുമായിതാരതമ്യപ്പെടുത്തുമ്പോൾ(ശതമാനത്തിൽ)
ആകെ ജനസംഖ്യ	3,34,06,061	8,17,420	2.45
ആൺ	1,60,27,412	4,01,684	2.50
പെൺ	1,73,78,649	4,15,736	2.39
നാഗരികജനസംഖ്യ	1,59,34,926	31,580	0.20
ആൺ	76,19,358	15,401	0.20
പെൺ	83,15,568	16,179	0.19
ഗ്രാമീണജനസംഖ്യ	1,74,71,135	7,85,840	4.50
ആൺ	84,08,054	3,86,283	4.59
പെൺ	90,63,081	3,99,557	4.41

സോഴ്സ് : സെൻസസ്,2011

സമീപ ജില്ലകളും മലയോര ജില്ലയായ ഇടുക്കിയുമായി ജില്ലയുടെ ജനസംഖ്യ താരതമ്യം (ചിത്രം 3.3.1) ചെയ്യുമ്പോൾ വയനാട് ഏറ്റവും പുറകിലാണെന്ന് കാണുന്നു. മലപ്പുറം ജില്ല ഒന്നാമതും തുടർന്ന് കോഴിക്കോട് ജില്ലയും ജനസംഖ്യയിൽ മുന്നിട്ട് നിൽക്കുന്നു

ചിത്രം. 3.3.1:

ജനസംഖ്യ 2011 – സമീപ ജില്ലകളും ഇടുക്കിയുമായുള്ള താരതമ്യം



ജില്ലയിലെ നഗര-ഗ്രാമ ജനസംഖ്യ സമീപ ജില്ലകളുമായും ഇടുക്കി ജില്ലയുമായുള്ള 2011 സെൻസസ് പ്രകാരമുള്ള സമീപ ജില്ലകളും ഇടുക്കിയുമായുള്ള താരതമ്യം ചിത്രം 3.3.2ൽ കൊടുത്തിരിക്കുന്നു. ആയതിൽ ജനസംഖ്യ ഏറ്റവും കുറവ് (3.8%) വയനാട് ജില്ലയിലാണെന്ന് കാണുന്നു. എന്നാൽ 2015 നവംബറിൽ ജില്ലയിലെ സുൽത്താൻബത്തേരി, മാനന്തവാടി ഗ്രാമപഞ്ചായത്തുകൾ നഗരസഭാ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ട സാഹചര്യത്തിൽ നഗര ജനസംഖ്യ 15.28% ആയി ഉയർന്നിട്ടു ്.

*ചിത്രം*3.3.2*:*

നഗര-ഗ്രാമ ജനസംഖ്യ – സമീപ ജില്ലകളും ഇടുക്കിയുമായുള്ള താരതമ്യം



3.3.2 ജനസംഖ്യ വളർച്ചാനിരക്ക്

സംസ്ഥാനത്തേയും, ജില്ലയിലേയും ജനസംഖ്യയുടെ കഴിഞ്ഞ കാലങ്ങളിലെ വളർച്ചാനിരക്ക് പരിശോധിച്ചാൽ ജനസംഖ്യ കാലാനുഗതമായി വർദ്ധിക്കുന്നതായി കാണാം. ജനസംഖ്യ വളർച്ചാ നിരക്ക് 1981–2001 കാലഘട്ടത്തിൽ ക്രമമായ കുറവും തുടർന്ന് 2001–2011 കാലഘട്ടത്തിൽ പൊടുന്നനെയുള്ള കുറവും രേഖപ്പെടുത്തി കാണുന്നു. ജില്ലയിലേയും സംസ്ഥാനത്തേയും ജനസംഖ്യാ താരതമ്യം ചിത്രം – 3.3.3ൽ കാണിച്ചിരിക്കുന്നു. ജനസംഖ്യ വളർച്ചാ നിരക്ക് ചിത്രം – 3.3.5 ലും കാണിച്ചിട്ടു ്.

*ചിത്രം*3.3.3

ജനസംഖ്യ- ദശാബ്ദങ്ങളിലെ വ്യതിയാനം



*ചിത്രം*3.3.4*:*

ജനസംഖ്യ വളർച്ചാ നിരക്ക്



*ചിത്രം*3.3.5*:*

ജനസംഖ്യ വളർച്ചാനിരക്ക്



ചിത്രം – 3.3.4 പരിശോധിച്ചാൽ ജനസംഖ്യ വളർച്ചാ നിരക്ക് സംസ്ഥാനത്തൊട്ടാകെ കുറയുന്നതായി കാണുന്നു. അതേ പ്രവണത ജില്ലയിലും തുടരുന്നതായും കാണാം. സംസ്ഥാനത്ത് മലപ്പുറം ജില്ല ഉയർന്ന വളർച്ചാ നിരക്ക് രേഖപ്പെടുത്തുമ്പോൾ (13.7%) പത്തനംതിട്ട ജില്ല ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നു (–3.12). വടക്കൻ ജില്ലകളായ കാസർകോഡ്, പാലക്കാട്, കോഴിക്കോട് ജില്ലകളും ഉയർന്ന നിരക്ക് രേഖപ്പെടുത്തുന്നു ്. വയനാട് ജില്ലയിലെ വളർച്ചാ നിരക്ക് (4.7%) സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ് (4.9%) വളർച്ചാ നിരക്കിലു ായ പൊടുന്നനെയുള്ള ഈ കുറവ് ജില്ലയിലേയ്ക്കുള്ള കുടിയേറ്റത്തിൽ വന്ന കുറവും ജില്ലയിലെ ജനസംഖ്യ വളർച്ചയിൽ പൊതുവെയു ായ കുറവും , ജില്ലയ്ക്ക് പുറത്തേയ്ക്കുള്ള കുടിയേറ്റത്തിൽ വന്നിട്ടുള്ള വർദ്ധനവുമാണെന്ന് അനുമാനിക്കാം.

ജനസംഖ്യാ വളർച്ചാ നിരക്കിൽ ജില്ലയ്ക്ക് അകത്തുള്ള വിതരണം പരിശോധിച്ചാൽ 1981–91 ൽ കൂടിയ വളർച്ചാ നിരക്ക് പനമരം ഗ്രാമപഞ്ചായത്തും കുറഞ്ഞത് തരിയോടും

രേഖപ്പെടുത്തിയപ്പോൾ 1991–2001–ൽ ആയത് യഥാക്രമം കൽപ്പറ്റ നഗരസഭയും, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തും 2001–2011–ൽ യഥാക്രമം കണിയാമ്പറ്റ ഗ്രാമപഞ്ചായത്തും

മേപ്പാടി ഗ്രാമപഞ്ചായത്തും രേഖപ്പെടുത്തി കാണുന്നു. ജില്ലയുടെ അതിർത്തി ഗ്രാമപഞ്ചായത്തുകൾ പൊതുവേ താഴ്ന്ന വളർച്ചാ നിരക്ക് കാണിക്കുന്നു. കഴിഞ്ഞ ദശാബ്ദങ്ങളിലെ ജനസംഖ്യാ വളർച്ചാ നിരക്ക് പരിശോധിക്കുമ്പോൾ പ്രധാന പട്ടണങ്ങളും ആയതിന് സമീപവുമുള്ള ഗ്രാമപഞ്ചായത്തുകളാണ് കൂടുതൽ വളർച്ച കാണിക്കുന്നത്. സൗകര്യങ്ങളുടെ സാമീപ്യവും നഗരങ്ങളിലേയ്ക്കുള്ള കുടിയേറ്റക്കാർ സമീപ ഗ്രാമപഞ്ചായത്തുകളിൽ താമസമുറപ്പിക്കുന്നതുമാവാം കാരണമെന്ന് അനുമാനിക്കാവുന്നതാണ്. 2011 സെൻസസ് അനുസരിച്ച് ജില്ല ശരാശരിയേക്കാൾ കൂടുതൽ വളർച്ചാ നിരക്ക് കാണിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സ്ഥലപര വിന്യാസം ചിത്രം 3.3.6 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.3.6:

ജനസംഖ്യ വളർച്ചാനിരക്ക്– ജില്ലാ ശരാശരിയേക്കാൾ കൂടുതൽ കാണിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ

3.3.3 ജനസാന്ദ്രത

ഉയർന്ന ജനസാന്ദ്രത അടിസ്ഥാന സൗകര്യ വികസനത്തിൽ സമ്മർദ്ദം സൃഷ്ടിക്കുന്നു. എന്നാൽ സാധനങ്ങളുടെയും സേവനങ്ങളുടെയും വിതരണത്തിലുള്ള പ്രതിശീർഷ ചെലവിൽ ആയത് കുറവു വരുത്തുന്നു. 2011 സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ മൊത്തം ജനസാന്ദ്രത 819 എണ്ണം/ച.കി.മീ യും ജില്ലയുടേത് 383 എണ്ണം/ച.കി.മീ യും ആണ്. മൊത്തം ജനസാന്ദ്രതയുടെ സംസ്ഥാനതല വിതരണം ചിത്രം 3.3.7 ൽ കാണിച്ചിരിക്കുന്നു. ആയത് പരിശോധിച്ചാൽ തീരപ്രദേശങ്ങൾ ഉയർന്ന ജനസാന്ദ്രത രേഖപ്പെടുത്തുമ്പോൾ മലനാട് താഴ്ന്ന ജനസാന്ദ്രത കാണിക്കുന്നു. വനം, പ്ലാന്റേഷൻ മുതലായവയുടെ ആധിക്യവും, ഭൂപ്രകൃതിയുമായിരിക്കാം ഇതിനു കാരണം എന്ന് അനുമാനിക്കുന്നു.

*ചിത്രം:*3.3.7*:*

മൊത്ത ജനസാന്ദ്രത –സംസ്ഥാന അടിസ്ഥാനത്തിലുള്ള താരതമ്യം



സമീപ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ വയനാട് മൊത്തം ജനസാന്ദ്രതയിൽ ഏറ്റവും പിന്നിലും സംസ്ഥാന അടിസ്ഥാനത്തിൽ 13–ാം സ്ഥാനത്തുമാണ്. ജില്ലയിലെ ജനസാന്ദ്രത വിശകലനം ചെയ്യുമ്പോൾ അറ്റ ജനസാന്ദ്രത അതായത് അറ്റ വിസ്തൃതിയെ (ആകെ വിസ്തൃതിയിൽ നിന്നും വനം, പ്ലാന്റേഷൻ, ജലാശയങ്ങൾ, മുതലായ വാസയോഗ്യമല്ലാത്ത സ്ഥലങ്ങൾ ഒഴിവാക്കികൊ ുള്ളത്). ജനസംഖ്യ കൊ ് ഹരിക്കുന്നത് പരിഗണിക്കുന്നതാണ് അഭികാമ്യം. എന്തെന്നാൽ ജില്ലയിൽ ഏതാ ് 40% വനവും, 40% പ്ലാന്റേഷനും നിലവിലു ്. ജില്ലയുടെ അറ്റ ജനസാന്ദ്രതയിലെ സ്ഥലപര വിതരണം (ചിത്രം – 3.3.8) കാണിച്ചിരിക്കുന്നു..

*ചിത്രം*3.3.8*:*

അറ്റ ജനസാന്ദ്രത–സ്ഥലപരവിന്യാസം



ജില്ലയിൽ 2011 സെൻസസ് അനുസരിച്ച് അറ്റ ജനസാന്ദ്രത 583 ആണ്. ചിത്രത്തിൽ സുൽത്താൻ–ബത്തേരി നഗരസഭയാണ് ജില്ലയിൽ ഏറ്റവും കൂടുതൽ അറ്റ ജനസാന്ദ്രത കാണിക്കുന്നത് എന്നു കാണുന്നു. അതിർത്തി ഗ്രാമപഞ്ചായത്തുകളായ നൂൽപ്പുഴ, മുള്ളൻകൊല്ലി, തവിഞ്ഞാൽ, തരിയോട്, മുപ്പൈനാട് ഗ്രാമപഞ്ചായത്തുകൾ താഴ്ന്ന സാന്ദ്രത കാണിക്കുമ്പോൾ മറ്റുള്ളവ ഏതാ ് ഒരേ നിലവാരം സ്വീകരിക്കുന്നു.

3.3.4 ജനസംഖ്യ കേന്ദ്രീകരണം

ജില്ലയിലെ ജനസംഖ്യാ വിന്യാസം മുകളിൽ വിവരിച്ചിട്ടു ്. എന്നിരുന്നാലും ജനസംഖ്യ കേന്ദ്രീകരണം വഴി മനുഷ്യ വിഭവ ശേഷിയുടെ കേന്ദ്രീകരണം മനസ്സിലാക്കാവുന്നതാണ്. ജില്ലയിലെ ജനസംഖ്യ കേന്ദ്രീകരണം 1991–2001 –2011 എന്നീ കാലഘട്ടങ്ങളിലേത് ചിത്രത്തിൽ (ചിത്രം – 3.3.9, 3.3.10,3.3.11) കൊടുത്തിരിക്കുന്നു. ചിത്രം വിശകലനം ചെയ്യുമ്പോൾ 1991 ൽ – ജില്ലയുടെ 1/3 ജനസംഖ്യയും 6 തദ്ദേശഭരണ സ്ഥാപനങ്ങളിലായി വിന്യസിക്കുന്നതായും 2001–ൽ ആയത് 8 തദ്ദേശ സ്ഥാപന പ്രദേശത്തും 2011–ൽ 7 തദ്ദേശ സ്ഥാപന പ്രദേശത്തുമായി വിന്യസിച്ചിരിക്കുന്നതുമായി കാണാം. ഇവയുടെ സ്ഥലപര വിന്യാസം നോക്കുമ്പോൾ അതിർത്തി ഗ്രാമപഞ്ചായത്തുകൾ ഒഴിവാക്കി പ്രധാന ഗതാഗത ശൃംഖലയുടെയും സൗകര്യങ്ങളുടെയും ലഭ്യത കൂടുതലുള്ള മധ്യഭാഗത്തായാണ് കൂടുതൽ ജനസംഖ്യ കേന്ദ്രീകരണം നടന്നിട്ടുള്ളത് എന്ന് കാണാം.

*ചിത്രം*3.3.9*:*
ജനസംഖ്യ കേന്ദ്രീകരണം–1991

*ചിത്രം*3.3.10*:*
ജനസംഖ്യ കേന്ദ്രീകരണം–2001



*ചിത്രം*3.3.11:

ജനസംഖ്യ കേന്ദ്രീകരണം–2011



പ്രധാന അനുമാനങ്ങൾ

- ജില്ലയുടെ അതിർത്തി ഗ്രാമപഞ്ചായത്തുകൾ പൊതുവേ താഴ്ന്ന വളർച്ചാ നിരക്ക് കാണിക്കുന്നു.
- വയനാട് ജില്ലയിലെ വളർച്ചാ നിരക്ക് (4.7%) സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ് (4.9%)
- വയനാട് മൊത്തം ജനസാന്ദ്രതയിൽ സംസ്ഥാന അടിസ്ഥാനത്തിൽ 13–ാം സ്ഥാനത്താണ്.
- പ്രധാന ഗതാഗത ശൃംഖലയുടെയും സൗകര്യങ്ങളുടെയും ലഭ്യത കൂടുതലുള്ള മധ്യഭാഗത്തായാണ് കൂടുതൽ ജനസംഖ്യ കേന്ദ്രീകരണം നടന്നിട്ടുള്ളത്.

3.3.5 ആദിവാസി ജനസംഖ്യ

സംസ്ഥാനത്തെ പിന്നോക്ക ജില്ലകളിലൊന്നായ വയനാട്ടിലാണ് സംസ്ഥാനത്തെ ആദിവാസി ജനസംഖ്യയുടെ 31 %വും വസിക്കുന്നത്. ജില്ലയിലെ ആദിവാസി അധിവാസ കേന്ദ്രങ്ങൾ അവയുടെ തനതായ സാമൂഹിക, സാംസ്കാരിക ജീവിത രീതികൾകൊ ് പ്രത്യേകത അർഹിക്കുന്നതാണ്. അവരുടെ നാട്ടുവൈദ്യം ഉൾപ്പെടെയുള്ള പരമ്പരാഗത വൈദഗ്ധ്യം എടുത്തു പറയേ താണ്. ജില്ലയുടെ ജനസംഖ്യയുടെ 18.55% (151443) വരും ആദിവാസി ജനസംഖ്യ. പണിയ, കാട്ടുനായ്ക്ക, കുറിച്യ, അടിയാൻമാർ തുടങ്ങിയവയാണ് പ്രധാന സമുദായങ്ങൾ ഇവയിൽ പണിയ വിഭാഗത്തിൽ പെട്ടവരാണ് ജില്ലയിൽ കൂടുതലുള്ളത്. പട്ടികയിൽ (പട്ടിക 3.3.2) ജില്ലയിലെ ആദിവാസി ജനസംഖ്യ വിശദമാക്കിയിരിക്കുന്നു.

പട്ടിക 3.3.2

പഞ്ചായത്ത് അടിസ്ഥാനത്തിൽ പട്ടിക വർഗ്ഗ ജനസംഖ്യ

പഞ്ചായത്തിന്റെ പേര്	ആകെ പട്ടിക വർഗ്ഗ ജനസംഖ്യ			ആകെ ജനസംഖ്യയിൽ പട്ടികവർഗ്ഗം (ശതമാനത്തിൽ)
	ആകെ ജനസംഖ്യ	ആ ൺ	പെൺ	
തിരുനെല്ലി	13103	6373	6730	44.12%
മാനന്തവാടി	7523	3681	3842	15.68%

തവിഞ്ഞാൽ	7853	3972	3881	19.72%
തൊ ർനാട്	5181	2631	2550	22.38%
എടവക	5026	2477	2549	14.92%
വെള്ളമു	6426	3174	3262	15.81%
പനമരം	11097	5501	5596	24.32%
കോട്ടത്തറ	5198	2577	2621	31.18%
കണിയാമ്പറ്റ	5884	2901	2983	17.32%
മുട്ടിൽ	5311	2611	2700	15.05%
പടിഞ്ഞാറത്തറ	3199	1570	1629	12.32%
വെങ്ങപ്പള്ളി	3092	1542	1550	26.3%
തരിയോട്	2760	1394	1366	23.53%
പൊഴുതന	3862	1922	1940	20.98%
വൈത്തിരി	860	425	435	4.69%
മേപ്പാടി	3064	1504	1560	8.1%
കൽപ്പറ്റ മുനിസിപ്പാലിറ്റി	2959	1428	1531	9.36%
മൂപ്പൈനാട്,	1871	913	958	7.6%
പുൽപ്പള്ളി	7855	3868	3987	23.13%
പൂതാടി	9396	4670	4726	23.69%
മുള്ളൻകൊല്ലി	2845	1436	1409	10.01%
സുൽത്താൻ ബത്തേരി	5672	2785	2887	12.48%
നൂൽപ്പുഴ	11213	5553	5660	40.28%
നെൻമേനി	7934	3813	4121	16.89%
അമ്പലവയൽ,	5885	2825	3060	16.71%
മീനങ്ങാടി,	7730	3797	3933	23.10%
ആകെ	**152799**	**75343**	**77466**	**100**

അവലംബം : ഐ.ടി.ഡി.പി

പട്ടിക പരിശോധിച്ചാൽ ആദിവാസി ജനസംഖ്യയിൽ തിരുനെല്ലി ഗ്രാമപഞ്ചായത്ത് മുന്നിലും തുടർന്ന് നൂൽപ്പുഴ, കോട്ടത്തറ, വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തുകളുമാണെന്ന് കാണാം. വൈത്തിരി ഗ്രാമപഞ്ചായത്താണ് ആദിവാസി ജനസംഖ്യയിൽ ഏറ്റവും പിന്നിലുള്ളത്. ആദിവാസി അധിവാസ മേഖലയുടെ സ്ഥലപര വിന്യാസം പരിശോധിച്ചാൽ വനനിബിഢമായ അതിർത്തി ഗ്രാമപഞ്ചായത്തുകളിലാണ് കൂടുതൽ കേന്ദ്രീകരണം എന്നു കാണാം. വനം, വന്യജീവി എന്നിവയുമായി സൗഹൃദം പങ്കിട്ടു ജീവിക്കുന്ന ഇവരുടെ ജീവിതവും വനവിഭവങ്ങളെയും കാർഷികവൃത്തിയെയും ആശ്രയിച്ചാണ്. ആദിവാസി ജനസംഖ്യയുടെ സ്ഥലപര കേന്ദ്രീകരണം ചിത്രം*3.3.12*ൽകാണിച്ചിരിക്കുന്നു . ആദിവാസി ജനസംഖ്യയുടെ ഏജ് സെക്സ് പിരമിഡ് ചിത്രം*3.3.13*, *3.3.14*ൽകാണിച്ചിരിക്കുന്നുചിത്രംപരിശോധിച്ചാൽ തൊഴിലെടുക്കാൻ കഴിവുള്ള യുവജനസാന്നിധ്യം കാണാൻ സാധിക്കും.

*ചിത്രം*3.3.12*:*

ആദിവാസി ജനസംഖ്യ– സ്ഥലപര വിന്യാസം



*ചിത്രം*3.3.13*:*

ഏജ് സെക്സ് പിരമിഡ് (പട്ടിക ജാതി)



ചിത്രം 3.3.14: ഏജ് സെക്സ് പിരമിഡ് (പട്ടിക വർഗ്ഗം)



പ്രധാന അനുമാനങ്ങൾ

- വയനാട്ടിലാണ് സംസ്ഥാനത്തെ ആദിവാസി ജനസംഖ്യയുടെ 31%വും വസിക്കുന്നത്.
- പണിയ, കാട്ടുനായ്ക്ക, കുറിച്യ, അടിയാൻമാർ തുടങ്ങിയവയാണ് പ്രധാന സമുദായങ്ങൾ
- ആദിവാസി അധിവാസ മേഖലയുടെ സ്ഥലപര വിന്യാസം പരിശോധിച്ചാൽ വനനിബിഢമായ അതിർത്തി ഗ്രാമപഞ്ചായത്തുകളിലാണ് കൂടുതൽ കേന്ദ്രീകരണം എന്നു കാണാം
- വനം, വന്യജീവി എന്നിവയുമായി സൗഹൃദം പങ്കിട്ടു ജീവിക്കുന്നു
- ആദിവാസി ജനസംഖ്യയിൽ തിരുനെല്ലി ഗ്രാമപഞ്ചായത്ത് മുന്നിലും തുടർന്ന് നൂൽപ്പുഴ, കോട്ടത്തറ, വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തുകളുമാണെന്ന് കാണാം.
- ഭേദപ്പെട്ട തൊഴിൽ ശക്തിയും വൃദ്ധരുടെ എണ്ണത്തിൽ കുറവും കാണുന്നു.
- അനാരോഗ്യകരമായ ജീവിതരീതിയും അമിതമായ മദ്യപാനവുമായിരിക്കാം ജീവിതദൈർഘ്യം കുറയുന്നതിന്റെ കാരണം.

3.3.6 തൊഴിൽ ശക്തി

ജില്ലയുടെ സാമ്പത്തിക സ്ഥിതി തൊഴിൽ ഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു. തൊഴിൽ ഘടനയെക്കുറിച്ചുള്ള ഒരു വിശകലനമാണ് ഈ ഭാഗത്ത് ശ്രമിക്കുന്നത്.

3.3.7 തൊഴിൽ മേഖലയിലെ പങ്കാളിത്തം

ജനസംഖ്യ, തൊഴിൽ ശക്തി, തൊഴിൽ എന്നിവ തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഇവയുടെ വളർച്ചയിലു ാകുന്ന വ്യത്യാസം പ്രദേശത്തെ ജനസംഖ്യ, തൊഴിൽ സാധ്യത, കുടിയേറ്റത്തിനുള്ള സാധ്യത, എന്നിവയെ ബാധിക്കുന്നു.

2011 സെൻസസ് അനുസരിച്ച് കേരളത്തിന്റെ തൊഴിൽ പങ്കാളിത്ത നിരക്ക് 34.78% ആണ്. സംസ്ഥാനത്ത് ഇടുക്കി ജില്ല ഉയർന്ന പങ്കാളിത്ത നിരക്കും (46.56%) മലപ്പുറം ജില്ല താഴ്ന്ന നിരക്കും (25.83%) കാണിക്കുന്നു. വയനാട് ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 41.6% ആണ്. ആയത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. അതായത് 8.17 ലക്ഷം വരുന്ന ജില്ലാ ജനസംഖ്യയിൽ 3.40 പേർ തൊഴിലാളികളാണ്. ജില്ലയുടെ തൊഴിൽ പങ്കാളിത്തം സമീപ ജില്ലകളുമായുള്ള താരതമ്യം താഴെ കാണിച്ചിരിക്കുന്നു (ചിത്രം – 3.3.13) . ആയത്

പരിശോധിച്ചാൽ ജില്ലയുടെ തൊഴിൽ പങ്കാളിത്തം സമീപ ജില്ലകളിലേതിനേക്കാൾ കൂടുതലാണ് എന്ന് കാണാം.

ചിത്രം3.3.13:

തൊഴിൽ പങ്കാളിത്തം സമീപ ജില്ലകളുമായുള്ള താരതമ്യം



	Malappuram	Kannur	Kozhikode	Idukki	Wayanad
Workers	25.88	32.66	30.75	46.56	41.6
Others	74.17	67.34	69.25	53.44	58.4

ആകെ തൊഴിലാളികളെ പ്രധാന തൊഴിലാളികൾ (main workers), നാമമാത്ര തൊഴിലാളികൾ (marginal workers) എന്നിങ്ങനെ വിഭജിക്കാവുന്നതാണ്. ജില്ലയിൽ ജനസംഖ്യയുടെ 32.23% പ്രധാന തൊഴിലാളികളും, 9.37% നാമമാത്ര തൊഴിലാളികളുമാണ്. തൊഴിൽ ചെയ്യാത്തവരുടെ എണ്ണത്തിൽ കാലാനുഗതമായി കുറവ് വരുന്നതായി കാണുന്നു (58.4%)(ചിത്രം – 3.3.14). ഉയർന്ന തൊഴിൽ പങ്കാളിത്ത നിരക്ക് ജില്ലയിലെ പ്രാഥമിക മേഖലയുടെ ആധിപത്യത്തെയാണ് സൂചിപ്പിക്കുന്നത്.

ചിത്രം3.3.14:

തൊഴിലാളികൾ – കാലാനുഗത പരിണാമം



ജില്ലയിലെ തൊഴിൽ പങ്കാളിത്ത നിരക്കിന്റെ കാലാനുഗത പരിണാമം താഴെ ഗ്രാഫിൽ കൊടുത്തിരിക്കുന്നു. ആയത് പരിശോധിച്ചാൽ തൊഴിൽ പങ്കാളിത്ത നിരക്കിൽ കാലാനുഗതമായ വർദ്ധനവ് ഉ ാവുന്നതായി കാണാം. പട്ടിക 3.3.3 പരിശോധിച്ചാൽ പ്രധാന തൊഴിലാളികളുടെ എണ്ണത്തിൽ 1991–2001 കാലഘട്ടത്തിൽ കുറവു ായെങ്കിലും തുടർന്ന് 2011–ൽ ശക്തി കൈവരിക്കുന്നതായാണ് കാണുന്നത്. കൂടാതെ നാമമാത്ര തൊഴിലാളികളുടെ എണ്ണത്തിൽ കുറവ് വരുന്നതായും കാണുന്നു. തൊഴിലാളികളുടെ വളർച്ചാ നിരക്ക് (10.19%) പരിശോധിക്കുമ്പോൾ ആയത് ജനസംഖ്യാ വളർച്ചയേക്കാൾ (4.7%) കൂടുതൽ ആണെന്ന് കാണാം. മേൽ കണക്കുകൾ ജില്ലയുടെ സാമ്പത്തിക സ്ഥിതിയിൽ ഉ ായിട്ടുള്ള ഉണർവിനെയാണ് സൂചിപ്പിക്കുന്നത്.

ചിത്രം 3.15:
തൊഴിൽ പങ്കാളിത്തം– കാലാനുഗത പരിണാമം



പട്ടിക3.3.3:
തൊഴിലാളികളുടെ എണ്ണം*1981 – 2011*കാലഘട്ടത്തിൽ

തൊഴിലാളികളുടെ വർഗ്ഗീകരണം	1981	1991	2001	2011
പ്രധാനതൊഴിലാളികൾ	185894	227453	219789	263445
നാമമാത്ര തൊഴിലാളികൾ	26292	33061	88824	76632
തൊഴിൽ രഹിതർ	341840	413414	472006	477343

അവലംബം: സെൻസസ്, 2011

3.3.8 തൊഴിൽ ഘടന (Occupational structure)

തൊഴിൽ ശക്തിയുടെ സ്വഭാവം മനസ്സിലാക്കുന്നതിന് ജില്ലയിലെ തൊഴിൽ ഘടന മനസ്സിലാക്കേ തു ്. 2001 സെൻസസ് അനുസരിച്ച് തൊഴിലാളികളെ പ്രധാനമായും 4 വിഭാഗങ്ങളാക്കി വർഗ്ഗീകരിച്ചിരിക്കുന്നു. അവ കൃഷിക്കാർ, കർഷക തൊഴിലാളികൾ, കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ , മറ്റുള്ളവർ എന്നിങ്ങനെയാണ്. മറ്റുള്ളവർ എന്ന വിഭാഗത്തിൽ മൃഗസംരക്ഷണം, പ്ലാന്റേഷൻ, ഖനനമേഖല മുതലായവ ഉൾപ്പെടുത്തിയിരിക്കുന്നു. 2011 സെൻസസ് പ്രകാരം ജല്ലയിലേയും സമീപ ജില്ലകളിലേയും തൊഴിൽ ഘടന താഴെ ചിത്രത്തിൽ (ചിത്രം–3.3.16) താരതമ്യപ്പെടുത്തിയിരിക്കുന്നു.

ചിത്രം3.3.16:

തൊഴിലാളികൾ – ഫോർ ഫോൾഡ് ക്ലാസിഫിക്കേഷൻ *2011*



ചിത്രം 3.3.17*:*

ഫോർ ഫോൾഡ് ക്ലാസിഫിക്കേഷൻ *2011* – താരതമ്യം



ജില്ലയിലെ തൊഴിൽ ഘടന പരിശോധിക്കുമ്പോൾ ആകെ തൊഴിലാളികളുടെ 43.86% കർഷക തൊഴിലാളികൾ ആണെന്ന് കാണുന്നു. കൂടാതെ 55% മറ്റു തൊഴിലാളികൾ എന്ന ഗണത്തിൽ വരുന്നു. ചിത്രത്തിൽ നിന്നും (ചിത്രം – 3.3.17) സമീപ ജില്ലകളുടെ തൊഴിൽ ഘടന പരിശോധിക്കുമ്പോൾ കൃഷിക്കാരും, കർഷക തൊഴിലാളികളും കൂടി വയനാട്, മലപ്പുറം , കോഴിക്കോട്, കണ്ണൂർ , ഇടുക്കി ജില്ലകളിലെ ആകെ തൊഴിലാളികളുടെ യഥാക്രമം 44%, 15% , 8%,13%,48% വരുന്നതായി കാണുന്നു. കർഷകരുടെയും കർഷക തൊഴിലാളികളുടെയും ആകെ പങ്കാളിത്തം വയനാട് ജില്ലയിലാണ് കൂടുതൽ എന്നും കുടിൽ വ്യവസായത്തിന്റെ സംഗതിയിൽ ആയത് അയൽ ജില്ലകളെ അപേക്ഷിച്ച് വയനാട്ടിൽ കുറവാണെന്നും കാണുന്നു. കാർഷിക പ്രാധാന്യമുള്ള ജില്ലയിൽ , കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിലുള്ള അസ്ഥിരത, വന്യമൃഗ ശല്യം, കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ കുറവ്, ഉൽപ്പന്ന സംഭരണ/സംസ്ക്കരണ/വിപണന മേഖലകളുടെ അപര്യാപ്തത എന്നിവയാൽ കാർഷിക വൃത്തിയിൽ നിന്നും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഉ ാവുന്നു ് .

കൂടുതൽ വിശകലനത്തിനായി തൊഴിൽ ശക്തിയെ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ തരംതിരിച്ചിട്ടു ്. പ്രാഥമികം എന്നതിന് കർഷക തൊഴിലാളികൾ , കൃഷിക്കാർ, മൃഗസംരക്ഷണം , വനാധിഷ്ഠിത തൊഴിലുകൾ, മീൻ പിടുത്തം, പ്ലാന്റേഷൻ, പുഷ്പക്കൃഷി, മൈനിംഗ് & ക്വാറിയിംഗ് ഉൾപ്പെടുന്നു. ദ്വിതീയ വിഭാഗത്തിൽ നിർമ്മാണം, സംസ്ക്കരണം, സർവ്വീസിംഗ്, റിപ്പെയർ, കുടിൽ വ്യവസായം എന്നിവയുംതൃതീയ വിഭാഗത്തിൽ വാണിജ്യവും, വ്യവസായവും, ഗതാഗതം, സംഭരണം, വാർത്താ വിനിമയം, മറ്റു സർവ്വീസുകൾ എന്നിവ ഉൾപ്പെടുന്നു. മേൽ പ്രകാരം 1991 സെൻസസ് പ്രകാരമുള്ള ജില്ലയിലെ തൊഴിൽ ഘടന പരിശോധിച്ചാൽ ആകെ തൊഴിലാളികളുടെ 75% പ്രാഥമിക വിഭാഗത്തിലും 4% ദ്വിതീയ വിഭാഗത്തിലും, 21% തൃതീയ വിഭാഗത്തിലും ഉൾപ്പെടുന്നതായി കാണുന്നു (ചിത്രം 3.3.18). പ്രസ്തുത ഘടന 2001 വർഷത്തിൽ യഥാക്രമം 63% , 6%, 31% എന്നിങ്ങനെ മാറിയിട്ടുള്ളതായി കാണാം. പ്രാഥമിക മേഖലയിൽ നിന്നും തൃതീയ മേഖലയിലേയ്ക്കുള്ള ഒരു ചുവടുമാറ്റം ഇതിൽ നിന്നും വ്യക്തമാകുന്നു. ആയത് നഗര വൽക്കരണം നടന്നുവരുന്നതിന്റെ സൂചനയായി പരിഗണിക്കപ്പെടുന്നു.

ചിത്രം 3.3.18*:*
ത്രീ ഫോൾഡ് ക്ലാസിഫിക്കേഷൻ – താരതമ്യം



3.3.9 തൊഴിലാളികളുടെ സ്ഥലപര കേന്ദ്രീകരണം

വിവിധ തൊഴിലാളികളുടെ ജില്ലയിലെ കേന്ദ്രീകരണം മനസ്സിലാക്കുന്നതിനായി തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ തൊഴിലാളികളുടെ കോൺസൻട്രേഷൻ ഇൻഡെക്സ് കണക്കാക്കി വിശകലനം ചെയ്യുന്നതിലൂടെ സാധിക്കുന്നതാണ്. പ്രധാന തൊഴിൽ വിഭാഗങ്ങളെ താഴെ വിശകലനം ചെയ്യുന്നു.

3.3.8..കൃഷിക്കാർ/കർഷക തൊഴിലാളികൾ

ജില്ലയിലെ കൃഷിക്കാരുടെയും കർഷക തൊഴിലാളികളുടെയും സ്ഥലപര കേന്ദ്രീകരണം താഴെചിത്രത്തിൽ (ചിത്രം 3.3.19, 3.3.20)കൊടുത്തിരിക്കുന്നു

*ചിത്രം*3.3.19*:*

കൃഷിക്കാർ– സ്ഥലപര കേന്ദ്രീകരണം



ചിത്രം 3.3.20*:*

കാർഷിക തൊഴിലാളികൾ സ്ഥലപര കേന്ദ്രീകരണം



ചിത്രം പരിശോധിച്ചാൽ ജില്ലയിലെ തവിഞ്ഞാൽ, തൊ ർനാട്, മുള്ളൻകൊല്ലി, കോട്ടത്തറ ഗ്രാമപഞ്ചായത്തുകളിൽ കൃഷിക്കാരുടെ കേന്ദ്രീകരണം കാണിക്കുമ്പോൾ ജില്ലയുടെ വടക്കു പടിഞ്ഞാറ് ഭാഗത്തും മദ്ധ്യ ഭാഗത്തും കർഷക തൊഴിലാളികളുടെ കേന്ദ്രീകരണം കാണുന്നു. കർഷക തൊഴിലാളികളുടെ കേന്ദ്രീകരണം കൂടുതൽ കാണുന്നത് പുൽപ്പള്ളി, മുള്ളൻകൊല്ലി മേഖലകളിലാണ്. ഇതിൽ നിന്നും കർഷക തൊഴിലാളികൾ കാർഷിക മേഖലയിലോ ആയതിന് സമീപ പ്രദേശത്തോ ആയിട്ടാണ് കേന്ദ്രീകരിച്ചിട്ടുള്ളത് എന്ന് അനുമാനിക്കാം.

1. വ്യവസായ തൊഴിലാളികൾ

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലയിൽ കാർഷികാനുബന്ധ വ്യവസായങ്ങളും മറ്റു എഞ്ചിനീയറിംഗ്/ സർവ്വീസ് ഗാർമെന്റ്സ് മേഖലയിലുള്ള വ്യവസായങ്ങളുമാണുള്ളത്. ജില്ലയിലെ വ്യവസായ തൊഴിലാളികളുടെ സ്ഥലപര കേന്ദ്രീകരണം പരിശോധിക്കുമ്പോൾ (ചിത്രം 3.3.21) സുൽത്താൻ–ബത്തേരി നഗരസഭ, മുട്ടിൽ, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലാണ് കൂടുതൽ കേന്ദ്രീകരണം കാണിക്കുന്നത്. ചിത്രത്തിൽ നിന്നും വ്യവസായങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത് എൻ എച്ച്, എസ് എച്ച്, പ്രധാന റോഡുകൾ എന്നിവയുടെ സാമീപ്യമുള്ളയിടത്താണ് എന്ന് കാണുന്നു.

വനനിബിഡമായ അതിർത്തി ഗ്രാമപഞ്ചായത്തുകളിൽ വ്യവസായങ്ങളുടെ കേന്ദ്രീകരണം കുറവാണ് എന്നു കാണുന്നു.

ചിത്രം.3.3.21*:*
വ്യവസായ തൊഴിലാളികൾ – സ്ഥലപര കേന്ദ്രീകരണം



2. മറ്റു തൊഴിലാളികൾ

ജില്ലയിൽ തൊഴിൽ ശക്തിയിൽ ഭൂരിഭാഗം വരുന്ന മറ്റു തൊഴിലാളികളുടെ കേന്ദ്രീകരണം ചിത്രത്തിൽ (ചിത്രം 3.3.22) കൊടുത്തിരിക്കുന്നു. ആയതിൽ മറ്റു തൊഴിലാളികളുടെ കേന്ദ്രീകരണം കൂടുതൽ ജില്ലയിലെ തെക്കു ഭാഗത്തായി വൈത്തിരി, മേപ്പാടി, പൊഴുതന എന്നിവിടങ്ങളിലായി കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം. എസ്റ്റേറ്റ് തൊഴിലാളികളെ പ്രസ്തുത ഗണത്തിൽ പെടുത്തിയത് കൊ ാവാം ഇത്തരം കേന്ദ്രീകരണം കാണുന്നത് എന്ന് അനുമാനിക്കാവുന്നതാണ്.

ചിത്രം .3.3.22*:*
മറ്റു തൊഴിലാളികൾ സ്ഥലപര കേന്ദ്രീകരണം



3.3.10 തൊഴിൽ ഘടന അനുസരിച്ച് ജില്ലയുടെ പ്രവർത്തന ഘടന

തൊഴിൽ ഘടന അനുസരിച്ചുള്ള ജില്ലയുടെ പ്രവർത്തന ഘടന മനസ്സിലാക്കുന്നതിന് പ്രാഥമിക, ദ്വതീയ, തൃതീയ മേഖലകളിലെ തൊഴിലാളികളുടെ കേന്ദ്രീകരണം അടിസ്ഥാനമാക്കുന്നു. ഇപ്രകാരം സ്ഥലപര വിന്യാസം ചിത്രീകരിക്കുമ്പോൾ ഒരേ പ്രദേശങ്ങളിൽ പ്രാഥമിക , ദ്വിതീയ, തൃതീയ മേഖലകളുടെ കേന്ദ്രീകരണം കാ ക്കാം. ദ്വിതീയ, തൃതീയ മേഖലകളുടെ കേന്ദ്രീകരണം പരിശോധിച്ചാൽ ആയത് പ്രധാന ഗതാഗത മാർഗ്ഗങ്ങളുടെ സമീപത്തായാണ് കേന്ദ്രീകരിച്ചിട്ടുള്ളത് എന്ന് കാണാം. കൂടാതെ പ്രാഥമിക മേഖല ജില്ലയുടെ അതിർത്തി ഗ്രാമ പഞ്ചായത്തുകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത് എന്നും കാണുന്നു. മേൽ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളുടെ സ്ഥലപര വിന്യാസത്തെ സ്ഥലപരമായി സംയോജിപ്പിക്കുമ്പോൾ തൊഴിൽ ഘടനയുടെ അടിസ്ഥാനത്തിലുള്ള ജില്ലയുടെ പ്രവർത്തന ഘടന ലഭ്യമാവുന്നു (ചിത്രം 3.3.26)

*ചിത്രം*3.3.23*: ചിത്രം* 3.3.24*:*

പ്രാഥമിക മേഖല– സ്ഥലപര വിതരണം *ദ്വിതീയമേഖല – സ്ഥലപര വിതരണം*



*ചിത്രം*3.3.25*:*
തൃതീയ മേഖല – സ്ഥലപര വിതരണം



*ചിത്രം*3.3.26*:*
തൊഴിലാളി കേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തന ഘടന



ചിത്രം പരിശോധിക്കുമ്പോൾ ജില്ലയിൽ 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാഥമിക മേഖലകൾക്ക് മുൻതൂക്കം നൽകുമ്പോൾ, 2 എണ്ണം തൃതീയ മേഖലക്കും, 1 എണ്ണം പ്രാഥമിക/ത്രിതീയ മേഖലക്കും, 2 എണ്ണം പ്രാഥമിക /ദ്വിതീയ മേഖലക്കും, 11 എണ്ണം ദ്വിതീയ/ത്രിതീയ മേഖലക്കും, മുൻതൂക്കം നൽകുന്നതായി കാണുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഗതാഗത ബന്ധങ്ങളുള്ള തദ്ദേശസ്വയംഭരണ പ്രദേശങ്ങൾ നാഗരിക സ്വഭാവം കാണിക്കുന്നു.

പ്രധാന അനുമാനങ്ങൾ

- വയനാട് ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 41.6% ആണ്. ആയത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്
- ജില്ലയുടെ തൊഴിൽ പങ്കാളിത്തം സമീപ ജില്ലകളിലേതിനേക്കാൾ കൂടുതലാണ് എന്ന് കാണാം
- ഉയർന്ന തൊഴിൽ പങ്കാളിത്ത നിരക്ക് ജില്ലയിലെ പ്രാഥമിക മേഖലയുടെ ആധിപത്യത്തെയാണ് സൂചിപ്പിക്കുന്നത്.
- തൊഴിൽ പങ്കാളിത്ത നിരക്കിൽ കാലാനുഗതമായ വർദ്ധനവ് ഉ ാവുന്നതായി കാണാം
- ആകെ തൊഴിലാളികളുടെ 43.86% കർഷക തൊഴിലാളികൾ ആണെന്ന് കാണുന്നു
- പ്രാഥമിക മേഖലയിൽ നിന്നും തൃതീയ മേഖലയിലേയ്ക്കുള്ള ഒരു ചുവടുമാറ്റം വ്യക്തമാകുന്നു.
- കർഷക തൊഴിലാളികൾ കാർഷിക മേഖലയിലോ ആയതിന് സമീപ പ്രദേശത്തോ ആയിട്ടാണ് കേന്ദ്രീകരിച്ചിട്ടുള്ളത്
- വ്യവസായങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത് എൻ എച്ച്, എസ് എച്ച്, പ്രധാന റോഡുകൾ എന്നിവയുടെ സാമീപ്യമുള്ളയിടത്താണ്
- ഗതാഗത ബന്ധങ്ങളുള്ള തദ്ദേശസ്വയംഭരണ പ്രദേശങ്ങൾ നാഗരിക സ്വഭാവം കാണിക്കുന്നു.
- കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിലുള്ള അസ്ഥിരത, വന്യമൃഗ ശല്യം, കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ കുറവ്, ഉൽപ്പന്ന സംഭരണ/സംസ്ക്കരണ/വിപണന മേഖലകളുടെ അപര്യാപ്തത എന്നിവയാൽ കാർഷിക വൃത്തിയിൽ നിന്നും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഉ ാവുന്നു ്.

3.3.11 സംക്ഷിപ്തം

വിശകലനങ്ങളിൽ നിന്നും ജില്ലയുടെ സാമ്പത്തിക അടിത്തറ ഉൽപ്പാദന മേഖലയാണ് എന്ന് കാണുന്നു. തൊഴിൽഘടനയുടെ അപഗ്രഥനം ജില്ലയിലെ സാമ്പത്തിക സുസ്ഥിരത സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നു. കാർഷിക പ്രവർത്തനങ്ങളിലെ നഷ്ടം, വില സ്ഥിരതയില്ലായ്മ, ദ്വിതീയ/തൃതീയ മേഖലകളിൽ നിന്നുള്ള ഉയർന്ന വരുമാനം എന്നിവ ഉൽപ്പാദന മേഖലയിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന് കാരണമാവുന്നു ്. സർവ്വീസ് മേഖലയാണ് ഇത്തരുണത്തിൽ മുന്നിൽ നിൽക്കുന്നത്. നഗര ജനസംഖ്യയുടെ 50%ൽ അധികവും ജീവനോപാധിയായി സർവ്വീസ് മേഖലയെ സ്വീകരിക്കുന്നതായി കാണുന്നു. ഗ്രാമീണ മേഖലകൾ പോലും പ്രാഥമിക മേഖലയിൽ നിന്ന് പിൻതിരിഞ്ഞ് സർവ്വീസ് മേഖലയിലേയ്ക്ക് ചേക്കേറുന്നതായി കാണുന്നു. ഉൽപ്പാദന മേഖല തൻമൂലം പ്രതിസന്ധിയിലാണ്. വില അസ്ഥിരതയും, രോഗ കീട ബാധയും മറ്റും ഉൽപ്പാദന മേഖലയെ തളർത്തുകയും കർഷകർ ദരിദ്രരായി തീർന്നുകൊ ിരിക്കുകയുമാണ്. ആയതിനാൽ ഭരണ നേതൃത്വം ജില്ലയുടെ പ്രധാന വരുമാന സ്രോതസ്സായ ഉൽപ്പാദന മേഖലയ്ക്ക് ആവശ്യമായ ഉത്തേജനം നൽകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേ താണ്.

3.4 നഗരവൽക്കരണം

20–ാം നൂറ്റാ ിന്റെ തുടക്കത്തിൽ കേളത്തിലെ ജനസംഖ്യയുടെ 92.89% അധിവസിച്ചിരുന്നത് ഗ്രാമങ്ങളിൽ ആയിരുന്നുവെങ്കിൽ 20–ാം നൂറ്റാ ിന്റെ അവസാനത്തിൽ ഗ്രാമീണ ജസംഖ്യ 74 ശതമാനമായി കുറഞ്ഞു. ഈ കാലയളവിൽ കേരളത്തിന്റെ ആകെ ജനസംഖ്യ 400% ക ് വർദ്ധിക്കുകയാണ് ഉ ായത്. അതായത് കഴിഞ്ഞ കുറേ ദശാബ്ദങ്ങളായി നഗരവൽക്കരണത്തിന്റെ തോത് കൂടിക്കൊ ിരിക്കുന്നു എന്നു കാണാം. കഴിഞ്ഞ ര ് ദശാബ്ദങ്ങളിലെ കണക്കുകൾ നോക്കുകയാണെങ്കിൽ നാഗരിക ജനസംഖ്യ വർദ്ധനാ നിരക്ക് 37.64 ശതമാനത്തിൽ നിന്നും 60.97 ശതമാനമായി ഉയർന്നു. എന്നാൽ 2011–ലെ സെൻസസ് പ്രകാരം ഈ വളർച്ചാ നിരക്ക് 4.71% ആയി കുറയുന്നതായാണ് കാണുന്നത്.

വയനാട് ജില്ലയിൽ നിലവിൽ 3 നഗരസഭകളാണ് ഉള്ളത്. ഇതിൽ കൽപ്പറ്റ, ജില്ലാ ഭരണ സിരാകേന്ദ്രവും, മാനന്തവാടിയും, സുൽത്താൻ ബത്തേരിയും താലൂക്ക് ആസ്ഥാനങ്ങളുമാണ്. കൂടാതെ ഇവ മൂന്നും സമീപ പഞ്ചായത്തുകൾക്ക് സേവന ദാതാക്കളായും വർത്തിക്കുന്നു. മേൽ 3 നഗരസഭകളുടെ ആകെ ജനസംഖ്യ ജില്ലയുടെ ജനസംഖ്യയുടെ 15.29 ശതമാനമാണ്. വയനാട് ജില്ല സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 2.44 % ഉൾക്കൊള്ളുന്നുെ ങ്കിലും നഗര ജനസംഖ്യയുടെ 15.29ശതമാനം മാത്രമേ വരുന്നുള്ളൂ. മാത്രമല്ല ജില്ല നഗരജനസംഖ്യയുടെ കാര്യത്തിൽ സംസ്ഥാനത്ത് ഏറ്റവും പുറകിൽനിൽക്കുകയും ചെയ്യുന്നു. ജില്ലയിലെ നഗരങ്ങളും അവയുടെ ജനസംഖ്യയും താഴെ പട്ടികയായി രേപ്പെടുത്തിയിരിക്കുന്നു.

പട്ടിക3.4.1:
വയനാട് ജില്ലയുടെ നാഗരിക പ്രദേശവും നാഗരിക ജനസംഖ്യയും

വർഷം	ആകെ ജനസംഖ്യ	നാഗരിക ജനസംഖ്യ	നാഗരിക ജനസംഖ്യയുടെ ശതമാനം	നഗര പ്രദേശത്തിന്റെ വിസ്തീർണ്ണം.(ച.ഗാ)
1981	553348	0	0	0
1991	672128	22949	3.41	34.14
2001	780619	29612	3.8	40.47
2011	817420	31580	3.87	40.47
2015	817420	124971	15.29	223.79

അവലംബം : സെൻസസ്

3.4.1. ഭാവിയിലെ നഗരങ്ങൾ

വയനാട് ജില്ലയുടെ പ്രാഥമിക മേഖലയുടെ വളർച്ച കുറയുന്നതായാണ് തൊഴിൽ ഘടനയുടെ പഠനങ്ങൾ തെളിയിക്കുന്നത്. ഗ്രാമീണ ജനത സാവധാനത്തിൽ പ്രാഥമിക തൊഴിൽ മേഖലയിൽ നിന്നും പിൻവാങ്ങുകയും സേവന മേഖലയിലെ തൊഴിലുകളിലേയ്ക്ക് ചേക്കേറുകയും ചെയ്യുന്നു. വൈത്തിരി, മേപ്പാടി, മട്ടിൽ,മീനങ്ങാടി, പനമരം പോലുള്ള ചെറുകിട ടൗണുകളിലെയും എല്ലാം സ്ഥിതി ഇതാണ്.

2015–ൽ തയ്യാറാക്കി പുറത്തിറക്കിയ ജില്ലാ നഗര വൽക്കരണ റിപ്പോർട്ട് പ്രകാരം ഭാവിയിൽ നഗരങ്ങളായി വികസിക്കുവാൻ സാധ്യതയുള്ള തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങളെ നിർണ്ണയിച്ചിരുന്നു. മേൽ റിപ്പോർട്ട് തയ്യാറാക്കിയ സമയത്ത് കൽപ്പറ്റ മാത്രമായിരുന്നു നഗരസഭയായി ഉ ായിരുന്നത്. മാനന്തവാടിയും, സുൽത്താൻ ബത്തേരിയും 2021– ഓട് കൂടി നഗരസഭയായി മാറുമെന്ന് വിഭാവനം ചെയ്തിരുന്നെങ്കിലും 2015–ൽ തന്നെ അവ നഗരസഭകളായി മാറുകയാണ് ഉ ായത്. വൈത്തിരി, മീനങ്ങാടി, മേപ്പാടി, മുട്ടിൽ, പുൽപ്പള്ളി, പനമരം എന്നീ തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങൾ 2031–ഓടുകൂടി നഗരസഭകളായി മാറുമെന്നും വിഭാവനം ചെയ്തിരുന്നു

*ചിത്രം*3.4.1
ഭാവി നഗര ഘടന



പ്രധാന അനുമാനങ്ങൾ

- ജില്ലയിലെ ഭൂവിനിയോഗം,സ്ഥലപരഘടന, വിവിധ സൗകര്യങ്ങളുടെ വിതരണം എന്നിവ പരിഗണിക്കുമ്പോൾ പ്രധാന റോഡുകളോട് ചേർന്നു കിടക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ത്വരിത ഗതിയിൽ നഗരവൽക്കരണം നടക്കുന്നതായി കാണുന്നു.
- കാർഷിക മേഖലയുടെ തളർച്ചയും, ടൂറിസം സർവ്വീസ് മേഖല എന്നിവ വളർച്ചയും പ്രാദേശിക മേഖലയിൽ നിന്നും തൊഴിലാളികളുടെ ചുവടു മാറ്റത്തിന് കാരണമാണ്.
- ജില്ല തികച്ചും കാർഷികാധിഷ്ഠിതമാണ്. നഗര പഞ്ചായത്തുകളും നഗരസഭകളും വികസിക്കുന്നതിന് പകരം അയൽപക്ക വികസന സംവിധാനം (neighbourhood development) ആണ് നിലവിലുള്ളത്.
- ജില്ലയുടെ പാരിസ്ഥിതിക, ഭൂപ്രകൃതി, സാമ്പത്തിക പശ്ചാത്തലവും കൂടുതൽ നഗരവൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്നില്ല.

3.5 വിഭവങ്ങൾ

തികച്ചും കാർഷിക ജില്ലയായ വയനാടിന്റെ സാമ്പത്തിക അടിത്തറ കൃഷി , പ്ലാന്റേഷൻ, കൃഷി അനുബന്ധ പ്രവർത്തനങ്ങളായ മൃഗസംരക്ഷണം,ക്ഷീര മേഖല, വനാധിഷ്ഠിത വിഭവങ്ങൾ എന്നിവയെ ആശ്രയിച്ചാണിരിക്കുന്നത്. ജില്ലയിലെ പ്രധാന വിഭവങ്ങളുടെ ലഭ്യത, സ്ഥലപര കേന്ദ്രീകരണം മുതലായവയാണ് ഈ ഭാഗത്ത് ചർച്ചാ വിധേയമാക്കുന്നത്.

3.5.1 ജൈവ വിഭവങ്ങൾ

3.5.1.1 കൃഷി

വയൽനാട് ആയിരുന്ന വയനാട് വയലുകളാൽ സമൃദ്ധമായിരുന്നു. നിബിഢമായ വനപ്രദേശം, വളക്കൂറുള്ള മണ്ണ്, കബനി നദിയും പോഷക നദികളും ചേർന്ന് ഒരുക്കിയിട്ടുള്ള സമൃദ്ധമായ ജലശേഖരം മുതലായവ ജില്ലയ്ക്ക് മുതൽക്കൂട്ടാണ്. അയൽ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയിൽ പ്രാഥമിക മേഖലയ്ക്കാണ് ആധിപത്യം എന്നുള്ളത് മുൻ ഖണ്ഡികകളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതുകൊ ു തന്നെ അനുബന്ധ മേഖലകളായ മൃഗസംരക്ഷണം, ക്ഷീര വ്യവസായം ജലസേചനം, മത്സ്യബന്ധനം എന്നിവയും ജില്ലയിൽ ശക്തമായി വേരുറപ്പിച്ചിട്ടു ്.

ജില്ലയിലെ പ്രധാന പ്ലാന്റേഷൻ വിളകൾ തേയില, കാപ്പി എന്നിവയാണ്. കാപ്പിയുടെയും ഇഞ്ചിയുടെയും ഉൽപ്പാദനത്തിൽ ജില്ല ഒന്നാമതാണ്, സംസ്ഥാന ഉൽപ്പാദനത്തിന്റ യഥാക്രമം 79%, 49% എന്നിവ ജില്ലയുടെ സംഭാവനയാണ്. അതുപോലെ സംസ്ഥാനത്തെ കുരുമുളക് ഉൽപ്പാദനത്തിൽ ര ാം സ്ഥാനത്താണ് ജില്ല. ശീതകാല വിഭവങ്ങളായ കാബേജ്, കോളിഫ്ളവർ, കാരറ്റ്, ബീൻസ് മുതലായവയും ജില്ലയുടെ തനതായ സുഗന്ധ നെല്ലിനങ്ങളായ ജീരകശാല, ഗന്ധകശാല എന്നിവയും ജില്ലയിൽ കൃഷി ചെയ്തു വരുന്നു. ജില്ലയിലെ പ്രധാന വിളകളും കൃഷി ചെയ്യുന്ന വിസ്തൃതിയും, ഉൽപ്പാദനവും താഴെ പട്ടികയിലും (പട്ടിക 3.5.1) പ്രധാന വിഭവങ്ങളുടെ സ്ഥലപര കേന്ദ്രീകരണം ചിത്രങ്ങളിലും കൊടുത്തിരിക്കുന്നു.

പട്ടിക3.5.1
വയനാട് ജില്ലയിലെ 12 പ്രധാന വിളകൾ

ക്രമ നമ്പർ	വിള	വിസ്തീർണ്ണം(Ha)	ഉൽപ്പാദനക്ഷമത(Kg/ha)	ഉൽപ്പാദനം(MT)	വിസ്തീർണ്ണം (ശതമാനത്തിൽ)
1	കാപ്പി	67364	852	57350	40.31
2	കുരുമുളക്	24500	1000	24500	14.66
3	അടയ്ക്ക	11582	525	6080	6.93
4	നേന്ത്രക്കായ്	12359	25000	308975	7.40
5	നെല്ല്	10577	3325	35172	6.33
6	തേങ്ങ	10515	7000(No/ha)	73.6(million nut)	6.29
7	ഇഞ്ചി	2953	12000	35436	1.77
8	മഞ്ഞൾ	184	9000	1656	0.11
9	ഏലം	4120	148	610	2.47
10	വാനില	55	1200	66	0.03
11	ഗ്രാമ്പൂ	34	147	5	0.02
12	ജാതിക്ക	71	324	23	0.04
13	കറുവപ്പട്ട	20	810	16	0.01

14	മരച്ചീനി	2371	20000	47420	1.42
15	മറ്റ്കിഴങ്ങ്വർഗ്ഗങ്ങൾ	1654	20000	33080	0.99
16	പച്ചക്കറി	1600	15000	24000	0.96
17	ചായ	6474	2284	14792	3.87
18	റബർ	10450	700	7315	6.25
19	കൊക്കൊ	240	504	120	0.14

സോഴ്സ് : കൃഷി വകുപ്പ്

ചിത്രം3.5.1: ചിത്രം .3.5.2

മിശ്രവിളയുടെ സ്ഥലപര കേന്ദ്രീകരണം

നെൽവയലുകളുടെ സ്ഥലപര കേന്ദ്രീകരണം

*ചിത്രം*3.5.3*:ചിത്രം*3.5.4*:*

കാപ്പിയുടെ സ്ഥലപര കേന്ദ്രീകരണം തേയിലയുടെ സ്ഥലപര കേന്ദ്രീകരണം

*ചിത്രം*3.5.5*:ചിത്രം*3.5.6

കവുങ്ങിന്റെ സ്ഥലപര കേന്ദ്രീകരണം *വാഴയുടെ സ്ഥലപര കേന്ദ്രീകരണം*

*ചിത്രം*3.5.7*:*

വിളയടിസ്ഥാനത്തിലുള്ള ജില്ലയുടെ സ്ഥലപര ഘടന



മേൽ ചിത്രങ്ങൾ പരിശോധിച്ചാൽ മിശ്രവിളയുടെ കേന്ദ്രീകരണം കൂടുതൽ ജില്ലയുടെ മധ്യഭാഗത്തും, നെൽവയലുകളുടെ കേന്ദ്രീകരണം മാനന്തവാടി , പൂതാടി, പനമരം, കോട്ടത്തറ, നെൻമേനി, വെങ്ങപ്പള്ളി, മുട്ടിൽ പടിഞ്ഞാറത്തറ, വെള്ളമു , എടവക, എന്നീ തദ്ദേശഭരണ പ്രദേശങ്ങളും ആണെന്ന് കാണുന്നു. അതായത് ജില്ലയുടെ അതിർത്തി ഗ്രാമപഞ്ചായത്തുകൾ ഒഴിവാക്കി മധ്യഭാഗത്തായാണ് മേൽ വിളകളുടെ കേന്ദ്രീകരണം നടന്നിട്ടുള്ളത്. കാപ്പിക്കൃഷി പ്രധാനമായും മാനന്തവാടി, എടവക, പനമരം, മുള്ളൻകൊല്ലി, കണിയാമ്പറ്റ, മീനങ്ങാടി, സുൽത്താൻ–ബത്തേരി, നെൻമേനി, അമ്പലവയൽ, മേപ്പാടി, വൈത്തിരി, പൊഴുതന, കൽപ്പറ്റ നഗരസഭ എന്നിവിടങ്ങളിലും തേയിലയുടെ കേന്ദ്രീകരണം നെൻമേനി, മേപ്പാടി,പൊഴുതന,തവിഞ്ഞാൽ,മാനന്തവാടി,കൽപ്പറ്റ നഗരസഭ എന്നിവിടങ്ങളിലുമാണെന്ന് കാണുന്നു.

3.5.1.2 **മൃഗസംരക്ഷണം**

കൃഷിയുടെ അനുബന്ധ മേഖലയായ മൃഗസംരക്ഷണവും കൃഷിയും പരസ്പര പൂരകങ്ങളായി വർത്തിക്കുന്നു. മുൻകാല ചരിത്രം പരിശോധിച്ചാൽ എപ്പോഴെല്ലാമാണോ കാർഷിക മേഖലയിൽ തളർച്ചയു ായിട്ടുള്ളത് അപ്പോഴൊക്കെ മൃഗസംരക്ഷണ മേഖലയിൽ ഉണർവു ായിട്ടുള്ളതായി കാണാം. ജില്ലയിലെ സമ്പന്നമായ നെൽക്കൃഷി മൃഗസംരക്ഷണത്തിന് തികച്ചും അനുയോജ്യമാണ്. മാടുകൾ (മൂരി,പോത്ത്), ആട്, പന്നി,മുയൽ, പക്ഷിവർഗ്ഗങ്ങൾ മുതലായവയാണ് ജില്ലയിലെ പ്രധാന കന്നുകാലി സമ്പത്ത് (livestock). ജില്ലയിലെ 2007 സെൻസസ് പ്രകാരമുള്ള കന്നുകാലി സമ്പത്ത് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക3.5.2*:*
ജില്ലയുടെ ലൈവ് സ്റ്റോക്ക് പോപ്പുലേഷൻ– പഞ്ചായത്തടിസ്ഥാനത്തിൽ*2007*

പഞ്ചായത്ത്	കന്നുകാലികൾ	പോത്ത്/എരുമ	ആട്	പന്നി	മുയൽ
അമ്പലവയൽ	3396	217	2650	90	705
മീനങ്ങാടി	3904	248	1390	363	472
മുള്ളൻകൊല്ലി	5745	117	2734	262	2155
നെൻമേനി	3926	288	2401	93	804
നൂൽപ്പുഴ	3978	804	1793	29	102
പൂതാടി	5439	287	1923	190	953
പുൽപ്പള്ളി	5295	341	1954	88	1078
സുൽത്താൻ ബത്തേരി	3081	238	1428	310	810
എടവക	3480	208	1061	180	347
മാനന്തവാടി	4184	86	1530	169	186
പനമരം	4598	218	1119	70	225
തവിഞ്ഞാൽ	3977	209	1787	306	377
തിരുനെല്ലി	2612	216	1930	78	307
തൊ ർനാട്	2287	108	715	359	456
വെള്ളമു	2805	305	934	58	690
കൽപ്പറ്റ	1180	87	603	10	217
കണിയാമ്പറ്റ	3132	299	1151	59	347
കോട്ടത്തറ	2048	158	801	26	108
മേപ്പാടി	1921	160	1015	22	299
മൂപ്പൈനാട്	910	72	1248	234	542
മുട്ടിൽ	2615	111	1440	92	388
പടിഞ്ഞാറത്തറ	1986	168	575	125	334
പൊഴുതന	1125	82	640	7	469
തരിയോട്	1249	56	772	39	331
വെങ്ങപ്പള്ളി	1129	39	665	30	163
വൈത്തിരി	775	28	661	220	66

അവലംബം: ക്വിൻ ക്വിനിയൽ സെൻസസ്,*2007*

പട്ടികയിൽ നിന്നും കന്നുകാലികളുടെയും ആടിന്റയും കൂടുതൽ കേന്ദ്രീകരണം മുള്ളൻ കൊല്ലി ഗ്രാമപഞ്ചായത്തിലാണെന്ന് കാണുന്നു. പ്രധാന കന്നുകാലി ഇനങ്ങളുടെ സ്ഥലപര കേന്ദ്രീകരണം താഴെ കൊടുക്കുന്നു.

മാടുകൾ (പോത്ത്,മൂരി തുടങ്ങിയവ)

ജില്ലയിലെ മാടുകളുടെ കേന്ദ്രീകരണം ചിത്രത്തിൽ കൊടുത്തിരിക്കുന്നു. വനനിബിഢമായ അതിർത്തി പ്രദേശങ്ങളിലുള്ളതിനേക്കാളേറ്റ കേന്ദ്രീകരണം.മധ്യഭാഗത്തായുള്ള പ്രദേശങ്ങളിലാണെന്ന് കാണുന്നു.

*ചിത്രം.*3.5.8*:*
മാടുകളുടെ സ്ഥലപര വിന്യാസം



ചിത്രം 3.5.9*:*
പോത്തുകളുടെ ച.കി. മീറ്റർ അടിസ്ഥാനത്തിലുള്ള സ്ഥലപര കേന്ദ്രീകരണം



*ചിത്രം.*3.5.10*:*
ആടുകളുടെ സ്ഥലപര കേന്ദ്രീകരണം (ച.കി.മീ)

പന്നി വളർത്തലിൽ 2000 മുതൽ 2007 വർഷം വരെ ജില്ലയിൽ കുറവ് രേഖപ്പെടുത്തിയിരുന്നെങ്കിലും 2012 സെൻസസ് പ്രകാരം ആയതിൽ പുരോഗതി ഉള്ളതായി കാണുന്നു . ജില്ലയിൽ 3509 പന്നികൾ ഉള്ളതായും ആയത് കന്നുകാലി സമ്പത്തിന്റെ 53% വരുന്നതായും കണക്കുകൾ കാണിക്കുന്നു.

3.5.1.2 മാട്ടിറച്ചി ഉൽപ്പാദനം

ജില്ലയിലെ മൊത്തം ഇറച്ചി ഉൽപ്പാദനം 15262മെട്രിക് ടൺ ആണെന്ന് കാണുന്നു. ഇത് സംസ്ഥാനതല ഉൽപ്പാദത്തിന്റെ 17% ആണ്. ഇറച്ചി ഉൽപ്പാദനത്തിന്റെ ഭൂരിഭാഗവും കോഴി, മൂരി, പോത്ത് എന്നിവയിൽ നിന്നാണ്. യഥാക്രമം 35%,33%,27% ചിത്രം 3.5.11–ൽ ജില്ലയിലെ ഇനം തിരിച്ചുള്ള ഇറച്ചി ഉൽപ്പാദനം വ്യക്തമാക്കിയിരിക്കുന്നു.

ചിത്രം 3.5.11:

ജില്ലയിലെ ഇനം തിരിച്ചുള്ള ഇറച്ചി ഉൽപ്പാദനം



പക്ഷി വളർത്തൽ

കോഴി, താറാവ്, മറ്റു പക്ഷികൾ എന്നിവ ചേർന്നതാണ് ജില്ലയിലെ പക്ഷി സമ്പത്ത്. ജില്ലയിലെ പക്ഷി സമ്പത്തിന്റെ 87% കോഴികളും, 9% താറാവും, 4% മറ്റ് പക്ഷികളുമാണുള്ളത്. ജില്ലയിലെ ആഭ്യന്തര ആവശ്യത്തിനുതകുന്ന രീതിയിലുള്ള പക്ഷി സമ്പത്ത് നിലവിലില്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇറച്ചിക്കായി കോഴികളെ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുമ്പോൾ മുട്ടകൾക്കായും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയാണുള്ളത്. ആയതിനാൽ വീട്ടുമുറ്റത്ത് കോഴിവളർത്തൽ ഉൾപ്പെടെയുള്ള പരമ്പരാഗത കൃഷി സമ്പ്രദായം പ്രോൽസാഹിപ്പിച്ചു വരുന്ന സ്ഥിതിയാണുള്ളത്. ജില്ലയിലെ ഇനം തിരിച്ചുള്ള പക്ഷി സമ്പത്ത് താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 3.5.3:

ജില്ലയുടെ പൗൾട്രി പോപ്പുലേഷൻ

പഞ്ചായത്ത്	കോഴി	താറാവ്	ടർക്കി	കാട	ആകെ
അമ്പലവയൽ	9658	403	35	14	10221
മീനങ്ങാടി	9546	631	84	9	10395
മുള്ളൻകൊല്ലി	12385	200	11	3	12658
നെൻമേനി	11563	614	77	25	12364
നൂൽപ്പുഴ	10458	206	41	0	10750
പൂതാടി	10117	613	60	2	10851
പുൽപ്പള്ളി	11936	223	47	0	12266

സുൽത്താൻ ബത്തേരി	12174	631	44	8	12942
എടവക	9671	558	38	1	10360
മാനന്തവാടി	18140	568	30	176	18962
പനമരം	8730	942	27	6	9790
തവിഞ്ഞാൽ	13266	911	18	102	14343
തിരുനെല്ലി	9053	508	24	0	9623
തൊ ർനാട്	8328	509	40	0	8960
വെള്ളമു	8081	985	28	538	9688
കൽപ്പറ്റ	4252	357	30	7	4758
കണിയാമ്പറ്റ	7272	512	46	4	7893
കോട്ടത്തറ	4227	842	22	4	5182
മേപ്പാടി	8052	812	90	26	9030
മൂപ്പൈനാട്	4902	542	71	7	5663
മുട്ടിൽ	7369	540	68	2	8047
പടിഞ്ഞാറത്തറ	6345	574	2	0	6966
പൊഴുതന	3878	411	40	27	4532
തരിയോട്	3933	381	42	24	4418
വെങ്ങപ്പള്ളി	2910	174	5	32	3168
വൈത്തിരി	2567	502	83	11	3256

അവലംബം: മൃഗ സംരക്ഷണ വകുപ്പ്

പട്ടികയിൽ നിന്നും ജില്ലയിലെ മാനന്തവാടി നഗരസഭ, തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത്, സുൽത്താൻ–ബത്തേരി നഗരസഭ, നെൻമേനി എന്നിവിടങ്ങളിലാണ് കോഴിവളർത്തലിന്റെ കേന്ദ്രീകരണം കൂടുതൽ കാണുന്നത് എന്നു കാണുന്നു.

3.5.1.3 മുട്ട ഉൽപ്പാദനം

ജില്ലയിലെ മുട്ട ഉൽപ്പാദനം 1055 ലക്ഷം/വർഷം ആണ്. പോഷകാഹാരത്തിനായുള്ള ദേശീയ കമ്മിറ്റി ശുപാർശ പ്രകാരം രാജ്യത്ത് ആവശ്യമായ പ്രതിവർഷ മുട്ട ഉപയോഗം ആളൊന്നിന് 180 എണ്ണവും ഇറച്ചി ഉപയോഗം 10.8 കി.ഗ്രാം ആണ് എന്നു കാണുന്നു. ആയതിനാൽ ആവശ്യമുള്ള മുട്ട/ഇറച്ചിയുടെ ചെറിയ ശതമാനം മാത്രമേ ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്നുള്ളൂ എന്ന് മനസ്സിലാക്കാം ജില്ലയിലെ കഴിഞ്ഞ 10 വർഷത്തെ മുട്ട ഉൽപ്പാദനത്തിന്റെ വിശദാംശങ്ങൾ താഴെ ഗ്രാഫിൽ കാണിച്ചിരിക്കുന്നു. ചിത്രത്തിൽ ജില്ലയിൽ മുട്ട ഉൽപ്പാദനം വർദ്ധിക്കുന്നുെ ങ്കിലും ആയത് ആവശ്യത്തിന് ഉതകുന്ന രീതിയിൽ ലഭ്യമല്ല.

ചിത്രം.3.5.12:

മുട്ട ഉൽപാദനത്തിലെ പ്രവണത (ലക്ഷത്തിൽ)



അവലംബം: മൃഗ സംരക്ഷണ വകുപ്പ്

3.5.1.4 പാലുൽപ്പാദനം

ജില്ലയുടെ തനതായ കാലാവസ്ഥയും, ഭൂപ്രകൃതിപരമായ പ്രത്യേകതകളും, പാലുൽപ്പാദനത്തിന് തികച്ചും അനുയോജ്യമാണ്. ജില്ല പാലുൽപ്പാദനത്തിൽ സംസ്ഥാനത്ത് മുൻപന്തിയിൽ നിൽക്കുന്നു. സംസ്ഥാന പാലുൽപ്പാദനത്തിൽ ര ാം സ്ഥാനമാണ് ജില്ലയ്ക്കുള്ളത്. കൂടാതെ പാലുൽപ്പാദനം കൂടി വരുന്ന പ്രവണതയാണ് കണക്കുകൾ കാണിക്കുന്നത്. ജില്ലയിലെ കഴിഞ്ഞ 12 വർഷങ്ങളിലെ പാലുൽപ്പാദനം സംബന്ധിച്ച അവലോകനം താഴെ ഗ്രാഫിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഏറ്റവും പുതിയ വിവരങ്ങളനുസരിച്ച് ജില്ലയിൽ പാലുൽപ്പാദനം ആഭ്യന്തര ആവശ്യത്തേക്കാൾ കൂടുതലാണെന്ന് അറിയുന്നു

ചിത്രം3.5.13

ജില്ലയിലെ ക്ഷീര സഹകരണ യൂണിറ്റുകൾ വഴിയുള്ള പാൽ സംഭരണം(കോടി ലിറ്ററിൽ)



അവലംബം: മൃഗ സംരക്ഷണ വകുപ്പ്

പാലുൽപ്പദനം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണം, വിതരണം എന്നിവയ്ക്ക് ജില്ലയിൽ ശക്തമായ ശൃംഖല നിലവിലു ്.

3.5.2. ജല വിഭവങ്ങൾ

ജില്ലയിൽ നിലവിലുള്ള ജലാശയങ്ങൾ ശുദ്ധജല മത്സ്യ ഉൽപ്പാദനത്തിനും ടൂറിസത്തിനും ഉപയോഗിച്ചു വരുന്നു. ജില്ലയിൽ കടൽ, കായൽ എന്നിവയുടെ സാന്നിധ്യമില്ലാത്തതിനാൽ ഉൾനാടൻ മത്സ്യകൃഷിയാണ് നിലവിലുള്ളത്. ജില്ലയിലെ കുളങ്ങളും, പൊതു ജലാശയങ്ങളും കാരാപ്പുഴ റിസർവോയർ, ബാണാസുര സാഗർ റിസർവോയർ എന്നിവ ഇവയിൽ പ്രധാനമാണ്. ജില്ലയിലെ ശുദ്ധജല മത്സ്യകൃഷിയുടെ വിസ്തൃതി 2391 ഹെക്ടറാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ആയതിൽ 198 ഹെക്ടർ കുളങ്ങളും ടാങ്കുകളും, 55 ഹെക്ടർ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ജലാശയങ്ങളുമാണ്. കൂടാതെ ജില്ലയിൽ 2132 ഹെക്ടർ റിസർവോയർ പ്രദേശങ്ങളുമു ്. ചിത്രങ്ങളിൽ ജില്ലയിലെ മത്സ്യക്കൃഷിയുടെ ഘടന കഴിഞ്ഞ വർഷങ്ങളിലെ മത്സ്യ ഉൽപ്പാദന കണക്കുകളും വ്യക്തമാക്കിയിരിക്കുന്നു.

ചിത്രം3.5.14

ജില്ലയുടെ ജല സമ്പത്ത്



ചിത്രം3.5.15

മത്സ്യ ഉൽപ്പാദനത്തിന്റെ കാലാനുഗത പരിണാമം



ചിത്രം3.5.16
മത്സ്യതൊഴിലാളികളുടെ സ്ഥലപര വിന്യാസം

ചിത്രം പരിശോധിച്ചാൽ ജില്ലയിലെ മത്സ്യ ഉൽപ്പാദനം കൂടി വരുന്നതായി കാണാം ജില്ലയിലെ മത്സ്യ ഉപയോഗം സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല എന്നിരുന്നാലും ജില്ലയിൽ മത്സ്യത്തിന് വൻ ഡിമാന്റ് ഉ ന്നത് വ്യക്തമാണ്. ജില്ലയിലെ മത്സ്യ കർഷകരുടെ സ്ഥലപര കേന്ദ്രീകരണം ചിത്രത്തിൽ കാണിച്ചിരിക്കുന്ന പ്രകാരം ജില്ലയുടെ വടക്ക് ഭാഗത്തുള്ള പഞ്ചായത്തുകളിലാണ് കൂടുതൽ കേന്ദ്രീകരണം എന്ന് കാണാവുന്നതാണ്.

3.5.3. വന വിഭവങ്ങൾ

സൗത്ത് വയനാട്, നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനുകൾ, വന്യമൃഗ സംരക്ഷണ കേന്ദ്രം എന്നിവിടങ്ങളിലായി ജില്ലയിൽ ഭൂവിസ്തൃതിയുടെ 39.26% വരുന്ന വന പ്രദേശമു ്. അപൂർവ ജൈവ വൈവിധ്യങ്ങളുടെ കലവറയായ വയനാടൻ കാടുകൾ വയനാടൻ സമ്പദ് സ്ഥിതിക്ക് കാര്യമായ സംഭാവന നൽകുന്നവയാണ്. വന വിഭവങ്ങളായ വിറക്, തേൻ, ഔഷധ സസ്യങ്ങൾ, കുന്തിരിക്കം, നെല്ലിക്ക മുതലായവ ശേഖരിച്ച് വിൽപ്പന നടത്തുന്നതിന് ആദിവാസി വിഭാഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച വിവിധ സൊസൈറ്റികളെ ചുമതലപ്പെടുത്തിയിട്ടു ്. ജില്ലയിലെ 3 വനം ഡിവിഷനുകളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള വനസംരക്ഷണ സമിതികൾ മുഖേന തടിയിതര വന വിഭവങ്ങളുടെ സംഭരണം, സംസ്ക്കരണം, മൂല്യ വർദ്ധന, വിഭവങ്ങളുടെ വിപണനം എന്നിവ നടത്തി വരുന്നു. ജില്ലയിലെ ഇക്കോ ടൂറിസം രംഗത്തും ഇത്തരം സമിതികളുടെ സേവനം ഉറപ്പുവരുത്തുകയും തദ്വാരാ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമവും സാമ്പത്തിക സുസ്ഥിരതയും മറ്റും ഉറപ്പു വരുത്തുന്നു. ജില്ലയിലെ വന സംരക്ഷണ സമിതികളുടെ വിശദാംശങ്ങൾ പട്ടിക –24.17.ൽ കാണിച്ചിരിക്കുന്നു.ടൂറിസം പ്രാധാന്യമുള്ള ജില്ലയിൽ എത്തുന്ന ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെയിടയിൽ വനവിഭവങ്ങൾക്ക് വളരെ വലിയ ഡിമാന്റു ്. ജില്ലയിലെ വനത്തിന്റെ വിതരണം ചിത്രം 3.5.17ലും ആയതിന്റെ ഘടന ചിത്രം 3.5.18ലും കാണിച്ചിരിക്കുന്നു.

ചിത്രം3.5.17
വനവും ജല സമ്പത്തും



ചിത്രം3.5.18

ജില്ലയിലെ ഡിവിഷൻ അടിസ്ഥാനമാക്കിയുള്ള വനത്തിന്റെ വിസ്തൃതി



പട്ടിക24.17
വനസംരക്ഷണ സമിതികളുടെയും ഇക്കോഡവലപ്മെന്റ് കമ്മിറ്റികളുടെയും വിവരങ്ങൾ

ഡിവിഷൻ	**വനസംരക്ഷണ സമിതികളുടെയും ഇക്കോഡവലപ്മെന്റ് കമ്മിറ്റികളുടെയും** എണ്ണം
നോർത്ത് വയനാട്	17
സൗത്ത് വയനാട്	18
വൈൽഡ്ലൈഫ് ഡിവിഷൻ	16
ആകെ	**51**

3.5.3 ഭൂപ്രകൃതി

ജില്ലയുടെ സാമ്പത്തിക സ്രോതസ്സ് കൃഷി കഴിഞ്ഞാൽ ര ാം സ്ഥാനം ടൂറിസത്തിനാണ്. ജില്ലയുടെ പ്രകൃതി മനോഹാരിത, സുഖകരമായ കാലാവസ്ഥ, വനം–വന്യ ജീവി സമ്പത്ത്, സാംസ്ക്കാരിക പൈതൃകം മുതലായവയാണ് എടുത്തു പറയേ വിഭവങ്ങൾ. ജില്ലയിലെ മുത്തങ്ങ– തൊൽപ്പെട്ടി വന്യമൃഗ സങ്കേതങ്ങൾ, ബാണാസുര, കാരാപ്പുഴ റിസർവോയറുകൾ, പൂക്കോട്– കർലാട് തടാകം, ചെമ്പ്ര, ബാണാസുര– അമ്പുകുത്തി മലനിരകൾ, പക്ഷി പാതാളം, മീൻമുട്ടി– കാന്തൻപാറ വെള്ളച്ചാട്ടങ്ങൾ തുടങ്ങി ജില്ലയുടെ പ്രകൃതി വിഭവങ്ങൾക്ക് ഉദാഹരണങ്ങൾ ഏറെയാണ്.

പ്രധാന അനുമാനങ്ങൾ

- ജില്ലയിലെ ജലാശയങ്ങൾ പ്രത്യേകിച്ച് പൂക്കോട് തടാകം, ബാണാസുര സാഗർ, കാരാപ്പുഴ റിസർവോയറുകൾ, കർലാട് തടാകം, വിവിധ വെള്ളച്ചാട്ടങ്ങൾ എന്നിവ ടൂറിസം രംഗത്ത് മുതൽക്കൂട്ടാകുന്നു.
- പൊതു ജലാശയങ്ങളിൽ മൽസ്യക്കൃഷി നടത്തുന്നതിനും, ജില്ലയിലെ മൽസ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിൽ ഫിഷറീസ് വകുപ്പ് മുഖാന്തിരം ഇടപെടലുകൾ നടത്തി വരുന്നു.
- പൊതു ജലാശയങ്ങളിലെ മൽസ്യക്കൃഷി മുഖാന്തിരം ട്രൈബൽ വിഭാഗത്തിൽ പെട്ടവർക്ക് തൊഴിൽ ലഭ്യതയും ഉറപ്പു വരുത്തുന്നു.
- ജില്ലയിലെ വന–വന്യമൃഗ സമ്പത്ത് ടൂറിസ്റ്റുകളെ ജില്ലയിലേയ്ക്ക് ആകർഷിക്കുന്നതിൽ പ്രധാന ഘടകമാണ്.

3.5.3 സംക്ഷിപ്തം

ഉപഭോഗ ശൈലി സംബന്ധിച്ച് നാഷണൽ സാമ്പിൾ സർവ്വെ റിപ്പോർട്ട് സംസ്ഥാനത്തെ ഉപഭോഗ ഘടനയിൽ മാറ്റം വന്നിട്ടുള്ളതായും അത് മാംസോൽപ്പന്ന മേഖലയിലേക്കുള്ള ചായ്വ് സൂചിപ്പിക്കുന്നതായും വ്യക്തമാക്കുന്നു. അതായത് ഭക്ഷ്യ ധാന്യങ്ങളുടെ ഉപഭോഗത്തിൽ കുറവ് വരുന്നതായും മാംസോൽപ്പന്നങ്ങളുടെ ഉപയോഗത്തിൽ വർദ്ധനവ് വരുന്നതായും കാണിക്കുന്നു. ഇന്ന് നമ്മുടെ ഭക്ഷ്യ സുരക്ഷിതത്വം ചോദ്യം ചെയ്യപ്പെടുന്ന സ്ഥിതിയു ്. കൃഷിഭൂമിയുടെ വിസ്തൃതിയിലു ാവുന്ന കുറവ് മൃഗസംരക്ഷണ മേഖലയിലും അനുബന്ധ വ്യവസായങ്ങൾക്കുമുള്ള സമ്മർദ്ദം സൃഷ്ടിക്കുന്നു ്. പാൽ, മുട്ട, മാംസം എന്നിവയ്ക്കുള്ള ആവശ്യം ദിനം പ്രതി കൂടുന്ന സ്ഥിതി വിശേഷമു ്. ആയതിനാൽ പ്രസ്തുത മേഖലയിൽ ജില്ലയ്ക്ക് വലിയ സാധ്യതകൾ നില നിൽക്കുന്നു ്.

കാർഷിക ജില്ലയായ വയനാട്ടിൽ കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, ശേഖരണം, സംസ്ക്കരണം, മൂല്യ വർദ്ധിത സ്വഭാവമുള്ള ഉപഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയ്ക്ക് അനന്തമായ സാധ്യതകൾ നിലനിൽക്കുന്നു ്. കാർഷിക വൃത്തിയും, മൃഗസംരക്ഷണവും പരസ്പര പൂരകങ്ങളാണ്. ആയതിനാൽ അനുബന്ധ വ്യവസായമായ ക്ഷീര വികസനവും മൃഗസംരക്ഷണവും പ്രോൽസാഹിപ്പിക്കുന്നതിനുള്ള സാധ്യത വളരെയാണ്. പാലുൽപ്പാദനത്തിൽ ജില്ല സംസ്ഥാനത്ത് ര ാം സ്ഥാനത്താണ് എന്നുള്ളത് സമരണീയമാണ്.

ജല വിഭവങ്ങളിൽ ശുദ്ധജല മത്സ്യകൃഷിക്കാണ് പ്രാധാന്യം. ജില്ലയിലെ ജലാശയങ്ങൾ കൃഷി, ടൂറിസം, മത്സ്യക്കൃഷി എന്നിവക്കായി ഒരേ സമയം ഉപയോഗപ്പെടുത്തി വരുന്നു ്.

ജില്ലയിലേയ്ക്ക് ആവശ്യമായ മത്സ്യം അയൽ ജില്ലകളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സാഹചര്യത്തിൽ ജില്ലയിൽ മത്സ്യക്കൃഷിക്ക് വളരെ നല്ല വികസന സാധ്യതയു ്.

ഇറച്ചി, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിനും സംസ്ക്കരണത്തിനും ജില്ല ഇനിയും സ്വയംപര്യാപ്തമാവേ തു ് ആയതിന് പുരയിടക്കൃഷി സമ്പ്രദായം ശക്തിപ്പെടുത്തേ തു ്. ജില്ലയിലെ ബ്രഹ്മഗിരി ഇറച്ചി സംസ്ക്കരണ ശാലയുടെ കാര്യശേഷി പരമാവധി ഉപയോഗപ്പെടുത്തുകയാണെങ്കിൽ രംഗത്ത് പുത്തനുണർവു ാകുമെന്ന തിൽ സംശയമില്ല.

3.6 ഗതാഗതം

ഗതാഗത മേഖലയുടെ കര്യക്ഷമത ഒരു പ്രദേശത്തിന്റെ വികസന സൂചകമാണ്. പ്രദേശത്തിന്റെ വികസനത്തിന്റെ ഗതി നിർണ്ണയിക്കുന്നതിന് ആ പ്രദേശത്തുകൂടി കടന്നു പോകുന്ന ഗതാഗത ശൃംഖലയ്ക്ക് ഒരു പ്രധാന പങ്കു വഹിക്കുവാനു ്. ഗതാഗതത്തിന് കര, നാവിക, വ്യോമ മാർഗ്ഗങ്ങളുള്ളതിൽ വയനാടിന് റോഡു മാർഗ്ഗമുള്ള ഗതാഗതമേ നിലവിൽ സാധ്യമായിട്ടുള്ളൂ. വയനാടിന്റെ എല്ലാ ഭാഗത്തുമുള്ള മറ്റ് പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നതിൽ ഈ റോഡുകൾ പ്രധാന പങ്കാണ് വഹിക്കുന്നത്. ജില്ലയുടെ മേഖലാതല റോഡ് ബന്ധങ്ങൾ ചിത്രം 3.1.2 ൽ കണിച്ചിരിക്കുന്നു.ആയതിനാൽ ആസ്രൂതിതമായ ഒരു ഗതാഗത ശൃംഖല ജില്ലയുടെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമാണ്.

3.6.1 നിലവിലെ ഗതാഗത ശൃംഖല

കേരളത്തിന്റെ വടക്കേ അറ്റത്ത് സ്ഥിതിചെയ്യുന്നതും കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്നതുമായ ഒരേ ഒരു ജില്ലയാണ് വയനാട്. കോഴിക്കോട് – കൊല്ലഗൽ ദേശീയപാത (766) ആണ് ജില്ലയെ അയൽ സംസ്ഥാനമായ കർണ്ണാടകയുമായും, കോഴിക്കോട് ജില്ലയുമായും ബന്ധി പ്പിക്കുന്ന പ്രധാന പാത. മേൽ പാതയിലൂടെ ജില്ലാ വിനോദ സഞ്ചാര മേഖലയായ മൈസൂർ,ഐ.ടി ഹബ് ബാംഗ്ലൂർ എന്നിവയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. കൂടാതെ സംസ്ഥാന പാത (SH29) വഴി തമിഴ്നാട്ടിലെ പ്രസക്തമായ ഹിൽ സ്റ്റേഷൻ ആയ ഊട്ടിയായും ബന്ധപ്പെട്ട് കിടക്കുന്നു. (ചിത്രം 3.6.1ക ാലും)

3.6.2 സംസ്ഥാനവുമായുള്ള ഗതാഗത ബന്ധം

ദേശീയ പാത 766 മുഖേന കരിപൂർ അന്തർദേശീയ വിമാനത്താവളം, ബേപ്പൂർ തുറമുഖം, മാനന്തവാടി–തലശ്ശേരി റോഡ് മുഖേന കണ്ണൂർ ജില്ല, പക്രംതളം ചുരം മുഖേന കുറ്റ്യാടി വഴി കോഴിക്കോടുമായും, വയനാട് ജില്ല ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. (ചിത്രം 3.6.2 ക ാലും)

3.6.3 ജില്ലയിലെ തന്നെ വിവിധ മേഖലകളുമായുള്ള ബന്ധം

ജില്ലയിൽ 49 റവന്യു വില്ലേജുകളും, 23 ഗ്രാമപഞ്ചായത്തുകളും, 3 നഗരസഭകളും തമ്മിൽ ശക്തമായ റോഡു ബന്ധങ്ങളു ്. തദ്ദേശഭരണ തലത്തിലും വിവിധ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് ശൃംഖലയു ്. ജില്ലയിലെ ഏക ദേശീയ പാത, കോഴിക്കോട് – മൈസൂർ റോഡ് (NH 766) കിഴക്ക് പടിഞ്ഞാറായി ജില്ലയുടെ തെക്കുഭാഗത്തു കൂടി കടന്നു പോകുന്നു. ജില്ലയിലെ റോഡ് ഗതാഗത ശൃംഖലയെ കാണിക്കുന്ന മാപ്പ് ചിത്രം 3.6.1 ലും റോഡുകളുടെ വിശദാംശങ്ങൾ പട്ടിക 3.6.1 ലും വ്യക്തമാക്കിയിരിക്കുന്നു.

ചിത്രം. 3.6.1*:*

വയനാട് ജില്ലക്കകത്തുള്ള ഗതാഗത ബന്ധങ്ങൾ



പട്ടിക3.6.1

പി.ഡബ്ല്യൂ.ഡി റോഡിന്റെ നീളം – പഞ്ചായത്ത് അടിസ്ഥാനത്തിൽ

മുനിസിപ്പാലിറ്റി/ പഞ്ചായത്ത്	വിസ്തീർണ്ണം (ച.കി.മീ)	ജനസംഖ്യ	റോഡിന്റെ നീളം(ഗാ)				റോഡിന്റെ നീളം/ 100 ച. കി. മീ	റോഡിന്റെ നീളം / 1000 ജനസംഖ്യ
			എൻ എച്ച്	എസ് എച്ച്	എം.ഡി ആർ	ആകെ		
കൽപ്പറ്റ	40.46	31577	8	8.15	9.32	25.47	62.9511	0.81
മാനന്തവാടി	80.10	47974		7.8	24.48	32.28	40.2996	0.67
വെള്ളമുണ്ട	64.54	40627		4.27	20.16	24.43	37.8525	0.60
തിരുനെല്ലി	201.16	29696			55.4	55.4	27.5403	1.87
തൊ ർനാട്	131.15	23142	3	8.55	33.22	44.77	34.1365	1.93
എടവക,	47.26	33665		4.9	26.57	31.47	66.5891	0.93
തവിഞ്ഞാൽ	142.30	39813		7.8	61.3	69.1	48.5594	1.74
മീനങ്ങാടി	53.52	33450	11		20.15	31.15	58.2025	0.93
നെൻമേനി	69.38	46950			38	38	54.7708	0.81
അമ്പലവയൽ	60.65	35207			33	33	54.4106	0.94
സുൽത്താൻ ബത്തേരി	103.22	45417	10		56.287	66.287	64.2191	1.46
നൂൽപ്പുഴ	242.97	27833	15.6		22.8	38.4	15.8044	1.38
കോട്ടത്തറ	31.75	16670			25.55	25.55	80.4724	1.53
വെങ്ങപ്പള്ളി	21.16	11756		6.45	16.55	23	108.696	1.96
വൈത്തിരി	47.84	18305	13	7.2	14	34.2	71.4883	1.87
മുട്ടിൽ	47.38	35281			18.55	18.55	39.1515	0.53
പൊഴുതന	71.30	18406			19.5	19.5	27.3492	1.06

തരിയോട്	71.17	11725		4.9	13.24	18.14	25.4883	1.55
പടിഞ്ഞാറത്തറ	55.18	25965		8.23	28.8	37.03	67.1076	1.43
മേപ്പാടി	125.95	37785		29.7	20.35	50.05	39.738	1.32
മൂപ്പൈനാട്	72.70	24590		17.97	11.1	29.07	39.9862	1.18
പനമരം	80.90	45627		12.51	13.1	25.61	31.6564	0.56
പൂതാടി	80.88	39649			40.45	40.45	50.0124	1.02
മുള്ളൻകൊല്ലി	71.58	28400			62.14	62.14	86.812	2.19
പുൽപ്പള്ളി	77.70	33951			46.2	46.2	59.4595	1.36
കണിയാമ്പറ്റ	37.80	33951			25.25	25.25	66.7989	0.74
ആകെ	**2130.00**	**817412**	**60.6**	**128.43**	**755.467**	**944.497**	**1359.55**	**32.37**

അവലംബം: പി.ഡബ്ല്യൂ.ഡി

മെച്ചപ്പെട്ട റോഡ് ബന്ധങ്ങൾ നിലവിലുണ്ടെങ്കിലും ജില്ലയിലെ റോഡുകൾ ഇടുങ്ങിയതും, കൊടിയ വളവുകളോട് കൂടിയതും, മോശമായ ഉപരിതലത്തോട് കൂടിയതുമായതിനാൽ റോഡ് ഗതാഗതം താരതമ്യേന ദുഷ്ക്കരമാണ്. ജില്ലയിലെ പ്രധാന യാത്ര–ചരക്ക് ഗതാഗതമാർഗ്ഗമായ എൻ.എച്ച് 766 ലെ ബന്ദിപ്പൂർ നാഷണൽ പാർക്കിലൂടെ കടന്നു പോകുന്ന ഭാഗത്തും ബാവലി – മൈസൂർ റോഡിലും കർണാടക സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള രാത്രിയാത്രാ നിരോധനം ഗതാഗത മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു ്. പ്രസ്തുത കാരണത്താൽ ബദൽ മാർഗ്ഗങ്ങളായി ഉപയോഗിച്ചു വരുന്ന മാനന്തവാടി– കുട്ട–ഗോണികുപ്പ–മൈസൂർ റോഡ് നാഷണൽ ഹൈവേ നിലവാരത്തിലേയ്ക്ക് ഉയർത്തേ ുന്ന ആവശ്യകത നിലനിൽക്കുന്നു.

ജില്ലയുടെ ആസ്ഥാനമായ കൽപ്പറ്റ വയനാട്ടിലെ തന്നെ നഗരസഭകളായ സുൽത്താൻ ബത്തേരിയുമായി ദേശീയ പാത 766 വഴിയും, മാനന്തവാടിയുമായി സംസ്ഥാന പാത 59 വഴിയും ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. ജില്ലയിൽ നിലവിൽ ഒരു ദേശീയ പാതയും 3 സംസ്ഥാന പാതകളുമാണുള്ളത് (ചിത്രം 3.1.3 ക ാലും) ജില്ലയിലൂടെ കടന്നു പോകുന്ന സംസ്ഥാന പാതകളുടെ പേരും അവയുടെ ദൈർഘ്യവും പട്ടിക 3.6.1 .ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3.6.2:
സംസ്ഥാന പാതയുടെ വിവരങ്ങൾ

ക്രമ	റോഡ്	തുടക്കം	ഒടുക്കം (ചതുരശ്ര കിലോറ്ററിൽ)	നീളം (കി.മീ)	പേര്
1	സി.വി.ജി റോഡ് (ചു ൽ വൈത്തിരി –ഗൂഡല്ലൂർ)	ചു ൽ(at km 67/000 of NH:766(NH212))	ചോലാടി(തമിഴ്നാട് സംസ്ഥാന അതിർത്തി)	30.07	എസ് എച്ച്29
2	കൽപ്പറ്റ വാരാമ്പറ്റ റോഡ് എസ് എച്ച്, 54	കൽപ്പറ്റ(at km 72/400 of NH:766)	പടിഞ്ഞാറത്തറ(at km 82/00 of SH 54)	17.72	എസ് എച്ച്54

3	തലശ്ശേരി–ബാവാലി റോഡ് (68/200 to 81/000)	ബോയ്സ് ടൗൺ(at km 68/200 of TB Road)	മാനന്തവാടി (at km 81/000 of TB Road)	12.80	എസ് എച്ച്59
4	മാനന്തവാടികൽപ്പറ്ററോഡ് 0/000 to 30/800	മാനന്തവാടി	കൈനാട്ടി (at km 76/00 of NH:212)	30.80	എസ് എച്ച്59
5	കൽപ്പറ്റ മേപ്പാടി റോഡ്	കൽപ്പറ്റ(at km 72/00 of NH:766)	കാപ്പംകൊല്ലി(at km 75/800 of CVG road)	7.000	എസ് എച്ച്59
6	മേപ്പാടി ചൂരൽമലറോഡ്	മേപ്പാടി (at km78/050 of CVG Road)	ചൂരൽ മല(at km 69/650 of SH 59)	12.80	എസ് എച്ച്59
7	ചൂരൽ മല അരണപ്പുഴറോഡ്	ചൂരൽ മല(at km 69/650 of SH 59)	അരണപ്പുഴ (at km 75/650 of SH 59)	6.000	എസ് എച്ച്59
8	വൈത്തിരിതരുവണറോഡ് 23/600 to 31/590	പടിഞ്ഞാറത്തറ(at km 82/00 of SH 54)	തരുവണ(at km 10/240 of M.P.Road)	7.990	എസ് എച്ച്59
9	മാനന്തവാടി പക്രന്തളം(Road 6/470 to 10/240)	നാലാംമൈൽ(at km 6/470 of M.K. Road)	തരുവണ(at km 10/240 of M.P.Road)	3.770	എസ് എച്ച്59

അവലംബം: പി.ഡബ്ല്യൂ.ഡി

3.6.4 ബദൽ റോഡുകൾ

വയനാട് ജില്ലയിലേയ്ക്കുള്ള പ്രധാന പാതയായ താമരശ്ശേരി ചുരം വഴിയുള്ള ദേശീയ പാത ഗതാഗത കുരുക്കിനാൽ വീർപ്പുമുട്ടുകയാണ്. ദേശീയ പാത വികസനത്തിന് വനഭൂമിയുടെ സാന്നിധ്യം വിലങ്ങുതടിയാകുന്നു ്. താമരശ്ശേരി ചുരത്തിൽ ഗതാഗത കുരുക്ക് ഉ ായാൽ വേറെ ഒരു തരത്തിലും വയനാട്ടിൽ എത്തിപ്പെടുവാൻ കഴിയില്ല എന്നതാണ് ഇപ്പോഴത്തെ സാഹചര്യം. താഴെ കൊടുത്തിരിക്കുന്നു ബദൽ റോഡുകളുടെ നിർമ്മാണത്തിലൂടെ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കെ ത്തുവാൻ സാധിക്കുകയുള്ളൂ. (ചിത്രം 3.1.3 ക ാലും)

കൽപ്പറ്റ– പടിഞ്ഞാറത്തറ– വാരാമ്പറ്റ–പൂഴിത്തോട് റോഡ്

മേപ്പാടി– ചൂരൽമല–നിലമ്പൂർ റോഡ്

മേപ്പാടി –കല്ലാടി– ആനക്കാംപൊയിൽ റോഡ്

ചിപ്പിലത്തോട് – മരുതിലാവു – തളിപ്പുഴ റോഡ്

തൊ ർനാട്– കുഞ്ഞോം– വിലങ്ങാട് റോഡ്

കൂടാതെ 2 മലയോര ദേശീയ പാതകളും വിഭാവനം ചെയ്യുന്നു ്.
ബോയ്സ്ടൗൺ –മാനന്തവാടി – തരുവണ–പടിഞ്ഞാറത്തറ– പൂഴിത്തോട്
മാനന്തവാടി – പനമരം– കൽപ്പറ്റ –മേപ്പാടി– ചൂരൽമല–അണപ്പുഴ റോഡ്

2.6.5 റോഡ് സാന്ദ്രത

ജില്ലയുടെ റോഡുകളുടെ സാന്ദ്രത 3.75 കി.മീ / 1000 ജനം. ദേശീയ ശരാശരിയുമായ (2.6 കി.മീ/1000 ജനം) തുലനം ചെയ്യുമ്പോൾ ഈ ശരാശരി കൂടുതലാണെങ്കിലും ആയത് സംസ്ഥാന ശരാശരിയേക്കാൾ (4.7 കി.മീ/1000 ജനം) കുറവാണ്. ജില്ലയുടെ റോഡ് സാന്ദ്രത മാപ്പ് താഴെ കൊടുത്തിരിക്കുന്നു.

*ചിത്രം*3.6.2*:*

ദേശീയ സംസ്ഥാന പാതകളുടെ സാന്ദ്രത

3.6.6 തീവ ി ഗതാഗതം

ജില്ലയിൽ നിലവിൽ തീവ ി ഗതാഗതമോ വ്യോമഗതാഗതമോ ഇല്ല. സംസ്ഥാനത്ത് ഇടുക്കിയും, വയനാടും മാത്രമാണ് തീവ ി ഗതാഗത ശൃംഖല ഇല്ലാത്ത ജില്ലകൾ. എന്നാൽ തലശ്ശേരിയിൽ നിന്നും മൈസൂരിലേയ്ക്ക് മാനന്തവാടി വഴി ഒരു തീവ ിപ്പാതയും, നിലമ്പൂരിൽ നിന്നും നഞ്ചൻകോഡിലേയ്ക്ക് സുൽത്താൻ ബത്തേരി വഴി ഒരു തീവ ി പാതയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സജീവ പരിഗണനയിലാണ്

*ചിത്രം*3.6.3*:*

നിർദ്ദിഷ്ട നഞ്ചൻകോട് – നിലമ്പൂർ റെയിൽ പാതയുടെ അലൈൻമെന്റ്

3.6.7 വ്യോമ ഗതാഗതം

ജില്ലയ്ക്ക് ഏറ്റവും അടുത്ത് നിലവിലുള്ള വിമാനത്താവളം കരിപ്പൂർ അന്തർദേശീയ വിമാനത്താവളം ആണ് (100 കി.മീ) . കൂടാതെ കണ്ണൂർ- മട്ടന്നൂരിൽ ഉള്ള നിർമ്മാണം പൂർത്തിയായി കൊ ിരിക്കുന്ന വിമാനത്താവളവും ജില്ലാ ആസ്ഥാനത്തു നിന്നും ഏകദേശം (100 കി.മീ) ദൂരത്തിലാണ്. അതുകൊ ു തന്നെ ജില്ലയിൽ പനമരം-നടവയൽ കേന്ദ്രീകരിച്ചു കൊ ് ഒരു ഫീഡർ എയർപോർട്ട് വേണമെന്നുള്ള ആവശ്യം വളരെ പ്രാധാന്യമർഹിക്കുന്നു.

3.6.8 ഗതാഗത വികസന സങ്കൽപ്പം

നിലവിൽ ജില്ലയിലെ ഒരു ഫസ്റ്റ് ഓർഡർ റോഡ് ആയ എൻ.എച്ച് 766 വയനാടിന്റെ തെക്ക് കിഴക്ക് ഭാഗത്തുകൂടി കടന്നുപോകുന്നു. മറ്റ് ഭാഗങ്ങളിൽക്കൂടി ഫസ്റ്റ് ഓർഡർ റോഡുകൾ കട ന്നുപോകുന്നില്ല. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയേയും കർണ്ണാടകയിലെ മൈസൂരിനേയും ബന്ധിപ്പിക്കുന്ന പ്രാദേശിക പാത മാനന്തവാടിയിൽ കൂടി കടന്നുപോകുന്നു. മലബാറിനേയോ വടക്കൻ കേരളത്തിനേയോ മൈസൂർ – ബാംഗ്ലൂർ എന്നിവിടങ്ങളുമായി ബന്ധിപ്പിക്കാനുള്ള മറ്റൊരു സുപ്രധാനമായ വഴിയാണിത്. രാത്രിയാത്രാ നിരോധനത്തിന്റെ നൂലാമാലകൾ ഈ ഒരു വഴിയിൽ കടന്നുവരുന്നുമില്ല. അതിനാൽ ഈ റോഡിനെ വയനാടിന്റെ വടക്കു – പടിഞ്ഞാറ് ഭാഗത്തുകൂടി കടന്നുപോകുന്ന ഫസ്റ്റ് ഓർഡർ റോഡ് ആയി വികസിപ്പിക്കണം. കൂടാതെ ജില്ലയിലെ ര ാംക്രമ/മൂന്നാംക്രമ അധിവാസ കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിൽ ഒരു ഔട്ടർ റിംഗ് റോഡും വികസിപ്പിക്കേ തു ്.

*ചിത്രം*3.6.4*:*

നിർദ്ദിഷ്ടഗതാഗതശൃംഖല



പ്രധാന അനുമാനങ്ങൾ

- കാർഷികാധിഷ്ഠിത ജില്ല, പാരിസ്ഥിതിക പ്രാധാന്യമുള്ള മേഖല, ജനസാന്ദ്രത കുറഞ്ഞ പ്രദേശം മുതലായവ പരിഗണിച്ച് പ്രകൃതിക്ക് അനുയോജ്യവും വന നശീകരണത്തിന് കാരണമാവാത്തതുമായ പദ്ധതികൾ മാത്രമാണ് ജില്ലയിൽ അഭികാമ്യം
- ജില്ലയെ മറ്റു ജില്ലകളുമായിബന്ധിപ്പിക്കുന്ന ചുരമില്ലാത്ത ബദൽ റോഡുകളുടെ നിർമ്മാണത്തിന് മുൻഗണന നൽകാവുന്നതാണ്.
- റെയിൽ, വ്യോമ ഗതാഗത സാധ്യതകൾ സംബന്ധിച്ച് വിശദമായ പാരിസ്ഥിതിക ആഘാതം ഉൾപ്പെടെയുള്ള പഠനം നടത്തി പദ്ധതികൾ ആവിഷ്ക്കരിക്കേ തായിട്ടു ്.
- എൻ.എച്ച് 766ലെ രാത്രി യാത്രാ നിരോധനം നീക്കുന്നതിൽ പരിശ്രമം ഉ ാവേ താണ്.
- റോഡുകൾ ഏറ്റെടുക്കുമ്പോൾ അത് ജില്ലയുടെ സമഗ്ര വികസനം സാധ്യമാവുന്ന രീതിയിൽ ഗതാഗത വികസന സങ്കൽപ്പത്തിനനുസൃതമായി കൂടുതൽ പ്രദേശങ്ങൾക്ക് ഗുണം ലഭിക്കുമാറുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കേ താണ്.
- നബാർഡ്, കിഫ്ബി, കേരള റോഡ് ഫ ് ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലയ്ക്കാകമാനം മുതൽക്കൂട്ടാവുന്ന വലിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

3.6.9 സംക്ഷിപ്തം

വയനാട് ജില്ലയിൽ റോഡ് ശൃംഖല വയനാടിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും വ്യാപിച്ചു കിടക്കുന്നു. മലയോര ജില്ലയായ വയനാട്ടിൽ ജനങ്ങൾക്ക് യാത്രാ സൗകര്യത്തിനായി റോഡ് ഗതാഗതം മാത്രമേ സാധ്യമാവുന്നുള്ളൂ. പ്രധാനപ്പെട്ട റോഡുകളായ ദേശീയ പാതയും സംസ്ഥാന പാതയും കേരളത്തിലെ മറ്റ് ജില്ലകളെ എന്ന പോലെ ഇതര സംസ്ഥാനങ്ങളെയും ബന്ധിപ്പിക്കുന്നതാണ്. വാഹന സാന്ദ്രത പൊതുവെ കുറവായതിനാൽ ഈ റോഡിലൂടെയുള്ള ഗതാഗതം പൊതുവെ സൗകര്യപ്രദമാണ്. വയനാടിന്റെ അടിസ്ഥാന വികസന മേഖലയായി വിനോദസഞ്ചാര മേഖല പുഷ്ടിപ്പെടുവാൻ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊ ുള്ള ഗതാഗത സൗകര്യം ഇനിയും വളരെയധികം നിലവാരം പുലർത്തേ തായിട്ടു ്. ചുരം ഒന്നിടിഞ്ഞാൽ ഇവിടുത്തേയ്ക്കുള്ള വാഹന ഗതാഗതം ദിവസങ്ങളോളം തടസ്സ പ്പെടുന്നതിനാൽ നിലവിലുള്ള ചുരം റോഡിന് ബദലായി റോഡുകൾ, മറ്റ് ഗതാഗത സൗകര്യങ്ങൾ കേ ത്തേ തായിട്ടു ്. കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാവുന്നതോടെ വയനാടിന് ലക്ഷ്യമാക്കുവാൻ സാധിക്കുന്ന വൻ വാണിജ്യ-വ്യാവസായിക മേഖലയിലെ കുതിപ്പ് മുൻകൂട്ടി ക ് കണ്ണൂരിലേയ്ക്കുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കേ തായിട്ടു ്. വയനാടിന്റെ റെയിൽവെ സ്വപ്നങ്ങൾ യാർത്ഥ്യമാകുവാനുള്ള ശ്രമം തുടർന്നു വരുന്നു. സമീപ ഭാവിയിലെങ്കിലും നിലമ്പൂർ- നഞ്ചൻകോഡ് റെയിൽവെ ലൈൻ സാധ്യമാവുകയാണെങ്കിൽ വയനാടിന്റെ വിനോദ സഞ്ചാര മേഖലയിലും വാണിജ്യ വ്യവസായിക മേഖലയിലും ഒരു പുത്തൻ ഉണർവ് സാധ്യമാകും. വലിയ വിമാനത്താവളങ്ങൾക്ക് പകരം ചെറിയ എയർസ്ട്രിപ്പുകളായി വിമാനത്താവള സൗകര്യങ്ങൾ കൂടി കേ ത്തേ ത് വയനാടിന്റെ ഇരുപത് - മുപ്പത് 20-30 വർഷം പുരോഗതിക്കായി ഇപ്പോഴെ ഒരു ചുവട് മുന്നോട്ടായേ താണെന്ന് കാണുന്നു.

3.7 ഭൂപ്രകൃതി

കേരളത്തിന്റെ വടക്കേ അറ്റത്ത് പശ്ചിമഘട്ട മലനിരകളോടു ചേർന്ന് കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളോട് അതിർത്തി പങ്കിട്ട് സമുദ്ര നിരപ്പിൽ നിന്നും 700 മുതൽ 2100 മീറ്റർ ഉയരത്തിൽ പച്ചപ്പ് പുതച്ച അതിമനോഹരങ്ങളായ പുൽമേടുകളാലും പ്രകൃതിയുടെ വരദാനമായ നിബിഢ വനങ്ങളാലും അതീവ പ്രാധാന്യമുള്ള ജൈവ വൈവിധ്യങ്ങളാലും സമ്പന്നമായി കിടക്കുകയാണ് വയനാട് ജില്ല. കേരളത്തിലെ മലനാട് മേഖലയിൽ ഉൾപ്പെടുന്നതും, പശ്ചിമഘട്ടമലനിരകളുടെ ഭാഗമായ നീലഗിരി ബയോസ്ഫിയറിൽ ഉൾപ്പെടുന്നതുമാണ് വയനാട്.

വയനാടിന്റെ ഭൂപ്രകൃതി കുന്നുകളും, താഴ്വരകളും കൊ ് നിറഞ്ഞ നിമ്നോന്നതലമായ പ്രതലമാണ്. വ്യത്യസ്ത ഘടനയുള്ള മണ്ണ് വിവിധതരം കൃഷികൾക്ക് അനുയോജ്യമാണ്. വയലുകളാൽ സംപുഷ്ടമായ വയനാടിന് വയൽനാട് എന്ന പേരു കൂടി ഉ ്. താരതമ്യേനെ പരന്നു കിടക്കുന്ന വയനാടിന്റെ വടക്ക് , കിഴക്ക്, പടിഞ്ഞാറ് അതിർത്തി പ്രദേശങ്ങൾ മലനിരകളാൽ ചുറ്റപ്പെട്ടതും വനനിബിഢവുമാണ്. എന്നാൽ കിഴക്കൻ പ്രദേശങ്ങൾ താരതമ്യേനെ പരന്നതും തുറസ്സായതുമാണ്. ചിത്രത്തിൽ ജില്ലയുടെ ഭൂപ്രകൃതി വ്യക്തമാക്കിയിരിക്കുന്നു.

ചിത്രം3.7.1: ജില്ലയുടെ സ്ലോപ്പ്മാപ്പ്

ചിത്രം പരിശോധിച്ചാൽ ജില്ലയുടെ തെക്ക്, തെക്ക് പടിഞ്ഞാറ്, വടക്ക് ഭാഗങ്ങളിലുള്ള മലനിരകൾ കൂടിയ ചരിവ് (30% മുതൽ 50%) കാണിക്കുമ്പോൾ മദ്ധ്യ ഭാഗവും, കിഴക്ക് കർണാടക, തമിഴ്നാട് സംസ്ഥാനത്തോട് ചേർന്ന ഭാഗവും താരതമ്യേന കുറഞ്ഞ ചരിവ് കാണിക്കുന്നു. (5% to 15%) . ഉയർന്ന മല നിരകളും, നിബിഢമായ വനമേഖലയും , തുടർന്നു വരുന്ന പ്ലാന്റേഷൻ മേഖലയും ജില്ലയുടെ ജൈവ സമ്പത്ത് കാത്തു സൂക്ഷിക്കുന്ന കലവറയാണ്. ജില്ലയുടെ ജല സ്രോതസ്സുകളുടെ ഉൽഭവം പ്രസ്തുത മലനിരകളിൽ നിന്നാണ്. താഴ്ന്ന പ്രദേശങ്ങളിൽ സമ്പന്നമായ വയലേലകളും ചതുപ്പുകളും ജില്ലയുടെ ഭൂഗർഭജല സ്രോതസ്സിനെ നിലനിർത്തുന്നു. മിതശീതോഷ്ണമായ കാലാസ്ഥയും, ഉയർന്ന വർഷപാതവും, നല്ല സൂര്യപ്രകാശവും , ആഴത്തിലുള്ള ഫലഭൂയിഷ്ടമായ മണ്ണും എല്ലാം ചേർന്ന് ജില്ലയുടെ സന്തുലിതവും, ഹരിതാഭവുമായ പ്രകൃതി കാത്തു സൂക്ഷിക്കുന്നു. നിലവിലുള്ള ഭൂപ്രകൃതി വയനാടിന്റെ വരദാനമാണ്. ഇത് സംരക്ഷിക്കപ്പെടേ താണ്. ക്വാറികൾ , മണ്ണിടിച്ചിൽ, വയൽ നികത്തൽ, ജലശ്രോതസ്സുകൾ നികത്തൽ, മരം വെട്ടൽ എന്നിവ വയനാട് ജില്ലയിൽ ഏറെ നിയന്ത്രിക്കേ താണ്.

ജലസംരക്ഷണം വയനാട് ജില്ലയുടെ മുഖമുദ്രയായിരിക്കണം. ഇതിനുവേ ി ഹ്രസ്വകാല , ദീർഘകാല നടപടികൾ സ്വീകരിക്കേ താണ്.

ഏകദേശം 40% വനപ്രദേശവും , 40% തോട്ടമേഖലയാലും സംപുഷ്ടമായ വയനാടൻ ഭൂപ്രകൃതി നദികളാലും, തടാകങ്ങളാലും സംപുഷ്ടമാണ്. വയനാടിന്റെ സവിശേഷ ഭൂഘടന കാരണം കിഴക്കോട്ടും, പടിഞ്ഞാറോട്ടും ഒഴുകുന്ന നദികൾ വയനാടിന്റെ പ്രത്യേകതയാണ്. കിഴക്കോട്ട് ഒഴുകുന്ന 3 നദികളിൽ പ്രധാനപ്പെട്ട ഒന്നായ കബനി നദി വയനാടിനെ സംപുഷ്ടമാക്കുന്നു.

ചിത്രം.3.7.1
ജില്ലയുടെ റിവർ മാപ്പ്



വളരെ പ്രശാന്ത സുന്ദരമായ കാലാവസ്ഥയാണ് വയനാടിന്റേത്. ശരാശരി 2322 മി.മീ മഴ ലഭിക്കുന്ന വയനാട്ടിൽ ലക്കിടി, വൈത്തിരി, മേപ്പാടി പ്രദേശങ്ങളിലാണ് ഉയർന്ന തോതിലുള്ള മഴ ലഭ്യമാകുന്നത്. വയനാടിന്റെ കാലാവസ്ഥയെ പ്രധാനമായും തണുപ്പുകാലം (ഡിസംബർമുതൽ ഫെബ്രുവരി വരെ), ചൂടു കാലം (മാർച്ച് മുതൽ മെയ് വരെ) , തെക്ക്- പടിഞ്ഞാറൻ കാലവർഷം (ജൂൺ മുതൽ സപ്തംബർ വരെ), വടക്ക് - കിഴക്ക് കാലവർഷം (ഒക്ടോബർ - നവംബർ)

ചിത്രം3.7.2
ജില്ലയുടെ വാർഷിക വർഷപാതത്തിന്റെ ചാർട്ട്



ഡക്കാൺ പീഠഭൂമിയുടെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന വയനാടിന്റെ വടക്കു, പടിഞ്ഞാറ് ഭാഗങ്ങളിൽ അസാമാന്യ ഉയരമുള്ളതും വനവുമായ മലനിരകളു ്. ബ്രഹ്മഗിരി, ബാണാസുര, ചെമ്പ്ര, വെള്ളരിമല എന്നിവയുടെ ഉയരം 1500 മീറ്റർ മുതൽ 2100 മീറ്റർ വരെയാണ്. ഏറ്റവും ഉയരമുള്ള മലനിരയായ ചെമ്പ്ര ട്രക്കിംഗിനു വളരെ അനുയോജ്യമാണ്.

പ്രധാന അനുമാനങ്ങൾ

- ജില്ലയുടെ സവിശേഷമായ ഭൂപ്രകൃതി ഉയർന്ന തോതിലുള്ള മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ, വിള നാശം എന്നിവയ്ക്ക് കാരണമാകുന്നു ്.
- ഫലഭൂയിഷ്ഠമായ മേൽ മണ്ണ് ഒലിച്ചു പോകുന്നത് ഉൽപ്പാദന കുറവിന് കാരണമാവുന്നു.
- പ്രകൃതിക്കനുസൃതമല്ലാത്ത കൃഷിരീതികൾ, അനിയന്ത്രിതമായ രാസവള, കീടനാശിനി പ്രയോഗങ്ങൾ,
- ജലാശയങ്ങളുടെയും, തണ്ണീർത്തടങ്ങളുടെയും, നെൽവയലുകളുടെയും മേലുള്ള വ്യാപക കൈയ്യേറ്റം ഭൂപ്രകൃതിക്കും തദ്വാരാ നമ്മുടെ നില നിൽപ്പിനും ഭീഷണിയാകുന്നു.

3.7.1 സംക്ഷിപ്തം

ജില്ലയുടെ തനതായ ഭൂപ്രകൃതിയും, കാലാവസ്ഥയും സമൃദ്ധമായ വന്യ മൃഗ വനസമ്പത്തും, വെള്ളച്ചാട്ടങ്ങളും പ്രകൃതി മനോഹാരിതയും ചേർന്ന് ജില്ലയെ തെക്കേ ഇന്ത്യയിലെ തന്നെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റിയിട്ടു ്. കൂടാതെ ജില്ലയിലെ പ്രധാന ജനവിഭാഗമായ ആദിവാസികൾ അവരുടെ തനതായ ജീവിത ശൈലിയും സംസ്ക്കാരവും കാത്തു സൂക്ഷിക്കുന്നവരാണ്. വനവും വന്യജീവികളുമായി ഇഴുകി ചേർന്ന് ജീവിക്കുന്ന ഇവരുടെ കല, സംസ്ക്കാരം, പരമ്പരാഗത അറിവുകൾ, പച്ച മരുന്ന് ചികിൽസ എന്നിവയും ടൂറിസം രംഗത്ത് ജില്ലയുടെ സാന്നിദ്ധ്യം അറിയിക്കുന്നവയാണ്. മേൽ കാരണങ്ങളാൽ ഭൂമിയുടെ മേലുള്ള ഓരോ കൈയ്യേറ്റവും ജില്ലയുടെ അസ്ഥിത്വത്തിന് ഭംഗം വരുത്തുന്നതാണ്.

3.8 അധിവാസ മേഖലകളുടെ ശ്രേണീബന്ധങ്ങൾ

ജില്ലയിൽ 23 ഗ്രാമപഞ്ചായത്തുകളും 3 നഗരസഭകളും ആണുള്ളത്. വികസനത്തിന്റെ കാര്യത്തിൽ തദ്ദേശ ഭരണ പ്രദേശങ്ങൾ വ്യത്യസ്ത നിലവാരം പുലർത്തുന്നു. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണപരമായ സ്ഥിതി, വരുമാനം, ഗ്രേഡ് , സൗകര്യങ്ങളുടെ സാന്നിദ്ധ്യം മുതലായവ അനുസരിച്ചാണിത്. പ്രദേശങ്ങളുടെ വികസന മേഖലയിലെ നിലവിലെ ശ്രേണി ബന്ധങ്ങൾ നിർണ്ണയിക്കുന്നത് പ്രധാനമായും താഴെപ്പറയുന്ന സൗകര്യങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനതതിലാണ്.

1) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലഭ്യത
2) ആരോഗ്യ സ്ഥാപനങ്ങളുടെ ലഭ്യത
3) മാർക്കറ്റ്
4) കൃഷി അനുബന്ധ മേഖലകളിലെ സൗകര്യങ്ങൾ
5) അടിസ്ഥാന സൗകര്യ വികസനം
6) ഗതാഗത സൗകര്യങ്ങൾ

ഓരോ സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു മുൻഗണനാക്രമം കണക്കാക്കുകയും ഇത്തരത്തിൽ വെയിറേറേജ് (Cumulative FunctionalIndex CFI) നൽകുകയും ചെയ്യുന്നു. ക്യുമുലേറ്റീവ് ഫങ്ഷണൽ ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ തരം തിരിക്കുന്നതിലൂടെ അവയുടെ നിലവിലുള്ള വികസന ശ്രേണി ബന്ധങ്ങൾ നിശ്ചയിക്കാവുന്നതാണ്. മേൽ പ്രകാരം സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തരം തിരിവ് താഴെ ചിത്രം 3.8.1–ൽ കാണിച്ചിരിക്കുന്നു. ചിത്രത്തിൽ നിന്നും ജില്ലയിലെ കൽപ്പറ്റ നഗരസഭ മാത്രമാണ് ഇപ്രകാരം ഒന്നാം ഗണത്തിൽ വരുന്നതെന്നും സുൽത്താൻ–ബത്തേരി, മാനന്തവാടി എന്നിവ ര ാം ക്രമത്തിലും, 8 ഗ്രാമപഞ്ചായത്തുകൾ മൂന്നാം ക്രമത്തിലും അവശേഷിക്കുന്നവ 4–ാം ക്രമത്തിലും വരുന്നതായി കാണുന്നു. വിശദാംശങ്ങൾ പട്ടിക –7.1.ൽ കാണിച്ചിരിക്കുന്നു. നഗര ഗ്രാമാസൂത്രണ വകുപ്പ് 2015–ൽ തയ്യാറാക്കി പുറത്തിറക്കിയ ജില്ലാ നഗര വൽക്കരണ റിപ്പോർട്ട് (District Urbanization Report) പ്രകാരം കൽപ്പറ്റ നഗരസഭ ഒന്നാംക്രമ അധിവാസ കേന്ദ്രവും, മാനന്തവാടിയും, സുൽത്താൻ ബത്തേരിയും, ര ാംക്രമ അധിവാസ കേന്ദ്രവുമാണ്. തവിഞ്ഞാൽ, പുൽപ്പള്ളി, പനമരം, മീനങ്ങാടി, നെൻമേനി, അമ്പലവയൽ, മേപ്പാടി, വൈത്തിരി എന്നീ തദ്ദേശ സ്ഥാപനങ്ങൾ 3–ാം ക്രമമായും വരുന്നു.

പട്ടിക 3.8.1:
ഒന്ന്, ര ്, മൂന്ന് ക്രമ അധിവാസ മേഖലയുടെ സ്ഥലപര വിതരണം



നിർദ്ദിഷ്ട ശ്രേണി ബന്ധം

നിലവിലെ തൊഴിൽ ഘടനയുടെ അപഗ്രഥനത്തിൽ നിന്നും ജില്ലയിൽ പ്രാഥമിക മേഖല തളർച്ച കാണിക്കുമ്പോൾ ദ്വിതീയ, ത്രിതീയ മേഖലകൾ ഉയർച്ച കാണിക്കുന്നു. ഗ്രാമീണ മേഖലകളിൽ പോലും പ്രാഥമിക മെഖലയിൽ നിന്നുള്ള ചുവടുമാറ്റം വ്യക്തമാണ്. തൊഴിൽ ഘടന, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഗ്രേഡിംങ്ങ് , ക്യുമുലേറ്റീവ് ഫങ്ഷണൽ ഇൻഡക്സ് എന്നിവയും വിവിധ പ്രദേശങ്ങളിൽ നടപ്പായിട്ടുള്ളതും നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതുമായ പദ്ധതികൾ മുതലായവ പരിഗണിച്ചാൽ ജില്ലയിലെ പ്രദേശങ്ങൾ തമ്മിലുള്ള വികസന ശ്രേണി ബന്ധം നിർണ്ണയിക്കാവുന്നതാണ്. അപ്രകാരം പരിശോധിക്കുമ്പോൾ ജില്ലയിലെ പ്രധാന ഗതാഗത ഇടനാഴിയോട് ചേർന്നുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ സമീപഭാവിയിൽ നഗരവൽക്കരിക്കപ്പെടുമെന്നും ആയതിന് തൊട്ടു

കിടക്കുന്ന ഗ്രാമപഞ്ചായത്തുകൾ അർദ്ധനാഗരിക സ്വഭാവം ആർജ്ജിക്കുമെന്നും അനുമാനിക്കാവുന്നതാണ്.

വയനാടിന്റെ സവിശേഷ സാഹചര്യത്തിൽ ജില്ലയിലെ അധിവാസ മേഖലകൾ കൃത്യമായല്ല വിന്യസിക്കപ്പെട്ടരിക്കുന്നത് എന്ന് കാണാം. അതുകൊ ു തന്നെ 2015–ൽ തയ്യാറാക്കി പുറത്തിറക്കിയ ജില്ലാ നഗരവൽക്കരണ റിപ്പോർട്ടിൽ പ്രിതപാദിച്ചിരിക്കുന്ന വിധം ഭാവിയിലെ അധിവാസ ക്രമം നിർണ്ണയിക്കുകയും (Crystallor's Centre Place Theory അനുസരിച്ച്) കൽപ്പറ്റയെ ഒന്നാം ക്രമമായും മാനന്തവാടിയെയും, സുൽത്താൻ ബത്തേരിയെയും ര ാം ക്രമമായും തവിഞ്ഞാൽ, പുൽപ്പള്ളി, പനമരം, പടിഞ്ഞാറത്തറ, മീനങ്ങാടി, മേപ്പാടി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മൂന്നാംക്രമമായും നിശ്ചയിച്ചിരിക്കുന്നു.

പട്ടിക7.1:

സി.എഫ്.ഐ അടിസ്ഥാനത്തിൽ അധിവാസ ശ്രേണിയിലെ ക്രമവുംമേഖലയുടെ എണ്ണവും.

ക്രമ നമ്പർ	സി.എഫ്.ഐപരിധി	ശ്രേണിയിലെ ക്രമം(ഒശലൃമൃരവ്യ)	തദ്ദേശ സ്ഥാപനങ്ങ ളുടെ എണ്ണം
1	>150	1	1
2	100150	2	2
3	50 100	3	8
4	0 50	4	15

ചിത്രം 3.8.2:

നിർദ്ദിഷ്ടഒന്ന്, ര ്, മൂന്ന് ക്രമ അധിവാസ മേഖല



പ്രധാന അനുമാനങ്ങൾ

- ഉയർന്ന ക്രമം കാണിക്കുന്ന എല്ലാ പ്രദേശങ്ങളും പ്രധാന ഗതാഗത ഇടനാഴയോട് ചേർന്ന് സ്ഥിതി ചെയ്യുന്നു.
- താഴ്ന്ന ക്രമത്തിൽ വരുന്ന എല്ലാ പ്രദേശങ്ങളും ഉയർന്ന ക്രമത്തിലുള്ള പ്രദേശങ്ങളുമായി അതിർത്തി പങ്കിടുന്നു.
- ജില്ലയിലെ മദ്ധ്യഭാഗത്തായി ഉയർന്ന ക്രമത്തിലുള്ള പ്രദേശങ്ങളും അതിർത്തി ഗ്രാമങ്ങൾ താഴ്ന്ന ക്രമത്തിലുള്ളവയുമാണ്.
- അതിർത്തിഗ്രാമങ്ങളിലെ വനം, പ്ലന്റേഷൻ എന്നിവയുടെ ആധിക്യവും സൗകര്യങ്ങളുടെ കുറവുമാകാം ഇതിന് കാരണം എന്ന് അനുമാനിക്കുന്നു.

- ജില്ലയിൽ നിലവിലെ വികസന സ്ഥിതി അനുസരിച്ചുള്ള തുടർ പദ്ധതികൾ ആശാസ്യമല്ല. സുസ്ഥിര വികസനത്തിൽ ഒരു നിർദ്ദിഷ്ട ക്രമം നിശ്ചയിക്കേ തും ആയതിന്റെ അടിസ്ഥാനത്തിൽ വികസനം ക്രമീകരിക്കേ തുമു ്.

3.9. പ്രവർത്തന സ്വഭാവം (Functional Character)

ഒരു പ്രദേശത്തിന്റെ സ്വഭാവം എന്നത് ആ പ്രദേശത്തുള്ള പ്രധാന പ്രവൃത്തിയെ ആണ് സൂചിപ്പിക്കുന്നത്. അത് പ്രാഥമിക പ്രവർത്തനങ്ങളായ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും (പൂർണ്ണ ഗ്രാമീണ സ്വഭാവം) ദ്വിതീയ, തൃതീയ പ്രവർത്തനങ്ങളോ (പൂർണ്ണ നാഗരിക സ്വഭാവം) മേൽ ര ് പ്രവർത്തനങ്ങളുടെ സമ്മിശ്ര ഉപയോഗം (അർദ്ധ നാഗരികത, അർദ്ധ ഗ്രാമീണം) ആവാം.

ഒരു പ്രദേശത്ത് നിലവിലുള്ളതും ഭാവിയിൽ വരാവുന്നതുമായ പ്രവർത്തനങ്ങൾ ആ പ്രദേശത്തെ നിലവിലെ ഭൂവിനിയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ കൃഷി ഭൂമി കൂടുതലുള്ള (പകുതിയോ അതിൽ കൂടുതലോ) പ്രദേശങ്ങളുടെ പ്രവർത്തന സ്വഭാവം ഗ്രാമീണം എന്നും വാണിജ്യം, വ്യവസായം, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു പൊതു ആവശ്യത്തിനുള്ള സ്ഥലങ്ങൾ മുതലായവ കൂടുതലുള്ള (പകുതിയോ അതിൽ കൂടുതലോ) പ്രദേശങ്ങളെ നാഗരിക സ്വഭാവം കാണിക്കുന്ന പ്രദേശങ്ങളെന്നും പറയാം. ചില പ്രദേശങ്ങളിൽ ഇങ്ങിനെ നഗര–ഗ്രാമ സ്വഭാവങ്ങളെ വ്യക്തമായി വേർതിരിച്ചെടുക്കുവാൻ സാധിക്കാത്ത വിധം പ്രധാന ഭൂവിനിയോഗം വാസ സ്ഥലവും കൃഷി ഭൂമിയുമായി കൂടി കലർന്ന് സമ്മിശ്ര സ്വഭാവത്തോടെ (mixed land use) കാണപ്പെടുന്നു. ഈ പ്രദേശങ്ങളിലെ ശരാശരി പുരയിട വിസ്തീർണ്ണം കണക്കിലെടുത്തുകൊ ് ഈ പ്രദേശങ്ങളെ പൂർണ്ണതോതിലുള്ള വാസ ഗൃഹ മേഖല, കാർഷിക– വാസഗൃഹ മേഖല, കാർഷിക പ്രവർത്തനത്തിന് മുൻതൂക്കമുള്ള വാസ മേഖല, പൂർണ്ണ തോതിലുള്ള കാർഷിക പ്രവർത്തനം സാധ്യമായ വാസമേഖല എന്നിങ്ങനെ തരം തിരിക്കാം.

സംസ്ഥാനത്ത് ചുരുക്കം ചില പ്രദേശങ്ങൾ മാത്രമേ പൂർണ്ണ നാഗരികമോ പൂർണ്ണ ഗ്രാമീണ സ്വഭാവമോ കാണിക്കുന്നുള്ളൂ. ഭൂരിഭാഗം പ്രദേശങ്ങളും സമ്മിശ്ര ഭൂ വിനിയോഗമാണ് കാണിക്കുന്നത്. അതായത് താമസ– കാർഷിക സമ്മിശ്ര ഉപയോഗം. ഇങ്ങിനെയുള്ള സവിശേഷ ഭൂവിനിയോഗം നിമിത്തം സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ നഗരം–ഗ്രാമം എന്നിങ്ങനെ തരം തിരിക്കുന്നത് ദുഷ്ക്കരമാണ്. അതുകൊ ുതന്നെ സമ്മിശ്ര ഭൂവിനിയോഗമാണ് പ്രദേശത്തിന്റെ പൊതു പ്രവർത്തനത്തെ സൂചിപ്പിക്കുന്ന ഘടകമായി മാറുന്നത്. പ്രദേശത്തെ കൃത്യമായ സ്വഭാവം നിർണ്ണയിക്കുന്നതിന് സമ്മിശ്ര ഭൂവിനിയോത്തെ വീ ും താഴെ പട്ടികയിൽ കാണും വിധം അപഗ്രഥിക്കുന്നു.

പട്ടിക3.9.1 ഭൂവിനിയോഗ ക്രമമനുസരിച്ചുള്ള വികസന സ്വഭാവം

ക്രമ നമ്പർ	ലാന്റ്യൂസ്	മാനദണ്ഡം
1	നഗരികം	നഗരസ്വഭാവം >കൃഷി > പ്ലാന്റേഷൻ >വനം
2	കൃഷി	കൃഷി > നഗരസ്വഭാവം>പ്ലാന്റേഷൻ
3	പ്ലാന്റേഷൻ	പ്ലാന്റേഷൻ> വനം> നഗരസ്വഭാവം >കൃഷി
4	വനഭൂമി	വനം> പ്ലാന്റേഷൻ >നഗരസ്വഭാവം >കൃഷി

ഒരു ജില്ലയുടെയോ ഒരു പ്രദേശത്തിന്റെയോ ഒരു ഭൂവിഭാഗത്തിന്റെയോ പ്രവർത്തനക്ഷമത, സ്വഭാവം എന്നിവ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം, വിതരണം, നഗരവൽക്കരണ സ്വഭാവം,അതിന്റെ തീവ്രത, ഏറ്റക്കുറിച്ചലുകൾ, പ്രദേശത്തിന്റെ നിലവിലുള്ള വികസന ത്വര, ദിശാ ബോധം എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

ജില്ലയിലെ വിവിധങ്ങളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (23 ഗ്രാമപഞ്ചായത്തുകൾ, 3 നഗരസഭകൾ) ഇവയുടെ സാമ്പത്തിക വികസന പരിപ്രേക്ഷ്യം മൂന്നായി തരം തിരിക്കാം.. പ്രാഥമിക മേഖലകളിലെ വികസനാങ്കം (കൃഷി അനുബന്ധ മേഖലകൾ) ദ്വതീയ മേഖലകൾ (വ്യാവസായികം), തൃതീയ മേഖല (മറ്റ് വികസന മേഖലകൾ). വയനാട് ജില്ലയുടെ സ്ഥിതി വിവരക്കണക്കുകളിൽ നിന്നും ഗ്രാമപഞ്ചായത്തുകൾ ഏറെക്കറെ മുഴുവനായും പ്രാഥമിക മേഖലകളിൽ ഉൾപ്പെട്ടിരിക്കുന്നു. ഇപ്പോഴും ഗ്രാമിണ സ്വഭാവം കാണിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന കാഴ്ചപ്പാട് രൂപീകൃതമാവുമ്പോൾ നിലവിലുള്ള ജനസംഖ്യ, ജനസാന്ദ്രത, ജനസംഖ്യാ വ്യതിയാനം, വളർച്ചാ നിരക്ക്, ജനസംഖ്യാ വിതരണം, തൊഴിൽ ഘടന, വികസന കാലയളവിലേയ്ക്കുള്ള ജനസംഖ്യാ വളർച്ച, തൊഴിൽ ഘടനയുടെ വ്യതിയാനം, വിഭവങ്ങളുടെ ലഭ്യത, വിതരണം ചെയ്യപ്പെട്ടിരിക്കുന്ന രീതി , മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, വിതരണം,, നിലവിലുള്ള റോഡ് ശൃംഖലയുടെ വിതരണം, വിപുലീകരണം, പ്രധാനപ്പെട്ട വ്യാപാര കേന്ദ്രങ്ങളുടെ വികസന സ്വഭാവം, റോഡ് ജംഗ്ഷനുകളുടെ വികസന സാധ്യത, പ്രാദേശികമായ വികസന സ്വഭാവം, വിവിധ ജന വിഭാഗങ്ങളുടെ ജീവിത രീതി, ആവാസ സ്വഭാവം, നഗര വൽക്കരണത്തിന്റെ സ്വഭാവം, നിലവിലുള്ളതും നടപ്പിലാക്കി വരുന്നതും വിഭാവനം ചെയ്തിട്ടുള്ളതുമായ വിവിധ മേഖലകളിലെ പദ്ധതികൾ, നഗരവൽക്കരണ സ്വഭാവവും, ഭൂ വിനിയോഗ വും കൂടി ഒരു ശ്രേണിയായി കണക്കാക്കിയാൽ നമുക്ക് ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വികസന സ്വഭാവം അനാവരണം ചെയ്യുവാൻ കഴിയും.

3.9.1 വയനാട് ജില്ലയുടെ പ്രവർത്തന സ്വഭാവം

നഗര–ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയിട്ടുള്ള ജില്ലാ നഗരവൽക്കരണ റിപ്പോർട്ട് ജില്ലയുടെ പ്രവർത്തന സ്വഭാവം പഠനവിധേയമാക്കിയിട്ടു ്. ആയതിൻ പ്രകാരം ഭൂവിനിയോഗ ക്രമമനുസരിച്ചുള്ള വികസന സ്വഭാവം പരിശോധിച്ചപ്പോൾ വയനാട് ജില്ലയിൽ കൽപ്പറ്റ, മാനന്തവാടി, സുൽത്താൻബത്തേരി നഗരസഭകൾക്കാണ് കൂടുതലായുള്ള നഗരവൽക്കരണം ക ിട്ടുള്ളത്. ഇവിടെ കൃഷി അനുബന്ധ മേഖലകളിൽ ക്രമാതീതമായ കുറവ് രേഖപ്പെടുത്തി കാണുന്നു. വൈത്തിരി, മുപ്പൈനാട്, വെങ്ങപ്പള്ളി, മീനങ്ങാടി, പൂതാടി, പുൽപ്പള്ളി, മുള്ളൻകൊല്ലി എന്നീ പഞ്ചായത്തുകൾ പ്ലാന്റേഷൻ മേഖലയിൽ സജീവത കാണിക്കുന്നു. എടവക, വെള്ളമു , പനമരം, കോട്ടത്തറ, കണിയാമ്പറ്റ, മുട്ടിൽ എന്നീ പഞ്ചായത്തുകൾ ഇപ്പോൾ കൃഷി അനുബന്ധ മേഖലകളിൽ വ്യാപൃതരായിരിക്കുന്നതായി കാണാൻ കഴിഞ്ഞു. മറ്റു ഗ്രാമപഞ്ചായത്തുകൾ വനഭൂമിയും, അനുബന്ധ വികസന പ്രക്രിയയും ചിത്രത്തിൽ ജില്ലയുടെ പ്രവർത്തന സ്വഭാവം മേൽ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാവുന്നത്.

ചിത്രം3.9.1: ജില്ലയുടെ ഫംഗ്ഷണൽ ക്യാരക്ടർ

3.9.2 നഗരവൽക്കരണത്തിന്റെ സ്വഭാവം, കാഴ്ചപ്പാട്

അതാത് ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ലഭ്യമായിട്ടുള്ള സർവ്വീസ് സൗകര്യങ്ങൾ, ജനസംഖ്യ വളർച്ചാ നിരക്ക്, തൊഴിൽ ഘടന, വിതരണം, ഭൂപ്രകൃതി, സ്വഭാവം, സ്ഥലപരമായ പ്രത്യേകതകൾ, റോഡ് വികസന സാധ്യതകൾ, പരസ്പരമുള്ള ഗതാഗത സൗകര്യങ്ങൾ ഇവയുടെ ശൃംഖല, വികസനം, സേവന മേഖലകളിലെ പുരോഗതി, ലഭ്യത എന്നിവ പഠന വിധേയമാക്കിയതിൽ നിന്നും, നിലവിലുള്ള 3 നഗരസഭകൾ നഗരവൽക്കരണ സ്വഭാവം കാണിക്കുന്നു. 2021 വർഷത്തോടെ പനമരം, പുൽപ്പള്ളി, വൈത്തിരി, എന്നീ ഗ്രാമപഞ്ചായത്തുകളിൽ നഗരവൽക്കരണം സാധ്യമാവും. 2031 വർഷത്തോടെ മേപ്പാടി, മുട്ടിൽ, മീനങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകളും നഗരവൽക്കരിക്കപ്പെടും എന്ന് പഠന റിപ്പോർട്ടിൽ വ്യക്തമാകുന്നു.

ചിത്രം3.9.2:

ഭാവി നാഗരിക രൂപം–വയനാട് ജില്ല

3.9.3 നിലവിലെ സ്ഥലപര ഘടന (Existing Spatial Structure)

ജില്ലയിലെ ഭൂവിനിയോഗ രീതി , ജനസംഖ്യ വിതരണം, തൊഴിൽപരമായ പ്രവർത്തനഘടന, പ്രവർത്തന സ്വഭാവം , തദ്ദേശഭരണ സ്ഥാപനങ്ങൾക്കിടയിലുള്ള ശ്രേണിബന്ധം, നഗരവൽക്കരണം മുതലായവയുടെ സംയോജിത വിശകലനം, ജില്ലയുടെ നിലവിലെ സ്ഥലപര ഘടന വ്യക്തമാക്കുന്നതാണ്. അത്തരത്തിൽ അദ്ധ്യായത്തിൽ വിവിധ തലക്കെട്ടുകളിലായി വിവരിച്ചിട്ടുള്ള മേൽ ഘടകങ്ങൾ സംയോജിപ്പിക്കുമ്പോൾ ലഭിക്കുന്ന ജില്ലയുടെ നിലവിലെ സ്ഥലപര ഘടന താഴെ ചിത്രത്തിൽ കൊടുത്തിരിക്കുന്നു.

ചിത്രം3.9.3:

നിലവിലുള്ള അധിവാസ മേഖലകളുടെ ശ്രേണീബന്ധങ്ങൾ

പ്രവർത്തനഘടന

നിലവിലെസ്ഥലപര ഘടന

നിലവിലെ സ്ഥലപര ഘടനയുടെ അനുമാനം

ചിത്രം3.9.4:

നിലവിലെ സ്ഥലപര ഘടന–വയനാട് ജില്ല



ജില്ലയുടെ നിലവിലെ സ്ഥലപര ഘടന വിശകലനം ചെയ്യുമ്പോൾ ഒന്നാം ക്രമ, ര ാംക്രമ അധിവാസ കേന്ദ്രങ്ങൾ അഥവാ ടൗണുകൾ നാഗരിക സ്വാഭാവം കാണിക്കുന്നതായും ആയവ ജില്ലയിലെ പ്രധാന ഗതാഗത ശൃംഖലയാൽ ബന്ധിപ്പിക്കപ്പെട്ടരിക്കുന്നതായും കാണാം. കൂടാതെ ദ്വിതീയ, പ്രാഥമിക/തൃതീയ പ്രവർത്തനങ്ങൾ കാണിക്കുന്ന മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ മേൽ നഗര കേന്ദ്രങ്ങൾക്ക് ചുറ്റിനുമായി സ്ഥിതി ചെയ്യുന്നതായും ആയത് സംസ്ഥാന പാത അല്ലെങ്കിൽ മേജർ ഡിസ്ട്രിക്ട് റോഡുകളാൽ ബന്ധിതമാണ് എന്നും കാണുന്നു.

3.9.4.സംക്ഷിപ്തം

വയനാട് ജില്ല ഇപ്പോഴും ഒരു ഗ്രാമ സ്വഭാവം കാണിക്കുന്നു. നഗരവൽക്കരണം എൻ എച്ച്766നും, എസ്. എച്ച് നും ഇരുവശങ്ങളിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രം കാണുന്നു. ഇവിടങ്ങളിൽ ദ്വിതീയ മേഖലയും, തൃതീയ മേഖലയുമായി വികസിച്ചു വരുന്നു. ആറോളം തദ്ദേശഭരണ സ്ഥാപനങ്ങൾ N.H 766 നും S.H നും ഇടയിൽ സ്ഥിതി ചെയ്യുന്നു. ബാക്കിയുള്ളവ പ്രധനാപ്പെട്ട ജില്ലാ റോഡുകളിൽ നിന്നും അകലെയായി ഉൾനാടുകളായി സ്ഥിതി ചെയ്യുന്നു. ഇവിടങ്ങളിൽ ഇപ്പോഴും കാർഷിക മേഖലയായി, പ്ലാന്റേഷൻ, വനഭൂമിയുമായി നിലനിൽക്കുന്നു.

വയനാടിന്റെ വികസനത്തിന്റെ റോഡ് ശൃംഖലയുടെ വികസനം അനിവാര്യമാണ്. കൂടാതെ പ്രധാനപ്പെട്ട റോഡ് ജംഗ്ഷൻ, ഇവ തമ്മിലുള്ള ഉൾനാടൻ റോഡുകളുടെ വികസനം സാധ്യമാകേ താണ്. കാർഷിക മേഖലയുടെ സമഗ്ര വികസനം, വാണിജ്യ–വ്യവസായ മേഖലകളുടെ വികസനം, മറ്റു പശ്ചാത്തല മേഖല, സേവന മേഖലകളുടെ സംയോജിതമായ വികസന പരിപ്രേഷ്യം രൂപീകൃതമാകേ തായിട്ടു ്. കൂടാതെ ബദൽ ചുരം റോഡുകളുടെ അലൈൻമെന്റ് പൂർത്തീകരിക്കുകയും, വിവിധ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കി എത്രയും വേഗം സാധ്യമാകേ തായിട്ടു ്. എത്രയോ കാലമായി പ്രായോഗികപഠനത്തിൽ മാത്രമായി ഒതുങ്ങുന്ന നഞ്ചൻകോഡ്– സുൽത്തൻ ബത്തേരി റെയിൽപ്പാത കൂടി യാഥാർത്ഥ്യമായാൽ മാത്രമേ വയനാടിന്റെ വികസന സ്വപ്നം യാഥാർത്ഥ്യമാവുകയുള്ളൂ.

3.10. വികസന നിയന്ത്രിത മേഖലകൾ

ഏത് വികസനവും സാധ്യമാവണമെങ്കിൽ ജനജീവിതവും, പ്രകൃതി വിഭവങ്ങളും എല്ലാവർക്കും തുല്യമായി ലഭ്യമാകുന്ന രീതിയിൽ വിഭജിക്കപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമാണ്. ''സുസ്ഥിരവികസനം(Sustainable development)'' എന്ന ആശയം സാധൂകരിക്കുവാനും മണ്ണ്, ജലം മറ്റ് പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും ആവശ്യമാണ്. പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണം ഭൂമാഫിയകളുടെ കടന്നു കയറ്റം, ഭൂമിയുടെ ചരിവ് നോക്കാതെയുള്ള കെട്ടിട നിർമ്മാണം, ഖനന പ്രവർത്തനങ്ങൾ, അണക്കെട്ടുകൾ, കുഴൽക്കിണറുകളുടെ നിർമ്മാണം എല്ലാം തന്നെ മലനിരകളുടെ സ്ഥിരാവസ്ഥയ്ക്കും നിലനിൽപ്പിനും അപകടകരമാവുന്ന തരത്തിൽ ഭീഷണിയാകുന്നതിനാൽ പ്രകൃതി ദുരന്തങ്ങളിൽ നിന്നും രക്ഷ നേടുവാനുള്ള മുന്നൊരുക്കം, ഒരു ദീർഘവീക്ഷണ കാഴ്ചപ്പാട് എന്ന നിലയ്ക്കും നിയന്ത്രണം അത്യാവശ്യമാണ്.

വയനാട് ജില്ല, ഡക്കാൺ പീഠഭൂമി പ്രദേശത്തിന്റെ ഭാഗമാണ്. സമുദ്ര നിരപ്പിൽ നിന്നും 700നും 2100 മീറ്ററിനും ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. പശ്ചിമഘട്ട മലനിരകളുടെ തുടർച്ചയായി നീലഗിരി ബയോസ്ഫിയറിന്റെ ഭാഗമായിട്ടാണ് ഇതിന്റെ കിടപ്പ്. വയനാട്ടിൽ പശ്ചിമ ഘട്ടമലനിരകളുടെ ഉയരം ചെമ്പ്ര മലനിരക്ക് 2100 മീറ്റർ ബാണാസുര മലനിരക്ക് 2073 മീ. സമുദ്ര നിരപ്പിൽ നിന്നും ഉയരമു ്. ആയതിനാൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും ഈ മലനിരകളുടെ കുത്തനെയുള്ള ചരിവും കാരണം

ഭൂകമ്പത്തിനും, ഉരുൾപൊട്ടലിനും സാധ്യതയുള്ളതായി ഭൂമിശാസ്ത്രജ്ഞൻമാരുടെ പഠനങ്ങളിൽ നിന്നും വ്യക്തമായിട്ടു ്. ഈയടുത്ത കാലത്ത് ഉത്തരാഖണ്ഡ്, പൂന, നേപ്പാൾ എന്നീ സ്ഥലങ്ങളിലു ായ ഭൂകമ്പവും, ഉരുൾപൊട്ടലും ഈ പ്രദേശങ്ങളിൽ വരുത്തിയ നാശനഷ്ടത്തിൽ നിന്നും ഒരു ജനത ഇനിയും ഉയർത്തെഴുന്നേറ്റിട്ടില്ല. അതുകൊ ് തന്നെ ഏറെ സാദൃശ്യമുള്ള ഈ പ്രദേശങ്ങൾ സംരക്ഷിക്കേ ത് നിയമപരമായി അനിവാര്യമാകുന്നു.

3.10.1 പരിസ്ഥിതി ലോല മേഖല (Ecologically Fragile land)

പ്രകൃതിയിലെ ചില ജീവജാലങ്ങൾക്കും, പാരിസ്ഥിതികമായ അവസ്ഥാ മാറ്റം, കാലാവസ്ഥാ മാറ്റം, ഇവയൊക്കെ അതിജീവിക്കുവാൻ സാധ്യമല്ലാതെയാകും. ഇതോടൊപ്പം മനുഷ്യർ ഇവരുടെ ആവാസ വ്യവസ്ഥയിൽ അനിയന്ത്രിതമായി ഇടപെടുകയും കൂടി ചെയ്യുമ്പോൾ അവയുടെ നിലനിൽപ്പ് ഒരു ചോദ്യചിഹ്നമായി തീരും. ഇങ്ങിനെ മനുഷ്യരാശിയുടെ ഇടപെടലുകൾ കൊ ് ഭൂമുഖത്തു നിന്നും അപ്രത്യക്ഷമായ സസ്യജാലങ്ങളും, ജീവജാലങ്ങളും നിരവധിയാണ്. ആയതിനാൽ ഇവകളുടെ സംരക്ഷണം ഉറപ്പു വരുത്താനും മനുഷ്യന്റ കടന്നുകയറ്റം ഒഴിവാക്കാനും സർക്കാർ, ഭൂമിയിൽ ഇത്തരം നിയന്ത്രണങ്ങൾ വരുത്തി ജീവജാലങ്ങളെ സംരക്ഷിക്കുവാനും അവയുടെ ആവാസ വ്യവസ്ഥ നില നിർത്താനും സാധ്യമാകുന്ന നിയമ നിർമ്മാണങ്ങൾ നടത്തി സംരക്ഷിക്കുന്ന ഭൂപ്രദേശമാണ് ഇ. എഫ്. എൽ.(EFL)എന്നറിയപ്പെടുന്നത്.

പ്രധാനമായും ജലം- മണ്ണ് സംരക്ഷണം, അപൂർവ്വ ഇന സസ്യ വിഭാഗങ്ങളെ സംരക്ഷിക്കുകയും അവയുടെ നിലനിൽപ്പ് ദീർഘകാലത്തേയ്ക്ക് സാധ്യമാകുന്ന രീതിയിൽ പരിസ്ഥിതിയെ സംരക്ഷിക്കുകയും ചെയ്യുക, മനുഷ്യന്റെ ചൂഷണത്തിൽ നിന്നുള്ള സംരകഷ്ണം ഉറപ്പു വരുത്തുന്നു.

വസ്തുതാപരമായ പഠനങ്ങളും, വിശദമായ ഡാറ്റകളുടെയും, കാലാവസ്ഥാഭേദത്തിന്റെയും പാരിസ്ഥിതാഘാത പഠനത്തിന്റേയും, ഫലമായ ആവാസ വ്യവസ്ഥ പുന:ക്രമീകരിച്ചും മണ്ണ്- ജലം സംരക്ഷിച്ചും ഈ മേഖല സംപുഷ്ടമായി സംരക്ഷിക്കുന്നു.ലഭ്യമായ വിവരമനുസരിച്ച് വടക്കെ വയനാട് ഭാഗങ്ങളിൽ പേര്യ, മാനന്തവാടി, ബേഗൂർ യഥാക്രമം 485.1365 , 144.445 , 240.2148 ഹെക്ടർഉൾപ്പെടെ ആകെ 908.188 ഹെക്ടർ ഭൂമി ലഭ്യമായിട്ടു ്. ഈ മേഖല ഇപ്പോഴും അതീവ സൂക്ഷ്മ മേഖലയായി നില നിർത്തി വരുന്നു.

3.10.2 ദുരന്ത നിവാരണ അതോറിറ്റി ഉത്തരവ്(കേന്ദ്ര ദുരന്ത നിവാരണ നിയമം)

ജില്ലയുടെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെ ചുവടു പിടിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ജില്ലയിലെ കെട്ടിങ്ങളുടെ ഉയരത്തിൽ നിയന്ത്രണം ഏർപ്പെടുത്തികൊ ് ഇതിനകം ഉത്തരവു പുറപ്പെടുവിച്ചിട്ടു ്. ആയതിൻ പ്രകാരം നഗരസഭകളിൽ കെട്ടിടത്തിന്റെ ഉയരം 16 മീറ്ററും 5 നിലകളും, കുന്നത്തിടവക വില്ലേജിൽ 8 മീറ്ററും 2 നിലകളും, മറ്റു ഗ്രാമപഞ്ചായത്തുകളിൽ 3 നിലകളും 10 മീറ്ററും ആയി നിജപ്പെടുത്തിയിട്ടുള്ളതിനാൽ ഉയരം കൂടിയ കെട്ടിട നിർമ്മാണം നിയന്ത്രിക്കുവാൻ സാധിച്ചിട്ടു ്.

3.10.3 മറ്റ് നിയന്ത്രണ നിയമങ്ങൾ

3.10.3.1. കേരള ലാന്റ് യൂട്ടിലൈസേഷൻ നിയമങ്ങൾ–1967

ഭക്ഷ്യ സുരക്ഷാ, പാരിസ്ഥിതിക സംരക്ഷണം മുതലായവ ഉറപ്പു വരുത്തുന്നതിൽ കേരള ഭൂവിനിയോഗ നിയമം–1967 മുഖ്യമായ പങ്കു വഹിക്കുന്നു ്. കാർഷിക ഭൂമി കാർഷികേതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതും തദ്വാരാ ഭക്ഷ്യ സുരക്ഷ നേരിടുന്ന ഭീഷണി നേരിടുന്നതിനും പ്രസ്തുത നിയമം ജില്ലയിൽ കർശനമായി നടപ്പിലാക്കി വരുന്നു.

1) 3.10.3.2 കേരള തണ്ണീർത്തട സംരക്ഷണ നിയമം – 2008

സംസ്ഥാന സർക്കാർ ജില്ലയിലെ തണ്ണീർത്തടങ്ങളും ജല സ്രോതസ്സുകളും അപ്രത്യക്ഷമായിക്കൊ ിരിക്കുകയാണെന്ന മണ്ണ്– ജല സംരക്ഷണ വകുപ്പിന്റെ സർവ്വെ റിപ്പോർട്ട് ഭയാശങ്കകൾ സൃഷ്ടിക്കുന്നു. ഇത്തരുണത്തിൽ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച കേരള തണ്ണീർത്തട നിയമം– 2008 വളരെ പ്രാധാന്യമർഹിക്കുന്നു. നിയമം കർശനമായി നടപ്പാക്കുന്നതിലൂടെ ഇനിയും അവശേഷിച്ചിട്ടുള്ള തണ്ണീർത്തടങ്ങൾ നില നിർത്തുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. പ്രസ്തുത നിയമത്തോട് അനുബന്ധിച്ചു ാക്കിയിട്ടുള്ള ഡാറ്റാ ബേങ്ക് കുറ്റമറ്റതാക്കുകയും ആയതിനെജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം(ഏകട)സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭൂവിനിയോഗ മാപ്പുമായി ലിങ്ക് ചെയ്യുവാൻ കഴിഞ്ഞാൽ നിയമത്തിന്റെ നടത്തിപ്പ് കാര്യക്ഷമമാവുന്നതാണ്.

3.10.4 പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി (WGEEP)

ജൈവ വൈവിധ്യങ്ങളുടെ കലവറയായ പശ്ചിമഘട്ടം ഏതാ ് 11 ^{0}മുതൽ 78^{0} വരെ ചരിവുള്ള നെടുനീളൻ മലനിരകൾ ഗുജറാത്തിലെ റാൺ ഓഫ് കച്ച് (തപ്തിനദി) മുതൽ തമിഴനാടിന്റെ തെക്കേ അറ്റം കന്യാകുമാരി വരെ വ്യാപിച്ചു കിടക്കുന്നു. ജനസംഖ്യാ പെരുപ്പവും വനഭൂമികളും മലനിരകളും മനുഷ്യൻ നടത്തി വരുന്ന അധിനിവേശത്തിന്റെയും ചൂഷണത്തിന്റെയും ഫലമായി ഈ പ്രദേശത്തിന്റെ വന വിസ്തൃതിയും ജൈവ വൈവിധ്യങ്ങളും അനുദിനം ശോഷിച്ചു വരുന്നതായി അടുത്ത കാലങ്ങളിൽ നടന്ന പഠന റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. ആയതിനാൽ ഈ പ്രദേശത്ത് പരിസ്ഥിതി സംരക്ഷിച്ചു കൊ ുള്ള (Sustainable development in western ghat Region) വികസന പ്രക്രിയകളെ പാടുള്ളൂ എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് (MoEF) പശ്ചിമഘട്ട വിദഗ്ധ സമിതി(Western Ghat Expert Panel, WGEEP)രൂപീകരിക്കുകയു ായി. ഇതിന്റെ പ്രവർത്തന ഫലമായി ജനാധിപത്യ രീതിയിൽ പരിസ്ഥിതി സംരക്ഷണ മേഖല എങ്ങിനെ പുനർക്രമീകരിക്കാമെന്നും അതനുരിച്ച് മാനദണ്ഡങ്ങൾ പുന:ക്രമീകരിച്ച് സംരക്ഷണം പുനരുദ്ധാരണം, പുന:ക്രമീകരണം, എന്നീ രീതിയിൽ സ്ഥലവാസികളുടെയും സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിൽ സമർപ്പിക്കുകയു ായി.

പശ്ചിമഘട്ട മേഖല 1,64,280 ച.കി.മീ വിസ്തൃതിയിൽ ആയത് 1500 കി.മീ നീളത്തിൽ ഇന്ത്യയിലെ 6 സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. ഇതിന്റെ 60 % വിസ്തൃതിയിലും ജനങ്ങൾ അധിനിവേശം നടത്തി കുടിപാർത്തു വരുന്നു. ഈ മേഖലയിൽ ഇവർ സൃഷ്ടിക്കുന്ന പാരിസ്ഥിതാഘാതം ഈൂ മേഖലയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടുന്നതായി കാണുന്നു. ആയതിനാൽ ഈ മേഖലയുടെ സംരക്ഷണവും പുനർ നിർമ്മാണവും, പുന:ക്രമീകരണവും ഉറപ്പു വരുത്താൻ ശക്തമായ നിയമ നിർമ്മാണവുമായി കേന്ദ്ര വനം

പരിസ്ഥിതി വകുപ്പ്(MoEF), ഗാഡ്ഗിൽ കമ്മീഷൻ, കസ്തൂരി രംഗൻ കമ്മീഷൻ എന്നിവർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമവും ഉരുത്തിരിഞ്ഞു വരുന്നു ്. ആയത് നടപ്പിലാക്കുവാനുള്ള ആർജ്ജവവും സ്വീകാര്യതയും ജനാധിപത്യ സമൂഹത്തിൽ ഉ ാവേ തായിട്ടു ്. എങ്കിൽ മാത്രമേ വരും തലമുറയ്ക്കും അവരോട് പറയുവാനും അവരുടെ തലമുറയോട് പറയുവാനും പശ്ചിമഘട്ട മലനിരകളും ജൈവവൈവിധ്യങ്ങളും ബാക്കിയാകൂ.

വയനാട് പശ്ചിമഘട്ട മലനിരകളുടെ ഭാഗമായി കിടക്കുന്ന പ്രദേശമാകുന്നു. ഏതാ ് 50% ചെരിവുള്ള മലനിരകൾ ഇവിടെ കാണാവുന്നതാണ്. പശ്ചിമഘട്ട വിദഗ്ധ സമിതി (WGEEP) പശ്ചിമഘട്ടത്തെ മുഴുവനായും പാരിസ്ഥിതിക വിലോല പ്രദേശമായി നാമനിർദ്ദേശം ചെയ്തിട്ടുള്ളത്. നേരിടുന്ന പാരിസ്ഥിതിക വിലോലതയുടെ തോതനുസരിച്ച് മൂന്നായി(ESZ1, EsZ2, EsZ3 എന്നിങ്ങനെ) വേർതിരിച്ചിരിക്കുന്നു. കേരളത്തിൽ പശ്ചിമഘട്ടത്തിന്റെ അതിരുകളിൽ സ്ഥിതി ചെയ്യുന്ന 3 താലൂക്കുകൾ മേൽപ്പറഞ്ഞ 3 മേഖലകളിലായി സ്ഥിതി ചെയ്യുന്നു. ചിത്രത്തിൽ ജില്ലയിലെ പരിസ്ഥിതി ലോല പ്രദേശങ്ങൾ അടയാളപ്പെടുത്തിയിരിക്കുന്നു.

ചിത്രം: 3.10.1:

പരിസ്ഥിതി ലോല മേഖലകളുടെ സ്ഥലപര വ്യന്യാസം



3.10.5കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ

കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ ജില്ലയിലെ എല്ലാ സ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ വന്നിട്ടു ്. വയനാട് ജില്ലയിൽ ആകെ 26 തദ്ദേക സ്വയംഭരണ സ്ഥാപനങ്ങൾ നിലവിലു ്. ആയതിൽ 3 നഗരസഭകളും, 7 കാറ്റഗറി–1 പഞ്ചായത്തുകളും, 16 കാറ്റഗറി–2 പഞ്ചായത്തുകളുമു ്. കെട്ടിട നിർമ്മാണം നടത്തുമ്പോൾ മേൽ സൂചിപ്പിച്ച ചട്ടങ്ങളും, പരിസ്ഥിതി ലോല മേഖലാ നിയന്ത്രണങ്ങളും, കേരളാ ലാന്റ് യൂട്ടിലൈസേഷൻ

ആക്ടിന്റെ നിയമങ്ങളും, കേരള തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ നിയന്ത്രണങ്ങളും, ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ നിയന്ത്രണങ്ങളും, കസ്തൂരിരംഗൻ റിപ്പോർട്ടിലെ നിയമങ്ങളും അനുസരിച്ച് മാത്രമേ ഇവിടെ കെട്ടിട നിർമ്മാണം സാധ്യമാവുകയുള്ളൂ.

ചിത്രം: *3.10.2:*

കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ നിർവഹണം



3.10.5.1 മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വയനാടിന്റെ നിമ്ന്നോന്നതങ്ങൾ മനസ്സിലാക്കുവാൻ ഒരു കോ ുർ മാപ്പ് തയ്യാറാക്കുക
2. ചരിവ് 30% കൂടുതലുള്ള സ്ഥലങ്ങളിൽ കൃഷി, കെട്ടിട നിർമ്മാണം എന്നിവ നിയന്ത്രിക്കുക.
3. പ്രസ്തുത സ്ഥലത്തെ വനമേഖലയെ സംരക്ഷിക്കുക
4. നീർച്ചാലുകൾ സംരക്ഷിച്ച്, തടയണകളും ചെറിയ റിസർവോയറുകളും നിർമ്മിക്കുക.
5. വർഷകാലത്ത് പെയ്യുന്ന മഴവെള്ളം മഴക്കുഴി നിർമ്മിച്ച് സംരക്ഷിക്കുകയും വേനൽക്കാലത്ത് ഉപയോഗപ്രദമാക്കുയും ചെയ്യുക
6. മണ്ണിടിച്ചിൽ തടയുവാൻ, പ്രാദേശിക തലത്തിലുള്ള ഖനന പ്രക്രിയകൾ നിയന്ത്രിക്കുക.
7. പുൽമേടുകളുടെ സംരക്ഷണം ഉറപ്പുവരുത്തുക, കൈയ്യേറ്റം, അനധികൃത നിരമ്മാണം എന്നിവ നിയമപരമായും കർശനമായ നടപടികളിലൂടയെും തടയുകയും നിയമലംഘകരെ നിയമത്തിന്റെ മുൻപിൽ കൊ ുവരികയും ചെയ്യുവാനുള്ള സമഗ്ര പദ്ധതികൾ രൂപീകരിക്കുക.
8. ജല–സംരക്ഷണം, വൃക്ഷ സംരക്ഷണ ക്ലബുകൾ (Nature Club) രൂപീകരിക്കുകയും ടി കാര്യത്തിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുക
9. വയനാടിന്റെ വനഭൂമിയിൽ കൂടുതൽ സ്ഥലം പാരിസ്ഥിക ദുർബല പ്രദേശമായി വിളംബരം ചെയ്ത് വനസംരക്ഷണം ഉറപ്പു വരുത്തുക

3.10.5.2. കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ഡിസാസ്റ്റർ മാനേജ്മെന്റ് നിയന്ത്രണങ്ങൾ നടപ്പിലാക്കുക.
2. ചരിവ് 30% വരെയുള്ള മേഖലകളിൽ കൃഷിയും , ഗാർഹികാവശ്യത്തിനുള്ള കെട്ടിട നിർമ്മാണവും സാധ്യമാക്കുക.
3. വൻ പദ്ധതികൾത്ത് പരിസ്ഥിതാഘാത പഠനങ്ങൾ നിർബന്ധമാക്കുക.
4. മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ എന്നിവയു ാകുന്ന പരിസ്ഥിതി ദുർബലപ്രദേശത്തെ കെ ത്തി നിർമ്മാണ നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുക.
5. പ്രാദേശിക നീരുറവകൾ ജലസംഭരണികളായി രൂപപ്പെടുത്തുക
6. തോടുകളുടെയും ഡാമുകളുടെയും പുഴകളുടെയും തീരത്തുള്ള റിസോർട്ട് നിർമ്മാണം നിയമപരമായി നിയന്ത്രണ വിധേയമാക്കുക.
7. പാരിസ്ഥിതിക ദുർബല പ്രദേശങ്ങളിലെ കടന്നുകയറ്റം നിയന്ത്രിക്കുവാൻ നിയമം നടപ്പിലാക്കുക. ടി സ്ഥലങ്ങളിലെ അനധികൃത കൃഷി നിയന്ത്രിക്കുക.
8. ഭൂവിനിയോഗ, തണ്ണീർത്തട നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുക
9. ഗാഡ്ഗിൽ, കസ്തൂരി രംഗൻ റിപ്പോർട്ടുകളുടെ ഗുണവശങ്ങൾ പഠിച്ച് പരിശോധിച്ച് നടപ്പിലാക്കുക.

3.10.6 സംക്ഷിപ്തം

ജില്ലയുടെ അതിർത്തി ഗ്രാമപഞ്ചായത്തുകൾ നിബിഢമായ വന– വന്യമൃഗ സമ്പത്താൽ സമൃദ്ധമാണ്. താരതമ്യേന ചരിവ് കൂടിയതും മനുഷ്യ ഇടപെടൽ കുറവായതുമായ പ്ലാന്റേഷനുകളും, മറ്റ് കൃഷി സ്ഥലങ്ങളുമാണ് ഇവിടങ്ങളിലെ അനിയന്ത്രിതമായതും ഭൂപ്രകൃതിക്ക് ഇണങ്ങാത്തതുമായ കൃഷി രീതികൾ, ടൂറിസ്റ്റ് റിസോർട്ടുകൾ പോലെയുള്ള അനിയന്ത്രിത ഇടപെടുലുകളും പ്രകൃതി ദുരന്തങ്ങളെ ക്ഷണിച്ചു വരുത്തുന്നതാണ്. നമ്മുടെ ജലാശയങ്ങൾ എക്കൽ അടിഞ്ഞ് നികന്നു പോകുന്നതിനും തദ്വാരാ ഭൂഗർഭ ജല സ്രോതസ്സുകൾ ഇല്ലാതാവാനും അനിയന്ത്രിതമായ ഇടപെടലുകൾക്ക് കാരണമാകുന്നു.

വയൽനാട് എന്നറിയപ്പെട്ടിരുന്ന വയനാട്ടിൽ വയലേലകളുടെ വിസ്തൃതി വർഷം തോറും കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. കൃഷി ചെയ്യാതെയിടുന്ന വയലുകൾ തരം മാറുന്ന പ്രവണതയും വർദ്ധിച്ചു വരുന്നു ്. പ്രസ്തുത പ്രവണതയ്ക്ക് തടയിടുന്നതിന് ''കേരള തണ്ണീർത്തടസംരക്ഷണ നിയമം– 2008'' സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടു ്. എന്നിരുന്നാലും പ്രസ്തുത നിയമത്തിന്റെ ചുവടു പിടിച്ച് കുറ്റമറ്റ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും പ്രസ്തുത ഡാറ്റാ ബാങ്കിനെ ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റംസാങ്കേതിക വിദ്യ ഉപയോഗിച്ച് ഭൂവിനിയോഗവുമായി ലിങ്ക് ചെയ്യുന്നതിനും ശ്രമം നടത്തേ തു ്.

തികച്ചും കാർഷിക ജില്ലയായ വയനാടിന്റെ ര ാമത്തെ വരുമാന സ്രോതസ്സ് ടൂറിസമാണ്. ര ് മേഖലകളും പൂർണ്ണമായും ജില്ലയുടെ സവിശേഷമായ ഭൂപ്രകൃതി , കാലാവസ്ഥ, ജല സ്രോതസ്സ്, ഫലഭൂയിഷ്ഠമായ മണ്ണ്, വന–വന്യമൃഗ സമ്പത്ത് എന്നിവയെ ആശ്രയിച്ചാണ് നില നിൽക്കുന്നത്. സമീപ കാല വാർത്തകളും കാലാവസ്ഥയിലു ായ ആശങ്കാജനകമായ വ്യതിയാനവും ആസന്നമായ ഒരു വിപത്തിലേക്കാണ് വിരൽ ചൂ ുന്നത്. ആയതിനാൽ ജില്ലയുടെ വികസന നിയന്ത്രിത മേഖലകൾ കർശനമായ നിരീഷണത്തിന് വിധേയമാക്കേ തു ്.

*****

കൃഷി

കൃഷി

4.1. ആമുഖം

കാർഷിക സംസ്ക്കാരത്തിന്റെ ഈറ്റില്ലമാണ് മലയോര ജില്ലയായ വയനാട്. വയൽനാട് എന്ന പേര് ലോപിച്ച് വയനാട് ആയി എന്ന് ഭാഷ്യം. ഫലഭൂയിഷ്ടമായ മണ്ണ്, മികച്ച കാലാവസ്ഥ, അദ്ധ്വാന ശീലരായ ജനങ്ങൾ എന്നിങ്ങനെ കൃഷിക്ക് വേ തെല്ലാം ഇവിടെയു ്. വയനാടിന്റെ ഉടമകളായിരുന്ന ആദിവാസികളിൽ കുറിച്ച്യരും, കുറുമരും പ്രധാനമായും ചെയ്തിരുന്നത് നെൽ കൃഷിയും മുത്താറി കൃഷിയുമാണ്. പിന്നീട് കർണ്ണാടകത്തിൽ നിന്ന് എത്തിയ ജൈനൻമാരുടെ വരവോടെ കാർഷിക രീതി സുസ്ഥിരമായി. കൃഷിക്ക് ആവശ്യമായ ധാരാളം കുളങ്ങളും ചിറ കളും അക്കാലത്ത് അവർ നിർമ്മിച്ചു. എന്നാൽ മറ്റു സ്ഥലത്തുനിന്നുള്ള കുടിയേറ്റം ആരംഭിച്ച തോടെ വയനാട്ടിലെ കൃഷി തോട്ടവിളകളിലേക്ക് തിരിഞ്ഞു. പിന്നീട് വിപണി വില നിലവാര ങ്ങൾക്ക് അനുസൃതമായ കൃഷിയാണ് വയനാട്ടുകാർ ചെയ്തു വന്നത്.

വാണിജ്യ കൃഷിയിലേക്കുള്ള ചുവടുമാറ്റവും രാസ ഉൽപ്പാദനോപാധികളുടെ വിവേചന രഹിതമായ ഉപയോഗവും വയനാടിന്റെ മണ്ണും ജലവും മലിനമാക്കുന്നതിന് കാരണമായി. ഏക വിള കൃഷി, അമിത രാസവള–കീടനാശിനി പ്രയോഗം, വന്യമൃഗശല്യം, കാലാവസ്ഥാ വ്യതിയാ നം, വിലത്തകർച്ച എന്നിങ്ങനെ വയനാട്ടിലെ കർഷകരെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങ ളു ്. എന്നിരുന്നാൽ വയനാട് ജില്ലയിൽ കാർഷിക മേഖലയ്ക്ക് അനന്ത സാധ്യതയു ്. മുന്നോട്ട്വയ്ക്കുന്ന സാധ്യതകളുംഏറെയാണ്. മണ്ണ്, ജലസംരക്ഷണ നടപടികളിലൂടെ ജലസേ ചനം വർദ്ധിപ്പിച്ച് മണ്ണിന്റെ വളക്കൂറ് വീ ടുത്തും ജൈവ വൈവിധ്യത്തിന് ഊന്നൽ നൽകിയും കാർഷിക വിളകളുടെ വിപണന സാദ്ധ്യതകൾ മെച്ചപ്പെടുത്തിയും വയനാടിന്റെ നഷ്ടപ്പെട്ട കാർഷിക സമൃദ്ധി വീ ടുക്കാവുന്നതാണ്.

4.1.1 വയനാട് ജില്ല – ഭൂവിനിയോഗം

സമുദ്ര നിരപ്പിൽ നിന്ന് 700 മുതൽ 2100 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലയുടെ വിസ്തൃതി 2131 ച.കി.മീ ആണ്. കാലാവസ്ഥ വ്യതിയാനം, കാർഷിക വിളയുടെ വിലയിലു ാകുന്ന ഏറ്റക്കുറച്ചിൽ എന്നിവയുടെ ഫലമായി ഭൂവിനിയോഗത്തിൽ കാര്യമായ മാറ്റം വരുത്തിയിട്ടു ്. ജില്ലയുടെ ഭൂവിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക4.1.1.

ക്രമ നം.	വിശദാംശങ്ങൾ (ഹെക്ടറിൽ)	മാനന്തവാടി ബ്ലോക്ക്	കൽപ്പറ്റ ബ്ലോക്ക്	സു.ബത്തേരി ബ്ലോക്ക്	പനമരം ബ്ലോക്ക്	ആകെ
1	ആകെ ഭൂവിസ്തൃതി	66651	57046	52985	35206	213100
2	കൃഷി ചെയ്യുന്ന വിസ്തൃതി	28574	33191	23102	27034	111901
3	കാർഷികേതര ഭൂമി	5212	6875	5702	3216	21005
4	തോട്ടം മേഖല	5180	4918	2525	200	12823

5	വനഭൂമി	35429	14752	27369	8666	86216
6	തരിശ് ഭൂമി	1062	2242	219	225	3748

അവലംബം: സാമ്പത്തിക സ്ഥിതി വിവരകണക്ക്

4.1.2.വിളകളുടെ വിസ്തീർണ്ണം, ഉൽപാദനം, ഉൽപാദനക്ഷമത

വയനാട്ടിൽ കാർഷിക മേഖലയിൽ മുഖ്യസ്ഥാനം കാപ്പിക്കാണ്. സുഗന്ധ വ്യ ഞ്ജനങ്ങളുടെ രാജാവ് എന്നറിയപ്പെടുന്ന കുരുമുളകാണ് ര ാംവിള.

പട്ടിക.4.1.2.

നമ്പർ	വിളയുടെ പേര്	വിസ്തൃതി (Ha)	ഉത്പാദനക്ഷമത (Kg/ha)	ഉൽപാദനം (MT)
1	നെല്ല് – നഞ്ച	7495	2653	19885
2	നെല്ല് – പുഞ്ച	327	2324	760
3	കുരുമുളക്	10565	391	4136
4	ഇഞ്ചി	2156	4338	9353
5	മഞ്ഞൾ	167	2306	385.19
6	ഏലം	4120	148	610
7	കമുക്	12079	599	7240
8	വാനില	5	1200	66
9	ഗ്രാമ്പു	24	147	5
10	ജാതി	122	377	46
11	കറുവാപ്പട്ട	20	810	16
12	മരച്ചീനി	1728	35703	61695
13	മറ്റു കിഴങ്ങുവർഗ്ഗങ്ങൾ	1120	19789	22164
14	പച്ചക്കറികൾ	1600	14498	23198
15	തേയില	5306	2284	14792
16	കാപ്പി	67426	852	57394
17	റബർ	10800	700	7315
18	കൊക്കോ	610	763	465.8
19	നാളികേരം	10322	7130 ചീ/Ha	73.6(million nuts)
20	വാഴ	12359	25000	308975

അവലംബം : സാമ്പത്തിക സ്ഥിതി വിവരകണക്ക്

പട്ടിക.4.1.3.

ബ്ലോക്കു തിരിച്ചുള്ള വിളകളുടെ വിസ്തീർണ്ണം (2016–17)

നമ്പർ	വിളയുടെ പേര്	പനമരം	കൽപ്പറ്റ	മാനന്തവാടി	സു. ബത്തേരി	മുൻസിപ്പാലിറ്റി	ആകെ
1.	നെല്ല്	2254.08	950.61	1292.87	2559.11	765.26	7821.93
2.	കുരുമുളക്	3909.36	1548.58	2373.41	1940.49	793.07	10564.91
3.	ഇഞ്ചി	642.62	241.71	283.53	747.15	241.14	2156.15
4.	മഞ്ഞൾ	43.82	41.7	19.71	43.79	17.68	166.7
5.	കമുക്	3290.64	2859.24	1704.67	2905.19	1319.42	12079.16
6.	ഗ്രാമ്പു	6.77	8.61	2.72	4.45	1.93	24.48

7.	ജാതി	50.33	24.52	23.9	13.9	9.68	122.33
8.	മരച്ചീനി	406.19	405.1	432.68	296.89	184.94	1725.8
9.	മറ്റുകിഴങ്ങുവർഗ്ഗങ്ങൾ	598.36	112	95.11	239	75	1119.47
10.	പച്ചക്കറികൾ	242	280	680	230	168	1600
11.	തേയില	12	3030	1656	146	462	5306
12.	കൊക്കോ	349.51	125.42	35.24	74.56	25.11	609
13.	നാളികേരം	3472.7	2029.38	1784.73	1803.39	1231.42	10321.62
14.	വാഴ	1579.88	2392.29	2199.76	1478.14	905.08	8555.15
15.	പടുവാഴ	319.54	266.07	246.8	217.07	164.02	1213.5

അവലംബം: സാമ്പത്തിക സ്ഥിതി വിവരകണക്ക്

പട്ടിക.4.1.4.

ബ്ലോക്ക് തിരിച്ചുള്ള വിളകളുടെ ഉത്പാദനം (2016–17)

നമ്പർ	വിളയുടെ പേര്	പനമരം	കൽപ്പറ്റ	മാനന്തവാടി	സു. ബത്തേരി	മുൻസിപ്പാലിറ്റി	ആകെ
1.	നെല്ല്(നഞ്ച)	5846.7	2404	3228	6258	2148	19885
2.	നെല്ല് (പൂഞ്ച)	259.4	70.7	348.1	80.4	2.2	760
3.	കുരുമുളക്	1537	653	852	825	269	4136
4.	ഇഞ്ചി	2478	921	1365	3698	890	9353
5.	മഞ്ഞൾ	106.53	93.03	54.12	97.91	33.6	385.19
6.	കമുക്	1676	2024	365	2588	587	7240
7.	മരച്ചീനി	15122	18579	12916	9456	5623	61695
8.	പച്ചക്കറികൾ	3630	3500	11016	3036	2016	23198
9.	കൊക്കോ	289	95	21.73	47.6	12.6	465.8
10.	നാളികേരം (Mllion Nos.)	30	19	9	9	6	73
11.	വാഴ	12235	23420	19446	10574	5681	71357
12.	പടുവാഴ	1105	2376	1604	1476	1047	7608

അവലംബം: സാമ്പത്തിക സ്ഥിതി വിവരകണക്ക്

4.1.3. വിള വിന്യാസത്തിലെ മാറ്റങ്ങൾ

വയനാട്ടിലെ പ്രധാന വിളകളുടെ വിസ്തീർണ്ണത്തിൽ കഴിഞ്ഞ ആറ് ദശകങ്ങളിലായി വന്ന മാറ്റം ചുവടെ ചേർക്കുന്നു. റബ്ബർ, കാപ്പി എന്നീ വിളകളുടെ വിസ്തീർണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ദൃശ്യമാണ്. എന്നാൽ നെൽ കൃഷിയുടെ വിസ്തീർണ്ണം വൻ തോതിൽ കുറഞ്ഞതായി കാണുന്നു.

4.1.3.1.നെല്ല്.

നെൽപാടങ്ങൾ വയനാടിന്റെ കാലാവസ്ഥയിലും ഭൂഗർഭ ജല ലഭ്യതയിലും ഗണ്യമായ സ്വാധീനം ചെലുത്തിയിരുന്നു. എറ്റവും നല്ല ജലസംഭരണിയായ നെൽവയലുകളുടെ വിസ്തൃതി കഴിഞ്ഞ 30 വർഷത്തിനുള്ളിൽ മുന്നിൽ ഒന്നായി കുറഞ്ഞിരിക്കുന്നു. തൊഴിലാളി ക്ഷാമവും വർദ്ധിച്ച കൂലി ചെലവും മൂലം നെൽകൃഷി ആദായകരമല്ലാതായതാണ് നെൽ കൃഷിയുടെ

വിസ്തൃതി ഗണ്യമായി കുറയാൻ കാരണം. നെൽകൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനോടൊപ്പം നെൽപാടങ്ങളിൽ മറ്റു വിളകൾ നടുന്നതിനെതിരെയും ബോധവൽക്കരണം നടത്തേ തിയിരിക്കുന്നു. ഗുണമേൻമയുള്ള രോഗ/കീട പ്രതിരോധശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യതക്കുറവ്, വർദ്ധിച്ച കീടരോഗബാധ, സംസ്കരണ സൗകര്യങ്ങളുടെ അപര്യാപ്തത (മോഡേൺ റൈസ് മില്ല്, റബ്ബറൈസ്ഡ് ഹള്ളർ മുതലായവ), നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും വിവേചന രഹിതമായ പരിവർത്തനം, സുഗന്ധ-ജൈവ-ഔഷധ നെല്ലിനങ്ങളിൽ മതിയായ സംഭരണ സംവിധാനത്തിന്റെ കുറവ്. നെൽവയലുകൾ തരിശിടുന്നതും മറ്റ് കൂടുതൽ വരുമാനദായകമായ വിളകളുടെ കൃഷിയും (വാഴ, തെങ്ങ്, കമുക്) വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയവ പ്രധാന പരിമിതികളാണ്.

4.1.3.2. കുരുമുളക്

ദ്രുതവാട്ടം, താങ്ങുകാലായ മുരിക്കിന്റെ ഉണക്കം, കാലാവസ്ഥ വ്യതിയാനം, മണ്ണിലെ കൂടി അമ്ളത തുടങ്ങിയവ വയനാട്ടിലെ കുരുമുളക് കൃഷിയെ ദോഷകരമായി ബാധിച്ചിട്ടു ്. ഉൽപാദന ക്ഷമതകൂടിയ ഇനങ്ങൾ നട്ടുപിടിപ്പിച്ചും, ജൈവ മാർഗ്ഗങ്ങളൂന്നിയ പരിചരണമുറകളുടെയും കുരുമുളകിന്റെ നഷ്ടപ്രതാപം വീ ടുക്കേ തു ്.

പട്ടിക.4.1.5.

വയനാട്ടിലെ കുരുമുളക് കൃഷിയുടെ വിസ്തീർണ്ണവും ഉത്പാദനവും

ക്രമന0	വർഷം	ഏരിയ	ഉദ്പാദനം
1	1998	44771	17332
2	2010	20189	7066
3	2016	24500	11850

അവലംബം: സാമ്പത്തിക സ്ഥിതി വിവരകണക്ക്

4.1.3.3.കാപ്പി

വയനാട്ടിൽ കാർഷിക മേഖലയിൽ മുഖ്യസ്ഥാനം അലങ്കരിക്കുന്ന വിളയാണ് കാപ്പി. കാപ്പിയുടെ ആകെ ഉൽപാദനത്തിലും ഉൽപാദന ക്ഷമതയിലും ഒന്നാം സ്ഥാനത്താണ് വയനാട് ജില്ല. എന്നാൽ കാലാവസ്ഥമാറ്റവും തൊഴിലാളികളുടെ ലഭ്യതക്കുറവും തോട്ടങ്ങളിലെ പരിചരണത്തിൽ കുറവു വരുത്താൻ കർഷകരെ പ്രേരിപ്പിക്കുന്നു ്. നിലവിലെ തോട്ടങ്ങൾ പുനരുദ്ധരിച്ചും ജലസേചന സൗകര്യം വർദ്ധിപ്പിച്ചും ഇടവിളകൃഷി പ്രോത്സാഹിപ്പിച്ചും ഈ മേഖലയിൽ നിന്നും ഉയർന്ന വരുമാനം ലഭ്യമാക്കാവുന്നതാണ്.

4.1.3.4. വാഴ

കുറഞ്ഞ സ്ഥലത്ത് നിന്നും കൂടുതൽ വരുമാനം ലഭിക്കും എന്നതിനാൽ വാഴകൃഷിയുടെ വിസ്തൃതി വയനാട്ടിൽ നാൾക്കുനാൾ വർദ്ധിച്ചു വരുന്നു. എന്നിരുന്നാലും പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശം, വർദ്ധിച്ചു വരുന്ന രോഗകീടബാധകൾ എന്നിവ വാഴകൃഷിക്ക്

ഭീഷണിയായി തീർന്നിരിക്കുന്നു. അതോടൊപ്പം വില അസ്ഥിരതയും അശാസ്ത്രീയമായ തരംതിരവും, മൂല്യവർദ്ധന/സംസ്കരണ സൗകര്യങ്ങളുടെ അപര്യാപ്തത, ടിഷ്യൂകൾച്ചർ തൈകളുടെ ലഭ്യതക്കുറവ് എന്നിവയും വാഴ കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. എന്നാൽ വർദ്ധിച്ച രാസവസ്തുക്കളുടെ ഉപയോഗവും തത്ഫലമായി ഉ ാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളും കൃഷിയുടെ വ്യാപനം നിയന്ത്രിക്കേ തിലേക്ക് വിരൽ ചു ുന്നു.

4.1.3.5. ഇഞ്ചി

ഇഞ്ചിയുടെ ഉൽപാദനത്തിൽ ജില്ലയ്ക്ക് ര ാം സ്ഥാനമാണുള്ളത്. എന്നാൽ രോഗ കീടബാധയും സ്ഥായിയായ വിലയില്ലായ്മയും ഇഞ്ചികൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. തൻമൂലം വയനാട്ടിൽ നിന്നും വളരെ ഏറെ കർഷകർ ഇഞ്ചികൃഷിക്കായി കർണാടക, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലേക്ക് പോകുന്നു.

4.1.3.6.പച്ചക്കറി

ജലസേചന സൗകര്യങ്ങളുടെ അഭാവം നല്ല ഇനം വിത്തുകളുടെ ദൗർലഭ്യം രോഗകീടബാധകൾ എന്നിവ പ്രതികൂല ഘടകങ്ങളാണെങ്കിലും വിഷരഹിതമായ പച്ചക്കറിയോടുള്ള ആഭിമുഖ്യം പച്ചക്കറി കൃഷിയോടുള്ള താൽപര്യം വർദ്ധിക്കുന്നതിനു കാരണമായിട്ടു ്. ആയതിനാൽ പച്ചക്കറി കൃഷിയുടെ വിസ്തൃതിയിൽ നേരിയ വർദ്ധനവ് കാണുന്നു. പോളിഹൗസ്, മഴമറ എന്നിവയിൽ എല്ലാ കാലത്തും പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണവും വർദ്ധിച്ചു വരുന്നു. കൃഷി വകുപ്പ് പദ്ധതികളിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള ഇക്കോഷോപ്പുകളും ആഴ്ച ചന്തകളും വിപണന സാധ്യത മെച്ചപ്പെടുത്തുന്നു.

4.1.4. ജലസേചന സൗകര്യങ്ങളുടെ വിശദാംശങ്ങൾ

ഒരു കാലത്ത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചിരുന്നത് വയനാട് ലക്കിടിയിലാണ്. എന്നാൽ ശരാശരി 2600 മി.മി ലഭിച്ചിരുന്ന വർഷപാതം ഇപ്പോൾ 1400 മി.മി ആയി കുറഞ്ഞിരിക്കുന്നു. മഴയെ മാത്രം ആശ്രയിച്ചിട്ടുള്ള കൃഷിരീതിയിൽ നിന്ന് പൂർണ്ണമായ ഉത്പാദനക്ഷമത കൈവരിക്കുന്നതിന് ശാസ്ത്രീയ രീതിയിലുള്ള ജലസേചന സൗകര്യങ്ങൾ വ്യാപിപ്പിക്കേ തും കാര്യക്ഷമമായ ജലസേചന മാർഗ്ഗങ്ങൾ അവലംബിക്കേ തുമാണ്

പട്ടിക.4.1.6.

നമ്പർ	വിശദാംശങ്ങൾ	മാനന്തവാടി	കൽപ്പറ്റ	സു.ബത്തേരി	പനമരം	ആകെ
1	കിണർ	21995	19488	9804	10384	61671
2	കുഴൽ കിണർ	455	523	812	2790	458
3	ജലസേചനകുളം	688	895	1027	557	3167
4	ചെക്ക് ഡാം	64	95	107	66	332

5	കനാൽ	6	31	59	174	320
6	പുഴ	8	19	8	7	42
7	ലിഫ്റ്റ് ഇറിഗേഷൻ	23	29	11	13	76

അവലംബം: സാമ്പത്തിക സ്ഥിതി വിവരകണക്ക്

4.1.5. കർഷക, കർഷക തൊഴിലാളികളുടെ വിശദാംശങ്ങൾ

ജില്ലയിലെ കാർഷിക രംഗം നേരിടുന്ന പ്രധാന വെല്ലുവിളികളാണ് തൊഴിൽ നൈപുണ്യമുള്ള തൊഴിലാളികലുടെ ലഭ്യതക്കുറവ്. ഇതോടൊപ്പം കൃഷി ഭൂമിയുടെ തു ് വൽക്കരണവും കാർഷികേതര ആവശ്യങ്ങൾക്കുള്ള കൃഷി ഭൂമിയുടെ ഉപയോഗവും യുവതലമുറക്ക് കൃഷിയോടുള്ള ആഭിമുഖ്യം കുറക്കുന്നു.

പട്ടിക.4.1.7.

ജില്ലയിലെകർഷക കർഷകതൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നം.	വിശദാംശങ്ങൾ	മാനന്തവാടി	കൽപ്പറ്റ	സുൽത്താൻ ബത്തേരി	പനമരം	ആകെ
1	**കർഷകതൊഴിലാളികൾ**					
	പുരുഷൻ	26751	37880	22809	20320	101760
	സ്ത്രി	35883	36883	30019	26977	129712
	ആകെ	**62634**	**68713**	**52828**	**47297**	**231472**

അവലംബം: തൊഴിൽ വകുപ്പ്

2	**കാർഷിക കുടുംബങ്ങൾ**					
	പട്ടികജാതി	875	2699	1734	973	6281
	പട്ടിക വർഗ്ഗം	6456	6043	6367	4238	23104
	മറ്റുള്ളവ	30996	33824	8101	29715	102636
	ആകെ	**38327**	**42566**	**32698**	**34904**	**148495**
3	നാമമാത്ര കർഷകർ	36521	37833	33196	26340	133890
	ചെറുകിട കർഷകർ	9435	12977	65894	8565	96871
	ഇടത്തരം കർഷകർ	1695	2600	791	2720	7806
	വൻകിടകർഷകർ	508	700	202	824	2234
	ആകെ	**48159**	**54110**	**100083**	**38449**	**240801**

അവലംബം: കൃഷി വകുപ്പ് അടിസ്ഥാന വിവരശേഖരണം

4.1.6.കാർഷിക യന്ത്രങ്ങളുടെ വിശദാംശങ്ങൾ

തൊഴിലാളി ക്ഷാമവും വർദ്ധിച്ചുവരുന്ന കൂലിച്ചെലവും മറ്റ് മേഖലകളെ അപേക്ഷിച്ച് കൃഷി വരുമാനദായകമല്ലാത്തതും കർഷകരെ പ്രത്യേകിച്ചും കാർഷിക മേഖലയിൽ നിന്നും അകറ്റി നിർത്തുന്നു. മറ്റ് മേഖലകളിലെ തൊഴിലുകൾക്ക് കാർഷിക മേഖലയേക്കാൾ കൂടിയ മാന്യത കൽപ്പിക്കപ്പെടുന്നതും ഇതിന് കാരണമായി. കാർഷിക വിളകളുടെ വിത്ത് മുതൽ വിളവെടുപ്പ് വരെയുള്ള മേഖലകളിൽ യന്ത്രവൽക്കരണം സാധ്യമാക്കുക വഴി ഉത്പ്പാദനച്ചെലവ് കുറയ്ക്കാനും പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കാനും കഴിയും. വിവിധ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്വകാര്യ വ്യക്തികളുടെയും കൈവശമുള്ള കാർഷിക യന്ത്രങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക4.1.8.
കാർഷികയന്ത്രങ്ങളുടെവിശദാംശങ്ങൾ

ക്രമ നം.	വിശദാംശങ്ങൾ	മാനന്തവാടി	കൽപ്പറ്റ	സുൽത്താൻ ബത്തേരി	പനമരം	ആകെ
1	പമ്പ് സെറ്റ്	24997	18482	22568	14116	**80163**
2	പവർ ടില്ലർ	300	96	248	140	**784**
3	ട്രാക്ടർ	355	133	284	133	**905**
4	മെതിയന്ത്രം	87	47	46	64	**244**
5	കാട് വെട്ടുയന്ത്രം	863	381	1183	510	**2937**
6	കൊയ്ത്ത് യന്ത്രം	21	24	22	33	**100**
7	നടീൽ യന്ത്രം	7	3	23	12	**45**
8	കൊയ്ത്ത് മെതി യന്ത്രം	2	–	3	–	**5**
9	തെങ്ങ് കയറ്റ യന്ത്രം	743	494	557	410	**2204**

അവലംബം: കൃഷി വകുപ്പ് അടിസ്ഥാന വിവരശേഖരണം

4.1.7.ധനകാര്യ സ്ഥാപനങ്ങൾ

കാർഷികാവശ്യങ്ങൾക്കായി കർഷകർക്ക് യഥാസമയം വായ്പ ലഭ്യമാക്കേ തു ്. ജില്ലയിൽ സഹകരണ ബാങ്കുകളുടെ 93 ശാഖകളും ദേശസാൽകൃത ബാങ്കുകളുടെ 103 ശാഖകൾ ഉൾപ്പെടെ ആകെ 245 ധനകാര്യ സ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക4.1.9

ധനകാര്യ സ്ഥാപനങ്ങൾ

ക്രമ നം.	വിശദാംശങ്ങൾ	മാനന്ത വാടി	കൽപ്പറ്റ	സുൽത്താൻ ബത്തേരി	പനമരം	ആകെ
1	സഹകരണ ബാങ്കുകൾ	24	30	20	19	93

2	ദേശസാൽകൃത ബാങ്കുകൾ	22	37	27	17	103
3	വാണിജ്യ ബാങ്കുകൾ	1	2	4	0	7
4	മറ്റുളളവ	10	10	13	9	42
	ആകെ	**57**	**79**	**64**	**45**	**245**

അവലംബം : സാമ്പത്തിക സ്ഥിതി വിവരകണക്ക്

4.19 വളം വിൽപ്പന ശാലകൾ

കാർഷിക മേഖലയുടെ സഹായത്തിനായി വളം വിൽപ്പനശാലകൾ ജില്ലയിൽ പ്രവർത്തിച്ച് വരുന്നു ്. സഹകരണ മേഖലയിൽ 29 ഉം സ്വകാര്യ മേഖലയിൽ 19 ഉം വിൽപ്പന ശാലകളാണ് ജില്ലയിലുള്ളത്.

പട്ടിക4.1.10.
വളം വിൽപ്പന ശാലകൾ

ക്രമ നം	**വിശദാംശങ്ങൾ**	**മാനന്തവാടി**	**കൽപ്പറ്റ**	**ബത്തേരി**	**പനമരം**	**ആകെ**
സഹകരണം						
1	വളം വിൽപ്പന ശാല	12	6	7	4	29
2	കീടനാശിനി വിൽപ്പന ശാല	9	5	2	3	19
സ്വകാര്യം						
3	വളം വിൽപ്പനശാല	30	35	16	16	97
4	കീടനാശിനി വിൽപ്പനശാല	28	42	16	16	92
5	ആകെ വളം വിൽപ്പന ശാല	42	41	23	20	126
6	ആകെ കീടനാശിനി	37	37	18	19	111

അവലംബം : സാമ്പത്തിക സ്ഥിതി വിവരകണക്ക്

4.1.9. വിപണന കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ

നിലവിൽ നെല്ല് സംഭരണം കാര്യക്ഷമമായി നടക്കുന്നുെ ങ്കിലും, പച്ചക്കറി, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, ഇഞ്ചി, തുടങ്ങിയവക്ക് സംഭരണ സൗകര്യങ്ങൾ ജില്ലയിൽ നിലവിലില്ല. ആയ തിനാൽ പലപ്പോഴും കർഷകർക്ക് ന്യായമായ വില ലഭിക്കാതെ വരുന്നു. കൂടാതെ ഇടത്തട്ടുകാരുടെ ചൂഷണത്തിനും കർഷകർ വിധേയരാകുന്നു. ജില്ലയിൽ കാർഷിക വിളകളുടെ വിപണന സൗകര്യങ്ങൾ അപര്യാപ്തമാണ്. ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിൽ സുൽത്താൻ ബത്തേരിയിൽ കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രം ഉെ ങ്കിലും ആയതിന്റെ സാധ്യതകൾ പൂർണ്ണമായും കർഷകർക്ക് പ്രയോജനം ലഭിക്കുന്ന അവസ്ഥയിലല്ല. ഇവിടെ കാർഷികോൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നത് ലക്ഷ്യമിട്ട് സ്ഥാപിച്ചിട്ടുള്ള അഗ്മാർക്ക് ലാബ് പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ല. നിലവിലെ വിപണന കേന്ദ്രങ്ങ ളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 4.1.11.

വിപണന കേന്ദ്രങ്ങളുടെവിശദാംശങ്ങൾ

ക്രമ നമ്പർ	വിശദാംശങ്ങൾ	മാനന്തവാടി	കൽപ്പറ്റ	ബത്തേരി	പനമരം	ആകെ
സഹകരണം						
1	ചില്ലറ വിൽപ്പന ശാല	20	7	5	6	38
2	മൊത്ത വ്യാപാര കേന്ദ്രം	9	3	7	2	21
സ്വകാര്യം						
1	ചില്ലറ വിൽപ്പന ശാല	1387	671	1566	353	3977
2	മൊത്ത വ്യാപാര കേന്ദ്രം	95	75	36	36	242
1	ആകെ ചില്ലറ വിൽപ്പന ശാല	1407	678	1571	359	4015
2	ആകെ മൊത്ത വ്യാപാരകേന്ദ്രം	104	78	43	38	263

അവലംബം: കൃഷി വകുപ്പ് അടിസ്ഥാന വിവരശേഖരണം

4.1.10. ഗവേഷണകേന്ദ്രങ്ങൾ

ജില്ലയിലെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

1. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ
2. കൃഷി വിജ്ഞാൻ കേന്ദ്രം അമ്പലവയൽ.
3. പ്രാദേശിക കാപ്പി ഗവേഷണ കേന്ദ്രം, ചുേ ൽ.

4.1.11. വിളകളുടെ ഉൽപാദനചെലവും–വരവും – ഒരു താരതമ്യം

വർദ്ധിച്ചുവരുന്ന ഉൽപാദന ചെലവും രോഗകീടബാധയും കാലാവസ്ഥാവ്യതിയാനവും മൂലമു ാകുന്ന ഉൽപാദനക്കുറവും കാർഷികമേഖല നേരിടുന്ന പ്രധാന പ്രതിസന്ധിയാണ്. നിലവിൽ പ്രധാനപ്പെട്ട വിളകളുടെ ഉൽപാദനചെലവും കൃഷിയിൽ നിന്നുള്ള വരുമാനവും തമ്മിലുള്ള താരതമ്യപഠനം താഴെചേർക്കുന്നു.

ചിത്രം.4.1

അവലംബം: കൃഷി വകുപ്പ് അടിസ്ഥാന വിവരശേഖരണം

4.1.12..വികസന പരിപ്രേക്ഷ്യം

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കൽ, ജൈവകൃഷി പ്രോൽസാഹനം, പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണം, മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണം എന്നിവയിലൂന്നിയ വികസനമാണ് നമ്മുടെ ലക്ഷ്യം.

സ്ഥല ജല പരിപാലനം, ഉൽപ്പാദന ചെലവ്, ശാസ്ത്രീയ രീതിയിലുള്ള വിത്ത്, വളം, കീടനാശിനി പ്രയോഗം, കൃഷിയിടങ്ങളുടെ കിടപ്പ്, പരിസ്ഥിതി ഘടകങ്ങൾ എന്നിവയെല്ലാമടങ്ങുന്ന സമഗ്ര സമീപനം കാർഷിക മേഖലയുടെ നവോത്ഥാനത്തിന് ആവശ്യമാണ്. വയനാടിന്റെ പ്രത്യേകതകളായ ഉയർന്ന മഴ, നിമ്നോനതികൾ, ദീർഘകാല വിളകൾക്ക് അനുയോജ്യമായ ഭൂപ്രകൃതി, എല്ലാ വിളകൾക്കും അനുയോജ്യമായ മണ്ണും കാലാവസ്ഥയും യന്ത്രവൽക്കരണ സാധ്യത ഇവയെല്ലാം കണക്കിലെടുത്തുകൊ ് വികസന സമീപനം സ്വീകരിക്കണം.

തരിശായി കിടക്കുന്ന നെൽവയലുകളിൽ നെൽകൃഷി പുനരാരംഭിച്ച് ജലസംഭരണികളാക്കി മാറ്റുകയെന്നതും പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുക, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ കേന്ദ്രം പഞ്ചായത്ത് തലത്തിൽ ആരംഭിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ യൂണിറ്റ് ആരംഭിക്കുക, ഫാം ടൂറിസത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുക എന്നിവ വികസന പരിപ്രേക്ഷ്യത്തിൽ ഉൾപ്പെടുന്നു.

ഭക്ഷ്യോൽപ്പാദനരംഗത്ത് ഘട്ടംഘട്ടമായി ഉൽപാദനം കൂട്ടി നിലവിലുള്ളതിൽ നിന്നും 100% വർദ്ധനവ് ഉറപ്പാക്കുക. കാർഷിക ജൈവവൈവിധ്യം പരിപോഷിപ്പിക്കുവാൻ വേ ി സ്കൂൾ കോളേജ് തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. വയനാടിന്റെ കാലാവസ്ഥയിൽ വന്നിട്ടുള്ള വ്യതിയാനങ്ങളെ കുറിച്ച് ശരിയായ പഠനങ്ങൾ നടത്തി കാലവർഷങ്ങൾ ശക്തിപ്പെടുത്തുവാൻ വേ വനാവരണ പ്രക്രിയകൾ പ്രായോഗിക തലത്തിൽ ത്വരിതപ്പെടുത്തുക. കാർഷിക വിളകൾക്കായി ഒരു സഹകരണ ശൃംഖല രൂപീകരിക്കാവുന്നതാണ്. പഞ്ചായത്ത്തലത്തിൽ പ്രൈമറിസൊസൈറ്റികളും ബ്ലോക്ക്തലത്തിൽ യൂണിയൻ ജില്ലാതലത്തിൽ ഒരു ഫെഡറേഷനും രൂപീകരിച്ച് ത്രീടയർ സംവിധാനം ഏർപ്പെടുത്താവുന്നതാണ്. ഉത്തരവാദിത്വ സ്വഭാവമുള്ള ഒരു വിനോദ സഞ്ചാര പദ്ധതിക്ക് കാർഷികമേഖലയിലെ സാധ്യതകൾ കെ ത്താം. തൊഴിലുറപ്പ് പദ്ധതിയെ കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ ക്രമീകരിക്കുവാൻ വേ നയരൂപീകരണം ആവശ്യമാണ്. സർവ്വകലാശാലകളിലെ അറിവുകൾ കർഷകരുമായി പങ്ക് വെക്കുവാൻ ഒരു സ്ഥിരം വേദി ജില്ലാതലത്തിൽ രൂപീകരിക്കണം. വയനാട്ടിലെ നാട്ടറിവുകൾ ക്രോഡീകരിച്ച് കാർഷിക രംഗത്ത് ഉപകാരപ്രദമാകുന്ന രീതിയിൽ ഉരുത്തിരിച്ചെടുക്കേ തു ്.

4.1.13. വികസന കാഴ്ചപ്പാട്

4.1.13.1. സുസ്ഥിര നെൽ കൃഷി വികസനം

നിലവിൽ 8000 ഹെക്ടർ സ്ഥലത്തുള്ള നെൽകൃഷി 2022 ആകുമ്പോഴേക്കും 8500 ഹെക്ടർ നഞ്ചകൃഷിയും നിലവിലുള്ള 1300 ഹെക്ടർ പുഞ്ചകൃഷി 3000 ഹെക്ടർ ആക്കി വർദ്ധിപ്പിക്കുവാനും ഉൽപാന ക്ഷമത മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുകൊ ുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- കാർഷിക യന്ത്രവൽക്കരണവും പാടശേഖര സമിതികളുടെ ശാസ്ത്രീകരണവും
- പഞ്ചായത്തുകളിൽ കാർഷിക കർമ്മ സേന രൂപീകരിക്കുക 9നിലവിൽ 5 കർമ്മ സേന മാത്രം 23 ഗ്രാമ പഞ്ചായത്തുകളിൽ വ്യാപിപ്പിക്കുക).
- ബ്ലോക്ക് തലത്തിൽ മൊബൈൽ വർക്ക് ഷോപ്പുകൾ ആരംഭിക്കുക.
- അഗ്രികൾച്ചർ എഞ്ചിനീയറുടെ നേതൃത്വത്തിൽ ബ്ലോക്ക് തലത്തിൽ കാർഷിക യന്ത്രങ്ങളുടെ സർവ്വീസ് സെന്റർ സ്ഥാപിച്ച് അറ്റകുറ്റപണികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
- നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകൾ പുനരുദ്ധരിക്കുക.
- നെൽകൃഷിയുടെ വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് ഹെക്ടറിന് 30,000/– രൂപ വരെ ഇൻസെന്റീവ് ആയി നൽകാം.
- യുവാക്കളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് നെൽകൃഷി ആധുനികവൽക്കരിക്കുക.
- സംഭരണ വില സംയോജിതമായി പരിഷ്കരിക്കുക.
- തൊഴിലുറപ്പ് പദ്ധതികളുടെ സേവനം നിലമൊരുക്കൽ മുതൽ സംഭരണം വരെയുള്ള മേഖലകളിൽ പ്രയോജനപ്പെടുത്തുക.
- നെൽ കൃഷിക്ക് പരിശരഹിത വായ്പ ലഭ്യമാക്കുക.

- പ്രാഥമിക വിള ആരോഗ്യ കേന്ദ്രങ്ങൾ പഞ്ചായത്തുതലത്തിൽ രൂപീകരിച്ച സൗജന്യ സസ്യ സംരക്ഷണ മരുന്നുകൾ വിതരണം ചെയ്യുക.
- കാരാപ്പുഴ, ബാണാസുര സാഗർ ജലസേചന പദ്ധതികളിലൂടെ നെൽകൃഷിക്ക് ജലസേചനം സാധ്യമാക്കുക.
- വരദൂർപ്പുഴ, പനമരം പുഴ കാളിന്ദി പുഴ തുടങ്ങി വയനാട്ടിലെ 50 കി.മീ പുഴയോരം വൈദ്യുതീകരിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി നെൽകൃഷിക്ക് ജലസേചനം പ്രചരിപ്പിക്കുക.
- ഒറ്റഞാർ കൃഷി പ്രചരിപ്പിക്കുക
- നിലവിലുള്ള ചെക്ക് ഡാമുകളും തലക്കുളങ്ങളും പുനരുദ്ധരിക്കുക.
- പാടശേഖരങ്ങളിലെ അതിരുകളിൽ വൈദ്യുതി/സൗരോർജ്ജ വേലികൾ സ്ഥാപിച്ചും മറ്റു സാധ്യമായ രീതികളിലുടെയും വന്യമൃഗ ശല്യം നിയന്ത്രിക്കുക.

വയനാടൻ സുഗന്ധ നെല്ല് ബ്രാന്റ് ചെയ്തിട്ടുള്ള വിപണനം

നിലവിൽ 350 ഹെക്ടർ കൃഷി ചെയ്യുന്ന വയനാടൻ സുഗന്ധ നെല്ലിന്റെ വിസ്തൃതി അടുത്ത 5 വർഷം കൊ ് 1000 ഹെക്ടറാക്കി വർദ്ധിപ്പിക്കുന്നതിനും വയനാടൻ ഗന്ധകശാല ബ്രാന്റ് ചെയ്ത് വിപണനം ചെയ്യുന്നതിനും ലക്ഷ്യമിടുന്നു. വയനാടൻ സുഗന്ധ നെല്ലിന് ലഭിച്ച ജോഗ്രഫിക്കൽ ഇൻഡിക്കേഷൻ വിപണനത്തിന് സാധ്യത വർദ്ധിപ്പിക്കുന്നു.

- നെൽ കർഷകരിൽ 40 % വരുന്ന പട്ടികവർഗ്ഗക്കാർക്ക് ട്രൈബൽ സബ് പ്ലാനിൽ ഉൾപ്പെടുത്തി കൂടുതൽ സ്ഥലത്തേക്ക് കൃഷി വ്യാപനം.
- സുഗന്ധ നെല്ലിനങ്ങൾ ഉയർന്ന നിലയിൽ സർക്കാർ തലത്തിൽ സംഭരണം ഏർപ്പെടുത്തുക.
- 4 ബ്ലോക്കുകളിലും ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുക.
- നിലവിലുള്ള പരമ്പരാഗത കൃഷി ഡോക്യുമെന്റ് ചെയ്യാനും പഠനത്തിനുമുള്ള സൗകര്യം.
- തരിശ്ശു രഹിത വയനാട്

ജില്ലയിൽ 3748 ഹെക്ടർ തരിശുനിലത്തിൽ 840 ഹെക്ടർ നെൽകൃഷിക്ക് അനുയോജ്യമാണ്. സാധ്യമായ സ്ഥലങ്ങളിൽ അനുയോജ്യമായ കൃഷി വ്യാപിപ്പിച്ച് തരിശുരഹിത വയനാട് എന്ന ലക്ഷ്യംകൈവരിക്കാവുന്നതാണ്. നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- നെൽ കൃഷിക്ക് ഉപയുക്തമായ സ്ഥലങാങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ നെൽകൃഷി വ്യാപിപ്പിക്കുക.
- തരിശായി കിടക്കുന്ന കരഭൂമിയിൽ യുവാക്കളുടെ സംഘങ്ങൾ രൂപീകരിച്ചും/എൻ.ജി.ഒ കളുടെ ആഭിമുഖ്യത്തിൽ വാഴ/ഇഞ്ചി/മഞ്ഞൾ കൃഷിക്ക് ധനസഹായം.
- പട്ടികവർഗക്കാരെ ക്ലസ്റ്ററാക്കി കിഴങ്ങുവർഗ്ഗ കൃഷി വ്യാപനവും വിപണവും

4.1.14. വയനാടൻ കാപ്പി ഉൽപാദന വർദ്ധനവും ബ്രാന്റ് ചെയ്ത് വിപണനവും

വയനാട് ജില്ല കാപ്പി ഉത്പാദനത്തിൽ സംസ്ഥാനത്ത് ഒന്നാമതാണ്. നിലവിലുള്ള തോട്ടങ്ങൾ പുനരുദ്ധരിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിപണന സാധ്യത മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

- പഞ്ചായത്ത് തലത്തിൽ ചെറുകിട നാമമാത്ര കർഷകരുടെ പ്രൈമറി സംഘം ബ്ലോക്ക് തലത്തിൽ സൊസൈറ്റികളും ജില്ലാതലത്തിൽ അപ്പെക്സ് ബോഡിയും രൂപീകരിച്ച് സംഭരണം.
- വയനാട്ടിൽ നിർമ്മിക്കുന്ന ഫുഡ് പാർക്കിൽ ഗ്രേഡിംഗ്, ബ്രാന്റിംഗ്, മാർക്കറ്റിംഗ്.
- വയനാടിന്റെ തനത് റോബസ്റ്റ്, അറബിക് മിക്ചർ കാപ്പിപൊടിയുടെ വിപണനം.
- ജില്ലയിൽ ഇൻസ്റ്റന്റ് കോഫി പ്ലാൻ സ്ഥാപനം.
- തളി ജലസേചനത്തിന് പ്രാമുഖ്യം നൽകിയുള്ള ജലസേചന പദ്ധതികൾ വ്യക്തി തലത്തിലും ഗ്രൂപ്പിനും നൽകുക.
- കാപ്പികൃഷി പുനരുദ്ധാരണം, കവാത്ത്, കുമ്മായ പ്രയോഗം സമീകൃത വളപ്രയോഗം, സംയോജിത രോഗകീടനിയന്ത്രണം, തണൽ ക്രമീകരണം എന്നിവയെ പ്രോത്സാഹിപ്പിക്കുക.
- കാപ്പിതൊ ് ഉപയോഗിച്ചുള്ള കമ്പോസ്റ്റിംഗ് രീതി പ്രോത്സാഹിപ്പിക്കൽ.

4.1.15 .വയനാട് പുഷ്പ കൃഷിയുടെ പ്രത്യേക മേഖല

വയനാടിന് പുഷ്പ കൃഷിക്കുള്ള പ്രത്യേക കാർഷിക മേഖലയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നു. അനുയോജ്യമായ കാലാവസ്ഥയും അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിന്റെ സാന്നിദ്ധ്യവും പുഷ്പമേഖലയ്ക്ക് ഉണർവ്വേകുന്നു. വീട്ടമ്മമാർക്കും വൃദ്ധൻമാർക്കും ഭിന്നശേഷിയുള്ളവർക്കും ഏറ്റെടുക്കാൻ കഴിയുന്ന മേഖലഎന്നതും പുഷ്പ കൃഷിക്ക് പ്രോത്സാഹനമാകുന്നു.

- 2017–18 മുതൽ 2022 വരെയുള്ള കാലയളവ് 400 ഏക്കർ സ്ഥലത്തേക്ക് പുഷ്പ കൃഷി വ്യാപിപ്പിക്കുക.
- ചെറുകിട കർഷകർക്ക് 500–1000 ചെടിയുടെ കട്ട് ഫ്ളവർ യൂണിറ്റിന് ആനുകൂല്യം.
- ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പുഷ്പ കൃഷി പ്രോത്സാഹനം.
- പഞ്ചായത്ത് തലത്തിൽ സംഭരണ കേന്ദ്രങ്ങൾ.
- ശീതീകരണ സൗകര്യമുള്ള പാർക്കിംഗ് ഹൗസ് വയനാട് ജില്ലയിൽ സ്ഥാപിക്കുക.
- സു.ബത്തേരിയിലെ ഇ.ഇ.സി മാർക്കറ്റ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.
- സു.ബത്തേരി താലൂക്കിനെ പുഷ്പ കൃഷിക്കുള്ള പ്രത്യേക കാർഷിക മേഖലയായി മാറ്റുന്നതിനുള്ള പദ്ധതികൾ

4.1.16 വിഷരഹിത പച്ചക്കറിയിൽ സ്വയം പര്യാപ്തത

- അനുകൂല കാലാവസ്ഥയും സംഘകൃഷിയുടേയും സ്വാശ്രയ സംഘങ്ങളുടേയും വനിത കൂട്ടായമകളുടേയും പങ്കാളിത്തവും ഹൈടെക് ഫാമിംഗിന്റെ പ്രചാരണവും വിഷരഹിത പച്ചക്കറിയോടുള്ള ആഭിമുഖ്യവും വിഷരഹിത പച്ചക്കറിയിൽസ്വയം പര്യാപ്തത നേടുന്നതിന് അനുകൂല ഘടകങ്ങളാണ്.
- പ്രോ-പച്ചക്കറി തൈകളുടെ ചെറുകിട നേഴ്സറികൾക്ക് ധന സഹായം.
- സൂക്ഷ്മജലസേചനം, വള പ്രയോഗം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.
- ഹൈടെക് ഫാമിംഗിന്റെ പ്രചാരം വർദ്ധിപ്പിക്കുക.
- ഹോർട്ടി കോർപ്പ് വഴി സംഭരണം ശക്തമാക്കുക.
- പഞ്ചായത്ത് തലത്തിൽ ഇക്കോ ഷോപ്പുകളിലൂടെയും ആഴ്ച ചന്തകളിലൂടെയും ഉയർന്ന വിലയ്ക്ക് വിപണനം
- ജിഎപി ഉൽപന്നങ്ങൾ ഫാം ഫ്രഷ് കേരള വെജിറ്റബിൾ എന്ന പേരിൽ വിപണികളിലൂടെ വിൽപ്പന നടത്തുക.
- പച്ചക്കറി ബഡ്ജറ്റിംഗ്
- വയനാട്ടിൽ ആരംഭിക്കുന്ന ഫുഡ് പാർക്ക് കേന്ദ്രീകരിച്ച് മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉ ാക്കി വിപണനം ചെയ്യുക.

4.1.17. ജൈവകൃഷി വ്യാപനം

നിലവിൽ 22091 ഹെക്ടർ ജൈവ കൃഷിയാണ് വയനാട്ടിലുള്ളത്. അടുത്ത 5 വർഷം കൊ ് 5000 ഹെക്ടർ പ്രദേശത്തേക്ക് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ജനങ്ങളിൽ വർദ്ധിച്ച് വരുന്ന ആരോഗ്യ അവബോധവും ജൈവ ഉൽപ്പന്നങ്ങൾക്കുള്ള ഉയർന്ന വിപണന സാധ്യതയും ജൈവ മേഖലയ്ക്ക് അനുകൂല ഘടകങ്ങളാണ്.

- ജൈവ കൃഷിക്ക് ഉതകുന്ന അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളുടെ വിതരണം.
- സർക്കാർ തലത്തിൽ ജൈവ ഉൽപന്നങ്ങളുടെ സംഭരണം
- ബയോ കൺട്രോൾ ലാബ് വയനാട് ജില്ലയിൽ സ്ഥാപിക്കുക
- ബോധവൽക്കരണ സെമിനാറുകൾ
- ജൈവ കൃഷി വ്യാപനത്തിനുള്ള ധന സഹായം
- ജൈവ സർട്ടിഫിക്കേഷൻ പൂർണ്ണമായും സൗജന്യമായി കർഷകരിലേക്ക് എത്തിക്കുക.

4.1.18.കുരുമുളക് പുനരുദ്ധാരണം, വിപണന മൂല്യ വർദ്ധനവ്

വയനാടൻ കുരമുളകിന് കയറ്റുമതി മേഖലയിലുള്ള പ്രതിപത്തി. ആർ.എ.ആർ.എസ്, കെ.വി.കെ അമ്പലവയൽ എന്നീ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, ദീർഘിച്ച സൂക്ഷിരിപ്പുകാലം എന്നിവ കുരുമുളക് കൃഷിയുടെ ഭാവി ശോഭനമാക്കുന്നു.

- പഞ്ചായത്ത്തലത്തിൽകുരുമുളക് കർഷക കൂട്ടായ്മ/ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കുരുമുളക് നേഴ്സറി ആരംഭിക്കുക.
- കുരുമുളക് കൃഷിയിൽ സംയോജിത വിള പരിപാലനം നടപ്പിലാക്കുക.

- സൂകഷ്മ ജലസേചന പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.
- ചെറുകിട കർഷകരുടെ കൃഷിതോട്ടങ്ങളും ജൈവ സർട്ടിഫിക്കേഷനു കീഴിൽ കൊ ുവന്ന് ഉയർന്ന വില ഉറപ്പുവരുത്തുക.
- വയനാടൻ കുരുമുളകിന് ജിഐ രജിസ്ട്രേഷൻ ഉറപ്പാക്കുകയുംവയനാടൻ കുരുമുളക് ബ്രാന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

4.1.20. .ഇഞ്ചി/മഞ്ഞൾ കൃഷിവ്യാപനം, വിപണനം, സംസ്കരണം

രൂക്ഷമായ കീട രോഗ ബാധയും വിള അസ്ഥിരതയും മൂല്യ വർദ്ധിത സൗകര്യങ്ങളുടെ അപര്യാപ്തതയും ഇഞ്ചി/മഞ്ഞൾ കൃഷിയിൽ പ്രതികൂല ഘടകങ്ങളാണ്. പദ്ധതി നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- രോഗ കീട മുക്തമായ മേൽത്തരം വിത്തുകൾ ആവശ്യാനുസരണം കാർഷിക സർവ്വകലാശാല കൃഷി വകുപ്പ് തുടങ്ങിയവ മുഖേന ലഭ്യമാക്കുക.
- മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ധനസഹായം.
- കുടുംബശ്രീ യൂണിറ്റുകൾ കേന്ദ്രീകരിച്ച് ചെറിയ പ്രോസസിംഗ് യൂണിറ്റുകൾ ആരംഭിക്കുക.
- ഇഞ്ചി കൃഷിയിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക.
- വയനാടൻ മഞ്ഞൾ ബ്രാന്റ് ചെയ്യുക.

4.1.21.പഴവർഗ്ഗ കൃഷിവ്യാപനം, സംസ്കരണം

അനുയോജ്യമായ കാലാവസ്ഥയും ഭൂപ്രകൃതിയും, പപ്പായ, ചക്ക, ലിച്ചി, സപ്പോർട്ട, അവക്കോഡോ, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്എന്നിവയുടെവാണിജ്യ സാധ്യതകൾവളരുന്ന ടൂറിസം മൂലം വിപണനത്തിലു ാകുന്ന വർദ്ധനവ്, ആർ.എ.ആർ.എസ്, കെവികെ അമ്പലവയലിൽ ആരംഭിച്ച ഫലസംസ്കരണ യൂണിറ്റ് എന്നിവ വയനാടിന്റെ ഭാവി വിളകൾ എന്ന് അറിയപ്പെടുന്ന പഴവർഗ്ഗ വിളകൾക്ക് അനുകൂല സാഹചര്യം ഒരുക്കുന്നു.

- വയനാടിന്റെ സ്വന്തം ഫലമായ ചക്കയുടെ ഉൽപ്പന്ന വൈവിധ്യം ആധാരമാക്കി ചെറുകിട സംരഭം ആരംഭിക്കുക.
- പപ്പായ. ചക്ക, പാഷൻ ഫ്രൂട്ട്, അവക്കാഡോ തുടങ്ങിയവയുടെവാണിജ്ജ്യാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുക.
- പപ്പൈയ്ൻ, സ്ക്വാഷ്, ജാം, ജെല്ലി തുടങ്ങിയ ചെറുകിട സംഭരണ യൂണിറ്റുകൾക്കുള്ള സഹായം.
- ഹൈ ഡെൻസിറ്റി ഫാംമിംഗ് വഴി ഉൽപന്ന ക്ഷമതയുള്ള തോട്ടങ്ങൾ സ്ഥാപിക്കുക.
- പോളി ഹൗസിൽ സ്ട്രോബറി കൃഷി വ്യാപനം.
- കെ.വി.കെ.അനുവദിച്ച പഴ സംസ്കരണ യൂണിറ്റ് സാങ്കേതികത ഒഴിവാക്കി പ്രവർത്തന ക്ഷമമാക്കുക.

4.1.22. മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വയനാടിന്റെ പാരമ്പര്യ നെൽവിത്തിനങ്ങളുടെ സംരക്ഷണത്തിന് സർക്കാർതലത്തിൽ നടപടി സ്വീകരിക്കുക.
2. വയനാട്ടിൽ ജില്ലാ കൃഷി ഫാം സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച് ജില്ലയ്ക്ക് ആവശ്യമായ വിത്തുകളും നടീൽ വസ്തുക്കളും ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക (ആയതിന് ട്രൈബൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ചീങ്ങേരി എക്സ്റ്റൻഷൻ ഫാമിന്റെ സ്ഥലമോ മധ്യപ്രദേശ് ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ബീനച്ചി എസ്റ്റേറ്റിന്റെ സ്ഥലമോ പ്രയോജനപ്പെടുത്താവുന്നതാണ്.
3. കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിന് ഹോസ്റ്റൽ സൗകര്യത്തോടുകൂടിയ ട്രെയ്നിംഗ് സെന്റർ സ്ഥാപിക്കുക. (ജില്ലാ പഞ്ചായത്തിന്റെ ഉടസ്ഥതയിലുള്ള കണിയാമ്പറ്റ പഞ്ചായത്തിലെ സ്ഥലം ഉപയോഗിക്കാവുന്നതാണ്).
4. ആർ.എ.ആർ.എസ്/കെവികെ കേന്ദ്രീകരിച്ച് നിലവിലെ ബയോ കൺട്രോൾ ലാബ് ശക്തിപ്പെടുത്തുകയും പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ ആരംഭിക്കുകയും ചെയ്യുക.
5. സു.ബത്തേരിയിലുള്ള കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രം കേന്ദ്രീകരിച്ച് വിപണന ശൃംഗല സ്ഥാപിക്കുകയും ശീതീകരണ സംഭരണ സംവിധാനം ആരംഭിക്കുകയും ചെയ്യുക.
6. സഞ്ചരിക്കുന്ന മണ്ണ് പരിശോധന സംവിധാനം ഏർപ്പെടുത്തുക.
7. കാരാപ്പുഴ, ബാണാസുര സാഗർ ജലസേചന പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്യുക.
8. വന്യമൃഗ ശല്യം പരിഹരിക്കുന്നതിന് സർക്കാർ സ്ഥലത്തിൽ നയരൂപീകരണം നടത്തുക.
9. തൊഴിലുറപ്പ് പദ്ധതിയെ നെൽകൃഷിയിൽ പൂർണ്ണമായും സ്ഥിരമായി പ്രയോജനപ്പെടുത്തുന്നതിനുള്ള നയരൂപീകരണം.
10. ചെറുകിട കർഷകരെ സംയോജിത കൃഷിയിലേക്ക് കൊ ുവരികയും ഫാം ടൂറിസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ചെയ്യുക.
11. ആഗ്രോ സർവ്വീസ് സെന്ററുകൾ ശക്തിപ്പെടുത്തുകയും വിവിധ ജൈവവള ജീവാണുവള സസ്യ സംരക്ഷണ മരുന്നുകൾ ഉൽപാദിപ്പിക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുക.അനുബന്ധമായി ബയോ ഫാർമസി ആരംഭിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതി.
12. വന്യജീവി ആക്രമണം മൂലം വിളകൾ നശിക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ ഉപയോഗ ശൂന്യമായ റെയിൽപാളങ്ങൾ ഉൾപ്പെടുത്തികൊ ് വേലികൾ നിർമ്മിക്കുന്നതിന് പദ്ധതികൾക്ക് രൂപം നൽകണം.
13. തേനീച്ച കോളനി ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദമായിട്ടുള്ള വേലി തീർത്തും, വന്യമൃഗങ്ങളെ പ്രത്യേകിച്ച് കാട്ടാനകളെ കൃഷിയിടങ്ങളിൽ നിന്നും അകറ്റി നിർത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകാം.
14. കാട്ടുപന്നികളെ തുരത്തുന്നതിനായി കേരള കർഷിക സർവ്വകലാശാല വികസിപ്പിച്ച ജൈവ ഉപാധികൾ ഉപയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കാം.
15. ബയോ ഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ഉയർന്ന സബ്സിഡി നൽകുക.

4.1.23.കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. നെൽകൃഷി ചെയ്യുന്ന മുഴുവൻ നെൽകർഷകർക്കും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും പൂർണ്ണമായി നൽകുന്നതിനുള്ള തുക പ്ലാൻ ഫ ിൽ നിന്നും വകയിരുത്തുക.
2. നെൽ കൃഷിയിൽ യന്ത്രവൽക്കരണത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
3. പുഴയോര വൈദ്യുതീകരണം ഉൾപ്പെടെ ലിഫ്റ്റ് ഇറിഗേഷൻ ചെക്കുഡാം തുടങ്ങിയ ജലസേചന പദ്ധതികൾക്ക് ജില്ലാ പഞ്ചായത്ത് നേതൃത്വം നൽകുക.
4. ഫാം ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കുടുംബങ്ങളുടെ ജീവിത നിലവാരവും തദ്വാര ജില്ലയുടെ വരുമാനവും ഉയർത്തുന്നതിന് ഉതകുന്ന പദ്ധതികൾക്ക് രൂപം നൽകാം.
5. ജൈവ ചംക്രമണം പരമാവധി സാധ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ എല്ലാ പുരയിടങ്ങളിലും കമ്പോസ്റ്റ്/മണ്ണിര കമ്പോസ്റ്റ് നിർമ്മാണം ജൈവവള ലഭ്യത വർദ്ധിപ്പിക്കുക.
6. മാലിന്യ സംസ്കരണത്തോടൊപ്പം ജൈവകൃഷി പ്രോത്സാഹനം ലക്ഷ്യമിട്ട് വീട്ട് വളപ്പിലെ പച്ചക്കറി കൃഷിക്കായി പൈപ്പ് കമ്പോസ്റ്റിംഗ് വ്യാപകമാക്കുക.
7. വിവിധ വിളകളുടെ ഉൽപാദന വർദ്ധനവിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുക.
8. സ്ത്രീകളുടെ വരുമാന വർദ്ധനവിനായി കൂൺ കൃഷി പ്രോത്സാഹിപ്പിക്കുക.
9. മിനി പോളിഹൗസ്, മഴമറ, സൂക്ഷ്മജലസേചനം എന്നിവ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ
10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഭവൻ കേന്ദ്രീകരിച്ച് വിള ആരോഗ്യ കേന്ദ്രങ്ങൾ രൂപീകരിക്കുകയും സസ്യ സംരക്ഷണ മരുന്നുകൾ സൗജന്യമായി നൽകുന്നതിന് ഫ ് വകയിരുത്തുകയും ചെയ്യുക.
11. 4 ബ്ലോക്കുകളിലും ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുക.

4.1.24.ഏജൻസികൾ സംയോജന സാധ്യതകൾ

1. ജില്ലയിലെ നെൽകൃഷി സുസ്ഥിര വികസന കാഴ്ചപ്പാട് സാധ്യമാക്കുന്നതിന് കൃഷിവ കുപ്പ്, ത്രിതല പഞ്ചായത്തുകൾ, എം.എൻ. ആർ.ഇ.ജി.എസ്., കുടുംബശ്രി , ജലസേചന വകുപ്പ്, മണ്ണു സംരക്ഷണ വകുപ്പ്, ആത്മ തുടങ്ങിയ ഏജൻസികളെ ഉൾപ്പെടുത്തിയും സംയോജിപ്പിച്ചുകൊ ും സമഗ്രമായ പദ്ധതി നടപ്പിലാക്കാവുന്നതാണ് .
2. വയനാടൻ സുഗന്ധനെല്ല് ബ്രാൻഡുചെയ്തുകൊ ുള്ള വിപണനം കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല , നബാർഡ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നീ ഏജൻസികളെ സംയോജിപ്പിച്ച് ജില്ലാ ബ്ളോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന താണ്.
3. വയനാടൻ കാപ്പി ബ്രാൻഡ് ചെയ്യുന്നത് കോഫി ബോർഡ് ഏജൻസിയായി നബാർഡ്, കൃഷി വകുപ്പ്, ജില്ലാ പഞ്ചായത്ത് എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കുന്നത് അഭികാമ്യം.
4. വയനാട് ജില്ലയെ പുഷ്പകൃഷിയുടെ പ്രത്യേക മേഖലയായി പ്രഖ്യാപിച്ച സാഹചര്യ ത്തിൽ കൃഷി വകുപ്പിനെ നോഡൽ ഏജൻസിയായും കേരള കാർഷിക സർവ്വകലാ

ശാല,കൃഷി വിജ്ഞാൻ കേന്ദ്ര,നബാർഡ്, ജില്ലാ വ്യവസായ വകുപ്പ്, പട്ടിക വർഗ്ഗ വകുപ്പ് എന്നീ ഏജൻസികളുടെ സംയോജനത്തിലൂടെ പുഷ്പകൃഷി വ്യാപനവും വിപണനവും സാധ്യമാകുന്നതാണ്.

5. പച്ചക്കറി കൃഷി വികസന പദ്ധതികൾ കൃഷി വകുപ്പ് വി.എഫ്.പി.സി.കെ.,എന്നിവ ഏറ്റെടുത്ത് ത്രിതല പഞ്ചായത്തുകൾ, ഹോർട്ടികോർപ്പ്, എൻ.ജി.ഒ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തിലൂടെ നടപ്പിലാക്കാവുന്നതാണ്.
6. പഴവർഗ്ഗകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള കാർഷിക സർവ്വകലാശാല,കൃഷി വിജ്ഞാൻ കേന്ദ്ര, കൃഷി വകുപ്പ് എന്നീ ഏജൻസികളുടെ സംയോജനത്തോടെ ഫ്രൂട്ട്വില്ലേജ് പദ്ധതിക്ക് സാധ്യത
7. വയനാട്ടിലെ കാർഷിക മേഖലക്ക് ഏറ്റവും വലിയ ഭീഷണി യായ വന്യമൃഗ ശല്യം പരിഹരിക്കുന്നതിന് വനംവകുപ്പ് , ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ് എന്നി ഏജൻസികളുടെ സംയോജനം ആവശ്യമാണ്.

വയനാട് ജില്ലയുടെ കാർഷിക സമൃദ്ധി വീ ടുക്കുന്നതിനായുള്ള ശ്രമങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിലൂടെ മെച്ചപ്പെട്ട വരുമാനം കർഷകന് ലഭ്യമാകും. പുതുതലമുറയെ കാർഷിക വൃത്തിയിലേക്ക് എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ കൂടി ഉ ാകേ തു ്. കാലാവസ്ഥ വ്യതിയാനംഉയർത്തുന്ന വെല്ലുവിളി നേരിടുന്നതിന് കൃഷിക്കാരെ പര്യാപ്തമാക്കേ തു ്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സഹായക ഏജൻസികൾ എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ഈ ലക്ഷ്യം നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

4.1.25.സംഗ്രഹം

കൃഷി സാമ്പത്തിക സാമൂഹിക മേഖലകളിൽ മുഖ്യ സ്വാധീനം ചെലുത്തുന്ന കൃഷി അനുബന്ധ മേഖലകളിൽ സമഗ്രമായ വികസനം ലഭ്യമാക്കുന്ന പദ്ധതി നിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിൽ സമാഹരിച്ചിട്ടുള്ളത്.

സുസ്ഥിര വികസനം, സ്വയം പര്യാപ്തത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ മറ്റേതൊരു ജില്ലയേക്കാളും കൂടുതൽ സംഭാവന ചെയ്യുവാൻ വയനാടിന് സാധിക്കുമെന്നതിൽ സംശയമില്ല. ജില്ലയിലെ കർഷകരുടെ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യാനുള്ള വിപുലമായ പദ്ധതികൾ ഒരുക്കുകയാണെങ്കിൽ അവരുടെ ജീവിത നിലവാരം ഉയർത്തുകയും അതിലൂടെ വരുമാനത്തിൽ വലിയ ഉയർച്ച വരുത്താൻ കഴിയുകയും ചെയ്യും. പട്ടികവർഗ്ഗ മേഖലയിലെ ഭൂരിഭാഗം കർഷകരെയും സംരക്ഷിക്കാനും അവരുടെ സ്ഥിരവരുമാന ലഭ്യത ഉറപ്പാക്കാനും ഇതിലൂടെ സാധ്യമാകും.

***

ജലസേചനം

ജലസേചനം

4.2. ആമുഖം

ജീവന്റെ നിലനിൽപ്പിന് ലഭ്യമായ ഏറ്റവും മഹത്തായ വരദാനമാണ് ജലവും പ്രകൃതിവിഭവങ്ങളും. ഈ വിഭവങ്ങളാണ് രാജ്യത്തിന്റെ വികസനം സാദ്ധ്യമാക്കുന്നത്. ജലവിഭവങ്ങൾക്ക് വ്യത്യസ്ത സാദ്ധ്യതകളാണ് ഉള്ളത്. അതിൽതന്നെ ഏറ്റവും വലിയ സാദ്ധ്യത കാർഷിക ഭൂമിയുടെ ജലസേചനമാണ്. ലോകത്തുള്ള ശുദ്ധ ജലത്തിന്റെ 60% ത്തോളം ഉപയോഗിക്കുന്നത് ജലസേചനത്തിനാണ്. കുടിവെള്ളത്തിന്റെ കാര്യത്തിലാണെങ്കിലും, ജലസേചനത്തിന്റെ കാര്യത്തിലാണെങ്കിലും വിവേചന രഹിതമായ ഉപയോഗം മൂലം ജലം ഒരു കിട്ടാകനിയായി മാറികൊ ിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ച് സുസ്ഥിരമായ വികസനത്തിന് ജലത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊ ുള്ള മുൻകരുതലുകളും വികസന പ്രവർത്തനങ്ങളും ആവശ്യമാണ്.

4.2.1. നിലവിലുള്ള സ്ഥിതി വിശകലനം

ജില്ലയിൽ ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ആയതിനാൽ ജലസ്രോതസ്സിന്റെ പ്രാധാന്യം വളരെയേറെയാണ്.കാലവർഷത്തെ ആശ്രയിച്ചാണ് ഒട്ടുമിക്ക കൃഷിയും നടപ്പിലാക്കാറുള്ളത്.മൺസൂൺ കഴിഞ്ഞ് ഒരു ചെറിയ കാലയളവിനുള്ളിൽ മിക്ക അരുവികളും കുത്തനെയുള്ള ചരിവുകൾമൂലം വറ്റിപ്പോകുന്നു.വൈവിധ്യമായ കാലാവസ്ഥ ഉ ായിരുന്ന വയനാട്ടിൽ 2162.66 മീല്ലി മീറ്റർ ശരാശരി മഴ ലഭിച്ചിരുന്നു. അടുത്തകാലത്തായി മൺസൂൺമഴ കുറഞ്ഞ് വരുന്നതായി കണക്കുകൾ കാണിക്കുന്നു.

വയനാട്ടിലെ ഭൂരിഭാഗം തോടുകളും അരുവികളും ചെന്നുചേരുന്നത് കബനി നദിയിലാണ്. കാവേരി വാട്ടർ ട്രിബ്യൂണൽ പ്രകാരം സംസ്ഥാനത്തിന് 21 ടി.എം.സി. ജലം ആണ് അനുദിച്ചിട്ടുള്ളത്. എന്നാൽ ഈ ജലം പൂർണ്ണമായി ജില്ലയ്ക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല.

ജില്ലയിൽ വലിയ ജലസേചനപദ്ധതികൾ ഒന്നും തന്നെയില്ല.പ്രവർത്തി പുരോഗമിച്ചുകൊ ിരിക്കുന്ന ര ് ഇടത്തരം ജലസേചന പദ്ധതികളാണ് നിലവിലുള്ളത്. കാരാപ്പുഴ ജലസേചന പദ്ധതിയും, ബാണാസുര സാഗർ ജലസേചന പദ്ധതിയും.

4.2.2. ജലവിഭവങ്ങൾ

കേരളത്തിലെ കിഴക്കോട്ട് ഒഴുകുന്ന നദികളിൽ ഒന്നായ കബനി നദി അന്തർസംസ്ഥാന കാവേരി നദിയുടെ ഒരു പ്രധാന ഉപനദിയാണ്. വയനാട് ജില്ലയിലെ ജലത്തിന്റെ പ്രധാന സ്രോതസ്സാണിത്. വയനാട്ടില ഒട്ടുമിക്ക പുഴകളും കബനിനദിയിലാണ്ചെന്നുചേരു

ന്നത്. ജില്ലയിലെ പ്രധാനപ്പെട്ട പുഴകൾ പനമരംപുഴ, കരാൻതോട്, മാനന്തവാടി പുഴ, വൈത്തിരിപുഴ, ബാവലിപുഴ,നരസിപുഴ, കാളിന്ദിപുഴ, നൂൽപുഴ.



4.2.3. ജലസേചന സാദ്ധ്യത

വയനാട് ജില്ലയുടെ മൊത്തം കൃഷിക്കുതകുന്ന വിസ്തൃതി 213100 ഹെക്ടറാണ്. അതിൽ 40% വനഭൂമിയും 40% തോട്ട ഭൂമിയുമാണ്. കൃഷിക്ക് അനുയോജ്യ മായ 136506 ഹെക്ടർ ഭൂമിയിൽ(തോട്ട ഭൂമിയടക്കം) 16906 ഹെ്കടർ സ്ഥലത്തുമാത്രമെ ഇപ്പോഴുള്ള പദ്ധതികൾവഴി ജലസേചന സൗകര്യം സാധ്യമായിട്ടുള്ളത്. ഇത് മൊത്തം കൃഷിക്ക് ഉതകുന്ന ഭൂമിയുടെ 12% മാത്രമാണ് ശേഷിക്കുന്ന പ്രദേശത്ത് കൂടി ജലസേചനം സാധ്യമാക്കുന്നതിനുള്ള നടപടികളാണ് ആവശ്യമായിട്ടുള്ളത്.

4.2.4 ഇടത്തരംജലസേചന പദ്ധതികൾ

വയനാട്ടിൽ പ്രവൃത്തി പുരോഗമിച്ചുകൊ ിരിക്കുന്ന ര ് ഇടത്തരം ജല സേചന പദ്ധതികളാണ് നിലവിലുള്ളത്. കാരാപ്പുഴ ജലസേചനപദ്ധതിയും, ബാണാസുരസാ ഗർ ജലസേചനപദ്ധതിയും ഈ ര ് ജലസേചന പദ്ധതികളും പൂർത്തീകരിച്ചുകഴിഞ്ഞാൽ ഏകദേശം 8021 ഹെക്ടർ കൃഷിഭൂമി ജലസേചനം ചെയ്യാൻ സാധിക്കും.ഈ പദ്ധതി യുടെ വിശദാംശങ്ങൾ പട്ടിക2 ൽ വിവരിക്കുന്നു.

പട്ടിക 4.2.1.

ഇടത്തരംജലസേചന പദ്ധതികൾ

ക്രമ നം.	ജലസംഭരണി	തരം തിരിക്കൽ	നദി	പ്രാപ്തി (ടി.എം.സി)	ആയക്കെട്ട് ഗ്രോസ് (ഹെക്ടർ)	ആയക്കെട്ട് നെറ്റ് (ഹെക്ടർ)
1.	കാരാപ്പുഴ പ്രൊജക്റ്റ്	ഇടത്തരം	കാരാപ്പുഴ	2.80	8721	5221
2	ബാണാസുരസാഗർ പ്രോജക്ട്	ഇടത്തരം	കരമാൻതോട്	6.70	3200	2800
	ആകെ					**8021**

അവലംബം: ജലസേചന വകുപ്പ്



കാരാപ്പുഴ പ്രെജക്ടിന്റേയും, ബാണാസുര സാഗർ പ്രൊജക്ടിന്റേയും ആയക്കട്ട് മാപ്പ്

4.2.5. കാരാപ്പുഴജലസേചന പദ്ധതി

വയനാട് ജില്ലയിൽ 5221 ഹെക്ടർ കൃഷി ഭൂമിക്ക് ജലസേചന സൗകര്യം ഉറ പ്പാക്കുവാൻ ഉദ്ദേശിച്ച് 1978ൽ ഏറ്റെടുത്ത ഒരു ഇടത്തരം ജലസേചന പദ്ധതിയാണ് കാരാ പ്പുഴ ജലസേചന പദ്ധതി. അന്തർ സംസ്ഥാന നദിയായ കാവേരിയുടെ സബ് ബേസിനായ കബനി നദീതടത്തിലാണ് കാരാപ്പുഴ ഡാം സ്ഥിതി ചെയ്യുന്നത്. കബനി നദീതടത്തിൽ ഏറ്റവും ആദ്യം ഏറ്റെടുത്ത പദ്ധതിയാണിത്. കബനി നദിയുടെ പോഷക നദിയായ പനമരം പുഴയുടെ ഒരു കൈവഴിയായ കാരാപ്പുഴക്ക് കുറുകെ വാഴവറ്റയിൽ ഒരു മണ്ണണകെട്ടി, ഇടതു –വലതുകര കനാലുകളിലൂടെ ജലസേചനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

കാരാപ്പുഴ ജലസേചന പദ്ധതി ജലസേചന ആവശ്യം മാത്രം മുന്നിൽ ക ് ആരംഭി ച്ചതാണെങ്കിലും ഇപ്പോൾ ഇത് ഒരു വിവിധോദ്ദേശ പദ്ധതിയായി മാറിയിരിക്കുന്നു. കൽപ്പറ്റ മുനിസിപ്പാലിറ്റിയിലേക്കും കൃഷ്ണഗിരി, പുറക്കാടി എന്നീ വില്ലേജുകളിലേക്കും ജലവിത രണ പദ്ധതികൾ പൂർത്തിയായിട്ടു ്. മേപ്പാടി, മൂപ്പൈനാട്, നൂൽപ്പുഴ, മുട്ടിൽ എന്നീ പഞ്ചായത്തുകളിലേക്കും, സുൽത്താൻ ബത്തേരിയിലേക്കും ശുദ്ധ ജല വിതരണം കാരാ പ്പുഴ ഡാമിൽ നിന്ന് കേരള വാട്ടർ അതോറിറ്റി മുഖേന നടത്താനും ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മുഖേന മൽസ്യകൃഷി വികസനത്തിനും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മുഖേന ചെറുകിട ജലവൈദ്യുത പദ്ധതിക്കും (0.75 ങണ) ഉദ്ദേശമു ്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ടൂറിസം വകുപ്പുമുഖേന കാരാപ്പുഴ ഡാമും പരിസരവും കേരളത്തിലെ ഏറ്റവും നല്ല ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി മാറ്റാൻ ലക്ഷ്യമിട്ടു കൊ ് ഫ ് അനുവദിച്ചിട്ടു ്.

4.2.6. ബാണാസുരസാഗർ പദ്ധതി

വയനാടിന്റെ സമ്പദ്ഘടനയുടെമുഖ്യ സ്രോതസ്സായ നാണ്യവിളകളുടെയും കാർഷികവിളകളുടെയും ജലസേചന സൗകര്യംഉറപ്പുവരുത്തി, വയനാട്ജില്ലയിലെകർഷക രുടെസമഗ്രമായ പുരോഗതി ലക്ഷ്യമിട്ടുകൊ ് കരമാൻ തോടിനു കുറുകെവിഭാവനം ചെയ്തഒരു ഇടത്തരംജലസേചന പദ്ധതിയാണ് ബാണാസുരസാഗർജലസേചന പദ്ധതി.

2800 ഹെക്ടർസ്ഥലത്ത്ഇരിപ്പൂകൃഷിക്ക്ജലസേചന സൗകര്യം ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊ ്വിഭാവനം ചെയ്ത് നടപ്പാക്കിവരുന്ന ഒരുജലസേചന പദ്ധതിയാണ് ഇത്.

ഈ പദ്ധതി പ്രകാരം, കേരളസംസ്ഥാന വൈദ്യുത ബോർഡ് നിർമ്മിക്കുന്ന 6.70 ടി.എം.സി.എഫ്.ടിശേഷിയുള്ളറിസർവോയറിൽ നിന്നും 0.84 ടി.എം.സി.എഫ്.ടി ജലം ജലസേചനത്തിന്റെആവശ്യമനുസരിച്ച്വർഷംതോറുംജലവിഭവവകുപ്പിന് വിട്ടുതരുന്നതാണ്. ഇതിനായി അണക്കെട്ടിനും മറ്റ് അനുബന്ധ പ്രവർത്തികൾക്കുമായിവരുന്ന തുകയിൽ 224 ലക്ഷംജലവിഭവവകുപ്പ്വഹിക്കുന്നതാണ്. ഈ ജലം ഉപയോഗിച്ച് 1900 ഹെക്ടർ നെൽപാ ടവും 900 ഹെക്ടർഇഞ്ചി, വാഴമറ്റു പച്ചക്കറികൾ എന്നിവയുംജലസേചനം ചെയ്യാൻ ഉദ്ദേശി ക്കുന്നു.

ഈ പദ്ധതിയുടെ പുതുക്കിയ പ്രോജക്റ്റ്റിപ്പോർട്ട് 2016–ലെ ഷെഡ്യൂൾ പ്രകാരം പുതുക്കിഅംഗീകാരത്തിനായിസർക്കാരിലേക്ക്സമർപ്പിച്ചിരിക്കുകയാണ്.പുതു ക്കിയപ്രോജക്റ്റ്റിപ്പോർട്ട് പ്രകാരം പദ്ധതി ചെലവ് 390 കോടിയാണ്.പ്രസ്തുത പദ്ധതി പ്രകാരം 2.73 കി.മീ. നീളമുള്ള മെയിൻ കനാലും 14.39 കി.മീ നീളമുള്ള പടിഞ്ഞാറത്തറ, വെണ്ണിയോട്എന്നീ ര ് ബ്രാഞ്ച് കനാലുകളും, 64 കി.മീ നീളമുള്ള 4 ഡിസ്ട്രിബ്യൂട്ടറികളും നിർമ്മിക്കേ തായു ്.

ഈ പദ്ധതിയുടെ പ്രധാന കനാൽ 1130 മീറ്റർവരെയും 1500 മീറ്റർമുതൽ 2730 മീറ്റർവരെയുംപ്രവർത്തികൾ പൂർത്തീകരിച്ചിട്ടു ്. ഇതിനിടക്കുള്ള 1130 മീറ്റർമുതൽ 1500 മീറ്റർ വരെയുള്ള കനാലിന്റെ പ്രവർത്തികൾ പൂർത്തീകരിക്കാനു ്. മെയിൻ കനാ ലിൽക്കൂടി വരുന്നവെള്ളം ര ് ശാഖാ കനാലുകളിലേക്ക് തിരിച്ചു വിടുന്നതിനായി 20 മീറ്റർ നീളംവരുന്ന ഡൈവേർഷൻ ചേമ്പറിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടു ്.

4.2.7. ചെറുകിടജലസേചനം

2000 ഹെക്ടർ വരെ ആയകെട്ട് മേഖലയ്ക്ക് പ്രയോജനപ്പെടുന്നവയാണ് ചെറുകിട ജലസേചന പ്രവർത്തനങ്ങൾ.വയനാട് ജില്ലയുടെ ടോപ്പോഗ്രാഫിക് സവിശേഷതകൾ ചെറു കിട ജലസേചന പദ്ധതികൾക്ക് ഏറെ അനുയോജ്യമാണ്. ജലസേചന ടാങ്കുൾ, ചെക്ക് ഡാമുകൾ,വെന്റ്ട് ക്രോസ് ബാറുകൾ,ഡൈവേർഷൻ വിയർ,റെഗുലേറ്റർ കംബ്രിഡ്ജ്, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ തുടങ്ങിയവ ചെറുകിട ജലസേചനത്തിന് കീഴിൽ വരും. മഴക്കാല ത്തിനു ശേഷവും ജലം സംരക്ഷിക്കുകയും അടുത്തുള്ള പ്രദേശങ്ങളിലെ ജലസേചനവും കുടിവെള്ള ആവശ്യങ്ങളും നിറവേറ്റുകയും ചെയ്യുന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. ഈ ജലം നിലനിർത്തുന്ന ഘടനകൾ സ്ഥലത്തെ ജലമണ്ഡലത്തെ സ്ഥിരമായി ഉയർത്തുന്നു. ഈ ഘടനകളിൽ ചിലത് നേരിട്ട് കമാൻഡ് ഏരിയയിലേക്ക് ഗുരുത്വാ കർഷണത്തിലൂടെ ഒഴുക്കിവിടുവാൻ കഴിയും. ഗുരുത്വാകർഷണം മുഖേന ജലസേചനം നട ത്തുവാൻ സാദ്ധ്യമല്ലാത്ത സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നു.

4.2.7.1.a) ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ

വയനാട് ജില്ല ജലനിരപ്പിൽ നിന്നും 700 മീറ്ററിനും 2100 മീറ്ററിനുമിടയിലായി നില കൊള്ളുന്നതുകൊ ് ഇവിടം ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്ക് അനുയോജ്യമാണ്.ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ജലനിരപ്പ് താഴ്ന്ന പ്രദേശത്ത് നിന്ന് ഉയർന്ന പ്രദേശത്തെക്ക് പമ്പുകൾ ഉപയോഗിച്ച് ഫീൽഡ് ചാനലുകളിലൂടെ കൃഷിസ്ഥലത്ത് എത്തിക്കുന്നു. നിർമ്മാ ണവും പ്രവർത്തനവും പരിപാലനവും വളരെ കൂടുതലാണെങ്കിലും ഈ പദ്ധതികൾക്ക് വലിയ ജലസേചന സാദ്ധ്യതയു ്. ജില്ലയിലെ 11 പഞ്ചായത്തുകളിൽ 19 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളു ്. ആറ് പുതിയ സ്കീമുകൾ വിവിധഘട്ടങ്ങളിലായി നടപ്പാക്കപ്പെടുന്നു.

എടവക പഞ്ചായത്തിലെകമ്മന ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പമ്പ് ഹൗസും കളക്റ്റിംഗ് സിസ്റ്റേണും

4.2.7.2.b) ചെക്ക്ഡാം, ഡൈവേർഷൻ വിയർ, വി.സി.ബി.

ചെക്ക് ഡാം, ഡൈവെർഷൻ വിയർ, വി.സി.ബി തുടങ്ങിയ ചെറുകിട ജലസേചന പദ്ധതികൾ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന ചെറിയ അണക്കെട്ടുകളാണ്. ഈ പദ്ധതിക ളുടെ ഉദ്ദേശ്യം ജലസേചനത്തിനായി സ്ഥിരമായി ജലസ്രോതസ് ഉറപ്പുവരുത്തുകയാണ്. കൂടാതെ ഈ പദ്ധതികൾ മുഖേന മണ്ണൊലിപ്പ് തടയുന്നതിനും ഭൂഗർഭ ജലനിരപ്പ് ഉയർത്തു ന്നതിനുംസാധ്യമാകും. വലിയ അണകെട്ടുകളെ അപേക്ഷിച്ച് ഈ പദ്ധതികളുടെ ചെലവും, നിർമ്മാണ സമയവും വളരെ കുറവാണ്. മാത്രമല്ല ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേ ി ജനങ്ങളെ കുടിയൊഴിപ്പിക്കേ ആവശ്യവും വരുന്നില്ല.

ഈ പദ്ധതികൾ വഴി സംഭരിക്കുന്ന വെള്ളം കനാൽ ശൃംഖലയിലുടെ ഗ്രാവിറ്റിവഴി അല്ലെങ്കിൽ ലിഫ്റ്റ് മുഖേന ജലസേചനം നടത്താം. മിക്കപ്പോഴും ഈ പദ്ധതികളിൽ ഷട്ടറു കൾ ഉപയോഗിച്ചാണ് ഒഴുക്ക് നിയന്ത്രിക്കുന്നത്. വിവിധ പഞ്ചായത്തുകളിൽ 4064.97 ഹെക്ടർ സ്ഥലത്ത് ജലസേചനം ഈ പദ്ധതികൾവഴിനടപ്പിലാകുന്നു അമ്പലവയൽ, മൂപ്പൈ നാട്, മേപ്പാടി, വൈത്തിരി, തരിയോട്, തവിഞ്ഞാൽ,തൊ ർനാട് എന്നി പഞ്ചായത്തുകളിൽ ഈ പദ്ധതികളുടെ അഭാവം ഉ ്. വിവിധ സ്കീമുകളിലായി 17 ചെക്ക് ഡാമുകൾക്കും 1 വി.സി.ബിക്കും ഭരണാനുമതി കിട്ടിയിട്ടു ്. ഇവ പ്രവർത്തനക്ഷമമായാൽ 1350 ഹെക്ടർ ആയക്കട്ട് സ്ഥലത്തെ ജലസേചനം നടത്താനാകും.ചെക്ക് ഡാമുകൾ, വി.സി.ബികൾ കുള ങ്ങൾ എന്നിവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾഅനുബന്ധത്തിൽ .



ചെക്കുഡാമുകൾ ഡൈവേർഷൻ വിയർ, വി.സി.ബി. എന്നീവ ജില്ലാ മാപ്പിൽ കാണിച്ചിരിക്കുന്നു.

പൂതാടിപഞ്ചായത്തിലെ പാറക്കടവ് ചെക്ക് ഡാം

കോട്ടത്തറ പഞ്ചായത്തിലെ കക്കോണികടവ് ചെക്ക് ഡാം

4.2.7.3.c) റെഗുലേറ്ററുകൾ

പുഴകൾക്ക് കുറുകെ നിർമ്മിക്കുന്ന വലിയ ഘടനകൾക്കാണ് റെഗുലേറ്റർ എന്ന് പറയുന്നത്. വി.സി.ബികൾക്ക് സമാനമായ ഈ ഘടനകൾക്ക് മെക്കാനിക്കലായി ഓപ്പറേറ്റ് ചെയ്യുന്ന ഷട്ടറുകളാണ് ഉപയോഗിക്കുന്നത്. തറനിരപ്പിനെക്കാൾ നല്ല ഉയർന്ന ബാങ്ക് ലെവലുള്ള വലിയ പുഴകളിലാണ് ഈ ഘടനകൾ അനുയോജ്യമായിട്ടുളളത്. റഗുലേറ്ററിന്റെ കൂടെ തന്നെ പാലങ്ങളും നിർമ്മിക്കാറു ്. ഇതിനെ റഗുലേറ്റർ കം ബ്രിഡ്ജ് (ആർ.സി.ബി) എന്ന് പറയുന്നു. വയനാട് ജില്ലയിൽ ഇതുപോലുള്ള വലിയ ഘടനകൾക്ക് നല്ല സാധ്യതകളാണ് ഉളളത്. ചെക്ക് ഡാമുകളെ അപേക്ഷിച്ചവലിയ സംഭരണശേഷി , വർദ്ധിച്ച റീചാർജ്,ഒഴുക്കിന്റെ തടസ്സത്തിലുള്ള കുറവ്,അതേ സ്ഥലത്ത് പാലങ്ങൾ നിർമ്മിക്കാനുള്ള സാധഥഃ,വർദ്ധിച്ച ഹെഡിലുള്ള സംഭരണം എന്നിവ ആർ.സി.ബിയുടെ സവിശേഷതകൾ.ഇതുവരെ 3 ആർ.സി.ബികൾക്കും ഒരു റെഗുലേറ്ററിനും ഭരണാനുമതി കിട്ടിയിട്ടു ്.കാവേരി ട്രിബ്യൂണൽ അവാർഡ് പ്രകാരം ലഭിച്ച 21. ടി.എം.സി.യുടെ വിനിയോഗത്തിന് ഈ ഘടനകൾ ഏറെ പ്രയോജനം ചെയ്യും.അതിന്റെവിവരങ്ങൾ താഴെപട്ടികയിൽചേർത്തിരിക്കുന്നു.

പട്ടിക4.2.2

റെഗുലേറ്ററുകൾ

ക്രമ നം.	പദ്ധതിയുടെ പേര്	പുഴ	പഞ്ചായത്ത്
1.	വാരാമ്പറ്റ റെഗുലേറ്റർ	കരമൻതോട്	വെള്ളമു
2.	മണിവയൽ റെഗുലേറ്റർ കം ബ്രിഡ്ജ്	മണിവയൽപുഴ	മീനങ്ങാടി
3.	മലങ്കര പാറകടവ് റെഗുലേറ്റർ കം ബ്രിഡ്ജ്	പനമരംപുഴ	പനമരം

4	കുറവിലംങ്കോട് റെഗുലേറ്റർ കം ബ്രിഡ്ജ്	പനമരംപുഴ	പനമരം

4.2.7.4.d) ജലസേചന കുളം

സാധാരണ കല്ലുകൾ, കോൺക്രീറ്റ്, മണ്ണ് എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന ചെറിയ ജലാശയങ്ങളാണ്ജലസേചനകുളങ്ങൾ ഇവയിൽ ഭൂരിഭാഗം കുളങ്ങളും പ്രകൃതിദത്തമാണ്.ഇവയുടെ നിർമ്മാണത്തിന് ചെലവ് വളരെ കുറവാണ്. ജലസംരക്ഷണത്തിന്റെ ഭാഗമായാണ് പ്രധാനമായും ഇവ നിർമ്മിച്ചിരിക്കുന്നത്. ജലസേചനത്തിനും മത്സ്യ കൃഷി നടത്തുന്നതിനും ഇവ ഉപയോഗിച്ചുവരുന്നു.

കാർഷിക ഉൽപാദന ക്ഷമതയിൽ പുരോഗതിയും, ഭൂഗർഭ ജലസംഭരണവും,ജലസംരക്ഷണവും, ജലസേചനവും വർദ്ധിപ്പിക്കുന്നതാണ് പ്രധാന ലക്ഷ്യങ്ങൾ. കുളത്തിന്റെ അടിത്തട്ടിൽ മണ്ണ് അടിഞ്ഞ് കൂടുന്നത് കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യേ ത് അത്യാവശ്യമാണ്. വയനാട് ജില്ലയിൽ പുതിയ കുളങ്ങളും നിലവിലുള്ള കുളങ്ങളുടെ പുനരുദ്ധാരണവും ജലസേചനാവശ്യങ്ങൾക്കും ജലത്തിന്റെ സംരക്ഷണത്തിനും വേ ി നടത്തുന്നു. ചിത്രം 17 ൽ വയനാട് ജില്ലയിലെ ജലസേചന കുളങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ നൽകുന്നു. വിവിധ പഞ്ചായത്തുകളിലായി മൊത്തം 963.21 ഹെക്ടർ സ്ഥലം ജലസേചനത്തിനായി 179 കുളങ്ങളു ്.വയനാട്ടിലെ ചെറുകിട ജലസേചന പദ്ധതി കൈവരിച്ച മൊത്തം ആയക്കെട്ട് പ്രദേശം 6598.94 ഹെക്ടർ ആണ്.



ജലസേചന കുളങ്ങളുടെ സ്ഥാനങ്ങൾ ജില്ലാ മാപ്പിൽ കാണിച്ചിരിക്കുന്നു.

തൊ ർനാട് പഞ്ചായത്തിലെ മനപ്പാട്ടിൽ ജലസേചന കുളം പുതാടി പഞ്ചായത്തിലെ മുക്കത്ത് ജലസേചന കുളം

4.2.8.വികസന പ്രശ്നങ്ങൾ

വയനാട് ഒരു കാർഷിക ജില്ല ആയതിനാൽ സമ്പദ് വ്യവസ്ഥയുടെ നിലനിൽപ്പിനും വികസനത്തിനും ജലസേചനത്തിന് പ്രധാന പങ്കു ്.. വർഷംതോറുമുള്ള മഴലഭ്യത ഭാവിയിൽ കുറയുന്ന പ്രവണതയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മാത്രമല്ല വയനാട്ശക്തമായ കാലാവസ്ഥ വ്യതിയാനം അഭിമുഖികരിക്കുന്ന ഒരു ജില്ലയാണ്. പുൽപ്പള്ളി,മുള്ളൻകൊല്ലി, പൂതാടി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ 1500 മില്ലീമീറ്ററിലും കുറവാണ് മഴ ലഭിക്കുന്നത്. അതുകൊ ് ജലസംരക്ഷണത്തിനുള്ള ശരിയായ ആസൂത്രണം അത്യാവശ്യമാണ്. മഴയിലു ാകുന്ന കുറവ് നെൽകൃഷി ,ഭൂഗർഭ ജലറീചാർജ് തുടങ്ങിയവയെ ബാധിച്ചിട്ടു ്.ജലലഭ്യത ഉറപ്പുനൽകുന്നപക്ഷം കൂടുതൽ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിന് കഴിയും.

ജലശേഖരണ പരിപാലനത്തിനുള്ള പ്രധാന പങ്ക് വഹിക്കുന്ന തണ്ണീർത്തടങ്ങൾ ഈ കാർഷികേതര പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നു.ഇപ്പോഴത്തെസാഹചര്യത്തിൽ ഇന്ന് കൃഷിയിറക്കുന്ന സ്ഥലങ്ങളിൽ ജലസേചനത്തിനുള്ള വെള്ളം ഉറപ്പുനൽകുന്നത് ഭൂവിനിയോഗരീതികൃഷിക്ക് അനുകൂലമായി നിലനിർത്തുന്നതിനുള്ള ഒരു നല്ല സമീപനമാണ്. പുഴക്കരയുടെ കൈയ്യേറ്റം, വെള്ളപ്പൊക്കം, മാലിന്യങ്ങൾഅടിഞ്ഞ് കൂടുക,പുഴക്കരഇടിയുക, അനധീകൃത മണൽ ഖനനം എന്നിവയാണ് മറ്റ് പ്രശ്നങ്ങൾ.

4.2.9.വികസന കാഴ്ചപ്പാട്

ചെക്ക്ഡാമുകൾ, ഡൈവേർഷൻ വിയർ, റെഗുലേറ്റർ, ജലസേചന കുളങ്ങൾ, ലിഫ്റ്റ് ഇറിഗേഷൻ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന ജലശേഖര ജല പങ്കാളിത്ത പ്രകൃതിദത്ത വികസന മാനേജ്മെന്റ്സ്കീമുകൾ ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഭൂഗർഭ ജലസംഭരണം മെച്ചപ്പെടുത്തുന്നതിനും ഉള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നു.

കാവേരി തർക്ക ട്രിബ്യൂണൽ ആക്ട് പ്രകാരം കബനി തടത്തിൽ നിന്ന് സംസ്ഥാനത്തിന് അനുവദിച്ച 21 ടി.എം.സി. വെള്ളം പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ഏറ്റെടുക്കേ തു ്

കാരാപ്പുഴ പ്രോജക്ടിന്റെ കീഴിൽ 5221 ഹെക്ടർ കൃഷിസ്ഥലവും ബാണാസുരസാഗർ പ്രൊജക്ടിന്റെ കീഴിൽ 2800 ഹെക്ടർ കൃഷിസ്ഥലവും ജലസേചനം ചെയ്യാനാണ്ഉദ്ദേശം.ഈ ര ് പ്രോജക്റ്റ്കളും പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ കമാൻഡ് ഏരിയ ഡവലപ്മെന്റ് പ്രോഗ്രാം നടപ്പിൽ വരുത്താൻ സാധിക്കും.

കാമാൻഡ് ഏരിയ വികസന പരിപാടികൾ മെച്ചപ്പെട്ട ജലം കൈകാര്യം ചെയ്യുന്നതിനും വിതരണ ടെക്നിക്കുകളിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ജില്ലയിലെ ചെറുകിട ജലസേചന പദ്ധതികൾക്ക് പ്രത്യേകിച്ച് കബനി നദിതടത്തിലെ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് നല്ല സാദ്ധ്യതയു ് ചെക്ക്ഡാമുകൾപോലുള്ള ചെറുകിട ജലസേചന പദ്ധതികൾ പലതും പുന:രുൽ പാദന പ്രവർത്തനത്തിലാണ്.

ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗളർ ജലസേചനം തുടങ്ങിയ സൂക്ഷ്മ ജലസേചന രീതികൾ നടപ്പിലാക്കാൻ കഴിയും. ഈ രീതികളിൽ വെള്ളം പാഴാകുന്നത് ഗണ്യമായി കുറയുന്നു. വയനാട്ജില്ലയുടെ മൊത്തം വിസ്തീർണ്ണത്തിന്റെ ഏകദേശം 40% തോട്ടവിളകളാണ്.പ്രത്യേകിച്ച് കാപ്പി, തേയില എന്നിവയാണ്. വയനാട്ടിലെ തോട്ടവിളകളുടെ വിളവ് വളരെ കുറവാണ് എന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഇതിന് കാരണംജലസേചനത്തിന്റെഅഭാവമാണ്. ആയതിന് വേ അടിസ്ഥാന സൗകര്യങ്ങൾ അതായത് ചെറുകിട ജലസംഭരണികൾ, ടാങ്കുകൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ മുതലായവ പുഴയുടെ കരകളിൽ ഉചിതമായ സ്ഥലങ്ങളിൽ ലഭ്യമാക്കും. വയനാട്ടിൽപ്രത്യേക ശ്രദ്ധ ആവശ്യമുള്ള ഒരു മേഖലയാണ് റിവർ മാനേജ്മെന്റ്. ജില്ലയിലെ നദികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നിന്ന് പുഴയെ സംരക്ഷിക്കാനും ഒഴുക്കിനെ നിയന്ത്രിക്കുവാനും നദീസംരക്ഷണ പദ്ധതികൾ ആസൂത്രണം ചെയ്യേ താണ്.ജലസേചനം, കൃഷി, മണ്ണ് സംരക്ഷണം, ഭൂഗർഭജലം, വനം, റവന്യു,മറ്റ് എജൻസികൾ തുടങ്ങിയവയുടെ ഏകോപനങ്ങൾആവശ്യമാണ്. ആസൂത്രണത്തിലെ തടസ്സം, പ്രശ്നങ്ങളെ നേരിടാനും, മികച്ച പദ്ധതികൾ ആസൂത്രണംചെയ്യുന്നതിനും ജില്ലാതലത്തിലുള്ള വിദഗ്ദ സമിതികൾ, കർഷകർ ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾ എന്നിവരുടെ പങ്കാളിത്തം ആവശ്യമാണ്.വീടുകളിൽ ജലസേചനത്തിനായി പദ്ധതികൾ ആലോചിക്കാവുന്നതാണ്. ഓരോ വീട്ടിലും ജല സംഭരണ സംവിധാനങ്ങളും സൂഷ്മ ജലസേചന രീതികളും നടപ്പിലാക്കാവുന്നതാണ്.

4.2.10.ജലപരിപാലനത്തിനും,ജലസംരക്ഷണത്തിനുംവേ നടപടികൾ.

- വയനാടിന്റെജൈവവ്യവസ്ഥയും പരിസ്ഥിതിയുംസംരക്ഷിക്കുന്നതിന്നെൽപ്പാടത്തിന്റെ സംരക്ഷണം, വനവൽക്കരണം, ജലസംരക്ഷണം, ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിനു

വേ കൃതിമ നടപടികൾതുടങ്ങിയവ നടപ്പിലാക്കേ താണ്. ഇത് വരൾച്ചയുടെ ആഘാതം കുറയ്ക്കും.

- മഴവെള്ളത്തിന്റെ പ്രതിശീർഷ ലഭ്യത വളരെ വേഗം കുറയുന്നു. ആയതിനാൽ ശരിയായ ജല പരിപാലനത്തിന്റെ പ്രാധാന്യം ഇന്ന് അനിവാര്യമാണ്. അതുകൊ ് ജലസേചന ത്തിന്റെ പരമ്പരാഗതരീതിക്ക് പുറമേ, ജലഉപയോഗത്തിന് കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പ്രഷറൈസ്ഡ് ഇറിഗേഷൻ മാർഗ്ഗങ്ങൾ പോലുള്ള ആധുനിക രീതികളും അവതരിപ്പി ക്കാവുന്നതാണ്.
- വനത്തിന്റെ അതിർത്തിയിൽ ആവാസയോഗ്യമായ സ്ഥലത്ത് ചെക്ക്ഡാമുകൾ നിർമ്മി ച്ചു കഴിഞ്ഞാൽ ധാരാളം ഗുണങ്ങളു ്. ഇവ മണ്ണൊലിപ്പ് കുറയ്ക്കുകയും ഭൂഗർഭജല നിരപ്പ് ഉയർത്തുകയുംചെയ്യും. കൂടാതെ കുടിവെള്ളത്തിന്റെയും പച്ചപ്പിന്റെയും ലഭ്യത കാട്ടുമൃഗങ്ങളെജനങ്ങൾ താമസിക്കുന്നിടത്തേക്ക് പ്രവേശിപ്പിക്കാതിരിക്കാനുംസഹായി ക്കുന്നു
- ഏതാ ് എല്ലാ നദികളും തിരുനെല്ലി തൊ ർനാട്, തവിഞ്ഞാൽ, പടിഞ്ഞാറത്തറ,തരി യോട്,വൈത്തിരി, മേപ്പാടി എന്നീ പഞ്ചായത്തുകളിലെ കുന്നിൻ പ്രദേശങ്ങളിൽ നിന്നാണ് ഉത്ഭവിക്കുന്നത്. നേരത്തെ പറഞ്ഞതുപോലെ 3000 മി.മീറ്ററിലും കൂടുതൽ മഴ ലഭിച്ചുകൊ ിരിക്കുന്ന ഈ പഞ്ചായത്തുകളിലെ ഭൂരിഭാഗം–സ്ഥലങ്ങളും വനപ്രദേശ മാണ്. ആയതിനാൽ ഈ പ്രദേശങ്ങളിൽ ചെക്ക് ഡാം, കുളങ്ങൾ തുടങ്ങിയവ വളരെ ചുരുക്കമാണ്. അതുകൊ ് വനംവകുപ്പുമായി സഹകരിച്ച് അനുയോജ്യമായ സ്ഥലങ്ങ ളിൽ ഇത്തരം പ്രവർത്തികൾനടപ്പിലാക്കാവുന്നതാണ്.
- നഗര,ഗ്രാമ പ്രദേശങ്ങളിൽ മഴവെള്ള സംഭരണം നിർബന്ധമാക്കുക.
- ജലത്തിന്റെ സാമ്പത്തിക ഉപയോഗത്തിനായി ഡ്രിപ്പ്/സ്പ്രിംഗ്ളർ ജലസേചന സംവി ധാനം ഉപയോഗപ്പെടുത്തേ തു ്.
- നിലവിലുള്ള കുളങ്ങളുടെ ആധുനികവൽകരണം.
- നിലവിലുള്ള ചെറുകിട ജലസേചനകുളങ്ങളും കനാലുകളും പുനരുദ്ധരിക്കുക
- ചെറുകിട ഇടത്തരം ജലസേചന പദ്ധതികൾ നടപ്പിലാക്കുക.
- ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും ചെക്ക്ഡാമുകളും പോലുള്ള ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കുക
- ചെക്ക് ഡാമുകൾ, എൽ.ഐ സ്കീമുകൾ, വി.സി.ബികൾ, കുളങ്ങൾ എന്നിവ യഥാസ മയം അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ
- തോട്ട വിളകൾക്ക് യഥാസമയം ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് അപ്ലാന്റ് ഇറിഗേഷൻപ്രാക്ടീസസ്വ്യാപകമാക്കുക.
- എല്ലാ പഞ്ചയത്തുകളിലും വാട്ടർ ഷെഡ് അടിസ്ഥാനമാക്കി ശരിയായ ജലസേചന പദ്ധ തികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും വേണം.

- വലിയ സംഭരണശേഷിയുള്ള റെഗുലേറ്റർ കം ബ്രിഡ്ജുകൾ നിർമ്മിക്കുക.

4.2.11.നിർദ്ദേശങ്ങൾ

4.2.11.1..കാരാപ്പുഴജലസേചന പദ്ധതി

- 5221 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കാൻ വിഭാവനം ചെയ്ത പദ്ധതി, 592 ഹെക്ടർ സ്ഥലത്ത് മാത്രമാണ് നിലവിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ളത്. ബാക്കിയുള്ള 4629 ഹെ. ആയക്കെട്ടുകൂടി ജലസേചനം നടത്തുന്നതിനുള്ള പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കേ താണ്.
- റിസർവോയർ പ്രദേശത്തെ ഇനിയും അവശേഷിക്കുന്ന 7.1 ഹെ. ഭൂമിയുടെ ഏറ്റെടുക്കൽ പ്രവൃത്തി പൂർത്തിയായാൽ മാത്രമേ സംഭരണശേഷി ഇപ്പോഴുള്ള 43.0929 ങങ3.ൽ നിന്നും പൂർണ്ണ സംഭരണ ശേഷിയായ 76.50 ങങ3 ലേക്ക് ഉയർത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഈ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കേ തു ്.

4.2.11.2.ബാണാസുരസാഗർ പദ്ധതി

- 2800 ഹെക്ടർ സ്ഥലത്ത് വിഭാവനം ചെയ്ത പദ്ധതി നാളിതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി പൂർത്തിയാക്കുന്നതിന് തടസ്സമായ പ്രധാന കനാലിന്റെ ചെയിനേജ് 1130 മുതൽ1500 വരെയുള്ള പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കേ തു ്.
- പടിഞ്ഞാറത്തറ ബ്രാഞ്ച് കനാലിന്റെ ചെയിനേജ്: 2100 മുതൽ 2690 വരെയുള്ള ഭാഗവും വെണ്ണിയോട് ബ്രാഞ്ച് കനാലിന്റെ ചെ. 1075 മുതൽ 1125 വരെയുള്ള ഭാഗവും അടിയന്തിരമായി പൂർത്തീകരിക്കേ തു ്. ഭൂമി ലഭ്യമായ വിതരണ കനാലുകൾ അടിയന്തിരമായി പൂർത്തികരിക്കേ താണ്. പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ അടിയന്തരമായി പൂർത്തീകരിക്കേ താണ്.

4.2.11.3.ചെറുകിടജലസേചന വിഭാഗം

- പ്രവൃത്തി നടന്നുകൊ ിരിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കേ താണ്.
- പ്രവർത്തന രഹിതമായി കിടക്കുന്ന തടയണ/വിസിബി/കുളങ്ങൾ തുടങ്ങിയവയുടെ പുനരുദ്ധാരണം അടിയന്തിരമായി നടത്തേ താണ്. ഇതിനായി ഹരിതകേരളത്തിൽ സമർപ്പിച്ച പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കേ തായിട്ടു ്.
- അനുവദിക്കപ്പെട്ട റഗുലേറ്റേഴ്സ് ത്വരിതഗതിയിൽ പൂർത്തിയാക്കുകയും സംഭരണശേഷി കൂടുതലായതിനാൽ വലിയ പുഴകളിൽ സാധ്യമായ സ്ഥലങ്ങളിലൊക്കെ റഗുലേറ്റേഴ്സ് ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യേ താണ്.

- വിവിധ പദ്ധതികളുടെ കനാലിലൂടെ ലഭ്യമാവുന്ന ജലത്തെ ഉയർന്ന പ്രദേശങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് വേനൽക്കാലത്ത് സംഭരിക്കുന്ന സംവിധാനം പ്രോൽസാഹിപ്പിക്കേ താണ്.
- അരുവികളുടെയും തോടുകളുടെയും ഉദ്ഭവസ്ഥാനങ്ങളിൽ സാധ്യമായ സ്ഥലങ്ങളിലൊക്കെ മൺതലക്കുളങ്ങൾ നിർമ്മിച്ച് ജലം സംഭരിക്കുകയുംഅതുവഴിഅരുവികളിലെയും തോടുകളിലെയും ഉറവ നിലനിർത്തുകയും ചെയ്യേ താണ്.
- ഏറ്റവും വരൾച്ച ബാധിത പ്രദേശങ്ങളായ പുൽപ്പളളി/മുളളൻകൊല്ലി പ്രദേശങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി ജലസേചന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേ താണ്.
- വയനാട് ജില്ലയെ 24 നീർത്തടങ്ങളായി തിരിച്ച് നീർത്താടാധിഷ്ഠിത വികസനം നടപ്പിലാക്കുക.
- ജലം എന്ന പ്രകൃതി വിഭവം കുറഞ്ഞുകൊ ിരിക്കുന്നതിനാൽ വികസന പ്രവർത്തനങ്ങൾ സമഗ്ര നദിതട/നീർത്തടാധിഷ്ഠിത ജല വിനിയോഗത്തിലധിഷ്ടിതമായി ജല ബഡ്ജറ്റ് രൂപപ്പെടുത്തി ആവിഷ്കരിച്ചു നടപ്പിലാക്കേ താണ്. ജലവിനിയോഗത്തിനായി വിദഗ്ധരെ ഉൾപ്പെടുത്തി റഗുലേറ്ററി സംവിധാനം നദീതട അടിസ്ഥാനത്തിൽ രൂപീകരിക്കേ താണ്.
- വിവിധ ഏജൻസികൾ ജലസേചന സംബന്ധമായ പ്രവർത്തികൾ നടപ്പിലാക്കുന്നതു മൂലം ഉ ാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് ഏകോപന സംവിധാനം ആവശ്യമാണ്.
- ജലസേചനം പ്രധാനമായും നെൽകൃഷിക്കുമാത്രമായി നൽകുന്ന ഇപ്പോഴത്തെ രീതി മാറിനാണ്യവിളകൾക്കും ജലസേചന സൗകര്യം ലഭ്യമാക്കുന്ന രീതിയിൽ ജലസേചന പദ്ധതികൾ വിഭാവനം ചെയ്യേ താണ്. കൃത്യസമയത്ത് നൽകുന്ന ജലസേചനത്തിലൂടെ നാണ്യവിളകളുടെ ഉൽപ്പാദനം ഇരട്ടിയിലധികം വർധിക്കുമെന്നതിനാൽ കർഷകരുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധന ഇതിലൂടെ സാധിക്കുകയും അതോടൊപ്പം കിണറുകളിലെ ജലനിരപ്പ് ഉയരുകയും ചെയ്യുന്നതാണ്. മണ്ണിന്റെ ജലാംശവും വേനൽക്കാലങ്ങളിൽ നിലനിർത്താൻ ഇതിലൂടെ സാധിക്കും.
- തോട്ടവിള ജലസേചനം പ്രോൽസാഹിപ്പിക്കേ താണ്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കൂടുതൽ ഉപഭോക്താക്കൾ ആവശ്യമാണെന്ന നിബന്ധന ഇതിനായി ഇളവുചെയ്യുന്നത് പരിഗണിക്കാവുന്നതാണ്.
- വനം, വന്യജീവി വകുപ്പുമായി സഹകരിച്ച് നൂൽപ്പുഴ പഞ്ചായത്തിലെ കോളോട്ട് ജലസേചന പദ്ധതി നടപ്പിലാക്കുക.

4.2.12. കാവേരി ഡിവിഷന്റെ പദ്ധതികൾ

- കാവേരി ട്രിബ്യൂണൽ അനുവദിച്ച 21 ടിഎംസി ജലം ഉപയോഗിക്കുന്നതിനുള്ള സ്റ്റോറേജ് സ്ട്രക്ചേഴ്സ് ദീർഘവീക്ഷണത്തോടെ ജനവാസകേന്ദ്രങ്ങൾ കഴിവതും ഒഴിവാക്കിആവിഷ്കരിച്ച് നടപ്പിലാക്കേ താണ്.
- 11.51 ടിഎം.സി വെള്ളം വിനിയോഗിക്കുന്നതിനായി ട്രിബ്യൂണൽ അനുവദിച്ച 7 മീഡിയം പദ്ധതികളിൽ സാധ്യമല്ലാത്ത പദ്ധതികൾക്കു ബദലായി മറ്റു പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനുള്ള അനുവാദം ട്രിബ്യൂണലിൽ നിന്ന് നേടിയെടുക്കേ താണ്.
- ജില്ലയുടെ വിവിധ പ്രദേശങ്ങൾ തമ്മിൽ മഴയുടെ അളവിലും വിതരണത്തിലും പ്രകടമായ വ്യത്യാസം നിലനിൽക്കുന്നതിനാൽ ഇവയുടെ പഠനത്തിന് ഉതകുന്ന രീതിയിൽ മഴമാപിനി സ്ഥാപിക്കേ തും, അതുപോലെതന്നെ പുഴകളിൽ റിവർഗേജുകൾ സ്ഥാപിക്കേ തുമാണ്. വയനാട് കടുത്ത കാലാവസ്ഥാ വ്യതിയാനത്തിന് വിധേയമായിക്കൊ ിരിക്കുന്നതിനാൽ ഇവയുടെ സൂക്ഷ്മമായ പഠനത്തിന് പ്രസ്തുത പ്രവർത്തികൾ അത്യന്താപേക്ഷിതമാണ്.

4.2.13മേൽത്തട്ട് നിർദ്ദേശങ്ങൾ

- കാരാപ്പുഴ, ബാണാസുരസാഗർ ജലസേചന പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേ താണ്.
- കാവേരി ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം ജില്ലയ്ക്ക് അനുവദിച്ച് 21 ടി.എം.സി ജലം ഉപയോഗിക്കുന്നതിന് ജനവാസകേന്ദ്രങ്ങൾ കഴിവതും ഒഴിവാക്കി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേ താണ്.
- ഗോവയിൽ ആവിഷ്കരിച്ചിട്ടുള്ള ബന്ധാര മോഡൽ ജല സംഭരണികൾ ജില്ലയിലെ വിവിധ പുഴകളിൽ നിർമ്മിച്ച് ജലസംരക്ഷണം കൂട്ടാനുള്ള സംവിധാനം നടപ്പിലാക്കേ താണ്.
- വനം, വന്യജീവി വകുപ്പുകളുമായി സഹകരിച്ച് വിവിധ വനപ്രദേശങ്ങളിൽ ജലസംരക്ഷണ–ജലസേചന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേ താണ്.
- വനം, വന്യജീവി വകുപ്പുകളുമായി സഹകരിച്ച് നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിലെ കോളോട്ട് ജലസേചന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ താണ്.
- വരൾച്ച ബാധിത പ്രദേശങ്ങളിൽ കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കേ താണ്.
- ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വാർഷിക അറ്റകുറ്റ പണികൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് ഫ ് അനുവദിക്കുക/ ഇംപ്രസ്റ്റ് സംവിധാനം പുന:സ്ഥാപിക്കേ താണ്.

- ലിഫ്റ്റ് ഇറിഗേഷൻ സാധ്യമാക്കുന്നതിന് പുഴയോര വൈദ്യുതി വൽക്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ താണ്.
- ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ സുഗമമായ പ്രവർത്തനത്തിന് ഡിവിഷനുകളുടെ കീഴിൽ ഒരു ഇലക്ട്രിക്കൽ/മെക്കാനിക്കൽ സെഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ താണ്.
- ലിഫ്റ്റ്ഇറിഗേഷൻ പദ്ധതികളുടെ പൂർത്തീകരണത്തിനു ശേഷമുള്ള നടത്തിപ്പും അറ്റകുറ്റ പണികളും പ്രാദേശിക പാടശേഖര സമിതി/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ താണ്.
- തോടിന്റെ അതിർത്തികൾ റവന്യൂ അധികാരികൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേ താണ്.
- ജലസേചന നിർമ്മിതികളുടെ നിർമ്മാണത്തിനാവശ്യമായ ഗൈഡ് ലൈൻസ് പരിഗണിക്കേ താണ്.
- പ്രവർത്തന രഹിതമായി കിടക്കുന്ന തടയണ/വി.സി.ബി/കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിന് വേ ഫ ് അനുവദിക്കേ താണ്.
- പ്ലാന്റേഷനുകളിലെ ഉയർന്ന പ്രദേശങ്ങളിൽ മണ്ണണകളും ജലസംഭരണികളും നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കേ താണ്.
- കാവേരി ട്രൈബ്യൂണൽ അനുവദിച്ച ജലം വിനിയോഗിക്കുന്നതിനായി അനുവദിച്ച പദ്ധതികളിൽ സാധ്യമല്ലാത്തതിന് ബദലായി മറ്റു പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അനുവാദം ട്രൈബ്യൂണലിൽ നിന്നും നേടിയെടുക്കേ താണ്.
- ഓഫീസുകൾ ഇ-ഗവേൺസിലേക്ക് മാറുന്നതിലേക്ക് കമ്പ്യൂട്ടറുകൾ നെറ്റ് വർക്ക് റിപ്പയറുകൾക്കായും ഡിവിഷൻ തലത്തിൽ ഒരു ടെക്നീഷ്യനെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കേ താണ്.

4. 2.14.കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നൂതന ജലസേചന വിദ്യകളായ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ഇറിഗേഷൻ, എന്നിവ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കേ താണ്.
- ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ, സർവ്വേ എന്നീ ഘടകങ്ങൾ നിർമ്മാണ ഘട്ടങ്ങളിൽ നിർബന്ധമാക്കേ താണ്.
- നീർത്തട അടിസ്ഥാനത്തിൽ ജല ബഡ്ജറ്റിന്റെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കേ താണ്.
- നീർച്ചാലുകളുടേയും തോടുകളുടേയും പുഴകളിലെയും മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേ താണ്.

- തോടുകളിലും പുഴകളിലും രൂപപ്പെട്ട മൺതിട്ടകളും തുരുത്തുകളും മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കേ താണ്.

4.2.15.. സംഗ്രഹം

വയനാട് ജില്ലയിലെ കൃഷിക്ക് അനുയോജ്യമായ ഭൂമിയുടെ 88 ശതമാനത്തിലും ജലസേചന സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ നിലനിൽക്കുകയാണ്. (ഈ അവസ്ഥ മാറ്റിയെടുക്കാൻ ജലവിഭവങ്ങളുടെ ശാസ്ത്രീയമായ ആസൂത്രണവും ഉപയോഗവും ആവശ്യമാണ്. ജില്ലയുടെ മൊത്തം ആവശ്യത്തിന്റെ 9 ശതമാനം ജലം മാത്രമാണ് നിലവിലുള്ള പദ്ധതികൾകൊ ് സാധ്യമായിട്ടുള്ളത്. ഈ വിടവ് നികത്താൻ ഇടത്തരം ജലസേചന പദ്ധതികളും ജില്ലയിലെ മറ്റ് ചെറുകിട ജലസേചന പദ്ധതികളും സമയബന്ധിതമായി നടപ്പാക്കേ തു ്.

മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് ഒരുപാട് സാധ്യതകളുള്ള ഒരു ഭൂപ്രകൃതിയാണ് വയനാട് ജില്ലയ്ക്ക് ഉള്ളത്. മൈനർ ഇറിഗേഷൻ സ്ട്രക്ചറുകളായ റെഗുലേറ്റർ, ചെക്ക് ഡാം, ലിഫ്റ്റ് ഇറിഗേഷൻ, ഡൈവേർഷൻ വിയർ, വിസിബി, ജലസേചനകുളം, കിണർ എന്നിവയുടെ ആസൂത്രണവും പുനരുദ്ധാരണവും സമയബന്ധിതമായി നടപ്പിലാക്കേ താണ്. കബനീ നദീതടത്തിൽ കാവേരി ട്രൈബ്യൂണലിന്റെ അന്തിമ തീരുമാന പ്രകാരം ലഭിച്ച 21 ടിഎംസി ജലം കാലതാമസമില്ലാതെ വിനിയോഗിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേ താണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിശദമായ ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചുള്ള സർവ്വേ നടത്തേ തു ്. നെൽപാടങ്ങൾ അശാസ്ത്രീയമായി നികത്തുന്നതിനെതിരെ വേ നടപടികൾ സ്വീകരിക്കേ താണ്.

നൂതന ജലസേചന വിദ്യകളായ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ജലസേചനം, ഹൈഡ്രോ പോണിക്സ് എന്നിവ പ്രോത്സാഹിപ്പിക്കേ താണ്.

അനുവദിച്ച് കിട്ടിയ ജല വിഭവത്തെ ശാസ്ത്രീയ ആസൂത്രണത്തിലൂടെയും പ്രവൃത്തികളിലൂടെയും നാടിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തേ തു ്. ഇതിനായി ജനകീയ സമിതികളും പ്രദേശിക സർക്കാരും ദീർഘവീഷണത്തോടെ സമീപിക്കണം. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം വളരെ അടിയന്തിര കടമയായി കണക്കാക്കാം.

****

മണ്ണ് ജല സംരക്ഷണം

4.3. ആമുഖം

വയനാട് ജില്ലയ്ക്ക് ആസൂത്രിതമായൊരു ജലപരിപാലന വിനിയോഗ നയം ഉ ായിരുന്നില്ല. 8–ാം നൂറ്റാ ിന്റെ അവസാനത്തോടുകൂടി വയനാട്ടിലേയ്ക്ക് കുടിയേറിയ ജൈനസമൂഹവും 10–ാം നൂറ്റാ ിൽ കുടിയേറിയ ചെട്ടി സമൂഹവുമാണ് ജില്ലയിലെ ഗോത്രവിഭാഗത്തോടൊപ്പം കാർഷിക മേഖല വിപുലപ്പെടുത്തിയത്. അന്നൊന്നും ജലസേചനത്തിന്റെ യോ മണ്ണുസംരക്ഷണത്തിന്റെയോ ആവശ്യകത അവർക്ക് ചിന്തിക്കേ ി വന്നിരുന്നില്ല. സമ്പന്നമായിരുന്ന മണ്ണും, മറ്റുവിഭവസ്രോതസ്സുകളും ഉൾപ്പെടുന്ന ജൈവ വൈവിദ്ധ്യം. ഉൽപ്പാദനക്ഷമതയുടെ പരമാവധി തന്നെ വിളകൾക്ക് ലഭിച്ചിരുന്നു. 19–ാം നൂറ്റാ ിന്റെ അവസാനത്തിലും 20–ാം നൂറ്റാ ിന്റെ ആരംഭത്തിലുമായി ബ്രിട്ടീഷ് ഭരണാധികാരികളുടെ നേതൃത്വ ത്തിൽ തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുവേ ിയുള്ള സമൂല വന നശീകരണ മായിരുന്നു വയനാടിനു ായ ആദ്യത്തെ ആഘാതം. 10 നദികളുടെ ഉത്ഭവസ്ഥാനമായിരുന്ന വനമേഖല ശോഷണത്തിന്റെയും പാരിസ്ഥിതിക തകർച്ചയുടെയും ലക്ഷണങ്ങൾക്ക് ഇവിടെ തുടക്കം കുറിച്ചു. മധ്യതിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റത്തിന് ശേഷം ചെറുകിട നാമമാത്ര കൃഷി ഭൂമികളായി വനമേഖലയും തോട്ടങ്ങളും മാറ്റപ്പെട്ടതും തുടർന്ന് ആവർത്തിച്ച് വിളമാറ്റം നടത്തുന്ന കൃഷിരീതികൾ അവംലംബിച്ചതും ജലസംഭരണ മേഖലകളായിരുന്ന വയലുകളും ചതുപ്പുകളും തിരിച്ചുപിടിക്കാനാകാത്ത വിധം മാറ്റം വരുത്തിയതും വയനാടിനെ ഒരു ഊഷരഭൂമിയാക്കി മാറ്റപ്പെടുത്തി. മണ്ണിൽ ജൈവാംശത്തിന്റെ അളവിലു ായ കുറവ് മണ്ണിന്റെ ജലാഗിരണ ശേഷിയേയും ജല സംഭരണ ശേഷിയെയും സാരമായി ബാധിച്ചു. അത് ഉറവകളെ ശോഷിപ്പിച്ചു. വയനാടിന്റെ ഉപരിഭാഗത്തു ായിരുന്ന ഉറവകളിൽ 70% ഉം അപ്രത്യക്ഷമായത് ജലസ്രോതസ്സുകളുടെ സുരക്ഷിതത്വം നഷ്ടപ്പെടുത്തുന്നതിനും കാർഷിക മേഖലയുടെ തകർച്ചയ്ക്കും ഇടയാക്കി. വരൾച്ച ഒരു സ്ഥിരം പ്രതിഭാസമായി. മണ്ണുസംരക്ഷണത്തിന്റെ പ്രസക്തി മേൽ പറഞ്ഞ സാഹചര്യങ്ങളിൽ വയനാടിന് അത്യന്താപേക്ഷിതമായിരിക്കുകയാണ്. സുസ്ഥിര വികസനത്തിനുള്ള കാഴ്ചപ്പാടിൽ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയുടെ സംരക്ഷണം അതീവപ്രാധാന്യം അർഹിക്കുന്നു.

ചിത്രം.4.3.1



.4.3.1.. ഭൂപ്രകൃതി– ഭൂമിശാസ്ത്രപരമായ തരംതിരിവ്

ഡെക്കാൺ പീഠഭൂമിയുടെ തെക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന വയനാട് സമുദ്രനിരപ്പിൽ നിന്നും 690 മീറ്റർ മുതൽ 2068 മീറ്റർ വരെ ഉയരത്തിലും പശ്ചിമഘട്ട മലനിരകളാലും, വിശാലമായ പാടശേഖരങ്ങൾ ഉൾപ്പെടുന്ന താഴ്വരകൾ കൊ ും നിറഞ്ഞതാണ്. ഭൂമിശാസ്ത്രപരമായി വയനാടിനെ മൂന്നായി തരംതിരിക്കാവുന്നതാണ്.

4.3.2 . പീഠഭൂമി

690 മീറ്റർ മുതൽ 900 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന വയലുകളും ചതുപ്പുകളും ഉൾപ്പെടുന്ന ഭൂഭാഗമാണിത്. മിതമായ ചരിവോടുകൂടിയ വിശാലമായ താഴ്വരകൾ, എക്കലടിഞ്ഞു ായ സമതലങ്ങൾ, നിന്മോന്നമായ ചെറുകുന്നുകൾ, ചെങ്കുത്തായ ഒറ്റപ്പെട്ട കുന്നുകൾ എന്നിവ പീഠഭൂമിയുടെ സവിശേഷതകളാണ്.

4.3.3. മധ്യസഹ്യാദ്രി

900 മീറ്റർ മുതൽ 1200 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ചരിവോടുകൂടിയ മലയടിവാരങ്ങളും, ചെങ്കുത്തായ ചരിവോടുകൂടിയ ഒറ്റപ്പെട്ട കുന്നുകളും, കുത്തനെയുള്ള ചരിവോടുകൂടിയ നീളം കൂടിയ മലതല പ്പോടുകൂടിയ പ്രദേശങ്ങളും മധ്യസഹ്യാദ്രി ഭൂഭാഗത്തിൽ ഉൾപ്പെടുന്നു.

4.3.4.. മലനാട്

1200 മീറ്ററിന് മുകളിൽ സ്ഥിതി ചെയ്യുന്ന ചെങ്കുത്തായതും ഉയരം കൂടിയതുമായകുന്നുകൾ മലനാടിന്റെ സവിശേഷതയാണ്. ഈ പ്രദേശത്തിന്റെ ഏറ്റവും കൂടിയ ഉന്നതി 2068 മീറ്ററാണ്.

2131 ച. കി.മീറ്റർ വിസ്തൃതിയുള്ള വയനാട് ജില്ലയുടെ നാലിൽമൂന്ന് അതിർത്തി പ്രദേശങ്ങളും ഉയർന്ന കുന്നുകളാണ്. വടക്ക് ബ്രഹ്മഗിരിമല (1538 മീറ്റർ) പേരിയ, വരയാൽ, ആലാറ്റിൽ. വടക്ക് പടിഞ്ഞാറ് തൊ ർമുടി, പക്രന്തളം (1112 മീറ്റർ) പടിഞ്ഞാറ് ബാണാസുരമല (2059 മീറ്റർ) കുറിച്യർമല (1606 മാറ്റർ) കരിങ്കണ്ണി മല (1334) മൈലാടിമല (1550) തെക്ക് പടിഞ്ഞാറ് നരിക്കോട്ട്മല (1551 മീറ്റർ) ലക്കിടി (944 മീറ്റർ) തെക്ക് ഇളമ്പിലേരിമല (2068 മീറ്റർ) ചൂരൽമല അട്ടമല തെക്ക് കിഴക്ക് വടുവൻചാൽ, നീലിമല (1064 മീറ്റർ) കിഴക്ക് അമ്പുകുത്തി (1200 മീറ്റർ) തൊവരിമല (1074 മീറ്റർ) കുപ്പമുടി (1090 മീറ്റർ) എന്നിങ്ങനെയാണ്. അതിർത്തികളിൽ അവശേഷിക്കുന്ന നാലിലൊന്ന് ഭാഗം കർണ്ണാടകയോട് തുറന്ന് കിടക്കുന്ന താരതമ്യേന ചരിവ് കുറഞ്ഞതും നിരന്നതുമായ മുള്ളൻകൊല്ലി, പുൽപ്പള്ളി, നൂൽപ്പുഴ, സുൽത്താൻബത്തേരി പ്രദേശങ്ങളുമാണ്.

വയനാടിന്റെ ഇടനാട് പ്രദേശം അനേകം ചെറുകുന്നുകളും തുടർച്ചയായ വയലുകളും വിശാലമായ താഴ്വരകളും,എക്കലടിഞ്ഞ ചതുപ്പും ഉൾപ്പെടുന്നു.

വയനാടിന്റെ മൊത്തം ഭൂപ്രദേശങ്ങളിൽ 1305 ച.കിലോ മീറ്റർ 25% വരെ ചരിവുള്ളതും 596 ച.കി.മീറ്റർ 25% മുതൽ 50% വരെ ചരിവുള്ളതും 230 ച.കി.മീറ്റർ 50% ത്തിൽ കൂടുതൽ ചരിവുള്ളതുമായ പ്രദേശങ്ങളാണ്.

4.3.5. ഭൂവിനിയോഗം

1972–ൽ ജിയോഗ്രാഫിക്കൽ സർവ്വെ ഓഫ് ഇന്ത്യ പുറത്തിറക്കിയ വയനാട് ജില്ലയുടെ മാപ്പ് പ്രകാരം 938.52.ച.കി.മീറ്റർ വനവും 402.82 ച.കി.മീറ്റർ തോട്ടങ്ങളും 309.2 ച.കി.മീറ്റർ വയലുകളും ചതുപ്പുകളും 480.46 ച.കി.മീറ്റർ ചെറുകിട നാമമാത്ര കൃഷിഭൂമിയും മറ്റു ഇതര ഭൂമിയുമായിരുന്നു. 45 വർഷത്തിന് ശേഷം ഇപ്പോഴുള്ള കണക്കുകൾ പ്രകാരം മൊത്തം വിസ്തൃതിയായ 2131 ച.കി.മീറ്ററിൽ മാറ്റം വന്നിട്ടില്ലെങ്കിലും ഭൂവിനിയോഗത്തിൽ പ്രകടമായ

മാറ്റം സംഭവിച്ചിട്ടു ്. ഇപ്പോഴത്തെ കണക്കുപ്രകാരം 851.57 ച.കി.മീറ്റർ വനവും തേയില, കാപ്പി, ഏലം സമ്മിശ്ര വിളകൾ എന്നിവ കൃഷി ചെയ്യുന്ന തോട്ടങ്ങൾ മൊത്തം 143.67 ച.കി.മീറ്ററായിട്ടും വയലുകളിൽ 135.2 ച.കി.മീറ്റർ ഭാഗികമായി മാത്രം കൃഷിചെയ്യുന്ന വയലുകളായും മാറ്റപ്പെട്ടിരിക്കുന്നു. എന്നാൽ ചെറുകിട നാമമാത്ര കൃഷിഭൂമി മറ്റു ഇതര ഭൂമി എന്നതിന്റെ വിസ്തൃതി 826.56 ച.കി.മീറ്ററായി മാറ്റം വന്നിട്ടു ്

പട്ടിക.4.3.1.

വയനാട് ഭൂവിനിയോഗം

ക്ര.നം	1972 –ൽ			ഇപ്പോഴത്തെ കണക്ക്
1	വനം		938.52 ച.കി.മീ.	851.57.ച.കി.മീ
2	പ്ലാന്റേഷൻ	തേയില	402.82 ച.കി.മീ.	47.44 ച.കി.മീ.
		കാപ്പി		36.33 ച.കി.മീ.
		ഏലം		37.60 ച.കി.മീ.
		സമ്മിശ്രവിളകൾ		22.30 ച.കി.മീ.
	വയൽ		309.20 ച.കി.മീ.	174 ച.കി.മീ.
3	തിരിച്ചുപിടിക്കാൻ പറ്റാത്ത വിധം തരം മാറ്റപ്പെട്ട വയൽ			135.2 ച.കി.മീ.
4	ചെറുകിട നാമമാത്ര കൃഷി ഭൂമിയും മറ്റ് ഇതരഭൂമിയും		480.46 ച.കി.മീ.	826.56 ച.കി.മീ.
	മൊത്തം വിസ്തൃതി		2131 ച.കി.മീ.	2131 ച.കി.മീ.

അവലംബം – ലാൻഡ് യൂസ് ബോർഡ്

4.3.6. . ജില്ലയുടെ പാരിസ്ഥിതികമായ പ്രത്യേകതകൾ

അതിർത്തിയിലെ ഉയർന്ന കുന്നുകൾ ഏറ്റവും സമ്പന്നവും നിബിഡവുമായി വനമേഖലകളായിരുന്നു. ഒരു കാലത്ത് ജൈവവൈവിധ്യത്തിന്റെ കലവറയായിരുന്ന ഇവിടം ഒരിക്കലും വറ്റാത്ത നീരുറവകളുടെ പ്രഭവ കേന്ദ്രവും 10 നദികളുടെ ഉത്ഭവസ്ഥാനവുമായിരുന്നു. വയനാട് ജില്ലയുടെ സൂക്ഷ്മ കാലാവസ്ഥ രൂപപ്പെടുത്തിയതിൽ അതിർത്തിയിലെ ഈ കുന്നുകളും അവിടത്തെ വൃക്ഷാവരണവും പ്രധാന പങ്കുവഹിച്ചിട്ടു ്.

ജില്ലയുടെ സമൃദ്ധമായ ജലസംഭരണ മേഖലയായും ജൈവ വൈവിധ്യ ത്തിന്റെ കലവറയായും കാർഷിക സമൃദ്ധിയുടെ കേന്ദ്രമായും വർത്തിച്ചിരുന്നത് മധ്യസഹ്യാദ്രിയിലെ ഉയരം കൂടിയ പ്രദേശങ്ങളും പീഠഭൂമിയും ചതുപ്പുകളുമായിരുന്നു. ഭൂഗർഭജലം സുരക്ഷിതമാക്കുന്നതിനും കോടയും തണുപ്പും നിലനിർത്തുന്നതിനും അരുവികൾ രൂപപ്പെടുന്നതിനും എക്കലടിഞ്ഞ് ഫലഭൂയിഷ്ടമായ മണ്ണിന്റെ ഉറവിടമായ ഈ മേഖല പ്രധാന പങ്ക് വഹിച്ചിട്ടു ്.

4.3.7.. നീരൊഴുക്കിന്റെ സ്വഭാവം

വളഞ്ഞുപുളഞ്ഞൊഴുകുന്ന നീർച്ചാലുകളുടെ വലിയൊരു ശൃംഖല വയനാടിനു ്. 5220 ചെറുതും വലുതുമായ തോടുകൾ 4275 കിലോമീറ്റർ ദൈർഘ്യത്തിൽ ജില്ലയിൽ വ്യാപിച്ചുകിടക്കുന്നു. ഈ നീർച്ചാൽ ശൃംഖലയുടെ ആവൃത്തി ചതുരശ്ര കിലോമീറ്ററിന് 2.45 എണ്ണവും സാന്ദ്രത 1.98 കിലോമീറ്ററുമാണ്. ഇവയിൽ 30% നീർച്ചാലുകളും കുത്തനെയുള്ള ചരിവിലൂടെ ഒഴുകുന്നതും 30% മിതമായ ചരിവിലൂടെ ഒഴുകുന്നതും 40% കുറഞ്ഞ ചരിവിലൂടെ ഒഴുകി കബനിയായി കാവേരിയിലെത്തുന്നു.

4.3.8 .കാലാവസ്ഥ

ആർദ്രോഷ്ണ മേഖലയിൽ ഉൾപ്പെടുന്ന വയനാട്ടിൽ ജൂൺ മുതൽ സെപ്റ്റംബർ വരെ തെക്കുപടിഞ്ഞാറൻ മൺസൂണും ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവും തുടർന്ന് വേനൽമഴയും ലഭിക്കുന്നു. മൊത്തം ലഭിക്കുന്ന മഴയിൽ 65% തെക്കുപടിഞ്ഞാറൻ മൺസൂണും, 25% തുലാവർഷവും, 10% വേനൽമഴയുമാണ്. 37.840ഇ (മാർച്ച് 2002) ആണ് ജില്ലയിൽ രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന താപം. ഡിസംബർ 2004 ലെ 13.870ഇ രേഖപ്പെടുത്തപ്പെട്ട ഏറ്റവും കുറഞ്ഞ താപം

ചിത്രം.4.3.2.



അവലംബം- മണ്ണ് സംരക്ഷണ വകുപ്പ്

4.3.9 പ്രധാന മണ്ണിനങ്ങൾ

മലമണ്ണ്, വനമണ്ണ്, എക്കൽമണ്ണ്, വെട്ടുക്കല്ല് മണ്ണ് എന്നിവയാണ് വയനാട് ജില്ലയിൽ കാണപ്പെടുന്ന പ്രധാന മണ്ണിനങ്ങൾ. ബട്ടുവാടി, പുൽപ്പള്ളി, മാനന്തവാടി, സുൽത്താൻ ബത്തേരി, പേരിയ, മേപ്പാടി എന്നീ സീരിസ്സുകളിലുള്ള മണ്ണിന്റെ സ്വഭാവ സവിശേഷതകളും ഭൂവിനിയോഗ സാധ്യതകളും ഉൽപ്പാദന ക്ഷമതയും താഴെ പട്ടികയിൽ പ്രതിപാദിക്കുന്നു

പ ട്ടിക 4.3.2

ക്രമം	മണ്ണിന്റെ സീരിസ്	ചരിവ് %	ഭൂ വിനിയോഗം	നൈട്രജൻ സ്റ്റാറ്റസ് %	ഫോസ്ഫറസ് സ്റ്റാറ്റസ് ഗഴ/ഒമ	പൊട്ടാഷ് ഗഴ/ഒമ	ഉൽപ്പാദന ക്ഷമത	അമ്ല/ക്ഷാര അവസ്ഥ	മണ്ണ്സംരക്ഷണത്തിനുള്ളമുൻഗണന
1	ബട്ടുവാടി	1–5	നെല്ല്, വാഴ പച്ചക്കറി	0.84–1.31	10.3–19–5	115–187	വളരെ നല്ലത്	അമ്ല സ്വഭാവം കൂടുതൽ	കുറവ്
2	പുൽപ്പള്ളി	10–25	കുരുമുളക് കാപ്പി, റബ്ബർ	1.23–1.57	11.57–22.00	187–201	നല്ലത്	അമ്ല സ്വഭാവം ഉള്ളത്	ശരാശരി ഉയർന്ന

3	മാനന്തവാടി	10–25	കുരുമുളക് കാപ്പി, റബ്ബർ	1.85–2.0	11.1 – 15.50	260–285	നല്ലത്	അമ്ല സ്വഭാവം വളരെ കൂടുതൽ	ശരാശരി ഉയർന്ന
4	സു.ബത്തേരി	15–33	കുരുമുളക് കാപ്പി, റബ്ബർ	0.88–1.20	7.3–8.5	230–535	നല്ലത്	അമ്ല സ്വഭാവം കൂടുതൽ	ശരാശരി ഉയർന്ന
5	പേര്യ	15–33	വനം	1.98–2.21	8.3–21.7	174–199	–	അമ്ല സ്വഭാവം കൂടുതൽ	ഉയർന്ന
6	മേപ്പാടി	> 40	വനം, ഏലം	0.90–1.50	18..6–22.1	233–245	നല്ലത്	അമ്ലസ്വഭാവം വളരെ കൂടുതൽ	ഉയർന്ന

അവലംബം – ലാൻഡ് യൂസ് ബോർഡ്

ജില്ലയിലെ 23 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും 3 മുനിസിപ്പൽ പ്രദേശങ്ങളിലും വ്യത്യസ്തമായ അളവിലാണ് ജൈവ കാർബൺ ക ുവരുന്നത്. മണ്ണിന്റെ ജഒ വ്യത്യസ്ഥമാണ്. ശരാശരി 5% ജൈവകാർബൺ ഉ ാകേ തിന് പകരം കേവലം 0.82% മുതൽ 2.32% വരെയാണ് ജില്ലയിൽ കാണപ്പെടുന്നത്. ജഒ പ്രകാരം പൊതുവേ ന്യൂട്രൽ സ്ഥിതി ആണെങ്കിലും അപൂർവ്വം ചില മേഖലകളിൽ ക്ഷാരാംശംക ുവരുന്നു ്.

പട്ടിക4.3.3.

മണ്ണിൽ ജൈവ കാർബണിന്റെ അളവ്

ക്ര.നം	പഞ്ചായത്ത്	ജൈവകാർബണിന്റെ അളവ്	P^H
1	മുട്ടിൽ	1.36	6.5
2	പുൽപ്പള്ളി	1.5	7.2
3	തിരുനെല്ലി	2.36	6.3
4	പൂതാടി	1.24	5.5
5	വേങ്ങപ്പള്ളി	.0936	5.8
6	നൂൽപ്പുഴ	0.88	7.3
7	കൽപ്പറ്റ	0.94	5.9
8	മാനന്തവാടി	0.82	6
9	നെൻമേനി	1.3	5.8
10	ബത്തേരി	1.98	6.9
11	മീനങ്ങാടി	1.09	7.03
12	വൈത്തിരി	1.83	9
13	അമ്പലവയൽ	1.83	5.9
14	തരിയോട്	0.97	6.3
15	കോട്ടത്തറ	1.05	6.9
16	പൊഴുതന	1.10	5.9
17	മേപ്പാടി	0.99	6.1
18	പനമരം	1.15	7.01
19	മുള്ളൻകൊല്ലി	1.07	5.8
20	വെള്ളമു	1.05	6.8
21	കമിയാമ്പറ്റ	1.23	5.9
22	പടിഞ്ഞാറത്തറ	1.02	6.8
23	എടവക	1.31	6.3
24	തവിഞ്ഞാൽ	1.11	7.1
25	തൊ ർനാട്	1.08	5.7

അവലംബം– മണ്ണ് സംരക്ഷണ വകുപ്പ്

പട്ടിക 4.3.4.

വയനാട്ടിലെ നദീതടങ്ങൾ

ക്രമം	നദീതടം	വനം ഹെക്ടർ	എസ്റ്റേറ്റ് ഹെക്ടർ	വയൽ ഹെക്ടർ	കരഭൂമി ഹെക്ടർ	ആകെ ഹെക്ടർ	ശതമാനം	പഞ്ചായത്ത്
1	കബനി	60350	33320	24919	44981	163570	76.746	നൂൽപ്പുഴ ഒഴികെ വയനാട്ടിലെ 22 പഞ്ചായത്തുകളും 3 മുനിസിപ്പാലിറ്റികളും
2	നൂൽപ്പുഴ	19360	519	5021	1112	26012	12.204	നൂൽപ്പുഴ, സു.ബത്തേരി നെൻമേനി
3	വാരഞ്ചി (നുഗു)	4891				4891	2.294	പൂതാടി
4	മസാലെ തോട്	81				81	0.038	തിരുനെല്ലി
5	ബാലെ മസ്ത്ഗുടി തോട്	983				983	0.461	തിരുനെല്ലി
6	വളപ്പട്ടണം പുഴ	1193	475		33	1701	0.798	തവിഞ്ഞാൽ
7	കോരപുഴ	30				30	.0019	പൊഴുതന
8	മാഹിപുഴ	27				27	0.012	തൊ ർനാട്
9	കുറ്റ്യാടി പുഴ	808				808	0.379	പടിഞ്ഞാറത്തറ, തരിയോട്, തൊ ർനാട്, പൊഴുതന
10	അഞ്ചരക്ക ി	17				17	0.008	തവിഞ്ഞാൽ
11	ചാലിയാർ പുഴ	6110	5968	980	1950	15008	7.041	മേപ്പാടി, അമ്പലവയൽ, മൂപ്പൈനാട്, പൊഴുതന
	ആകെ	93852	40282	30920	48076	213130	100	

അവലംബം- മണ്ണ് സംരക്ഷണ വകുപ്പ്

മേൽ പറഞ്ഞവയിൽ നൂൽപ്പുഴ നദീതടം, കബനിനദീതടം, ചാലിയാർ നദീതടം എന്നിവയാണ് ജില്ലയിൽ പ്രധാനപ്പെട്ടവ.

4.3.9.1.. നൂൽപ്പുഴ നദീതടം

ഗൂഡല്ലൂരിലെ നെല്ലാകോട്ട മലനിരകളിൽ നിന്നും ഉത്ഭവിച്ച് വയനാട് ജില്ലയിൽ പ്രവേശിച്ച് നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലൂടെ ഒഴുകി 'നുഗു' അണക്കെട്ടിൽ എത്തിച്ചേരുന്ന 'നൂൽപ്പുഴ' യുടെ വൃഷ്ടി പ്രദേശമായ 26012 ഹെക്ടറിൽ ജില്ലയിൽ നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് പൂർണ്ണമായും നെൻമേനി പഞ്ചായത്ത്, സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി എന്നിവ ഭാഗികമായും ഉൾപ്പെടുന്നു.

4.3.9.2. ചാലിയാർ നദീതടം

പൊഴുതന, വൈത്തിരി, മേപ്പാടി, മൂപ്പൈനാട്, അമ്പലവയൽ, നെൻമേനി പഞ്ചായത്തുകളിൽ ഉൽപ്പെടുന്ന 15008 ഹെക്ടർ പ്രദേശം ചാലിയാർ നദീയുടെ വയനാട് ജില്ലയിലെ വൃഷ്ടി പ്രദേശമാണ്.

4.3.9.3.. കബനി നദീതടം

നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഒഴികെ ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളും മൂന്ന് മുനിസിപ്പാലിറ്റികളും കബനി നദീതടത്തിൽ ഉൾപ്പെടുന്നു. ജില്ലയിലെ പ്രധാന നദിയായ കബനിയുടെ നദീതടസംരക്ഷണ പ്രവൃത്തികൾ ജില്ലയുടെ മൊത്തത്തിലുള്ള പരിസ്ഥിതി പുന:സ്ഥാപനത്തിന് ഉതകുന്നതാണ്. കബനി നദിയുടെ പ്രധാന കൈവഴികളെല്ലാം നൂറ് കണക്കിന് വിവിധ ക്രമത്തിലുള്ള നീർച്ചാലുകൾ ഉൽപ്പെടുന്നതാണ്. നദീതടത്തിൽ ചതുരശ്രകിലോ മീറ്ററിന് 2.45 എന്ന തോതിൽ കാണപ്പെടുന്ന നീർച്ചാലുകളുടെ ആവൃത്തിയും, ചതുരശ്ര കിലോമീറ്ററിന് 1.98 കി.മീറ്റർ എന്ന രീതിയിലുള്ള നീർച്ചാൽ സാന്ദ്രതയും ജില്ലയിൽ നീർച്ചാലുകൾ സംരക്ഷിക്കുന്നതിന്റെ ആവശ്യകത എടുത്തുപറയുന്നു.

തിരുനെല്ലി, ബ്രഹ്മഗിരി കുന്നുകളിൽ നിന്നും ബേഗൂർ തൃശ്ശിലേരി എന്നിവിടങ്ങളിൽ നിന്നും ഉത്ഭവിച്ച് കബനി നദിയിൽ ചേരുന്ന 'ബാവലി പുഴ', തവിഞ്ഞാൽ പഞ്ചായത്തിലെ വരയാൽ, ആലാറ്റിൽ, പേര്യ, തൊ ർനാട് പഞ്ചായത്തിലെ മക്കിയാട്, നിരവിൽപുഴപക്രംതളം, തൊ ർമുടി എന്നിവിടങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന 'മാനന്തവാടി പുഴ'യും കബനിയുടെ പ്രധാന കൈവഴികളാണ്.

ബാണാസുര മലകളിൽ നിന്ന് ഉത്ഭവിക്കുന്ന 'കാരമൻ തോട്' വൈത്തിരി, സുഗന്ധഗിരി കുന്നുകളിൽ നിന്നും ആരംഭിക്കുന്ന വൈത്തിരി പുഴ (പൊഴുതന പുഴ) എളമ്പിലേരി കുന്നിന്റെ വടക്ക് പടിഞ്ഞാറൻ ഭാഗങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന തോടുകളും മണിക്കുന്ന് മലയിൽ നിന്നും ഉത്ഭവിക്കുന്ന തോടുകളും ഒന്നിച്ച് കൽപ്പറ്റ, മണിയംകോട്, വേങ്ങപ്പള്ളി, പിണങ്ങോട് വഴി ഒഴുകുന്ന 'ചെറുപുഴ' നെടുമ്പാല, തൃക്കൈപ്പറ്റ, നെല്ലിമാളം എന്നിവിടങ്ങലിൽ നിന്നും ഉത്ഭവിച്ച് മുട്ടിൽ വഴി ഒഴുകുന്ന 'മുട്ടിൽ പുഴ' മേപ്പാടി, മൂപ്പൈനാട്, കുമ്പളേരി, അമ്പലവയൽ, എന്നീ പ്രദേശങ്ങളിൽ ഉത്ഭവിക്കുന്ന കാരാപ്പുഴ, സുൽത്താൻ ബത്തേരി, പൂതിക്കാട്, അമ്പുകുത്തി മലനിരകൾ (വടക്കൻ ചെരിവ്) ചീങ്ങേരിക്കുന്ന് (കിഴക്ക് ചെരിവ്) തൊവരിമല (വടക്ക് ഭാഗം) എന്നിവിടങ്ങളിൽ നിന്നും ഉത്ഭവിച്ച് പാതിരിപ്പാലം, മൈലമ്പാടി വഴി ഒഴുകുന്ന ചു ാലി പുഴ, സുൽത്താൻ ബത്തേരി, ചെതലയം വനമേഖലകളിൽ നിന്നും ഉത്ഭവിച്ച് വാകേരി, കേണിച്ചിറ, നടവയൽ വഴി ഒഴുകുന്ന നരസിപുഴ എന്നിവ കൂടി ചേർന്നാണ് പനമരം പുഴ രൂപപ്പെടുന്നത്.

പട്ടിക 4.3.5.

ക്രമ നം	നദി	വനം ഹെക്ടർ	എസ്റ്റേറ്റ് ഹെക്ടർ	വയൽ ഹെക്ടർ	കരഭൂമി ഹെക്ടർ	ആകെ ഹെക്ടർ	പഞ്ചായത്ത്
1	ബാവലി	12608	2692	1799	2077	19176	തിരുനെല്ലി
2	മാനന്തവാടി	16837	4349	5935	11559	38680	മാനന്തവാടി, വെള്ളമു , തവിഞ്ഞാൽ, തൊ ർനാട്, എടവക
3	പനമരം പുഴ	21880	23894	14276	24927	84977	സു.ബത്തേരി, പനമരം, അമ്പലവയൽ, മേപ്പാടി, നെൻമേനി, പൂതാടി, പൊഴുതന, വൈത്തിരി, മൂപ്പൈനാട്, പടിഞ്ഞാറത്തറ,

							തരിയോട്, കൽപ്പറ്റ, വേങ്ങപ്പള്ളി, കോട്ടത്തറ, വെള്ളമു , കണിയാമ്പറ്റ, പുൽപ്പള്ളി
4	കന്നാരം കടമാൻതോട് മണിക്കാട് പുഴ	9025	2385	2909	6418	20737	മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി

അവലംബം- മണ്ണ് സംരക്ഷണ വകുപ്പ്

പോഷക നദികൾ

കുറിച്യാട് വന മേഖലയിൽ നിന്നും ഉത്ഭവിച്ച് പൂതാടി, മുള്ളൻകൊല്ലി, പുൽപ്പള്ളി, പഞ്ചായത്തുകളുടെ കിഴക്കേ അതിർത്തിയിലൂടെ ഒഴുകുന്ന കന്നാരം പുഴ, ചീയമ്പം–ഇരുളം വനമേഖലകളിൽ നിന്നും ആരംഭിക്കുന്ന കടമാൻതോട്, പാതിരി വനമേഖലയിൽ നിന്നും ഉത്ഭവിച്ച് പാക്കം, ദാസനക്കര വഴി ഒഴുകുന്ന മണിക്കാട് പുഴ എന്നിവയും വയനാട് ജില്ലയുടെ വടക്ക് കിഴക്ക് അതിർത്തിയിൽവച്ച് കബനി നദിയിൽ ചേരുമ്പോൾകബനിനദിപൂർണ്ണമാകുന്നു

4.3.10. നീരൊഴുക്കിന്റെ അളവ്

കഴിഞ്ഞ 10 വർഷത്തെ മഴയുടെ ശരാശരി അളവായ 2246 മില്ലി മീറ്റർ പ്രകാരം വയനാട് ജില്ലയിൽ ഒരു വർഷം 169 ടി.എം.സി ജലം മഴയിലൂടെ ലഭിക്കുന്നു. വയനാടിന്റെ ഭൂവിനിയോഗത്തിൽ വന്ന മാറ്റത്തിന്റെ ഫലമായി ഇതിൽ 70% ത്തിൽ അധികം (118.9 ടി.എം.സി.) വെള്ളവുംപുഴകളിലൂടെ വയനാട്ടിൽ നിന്നും ഒഴുകി നഷ്ടപ്പെടുന്നു.

പട്ടിക.4.3.6.

പ്രതിവർഷം മഴയിലൂടെ ലഭിക്കുന്ന മൊത്തം ജലം – 169 ടി.എം.സി.

നദികളിലൂടെ പ്രതിവർഷം ഒഴുകുന്ന ജലം

1	കബനി	98.10 ടി.എം.സി	ബംഗാൾ ഉൾക്കടൽ 109.495 ടി.എം.സി.
2	നൂൽപ്പുഴ	9.30 ടി.എം.സി	
3	വാരാഞ്ചി പുഴ	1.78 ടി.എം.സി	
4	ബാലെ മസ്തിഗുഡി	0.285 ടി.എം.സി	
5	മസ്സാലെ തോട്	0.030 ടി.എം.സി	
6	വളപട്ടണം പുഴ	1.150 ടി.എം.സി.	അറബിക്കടൽ 9.404 ടി.എം.സി
7	കോരപ്പുഴ, മാഹി പുഴ, കുറ്റ്യാടി പുഴ, അഞ്ചരക്ക ി പുഴ	0.454 ടി.എം.സി.	
8	ചാലിയാർ പുഴ	7.80 ടി.എം.സി	
	മൊത്തം	**118.90 ടി.എം.സി**	

അവലംബം- മണ്ണ് സംരക്ഷണ വകുപ്പ്

4.3.11... ജലശേഖരണ ശേഷിയും ജല ആവശ്യകതയും

ജില്ലയിൽ നിലവിലുള്ള നിർമ്മിതികളുടെ ആകെ ശേഷി കേവലം 5.5 ടി.എം.സി. മാത്രമാണുള്ളത്. എന്നാൽ നമ്മുടെ ജല ആവശ്യകത 21 ടി.എം.സിയാണ് 15.5 ടി.എം.സി. യുടെ നിർണ്ണായക കുറവ് ജില്ലയിൽ നിലനിൽക്കുന്നു ്.

പട്ടിക.4.3.7.

നിലവിലുള്ള ജലശേഖരണ നിർമ്മിതികളും ശേഷിയും

1	കാരാപ്പുഴ ഡാം	2.7 ടി.എം.സി.
2	ബാണാസുര ഡാം	1.8 ടി.എം.സി
3	ലിഫ്റ്റ് ഇറിഗേഷൻ 157 എണ്ണം	1.00 ടി.എം.സി
4	ചെക്ക് ഡാം 332 എണ്ണം	
5	കുളങ്ങൾ, ചിറകൾ 3167 എണ്ണം	
6	കിണർ 61671 എണ്ണം	
7	കുഴൽ കിണർ 4580 എണ്ണം	
		5.50 ടി.എം.സി.

പട്ടിക4.3.8.

ജല ആവശ്യകത

1	കാർഷികം 75000 ഹെക്ടർ	17 ടി.എം.സി.
2	ഗാർഹികം 8.50 ലക്ഷം ജനങ്ങൾ	2.20 ടി.എം.സി
3	വ്യാവസായികം	1.80 ടി.എം.സി
	മൊത്തം	21 ടി.എം.സി

4.3.15.. നടപ്പിലാക്കിയ നീർത്തടാധിഷ്ടിത പദ്ധതികൾ 2000 മുതൽ 2017 വരെ

2000 മുതൽ 2017 വരെ വിവിധങ്ങളായ 170 നീർത്തടാധിഷ്ടിത പദ്ധതികളാണ് വിവിധ ഏജൻസികൾ മുഖേന ജില്ലയിൽ നടപ്പിലാക്കിയത്

പട്ടിക4.3.9.

വയനാട് ജില്ലയിൽ നടപ്പിലാക്കിയ നീർത്തടാധിഷ്ടിത പദ്ധതികൾ (2000 – 2017)

ക്ര.നം	പദ്ധതിയുടെ പേര്	നീർത്തടങ്ങളുടെ എണ്ണം	വിസ്തൃതി ഹെക്ടർ	നിർവ്വഹണ ഏജൻസി
1	പശ്ചിമഘട്ട വികസന പദ്ധതി	32	17833	ഗ്രാമപഞ്ചായത്ത് + എൻ.ജി.ഒ
2	ഹോളിസ്റ്റിക്ക് വാട്ടർഷെഡ് വികസന പരിപാടി	55	30000	നബാർഡ് + എൻ.ജി.ഒ
3	കബനീ നദീതട പദ്ധതി	14	61538	മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്
4	സംയോജിത വാട്ടർഷെഡ് പരിപാലന പരിപാടി	38	21400	ബ്ലോക്ക് പഞ്ചായത്ത് + ദാരിദ്ര്യ ലഘൂകരണ വകുപ്പ്
5	ദേശീയ വാട്ടർഷെഡ് വികസന പരിപാടി	4	8942	മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് + കൃഷി വകുപ്പ്
6	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി		11000	ദാരിദ്ര്യ ലഘൂകരണ വകുപ്പ്
7	ഗ്രാമീണ അടിസ്ഥാന വികസന ഫ ്.	27	7340	മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്

അവലംബം- മണ്ണ് സംരക്ഷണ വകുപ്പ്

4.3.16.. നടപ്പിലാക്കിയ പദ്ധതികളുടെ വിശകലനം

2000 മുതൽ 2017 വരെ ജില്ലയിൽ നടപ്പിലാക്കിയ നീർത്തടാധിഷ്ഠിതമായ വിവിധ മണ്ണു-ജല സംരക്ഷണ പദ്ധതികൾക്ക് സർക്കാരിതര ഏജൻസികൾ മുതൽ ഗ്രാമപഞ്ചാത്തുകൾ വരെയാണ് നിർവ്വഹണ ഏജൻസി കളായി പ്രവർത്തിച്ചിരുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തിന്റെ അഭാവം, ഓരോ പദ്ധതിക്കുമു ായിരുന്ന സാമ്പത്തിക നിയന്ത്രണം, പദ്ധതിയുടെ ഭാഗമായി സംരക്ഷിക്കേ വിഭവങ്ങൾ പങ്കുവെയ്ക്കുന്നതിലും തുടർന്ന് സംരക്ഷിക്കുന്നതിനും പൊതുജനങ്ങൾക്കു ായ പരാജയം സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതി തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും വിവിധ ഏജൻസികൾക്കുള്ള സാങ്കേതിക പരിജ്ഞാന കുറവും കഴിഞ്ഞ കാലഘട്ടങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ വീഴ്ചകളായി കാണാവുന്നതാണ്.

4.3.17.. അവസ്ഥാവിശകലനം

പാരിസ്ഥിതിക ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള വിശകലനം

കാലാവസ്ഥ:- മറ്റേതൊരു പ്രദേശത്തെ പോലെയും വയനാടിന്റെ കാർഷിക മേഖലയെയും സംസ്ക്കാരത്തേയും ജൈവ വിഭവങ്ങളുടെ നിലനിൽപ്പിനെയും സ്വാധീനിക്കുന്ന പ്രധാനപ്പെട്ട പാരിസ്ഥിതിക ഘടകങ്ങളിലൊന്ന് വയനാട്ടിലെ മഴ തന്നെയാണ്. മഴയുടെ അടിസ്ഥാന സ്വഭാവങ്ങളിൽ വന്നിരിക്കുന്ന മാറ്റം, വിശേഷിച്ച് മഴയുടെ സമയദൈർഘ്യം കുറഞ്ഞ് തീവ്രതയു ായ വർദ്ധനവ്, മഴയുടെ അളവിൽ ഉ ാകുന്ന കുറവും മഴ ദിനങ്ങളിൽ ഉ ാകുന്ന മാറ്റവും, കാലം തെറ്റി പെയ്യുന്ന മഴയും ജില്ലയുടെ കാർഷിക മേഖലയെ നിർണ്ണായകമായി സ്വാധീനിക്കുന്ന പ്രശ്നങ്ങളായി കാണുന്നു. ഒപ്പം ഊഷ്മാവിലും വെയിൽ ദിനങ്ങളുടെ എണ്ണത്തിലും ഉ ാകുന്ന വർദ്ധനവും പ്രതിസന്ധി രൂക്ഷമാക്കുന്നു. സമീപ കാലത്തായി ക ുവരുന്ന തുടർച്ചയായ വർഷങ്ങളിലു ാകുന്ന വരൾച്ച, വെള്ളപ്പൊക്കം, കാർഷികോൽപ്പാദന കുറവ്, ഉൽപ്പാദനക്ഷമയിലു ായ ശോഷണം, കാർഷികാനുബന്ധ മേഖലകളുടെ തകർച്ച എന്നിവയ്ക്കെല്ലാം കാലാവസ്ഥയിലു ായ ഈ വ്യതിയാനങ്ങൾ കാരണമായിട്ടു ്.

4.3.18.. ജൈവികമായപ്രശ്നങ്ങൾ,മണ്ണിന്റെ സ്വഭാവം

വയനാട് ജില്ലയുടെ അതിർത്തി പ്രദേശങ്ങളിൽ നാലിൽമൂന്ന് ഭാഗവുംവരുന്ന ഉയർന്ന മലനിരകളിലു ായിരുന്ന നിബിഡ വനങ്ങളിൽ നിന്നുമാണ് കബനി നദിയുൾപ്പെടെ പത്ത് നദികളും ഉത്ഭവിക്കുന്നത് പ്രകൃതിദത്തമായ നീരുറവകളും കുന്നുകൾക്കിടയിലെ ചതുപ്പുകളും, വർഷം മുഴുവനും വെള്ളം ചുരത്തി നദികളെ പോഷിപ്പിച്ചിരുന്ന ഭൂതകാലം വയനാടിനു ായിരുന്നു. ജൈവാംശത്താലും, സൂക്ഷ്മമൂലകങ്ങൾ കൊ ും സമ്പന്നമായിരുന്ന വയനാടിന്റെ മേൽമണ്ണ്, മണ്ണിൽ നിലനിന്നിരുന്ന സ്വാഭാവിക ഈർപ്പം ഉറവകളെ ശക്തിപ്പെടുത്തുന്നതോടൊപ്പം കൃത്രിമ ജലസേചന സൗകര്യം ആവശ്യമില്ലാതെ ഏതൊരു വിളയും കൃഷി ചെയ്യുന്നതിനുള്ള സാഹചര്യം ഉ ാക്കിയിരുന്നു.

അതിർത്തി പ്രദേശങ്ങളിലെ ഉയർന്ന കുന്നുകളും, നിബിഡവനവും, ജില്ലയിലെ വിസ്തൃതമായ ചതുപ്പുകളും താഴ്വരകളും ചെറിയ ഇടനാടൻ കുന്നുകളും വയനാടിന്റെ സ്വാഭാവിക സൂക്ഷ്മ കാലാവസ്ഥ രൂപപ്പെടുന്നതിന് സഹായകരമായിരുന്നു.

1800 ന്റെ അവസാനകാലത്തും 1900ന്റെ ആദ്യകാലങ്ങളിലും പ്ലാന്റേഷനുകൾ സ്ഥാപിക്കുന്നതിന് ബ്രിട്ടീഷുകാരുടെ നേതൃത്വത്തിൽ ജില്ലയിലെ അതിർത്തി പ്രദേശങ്ങളിലെ നിബിഡ വനങ്ങളിൽ നടത്തിയ വന നശീകരണമാണ് ആദ്യത്തെ ജൈവീകമായ ഇടപെടൽ. ഇത് തനത് കാലാവസ്ഥയെയും, ജലസുരക്ഷയെയും ജൈവ ആവാസ വ്യവസ്ഥയെയും, മണ്ണിന്റെ ഉൽപ്പാദനക്ഷമതയെയും സാരമായി ബാധിച്ചു.

നെൽകൃഷി ഉൾപ്പെടെ കരയിൽ മാത്രം കൃഷി ചെയ്തിരുന്ന രീതിയിൽ നിന്ന് ചതുപ്പിലേയ്ക്ക് നെൽകൃഷി വ്യാപിക്കുന്ന സ്ഥിതിയും തുടർന്ന് നെൽ കൃഷിയിലേയ്ക്ക് മാറ്റപ്പെട്ട ചതുപ്പ് നിലങ്ങൾ നാണ്യവിളകൾ കൃഷി ചെയ്യുന്നതിലേയ്ക്ക് പരിവർത്തനം

ചെയ്യപ്പെടുകയുമു ായി. ജില്ലയിലെ നിലവിൽ ഉ ായിരുന്ന 30920 ഹെക്ടർ നെൽവയലുകളിൽ 44% തിരിച്ചെടുക്കാനാവാത്ത വിധം തരംമാറ്റം ചെയ്യപ്പെട്ടിരിക്കുന്നു. അവശേഷിക്കുന്ന 56% ൽ 9000 ഹെക്ടർ സ്ഥലത്ത് മാത്രമേ നെൽകൃഷി അവശേഷിക്കുന്നുള്ളൂ എന്നത് ജില്ലയിലെ ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക ഭദ്രത, ജലസുരക്ഷ എന്നിവയെ സാരമായി ബാധിച്ചിട്ടു ്.

70 വർഷങ്ങൾക്ക് മുമ്പു ായ കുടിയേറ്റത്തെ തുടർന്ന് ചെറുകിട നാമ മാത്ര കൃഷിയിടങ്ങളിൽ ദ്രുതഗതിയിലു ായ 'വിളമാറ്റം' മണ്ണിന്റെ ഉൽപ്പാദന ക്ഷമത കുറയുന്നതിന് ഇടയാക്കി. 3 മുതൽ 5 വരെ 'ജൈവഓർഗനിക്ക് കാർബൺ' ഉ ാകേ മണ്ണിൽ 0.82 മുതൽ 2.32 വരെ എന്ന നിലയിലേയ്ക്ക് താഴ്ന്നത് മണ്ണിന്റെ ജലാഗിരണ ശേഷി, കിനിഞ്ഞിറങ്ങൽ ശേഷി, ഭൂഗർഭ ജലശേഖരണശേഷി എന്നിവയെ സാരമായി ബാധിച്ചു. മണ്ണിന്റെ രചനയിൽ മാറ്റം വന്നതിനാൽ ജലാഗികരണശേഷി കുറയുകയും അത് ഉപരിതലവരൾച്ചയ്ക്ക് കാരണമാകുകയും ചെയ്യുന്നു.

ചെറുകിട കർഷകരുടെ കൈവശ ഭൂമിയിൽ കാപ്പിയിൽ നിന്നും കുരുമുളകിലേയ്ക്ക് വിളമാറ്റം നടത്തപ്പെട്ടപ്പോൾ തണൽ മരങ്ങൽ മുറിച്ച് മാറ്റി കുരുമുളക് കൃഷിക്ക് 'താങ്ങ് മരങ്ങൾ' വെച്ച് പിടിപ്പിക്കുന്ന രീതി വ്യാപകമായത് സ്വാഭാവിക വൃക്ഷസാന്ദ്രത കുറയുന്നതിനും, സൂക്ഷ്മ ജീവികളുടെയും സൂക്ഷ്മ മൂലകങ്ങളുടെയും നാശത്തിന് ഇടയാക്കുകയും ചെയ്തു.

മണ്ണിന്റെ ഘടനയിലും, സംരചനയിലും, ആഴത്തിലും ഉ ായ മാറ്റം, കഴിഞ്ഞ 50 വർഷമായി ഭൂവിനിയോഗത്തിൽ സംഭവിച്ച വ്യതിയാനം, നെൽ വയലുകളുടെ വിസ്തൃതിയിലു ായ മാറ്റം, ജലസംഭരണ മേഖലകൾക്ക് സംഭവിച്ച ശോഷണം, സസ്യാവരണത്തിൽ വന്ന കുറവ് എന്നിവ ഉപരിതല ജലപ്രവാഹം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കി. ലഭ്യമാകുന്ന വർഷപാതത്തിന്റെ 80 ശതമാനം വരെ ഇപ്രകാരം നഷ്ടമാകുന്നു. നീരൊഴുക്ക് ഗുണാങ്കം 0.6 ൽ നിന്നും 0.8 വരെയായി ഉയരുന്നതിന് ഇടയാക്കി. ഇവ രൂക്ഷമായ മണ്ണൊലിപ്പിന് ഇടയാക്കുന്നു. 1 ഹെക്ടർ സ്ഥലത്ത് നിന്നും പ്രതിവർഷം 20 ടൺ വരെ മേൽമണ്ണ് മണ്ണൊലിപ്പ് മുഖേന നഷ്ടപ്പെടുന്നു.

പരമ്പരാഗതമായ ജലവിനിയോഗ ജല നിർഗ്ഗമന സ്രോതസ്സുകളായ 'തലച്ചിറകളിൽ' ഭൂരിഭാഗവും നാശോന്മുഖമായി. പ്രകൃതിദത്ത ഉറവകളിൽ 70 ശതമാനത്തിലധികം അപ്രത്യക്ഷമാകുകയും അവശേഷിക്കുന്നവയുടെ ജല നിർഗ്ഗമന ശേഷി കുറയുകയും ചെയ്തിട്ടു ്. ഇത് ജില്ലയിലെ കബനി ഉൾപ്പെടെയുള്ള 11 നദീതടങ്ങളിലെ നീർച്ചാൽ ശൃംഖലയുടെ ഉത്ഭവസ്ഥാനങ്ങളിലെ നീർച്ചാലുകളിൽ 30%ത്തെയും മഴ പെയ്യുന്ന വേളയിൽ മാത്രം വെള്ളം ഒഴുകുന്ന ചാലുകളായി മാറ്റിയിരിക്കുന്നു. ജില്ലയിലെ നീർച്ചാലുകളിൽ 18% കയ്യേറ്റത്തിനോ, മണ്ണിടിച്ചിലിനോ വിധേയമായിട്ടു ്. ഏകദേശം 37% നീർച്ചാലുകളുടെ ഇരുവശങ്ങളും സസ്യാവരണങ്ങൾ/വൃക്ഷാവരണം നഷ്ടപ്പെട്ടിട്ടു ്. 4220 കിലോമീറ്റർ ദൈർഘ്യമുള്ള കബനീ നദീതടത്തിലെ നീർച്ചാൽ ശൃംഖലയിലെ ഫസ്റ്റ്/സെക്കന്റ് ഓഡർ നീർച്ചാലുകളിൽ ഭൂരിഭാഗവും ഇത്തരത്തിൽ പരിവർത്തനം ചെയ്യപ്പെട്ടു എന്നത് ജില്ലയിലെ ' ജലസുരക്ഷ' യെ സാരമായി ബാധിക്കുന്നതാണ്. ഉറവകളുടെയും മറ്റ് മൂലസ്രോതസ്സുകളുടെയും ശോഷണവും മണ്ണിന് സംഭവിച്ച മാറ്റവും, വനം, പ്ലാന്റേഷൻ, കൃഷിയിടങ്ങൾ എന്നിവയ്ക്ക് സംഭവിച്ച ശോഷണവും ജില്ലയുടെ 26% പ്രദേശവും കടുത്ത വരൾച്ച ബാധിത പ്രദേശമായി മാറ്റപ്പെടുത്തിയിരിക്കുന്നു.

അന്തർ സംസ്ഥാന നദീജല കരാർ പ്രകാരം കബനി നദിയിൽ നിന്നും 21 ടി.എം.സി ജലം നമുക്ക് ലഭ്യമാണെന്നിരിക്കെ 5.5 ടി.എം.സി മാത്രമേ ഉപയോഗിക്കുന്നതിന് നിലവിൽ നിർമ്മിതികളുള്ളു. ജലം സംഭരിക്കുന്നതിന് നദീതടത്തിൽ നിർമ്മിച്ചിട്ടുള്ള ചെറുതും വലുതുമായ 400ൽപരം നിർമ്മിതികളിൽ 60% അറ്റകുറ്റപണികളുടെ അഭാവത്താൽ ഉപയോഗപ്രദമല്ല എന്നതും പ്രത്യേകശ്രദ്ധ അർഹിക്കുന്നു. അശാസ്ത്രീയവും,

അനിയന്ത്രിതവുമായ ഖനനം ജലസ്രോതസ്സുകളുടെ നാശത്തിനും വരൾച്ചയ്ക്കും വെള്ളപൊക്കത്തിനും ഇടയാക്കുന്നു.
ജില്ലയിൽ രാസവളങ്ങളും, കീടനാശിനികളും, മണ്ണ് ജൈവ വൈവിധ്യങ്ങളുടെ ഗുണമേന്മയെ ദോഷകരമായി ബാധിച്ചു. ആവർത്തന കൃഷികളും, ഏക വിളതോട്ടങ്ങളും, കുത്തകവിത്തിനങ്ങളും, കൃഷിയുടെ സ്വാഭാവികതയെയും മണ്ണിന്റെ ഘടനയെതന്നെയും മാറ്റി മറിച്ചു. കോടിക്കണക്കിന് സൂക്ഷ്മജീവികളുടെ സാന്നിദ്ധ്യം കൊ ് ജീവസ്സുറ്റതായ മണ്ണ് രാസവള കീടനാശിനികളുടെ അമിത പ്രയോഗം നിമിത്തം മൃതപ്രായമായി കഴിഞ്ഞു. മണ്ണിനെ കൃഷിയോഗ്യമാക്കുന്നതിൽ പ്രഥമസ്ഥാനമുള്ള ജൈവ കാർബണിന്റെ അളവ് ക്രമാനുഗതമായി കുറഞ്ഞുവരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.
ജൈവ കാർബണിന്റെ ശോഷണം കാർഷിക മേഖലയെ തളർത്തി കൊ ിരിക്കുകയാണ്. ജൈവ കാർബണിന്റെ കുറവും മണ്ണിന്റെ അമ്ലതയും, മണ്ണിലെ സൂക്ഷ്മ ജീവികളുടെ ആവാസവ്യവസ്ഥയെ തകർക്കുകയും മണ്ണ് മരിക്കുകയും ചെയ്തുകൊ ിരിക്കുന്നു. മണ്ണിന്റെ ജലാംശത്തെ നിലനിർത്തുന്നതിലും ജൈവകാർബണിന്റെ പങ്ക് നിസ്തുലമാണ്. അതുകൊ ് ദീർഘ വീക്ഷണത്തോടുകൂടി തയ്യാറാക്കുന്ന പദ്ധതികളിൽ വയനാട്ടിലെ കൃഷിയിടങ്ങളിൽ മണ്ണിന്റെ ജൈവകാർബൺ പരിപോഷിപ്പിക്കുന്നതിനും പ്രഥമ പരിഗണന നൽകേ താണ്.
ജില്ലയുടെ 11% ഉം, 50% ൽ കൂടുതൽ ചരിവുള്ളതും 28% ഉം, 25% ൽ കൂടുതൽ ചരിവുള്ളതുമാണ്. ചരിവുകൂടിയ ഭൂപ്രകൃതിയും കൂടിയ നീർച്ചാൽ സാന്ദ്രതയും നീർച്ചാൽ ആവൃത്തിയും മണ്ണൊലിപ്പിനെയും ഉപരിതല നീരൊഴുക്കിനെയും ത്വരിതപ്പെടുത്തുന്നു. മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾക്ക് ഇവ വഴിവെയ്ക്കുന്നു.

4.3.19.. നിർദ്ദേശങ്ങൾ:–

ജില്ലയുടെ കാർഷികമേഖലയുടെ സംരക്ഷണത്തിനും ജൈവ വിഭവ ങ്ങളുടെ പുനരുജ്ജീവനത്തിനും മണ്ണിനെയും ജലത്തേയും ജൈവ വിഭവത്തേയും നീതിയുക്തമായി പരിപാലിക്കുന്ന കാഴ്ചപ്പാടോടുകൂടിയ സംയോജിതവും സമഗ്രവുമായ നീർത്തടാധിഷ്ഠിത പദ്ധതികളാണ് ജില്ലയ്ക്കാവശ്യം. ത്രിതല ഗ്രാമപഞ്ചാത്തുകളുടെയും, വികസന വകുപ്പുകളുടെ യും നേതൃത്വത്തിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേ തു ്.

4.3.19.1.. മേൽത്തട്ട് നിർദ്ദേശം

ജില്ലയിലെ പ്രധാനപ്പെട്ട നദീതടങ്ങളെ മില്ലി വാട്ടർഷെഡ്ഡുകളായി തരം തിരിച്ചിട്ടു ്. ഓരോ നീർത്തടത്തിലേയും നിമ്നോന്നതി, നീർച്ചാലുകളുടെ ആവൃത്തി, സാന്ദ്രത, നീരൊഴുക്ക് ഗുണാങ്കം, വരൾച്ചാ ബാധിത പ്രദേശത്തിന്റെ അനുപാതം, തരംമാറ്റപ്പെട്ട വയലുകളുടെ വിസ്തൃതി, വാർഷിക വർഷപാതം മണ്ണൊലിപ്പിന്റെ തോത് എന്നീ സൂചകങ്ങൾ പരിഗണിച്ചുകൊ ് മുൻഗണനാ ക്രമം താഴെ പറയുന്ന പട്ടിക പ്രകാരം നിശ്ചയിച്ചിട്ടു ്. മുൻഗണനാ ക്രമമനുസരിച്ച് മൂന്നുവർഷം ഓരോ പദ്ധതികൾക്കും നിർവ്വഹണ ഘട്ടം നിശ്ചയി ച്ചുകൊ ് ജില്ലയിലെ മുഴുവൻ നീർത്തടങ്ങളും 2018 ൽ ആരംഭിച്ച് 2025 ൽ പൂർത്തീകരിക്കാ വുന്ന വിധത്തിൽ ക്രമപ്പെടുത്തിയിട്ടു ്. പദ്ധതികൾക്കുവേ ിവരുന്ന വിഭവ സാധ്യതകളും ഇതോടൊപ്പം നിർദ്ദേശിക്കുന്നു.

പട്ടിക4.3.10.

വയനാട് ജില്ലയിലെ ലഘു നീർത്തടങ്ങൾ – മുൻഗണന ക്രമപട്ടിക

ക്രമ	നീർത്തടത്തിന്റെ പേര്	വിസ്തീർണ്ണം	റാങ്ക്	നിർവ്വഹണ ഘട്ടം
1	നൂൽപ്പുഴ	26012	53.11	20182021
2	നിരവിൽപുഴ – മക്കിയാട്	6622	53.01	,,
3	തിരുനെല്ലി	7339	52.44	,,

4	വൈത്തിരി – പൊഴുതന	12702	52.22	,,
5	കരമാൻ തോട് (ഉപരിഭാഗം)	7497	49.44	,,
6	തൃശ്ശിലേരി	3874	46.44	20192022
7	ബേഗൂർ	7963	45.56	,,
8	കരമാൻ തോട് (താഴെ ഭാഗം)	8695	44.67	,,
9	കണിയാരം	6649	43.11	,,
10	കന്നാരം പുഴ	5517	41.00	,,
11	മണിയൻകോട്	7055	40.44	20202023
12	തേറ്റമല പുതുശ്ശേരി	4595	39.11	,,
13	പേരിയ	11200	37.60	,,
14	വരദൂർപുഴ	8790	37.44	,,
15	കൊയിലേരി പയ്യംമ്പിള്ളി	5345	37.44	20202023
16	വെണ്ണിയോട്	10109	36.67	20212024
17	കാരാപ്പുഴ (ഉപരിഭാഗം)	6200	35.22	,,
18	നരസിപുഴ (താഴെ ഭാഗം)	5320	33.56	,,
19	ചു ാലിപുഴ	7536	33.33	,,
20	നരസിപുഴ (ഉപരിഭാഗം)	7170	31.89	,,
21	കാരാപ്പുഴ (താഴെ ഭാഗം)	3862	30.44	20222025
22	തോണിച്ചാൽ – കമ്മന	4269	27.33	,,
23	ചാലിയാർ	15008		,,
24	കടമാൻ തോട് – മണിക്കാട് പുഴ	15220	മുള്ളൻകൊല്ലി–പുൽപ്പള്ളി സമഗ്ര വരൾച്ച ലഘൂകരണ പദ്ധതി	

അവലംബം– മണ്ണ് സംരക്ഷണ വകുപ്പ്

4.3.19.2. കീഴ്ത്തട്ട് നിർദ്ദേശം

- ശോഷണം സംഭവിച്ച പ്രദേശങ്ങളിൽ വനവൽക്കരണം നടത്തുക. കൃഷി ഭൂമികളിലും പ്ലാന്റേഷനുകളിലും തദ്ദേശീയ ഇനം വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുക. കാവുകൾ വളർത്തിയെടുക്കുക.
- വനം, പ്ലാന്റേഷനുകൾ തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ മണ്ണണകൾ നിർമ്മിക്കുക.
- തുലകുളങ്ങൾ, തലച്ചിറകൾ എന്നിവ നവീകരിച്ച് സംരക്ഷണം ഉറപ്പുവരുത്തുക, പുതിയവ നിർമ്മിക്കുക.
- ഓരോ കൃഷിയിടത്തിലേയും നിലവിലുള്ള ജൈവ കാർബൺ പരിശോധിച്ച് ശരാശരി കണക്കാക്കി അടിസ്ഥാന രേഖയായി സൂക്ഷിക്കുകയും ജൈവ കാർബൺന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് ജൈവ കൃഷി ജൈവ വള പ്രയോഗം ജൈവ കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് നടപ്പിലാക്കുക.
- നെൽകൃഷി പുനസ്ഥാപിച്ച് കൊ ് നെൽവയൽ വിസതൃതി വർദ്ധിപ്പിക്കുക. കരനെൽകൃഷി ആവരണവിള എന്നിവയ്ക്ക് പ്രാധാന്യം നൽകുക.
- ഗ്രൂപ്പ് ഫാമിംഗ് സാധ്യതകൾ വർദ്ധിപ്പിക്കുക. സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുക.
- ജലത്തിന്റെ ഗുണമേൻമ സമയബന്ധിതമായി കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- നിലവിലുള്ള നിർമ്മിതികൾ അറ്റകുറ്റപണി ചെയ്ത് ഉപയോഗ്യമാക്കുക.
- നീർച്ചാലുകളിലേയും തോടുകളിലേയും പുഴകളിലേയും ഖരജൈവ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ.
- തോടുകളിലും പുഴകളിലും രൂപപ്പെട്ട മൺതിട്ടകളും തുരുത്തുകളും മാറ്റുക.

- നീർച്ചാലുകളുടെ ഘടന അടിസ്ഥാനപ്പെടുത്തിയ ജൈവ തടയണകൾ താൽകാലിക തടയണകൾ നിർമ്മിച്ച് പ്രവേഗം ക്രമപ്പെടുത്തുക.
- മഴക്കാലങ്ങളിൽ മാത്രം വെള്ളം ലഭിക്കുന്ന തോടുകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥിരം തടയണകൾ നിർമ്മിച്ച് ജലസേചനം നടപ്പാക്കുക.
- പുഴകളിൽ ചെക്ക് ഡാം ലിഫ്റ്റ് ഇറിഗേഷൻ ക്രോസ്ബാർ എന്നിവ നിർമ്മിക്കുക.
- ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ സാധ്യമാക്കുന്നതിന് പുഴയോരം വൈദ്യുതിവൽക്കരണം നടപ്പാക്കുക.
- മത്സ്യ സമ്പത്ത് വർദ്ധിപ്പിച്ച്കൊ ് കർഷകരുടെ വരുമാനത്തിൽ വർദ്ധന ഉയർത്തുക.
- അധികജലം ലഭ്യമാകുന്ന പുഴകളിൽ നിന്നും ഗ്രാവിറ്റി മാർഗ്ഗത്തിൽ ജലം മറ്റൊരു സ്ഥലത്ത് ശേഖരിക്കുന്നതിനുള്ള സംഭരണികൾ നിർമ്മിക്കുക.

4.3.20. സംഗ്രഹം

വയനാട്ടിലെ കൃഷിയിടങ്ങളിൽ മണ്ണിന്റെ ജൈവകാർബൺ പരിപോഷിക്കുന്നതിന് വേ ിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേ ിയിരിക്കുന്നു. ജില്ലയുടെ കാർഷിക മേഖയുടെ സംരക്ഷണത്തിനും ജൈവ വിഭവങ്ങളുടെ പുനരുജ്ജീവനത്തിനും മണ്ണിനെയും ജലത്തെയും ജൈവ വിഭവത്തേയും നീതിയുക്തമായി പരിപാലിക്കുന്ന പദ്ധതികളാണ് ജില്ലയിൽ അനിവാര്യമായിരിക്കുന്നത്. വയനാടിന്റെ ഭൂവനിയോഗത്തിൽ വന്ന മാറ്റത്തിന്റെ ഫലമായി ജില്ലയിൽ ലഭിക്കുന്ന 70 ശതമാനത്തിൽ അധികം ജലവും പുഴകളിലൂടെ ഒഴുകി നഷ്ടപ്പെടുന്നു. മണ്ണൊലിപ്പ് തടയാനും ജലം സംരക്ഷിക്കാനും ശാസ്ത്രീയമായ ആസൂത്രണം അനിവാര്യമാണ്.

***

മൃഗസംരക്ഷണം
ക്ഷീര വികസനം



മൃഗസംരക്ഷണം ക്ഷീരവികസനം

4.4. ആമുഖം

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ കൃഷി-മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ അധിഷ്ടിതമാണ്. പ്രത്യേകിച്ച് വയനാട്ടിൽ ഗ്രാമീണ സമ്പദ് ഘടനയുടെ ശക്തമായ അടിത്തറയും മൃഗസംരക്ഷണ ക്ഷീര വികസനമേഖലതന്നെ. നിരവധി തൊഴിലവസരങ്ങളും അതിലേർപ്പെടുന്നവർക്ക് മികച്ച വരുമാനവും നൽകുന്നതിന് പുറമെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള പോഷക സമ്പുഷ്ടമായ പാലും മുട്ടയും ഇറച്ചിയും ഉത്പാദിപ്പിക്കുന്നു. കൂടാതെ ജൈവകൃഷിക്കുവേ ിയുള്ള ഉത്തമ വളങ്ങളുടെയും സ്രോതസ്സുകൂടിയാണ് ഈ മേഖല. ഇതിനെല്ലാംമുപരി സ്ത്രീ ശാക്തീകരണത്തിനുതകുന്ന ഉദാത്തമായ പ്രവർത്തന മേഖലകൂടിയാണിത്.കാർഷിക ഉപഉൽപ്പന്നങ്ങൾ ഗണ്യമായി ഉപയോഗപ്പെടുത്താൻ കഴിയുമെന്നതുകൊ ്തന്നെ ഒരു ഉപതൊഴിലെന്ന നിലയിലും ഉപജീവനം എന്ന നിലയിലും ഈ മേഖലയെ കർഷകരും കർഷകതൊഴിലാളികളും അടങ്ങിയ ജനത ആശ്രയിക്കുന്നു. ജൈവവളത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ ഈ കാലഘട്ടത്തിൽ വയനാട് പോലെയുള്ള കാർഷിക ജില്ലയിൽ മൃഗസംരക്ഷണം ക്ഷീര വികസനത്തിന് ഏറെ പ്രസക്തിയു ്.

കാർഷികമേഖലയിലെ വിലയിടിവും വന്യജീവികൾമൂലമുള്ള കൃഷിനാശവും കാലാവസ്ഥമാറ്റവും എല്ലാം കർഷകർ അതിജീവിക്കുന്നത് ഈ മേഖലയിൽ നിന്നും ലഭിക്കുന്ന വരുമാനംകൊ ുമാത്രമാണ്. നാമമാത്ര കർഷകർക്കും കർഷകതൊഴിലാളികൾക്കും ആദിവാസികൾക്കും സ്ത്രീകൾക്കും പ്രവാസി മലയാളികൾക്കും ചുരുങ്ങിയ സമയംകൊ ് വരുമാനം നേടാവുന്ന മേഖലയായി മൃഗസംരക്ഷണ രംഗം വളർന്നുകഴിഞ്ഞു.

സാമ്പത്തിക വരുമാനത്തോടൊപ്പം ആരോഗ്യവും മാനസിക സംതൃപ്തിയും പ്രദാനം ചെയ്യുന്ന സന്തുലിത വികസന മേഖലയാണ് പശുവളർത്തൽ. കാർഷിക മേഖലയുടെ പൂരക പ്രവർത്തനമെന്ന നിലയിലും പശുപരിപാലനത്തിന് സുസ്ഥിര ഗ്രാമ വികസനത്തിൽ വമ്പിച്ച പ്രാധാന്യമു ്. ചെറുകിട-ഇടത്തരം കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും പ്രധാനപ്പെട്ട ഉപവരുമാനമാണ് കന്നുകാലി വളർത്തൽ. വയനാട്ടിൽ സഹസ്രാബ്ദത്തിന്റെ ആരംഭദശയിലു ായ കാർഷിക പ്രതിസന്ധിയിലും കർഷക ആത്മഹത്യയിലും താങ്ങുംതണലുമായത് ക്ഷീര മേഖലയാണെന്ന വസ്തുത എടുത്തുപറയത്തക്കതാണ്. വയനാടിന്റെ സംസ്കാരം, കലാവസ്ഥ, ഭൂപ്രകൃതി, അടിസ്ഥാന ഘടകങ്ങൾ, മനുഷ്യവിഭവശേഷി തുടങ്ങിയ കാര്യങ്ങൾ ക്ഷീര വികസനത്തിന് ഏറ്റവും അനുയോജ്യമാണ്.

4.4.1. മേഖലയിലെനിലവിലെ അവസ്ഥ

2019-യോടുകൂടി പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നു. അതോടൊപ്പംതന്നെ മുട്ടയുൽപാദനത്തിലും മാംസോൽപാദനത്തിലും സ്വയംപര്യാപ്തത ലകഷ്യമിട്ടിട്ടു ്. പ്രതിദിനം 87.46 ലക്ഷം ലിറ്റർ പാലാണ് കേരളത്തിനു ആവശ്യമുള്ളത് ഇപ്പോഴത്തെ പ്രതിദിനം ഉത്പാദനം 78.42 ലക്ഷം ലിറ്ററാണ്. അതായത് സ്വയംപര്യാപ്തതയിൽ എത്താൻ പ്രതിദിന പാലുൽപാദനത്തിൽ 9 ലക്ഷം ലിറ്ററിന്റെ വർദ്ധനവാണ് വേ ത്. 2.2 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ജില്ലയിലെ ക്ഷീരസംഘങ്ങൾ വഴി സംഭരിക്കുന്നു. ജില്ലയിലെ പ്രതിദിന ഉപഭോഗം 1.4 ലക്ഷം ലിറ്റർ കഴിഞ്ഞ് 1.8ലക്ഷം ലിറ്റർ പാൽ മിൽമവഴി ജില്ലയിൽ നിന്നും അയൽ ജില്ലകളിലേയ്ക്ക് നൽകുന്നു.പാലുൽപാദനത്തിൽ ജില്ലയ്ക്ക് ര ാം സ്ഥാനമാണുള്ളത്. 2016-17 വർഷത്തിൽ 744.17 ലക്ഷം ലിറ്റർ പാലാണ് വയനാട്ടിൽ ഉത്പാദിപ്പിച്ചത്.

മുട്ടയുൽപാദനത്തിൽ 1.26 ശതമാനവും മാംസോൽപാദനത്തിൽ 33 ശതമാനവും പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

4.4.2. മേഖലയിലെ ജില്ലയുടെ സാധ്യത

കേരള സംസ്ഥാനത്ത് മൃഗസംരക്ഷണ രംഗത്ത് വളരെ ശ്രദ്ധേയമായ സ്ഥാനമാണ് വയനാട് ജില്ലയ്ക്കുള്ളത്.വയനാട് ജില്ലയിലെ കാലാവസ്ഥ പശുവളർത്തലിന് ഏറ്റവും അനുയോജ്യമാണ്.97 ശതമാനത്തിലധികം സങ്കരയിനം കറവമാടുകൾ, പഞ്ചായത്തുതോറുമുള്ള മൃഗചികിത്സാ ശൃംഖല, രോഗനിയന്ത്രണത്തിനുള്ള വിപുലമായ പദ്ധതികൾ, വിപുലമായ രോഗ നിർണ്ണയ സൗകര്യങ്ങൾ, സംഭരണ വിതരണ രംഗങ്ങളിലെ സഹകരണ മേഖലയുടെ സജീവ സാന്നിധ്യം തുടങ്ങിയ വയനാട്ടിലെ മൃഗസംരക്ഷണ മേഖലയ്ക്ക് മുതൽകൂട്ടാണ്. സംയോജിത,സമ്മിശ്ര ജൈവരംഗങ്ങളിലെ സാധ്യതകളും വർദ്ധിച്ചു വരികയാണ്. വയനാട് ജില്ലയിൽ പുതിയ മേഖലകളായ ശാസ്ത്രീയ ഇറച്ചി സംസ്കരണവും, ഓമന മൃഗങ്ങൾ, അലങ്കാരപക്ഷികൾ, എന്നിവയുടെ വിപണന സാധ്യതകളും വർദ്ധിച്ചു വരുന്നു. ഫാം ടൂറിസം മേഖലയും വലിയതോതിൽ ജനശ്രദ്ധ ആകർഷിക്കുന്നു . തൊട്ടടുത്തുകിടക്കുന്ന സംസ്ഥാനങ്ങളിൽ നിന്നും ഗുണമേൻമയുള്ള കാലിത്തീറ്റയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും ഈ മേഖലയ്ക്ക് ഒരു മുതൽകൂട്ടാണ്. (മേൽത്തട്ട് നിർദ്ദേശങ്ങളിലെ 1–ന്റെ പരിഹാരം കാണുക.)

സംസ്ഥാനത്ത് ശരാശരി 1118 മൃഗങ്ങൾക്ക് ഒരു വെറ്ററിനറി ഡോക്ടറുടെ സേവനം ലഭ്യമാണ്. എന്നാൽ വയനാട്ടിൽ 2144 മൃഗങ്ങൾക്ക് ഒരു വെറ്ററിനറി ഡോക്ടറുടെ സേവനമാണ് ലഭ്യമായിട്ടുള്ളത്. വിദഗ്ദ്ധ മൃഗചികിൽസ വളരെ അപര്യാപ്തമാണെന്ന് മേൽപറഞ്ഞ കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകും. അതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവരുന്നത് പാവപ്പെട്ട നിരപരാധികളായ കർഷകരാണ്. വയനാട് ജില്ലയിൽ മറ്റു ജില്ലകളെ അപേക്ഷിച്ച് ഉത്പാദന ക്ഷമത കൂടിയ ഉയർന്ന വർഗ്ഗഗുണമുള്ള കന്നുകാലികളാണുള്ളത്. സംസ്ഥാന തലത്തിൽ പാലുൽപാദന സാന്ദ്രതയിൽ രണ്ടാമത്തെ സ്ഥാനം വഹിക്കുന്ന വയനാട് ജില്ലയിൽ നിലവിൽ 34 ഡോക്ടർമാരുടെ സേവനമാണ് ലഭ്യമായിട്ടുള്ളത്. വളരെ വിലപിടിപ്പുള്ള കന്നുകാലികൾക്ക് തക്കസമയത്ത് വേണ്ട വിദഗ്ദ ചികിൽസ ലഭിക്കാത്തതുമൂലം മിക്കപ്പോഴും നിരപരാധികളായ കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടം വരുന്നു.

ചിത്രം.4.4.1

സംസ്ഥാനതല മൃഗാശുപത്രികളുടെ എണ്ണം



അവലംബം– സംസ്ഥാന മൃഗസംരക്ഷണവകുപ്പ്

സംസ്ഥാനതല മൃഗാശുപത്രികളുടെ എണ്ണം

വയനാടിന്റെ പാലുൽപാദനത്തിന്റെ പകുതിപോലും ഉൽപാദനമില്ലാത്ത തൃശൂർ, മലപ്പുറം, എറണാകുളം, കോട്ടയം ജില്ലകളിൽ മൃഗാശുപത്രികളുടെ എണ്ണം വയനാടിന്റെതിനേക്കാൾ ഇരട്ടിയലധികമുെ ന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ആശുപത്രി പ്രവർത്തനസമയം രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 മണിവരെയാണ്. രാവിലെ 8 മണിമുതൽ ഉച്ചതിരിഞ്ഞ് 2 മണിവരെയും ഉച്ചതിരിഞ്ഞ് 2 മണിമുതൽ രാത്രി 8 വരെയും 2 ഷിഫ്റ്റാക്കി പ്രവർത്തിസമയം ക്രമീകരിക്കുന്നതുവഴി വയനാട് ജില്ലയിൽ ഡോക്ടർമാരുടെ സേവനം കർഷകർക്ക് ലഭ്യമാക്കാം. ഇത് വയനാട്ടിലെ കർഷകർക്ക് അത്യന്താപേക്ഷിതമാണ്.

നിലവിലുള്ള അവസ്ഥ അപഗ്രഥനം, ലഭ്യമായ സ്ഥിതി വിവര കണക്കുകൾ

പട്ടിക4.4.1

കന്നുകാലി സെൻസസ് വിവരങ്ങൾ :

ക്രമ നമ്പർ	കന്നുകാലി	2000	2003	2007	2012
1	പശു	106393	103884	65459	76777
2	പോത്ത്	5847	3678	2880	5150
3	ആട്	38188	41921	75375	34920
4	പന്നി	4999	3684	4035	3509
5	കാട	3214	2244	3288	1028
6	മുയൽ	3521	3045	3265	12850
7	പൗൾട്രി	359700	312470	300337	234060

2012 കന്നുകാലി സെൻസെസ് വിവരങ്ങൾ----(-4 വർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന സംസ്ഥാനതല കന്നുകാലി കനേഷ്കുമാരി പ്രകാരം ലഭിച്ച കണക്കുകളാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്.)

2012–ലെ കന്നുകാലി കണക്കെടുപ്പു പ്രകാരം പശുക്കളുടെ എണ്ണത്തിൽ വർദ്ധനവും ആടിന്റെ എണ്ണത്തിൽ കുറവും വന്നിട്ടുെ ന്ന് സൂചിപ്പിക്കുന്നു.സംസ്ഥാനതലത്തിൽ വയനാട് ജില്ല കന്നുകാലി സമ്പത്തിൽ 6–ാം സ്ഥാനത്ത് നിൽക്കുന്നു. മേൽ കണക്കുകളിൽ നിന്നും വയനാട് ജില്ലയിൽ കന്നുകാലികളുടെ 20% പശുക്കളാണ് എന്നുമനസിലാക്കാം. വയനാട് ജില്ലയിലെ കാലാവസ്ഥ പശുവളർത്തലിന് ഏറ്റവും അനുയോജ്യമാണ്.

വയനാട്ടിലെ ആകെയുള്ള 76777 പശുക്കളിൽ 97% ഉം സങ്കരയിനം പശുക്കളാണ്. വയനാട് ജില്ലയിൽതന്നെ മുള്ളൻകൊല്ലി പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ പശുക്കളുള്ളത്. വൈത്തിരി പഞ്ചായത്തിലും മൂപ്പൈനാട് പഞ്ചായത്തിലും 1000–ൽ താഴെയാണ് പശുക്കളുടെ എണ്ണമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.ജില്ലയിൽ ഒരു ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ 32 പശുക്കളുെ ന്ന് കണക്കാക്കപ്പെടുന്നു.അത്യുൽപാദന ശേഷിയുള്ള സങ്കരയിനം പശുക്കളുള്ളതിനാൽ പാലുൽപാദന സാന്ദ്രതയിൽ ജില്ല ഒന്നാം സ്ഥാനത്തുനിൽക്കുന്നു.

ചിത്രം 4.4.2
വയനാട് ജില്ലയിലെ പശുക്കളുടെ സാന്ദ്രത



സംസ്ഥാനതലത്തിൽ ആടുകളുടെ എണ്ണത്തിൽ 13–ാം സ്ഥാനമാണ് വയനാട് ജില്ലയ്ക്കുള്ളത്. അന്തരീക്ഷത്തിലെ ഉയർന്ന ആർദ്രത ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക്കാരണമാകുന്നതിനാൽ ജില്ലയിൽ ആടുവളർത്തലിന്റെ വിജയസാധ്യത കുറവാണ്. എന്നിരുന്നാലും പാവപ്പെട്ടവന്റെ പശു എന്നറിയപ്പെടുന്ന ആട് ചെറിയ യൂണിറ്റുകളായി വളർത്തുന്നു. ജില്ലയിൽ അമ്പലവയൽ, മൂപ്പൈനാട്, മുള്ളൻകൊല്ലി, മാനന്തവാടി, തിരുനെല്ലി, മുട്ടിൽ എന്നീ പഞ്ചായത്തുകളിൽ ആട് യൂണിറ്റുകൾ കൂടുതലായി കാണപ്പെടുന്നു.

ചിത്രം 4.4.3
വയനാട് ജില്ലയിലെ ആടുകളുടെ സാന്ദ്രത



സജീവമായി പോത്തുകളെ വളർത്തുന്ന പഞ്ചായത്തുകൾ വയനാട് ജില്ലയുടെ തെക്കേഭാഗത്താണ് കൂടുതലുള്ളത്. അതിൽതന്നെ നൂൽപ്പുഴ പഞ്ചായത്ത് പോത്തുകളുടെ എണ്ണത്തിൽ വളരെയേറെ മുന്നിട്ടുനിൽക്കുന്നു. പോത്തുവളർത്തലിന് അവശ്യംവേ ുന്ന ചതുപ്പ്

നിലങ്ങളുടെ സാന്നിദ്ധ്യവും മേച്ചിൽപുറങ്ങളുടെ ലഭ്യതയും അയൽസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്നതുകൊ ുമാകാം ഇവിടെ പോത്തുകളുടെ എണ്ണം വർദ്ധിച്ചത്.

ചിത്രം4.4.4
വയനാട് ജില്ലയിലെ എരുമകളുടെ സാന്ദ്രത



2012–ലെ കന്നുകാലി സെൻസെസ് പ്രകാരം ജില്ലയിലെ പന്നികളുടെ എണ്ണം 3509 മാത്രമാണ്. എന്നിരുന്നാലും മുൻവർഷങ്ങളിൽ പന്നികർഷകരുടെയും പന്നികളുടെയും എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉ ായിട്ടുെ ന്ന് ജില്ലാതല പരിശോധനകളിൽ വ്യക്തമായിട്ടു ്.

ജില്ലയിലെ വളർത്തുപക്ഷികളിൽ 65% കോഴികളാണ്. അതിൽതന്നെ 33% ബ്രോയ്ലർ കോഴികളും 2% താറാവുകളുമാണ്. 200–300 വരെ കോഴികളുള്ള ചെറുകിട ബ്രോയ്ലർകോഴിയൂണിറ്റുകളാണ് ജില്ലയിൽ കാണപ്പെടുന്നത്. വിവിധ പദ്ധതികൾവഴി പിന്നാമ്പുറ മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ പ്രോൽസാഹിപ്പിക്കേ തിന്റെ ആവശ്യം ജില്ലയിൽ നിലനിൽക്കുന്നു.

പട്ടിക.4.4.2.

വയനാട് ജില്ലയിലെ കന്നുകാലി സമ്പത്ത് – ഒരു താരതമ്യം

ഇനം	കേരളം	വയനാട്	വയനാടിന്റെ പങ്ക് (%)
പശു	1408120	76777	5.5
പോത്ത്	101400	5150	5.1
ആട്	1237058	34920	2.8
പന്നി	52383	3509	6.7
കോഴി	8887860	218813	2.5
താറാവ്	1477973	14149	1.0
കാട	158109	1028	0.7
മുയൽ	1477973	12850	0.9

2012 കന്നുകാലി സെൻസെസ്

വയനാട് ജില്ലയിലെ മാംസോൽപാദനം :

വയനാട് ജില്ലയിൽ അനധികൃതമായ അറവുശാലകളിലാണ് കൂടുതലായും (2.47%) അറവ് നടക്കുന്നതെന്ന് 2012–13–ലെ മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റാറ്റിസ്റ്റിക്സ് ബുള്ളറ്റിൻ പ്രകാരം കണക്കുകൾ സൂചിപ്പിക്കുന്നത്.

പട്ടിക.4.4.3.

വർഷം	പശു(മെട്രിക് ടൺ)	പോത്ത്(മെട്രിക് ടൺ)	ആട്(മെട്രിക് ടൺ)	പന്നി (മെട്രിക് ടൺ)	പൗൾട്രി (കിലോ ഗ്രാം)
2010–11	0.89905	1.20595	0.22056	0.09144	507126
2011–12	2.47156	2.41924	0.54339	2.16740	12198880
2012–13	3.16992	2.5.4616	0.54275	2.1674	5856570

2012 കന്നുകാലി സെൻസസ്

മേൽ പട്ടികയിൽ നിന്നും കഴിഞ്ഞ വർഷങ്ങളിൽ മാംസോൽപാദനത്തിൽ ജില്ലയിൽ ഗണ്യമായ വർദ്ധനവും ഉ ായിട്ടു ന്ന് സൂചിപ്പിക്കുന്നു. ജില്ലയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടി പ്രവർത്തിക്കുന്ന ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ മാംസസംസ്ക്കരണ ഫാക്ടറിയുടെ പങ്ക് ശ്രദ്ധേയമാണ്.

ആരോഗ്യമുള്ള മൃഗങ്ങളുടെ മാംസം ഏറ്റവും ശുചിയായ ശാസ്ത്രീയമായരീതിയിൽ സംസ്ക്കരിച്ച് വിപണനം നടത്തുന്നതിലൂടെ പുതിയ ഒരു മാംസഉപഭോഗസംസ്ക്കാരംതന്നെ ജനങ്ങൾക്കിയടയിൽ വളർത്തിയെടുക്കാൻ ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയ്ക്ക് കഴിഞ്ഞിട്ടു ്. നിലവിൽ ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയ്ക്ക് ജില്ലയിലും അയൽ ജില്ലകളിലുമായി 88 മാംസവിപണനകേന്ദ്രങ്ങളു ്. (വയനാട് 45, കോഴിക്കോട് 31, കണ്ണൂർ 12) നിലവിൽ വിവിധ പദ്ധതികൾക്ക് ആവശ്യമുള്ള വളർത്തു മൃഗങ്ങളെ വിതരണം ചെയ്യുന്നതിനുള്ള Acredited agency-യായും ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടു ്.

പട്ടിക 4.4.4.

വയനാട് ജില്ലയിൽ മാംസത്തിന്റെയും മുട്ടയുടെയും ആളോഹരി ലഭ്യത

മാംസ്യ ശ്രോതസ്സ്	**മാംസ്യത്തിന്റെ ആവശ്യകത**	**മാംസ്യത്തിന്റെ ആളോഹരി ലഭ്യത**	**ആളോഹരി കുറവ്**
മാംസം	60 ഗ്രാം/ദിവസം	23 ഗ്രാം/ദിവസം	27 ഗ്രാം കുറവ്
മുട്ട (എണ്ണം/വർഷം)	180 (എണ്ണം/വർഷം	61 (എണ്ണം/വർഷം	119 എണ്ണം കുറവ്
		23	

2012 കന്നുകാലി സെൻസസ്

മേൽ കണക്കുകളിൽ നിന്നും മാംസത്തിന്റെയും മുട്ടയുടെയുംആളോഹരി വിഹിതം ഗണ്യമായി വർദ്ധിച്ചിട്ടു ന്ന് സൂചിപ്പിക്കുന്നു. ജനസംഖ്യ വർദ്ധിക്കുന്നതോടൊപ്പം വരും വർഷങ്ങളിൽ മാംസത്തിന്റെയും മുട്ടയുടെയും ഉത്പാദനം വർദ്ധിപ്പിക്കേ തു ്. ആളോഹരി ലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം വളരെയധികമാണ്. മൃഗസംരക്ഷണ മേഖലയിലെ സാധ്യതകളിലേക്കാണ് ഇത് വിരൽ ചൂ ുന്നത്.

അന്യ ജില്ലകളിൽ നിന്നും ചെക്കുപോസ്റ്റുകൾ വഴിയുള്ള പാലിന്റെയും മുട്ടയുടെയും കണക്കുകൾ താഴെകൊടുക്കുന്നു. മുൻവർഷത്തേക്കാൾ മുട്ടയുടെ വരവ് കുറഞ്ഞിട്ടുണ്ട് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ നിന്ന് ജില്ലയിൽ മുട്ടയുടെ ഉത്പാദനം വർദ്ധിച്ചിട്ടുണ്ട് എന്ന് കണക്കാക്കാം.

1) **ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന അറവ്മാടുകൾ** :

പട്ടിക. 4.4.5.
വയനാട് ജില്ലയിൽ മാംസത്തിന്റെയും മുട്ടയുടെയും ആളോഹരി ലഭ്യത

വർഷം	ചെക്ക്പോസ്റ്റിന്റെ പേര്	പന്നി	പശു/കാള	ആട്	കോഴി
2015–16	ആർ.പി.ചെക്ക്പോസ്റ്റ്, മുത്തങ്ങ	2394	346	390	2155551
	ആർ.പി.ചെക്ക്പോസ്റ്റ്,കാട്ടിക്കുളം	218	497	42	
2016–17	ആർ.പി.ചെക്ക്പോസ്റ്റ്, മുത്തങ്ങ	1938	74	620	415763
	ആർ.പി.ചെക്ക്പോസ്റ്റ്, കാട്ടിക്കുളം	22	473	116	1200

ബ്രഹ്മഗിരിക്കാവശ്യമായ പോത്തുകളും കാളകളും പാലക്കാട് ചെക്ക്പോസ്റ്റുവഴിയാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിക്കുന്നത്. ആയതിനാൽ വയനാട് ജില്ലയിൽ ചെക്ക്പോസ്റ്റുകളിൽ ഇവയുടെ കണക്ക് ഉൾപ്പെടുന്നില്ല.

2) **സംഘടിതം/അസംഘടിതം അറവുശാലകൾ സംബന്ധിച്ച വിവരങ്ങൾ**

പട്ടിക.4.4.6.
വയനാട് ജില്ലയിൽ സംഘടിതം/അസംഘടിതം അറവുശാലകൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ.നം.	പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ	ലൈസൻസ് ഇല്ലാത്തത്	താൽക്കാലികം	ആകെ
	ആകെ	**34**	**50**	**84**

4.4.2.1.അംഗീകൃത അറവുശാലയുടെ വിവരങ്ങൾ :വയനാട് ജില്ലയുടെ ഭൂപ്രകൃതിയും അനുയോജ്യമായ കാലാവസ്ഥയും ധാരാളം മേച്ചിൽപുറങ്ങളുടെ ലഭ്യതയും മാനവവിഭവശേഷിയും ജില്ലയിൽ മാംസോൽപാദനത്തിന് അനുയോജ്യമായ സാഹചര്യം ഒരുക്കുന്നു. ബ്രഹ്മിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നെൻമേനി പഞ്ചായത്തിൽ 15 മെട്രിക് ടൺ ശേഷിയുള്ള മാംസസംസ്ക്കരണ ഫാക്ടറി പ്രവർത്തിച്ചുവരുന്നു.ഒരു ദിവസം 100കാള/പോത്ത്/ആട് മണിക്കൂറിൽ 12 ലക്ഷം കോഴികളെയും സംസ്ക്കരിക്കുവാനുള്ള സജ്ജീകരണങ്ങൾ ഫാക്ടറിയിലു ് എങ്കിലും 30–35 കാള/പോത്ത്/ആട്, 1500 കോഴികളെയുമാണ് നിലവിൽ ഒരു ദിവസം സംസ്ക്കരിക്കുന്നത്. സംസഥാന ഫ ും ആർ.എസ്.വി.വൈ. ഫ ും നബാർഡിന്റെ ആർ.ഐ.ഡി.എഫ്.ഫ ും ഇതിന്റെ പ്രവർത്തനത്തിനായി ഉപയോഗിക്കുന്നു. ഫാക്ടറിയുടെ പ്രവർത്തനത്തിന് ആവശ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ ബ്രഹ്മഗിരി ഫാർമേഴ്സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്വരൂപിക്കുന്നു. മാംസോൽപാദനത്തിൽ ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിയുടെ ഈ ഫാക്ടറി ലക്ഷ്യമിടുന്നു. ഫാക്ടറിയിൽ നിന്നുള്ള മാലിന്യങ്ങൾ

ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഡ്രൈ റെൻ റിംഗ് (Dry Rendering) പ്ലാന്റ് മുഖേന സംസ്ക്കരിക്കുന്നു. കൂടാതെ തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗും മാലിന്യ സംസ്കരണത്തിനായി ഉപയോഗിച്ചുവരുന്നു. സംസ്കരണത്തിനു ശേഷം Meat Cum Bone Meal, Feather Meal എന്നിങ്ങനെയുള്ള പദാർത്ഥങ്ങളായി മാറ്റുന്നു. കൂടാതെ ഫാക്ടറിയിൽ ഉപയോഗിക്കുന്ന വെള്ളം സംസ്ക്കരിക്കുന്നതിനായി 1 ലക്ഷം ലിറ്റർ ശേഷിയുള്ള പ്ലാന്റ് പ്രവർത്തിക്കുന്നു. 30 മീറ്റർ ക്യൂബ് ശേഷിയുള്ള 2 ബയോഗ്യാസ് പ്ലാന്റുകളും ഫാക്ടറിയിൽ പ്രവർത്തിക്കുന്നു.

4.1.1. **ഉൽപന്ന നിർമ്മാണം, വിപണനം :** മാംസത്തിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനായി ഇതിനായി സജ്ജീകരിച്ച ആധുനിക ഉപകരണങ്ങളോടുകൂടിയയൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ബീഫ് കട്ലറ്റ്, ചിക്കൻ കട്ലറ്റ്, ബീഫ് അച്ചാർ, ചിക്കൻ അച്ചാർ എന്നിങ്ങനെയുള്ള വിവിധതരത്തിലുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കപ്പെടുന്നു.

4.1.2. **ഉരുക്കളുടെ ലഭ്യത :**ഒരു വർഷത്തിൽ 30,000 പശു/പോത്തിനെയും അത്രയുംതന്നെ ആടുകളും 12 ലക്ഷം കോഴികളെയും അറക്കാനുള്ള സജ്ജീകരണങ്ങൾ ഫാക്ടിറിയിലു ്. എങ്കിലും അസംസ്കൃത വസ്തുക്കൾക്കായി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേ സ്ഥിതിയാണ് നിലവിലുള്ളത്. ജില്ലയിൽതന്നെ പോത്തുകുട്ടി യൂണിറ്റ്, ബ്രോയ്ലർ യൂണിറ്റ്, ആട് യൂണിറ്റ് തുടങ്ങേ ത് ഇന്നത്തെ ആവശ്യമാണ് എന്ന് മനസിലാക്കാം.

4.1.3. **വിപണന യൂണിറ്റുകൾ** : എല്ലാ പഞ്ചായത്തുകളിലും നിലവിൽ വിപണന യൂണിറ്റുകൾ തുടങ്ങുവാൻ സാധിച്ചിട്ടു ്.

5. മുട്ടയുൽപാദനം (എണ്ണം)

പട്ടിക.4.4.7.

വയനാട് ജില്ലയിൽ മുട്ടയുടെആളോഹരി ലഭ്യത

മാംസ്യ ശ്രോതസ്സ്	മാംസ്യത്തിന്റെ ആവശ്യകത	മുട്ടയുടെ ആളോഹരി ലഭ്യത	ആളോഹരി കുറവ്
മുട്ട	180 (എണ്ണം/വർഷം)	61 (എണ്ണം/വർഷം	**119 എണ്ണം കുറവ്**

ജില്ലയിൽ നിലവിൽ മുട്ടയുടെ ആളോഹരി ലഭ്യത ഒരു വർഷം 61എണ്ണമാണ്. ഇത് ഐ.സി.എം.ആർ. നിർദ്ദേശിച്ചിട്ടുള്ളതിനേക്കാൾ കുറവാണ്. ഇതിൽ നിന്നും പിന്നാമ്പുറ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ആവശ്യകത വ്യക്തമാകുന്നു.2015–16 വർഷത്തിൽ മുട്ടയുൽപാദനം 12% വും 2016–17 വർഷത്തിൽ 1.26% വർദ്ധിച്ചിട്ടു ന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജില്ലയിൽ കഴിഞ്ഞ 5 വർഷം മുട്ടക്കോഴിയുടെ ഉത്പാദനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയും വകുപ്പിന്റെ പ്ലാൻ സ്ക്കീം വഴിയും നടപ്പിലാക്കിയ പദ്ധതികളുടെ ഫലമാണിതെന്ന് മനസിലാക്കാം.

പട്ടിക 4.4.8.
വയനാട് ജില്ലയിൽ മുട്ടയുൽപാദനം

വർഷം	മുട്ടയുടെ എണ്ണം
2014–15	562.42173
2015–16	632.64934
2016–17	640.64566

ചെക്ക്പോസ്റ്റിൽ നിന്നും ലഭിച്ച കണക്കുകൾ പ്രകാരം അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മുട്ടയുടെ വരവ് കുറഞ്ഞിട്ടുെ ന്ന് മനസിലാക്കാം.

പട്ടിക 4.4.9.

വർഷം	ചെക്ക്പോസ്റ്റിന്റെ പേര്	കോഴിമുട്ടയുടെ എണ്ണം	പാൽ (ലിറ്റർ)	കോഴി (കിലോഗ്രാം)
2015–16	ആർ.പി.ചെക്ക്പോസ്റ്റ്, മുത്തങ്ങ	6968364	185537	14305.67
	ആർ.പി.ചെക്ക്പോസ്റ്റ്,കാട്ടിക്കുളം	375880		
2016–17	ആർ.പി.ചെക്ക്പോസ്റ്റ്, മുത്തങ്ങ	59304431	759819	21963.76
	ആർ.പി.ചെക്ക്പോസ്റ്റ്, കാട്ടിക്കുളം	2707060		

6. **മുട്ട വിപണന ഉൽപന്ന യൂണിറ്റുകൾ :** വെറ്ററിനറി കോളേജ് പൂക്കോട് നിലവിൽ മുട്ടയും ഒരു ദിവസം പ്രായമുള്ള മുട്ടകോഴി കുഞ്ഞുങ്ങളെയും വിപണനം ചെയ്യുന്നു ്.വെറ്ററിനറി കോളേജിൽ 30,000 മുട്ടകോഴികുഞ്ഞുങ്ങളെ വിരിയിക്കുവാൻ കഴിവുള്ള ഒരു ഹാച്ചറിയാണ് നിലവിലുള്ളത്. എന്നാൽ ജില്ലയുടെആവശ്യങ്ങൾ നിർവ്വഹിക്കുന്നില്ല.വകുപ്പിന്റെ ലൈസൻസുള്ള 4 എഗ്ഗർ നേഴ്സറികളുൾപ്പെടെ ജില്ലയിൽ നിലവിൽ 7 എഗ്ഗർ നേഴ്സറികൾ പ്രവർത്തിക്കുന്നു.

7. **എഗ്ഗർ നേഴ്സറി വിവരങ്ങൾ**

പട്ടിക 4.4.10.
വയനാട് ജില്ലയിൽ എഗ്ഗർ നേഴ്സറി വിവരങ്ങൾ

ക്രമ. നം.	എഗ്ഗർ നഴ്സറികളുടെ മേൽ വിലാസം	എഗ്ഗർ നേഴ്സറി സ്ഥിതി ചെയ്യുന്ന പഞ്ചായത്ത്	കപ്പാസിറ്റി
1	മടൈക്കൽ എഗ്ഗർ നഴ്സറി, എം.എം.പൗലോസ്, മടേക്കൽ ഹൗസ്, കുളത്തുവയൽ (പി.ഒ), കാരാപ്പുഴ,	മീനങ്ങാടി	6000
2	എസ്.& റ്റി.പൗൾട്രി ഫാം, C/O. P.O. താഹിർ, അമ്പലക്കുന്ന്, പള്ളിക്കുന്ന്,	കണിയാമ്പറ്റ	3000
3	നാഗത്തിങ്കൽ എഗ്ഗർ നഴ്സറി, സുരേഷ്ബാബു, നാഗത്തിങ്കൽ ഹൗസ്, അരമ്പറ്റക്കുന്ന്,	പടിഞ്ഞാറത്തറ	7500
4	ശ്രീമതി.ജെസ്സി ജോണി, കുപ്പയിൽ വീട്, പുഴമുടി വെങ്ങപ്പള്ളി (പി.ഒ)	വെങ്ങപ്പള്ളി	1000

അവലംബം- മൃഗസംരക്ഷണവകുപ്പ്

8. പാലുൽപാദനം : സംസ്ഥാനതലത്തിൽ പാലുൽപാദനത്തിൽ ര ാം സ്ഥാനമാണ് വയനാട് ജില്ലയ്ക്കുള്ളത്. അത്യുൽപാദന ശേഷിയുള്ള സങ്കരയിനം പശുക്കളും അനുകൂല കാലാവസ്ഥയും ജില്ലയിലുള്ളതിനാൽ ക്ഷീരമേഖലയുടെ ഭാവി നിലനിൽക്കുന്നു. രാസവളങ്ങളുടെ വില വർദ്ധനയ്ക്കും മണ്ണിന്റെ ഫലഭൂയിഷ്ടതാശോഷണത്തിനും പരിഹാരമായി വിലകുറഞ്ഞ ജൈവവളമായ ചാണകം ഉപയോഗപ്പെടുത്തേ ത് അത്യന്താപേക്ഷിതമാണ്.

പട്ടിക.4.4.11.

വയനാട് ജില്ലയിൽ പാലുൽപാദനം

വർഷം	പാൽ (ലിറ്റർ)
2014–15	98489500
2015–16	111026500
2016–17	114488500

മേൽ പട്ടികയിൽ നിന്നും കഴിഞ്ഞ വർഷങ്ങളിൽ പാലുൽപാദനത്തിൽ ജില്ലയിൽ 3% വർദ്ധനവ് ഉ ായിട്ടുേ ന്ന് സൂചിപ്പിക്കുന്നു. ജില്ലയിൽ നിലവിലുള്ള ആധുനിക രീതിയിലുള്ള ശീതീകരണ ശൃംഖല പാൽ സംഭരണത്തിൽ ഒരു മുതൽകൂട്ടാണ്.ജില്ലയിലെ പാലുൽപാദനത്തിന്റെ 65% ക്ഷീരസംഘങ്ങൾ വഴിയാണ് സംഭരിക്കുന്നത്.

ജില്ലയിൽ പാലിന്റെ ആളോഹരി ലഭ്യത 434 ഗ്രാം ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് സംസ്ഥാന ശരാശരിയിൽ നിന്നും വളരെ ഉയർന്നതാണ്. ഈ മേഖലയിൽ പാലിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കേ തിന്റെ ആവശ്യകത വളരെ വ്യക്തമാണ്.

പട്ടിക.4.4.12.

വയനാട് ജില്ലയിൽ പാലിന്റെആളോഹരി ലഭ്യത

മാംസ്യ സ്രോതസ്സ്	പാലിന്റെ ആവശ്യകത	പാലിന്റെ ആളോഹരി ലഭ്യത	പാലിന്റെകുറവ്/അധികം
പാൽ	220ഗ്രാം/ദിവസം	334ഗ്രാം/ദിവസം	114 ഗ്രാം അധികം

താഴെയുള്ള ഗ്രാഫിൽ നിന്നും പശുക്കളുടെ എണ്ണവും അവയുടെ ഉത്പാദനശേഷിയും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്നു.

ചിത്രം4.4.5



4.4.4.കർഷക രജിസ്ട്രേഷൻ

കർഷക തൊഴിലാളികൾ, നാമമാത്ര കർഷകർ, എന്നവരുടെ ജീവസന്ധാരണ മാർഗ്ഗമെന്ന നിലയിൽ വയനാട് ജില്ലയിൽ മൃഗസംരക്ഷണ മേഖലയ്ക്ക് വളരെയേറെ പ്രാധാന്യം ഉ ്.നിലവിൽ 18806 കർഷകർ വയനാട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടു ്. എന്നിരുന്നാലും ക്ഷീരസംഘങ്ങളിലായി ഇരുപത്തിനാലായിരത്തോളം ക്ഷീരകർഷകരു ന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.ജില്ലയിൽ 24000–ഓളം ക്ഷീരകർഷകരു ്. 50 ഉം അതിനുമുകളിലും കറവപശുക്കളുള്ള 7 ഡയറി ഫാമുകൾ, 25 മുതൽ 50 വരെ കറവപശുക്കളുള്ള പത്തോളം ഡയറി ഫാമുകൾ, 10–25 വരെ പശുക്കളുള്ള അമ്പതോളം ഡയറി ഫാമുകൾ, 5 മുതൽ 10 വരെ പശുക്കളുള്ള 400–ഓളം ഡയറിഫാമുകൾ എന്നിവ ജില്ലയിൽ നിലവിലു ്. കൂടാതെ 25–ലധികം പന്നികളെ വളർത്തുന്ന 150–ഓളം പന്നി കർഷകരും 5–25 വരെ പന്നികളെ വളർത്തുന്ന 300–ഓളം പന്നി കർഷകരുമു ്. 50–ലധികം ആടുകളെ വളർത്തുന്ന 3 ഫാമുകളും 5–20 വരെ ആടുകളുള്ള 150–ഓളം കർഷകരും 5 വരെ ആടുകളുള്ള 100–ഓളം കർഷകരുമു ്. കൂടാതെ 7 എഗ്ഗർനഴ്സറികളും 200ബ്രോയ്ലർ കർഷകരുമു ്. ധാരാളംപേർ സമ്മിശ്ര കൃഷിക്കാരുമാണ്.

പട്ടിക.4.4.13.
വയനാട് ജില്ലയിലെ കന്നുകാലി ഫാമുകളുടെ വിവരങ്ങൾ

ക്രമ.നം.	പശു ഫാം	ആട് ഫാം	പോത്ത് ഫാം	കോഴിഫാം		പന്നി ഫാം
1	580	742	255	ബ്രോയ്ലർ	എഗ്ഗർ	158
				200	7	

4.4.5.വെറ്ററിനറി സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

267 ജീവനക്കാരും 117 സ്ഥാപനങ്ങളുമായി ജില്ലയിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ വകുപ്പ് ഇന്ന് വയനാട് ജില്ലയിലെ പ്രമുഖ വികസന വകുപ്പുകളിലൊന്നാണ്. സാങ്കേതിക വിദഗ്ധരായ 34 വെറ്ററിനറി ഡോക്ടർമാരും 117 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും ഈ വകുപ്പിലൂടെ വയനാട് ജില്ലയിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

മുഴുവൻ പഞ്ചായത്തുകളിലും മൃഗചികിത്സാ കേന്ദ്രങ്ങളും സബ്സെന്ററുകളും പ്രവർത്തിക്കുന്നു. കൂടാതെ സുൽത്താൻ ബത്തേരിയിലുള്ള ഒരു കർഷക പരിശീലന കേന്ദ്രവും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

ചിത്രം4.4. 6

4.4.5.1.സേവനങ്ങൾ : യഥാസമയമുള്ള സർക്കാർ നിബന്ധനകൾക്ക് വിധേയമായി പക്ഷിമൃഗാദികളുടെ ചികിൽസ, രോഗപ്രതിരോധകുത്തിവെയ്പ്പ്, കൃത്രിമബീജദാന സൗകര്യം, കന്നുകാലികളുടെ ഇൻഷൂറൻസ് എന്നിവയ്ക്ക് പുറമെ കർഷകർക്കുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക തുടങ്ങി വിവിധ സേവനങ്ങൾ ഈ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നു.

4.4.5.2.ലബോറട്ടറികളുടെ വിവരങ്ങൾ :ജില്ലാ വെറ്ററിനറി കേന്ദ്രം, കൽപ്പറ്റ വെറ്ററിനറി പോളിക്ലിനിക്ക്, മാനന്തവാടി, സുൽത്താൻ ബത്തേരി എന്നീ സ്ഥാപനങ്ങളിലാണ് നിലവിൽ വെറ്ററിനറി ലാബുകൾ ഉള്ളത് എങ്കിലും ജില്ലാ വെറ്ററിനറി ലാബിൽ മാത്രമാണ് വെറ്ററിനറി ഡോക്ടറുടെ സേവനം ഉള്ളത്. മറ്റു ര ് സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുക ങ്കിലും അവിടെയുള്ള ഡ്യൂട്ടി ഡോക്ടർമാർതന്നെയാണ് റിപ്പോർട്ടുകൾ പരിശോധിക്കുന്നത്. കഴിഞ്ഞ ര ു വർഷങ്ങളിൽ പരിശോധിച്ച സാമ്പിളുകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

പട്ടിക.4.4.14.
വയനാട് ജില്ലയിൽപരിശോധിച്ച സാമ്പിളുകളുടെ എണ്ണം

വർഷം	പരിശോധിച്ച സാമ്പിളുകളുടെ എണ്ണം
2014–15	18570
2015–16	19576
2016–17	19559

അവലംബം– മൃഗസംരക്ഷണവകുപ്പ്

4.6.പ്രതിരോധ കുത്തിവെയ്പ് വിവരങ്ങൾ :ജില്ലയിൽ കഴിഞ്ഞ വർഷം പേവിഷബാധയ്ക്കെതിരെ കുത്തിവെച്ച മൃഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക.4.4.15
വയനാട് ജില്ലയിൽപ്രതിരോധ കുത്തിവെയ്പ് വിവരങ്ങൾ

ക്രമ.നം.	വർഷം	പശു	ആട്	പട്ടി
1	2014–15	765	390	10502
2	2015–16	839	422	9450
3	2016–17	254	556	6087

അവലംബം– മൃഗസംരക്ഷണവകുപ്പ്

4.4.6. ഗോരക്ഷ പദ്ധതി വാക്സിനേഷൻ റിപ്പോർട്ട്

മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ് 22 ഘട്ടങ്ങൾ പൂർത്തികരിച്ചിട്ടു ്. ജില്ലയിലെ എല്ലാ മൃഗാശുപത്രികൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ കർഷക ഭവനങ്ങൾ സന്ദർശിച്ച്, പ്രതിരോധ കുത്തിവെയ്പുകൾ നടത്തുന്നു . കന്നുകാലികൾ, പന്നി എന്നിവയെ ആണ് കുത്തിവെയ്പിന് വിധേയമാക്കുന്നത് .നാല് മാസത്തിന് മുകളിൽ പ്രായവും ആരോഗ്യവു മുള്ള ഉരുക്കളെയാണ് പ്രതിരോധ കുത്തിവെയ്പിന് വിധേയമാക്കുന്നത് . ആരോഗ്യമില്ലാത്ത വയും പൂർണ്ണ ഗർഭിണികളുമായ മൃഗങ്ങളെ കുത്തിവെയ്പ്പിൽ നിന്നും ഒഴിവാക്കിയിട്ടു ്. കർഷകരിൽ സാക്രമികരോഗങ്ങളെപ്പറ്റി അവബോധം ഉള്ളതിനാൽ ഒട്ടുമിക്ക കർഷകരും പദ്ധതിയുമായി സഹകരിക്കുന്നു ്. കഴിഞ്ഞ വർഷങ്ങളിൽ കുത്തിവെച്ച മൃഗങ്ങളുടെ എണ്ണംതാഴെ കൊടുത്തിരിക്കുന്നു.

പട്ടിക.4.4.16.

കുത്തിവെച്ച മൃഗങ്ങളുടെ എണ്ണം

വർഷം	കുത്തിവെച്ച മൃഗങ്ങളുടെ എണ്ണം
2014–15	62274
2015–16	63152
2016–17	64274

അവലംബം– മൃഗസംരക്ഷണവകുപ്പ്

വയനാട്ജില്ലയിൽഗോരക്ഷപ്രതിരോധകുത്തിവെയ്പ്വിവരങ്ങൾര ്അയൽസംസ്ഥാനങ്ങളുമായി അതിർത്തിപങ്കിടുന്നവയനാട്ജില്ലയിൽഉരുക്കളെകടത്തിക്കൊ ുവരുന്നത്സാധരണമായതിനാൽ കുളമ്പുരോഗപ്രതിരോധ കുത്തിവെയ്പ്പ് എടുക്കേ ത് വളരെ അത്യാവശ്യമാണ്.

അസ്കാഡ് വാക്സിനേഷൻ രേഖകൾ

പട്ടിക.4.4.17.

വയനാട് ജില്ലയിൽഅസ്കാഡ് കുത്തിവെയ്പ് വിവരങ്ങൾ

വർഷം	കുത്തിവെച്ച കോഴികളുടെ എണ്ണം
2014–15	100053
2015–16	125027
2016–17	130012

അവലംബം– മൃഗസംരക്ഷണവകുപ്പ്

കേന്ദ്രാവിഷ്കൃത പദ്ധതിയായ അസ്കാഡ് കോഴികളിൽ ക ുവരുന്ന സാംക്രമിക രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവെയ്പ്പ് നടത്തിവരുന്നു. ആയതിന്റെ ഫലമായി ജില്ലയിൽ കോഴികളിൽ ഉ ാകുന്ന സാംക്രമിക രോഗങ്ങളുടെ തോത് കുറയുകയും അതുവഴി കോഴികർഷകർക്ക് ഉ ാകുന്ന സാമ്പത്തിക നഷ്ടം കുറയ്ക്കുവാനും സാധിച്ചിട്ടു ്. ഈ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ തുടങ്ങുവാൻ ഇതൊരു കാരണവുമായിട്ടു ്.

4.4.7.സങ്കരയിനം പശുകുട്ടികളുടെ പരിപാലനം:ജില്ലയിൽ ജനിക്കുന്ന സങ്കരയിനം പശുകുട്ടികളെ ശാസ്ത്രീയ രീതിയിൽ വളർത്തി അവയുടെ പ്രത്യുത്പാദനവും പാലുത്പാദനശേഷിയും വർദ്ധിപ്പിക്കുന്നതിന് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം സൗജന്യനിരക്കിൽ തീറ്റ, ആരോഗ്യപരിരക്ഷ, ഇൻഷൂറൻസ് എന്നിവ നൽകിവരുന്നു. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ കഴിഞ്ഞ 3 വർഷങ്ങളിലായി 4039 സങ്കരയിനം പശുകുട്ടികളെയും ഗോവർദ്ധിനി പദ്ധതിയിലൂടെ 2538 പശുകുട്ടികളെയും ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടു ്.

പട്ടിക.4.4.18

കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ പരിപാലിക്കപ്പെടുന്ന കന്നുകുട്ടികളുടെ എണ്ണം.

വർഷം	സുരഭിരക്ഷ	ഗോവർദ്ധിനി	കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി
2014–15	500	1000	964
2015–16		250	868
2016–17		1288	1177
2017–18			1030
ആകെ			**7077**

അവലംബം– ക്ഷീരവികസനവകുപ്പ്

11) മൃഗാശുപത്രികളിലെ കന്നുകുട്ടി ജനനരജിസ്റ്റർ

പട്ടിക.4.4.19
കന്നുകുട്ടി ജനനങ്ങളുടെ കണക്ക്

വർഷം	കൃത്രിമ ബീജദാനത്തിന്റെ കണക്ക്	കന്നുകുട്ടികളുടെ എണ്ണം
2014–15	67173	14194
2015–16	68238	14525
2016–17	59998	13232

അവലംബം– ക്ഷീരവികസനവകുപ്പ്

ജില്ലയിൽ പ്രജനനശേഷിയുള്ള 45000 പശുക്കളുെ ന്ന് കണക്കാക്കുന്നു. ജില്ലയിലെ കന്നുകാലികളുടെ വർഗ്ഗഗുണമേൻമയെക്കുറിച്ച് പരിശോധിച്ചാൽ സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തോട് വയനാട് ജില്ല നീതി പുലർത്തിയതായി കാണാം. സംസ്ഥാനത്ത് മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കിവരുന്ന കൃത്രിമബീജദാനം എന്ന സാങ്കേതിക വിദ്യ ഫലപ്രദമായി കർഷകരിൽ എത്തിക്കുവാൻ കഴിഞ്ഞുഎന്നത് ജില്ലയുടെ ഒരുനോട്ടമാണ്. എന്നാൽ അത്യുത്പാദനശേഷിയുള്ള സങ്കരയിനം പശുക്കളുടെ എണ്ണം കൂടുതലായതുകൊ ുതന്നെ ഇവയിൽക ുവരുന്ന ഒട്ടനവധി വന്ധ്യതാ പ്രശ്നങ്ങൾ മൂലം ഒരു ഗർഭധാരണത്തിന് ഒന്നിൽകൂടുതൽ തവണ കൃത്രിമബീജദാനം വേ ിവരുന്നുവെന്ന് മേൽ കണക്കുകൾ സൂചിപ്പിക്കുന്നു.

4.4.8.വന്ധ്യതാ പരിശോധന ക്യാമ്പുകളുടെ വിവരങ്ങൾ

ജില്ലയിൽ വർദ്ധിച്ചുവരുന്ന വന്ധ്യതാ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനും അവയ്ക്ക് വിദഗ്ദ ചികിൽസ ലഭ്യമാക്കുവാനായി ജില്ലയിൽ മിഷൻനന്ദിനി പദ്ധതി നടപ്പിലാക്കിവരുന്നു. ഏകദേശം 953 ഉരുക്കൾ ഈ പദ്ധതി വഴി ഗർഭംധരിക്കുകയും അതുവഴി പാലുത്പാദനം വർദ്ധിപ്പിക്കുവാനും ക്ഷീരകർഷകർക്കു ാകുന്ന സാമ്പത്തിക നഷ്ടം കുറയ്ക്കുവാനും സാധിച്ചിട്ടു ്. വീട്ടുപടിക്കൽ ചികിൽസ ലഭ്യമാക്കുവാനായി ജില്ലയിൽ പ്രവർത്തിക്കുന്നമൊബൈൽ ഫാം എയ്ഡ് യൂണിറ്റ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. കന്നുകാലികളിലെ വന്ധ്യത പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി നടത്തിവരുന്ന മിഷൻ നന്ദിനി പദ്ധതി സംസ്ഥാനതലത്തിൽതന്നെ ശ്രദ്ധ ആകർഷിച്ചിട്ടു ്.

പട്ടിക 4.4.20
വന്ധ്യതാ ക്യാമ്പുകളുടെ എണ്ണം

വർഷം	വന്ധ്യതാ ക്യാമ്പുകളുടെ എണ്ണം	ചികിത്സിച്ച പശുക്കളുടെ എണ്ണം
2014–15	36	1093
2015–16	38	1151
2016–17	43	1296

അവലംബം– ക്ഷീരവികസനവകുപ്പ്

13) രോഗാതുരത സംബന്ധിച്ച വിവരങ്ങൾ

പട്ടിക.4.4.21
രോഗാതുരത സംബന്ധിച്ച വിവരങ്ങൾ

വർഷം	ചികിത്സിച്ച മൃഗങ്ങളുടെ എണ്ണം
2014–15	204558
2015–16	243032
2016–17	257345

അവലംബം– മൃഗസംരക്ഷണവകുപ്പ്

ജില്ലയിലെ കന്നുകാലികളിൽ മുഖ്യമായികാണപ്പെടുന്ന രോഗങ്ങളിൽ പ്രധാനമായവ ബാഹ്യ പരാദങ്ങൾമൂലം ഉ ാകുന്ന രോഗങ്ങളും അത്യുത്പാദനശേഷിയുള്ള പശുക്കളിൽ കാണപ്പെടുന്ന ഉപാപചയ രോഗങ്ങളുമാണ്. പ്രസവത്തോടനുബന്ധിച്ച് ഉപാപചയ രോഗങ്ങളു ാകുമ്പോൾ പാലുത്പാദനം ഗണ്യമായി കുറയുകയും കർഷകർക്ക് സാമ്പത്തിക നഷ്ടംമു ാകുകയും ചെയ്യുന്നു. മുൻവർഷത്തെക്കാൾ ഉപാപചയ രോഗങ്ങളുടെ എണ്ണം കൂടിയിട്ടു ന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വിപണിയിൽ ഇന്ന് ലഭ്യമായ കാലിത്തീറ്റകളുടെ ഗുണനിലവാരക്കുറവാണ് ഇതിനുള്ള പ്രധാനകാരണം. കൂടാതെ ബാഹ്യപരാദ രോഗങ്ങളുടെ എണ്ണവും വിറ്റാമിൻ, മൂലകങ്ങൾ എന്നിവയുടെ കുറവുമൂലമുള്ള അസുഖങ്ങളും കൂടിയിട്ടു ന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

പട്ടിക.4.4.22
വിവിധ രോഗങ്ങളുടെ തോത്

രോഗത്തിന്റെ പേര്	വർഷം 2015–16	വർഷം 2016–17
അവശ്യ മൂലകങ്ങളുടെയും ധാതുലവണങ്ങളുടെയും കുറവ്	3350	6399
ദഹന സംബന്ധമായ രോഗങ്ങൾ	57066	48424
വന്ധ്യതാ പ്രശ്നങ്ങൾ	14598	16381
സാംക്രമിക രോഗങ്ങൾ	209	36
ഉപാപചയരോഗം	6855	8105
ഞരമ്പ് സംബന്ധമായ രോഗം	10	25
ബാഹ്യപരാദ രോഗങ്ങൾ	100748	112038
ശ്വാസകോശം സംബന്ധിച്ച രോഗം	19943	22457
തൊലി സംബന്ധമായ രോഗം	18820	19905
ശസ്ത്രക്രിയ ആവശ്യമായ രോഗം	2606	3396
വിഷാംശം	387	671
മറ്റുള്ളവ	18674	19442

അവലംബം– മൃഗസംരക്ഷണവകുപ്പ്

ബാഹ്യപരാദങ്ങൾമൂലമുള്ള രോഗങ്ങൾ കൽപ്പറ്റ, മീനങ്ങാടി, പൂതാടി, പാടിച്ചിറ, പുൽപ്പള്ളി, മേപ്പാടി, നൂൽപ്പുഴ, നെൻമേനി, തിരുനെല്ലി എന്നീ പഞ്ചായത്തുകളിലാണ്. കൂടുതലായി കാണപ്പെടുന്നത്. സുൽത്താൻ ബത്തേരി, നൂൽപ്പുഴ, പാടിച്ചിറ, കാട്ടിക്കുളം, മാനന്തവാടി എന്നിവടങ്ങളിൽ ഉപാപചയരോഗങ്ങൾ കൂടുതലായി കാണപ്പെടുന്നു.

പട്ടിക 4.4.23

കുളമ്പുരോഗം, ആടുവസന്ത എന്നീ രോഗങ്ങളുടെ തോത്

രോഗത്തിന്റെ പേര്	2012	2013	2014	2015	2016	2017
കുളമ്പുരോഗം	75	176	10	209	25	53
ആടുവസന്ത	-	11	-	-	11	

അവലംബം– ക്ഷീരവികസനവകുപ്പ്

14)പേവിഷബാധ നിർമ്മാർജ്ജനം :

പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് വിവരങ്ങൾ

പട്ടിക 4.4.24.

പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് വിവരങ്ങൾ

വർഷം	പശു/പോത്ത്	ആട്	പട്ടി
2015–16	865	422	9450
2016–17	274	556	6087

വയനാട് ജില്ലയിൽ കഴിഞ്ഞ വർഷങ്ങളിലായി പേപ്പട്ടി വിഷബാധ കേസുകൾ കൂടിയിട്ടു ്. വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളുടെ എണ്ണവും പേവിഷ ബാധ പ്രതിരോധകുത്തിവെയ്പ്പിനെപ്പറ്റിയുള്ള അജ്ഞതയുംഇതിനു കാരണമാകുന്നു.

4.10. **സീസണലായിട്ടുള്ള രോഗങ്ങളുടെ വിവരങ്ങൾ :** വയനാട് ജില്ലയിൽ പൊതുവെമഴക്കാലത്ത് പശുക്കളിൽ കുരലടപ്പൻ, ആടുകളിൽ ശ്വാസകോശ സംബന്ധമായ രോഗങ്ങൾ ക ുവരുന്നു. ഡിസംബറിൽ തുടങ്ങുന്ന മഞ്ഞുകാലത്തിൽ ബാഹ്യപരാദങ്ങൾ വാഹകരായിട്ടുള്ള വൈറൽ രോഗങ്ങൾ, പ്രോട്ടോസോവൻ രോഗങ്ങൾ എന്നിവ കാണപ്പെടുന്നു.

4.4.8.1.. വിജ്ഞാന വ്യാപനം : ജില്ലയിലെ മീനങ്ങാടി ആസ്ഥാനമാക്കിയിട്ടുള്ള റീജണൽ അനിമൽ ഹെൽത്ത് സെന്ററും ബത്തേരിയിലെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററും ക്ഷീരകർഷകർക്കും പന്നികർഷകർക്കും ആട് കർഷകർക്കും പരിശീലനം നൽകിവരുന്നു.കൂടാതെ വയനാട് ജില്ലയിലെ 30000–ഓളം വരുന്ന കന്നുകാലികർഷകരെ പരിശീലിപ്പിക്കുവാൻ 70 ലക്ഷം രൂപ ചെലവിൽ ഒരു പരിശീലന കേന്ദ്രം നിർമ്മിക്കുകയും ചെയ്തിട്ടു ്. എന്നാൽ ജീവനക്കാരുടെ കുറവുമൂലം ഇത് പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല.

4.4.8.2.രാത്രികാല സേവനം :വയനാട് ജില്ലയിലെ 4 ബ്ലോക്കുകളിൽ രാത്രികാല സേവനത്തിന്റെ ഭാഗമായി ഒരു വെറ്ററിനറി സർജന്റെ സേവനം ലഭ്യമാക്കിയിട്ടു ്. സുൽത്താൻ ബത്തേരി ബ്ലോക്കിൽ മീനങ്ങാടി മൃഗാശുപത്രിയും മാനന്തവാടി ബ്ലോക്കിൽ വെറ്ററിനറി പോളിക്ലിനിക്ക് മാനനന്തവാടിയിലും പനമരം ബ്ലോക്കിൽ പുൽപ്പള്ളി മൃഗാശുപത്രിയിലും കൽപ്പറ്റ ബ്ലോക്കിൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തിലും രാത്രികാല സേവനയൂണിറ്റുകൾ പ്രവർത്തിക്കുന്നു. ദിവസേന ശരാശരി 60 കേസുകൾ വീതം രാത്രികാലസേവനം ചെയ്യുന്ന ഡോക്ടർമാർ റിപ്പോർട്ട് ചെയ്യുന്നു ്. ജില്ലയിൽ വളരെ വിജയകരമായി ഈ പദ്ധതി നടപ്പിലാക്കുന്നു.

4.4.9.. A.B.C.(തെരുവുനായ്ക്കളുടെ വന്ധീകരണം)പദ്ധതികളും സെന്ററുകളുടെ എണ്ണവും

നിലവിൽ ജില്ലയിൽ എ.ബി.സി.ശസ്ത്രക്രിയ ചെയ്യുന്നതിനായി സുൽത്താൻ ബത്തേരി വെറ്ററിനറി പോളിക്ലിനിക്കിൽ ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി ഒരു ശസ്ത്രക്രിയ സെന്റർ പ്രവർത്തിക്കുന്നു. നാളിതുവരെ 1500–ലധികം തെരുവുനായ്ക്കളെ വിവിധ പഞ്ചായത്തുകളിൽ നിന്നായി പിടിച്ച് എ.ബി.സി.ശസ്ത്രക്രിയ ചെയ്തിട്ടു ്. 2012–ലെ സെൻസെസ് പ്രകാരം 3520 തെരുവുനായ്ക്കളാണ് ജില്ലയിലുള്ളത്.

4.4.10. ക്ഷീര വികസനം

സംസ്ഥാനത്തെ ക്ഷീര വികസന ഭൂപടത്തിൽ ശ്രദ്ധേയമായ സ്ഥാനമാണ് വയനാട് ജില്ലയുടേത്. സംസ്ഥാനത്തെ മൊത്തം കാലിസമ്പത്തിന്റെ (27.3 ലക്ഷം) 4.26 ശതമാനമാണ് വയനാട്ടിലുള്ളതെങ്കിലും(0.7677 ലക്ഷം പശുക്കൾ) പാൽ സംഭരണത്തിൽ ര ാം സ്ഥാനമാണുള്ളത്(744.177 ലക്ഷം – 12.73 ശതമാനം). ജില്ലയിലെ ക്ഷീര മേഖലയുടെ മെച്ചപ്പെട്ട അവസ്ഥ പരിഗണിച്ച് സംസ്ഥാന സർക്കാർ 19.11.2015 –ാം തീയതിയിലെ സ.ഉ.(സാ.ധാ) നം.1930/15/കൃഷി –ാം നമ്പർ ഉത്തരവ് പ്രകാരം വയനാടിനെ ഹൈടെക് ഡയറി ജില്ലയായി പ്രഖ്യാപിച്ചിട്ടു ്. കാർഷിക മേഖലയിലെ രൂക്ഷമായ പ്രതിസന്ധിയിലും കർഷക ആത്മഹത്യയുടെ പശ്ചാത്തലത്തിലും വയനാടിന്റെ സാമ്പത്തിക മേഖലയിൽ കൈത്താങ്ങായത് ക്ഷീര മേഖലയാണെന്നുള്ള കാര്യം നിസ്തർക്കമാണ്. ക്ഷീര സഹകരണ മേഖലയിൽ ജില്ലയിലെ സമ്പൂർണ്ണ സംഭരണ–ശീതീകരണ–സംസ്കരണ–മൂല്യവർദ്ധനാ സംവിധാനങ്ങളും ഉല്പന്നങ്ങളുടെ രാജ്യാന്തര കയറ്റുമതിയടക്കമുള്ള വിപണനവും സ്ഥിരമായ വിലയും സംരംഭകരെ ക്ഷീര മേഖലയിലേക്ക് ആകർഷിക്കുന്നു ്. ഇതോടൊപ്പം മറ്റ് വികസന മേഖലകളുമായുള്ള വിപുലമായ സംയോജന സാധ്യതകളും കേരള വെറ്ററിനറി യൂണിവേഴ്സിറ്റി അടക്കമുള്ള വിവിധ ഏജൻസികളുടെ സാന്നിദ്ധ്യവും ഏകോപനവും ക്ഷീര മേഖലയെ ഉല്പാദന മേഖലയുടെ കേന്ദ്ര ബിന്ദുവായി അവരോധിക്കുന്നതിന് ഏറ്റവും അനുയോജ്യമാക്കുന്നു.

4.4.10.1. വികസന ചരിത്രം

വയനാട് ജില്ലയിൽ ക്ഷീര മേഖലയ്ക്ക് ക്രമാനുഗതമായ വളർച്ചയു ായിട്ടുള്ള കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ക്ഷീര മേഖലയുടെ വികസന ചരിത്രം ചുവടെ ചേർക്കുന്നു.

1960 വരെ	നാടൻ കന്നുകാലി വർഗ്ഗങ്ങൾ, കന്നുകാലി മേയ്ക്കൽ, കന്നുകളേയും കാളകളേയും ഉഴവിനും ചരക്ക കടത്തലിനും വ്യാപകമായി ഉപയോഗിക്കൽ, പരമ്പരാഗതമായ ഉപകരണങ്ങൾ(ഉദാ: തട്ട), പ്രകൃതിയുമായി ഇഴുകിച്ചേർന്ന കന്നുകാലി വാസസ്ഥലങ്ങൾ (ഉദാ: പെടത്ത്യാല, പൊന്താലാ) സമ്പത്തിന്റേയും ഐശ്വര്യത്തിന്റേയും അളവുകോൽ, ആദിവാസി വിഭാഗങ്ങളുടെ മനുഷ്യ വിഭവശേഷി വ്യാപകമായി ഉപയോഗപ്പെടുത്തൽ, തിരുവതാംകൂറിൽ നിന്നുള്ള കർഷക കുടിയേറ്റവും. കീവില്ലേജ് സ്കീം.
1961–1970	ക്ഷീര സഹകരണ സംഘങ്ങളുടെ ആവിർഭാവം(ഉദാ: സുൽത്താൻ ബത്തേരി ക്ഷീര സംഘം 1962), വെറ്ററിനറി കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ക്ഷീര വികസന വകുപ്പിന്റെ പ്രവർത്തനാരംഭം, തീറ്റപ്പുൽകൃഷിയുടെ ആരംഭം
1971–1980	ക്ഷീര സംഘങ്ങൾ കൂടുതൽ വ്യാപകമായി ജില്ലാ മിൽക്ക് സപ്ലൈ യൂണിയൻ ആരംഭിച്ചു. കുന്നമ്പറ്റയിൽ പാൽ ശീതീകരണ കേന്ദ്രം സ്ഥാപിച്ചു. കൂടുതൽ വെറ്ററിനറി കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും സ്ഥാപിച്ചു. ക്ഷീര വികസന വകുപ്പ് മുഖേന ''ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ്''മാരെ നിയോഗിച്ചു. കൃത്രിമ ബീജാധാനം വ്യാപകമായി, പാലുല്പാദനം ക്രമേണ വർദ്ധിക്കാൻ തുടങ്ങി.

1981–1990	ക്ഷീര വികസന വകുപ്പ് മുഖേന കേന്ദ്രാവിഷ്കൃത പദ്ധതിയായ ''സിൽവി പാസ്ചർ പദ്ധതി'' നടപ്പിലാക്കി. കൂടുതൽ ക്ഷീര സംഘങ്ങൾ രൂപീകരിച്ചു. സംഭരണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചു. ര ് പാൽ ശീതീകരണ പ്ലാന്റുകൾ സ്ഥാപിച്ചു. തീറ്റപ്പുൽകൃഷിക്ക് കൂടുതൽ പ്രാധാന്യം നല്കി. സങ്കര വർഗ്ഗ കറവമാടുകളെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും അന്യ ജില്ലകളിൽനിന്നും ഇറക്കുമതി ചെയ്തു. പട്ടിക വർഗ്ഗ ഉപപദ്ധതി പ്രകാരം പശു വളർത്തൽ യൂണിറ്റുകൾ ആരംഭിച്ചു. കൂടുതൽ ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളും മൃഗാശുപത്രികളും ആരംഭിച്ചു. പാലുല്പാദനത്തിലു ായ വർദ്ധനമൂലം പാൽ സംഭരണത്തിൽ പ്രതിസന്ധിയും പ്രശ്നങ്ങളും ഉ ായി. മീനങ്ങാടി പാൽ ശീതീകരണ കേന്ദ്രം പ്രവർത്തനമാരംഭിച്ചു.
1991–2000	മാനന്തവാടി പാൽ ശീതീകരണ കേന്ദ്രം പ്രവർത്തനമാരംഭിച്ചു. മലബാർ മേഖലാ യൂണിയന്റെ (മിൽമ) പ്രവർത്തനമാരംഭിച്ചു. കൂടുതൽ ആനന്ദ് മാതൃകാ സംഘങ്ങൾ രൂപീകരിക്കുകയും പരമ്പരാഗത ക്ഷീര സംഘങ്ങൾ ആനന്ദ് മാതൃകാ സംഘങ്ങളായി പരിവർത്തനം ചെയ്യുകയും ചെയ്തു. കൂടുതൽ ഐ.സി.ഡി.പി. ഉപ കേന്ദ്രങ്ങൾ ആരംഭിച്ചു. ബത്തേരി, മീനങ്ങാടി, കുന്നമ്പറ്റ ക്ഷീര സംഘങ്ങൾ ചെറുകിട പാൽ ശീതീകരണ യൂണിറ്റുകൾ ആരംഭിച്ചു. ക്ഷീര സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചു. അമ്പലവയൽ, മീനങ്ങാടി സംഘങ്ങൾ കാലിത്തീറ്റ ഫാക്ടറികൾ ആരംഭിച്ചു. ജനകീയാസൂത്രണ പദ്ധതിയിൽ ഉല്പാദന–സംഭരണ മേഖലകളിൽ പദ്ധതികൾ ആരംഭിച്ചു. പാൽ സംഭരണം വർദ്ധിച്ചു. ക്ഷീര സംഘങ്ങളുടെ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ ക്ഷീര വികസന വകുപ്പിന് ലഭിച്ചു. സമഗ്ര ജനപങ്കാളിത്ത പഠന പരിപാടിയുടെ അടിസ്ഥാനത്തിൽ ബ്രഹ്മഗിരി ഡയറി പ്രൊജക്ട് ആരംഭിച്ചു. ഡയറി സോഫ്ട്വെയർ ഡെവലപ്മെന്റ് സൊസൈറ്റി രൂപീകരിച്ച് ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ക്ഷീര സംഘങ്ങൾ കമ്പ്യൂട്ടർവൽക്കരണ പരിപാടി ആരംഭിച്ചു. കാർഷിക മേഖലയിലെ രൂക്ഷമായ പ്രതിസന്ധിയും കർഷക ആത്മഹത്യയും ആരംഭിച്ചു.
2001–2010	കർഷക ആത്മഹത്യകൾ വർദ്ധിച്ചു. വിദർഭ പാക്കേജിൽ ഉൾപ്പെടുത്തിയും നബാർഡിന്റെ പദ്ധതിയിലൂടെയും ക്ഷീര സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വ്യാപകമായി വർദ്ധിച്ചു. സഹകരണ മേഖലയിൽ കെട്ടിടങ്ങൾ, സംഭരണ കേന്ദ്രങ്ങൾ, പാൽ ശീതീകരണ കേന്ദ്രങ്ങൾ, സ്വയം നിയന്ത്രിത സംവിധാനങ്ങൾ, ബത്തേരി ക്ഷീര സംഘത്തിന്റെ വയനാട് മിൽക്ക്, അമ്പലവയൽ ക്ഷീര സംഘം കാലിത്തീറ്റ ഫാക്ടറി വിപുലീകരണം, ബ്രഹ്മഗിരിയുടെ സമഗ്ര നീർത്തട വികസന പദ്ധതികൾ, ബയോഗ്യാസ് പ്ലാന്റ്–കമ്പോസ്റ്റ് നിർമ്മാണം വ്യാപകമാക്കൽ, മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ ആരംഭം, കേരള ക്ഷീര കർഷക ക്ഷേമനിധിക്ക് തുടക്കം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, ബ്രഹ്മഗിരി സൊസൈറ്റി മുഖേന ക്ഷീര കർഷക സ്വാശ്രയ സംഘങ്ങളുടെ രൂപീകരണം. പാലുല്പാദനം ഗണ്യമായി വർദ്ധിച്ചു.
2011–2017	പുതിയ അഞ്ച് ചെറുകിട സംസ്കരണ കേന്ദ്രങ്ങൾ, ര ് ഫാം ഫ്രഷ് മിൽക്ക് യൂണിറ്റുകൾ, സമ്പൂർണ്ണ പാൽ ശീതീകരണ ശൃംഖല, ക്ഷീര സംഘങ്ങളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം, സുസ്ഥിര 2030 പദ്ധതിയിലൂടെ ക്ഷീര സംഘങ്ങളുടെ വൈവിധ്യവൽക്കരണം, ബ്രഹ്മഗിരി മാംസ സംസ്കരണ ഫാക്ടറി ആരംഭം, മിൽമ ഗ്രീൻ പദ്ധതി പ്രകാരം പച്ചക്കറി–പഴവർഗ്ഗങ്ങളുടെ സംഭരണം, ഓപ്പൺ ലിപ്സ സ്വതന്ത്ര സോഫ്ട്വെയർ ക്ഷീര സംഘങ്ങളുടെ സംസ്ഥാന തലത്തിലുള്ള ഏകീകൃത സോഫ്ട്വെയറായി അംഗീകരിച്ചു. ടച്ച് സ്ക്രീൻ കിയോസ്കുകൾ, ചെറുകിട ഡയറി ഫാമുകൾ വ്യാപകമായി, ഡയറി ജെ.എൽ.ജി.കളുടെ രൂപീകരണം പാലുല്പാദനം ഗണ്യമായി വർദ്ധിച്ചു. വയനാടിനെ ഹൈടെക് ഡയറി ജില്ലയായി പ്രഖ്യാപിച്ചു.

4.4.10.2. പാൽ സംഭരണം

വയനാട്ടിലെ സാധാരണക്കാരായ കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും പ്രധാന ഉപ വരുമാനമാണ് പാലുല്പാദനം. പശുവളർത്തലിൽ പ്രധാനമായും ഏർപ്പെട്ടിട്ടുള്ളത് പരിമിത–നാമമാത്ര കർഷകർ, കുറഞ്ഞ വരുമാനക്കാർ, വനിതകൾ, പട്ടിക വിഭാഗക്കാർ എന്നിവരാണ്. അതുകൊ ുതന്നെ ക്ഷീര വികസന മേഖലയുടെ വികസനം സാധാരണ ജനവിഭാഗത്തിന്റേയും വനിത–പട്ടിക വർഗ്ഗ വിഭാഗത്തിന്റേയും സാമ്പത്തിക–സാമൂഹിക ഉന്നമനത്തിന്റെ ഉപകരണമാണെന്ന് കാണാം. ക്ഷീര വികസന വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള 56 ക്ഷീര സംഘങ്ങൾ മുഖേന 2016–17 വർഷം 744.177 ലക്ഷം ലിറ്റർ പാൽ സംഭരണത്തിലൂടെ 261 കോടി രൂപാ മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ (19,700 കർഷക കുടുംബങ്ങളുടെ) ജീവസന്ധാരണത്തിനുള്ള വരുമാനമായി വിതരണം ചെയ്തിട്ടു ് (ചാർട്ട് 1 കാണുക). സംസ്ഥാനതലത്തിലുള്ള പാൽ സംഭരണം പരിശോധിച്ചാൽ കുറഞ്ഞ വിസ്തൃതിയുള്ള വയനാട് ജില്ല ര ാം സ്ഥാനത്താണെന്ന് കാണാം(ചാർട്ട് 2 കാണുക).

ചിത്രം *4.4.7*

ജില്ലയിലെ പാൽ സംഭരണം(ലക്ഷം ലിറ്റർ) 2017–18 (പ്രതീക്ഷിതം)



7

ചിത്രം *–4.4.7 :*

വിവിധ ജില്ലകളിലെ പാൽ സംഭരണം 2016–17 (ലക്ഷം ലിറ്ററിൽ)
പ്രതിദിന സംഭരണം–സംസ്ഥാന ശരാശരി 16.27 ലക്ഷം ലിറ്റർ



വിഭവ ഭൂപടം –4.4.8

പാൽ സംഭരണം ഗ്രാമ പഞ്ചായത്ത് തലത്തിൽ (പ്രതിദിനം – ലിറ്ററിൽ



മേൽ പറഞ്ഞ വിവരങ്ങൾ പരിശോധിക്കുമ്പോൾ കാർഷിക പ്രതിസന്ധിക്ക് ക്ഷീര മേഖല ബദൽ മാർഗ്ഗമാണെന്ന് ക്ഷീര മേഖലയിൽ ക്രമാനുഗതമായ വളർച്ച ഉ ായിട്ടുെ ന്നും ക്ഷീര മേഖലയിൽ ഇനിയും മുന്നേറ്റം സാധ്യമാണെന്നും കാണുവാൻ കഴിയും.

4.4.10.3. പാലിന്റേയും പാലുല്പന്നങ്ങളുടേയും വിപണനം

പാൽ സംഭരണ–വിപണന മേഖലയിൽ സഹകരണ മേഖലയുടെ ഏതാ ് സമ്പൂർണ്ണാധിപത്യം ക്ഷീര മേഖലയിൽ പ്രകടമാണ്. ഇത് ഉല്പാദന മേഖലയിൽ ക്ഷീര മേഖലയ്ക്ക് മാത്രം അവകാശപ്പെടാവുന്ന പ്രത്യേകതയും കർഷക കൂട്ടായ്മയുടെ ശക്തിയുമാണ്. 2016–17 വർഷം ക്ഷീര സംഘങ്ങൾ മുഖേന മൊത്തം സംഭരിച്ച 7,44,17,710 ലിറ്റർ പാലിൽ 1,91,71,934 ലിറ്റർ പാൽ പ്രാദേശിക വില്പന മുഖേനയും(25.76%) 1201580 ലിറ്റർ പാൽ ഉല്പന്നങ്ങളാക്കിയും (1.61%) 540,44,196 ലിറ്റർ പാൽ മിൽമ മുഖേനയും(72.6%) വിപണനം നടത്തിയിട്ടു ്. മിൽമ വയനാട് ഡയറി മുഖേന മൊത്തം സംഭരിച്ച പാൽ 38390791.62 ലിറ്റർ ആണ്. ആയതിൽ 40276595.2 ലിറ്റർ പായ്ക്കറ്റ് പാലായും, 7699454.97 ലിറ്റർ പാൽ ഉല്പന്നങ്ങളായും എല്ലാ ജില്ലകളിലും വിറ്റഴിക്കപ്പെട്ടിട്ടു ്.



പാൽ വിപണന മേഖലയിൽ മിൽമയും ക്ഷീര സംഘങ്ങളും തമ്മിലുള്ള ആരോഗ്യകരമായ മത്സരംമൂലം സ്വകാര്യമേഖലയുടെ വിപണി ജില്ലയിൽ വളരെയേറെ ദുർബലമാക്കുവാൻ കഴിഞ്ഞിട്ടു ്. വിപണന മേഖലയിൽ വയനാട് ഡയറി മുഖേനയുള്ള മിൽമയുടെ ശരാശരി പ്രതിദിന വിപണനം 1,10,000 ലിറ്ററും മുൻ വർഷത്തെ വിറ്റുവരവ് 18382 ലക്ഷം രൂപയുമാണ്. ഇതിന് പുറമേ സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ആറ് ചെറുകിട ഡയറി പ്ലാന്റുകൾ (സു.ബത്തേരി, കുന്നമ്പറ്റ, അമ്പലവയൽ, വരദൂർ, മൂപ്പൈനാട്, പള്ളിക്കുന്ന്) പാൽ വിപണന രംഗത്ത് എടുത്തുപറയത്തക്കതായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചിട്ടു ്. ജില്ലയിലെ മൊത്തം പ്രതിദിന സംസ്കരണ ശേഷി 1.4 ലക്ഷം ലിറ്ററാണ്. ജില്ലയിൽ സ്വകാര്യ ഡയറികൾ ഒന്നുംതന്നെ സ്ഥാപിക്കപ്പെട്ടിട്ടില്ല.

ചിത്രം4.4.8

പ്രാഥമിക ക്ഷീര സഹകരണ മേഖലയിൽ സുൽത്താൻ ബത്തേരി ക്ഷീര സംഘത്തിന്റെ കീഴിൽ 2010 മാർച്ചിൽ പ്രവർത്തനമാരംഭിച്ച ''വയനാട് മിൽക്ക്'' ക്ഷീര മേഖലയ്ക്ക് മുതൽക്കൂട്ടാണ്. 2016–17 വർഷം 66.63 ലിറ്റർ പാൽ സംസ്കരിച്ച് വിപണനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 165.70 ലക്ഷം രൂപാ അധികവിലയായും 11.75 ലക്ഷം രൂപാ തനത് ഫ ിൽനിന്നുള്ള വികസന–ക്ഷേമ പദ്ധതികളായും 2800 ക്ഷീര കർഷകർക്ക് ലഭ്യമായിട്ടു ്. തരിയോട്, ദീപ്തിഗിരി എന്നീ ക്ഷീര സംഘങ്ങൾ പ്രതിവർഷം 94060 ലിറ്റർ പാൽ കുപ്പികളിലാക്കി നിശ്ചിത ഗുണ നിലവാരത്തോടെ കല്പറ്റ, മാനന്തവാടി ടൗണുകൾ കേന്ദ്രീകരിച്ച് വിപണനം നടത്തിവരുന്നു. സ്വകാര്യ മേഖലയിൽ ഏതാനും ഡയറി ഫാമുകളും സ്വകാര്യ സംരംഭകരും കുറഞ്ഞ അളവിൽ പാലും പാലുല്പന്നങ്ങളും വില്പന നടത്തിവരുന്നു.

4.4.10.4. പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ

ക്ഷീര സംഘങ്ങളുടെ ശ്രദ്ധേയമായ സാന്നിദ്ധ്യം, വൈവിധ്യവൽക്കരണം, വാണിജ്യ–വ്യാപാര പ്രവർത്തനങ്ങൾ, സാമ്പത്തിക സുരക്ഷ, സാമൂഹ്യ സുരക്ഷാ പദ്ധതികൾ, വികസന പ്രവർത്തനങ്ങൾ തുടങ്ങിയവ ജില്ലയിലെ സുസ്ഥിര ഗ്രാമ വികസന പ്രവർത്തനങ്ങളിൽ സമഗ്രമായ സംഭാവനകൾ നല്കിവരുന്നു. കാലിത്തൊഴുത്ത് നിർമ്മാണം, കറവമാട് വിതരണം, കന്നുകാലി ഇൻഷ്വറൻസ്, ക്ഷീര കർഷക ഇൻഷ്വറൻസ്, കന്നുകാലി ചികിത്സാ സഹായം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ തനത് ഫ ് ഉപയോഗിച്ച് നിർവ്വഹിക്കുന്നു. ഇതിനു പുറമേ ക്ഷീര വികസന വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, മിൽമ, ബ്രഹ്മഗിരി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര കർഷക ക്ഷേമനിധി ബോർഡ് തുടങ്ങിയവയുടെ വികസന പ്രവർത്തനങ്ങളിലും സഹായിക്കുന്നു. ക്ഷീര സംഘങ്ങളുടെ വൈവിധ്യവൽക്കരണ പരിപാടിയുടെ ഭാഗമായി പച്ചക്കറി, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, മുട്ട തുടങ്ങിയവയുടെ സംഭരണ– വിതരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു. വയനാടിന്റെ സുസ്ഥിര ഗ്രാമ വികസന പ്രവർത്തനങ്ങളിൽ ക്ഷീര സംഘങ്ങൾ അനിവാര്യ ഘടകമായിമാറിയിട്ടു ്.

ചിത്രം4.4.9
മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘം

4.4.10.5. തീറ്റപ്പുൽകൃഷിയും വിപണനവും

ക്ഷീര മേഖലയിൽ മാത്രമല്ല കാർഷിക–മൃഗ സംരക്ഷണ മേഖലയിലും തീറ്റപ്പുൽകൃഷിയുടെ പ്രാധാന്യം എടുത്തുപറയത്തക്കതാണ്. ചെലവുകുറഞ്ഞ ഉല്പാദനത്തിലൂടെ പശു–ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും, മണ്ണ്– ജല– പരിസ്ഥിതി സംരക്ഷണത്തിനും തീറ്റപ്പുൽകൃഷി ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്. സുസ്ഥിര വികസനത്തിന്റെ സുപ്രധാന അടിസ്ഥാന ഘടകങ്ങൾ ഭക്ഷണം, ഇന്ധനം, തീറ്റപ്പുല്ല് എന്നിവയാണെന്ന് അന്താരാഷ്ട്ര സമൂഹം അംഗീകരിച്ചിട്ടുള്ള വസ്തുത തീറ്റപ്പുൽകൃഷിയുടെ പ്രാധാന്യം അടിവരയിടുന്നു.

മുൻകാലങ്ങളിൽ കോംഗോസിഗ്നൽ, ഗിനി, സ്റ്റൈലോ സാന്തസ് തുടങ്ങിയ ഇനങ്ങൾക്ക് ഏറെ പ്രാധാന്യം നൽകിയിരുന്നുവെങ്കിലും അടുത്തകാലത്തായി അത്യുല്പാദന ശേഷിയുള്ള സങ്കര വർഗ്ഗ നേപ്പിയർ ഇനങ്ങളും(ഉദാ: CO(CN)3, CO(CN)4, CO(CN)5, സങ്കര വർഗ്ഗ ഗിനിപ്പുല്ലും (CO(GG)3), മക്കചോളം–വൻപയർ കൃഷിയും ക്ഷീര കർഷകരുടെ ഇടയിൽ വളരെയേറെ സ്വീകാര്യത നേടിയിട്ടു ്. ഇതിന്റെ ഫലമായി പാലുല്പാദനച്ചെലവ് 20 ശതമാനം വരെ കുറയുന്നതിന് സാധിക്കുകയും ഉല്പാദനക്ഷമത കൂടിയ പശുക്കളെ വളർത്തുന്നതിനും വാണിജ്യാടിസ്ഥാനത്തി ലുള്ള പാലുല്പാ ദനം പ്രോത്സാഹിപ്പി ക്കുന്നതിനും കാരണ മാവുകയും ചെയ്തിട്ടു ്. ക്ഷീര വികസന വകുപ്പ് തീറ്റപ്പുൽകൃഷി സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

ചിത്രം 4.4.9
തീറ്റപ്പുൽകൃഷിത്തോട്ടം (സങ്കര നേപ്പിയർ)

ഇടവിള–തനിവിള തീറ്റപ്പുൽകൃഷി, കോ ൂർ അടിസ്ഥാനത്തിലുള്ള തീറ്റപ്പുൽകൃഷി തുടങ്ങിയ രീതി അവലംബിക്കേ ത് അനിവാര്യമാണ്. അതുപോലെതന്നെ വൃക്ഷവിളകളും കാലിത്തീറ്റയായി ഉപയോഗിക്കാവുന്ന ജൈവവേലി നിർമ്മാണവും തീറ്റപ്പുൽകൃഷി ജലസേചനവും പ്രോത്സാഹിപ്പിക്കാവുന്നതാണ്. നമുക്ക് ആവശ്യമായ തീറ്റപ്പുല്ലിന്റെ (1696 ടൺ) 65 ശതമാനം മാത്രമാണ് (1100 ലക്ഷം ടൺ) ഉല്പാദിപ്പിക്കുവാൻ കഴിയുന്നത്.

ഫോട്ടോ – 4.4.10
തരിയോട് ക്ഷീര സംഘം–ഗോപാലിക ഗ്രൂപ്പ് തീറ്റപ്പുൽകൃഷി

വിഭവ ഭൂപടം –4 .4.11:
ഗ്രാമ പഞ്ചായത്ത്–മുനിസിപ്പാലിറ്റി തലത്തിലുള്ള തീറ്റപ്പുൽകൃഷി

4.4.10.7. പാരമ്പര്യേതര തീറ്റ വസ്തുക്കളുടേയും കാലിത്തീറ്റയുടേയും ലഭ്യത

കന്നുകാലികളുടെ ആരോഗ്യ സംരക്ഷണവും പാലുല്പാദന ക്ഷമതയും പരിഗണിക്കുമ്പോൾ തീറ്റപ്പുല്ലിനോടൊപ്പം മറ്റ് പരുഷാഹാര ങ്ങളുടേയും ഗുരുത്വാഹാര ങ്ങളുടേയും ലഭ്യതയും വിനിയോഗവും പ്രാധാന്യ മർഹിക്കുന്നു ്. വയനാട് ജില്ലയിൽ വൃക്ഷവിളകൾ, കാലിത്തീറ്റയായി ഉപയോഗപ്പെടുത്താവുന്ന കാർഷിക വിളകളുടെ അവശിഷ്ടങ്ങൾ, പ്രാദേശികമായി ലഭ്യമായതും മറ്റ് സ്ഥലങ്ങളിൽ ലഭ്യമായതുമായ വ്യാവസായിക ഉല്പന്നങ്ങൾ തുടങ്ങിയവ വിനിയോഗിക്കപ്പെടേ ത് സുസ്ഥിര പാലുല്പാദന പ്രവർത്തനങ്ങൾക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. നമുക്ക് ലഭ്യമായ പാരമ്പര്യേതര തീറ്റവസ്തുക്കളുടെ (വിളകളുടെ അവശിഷ്ടങ്ങളുടെ) 27 ശതമാനം മാത്രമാണ് കാലിത്തീറ്റയായി ഉപയോഗപ്പെടുന്നത്. വയനാട് ജില്ലയിൽ ക്ഷീര കർഷകരുടെ കൂട്ടായ്മയിലൂടെയും ക്ഷീര സംഘങ്ങൾ മുഖേനയും ഡയറി ഫാമുകൾ നേരിട്ടും വ്യാവസായിക ഉപോല്പന്നങ്ങളായ ബിയർ വേസ്റ്റ്, ചോളപ്പൊടി, ചോളമാവ്, കപ്പ വേസ്റ്റ് എന്നിവ അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നു ്.

ചിത്രം4.4.12

കന്നുകാലികളുടെ പ്രധാന പോഷകാഹാരമായി ഉപയോഗപ്പെടുത്തുന്നത് ഗുരുത്വാഹാരങ്ങളായ കാലിത്തീറ്റ മിശ്രിതം, പിണ്ണാക്കുകൾ, തവിടുകൾ, ധാന്യപ്പൊടികൾ, ധാന്യത്തൊ ുകൾ മുതലായവയാണ്. ഇവയുടെ ഉപയോഗം വ്യാപകമായതിനാലും വില കൂടുതലായതിനാലും പാലുല്പാദനച്ചെലവിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു ്. പാലിന്റെ വില വർദ്ധനവും കാലിത്തീറ്റയുടെ വില വർദ്ധനവുമായി തട്ടിച്ചുനോക്കുമ്പോൾ 2006–07

വർഷം ശരാശരി പാൽ സംഭരണ വില ലിറ്ററിന് 12.29 രൂപയും കാലിത്തീറ്റ കിലോഗ്രാമിന് (മിൽമ) 6.20 രൂപയുമായിരുന്നത് 2017–18 ആയപ്പോഴേക്കും യഥാക്രമം 33.50 രൂപയും(273%) 20.50 രൂപയുമാണ് (366%). പ്രസ്തുത കണക്ക് പരിശോധിക്കുമ്പോൾ പാൽ വിലയേക്കാൾ ഗണ്യമായി കാലിത്തീ റ്റയുടെ വില വർദ്ധിച്ചതായും പാൽഉൽപ്പാദന ച്ചെലവ് കുറയ്ക്കുന്നതിന് തീറ്റപ്പുല്ലുല്പാദനവും ധന സഹായ നിരക്കിലുള്ള വിപണനവും അനിവാര്യമാണെന്ന് മനസ്സിലാക്കാവുന്നതാണ്.

ചിത്രം4.4.13

ചിത്രം –4.4.14

അമ്പലവയൽ ക്ഷീര സംഘത്തിന്റെ ആംകോ കാലിത്തീറ്റ ഫാക്ടറി

ജില്ലയിൽ അമ്പലവയൽ, സീതാമൗ ് എന്നീ ക്ഷീര സംഘങ്ങൾ കാലിത്തീറ്റ ഉല്പാദിപ്പിച്ചുവരുന്നു. ക്ഷീര സംഘങ്ങൾ മുഖേന പൊതുമേഖലാ സ്ഥാപനങ്ങളുടെ (കേരളാ ഫീഡ്സ്, മിൽമ) യും, സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളുടേയും കാലിത്തീറ്റയും മറ്റ് ഗുരുത്വാഹാരങ്ങളും (ഉദാ: പിണ്ണാക്കുകൾ, ധാന്യപ്പൊടികൾ) വിറ്റഴിക്കപ്പെടുന്നു ് . ഇതിനുപുറമേ അനുബന്ധ തീറ്റവസ്തുക്കളായ ധാതുലവണ മിശ്രിതം, മീനെണ്ണ എന്നിവയും വില്പന നടത്തിവരുന്നു.

വിഭവ ഭൂപടം 44.15

സഹകരണ മേഖലയിൽ ജില്ലയിലെ കാലിത്തീറ്റ നിർമ്മാണ കേന്ദ്രങ്ങളും വില്പന കേന്ദ്രങ്ങളും

സഹകരണ മേഖലയിൽ വിറ്റഴിക്കപ്പെടുന്ന ഗുരുത്വാഹാരങ്ങൾ, അനുബന്ധ തീറ്റ വസ്തുക്കൾ എന്നിവ പരിഗണിക്കുമ്പോൾ സ്വകാര്യ മേഖലയിൽ വിറ്റഴിക്കപ്പെടുന്ന അളവ് കുറവല്ല. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ജില്ലയിൽ 9 ഓളം സ്വകാര്യ കമ്പനികളുടെ കാലിത്തീറ്റ വിപണിയിൽ ലഭ്യമാണ്.

4.4.10.8. പാൽ ശീതീകരണ ശൃംഖല

ചിത്രം *–4.4.16*

ബൾക്ക് മിൽക്ക് കൂളർ – വരദൂർ ക്ഷീര സംഘം.

കറവമാടുകളുടെ ഉല്പാദന ക്ഷമത പൂർണ്ണമായി കൈവരിക്കുന്നതിനും പാലിന്റെ രാസ–അണു ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ക്ഷീര കർഷകർക്ക് മെച്ചപ്പെട്ട പാൽ വില ലഭ്യമാക്കുന്നതിനും, പാൽ സംഭരണ ചെലവുകൾ കുറയ്ക്കുന്നതിനും മിൽക്ക് കൂളറുകൾ ഏറ്റവും ഫലപ്രദമായ ഉപാധിയാണ്. കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെ 37 ക്ഷീര

സംഘങ്ങളിൽ ബൾക്കു മിൽക്ക് കൂളറുകൾ സ്ഥാപിച്ചിട്ടു ്. ഇതിലൂടെ പ്രതിദിനം 2.40 ലക്ഷം ലിറ്റർ പാൽ ഗ്രാമീണ തലത്തിൽ സംഭരിക്കുന്നതിന് സാധിക്കും.

മിൽക്ക് കൂളറുകൾ സ്ഥാപിക്കുക വഴി പാൽ സംഭരണം 8.5 ശതമാനം (17,500 ലിറ്റർ) വർദ്ധിക്കുകയും അണുഗുണനിലവാരം 350% വരെ വർദ്ധിക്കുകയും (3 മണിക്കൂർ എം.ബി.ആർ.ടെസ്റ്റ്) പാലിന്റെ രാസ ഗുണ നിലവാരം 0.1 % മുതൽ 0.2 % വരെ മെച്ചപ്പെടുകയും ക്ഷീര കർഷകർക്ക് ശരാശരി ലിറ്ററിന് 35 പൈസ വരെ അധികമായി ലഭിക്കുകയും ചെയ്തിട്ടു ്.

ക്ഷീര മേഖലയുടെ സുസ്ഥിരതയ്ക്ക് പാൽ ശീതീകരണ സൗകര്യങ്ങൾ വളരെ പ്രധാനപ്പെട്ട ഒരു അടിസ്ഥാന ഘടകമാണ്. പാൽ കറവയുടെ ഇടവേള 8 മണിക്കൂർ (പകൽ) 16 മണിക്കൂർ (രാത്രി) എന്നത് യഥാക്രമം 11 മണിക്കൂർ 13 മണിക്കൂർ എന്നിങ്ങനെ ക്രമീകരിക്കുവാൻ കഴിഞ്ഞതിനു പുറമേ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളായ ക്ഷീര കർഷകർക്ക് വൈകുന്നേരത്തെ സംഭരണം സ്വീകാര്യമാവുകയും ചെയ്തു.

4.4.10.9. പാലിന്റെ ഗുണനിലവാരം

പാലിന്റെ ഗുണ നിലവാരം ക്ഷീര കർഷകരേക്കാളുപരി പാൽ ഉപഭോക്താക്കൾക്ക് താല്പര്യമുള്ള കാര്യമാണ്. മാത്രമല്ല മെച്ചപ്പെട്ട ഗുണ നിലവാരം പാലിന്റെ മൂല്യ വർദ്ധനാ സാധ്യതകൾ ഗണ്യമായി വർദ്ധിക്കുവാനും ഇടയാക്കും. പാലിന്റെ ഭൗതികം, രാസികം, അണുഗുണ നിലവാരം എന്നീ ഘടകങ്ങൾ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട സുപ്രധാന കാര്യങ്ങളാണ്. കൂടാതെ പാലിന്റെ വില നിർണ്ണയത്തിലും ഇവയ്ക്ക് പ്രാധാന്യമു ്.

4.1.9 വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം

വിവര സാങ്കേതിക വിദ്യ ആധുനിക കാലഘട്ടത്തിൽ ഏതൊരു വികസന മേഖലയുടേയും അവിഭാജ്യഘടകമാണ്. ക്ഷീര മേഖലയിൽ സംസ്ഥാനത്ത് ഏറ്റവും ആദ്യം വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നത് വയനാട്ടിലാണ്. 1997–98 വർഷം സുൽത്താൻ ബത്തേരി ക്ഷീര സംഘത്തിന്റെ പാൽ സംഭരണം സംബന്ധിച്ച് സ്വയം നിയന്ത്രിത സംവിധാനത്തിന് തുടക്കം കുറിക്കുകയും ജില്ലാ പഞ്ചായത്തിന്റെ 2000–2001 വർഷത്തെ പദ്ധതിയിൽ നാല് ക്ഷീര

സംഘങ്ങളുടെ കമ്പ്യൂട്ടർവൽക്കരണ പരിപാടി നടപ്പിലാക്കുകയും 1999–2000 വർഷം ക്ഷീര വികസന വകുപ്പ്, നാഷണൽ ഇൻഫർമാറ്റിക് സെന്റർ എന്നിവയുടെ സഹകരണത്തോടെ അമ്പലവയൽ, വരദൂർ, വാകേരി, പള്ളിക്കുന്ന് എന്നീ ക്ഷീര സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും ''ലിപ്സ'' എന്ന സോഫ്ട്വെയർ പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത സോഫ്ട്വെയർ ക്രമേണ ജില്ലയിലെ മറ്റ് ക്ഷീര സംഘങ്ങളിലേക്കും, തുടർന്ന് കണ്ണൂർ ജില്ലയിലേക്കും വ്യാപിക്കുകയും ചെയ്തു. 2007–08 വർഷം രാഷ്ട്രീയ സംവികാസ് യോജന പദ്ധതിയിൽ 18 ക്ഷീര സംഘങ്ങളിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി 18.2 ലക്ഷം രൂപാ അനുവദിക്കുകയും അതോടൊപ്പംതന്നെ സ്വതന്ത്ര സോഫ്ട്വെയർ ഉപയോഗിച്ചുകൊ ുള്ള ''ഓപ്പൺ ലിപ്സ സോഫ്ട്വെയർ'' നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ലിപ്സ സോഫ്ട്വെയർ കോട്ടയം, ഇടുക്കി, കോഴിക്കോട് എന്നീ ജില്ലകളിലേക്ക് വ്യാപിപ്പിച്ചു. 2013 വർഷം ഓപ്പൺ ലിപ്സ സോഫ്ട്വെയറിന്റെ ആദ്യ പതിപ്പ് പൂർത്തീകരിക്കുകയും ക്ഷീര വികസന വകുപ്പ്, ക്ഷീര സഹകരണ സംഘങ്ങൾ

എന്നിവയുടെ ധനസഹായത്തോടെ വിവിധ ഘട്ടങ്ങളിലായിഓപ്പൺ ലിപ്സ സോഫ്ട് വെയർ പരിഷ്കരിക്കുകയും ചെയ്തു.



2011–12 വർഷം ക്ഷീര സംഘങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ കൺസോർഷ്യം ''ഡയറി സോഫ്ട്വെയർ ഡെവലപ്മെന്റ് സൊസൈറ്റി'' (ഡി.എസ്.ഡി.എസ്.) എന്ന പേരിൽ രജിസ്റ്റർ ചെയ്യുകയും ക്ഷീര മേഖലയിൽ കൂടുതൽ സോഫ്ട്വെയറുകൾ വികസിപ്പിക്കുകയും ചെയ്തു. 2013–14 വർഷം ഡി.എസ്.ഡി.എസ്. മുഖേന ഓപ്പൺ സോഴ്സ് കോഡ് പ്രകാരം വികസിപ്പിച്ചെടുത്ത ക്ഷീര സംഘങ്ങളുടെ സമ്പൂർണ്ണ അക്കൗ ിംഗ് സോഫ്ട്വെയറായ ''ഓപ്പൺ ലിപ്സ'' ക്ഷീര വികസന വകുപ്പിന്റെ ഏകീകൃത സോഫ്ട്വെയറായി അംഗീകരിക്കുകയും അനുബന്ധമായി വികസിപ്പിച്ചെടുത്ത ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സോഫ്ട് വെയർ(സാംപ്), ടച്ച് സ്ക്രീൻ കിയോസ്ക് സോഫ്ട്വെയർ എന്നിവ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുകയും ചെയ്തു.

മേൽ പറഞ്ഞ സോഫ്ട്വെയറുകൾക്ക് അനുബന്ധമായി ലിപ്സ ലാബ്, ലിപ്സ ക്യൂട്ട്, മൈക്രോ ലിപ്സ തുടങ്ങിയവയും പുറത്തിറക്കിയിട്ടു ്. ഇതോടൊപ്പംതന്നെ എസ്.എം.എസ്. മുഖേനയുള്ള സേവനവും സ്മാർട്ട് സൊസൈറ്റി മാതൃകയും രൂപപ്പെടുത്തിയിട്ടു ്. ഓപ്പൺ ലിപ്സ സോഫ്ട് വെയറുകൾ കൂടാതെ ജില്ലയിലെ ആറ് ക്ഷീര സംഘങ്ങളിൽ സ്വകാര്യ വ്യക്തി വികസിപ്പിച്ചെടുത്ത സോഫ്ട്വെയർ ഉപയോഗിക്കുന്നു ്.

മേൽപ്പറഞ്ഞ പ്രവർത്തനത്തോടൊപ്പം ജില്ലയിൽ വൈഫൈ ഉപയോഗിച്ചുകൊ ുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടു ്. ഇതിന്റെ ഭാഗമായി വയനാട് വൈഫൈ എന്ന പരിപാടിയിൻ കീഴിൽ 13 ക്ഷീര സംഘങ്ങളിലും മൂന്ന് ക്ഷീര വികസന കേന്ദ്രങ്ങളിലും ആവർത്തന ച്ചെലവില്ലാത്ത വീഡിയോ കോൺഫറൻസിംഗ് സംവിധാനം പൂർത്തീകരിച്ചിട്ടു ്. പ്രസ്തുത സംവിധാനം പൂക്കോട് വെറ്ററിനറി കോളേജ്, അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രം തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടു ്.

ജില്ലയിൽ പാൽ സംഭരണവും വില നിർണ്ണയവും സുതാര്യമാക്കുന്നതിനുവേ ി 66 ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടു ്. ഇതിൽ 51 എണ്ണം ക്ഷീര വികസന വകുപ്പിന്റേയും 15 എണ്ണം മിൽമയുടേയും ധനസഹായത്തോടെയാണ് സ്ഥാപിച്ചിട്ടുള്ളത്.

ഇതോടൊപ്പംതന്നെ ജില്ലയിൽ 37 ടച്ച് സ്ക്രീൻ കിയോസ്കുകൾ ക്ഷീര സംഘങ്ങൾ മുഖേന സ്ഥാപിക്കുകയും ക്ഷീര കർഷകർക്കാവശ്യമായ വിവരങ്ങൾ മലയാള ഭാഷയിൽ കർഷകരുടെ വിരൽത്തുമ്പിലെത്തിക്കുകയും ചെയ്തിട്ടു ്. ക്ഷീര സംഘങ്ങളെ സംബന്ധിച്ച

പൊതുവായ വിവരങ്ങളും ക്ഷീര കർഷകരുടെ വ്യക്തിഗത വിവരങ്ങളും ലഭ്യമാക്കുന്നതിനായി ''ഡിജിറ്റൽ പാസ് ബുക്ക്'' സോഫ്ട്‌വെയർ ഉപയോഗപ്പെടുത്തിവരുന്നു. പ്രസ്തുത സോഫ്ട്‌വെയർ ടച്ച് സ്ക്രീൻ കിയോസ്കുകളുമായി ബന്ധിപ്പിച്ചിട്ടു ്.

ചിത്രം – 4.4.19
ടച്ച് സ്ക്രീൻ കിയോസ്ക്

സാങ്കേതികമായി പിന്നോക്കം നിൽക്കുന്ന വയനാട്ടിലെ ഉല്പാദന മേഖലയിൽ ക്ഷീര വികസന രംഗത്ത് വിവര സാങ്കേതിക വിദ്യ ഏറ്റവും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു ്. ജി.പി.എസ്. ഉപയോഗിച്ചുകൊ ുള്ള ക്ഷീര കർഷകരുടെ ഡാറ്റാ ബേസ് സംബന്ധിച്ച സോഫ്ട്‌വെയർ പൂർത്തീകരിച്ചുകഴിഞ്ഞു. വിവര സാങ്കേതിക വിദ്യ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4.4.11. വാണിജ്യാടിസ്ഥാനത്തിലുള്ള പശു വളർത്തൽ യൂണിറ്റുകൾ

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംതൊഴിൽ സംരംഭമെന്ന നിലയിലും വാണിജ്യാടിസ്ഥാനത്തിലുള്ള പാലുല്പാദനത്തിന് വളരെയേറെ പ്രസക്തിയു ്. മിൽക്ക് ഷെഡ് വികസന പദ്ധതിയിലൂടെയും നബാർഡിന്റെ ധനസഹായത്തോടെയും ധനസഹായമില്ലാതെയും ബാങ്ക് വായ്പ ഉപയോഗപ്പെടുത്തിയും ഡയറി ഫാമുകൾ സ്ഥാപിച്ചിട്ടു ്.

പട്ടിക 4.4.25 :
ജില്ലയിലെ മൊത്തം ഡയറി ഫാമുകളുടെ എണ്ണം

ക്രമ നം.	ക്ഷീര വികസന സേവന യൂണിറ്റ്/ ബ്ലോക്ക്	ഡയറി ഫാമുകളുടെ എണ്ണം(പശുക്കൾ)					
		5–10	11–20	21–50	51–100	100 പശുക്കൾക്ക് മുകളിൽ	ആകെ
1	സു.ബത്തേരി	86	17	1	1	–	105
2	മാനന്തവാടി	150	22	5	2	–	179
3	പനമരം	174	37	5	0	–	216
4	കല്പറ്റ	78	18	4	1	–	101
ആകെ		488	94	15	4	–	601

പാലുല്പാദന വർദ്ധന ഉറപ്പുവരുത്തുന്നതിനായി ജീവസന്ധാരണ പ്രവർത്തനങ്ങളോടൊപ്പം വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും പ്രാധാന്യം

നല്കിവരുന്നു. ഇതിനായി കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും ധനകാര്യ സ്ഥാപനങ്ങളുടെ സേവനവും ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും സംയോജിത പശു വളർത്തൽ പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നു.

4.4.11.1.പട്ടിക വർഗ്ഗ വിഭാഗങ്ങളും പശു വളർത്തലും

വയനാട്ടിലെ പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള കുറിച്യ-കുറുമ വിഭാഗങ്ങൾ പൊതുവെ പശുക്കളെ വളർത്തുന്നവരാണ്. മറ്റ് വിഭാഗങ്ങളിൽ അനുകൂല സാഹചര്യങ്ങളുള്ള കുടുംബങ്ങൾ പശു വളർത്തുന്നതിൽ താല്പര്യം കാണിക്കുന്നു ്.

പട്ടിക വർഗ്ഗ വികസന വകുപ്പ് ഫ ്, തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ പ്ലാൻ ഫ ് എന്നിവ മുഖ്യമായും ഉപയോഗപ്പെടുത്തിയാണ് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേ ിയുള്ള പശു വളർത്തൽ പ്രോത്സാഹിപ്പി ക്കുന്നത്.

4.4.11.2. ഡയറി സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾ

പശു വളർത്തൽ മുഖ്യ പ്രവർത്തനമാക്കി ക്ഷീര വികസന വകുപ്പിന്റെ നേതൃത്വത്തിൽ ക്ഷീര സഹകരണ സംഘങ്ങളിലൂടെ 520 ഓളം ഡയറി സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടു ്. നബാർഡിന്റേയും ലീഡ് ബാങ്കിന്റേയും സഹകരണത്തോടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പ ലഭ്യമാക്കിയാണ് പദ്ധതി യഥാർത്ഥ്യമാക്കിയിട്ടുള്ളത്. പൊതുമേഖലാ ബാങ്കുകളോടൊപ്പം സഹകരണ ബാങ്കുകളും പദ്ധതിയിൽ സജീവമായി പ്രവർത്തിക്കുന്നു.

പശു വളർത്തലിന് പുറമേ കാർഷിക-അനുബന്ധ മേഖലകളിലും സേവന മേഖലകളിലും ഗ്രൂപ്പുകൾ ഏർപ്പെട്ടിട്ടു ്. ക്ഷീര സംഘങ്ങൾ മുഖേനയുള്ള വായ്പാ തിരിച്ചടവും പ്രാദേശിക മോണിറ്ററിംഗും ഡെയറി ജെ.എൽ.ജി.കളുടെ പ്രവർത്തനങ്ങൾക്കുള്ള സ്വീകാര്യത വർദ്ധിപ്പിച്ചിട്ടു ്.

4.4.11.3. വൈവിധ്യ വൽക്കരണ പ്രവർത്തനങ്ങൾ

സംയോജിത പശുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും ക്ഷീര കർഷകരുടെ ജീവസന്ധാരണം ഉറപ്പാക്കുന്നതിനും ഭക്ഷ്യസുരക്ഷ പ്രോത്സാഹിപ്പിക്കുന്നതിനും ക്ഷീര സംഘങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്കും സുസ്ഥിര പശുപരിപാലനം യാഥാർത്ഥമാക്കുന്നതിനുംവേ ി വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തുവരുന്നു.

ഫോട്ടോ -4.4.20

വൈവിധ്യ വൽക്കരണ പ്രവർത്തനങ്ങൾ- വിവിധ ക്ഷീര സംഘങ്ങളിൽ

ജില്ലയിലെ 16 കേന്ദ്രങ്ങൾ മുഖേന പച്ചക്കറി, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, മുട്ട തുടങ്ങിയ ഉല്പന്നങ്ങൾ ശേഖരിക്കുന്നു . വിഷരഹിത കാർഷികോൽപന്നങ്ങളും ഡിസൈനർ മുട്ടയുമാണ് സംഭരിക്കുന്നത്. പ്രാദേശികതലം മുതൽ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ പട്ടണങ്ങളിലും ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നു. ഇതിനുപുറമേ ക്ഷീര സംഘങ്ങളുടെ നേതൃത്വത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിപണനവും ഏറ്റെടുത്തുചെയ്തുവരുന്നു. ആർ.എസ്.വി.വൈ. പദ്ധതി പ്രകാരം മിൽമ മുഖേന സ്ഥാപിച്ച ''മിൽമ ഗ്രീൻ'' വിപണന കേന്ദ്രങ്ങളിലൂടെ കാർഷികോൽപ്പന്നങ്ങൾ, മുട്ട എന്നിവ ക്ഷീര സംഘങ്ങളിലൂടെ സംഭരിക്കുന്നു .

ചിത്രം.4.4.21

വിഭവഭൂപടം – 8 : ക്ഷീര സംഘങ്ങൾ മുഖേനയുള്ള കാർഷിക സംഭരണ കേന്ദ്രങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണന കേന്ദ്രങ്ങളും.

4.4.12. സ്ഥാപനങ്ങൾ

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ജില്ലാ ഗുണ നിയന്ത്രണ ഓഫീസ്, ക്ഷീര വികസന സർവ്വീസ് യൂണിറ്റുകൾ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, പൂക്കോട് വെറ്ററിനറി സർവ്വകലാശാല, അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രം, ബത്തേരി മൃഗ സംരക്ഷണ വകുപ്പ് പരിശീലന കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങൾ ക്ഷീര മേഖലയുടെ പുരോഗതിക്കായി പ്രവർത്തിക്കുന്നു.

4.4.12.1. ക്ഷീര വികസന വകുപ്പ്

1962 –ൽ സ്ഥാപിതമായ ക്ഷീര വികസന വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കൽ, പാലിന്റേയും പാലുല്പന്നങ്ങളുടേയും

ഉപഭോഗം വർദ്ധിപ്പിക്കൽ, സഹകരണ മേഖലയിലൂടെ പാൽ സംഭരണം പ്രോത്സാഹിപ്പിക്കൽ, ക്ഷീര സഹകരണ സംഘങ്ങളുടെ രൂപീകരണവും നവീകരണവും വൈവിദ്ധ്യവൽക്കരണവും ഭരണ നിയന്ത്രണവും, പാലിന്റെ ഗുണ നിലവാരം വർദ്ധിപ്പിക്കൽ, തൊഴിലും വരുമാനവും വർദ്ധിപ്പിക്കൽ, ക്ഷീര കർഷകരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കൽ തുടങ്ങിയവയാണ്. ക്ഷീര മേഖലയുമായി ബന്ധപ്പെട്ട കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ പദ്ധതികളും നടപ്പിലാക്കുന്നു.

സാങ്കേതിക ഉദ്യോഗസ്ഥരുടെ പട്ടിക

ഡെപ്യൂട്ടി ഡയറക്ടർ(1)
(ജില്ലാതലം)

↓

അസിസ്റ്റന്റ് ഡയറക്ടർ(2)
(ടെക്നിക്കൽ അസിസ്റ്റന്റ്, ഗുണ നിയന്ത്രണ ഓഫീസർ)
(ജില്ലാതലം)

↓

ക്ഷീര വികസന ഓഫീസർമാർ(4)
(ബ്ലോക്ക്തലം)

↓

ഡയറി ഫാം ഇൻസ്ട്രക്ടർമാർ(9)
(ബ്ലോക്ക്തലം)

ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതോടൊപ്പം ക്ഷീര സഹകരണ സംഘങ്ങളുടെ ജില്ലാ രജിസ്ട്രാറായും പ്രവർത്തിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനാണിദ്ദേഹം. ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന മറ്റൊരു ജില്ലാ ഓഫീസായ ഗുണ നിയന്ത്രണ ഓഫീസ് പാലിന്റെ ഗുണ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. ജില്ലാ ഗുണ നിയന്ത്രണ ഓഫീസിനോടനുബന്ധിച്ച് ജില്ലാ ഗുണ നിയന്ത്രണ ലബോറട്ടറി പ്രവർത്തിക്കുന്നു. പൊതുവിപണിയിൽ വിറ്റഴിക്കുന്ന പാൽ സാമ്പിളുകൾ ഇവിടെ പരിശോധിച്ച് ക്ഷീര വികസന വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നു. അതുപോലെതന്നെ ഇദ്ദേഹത്തിന്റെ കീഴിൽ ജില്ലാ പഞ്ചായത്തിന്റെ ധനസഹായത്തോടെ സഞ്ചരിക്കുന്ന ഗുണ നിയന്ത്രണ ലാബോറട്ടറി പ്രവർത്തിക്കുന്നു. ഫീൽഡ്തലത്തിൽ ക്ഷീര സംഘങ്ങളുടേയും ക്ഷീര കർഷകരുടേയും പാൽ സാമ്പിളുകൾ പരിശോധിച്ച് ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നിൽകിവരുന്നു.

പട്ടിക 4.4.26

ക്ഷീര വികസന സർവ്വീസ് യൂണിറ്റുകളും മനുഷ്യവിഭവ ശേഷിയും.

ക്രമ നം.	ക്ഷീര വികസന ഓഫീസ്	അംഗീകരിച്ച തസ്തികകൾ		ജോലി ചെയ്യുന്നവർ		ഒഴിവുകൾ	
		ക്ഷീര വികസന ഓഫീസർ	ഡയറി ഫാം ഇൻസ്ട്രക്ടർ	ക്ഷീര വികസന ഓഫീസർ	ഡയറി ഫാം ഇൻസ്ട്രക്ടർ	ക്ഷീര വികസന ഓഫീസർ	ഡയറി ഫാം ഇൻസ്ട്രക്ടർ
1	കൽപ്പറ്റ	1	2	1	1	–	1 (50%)
2	സുൽത്താൻ ബത്തേരി	1	2	–	1	1 (100%)	1 (50%)
3	പനമരം	1	2	1	–	–	2 (100%)
4	മാനന്തവാടി	1	3	–	–	1 (100%)	3 (100%)
ആകെ		4	9	2	2	2 (50 %)	7 (78%)

ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന സേവന യൂണിറ്റുകൾ ബ്ലോക്ക്തലത്തിലുള്ള ക്ഷീര വികസന പ്രവർത്തനങ്ങൾക്കും ക്ഷീര സംഘങ്ങളുടെ ഭരണ നിയന്ത്രണങ്ങൾക്കും ചുക്കാൻ പിടിക്കുന്നു. ക്ഷീര വികസന ഓഫീസർമാർ ബ്ലോക്ക് പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും നിർവ്വഹണ ഉദ്യോഗസ്ഥന്മാരായും ഡയറി ഫാം ഇൻസ്ട്രക്ടർമാർ ഗ്രാമ പഞ്ചായത്തുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥന്മാരായും പ്രവർത്തിക്കുന്നു.

II) വികസന വിടവുകൾ :

1) മൃഗസംരക്ഷണ മേഖലയിൽ വയനാട് ജില്ല നേരിടുന്ന വെറ്ററിനറി ഡോക്ടർമാരുടെ വിദഗ്ദസേവനത്തിന്റെ കുറവ് നികത്തേ ത് അത്യാവശ്യമാണ്. വളരെ വിലപിടിപ്പുള്ള കന്നുകാലികൾക്ക് തക്കസമയത്ത് വേ വിദഗ്ദ ചികിൽസ ലഭിക്കാത്തതുമൂലം മിക്കപ്പോഴും നിരപരാധികളായ കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടം വരുന്നു.വയനാട് ജില്ലയിലെ 4 ബ്ലോക്കുകളിൽ രാത്രികാല സേവനത്തിന്റെ ഭാഗമായി ഒരു വെറ്ററിനറി സർജന്റെ സേവനം ലഭ്യമാക്കിയിട്ടുെ ങ്കിലും വിഷമപ്രസവ ശസ്ത്രക്രിയ, ഗർഭപാത്രം തള്ളിവരിക, കാൽസ്യകുറവ് എന്നിങ്ങനെയുള്ള കേസുകൾ ചികിൽസിക്കുവാൻ കുറഞ്ഞത് 3 മണിക്കൂർ സമയംമെടുക്കുമെന്നതിനാൽ വിശാലമായി കിടക്കുന്ന ബ്ലോക്കിന്റെ മറ്റൊരറ്റത്ത് ര ാമതൊരു കേസ് ചികിൽസിക്കുവാൻ വെറ്ററിനറി ഡോക്ടർമാർക്ക് സാധിക്കാറില്ല.

2) കർഷകർക്ക് സാങ്കേതിക പരിശീലനം നൽകുന്നതിനായി പരിശീലന കേന്ദ്രത്തിന്റെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ പണികഴിപ്പിച്ചിട്ടു ്. ബഹു.മൃഗസംരക്ഷണ വകുപ്പ് മന്ത്രി 25.07.2016–ന് പ്രസ്തുത ട്രെയിനിംഗ് സെന്റർ ഉത്ഘാടനം ചെയ്തു. വകുപ്പിലെ തസ്തികകൾ പുനർ വിന്യസിച്ച് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന് ആവശ്യമുള്ള ജീവനക്കാരെ നിയമിക്കേ താണ്.

3) ലാബ് ഓഫീസർ (വെറ്ററിനറി സർജൻ) തസ്തിക അനുവദിക്കുന്നതിന്

മാനന്തവാടി വെറ്ററിനറി പോളിക്ലിനിക്കും സുൽത്താൻ ബത്തേരി വെറ്ററിനറി പോളിക്ലിനിക്കും അതാത് ബ്ലോക്കുകളിലെ റഫറൽ ആശുപത്രികളായി പ്രവർത്തിക്കുന്നതിനാൽ ഈ ബ്ലോക്കുകളുടെ കീഴിൽവരുന്ന 15 പഞ്ചായത്തുകളിലെ ക്ഷീരകർഷകർ വിദഗ്ദ്ധ

പരിശോധനക്കായി ഈ ലാബുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിലവിൽ ഒരു ലാബ് ടെക്നീഷ്യൻ തസ്തിക മാത്രമേയുള്ളൂ.

4)ക്ഷീര മേഖലയിലെ രൂക്ഷമായ പ്രശ്നങ്ങൾ :.

- കാർഷിക മേഖലയിലെ വിലതകർച്ച
- കാലാവസ്ഥാവ്യതിയാനം
- തൊഴിലാളികളുടെ ലഭ്യതകുറവ്,
- പാലിന്റെ അപര്യാപ്തമായ വിൽപനവില,
- തീറ്റപ്പുല്ലിന്റെ ലഭ്യതകുറവ്
- വർദ്ധിച്ച ചികിത്സാചെലവ് കാലിത്തീറ്റയുടെ വിലകൂടുതലും ഗുണനിലവാരമില്ലായ്മയും
- കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ അഭാവം
- വേനൽക്കാലത്ത് ശുദ്ധജലത്തിന്റെ ലഭ്യതകുറവ് – (കീഴ്ത്തട്ട് നിർദ്ദേശങ്ങളിലെ 8–ാമത്തെ ക്രമനമ്പറിന്റെ പരിഹാരം കാണുക)
- മികച്ചയിനം പുതുതലമുറ പശുക്കളുടെ അഭാവം
- അത്യുൽപാദനശേഷിയുള്ള പശുക്കളിലെ വന്ധ്യത
-

5) ജില്ലയിലെ കോഴികർഷകർ:ജില്ലയിലെ കോഴികർഷകർനിരവധിപ്രശ്നങ്ങൾ നേരിടുന്നു. ഉത്പാദനത്തിനാവശ്യമായ ഭൗതിക ആസ്തികളുടെ കുറവും ലൈസൻസ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും, മുട്ടകോഴിക്കുഞ്ഞുങ്ങളുടെയും ബ്രോയ്ലർ കോഴിക്കുഞ്ഞുങ്ങളുടെയും കോഴിത്തീറ്റയുടെയും ലഭ്യതകുറവുംമുട്ടയുൽപ്പാദന വിപണിയിൽ സഹകരണ സ്ഥാപനങ്ങളുടെ അഭാവവും ഈ മേഖലയിലെ പ്രശ്നങ്ങളാണ്. വെറ്ററിനറി കോളേജിൽ നിലവിൽ 30,000 കപ്പാസിറ്റിയുള്ള ഹാച്ചറിയുെ ങ്കിലും ജില്ലയിലേക്ക് ആവശ്യമുള്ള മുട്ടകോഴികുഞ്ഞുങ്ങളെയും ബ്രോയ്ലർ കോഴികുഞ്ഞുങ്ങളെയും ഉത്പാദിപ്പിക്കുവാൻ സാധിക്കുന്നില്ല.

6)ചെക്ക് പോസ്റ്റുകളുടെ ശാക്തീകരണം: ചെക്ക്പോസ്റ്റുകളിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊ ുവരുന്ന ഉരുക്കളെ ഇറക്കി പരിശോധിക്കുവാനും ക്വാരന്റൈയിൻ നടപടികൾ കൈക്കൊളളുവാനുളള സൗകര്യങ്ങളുടെ അഭാവം.

7)കന്നു കാലികളുടെ ലഭ്യത കുറവ് :വകുപ്പിലേതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേതുമായി നിരവധി പദ്ധതികൾക്ക് വിതരണം ചെയ്യുവാനുളള ആട്ടിൻ കുഞ്ഞുങ്ങൾ, പോത്തുകുട്ടികൾ എന്നിവ ജില്ലയിൽ ലഭ്യമല്ല. തന്മൂലം അന്യജില്ലകളിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും ആരോഗ്യമില്ലാത്തതും അസുഖമുളളതുമായ ആടുകളെ ജില്ലയിൽ എത്തിച്ച് വിതരണം ചെയ്യുന്നു. ആയതിനാൽ പദ്ധതികൾ പലപ്പോഴും ലക്ഷ്യത്തിലേക്ക് എത്തുന്നില്ല.

8)വന്യമൃഗങ്ങളുടെ ആക്രമണം പലപ്പോഴും കർഷകർക്ക് സാമ്പത്തിക ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

9) മൃഗസംരക്ഷണ മേഖലയിലുള്ള സംരംഭകർക്കുള്ള വായ്പയുടെ ഉയർന്ന പലിശനിരക്ക് പുതിയ സംരംഭകർക്ക് ഏറെബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ഈ മേഖലയിലുള്ള സംരംഭങ്ങൾ ലാഭത്തിലേക്കെത്തുവാൻ കുറഞ്ഞത് ര ുവർഷമെടുക്കുമെന്നതിനാൽ ഈ കാലയളവിലെങ്കിലും പലിശനിരക്ക് കുറയ്ക്കേ താണ്.

10) വിപണന സാധ്യത കുറവ് : കർഷകരുടെ ഉത്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും നിലവിൽ ജില്ലയിൽ നിലവിൽ സംവിധാനങ്ങളില്ല.

പരിമിതികളും പരിഹാര നിർദ്ദേശങ്ങളും

പട്ടിക :4.4.27

ക്ഷീര മേഖലയിലെ പരിമിതികളും പരിഹാര മാർഗ്ഗങ്ങളും

പരിമിതികൾ	പരിഹാര നിർദ്ദേശങ്ങൾ
എ) വർദ്ധിച്ച ഉല്പാദനച്ചെലവ്	തീറ്റപ്പുൽകൃഷി (ഹ്രസ്വകാല–ദീർഘ കാലി തീറ്റപ്പുൽ/പയർ വർഗ്ഗ വിളകൾ) പ്രോത്സാഹനം, ഇടവിള/തനിവിള കൃഷി പ്രോത്സാഹനം, വൃക്ഷ വിളകളുടേയും പാരമ്പര്യേതര തീറ്റ വസ്തുക്കളുടേയും വിനിയോഗം, നെൽകൃഷിയുടെ പ്രോത്സാഹനം, വ്യവസായിക ഉപോല്പന്നങ്ങളുടെ വിനിയോഗം, പശുക്കളുടെ ഉല്പാദന ക്ഷമത പൂർണ്ണമായും കൈവരിക്കൽ, തീറ്റപ്പുൽകൃഷി ജലസേചനം, അത്യുല്പാദന ക്ഷമതയുള്ള തീറ്റപ്പുല്ലിനങ്ങളുടെ വ്യാപനം, നൂതന സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കൽ, തീറ്റപ്പുൽസംസ്കരണം പ്രോത്സാഹിപ്പിക്കൽ, പച്ചപ്പുല്ലിന്റെ വിതരണ സംവിധാനം, ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത, കാലാവസ്ഥാ വ്യതിയാനം ചെറുക്കൽ, കാലികൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കൽ മുതലായവ.
ബി) കാലി വളർത്തൽ വേ ത്ര ലാഭകരമല്ല	പാലുല്പാദന ചെലവ് കുറയ്ക്കൽ, പച്ചപ്പുല്ല്/വൈക്കോൽ ധനസഹായം, നിരക്കിൽ നല്കൽ, ക്യാറ്റിൽ ഫീഡിംഗ് സബ്സിഡി(ഡി.ബി.റ്റി.) വർഷം മുഴുവനും, സംയോജിത പശു വളർത്തൽ, പാലുല്പാദനം വർദ്ധിപ്പിക്കൽ, മൂരിക്കുട്ടന്മാരെ വളർത്തൽ
സി) പശു വളർത്തൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത	കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനുള്ള കാലിത്തൊഴുത്ത്, ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം, പരിസ്ഥിതി സൗഹൃദ തൊഴുത്ത് നിർമ്മാണം, പശുക്കളുടെ സ്ട്രെസ് കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ഡയറി ഫാം യന്ത്ര വൽക്കരണം, കാലിത്തൊഴുത്തുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ
ഡി) പശുക്കളുടെ ഉല്പാദന ക്ഷമതക്കുറവ്	ശാസ്ത്രീയമായ തീറ്റക്രമം, കാലാവസ്ഥാ വ്യതിയാനം ചെറുക്കൽ, വർഗ്ഗഗുണമുള്ള കിടാക്കളെ ഉല്പാദിപ്പിക്കൽ, വർഗ്ഗ ഗുണമുള്ള പശുക്കുട്ടികളെ പശുക്കളാക്കി മാറ്റൽ(ഉദാ: പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി), ഉല്പാദനക്ഷമതയുമായി ബന്ധപ്പെട്ട രോഗങ്ങൾ ചെറുക്കൽ
ഇ) പശു വളർത്തലിൽ യുവതലമുറയുടെ അസാന്നിദ്ധ്യവും ക്ഷീര മേഖലയിൽ നിന്നുള്ള കൊഴിഞ്ഞു പോക്കും	പ്രീ സ്കൂൾ തലം മുതൽ പശു വളർത്തൽ സംബന്ധിച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, വിദ്യാർത്ഥികൾക്ക് അനുയോജ്യമായ വരുമാന പ്രവർത്തനങ്ങൾ, ക്ഷീര കർഷകരുടെ സാമൂഹ്യ സുരക്ഷാ പദ്ധതികൾ, സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, ക്ഷീര കർഷകരുടെ സാമൂഹ്യ പദവി വർദ്ധിപ്പിക്കൽ
എഫ്) വർദ്ധിച്ചു	രോഗ പ്രതിരോധ കുത്തിവെപ്പുകൾ കൂടുതൽ കാര്യക്ഷമമാക്കൽ,

വരുന്ന കാലി രോഗങ്ങൾ, വന്ധ്യത	കൂടുതൽ മെച്ചപ്പെട്ട ചികിത്സ–രോഗ നിർണ്ണയ സൗകര്യങ്ങൾ, സാങ്കേതിക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നില്ലെന്ന് ഉറപ്പാക്കൽ, എല്ലാ മരുന്നുകളും മൃഗാശുപത്രികളിൽ ഉറപ്പാക്കൽ, മൃഗ ചികിത്സ കർഷകരുടെ വീട്ടുപടിക്കലെത്തിക്കൽ, സമഗ്ര വന്ധ്യതാ നിവാരണ പ്രവർത്തനങ്ങൾ
ജി) അശാസ്ത്രീയ മായ കന്നു കാലി വളർത്തൽ	അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, വിജ്ഞാന–വ്യാപന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കൽ, നൂതന സാങ്കേതിക വിളകൾ ഉപയോഗപ്പെടുത്തൽ
എച്ച്) പദ്ധതികളിൽ ഏകോപനമില്ല	കേന്ദ്ര–സംസ്ഥാന–പ്ലാൻ പദ്ധതികൾ ഏകോപിപ്പിക്കൽ, മുൻ–പിൻ ബന്ധങ്ങൾ ഉറപ്പാക്കൽ
ഐ) കുറയുന്ന കാലി സമ്പത്ത്	പ്രജനന നയം കാലോചിതമായി പരിഷ്കരിക്കൽ, സമ്പൂർണ്ണ കന്നുകുട്ടി പരിപാലന പദ്ധതി, കന്നുകുട്ടികളെ ദത്തെടുക്കൽ

V) ഏജൻസികൾ സംയോജന സാധ്യതകൾ

1. മിൽമ : സഹകരണ മേഖലയിൽ ആനന്ദ് മാതൃകാ ക്ഷീര സഹകരണ സംഘങ്ങളുടെ ത്രിതല സംവിധാനമായി പ്രവർത്തിക്കുന്ന മിൽമ മേഖലാ അടിസ്ഥാനത്തിൽ മൂന്ന് യൂണിയനുകളായും സംസ്ഥാനാടിസ്ഥാനത്തിൽ മാർക്കറ്റിംഗ് ഫെഡറേഷനെന്ന നിലയിലും പ്രവർത്തിക്കുന്നു. പാൽ സംഭരണം, സംസ്കരണം, മൂല്യവർദ്ധന, വിപണനം, കാലിത്തീറ്റ ഉല്പാദനം തുടങ്ങിയ പ്രവർത്തന ങ്ങളിലാണ് മിൽമ ഏർപ്പെടുന്നത്.

ചിത്രം.4.4.23
കല്പറ്റ മിൽമ

ഇതിനുപുറമേ ക്ഷീര മേഖലയിലും പട്ടികജാതി–പട്ടിക വർഗ്ഗ മേഖലയിലും ഏതാനും കേന്ദ്രാവിഷ്കൃത പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കിവരുന്നു . കല്പറ്റ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വയനാട് ഡയറി കേന്ദ്രീകരിച്ച് പാൽ സംസ്കരണവും മൂല്യവർദ്ധനവും നിർവ്വഹിക്കുന്നു. കൂടാതെ, ഗൾഫ് രാജ്യങ്ങളിലേക്ക് നെയ്യ് കയറ്റുമതി നടത്തുന്നു. മാനന്തവാടി

പാൽ ശീതീകരണ കേന്ദ്രം മുഖേന വടക്കേ വയനാട്ടിൽനിന്നും പാൽ ശേഖരിച്ച് കണ്ണൂർ ജില്ലയിലേക്ക് സംഭരണത്തിനായി കയറ്റി അയക്കുന്നു. പി.&ഐ. വിഭാഗം പാൽ സംഭരണത്തിനും വികസന പ്രവർത്തനങ്ങൾക്കും ക്ഷീര സംഘങ്ങൾ മുഖേനയുള്ള കൃത്രിമ ബീജദാന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു. മേഖലാ യൂണിയന്റെ കീഴിലുള്ള എം.ആർ.ഡി.എഫ്. മുഖേന വയനാട് ജില്ലയിൽനിന്നും പച്ചക്കറി, പഴ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, മുട്ട തുടങ്ങിയവ ശേഖരിച്ച് കോഴിക്കോട് ജില്ലയിൽ വിതരണം ചെയ്തുവരുന്നു.

2 കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

കൃത്രിമ ബിജാധാനത്തിനാവശ്യമായ ഗാഢ ശീതീകരിച്ച ബീജം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുകയെന്നതാണ് കെ.എൽ.ഡി.ബോർഡിന്റെ മുഖ്യമായ ലക്ഷ്യം. മൃഗ സംരക്ഷണ വകുപ്പ് മുഖേന പ്രവർത്തനം താഴെത്തട്ടിലെത്തിക്കുന്നു. ഇതിനുപുറമേ പന്നിവളർത്തൽ, ആടുവളർത്തൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനും തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു ്. വയനാട്ടിൽ കെ.എൽ.ഡി. ബോർഡിന്റെ ഓഫീസുകൾ നിലവിലില്ല. പുതുപ്പാടിയിലുള്ള ഓഫീസ് മുഖാന്തിരം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.നാടൻ ജനുസ്സുകളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ലൈവ്സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡുമായി സഹകരിച്ച് രാഷ്ട്രീയ ഗോകുൽ മിഷൻപോലെയുള്ള പദ്ധതികൾ നടപ്പിലാക്കാം.

3 കേരള വെറ്ററിനറി സർവ്വകലാശാല

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ ആസ്ഥാനം വയനാട് ജില്ലയിലെ പൂക്കോട് എന്ന സ്ഥലത്താണ്.

ചിത്രം.4.4.24

വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ ആസ്ഥാന ജില്ല എന്ന സൗകര്യം:

പ്രസ്തുത സർവ്വകലാശാലയോടനുബന്ധിച്ച് നിരവധി കോഴ്സുകൾ, ഗവേഷണങ്ങൾ, ഫീൽഡ്തല പഠനങ്ങൾ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. വെറ്ററിനറി, ഡയറി ബിരുദധാരണ കോഴ്സുകളും ബിരുദാനന്തര കോഴ്സുകളും നടത്തിവരുന്നു. ഇൻസ്ട്രക്ഷൻ ഫാമുകളും പ്രദർശന വിപണന യൂണിറ്റുകളും പ്രവർത്തിക്കുന്നു.വെറ്ററിനറി കോളേജിൽ 30,000 മുട്ടകോഴികുഞ്ഞുങ്ങളെ വിരിയിക്കുവാൻ കഴിവുള്ള ഒരു ഹാച്ചറിയാണ് നിലവിലുള്ളത്. ഗവേഷണത്തോടൊപ്പം കർഷകർക്കും സാങ്കേതിക വിദഗ്ദർക്കും ട്രെയിനിംഗുകളും ശിൽപശാലകളും നൽകിവരുന്നു.

വെറ്ററിനറി മേഖലയിലെ ആധുനിക ചികിൽസ സേവനങ്ങൾ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിച്ചുവരുന്ന ഹോസ്പിറ്റലിൽ ലഭ്യമാണ്.കൂടാതെ മൃഗങ്ങളെ കിടത്തി ചികിൽസിക്കുവാനുള്ള ഇൻപേഷ്യന്റ് വിംഗ് പ്രവർത്തിച്ചുവരുന്നു. യൂണിവേഴ്സിറ്റിയിൽ ലഭ്യമായിട്ടുള്ള സൗകര്യങ്ങളെക്കുറിച്ച് കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള വിജ്ഞാനവ്യാപന പരിപാടികൾ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് നടപ്പിലാക്കാവുന്നതാണ്. (കീഴ്ത്തട്ട് നിർദ്ദേശങ്ങളിലെ 8–ാമത്തെ ക്രമനമ്പറിന്റെ പരിഹാരം കാണുക.)

വെറ്ററിനറിസർവ്വകലാശാല ഉരുത്തിരിച്ചെടുത്ത സാങ്കേതിക വിദ്യകൾ

1. കറവപ്പശുക്കളുടെ ക്ഷേമം ഉറപ്പാക്കി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകമാകുന്ന കുളമ്പുകളുടെ പരിരക്ഷ ഉറപ്പാക്കുവാൻ സഹായിക്കുന്ന ''ആപ്ലിക്കേഷൻ''വികസിപ്പിച്ചു.
2. കന്നുകാലികളുടെ സമീകൃതാഹാരങ്ങൾ തയ്യാറാക്കുവാൻ ക്ഷീരകർഷകരെ സഹായിക്കുന്ന ''ക്ഷീരപ്രഭ'' എന്ന സോഫ്റ്റ്വേർ ആപ്ലിക്കേഷൻ വികസിപ്പിച്ചു. ഓരോ സ്ഥലങ്ങളിലും ലഭ്യമായ ആഹാരപദാർത്ഥങ്ങൾ ഉൾക്കൊള്ളിച്ചുകൊ ് കർഷകർക്ക് സ്വന്തമായി ചെലവുകുറഞ്ഞ സമീകൃതാഹാരം തയ്യാറാക്കുവാൻ സാധിക്കുന്നു.
3. സൈക്കിൾ പോലെ ചവിട്ടി പ്രവർത്തിപ്പിക്കാവുന്ന കറവയന്ത്രം വികസിപ്പിച്ചു.
4. മുകളിലേക്കും താഴേക്കുംചവിട്ടി പ്രവർത്തിപ്പിക്കാവുന്ന കറവയന്ത്രം ക ുപിടിച്ചു.
5. രൂപം മാറ്റാവുന്ന ആട്ടിൻകൂട്ക ു പിടിച്ചു.
6. ഇറച്ചികോഴി മാലിന്യത്തിൽ നിന്ന് ജൈവഡീസൽ ഉൽപ്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചു. ഇതുപ്രകാരം ഇത്തരം മാലിന്യങ്ങൾ പരിസരങ്ങൾക്ക് ദോഷമില്ലാതെ സംസ്ക്കരണം ഉറപ്പാക്കി വിലകുറഞ്ഞതും ഗുണനിലവാരമുള്ളതുമായ ജൈവഇന്ധനം ഉല്പാദിപ്പിച്ച് ഉപയോഗിച്ചുവരുന്നു.
7. വിജയകരമായി പരീക്ഷിച്ച് കേരളമൊട്ടാകെ നടപ്പിലാക്കിവരുന്ന "തുമ്പൂർമൂഴി മാലിന്യസംസ്ക്കരണ സംവിധാനം"സർവ്വകലാശാല വികസിപ്പിച്ച് പൊതു സമൂഹത്തിലേക്കെത്തിച്ചു.
8. വെള്ളം, രക്തം, തീറ്റ എന്നിവയുടെ സാമ്പിളുകൾ പരിശോധനാ വിധേയമാക്കുന്ന സർവകലാശാലയിലെ 5 ലാബുകൾ ദേശീയതലത്തിൽ അഭിനന്ദനാർഹമായ എൻ.എ.ബി.എൽ അംഗീകാരത്തോടെ പ്രവർത്തിക്കുന്നു. അതിലുപരി സംസ്ഥാനത്തെ ഇതരസ്ഥാപനങ്ങളിലെ ഗവേഷണ വിദ്യാർത്ഥികളെ ആകർഷിക്കുന്ന വിധത്തിൽ അതിനൂതന സജ്ജീകരണങ്ങളോടെയുള്ള

സെൻട്രൽ ഇൻസ്ട്രുമെന്റ്സ് ലാബോട്ടറി പൂക്കോടും മണ്ണുത്തിയിലുമുള്ള കോളേജുകളിൽ നിലവിലു ്.

9. മൃഗങ്ങളിലെ ബാഹ്യപരാദങ്ങൾക്കെതിരെയുള്ള ജൈവകീടനാശിനികൾ വികസിപ്പിച്ചു.
10. സസ്യങ്ങളുടെ വിവിധതരം ഔഷധഗുണങ്ങൾ പഠിക്കുവാനുള്ള മൃഗ മാതൃകകൾ വികസിപ്പിച്ചു.
11. വിവിധ മൃഗസംരക്ഷണ മേഖലകളിൽ സംരംഭകർക്കായി സെമിനാറുകൾ മൊബൈൽ ആപ്ലിക്കേഷനുകൾ, ഫാം ന്യൂസ്സർവീസ്, സ്വയംസഹായ സംഘങ്ങളിൽ സൂക്ഷ്മകൃഷിക്കായി വികസിപ്പിച്ചെടുത്ത മാതൃകകൾ എന്നിവ ആസൂത്രണം ചെയ്തു.

12. നായ്ക്കളുടെ വംശവർദ്ധന നിയന്ത്രിക്കുവാൻ അവയുടെവളർച്ചയെ ബാധിക്കാത്ത തരത്തിൽ ചെറുപ്രായത്തിൽതന്നെ ലളിതമായ ശസ്ത്രക്രിയവഴി പ്രജനനശേഷി നിർത്തലാക്കുന്നതിനും അവയെ ദത്തെടുത്തുവളർത്തുന്നതിനുംവേ ി പദ്ധതി വികസിപ്പിച്ചെടുത്തു.
13. സ്വാശ്രയകുടുംബ മാതൃകാ പദ്ധതി

വീടുകളിൽ ലഭ്യമായ സ്ഥലത്തിനനുസരിച്ച് ചെറിയ പൗൾട്രിയൂണിറ്റ്, മത്സ്യം വളർത്തൽ യൂണിറ്റ്, പച്ചക്കറികൃഷി, ബയോഗ്യാസ് പ്ലാന്റ്, സൗരോർജ്ജജലതാപന സംവിധാനം എന്നിവ ഉൾപ്പെടുത്തിക്കൊുള്ള സംയോജിത മാതൃകാ ഉല്പാദന പദ്ധതി (ഐ ഫാം). ഇതിലൂടെ ഓരോ വീടിനും ഒരു പരിധിവരെ ആവശ്യമുള്ള സൗരോർജ്ജം, പച്ചക്കറി, മത്സ്യം, മുട്ട, പാചകത്തിനുള്ള ചൂടുവെള്ളം എന്നിവ ലഭിക്കുന്നു.

14. സർവ്വകലാശാലയുടെ വിപണന കേന്ദ്രം പൂക്കോട്, കൽപ്പറ്റ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു.
15. പാലും പാലുൽപന്നങ്ങളും ഇറച്ചി സംസ്ക്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയുടെ പരിശീലനം എന്നിവ സംരംഭകർക്കും കർഷകർക്കുമായി നൽകി വരുന്നു.
16. മൃഗങ്ങൾക്കായിട്ടുള്ള പോർട്ടബിൾ സ്കാനിംഗ് മെഷീൻ സർവ്വകലാശാലയുടെ ക്ലിനിക്കിൽ ലഭ്യമാണ്.
17. ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിക്കുന്ന പശു, ആട്, പന്നി, പൗൾട്രി, ഫാമുകൾ കാണുവാനുള്ള സൗകര്യവും ലഭ്യമാണ്.

4 ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി

31.03.1999 –ലെ ജി.ഒ.(എം.എസ്)നം.97/99/എ.ഡി. ഉത്തരവ് പ്രകാരം സംയോജിത ക്ഷീര വികസന മേഖലയിലൂടെ വയനാടിന്റെ സമഗ്ര പുരോഗതിയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി രൂപീകൃതമായത്. വയനാടൻ ജനതയുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക, പാലുല്പാദനം, മാംസോല്പാദനം എന്നിവ വർദ്ധിപ്പിക്കുക, നിർത്തട വികസന പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക, ഫാം യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, പട്ടിക വിഭാഗങ്ങളുടെ ഉന്നമനം

തുടങ്ങിയവയാണ് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. നീർത്തട വികസന പ്രവർത്തനങ്ങൾ, ഉല്പാദനോപാദികളുടെ ഉല്പാദനം, കാർഷികോല്പാദനം, സൂക്ഷ്മ കൃഷി, സംരക്ഷിത കൃഷി മണ്ണ്-ജല പരിശോധന, ഡിറ്റർജന്റ് നിർമ്മാണം, മാംസ സംസ്കരണം, വിജ്ഞാന വ്യാപനം തുടങ്ങി നിരവധി മേഖലകളിൽ ബ്രഹ്മഗിരി സജീവമായി ഇടപെടുന്നു.

ചിത്രം.4.4.25

5 .ഡയറി സോഫ്ട്വെയർ ഡെവലപ്മെന്റ് സൊസൈറ്റി

ക്ഷീര വികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ രൂപീകൃതമായ ക്ഷീര സംഘങ്ങളുടെ കൺസോർഷ്യമാണ് ഡയറി സോഫ്ട്വെയർ ഡെവലപ്മെന്റ് സൊസൈറ്റി(ഡി.എസ്.ഡി.എസ്.). ക്ഷീര മേഖലയിലെ സമ്പൂർണ്ണ സോഫ്ട്വെയർ സൊല്യൂഷൻ എന്ന ലക്ഷ്യമാണ് സൊസൈറ്റിക്കുള്ളത്. 1999-2000 നഷ്ടം വയനാട് ജില്ലാ പഞ്ചായത്തിന്റെ ധനസഹായത്തോടെ ആരംഭിച്ച സൊസൈറ്റി ഓപ്പൺ ലിപ്സ(ക്ഷീര സംഘങ്ങളുടെ അക്കൗ ിംഗ് സോഫ്വെയർ), ലിപ്സ ലാബ്(ക്ഷീര സംഘങ്ങളുടെ ലാബ് ഓട്ടോമേഷൻ), സാംപ്(ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സോഫ്ട്വെയർ), ലിപ്സ ക്യൂട്ട്(ചെലവ് കുറഞ്ഞ എ.എം.സി.യു.), മൈക്രോ ലിപ്സ(ഹാന്റ് ഹെൽഡ് ഡിവൈസ് സോഫ്ട്വെയർ), ലിപ്സ കിയോസ്ക് തുടങ്ങിയ സോഫ്ട് വെയറുകൾ സ്വതന്ത്ര സോഫ്ട് വെയർ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുണ്ട്. ഓപ്പൺ ലിപ്സ, ലിപ്സ കിയോസ്ക് എന്നീ സോഫ്ട്വെയറുകൾ ക്ഷീര വികസന വകുപ്പ് അംഗീകരിച്ച് സംസ്ഥാനത്ത് 500 ക്ഷീര സംഘങ്ങളിൽ നടപ്പിലാക്കിയിട്ടു ്.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ മേൽത്തട്ട് കീഴ്ത്തട്ട് നിർദ്ദേശങ്ങൾ വിഭാവനം ചെയ്തവിധം ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളും സംസ്ഥാനാവിഷ്കൃത - കേന്ദ്രാവിഷ്കൃത പദ്ധതികളും സംയോജിപ്പിച്ചുകൊ ് ധനകാര്യ സ്ഥാപനങ്ങളുടെയും ക്ഷീരവികസന വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും, അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രം, വെറ്ററിനറി യൂണിവേഴ്സിറ്റി എന്നിവയുടെ സഹകരണത്തോടെ സമഗ്രമായ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

III) വികസന കാഴ്ചപ്പാട് :മൃഗസംരക്ഷണ വകുപ്പ് -

മൃഗചികിത്സ ശൃംഖലയുടെ ശാക്തീകരണം:ഏറ്റവുംമികച്ച സേവനം ലഭ്യമാക്കുവാനുതകുന്ന തരത്തിൽ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.പുതുതായി മൃഗാശുപത്രികൾ അനുവദിക്കാത്ത സാഹചര്യത്തിൽ സർക്കാരിന് വലിയ സാമ്പത്തിക ബാദ്ധ്യത വരാതെ കോൺട്രാക്ട് അടിസ്ഥാനത്തിൽ 4 ബ്ലോക്കിലും ഒരു വെറ്ററിനറി സർജനെകൂടി

നിയമിക്കേ ത് ഏറ്റവും അത്യാവശ്യമാണ്. നിലവിലെ മൃഗാശുപത്രികളിലെ ഒരു ഷിഫ്റ്റ് ര ് ഷിഫ്റ്റായി പ്രവർത്തിച്ചാൽ ജനങ്ങൾക്ക് മികച്ച സേവനം ലഭിക്കുമെന്ന് ഉറപ്പാണ്. വിദഗ്ദ ചികിൽസ ലഭ്യമാവുന്ന ആശുപത്രികളായ മാനന്തവാടിയിലും സുൽത്താൻ ബത്തേരിയിലും ഒരു ലാബ് ഓഫീസർ (വെറ്ററിനറി സർജൻ) തസ്തികകൂടി അനുവദിക്കാവുന്നതാണ്.

ജില്ലയുടെ ഭൂമിശാസ്ത്ര സാമൂഹികപരമായ സാദ്ധ്യതകൾ കണക്കിലെടുക്കുമ്പോൾ കർഷകർക്ക് ആവശ്യമായ ജീവൻരക്ഷാ മരുന്നുകൾ, സബ്സിഡി നിരക്കിലുള്ള കാലിത്തീറ്റ എന്നിവ ലഭ്യമാക്കുകവഴി ഉൽപ്പാദന ചെലവ് നിയന്ത്രിക്കുക.

രോഗ നിയന്ത്രണത്തിലും ഊന്നിയ ആരോഗ്യ സംരക്ഷണ പരിപാടികൾ, ഏറ്റവും മികച്ച സേവനം ലഭ്യമാക്കുവാനുതകുന്ന തരത്തിൽ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് സത്വര ശ്രദ്ധ നൽകേ തു ്.

വന്യമൃഗങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും ഉപദ്രവംമൂലം ജനങ്ങൾക്കു ാകുന്ന ബുദ്ധിമുട്ടും സാമ്പത്തിക നഷ്ടവും ഇല്ലാതാക്കാൻ ജില്ലയിലെ എലിഫന്റ് സ്കാഡ്പോലെയുള്ള ക്രൈസിസ് മാനേജ്മെന്റ് ടീമിനെ ശാക്തീകരിക്കാൻവേ ഉപകരണങ്ങളും മയക്കുമരുന്നുകളും ലഭ്യമാക്കേ തു ്.

2)പാലുൽപാദനം:

- ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുക: ഭക്ഷ്യസുരക്ഷയോടൊപ്പം ഭക്ഷ്യസുഭിക്ഷതയും ഉറപ്പാക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നു. ക്ഷീരകർഷകർക്ക് നൽകുന്ന ബീജത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 'പ്രോജനി ടെസ്റ്റിംഗ് സെന്റർ' സ്ഥാപിക്കുക.
- പശുക്കളുടെ പ്രതിദിന പാലുൽപ്പാദനം 12 ലിറ്ററിൽ നിന്നും 15 ലിറ്ററിലേക്ക് ഉയർത്തുക. പശുക്കളുടെ എണ്ണം 80,000ത്തിൽ എത്തിക്കുന്നതിന് ഇവിടെയു ാകുന്ന കിടാങ്ങൾക്ക് ശാസ്ത്രീയ രീതിയിലുള്ള പരിചരണം ഉറപ്പാക്കുക. സംയോജിത കൃഷി രീതി പ്രോൽസാഹിപ്പിക്കുക.
- പാലുൽപ്പാദന ചെലവ് കുറക്കുക: പാലാൽപ്പാദനത്തോടൊപ്പം മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണം പ്രോൽസാഹിപ്പിക്കുക. പുൽകൃഷി പ്രോൽസാഹിപ്പിക്കുന്നതുവഴി ഉൽപ്പാദന ചെലവ് കുറക്കുക. തീറ്റപ്പുല്ല് ലഭ്യമാവുന്ന സമയത്ത് അത് സംഭരിച്ചുവെക്കുവാനും സംസ്കരിക്കുവാനുമുള്ള സാങ്കേതിക വിദ്യകൾ പ്രോൽസാഹിപ്പിക്കുക. കാലിത്തീറ്റക്ക് പകരമായി കാർഷിക വിളകളുടെ ഉപയോഗം മെച്ചപ്പെട്ട രീതിയിൽ പ്രോൽസാഹിപ്പിക്കുക.
- ശുചിത്വമായ പാലും പാലുൽപന്നങ്ങളുടെയും ഉൽപ്പാദനം ഉറപ്പാക്കുക: ജൈവകൃഷിയും ശുചിത്വമായ പാലുൽപാദനവും ഉറപ്പാക്കുന്നതിനായി ആവശ്യമുള്ള സാങ്കേതിക സഹായം, യന്ത്രവൽക്കരണം എന്നിവ ക്ഷീര കർഷകർക്ക് നൽകുക. സംയോജിത കൃഷി രീതി പ്രോൽസാഹിപ്പിക്കുക.
- ഗുണ നിലവാരം അനുസരിച്ച് പാലിന്റെ അർഹമായ വില ക്ഷീരകർഷകർക്ക് നൽകുന്നതിനായി ഇതിനുവേ ഉപകരണങ്ങളും പരിശോധനസൗകര്യങ്ങളും പാൽസൊസൈറ്റികളിൽ ലഭ്യമാക്കുക.
- ചികിത്സാ ചെലവ് കുറക്കുന്നതിനായി കർഷകരുടെ വീട്ടുപടിയ്ക്കൽ ചികിത്സ ലഭ്യമാക്കുവാനും മരുന്നുകൾ വില കുറച്ചു വിൽക്കുന്ന നീതിസ്റ്റോറുകൾ സ്ഥാപിക്കുക.

- കർഷകരുടെ ആവശ്യപ്രകാരം ഗുണമേന്മയുള്ള ബീജത്തിന്റെ ലഭ്യത ഉറപ്പാക്കുക.
- ചെറുകിട ക്ഷീരകർഷകർക്ക് വേ പ്രോൽസാഹനം നൽകി പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുക.
- അസുഖങ്ങൾ, പ്രകൃതിക്ഷോഭം, വന്യജീവികളുടെ ആക്രമണങ്ങൾ മൂലവും പെട്ടെന്നു ാകുന്ന സാമ്പത്തിക നഷ്ടം കുറയ്ക്കുന്നതിനായി ഇൻഷൂറൻസ് പരിരക്ഷ എല്ലാ പശുക്കൾക്കും ഉറപ്പാക്കുക.
- കന്നുകുട്ടി പരിപാലനം: വകുപ്പിന്റെ കന്നുകുട്ടി പരിപാലന പദ്ധതിയിൽ വർഷംതോറും 15,000 കിടാക്കൾ ഉ ാകുന്നു ്. ഇതിൽ പകുതിയോളം പെൺകിടാങ്ങളാണ്. ഇവിടെയു ാകുന്ന കിടാങ്ങളെ ആദ്യത്തെ നാല് മാസത്തിൽ ശാസ്ത്രീയമായി കാഫ്സ്റ്റാർട്ടർ പോലുള്ള തീറ്റകൾനൽകുകയുംഏഴായിരത്തോളം വരുന്ന മികച്ചയിനം പുതുതലമുറ പശുക്കളുടെ ലഭ്യത ഉറപ്പാക്കുക.
- ജില്ലയിലെ കന്നുകാലികളിൽ കാണപ്പെടുന്ന വന്ധ്യതാ പ്രശ്നങ്ങൾക്ക് പലപ്പോഴും കൃത്യമായ പരിഹാരം നൽകാൻ സാധിക്കുന്നില്ല. ഏറ്റവും ഗൗരവമുള്ള പ്രശ്നമാണിത്. ഒരു വർഷം 100 പശുക്കളുടെ ഗർഭധാരണം നടന്നാൽ ഓരോ വർഷവും ഒരു കോടി രൂപയുടെ ധനനഷ്ടം ഒഴിവാക്കുവാൻ സാധിക്കും. വന്ധ്യത പരിഹരിക്കുവാൻമിഷൻ നന്ദിനി പദ്ധതിക്കുവേ ി ഗൈനക്കോളജി വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ള ഒരു വെറ്ററിനറി സർജനെ നിയമിക്കാവുന്നതാണ്.

2) **മുട്ടയുൽപ്പാദനം:** ഓരോ വർഷവും ജില്ലയിലെ വിവിധ പദ്ധതികളിലേക്ക് 2 ലക്ഷത്തോളം മുട്ടക്കോഴി കുഞ്ഞുങ്ങളെയും ബ്രോയിലർ കുഞ്ഞുങ്ങളെയും ഉൽപാദിപ്പിക്കുവാൻ ഒരു ഹാച്ചറി സ്ഥാപിക്കുന്നതിനായി ലക്ഷ്യമിടുന്നു. ജില്ലയിൽ തന്നെ താൽപര്യമുള്ള സ്വകാര്യവ്യക്തികൾക്ക് ധനസഹായവും സാങ്കേതിക സഹായവും നൽകി കൊ ് 'പേരന്റ്സ് സ്റ്റോക്കി'നെ വളർത്തി വിരിയിക്കുവാൻ ആവശ്യമുള്ള മുട്ടകളെ ജില്ലയിൽ തന്നെ ലഭ്യമാക്കുക.മുട്ടക്കോഴികൾ കൂടുതലും പിന്നാമ്പുറത്തെ കോഴിവളർത്തൽ യൂണിറ്റുകളായാണ് കാണപ്പെടുന്നത്. മുട്ടയുൽപ്പാദന വിപണിയിൽ സഹകരണ സ്ഥാപനങ്ങളുടെ അഭാവം.

3) **മാംസോൽപ്പാദനം:** ജില്ലയിൽതന്നെ പോത്തുകുട്ടി യൂണിറ്റ്, ബ്രോയ്ലർ യൂണിറ്റ്, ആട് യൂണിറ്റ് തുടങ്ങേ ത് മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമാണ്. മാംസോൽപ്പാദനത്തിന് ആവശ്യമായിട്ടുള്ള ആട്, പോത്തുകുട്ടി, പന്നി എന്നിവയെ ജില്ലയിൽതന്നെ ഉൽപ്പാദിപ്പിക്കുവാനുള്ള ചെറുകിട ഫാമുകൾ പ്രോൽസാഹിപ്പിക്കുക. ഇതിലേക്ക് ആവശ്യമായ വരുന്ന കന്നുകാലികളുടെ സ്റ്റോക്ക് ഉറപ്പാക്കുക. നിലവിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ആട്,പന്നി,താറാവ്,കോഴി എന്നിവയുടെ സാറ്റലൈറ്റ് യൂണിറ്റുകളുടെ ശാക്തീകരണം പ്രോൽസാഹിപ്പിക്കുക.മാലിന്യനിർമാർജ്ജനത്തിൽ വലിയൊരു പങ്കാണ് പന്നികർഷകർ വഹിക്കുന്നത്. ജില്ലയിലെയും അയൽ ജില്ലകളിലെയും 60 ടൺ വേയ്സ്റ്റ് പ്രതിദിനം ഇത്തരത്തിൽ പന്നികൾക്ക് ആഹാരമായി ഉപയോഗപ്പെടുത്തുകയും പോഷകസമ്പുഷ്ടമായ മാംസമാക്കിമാറ്റുകയും ചെയ്യുന്നുെ ന്ന് വയനാട് സ്വൈൻ ഫാർമേഴ്സ് അസോസിയേഷന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. ജില്ലയിൽ 30,000 പന്നികൾ ഉെ ന്നും വയനാട് സ്വൈൻ ഫാർമേഴ്സ് അസോസിയേഷന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. ഇത്തരത്തിൽ പന്നികർഷകർ മാലിന്യ സംസ്ക്കരണത്തിലും ഭക്ഷ്യസുരക്ഷയിലും വഹിക്കുന്ന പങ്ക് വളരെവലുതാണ്. ആവശ്യമുള്ള യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള സഹായം നൽകുക. ഇങ്ങനെയുള്ള യൂണിറ്റുകളിൽ രോഗനിർണ്ണയവും പ്രതിരോധ കുത്തിവെയ്പുകളും

കാര്യക്ഷമമാക്കുക. ശാസ്ത്രീയമായ പരിപാലനത്തിലൂടെ ഉരുക്കളുടെ ആരോഗ്യം, ഉൽപ്പാദനം,പ്രത്യുൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ കഴിയും.

4.4.13.വികസനകാഴ്ചപ്പാട്:ക്ഷീരവികസനം

ജനപങ്കാളിത്തത്തോടെയും സംയോജിതവുമായ കന്നുകാലി വളർത്തലിലൂടെ സുസ്ഥിര വികസനം പ്രവർത്തികമാക്കുകയും, സുരക്ഷിത ഭക്ഷണം ഉറപ്പാക്കുകയും സംസ്കരണ–മൂല്യവർദ്ധനാ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുകയും, മനുഷ്യവിഭവ ശേഷി ഉപയോഗിച്ച് ജീവനോപാധിയും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുകയും, പ്രാദേശിക–ദേശീയ–അന്തർദേശീയ തലങ്ങളിൽ മത്സരാധിഷ്ഠിതമായ വിപണിയിലൂടെ ലക്ഷ്യ പ്രാപ്തിയിലെത്തുകയും ചെയ്യുക.

ദൗത്യം

- ലാഭകരവും കാര്യക്ഷമവുമായ സംയോജിത പശുവളർത്തലിലൂടെ ക്ഷീര മേഖലയിൽ മത്സരാധിഷ്ഠിത പുരോഗതി സാധ്യമാക്കുകയും ക്ഷീരോല്പന്നങ്ങളുടെ വർദ്ധിച്ച വിപണി ഉറപ്പാക്കുകയും ചെയ്യുക.
- അടിസ്ഥാന പ്രകൃതി വിഭവങ്ങളുടെ (മണ്ണ്–ജലം–ജൈവ സമ്പത്ത്) സംരക്ഷണവും സൂര്യപ്രകാശം, മാനവശേഷി തുടങ്ങിയ സമസ്ത വിഭവങ്ങളുടെ സ്ഥായിയായ വിനിയോഗവും.
- ശാസ്ത്രീയ പരിപാലന മുറകൾ വികസിപ്പിക്കുകയും പ്രാവർത്തികമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ഉല്പാദകരുടെ സാമൂഹ്യ പദവി മെച്ചപ്പെടുത്തുകയും ചെയ്യുക.
- നാമമാത്ര കർഷകർ, കർഷകത്തൊഴിലാളികൾ, വനിതകൾ, പട്ടിക വിഭാഗക്കാർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ തുടങ്ങിയവരെ ചെറുകിട സംയോജിത പശുവളർത്തലിലൂടെ ജീവസന്ധാരണം ഉറപ്പാക്കുക.
- ചെറുകിട–പരിമിത കർഷകരെ പ്രോത്സാഹിപ്പിച്ച് പശുവളർത്തൽ വാണിജ്യവും കൂടുതൽ ലാഭകരവുമാക്കുക.
- യന്ത്രവൽക്കരണത്തിലൂടെ ഉല്പാദന ചെലവ് കുറയ്ക്കുകയും ക്ഷീര മേഖല ആധുനികവൽക്കരിക്കുകയും ചെയ്യുക.
- സംയോജിത പശുവളർത്തലിലൂടെ മറ്റ് വികസന മേഖലകളുമായി ഏകോപിപ്പിക്കുകയും സുസ്ഥിര വികസനം സാധ്യമാക്കുകയും ചെയ്യുക.
- നല്ല കൃഷി സമ്പ്രദായം(ജിഎപി), ജൈവ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുകയും ഇടത്തട്ട് ലാഭം പരമാവധി ഒഴിവാക്കുകയും, ഫെയർ ട്രേഡ് സമ്പ്രദായം പ്രാവർത്തികമാക്കുകയും ചെയ്യുക.
- ക്ഷീര സംഘങ്ങൾ, ഗ്രൂപ്പുകൾ, സംരംഭകർ എന്നിവരെ ഉൾപ്പെടുത്തി സംഭരണ–സംസ്കരണ–മൂല്യവർദ്ധന–വിപണന മേഖലകൾ സുരക്ഷിതവും ഗുണ നിലവാരമുള്ളതുമാക്കി മാറ്റുക.
- വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമായും നിർവ്വഹിക്കുക.
- ഉല്പാദനോപാധികൾ പ്രാദേശികമായി ലഭ്യമാക്കുകയും പരമ്പരാഗത–നൂതന സാങ്കേതിക വിദ്യകൾ താഴെത്തട്ടിലെത്തിക്കുകയും വിവര സാങ്കേതിക വിദ്യ പരമാവധി വിനിയോഗിക്കുകയും ചെയ്യുക.
- ഉത്തരവാദിത്വ ടൂറിസം പ്രോത്സാഹിപ്പിക്കുകയും കർഷകരുടെ സാമ്പത്തിക ഉന്നമനത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

- ഉല്പാദകർ–ജീവനക്കാർ–ഉപഭോക്താക്കൾ എന്നിവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയും പക്ഷി–മൃഗാദികൾ, വിളകൾ തുടങ്ങിയവയുടെ സമഗ്ര ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.
- അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും മികച്ച സേവനം ഉറപ്പാക്കുകയും ചെയ്യുക.
- ക്ഷീര സഹകരണ സംഘങ്ങളെ ഗ്രാമീണ സാമ്പത്തിക– സാമൂഹ്യ വികസന കേന്ദ്രങ്ങളാക്കി മാറ്റുക.
- വിവിധ ഏജൻസികളേയും പ്രവർത്തനങ്ങളേയും ഏകോപിപ്പിക്കുക.
- സാമൂഹികവും പാരിസ്ഥിതികവുമായ ഉത്തരവാദിത്വത്തോടെ ക്ഷീര മേഖലയുടെ വികസനം സാധ്യമാക്കുക.
- ക്ഷീര വികസന മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

ചാർട്ട് – 3 :
ക്ഷീര മേഖലയിലെ വികസന സമീപനം



4.4.13.1.സാധ്യതകൾ/അവസരങ്ങൾ

- കാലാവസ്ഥ, ഭൂപ്രകൃതി, മനുഷ്യവിഭവം, സംസ്കാരം, മനോഭാവം തുടങ്ങിയവയുടെ അനുകൂലമായ സാഹചര്യങ്ങൾ
- കാർഷിക–അനുബന്ധ മേഖലകളിലധിഷ്ഠിതമായ സമ്പദ്ഘടന.
- ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഉപതൊഴിൽ, സംയോജിത പശുവളർത്തലിന് വളരെയേറെ സാധ്യതകൾ.
- തീറ്റപ്പുല്ലിന്റേയും പാരമ്പര്യേതര തീറ്റവസ്തുക്കളുടേയും താരതമ്യേന മെച്ചപ്പെട്ട ലഭ്യത.
- സഹകരണ മേഖലയുടെ സജീവ സാന്നിദ്ധ്യം.
- താരതമ്യേന മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ (ഉദാ: സംഭരണം, സംസ്കരണം, വിജ്ഞാന വ്യാപന സൗകര്യങ്ങൾ).

- വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഗവേഷണ സ്ഥാപനങ്ങളുടേയും സാന്നിദ്ധ്യം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ താരതമ്യേന മെച്ചപ്പെട്ട ഇടപെടലുകൾ.
- കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ലഭ്യത.
- അധികം ഉല്പാദിപ്പിക്കുന്ന പാൽ മറ്റ് ജില്ലകൾക്ക് ലഭ്യമാകുന്നു.

4.4.13.2.ശ്രദ്ധേയമായ നേട്ടങ്ങൾ

- കേരളത്തിലെ ഹൈടെക് ഡയറി ജില്ലയായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചു.
- പാലുല്പാദന സാന്ദ്രതയിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനം (105 ലിറ്റർ പാൽ/ച.കി.മീ./ദിവസം).
- പാൽ സംഭരണത്തിൽ സംസ്ഥാനത്ത് ര ാം സ്ഥാനം(744.17 ലക്ഷം/വർഷം).
- സമ്പൂർണ്ണ ശീതീകരണ ശൃംഖല.
- ഏഴ് സംസ്കരണ–മൂല്യ വർദ്ധനാ കേന്ദ്രങ്ങൾ.
- സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം, വിവര സാങ്കേതിക വിദ്യയുടെ ഫലപ്രദമായ വിനിയോഗം.
- ക്ഷീര സംഘങ്ങളുടെ വൈവിധ്യവൽക്കരണം(ഉദാ:–കാർഷികോല്പന്നങ്ങളുടെ സംഭരണം, കൺസ്യൂമർ സ്റ്റോറുകൾ/വെറ്ററിനറി സ്റ്റോറുകൾ).

ദീർഘകാല ലക്ഷ്യങ്ങൾ

- ക്ഷീരോല്പാദനം പ്രതിദിനം 10 ലക്ഷം ലിറ്ററായി വർദ്ധിപ്പിച്ച് മലബാർ മേഖല പാലിന്റേയും പാലുല്പന്നങ്ങളുടേയും സ്വയം പര്യാപ്തത കൈവരിക്കുകയും മത്സരാധിഷ്ഠിതമായ വിപണി ഉറപ്പാക്കുകയും ചെയ്യുക.
- കന്നുകാലി സമ്പത്ത്(കറവമാടുകളുടെ എണ്ണം) 80,000 എണ്ണമായി വർദ്ധിപ്പിക്കുക.
- കന്നുകാലി സമ്പത്ത് സംരക്ഷിക്കുന്നതിനായി സന്തുലിതമായ ആഹാരം ഉറപ്പുവരുത്തുന്നതിന് സ്വയം പര്യാപ്തത കൈവരിക്കുക.
- സംയോജിത പശു വളർത്തലിലൂടെ ക്ഷീര കർഷക കുടുംബങ്ങൾക്ക് പ്രതിമാസം ശരാശരി 20,000 രൂപ വരുമാനം ഉറപ്പാക്കുക.
- എല്ലാ ക്ഷീര കർഷക ഭവനങ്ങളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയും പരിസ്ഥിതി സൗഹൃദ പശുപരിപാലനം ഉറപ്പാക്കുകയും ജൈവ വളങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യുക.
- ക്ഷീര കർഷകരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും വിഷരഹിതമായ ഭക്ഷ്യ വസ്തുക്കൾ വിപണിയിലെത്തിക്കുകയും കയറ്റുമതി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- തൊഴിലാളി ക്ഷാമം പരിഹരിക്കുകയും ഫാം യന്ത്ര വൽക്കരണം ഉറപ്പാക്കുകയും ചെയ്യുക.
- കുടുംബ കൃഷി പ്രോത്സാഹിപ്പിക്കുകയും ക്ഷീര കർഷകരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയും സാമൂഹ്യ പദവി വർദ്ധിപ്പിക്കുകയും ചെയ്യുക.
- ജൈവ കൃഷി, നല്ല കൃഷി സമ്പ്രദായം എന്നിവ പ്രോത്സാഹിപ്പിക്കുകയും ഉല്പന്നങ്ങൾ സാക്ഷ്യപ്പെടുത്തലിന് വിധേയമാക്കുകയും ചെയ്യുക.
- ജീവസന്ധാരണ പ്രവർത്തനങ്ങളോടൊപ്പം ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും വാണിജ്യാടിസ്ഥാനത്തിലുള്ള പദ്ധതികളും പ്രോത്സാഹിപ്പിക്കുക.

- പാലിന്റെ ഗുണനിലവാരം പശുവളർത്തൽ ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.
- വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
- പശുക്കൾ, വിത്തുകൾ തുടങ്ങിയവയുടെ ജൈവവൈവിധ്യം സംരക്ഷിക്കുകയും നാട്ടറിവുകൾ ശേഖരിക്കുകയും ഉല്പാദനക്ഷമത കൂടിയ ഇന്ത്യൻ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- വിജ്ഞാന–വ്യാപന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും വിവര സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും പങ്കാളിത്ത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- പഠന–ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും സദ്ഭരണം ഉറപ്പാക്കുകയും ചെയ്യുക.
- 56 ക്ഷീര സഹകരണ സംഘങ്ങളെ പ്രാദേശിക സാമ്പത്തിക–സാമൂഹിക– സേവന കേന്ദ്രങ്ങളായി ഉയർത്തുക.

4.4.13.3. ഹ്രസ്വകാല ലക്ഷ്യങ്ങൾ

- മലബാർ മേഖലയിലെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക(പ്രതിദിനം 3 ലക്ഷം ലിറ്റർ)
- തീറ്റപ്പുൽകൃഷിയിലൂടെ കന്നുകാലികളുടെ 80% ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക.
- സമ്പൂർണ്ണ കാലിത്തൊഴുത്ത് നിർമ്മാണം പ്രാവർത്തികമാക്കുകയും കാലികൾക്ക് ശുദ്ധജലം ഉറപ്പാക്കുകയും ചെയ്യുക.
- 2000 ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുകയും 1000 കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.
- 1000 അത്യുല്പാദന ശേഷിയുള്ള നാടൻ കന്നുകാലി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുകയും അനുബന്ധ വരുമാന സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുകയും ചെയ്യുക.
- ക്ഷീര മേഖലയുമായി ബന്ധപ്പെട്ട നിബന്ധനകളും കാലോചിതമായി പരിഷ്കരിക്കുക.
- കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രത്യാഘാതങ്ങൾ ചെറുക്കുക.
- ആസൂത്രിതമായ ക്ഷീര വികസന പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും മോണിറ്ററിംഗ് സംവിധാനങ്ങൾ ഉറപ്പാക്കുകയും സാമൂഹ്യ ഓഡിറ്റ് അടക്കമുള്ള മൂല്യനിർണ്ണയ രീതി അവലംബിക്കുകയും ചെയ്യുക.

IV) പരിപ്രേക്ഷത്തിന്റെ നിർദ്ദേശങ്ങൾ

1) മൃഗചികിത്സ ശൃംഖലയുടെ ശാക്തീകരണം

1) ആശുപത്രി പ്രവർത്തന സമയം രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 2 മണിവരെയും ഉച്ചതിരിഞ്ഞ് 2 മണിമുതൽ രാത്രി 8 മണിവരെയും ര ് ഷിഫ്റ്റാക്കി പ്രവർത്തി സമയം ക്രമീകരിക്കുന്നതുവഴി വയനാട് ജില്ലയിൽ ഡോക്ടർമാരുടെ സേവനം കർഷകർക്ക് ലഭ്യമാക്കാം.

2) ജില്ലയിലെ മുള്ളൻകൊല്ലി, പനമരം, നൂൽപ്പുഴ, തവിഞ്ഞാൽ, മീനങ്ങാടി, നെൻമേനി, തിരുനെല്ലി, കോട്ടത്തറ എന്നീ പഞ്ചായത്തുകളിലും മാനന്തവാടി മുനിസിപ്പാലിറ്റിയിലും അടിയന്തിരമായി ഓരോ മൃഗാശുപത്രിയും തിരുനെല്ലി പഞ്ചായത്തിൽ പനവല്ലിയിൽ ഒരു

വെറ്ററിനറി ഉപകേന്ദ്രവും കൂടി അനുവദിക്കേ താണ്. പുൽപ്പള്ളി പഞ്ചായത്തിൽ നിലവിലെ വെറ്ററിനറി ഹോസ്പിറ്റൽ അപ്ഗ്രേഡ് ചെയ്ത് വെറ്ററിനറി പോളിക്ലിനിക്ക് ആക്കേ ത് അത്യാവശ്യമാണ്.

3) രാത്രികാല സേവനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഓരോ ബ്ലോക്കിലും മൂന്ന് വെറ്ററിനറി സർജൻമാരെ നിയമിക്കാം.

4) കൃത്യമായ രോഗനിർണ്ണയവും കൃത്യസമയത്തുള്ള ചികിൽസയും ലഭ്യമാക്കുന്നതിനായി മാനന്തവാടി വെറ്ററിനറി പോളിക്ലിനിക്കിലും സുൽത്താൻ ബത്തേരി വെറ്ററിനറി പോളിക്ലിനിക്കിലും ഒരു ലാബ് ഓഫീസർ (വെറ്ററിനറി സർജൻ) തസ്തികകൂടി അനുവദിക്കേ ത് അത്യാവശ്യമാണ്.

5) ബ്ലോക്ക്തലത്തിലുള്ള മൃഗസംരക്ഷണ സ്ഥാപനങ്ങളിൽ ആശുപത്രി മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിക്കുക.

2)പാലുൽപാദന മേഖലയുടെ ശാക്തീകരണം :

1) കാഫ് സ്റ്റാർട്ടർ പോലെയുള്ള തീറ്റയും ശാസ്ത്രീയമായ പരിചരണ മുറകളും സ്വീകരിച്ചാൽ ഇവിടെയു ാകുന്ന കന്നുകുട്ടികളെ നാളത്തെ മികച്ച പശുക്കളാക്കിമാറ്റാം. ആയതിനാൽ കാഫ് സ്റ്റാർട്ടറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കേ താണ്.

2) 5 പശുക്കളോ അതിൽ കൂടുതലോ വളർത്തുന്ന ചെറുകിട ഫാമുകളാണ് വയനാട് ജില്ലയിൽ കൂടുതലായിട്ടുള്ളത്. ആയതിനാൽ ചെറുകിട കർഷകർക്ക് തൊഴുത്തിന്റെ തറ നന്നാക്കുന്നതിനുള്ള സബ്സിഡിയും ശാസ്ത്രീയമായ പരിചരണവും ശുചിത്വമുള്ള പാലുൽപാദനവും ഉറപ്പാക്കുന്നതിനായി ആധുനിക ഉപകരണങ്ങളും നൽകേ താണ്. പ്രഷർവാഷർ, ഡങ്ങ് സ്ക്രേപ്പർ, റബർമാറ്റ്, ഓട്ടോമാറ്റിക്ക് ഡ്രിങ്കിംഗ് വാട്ടർ സിസ്റ്റം, മിനി റ്റി.എം.ആർ. യൂണിറ്റ്സ് (ടോട്ടൽ മിക്സ്ഡ് റേഷൻ) എന്നിവ ക്ഷീര കർഷകർക്കിടയിൽ പ്രോൽസാഹിപ്പിക്കേ താണ്.

3) 5 മുതൽ 10 വരെ പശുക്കളുള്ള കർഷകർക്കും 10–ൽ കൂടുതൽ പശുക്കളുള്ള കർഷകർക്കും ഫാം നവീകരണത്തിനുവേ ി ധനസഹായം നൽകിയാൽ അവർക്ക് വലിയ പ്രോൽസാഹനവും സഹായകവുമാകും. പശുക്കൾക്ക് ആവശ്യമായ തീറ്റപ്പുല്ലും നൽകേ താണ്. ഇതിനായി ക്ഷീരവികസന വകുപ്പുമായി സംയോജിത പ്രോജക്ടുകൾ വെക്കാവുന്നതാണ്. പാചകവാതക ക്ഷാമത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ചാണകം ഉപയോഗിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ വ്യാപനം അത്യാവശ്യമാണ്.

3) ഭക്ഷ്യസുരക്ഷ ഉറപ്പാക്കൽ :കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക, കന്നുകാലികൾക്ക് ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക. പശു/ആട്/ കോഴി/പന്നി എന്നിവ വളർത്തുന്നതിനായി പ്രോത്സാഹിപ്പിക്കുക, ഇൻഷൂറൻസ് പരിരക്ഷ നൽകുക.പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് ആവശ്യത്തിന് അനുസരിച്ച് സഹായം നൽകുക, അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക വിവിധ തലത്തിലുള്ള പദ്ധതികൾ ഏകോപിപ്പിക്കുക, ഭക്ഷ്യസുരക്ഷ നിയമമനുസരിച്ചുള്ള അടിസ്ഥാനസൗകര്യവികസനം തുടങ്ങിയവ ഏറ്റെടുക്കേ താണ്.

4) കന്നു കാലികളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക : കന്നു കാലികളിലെ സാംക്രമിക രോഗങ്ങൾ, വന്ധ്യത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. അവശ്യമരുന്നുകളുടെയും ധാതുലവണ മിശ്രിതങ്ങളുടെയും ബാഹ്യപരാദങ്ങൾക്കെതിരെയുള്ള ലേപനങ്ങളുടെയും ലഭ്യത ഉറപ്പാക്കുക. മിഷൻ നന്ദിനി പദ്ധതിക്കുവേ ി ഗൈനക്കോളജി വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ള ഒരു വെറ്ററിനറി സർജനെ നിയമിക്കാവുന്നതാണ്. വന്ധ്യതാ ചികിത്സക്കായി ആവശ്യമുള്ള ഹോർമോണുകളും മരുന്നുകളും ലഭ്യമാക്കേ താണ്.

5) ജന്തു ജന്യരോഗ നിയന്ത്രണം : ജന്തു ജന്യരോഗങ്ങളിൽ ഏറ്റവും പ്രധാനമായ പേവിഷബാധ പ്രതിരോധിക്കുന്നതിനു വേ ിയിട്ടുള്ള നടപടികൾ സ്വീകരിക്കുക. തെരുവു നായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിനായി എബിസി പ്രോഗ്രാം നടപ്പിലാക്കാമെങ്കിലും ഇത് ശാശ്വതമായ പരിഹാരമല്ല. പൊതു സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള പ്രോജക്ടുകൾ ബന്ധപ്പെട്ട വകുപ്പുമായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനം ഏറ്റെടുക്കേ താണ്. ഈ രോഗത്തെപ്പറ്റി ജനങ്ങളിൽ വേ അവബോധം സൃഷ്ടിക്കുവാനുള്ള പ്രോജക്ടുകൾ വെക്കാവുന്നതാണ്. വാനാതിർത്തിയോടുകിടക്കുന്ന പഞ്ചായത്തുകളായ മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി, നൂൽപ്പുഴ, നെൻമേനി, സുൽത്താൻ ബത്തേരി, കാട്ടിമൂല, കാട്ടിക്കുളം എന്നീ പഞ്ചായത്തുകളിൽ നിർബന്ധമായും പദ്ധതി നടപ്പിലാക്കണം.

6)സാംക്രമിക രോഗങ്ങളുടെ നിയന്ത്രണവും നിർണ്ണയവും : കൃതമായ രോഗ നിർണ്ണയവും രോഗ നീരീക്ഷണവും മൊബൈൽ വെറ്ററിനറി ക്ലിനിക്ക് മുഖാന്തിരം കർഷകന്റെ വീട്ടുപടിയ്ക്കൽ ലഭ്യമാക്കുന്നതുവഴി കൃത്യമായ രോഗനിർണ്ണയവും കൃത്യമായ ചികിത്സയും ഉറപ്പാക്കുന്നതുവഴി അസുഖങ്ങൾ മൂലമുള്ള സാമ്പത്തിക നഷ്ടം കുറക്കുക. മാനന്തവാടി വെറ്ററിനറി പോളിക്ലിനിക്കിലും സുൽത്താൻ ബത്തേരി വെറ്ററിനറി പോളിക്ലിനിക്കിലും ഒരു ലാബ് ഓഫീസറുടെ തസ്തിക അനുവദിക്കുക. മൊബൈൽ ഫാം എയ്ഡ് യൂണിറ്റുമായി ചേർന്ന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും പശുക്കളെ വാർഡ് തിരിച്ച് കൃത്യമായി രോഗ നിർണ്ണയം നടത്തുക. തദ്വാര ഉൽപ്പാദന ക്ഷമതയും പ്രത്യുൽപ്പാദന ക്ഷമതയിലും വർദ്ധനവ് ഉ ാകുന്നു.

7)വയനാടിന്റെ തനത് ജനുസ്സുകളുടെ സംരക്ഷണം : നല്ലയിനം മലബാറി ആടുകളുടെ ലഭ്യതകുറവ് ഇടത്തട്ടുകാരായ കച്ചവടക്കാരുടെ ചൂഷണത്തിന് കാരണമാകുന്നു. പഞ്ചായത്തുതോറുംമുള്ള ആടുകർഷകരെ ഒന്നിപ്പിക്കുകയും വയനാട് ജില്ലയുടെ കാലാവസ്ഥയ്ക്ക് യോജിച്ചതായ നല്ലയിനം മലബാറി മുട്ടനാടുകൾ ഉത്പാദിപ്പിക്കുന്ന സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കേ താണ്. നിലവിൽ നാടൻ പശുക്കൾ മൂന്ന് ശതമാനം മാത്രമാണ്. ജൈവകൃഷിക്ക് ഏറ്റവും അനുയോജ്യമായിട്ടുള്ള പഞ്ചഗവ്യം, ഗോമൂത്രം എന്നിവയുടെ സ്രോതസ്സാണ് വെച്ചൂർ പശുക്കളും വയനാടൻ കുള്ളനും കാസർകോട് കുള്ളനും. ഇവയെ സംരക്ഷിക്കുവാനുള്ള പദ്ധതികളും ജൈവകൃഷികളുടെ പദ്ധതികളും കൃഷിവകുപ്പുമായി കൂടിയാലോചിച്ച് സംയുക്ത പ്രോജക്ട് വെക്കാവുന്നതാണ്.

8) ജില്ലയിൽ ആദിവാസികളുടെ ഉന്നമനം : വയനാട് ജില്ലയുടെ ജനസംഖ്യ 8,16,558. അതിൽതന്നെ 153181 പേർ ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണ്. ഇവരിൽ ഭൂരിപക്ഷംപേരും ജീവനോപാധിക്കായി കൃഷി–മൃഗസംരക്ഷണ മേഖലയെ ആശ്രയിക്കുന്നു. ഇവരുടെ വരുമാനവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നതിനായി ട്രൈബൽ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. ആയതിനുവേ ിയിട്ടുള്ള സാങ്കേതിക സഹായവും ഇൻഷൂറൻസും മൃഗസംരക്ഷണ വകുപ്പ് നൽകുന്നതാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഫീസിബിലിറ്റിക്കനുസരിച്ച് മാത്രം നടപ്പിലാക്കുക.

9) **അടുക്കളമുറ്റത്തെ കോഴിവളർത്തലിനെ പ്രോത്സാഹിപ്പിക്കണം** : മൃഗസംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിൽ മുട്ടകോഴികുഞ്ഞുങ്ങളുടെ എഗ്ഗർ നഴ്സറികൾ പ്രോത്സാഹിപ്പിക്കേ താണ്. വയനാട് ജില്ലയിൽ നിലവിൽ പൂക്കോട് വെറ്ററിനറി കോളേജിൽ 30,000 മുട്ടകോഴികുഞ്ഞുങ്ങളെ വിരിയിക്കുവാൻ കഴിവുള്ള ഒരു ഹാച്ചറിയാണ് നിലവിലുള്ളത്. എന്നാൽ ജില്ലയുടെആവശ്യങ്ങൾ നിർവ്വഹിക്കുന്നില്ല. ആയതിനാൽ സുൽത്താൻ ബത്തേരിയിൽ വകുപ്പിന്റെ സ്ഥലത്ത് ഒരു ഹാച്ചറി സ്ഥാപിച്ചാൽ ജില്ലയ്ക്ക് ആവശ്യമുള്ള മുട്ടകോഴികുഞ്ഞുങ്ങളെ ഇവിടെതന്നെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും.

9. **ഉയർന്ന പലിശനിരക്ക്** : സംരംഭകർക്കുള്ള വായ്പയുടെ പലിശനിരക്ക് കുറക്കേ താണ്. ഈ മേഖലയിലുള്ള സംരംഭങ്ങൾ ലാഭത്തിലേക്കെത്തുവാൻ കുറഞ്ഞത് ര ുവർഷമെടുക്കുമെന്നതിനാൽ ഈ കാലയളവിലെങ്കിലും പലിശനിരക്ക് കുറയ്ക്കേ താണ്.
10. 14.**ആട്, പന്നി വളർത്തൽയൂണിറ്റുകളുടെ ശാക്തീകരണം** : ആട്, പന്നി വളർത്തൽ ബ്രീഡിംഗ് യൂണിറ്റുകൾക്ക് ധനസഹായം അനുവദിക്കുക. (കീഴ്ത്തട്ട് നിർദ്ദേശങ്ങളിലെ 7–ാമത്തെ ക്രമനമ്പറിന്റെ 1, 2 പരിഹാരങ്ങൾ കാണുക.)
11. **വരൾച്ചാബാധിത പ്രദേശം:** പുരോഗമന കർഷകർക്ക് മഴവെള്ള സംഭരണി സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കണം. പുൽപ്പള്ളി, മുള്ളൻകോല്ലി പുരോഗമന കർഷകർക്ക് മഴവെള്ള സംഭരണി സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കണം. (കീഴ്ത്തട്ട് നിർദ്ദേശങ്ങളിലെ 8–ാമത്തെ ക്രമനമ്പറിന്റെ നിർദ്ദേശവും പരിഹാരവും കാണുക.)
12. ജില്ലയിൽ സവിശേഷമായു ാകുന്ന കന്നുകാലിരോഗങ്ങൾ കുരങ്ങുപനിപോലെയുള്ളജന്തുജന്യരോഗങ്ങൾ നേരിടാൻ രോഗങ്ങൾ പരത്തുന്ന ബാഹ്യപരാദങ്ങൾക്കെതിരെയുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

ക്രമ. നം.	നിർദ്ദേശം	നിർവ്വഹണ/സംയോജന ഏജൻസി	പരിഹാരം
1	മൃഗചികിത്സ ശൃംഖലയുടെ ശാക്തീകരണം	മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്	കന്നുകാലി സമ്പത്ത് കൂടുതലുള്ള പഞ്ചായത്തുകളിൽ വെറ്ററിനറി സബ്സെന്ററുകൾ സ്ഥാപിക്കുക.
			നിലവിലുള്ള മൃഗാശുപത്രികളുടെയും വെറ്ററിനറി സബ്സെന്ററുകളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
			വിഷയ വൈദഗ്ദ്യമുള്ള ബിരുദാനന്തര ബിരുദമുള്ള വെറ്ററിനറി ഡോക്ടർമാരെ താലൂക്ക് അടിസ്ഥാനത്തിൽ നിയമിക്കുക. നിലവിലുള്ള മൃഗാശുപത്രികളുടെ പ്രവർത്തനം രാവിലെ 8 മുതൽ 2 മണിവരെയും ഉച്ചക്ക് 2 മണി മുതൽ രാത്രി 8 മണിവരെ 2 ഷിഫ്റ്റാക്കി മാറ്റുക. ജില്ലാതലതലത്തിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ആംബുലേറ്ററി ക്ലിനിക്ക് ലഭ്യമാക്കാം. സംസ്ഥാന അവറേജായ 118 മൃഗങ്ങൾക്ക് ഒരു ഡോക്ടർ എന്ന തോതിൽ വെറ്ററിനറി ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുക.

2	പാലുൽപാദന മേഖലയുടെ ശാക്തീകരണം	മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി, കെ.എൽ.ഡി.ബോർഡ്	കാലിത്തീറ്റയുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള ഫീഡ് അനാലിറ്റിക്കൽ ലബോറട്ടറി ജില്ലാ അടിസ്ഥാനത്തിൽ സ്ഥാപിക്കുക.തരിശായി കിടക്കുന്ന സ്ഥലങ്ങൾ ഏറ്റെടുത്ത് പുൽകൃഷി നടത്തി കർഷകർക്ക് സബ്സിഡിനിരക്കിൽ പുല്ല് ലഭ്യമാക്കുക. ഉത്പാദന ശേഷിയുള്ള പശുകുട്ടികളെ ദത്തെടുത്ത് വളർത്തി ചെനപിടിപ്പിച്ച് കർഷകർക്ക് നൽകുന്ന ദത്തെടുക്കൽ കേന്ദ്രങ്ങൾ ആരംഭിക്കുക.
			അത്യുൽപാദനശേഷിയുള്ള പശുക്കൾക്ക് കറവകാലത്തും ഗർഭാവസ്ഥയിലും ആവശ്യമായ ധാതുലവണ മിശ്രിതവും മരുന്നുകളും ഗ്രാമപഞ്ചായത്തു തലത്തിൽ വിതരണം ചെയ്യുവാനുള്ള പദ്ധതികൾ രൂപീകരിക്കുക. ക്ഷീരസഹകരണ സംഘങ്ങൾ–കർഷക ഗ്രൂപ്പുകൾ മുഖേന പല്ലപ്പുല്ല് ഉത്പാദിപ്പിച്ച് തീറ്റപ്പുല്ല് വിതരണം ചെയ്യുക. പാലിന്റെ ഗുണനിലവാരം, പശുവളർത്തൽ എന്നിവ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.
3	കന്നുകാലികളിലെ വന്ധ്യത	മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി	പഞ്ചായത്തുതോറും മിഷൻ നന്ദിനി പദ്ധതി നടപ്പിലാക്കുക. ഗൈനക്കോളജി വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ള ഒരു വെറ്ററിനറി സർജനെ ബ്ലോക്ക് അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.
4	കന്നുകാലികളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക	മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ	ജില്ലയിൽ പന്നിമാംസം സംസ്ക്കരിക്കുന്നതിനുള്ള അറവുശാല തുടങ്ങുന്നതിനായി നടപടികൾ സ്വീകരിക്കുക.
			വെറ്ററിനറി സർവ്വകലാശാലയും മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും സംയുക്തമായി പ്രവർത്തിക്കുന്ന ഒരു ഹൈടെക്ക് ക്യാറ്റിൽ ബ്രീഡിംഗ് ഫാം തുടങ്ങേ താണ്.
5	പേവിഷബാധ നിയന്ത്രണം	മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി, എൻ.ജി.ഒ., തദ്ദേശസ്വയംഭരണ വകുപ്പ്	വന്ധീകരിച്ച തെരുവുനായ്ക്കളെ പുനരധിവസിപ്പിക്കുന്നതിനായി കെന്നലുകൾ പഞ്ചായത്തുതോറും തുടങ്ങുക.
			ബ്ലോക്ക് അടിസ്ഥാനത്തിൽ എ.ബി.സി.ക്കായി പ്രത്യേകം ഓപ്പറേഷൻ തീയേറ്ററുകൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക.
6	വയനാടിന്റെ തനത് ജനുസ്സുകളുടെ സംരക്ഷണം :	മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി,	വയനാട് ജില്ലയുടെ കാലാവസ്ഥയ്ക്ക് യോജിച്ചതായ നല്ലയിനം മലബാറി മുട്ടനാടുകൾ ഉത്പാദിപ്പിക്കുന്ന സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക.

		കൃഷിവകുപ്പ് – ആത്മ സന്നദ്ധസംഘടനകൾ കെ.എൽ.ഡി.ബോർഡ്.	പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഇടയിൽ വളർത്തുന്നനാടൻ ജനുസ്സുകളെ പ്രത്യേകിച്ച് പശുക്കളെ സംരക്ഷിക്കുവാനുള്ള പദ്ധതികൾ വെറ്ററിനറി യൂണിവേഴ്സിറ്റിയുമായി ഗവേഷണ പദ്ധതികൾ തുടങ്ങാവുന്നതാണ്.
			സീറോ ബഡ്ജറ്റ് ഫാംമിംഗ് കർഷകരെ ഏകോപിപ്പിക്കുകയും അവരുടെ ഉത്പന്നങ്ങൾക്ക് വിപണനയൂണിറ്റുകൾ അനുവദിക്കുകയും ചെയ്യുക.
	ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഉന്നമനം	പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി	ആദിവാസി കർഷകരുടെ ഉത്പന്നങ്ങൾക്ക് വിപണിയും ന്യായവിലയും ലഭ്യമാക്കുന്ന വിപണന യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക.
8	സംരംഭകർക്കുള്ള പ്രോത്സാഹനം	മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി, കുടുംബശ്രീ, വ്യവസായ വകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്	ജില്ലയിൽ കോഴിത്തീറ്റ/കാലിത്തീറ്റ ഉത്പാദിപ്പിക്കുന്ന ചെറുകിട യൂണിറ്റുകൾ തുടങ്ങുവാൻ പ്രോത്സാഹിപ്പിക്കുക.
			കൊത്തുമുട്ട ഉത്പാദിപ്പിക്കുവാനുള്ള പേരന്റ് സ്റ്റോക്ക് യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക.
			മൂല്യവർദ്ധിത ഉത്പന്നയൂണിറ്റുകൾ തുടങ്ങുവാൻ സബ്സിഡി അനുവദിക്കുക.
			തൊഴിലുറപ്പു പദ്ധതിയിൽ പശുപരിപാലനം ഉൾപ്പെടുത്തുക.
			യുവസംരംഭകർക്കായി സ്റ്റാർട്ടപ്പ് പ്രോഗ്രാമുകൾ നടത്തുക.
			സ്ഥലം ലഭ്യതയുള്ള ഗ്രാമീണ മേഖലകളിൽ ആട്,പശു,കോഴി,കാട, മുയൽ എന്നിവയ്ക്കുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.
			കർഷകരുടെ മക്കൾക്ക് ഉന്നത പഠനത്തിനും പ്രൊഫഷണൽ പഠനത്തിനും സംവരണം നൽകുക. ജൈവകൃഷി, നല്ലകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുകയും ഉത്പന്നങ്ങൾ സാക്ഷ്യപ്പെടുത്തലിന് വിധേയമാക്കുക. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും വിവര സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും പങ്കാളിത്ത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുക.

9	ബ്രോയ്ലർ, കോഴികുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പാക്കുക.	മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി	സ്വകാര്യ മേഖലയിൽ ഒരു ഹാച്ചറി സ്ഥാപിച്ചാൽ ജില്ലയ്ക്ക് ആവശ്യമുള്ള മുട്ടകോഴികുഞ്ഞുങ്ങളെ ഇവിടെതന്നെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും.
			കൊത്തുമുട്ടകളുടെ ലഭ്യത ഉറപ്പാക്കാനായി സ്വകാര്യ വക്തികൾക്ക് സാങ്കേതിക സഹായവും ധനസഹായവും നൽകുക.
10	രോഗചികിൽസ ചെലവ് കുറയ്ക്കുക.	ജില്ലാ പഞ്ചായത്ത്, മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി	ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമ പഞ്ചായത്തുകളുടെയും ഫ ് ഉപയോഗിച്ച് സഹകരണ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുക.
11	നല്ല കന്നുകുട്ടികളുടെ ലഭ്യത ഉറപ്പാക്കുക	മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി, ക്ഷീര വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റി	കാഫ് സ്റ്റാർട്ടർ തീറ്റ പഞ്ചായത്തു തോറും എ.പി.എൽ/ബി.പി.എൽ. കർഷകർക്ക് ലഭ്യമാക്കാനുള്ള പദ്ധതികൾ.
12	കന്നുകാലി തീറ്റയുൽപാദനം വർദ്ധിപ്പിക്കുക	മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റി, മിൽമ	കാലിത്തീറ്റ, കോഴിത്തീറ്റ, ആട്തീറ്റ എന്നിവ ഉത്പാദിപ്പിക്കുന്ന തീറ്റയുൽപാദന യൂണിറ്റ് ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ സ്ഥാപിക്കുക.
			എല്ലാ പഞ്ചായത്തുകളിലും കാലിത്തീറ്റ മിക്സിംഗ് യൂണിറ്റ് സഹകരണസംഘങ്ങളുടെ സഹായത്തോടെ തുടങ്ങുക.
13	ക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക	മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റി, കുടുംബശ്രീ, വ്യവസായ വകുപ്പ്, സഹകരണവകുപ്പ്	കർഷകരുടെ ഉത്പന്നങ്ങൾക്ക് പഞ്ചായത്തുതലത്തിൽ ന്യായവില ഷോപ്പുകൾ ആരംഭിക്കുക. ക്ഷീരസംഘങ്ങളെ വിപണനയൂണിറ്റുകളായി ഉയർത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
14	വായ്പകൾക്ക് പലിശനിരക്ക് കുറയ്ക്കുക	ബാങ്കിംഗ് സെക്ടർ	മൃഗസംരക്ഷണ മേഖലയിലെ ബാങ്ക് വായ്പയുടെ പലിശ കൃഷിയുടേതുമായി ഏകീകരിക്കുക.
15	ഫാം ലൈസൻസ് നടപടിക്രമങ്ങൾ	തദ്ദേശസ്വയംഭരണ വകുപ്പ്,	ബയോഗ്യാസ് പ്ലാന്റ്, എയറോബിക് കമ്പോസ്റ്റ് എന്നിവയുടെ നിർമ്മാണവും മെയിന്റനൻസിനും

	ചുരുക്കുക.	പൊല്യൂഷൻ കൺട്രോൾ ബോർഡ്	സബ്സിഡി ലഭ്യമാക്കുക. ജൈവവളം–കാലിവളം ജില്ലാതലത്തിൽ സംഭരിക്കുക. ശാസ്ത്രീയമായ പരിചരണം, ഉറവിട മാലിന്യസംസ്ക്കരണത്തിന്ധനസഹായം നൽകുക. ഫാം ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾസർക്കാർ തലത്തിൽ നിന്നും ഇടപെടലുകൾ നടത്തി നിയമങ്ങൾ പുതുക്കുക.
16	ചെക്ക്പോസ്റ്റുകളുടെ നവീകരണം	മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്	കടത്തിക്കൊ ുവരുന്ന ഉരുക്കളെ പരിശോധിക്കുവാനും അവയിൽ നിന്ന് സാമ്പിൾ ശേഖരിക്കുന്നതിനും വേ കുത്തിവെയ്പ്പുകൾ എടുക്കാൻവേ ുന്ന സൗകര്യങ്ങൾ ഒരുക്കുക.
	മാംസോത്പാദന മേഖലയുടെ ശാക്തീകരണം	മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്	പഞ്ചായത്തുതോറും പാരമ്പര്യ അറവുകാർക്ക് ശാസ്ത്രീയ പരിശീലനം നൽകി അറവു മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുവാനുള്ള പദ്ധതികൾ ആരംഭിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ക്രമ. നം.	നിർദ്ദേശം	നിർവ്വഹണ ഏജൻസി	ഏറ്റെടുക്കേ പ്രവർത്തി
1	മൃഗചികിത്സ ശൃംഖലയുടെ ശാക്തീകരണം	മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്	'ഇ ഓഫീസ്' സംവിധാനം മൃഗാശുപത്രികളിലും വെറ്ററിനറി സബ്സെന്ററുകളിലും നടപ്പിലാക്കുവാൻ ആവശ്യമുള്ള ദൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
			കൃത്യമായ രോഗനിർണ്ണയവും ചികിൽസയും ലഭ്യമാക്കുന്നതിനായി മൃഗാശുപത്രികളിലെ ലാബുകളുടെ ശാക്തീകരണത്തിന് പദ്ധതി ആവിഷ്കരിക്കുക.
2	പാലുൽപാദന മേഖലയുടെ ശാക്തീകരണം	മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ക്ഷീരവികസന വകുപ്പ്	ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ജനനം മുതൽതന്നെ കാഫ് സ്റ്റാർട്ടർ പോലെയുള്ള തീറ്റയും ശാസ്ത്രീയമായ പരിചരണ മുറകളും ലഭ്യമാക്കുന്ന ബഹുവർഷ പദ്ധതികൾ നടപ്പിലാക്കുക.
			തൊഴിലാളിക്ഷാമം നികത്തുവാനും ശുചിത്വമുള്ള പാൽ ഉൽപാദനം ഉറപ്പാക്കുന്നതിനായി ആധുനിക രീതിയിലുള്ള യന്ത്രവത്ക്കരണത്തിന് സബ്സിഡി നൽകുക. ശുദ്ധമായ പാലുൽപാദനം ഉറപ്പാക്കാനായി തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി നൽകുക.
3	കന്നുകാലികളിലെ വന്ധ്യത	മൃഗസംരക്ഷണ	മിഷൻ നന്ദിനി പദ്ധതി നടപ്പിലാക്കുക.

		വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി	ഗൈനക്കോളജി വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ള ഒരു വെറ്ററിനറി സർജനെ നിയമിക്കാവുന്നതാണ്.
			വന്ധ്യത ചികിൽസിക്കുന്നതിനുള്ള മരുന്നുകൾ ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.
4	കന്നു കാലികളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക	മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ	കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക.
			പശു/ആട്/കോഴി/പന്നി എന്നിവ വളർത്തുന്നതിനായി പ്രോത്സാഹിപ്പിക്കുക.
			ഇൻഷൂറൻസ് പരിരക്ഷ നൽകുന്നതിനായി സംസ്ഥാന പദ്ധതിയുമായി സംയോജിപ്പിച്ച് ഇൻഷൂറൻസ് പദ്ധതികൾ രൂപികരിക്കുക.
			മുട്ടയുൽപാദനം മാംസോൽപാദനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരെ ഏകോപിപ്പിച്ച് സഹകരണ സ്ഥാപനങ്ങൾ തുടങ്ങുകയും അതുവഴി കർഷകരുടെ ഉത്പന്നങ്ങൾക്ക് ഏജന്റുമാരില്ലാത്ത വിപണയൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സഹായപദ്ധതികൾ രൂപീകരിക്കുക. വെറ്ററിനറി യൂണിവേഴ്സിറ്റിയിലെ നിലവിലുള്ള ആധുനിക രീതിയിലുള്ള രോഗപരിശോധനയും രോഗചികിത്സയും ലഭ്യമാക്കുന്നതുവഴി രോഗങ്ങൾമൂലം വരുന്ന ഉത്പാദന കുറവ് ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിക്കും.
5	ജന്തു ജന്യരോഗങ്ങളുടെയും സാംക്രമിക രോഗങ്ങളുടെയും നിരീക്ഷണവും നിയന്ത്രണവും	മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി,	എബിസി പ്രോഗ്രാം ബ്ലോക്ക്തലത്തിൽ നടപ്പിലാക്കണം.
			ജന്തുജന്യ രോഗങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കണം.
			രോഗനിരീക്ഷണം കൃത്യമായ ഇടവേളകളിൽ ക്യാമ്പുകൾവഴി നടത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കണം.
			പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകുന്നതിനുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കണം.
			കുരങ്ങുപനിപോലെയുള്ള രോഗങ്ങൾ പരത്തുന്ന ബാഹ്യപരാദങ്ങൾക്കെതിരെയുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കണം.

6	ജില്ലയിൽ ആദിവാസികളുടെ ഉന്നമനം	ട്രൈബൽ ഡിപ്പാർട്ട്മെന്റ്, മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി	ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ വരുമാനവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നതിനായി ജീവനോപാധികൾ ലഭ്യമാക്കുന്ന പദ്ധതികൾ പഞ്ചായത്തുതലത്തിൽ നടപ്പിലാക്കണം.
			ആദിവാസി കോളനികളിലെ നായ്ക്കളുടെ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ സൗജന്യമാക്കുകയും അവയ്ക്ക് വന്ധീകരണ ശസ്ത്രക്രിയ ലഭ്യമാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
7	ആട്, പന്നി വളർത്തൽയൂണിറ്റുകളുടെ ശാക്തീകരണം	മൃഗസംരക്ഷണ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, കർഷക കൂട്ടായ്മകൾ	ആട്, പന്നി വളർത്തൽ ബ്രീഡിംഗ് യൂണിറ്റുകൾക്ക് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം അനുവദിക്കണം.
			മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ തുടങ്ങുന്നതിനായി സബ്സിഡി നൽകണം.
			ഹോട്ടൽ വെയ്സ്റ്റ് സംസ്ക്കരണത്തിന് പന്നിവളർത്തൽ പ്രോത്സാഹനം നൽകണം.
8	ജലലഭ്യത ഉറപ്പാക്കൽ വരൾച്ചാബാധ്യത പ്രദേശമെന്നനിലയിലുള്ള പദ്ധതി നിർദ്ദേശങ്ങ ൾ	ഇറിഗേഷൻ, തദ്ദേശസ്വയംഭരണ ം, മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പ്	പുരോഗമന കർഷകർക്ക് മഴവെള്ള സംഭരണി സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കണം.
			ജലസംഭരണം ഉറപ്പാക്കി കൃഷിയിടങ്ങളിലും തൊഴുത്തുകളിലും ജലഉപയോഗം കുറയ്ക്കുന്നതിന് ട്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ എന്നിവ ഉറപ്പാക്കണം.
			വകുപ്പിന്റെ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണി സ്ഥാപിക്കുവാനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കണം.
9	സംയോജിത കൃഷി പ്രോത്സാഹിപ്പിക്കുക.	കൃഷി വകുപ്പ്, ഫിഷറീസ് വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ക്ഷീരവികസന വകുപ്പ്	ഉപയോഗയോഗ്യമല്ലാത്ത കിണർ, കുളം, താൽക്കാലിക ടാങ്കുകൾ എന്നിവയിൽ മത്സ്യകൃഷി, താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കൽ. സംയോജിത പശുവളർത്തലിലൂടെ ക്ഷീരകർഷക കുടുംബങ്ങൾക്ക് പ്രതിമാസം ശരാശരി 20,000/–രൂപ വരുമാനം ഉറപ്പാക്കണം.
10	അടുക്കളമുറ്റത്തെ കോഴിവളർത്തലിനെ പ്രോത്സാഹിപ്പിക്കുക.	മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്	ഗാർഹികമാലിന്യംസംസ്ക്കരിക്കുന്നതിന് പ്രോത്സാഹനമായി ചെറിയ യൂണിറ്റുകളായി കോഴികളെ നൽകുന്ന പദ്ധതി നടപ്പിലാക്കണം.
11	ക്ഷീര സഹകരണ സംഘങ്ങളെ ഉയർത്തുക.	തദ്ദേശസ്വയംഭരണ വകുപ്പ്, ക്ഷീരവികസന വകുപ്പ്	56 ക്ഷീര സഹകരണ സംഘങ്ങളെ പ്രാദേശിക സാമ്പത്തിക–സാമൂഹിക–സേവന കേന്ദ്രങ്ങളായി ഉയർത്തണം.

			കാർഷിക വിപണന സ്ഥാപനങ്ങൾ, മിനി സൂപ്പർമാർക്കറ്റുകൾ, മെഡിക്കൽ ഷോപ്പുകൾ എന്നിവ സ്ഥാപിക്കുകണം.
12	വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ശാക്തീകരണം	ട്രൈബൽ ഡിപ്പാർട്ട്മെന്റ് മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി, ക്ഷീരവികസന വകുപ്പ്	വെറ്ററിനറി യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് കർഷകർക്കായിട്ടുള്ള പരിശീലന പരിപാടികൾ ശാക്തീകരിക്കുകണം.
13	തീറ്റപ്പുൽ കൃഷിയുടെ വ്യാപനം	തദ്ദേശസ്വയംഭരണ വകുപ്പ്, ക്ഷീരവികസന വകുപ്പ്	തരിശുനിലങ്ങളിലും ഇടവിളയായിട്ടും തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് സബ്സിഡി നൽകുന്നതിനോടൊപ്പം അധികം വരുന്ന തീറ്റപ്പുല്ല് വൈക്കോലാക്കി കൂടുതൽകാലം സൂക്ഷിക്കത്തക്ക രീതിയിൽ സാധിക്കുന്ന സൈലേജ് യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക ണം.
14	പ്രോട്ടോസോവൻ രോഗങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ	ട്രൈബൽ ഡിപ്പാർട്ട്മെന്റ് മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി	വിരമരുന്നുകളും ബാഹ്യ പരാദങ്ങൾക്കെതിരെയുള്ള ലേപനങ്ങൾ 4 മാസംകൂടുമ്പോൾ എല്ലാ പഞ്ചായത്തുകളിലും വിതരണം ചെയ്യുവാനുള്ള പദ്ധതികൾ രൂപീകരിക്കുകണം.
			ഹീമോ പ്രോട്ടോസോവൻ രോഗങ്ങൾ ചികിത്സിക്കുവാൻ ആവശ്യമായ മരുന്നുകൾ ജില്ലാ അടിസ്ഥാനത്തിൽ വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
15	വെറ്ററിനറി യൂണിവേഴ്സിറ്റിയുമായിട്ടുള്ള സഹകരണം ശാക്തീകരിക്കുക.	മൃഗസംരക്ഷണ വകുപ്പ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി	വെറ്ററിനറി യൂണിവേഴ്സിറ്റിയിലെ ആധുനിക ചികിത്സാ സൗകര്യങ്ങളും വിദഗ്ദരുടെ സേവനവും ക്യാമ്പുകൾ സംഘടിപ്പിച്ച് കർഷകരിലേക്ക് എത്തിക്കുക. വെറ്ററിനറി യൂണിവേഴ്സിറ്റിയിലെ വിദഗ്ദ്ധരെ കർഷകർക്ക് പരിശീലനം നൽകുന്നതിനായി ക്ലാസ്സുകൾ സംഘടിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

5.1.5. സംഗ്രഹം

ഭക്ഷ്യസുഭിക്ഷതയോടൊപ്പം ഭക്ഷ്യസുരക്ഷയും ജനതയുടെ അവകാശമാണ് എന്നുള്ള ആശയമാണ് ഈ പരിപ്രേക്ഷ്യം മുന്നോട്ടുവെക്കുന്നത്.മാംസം, പാൽ, മുട്ട ഉൽപന്ന മേഖലകളിൽ ഉൽപ്പാദനം മുതൽ വിപണനം വരെ ഗുണനിലവാരം ഉറപ്പു വരുത്തേ തും ഉപഭോക്തൃ താൽപര്യമനുസരിച്ച് ഉൽപ്പന്ന നിർമ്മാണം നടത്തേ തും അവയ്ക്ക് വിപണി കണ്ടെ ത്തേ തും അത്യാവശ്യമാണ്.

മേൽ പ്രസ്താവിച്ച വിഷയങ്ങളിൽ വേ നടപടികൾ സ്വീകരിച്ചാൽ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ നല്ലൊരു മുന്നേറ്റം നേടുവാൻ വയനാട് ജില്ലയ്ക്ക് സാധിക്കും ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിനോടൊപ്പം വയനാട് ജനതയ്ക്ക് നിരവധി തൊഴിലവസരങ്ങളും അതുവഴി കൂടുതൽ വരുമാനവും നൽകുവാൻ സാധിക്കും. സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പാൽ, മുട്ട, ഇറച്ചി ഉത്പാദനത്തിന്റെ സ്വയംപര്യാപതത എന്ന ലക്ഷ്യം നിറവേറാൻ മറ്റേതൊരു ജില്ലയേക്കാളും കൂടുതൽ സംഭാവന ചെയ്യുവാൻ വയനാടിന് സാധിക്കുമെന്നതിൽ സംശയമില്ല. ഇതിനായി പരിപ്രേക്ഷത്തിന്റെ പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കിയാൽ മാത്രം മതി.

*****

മത്സ്യവികസനം

മത്സ്യ വികസനം

4.5 ആമുഖം

പരമ്പരാഗതമായി മനുഷ്യർ മത്സ്യത്തെ ഒരു ഭക്ഷ്യവിഭവമായി കണക്കാക്കുന്നു. പോഷകസമൃദ്ധമായ ഒരു ഭക്ഷ്യവിഭവമാണ് മത്സ്യം. മത്സ്യത്തിന്റെ പ്രധാന ലഭ്യതകേന്ദ്രമായി കണക്കാക്കിയിരുന്നത് സമുദ്രങ്ങളെയാണ്. മനുഷ്യസംസ്ക്കാരം രൂപപ്പെട്ട നദീതടങ്ങളിൽ നിന്നുതന്നെ രൂപപ്പെട്ട ഒരു തൊഴിൽ മേഖല കൂടിയായിരുന്നു മത്സ്യബന്ധനം. ആവശ്യം വർദ്ധിച്ചപ്പോൾ മത്സ്യബന്ധനവും വർദ്ധിച്ചു. അശാസ്ത്രീയമായ രീതികൾ അവലംബിച്ച് വിവേചനരഹിതമായി ചൂഷണം ചെയ്തതിന്റെ ഫലമായി സമുദ്രങ്ങളിൽ മത്സ്യലഭ്യത നന്നെ കുറഞ്ഞു.

മത്സ്യലഭ്യതയ്ക്കായി പുതിയ അന്വേഷണങ്ങൾ നടത്തിയപ്പോൾ ഉൾനാടൻ മേഖലയിൽ ഉപയോഗിക്കാതിരിക്കുന്ന ജലാശയങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി മത്സ്യകൃഷി നടത്തുകയെന്ന പുതിയ ആശയം ഉരുത്തിരിഞ്ഞു വന്നു. ശാസ്ത്രീയമായ രീതികൾ അവലംബിക്കുകയാണെങ്കിൽ കുറഞ്ഞ വിസ്തൃതിയിൽ നിന്നും കൂടുതൽ മത്സ്യം ഉല്പാദിപ്പിക്കാമെന്ന് കണ്ടെത്തി. കാലാവസ്ഥയ്ക്കും ഭൂപ്രകൃതിയ്ക്കും അനുയോജ്യമായ മത്സ്യങ്ങൾ തെരഞ്ഞെടുത്ത് കൃഷി ചെയ്താൽ ലാഭകരമായ ഒരു തൊഴിൽ മേഖലയായും വളർത്തി എടുക്കാമെന്ന് കണ്ടെത്തി. ആയതിന്റെ അടിസ്ഥാനത്തിൽ മത്സ്യകൃഷി പ്രോത്സാഹനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

ആഗോളതലത്തിൽ കുവരുന്ന മത്സ്യവൈവിദ്ധ്യത്തിന്റെ 10% ത്തോളം ഇന്ത്യയിൽ കുവരുന്നു. ലോകത്തിലെ തന്നെ രാമത്തെ വലിയ മത്സ്യോല്പാദന രാജ്യമാണ് ഇന്ത്യ. മത്സ്യമേഖല ഒരു ഉപജീവന മേഖലയെന്നതിലുപരി ഒരു തൊഴിൽ മേഖലയുമാണ്. കാർഷിക പ്രതിശീർഷ വരുമാനത്തിന്റെ 5.3% വിഹിതം ഇന്ത്യയിൽ മത്സ്യമേഖലയുടേതാണ്.

9 ജില്ലകളിലായി ഇന്ത്യയുടെ പശ്ചിമദക്ഷിണ മേഖലയിൽ സ്ഥിതി ചെയ്യുന്ന കേരളത്തിന് 590 കിലോമീറ്റർ തീരമേഖലയുണ്ട്. ഇന്ത്യയുടെ മത്സ്യോല്പാദനത്തിന്റെ 25–30% വരെ നടക്കുന്നത് കേരളത്തിന്റെ സമുദ്രമേഖലയിലാണ്. കേരളത്തിൽ ഒരു ദശലക്ഷത്തോളം ജനങ്ങൾക്ക് നേരിട്ടോ അല്ലാതെയോ തൊഴിൽ നൽകുന്ന മേഖലയെന്നതിലുപരി സാധാരണ ജനങ്ങൾക്ക് പോഷകസുരക്ഷ ഉറപ്പുവരുത്തുന്നതിനും നിർണ്ണായക പങ്കുവഹിക്കുന്നു.

44 നദികളും, 9 ശുദ്ധജല തടാകങ്ങളും 53 ജലസംഭരണികളും കൂടാതെ അനവധി കുളങ്ങളാലും കേരളത്തിലെഉൾനാടൻ ജലമേഖല സമ്പുഷ്ടമാണ്. ലഭ്യമായ കണക്കുകൾ പ്രകാരം കേരളത്തിൽ ഉൾനാടൻ മേഖലയിൽ മത്സ്യകൃഷിയ്ക്കനുയോജ്യമായ 1.6 ലക്ഷം ഹെക്ടർ ശുദ്ധജലാശയങ്ങളും 1.26 ലക്ഷം ഹെക്ടർ ഓരുജലാശയങ്ങളും ലഭ്യമാണ്.

4.5.1 ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ

വയനാട് ജില്ല തീരദേശമേഖലയോ ഓരുജലാശയങ്ങളോ ഇല്ലാതെ കുന്നുകളാൽ ചുറ്റപ്പെട്ട മേഖലയാണ്. മറ്റുജില്ലകളെ അപേക്ഷിച്ച് മത്സ്യോല്പാദനം വളരെ കുറവാണ്. കേരളത്തിലെ കിഴക്കോട്ടോഴുകുന്ന മൂന്ന് നദികളിലൊന്നായ കബനിയും, കാരാപ്പുഴ, ബാണാസുരസാഗർ എന്നീ അണക്കെട്ടുകളും മനുഷ്യ നിർമ്മിതമായ കുളങ്ങളും ചെക്കുഡാമുകളും ഉൾപ്പെടെ മത്സ്യകൃഷിയ്ക്കനുയോജ്യമായ ഇടങ്ങൾ ജില്ലയിൽ ലഭ്യമാണ്.

ഈ ജില്ലയിൽ കർമ്മോത്മുഖ മത്സ്യത്തൊഴിലാളികൾ 31 പേർമാത്രമാണുള്ളത്. അവർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും കാരാപ്പുഴ, ബാണാസുര ജലസംഭരണികളിൽ നിന്നും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്നവരുമാണ്. ഇവർ പരമ്പാരഗത മത്സ്യബന്ധന രീതികളാണ് അവലംബിക്കുന്നത്. മറ്റൊരു വിഭാഗം വാഹനത്തിലും തലച്ചുമടായും മത്സ്യം വിപണനം ചെയ്യുന്നവരാണ്. ഇവർക്ക് പുറമെ കടകൾ കേന്ദ്രീകരിച്ച് മത്സ്യകച്ചവടം നടത്തുന്ന കച്ചവടക്കാരും നിലവിലു ്.

ജില്ലയിൽ പ്രധാനമായി ഒരു നദിയാണ് നിലവിലുള്ളത്. സംസ്ഥാനത്ത് കിഴക്കോട്ടൊഴുകുന്ന 3 നദികളിലൊന്നായ കബനി നദിയാണത്. ലക്കിടിയിൽ നിന്നുത്ഭവിക്കുന്ന പനമരം പുഴയും അതിന്റെ കൈവഴികളായ കവടംപുഴ, കടമാൻതോട്, വെണ്ണിയോട് പുഴ, കാരാപ്പുഴ, നരസ്സിപ്പുഴ എന്നിവ തോടർമുടിയിൽ നിന്നുത്ഭവിക്കുന്ന മാനന്തവാടി പുഴയുമായി ചേർന്ന് കബനി നദിയായി കർണ്ണാടക സംസ്ഥാനത്ത് പ്രവേശിച്ച് കാവേരി നദിയുടെ ഭാഗമാകുന്നു.

ജില്ലയിലെ ജലാശയങ്ങളുടെ 80% വഹിക്കുന്നത് കാരാപ്പുഴ ജലസേചന പദ്ധതിയും,ബാണാസുരസാഗർ ജല വൈദ്യുത ജലസേചന പദ്ധതിയുമാണ്. ഈ പദ്ധതികൾ പ്രധാനമായി ഉപയോഗിക്കുന്നത് ജലസേചനത്തിനും വൈദ്യുതി ഉല്പാദനത്തിനുമാണ്. എന്നാൽ സമീപ കാലത്തായി മത്സ്യകൃഷിയ്ക്കും ഉപയോഗിക്കുന്നു ്. കാരാപ്പുഴ ജലസേചന പദ്ധതിയും ബാണാസുരസാഗർ ജലവൈദ്യുത ജലസേചന പദ്ധതിയുടെ ജലാശയവും മത്സ്യകൃഷിയ്ക്കനുയോജ്യമാണെന്ന് കെ ത്തിയിട്ടു ്.

4.5.2 മത്സ്യമേഖലയിലെനിലവിലത്തെ അവസ്ഥ

വയനാട് ജില്ലയിലെ ജലകൃഷിയ്ക്കനുയോജ്യമായ മേഖലയായി കെ ത്തിയിരിക്കുന്നത് 2458.66 ഹെക്ടറാണ് (4.3.1). ആയതിൽ 255.66 ഹെക്ടർ, സ്വകാര്യ കുളങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ജലാശയകുളങ്ങളും ഉൾപ്പെടുന്നവയാണ്. 1245 ഹെക്ടർ കാരാപ്പുഴ ജലസംഭരണിയും 958 ഹെക്ടർ ബാണാസുരസാഗർ പദ്ധതിയുൾപ്പെടെ 2203 ഹെക്ടർ ജലസംഭരണിയുമാണ്.



വയനാട്ജില്ലകുന്നുകളാൽ ചുറ്റപ്പെട്ട പ്രദേശമാണ്. ജില്ലയിലെ മത്സ്യകൃഷിയ്ക്കനുയോജ്യമായ ജലാശയങ്ങളുടെ പട്ടിക ഇനംതിരിച്ച് ചുവടെ ചേർക്കുന്നു.

1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പൊതുകുളങ്ങൾ.
2) സ്വകാര്യവ്യക്തികളുടെ അധീനതയിലുള്ള കുളങ്ങൾ
3) ജലസംഭരണികൾ.

പട്ടിക4.5.1.

4.5.2 മത്സ്യകൃഷിക്ക് അനുയോജ്യമായ കുളങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരങ്ങൾ:-

ക്രമ നം.	തദ്ദേശസ്വയം ഭരണസ്ഥാപന ത്തിന്റെ പേര്	സ്വകാര്യ കുളങ്ങൾ		പഞ്ചായത്ത് കുളങ്ങൾ		വിശുദ്ധ കുളങ്ങൾ		പാറമട ക്കുളങ്ങൾ	
		എണ്ണം	വിസ്തീർണ്ണം (ഹെക്ടർ)	എണ്ണം	വിസ്തീർണ്ണംഹെക്ടർ)	എണ്ണം	വിസ്തീർണ്ണംഹെക്ടർ)	എണ്ണം	വിസ്തീർണ്ണംഹെക്ടർ)
1	അമ്പലവയൽ	233	9.328	1	0.12	2	0.05	6	2.00
2	എടവക	192	06.7	4	0.54	0	0	2	0.24
3	കൽപ്പറ്റ	131	4.892	3	0.104	2	0.12	4	2.08
4	കണിയാംമ്പറ്റ	174	8.081	2	0.4	4	0.228	4	0.724

5	കോട്ടത്തറ	113	03.076	3	0.80	2	0.66	1	0.2
6	മാനന്തവാടി	328	12.811	2	0.4	0	0	5	0.58
7	മീനങ്ങാടി	413	15.904	3	0.5	2	0.044	3	0.36
8	മേപ്പാടി	219	9.055	1	0.08	2	0.12	1	0.13
9	മുള്ളൻകൊല്ലി	181	15.068	1	0.096	1	0.3	4	0.708
10	മൂപ്പൈനാട്	197	03.90	01	0.04	1	0.004	0	0
11	മുട്ടിൽ	192	05.764	02	0.16	3	0.104	1	0.8
12	നെന്മേനി	282	08.232	4	2.904	5	0.52	2	0.22
13	നൂൽപ്പുഴ	156	07.72	3	0.88	2	0.10	0	0
14	പടിഞ്ഞാറത്തറ	94	03.094	18	1.49	2	1.0	3	0.26
15	പനമരം	260	13.092	3	0.44	2	00.24	1	0.5
16	പൂതാടി	359	14.270	3	1.520	1	0.04	1	0.08
17	പൊഴുതന	108	02.332	2	0.6	1	0.08	1	0.2
18	പുൽപ്പള്ളി	352	15.748	1	0.14	1	0.4	0	0
19	സുൽത്താൻ ബത്തേരി	295	11.204	9	1.168	1	0.04	0	0
20	തരിയോട്	160	6.122	0	0	1	0.05	1	0.10
21	തവിഞ്ഞാൽ	116	07.89	0	0	2	0.16	2	0.12
22	തിരുനെല്ലി	119	16.25	2	0.17	2	0.70	10	1.80
23	തൊ ർനാട്	162	06.508	7	0.176	1	0.032	2	0.32
24	വെള്ളമു	117	07.036	2	0.032	7	0.128	2	0.32
25	വേങ്ങപ്പള്ളി	119	06.008	1	0.06	1	0.16	3	0.78
26	വൈത്തിരി.	108	04.474	2	0.25	2	0.04	1	0.4
	ആകെ	5180	224.559	80	13.07	50	5.32	60	12.922

അവലംബം പാൻഫിഷ് ബുക്ക് 2015

പ്രസ്തുത പട്ടികയിൽ നിന്നും വ്യക്തമാകുന്നത് ആകെ 13.07 ഹെക്ടർ പഞ്ചായത്ത് കുളങ്ങൾ മത്സ്യകൃഷിക്ക് അനുയോജ്യമായി ജില്ലയിലു ്.കാലാകാലങ്ങളിലായി ഇതിൽ ഏറിയ പങ്കിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്യുന്നു ്. എന്നാൽ ടി കുളങ്ങൾ ഏതെങ്കിലും വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ പാട്ടത്തിന് നൽകുകയാണെങ്കിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഘടകപദ്ധതികളായ ശാസ്ത്രീയ മത്സ്യകൃഷി, ഗിഫ്റ്റ് കൃഷി, പംഗേഷ്യസ് കൃഷി എന്നിവ നടപ്പിലാക്കി ജില്ലയുടെ മത്സ്യോല്പാദനവും തദ്വാര ഗ്രൂപ്പ്/വ്യക്തികൾക്ക് സാമ്പത്തിക ഭദ്രതയും കൈവരിക്കുവാൻ സാധിക്കും.

ചിത്രം.4.5.1

ചിത്രം.4.5.2

പട്ടിക4.5.2.

തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള മത്സ്യകർഷകരുടെ വിവരങ്ങൾ:–

ക്രമ നം	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്	മത്സ്യകർഷ കരുടെ എണ്ണം	മത്സ്യകൃഷിയിടത്തിന്റ വിസ്തീർണ്ണം
1	അമ്പലവയൽ	242	11.948
2	എടവക	198	7.480
3	കൽപ്പറ്റ	140	7.220
4	കണിയാമ്പറ്റ	184	9.433
5	കോട്ടത്തറ	119	4.736
6	മാനന്തവാടി	335	13.791
7	മീനങ്ങാടി	421	16.484
8	മേപ്പാടി	223	09.385
9	മുള്ളൻകൊല്ലി	186	16.172
10	മൂപ്പൈനാട്	199	03.980
11	മുട്ടിൽ	198	06.828
12	നെന്മേനി	294	11.876
13	നൂൽപ്പുഴ	161	08.700
14	പടിഞ്ഞാറത്തറ	117	05.844
15	പനമരം	266	14.276

16	പൂതാടി	364	15.910
17	പൊഴുതന	112	03.212
18	പുൽപ്പള്ളി	354	16.288
19	സുൽത്താൻ ബത്തേരി	305	12.412
20	തരിയോട്	162	06.272
21	തവിഞ്ഞാൽ	220	08.170
22	തിരുനെല്ലി	213	18.920
23	തൊ ർനാട്	172	07.036
24	വെള്ളമു	126	07.516
25	വേങ്ങപ്പള്ളി	124	06.608
26	വൈത്തിരി	113	05.164
	ആകെ	5,548	255.662

അവലംബം- മത്സ്യസമൃദ്ധിII പദ്ധതിരേഖകൾ.

പട്ടിക 4.3.3-ൽ കൊടുത്തിരിക്കുന്നത് ജില്ലാതലത്തിലെ കർഷകരുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളാണ്. പട്ടിക പരിശോധിച്ചതിൽ നിന്നും 223 കർഷകരുള്ള മേപ്പാടി പഞ്ചായത്തിൽ നിന്നും വളരെ കുറച്ച് വിസ്തൃതിയുള്ള (9.385) കുളങ്ങൾ മാത്രമേ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളൂ. എന്നാൽ ഏകദേശം അത്ര തന്നെ കർഷകരുള്ള തിരുനെല്ലി പഞ്ചായത്തിൽ 18.92 ഹെക്ടർ വിസ്തൃതി വരുന്ന കുളങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടു ്. ആയതിൽ നിന്നും ചെറുകിട കർഷകർ വളരെ കൂടുതലാണ് എന്ന വസ്തുത വ്യക്തമാണ്.

ജില്ലയിൽ 255.662 ഹെക്ടർ വിസ്തൃതിയിൽ മത്സ്യകൃഷി പ്രാവർത്തികമായ കുളങ്ങളെ താഴെ. പറയും പ്രകാരംതരം തിരിക്കാം.(4.3.4)

i) 1മുതൽ 20 സെന്റ് വരെയുള്ള കുളങ്ങൾ – 4951 കർഷകർ
ii) 21 മുതൽ 50 സെന്റ് വരെയുള്ള കുളങ്ങൾ – 435 കർഷകർ
iii) 51 മുതൽ 100 സെന്റ് വരെയുള്ള കുളങ്ങൾ – 106 കർഷകർ
iv) 100 സെന്റിന് മുകളിലുള്ള കുളങ്ങൾ– 56 കർഷകർ



1 –20 സെന്റ് വരെയുള്ള കർഷകർ – 4,951

21–50 സെന്റ് വരെയുള്ള കർഷകർ – 435

51–100 സെന്റ് വരെയുള്ള കർഷകർ – 106

101 സെന്റിന് മുകളിൽ – 56

4.5.3 ജില്ലയുടെ മത്സ്യോല്പാദനം

2010–11 മുതൽ 2016–17 വരെയുള്ള ജില്ലയിലെ മത്സ്യ ഉൽപ്പാദനം കൃഷിയിടങ്ങളുടെ വിസ്തൃതി എന്നിവ താരതമ്യം ചെയ്യുമ്പോൾ ജില്ലയിൽ മത്സ്യകൃഷിയിടങ്ങളുടെ വിസ്തൃതി വർഷംതോറും കൂടുന്നുെ ങ്കിലും ആനുപാതികമായി ഉൽപ്പാദനം വർദ്ധിക്കുന്നില്ല എന്നാണ് വ്യക്തമാകുന്നത്. (4.3.5.1)



ജില്ലയിൽ ആകെയുള്ള മത്സ്യകൃഷിയിടങ്ങളിൽ 89% വും 20 സെന്റിൽ താഴെയുള്ള കുളങ്ങളാണ്. അതിൽ തന്നെ ഭൂരിഭാഗവും 5 സെന്റിൽ താഴെയുള്ള കുളങ്ങളാണ്. ആയതിനാൽ ലാഭകരമായ നിലവാരത്തിലേക്കുള്ള ഉൽപ്പാദനം സാധ്യമാകാതെ വരുന്നു. കൂടാതെ ജലസേചനത്തിനുവേ ി മാത്രം ഉപയോഗിക്കുന്ന കുളങ്ങളിൽ അധിക വരുമാനം ലക്ഷ്യമിട്ട് നടത്തുന്ന മത്സ്യകൃഷി ആയതിനാലും ശാസ്ത്രീയ മത്സ്യകൃഷിയോടുള്ള വിമുഖതകൊ ും മത്സ്യ ഉല്പാദനം വേ ത്ര നിലവാരം പുലർത്തുന്നില്ല.

10സെന്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള കുളങ്ങളിലാണ് ശാസ്ത്രീയമായ രീതിയിൽ മത്സ്യകൃഷി നടപ്പിലാക്കുവാൻ സാധിക്കുക. അതായത് 10 സെന്റിൽ താഴെയുള്ള നിലവിലുള്ള കുളങ്ങൾതൊഴിലുറപ്പ് പദ്ധതിയുമായി യോജിപ്പിച്ച് വിസ്തൃതി കൂട്ടുവാൻ സാധിച്ചാൽ ജില്ലയുടെ മത്സ്യോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിക്കും.

4.5.4 മത്സ്യമേഖല– വികസന വിടവുകൾ

1. ഉൾനാടൻ മത്സ്യകൃഷി മേഖലയായ വയനാട് ജില്ലയിൽ പദ്ധതികൾ നടപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മത്സ്യവകുപ്പിന് ഉദ്യോഗസ്ഥരില്ല. മത്സ്യവകുപ്പിന്റെ തദ്ദേശസ്വയംഭരണ സ്ഥാപനതല പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ ഫിഷറീസ് സബ്ബ് ഇൻസ്പെക്ടറാണ്. ജില്ലയിൽ ആകെ ഒരു തസ്തിക മാത്രമാണുള്ളത്. ടിയാന് ജില്ലയിലെ 26 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പാക്കുക

അപ്രായോഗികമാണ്. തന്മൂലം മത്സ്യമേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥന്മാരെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ കണ്ടെത്തേണ്ട സ്ഥിതിയാണ് നിലവിലുള്ളത്.

2. മത്സ്യകൃഷിയ്ക്കാവശ്യമായ മത്സ്യവിത്ത് ഇപ്പോൾ ലഭ്യമാക്കുന്നത് ജില്ലയ്ക്ക് പുറത്തുള്ള സർക്കാർ ഉടമസ്ഥതയിലുള്ള മത്സ്യവിത്ത് ഉല്പാദന കേന്ദ്രത്തിൽ നിന്നും അഡാക്ക് പോലുള്ള സർക്കാർ ഏജൻസികൾ മുഖേനയുമാണ്. അവ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ എത്തിച്ചേരുമ്പോഴേക്കും ഗുണനിലവാരം മോശമാകാറുണ്ട്. ആയതിന് പരിഹാരമായി ജില്ലയിൽ തളിപ്പുഴയിലും കാരാപ്പുഴയിലും രണ്ട് മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളുടെ പണി ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം തന്നെ പണികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കുന്നതോടുകൂടി ജില്ലയിലെ മത്സ്യകൃഷിയ്ക്ക് പുതുജീവൻ ലഭിക്കുമെന്നും ഉല്പാദനത്തിന്റെ ഒരു കുതിച്ചുചാട്ടം ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.

ചിത്രം.4.5.3
തളിപ്പുഴ ഹാച്ചറി നിർമ്മാണം പുരോഗതിയിൽ

3.വയനാട് ജില്ലയിലെ മത്സ്യ ഉല്പാദനത്തിൽ ഗണ്യമായ പുരോഗതി ഉ ങ്കിലും വിപണന സംവിധാനത്തിൽ ആയതിനനുസരിച്ചുള്ള വ്യതിയാനങ്ങൾ സംഭവിച്ചിട്ടില്ല. വിപണന സംവിധാനം ഇപ്പോഴും പൂർണ്ണമായും കടൽ മത്സ്യങ്ങളുടെ വിപണന ശൃംഖലയുടെ നിയന്ത്രണത്തിലാണ്. താലൂക്കടിസ്ഥാനത്തിൽ മത്സ്യകർഷകരുടെ സഹകരണത്തോടുകൂടി ലൈവ്ഫിഷ് ബൂത്തുകൾ സ്ഥാപിച്ചാൽ വളർത്തുമത്സ്യങ്ങളുടെ വിപണനം എളുപ്പമാക്കാൻ സാധിക്കും. തദ്വാര മത്സ്യകർഷകർക്ക് ന്യായമായ രീതിയിൽ വരുമാനം ലഭിക്കുകയും ചെയ്യും.

4. വയനാട് ജില്ലയിലെ മത്സ്യകർഷകർ നിലവിൽ വർദ്ധിച്ച നിരക്കിലാണ് മത്സ്യതീറ്റ വാങ്ങുന്നത്. മലയോരമേഖലയായതുകാരണം മറ്റുജില്ലകളെ അപേക്ഷിച്ച് മത്സ്യതീറ്റ ഉയർന്ന നിരക്കിലാണ് മത്സ്യകർഷകർക്ക് ലഭിക്കുന്നത്. ആയതിനുപരിഹാരമായി ജില്ലയിൽ വ്യവസായവകുപ്പിന്റെ സഹകരണത്തോടുകൂടി മത്സ്യസഹകരണ സംഘങ്ങൾ മുഖാന്തിരം മത്സ്യതീറ്റ ഉല്പാദന യൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ പ്രസ്തുത പ്രശ്നത്തിന് ശാശ്വതപരിഹാരം ലഭിക്കുകയും ചെയ്യും.

ഫിഷറീസ് വകുപ്പ് :- പ്രവർത്തനങ്ങൾ



ഉൾനാടൻ മേഖലയിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യവകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിൽ മത്സ്യകർഷക വികസന ഏജൻസി എന്ന സ്ഥാപനം പ്രവർത്തിക്കുന്നു ് . ഈ ഏജൻസിയുടെ സഹകരണത്തോടെ മത്സ്യകൃഷിക്കായി കുളങ്ങൾ

നിർമ്മിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും ധനസഹായം നൽകുന്നു. കൂടാതെ മത്സ്യകൃഷി പ്രോത്സാഹനത്തിനായി സർക്കാർ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായി മത്സ്യവിത്ത് സൗജന്യമായി എത്തിച്ചുനൽകുകയും മത്സ്യതീറ്റ സബ്സിഡി നൽകുകയും ചെയ്യുന്നു. മത്സ്യകർഷക വികസന ഏജൻസി നൽകുന്ന പ്രോത്സാഹന പദ്ധതികളുടെ ഭാഗമായി ജില്ലയിലെ മത്സ്യോല്പാദനം 2.3 ടൺ/ഹെക്ടർ വർഷമായി ഉയർത്തുന്നതിന് സാധിച്ചിട്ടു ്. മത്സ്യകൃഷി പ്രോത്സാഹനത്തിനായി നൂതന കൃഷി സമ്പ്രദായങ്ങൾ കർഷകരിൽ എത്തിക്കുന്നതിനും കൂടുതൽ ജനവിഭാഗങ്ങളെ ഈ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ചിത്രം.4.5.4

നൂതന മത്സ്യകൃഷി – പുനചംക്രമണ മത്സ്യകൃഷി യൂണിറ്റ്

മത്സ്യകൃഷി പ്രോത്സാഹനത്തിനായി മത്സ്യകർഷക വികസന ഏജൻസി മുഖാന്തിരം താഴെ ചേർക്കും പ്രകാരമുള്ള പദ്ധതികൾ ജില്ലയിൽ നടപ്പാക്കുന്നു.

1) മത്സ്യകൃഷി നടത്തുന്നതിന് അനുയോജ്യമായ സ്ഥലമുള്ള കർഷകർക്ക് കുളം നിർമ്മിക്കുന്നതിനായി സർക്കാർ മാർഗ്ഗരേഖ പ്രകാരം സെന്റിന് 360/– രൂപ ധനസഹായം നൽകുന്നു.
2) നിലവിൽ കുളമുള്ള കർഷകർക്ക് അത് നവീകരിച്ച് മത്സ്യകൃഷിആരംഭിക്കുന്നതിന് സെന്റിന് 60/– രൂപ പ്രകാരം ധനസഹായം അനുവദിക്കുന്നു.
3) കാലാകാലങ്ങളിൽ സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളുടെ ഭാഗമായി സംയോജിത മത്സ്യകൃഷിക്ക് ധനസഹായം നൽകുന്നു. ഇതിന്റെ ഭാഗമായി മത്സ്യകൃഷിയോടനുബന്ധിച്ച് കന്നുകാലി വളർത്തൽ, സസ്യകൃഷി പക്ഷിവളർത്തൽ എന്നിവയ്ക്കും പ്രോത്സാഹനം നൽകുന്നു. മത്സ്യസമൃദ്ധി II പദ്ധതിയുടെ ഭാഗമായി യൂണിറ്റ് ഒന്നിന് 10,000/– രൂപ സർക്കാർ ധനസഹായം നൽകിയിരുന്നു.
4) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന നൂതന മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി പുനർചംക്രമണ മത്സ്യകൃഷി യൂണിറ്റുകൾ ജില്ലയിൽ ആരംഭിച്ചു. ആയതിന്റെ പദ്ധതി അടങ്കലായി 4,70,000/– രൂപ നിശ്ചയിച്ച് അതിന്റെ 50% തുകയായ 2,35,000/– രൂപ ധനസഹായമായി സർക്കാർ നൽകുന്നു.
5) നൂതന മത്സ്യകൃഷി പദ്ധതിയുടെ മറ്റൊരു വിഭാഗമായ ജില്ലയുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ അന്തരീക്ഷ വായു നേരിട്ട് ശ്വസിക്കുവാൻ കഴിവുള്ള മത്സ്യങ്ങളുടെ ഏകവർഗ്ഗ കൃഷിയിൽ ഉൾപ്പെടുത്തി ആസാംവാള കൃഷിക്ക് പ്രോത്സാഹനം നൽകുന്നു. ആയതിന്റെ ഭാഗമായി–4,00,000/– രൂപ പദ്ധതി അടങ്കലായി നിശ്ചയിച്ച് ആയതിന്റെ 50% തുകയായ 2,00,000/– രൂപ ധനസഹായം നൽകുന്നു.

ചിത്രം.4.5.5
നൂതന മത്സ്യകൃഷി – പംഗേഷ്യസ് യൂണിറ്റ്

ജില്ലയിലെ ജലാശയങ്ങളുടെ 80% വഹിക്കുന്നത് കാരാപ്പുഴ ജലസേചന പദ്ധതിയും ബാണാസുരസാഗർ ജലവൈദ്യുത ജലസേചന പദ്ധതിയുമാണ്. എന്നാൽ ഈ ജലസംഭരണികളിൽ ശാസ്ത്രീയമായി മത്സ്യകൃഷി പദ്ധതിക്കായി ഉപയോഗിക്കുന്നതിന് സാധിക്കുന്നില്ല. ഇപ്പോൾ നാമമാത്രമായ അളവിൽ മത്സ്യവകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യവിത്ത് നിക്ഷേപിക്കുകയും ആയത് ഈ ര ് ജലസംഭരണികളിലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾ അംഗമായ സഹകരണസംഘത്തിലെ അംഗങ്ങൾ പിടിക്കുകയും ചെയ്യുന്നു. ഈ ജലസംഭരണികളിൽ മത്സ്യബന്ധന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഈ സംഘാംഗങ്ങൾക്ക് മാത്രമേ അനുമതി നൽകിയിട്ടുള്ളൂ. ഈ ജലസംഭരണികളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച HDPE കൂടുകൾ സ്ഥാപിച്ച് മത്സ്യകൃഷി നടത്തുന്നതിന് കാരാപ്പുഴ പട്ടികജാതി പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളി ക്ഷേമസഹകരണസംഘത്തെ ഗുണഭോക്താവായി തെരഞ്ഞെടുത്തിട്ടു ്. പദ്ധതി അടങ്കൽ തുകയായി 30 ലക്ഷം രൂപ നിശ്ചയിക്കുകയും ആയതിന്റെ 80% ആയ 24 ലക്ഷം രൂപ സർക്കാർ ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടു ്. സംഘത്തിന്റെ ഗുണഭോക്തൃവിഹിതമായ 6 ലക്ഷം രൂപ ബാങ്ക് വായ്പയായി കെ ത്തുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

6) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പടുതാകുളങ്ങൾ നിർമ്മിക്കുന്നതിനായി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നൽകുന്ന ധനസഹായം ഉപയോഗിച്ച് പദ്ധതികൾ നടപ്പാക്കുന്നു ്. ആയതിന്റെ ഭാഗമായി 5 സെന്റ് വിസ്തൃതിയുള്ള പടുതാക്കുളം നിർമ്മിച്ച് വയനാടിന്റെ തനതുമത്സ്യങ്ങൾകൃഷി ചെയ്യുന്നതിന് പദ്ധതി അടങ്കലായി 80,000/– രൂപ നിശ്ചയിച്ചിട്ടു ്.സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം ധനസഹായം നൽകുന്നതാണ്.
7) സ്വകാര്യവ്യക്തികളുടെ അധീനതയിലുള്ള കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് പരിശീലന പരിപാടികൾ

സംഘടിപ്പിക്കുന്നു. കൂടാതെ മത്സ്യകൃഷിക്കായി മത്സ്യവിത്തുകൾ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ മത്സ്യവകുപ്പ് എത്തിച്ച് സൗജന്യമായി വിതരണം ചെയ്യുന്നു. ഒരു സെന്റ് വിസ്തൃതിയുള്ള കുളത്തിൽ കൃഷി ചെയ്യുന്നതിനായി 40 എണ്ണം എന്ന കണക്കിൽ കട്ല, രോഹു, മൃഗാല, സൈപ്രിനസ്, ഗ്രാസ്സ്കാർപ്പ് എന്നീ ഇനങ്ങളിൽപെട്ട മത്സ്യകുഞ്ഞുങ്ങളെ ആനുപാതികമായി ലഭ്യമാക്കുന്നു.

8) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാലാകാലങ്ങളിൽ മത്സ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അക്വാകൾച്ചർ പ്രൊമോട്ടർമാരെ ഹോണറേറിയം അടിസ്ഥാനത്തിൽ നിയമിക്കുന്നു. അവർ പ്രാദേശികതലത്തിൽ കർഷകരുമായി ബന്ധപ്പെട്ട് മത്സ്യകൃഷിക്കാവശ്യമായ വിദഗ്ധ നിർദേശങ്ങൾ നൽകുകയും മത്സ്യവകുപ്പുമായുള്ള ഒരു കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുന്നു.

വയനാട് ജില്ലയിൽ മത്സ്യവകുപ്പ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഭക്ഷ്യമത്സ്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും തദ്വാര പോഷകസുരക്ഷ ഉറപ്പാക്കുന്നതിനുമാണ്.എന്നാൽ അലങ്കാര മത്സ്യങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനും ജില്ലയിൽ സാധ്യതകളു ്. ജില്ലയുടെ പ്രധാന വരുമാനമാർഗ്ഗമായ വിനോദസഞ്ചാരവുമായി ബന്ധിപ്പിച്ചാൽ വിപണനസാധ്യത ഉറപ്പുവരുത്താവുന്നതാണ്. അലങ്കാര മത്സ്യകൃഷി വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലയിൽ പൂക്കോട് തടാകത്തോട് ചേർന്ന് ഒരു ചെറിയ അക്വേറിയവും കാരാപ്പുഴ ജലസംഭരണിയോട് ചേർന്ന് മറ്റൊരു അക്വേറിയവും പ്രവർത്തിക്കുന്നു ്.

ചിത്രം.4.5.5
കാരാപ്പുഴ പബ്ലിക് അക്വേറിയം

ചിത്രം.4.5.6
പൂക്കോട് ശുദ്ധജല അക്വേറിയം

സഞ്ചാരികൾക്ക് അലങ്കാര മത്സ്യങ്ങളെകുറിച്ചുള്ള പ്രാഥമിക വിജ്ഞാനം പകർന്ന് നൽകുന്നതിന് ഈ സംരംഭങ്ങൾ ഒരു പരിധിവരെ പ്രയോജനപ്പെടുന്നു ്.പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വനിതകൾക്ക് അലങ്കാര മത്സ്യ ഉല്പാദനത്തിൽ പരിശീലനം നൽകി സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനും ആയത് വിപണനം ചെയ്യുന്നതിനും ഒരു സംവിധാനം ആരംഭിച്ചിരുന്നുവെങ്കിലും ആയത്ലക്ഷ്യത്തിലെത്തുന്നതിന് സാധിച്ചില്ല.

മത്സ്യകൃഷി സംബന്ധിച്ച വിജ്ഞാനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും കർഷകരുടെ സംശയങ്ങൾ പരിഹരിക്കുന്നതിനുമായി മത്സ്യകൃഷി വിജ്ഞാനവ്യാപന പരിശീലന കേന്ദ്രം തളിപ്പുഴയിൽ പ്രവർത്തിക്കുന്നു ്.

ആരോഗ്യത്തിനും ആനന്ദത്തിനുമുതകുന്ന ഒരു ഫിഷ് സ്പാ പൂക്കോട് തടാകക്കരയിൽ അക്വേറിയത്തോട് ചേർന്ന് പ്രവർത്തിക്കുന്നു.

ഇവയ്ക്കുപുറമെ അലങ്കാര മത്സ്യങ്ങളെകുറിച്ചും വളർത്തുമത്സ്യങ്ങളെകുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പ്രദർശനവിപണന സംവിധാനങ്ങൾ ഒരുക്കുന്നതിനും മത്സ്യവകുപ്പ് ശ്രമിക്കുന്നു ്. ആയതിലേക്ക് പ്രദർശന വിപണനമേളകൾ സംഘടിപ്പിക്കുന്നു.

4.5.5 മത്സ്യവിപണനം

ജനങ്ങൾ ഭക്ഷ്യവിഭവമായി ഉൾപ്പെടുത്തുവാൻ ഇപ്പോഴും താല്പര്യം കാണിക്കുന്നത് കടൽമത്സ്യങ്ങളെയാണ്. കോഴിക്കോട്, മംഗലാപുരം മേഖലകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഏജൻസികൾ ഇറക്കുന്ന മത്സ്യങ്ങൾ അവരുടെ വിപണന ശൃംഖല വഴി വിപണനം ചെയ്യുന്നു. മത്സ്യവകുപ്പിന്റെ ധനസഹായത്തോടെ നിർമ്മിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കൽപ്പറ്റ, സുൽത്താൻ ബത്തേരി, എന്നിവിടങ്ങളിലെ ആധുനിക സംവിധാനങ്ങളോടുകൂടിയ മത്സ്യവിപണനകേന്ദ്രങ്ങൾ ഇപ്പോഴും പൂർണ്ണരീതിയിൽ പ്രവർത്തനമാരംഭിക്കാത്തതിനാൽ നശിച്ചുകൊ ിരിക്കുകയാണ് എന്നത് ഒരു ഖേദകരമായ വസ്തുതയാണ്. സാങ്കേതികത്വത്തിന്റെ നൂലാമാലകളിൽ നിന്ന് മോചിതമായി ആയവ പ്രവർത്തനക്ഷമമാക്കുമെന്ന് പ്രതീക്ഷിക്കാം

താലൂക്കടിസ്ഥാനത്തിലുള്ള മത്സ്യവിപണനകേന്ദ്രങ്ങളുടെ പട്ടികചുവടെ ചേർക്കുന്നു.

(1)	സുൽത്താൻ ബത്തേരി	–	15
(2)	കൽപ്പറ്റ	–	17
(3)	പനമരം	–	7
(4)	മാനന്തവാടി	–	19

താലൂക്കടിസ്ഥാനത്തിലുള്ള മത്സ്യവിപണനക്കാരുടേയും കച്ചവടക്കാരുടേയും പട്ടിക ചുവടെ ചേർക്കുന്നു.

മത്സ്യവിതരണക്കാർ:–

(1) സുൽത്താൻ ബത്തേരി	–	66
(2) കൽപ്പറ്റ	–	54
(3) പനമരം	–	25
(4) മാനന്തവാടി	–	150

മത്സ്യകച്ചവടക്കാർ:–

(1) സുൽത്താൻ ബത്തേരി	–	16
(2) കൽപ്പറ്റ	–	27
(3) പനമരം	–	23
(4) മാനന്തവാടി	–	20

അവലംബം പാൻഫിഷ് ബുക്ക് –2015

4.5.6 മത്സ്യമേഖല– അവസ്ഥാ വിശകലനം

ഏതൊരുകൃഷിക്കും അടിസ്ഥാനമായി വേ ത് ഗുണമേന്മയുള്ള വിത്തും ആയതിന്റെ വളർച്ചയ്ക്ക് ആവശ്യമായ പോഷകസമ്പുഷ്ടമായ തീറ്റയുമാണ്. മത്സ്യകൃഷി പുരോഗതി കൈവരിച്ചുവെങ്കിലും ആയതിന് ആവശ്യമായ തീറ്റയുടെ കാര്യത്തിൽ ജില്ലയ്ക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. മത്സ്യകൃഷിയുടെ ചെലവിന്റെ 40–50 ശതമാനം വരെ തുക അതിന്റെ തീറ്റയുമായി ബന്ധപ്പെട്ടാണ് കണക്കാക്കുന്നത്. ഉയർന്ന പ്രോട്ടീൻ മൂല്യമുള്ള തീറ്റ നൽകുന്നതിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കാനാകുമെന്ന് ക ത്തിയതിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗതമായ തീറ്റകൾ നൽകുന്നതിന് പകരം തിരി രൂപത്തിലുള്ള ശാസ്ത്രീയമായി നിർമ്മിച്ച തീറ്റ നൽകുന്നതിനുള്ള നടപടികളാണ് ഇപ്പോൾ മത്സ്യകൃഷിയിൽ അവലംബിക്കുന്നത്. ജില്ലയിലെ കർഷകർ ഇപ്പോഴും ആധുനിക മത്സ്യതീറ്റയുടെ ലഭ്യതയുടെ അഭാവത്തിൽ പരമ്പരാഗത തീറ്റയായ തവിട്, പിണ്ണാക്ക് എന്നിവ നൽകുന്ന രീതിയാണ് തുടരുന്നത്. തന്മൂലം ഉല്പാദനക്ഷമതയും കുറയുന്നു. ഈ പ്രതിസന്ധിക്ക് പരിഹാരമായി ഒരു മത്സ്യതീറ്റ ഉല്പാദന കേന്ദ്രവും വിപണന സംവിധാനവും അനിവാര്യമാണ്.

മത്സ്യകൃഷി മേഖല കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമാകേ തു ്. തുടക്കത്തിൽ കൃഷിക്കുപയോഗിച്ചിരുന്ന ഇന്ത്യൻ മേജർകാർപ്പ് ഇനങ്ങളായ കട്ല, രോഹു, മൃഗാല എന്നിവയ്ക്ക് പകരം ഗിഫ്റ്റ്, പൻഗേഷ്യസ്, സിബാസ് എന്നീ ഇനങ്ങൾ കൃഷി

ചെയ്യുന്നത് കൂടുതൽ ലാഭകരമായിരിക്കും. ഇത്തരം മത്സ്യങ്ങളുടെ കൃഷി ചെറിയ തോതിൽ ജില്ലയിൽ ആരംഭിച്ചിട്ടു ്. ആയത് വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതികൾ അനിവാര്യമാണ്.

2017–18 വർഷത്തിൽ ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി വിഹിതത്തിൽ നാമമാത്രമായ വിഹിതം മാത്രമേ മത്സ്യമേഖലയ്ക്കുവേ ി നീക്കിവെച്ചിട്ടുള്ളൂ. ആയതിന് വിവിധ കാരണങ്ങളു ്. ഉൾനാടൻ മത്സ്യകൃഷി മേഖലയായ വയനാട് ജില്ലയിൽ പദ്ധതികൾ നടപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മത്സ്യവകുപ്പിന് ഉദ്യോഗസ്ഥരില്ല. മത്സ്യവകുപ്പിന്റെ തദ്ദേശസ്വയംഭരണ സ്ഥാപനതല പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ ഫിഷറീസ് സബ്ബ് ഇൻസ്പെക്ടറാണ്. ജില്ലയിൽ ആകെ ഒരു തസ്തിക മാത്രമാണുള്ളത്. ടിയാന് ജില്ലയിലെ 26 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പാക്കുക അപ്രായോഗികമാണ്. തന്മൂലം മത്സ്യമേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥന്മാരെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ കെ ത്തേ സ്ഥിതിയാണ് നിലവിലുള്ളത്.

2017–18വർഷത്തിൽമീനങ്ങാടി,തിരുനെല്ലി,വേങ്ങപ്പള്ളി എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മത്സ്യകർഷകർക്ക് സംരംക്ഷണ വല വിതരണം ചെയ്യുന്ന പദ്ധതിയാണ് അവരുടെ പദ്ധതികളിൽ ഉൾപ്പെടുത്തിയത്. സർക്കാർ മാർഗ്ഗരേഖപ്രകാരം പരമാവധി അനുവദിക്കാവുന്ന തുക 4000.00 രൂപ മാത്രമാണ്. ജില്ലയിലെ കർഷകർ ഭൂരിഭാഗവും ചെറുകിട കർഷകരാണ്.

4.5.7 **പരിപ്രേക്ഷ്യത്തിന്റെ നിർദ്ദേശങ്ങൾ**

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് അഭിപ്രായ രൂപീകരണത്തിനായി വിവിധ തലങ്ങളിലുള്ള ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്തി കർഷകർ ഉൾപ്പെടെയുള്ള വിഭാഗങ്ങളെ ഉൾപ്പെടുത്തി ഫോക്കസ്ഗ്രൂപ്പ് എന്ന പേരിൽ ചർച്ച സംഘടിപ്പിച്ചതിൽ നിന്നും വിവിധ പഞ്ചായത്ത് തലത്തിലും നടന്ന ചർച്ചകളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉയർന്നുവന്നു.

1) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ പദ്ധതി വിഹിതത്തിൽ മത്സ്യകർഷകരുടെ എണ്ണത്തിന് ആനുപാതികമായി തുക നീക്കിവെക്കുക.
2) മത്സ്യകൃഷിക്കും മത്സ്യവിപണനത്തിനും ആവശ്യമായ സംവിധാനങ്ങൾ വകുപ്പ് നടപ്പാക്കുന്നതിന് പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വന്തം നിലയ്ക്ക് നടത്തുക.
3) മത്സ്യവിപണനകേന്ദ്രങ്ങളിൽ വളർത്തുമത്സ്യങ്ങൾക്കും വിപണന സംവിധാനം ഒരുക്കുക.
4) മത്സ്യതീറ്റ ഗുണമേന്മ ഉറപ്പുവരുത്തി കുറഞ്ഞ വിലയിൽ ലഭിക്കുന്നതിനായി മത്സ്യത്തീറ്റ ഉല്പാദനകേന്ദ്രം ആരംഭിക്കുക.
5) വളർത്തുമത്സ്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കുടുംബശ്രീ ഉൾപ്പെടെയുള്ള ഗ്രൂപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
6) മത്സ്യത്തെ ജീവനോടെ വിപണനം ചെയ്യുന്നതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിന് ശ്രമിക്കുക.
7) മത്സ്യകുളം നിർമ്മാണത്തിനും നവീകരണത്തിനും നിലവിൽ സർക്കാർ അനുവദിക്കുന്ന ധനസഹായം പരിമിതമായതിനാൽ ആയത് വർദ്ധിപ്പിക്കുന്നതിനും

പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടത്തുക.

8) തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ മത്സ്യകൃഷിക്കും വിപണനത്തിനുമായി സഹകരണസംഘങ്ങൾ രൂപീകരിക്കുകയും അവക്ക് പ്രവർത്തനത്തിനായി പദ്ധതികൾ രൂപീകരിച്ച് ഫ ് അനുവദിക്കുകയും ചെയ്യുക.
9) ഗുണമേന്മയുള്ള മത്സ്യവിത്ത് ലഭിക്കുന്നതിനായി മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കുക.അലങ്കാര മത്സ്യോല്പാദന വിപണന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി പദ്ധതികൾ രൂപീകരിക്കുകയും ആവശ്യമായ ധനസഹായം നൽകുകയും ചെയ്യുക.
10) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലൈവ് ഫിഷ് ബൂത്തുകൾ നിർമ്മിക്കുക.
11) ജില്ലയിൽ ഒരു മൊബൈൽ മാർക്കറ്റിംഗ് യൂണിറ്റ് (വാഹനം) അനുവദിക്കുക.
12) ജില്ലയിലെ മത്സ്യകർഷക ക്യാമ്പുകളിൽ പമ്പ് സെറ്റ്, മോട്ടോർ, മത്സ്യബന്ധനവല എന്നിവ ലഭ്യമാക്കുന്നതിന് ഫ ് വകയിരുത്തുക.
13) 20 സെന്റിന് താഴെയുള്ള മത്സ്യകർഷകർക്ക് ഇൻഷുറൻസ് പരിരക്ഷ
14) തരിശ് നെൽപ്പാടങ്ങൾ, കുളങ്ങൾ നിർമ്മിച്ച് മത്സ്യകൃഷി ചെയ്യുന്നതിന് തണ്ണീർത്തട നിയമത്തിൽ ജില്ലക്കായി പ്രത്യേക പരിഗണന നൽകിയ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുക.
15) ജില്ലാതലത്തിൽ ഒരു മത്സ്യതീറ്റ ഉൽപ്പാദ കേന്ദ്രം നിർമ്മിക്കുക.

മേൽ ആവശ്യങ്ങൾ എല്ലാം പരിഗണനാർഹമല്ല ചിലതെല്ലാം വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന കാര്യങ്ങളാണ്.

4.5.7.1.മത്സ്യമേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്ഏറ്റെടുക്കാവുന്ന പദ്ധതികൾ

മത്സ്യകൃഷിയുടെ പ്രോത്സാഹനവും തന്മൂലം ഉ ാകുന്ന ഉല്പാദനവർദ്ധനവും പരിഗണിച്ച് ആവശ്യമായ വിപണന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. ആയതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നു.

1) മത്സ്യകർഷകർക്ക് സംരക്ഷണവല വിതരണം ചെയ്യുന്നതിന് നിലവിലുള്ള മാർഗ്ഗരേഖ പരിഷ്കരിക്കുക. 4000 രൂപ എന്നത് 8000/– രൂപയായി ക്രമീകരിക്കുക. നാമമാത്ര കർഷകർക്ക് ധനസഹായം നൽകുന്നതിന് പകരം ചുരുങ്ങിയത് 10 സെന്റെങ്കിലും വിസ്തൃതിയുള്ള കുളങ്ങളുള്ള അർഹരായ മത്സ്യകർഷകർക്ക് തന്നെ ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നിയമഭേദഗതികൾ വരുത്തുക.
2) കർഷകർക്ക് മത്സ്യകൃഷിക്ക് കുളം നിർമ്മിക്കുന്നതിന് നൽകുന്ന ധനസഹായം സെന്റിന് വെറും 360/– രൂപയാണ്. ആയത് ജില്ലയിലെ കർഷകരുടെ കുളങ്ങളുടെ വിസ്തൃതി പരിഗണിക്കുമ്പോൾ തുലോം പരിമിതമാണ്. ആയതിനാൽ അത് പരിഷ്കരിക്കുക.
3) സംയോജിത മത്സ്യകൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുക. മത്സ്യകൃഷിയെ കന്നുകാലിവളർത്തൽ, സസ്യകൃഷി, പക്ഷിവളർത്തൽ എന്നിവയുമായി സംയോജിപ്പിക്കാവുന്നതാണ്.
4) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് ചന്തകളോടനുബന്ധിച്ച് മത്സ്യചന്തകൾ ആരംഭിക്കുകയും അവിടങ്ങളിൽ വളർത്തുമത്സ്യങ്ങൾ സ്ഥിരമായി ലഭിക്കുന്നതിനായി ഒരു കേന്ദ്രം അനുവദിക്കുകയും ചെയ്യുക. അത്തരം

സ്ഥലങ്ങളിൽ മത്സ്യവിപണനം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.

5) തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലോ ബ്ലോക്കടിസ്ഥാനത്തിലോ മത്സ്യത്തീറ്റ ഉല്പാദനകേന്ദ്രം ആരംഭിക്കുക.

6) കാരാപ്പുഴ ജലസേചന പദ്ധതി, ബാണാസുരസാഗർ ജലവൈദ്യുത ജലസേചന പദ്ധതി എന്നിവയുടെ ജലമേഖല മത്സ്യകൃഷിക്കുപയോഗിക്കുന്നതിന് നിലവിൽ നിയന്ത്രണങ്ങൾ ഉ ്. പട്ടികജാതി/പട്ടിവർഗ്ഗ സംഘങ്ങൾക്ക് മാത്രമായി മത്സ്യബന്ധന അധികാരം പരിമിതപ്പെടുത്തിയിരിക്കുകയാണ്. ആയത് ഭേദഗതി ചെയ്ത് ജലസംഭരണികളുടെ സുരക്ഷയ്ക്ക് ഭീഷണിയാകാത്ത രീതിയിൽ മത്സ്യകർഷക ക്ലബ്ബുകൾ മുഖാന്തിരം ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ കൂട്കൃഷിയൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിക്കുക. ജലസംഭരണികളുടെ 5% വരെ ഇത്തരം രീതിയിൽ ഉപയോഗിക്കാവുന്നതാണ്.

7) മത്സ്യകൃഷി ഒരു പരിസ്ഥിതി സൗഹൃദ കൃഷിയാണ്. ഭൂമിയുടെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് കുളങ്ങൾക്ക് കഴിയും. എന്നാൽ പല പ്രദേശങ്ങളിലും കുളം നിർമ്മാണം നിരുത്സാഹപ്പെടുത്തുന്ന നയം നിലവിലു ്. നെൽവയൽ തണ്ണീർത്തടങ്ങൾ എന്നിവ വ്യാപകമായി കുളങ്ങളായി മാറ്റുന്ന സാഹചര്യം നിലവിലില്ലെങ്കിൽ കുളം നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈക്കൊള്ളാവുന്നതാണ്.

8) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ജലാശയങ്ങൾ ഇപ്പോൾ മത്സ്യകൃഷിക്കായി ശാസ്ത്രീയമായ രീതിയിൽ ഉപയോഗിക്കുന്നില്ല.ശാസ്ത്രീയ മത്സ്യകൃഷി നടത്തിപ്പിന് ചുരുങ്ങിയത് 3 വർഷമെങ്കിലുമുള്ള പാട്ടകരാർ ആവശ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയത് നൽകുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുകയാണെങ്കിൽ പുതിയ ഗ്രൂപ്പുകൾ നിലവിൽ വരുകയും മത്സ്യകൃഷി മേഖല പുരോഗമിക്കുകയും ചെയ്യും.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് മത്സ്യകൃഷി നടത്തുന്നതിനാവശ്യമായ പ്രോത്സാഹനങ്ങൾ നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

9) ഉല്പാദിപ്പിക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പുവരുത്തുന്നതിനായി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ രൂപീകരിക്കുക. ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ കുടുംബശ്രീ വിപണന ശൃംഖലയിലൂടെ വിപണനം ചെയ്യുന്നതിന് ധനസഹായം നൽകുക.

10) കേന്ദ്രസർക്കാരിന്റെ പുതിയ മാർഗ്ഗരേഖയ്ക്കനുസരിച്ച് അലങ്കാര മത്സ്യ ഉല്പാദന വിപണന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുക.

ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും ധനസഹായം ലഭിക്കത്തക്കരീതിയിൽ മാർഗ്ഗരേഖ പരിഷ്കരിക്കുക.

അനുദിനം ശോഷിച്ചുവരുന്ന സമുദ്രമത്സ്യസമ്പത്തിന് പകരമായി ഉൾനാടൻ മത്സ്യകൃഷി വളർന്നുവരേ ത് ഭക്ഷ്യസുരക്ഷയും പോഷകസുരക്ഷയും ഉറപ്പുവരുത്തുന്നതിന് അത്യാന്താപേക്ഷിതമാണ്. ആയതിനാൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേ താണ്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അത് സാഹചര്യങ്ങൾക്ക് അനുയോജ്യമാണെന്നും മത്സ്യോല്പാദനം വർദ്ധിപ്പിക്കുകയും അത് ആവശ്യക്കാരിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പര്യാപ്തമായിരിക്കണം.

വയനാട് ജില്ലയുടെ പ്രത്യേക സാഹചര്യത്തിൽ വൻകിട മത്സ്യകൃഷിയിടങ്ങൾ സൃഷ്ടിക്കുകയും വൻതോതിൽ മത്സ്യകൃഷി നടത്തുകയും ചെയ്യുന്നതിന് ഉതകുന്ന പദ്ധതികൾ അപ്രായോഗികമാണ്. കുന്നുകളാൽ ചുറ്റപ്പെട്ടതും വൻകിട തോട്ടങ്ങളുള്ളതുമായ ഹരിതാഭമായ ജില്ലയിൽ ആയത് നിലനിർത്തി പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത രീതിയിലുള്ള മത്സ്യകൃഷി പദ്ധതികളാണ് അഭികാമ്യം.ആയതിനാൽ താഴെ പറയുന്ന വികസന ലക്ഷ്യങ്ങൾ മുൻനിർത്തികൊ ് നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നു.

1. ജില്ലയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക.
2. കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക.
3. അർഹരായ യുവ ജനതയ്ക്ക് തൊഴിൽ ഉറപ്പാക്കുക.
4. സ്ത്രീ ശാക്തീകരണം
5. പിന്നോക്ക സമുദായങ്ങളുടെ ഉന്നമനം
6. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ കർഷകർക്ക് സർക്കാരിന്റെ പരമാവധി സഹായം ലഭ്യമാക്കുക.
7. തനതു മത്സ്യ ഇനങ്ങളുടെ സംരക്ഷണം

1) ജില്ലയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക.

- മത്സ്യകൃഷിയിൽ താല്പര്യമുള്ള കർഷകർക്ക് ശാസ്ത്രീയ മത്സ്യകൃഷിക്കുള്ള പരിശീലനം നൽകുക..
- പുതിയതായി നിർമ്മിക്കുന്ന കുളങ്ങൾ മത്സ്യകൃഷി നടത്തുന്നതിന് പ്രോത്സാഹനം നൽകുക.
- മത്സ്യകൃഷിക്കും അടിസ്ഥാന സൗകര്യവികസനത്തിനുമുള്ള സബ്സിഡികൾ മെച്ചപ്പെട്ട രീതിയിൽ നവീകരിക്കുക (പമ്പ് സെറ്റ്, മോട്ടോർ, മത്സ്യബന്ധനവല)
- മത്സ്യവിപണനസംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും മത്സ്യചന്തകൾ / മത്സ്യബൂത്തുകൾ ആധുനിക രീതിയിൽ ക്രമീകരിച്ച് വളർത്തുമത്സ്യങ്ങളുടെ വിപണനം പരിപോഷിപ്പിക്കുക.

- മത്സ്യകൃഷിയെ ഒരു വേറിട്ട വിഭാഗമായി കാണുന്നതിന് പകരം കൃഷി, മൃഗസംരക്ഷണം, ജലസംരക്ഷണം, കാലാവസ്ഥ വ്യതിയാനം എന്നിവയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന ഒന്നായി കണക്കാക്കി ദീർഘകാല അടിസ്ഥാനത്തിൽ പദ്ധതികൾ വിഭാവനം ചെയ്യുക.

ആത്യന്തികഫലം :-

കൂടുതൽ കർഷകരെ ആകർഷിക്കാനാകും

ജില്ലയ്ക്ക് ആവശ്യമുള്ളത്ര മത്സ്യം ഉല്പാദിപ്പിക്കുവാൻ കർഷകർക്ക് പ്രോത്സാഹനം ലഭിക്കും.,

മേൽത്തട്ട് നിർദ്ദേശം

- നിലവിലെ നാമമാത്രമായ ചില സബ്സിഡികൾ പരിഷ്കരിക്കുക.
- കുളം നിർമ്മാണം, ബ ് നവീകരണം എന്നിവയ്ക്ക് പ്രോത്സാഹനം നൽകുക.
- നൂതന മത്സ്യകൃഷിയുടെ വ്യാപനം പരിപോഷിപ്പിക്കുന്നതിനുവേ ി കൂടുതൽ കർഷകർക്ക് സബ്സിഡികൾ ലഭ്യമാക്കാൻ ശ്രമങ്ങൾ ആരംഭിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഫിഷ്ബൂത്ത്/ആധുനിക മത്സ്യ ചന്തകൾ തുടങ്ങുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.
- ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ലാബോറട്ടറികളിൽ മത്സ്യവുമായി ബന്ധപ്പെട്ട അത്യാവശ്യ പരിശോധനകൾ നടത്തുന്നതിനാവശ്യമായ സംവിധാ നങ്ങൾ ഏർപ്പെടുത്തുക

കീഴ്ത്തട്ട് നിർദ്ദേശം:

- തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കുളങ്ങൾ നിർമ്മിക്കുക.
- താല്പര്യമുള്ള കർഷകർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
- കാർഷിക മേഖലയിൽ ജലസേചനത്തിനായി ഉപയോഗിക്കുന്ന കുളങ്ങളിൽ കർഷകർക്ക് അധികവരുമാനം ലഭിക്കുന്ന ഒരു കൃഷിയായി മത്സ്യകൃഷിയെ മാറ്റി ആയതിന് പ്രോത്സാഹനം നൽകുക
- മറ്റ് കാർഷിക മേഖലകൾക്ക് നൽകുന്ന പരിഗണന മത്സ്യകൃഷി മേഖലയ്ക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുമ്പോൾ നൽകുക
- മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ വിപണന സൗകര്യങ്ങളും വർദ്ധിപ്പിക്കുക. കടൽമത്സ്യങ്ങളുടെ ഉപഭോഗത്തിൽ നിന്നും വളർത്തു മത്സ്യങ്ങളുടെ ഉപഭോഗത്തിലേക്ക് ജനങ്ങളെ ആകർഷിക്കുക.

2. **കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക.**

- ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജലസംരക്ഷണ പദ്ധതിഎന്നിവയിൽ ഉൾപ്പെടുത്തികൂടുതൽ കുളങ്ങൾ പുതിയതായി നിർമ്മിക്കുക.

- തശേസ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ സർക്കാർ സർക്കാരിതരഏജൻസികളുടേയും കൈവശമുള്ള കുളങ്ങൾ നിയന്ത്രാനുസൃതമായി കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾഎന്നിവയ്ക്ക് പാട്ടത്തിന്നൽകിമത്സ്യകൃഷി നടത്തുന്നതിന് പ്രോത്സാഹനം നൽകുക.

ആത്യന്തിക ഫലം

- കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നു.
- പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താൻ സാധിക്കുന്നു. (ജലം)
- മത്സ്യകൃഷി പ്രോത്സാഹനം

മേൽത്തട്ട് നിർദ്ദേശം:–

- കൂടുതൽ തൊഴിലുറപ്പ് പദ്ധതികൾ ജില്ലാ വികസനത്തിന് വേ ി ആവിഷ്കരിക്കുക.
- തരിശ് നെൽപ്പാടങ്ങൾ, കുളങ്ങൾ നിർമ്മിച്ച് മത്സ്യകൃഷി ചെയ്യുന്നതിന് തണ്ണീർത്തട നിയമത്തിൽ വയനാട് ജില്ലക്കായി പ്രത്യേക പരിഗണന നൽകി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുക.
- മണ്ണ് സംരക്ഷണ വകുപ്പ്, കോഫി ബോർഡ് എന്നീ വകുപ്പുകൾക്ക് അവരുടെ പദ്ധതികളിൽ കുളം നിർമ്മാണം ഉൾപ്പെടുത്തുക.

കീഴ്തട്ട് നിർദ്ദേശം

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള കുളങ്ങൾ സംഘങ്ങൾ/കുടുംബശ്രീ പ്രവർത്തകർക്ക് മത്സ്യകൃഷി ചെയ്യുന്നതിന് വേ ി ലഭ്യമാക്കുക.
- തൊഴിലുറപ്പ് പദ്ധതിയിൽ കുളം നിർമ്മാണം/നവീകരണം ഉൾപ്പെടുത്തുക
- കുളം സംരക്ഷണ വലകൾക്കുപുറമേ കുളം ഇടിഞ്ഞ് തകരുന്നത് ഒഴിവാക്കുന്ന തിനായി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക. ആയതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കുന്നതിനായി ആവശ്യമായ രൂപരേഖകൾ തയ്യാറാക്കുകയും ചെയ്യുക.

3. **അർഹരായ യുവജനതയ്ക്ക് തൊഴിൽ ഉറപ്പാക്കുക.**

മത്സ്യത്തീറ്റ ഉല്പാദനം, വിപണനം, എന്നിവ ഏകോപിപ്പിക്കുന്നതിനുമായിപദ്ധതികൾ ആസൂത്രണം ചെയ്യുക..

ആത്യന്തിക ഫലം :

- ജില്ലയിൽ പുതിയ വ്യവസായ സംരംഭം തുടങ്ങാൻ സാധിക്കുന്നു.
- യുവജനതയ്ക്ക് തൊഴിൽ ഉറപ്പാക്കാൻ സാധിക്കുന്നു.
- വളരെ കുറഞ്ഞ ചെലവിൽ ജില്ലയിലെ കർഷകർക്ക് മത്സ്യതീറ്റ ലഭ്യമാകുന്നു.

മേൽത്തട്ട് നിർദ്ദേശം

- മത്സ്യതീറ്റ നിർമ്മാണ യൂണിറ്റുകൾ തുടങ്ങാൻ സഹായം ലഭ്യമാക്കുക.
- CMFRI യിൽ നിന്നും വിവിധ തരത്തിലുള്ള മത്സ്യ തീറ്റകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം ലഭ്യമാക്കുക.
- വ്യാവസായവകുപ്പുമായി സഹകരിച്ചു മത്സ്യതീറ്റ നിർമ്മാണ ചെറുകിട സ്ഥാപനങ്ങൾ തുടങ്ങാനുള്ള അവസരങ്ങൾ ഉ ാക്കുക.
- സഹകരണ വിഭാഗം വഴി സംഘങ്ങൾ രൂപീകരിച്ചു ധനസഹായങ്ങൾ ലഭ്യമാക്കാനുള്ള അവസരങ്ങൾ ഉ ാക്കുക.

കീഴ്തട്ടു നിർദ്ദേശം

- ജില്ലാടിസ്ഥാനത്തിൽ മത്സ്യത്തീറ്റ ഉല്പാദനത്തിനായി സംവിധാനം ഏർപ്പെടുത്തുകയും വിപണനസംവിധാനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

4. സ്ത്രീശാക്തീകരണം

- അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും ന്യായമായ രീതിയിൽ ധനസഹായം ലഭിക്കത്തക്കരീതിയിൽ പദ്ധതിരൂപീകരിക്കുക.
- മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുക., ഏകോപിപ്പിക്കുക.

ആത്യന്തികഫലം

- ജില്ലയിൽ പുതിയ വ്യവസായ സംരംഭം തുടങ്ങാൻ സാധിക്കുന്നു.
- വിധവകൾക്കും ഉപേക്ഷിക്കപ്പെട്ടതോ ആയ സ്ത്രീകൾക്ക് തൊഴിൽ ഉറപ്പാക്കാൻ സാധിക്കുന്നു.

മേൽത്തട്ട് നിർദ്ദേശം

- ജില്ലയിൽ അലങ്കാര മത്സ്യ കൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വേ ി വിപുലമായ പദ്ധതികൾ വകുപ്പുമായി സംയോജിപ്പിച്ച് ആവിഷ്കരിക്കുക.
- സബ്സിഡികൾ, സഹായങ്ങൾ രൂപപ്പെടുത്തി നൽകുക.
- കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു അലങ്കാര മത്സ്യകൃഷി, മൂല്യ വർധിത ഉൽപ്പന്നങ്ങൾ യൂണിറ്റ് തുടങ്ങുക.
- CIFT പോലുള്ള കേന്ദ്ര ഏജൻസികളിൽ നിന്നും മത്സ്യ സംസ്ക്കരണത്തിനും, FIRMA, KAVIL തുടങ്ങിയ ഏജൻസികളിൽ നിന്നും അലങ്കാര മത്സ്യകൃഷിക്കും പരിശീലനം നൽകുക.

കീഴ്തട്ടു നിർദ്ദേശം

കുടുംബശ്രീ, വനിതാ സംഘടനകൾ എന്നിവയുടെ സഹകരണം ഉറപ്പുവരുത്തുക. പഞ്ചായത്ത് തലത്തിൽ തുക വകയിരുത്തുക.

പിന്നോക്ക സമുദായങ്ങളുടെ ഉന്നമനം

കാരാപ്പുഴ ജലസേചന പദ്ധതി, ബാണാസുരസാഗർ ജലവൈദ്യുത ജലസേചന പദ്ധതികളിൽ ശാസ്ത്രീയമായ പഠനം നടത്തി സുരക്ഷാ പ്രശ്നങ്ങളു ാകാത്ത രീതിയിൽപട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പുറമെ പൊതു വിഭാഗത്തിനും സംഘങ്ങൾരൂപീകരിച്ച് മത്സ്യബന്ധനവും കൂടുകളിലെ മത്സ്യ കൃഷിയും നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

ആത്യന്തികഫലം:–

- ജില്ലയിലെ 2,203 ഹെക്ടർ ജലസംഭരണിയുടെ അനുയോജ്യമായ ഉപയോഗം.
- മത്സ്യകൃഷി പ്രോത്സാഹനം.
- സ്വയംസഹായ സംഘങ്ങളുടെ ശാക്തീകരണം.

മേൽത്തട്ട് നിർദ്ദേശം

ജലസംഭരണികളിൽ സുരക്ഷ നിർദ്ദേശങ്ങൾ പാലിച്ചുകൊ ് കൂടുകൾ സ്ഥാപിച്ചു മത്സ്യകൃഷി നടത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

കീഴ്തട്ടു നിർദ്ദേശം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്തുപദ്ധതിയുടെ നിർവ്വഹണം ഉറപ്പുവരുത്തുക.

6. **വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ കർഷകർക്ക് സർക്കാരിന്റെ പരമാവധി സഹായം ലഭ്യമാക്കുക.**

ഉദാ: സംയോജിത മത്സ്യകൃഷി.

- 50 സെന്റ് കൃഷിയിടമുള്ള കർഷകർക്ക് ഒരു യൂണിറ്റ് എന്ന കണക്കിൽ ധനസഹായം നല്കുക.
- കൃഷി വകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നിവയുമായി സഹകരിക്കുക.
- പച്ചക്കറി കൃഷിയുടെ ധനസഹായം കൃഷി വകുപ്പ് തീരുമാനിക്കുക.
- അനുബന്ധകൃഷി (കോഴി, ആട്, മുയൽ, പശു)കളുടെ സബ്സിഡി അതാത് വകുപ്പുകൾ തീരുമാനിക്കുക.

ആത്യന്തികഫലം

- കർഷകർക്ക് പരമാവധി സഹായം ലഭിക്കുന്നു.
- മത്സ്യകൃഷിയോടൊപ്പം മറ്റുകൃഷികളും പ്രോത്സാഹിക്കപ്പെടുന്നു.
- കൂടുതൽ ഉൽപ്പാദനം ഉറപ്പാക്കാൻ സാധിക്കുന്നു.

7. **തനതുമത്സ്യ ഇനങ്ങളുടെ സംരക്ഷണം**

- തനതു മത്സ്യ ഇനങ്ങളുടെ സംരക്ഷണവും പ്രജനനവും ലക്ഷ്യം വെച്ച് Indegenious Fish Seed Production Unit പ്രവർത്തിച്ചുവരുന്നു.
- പൂക്കോട് തടാകത്തിൽ 10 കൂടുകൾ സ്ഥാപിച്ചു തനതു മത്സ്യ ഇനങ്ങളെ സംരക്ഷിച്ചുവരുന്നു.
- ജില്ലാതലത്തിലും, ഗ്രാമപഞ്ചായത്ത് തലത്തിലും അവബോധം സൃഷ്ടിക്കുന്ന തിനായി പ്രചാരണപ്രവർത്തനങ്ങൾ നടത്തുക.
- നശീകരണ സ്വഭാവമുള്ള മത്സ്യബന്ധന പ്രവർത്തനങ്ങൾ തടയാൻ പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം നടത്തുക.

4.5.9.സംയോജന സാധ്യതകൾ

വികസന കാഴ്ചപ്പാട്	നിർദേശം	ഏജൻസി	സംയോജിതം
അർഹരായ യുവജനതയ്ക്ക് തൊഴിൽ ഉറപ്പാക്കുക	മത്സ്യത്തീറ്റ ഉല്പാദനം, വിപണനംയൂണിറ്റുകൾ സ്ഥാപിക്കുക	വ്യവസായ വകുപ്പ്	CMFRI (പരിശീലനം) സഹകരണ വിഭാഗം
ജില്ലയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക.	ശാസ്ത്രീയ മത്സ്യകൃഷിക്കുള്ള പരിശീലനം ,മത്സ്യചന്തകൾ ആധുനിക രീതിയിൽ ക്രമികരിക്കുക.	മത്സ്യകർഷക വികസന ഏജൻസി, മത്സ്യവകുപ്പ്	തദേശസ്വയംഭരണ സ്ഥാപനങ്ങൾ
കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക	തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജലസംരക്ഷണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കൂടുതൽ കുളങ്ങൾ പുതിയതായി നിർമ്മിക്കുക	തദേശസ്വയംഭരണ സ്ഥാപനങ്ങൾ	മണ്ണ് സംരക്ഷണ വകുപ്പ്, കോഫി ബോർഡ്
സ്ത്രീശാക്തീകരണം	മൂല്യ വർധിത ഉദ്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുക ഏകോപിപ്പിക്കുക.അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ ആരംഭിക്കൂക.	കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ, സാഫ്	മത്സ്യവകുപ്പ്,CIFT സഹകരണ വകുപ്പ് MPEDA FIRMA,KAVIL,തദേശ സ്വയംഭരണ സ്ഥാപനങ്ങൾ
പിന്നോക്ക സമുദായങ്ങളുടെ ഉന്നമനം	സംഘങ്ങൾ രൂപീകരിച്ച മത്സ്യബന്ധനവും കൂടുകളിലെ മത്സ്യകൃഷിയും നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.	മത്സ്യവകുപ്പ്	സഹകരണ വകുപ്പ്,
കർഷകർക്ക് സർക്കാരിന്റെ പരമാവധി സഹായം ലഭ്യമാക്കുക.	അനുബന്ധ കൃഷികളുടെ സബ്സിഡി. അതാത് വകുപ്പുകൾ തീരുമാനിക്കുക.	മത്സ്യവകുപ്പ്, കൃഷിവകുപ്പ്.	എഫ്.എഫ്.ഡി.എ മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പുകൾ
തനതു മത്സ്യഇനങ്ങളുടെ സംരക്ഷണം	ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക	മത്സ്യവകുപ്പ്,	തദേശസ്വയംഭരണ സ്ഥാപനങ്ങൾ

4.5.10. ഉപസംഗ്രഹം

നിലവിലുള്ള സാഹചര്യങ്ങൾ ജില്ലയിൽ മത്സ്യകൃഷിക്കനുയോജ്യമാണ്. മത്സ്യവകുപ്പ് 2016–17 വർഷത്തിൽ നടപ്പിലാക്കിയ മത്സ്യസമൃദ്ധി II പദ്ധതിയുടെ ഭാഗമായി 255 ഹെക്ടർ സ്ഥലത്ത്, സ്വകാര്യവ്യക്തികളുടെ അധീനതയിലുള്ളതും പൊതു കുളങ്ങളും ഉൾപ്പെടെ മത്സ്യകൃഷി നടത്തി. കാരാപ്പുഴ ജലസേചന പദ്ധതി, ബാണാസുരസാഗർ ജലവൈദ്യുത ജലസേചന പദ്ധതി എന്നിവിടങ്ങളിലെ ജലസമ്പത്ത് മത്സ്യകൃഷിക്ക് ഉപയോഗിക്കുകയാണെങ്കിൽ ഈ രംഗത്ത് വൻകുതിച്ചുചാട്ടത്തിന് സാധ്യതയു ്. എന്നാൽആയത് പൂർണ്ണമായി ഉപയോഗിക്കുന്നതിന് ജലസംഭരണികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നിലവിലു ്.

ജില്ലയുടെ പിന്നോക്കവസ്ഥയ്ക്കും ആദിവാസിഗോത്രവിഭാഗം ജനങ്ങളുടെ ഉന്നമനത്തിനും മത്സ്യകൃഷിയെ ഉപയോഗപ്പെടുത്താവുന്നതാണ്. ജില്ല നേരിടുന്ന പോഷകാഹാര കുറവിന് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നത് ഉപകരിക്കും. മറ്റ് ജില്ലകളിൽ നിന്നെത്തുന്ന മത്സ്യത്തിന്റെ വിലയുമായി താരതമ്യം ചെയ്ത് വിലനിശ്ചയിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപടികൾ സ്വീകരിക്കേ താണ്. വിപണനസംവിധാനം ഏർപ്പെടുത്തി നൽകി വിപുലമായ വിപണനശൃംഖല ഒരുക്കാവുന്നതാണ്. പദ്ധതികൾ രൂപീകരിക്കുമ്പോൾ പ്രധാനമായും 7 പദ്ധതികൾക്ക് മുൻഗണന നൽകാവുന്നതാണ്.

1) അർഹരായ എല്ലാ മത്സ്യകർഷകർക്കും സംരക്ഷണവല ലഭിക്കുന്ന രീതിയിൽ പദ്ധതി തയ്യാറാക്കുക.
2) സംയോജിത മത്സ്യകൃഷി പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ മാർഗ്ഗരേഖ തയ്യാറാക്കി ന്യായമായ രീതിയിൽ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കുക.
3) മത്സ്യകൃഷി നടത്തുന്നതിനായി കുളം നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും പ്രോത്സാഹനം നൽകുക. ആയതിന് ധനസഹായം നൽകുന്നതിനായി പുതിയ മാർഗ്ഗ രേഖ രൂപീകരിക്കുക.
4) കാരാപ്പുഴ ജലസേചന പദ്ധതി, ബാണാസുരസാഗർ ജലവൈദ്യുത ജലസേചന പദ്ധതികളിൽ ശാസ്ത്രീയ പഠനം നടത്തി സുരക്ഷാ പ്രശ്നങ്ങളില്ലാതെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾക്കല്ലാതെ പൊതുവിഭാഗത്തിനും സംഘങ്ങൾ രൂപീകരിച്ച് മത്സ്യകൃഷിയും കൂടുകളിലെ മത്സ്യകൃഷിയും നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
5) മത്സ്യവിപണനസംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും മത്സ്യചന്തകൾ ആധുനിക രീതിയിൽ ക്രമീകരിച്ച് വളർത്തുമത്സ്യങ്ങളുടെ വിപണനം പരിപോഷിപ്പിക്കുക.

6) മത്സ്യത്തീറ്റ ഉല്പാദനം വിപണനം എന്നിവ ഏകോപിപ്പിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക.
7) അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും ന്യായമായ രീതിയിൽ ധനസഹായം ലഭിക്കത്തക്കരീതിയിൽ പദ്ധതി രേഖയിൽ മാറ്റങ്ങൾ വരുത്തുക.

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ജനകീയ ഇടപെടലുകൾ ഉ ാക്കുകയാണെങ്കിൽ മത്സ്യകൃഷി മേഖല ജില്ലയിൽ കൂടുതൽ വികസിക്കുവാൻ സാധ്യതയു ്. കുറഞ്ഞ ചെലവിൽ മത്സ്യം ലഭിക്കുന്നത് പോഷകസുരക്ഷ ഉറപ്പുവരുത്തുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കാരണമാകും.

*****

പരിസ്ഥിതി
കാലാവസ്ഥാ വ്യതിയാനം

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം വനവികസനം

4.6. ആമുഖം

പശ്ചിമഘട്ട മലനിരകളിലെ ജൈവവൈവിധ്യ പ്രാധാന്യമുള്ളതും നിരവധി പാരിസ്ഥിതിക പ്രത്യേകതകളുള്ളതുമായ ഒരു കൊച്ചു പീഠഭൂമിയാണ്വയനാട്.സമുദ്ര നിരപ്പിൽ നിന്നും 700 മുതൽ 2100 മീറ്റർവരെ ഉയരമുള്ള വയനാട്, തമിഴ്നാടുംകണ്ണാടകയുംചേർന്നുകിടക്കുന്ന, പശ്ചിമഘട്ടമല നിരകളുടെകിഴക്കേ ചെരിവിൽസ്ഥിതിചെയ്യുന്ന അതീവ പരിസ്ഥിതിലോലമായ ഈ ഭൂഭാഗം ഒരുകാലത്ത് കുരുമുളക്, ഏലം തുടങ്ങിയ ഗുണമേന്മയുള്ള മലഞ്ചരക്കുകളുടെ ഉൽപാദനത്തിനുപേരുകേട്ടഇടമായിരുന്നു. വരൾച്ച ഭൂഗർഭജല വിതാനത്തിന്റെക്രമാതീതമായ താഴ്ച, സസ്യരോഗങ്ങൾ, കാർഷിക ഉൽപാദനക്കുറവ് മുതലായവ വയനാടിനെ അലട്ടുന്നു. ജൈവവൈവിധ്യംകൊ ുംസാംസ്കാരിക വൈവിധ്യംകൊ ുംസമ്പന്നമായിരുന്ന വയനാട്. കാലാവസ്ഥാ മാറ്റത്തിന്റെ ദുരന്തഫലങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കാൻപോകുന്ന കേരളത്തിലെ നാലു ജില്ലകളിലൊന്നായിട്ടാണ് കണക്കാക്കപ്പെടുന്നത്.ചരിത്രാതീതകാലം മുതൽ തുടങ്ങിയ കുടിയേറ്റക്കാരുടെ വയനാട്ടിലേക്കുള്ള പ്രവാഹം ഇന്നും തുടരുന്നു. വർഷംതോറും വയനാട്ടിലേക്ക് എത്തുന്ന പുതിയ കുടിയേറ്റക്കാരും, ടൂറിസ്റ്റുകളും ടൂറിസം വ്യവസായികളും ഈ കൊച്ചു ഭൂമികയുടെ വിഭവവിനിയോഗത്തിൽ സമ്മർദ്ധങ്ങൾ സൃഷ്ടിച്ചുകൊേ യിരിക്കുന്നു. അതിനാൽ ഇവിടുത്തെപരിസ്ഥിതിയുടെയും കാലാവസ്ഥയുടെയും ബുദ്ധിപൂർവ്വമായ പരിപാലനം വയനാടൻവികസന തന്ത്രങ്ങളിൽ ഉൾച്ചേർക്കേ തു ് അതിന് ഈ ഭൂപ്രദേശത്തിന്റെ സവിശേഷതകളും ഇതിനുമേൽ വികസനം ഏൽപ്പിച്ച ആഘാതങ്ങളും മനസ്സിലാക്കേ തു ്.

ചിത്രം4.6.1



4.6.1 മേഖലയുടെ നിലവിലെ അവസ്ഥ

4.6.1.1. ആവാസവ്യവസ്ഥകൾ

ഏതൊരു ഭൂപ്രദേശവും നിരവധി ചെറുആവാസവ്യവസ്ഥകളുടെ ഒരു ശൃംഖലയായിരിക്കും. ഓരോ ആവാസ വ്യവസ്ഥക്കും അതിന്റെതായ ഒരു പാരിസ്ഥിതിക ധർമ്മവുംആവാസവ്യവസ്ഥകൾ തമ്മിൽ ജല,പദാർത്ഥവും ഭ്രമണത്തിലൂടെയുള്ള ബന്ധവും തുടർച്ചയുമു ാവും. ആവാസ വ്യവസ്ഥകളുടെ ആരോഗ്യവും ചലനാത്മകമായ തുടർച്ചയുമാണ് ഓരോ ഭൂപ്രദേശത്തിന്റെയുംഉൽപ്പാദന ക്ഷമതയെ തീരുമാനിക്കുന്നത്. ഒരുസ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് 40% വരെ മാറ്റങ്ങൾ വന്നാലും പ്രകൃതിദത്തമായ അതിന്റെ ഉൽപ്പാദനക്ഷമതയെ കാര്യമായി ബാധിക്കില്ല എങ്കിലും 60% വരെ മാറ്റം വരുമ്പോൾ ശ്രദ്ധയോടെ ആവാസവ്യവസ്ഥാ തുടർച്ചകൾ നിലനിർത്താൻ ശ്രമിക്കേതു ്.എന്നാൽ 60% ത്തിലധികം തുടർച്ചകൾ നഷ്ടപ്പെടുകയും,ചെറു ആവാസവ്യവസ്ഥകൾ തകർക്കപ്പെടുകയും ചെയ്ത ഒരു ഭൂവിഭാഗത്തിന്അതിന്റെ സ്വാഭാവീകത പൂർണ്ണമായും നഷ്ടപ്പെട്ടു എന്നു പറയേ ിവരും.

ചിത്രം 4.6.2



പട്ടിക.4.6.1

വയനാടിന്റെ ആവാസവ്യവസ്ഥകളെ പൊതുവെ 4 ആയി തരംതിരിക്കാം

ക്രമനമ്പർ	തരം	സവിശേഷത	പാരിസ്ഥിതിക ധർമ്മം
1	വലിയമലകൾ (പാറക്കുട്ടങ്ങളും പുൽമേടുകളും ചോലവനങ്ങളും)പശ്ചിമ തീര ഉഷ്ണമേഖലാ നിത്യഹരിത വനവും അർദ്ധഹരിത വനവും	1000 മുതൽ 2100 മീറ്റർവരെ ഉയരം വരുന്ന മലനിരകൾ. പശ്ചിമഘട്ടത്തിലെ ഉയർന്ന മേഖലകളിൽ കാണപ്പെടുന്ന പ്രത്യേക ആവാസ	പടിഞ്ഞാറുനിന്നും വരുന്ന കാലവർഷ മേഘങ്ങളെ തടഞ്ഞുനിർത്തി വയനാട്ടിൽ മഴപെയ്യിക്കുന്നു.പുൽമേടുകൾക്കും മലയിടുക്കുകളിലെചോലകളും പെയ്യുന്ന മഴ വെള്ളത്തെ പിടിച്ചു

		വ്യവസ്ഥ. മേപ്പാടി, കൽപ്പറ്റ, പേര്യ മേഖലകളിൽ കാണപ്പെടുന്നു. ഉഷ്ണമേഖല അർദ്ധ നിത്യഹരിത വനങ്ങൾ മാളികുന്ന് മല, ചൂരൽ മല, മുകൈ, കുറിച്ച്യാർ മല, തരിയോട്, സൂചിപ്പാറ, കാന്തൻ പാറ, മടക്കിമല, മുട്ടിൽമല, തിരുനെല്ലി ഭാഗങ്ങളിൽ കാണപ്പെടുന്നു.	നിർത്തുന്നു. നദികളുടെയുംഉത്ഭവ സ്ഥാനങ്ങളാണ് ചോലക്കാട്. വയനാട്ടിലെ വർഷപാതത്തെയും ഉപരിതല നീരൊഴുക്കിനേയും സ്വാധീനിക്കുന്നു.ചെറിയചെറിയ നീർച്ചാലുകളെയുംഅരുവികളെയുംതോടുകളും പുഴകളുമാക്കി മാറ്റുന്നു.
2	ചെറുകുന്നുകളും കാടുകളും(നിത്യഹരിത വനങ്ങളും ചെറു കുന്നുകളും)ഇലപൊഴിയും കാടുകൾ(തെക്കൻ ആർദ്ര മിശ്ര ഇലകൊഴിയും വനങ്ങൾ, വര മിശ്ര ഇലപൊഴിയും വനങ്ങൾ, മൗ യിൻ ആർദ്ര–മിശ്രിത വനങ്ങൾ)	700 മുതൽ 1200 മീറ്റർ ഉയരം ള്ളതും2000 മുതൽ 5000 മില്ലി മീറ്റർ വരെ മഴ ലഭിക്കുന്നതുമായ പ്രദേശം. വയനാടിന്റെ രാ ാമത്തെ സ്വാഭാവിക ആവാസ വ്യവസ്ഥ. സമുദ്രനിരപ്പിൽ നിന്നും 100 മീറ്ററിനു താഴെയും ഡെക്കാൻ പീഠഭൂമിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്നു.നിറയെ മുളം കൂട്ടങ്ങളും ഇലപൊഴിയും വൃക്ഷങ്ങളും നിറഞ്ഞ ഈ പ്രദേശങ്ങൾ കർണ്ണാടക, ബന്ധിപ്പൂർ, നാഗർഘോള വനമേഖലകളുടെ തുടർച്ചയാണ്.	മഴമേഘങ്ങളെ വയനാടൻ സമതലത്തിലേക്ക് താഴ്ന്നിറക്കി പരന്ന് പെയ്ത് മഴ ലഭ്യത ഉറപ്പ് വരുത്തുന്നു. വയനാടിന്റെ തണുത്തതും ആർദ്രത നിറഞ്ഞതുമായ അന്തരീക്ഷം നിലനിർത്തുന്നു. ഇത് കാണപ്പെടുന്നത് തെക്കെ വയനാടിലെ ഏതാ ് എല്ലാ പഞ്ചായത്തിലും. വടക്കെ വയനാട്ടിൽ എടവക, തൊ ർനാട്, തവിഞ്ഞാൽ എന്നീ പഞ്ചായത്തുകളിലും കാണപ്പെടുന്നു. കർണാടക സമതലത്തിലെ വര കാലാവസ്ഥയിൽ നിന്നും വയനാടൻ പീഠഭൂമിയെ സംരക്ഷിക്കുന്നു. ഏഷ്യൻ ആന, കടുവ, കരടി എന്നിങ്ങനെ നിരവധി വന്യമൃഗങ്ങളുടെ ആവാസ കേന്ദ്രമാണ്. വയനാട് വന്യ ജീവി സങ്കേതം ഈ പ്രദേശത്താണ്. പൂതാടി, പുൽപ്പള്ളി, ബത്തേരി, മുള്ളൻകൊല്ലി, തിരുനെല്ലി എന്നീ പ്രദേശങ്ങളിലെ ഉയരം കുറഞ്ഞ കുന്നുകളിലും സമതലങ്ങളിലും ആർദ്ര ഇലപൊഴിയും കാടുകൾ കാണപ്പെടുന്നു. കർഷക കുടിയേറ്റത്താൽ കൂടുതൽ ഭാഗങ്ങളും കൃഷിഭൂമികളായി മാറ്റപ്പെട്ടു.
3	തണ്ണീർത്തടങ്ങൾ / ചതുപ്പുകൾ	വലുതും ചെറുതുമായ കുന്നുകൾക്കിടയിൽ	പുൽമേടുകളിൽ നിന്നും ചോലകാടുകളിൽ നിന്നും

		ചെരിവില്ലാതെ പതിഞ്ഞു കിടക്കുന്ന ചതുപ്പുകളാണ് ഈ ഭൂവിഭാഗത്തിന്റെ പ്രത്യേകത. വെള്ളം കെട്ടി നിൽക്കുന്ന നെൽ വയലുകൾ ചതുപ്പു നിലങ്ങളാണ് എന്നാൽ നെൽകൃഷി മറ്റിനം കൃഷികളി ലേക്ക് വഴി മാറു മ്പോൾ ചതുപ്പിന്റെ സ്വഭാവം നഷ്ടപ്പെടു കയും പാരിസ്ഥിക ധർമ്മങ്ങൾ നിർവഹി ക്കാനാകാതെ ആവാസ വ്യവസ്ഥ മാറ്റത്തിന് കാരണമാ വുകയും ചെയ്യുന്നു.	ഉത്ഭവിച്ചൊഴുകി വരുന്ന ചെറുനീരുറവകളെ സ്വീകരി ക്കുന്നവയാണ് ഭൂമിയുടെ വൃക്കകളായ ഈ ചതിപ്പു നിലങ്ങൾ . പ്രത്യേക സസ്യ ജന്തുജാലങ്ങളുടെ ആവാസ വ്യവസ്ഥാഭാഗം. വയനാടിന്റെ സൂക്ഷമമായ കാലവാസ്ഥയും ഭൂഗർഭജല വിതാനവും മണ്ണിന്റെ ആരോഗ്യവും നിലനിർത്തു ന്നു. മഴവെള്ളത്തിലൂടെ യുള്ള ധാതുപദാർത്ഥ ചംക്രമണത്തിന്റെ വലി യൊരു ഭാഗം നടക്കുന്നത് ഈ ഭാഗത്താണ്. ചതുപ്പു കളുടെ നാശം ഭൂഗർഭജന വിതാനം താഴുന്നതിനും അന്തരീക്ഷത്തിലെ ആർദ്രത കുറയുന്നതിനും ചൂട് കൂടു ന്നതിനും കാരണമാകുന്നു.
4	നദീതടങ്ങൾ	വയനാടിന്റെ കാർഷിക മേഖലക ളിൽ പാരിസ്ഥിതിക വ്യവസ്ഥകളും നില നിൽക്കുന്നത് പൂർണ്ണ മായും തന്നെ കബനി നദിതടത്തെ ആശ്രയി ച്ചാണ്. 1,63,570 ഹെക്ടർ നെൽ വയ ലുകളും 1,38,651 ഹെക്ടർ കരഭൂമിയു മാണ്.	തെക്കെ ഇന്ത്യയിലെ 60ശത മാനം നെൽപ്പാടങ്ങളി ലേക്കും വെള്ളമെത്തി ക്കുന്ന കാവേരിയുടെ പ്രധാന പോഷകനദിയായ കബനിയുടെ പ്രഭവ സ്ഥാനം. വളപട്ടണം പുഴ, കോരപ്പുഴ, മാഹി പുഴ, കുറ്റ്യാടി പുഴ, അഞ്ചര ക്ക ി പുഴ, ചാലിയാർ എന്നീ നദികളിലേക്കും കൂടി വയനാടൻ മലനിരക ളിൽ നിന്നും സമതലത്തിൽ നിന്നും നീരൊഴുക്കു ്.

4.6.1.2. കബനി നദീതടത്തിന്റെ പ്രാധാന്യം

കബനി നദിയുടെ നിജസ്ഥിതി അവലോകന പഠനം വയനാടിന്റെ പാരിസ്ഥിതിക പ്രശ്ന ങ്ങളിലേക്ക്കൃത്യമായി വിരൽ ചൂ ുന്നു ്. കബനിയുടെ നീർവാർച്ചാ പ്രദേശങ്ങ ളിൽഅഞ്ചിൽ മൂന്നു ഭാഗവും മലകളും കുന്നുകളുമാണ് എന്നതാണ്. ഈ പ്രദേശങ്ങളുടെ സംരക്ഷണവും പരിസ്ഥിതി പുന:സ്ഥാപനവും കബനീ നദിയെ രക്ഷിക്കാനുംവയനാടിന്റെ ജല ദൗർലഭ്യത്തെ പരിഹരിക്കാനും പ്രധാന ഇടപെടലായിരിക്കും. പടിഞ്ഞാറുവശത്ത്വലിയമലക ളുടെയും അവയുടെ ആവാസ വ്യവസ്ഥകളുടെയുംസംരക്ഷണവും പ്രധാനമാണ്.
കബനീനദിയുടെവൃഷ്ടി പ്രദേശങ്ങളിൽജില്ലാമണ്ണുസംരക്ഷണ വകുപ്പ് നടത്തിയ പഠനത്തിന്റെ പ്രധാന കത്തലുകൾതാഴെകൊടുക്കുന്നു.

1. ഉൽഭവസ്ഥാനങ്ങളിലെ നീർച്ചാലുകളിൽ 1/3 ലധികവുംഅപ്രത്യക്ഷമായി.
2. പ്രകൃതിദത്ത ഉറവകളിൽ 70 % വും അപ്രത്യക്ഷമായി ശേഷിക്കുന്നവ യുടെ ജല നിർഗ്ഗമന ശേഷി കുറയുകയും ചെയ്തു
3. കബിനി നീർത്തടത്തിന്റെ ഉൽഭവ സ്ഥാനങ്ങളിലെ വനം, പ്ലാന്റേഷനുകൾ ഇതര കൃഷി ഭൂമികൾ എന്നിവ മൂല്യശോഷണം സംഭവിച്ചിരിക്കുന്നു.

4. കബിനി നീർത്തടത്തിന്റെ 26.38 % (43150 ഹെക്ടർ) പ്രദേശവും രൂക്ഷമായ ജലക്ഷാമം അനുഭ വിക്കത്തക്കവിധത്തിൽ Red zone കാറ്റഗറിയിൽ വന്നിരിക്കുന്നു.
5. മഴക്കാലങ്ങളിൽ മാത്രം വെള്ളം ലഭിക്കുന്ന വിധത്തിൽ26.80 % (43840 ഹെക്ടർ) ഭാഗം yellow zone ൽ ഉൾപ്പെടുന്നു
6. Red zone ന്റെവിസ്തൃതിyellow zone ലേക്കുംyellow zone വിസ്തൃതിBlue zoneലേക്കും വ്യാപിക്കുന്നതിന്റെ ലക്ഷണങ്ങൾ തുടങ്ങിയിരിക്കുന്നു.
7. ചതുപ്പുകളുടെ ശോഷണം നദികളുടെ ശോഷണത്തിന്ഇടയാക്കുന്നു
8. കൃഷിയിടങ്ങൾ/പ്ലാന്റേഷൻ/വനം എന്നിവയിലെവൃക്ഷമൽചാർത്തിന്റെ സാന്ദ്രതയിൽ ശോഷണം സംഭവിച്ചിരിക്കുന്നു.
9. വന പ്രദേശങ്ങൾ,പ്ലാന്റേഷനായി മാറ്റിയത് ജല സ്രോതസുകളെ ബാധിക്കുന്നു.
10. വനാതിർത്തികളിൽ നിർമ്മിക്കപ്പെടുന്ന elephanttrenches വരൾച്ചയെ ത്വരിതപ്പെടുത്തുന്നു.
11. നെൽവയലുകൾ 44 % ഇതര കൃഷിയിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു
12. പരമ്പരാഗത ജല സ്രോതസുകളായ കേണി, ക്ഷേത്രകുളങ്ങൾ, തലകുളങ്ങൾ എന്നിവ അപ്ര ത്യക്ഷമായികൊ ിരിക്കുന്നു. 13. 3248.75 കി.മീ നീർച്ചാലുകളിൽ 80% വും കൈയേറ്റ ത്തിന്വിധേയമായിരിക്കുന്നു.
14. വർദ്ധിച്ച പ്രവേഗം നീർച്ചാലുകളുടെ അടിത്തട്ടിന്റെശോഷണത്തിനും, ജല ജീവികളുടെ ആവാസവ്യവസ്ഥതകരുന്നതിനും ഇടയാക്കിയിരിക്കുന്നു.
15. 21 ടി.എം.സി. ജലം നമുക്ക് ഉപയോഗിക്കാമെങ്കിലും 6ടി.എം.സി ജലം ഉപയോഗിക്കുന്നതിനുള്ള സാധ്യത മാത്രമേ നിലവിൽ ലഭ്യമായിട്ടുള്ളൂ.
16. 286 നിർമ്മിതികളിൽ 60 % ത്തിലധികവും അറ്റകുറ്റപണികളുടെ അഭാവത്താൽ ഉപയോഗ യോഗ്യമല്ല.
17. അടിക്കടിയു ാകുന്ന വിളമാറ്റം മണ്ണിന്റെ ജൈവാംശം,സൂക്ഷമ മൂലകങ്ങൾ എന്നിവ ഗണ്യ മായി കുറയുന്നതിന് ഇടയാക്കുകയും, ഉപരിതല വരൾച്ചയ്ക്ക് കാരണമാ കുകയും ചെയ്തി രിക്കുന്നു.
18. അശാസ്ത്രീയവും,അമിതവുമായ മണൽ ഖനനംജലാശയങ്ങളുടെയും, തോടുകളു ടെയും നാശത്തിന് ഇടയാക്കിയിരിക്കുന്നു.
19. കബനി തടത്തിൽ 358 കേന്ദ്രങ്ങളിൽനിന്നും അധിക തോതിൽ മാലിന്യ നിക്ഷേപം നട ത്തപ്പെടുന്നു
20. രാസകീടനാശിനികളുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നത് ജലസുര ക്ഷയെ ബാധിച്ചിരിക്കുന്നു.
21. അനിയന്ത്രിതവും,അശാസ്ത്രീയവുമായനിർമ്മാണ പ്രവൃത്തികൾ തോടുകളുടെ നാശ ത്തിന് ഇടയാക്കിയിരിക്കുന്നു
22. തോടിനകത്ത് രൂപപ്പെട്ട മൺത്തിട്ടകളും, തുരുത്തുകളും,തോടിന്റെ ഗതിമാറുന്നതും കൃഷി നാശത്തിനും,പാരിസ്ഥിതിക ആഘാതത്തിനും കാരണമാകുന്നു.
23. കബിനിതടത്തിൽ അവശ്യ ജലസേചനത്തിനുളളനിർമ്മിതികൾ തുലോം കുറവാണ്.
24. 585 കി.മീ നീളത്തിൽ തോടുകളുടെയും പുഴയുടെയുംഓരങ്ങൾ മണ്ണിടിച്ചിലിന് വിധേയ മായി കൊ ിരിക്കുന്നു.
25. 1210 കി.മീ നീളത്തിൽ തോടുകൾ, പുഴകൾ,എന്നിവയുടെ ഓരങ്ങളിൽ സസ്യാവ രണം/വൃക്ഷാ വരണംനഷ്ടപ്പെട്ടിരിക്കുന്നു

ഇത് വയനാടിന്റെ ഏക ജലസ്രോതസ്സ് ആയ കബനിയുടെ ശോച്യാവസ്ഥയാണ് സൂചി പ്പിക്കുന്നത്. മഴയുടെ ലഭ്യതയും നദിയിലെ നീരൊഴുക്കും ഭൂഗർഭ ജലലഭ്യതയും തമ്മിൽ വലി യ അന്തരമാണ് കാണുന്നത്. ഇത് നീർത്തടാതിഷ്ഠിതവികസനത്തിൽ നമ്മൾ പരാജയപ്പെട്ടതായി ട്ടാണ് കാണിക്കുന്നത്. സ്വകാര്യ ഭൂമിയുടെ അതിരുകൾക്കകത്തു നിൽക്കുന്ന നീർത്തടാതിഷ്ഠിത വികസനമല്ല ആവശ്യംമറിച്ച് നീർത്തടത്തെ ആകെ പരിഗണിച്ചുകൊ ുള്ളതാവണം. ഇവി ടെകുന്നിടിക്കലും നിർമ്മാണപ്രവർത്തനങ്ങളും റോഡുനിർമ്മാണവും നീർത്തടനിയമങ്ങൾ പാ ലിച്ചുകൊ ുള്ളതാവണം. നദിയുടെ ഇരുകരകളിലുമുള്ള സർക്കാർ ഭൂമിസംരക്ഷിക്കാനും കൈയേറ്റങ്ങളും മാലിന്യ നിക്ഷേപങ്ങളും അശാസ്ത്രീയ മണലെടുപ്പും നിയന്ത്രിക്കാനുള്ള ജ നകീയ ഇടപെടൽ ഉ ാവണം.

ചിത്രം 4.6.3



ചിത്രം.4.6.4

4.6.1.3. സംരക്ഷിത വനമേഖല

ബ്രിട്ടീഷ് വനം ദേശസാൽകരണത്തിലൂടെയുംഅതിനുശേഷം 1971 ലെ കേരളസർക്കാർസ്വകാ ര്യവനം ദേശസാൽകരണം നിയമത്തിന്റെയും ഭാഗമായും വയനാട്ടിൽആകെ 862.1579 km^2വനഭൂമിയാണ് ഉള്ളത്. ഇതിൽ 344.44km^2വരുന്നവയനാട് വന്യജീവി സങ്കേതം വയനാ ടിന്റെ കിഴക്കുഭാഗത്ത് ര ് കഷണങ്ങളായി വേർപെട്ട് ബന്ധിപ്പൂർ മുതുമല വന്യജീവി സങ്കേ തങ്ങളുടെ തുടർച്ചയായികാണപ്പെടുന്ന മുത്തങ്ങ മേഖലയും, നാഗർഹോള കാടുകളുടെ തുടർച്ചായികാണപ്പെടുന്ന തോൽപ്പെട്ടി മേഖലയുമാണ്. പിന്നീടുള്ള വനങ്ങൾ വലിയ മലത്തല പ്പുകളും സമതലത്തിൽ അവിടവിടെയായി കാണപ്പെടുന്ന ചിതറിയതും മുറിഞ്ഞതുമായ ചെറു കാടുകളുമാണ്. ജില്ലയുടെഭൂപ്രദേശത്തിന്റെ 42% വനഭൂമിയാണെങ്കിലും മുഴുവൻ ഭാഗങ്ങളും നൈസർഗിക വനങ്ങളല്ല. തേക്ക്, മഹാഗണി, മാഞ്ചിയം, അക്കേഷ്യ, യൂക്കാലിപ്റ്റസ്, സിൽവ റോക്ക്, കുരുമുളക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ കൂടി ഉൾപ്പെട്ടതാണ്. ഈ ഏകവിള തോട്ട ങ്ങൾ ഒരു നൈസർഗീക വനം നൽകേ സേവനങ്ങൾ നൽകാൻ പര്യാപ്തമല്ല. കൂടാതെ വരൾച്ചക്കും കാലാവസ്ഥാ വ്യതിയാനത്തിനും ആക്കം കൂട്ടുകയും ചെയ്യുന്നു.

പട്ടിക. 4.6.2

വനതോട്ടങ്ങളും പരിചരണ പ്രദേശങ്ങളും

ക്രമ നമ്പർ	സ്പീഷിസുകൾ	വിസ്തീർണ്ണം (ഹെക്ടർ)			
		നോർത്ത് വയനാട്	സൗത്ത് വയനാട്	വയനാട് വന്യ ജീവി സങ്കേതം	ആകെ
1	തേക്ക്	483.700	23208.01	7121.75	9933.55
2	മഹാഗണി	62.040	4.000	-	66.04
3	മാഞ്ചിയം	2.000	10.000	-	12.000
4	തേക്ക് ആന്റ് സേഫ്റ്റ് വുഡ്	1297.977	781.07	-	2079.047
5	ബാംബു	494.00	195.00	-	689.00
6	ചൂരൽ	787.600	60.00	-	847.600
7	കുരുമുളക്	30.00	-	-	30.00
8	ഔഷധ സസ്യങ്ങൾ	444.820	74.560	-	519.380
9	അക്കേഷ്യ	190.8000	295.88	-	485.880
10	മിസലേനിയസ്	1379.920	1049.29	-	2428.949
11	ഗ്ലൂട്ട	8.200	-	-	8.200
12	യൂക്കാലി	-	-	425.00	425.00
13	സിൽവർറോക്ക്	-	59.5	876.81	936.31
14	ഹാർഡ് വുഡ്	-	32.00	-	32.00
15	ഇരുമ്പകം	-	31.20	-	31.20
					18524.156

അവലംബം – വന വികസനം

ചിത്രം.4.6.6

വയനാട് വന്യജീവി സങ്കേതത്തിനകത്തെ ഏക വിള തോട്ടങ്ങളിലെ മാപ്പ്



4.6.2. ജൈവവൈവിധ്യം

വർഷം തോറും കാലം തെറ്റാതെ എത്തിച്ചേരുന്ന കാലവർഷവും ഉഷ്ണ മേഖലകളിൽ മാത്രം ലഭ്യമായ കൂടിയ സൂര്യപ്രകാശവും ഇവിടത്തെ മണ്ണിനെ എന്തും വളരാൻ അനുകൂലമാക്കിത്തീർത്തു. മഴയുടെയും ഊർജ്ജത്തിന്റെയും ധാരാളിത്തത്തിൽ, പരിണാമത്തിലൂടെ ഇവിടത്തെ ജീവലോകം അതിസങ്കീർണവും വൈവിധ്യ പൂർണവുമായൊരു ജൈവവ്യൂഹം കെട്ടിപ്പടുത്തു. അതിനെ ആശ്രയിച്ചുകൊ ് പ ുതൊട്ടേ ധാരാളം മനുഷ്യ വർഗ്ഗങ്ങളും ഇവിടെ ജീവിച്ചിരുന്നു. ജീവന്റെ വൈവിധ്യം മനുഷ്യ സംസ്ക്കാരങ്ങളെയും വൈവിധ്യമുള്ളതാക്കിത്തീർക്കുന്നു. ഒരു ചെറുപുഴയുടെ വൃഷ്ടിപ്രദേശത്ത്–വളരെ ചുരുങ്ങിയ വിസ്തൃതിയിൽ ഇത്രയധികം ഗോത്ര സംസ്കാരങ്ങളുടെ വൈവിധ്യം ലോകത്തിൽ തന്നെ അപൂർവ്വമായ സംഗതിയാണ്.

4.6.2.1. ഗോത്ര സംസ്കാരവും ജൈവവൈവിധ്യവും

തെക്കേ ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ ഗോത്രങ്ങളുടെ വൈവിധ്യം നിലനിൽക്കുന്നത് നീലഗിരി മലകൾക്കു ചുറ്റുമായാണ്. ഇതിൽ തന്നെ എടുത്തു പറയാവുന്ന പ്രദേശമാണ് വയനാട്. തെക്കേ ഇന്ത്യയിലെ ആദ്യത്തെ മനുഷ്യ വാസത്തിന്റെ കഥകൾ പറയുന്നതും മനുഷ്യൻ കല്ലുകൊ ുള്ള ആയുധങ്ങൾ ഉപയോഗിച്ചിരുന്ന കാലത്തോളം പഴക്കമുള്ളതുമായ എടക്കൽ ഗുഹ ഇവിടുത്തെ ആദിമസംസ്ക്കാരത്തിന്റെ ശേഷിപ്പുകളാണ്.ഇവിടുത്തെ ഗുഹാചിത്രങ്ങൾ ചരിത്രാതീത കാലത്തുതന്നെ ഇവിടെ മനുഷ്യൻ ജീവിച്ചിരുന്നു എന്നതിന്റെ തെളിവുകളാണ്.

4.6.2.2. കാടുകളും ജൈവവൈവിധ്യവും

കാട് സമ്പന്നമായിരുന്ന കാലത്ത് ഇവിടെ നിന്നും ആരോഗ്യമുള്ള പുഴ കിഴക്ക്സമതലങ്ങളിലേക്ക്ഒഴുകുകയുംഅതിലെവെള്ളത്തെ ആശ്രയിച്ച്കൃഷിചെയ്തവർകാവേരിനദീതടത്തിൽഉത്കൃഷ്ടമായകാർഷികസംസ്ക്കാരങ്ങൾ കെട്ടിപ്പടുക്കുകയുംചെയ്തതിനെ അടിസ്ഥാനമായത് വയനാടൻ കാടുകളും അതിനെ നിലനിർത്തിയ ആദിമനുഷ്യന്റെ സംസ്ക്കാരങ്ങളുമാണ്.വയനാട്ടിലെ കാലാവസ്ഥയെ നിയന്ത്രിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പൊതുസ്വത്ത് വനംവകുപ്പിന്റെ സംരക്ഷണത്തിന് കീഴിൽ വരുന്ന വനഭൂമിയാണ്. വയനാട്ഒരുകാർഷികജില്ലയായതിനാൽജില്ലയുടെ സാമ്പത്തികഅടിത്തറ ഇവിടുത്തെ കാലാവസ്ഥയെയും പരിസ്ഥിതിയെയും ആശ്രയിച്ചിരിക്കുന്നു. എന്നാൽ കാടുകൾ ക്ഷയിച്ചും ശോഷിച്ചും പോയതിനാലും നല്ല വന

ങ്ങൾ തു ുകളാക്കപ്പെട്ട് ചിതറിപ്പോയ അവസ്ഥയിൽ ആയതിനാലും വനത്തിന് പാരിസ്ഥിതിക ധർമം നിർവഹിക്കാൻ കഴിയാതെ വരുന്നു. കൂടാതെ വയനാട്ടിലെ ഇന്നത്തെ പ്രധാനപ്രശ്നമായ മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം വർദ്ധിക്കുന്നതിനും കാര ണമായി തീരുന്നു.

3 വനം ഡിവിഷനുകളിൽ വ്യാപിച്ചുകിടക്കുന്ന പശ്ചിമഘട്ട മലനിരകളിൽ നിലകൊ ള്ളുന്ന തെക്ക് പടിഞ്ഞറ് അതിർത്തിയിൽ ഉളള നിത്യഹരിത വനങ്ങളാണ് ഏറ്റവും അധികം മഴ ലഭിക്കുന്നതിന് കാരണമാകുന്നതും.

4.6.2.3. പ്ലാന്റേഷനുകളും കാടുകളും

വയനാട്ടിൽബ്രിട്ടീഷുകാർ നാണ്യവിള തോട്ടങ്ങൾ മാത്രമല്ല ധാരാളം ടിംബർ പ്ലാന്റേഷനുകളും ഉ ാക്കിയിരുന്നു. ഏറ്റവും വ്യാവസായിക പ്രാധാന്യമുള്ള തടിയെന്ന നിലയിൽ തേക്ക് മര ങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കാനാണ് ശ്രമിച്ചത്. നമ്മുടെ നാട്ടിലെ ധാരാളം സ്വാഭാവിക വനങ്ങളെ വെട്ടിത്തെളിച്ചാണ് ഇത്തരത്തിൽ തോട്ടങ്ങൾ ഉ ാക്കിയത്. എന്നാൽ സ്വാതന്ത്രത്തിനു ശേഷം നിലവിൽ വന്ന നമ്മുടെ സർക്കാറുകളും ഇത് തുടരുകയും വയനാട്ടിന്റെ കിഴക്കൻ പ്രദേശത്തുള്ള ഇലകൊഴിയും വനങ്ങൾ ഇത്തരത്തിലുള്ള കടന്നുകയറ്റത്തിന് വിധേയമാക്കുകയും ചെയ്തു. ഇത്തരത്തിലുള്ള തോട്ടങ്ങളുടെ അടിക്കാടുകളിൽ ലന്റാന, യൂപ്പറ്റോറിയം, മിക്കേനിയ, സെന്നാസ്പെക്ടാബിലിസ് തുടങ്ങിയ പലതരംവിദേശകളസസ്യങ്ങളുംവളർന്നുവന്ന്പുല്ലുവളരാനുളളസാഹചര്യംഇല്ലാതായിത്തീരു കയുംനൈസ്സർഗ്ഗിക വനങ്ങളുടെ നാശത്തിന് കാരണമാവുകയുംചെയ്തു. ഇത് മനുഷ്യ–വന്യ ജീവി സംഘർഷം വർദ്ധിക്കുന്നതിന് പോലും കാരണമായി. വ്യവസായ അസംസ്കൃത വസ്തു വിന്റെ ആവശ്യത്തിനായി കാടുകൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, മഹാഗണി തുടങ്ങി സോഫ്റ്റ് വുഡ് പ്ലാന്റേഷനുകൾ ആക്കി വനഭൂമിയെ പരിവർത്തനം ചെയ്തത് കൂടുതൽ പാരിസ്ഥിതിക ആഘാതങ്ങൾ ഉ ാക്കുന്നതിനും വരൾച്ചയും ജൈവവൈവിധ്യ ശോഷണവും കൂടുതലായി അനുഭവപ്പെടുന്നതിനും കാരണമായി.

4.6.2.4. കാർഷിക ജൈവവൈവിധ്യം

വനവിസ്തൃതി കഴിഞ്ഞാൽ വളരെ പ്രധാനപ്പെട്ടത് ഇവിടുത്തെ കാർഷിക ജൈവവൈവിധ്യ മേഖലയാണ്. വയലുകളും നിറഞ്ഞ ഈ ഭൂപ്രദേശത്ത് നെൽകൃഷിയും കുന്നുകളിൽ കാപ്പിയും കുരുമുളകും മറ്റു പലതരം വിളകളും അടങ്ങുന്ന തോട്ടകൃഷിയുമാണ് കൂടുതൽ സ്ഥലങ്ങളിലും കാണപ്പെടുന്നത്. കൃഷിഭൂമികൾ കാടുകളുടെ അത്രതന്നെ ജൈവ പ്രാധാന്യം ഉള്ളവയല്ല അല്ലെങ്കിലും വളരെയധികം ജൈവവൈവിധ്യം നിലനിർത്തുന്ന പ്രദേശങ്ങളാണ്. തോട്ടങ്ങൾ പുഴയിലെ നീരൊഴുക്ക് നിലനിർത്തുന്നതിനും കാലാവസ്ഥയുടെ സ്ഥിരത ഉറപ്പുവരുത്തുന്നതിനും വളരെ പ്രധാനപ്പെട്ട ധർമമാണ് നിർവഹിക്കുന്നത്.

കാർഷിക വ്യവസ്ഥയിൽ നിലനിൽക്കുന്ന അനിശ്ചിതാവസ്ഥ കർഷകന് നിലനിൽക്കാനാവശ്യമായ വരുമാനം ഉറപ്പുവരുത്താൻ കഴിയുന്നില്ല എന്നതുകൊ ് ഇടയ്ക്കിടെ കാർഷിക രീതികളിലും വിളകളിലുംപലതരം മാറ്റങ്ങൾ വരുത്തേ ത് അനിവാര്യതയായി വന്നുചേരുന്നു. വരുമാനം കൂടുതൽ നൽകുന്ന വിളകളിലേക്ക് മാറ്റം വരുത്താൻ ഇവിടുത്തെ കർഷകർ നിർബന്ധിതനായിത്തീരുന്നു. റബ്ബർ, കവുങ്ങ്, വാനില, കൊക്കോ, എണ്ണപ്പന എന്നിങ്ങനെ പലതരം കൃഷികൾ ഇവർ പല ഘട്ടങ്ങളിലും പരീക്ഷിച്ചു നോക്കുകയും അതിന്റെ വിജയങ്ങളും പരാജയങ്ങളും അനുഭവിക്കുകയും ചെയ്തു. അത്തരം പരീക്ഷണങ്ങളോരോന്നും ഇവിടത്തെ ജൈവവൈവിധ്യത്തിനും കാർഷിക ഭൂമിയുടെ ഉൽപാദനക്ഷമതയ്ക്കും മേൽ വലിയ ആഘാതമാണ് ഏൽപ്പിച്ചത്. ജൈവസമ്പന്നമായ പല തോട്ടങ്ങളും വെട്ടിത്തെളിച്ച് ആണ് റബ്ബറും മറ്റും വെച്ച് പിടിപ്പിച്ചത്.

4.6.2.5. തേയില, കാപ്പി വൻകിട തോട്ടങ്ങൾ

കൊളോണിയൽ കാലഘട്ടത്തിലെ നാണ്യവിള തോട്ടങ്ങളുടെ തുടർച്ചയായി ഇന്നും നിലനിൽക്കുന്ന കാർഷിക ഉൽപാദന പ്രദേശങ്ങളാണ് തേയിലത്തോട്ടങ്ങൾ. കാപ്പി തേയില സിങ്കോണ പോലുള്ള നാണ്യവിള തോട്ടങ്ങൾ ബ്രിട്ടീഷുകാർ ഇവിടെ പരീക്ഷിച്ച് നോക്കിയിട്ടു ്. അതിൽ പലതും പരാജയപ്പെടുകയും അപ്രസക്തമാവുകയും ചെയ്തിട്ടും ഇന്നും നിലനിൽക്കുന്ന പ്രദേശങ്ങളാണ് തേയിലത്തോട്ടങ്ങൾ. ഏറ്റവും സാന്ദ്രതയിലും ഉയരത്തിലും വളരുന്ന മരങ്ങൾ നിറഞ്ഞ നിത്യഹരിത വനങ്ങൾ വെട്ടിതെളിച്ചാണ ഇത്തരം തോട്ടങ്ങൾ ഉ ാക്കിയത്. നാണ്യവിള തോട്ടങ്ങൾ ധാരാളം തൊഴിലവസരങ്ങൾ നൽകിയിരുന്നതു കൊ ് ഭൂപരിഷ്കരണത്തിന്റെ പരിധിയിൽ അന്ന് ഉൾപ്പെടുത്തിയില്ല. ഒരുപാട് കാലങ്ങൾക്കപ്പുറം ഇന്ന് വയനാട്ടിലെ എല്ലാ തേയിലത്തോട്ടങ്ങളും സാമ്പത്തിക നഷ്ടത്തിന്റെ കണക്കുകളാണ് പറയാനുള്ളത്. അഥവാ അല്പം എന്തെങ്കിലും ലാഭം ഉ ങ്കിൽ അത് തൊഴിലാളികൾക്ക് മതിയായ കൂലി നൽകാത്തത് കൊ ുമാത്രമാണ്. ഒരുകാലത്ത് ജീവിത നിലവാരം ഉ ായിരുന്ന തോട്ടം തൊഴിലാളികൾക്ക് ഇന്ന് ഏറ്റവും കുറഞ്ഞ കൂലിയാണ് കിട്ടുന്നത്. സാമ്പത്തിക നഷ്ടം മാത്രമല്ല പാരിസ്ഥിതികമായും ഇത് പല ദോഷങ്ങൾ ചെയ്യുന്നു. ഏറ്റവും കൂടുതൽ രാസകീടനാശിനികൾ ഉപയോഗിക്കുന്നത് തേയില തോട്ടങ്ങളിലാണ്. നമ്മുടെ എല്ലാ പുഴകളിലേക്കും ഉള്ള നീരൊഴുക്കുകൾ തുടക്കത്തിലെ മലിനമാക്കപ്പെടുന്നതിന ഈ തോട്ടങ്ങൾ കാരണമാകുന്നു.

പട്ടിക.4.6.3

പരിസ്ഥിതി ജൈവവൈവിദ്ധ്യ സംരക്ഷണം നിലവിൽ നേരിടുന്ന വെല്ലുവിളികൾ

ക്രനം.	കാരണങ്ങൾ	പ്രശ്നങ്ങൾ	പരിഹാരങ്ങൾ
1	അനിയന്ത്രിതടൂറിസം	പ്രകൃതിയുടെ നൈസർഗികത ചൂഷണം ചെയ്യപ്പെടുന്നു. മൈക്രോ ക്ലയിമറ്റുകളിൽ വിള്ളലുകൾ ഉ ാക്കി കാലാവസ്ഥ സവിശേഷതകളിൽ മാറ്റം വരുത്തുന്നു. മലിനീകരണം വർദ്ധിപ്പിക്കുന്നു. മനുഷ്യ–വന്യജീവി സംഘർഷത്തിന് കാരണമാകുന്നു	പ്രകൃതി സൗഹൃദ ടൂറിസം പ്രോത്സാഹിപ്പിക്കുക, സന്ദർശകരുടെ പ്രവേശനം പരിമിതപ്പെടുത്തുക, അജൈവ മാലിന്യങ്ങളുടെ നിരോധനം, ബോധവത്ക്കരണം,
2	അധിനിവേശ സസ്യങ്ങളും മറ്റ് ജീവികളും	ഇക്കോ സിസ്റ്റത്തിൽ മാറ്റം വരുത്തുന്നു. പ്രാദേശിക സസ്യജാലങ്ങളുടെ നാശത്തിന് കാരണമാകുന്നു. വന ശോഷണത്തിനും വന്യ ജീവി നാശത്തിനും കാരണമാകുന്നു. കൃഷി, മത്സ്യം, വനം ഉല്പാദനമേഖലകളെ ബാധിക്കുന്നു. സാമ്പത്തിക ചെലവ് വർദ്ധിപ്പിക്കുന്നു.	ബോധവത്ക്കരണം, മിറ്റിഗേഷൻ, മുൻകൂട്ടിയുള്ള നിയന്ത്രണം, പരിസ്ഥിതിക്ക് ആഘാതമേല്പിക്കാതെയുള്ള നശിപ്പിക്കൽ
3	ഏകവിള തോട്ടങ്ങൾ	താപനില വർദ്ധിക്കുന്നു. മണ്ണ്–ജല സംരക്ഷണത്തെ ബാധിക്കുന്നു. മനുഷ്യ–വന്യജീവി	ഏകവിള തോട്ടങ്ങളുടെ ഉല്പാദനം കുറച്ചുകൊ ു വന്ന് ക്രമേണ ഇല്ലാതാക്കുക. ജൈവ വളങ്ങളുടെ ഉപ

		സംഘർഷം വർദ്ധിപ്പിക്കുന്നു. രാസവളം –കീടനാശിനി ഉപയോഗം വർദ്ധിപ്പിക്കുന്നു. അധിനിവേശ സസ്യങ്ങളുടെ വ്യാപനം വർദ്ധിപ്പിക്കുന്നു. മണ്ണൊലിപ്പിന് കാരണമാകുന്നു	യോഗം വർദ്ധിപ്പിക്കുക. നൈസ്സർഗ്ഗിക സസ്യജാലങ്ങൾ വർദ്ധിപ്പിക്കുക. ബഹുവിള തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുക.
4	അജൈവമാലിന്യങ്ങൾ	പ്ലാസ്റ്റിക്, ഇ–വേസ്റ്റ്, തുടങ്ങിയവ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും രോഗങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. സസ്യ–ജന്തുജാലങ്ങളുടെ ജീവന് ഭീഷണിയാകുന്നു.	പ്ലാസ്റ്റിക് ഉപയോഗം ഇല്ലാതാക്കുകയും, പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ ഉപയോഗങ്ങൾ പ്രോത്സാഹിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക. നിലവിലുള്ളവയെ നശിപ്പിക്കുക.നിയമ മാർഗ്ഗങ്ങളിലൂടെ നിയന്ത്രിക്കുക.
5	ഭൂമാഫിയകൾ	ഭൂമി തു ംതു മായി വിഭജിക്കപ്പെടുന്നു. കാർഷികോല്പാദനം കുറയുന്നു. കാട്ടുതീയ്ക്ക് കാരണമാകുന്നു. മരങ്ങൾ വെട്ടി നശിപ്പിക്കപ്പെടുന്നു. കെട്ടിട നിർമ്മാണം വർദ്ധിക്കുന്നു. ആവാസവ്യവസ്ഥയ്ക്ക് കോട്ടം സംഭവിക്കുന്നു.	നിർമ്മാണപ്രവൃത്തികൾ നിയന്ത്രിതമാക്കുക. ആവശ്യമായ നിയമനിർമ്മാണം നടത്തുക, നിയമനടപടികൾ സ്വീകരിക്കുക. അടിക്കടിയുള്ള ഭൂമി കൈമാറ്റം നിയന്ത്രിക്കുക
6	ഖനനപ്രവർത്തനങ്ങൾ	മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ, ജലവിതാനത്തിലുള്ള മാറ്റം, അന്തരീക്ഷ മലിനീകരണം എന്നിവയ്ക്ക് കാരണമാകുന്നു. പ്രകൃതിക്ക് നാശം സംഭവിക്കുന്നു. ആവാസവ്യവസ്ഥയ്ക്ക് നാശം, വനം വന്യജീവികൾക്ക് നാശം	പാറ, മണൽഎന്നിവയുടെ അനധികൃത ഖനനപ്രവർത്തനങ്ങൾക്കെതിരെ കർശനമായ നിയമനടപടികൾ, പാറ, മണൽ ഖനനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.
7	അശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങൾ	ഷോപ്പിംഗ് കോംപ്ലസ്സുകൾ, ഫ്ളാറ്റുകൾ എന്നിവയുടെ അശാസ്ത്രീയ നിർമ്മാണം, പാരിസ്ഥിതിക അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു. വാട്ടർഷെഡുകൾക്ക് വിനാശം സംഭവിക്കുന്നു. താപനില ഉയർത്തുന്നു.	നിയന്ത്രണം ഏർപ്പെടുത്തുക. പരിസ്ഥിതി സൗഹൃദ കെട്ടിട നിർമ്മാണത്തിന് പ്രോത്സാഹനം നൽകുക.

4.6.2.6. പ്രകൃതി സംരക്ഷണ മേഖലയിൽ പ്രതീക്ഷയായി നിലനിൽക്കുന്ന പുതു പ്രവണതകൾ

- ❖ ഈഘട്ടത്തിൽ നമ്മുടെ ഗവണ്മെന്റ് പരിസ്ഥിതി ജൈവവൈവിധ്യ സംരക്ഷണത്തിനായി പല നവീന പദ്ധതികളും മുന്നോട്ട് വെച്ചിട്ടു ്. ഹരിത കേരള മിഷൻ, ഗ്രീൻ ഇന്ത്യ മിഷൻ തുടങ്ങിയ വിവിധ പദ്ധതികളിലൂടെ ഗവൺമെന്റ് പരിസ്ഥിതി ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കുന്നു.
- ❖ കാർഷിക മേഖലയിൽ ജൈവകൃഷി പ്രോത്സാഹനത്തിന് പ്രാധാന്യം വലിയ നൽകുന്നു.
- ❖ സ്കൂളുകളിലും, കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇക്കോ ക്ലബ്ബുകൾ, ഫോറസ്ട്രി ക്ലബ്ബുകൾ, ജൈവവൈവിദ്ധ്യ ക്ലബ്ബുകൾ സ്ഥാപിച്ച് ധാരാളം പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.
- ❖ കാർഷികമേഖലയിൽ ആണെങ്കിൽ ജൈവകൃഷി പ്രോത്സാഹനത്തിന് വലിയ പ്രാധാന്യമാണ് നൽകുന്നത്.
- ❖ വനംവകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പ്രദേശങ്ങളിൽ പരിസ്ഥിതി ബോധവത്ക്കരണ ക്യാമ്പുകളും, ക്ലാസ്സുകളും നടത്തുന്നു.
- ❖ വാർത്താമാധ്യമങ്ങളിലൂടെ പ്രകൃതിസംരക്ഷണ ബോധവത്ക്കരണം നടത്തുന്നു.

4.6.3.. കാർഷികആവാസവ്യവസ്ഥ

കരയിലെ മാറ്റ കൃഷിയിലൂടെയാണ് വയനാടിന്റെ കൃഷി ആരംഭിക്കുന്നത്. 12–ാം നൂറ്റാ ിനുശേഷം കർണ്ണാടകയിൽ നിന്നു ായ ജൈനകുടിയേറ്റങ്ങളാണ് ചതുപ്പുകളിൽ നെൽകൃഷി ആരംഭിച്ചുകൊ ് സ്ഥിരം കൃഷി ആരംഭിക്കുന്നത്.

1700കളുടെ അവസാനത്തോടെ വയനാട്ടിൽ ബ്രിട്ടീഷ് സാമ്രാജ്യം സ്ഥാപിതമാവുകയും ഭൂമി അളന്നുതിരിച്ച് വനം, ജൻമം, ദേവസ്വം, റവന്യൂ എന്നിങ്ങനെ നിജപ്പെടുത്തുകയും ചെയ്തു.ബ്രിട്ടീഷ് ആധിപത്യത്തോടെ സ്വാഭാവിക വനങ്ങളിൽ നിന്നും ധാരാളമായി മരം മുറിച്ചു കടത്തുകയും കാപ്പി, തേയില തോട്ടങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഇതോടെയാണ് വയനാടിന്റെ പരിസ്ഥിതി നാശത്തിന്റെ ആരംഭം തുടങ്ങുന്നത്.വയനാടിന്റെ തെക്കും പടിഞ്ഞാറും അതിർത്തികളിലെ നിത്യഹരിതവനങ്ങൾ ഈ കാലഘട്ടത്തിൽ ഏതാ ് പൂർണ്ണമായും ചിഹ്നഭിന്നമാവുകയും ചെയ്തു. ആദ്യകാലങ്ങളിൽ വയനാട്ടിലെ ആദിവാസി വിഭാഗങ്ങളായ കുറുമർ, കുറിച്ചർ മുതലായവർ അവിടെ മാറ്റകൃഷിയും, വയലിലെ നെൽകൃഷിയും തുടർന്നുപോന്നു.

പിന്നീട് 20–ാം നൂറ്റാ ിൽ വലിയതോതിലു ായ കാർഷിക കുടിയേറ്റത്തോടെയാണ്വയനാടൻ കാർഷിക രംഗത്ത് വലിയ മാറ്റമു ാക്കിയത്. ഈ ഘട്ടത്തിൽ വനഭൂമികൾ കയ്യേറി കാടുവെട്ടി തെളിച്ച് കൃഷി ആരംഭിച്ചതോടെ വയനാട്ടിൽ അവശേഷിച്ചിരുന്ന വനങ്ങൾകൂടി ശോഷിക്കുന്നതിന് കാരണമായി.പുൽപ്പള്ളി മേഖലയിലെ ഇല പൊഴിയും കാടുകളിലാണ്ഈ കൂടിയേറ്റം വലിയതോതിൽ മാറ്റം വരുത്തിയത്.ജന്മിമാരുടെ കൈവശമു ായിരുന്ന കരഭൂമികളൊക്കെ തന്നെ നാണ്യവിളകളിലേക്കും തു ുവത്കരണത്തിലേക്കും നീങ്ങി.

സ്വകാര്യ ഉടമസ്ഥതയിലുള്ള കരഭൂമികൾ കാപ്പി, കുരുമുളക്, ഏലം എന്നിവയും പല വിധ വൃക്ഷങ്ങളും നിറഞ്ഞ തോട്ടങ്ങളായി ഇക്കാലത്ത് നിലനിന്നിരുന്നുവെങ്കിലും കുടിയേറ്റ മേഖലകൾ ക്രമേണ ഏകവിളതോട്ടങ്ങളായി മാറിക്കൊ ിരുന്നു. കപ്പ (മരച്ചീനി), തെരുവ (lemongrass) കുരുമുകളക് കാപ്പി വീ ും കുരുമുളക്, വാനില എന്നിങ്ങനെ ഏകവിളകൾ വിലയ്ക്കും വളവിനുമനുസരിച്ച് മാറി പരീക്ഷിക്കുകയാണ് കുടിയേറ്റ മേഖലകളിൽ നടന്നത്.

വയനാടിന്റെ മറ്റു മേഖലകളിൽ 90 വരെ കരകൃഷി സമ്മിശ്ര കൃഷിയിടങ്ങളായും വയലുകളിൽ നെൽകൃഷിയും തുടരുന്നതായി കാണാം. 90കൾക്ക് ശേഷം വയനാടിന്റെ കാർഷിക ഭൂപടം വീ ും മാറുകയാണ്. ഭക്ഷ്യവിളകളിലു ായ വലിയ വിലക്കുറവും വിളകളിലെ രോഗ

ബാധകളും ഉൽപാദനക്കുറവും വയനാടിനെ ഒരു കാർഷിക പ്രതിസന്ധിയിലേക്ക് നയിച്ച 10 വർഷങ്ങളാണ് പിന്നീട് ക ത്. 2000 ആകുമ്പോഴേക്കും വയനാട് ഒരു ആത്മഹത്യാമുനമ്പായി മാറിയിരുന്നു.2010 ആകുമ്പോഴേയ്ക്കും ആയിരത്തിലധികം കർഷകരാണ് കടക്കെണി യിൽപെട്ട് മരണമടഞ്ഞത്.

ഈ കാലഘട്ടത്തിലാണ് നെൽവയലുകൾ വാഴകൃഷിയിലേക്കും മറ്റു സ്ഥിരം കൃഷിയി ലേക്കും മാറ്റപ്പെടുന്നത് 1995ൽ 16,000ഹെക്ടർ ഉ ായിരുന്ന നെൽകൃഷി 2015–16 ആകുമ്പോ ഴേക്കും 9000 ഹെക്ടർആയികുറഞ്ഞിരിക്കുന്നു.

പട്ടിക 4.6.4

ക്രമ നമ്പർ	വിള	വിള വിസ്തീർണ്ണം (2002-02)ഹെക്ടറിൽ	വിള വിസ്തീർണ്ണം (2014–15)ഹെക്ടറിൽ
1	കുരുമുളക്	40839	12498
2	ഏലം	4107	4120
3	നെല്ല്	12988	9204
4	കാപ്പി	66913	67414
5	തേങ്ങ	10947	12403
6	തേയില	6049	5306
7	കവുങ്ങ്	7201	13461
8	തെങ്ങ്	10947	12403
9	വാഴ	ലഭ്യമല്ല	9739
10	റബ്ബർ	6451	10790
11	പ്ളാവ്	ലഭ്യമല്ല	8632
12	അാവ്	ലഭ്യമല്ല	5107
13	മറ്റു ഫലവൃക്ഷ ങ്ങൾ	ലഭ്യമല്ല	25811
14	കിഴങ്ങു വർ ഗ്ഗങ്ങൾ	ലഭ്യമല്ല	1374
15	പച്ചക്കറി	ലഭ്യമല്ല	1927

അവലംബം – കൃഷി വകുപ്പ്

കരയിൽ ഏകവിള കൃഷി പരീക്ഷിച്ച മേഖലകളിൽ മണ്ണിന്റെ ആരോഗ്യം കുറയുകയും ഉൽപാദനം കുറയുകയും രോഗകീടബാധകൾ പെരുകുകയും ചെയ്തു. സുപ്രധാന വിളകളായ കുരുമുളകിനും ഏലത്തിനും ധൃതവാട്ടം സാവധാനവാട്ടം വൈറസ് രോഗങ്ങൾ എന്നിവ പടർന്നുപിടിച്ചു. ഈ മേഖലകളിലെജലലഭ്യതയുംവളരെകുറയുകയുംവരൾച്ചയുംകുടിവെള്ള ക്ഷാമവുംവയനാടിന്റെ പ്രധാനവികസന പ്രശ്നമാവുകയുംചെയ്തിരിക്കുകയാണ്.

2000 മുതലുള്ള കാർഷിക ട്രെൻഡുകൾ സൂചിപ്പിക്കുന്നത് വയനാടിന്റെ പരമ്പരാഗത വിളയിനങ്ങളായ കാപ്പി, കുരുമുളക്, നെല്ല്, എന്നിങ്ങനെ ഉള്ള വിളകളിൽ വൻ കുറവു സംഭവി ക്കുന്നതായും പകരം, തെങ്ങ്, വാഴ, കവുങ്ങ്, റബ്ബർ, പുറത്തുനിന്നുള്ള ഫല വൃക്ഷങ്ങൾ, എന്നിവയിൽ വലിയ വർദ്ധനവു സംഭവിക്കുന്നതായും ആണ്. ഇത് വയനാടീന്റെ പാരിസ്ഥി തിക സന്തുലിതാവസ്ഥയെ മാറ്റം വരുത്തുന്ന ഘടകമാണ്

ചിത്രം. 4.6.7



വയനാടിന്റെ കൃഷി ഇവിടുത്തെ പാരിസ്ഥിതിക അവസ്ഥകളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തേ തു ്. ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുഴെട വികസന ആസൂ ത്രണത്തിൽ വേ മാറ്റങ്ങൾ കൊ ുവരേ തു ്. ഇവിടുത്തെ കാലാവസ്ഥയ്ക്കിണങ്ങിയ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ഉ ാവണം.

4.6.4. വികസന ഇടപെടലുകൾ (പരിസ്ഥിതി മലിനീകരണം)

മനുഷ്യരാശിയുടെ നിലനിൽപ്പിനും വികസനത്തിനും പ്രകൃതിയുടെ നിലനിൽപ്പ് അത്യ ന്താപേക്ഷിതമാണ്. പ്രകൃതി സംരക്ഷണം എന്നത് ഓരോ വ്യക്തിയുടെയും ചുമതലയും ഉത്തര വാദിത്ത്വവുമാണ്. അനിയന്ത്രിമായ വികസന പ്രവർത്തനങ്ങളും, പ്രകൃതിയുടെ പാരിസ്ഥിതിക സമതുലനം നിലനിർത്തുന്നതിനെ കുറിച്ച ജനങ്ങളുടെ അജ്ഞതയും ഇപ്പോഴത്തെ പരിസ്ഥിതി നാശവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇവയെല്ലാം നമ്മുടെ പാരിസ്ഥിതിക ആവാസ വ്യവസ്ഥയിലെ അജൈവ ഘടകങ്ങളാണ്. ജൈവഘടകങ്ങളോ സൂക്ഷ്മ ജീവിക ളുൾപ്പെടെയുള്ള സസ്യങ്ങളെയും മൃഗങ്ങളെയും ഉൾക്കൊള്ളുന്നു. ജൈവ ആവാസ വ്യവസ്ഥ യുടെ സുഗമമായ നിലനിൽപ്പിന് അജൈവ പ്രകൃതി വിഭവങ്ങളായവായു, വെള്ളം, മണ്ണ്, ധാതു ക്കൾ, കാലാവസ്ഥ, സൗരോർജ്ജം എന്നിവ നിരന്തര വിനിയോഗം ആവശ്യമാണ്.

4.6.4.1. നിലവിലുള്ള അവസ്ഥയുടെവിശകലനം – ആഗോള പരിസ്ഥിതിയുടെ പഠനം

4.6.41.1. ഭൂമി, വിഭവങ്ങളുടെ ഉപയോഗത്തിലുള്ളമാറ്റങ്ങൾ

കഴിഞ്ഞ നൂറു വർഷത്തിനിടയിൽ മെച്ചപ്പെട്ട ആരോഗ്യ പരിപാലന വിതരണ സംവിധാ നവും മെച്ചപ്പെട്ട പോഷകാഹാരവും അതിവേഗം ജനസംഖ്യാ വളർച്ചയിലേക്ക് നയിച്ചിട്ടു ്. പ്രത്യേകിച്ചും വികസ്വര രാജ്യങ്ങളിൽ. മനുഷ്യരുടെ എണ്ണത്തിലെ ഈ അസാധാരണമായ വർദ്ധന ഭൂമിയിലെ പ്രകൃതി വിഭവങ്ങളിൽ വലിയ ആവശ്യങ്ങൾ ഉന്നയിച്ചിട്ടു ്. ഭൂമി, വനം, പുൽമേടുകൾ, പുൽത്തകിടികൾ എന്നിവയുടെ വിസ്തീർണ്ണം കാർഷിക വ്യാവസായിക ആവ ശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. ഈ മാറ്റങ്ങൾ ഭൂവിനിയോഗ രീതികളിൽ നാടകീയമായ മാറ്റ ങ്ങൾ വരുത്തി. കൂടുതൽ വെള്ളം, കൂടുതൽ ആഹാരം, കൂടുതൽ ഊർജ്ജം, കൂടുതൽ ഉപ ഭോക്തൃ വസ്തുക്കൾ എന്നിവയുടെ ആവശ്യകത വലിയ ജനസംഖ്യയുടെ ഫലമായി മാത്രമല്ല, കൂടുതൽ സമ്പന്നമായ സമൂഹങ്ങളിൽ നിന്നും, സമ്പന്ന വിഭാഗങ്ങളിൽ നിന്നും ഭൗതിക ലാഭം കേന്ദ്രീകരിച്ചുള്ള അനിയന്ത്രിതമായ പ്രകൃതി വിഭവ ചൂഷണം മൂലവും സംഭവിക്കുന്നതാണ്.

4.6.3.4.1.2. മലിനീകരണം

മനുഷ്യന്റെ ആരോഗ്യം, ജീവജാലങ്ങൾ, പരിസ്ഥിതി തുടങ്ങിയവയ്ക്ക് ദോഷം ചെയ്യുന്ന രീതിയിൽ അന്തരീക്ഷത്തിലെ മാലിന്യങ്ങളുടെ അളവ് വർദ്ധിക്കുന്നതിനെയാണ് മലിനീകരണം എന്ന് പറയുന്നത്. വെള്ളം, മണ്ണ്, വായു, വനം, മത്സ്യബന്ധന വിഭവങ്ങൾ ഉൽപ്പാദന അസംസ്കൃത വസ്തുക്കൾ എന്നിവ, നമ്മുടെ ഉൽപ്പാദന ആസ്തികളായിരിക്കേ, ജലം, വായു, അന്തരീക്ഷ ശബ്ദ മലിനീകരണങ്ങൾ വ്യാവസായിക, സാമ്പത്തിക വികസനത്തിന്റെയും, നഗരവൽക്കരണത്തിന്റെയും ഉപോൽപ്പന്നങ്ങളാണ്. പാരിസ്ഥിതിക അപചയം മിക്കപ്പോഴും സമ്പദ്വ്യവസ്ഥയിൽ നഷ്ടമു ാക്കുകയും, കുറഞ്ഞ ഉൽപ്പാദനം, മനുഷ്യ നഷ്ടം, അദ്ധ്വാനത്തിൽ നിന്നുള്ള ഉൽപ്പാദന ക്ഷമത നഷ്ടം, വിള ഉൽപ്പാദന നഷ്ടം എന്നിവ ഉ ാക്കുകയും ചെയ്യുന്നു. ഒരു സ്ഥലത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ ആ സ്ഥലത്തിന്റെ വികസന ഘട്ടങ്ങൾക്കനുസരിച്ചും, നിലവിലെ ഉൽപ്പാദന രീതികൾക്ക് അനുസൃതമായും പാരിസ്ഥിതിക നയങ്ങൾക്ക് അനുസരിച്ചും വ്യത്യാസപ്പെട്ടുകൊ ിരിക്കും.

പരമ്പരാഗതമായി, പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനായി തുടർന്ന് പോരുന്ന പരിസ്ഥിതി മാനേജ്മെന്റ് നയങ്ങൾ ഉറവിടത്തിൽതന്നെ മാലിന്യസംസ്കരണം, മലിന ജല സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ എന്നിവയാണ്. കൂടുതലായി ആസൂത്രണ ഘട്ടത്തിൽ തന്നെ പശ്ചാത്തലത്തിൽ, പരിസ്ഥിതി ഘടകങ്ങൾ ഓരോ വികസന പ്രവർത്തനങ്ങളുടെയുമൊപ്പം ഉൾപ്പെടുത്തുകയും വേ രീതിയിൽ ഏകോപിപ്പിക്കുകയും സമതുലിതപ്പെടുത്തുകയും വേണം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഭൂവിനിയോഗ–ആധിക്യമുള്ള, കച്ചവടം വാണിജ്യം, ഭവന നിർമ്മാണം, ഗതാഗത സൗകര്യങ്ങൾ (റോഡ്, റെയിൽ, ജലം), യൂട്ടിലിറ്റികൾ (ഉപരിതല, ഭൂഗർഭജലം), മലിനജല് / അപകട സാധ്യത നിറഞ്ഞ മാലിന്യങ്ങളുടെ നിർമ്മാർജ്ജന സൗകര്യങ്ങൾ, ക്വാറി, ഖനനം, വൈദ്യുതി ഉൽപ്പാദനം വന പ്രദേശം, ഉൾനാടൻ തീരദേശ മത്സ്യബന്ധം, വിനോദം, ടൂറിസം മുതലായ ഭൂവിനിയോഗങ്ങൾ പരിസ്ഥിതിയെ സ്വാധീനിക്കാൻ സാധ്യതയു ്. പ്രകൃതിയുടെ പരിസ്ഥിതിയും പാരിസ്ഥിതിക ബാലൻസുകളും തടസ്സപ്പെടുത്താതെ, സാമ്പത്തിക കാര്യങ്ങളെ മാത്രമല്ല, പാരിസ്ഥിതിക വശങ്ങളും ഭൂമി ഉപയോഗവും കണക്കിലെടുത്ത് ഭൂപ്രദേശത്തെ ഏറ്റവും മികച്ച ഉപയോഗം കണക്കാക്കേ തു ്. പരിസ്ഥിതി സംരക്ഷിക്കുന്നതിന് വരും വർഷങ്ങളിലെ പ്രധാന മുൻഗണനകൾ വ്യവസ്ഥിതിയുടെ ഗുണനിലവാരം, സുരക്ഷിതമായ കുടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, ജൈവ വൈവിധ്യ സംരക്ഷണത്തിന് ഊന്നൽ നൽകികൊ ് പ്രകൃതിവിഭവങ്ങളുടെ വിനിമയം മെച്ചപ്പെടുത്തുക, തുടങ്ങിയവ ഉൾപ്പെടുന്നു.

വയനാട് ജില്ലയിൽ അയൽ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ജനസംഖ്യാനിരക്ക് വളരെ കുറവാണെങ്കിലും മാലിന്യങ്ങൾ തെറ്റായ രീതിയിൽ കൈകാര്യം ചെയ്യൽ മൂലം പരിസ്ഥിതി നാശം സംഭവിച്ചതിനാൽ വളരെ പ്രശ്നം സൃഷ്ടിക്കുന്നു ്. ഈ സാഹചര്യത്തിൽ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) നിയമങ്ങൾ 2000 ന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കണം. ഉത്തരവാദിത്വം പ്രാദേശിക തദ്ദേശസ്ഥാപനങ്ങൾക്ക് ചുമത്തപ്പെടുന്നു. നിയമം അനുസരിച്ച് ആവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്കും ബോർഡ് ആവർത്തിച്ചു നിർദ്ദേശങ്ങൾ നൽകിയിട്ടു ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നേടിയെടുക്കുന്ന പുരോഗതിതൃപ്തികരമല്ല.

4.6.4.1.3. വ്യവസായങ്ങളുടെ വിഭാഗങ്ങൾ (കാറ്റഗറി)

മലിനീകരണ സാധ്യതകളെഅടിസ്ഥാനപ്പെടുത്തി,വ്യവസായങ്ങളെവിവിധ കാറ്റഗറിയായിതരംതിരിച്ചിരിക്കുന്നു.

1) റെഡ് കാറ്റഗറി – ഏറ്റവും കൂടിയ മലിനീകരണ ശേഷി
2) ഓറഞ്ച് കാറ്റഗറി – ഇടത്തരം മലിനീകരണ സാധ്യത
3) ഹരിതകാറ്റഗറി – കുറഞ്ഞ മലിനീകരണ സാധ്യത

പട്ടിക. 4.6.5

വയനാട്ജില്ലയിലെ വിവിധ വ്യവസായവിഭാഗങ്ങൾ ഇനിപ്പറയുന്നവയാണ്.

റെഡ് കാറ്റഗറി	ഓറഞ്ച് കാറ്റഗറി	ഹരിത കാറ്റഗറി
കരിങ്കൽ ഖനനം	വർക്ക്പേഷാപ്പുകൾ, വാട്ടർ സർവ്വീസ് സ്റ്റേഷനുകൾ	സിമെന്റ് ഗോഡൗൺ
ക്രഷർ	തേയില ഫാക്ടി, കാപ്പി സംസ്കരണ യൂണിറ്റുകൾ	ജൈവ വളം
ആശുപത്രികൾ	ടയർ റീസോളിംഗ് യൂണിറ്റ്, അടയ്ക്ക സംസ്കരണ യൂണിറ്റ്	ഐസ്ക്രീം യൂണിറ്റ്
മൃഗത്തോൽ സംസ്കരണ യൂണിറ്റ്	റിസോർട്ടുകൾ, ഹോട്ടലുകൾ, ലോഡ്ജുകൾ, റെസ്റ്റോറന്റുകൾ	ബേക്കറി
മാംസ സംസ്കരണ യൂണിറ്റ്	സിമെന്റ്, ഹോളോ ബ്രിക്സ്, ക്ലേ, സോളിഡ് ബ്രിക്സ് യൂണിറ്റുകൾ	ഫുഡ് പ്രോസസ്സിംഗ്
അറവു ശാലകൾ	പന്നി ഫാമുകൾ, കോഴി ഫാമുകൾ	ആയുർ വേദ ഫോർമുലേഷൻ
ഡീസൽ ജനറേറ്റർ സെറ്റുകൾ	സോമിൽ, ഫർണിച്ചർ യൂണിറ്റുകൾ	സോഡാ യൂണിറ്റുകൾ
ചിക്കൻ സ്റ്റാൾ	സോപ്പ്, ഡിറ്റർജന്റ്, സാൻഡ് വാടിംഗ് യൂണിറ്റുകൾ	പാൽ തണുപ്പിച്ചു സൂക്ഷിക്കുന്ന യൂണിറ്റുകൾ
ഡയറി യൂണിറ്റുകൾ	അറവുശാലകൾ അല്ലാത്ത മാംസ വിൽപ്പന ശാലകൾ	ലൈറ്റ് എഞ്ചിനീയറിംഗ് യൂണിറ്റുകൾ

അവലംബം – പൊല്യൂഷൻ കൺട്രോൾ ബോർഡ്

ചിത്രം.4.6.8.

വയനാട് – റെഡ്ഓറഞ്ച്ഹരിതകാറ്റഗറിവ്യവസായങ്ങളുടെതാലൂക്ക്തിരിച്ചുള്ളവിന്യാസം



വയനാട്വ്യവസായങ്ങളുടെമൊത്തംവികസന ട്രെൻഡ്സ്

താഴെക്കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് മൊത്തം വികസന ട്രെൻഡ്സ് വിശകലനം ചെയ്യുന്നത്.

ചുവന്ന കാറ്റഗറി വ്യവസായങ്ങളുടെ എണ്ണം – 2012 ൽ 583 ൽ നിന്നും 2017 ൽ 376 ആയി കുറ ഞ്ഞിരിക്കുന്നു.

ഓറഞ്ച് കാറ്റഗറി വ്യവസായങ്ങളുടെ എണ്ണം – 2012 ൽ 257 ൽ 1070 നിന്നും 2017 ൽ 3760 ആയി വർദ്ധിച്ചിരിക്കുന്നു.(മൂന്നര ഇരട്ടിയിലധികം)

ഹരിത കാറ്റഗറി വ്യവസായങ്ങളുടെ എണ്ണം – 2012 ൽ 257 ൽ നിന്നും 2017 ൽ 781 ആയി വർദ്ധി ച്ചിരിക്കന്നൂ(മൂന്നിരട്ടിയിലധികം).

ആകെ വ്യവസായങ്ങൾ 2012 ൽ 1910 നിന്നും 2017 ൽ 4917 ആയി വർദ്ധിച്ചിരിക്കുന്നു. (ര ര ഇരട്ടിയിലധികം)

4.6.4.1.4. വയനാട്ജില്ലയിലെജലമലിനീകരണത്തിന് പ്രധാന കാരണങ്ങൾ

- ഉയർന്ന അളവിൽ ജൈവ, അജൈവ (ക്ലോറൈഡുകൾ, സൾഫേറ്റ്, സൾഫൈഡുകൾ, ഫോസ്ഫേറ്റ്സ്, ഇരുമ്പ്, സിങ്ക്, ഫ്ളൂറൈഡുകൾ മുതലായവയും, ക്രോമിയം, കാഡ്മി യം, ആർസെനിക്, മെർക്കുറി) തുടങ്ങിയ അജൈവ ഘടകങ്ങൾ. മാലിന്യങ്ങളുള്ള മലിന ജലം പരിസ്ഥിതിയിലേക്ക് ഒഴുക്കി വിടുന്നത് നമ്മുടെ മണ്ണിനെയും ജല സംഭര ണികളെയും അശുദ്ധമാക്കുന്നു. മലിനജലത്തിന്റെ ഓർഗാനിക് ലോഡ് പ്രധാനമായും അവയുടെ കെമിക്കൽ ഓക്സിജൻ ഡിമാൻഡ് (സി.ഒ.ഡി), ബയോളജിക്കൽ ഓക്സി ജൻ ഡിമാൻഡ് (ബി.ഒ.ഡി) എന്നീ അളവുകളാലാണ് നിർണ്ണയിക്കുന്നത്.
- വയനാട്ടിലെ ആശുപത്രികൾ, ഹോട്ടലുകൾ/റിസോർട്ടുകൾ, ബഹുനില കെട്ടിടങ്ങൾ എന്നിവയിൽ നിന്നുള്ള ഡിസ്ചാർജ് ആണ് ജലമലിനീകരണത്തിന് പ്രധാന കാരണം.
- ദ്രാവക മാലിന്യങ്ങൾക്ക് ഉയർന്ന ജൈവലേഡും സൂക്ഷ്മാണു സാന്ദ്രതയുള്ളതിനാൽ ജലമലിനീകരണത്തിന് പ്രധാന കാരണമാകുന്നു.
- പരിസ്ഥിതി സംരക്ഷണ നിയമത്തിൽ അനുശാസിക്കുന്ന മതിയായ മലിന ജല സംസ്ക രണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താതെ മലിന ജലം ഡിസ്ചാർജ് ചെയ്യുന്നത് ഉപ രിതല, ഭൂഗർഭ ജല മലിനീകരണത്തിനും, ദുർഗന്ധത്തിനും, രോഗങ്ങൾക്കും കാരണമാ കുന്നു.
- രാസവളം/കീടനാശിനി തുടങ്ങിയവയുടെ അമിത/അനുചിതം/കാർഷിക പ്രവർത്തന ങ്ങൾ എന്നിവ മണ്ണിന്റെയും ജലത്തിന്റെയും മലിനീകരണത്തിന് കാരണമാകുന്നു.

പട്ടിക. 4.6.6

വയനാട് ജില്ലയിലെ ജല/മണ്ണ് മലിനീകരണത്തിന് കാരണമാവുന്ന പ്രധാന വ്യവസായങ്ങൾ

ചുവന്ന വിഭാഗം	ഓറഞ്ച് വിഭാഗം	പച്ചവിഭാഗം
ആശുപത്രികൾ, അറവുശാല കൾ, സ്കിൻ പ്രോസസ്സിംഗ് യൂണിറ്റുകൾ, ക്ഷീരവ്യവ സായം, ചിക്കൻ സ്റ്റാളുകൾ	റിസോർട്ടുകൾ, ഹോട്ടലു കൾ, ബഹുനില കെട്ടിടങ്ങൾ, റെസ്റ്റോറന്റുകൾ, പന്നി, കോഴി ഫാമുകൾ, വാട്ടർ ആന്റ് ഓയിൽ സർവ്വീസ് സ്റ്റേഷനുകൾ	പാൽ തണുപ്പിക്കാ നുള്ള പ്ലാന്റ്

ചിത്രം :4.6.9.

മണ്ണ്/ജല മലിനീകരണത്തിന് കാരണമാകുന്ന വ്യവസായങ്ങളുടെ താലൂക്ക് അടിസ്ഥാനത്തിൽ വിന്യാസം



4.6.4.1.5 ജല മലിനീകരണം തടയുന്നതിനുള്ള നിയന്ത്രണോപാധികൾ/സംവിധാനങ്ങൾ

- മുൻകരുതൽ എന്ന നിലയിൽ ആവശ്യമായി വേ ത് മലിനജലസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കലാണ്. ഇങ്ങനെ പുറന്തള്ളുന്ന ജലത്തിലെ മലിനീകരണം കുറയ്ക്കാൻ കഴി യും. ട്രീറ്റ് ചെയ്ത മലിനജലം പൂന്തോട്ടം നനയ്ക്കുന്നതിന്, കൃഷി ജലസേചനത്തിന്, ടോയ്ലറ്റ് ഫ്ളഷിങ്ങിന്, എർത്തിങ്ങിന്, വാഹനം കഴുകുന്നതിന്, ശീതീകരണ പ്രവർത്ത നങ്ങൾ എന്നിങ്ങനെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.
- മലിനജലം/സള്ളേജ് : പ്രതിദിനം 5000 ലിറ്റർ എന്ന തോതിൽ കുറവ് – സെപ്റ്റിക് ടാങ്ക് / സോക്പിറ്റ് സിസ്റ്റം.
- വ്യാവസായിക മലിനജലം : പ്രതിദിനം 5000 ലിറ്ററിൽ കൂടുതൽ – മലിനജലത്തിന്റെ സ ഭാവവും അളവും അനുസരിച്ച് പ്രാഥമിക/ദ്വിതീയ/ത്രിതീയ ട്രീറ്റ്മെന്റ് സംവിധാനങ്ങ ളോടെ സമ്പൂർണ്ണമായ മലിനജല സംസ്കരണ സംവിധാനം.

പട്ടിക4.6.7..

വയനാട്ടിലെ മലിനജല ശുദ്ധീകരണ പ്ലാന്റ് (ETP)ഉള്ള വ്യവസായങ്ങൾ

കാറ്റഗറി		ETP ടൈപ്പ്
റെഡ്	50 ബെഡിൽ കൂടുതലുള്ള ആരോഗ്യ രക്ഷാകേന്ദ്രങ്ങൾ, ഡയറി യൂണിറ്റുകൾ, മാർക്കറ്റുകൾ	എല്ലാ അവശ്യ യൂണിറ്റുകളും ഉള്ള മലിനജല സംസ്കരണ പ്ലാന്റ്
ഓറഞ്ച്	ഹോട്ടലുകൾ, റിസോർട്ടുകൾ, സർവ്വീസ് സ്റ്റേഷനുകൾ, ബഹുനില മന്ദിരങ്ങൾ, ഫാമുകൾ, അച്ചാർ നിർമ്മാണം, ഐസ്ക്രീം നിർമ്മാണം	എല്ലാ അവശ്യ യൂണിറ്റുകളും ഉള്ള മലിനജല സംസ്കരണ പ്ലാന്റ്
ഗ്രീൻ	എല്ലാ ഹരിത കാറ്റഗറി യൂണിറ്റുകളും	ശാസ്ത്രീയമായ സെപ്റ്റിക് ടാങ്ക് സോക് പിറ്റ് സംവിധാനം

4.6.4.1.6. ആരോഗ്യ പരിപാലന സ്ഥാപനങ്ങളിലെ മലിനീകരണം

ആരോഗ്യസംരക്ഷണ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് ഇൻപേഷ്യന്റ് സൗകര്യങ്ങളുള്ള ആശുപത്രികളിൽ വലിയ അളവിലാണ് ജലം ഉപയോഗിക്കുന്നത്. അലക്കൽ, ലബോറട്ടറി, കാന്റീൻ, കക്കൂസ് മുതലായവയിൽ നിന്നുള്ള മലിനജലം മലിനീകരണത്തിന് കാരണമാകുന്നു.

രോഗഹേതുവായി തീരാവുന്നതും മറ്റ് അപകടകരമായതും ആയ ആശുപത്രി മാലിന്യങ്ങളുടെ സംസ്കരണം നമ്മുടെ രാജ്യത്ത് അടുത്തിടെ വരെ ശ്രദ്ധ നേടിയിരുന്നില്ല. ഈ പ്രശ്നത്തിന് ഇന്ത്യൻ സാഹചര്യത്തിൽ വളരെ ഉയർന്ന പ്രാധാന്യം കൈവരുന്നു. രക്തം, പഴുപ്പ് മുതലായവ അടങ്ങിയ കോട്ടൺ പോലെയുള്ള രോഗ ഹേതു ആയേക്കാവുന്ന മാലിന്യങ്ങൾ സാധാരണയായി, പാഴ്വസ്തുക്കളോടൊപ്പം, അലക്ഷ്യമായി ഉപേക്ഷിക്കപ്പെടുന്നത്, അപകട സാധ്യതയുള്ള ആശുപത്രിമാലിന്യത്തെ സമൂഹവുമായും പരിസ്ഥിതിയുമായും നേരിട്ട് ബന്ധപ്പെടാൻ ഇടയാക്കുന്നു. ഇത് മുഴുവൻ ജനസംഖ്യയും അപകടത്തിലാക്കുന്നു. മെഡിക്കൽ രംഗത്ത് ലഭ്യമായ പല സൗകര്യങ്ങളും ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താറില്ല. അതിലൂടെ പ്രശ്നം കൂടുതൽ വഷളാക്കുന്നു. ഇത് ചികിത്സാ ചെലവും പരിസ്ഥിതി മലിനീകരണവും വർദ്ധിപ്പിക്കുന്നു.

ആശുപത്രി മാലിന്യങ്ങളുടെ സവിശേഷതകൾ

- ❖ ആശുപത്രികളിലെ മാലിന്യങ്ങൾ വിവിധ സ്രോതസ്സുകളിൽ നിന്ന് ഉത്ഭവിക്കുന്നു.
- ❖ ട്രീറ്റ്മെന്റിലും, ഡിസ്പോസലിലും പ്രത്യേക ശ്രദ്ധ ആവശ്യമാണ്.
- ❖ ആശുപത്രിമാലിന്യത്തിന്റെ ഒരു ചെറിയ ശതമാനം പോലും രോഗഹേതുവും അപകടകരവുമാണ്.
- ❖ മാലിന്യങ്ങളുടെ ഉറവിടത്തിൽ വെച്ചു തന്നെ തരം തിരിക്കേ തും ഓരോന്നിനുമായി നിഷ്കർഷിക്കപ്പെട്ട പ്രത്യേക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാർജ്ജനം അത്യന്താപേക്ഷിതവുമാണ്.
- ❖ ആശുപത്രിയിലെ മാലിന്യ സംസ്ക്കരണത്തിനുള്ള ഏറ്റവും വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ര ് ടെക്നിക്കുകൾ ഇൻസിനെറേഷൻ, ലാൻഡ് ഫില്ലിംഗ് എന്നിവയാണ്.
- ❖ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് & ഹാർഡ്ലിംഗ് റൂൾസ് 2016 അനുസരിച്ചു മാലിന്യം ട്രീറ്റ് ചെയ്യേ തും നിർമ്മാർജ്ജനം ചെയ്യേ തുമാണ്.ഇക്കാര്യത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് പ്രത്യേക ശ്രദ്ധ ചെലുത്തേ താണ്.

പട്ടിക.4.6.8.

ബയോ മെഡിക്കൽ മാലിന്യങ്ങളുടെ ശേഖരണം

മഞ്ഞ	ചുവപ്പ്	നീല	ബ്ലാക്ക്
മനുഷ്യ ശരീരഭാഗങ്ങളും മറ്റും – ഇൻസിനെറേഷൻ	ബ്ലഡ് ബാഗ്, യൂറിൻ ബാഗ് മുതലായവ – ഓട്ടോക്ലാവിങ്ങ്	സൂചികകൾ, മൂർച്ചയേറിയ മറ്റു വസ്തുക്കൾ, ചെറിയ ഭാഗങ്ങളായി മുറിച്ച ശേഷം കെമിക്കൽ ട്രീറ്റുമെന്റും ഓട്ടോക്ലാവിങ്ങും.	ഉപേക്ഷിക്കപ്പെട്ട മരുന്നുകൾ, ഇൻസിനറേറ്റർ ആഷ്, കെമിക്കൽ മാലിനയങ്ങൾ, സെക്യൂർഡ് ലാൻഡ് ഫില്ലുംഗ്.

1998 ൽ ബയോ മെഡിക്കൽ മലിനീകരണ നിയമത്തെ തുടർന്ന് കേരളത്തിലെ ഡോക്ടർമാർ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എന്ന സംഘടനയുടെ ബാനറിൽ സ്ഥാപിച്ച ഒരു ജൈവ വൈകല്യ സംസ്കരണ സംവിധാനമായ IMAGE സ്ഥാപിച്ചു. ആശുപത്രികളിൽ നിന്നും വേർതിരിച്ചെടുത്ത ബയോ മെഡിക്കൽ അവശിഷ്ടങ്ങൾ ശാസ്ത്രീയമായ നിർമ്മാർജ്ജനത്തിനായി പാലക്കാടുള്ള ഇമേജിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്നു. BMW നിയമങ്ങൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട ജില്ലയിലെ കുറച്ചു ആശുപത്രികളിൽ മാലിന്യ നിർമ്മാർജ്ജന

ത്തിനായി സ്വന്തം നിലയ്ക്ക് ചില അംഗീകരിക്കപ്പെട്ട മാർഗ്ഗങ്ങൾ സ്ഥാപിച്ചിട്ടു ്. വയനാട്ടിലെ ആരോഗ്യപരിരക്ഷാ സൗകര്യങ്ങളുടെ എണ്ണം ഹെൽത്ത് സെന്ററുകൾ അടക്കം 188 ആണ്. ഇവ യിൽ 14 എണ്ണം എല്ലാ പ്രൈമറി സെക്ക റി ടെറഷ്യറി ട്രീറ്റ്മെന്റ് സംവിധാനങ്ങളോട് കൂടിയ മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്ന 50 ബെഡിൽ കൂടുതൽ ഇൻ പേഷ്യന്റ് സൗകര്യമുള്ള വൻകിട ആശുപത്രികളാണ്. ബാക്കി വരുന്ന 174 എണ്ണം ക്ലിനിക്കുകൾ, ചെറുകിട ആശുപത്രികൾ, ലാബുകൾ, എന്നിവയാണ്. ഇവക്കെല്ലാം തന്നെ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്ന് സാധുതയുള്ള സമ്മത പത്രവും, അവശ്യ മലിനീകരണ നിയ ന്ത്രണ സംവിധാനങ്ങളും നിലവിലു ്. 155 ഹെൽത്ത് കെയർ സംവിധാനങ്ങൾക്ക് IMAGE അഫിലിയേഷൻ ഉ ്. മറ്റുള്ളവയ്ക്ക് ബോർഡ് നിഷ്കർഷിക്കുന്ന രീതിയിലുള്ള സ്വന്തമായ മാലിന്യ സംസ്കരണ ഉപാധികളു ്.

4.6.4.1.7 വായുമലിനീകരണം

- ഒരു രാസവസ്തു, നാഡീദ്രവ്യ വസ്തു (particulate matter) അല്ലെങ്കിൽ ജൈവശാസ്ത്ര പരമായ വസ്തുവിന്റെ ആധിക്യം മുഖേന അന്തരീക്ഷത്തിന്റെ പ്രകൃത്യാലുള്ള സ്വഭാവ സവിശേഷതകളിൽ പ്രതികൂലമായ മാറ്റമു ാക്കുന്ന അവസ്ഥയാണ് വായു മലിനീകര ണം.
- ഭൂമിയിലെ ജീവന്റെ നിലനിൽപ്പിനെ സഹായിക്കാൻ അത്യന്താപേക്ഷിതമായ ഒരു സങ്കീർണ്ണവും ചലനാത്മകവുമായ പ്രകൃതി വാതക വ്യവസ്ഥയാണ്അന്തരീക്ഷം.
- വായു മലിനീകരണം മൂലം ഉ ാകുന്ന ഓസോൺ പാളിയുടെ ശോഷണം, മനുഷ്യന്റെ ആരോഗ്യത്തിനും, ഭൗമ ആവാസ വ്യവസ്ഥയ്ക്കും, സാരമായ ഭീഷണിയായിട്ടു ്.
- ലോകമാസകലം വായുമലിനീകരണം അനേകം മരണങ്ങൾക്കും ശ്വാസകോശ രോഗ ങ്ങൾക്കും കാരണമാകുന്നു. വായുമലിനീകരണത്തിന്റെ പ്രധാന സ്രോതസ്സുകൾ പല പ്പോഴും വാതക ഉദ്വമനം, പ്രധാനമായും ഓട്ടോമൊബൈൽ ആണ്.
- ആഗോള താപനത്തിന് സഹായിക്കുന്ന കാർബൺഡൈ ഓക്സൈഡ് പോലുള്ള വാതക ങ്ങൾ വായു മലിനീകരണത്തിന് കാരണമാകുന്നതായി ശാസ്ത്രജ്ഞന്മാർ അംഗീകരിച്ചി ട്ടു ്.
- സസ്യങ്ങളുടെയും ജന്തുക്കളുടെയും (മനുഷ്യരുൾപ്പെടെ) ആരോഗ്യത്തെ തടസ്സപ്പെടു ത്തുകയും അല്ലെങ്കിൽ കാഴ്ചശക്തി കുറക്കുകയും ചെയ്യുന്ന ധാരാളം വസ്തുക്കൾ അന്തീക്ഷത്തിലേക്ക് പുറന്തള്ളപ്പെടുന്നു. ഇവ സ്വാഭാവിക പ്രക്രിയകളിൽ നിന്നും മനു ഷ്യ പ്രവർത്തനങ്ങളിൽ നിന്നും ഉ ാകുന്നതാണ്.

പൊല്യൂട്ടന്റുകളെ ര ായി തരംതിരിക്കാം

മനുഷ്യനോ, ആവാസവ്യവസ്ഥയ്ക്ക് തന്നെയോ ഹാനികരമായി ബാധിക്കുന്ന വായുവിലെ പദാർത്ഥങ്ങളാണ് അന്തരീക്ഷമലിനീകാരികൾ (പൊല്യൂട്ടൻസ്)

പട്ടിക.4.6.9.
പൊല്യൂട്ടൻസ്

പ്രാഥമികം	ദ്വിതീയം
ഒരു അഗ്നിപർവ്വത സ്ഫോടനത്തിൽ നിന്നുള്ള ചാരമോ അല്ലെങ്കിൽ മോട്ടോർ വാഹനത്തിൽ നിന്നുള്ള കാർബൺമോണോക്സൈഡ് വാതക വികിരണം പോലെയുള്ള ഒരു പ്രക്രിയയിൽ നിന്ന് നേരിട്ട് പ്രസരിപ്പിക്കുന്ന പദാർത്ഥങ്ങളാണ് പ്രാഥമിക മാലിന്യങ്ങൾ.	ദ്വിതീയ മാലിന്യങ്ങൾ നേരിട്ട് പുറത്തുപോകാറില്ല. മറിച്ച്, പ്രാഥമിക മാലിന്യങ്ങൾ തമ്മിൽ പ്രവർത്തിച്ചോ അല്ലെങ്കിൽ സംവദിക്കുമ്പോഴോ അവ നിർമ്മിക്കപ്പെടുന്നു. ദ്വിതീയ മാലിന്യത്തിന്റെ ഒരു പ്രധാന ഉദാഹരണം ഗ്രൗ ് ലെവൽ ഓസോൺ ആണ് ഫോട്ടോകെമിക്കൽ സ്മോഗ് നിർമ്മിക്കുന്ന പല ദ്വിതീയ മാലിന്യങ്ങളിൽ ഒന്ന്.

മനുഷ്യ പ്രവർത്തനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പ്രധാന പ്രാഥമികമാലിന്യങ്ങൾ

- സൾഫർ ഓക്സൈഡ്സ് (SOx) പ്രത്യേകിച്ച് സൾഫർ ഡൈ ഓക്സൈഡ് കൽക്കരിയും എണ്ണയും കത്തുന്നതിൽ നിന്നും ഉദ്വമിക്കുകയാണ്.
- നൈട്രജൻ ഓക്സൈഡുകൾ (NOx) പ്രത്യേകിച്ച് നൈട്രജൻ ഡൈ ഓക്സൈഡ് ഉയർന്ന താപനിലയിലുള്ള ജ്വലന പ്രക്രിയയിൽ നിന്നും പുറപ്പെടും.
- കാർബൺ മോണോക്സൈഡ് വർണ്ണ രഹിതവും, മണമുള്ളതും, രൂക്ഷമല്ലാത്തതും, വിഷവാതകവുമാണ്.
- പ്രകൃതിവാതകം, കൽക്കരി, മരം തുടങ്ങിയ ഇന്ധനങ്ങളുടെ അപൂർണ്ണമായ ജ്വലനത്തിന്റെ ഉൽപ്പന്നമാണ്.
- കാർബൺ മോണോക്സൈഡിന്റെ ഒരു പ്രധാന ശ്രോതസ്സാണ് വാഹന ഉദ്വമനം.
- കാർബൺ ഡൈ ഓക്സൈഡ് (CO2), ജ്വലനം, ശ്വസനം മുതലായവയിൽ നിന്നുള്ള ഹരിതഗൃഹ വാതകമാണ്.
- പർട്ടിക്കുലേറ്റ് മാറ്റർ (pm) പുകയിലും പൊടിയിലും ആണ് കണക്കാക്കുന്നത്. അളവ് (PM 10, PM 2.5) PM 2.5 ന് 2.5µm പരമാവധി കണികാ വലിപ്പം ഉ ്. ഇത് ബ്രോങ്കുസിലും ശ്വാസകോശങ്ങളിലും പ്രവേശിക്കും.
- ലെഡ്, കാഡ്മിയം, ചെമ്പ് എന്നിവ പോലുള്ള വിഷ വസ്തുക്കൾ, ക്ലോറോഫ്ളൂറോ കാർബണുകൾ, കാർഷിക പ്രക്രിയകളിൽ നിന്നും പുറത്തുവരുന്ന അമോണിയ (NH3),വ്യാവസായിക വാതക മാലിന്യങ്ങൾ, ആണവ സ്ഫോടനങ്ങൾ, യുദ്ധ സ്ഫോടക വസ്തുക്കൾ, റേഡിയൻ പോലുള്ള പ്രകൃതി പ്രക്രിയകൾ എന്നിവ ഉ ാക്കുന്ന റേഡിയോ ആക്ടീവ് മലിനീകരണം എന്നിവയെല്ലാം പ്രാഥമിക മാലിന്യങ്ങൾക്ക് ഉദാഹരണങ്ങളാണ്.

4.6.41.8 സെക്ക റി (ദ്വിതീയ) മാലിന്യങ്ങളിൽ ഉൾപ്പെടുന്നവ

ഫോട്ടോകെമിക്കൽ സ്മോഗിലെ നൈട്രജൻ ഡൈ ഓക്സൈഡ് പോലെയുള്ള പ്രാഥമിക വാതക മാലിന്യങ്ങൾ, സംയുക്തങ്ങൾ തുടങ്ങിയവ. NOx ൽ നിന്നും VOC ൽ നിന്നും രൂപം കൊ ഗ്രൗ ് ലെവൽ ഓസോൺ NOx, VOC എന്നിവയിൽ നിന്നും രൂപം കൊ പെറോക്സി അസറ്റൽ നൈട്രേറ്റ് (PAN);

വായുമലിനീകരണത്തിനുള്ള നിയന്ത്രണം

- വായു മലിനീകരണം ര ് അടിസ്ഥാന സമീപനങ്ങളാൽ ഫലപ്രദമായി നിയന്ത്രിക്കാം –പ്രിവന്റീവ് ടെക്നിക്കുകളും, എഫ്ളൂവന്റ് നിയന്ത്രണവും.
- സ്ക്രബ്ബറുകൾ, ഡ്രൈ & വൈറ്റ് കളർ ക്വർസ് ഫിൽട്ടറുകൾ, ഇലക്ട്രോസ്റ്റാറ്റിക് പ്രസിപിറ്ററുകൾ മുതലായവ ഉപകരണങ്ങൾ ഫലപ്രദമായ മാർഗ്ഗങ്ങളിൽ ഉപയോഗിക്കുക.

- കെട്ടിടങ്ങളിൽ നിന്നും പുകമാലിന്യ ഡിസ്ചാർജ്ജ് പുകക്കുഴലുകൾ വഴി സാധ്യമാവുന്നത്ര ഉയർന്ന നിലയിൽ എത്തിക്കുക.
- ഭൂപ്രകൃതിയും കാറ്റിന്റെ ദിശയും പരിഗണിച്ച് മലിനീകരണപ്രത്യാഘാതങ്ങൾ കുറക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വ്യവസായങ്ങൾ ശ്രദ്ധിക്കണം.

വായുമലിനീകരണം – വയനാട്ടിൽ

NO2, SO2, CO, ക്ലോറിൻ പോലെയുള്ള മലിനീകരണവാതകങ്ങൾ വ്യവസായങ്ങൾ ഉൽപ്പാദിപ്പിക്കുന്നില്ല. ബോയിലറികളിൽ ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നില്ല. വിറകുകൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ഡി ജി. സെറ്റുകൾ, ഇൻസിനെറേറ്ററുകൾ എന്നിവയിൽ നിന്ന് പുറപ്പെടുന്ന പുക, മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള പുക, ഖരമാലിന്യങ്ങൾ കത്തിക്കുന്നത്, ഡ്രയിംഗ്, അടക്ക സംസ്കരണം, ഖനനം, ക്രഷിങ്ങ് പ്രവർത്തനങ്ങൾ എന്നിവയാണ് വായു മലിനീകരണത്തിന്റെ പ്രധാന കാരണം. വായുമലിനീകരണമു ാക്കുന്ന വലിയ തോതിലുള്ള വ്യവസായങ്ങൾ ഈ ജില്ലയിൽ ഇല്ല. വായുമലിനീകരണമു ാക്കുന്ന വ്യവസായങ്ങൾക്ക്, നിയന്ത്രണ സംവിധാനമെന്ന നിലയിൽ, ആവശ്യത്തിന് സ്റ്റാക്ക് ഉയരം, ഡസ്റ്റ് സപ്രഷൻ സംവിധാനം, വാട്ടർ സ്പ്രിങ്ക്ളർ സംവിധാനം, വാട്ടർ സ്ക്രബ്ബർ തുടങ്ങിയ മറ്റ് മലിനീകരണ നിയന്ത്രണ ഉപാധികൾ, എന്നിവ സംവിധാനിച്ചിട്ടു ്.

പട്ടിക.4.6.10.

വയനാട്ടിൽ വായു മലിനീകരണം സൃഷ്ടിക്കുന്ന പ്രധാന വ്യവസായങ്ങൾ

ചുവന്ന കാറ്റഗറി	ഓറഞ്ച് കാറ്റഗറി
ആശുപത്രികൾ, ഡയറി യൂണിറ്റുകൾ, ക്രാഷറുകൾ, ക്വാറി, ഡീസൽ ജനറേറ്റർ സെറ്റുകൾ	ഹോളോ ബ്രിക് / ഇന്റർലോക്സ് നിർമ്മാണ യൂണിറ്റുകൾ, ടീ ഫാക്ടറി, ടയർ റീസസിംഗ് യൂണിറ്റുകൾ, ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ.
വായു മലിനീകരണം ഉ ാക്കുന്ന ഏറ്റവും കൂടുതൽ ചുവന്ന കാറ്റഗറി വ്യവസായങ്ങൾ സുൽത്താൻ ബത്തേരി താലൂക്കിലും, കുറവ് മാനന്തവാടി, താലൂക്കിലും ആണെന്ന് കാണാം.	വായു മലിനീകരണം ഉ ാക്കുന്ന ഓറഞ്ച് വിഭാഗ യൂണിറ്റുകൾ ഏറ്റവും കൂടുതൽ മാനന്തവാടി താലൂക്കിലും കുറവ് വൈത്തിരി താലൂക്കിലും ആണെന്നും കാണാം.

ജില്ലയിൽ വായു മലിനീകരണം ഉ ാക്കുന്ന വ്യവസായങ്ങളുടെ താലൂക്ക്തല വിന്യാസം

ചിത്രം.4.9.10



പട്ടിക.4.6.11.

ശബ്ദമലിനീകരണം – വയനാട്

ഉറവിടങ്ങൾ/സ്രോതസ്സുകൾ	നിയന്ത്രണങ്ങൾ/ടെക്നിക്കുകൾ (ശബ്ദനിയന്ത്രണ രീതികൾ)
ഗതാഗത ഉറവിടങ്ങളിൽ നിന്നുള്ള, പ്രധാനമായും മോട്ടോ വാഹനങ്ങള ആണ് ശബ്ദമലിനീകരണത്തിന്റെ പ്രധാന ഘടകം. ഡീസൽ ജനറേറ്റർ സെറ്റുകൾ, സ്റ്റോൺ ക്രഷറുകൾ, ക്വാറി & നിർമ്മാണ പ്രവർത്തന യൂണിറ്റുകൾ	• ഉറവിടത്തിൽ ശബ്ദം കുറയ്ക്കൽ. • ശബ്ദത്തിന്റെ പാതതടയുന്നു • ശബ്ദത്തിന്റെ പാത നീളം വർദ്ധിപ്പിക്കുക. • വ്യവസായങ്ങൾ ഉ ാക്കുന്ന ശബ്ദശല്യം കുറ ക്കുന്നതിന് ചുറ്റും ഗ്രീൻ ബെൽറ്റ് നൽകുന്നു. • ഓപ്പറേറ്റിംഗ് യന്ത്രങ്ങളുടെ പതിവ് അറ്റകുറ്റപ്പണി കൾ നടത്തുന്നതിലൂടെ ശബ്ദമലിനീകരണ സാധ്യതകൾ കുറക്കുക • ശബ്ദത്തിന്റെ പാത്ത് ദൈർഘ്യം വർദ്ധിപ്പി ക്കാൻ, ശബ്ദമുയർത്തുന്ന വ്യവസായങ്ങൾ, അടുത്തുള്ള വസതികളിൽ നിന്നും മറ്റു സെൻസിറ്റീവ് മേഖലകളിൽ നിന്നും കൃത്യമായ ദൂരം– മാനദണ്ഡങ്ങൾ സൂക്ഷിക്കുക. • നിർമ്മാണ സൈറ്റുകളിലെ ശബ്ദ നിലകൾ ശരി യായ നിർമ്മാണ ആസൂത്രണവും ഷെഡ്യൂളിംഗ് രീതികളും ഉപയോഗിച്ച് നിയന്ത്രിക്കുക. • ആവശ്യത്തിന് സസ്യങ്ങളും കർട്ടൻ മരങ്ങളും വ്യവസായ ശാലകൾക്ക് ചുറ്റും വെച്ചുപിടിപ്പിക്കു ന്നതിലൂടെ ശബ്ദ മലിനീകരണ സാധ്യതകൾ വളരെ ഫലപ്രദമായി കുറക്കുവാൻ സാധിക്കും.

മുനിസിപ്പൽ ഖരമാലിന്യ പരിപാലനം

ആഭ്യന്തര, വാണിജ്യ, വ്യാവസായിക, ആരോഗ്യസംരക്ഷണ, കാർഷിക, ധാതു സംസ്കരണ, വ്യാപര പ്രവർത്തനങ്ങൾ എന്നിവയിലൂടെയും മറ്റും തെരുവുകളിലും പൊതുസ്ഥലങ്ങളിലും അടിഞ്ഞു കൂടുന്ന മാലിന്യങ്ങളാണ് മുനിസിപ്പൽ ഖരമാലിന്യം. ''ഗാർബേജ്'', ''ട്രാഷ്'', ''ഡൈസ്'', ''റബ്ബിഷ്''എന്നീ പദങ്ങൾ ചില ഖരമാലിന്യങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു.

4.6.4.1.9. MSW-മുൻസിപ്പൽ സോലിഡ് വേസ്റ്റസ് (മാനേജ്മെന്റ് & ഹാൻഡ്ലിംഗ്) നിയമം 2000– ന്റെ മുഖ്യ സവിശേഷതകൾ.

1. ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനവും മുനിസിപ്പൽ ഖരമാലിന്യത്തിന്റെ ശേഖരണം, സംഭരണം, സംവഹനം, സംസ്കരണം, നിർമ്മാർജ്ജനം മുതലായ അടിസ്ഥാന സൗകര്യ വികസനത്തിന് ഉത്തരവാദിയാണ്.
2. ഷെഡ്യൂൾ 2 നിയമങ്ങൾ അനുസരിച്ച് MSW മാനേജ്മെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളാൽ, നിയന്ത്രിക്കപ്പെടും. MSW ശേഖരണത്തിനും, വേർതിരിക്കലിനും സംഭരണ

ത്തിനും, സംവഹന സംവിധാനത്തിനും, കൈമാറ്റം ചെയ്യാനുമുള്ള അനുഗുണ മാനദ ണ്ഡങ്ങൾ ഷെഡ്യൂൾ 2 വ്യക്തമാക്കുന്നു.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് സ്ഥാപിക്കുന്ന സംവിധാന ങ്ങളും സംസ്കരണ സൗകര്യങ്ങളും അല്ലെങ്കിൽ ഒരു സൗകര്യത്തിന്റെ ഓപ്പറേറ്റർ വഴി സ്ഥാപിക്കുന്ന സംവിധാനങ്ങളും സംസ്കരണ സൗകര്യങ്ങളും, ഷെഡ്യൂൾ 3, ഷെഡ്യൂൾ 4 എന്നിവയിൽ പറഞ്ഞിരിക്കുന്നതുപോലെ ഉള്ള സ്പെസിഫിക്കേഷനുകളും മാനദണ്ഡ ങ്ങളും പാലിക്കണം. ഷെഡ്യൂൾ 3 ലാന്റ് ഫില്ലിംഗ് സ്ഥലങ്ങളുടെ പ്രത്യേകതകളാണ്. ഡ്യൂൾ 4 കമ്പോസ്റ്റിംഗ്, ഇൻസിനെറേഷൻ, ലീച്ചേറ്റ് സംസ്കരണം എന്നിവയുടെ മാനദ ണ്ഡങ്ങളാണ്.
4. റൂൾസ് അഞ്ചാം വകുപ്പിന് അനുസൃതമായി സ്വന്തം അധികാരപരിധിയിൽ വരുന്ന പ്രദേശ ങ്ങളിൽ മുനിസിപ്പൽ ഖരമാലിന്യപരിപാലന നിയമങ്ങൾ വ്യവസ്ഥാപിതമായി നടപ്പിലാക്കു ന്നതിന് ജില്ലാകലക്ടർക്ക് മൊത്തമായ ഉത്തരവാദിത്തമു ്.

4.6.4.1.10. വിവിധ മുനിസിപ്പൽ ഖരമാലിന്യ നിർമ്മാർജ്ജന രീതികൾ

1. ലാന്റ് ഫില്ലിംഗ് – മുനിസിപ്പൽ ഖരമാലിന്യങ്ങൾ, വ്യാവസായിക മാലിന്യങ്ങൾ, നിർമ്മാണ നശീകരണ പ്രവർത്തനങ്ങളിലെ മാലിന്യങ്ങൾ.

2. ജ്വലനം / ഇൻസിനെറേഷൻ – മാലിന്യങ്ങളുടെ വ്യാപ്തം കുറയുന്നതിന്

3. കമ്പോസ്റ്റിംഗ്/ബയോഗ്യാസ് നിർമ്മാണം – മാലിന്യങ്ങളിൽ നിന്ന് വളം നിർമ്മിക്കുന്നു/ ജൈവവാതകം നിർമ്മിക്കുന്നു.

പട്ടിക.4.6.12.

വയനാട്ടിലെനഗരഖരമാലിന്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ

തദ്ദേശസ്വയം ഭരണ സ്ഥാപന ങ്ങൾ	വിസ്തീർണ്ണം ഏക്കറിൽ	പ്രതിദിന മാലിന്യം (ടൺ/ദിനം)	മാലിന്യ നിർമ്മാർജ്ജന രീതി
കൽപ്പറ്റ മുനിസി പ്പാലിറ്റി	വെള്ളാരംകുന്നിൽ 8 ഏക്കർ	8	മാലിന്യങ്ങൾ തരംതിരിക്കാതെ സംഭരിക്കുന്നു. ട്രക്കുകളിൽ മാലി ന്യങ്ങളുടെ സംഭരണത്തിനും സംവഹനത്തിനുമായി 19 rcc ബിന്നുകൾ ഉ ്. ട്രെഞ്ചിങ്ങും തുറന്ന സ്ഥലത്തെ കത്തിക്കലും ചെയ്തുവരുന്നു.
കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്	കണയാമ്പറ്റയിൽ 1 ഏക്കർ	1	ജനകീയ പ്രക്ഷോഭം കാരണം വിൻഡോ കമ്പോസ്റ്റിംഗ് പദ്ധതി നടപ്പാക്കൽ നടന്നിട്ടില്ല.
സുൽത്താൻ ബത്തേരി ഗ്രാമപ ഞ്ചായത്ത്	കരിവള്ളിക്കുന്നിൽ അര ഏക്കർ	8	ഇൻസിനറേറ്ററും ബയോഗ ്യാസ് പ്ലാന്റുമു ്
മാനന്തവാടി ഗ്രാമ പഞ്ചായത്ത്	സ്വന്തമായി സ്ഥല മില്ല. താഴെയങ്ങാടി ഹൗസിംഗ് ബോർഡിന്റെ 19 ഏക്കറിൽ താൽക്കാലികമായി നിക്ഷേപിച്ചു പോരുന്നു.	7	ഉണക്കിയ മാലിന്യങ്ങൾ കത്തി ക്കുന്നതിനായി 100 കിലോഗ്രാം കപ്പാസിറ്റി ഉള്ള 4 മെറ്റൽ ബാരലു കൾ മാനന്തവാടി കമ്മ്യൂണിറ്റി ഹാളിൽ സംവിധാനിച്ചിട്ടു ്.

4.6.4.3.1.11 പ്ലാൻ സ്കീം പ്രൊജക്ട് – ഉപരിതല/ഭൂഗർഭ–ജല വിഭവങ്ങളുടെ നിരീക്ഷണം

സാമ്പിൾ വോള്യം അനലിറ്റിക് ആവശ്യങ്ങൾക്ക് മതിയായതും, എന്നാൽ സംവഹനം എളുപ്പമാക്കും വിധം കുറഞ്ഞ അളവിലും ആയിരിക്കും. കൃത്യമായ ഡാറ്റ ശേഖരണം, ട്രാക്കു ചെയ്യൽ, സംരക്ഷിക്കൽ ടെക്നിക്കുകൾ എന്നിവയിൽ കൂടുതൽ ഊന്നൽ നൽകികൊ ് , ഡാറ്റയുടെ കൃത്യതയ്ക്കും പ്രതിനിധികൾക്കുമായി പരിശോധിച്ചുകൊ ് , ഒരു സാംപ്ലിംഗ് പ്രോഗ്രാം ആസൂത്രണം ചെയ്യണം. ആയതിന് ലബോറട്ടറി ഉദ്യോഗസ്ഥർ സഹായം വേണം. ജില്ലയിലെ പൂക്കോട് തടാകം, കബനി നദി, കാരാപ്പുഴ നദി, മണ്ണിയങ്കോട് നദി, ചില റഫറൻസ് പബ്ലിക് കിണറുകളും, ടാപ്പുകളും എന്നിവയിൽ നിന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ലബോറട്ടറിയിൽ നിന്ന് പ്രതിമാസ സാമ്പിളുകൾ ശേഖരിച്ചു ജലശ്രോതസ്സുകളുടെ ഗുണ മേന്മ വിശകലനം ചെയ്തുവരുന്നു. സാംപ്ലിംഗ് ലക്ഷ്യം പ്രതിനിധി മാതൃക ശേഖരിക്കലാണ്. മാതൃകാപരമായ സാമ്പിൾ എന്നാൽ എല്ലാ ഘടകങ്ങളുടെയും ആപേക്ഷിക അനുപാതമോ അല്ലെങ്കിൽ സാന്ദ്രതയോ അടിസ്ഥാനമാക്കിയുള്ള സാമ്പിൾ വസ്തുവായിരിക്കും. കൂടാതെ പരിശോധനകൾ നടത്തുന്നതിനു മുമ്പ് സാംപിളിന്റെ ഘടനയിൽ കാര്യമായ മാറ്റങ്ങളൊന്നും ഉ ാകാത്ത വിധത്തിൽ മാതൃക കൈകാര്യം ചെയ്യപ്പെടും.

4.6.4.3.1.12 pH മൂല്യം

ഹൈഡ്രജൻ അയോണിന്റെ സാന്ദ്രതയുടെ നെഗറ്റീവ് ലോഗരിതം ആയി pH കണക്കാ ക്കുന്നു. ഒരു നിശ്ചിത താപനിലയിൽ, ഒരു ദ്രാവകത്തിന്റെ ക്ഷാരതയോ അമ്ലതയോ അളക്കപ്പെ ടുന്നത് pH അല്ലെങ്കിൽ ഹൈഡ്രജൻ അയോണിന്റെ കോൺസൺട്രേഷനെ അടിസ്ഥാനമാക്കി യാണ്. വെള്ളം, മലിനജല ശുദ്ധീകരണം, മാലിന്യ നിർമ്മാർജനം എന്നിവ കൈകാര്യം ചെയ്യുന്ന ഓരോ ഘട്ടത്തിലും pH ആശ്രിതത്വം ഉള്ളതിനാൽ ഏറ്റവും പ്രധാനപ്പെട്ടതും പതി വായി ഉപയോഗിക്കുന്നതുമായ പരിശോധനാ രീതിയാണ് pH അളവെടുക്കൽ.

പട്ടിക.4.6.13.

pH മൂല്യം 0 മുതൽ 7 വരെ	അസിഡിറ്റി കുറയുന്നു
pH മൂല്യം 7 മുതൽ 14 വരെ	ആൽക്കലിനിറ്റി കൂടുന്നു
pH മൂല്യം 7	നിഷ്പക്ഷം

സ്വാഭാവിക ജലത്തിന്റെ pH സാധാരണയായി 4 മുതൽ 9 വരെയുള്ള പരിധിയിലാണ്. ആൽക്കലി ലോഹങ്ങളുടെയും, ആൽക്കലൈൻ എർത്ത് ലോഹങ്ങളുടെയും, കാർബണൈറ്റുക ളുടെയോ ബൈകാർബണൈറ്റുകളുടെയോ സാന്നിധ്യംകൊ ് , ഇത് അൽപ്പം ക്ഷാരഗുണം കാണിക്കുന്നു. കാർബൺ ഡൈഓക്സൈഡ്/ബൈകാർബണേറ്റ്/കാർബണേറ്റ് സന്തുലിതാവ സ്ഥയിൽ pH മൂല്യം പ്രധാനമായും നിയന്ത്രിക്കപ്പെടുന്നു. ദ്രാവകത്തിന്റെ കെമിക്കൽ, ജൈവഘ ടകങ്ങളിൽ pH പ്രഭാവത്തിന്റെ നിർണത വളരെ പ്രധാനമാണ്.

4.6.4.3.1.13. ബയോകെമിക്കൽ ഓക്സിജൻ ഡിമാന്റ് (BOD)

ബയോകെമിക്കൽ ഓക്സിജന് ഡിമാന്റ് (BOD) എന്നത് പ്രായോഗിക നിലവാരമുള്ള ഒരു അടിസ്ഥാന ലബോറട്ടറി പരീക്ഷണമാണ്. ജലം, മലിനജലം, പാഴ്ജലം എന്നിവയിൽ അടങ്ങിയ ജൈവമാലിന്യങ്ങളുടെ ഏറോബിക് വിഘടനത്തിന് ആവശ്യമായി വരുന്ന ഓക്ജിസന്റെ അളവ് (BOD) നിർണ്ണയിക്കുന്നതിലൂടെ ഈ ജല സാമ്പിളുകളിലെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കാനാകും. ശുദ്ധജല ഉറവിടങ്ങൾ (നദികൾ, തടാകങ്ങൾ), മലിനജലം (ഗാർഹിക വ്യ വസായിക), കടൽജല് (എസ്റ്റ്യൂറീസ്, തീരജലം), എന്നിവയിലെ മലിനീകരണം, ജലശുദ്ധീക

രണ ശേഷി എന്നിവ കണ ത്തുന്നതിനും, മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും BOD നിർണ്ണയം അത്യന്താപേക്ഷിതമാണ്.

പട്ടിക.4.6.14.

ശുദ്ധീകരിക്കാത്ത അംസംസ്കൃത ജലത്തിന്റെ വർഗ്ഗീകരണത്തിനുള്ള ഗൈഡ് ലൈൻ BOD മൂല്യങ്ങൾ താഴെ നൽകിയിരിക്കുന്നു.

ഗുണമേന്മനില വാരം	നിർദ്ദേശിക്കപ്പെട്ട ഏറ്റവും നല്ല ഉപയോഗം	BOD mg/m3
ക്ലാസ് എ	വ്യവസ്ഥ ചെയ്യപ്പെട്ട ട്രീറ്റ്മെന്റ് സംവിധാനമില്ലാതെ തന്നെ ക്ലോറിനേഷൻ നടത്തി കുടിവെള്ളമായി ഉപയോഗിക്കാം.	രണ്ടോ അതിൽ കുറവോ
ക്ലാസ് ബി	വ്യവസ്ഥ ചെയ്യപ്പെട്ട ട്രീറ്റ്മെന്റ് സംവിധാനത്തോടൊപ്പം ക്ലോറിനേഷനും നടത്തി കുടിവെള്ളമായി ഉപയോഗിക്കാം	മൂന്നോ, അതിൽ കുറവോ

4.6.4.3.1.14. കെമിക്കൽ ഓക്സിജൻ ഡിമാൻഡ് (COD)

ശക്തിയേറിയ ഒരു രാസ ഓക്ഡിഡന്റിന്റെ സഹായത്തോടെ വിഘടനം നടക്കാവുന്ന ജൈവ മാലിന്യങ്ങളുടെ ഓക്സിജൻ ആവശ്യകതയാണ് കെമിക്കൽ ഓക്സിജൻ ഡിമാൻഡിലൂടെ നിർണ്ണയിക്കുന്നത്. സ്ട്രീമുകളുടെയും മലിനമായ ജലശേഖരണങ്ങളുടെയും ജൈവമായ ബലങ്ങൾ (Organic strength) അളക്കുന്നതിനുള്ള വളരെ പ്രധാനപ്പെട്ട ഒരു ദ്രുതഗതിയിലുള്ള അളവുകോലാണ് COD. മലിനജല ശുദ്ധീകരണ ശാലകളുടെ പ്രവർത്തന വിലയിരുത്തൽ പഠിക്കാനും താരതമ്യേന മലിനീകരണം ഉണ്ടാക്കുന്ന ജലശേഖര നിരീക്ഷണത്തിനും ഈ ടെസ്റ്റ് ഉപകാരപ്രദമാണ്. ബി.ഒ.ഡി. ഡിറ്റർമിനേഷനിൽ സി.ഒ.ഡി. നിർണ്ണയത്തിന് മുൻഗണനയുണ്ട്. ബി.ഒ.ഡി. ടെസ്റ്റിനുള്ള 3–5 ദിവസങ്ങളെ അപേക്ഷിച്ച് 3–4 മണിക്കൂറിൽ സി.ഒ.ഡി. ഫലം ലഭിക്കും. കൂടാതെ, പരിശോധന വളരെ ലളിതമാണ്. കൃത്യമായതും ബി.ഒ.ഡി. പരിശോധനയിൽ സംഭവിക്കുന്നത് പോലെയുള്ള ഇടപെടലുകളാൽ ബാധിക്കപ്പെടാത്തതുമാണ്.

പട്ടിക.4.6.15.

മൈക്രോബയോളജിക്കൽ അനാലിസിന്

ജലജന്യമായ രോഗകാരികൾക്ക് കാരണം	ജലജന്യമായ പകർച്ചാവ്യാധികൾക്ക് കാരണം
മുറിവേൽക്കപ്പെട്ട ചർമ്മം, കണ്ണുനീർ, മറ്റു മ്യൂക്കസ് ദ്രവ്യങ്ങൾ, ശ്വസനം മുതലായവ	കുടിവെള്ള ശ്രോതസ്സുകളുടെ മലിനീകരണം, നീന്തൽ, ബോട്ടിംഗ്, ഹൈക്കിങ്ങ്, ക്യാമ്പിംഗ്, കുളി മുതലായവ

ജലം ഉപയോഗിക്കുന്ന വിനോദോപാധികളിൽ ജലത്തിന്റെ മലിനീകരണം മുഖേനയും മനുഷ്യർ അപകടാവസ്ഥയിൽ എത്തിച്ചേരുന്നു. രാസ മലിനീകരണവസ്തുക്കളുടെ അളവിനെ സംബന്ധിച്ചിടത്തോളം അനുവദനീയ പരിധികൾ നിശ്ചയിക്കുന്നത് താരതമ്യേന എളുപ്പാണെന്നിരിക്കെ, സൂക്ഷ്മാണു മാലിന്യങ്ങളുടെ അളവിനെ സംബന്ധിച്ച് താഴെപറയുന്ന കാരണങ്ങളാൽ ഇത് കൂടുതൽ ബുദ്ധിമുട്ടേറിയതാണ്.

1. പല രോഗകാരികളായ സൂക്ഷ്മാണുക്കളെയും തിരിച്ചറിയുന്നതിനുള്ള സംവിധാനം ഇനിയും നിലവിലില്ല.
2. ദിവസങ്ങൾ മുതൽ ആഴ്ചകളോളം നീണ്ടുനിൽക്കാത്തിരിപ്പ് ഫലപ്രാപ്തിക്കായി വേണ്ടി വരുന്നു.

3. പ്രത്യേകതരം രോഗകാരികളെ കണ്ടെത്തുന്നതിനും അളവു നിർണ്ണയിക്കുന്നതിലും ചെലവേറിയതും സമയ ദൈർഘ്യമേറിയതുമായ രീതികളെ ആശ്രയിക്കേണ്ടിവരുന്നു.

ഈ പ്രതിസന്ധികളെ മറികടക്കാൻ , 19–ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽക്ക് സൂചകങ്ങളായ ഇൻഡിക്കേറ്റർ ജീവികളുടെ സാന്നിധ്യം ജലസാമ്പിളുകളിൽ പരിശോധിക്കുന്ന രീതി നിലവിൽ വന്നു. വെള്ളത്തിന്റെ മലിനീകരണതോത് വിലയിരുത്തുന്നതിന് ഈ ആശയം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ജലത്തിൽ അടങ്ങിയിരിക്കുന്ന ചില രോഗകാരികളല്ലാത്ത ബാക്ടിരിയകൾ ലളിതമായി വേർതിരിക്കാനും ലളിതമായ ബാക്ടീരിയോളജിക്കൽ രീതികൾ ഉപയോഗിച്ച് അളക്കാനും സാധിക്കും എന്ന ആശയം ആവിഷ്കരിക്കപ്പെട്ടു. ജലത്തിൽ ഈ ബാക്ടീരിയയുടെ സാന്നിധ്യം ജലത്തിൽ വിസർജ്ജ്യവസ്തുക്കളുടെ സാന്നിധ്യം സ്ഥിരീകരിക്കുകയും മറ്റു എന്റിക് ബാക്ടീരിയകളുടെ സാന്നിധ്യം കൂടി ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇൻഡിക്കേറ്റർ ജീവികൾക്കുള്ള അവശ്യ മാനദണ്ഡങ്ങൾ ചുവടെയുള്ള ബോക്സിൽ നൽകിയിരിക്കുന്നു.

4.6.4.3.1.15. ഇൻഡിക്കേറ്റർ ജീവികൾക്കുള്ള മാനദണ്ഡങ്ങൾ

- എല്ലാത്തരം ജലത്തിനും ഉപകാരപ്രദമായിരിക്കണം
- എന്റിക് രോഗകാരിയുടെ സാന്നിധ്യമുള്ള മലിനജലത്തിൽ ഇൻഡിക്കേറ്റർ ജീവിയും ഉണ്ടായിരിക്കണം.
- എന്റിക് രോഗകാരിയേക്കാൾ ന്യായമായ അതിജീവന സമയം ഇൻഡിക്കേറ്റർ ജീവിക്ക് ഉണ്ടായിരിക്കണം.
- വെള്ളത്തിൽ വർദ്ധിക്കാൻ പാടില്ല.
- ജീവജാലത്തെ നിരീക്ഷിക്കുന്നതിനുള്ള പരീക്ഷണ രീതി നടപ്പിലാക്കുന്നത് വളരെ എളുപ്പമായിരിക്കണം.
- ജലത്തിലെ വിസർജ്യ വസ്തുക്കളുടെ സാന്നിധ്യവും ഇൻഡിക്കേറ്റർ ജീവികളുടെ എണ്ണവും തമ്മിൽ സാരമായ ബന്ധമുണ്ടായിരിക്കണം.
- മനുഷ്യനിലേയും ഉഷ്ണരക്ത ജീവികളിലെയും കുടലിലുള്ള സൂക്ഷ്മാണു ജീവികളിൽ ഒരു അംഗമായിരിക്കണം.

4.6.4.3.1.16. കോളിഫോം ബാക്ടീരിയ

എല്ലാ ഏറോബിക്, ഫാക്കൽറ്റേറ്റീവ് അനേറോബിക് ഗ്രാം നെഗറ്റീവ്, നോൺസ് പോർഫോമിങ്ങ് റോഡ് ഷേപ്പ് ബാക്ടീരിയയും കോളിഫോം ബാക്ടീരിയ ഗണത്തിൽപ്പെടും.

സമീപ വർഷങ്ങളിൽ കോളിഫോം ബാക്ടീരിയയുടെയും ഇ കോളിയുടെയും പരമ്പരാഗതമായ നിർവചനത്തിൽ പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കോളിഫോം അല്ലെങ്കിൽ faecal coliform ബാക്ടീരിയയുടെ നിർവ്വചനം അടിസ്ഥാനമായും β ഗാലാക്റ്റോസൈഡസിന്റെ ഒരൊറ്റ എൻസൈമിയുടെ പ്രവർത്തനത്തെ ആശ്രയിച്ചാണിരിക്കുന്നത്. Total Coliform ബാക്ടീരിയയുടെ പുതിയ എൻസൈം നിർവചനം, β ഗാലാക്റ്റോസൈഡസിന്റെ സാന്നിധ്യത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. β ഗ്ലൂക്കോറോണിഡസിന്റെ എൻസൈം പ്രവർത്തനം അടിസ്ഥാനമാക്കിയുള്ളതാണ് E.Coli. കോളിഫോമുകളും E.Coli യും കണ്ടുപിടിക്കുന്നതിനുള്ള വളരെ സെൻസിറ്റീവ് ആയിട്ടുള്ള പ്രത്യേക സാന്നിദ്ധ്യ (പിഎ) ടെസ്റ്റുകള വികസിപ്പിക്കുന്നതിൽ മേൽ പ്രത്യേകത പ്രയോജനപ്പെടുത്തുന്നു.

കുടുവെള്ളത്തിന്റെ സൂക്ഷ്മഗുണനിലവാരം വിലയിരുത്തുന്നതിന് കോളിഫോം ബാക്ടീരിയ ചരിത്രകാലം മുതൽക്ക് ഉപയോഗിച്ചുവരുന്നു. എന്നാൽ 1980 കളിൽ കോളിഫോം ബാക്ടീരിയ രോഗകാരിയായ ജിയാർഡിയ അല്ലെങ്കിൽ എന്റിക് വൈറസിന്റെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നി ല്ലെന്ന് വ്യക്തമായി. ജിയാർഡിയ വൈറസുകൾക്ക് ക്ലോറിനേഷനോടുള്ള അമിത ചെറുത്തു നിൽപ്പു കാരണം നിരവധി ജലജന്യ പകർച്ചാവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതിനു കാരണമായി. കുടിവെള്ളത്തിന്റെ സൂക്ഷ്മ സുരക്ഷ ഉറപ്പാക്കുന്നതിന് ഒരു പുതിയ സമീപനം ആവശ്യമായി വന്നു.

നിലവിൽ ഏറ്റവും സാധ്യതയുള്ള സംഖ്യ (MPN) മെംബ്രെൻ ഫിൽറ്റർ ടെക്നിക് (MF), സാന്നി ധ്യം / അസാന്നിധ്യം (presence/absence) എന്നിവ പരിശോധിക്കുന്നത് ടോട്ടൽ കോളിഫോം കണ ത്താനായി ഉപയോഗിക്കുന്നു.

4.6.4.3.1.17 നിർദേശങ്ങൾ

ജില്ലയിൽ –ആശങ്കയുളവാക്കുന്ന മേഖലകൾ ഉണ ന്ന് മേഖലയിലെ വിശകലനം വ്യ ക്തമാക്കുന്നു. പ്രകൃതി വിഭവങ്ങളെ ജില്ലയുടെ ചുറ്റുപാടുള്ള മേഖലകളിൽ ചൂഷണം ചെയ്യുന്ന തിലൂടെ, ഉയരുന്ന ബഹുനില കെട്ടിട നിർമ്മാണം, റിസോർട്ട് നിർമ്മാണം, വായുമലിനീകരണം, മാലിന്യ സംസ്കരണം, അപര്യാപ്തമായ മുനിസിപ്പൽ മാലിന്യ സംസ്കരണം, ഭൂഗർഭജല മലി നീകരണം എന്നിവയെല്ലാം ഉൾപ്പെടുന്നു.

- ഭൂമി ലഭ്യതയും മാലിന്യ സംസ്കരണവും വനഭൂമി നാശവും കണക്കിലെടുത്തു ഉയർന്ന നിലയിലുള്ള കെട്ടിടനിർമ്മാണത്തിന് കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടു ത്തണം.
- എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പാൽ ഖരമാലിന്യ പരിപാല നത്തിനും സംസ്കരണത്തിനും പ്രഥമ പ്രാധാന്യം നൽകണം.
- ജില്ലയിൽ ഒരു മതിയായ, നന്നായി പദ്ധതി ആവിഷ്കരിച്ച മാലിന്യ പരിപാലന സംവി ധാനം കൊ ുവരുന്നതിനുള്ള നടപടികൾ മണിക്കൂറിന്റെ ഒരു പ്രധാന്യം ആവശ്യം ആണ്.
- ജനസംഖ്യ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, ആപകടകരമായ മാലിന്യങ്ങൾ എന്നിവയുടെ അശാസ്ത്രീയമായ ഉപേക്ഷിക്കൽ, എന്നിവ ശരിയായ ആസൂത്രണവും ചട്ടങ്ങളും കൊ ് നിയന്ത്രിക്കേ താണ്.
- എല്ലാ വ്യവസായങ്ങളിലും, പ്രത്യേകിച്ച് ആശുപത്രികളിലും, മാലിന്യ സംസ്കരണവും ഖരമാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങളും വിജയകരമായി നടപ്പിലാക്കുകയും പ്രവർത്തിക്കുകയും ചെയ്യണം.
- കാറ്റലൈറ്റിക് റിഡക്ഷൻ പോലുള്ള മലിനീകരണ നിയന്ത്രണ നടപടികൾ ഓട്ടോമൊബൈൽ യൂണിറ്റുകളിൽ നിർബന്ധമാക്കണം.
- പൊതു ട്രാഫിക് സംവിധാനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊ ് വാഹന ഗതാ ഗതം നിയന്ത്രിക്കേ തു ്.
- പൊതുജനാരോഗ്യ ബോധവൽക്കരണം ഒരു മുൻഗണനാടിസ്ഥാനത്തിൽ നടത്തണം, സ്കൂൾ തലത്തിൽ നിന്ന് ആരോഗ്യകരമായ പാരിസ്ഥിതിക അവബോധം പൊതുജന ങ്ങൾക്ക് ലഭ്യമാക്കുക.

- കീടനാശിനികളും, രാസവളങ്ങളും ഉൾപ്പെടെ കാർഷിക റൺഓഫ് മാലിന്യങ്ങളിൽ നിന്ന് മണ്ണ്, ജല, മലിനീകരണം നിയന്ത്രിക്കാനും ലഘൂകരിക്കാനും നടപടികൾസ്വീകരിക്കണം.

4.6.5. കാലാവസ്ഥ വ്യതിയാനം വയനാട്ടിൽ

കാലാവസ്ഥ വ്യതിയാനം മനസ്സിലാക്കുന്നതിന് കൃത്യമായ വിവരശേഖരണം വളരെ അത്യാവശ്യമാണ്. ആഗോളതലത്തിൽ കാലാവസ്ഥാവ്യതിയാന ഡാറ്റാസെറ്റുകൾ ലഭ്യമാണെങ്കിലും പ്രാദേശികതലത്തിൽ ഇത്തരം വിവരങ്ങൾ വളരെ കുറച്ച് മാത്രമേ ലഭ്യമാവുന്നുള്ളൂ. അതിനാൽ തന്നെ പ്രാദേശിക കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച വിവരങ്ങൾ ആഗോളതലത്തിൽ നടക്കുന്ന ക്രോഡീകരണപട്ടികയിൽ ലഭ്യമല്ല. വലിയ നഗരങ്ങളും, പ്രത്യേകമായ ഭൂപ്രകൃതിയും അതാത് പ്രദേശത്തെ സസ്യാവരണത്തിലുള്ള വ്യത്യാസങ്ങളും പ്രാദേശികമായി കാലാവസ്ഥയെ ബാധിക്കുന്നവയാണെന്ന്IPCC (Inter Government Panel Committee on Climate Change) തന്നെ നിരീക്ഷിച്ചിട്ടു ്.

വയനാടിന്റെ സവിശേഷമായ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണ് വയനാടിന്റെ പ്രത്യേക കാലാവസ്ഥയും മഴയും അന്തരീക്ഷ ഊഷ്മാവും നിലനിർത്തിയിരുന്നത്. തെക്ക്–പടിഞ്ഞാറൻ ഭാഗത്തുള്ള വൻ മലനിരകളും അതിന്റെ തുടർച്ചയായ നിത്യഹരിത–അർദ്ധ നിത്യഹരിത വനങ്ങളും വയനാടിന്റെ വടക്ക്–കിഴക്കൻ അതിർത്തിയിലുള്ള അർദ്ധ ഇലപൊഴിയും കാടുകളും വയനാടിന്റെ മധ്യഭാഗത്തുള്ള ചെറുകുന്നുകളും വയലുകളും കൂടിചേർന്ന പ്രത്യേക ഭൂപ്രകൃതിയാണ് വയനാടിന്റെ മിതശീതോഷ്ണ കാലാവസ്ഥയ്ക്ക് കാരണമായിട്ടുള്ളത്. സമൃദ്ധമായ തെക്ക്–പടിഞ്ഞാറൻ കാലവർഷവും ശക്തമായ വടക്ക്–കിഴക്കൻ തുലാവർഷവും വയനാടിന്റെ ജലസമ്പത്ത് നിർണ്ണയിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു ്.

4.6.5.1. അന്തരീക്ഷ ഊഷ്മാവ്

സംസ്ഥാന കാലാവസ്ഥാ പ്രതിരോധ കർമ്മ പദ്ധതി പ്രകാരം കേരളത്തിലെ മലമ്പ്ര ദേശത്തിലെ അന്തരീക്ഷ ഊഷ്മാവ് 1974 – 2009 കാലഘട്ടത്തിൽ 1.460 ഇ വർദ്ധിച്ചിരിക്കുന്നു. കാലാവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട നിദാനമായ അന്തരീക്ഷ ഊഷ്മാവ് 1984 മുതൽ 2016 വരെ യുള്ള വർഷങ്ങളിലെ പ്രതിമാസ ശരാശരി അന്തരീക്ഷ ഊഷ്മാവ് താരതമ്യം ചെയ്യുമ്പോൾ ഇത് ആശങ്കാജനകമാം വിധം വർധിച്ചു വരുന്നതായിക്കാണുന്നു. കുറഞ്ഞ താപനിലയിൽ 1.1 ഡിഗ്രിയുടേയും കൂടിയ താപനിലയിൽ 0.9 ഡിഗ്രിയുടേയും വർധനവ് അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം രേഖപ്പെടുത്തിയിരിക്കിന്നു.

വയനാടിന്റെ അന്തരീക്ഷ ഊഷ്മാവിലുള്ള വ്യതിയാനത്തെ സൂക്ഷ്മമായി മനസ്സിലാക്കുമ്പോൾ ശീതകാല അന്തരീക്ഷ ഊഷ്മാവിലുള്ള വ്യതിയാനം കുറവായും വേനക്കാല താപനിലയിൽ വലിയ വ്യതിയാനം സംഭവിച്ചതായും കാണാൻ സാധിക്കും. 1984 മുതൽ 2019 വരെയുള്ള വേനൽക്കാലതാപനിലാമാറ്റം വിശകലനം ചെയ്യുമ്പോൾ കൂടിയതാപനിലയിൽ 1.6 ഡിഗ്രിയുടെ വർദ്ധനവും കുറഞ്ഞ താപനിലനിലയിൽ 2.5 ഡിഗ്രിയുടെ വർദ്ധനവും കാണുന്നു. ഇത് തീർത്തും ശുഭോതർക്കമായ ഒരു വിവരമല്ല. ഈ സ്ഥിതി തുടർന്നാൽ പ്രത്യേകിച്ചും മിതോഷ്ണ കാലാവസ്ഥ ഇഷ്ട്ടപ്പെടുന്ന കാപ്പി, കിരുമുളക്, ഏലം തേയില എന്നിവയുടെ കൃഷിതന്നെ സാധ്യമല്ലാതാകും എന്നുള്ളതാണ്. നെല്ലിന്റെ കാര്യത്തിൽ അന്തരീക്ഷതാപനിലയിലുാകുന്ന ഒരു ഡിഗ്രി വർദ്ധനവ് ഉൽപ്പാദനത്തിൽ പത്തു ശതമാനം കുറവു ാക്കുമെന്ന് കണക്കാക്കിയിരിക്കുന്നു.

പട്ടിക.4.6.16.
വയനാട്- അന്തരീക്ഷ ഊഷ്മാവ്/ആർദ്രത

താപനില (കഴിഞ്ഞ 5 വർഷം)	താപനില (കഴിഞ്ഞ 30 വർഷം)	ആർദ്രത
ഉയർന്ന താപനില 29 ഡിഗ്രി സെൽഷ്യസ്	ഉയർന്ന താപനില 35 ഡിഗ്രി സെൽഷ്യസ്	മഴക്കാലത്ത് 95%
കുറഞ്ഞ താപനില 18 ഡിഗ്രി സെൽഷ്യസ്	കുറഞ്ഞ താപനില 9 ഡിഗ്രി സെൽഷ്യസ്	

പട്ടിക4.6.17.

താപനില 1992 മുതൽ 2014 വരെ (Weather Parameters at Ambalavayal**)**

വർഷം	കുറഞ്ഞ താപനില	കൂടിയ താപനില	RH 1(%)	വർഷത്തിലെ മഴത്തോത് (cm)
1992	13.9	25.9	79.2	231.82
1993	13.3	26.1	77.4	213.32
1994	15.1	26.8	89.3	269.08
1995	13.4	26.9	85.6	231.76
1996	10.7	25.6	80.1	198.24
1997	15.8	26.5	89.6	215.14
1998	16.2	25.9	88.5	172.85
1999	15.4	26.7	90.8	155.88
2000	16.6	26.7	91.2	174.38
2001	16.1	26.9	89.6	144.61
2002	15.4	27.4	94.1	110.85
2003	15.8	27.2	91.0	152.06
2004	14.7	26.8	93.9	189.98
2005	14.8	25.6	94.5	216.82
2006	14.7	25.4	87.6	346.05
2010				205.23
2011				263.04
2012				183.99
2013				317.03
2014				325.96

താപനില 1992 മുതൽ 2014 വരെ (Weather Parameters at Ambalavayal**)**

പട്ടിക.4.6.18.
വയനാട് ജില്ല – സീസൺ

ഡിസംബർ-ജനുവരി- ഫെബ്രുവരി	തണുപ്പ് കാലം
മാർച്ച് – ഏപ്രിൽ -മെയ്	വേനൽക്കാലം
ജൂൺ -ജൂലായ്-ആഗസ്റ്റ് -സെപ്തംബർ	കാലവർഷം
ഒക്ടോബർ – നവംബർ	തുലാവർഷക്കാലം

1983 മുതൽ 2011 വരെയുള്ള കാലയളവിൽ മുട്ടിലിൽ നിന്നും രേഖപ്പെടുത്തിയ മഴയുടെ കണക്ക് സൂചിപ്പിക്കുന്നത്,

പട്ടിക.4.6.19.

സീസൺ അനുസരിച്ചുള്ള മഴയുടെ വിതരണം % ത്തിൽ

ജനുവരി– ഫെബ്രുവരി	1.5%
മാർച്ച്– മെയ്	17%
ജൂൺ–സെപ്തംബർ	65%
ഒക്ടോബർ– നവംബർ	16.5%

പട്ടിക.4.6.20.

കഴിഞ്ഞ 5 വർഷത്തെ മഴയുടെ അളവ്

Year	Jan.	Feb.	Mar.	Apr.	May	Jun	July	Aug.	Sept.	Oct.	Nov.	Dec.	Total
2010	37	14.1	131.3	131.3	124.4	378.2	494.8	292.8	163.5	170.7	218	4.4	2052.3
2011	0	35.3	22.2	208.4	74.6	701.3	508.1	461.3	296.2	221.7	94	7.3	2630.4
2012	0.8	7.8	16.2	163.1	42.6	278.4	306.2	478.2	292	110	132.8	11.8	1839.9
2013	0	11.5	85.6	61.5	91.4	1025	997.7	413.6	253.4	186.3	27.7	16.7	3170.3
2014	0	4.2	10.1	142	202	539.4	1061	642	317.4	251.2	32.8	57.7	3259.6



Fig.2: Long Term Trend of Annual Rainfall at Vythiri



Fig.3 Long Term Trend of SW Rainfall at Vythiri



Fig.4 Long Term Trend of Winter Rainfall at Vythiri



Fig.5 Long Term Trend of Rainy Days at Vythiri

ചിത്രം.4.6.11.





(അവലംബം: കാപ്പി ഗവേഷണകേന്ദ്രം ചു)



അവലംബം: ഗവേഷണ പ്രബന്ധം, ധനേഷ്കുമാർ, ശ്രീനാഥ് 2011

1980 മുതൽ 2008 വരെയുള്ള കാലയളവിലെ മഴദിനങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കുന്നത് ജൂൺ മാസത്തിലെ മഴ ദിനങ്ങൾ കുറഞ്ഞു വരുന്നു എന്നതാണ്. ജൂൺ മാസത്തിൽ ശരാശരി 8–9 ദിവസത്തെ മഴദിനങ്ങൾ കുറവായി വന്നിട്ടു ്. (8.89 + 5.09%, 90% Confidence interval). അതേസമയം ജൂലായ് മാസത്തിലെ മഴദിനങ്ങളിൽ 8 ദിവസത്തേയും കൂടുതലാണ് ക ുവരുന്നത്. (9.92 + 8.33%, 99% Confidence interval).



കൂടാതെ ആദ്യകാലത്തു ായതുമായി താരതമ്യപ്പെടുത്തുമ്പോൾ 1980 കൾക്ക് മുമ്പ്) ജൂൺ മാസത്തിലെ മഴ ഏകദേശം 12% ക ് കുറഞ്ഞുവരുന്നതായി കാണുന്നു ്. ഇത് കാണിക്കുന്നത് വയനാട്ടിൽ വർഷക്കാലം ആരംഭിക്കുന്ന ദിവസം ക്രമേണ മാറിക്കൊ ിരിക്കുകയാണ് എന്നാണ്. ഇത് പ്രധാനമായും ദോഷകരമായി ബാധിക്കുന്നത് നെൽകൃഷിയെയാ

ണ്. നെൽപണികൾ പരമ്പരാഗത സമയക്രമങ്ങളിൽ നിന്നും മാറ്റി പുതിയ സമയക്രമങ്ങൾ ആരംഭിക്കാൻ കർഷകർ നിർബന്ധിതരാകുന്നു.

നൂൽമഴ കുറയുന്നു

വയനാട്ടിലെ നൂൽമഴ വളരെയധികം പ്രസിദ്ധമാണ്. വയനാട്ടിനെ കുറിച്ച് എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങളിലെല്ലാം തന്നെ നൂൽ മഴയെക്കുറിച്ച് വർണ്ണിക്കുന്നത് കാണാം. വയനാട്ടിൽ മിതമായ തോതിൽ (20–30ാാ) എല്ലാ മാസങ്ങളിലും മഴ ലഭിച്ച് കൊ ിരുന്ന പ്രദേശമാണ്. നൂൽപോലെ ശക്തികുറഞ്ഞ മഴ വയനാടിന്റെ പ്രത്യേകതയായിരുന്നു. മുകളിൽ പറഞ്ഞ മഴ വിശകലനം സൂചിപ്പിക്കുന്നത് മിതമായ തോതിൽ ലഭിച്ചുകൊ ിരുന്ന മഴ വയനാട്ടിൽ കുറഞ്ഞുവരുന്നു എന്നും അതോടൊപ്പം കല്ലുരുട്ടിമഴ അഥവാ കനത്ത മഴ (750 ാാ) ദിനങ്ങളും തീരെ മഴ ലഭിക്കാത്ത ദിനങ്ങളും കൂടുന്നു എന്നാണ്. 50 മില്ലിമീറ്ററിലധികം മഴപെയ്യുന്ന ദിനങ്ങൾ ഏകദേശം ഒരു ദശാബ്ദത്തിൽ 26% കൂടി വരുന്നതായി കാണുന്നു.

"വൻ മഴ"യുടെ പ്രത്യാഘാതങ്ങൾ

വൻമഴ കൂടി വരുന്നത് പലതരത്തിലും ബാധിക്കും. ഇത്തരം മഴകളാണ് ഉരുൾപൊട്ടലിന് കാരണമാകുന്നത്. 2009–ൽ വൈത്തിരി, മേപ്പാടി ഭാഗത്ത് 11 സ്ഥലത്ത് ഉരുൾപൊട്ടലുകൾ ഉ ാ യിട്ടു ്. ഭാവിയിൽ ഇത്തരം ഉരുൾപൊട്ടലുകൾക്കുള്ള സാധ്യതകൾ വളരെ കൂടുതലാണ്.

കാർബൺതുലിത വയനാട്

ആഗോള കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രഭാവം കേരളത്തിൽ ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ഒരു ജില്ലയാണ് വയനാട് എന്ന് പഠനങ്ങളും കണക്കുകളും സൂചിപ്പിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിനുള്ള സംസ്ഥാന പദ്ധതി അത് ശരിവെക്കുന്നുമു ്. സംസ്ഥാനത്തെ അതിരൂക്ഷ വരൾച്ചാ സാധ്യതാപ്രദേശങ്ങളിൽ സുൽത്താൻ ബത്തേരി ബ്ലോക്കും ഉൾപ്പെടുന്നു. ജില്ലയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി അനുഭവപ്പെടുന്ന ജലക്ഷാമവും അതിനെത്തുടർന്നുള്ള കാർഷികത്തകർച്ചയും തുടരാനുള്ള സാധ്യതകളാണ് തുടർന്നും കാണപ്പെടുന്നത്. ഈ സാഹചര്യത്തിൽ കാലാവ്സ്ഥാവ്യതിയാനത്തോട് പൊരുത്തപ്പെടുന്ന വികസന പദ്ധതികളും കാലാവസ്ഥാവ്യതിയാനം ഉ ാക്കുന്ന പ്രഭാവത്തെ ലഘൂകരിക്കുന്ന ഇടപെടലുകളും കാലാവസ്ഥ വ്യതിയാനം ഉ ാക്കുന്ന നഷ്ടങ്ങൾക്ക് പരിഹാരം നൽകുന്നതിനുമായി കാർബൺതുലിത വയനാട് എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ തുടക്കമെന്ന നിലയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്ത് കാർബൺതുലിത ഗ്രാമപഞ്ചായത്ത് പദ്ധതിക്ക് രൂപം നൽകിയിരുന്നു.

കാർബൺതുലിത വയനാട് –ലക്ഷ്യം എങ്ങനെ കൈവരിക്കാം

- നിലവിലെ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനത്തിന്റെ അളവ് നിജപ്പെടുത്തുകയും, നിലവിൽ സസ്യജാലങ്ങളിലും മണ്ണിലുമായി ശേഖരിക്കപ്പെട്ടിട്ടുള്ള കാർബൺ ഡയോക്സൈഡിന്റെ അളവ് കെ ത്തുകയും ചെയ്യുക.
- ബഹിർഗനത്തിന്റെയും ശേഖരണത്തിന്റെയും വ്യത്യാസം ക ുപിടിക്കുകയും വ്യത്യാസം കുറച്ചുകൊ ുവരുന്നതിനുള്ള വികസനപദ്ധതികൾ കെ ത്തി ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക.
- ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി ബോധവത്ക്കരണ/പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- മരങ്ങൾ നട്ടുവളർത്തൽ, കാര്യക്ഷമമായ വനസംരക്ഷണം, ഖരമാലിന്യ സംസ്ക്കരണം, പൊതു ഗതാഗത സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, ഊർജ്ജ സംരക്ഷണം, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രചാരണം തുടങ്ങിയ

മിറ്റിഗേഷൻ പ്രവർത്തനങ്ങളും ജലസംരക്ഷണം, മണ്ണ് സംരക്ഷണം, ജൈവ കൃഷി പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ അഡാപ്റ്റേഷൻ പ്രവർത്തനങ്ങളും വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുക.

- പ്രദേശത്തെ കാലാവസ്ഥയിലു ായ മാറ്റങ്ങളെയും അതു ാക്കുന്ന ആഘാതങ്ങളെയും തുടർച്ചയായി നിരീക്ഷിക്കുന്ന തരത്തിലുള്ള പഠന–ഗവേഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- പഠന–ഗവേഷണ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് വേ സാങ്കേതിക പിന്തുണാസംവിധാനങ്ങളും സംഘടനാ സംവിധാനങ്ങളും ഒരുക്കുക.
- ആരോഗ്യം, സാമൂഹികനീതി, വിദ്യാഭ്യാസം, പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമം, വ്യവസായം, തൊഴിൽ തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തിലൂടെ പൊതുജനങ്ങളുടെ പ്രത്യേകിച്ച് വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ നിപുണത, കാര്യപ്രാപ്തി തുടങ്ങിയവ വർദ്ധിപ്പിച്ച് തൊഴിലുകളിലേക്കും, സാമ്പത്തിക നേട്ടമുള്ള പ്രവർത്തനങ്ങളിലേക്കും താഴെക്കിടയിലുള്ളവരെ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

പട്ടിക.4.6.21.

കാലാവസ്ഥാവ്യതിയാനം വയനാട്ടിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ

1.	നെൽകൃഷിയുടെ കാർഷികചക്രങ്ങൾക്ക് വന്ന മാറ്റം	ജൂൺ മാസത്തിൽ മഴ കുറഞ്ഞതോടെ ഞാറ്റടി തയ്യാറാക്കൽ, നടീൽ എന്നിവ നീട്ടിവെക്കേ ി വരുന്നു. അതോടൊപ്പം ശക്തമായ മഴ വയൽവരമ്പുകൾ നശിക്കുന്നതിനും കൃഷിയിടങ്ങൾ വെള്ളപ്പൊക്കത്തിൽപ്പെട്ട് പോകുന്നതിനും കാരണമാകുന്നു. പല പരമ്പരാഗത നെല്ലിനങ്ങളും കൃഷി ചെയ്യുവാൻ പറ്റാത്ത അവസ്ഥ, അന്തരീക്ഷ ഊഷ്മാവിൽ വന്ന വർദ്ധനവ് ചെടികളുടെ ക്രമാതീതമായ കോശവളർച്ചയ്ക്ക് കാരണമാവുകയും ചെയ്യുന്നതോടെ കതിരിടൽ വൈകുന്നു. വിളവെടുപ്പ് വൈകുന്നു. അല്ലെങ്കിൽ കുറഞ്ഞ ദിവസങ്ങളിൽ വിളയുന്ന നെൽവിത്തുകൾ ഉപയോഗിക്കേ ി വരുന്നു. മകര കൊയ്ത്ത് എന്ന പരമ്പരാഗത രീതി ഇന്നില്ല. പകരം ഡിസംബർ പകുതിയാകുമ്പോൾ തന്നെ വിളവെടുപ്പ് നടത്തുന്നു. തണുപ്പ് കാലത്ത് വിളവെടുക്കുന്നതിനാൽ സംഭരണ രീതികളിലും മാറ്റം വരുത്തേ ി വരുന്നു.
2	വർദ്ധിച്ച് വരുന്ന ആലിപ്പഴ മഴ	വയനാട്ടിൽ അടുത്ത കാലത്തായി വലിയ ഹിമശകലങ്ങൾ വീഴുന്ന ആലിപ്പഴ മഴ കൂടുതലായി ക ുവരുന്നു. മാർച്ച്–ഏപ്രിൽ–മെയ് മാസത്തിൽ സംഭവിക്കുന്ന ഇത്തരം മഴകൾ പച്ചക്കറി കൃഷികൾക്ക് ഫലവൃക്ഷകൃഷിക്കും വ്യാപകനാശം ഉ ാക്കുന്നു ്.
3	വിളകൾ നേരെത്തെ മൂപ്പെത്തുന്നു	ഒരു തീരദേശ വിളയായി തെങ്ങ് വയനാട്ടിൽ എത്തിയിട്ട് അധികകാലമായിട്ടില്ല. ആദ്യകാലഘട്ടത്തിൽ വയനാട്ടിൽ തേങ്ങ മൂപ്പെത്താൻ 300 ദിനങ്ങൾ വേ ിവന്നു എങ്കിൽ ഇന്നത് 240 ദിനങ്ങളായി ചുരുങ്ങിയിരിക്കുന്നു. വയനാട്ടിൽ നിന്നും കൃഷി ചെയ്ത് ലഭിക്കുന്ന ഉണങ്ങിയ അടയ്ക്ക അടുത്ത വർഷങ്ങളിൽ തൂക്കം കൂടി വരുന്നു ്. ഇത് കാരണം തീരദേശങ്ങളിൽ നിന്നും ലഭിക്കുന്ന അടയ്ക്കയ്ക്ക് തുച്ഛമായ വില

		വയനാടൻ അടക്കയ്ക്ക് ലഭിക്കുന്നതായി കർഷകർ പറയുന്നു.
4	കീടങ്ങളുടെ ആധിക്യം	പച്ചപ്പൈ എന്നുപറയുന്ന (Green grasshopper) കീടം 10 വർഷം മുമ്പ് വരെ വളരെ കുറഞ്ഞ എണ്ണത്തിലാണ് വയനാട്ടിൽ ക ുകൊ ിരിക്കുന്നത്. എന്നാൽ അടുത്തകാലത്തായി പുല്ല് കൂടിയപ്പോൾ ഇവയുടെ എണ്ണം ക്രമാതീതമായി കൂടിയതായി കർഷകർ പറയുന്നു ്. ഓറഞ്ചിന്റെ മധുരം കുറഞ്ഞു. മാങ്ങയുടെ മധുരം കൂടി. മലേഷ്യൻ പഴവർഗ്ഗങ്ങായ ലിച്ചി, മാഗേസ്റ്റിൻ, റാംബുട്ടാൻ എന്നീ വിളകളുടെ ഉൽപ്പാദനം കൂടിയിട്ടു ്. വയനാടിന്റെ കാലവസ്ഥയിൽ വന്ന മാറ്റങ്ങളായാണ് കർഷകർ ഇതിനെ കാണുന്നത്. മണ്ണിലെ ചൂട് കൂടുന്നതുകൊ ് കിഴങ്ങുവർഗ്ഗങ്ങളിൽ നേരത്തെതന്നെ പൂവുകൾ ഉ ാവുകയും കീടങ്ങളുടെ വലിപ്പം കുറയുകയും ചെയ്യുന്നു. ഇത് ഉൽപ്പാദന തകർച്ചയ്ക്ക് കാരണമാകുന്നു.
5	പ്രത്യാഘാതങ്ങൾ	കൂടുതൽ കർഷകർ അടയ്ക്ക, തെങ്ങ് തുടങ്ങിയ കൃഷിയിലേക്ക് ചുവടുമാറ്റുന്നു. ഇത് കൂടുതൽ കാലാവസ്ഥാമാറ്റങ്ങൾക്ക് കാരണമായേക്കാം. അത്തരം മാറ്റങ്ങൾ മിതോഷ്ണകാലാവസ്ഥ ഇഷ്ടപ്പെടുന്ന കാപ്പി, ഏലം, പരമ്പാഗത നെൽ ഇനങ്ങൾ എന്നിവയുടെ ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കും. മണ്ണിന്റെ ഘടനയിൽ വന്ന മാറ്റം കൃഷിയെ കാര്യമായി ബാധിച്ചിരിക്കുന്നു. മണ്ണിന് ചേരാത്ത വിളകളുടെ ആവിർഭാവം കീടനാശികളുടെയും രാസവളങ്ങളുടെയും ഉപയോഗത്തിൽ വർദ്ധനവു ാക്കുന്നു. ക്യാൻസർ രോഗം പോലുള്ള മാരകമായ ആരോഗ്യപ്രശ്നങ്ങൾ വർദ്ധിക്കുന്നതിന് കാരണമായി. വയനാടിന്റെ നിലനില്പനിന് ആധാരമായ കബനീനദിയുടെ ശോഷണം, വർഷം മുഴുവൻ നിറഞ്ഞൊഴുകിയിരുന്ന കബനി വേനൽ ആരംഭിക്കുന്നതിന് മുമ്പ് തന്നെ വറ്റിവര ു പോകുന്നു.
6	അന്തരീക്ഷത്തിൽ വന്ന മാറ്റം	സുഖകരമായ നല്ല തണുപ്പ് (സമശീതോഷ്ണത) നിലനിന്നിരുന്ന വയനാട് അന്തരീക്ഷ ഊഷ്മാവ് വർദ്ധിച്ച് വര കാലാവസ്ഥയിൽ എത്തിനിൽക്കുന്നു. തന്മൂലം ജലദൗർലഭ്യം അനുഭവപ്പെടുന്നു. വയനാടിന്റെ തനതായ നൂൽമഴ നഷ്ടപ്പെട്ടിരിക്കുന്നു. വേനൽ ചൂട് സഹിക്കാവുന്നതിലും കൂടുതലായി വർദ്ധിച്ചിരിക്കുന്നു. ഫലഭൂയിഷ്ടമായ കൃഷി ഭൂമികൾ വര തരിശ് ഭൂമികളായി മാറികൊ ിരിക്കുന്നു.
7	മനുഷ്യ–വന്യജീവി സംഘർഷം	അന്തരീക്ഷ നിലയിലും, പാരിസ്ഥിതികമായും വന്ന മാറ്റങ്ങൾ ജലദൗർലഭ്യം, ഉയർന്നതാപനില, ഭക്ഷ്യദൗർലഭ്യം എന്നിവ മൂലം വന്യജീവികൾ നാട്ടുപ്രദേശങ്ങളിലേക്കും കൃഷിയിടങ്ങളിലേക്കും ഇറങ്ങി കൃഷിനാശത്തിനും മനുഷ്യ ജീവൻ തന്നെ നഷ്ടപ്പെടുന്നതിനും കാരണമായി തീരുന്നു. സ്വാഭാവിക വനങ്ങൾ വെട്ടിമാററി തേക്ക്, യൂക്കാലി, അക്കേഷ്യ പോലുള്ള ഏകവിള തോട്ടങ്ങളുടെ ആവിർഭാവം മനുഷ്യ–വന്യജീവി സംഘർഷത്തിന് കാരണമായി.
8	വൃക്ഷമേൽച്ചാർത്തിൽ വന്ന കുറവ്	സാമ്പത്തിക നേട്ടങ്ങളെ മാത്രം കണക്കിലെടുത്ത് നാണ്യവിളകളെ ലക്ഷ്യമാക്കിയുള്ള കൃഷിരീതിയിൽ

		കാപ്പികൃഷിയിൽ നിന്നും കുരുമുളക് കൃഷിയിലേക്ക് മാറ്റം ചെയ്യപ്പെട്ടപ്പോൾ തണൽമരങ്ങൾ പോലും വെട്ടിമാറ്റി നീക്കം ചെയ്യപ്പെട്ടത് സ്വകാര്യ തോട്ടങ്ങളിലും കൃഷിയിടങ്ങളിലും നിലനിന്നിരുന്ന വൃക്ഷ മേൽച്ചാർത്തിന്റെ അളവ് കുറയുന്നതിന് കാരണമായി.
9	കന്നുകാലി വളർത്തലും പാലുല്പാദനവും	അന്തരീക്ഷ ഊഷ്മാവിലു ായ വർദ്ധനവും ദിനാന്തരീക്ഷത്തിലു ായ മാറ്റവും ജലദൗർലഭ്യവും കന്നുകാലികൾക്ക് സുലഭമായി ലഭിച്ചിരുന്ന നൈസ്സർഗ്ഗിക തീറ്റകളുടെ ലഭ്യത കുറഞ്ഞുവരികയും പാലുല്പാദനത്തിന്റെ തോതിലും ഗുണത്തിലും കാര്യമായ കുറവ് അനുഭവപ്പെടുകയും ചെയ്തു.
10	മണ്ണിടിച്ചിലും ഉരുൾപൊട്ടലും	സമയദൈർഘ്യം കുറഞ്ഞ് ശക്തമായി പെയ്യുന്ന മഴ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുന്നു.
11	ആദിവാസി വിഭാഗങ്ങളുടെ ജീവിതരീതിയിൽ വന്ന മാറ്റം	കാലാവസ്ഥാവ്യതിയാനത്തിന് അനുസൃതമായി പരമ്പരാഗത കാർഷികരീതിയിൽ നിന്ന് മാറി സാമ്പത്തികാധിഷ്ടിത നാണ്യവിളകൾ തിരഞ്ഞെടുത്തുള്ള കാർഷികാവൃത്തി ആദിവാസികളുടെ ജീവിതചര്യയിൽ മാറ്റം വരുത്തുകയു ായി. കൃഷിയിലും കൃഷിരീതിയിലും വന്ന മാറ്റം സാമൂഹികാചാരങ്ങളിൽ തന്നെ മാറ്റം വരുത്തി.

(അവലംബം കർഷകരുമായി നടത്തിയ ഗ്രൂപ്പു ചർച്ച)

വികസന കാഴ്ച്ചപ്പാട്

കേരളം വികേന്ദ്രീകൃത വികസനത്തിന്റെ മൂന്നാം ഘട്ടത്തിലേക്ക് കടക്കുന്ന ഈ അവസരമാണല്ലോ കേരള മോഡൽ വികസനത്തിന്റെ ഗുണം ലോകമെമ്പാടും ശ്രദ്ധ പിടിച്ചുപറ്റുമ്പോൾത്തന്നെ കേരളത്തിന്റെ മുമ്പിൽ സവിശേഷമായ പല പ്രശ്നങ്ങളും ഉ ്. കേരള മോഡൽ വികസനം നേരിടുന്ന നിരവധി പ്രതിസന്ധികളിൽ ഒന്നും ഏറ്റവും പ്രധാനപ്പെട്ടതും പരിസ്ഥിതി പ്രശ്നം തന്നെയാണ്. ര ാമത്തേത് പ്രാഥമിക ഉത്പാദന മേഖലയുടെ പ്രത്യേകിച്ചും കാർഷിക മേഖലയുടെ മുരടിപ്പ്. ഇതിൽ തന്നെ ഭക്ഷ്യോൽപ്പാദന കാര്യത്തിൽ നാം ഏറെ പിന്നോട്ട് പോയിരിക്കുന്നു.

വയനാടിന്റെ കാര്യത്തിൽ ഈ ര ് മേഖലകളും അതീവ പ്രാധാന്യമുള്ളതാണുതാനും. അന്തർദേശീയ തലത്തിൽ തന്നെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി പ്രതിജ്ഞാബന്ധമായ രാജ്യമാണ് ഇന്ത്യയും, കേരളവും. ഇവിടെയും വികസന വിഭവങ്ങളുടെ സുസ്ഥിര മായ ഉപയോഗവും വികസന സംഘങ്ങളുടെ നീതിപൂർവ്വകമായ വിതരണവുമാണ് അടിസ്ഥാന ആശയമായി പ്രവർത്തിക്കുന്നത്. പദ്ധതിയുടെ ഭാഗമായി കേരള സർക്കാർ മുന്നോട്ട് വച്ചിട്ടുള്ള നാലു മിഷനുകളും സുസ്ഥിര വികസന ലക്ഷ്യങ്ങൾ തത്വത്തിൽ ഉൾച്ചേർത്തിട്ടു ്. ഇത് ജില്ലാ പഞ്ചായത്ത്തല പദ്ധതികളിലേക്കും ആസൂത്രണ പ്രക്രിയയിലേക്കും ഈ ആശയങ്ങൾ ഉൾചേർക്കേ തു ്.വയനാടിനെ സംബന്ധിച്ച് നമുക്ക് മൂന്ന് തരം അവശതകൾ (Vulnerability) ഉ ്. ഒന്ന് നമ്മുടെ അതിലോലമായ പ്രകൃതി തന്നെയാണ്.ര ാമത്തേത് ജനസംഖ്യയിൽ 17 ശതമാനത്തിലധികം വരുന്ന വിഭവ ദാരിദ്ര്യവും സാമൂഹീക പിന്നോക്കാവസ്ഥയും അനുഭവിക്കുന്ന ആദിവാസി വിഭാഗങ്ങൾ മൂന്നാമത്തേത് നമ്മുടെ സമ്പദ്ഘടനതന്നെയാണ്. കേരള വികസന പരീക്ഷണത്തിൽ വികസിക്കാൻ കഴിയാതെ പോയ കാർഷിക മേഖല മാത്രമാണ് വയനാടിന്റെ ആശ്രയം. കൂടാതെ കാലാവസ്ഥാല്യതിയാനം ഉയർത്തുന്ന പുതിയ വെല്ലുവിളി കളും.

അതുകൊ ു തന്നെ വികസനം ആസൂത്രണം ചെയ്യുക എന്നതുതന്നെ വയനാടിനെ സംബന്ധിച്ച ഒരു വെല്ലുവിളിയാണ്. പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ കണക്കെടുപ്പിലൂടെ അവ എങ്ങിനെ സുസ്ഥിരമായി പ്രയോജനപ്പെടുത്താം എന്നതിന് മാർഗ്ഗ നിർദേശങ്ങൾ വികസിപ്പിച്ചെടുക്കേ തു ്.

കാലാവസ്ഥയിലും മണ്ണിലും ജലലഭ്യതയിലും വന്ന മാറ്റങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച് വയനാടിന്റെ ഭാവി കാർഷിക വികസനം എന്തായിരിക്കണം എന്ന് ആലോചിക്കേ തു ്.

വിഭവ ദാരിദ്ര്യമനുഭവിക്കുന്ന ആദിവാസികൾ അതിജീവനം പ്രശ്നത്തിലായിക്കൊ ിരിക്കുന്ന ചെറുകിട കർഷകർ എന്നിവരുടെ വരുമാന വർദ്ധനവിനും നിലവിലുള്ള അതിജീവന സാധ്യതകൾ നിലനിർത്തുന്നതിനും ഉതകുന്ന വികസനമാണ് വയനാടിന് വേ ത്.

സ്വാഭാവീക ആവാസവ്യവസ്ഥകളുടെ ആരോഗ്യവും തുടർച്ചയും പരമാവധി സംരക്ഷിച്ചുകൊ ്. ഭൂവിനിയോഗം സാധ്യമാകുന്ന ഒരു വികസനമാണ് വയനാടിന് വേ ത്. നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചും വിള വിന്യാസത്തെ സംബന്ധിച്ചും ശാസ്ത്രീയമായി പഠിച്ച് പ്രോട്ടോകോൾ ഉ ാക്കേ തു ്.

വയനാടിന്റെ പ്രത്യേക പാരിസ്ഥിതീക സാമ്പത്തീക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഈ ഭൂവിഭാഗത്തെ ആഴത്തിൽ മനസ്സിലാക്കി ഒരു സുസ്ഥിര വികസന പദ്ധതി തയ്യാറാക്കേ തു ്. ഇത് തീർത്തും ജനകീയവും താഴേതട്ടിലെ ആദിവാസികർഷക സമൂഹങ്ങളുടെ കൂടി ആശയാഭിലാഷങ്ങൾ ഉൾക്കൊള്ളുന്നതുമാവണം. 15 വർഷത്തേക്കുള്ള വിദൂര ലക്ഷ്യങ്ങളും പിന്നെ 5,5 വർഷങ്ങളുടെ ഹ്രസ്വ ലക്ഷ്യങ്ങളുമായി തിരിച്ച് വയനാടിനായി ഒരു പരിസ്ഥിതി സൗഹൃദ വികസന സുസ്ഥിര പരിപ്രേക്ഷ്യം വികസിപ്പിച്ചെടുക്കുകയാണ് നമ്മൾ ആദ്യം ചെയ്യേ ത്. ആറുമാസം നീ ുനിൽക്കുന്ന ആഴത്തിലുള്ള കൂട്ടായ പ്രയത്നത്തിലൂടെയേ ഇത് സാധ്യമാകൂ.

ശുദ്ധ വായുവും, വെള്ളവും, തണുത്ത കാലാവസ്ഥയുമുള്ള കാപ്പിയും, കുരുമുളകും സമൃദ്ധമായി വിളയുന്ന എല്ലാവർക്കും വിദ്യാഭ്യാസവും തൊഴിലും ലഭ്യമായ ജൈവവൈവിധ്യത്തിലൂന്നിയ ചെറു വ്യവസായങ്ങളുള്ള കേരള വികസന മോഡലിന്റെ മോഡലായി വയനാടിനെ ഉയർത്തിക്കാട്ടാൻ കഴിയണം.

2025 ആകുമ്പോഴേയ്ക്കും വയനാടിനു നഷ്ടമായിക്കൊ ിരിക്കുന്ന ഇതിന്റെ സുക്ഷ്മ കാലാവസ്ഥയെ 80 % മെങ്കിലും പുനസ്ഥാപിക്കാൻ കഴിയണം. അതിനായി സുസ്ഥിര വികസന ആശയങ്ങൾ എല്ലാ വികസനമേഖലയിലും ഉൾച്ചേർക്കാൻ കഴിയണം.

2.2. വികസന നിർദേശങ്ങൾ

2.2.1. മേൽത്തട്ട് നിർദ്ദേശങ്ങൾ

- വയനാടിനായി ഒരു സുസ്ഥിര വികസന ദീർഘദൂര പദ്ധതി രൂപീകരിക്കുക.
- കാലാവസ്ഥയും, വനവും, വന്യമൃഗങ്ങളുടെ സ്വഭാവവും നിരന്തരം പഠിക്കുന്നതിനും പഠന ഫലങ്ങൾ കാലാകാലങ്ങളിൽ വികസന പദ്ധതികളിലേക്ക് ഉൾച്ചേർക്കുന്നതിനും പദ്ധതികളും, ഫ ും, സംവിധാനങ്ങളും ഉ ാവണം. ഇതിനായി വനം, കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് ഇവ സംയോജിച്ചുള്ള പദ്ധതികൾ തയ്യാറാക്കണം.
- കബനീനദീതട സംരക്ഷണം വയനാടിന്റെ വികസനത്തിന്റെ സ്ഥിരം അജ യാവണം.
- കൃഷി – വയനാടിനനുയോജ്യമായ കാപ്പി,കുരുമുളക്,ഏലം എന്നിവയുടെ സമ്മിശ്രകൃഷി പ്രോത്സാഹിപ്പിക്കണം. നെല്ല്, കാപ്പി, കുരുമുളക്, ഏലം ഇവയുടെ കൂടുതൽ വിളവിനായി ജലത്തിന്റെ ലഭ്യത ആവശ്യമായതിനാൽ ജലത്തിന്റെ സ്രോത

സ്സായ വനഭൂമിയിൽ മണ്ണ് സംരക്ഷണം, ജലസംരക്ഷണം ഇവയ്ക്കായി ചെക്ക് ഡാമുകൾ, ചതുപ്പുകളുടെ നിലനിർത്തൽ, കുളങ്ങൾ ഇവയുടെ നിർമ്മാണത്തിനുള്ള ഫ ു കൾ പഞ്ചായത്ത്, ത്രിതലപഞ്ചായത്ത്, കൃഷിവകുപ്പ്, മണ്ണ്-ജലസംരക്ഷണ വകുപ്പ് ഇവയുടെ സഹായം വേണം.

- കാർഷീക ഗവേഷണ കേന്ദ്രത്തെ തനതു വൃക്ഷങ്ങളിലും, വയനാടിനനുയോജ്യമായ വിളകളുടെ പ്രോത്സാഹനത്തിനും വേ ഗവേഷണങ്ങൾ നടത്താനായി പ്രേരിപ്പിക്കണം.
- ജൈവകൃഷി പ്രോത്സാഹനത്തിന്റെ സാധ്യതകൾ ആരായുകയും ശാസ്ത്രീയമായി ഇതെങ്ങനെ സാധ്യമാവും എന്നതിനെപ്പറ്റി പഠിച്ച് ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യണം. അത് ഒരു മിഷനായിത്തന്നെ കാണേ തു ്. വിളവ് നഷ്ടത്തിനുള്ള പരിഹാരം പദ്ധതിയുടെ ഭാഗമാവണം.
- വലിയ മലകളും ടെറിട്ടോറിയൽ വന മേഖലയും കൂടുതൽ ജാഗ്രതയോടെ ''വനമായി'' ത്തന്നെ സംരക്ഷിക്കുന്നതിനായി തനതു ജൈവവൈവിധ്യത്തിന്റെ സാന്നിധ്യം കണക്കിലെടുത്ത് ദേശീയ ഉദ്യാന പദവിയിലേക്കുയർത്തണം.
- വനത്തിനകത്തെ ഏകവിള തോട്ടങ്ങൾ സ്വാഭാവീക വനങ്ങളാക്കി മാറ്റുന്നതിനുള്ള ശാസ്ത്രീയ ഇടപെടൽ ഉ ാവണം.
- മനുഷ്യ-വന്യമൃഗസംഘർഷം ലഘൂകരിക്കുന്നതിനായി പഞ്ചായത്തുതല ജൈവവൈവിധ്യ പരിപാലന സമിതികളും വനം വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള പദ്ധതികൾ ഉ ാവണം.
- എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും പരിസ്ഥിതി സംരക്ഷണ, ബോധവൽക്കരണ പരിപാടികൾ നിർബന്ധമായും നടപ്പാക്കണം.
- ജൈവകൃഷിയെ സംബന്ധിച്ച കൃത്യതയുള്ള നയരേഖ ഉ ാവണം.

4.6.5.2. കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- കൃഷിയിടത്തിൽ വൃക്ഷാവരണം കൂടുന്നതിനുള്ള സബ്സിഡി ഉത്പാദന മേഖലയിൽ നിർബന്ധിത വകയിരുത്തൽ ഉ ാകണം.
- തെങ്ങ്, കവുങ്ങ്, വാഴ(വയൽ),എണ്ണപ്പന തുടങ്ങിയ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കാൻ പാടില്ല. കാർഷിക പദ്ധതികൾ ഇത്തരത്തിലായിക്കൂടാ.
- എല്ലാ പഞ്ചായത്തും, നദീതടങ്ങളും ഭൂവിനിയോഗവും പഠിച്ച് ഒരോ പഞ്ചായത്തിന്റേതുമായ സുസ്ഥിര ഭൂവിനിയോഗ മാർഗ്ഗരേഖ തയ്യാറാക്കുന്നത് നന്നായിരിക്കും. ഇത് പദ്ധതികളുടെ ഭാഗമായി കാണേ താണ്.
- പഞ്ചായത്തുകൾ വിഭവ ഭൂപടങ്ങൾ എന്നിവ സാങ്കേതിക വിദ്യകളുപയോഗിച്ച് പരിഷ്കരിക്കുകയും വിഭവ പരിപാലന മാർഗ്ഗരേഖ തയ്യാറാക്കുകയും വേണം. ഇത് ജില്ലാ തലത്തിൽ ക്രോഡീകരിക്കാം.
- നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളു ാവണം. നെൽവയലുകളുടെ പാരിസ്ഥിതീക സേവനം കണക്കിലെടുത്ത് നെൽകൃഷിയുടെ ഉത്പാദന ചിലവ് പദ്ധതി വിഹിതമായി ഗ്രാമപഞ്ചായത്തുകൾ വകയിരുത്തണം.
- മാനദണ്ഡങ്ങളിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾ കൊ ുവരാൻ സംസ്ഥാനത്ത് ഇടപെടൽ നടത്തണം.
- ചതുപ്പുകളിലെ മറ്റെല്ലാ കൃഷികൾക്കും നൽകിവരുന്ന സാമ്പത്തീക സഹായങ്ങൾ ഒഴിവാക്കി നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുക.

- സുസ്ഥിര ഭൂവിനിയോഗം സാധ്യമാക്കാൻ കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുക.
- കാർഷിക വിളകളെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കർഷകർക്ക് സ്വന്തം നിലയിൽ കൃഷിയിടങ്ങളിൽ വേലികളും വൈദ്യുത വേലികളും നിർമ്മിക്കുന്നതിനുള്ള സാമ്പത്തീക സഹായം പഞ്ചായത്ത് കൃഷി, വനം വകുപ്പ് പദ്ധതികളുടെ ഭാഗമായി ഉൾപ്പെടുത്തണം.
- പരിസ്ഥിതി സൗഹൃദ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും കാർബൺ ഉത്സർജനം കുറക്കുന്നതിനുമായി പഞ്ചായത്ത് തലത്തിൽ ജൈവവളങ്ങളുടെയും, ജൈവകീടനാശിനികളുടെയും ഉത്പാദന യൂണിറ്റുകൾ തുടങ്ങുക. കുടുംബശ്രീ, കർഷക ഗ്രൂപ്പുകൾ എന്നിവരെ പ്രയോജനപ്പെടുത്താം.
- ചാണകം ഉത്പാദിപ്പിക്കുന്നവർക്ക് വളത്തിന്റെ സബ്സിഡി നേരിട്ട് കൊടുക്കാൻ കഴിയണം. (മാർഗ്ഗരേഖ മാറ്റേ ിവരും)
- ഹരിത നിർമ്മാണ പ്രോട്ടോകോൾ കൊ ുവരണം.
- ടൂറിസം വ്യവസായത്തെ പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ കൊ ുവരണം.
- ടൂറിസത്തിന്റെ ഭാഗമായു ാവുന്ന ജലോപയോഗവും നിർമ്മാണ പ്രവർത്തനങ്ങൾക്കും ചില നിയന്ത്രണ മാർഗ്ഗ രേഖകൾ കൊ ുവരണം.
- ടൂറിസത്തിൽ നിന്നും ലഭിക്കുന്ന ലാഭത്തിന്റെ വിഹിതം പഞ്ചായത്തുകളിലെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തണം.
- പ്ലാൻഫ ിന്റെ 5 ശതമാനം തുക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി മാറ്റി വെയ്ക്കുകയും ജൈവവൈവിധ്യ പരിപാലന സമിതികളുടെ പദ്ധതികളായി നടപ്പാക്കുകയും ചെയ്യുക.
- തനത് വിത്തിനങ്ങളും ഔഷധ സസ്യങ്ങളും സംരക്ഷിക്കുന്നതിനായി സ്ഥിരം/തുടർച്ചയായുള്ള പദ്ധതികൾ ഉൾക്കൊള്ളിക്കുക.
- ജൈവവൈവിധ്യത്തിലൂന്നിയ ചെറു വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
- കാർബൺ ന്യൂട്രൽ വയനാടിന്റെ കാർബൺ ന്യൂട്രൽ ഉത്പന്നങ്ങളായി മാർക്കറ്റ് ചെയ്യുക.
- കുടുംബശ്രീയെയും ആദിവാസി സംഘങ്ങളെയും മുഴുവനായും ഇതിലേക്കായി മാറ്റാവുന്നതാണ്.
- വയനാടിന്റെ ടൂറിസം വിപണിയിലും, കേരളത്തിന്റെ ടൂറിസം വിപണിയിലും ഇത്തരം ഉത്പന്നങ്ങൾ വിപണനം ചെയ്യാം.
- അയൽക്കൂട്ട സംഘങ്ങളുടെ വയനാടൻ കാർബൺ ന്യൂട്രൽ ഉത്പന്നങ്ങൾ എന്ന നിലയിൽ ഒരു ശൃംഖല തന്നെ ആരംഭിക്കാം.
- പരമ്പരാഗത ഭക്ഷ്യ വിഭവങ്ങൾ മുതൽ മുള,മാനി ഉത്പന്നങ്ങൾ ഇതിലേക്കായി ആലോചിക്കാം.
- കൃഷിയിടങ്ങളിലെ വൃക്ഷാവരണം കൂട്ടലും പൊതു ഇടങ്ങളിലെ വൃക്ഷ വത്കരണവും തുടർച്ചയായുള്ള വികസന അജ യാവണം.
- ഭൂവിസ്തൃതിയുടെ 50ശതമാനം സ്ഥലങ്ങളിലും വൃക്ഷാവൃതമായി നിലനിർത്താനുതകുന്ന പദ്ധതികൾ കൊ ുവരണം.
- ജൈവവൈവിധ്യ സംരക്ഷണത്തിനായി പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ജൈവവൈവിധ്യ പരിപാലന സമിതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

- ഈ സമിതികളിലൂടെ പഞ്ചായത്ത് തലത്തിൽ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നിർബന്ധമായും ആസൂത്രണം ചെയ്ത് നടപ്പാക്കുക.

4.6.5.3. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ വയനാട് ജില്ല സ്വീകരിക്കേ പ്രത്യേക വികസന സമീപനങ്ങൾ

4.6.5.3.1 തണൽ കാപ്പി പ്രോത്സാഹനം

തണൽ കാപ്പി കൃഷിയുടെ കാലാവസ്ഥ അനുകൂല ഘടകങ്ങൾ ലോകത്തിൽ പല രാഷ്ട്രങ്ങളിലും വിശദമായി പഠിച്ചിട്ടു ്. തണൽ കാപ്പിത്തോട്ടങ്ങൾ വയനാടിന്റെ സവിശേഷമായ സൂക്ഷ്മ കാലാവസ്ഥ നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു ്. ദിവസത്തിന്റെ ഏറ്റവും ചൂട് കൂടിയ സമയത്ത് തണൽ കാപ്പിത്തോട്ടങ്ങൾക്ക് മണ്ണിന്റെ താപനില വർദ്ധിപ്പിക്കാതെ നിലനിർത്താൻ കഴിയും. ഇത് കൂടുതൽ കാപ്പി വിളവ് നൽകുന്നതിന് സഹായിക്കും

4.6.5.3.2 കാലാവസ്ഥാ വ്യതിയാന ഇൻഷുറൻസ് പദ്ധതി

- കാലം തെറ്റിയ മഴ, ശക്തിയേറിയ ആലിപ്പഴ മഴ, വരൾച്ച, അതിശക്തമായ രോഗകീടബാധകൾ മണ്ണിടിച്ചിൽ ഉരുൾ പൊട്ടൽ, 30^{0}C ൽ കൂടുതൽ ചൂട് അനുഭവപ്പെടുന്ന ദിനങ്ങളുടെ വർദ്ധനവ്, മഴയെക്കുറിച്ചുള്ള സൂചനകൾ ലഭിക്കാത്ത അവസ്ഥ എന്നിവയാണ് കാലാവസ്ഥാ വ്യതിയാനം മൂലം ഭാവിയിൽ സംഭവിക്കാൻ പോകുന്ന മാറ്റങ്ങൾ എന്ന് 2005 ൽ നടത്തിയ പഠനത്തിൽ രേഖപ്പെടുത്തിയിട്ടു ്. ഇതിൽ നിന്നുമു ാകുന്ന കാർഷിക നഷ്ടംകർഷകർക്ക്കുറയ്ക്കുന്നതിന് കാലാവസ്ഥാവ്യതിയാന ഇൻഷുറൻസ് പദ്ധതി ക്രമീകരിക്കണം.
- വിവിധ വിളകൾക്ക് ഒരു വിള സ്ഥിരതാ ഫ ്
- തൊഴിലുറപ്പ് പദ്ധതികൾ കാപ്പികൃഷി, നെൽകൃഷി മേഖലകളിലേക്ക് വ്യാപിപ്പിക്കണം.
- കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള സമഗ്ര പദ്ധതികൾ സംയോജിതമായി നടപ്പിൽ വരുത്തുന്നതിനുള്ള ഏകീകൃത സംവിധാനം ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടപ്പിൽ വരുത്തുകയും ചെയ്യണം.
- എല്ലാ ര ് വർഷങ്ങളിലും പുതിയ പഠനങ്ങൾ നടത്തണം. ഫലങ്ങൾ ക്രോഡീകരിച്ച് പദ്ധതികൾ പുനരാവിഷ്കരിക്കണം.
- കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച ശാസ്ത്രീയ വിവരങ്ങൾ കർഷകരെ ധരിപ്പിക്കണം. കർഷകർക്ക് വിളക്രമീകരണത്തിനുള്ള സാങ്കേതിക സഹായങ്ങൾ നൽകണം. വെളള കുറവ് ആവശ്യമുളള കൃഷിരീതികൾ പ്രോത്സാഹിപ്പിക്കണം.
- എല്ലാ കൃഷിഭവനുകളിലും മഴ അന്തരീക്ഷതാപനില അന്തരീക്ഷ ആർദ്രത എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നതിനും ഡിജിറ്റലായി ലഭ്യമാകുന്നതിനുമുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തു പദ്ധതികളിൽ ഉൾപ്പെടുത്തുക.
- സമയാസമയങ്ങളിൽ കാലാവസ്ഥാമുന്നറിയിപ്പ് നൽകുന്നതിനായി പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന കാലാവസ്ഥാ റിസ്ക്ക് മാനേജർമാരുടെ സംഘത്തെ സജ്ജമാക്കണം. ഇവർ കൃഷി വകുപ്പുമായി ചേർന്ന് പ്രവർത്തിക്കണം.
- എല്ലാകൃഷിഭവനുകളിലും മെറ്റീരിയോളജിക്കൽ സർവെയുടെ ദൈനംനിന കാലാവസ്ഥാ വിവരങ്ങൾ സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉ ാവണം. ഇവ ക്രോഡീകരിച്ച് മലയാളത്തിൽ കാലാവസ്ഥാ റിസ്ക്ക് മാനേജർമാരിലുടെ കർഷകരിലെത്തിക്കാൻ കഴിയണം. വാട്സ്അപ്പ്, എസ്. എം. എസ്. വിവരങ്ങളായും ഇത് കർഷകരിലെത്തിക്കാം.

- ഒരു ക്ലൈമറ്റ് റിസ്ക് ജില്ല എന്ന നിലയിൽ വയനാടിന് ഒരു ക്ലൈമറ്റ് റിസ്ക് ഫ ് രുപീക രിക്കണം.

4.6.6 സംഗ്രഹം

- കേരളത്തിലെ മറ്റു ജില്ലകളുമായി തട്ടിച്ചുനോക്കിയാൽ വികസന കാര്യത്തിൽ വയനാട് ഇന്നു പിന്നിൽതന്നെയാണ്.
- എന്നാൽ ഒരു പിന്നോക്കജില്ലയെന്ന നിലയിലുള്ള കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ പ്രത്യേക പരിഗണനാ പദ്ധതികൾ വയനാടിന് ഏറെ ലഭിച്ചിട്ടുമു ്.
- പശ്ചിമഘട്ടത്തിൽ 700 മീറ്ററുകൾക്കു മുകളിൽ സ്ഥിതി ചെയ്യുന്ന ഈ സ്വപ്നഭൂമിയെ ഇതിന്റെ സവിശേഷതകളോടെ നിലനിർത്തുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വികസന ഇടപെടലുകളിൽകാര്യമായമാറ്റമു ാകേ തു ്.
- പരിസ്ഥിതി സംരക്ഷണത്തത്തിനായി പ്രത്യേക പദ്ധതികൾ എന്നിതിലുപരി ഓരോ വകു പ്പിന്റെയും ഓരോ മേഖലയിലും വിഭാവനം ചെയ്യുന്ന പദ്ധതികളിൽ സുസ്ഥിര സാധ്യത കൾ നിലനിർത്തുന്ന സമഗ്രമായ ഒരുവികസനനയംവയനാടിന് രൂപപ്പെടേ തു ്.

*****

വനവികസനം



വനവികസനം

4.7 ആമുഖം

ഇൻഡ്യൻ ഭൂമി ശാസ്ത്രത്തിന്റെ ഏറ്റവും പ്രാധാന്യമുള്ള ഡക്കാൻ പീഠഭൂമിയോട് തൊട്ടടുത്തുള്ള പശ്ചിമ ഘട്ടത്തിലെ ജൈവ വൈവിദ്ധ്യ പ്രാധാന്യമുള്ളതും, നിരവധി പാരിസ്ഥിതിക പ്രത്യേകതകളുള്ളതുമായ ഭാഗമാണ് വയനാട്. അനിവാര്യമായ പരിസ്ഥിതി സംഘർഷത്തിന്റെ പിടിയിലാണ് ഭൂരിഭാഗവും വനത്താൽ ചുറ്റപ്പെട്ട ഈ ജില്ല. അതിന് കാരണമാകുന്നത് അനിയന്ത്രിതമായതും വിവേചന ബുദ്ധിയില്ലാത്തതുമായ പരിസ്ഥിതി ചൂഷണവും, കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ കണക്ക് പ്രകാരം രാജ്യത്തെ പിന്നോക്കാവസ്ഥയിലുള്ള 640 ജില്ലകളിൽ 250 –ാം സ്ഥാനത്താണ് വയനാട്. ബാക്ക് വേഡ് റീജിയൺ ഓഫ് പ്രോഗ്രാം പ്രകാരം കേന്ദ്ര സഹായം ലഭിക്കുന്ന കേരളത്തിലെ ര ് പ്രദേശങ്ങളിൽ ഒന്നാണിത്. കേരളത്തിലെ ഏറ്റവും ജനസംഖ്യ കുറഞ്ഞ ജില്ലയാണിത്. 2011 ലെ സെൻസസ് പ്രകാരം വയനാടിന്റെ ജനസംഖ്യ 8,17,420. ഇത് മേൽ പറഞ്ഞ 640 ജില്ലകളിൽ 482 –ാം സ്ഥാനമാണ് വയനാടിന് നൽകിയിട്ടുള്ളത്. ഇവിടുത്തെ ജനസാന്ദ്രത 384/ച. കി.മി, ജനസംഖ്യ വർദ്ധനവ് 4.6% ആണ്.

4.7.1 വിഷയമേഖലയുടെ വികസന പരിപ്രേക്ഷ്യം

പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രാദേശിക പ്രാധാന്യം

1. 2131 ച.കി.മി ഉള്ള ജില്ലയുടെ 40% വനപ്രദേശമാണ്.
2. മൊത്തം ജനസംഖ്യയുടെ 18.5 ശതമാനവും പട്ടികവർഗ്ഗ വിഭാഗമാണ്.
3. ആദിവാസി കോളനികൾ– 3169
4. ആദിവാസി വിഭാഗങ്ങൾ – പണിയ, കുറിച്യ, കുറുമ, കാട്ടുനായ്ക്ക, അടിയ, വേട്ടക്കുറുമ, കാടർ, മലയരയാൻ, കരിമ്പാലൻ, ഊരാടർ, താച്ചാടുമൂപ്പൻ
5. ജനസാന്ദ്രതയിൽ (384) കേരളത്തിൽ 13 ാം സ്ഥാനത്തും നാഗരിക ജന സാന്ദ്രതയിൽ (775) ഏറ്റവും പിന്നിലുമാണ് ഈ ജില്ല.
6. സംസ്ഥാനത്തെ മൊത്തം കണക്ക് പ്രകാരം ആകെ കർഷക തൊഴിലാളികളുടെ എണ്ണത്തിൽ (ആകെ തൊഴിൽ വിഭാഗത്തിൽ 29.88 ശതമാനം) ഒന്നാം സ്ഥാനത്തും ജില്ല ജനസംഖ്യയുടെ 15.51 ശതമാനം കർഷകരും (സംസ്ഥാനത്ത് ര ാമത്) ആണ്
7. 89.03 ശതമാനം സാക്ഷരതയുള്ള ഈ ജില്ല ആയതിൽ കേരളത്തിൽ ഏറ്റവും പിന്നോക്കമാകുന്നു.
8. ശിശു ജനന നിരക്കിൽ (965) ഏറ്റവും പിന്നിൽ നിൽക്കുന്ന ജില്ല.
9. റെയിൽ, എയർപോർട്ട്, തുറമുഖം മുതലായ ചരക്ക് ഗതാഗതം ഇല്ലാത്ത ജില്ല
10. സംസ്ഥാനത്ത് കാപ്പി, ഇഞ്ചി എന്നിവ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന ജില്ല
11. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം–700 മുതൽ 2100 മീറ്റർ വരെ

പട്ടിക4.7.1

വനമേഖലയുടെ നിലവിലെ അവസ്ഥ

വനം ഡിവിഷനുകൾ– വനവിസ്തൃതി സംഗ്രഹം

ഡിവിഷൻ	റിസർവ്വ് ഫോറസ്റ്റ് (ച.കി.മി)	വെസ്റ്റഡ് ഫോറസ്റ്റ് (ച.കി.മി)	ഇ.എഫ്. എൽ	പ്രൊപ്പോസ്ഡ് റിസർവ്വ്	ആകെ(ച. കി.മി)
നോർത്ത് വയനാട്	134.024	65.8527	9.0818	15.064	224.0255
സൗത്ത് വയനാട്	67.5483	192.0538	20.3635	3.7738	293.6924
വയനാട്വന്യജീവി സങ്കേതം	344.44	0	0	0	344.44
ആകെ	**546.0123**	**257.90685**	**1092.0246**	**2184.0492**	**862.1579**

അവലംബം– വനം വകുപ്പ്

കൂടാതെ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, റിസർച്ച് റെയിഞ്ച്, മാനന്തവാടി, ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ച് കല്പറ്റ, ടിമ്പർ സെയിൽസ് ഡിപ്പോ കുപ്പാടി, ആർ.ആർ.ടി ബത്തേരി എന്നിവയും പ്രവർത്തിക്കുന്നു.

പട്ടിക4.7.2
റെയിഞ്ചുകൾ

റെയിഞ്ച്	ഡിവിഷൻ
ബേഗൂർ, മാനന്തവാടി, പേര്യ	നോർത്ത് വയനാട് ഡിവിഷൻ
മേപ്പാടി, കൽപ്പറ്റ, ചെതലത്ത്	സൗത്ത് വയനാട് ഡിവിഷൻ
തോൽപ്പെട്ടി, മുത്തങ്ങ, ബത്തേരി, കുറിച്യാട്	വൈൽഡ് ലൈഫ് ഡിവിഷൻ
ടിമ്പർ സെയിൽസ് ഡിപ്പോ, കുപ്പാടി	ടിമ്പർ സെയിൽസ് ഡിവിഷൻ, കോഴിക്കോട്
റിസർച്ച് റെയിഞ്ച്, മാനന്തവാടി	റിസർച്ച് ഡിവിഷൻ, തൃശ്ശൂർ
ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ച്, കല്പറ്റ	ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷൻ, കോഴിക്കോട്
ആർ.ആർ.ടി, ബത്തേരി	വൈൽഡ് ലൈഫ് ഡിവിഷൻ, ബത്തേരി
സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്, മാനന്തവാടി, കല്പറ്റ, ബത്തേരി	സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കല്പറ്റ

റെയ്ഞ്ച്	റിസർവ്വ് ഫോറസ്റ്റ് (ച.കി.മി)	വെസ്റ്റഡ് ഫോറസ്റ്റ് (ച.കി.മി)	ഇ.എഫ്. എൽ	പ്രൊപ്പോസ്ഡ് റിസർവ്വ്	ആകെ (ച.കി.മി)
ബേഗൂർ	73.361	15.7362	1.8900	15.064	106.0512
മാനന്തവാടി	-	26.0472	1.8283	-	27.8755
പേര്യ	60.663	24.0693	5.3635	-	90.0958
ആകെ	**134.024**	**65.8527**	**9.0818**	**15.064**	**224.0255**

അവലംബം- വനം വകുപ്പ്

പട്ടിക4.7.3
വന മേഖല

റെയിഞ്ച്	വന മേഖല KM^2					
	റിസർവ്വ്	പ്രൊപ്പൊസ്ഡ് റിസർവ്	വെസ്റ്റഡ് ഫോറസ്റ്റ്	ലെഫ്റ്റ് ഔട്ട് വെസ്റ്റഡ് ഫോറസ്റ്റ്	ഇ എഫ് എൽ	ആകെ
മേപ്പാടി		0.6516	93.9614	9.1145	12.2669	115.9945
കൽപ്പറ്റ	13.4997	3.1222	77.6621	0.4460	8.0966	102.8265
ചെതലത്ത്	54.0486		20.4303	0.3925		74.8714
ആകെ	**67.5483**	**3.7738**	**192.0538**	**9.9530**	**20.3635**	**293.6924**

അവലംബം- വനം വകുപ്പ്

ചിത്രം 4.7.1



പട്ടിക4.7.4

വനമേഖല നൈസർഗ്ഗിക സസ്യജാലം

1	വെസ്റ്റ് കോസ്റ്റ് ട്രോപ്പിക്കൽ എവർ ഗ്രീൻ ഫോറസ്റ്റ്	ഇടതൂർന്ന നിത്യഹരിത വനങ്ങൾ, ചൂരൽ പോലുള്ള സസ്യങ്ങൾ ധാരാളമായി വളരുന്നു, പുൽവർഗ്ഗത്തിൽപ്പെട്ട സസ്യങ്ങൾ പൊതുവെ വളരെ കുറവ്. മേപ്പാടി, കൽപ്പറ്റ, പേരിയ റെയ്ഞ്ചുകളുടെ ഭാഗങ്ങളിൽ കാണുന്നു.
2	വെസ്റ്റ് കോസ്റ്റ് സെമി എവർഗ്രീൻ ഫോറസ്റ്റ്	സമതലങ്ങളിലും, കുന്നിൻ ചെരിവുകളിലാണ് ഇത്തരം കാടുകൾ. മേപ്പാടി റെയ്ഞ്ചിലെ ചൂരൽമല, മാണിക്കുന്ന് മല, മു കൈ, കൽപ്പറ്റ റെയ്ഞ്ചിലെ കുറിച്ച്യാർമല, തരിയോട്, സൂചിപ്പാറ, കാന്തൻപാറ, മടക്കിമല, മുട്ടിൽ മല, തിരുനെല്ലി എന്നിവിടങ്ങളിൽ കാണപ്പെടുന്നു.
3	സതേൺ മോയിസ്റ്റ് ഡെസിഡിയസ് ഫോറസ്റ്റ്&ഡ്രൈ ഡെസിഡിയസ് ഫോറസ്റ്റ്	സമുദ്ര നിരപ്പിൽ നിന്നും 700 മുതൽ 1100 വരെ ഉയരമുള്ള പ്രദേശങ്ങളിൽ ഇത്തരം വനങ്ങൾ കാണപ്പെടുന്നു. 30 മുതൽ 35 മീറ്റർ വരെ ഉയരത്തിൽ വളരുന്ന വൃക്ഷങ്ങൾ. മുത്തങ്ങ, ബേഗൂർ, തോൽപ്പെട്ടി, കുറിച്ച്യാട്, നെയ്കുപ്പ, പാതിരി, കുറുവ ഭാഗങ്ങളിലും വയനാട് വന്യജീവി സങ്കേതത്തിന്റെ കിഴക്ക് ഭാഗത്തായും കാണപ്പെടുന്നു.
4	സതേൺ മൗ ൻ വെറ്റ് ടെമ്പറേച്ചർ ഫോറസ്റ്റ്	ചോല വനങ്ങൾ, പരഭോജി സസ്യങ്ങളുടെ ആവാസ മേഖല, വൻമരങ്ങൾ ഈ പ്രദേശങ്ങളിൽ കാണപ്പെടുന്നു. ചെമ്പ്രപീക്ക്, വെള്ളരിമല, കത്തിമറ്റം, കുറിച്ച്യാർമല, ബ്രഹ്മഗിരി, ബാണാസുര മല എന്നിവിടങ്ങളിൽ കാണുന്നു.
5	പുൽമേടുകൾ	1500 മീറ്ററിലധികം ഉയരമുള്ള കുന്നിൻ മുകൾ, വടക്കേവയനാടിന്റെ മിക്ക പ്രദേശങ്ങളിലും ധാരാളമായി കാണുന്നു. ചെമ്പ്ര കുന്നുകൾ, സുഗന്ധ ഗിരി, അമ്പ, ബാണാസുരമല, മാണിക്കുന്ന് മല, ബ്രഹ്മഗിരി കുന്നുകൾ, കുറിച്ച്യാർമല മുതലായ സ്ഥലങ്ങളിൽ കാണുന്നു.

അവലംബം– വനം വകുപ്പ്

4.7.2. വനം – പരിസ്ഥിതി സൗഹൃദ ടൂറിസം

സഞ്ചാരികൾക്ക് ഹൃദ്യമായ അനുഭവം പകരുന്ന ധാരാളം പരിസ്ഥിതി സൗഹൃദ ടൂറിസം കേന്ദ്രങ്ങൾ ജില്ലയിൽ ഉ ്. നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ചും ആവശ്യമായ പരിസ്ഥിതി അനുകൂല ഘടകങ്ങൾ കൂട്ടിച്ചേർത്തുമാണ് ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നത് ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി (എഫ്.ഡി.എ) വഴിയാണ്. അമൂല്യമായ വനസമ്പത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള ഉപയോഗം ഈ പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ പ്രത്യക്ഷമായും പരോക്ഷമായും ഉയർത്തുന്നതിന് സഹായിക്കുന്നു.

പട്ടിക4.7.5

വനമേഖലയിലെ ഇക്കോടൂറിസം കേന്ദ്രങ്ങൾ

തോൽപ്പെട്ടി	വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ
മുത്തങ്ങ	
തിരുനെല്ലി	നോർത്ത് വയനാട് ഡിവിഷൻ
മുനീശ്വരൻകോവിൽ	
ചിറപ്പുല്ല്	
മീൻമുട്ടി–മക്കിയാട്	
കുറുവ	സൗത്ത് വയനാട് ഡിവിഷൻ
ബാണാസുര	
ചെമ്പ്ര	
സൂചിപ്പാറ	
മീൻമുട്ടി	

അവലംബം– വനം വകുപ്പ്

വിനോദസഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതും, സഫാരിയിൽ ഗൈഡായി പ്രവർത്തിക്കുന്നതും വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതും ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയിലെ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങളാണ്. ഇക്കോടൂറിസവുമായി ബന്ധപ്പെട്ട് 40–ഓളം പേർക്ക് നേരിട്ടും അതിൽ കൂടുതൽ ആളുകൾക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്നതിന് ഇക്കോടൂറിസം വഴി സാധ്യമാകുന്നു ്.

4.7.3 ഇക്കോടൂറിസത്തിന്റെ പ്രധാനലക്ഷ്യങ്ങൾ

1). വനം – വന്യജീവി ഗവേഷണവും പഠനവും.
2). അപൂർവ്വവും അതിജീവന ഭീഷണി നേരിടുന്നതുമായ സസ്യ ജീവിവർഗ്ഗ ത്തിന്റെ പരിരക്ഷണം.
3). പ്രകൃതി പഠനം, പ്രകൃതി പര്യവേക്ഷണം എന്നിവയിലൂടെ വിദ്യാഭ്യാസ മൂല്യം ഉയർത്തൽ.

4). സാധ്യമായ പ്രകൃതി പുനരുദ്ധാരണം.

5). അത്യന്തികമായ പ്രകൃതി അവബോധം വളർത്തൽ

6). പങ്കാളിത്ത പരിപാലനത്തിലൂടെ വനാശ്രിത സമൂഹത്തിന് ജീവനോ പാധി പ്രദാനം ചെയ്യുക.

7). ആദിവാസി വിഭാഗങ്ങളുടെ സാമ്പത്തികമായ ഉന്നമനം.

8). തൊഴിൽ ലഭ്യത.

സുസ്ഥിര വികസനത്തിലൂന്നിയ ജൈവ സംരക്ഷണമാണ് വനം വകുപ്പ് ഇതിലൂടെ ഉദ്ദേശിക്കുന്നത് എന്നിരുന്നാലും പ്രകൃതി പഠിതാക്കൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ഡിപ്പാർട്ട്മെന്റ് ഈ പ്രദേശങ്ങളിൽ എല്ലാം ഏർപ്പെടുത്തിയിട്ടു ്.

പട്ടിക4.7.6
ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി/വനസംരക്ഷണ സമിതികൾ

നോർത്ത് വയനാട് ഡിവിഷൻ	17
സൗത്ത് വയനാട് ഡിവിഷൻ	18
വയനാട് വന്യജീവി സങ്കേതം	16
ആകെ	**51**

അവലംബം– വനം വകുപ്പ്

4.7.4. പങ്കാളിത്ത വനപരിപാലനം

വയനാട് ജില്ലയിൽ 2002 മുതൽ പങ്കാളിത്ത വനപരിപാലനം നടപ്പിലാക്കി വരുന്നു. വന സംരക്ഷണ സമിതികൾ/എക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിങ്ങനെ അറിയപ്പെടുന്ന നിര വധി സമിതികൾ ജില്ലയിൽ രൂപീകരിച്ച് പ്രവർത്തിക്കുന്നു.

സമിതികളുടെ പ്രവർത്തനങ്ങൾ–ലക്ഷ്യങ്ങൾ

1) നാഷണൽ അഫോറസ്ട്രേഷൻ പ്രോഗ്രാം, (ചഅജ) നാഷണൽ മെഡിസിനൽ ബോർഡ്, നാഷണൽ ബാംബൂ മിഷൻ എന്നിവ വഴി പ്ലാന്റേഷനുകളുടെ രൂപീകരണവും പരിപാലനവും.

2). വിവിധ ഏജൻസികൾ ലഭ്യമാക്കുന്ന ഫ ുകൾ ഉപയോഗിച്ച് ആദിവാസി വിഭാഗ ത്തിന്റെ ക്ഷേമം ഉറപ്പ് വരുത്തുക.

3). ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ നടത്തിപ്പും വനസംരക്ഷണ പ്രവർത്തനങ്ങളിൽ സഹായിക്കലും.

4). കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളും ആദിവാസി ക്ഷേമ പദ്ധതികളുടെ ആസൂത്രണ വും.

5). തടിയിതര വന വിഭവങ്ങളുടെ സുസ്ഥിര ശേഖരണവും മൂല്യവർദ്ധന പ്രവർത്തനങ്ങളും.

6). തേൻ മുതലായ വന ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി പ്രത്യേക ബ്രാൻഡിൽ ഇക്കോ ഷോപ്പുകൾ വഴിയും മറ്റും വിറ്റഴിക്കുന്നു. തദ്ദേശീയ

ദേശീയ, അന്തർദേശീയ വിപണികളിൽ ഇത്തരം ഉൽപ്പന്നങ്ങൾക്ക് ഉയർന്ന ചോദനം ആണ്.

7). വന ഉൽപ്പന്നങ്ങളെ ശേഖരിക്കുന്നതിനുള്ള ശാസ്ത്രീയ സുസ്ഥിരമാർഗ്ഗങ്ങളെപ്പറ്റിയുള്ള പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

8). ഗ്രീൻ ഇൻഡ്യ മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നു.

4.7.5. വയനാടിന്റെ ജലസമ്പത്ത്

വൻതോതിലുള്ള ജലത്തിന്റെ സംഭരണ കേന്ദ്രങ്ങളാണ് വനങ്ങൾ. വനത്തിലെ ചെറുനീരു റവകളുടെ ആരോഗ്യമാണ് സമതലപ്രദേശങ്ങളിലെ നദികളുടെ ജീവസുറ്റ ഒഴിക്കിന്റെ അടി സ്ഥാനം. ജലം ജീവന്റെ അടിസ്ഥാനമെങ്കിൽ വനം ജലത്തിന്റെ അടിസ്ഥാനമാണ്.

4.7.5.1. ചതുപ്പുകളും, തണ്ണീർത്തടങ്ങളും

വലുതും ചെറുതുമായ കുന്നുകൾക്കിടയിൽ ചരിവില്ലാതെ പരന്നു കിടക്കുന്ന ചതുപ്പുക ളാണ് ഈ ഭൂവിഭാഗത്തിന്റെ മറ്റൊരു പ്രത്യേതക. 30,920 ഹെക്ടർ ചതുപ്പു നിലങ്ങളാണ് ഈ പീഠഭൂമിയിലു ായിരുന്നത്. പുൽമേടുകളിൽ നിന്നും ചോലക്കാടുകളിൽ നിന്നും ഉത്ഭവിച്ചൊ ഴുകിവരുന്ന ചെറു നീരുറവകളേസ്വീകരിക്കുന്നത് ഈ ചതുപ്പുകളാണ്.പ്രത്യേകസസ്യജന്തുജാല ങ്ങളുടെആവാസവ്യവസ്ഥ കേന്ദ്രങ്ങളാണ് ചതുപ്പുകൾ. ചതുപ്പുകളുടെ നാശം ഭൂഗർഭജലവി ധാനം താഴുന്നതിലേക്കും,അന്തരീക്ഷത്തിലെ ആർദ്രത കുറയ്ക്കുന്നതിനും താപനില ഉയരുന്ന തിനും കാരണമാകുന്നു. കബനി, വളപ്പട്ടണംപുഴ, കോരപ്പുഴ, മാഹിപ്പുഴ, കുറ്റ്യാടിപ്പുഴ, അഞ്ചര ക്ക ിപ്പുഴ, ചാലിയാർ എന്നീ പ്രധാന നദീതടങ്ങൾ വയനാടൻ മലനിരകളിലും സമതലങ്ങ ളിലും ജലലഭ്യത പ്രദാനം ചെയ്യുന്നു. ഭൂതലത്തിന്റെ സവിശേഷതകൊ ് കിഴക്കോട്ടും പടി ഞ്ഞാറോട്ടും ഒഴുകുന്ന നദികൾ വയനാടിന്റെ സവിശേഷതയാണ്.

പടിഞ്ഞാറോട്ട് ഒഴുകുന്ന നദികൾ – അനക്സർ–1
കിഴക്കോട്ട് ഒഴുകുന്ന നദികൾ – അനക്സർ–2
കുളങ്ങൾ, മറ്റ് ജലസംഭരണികൾ– അനക്സർ– 3

ചിത്രം.4.7.2
നദീ വ്യവസ്ഥ

4.7.6. വനാശ്രിതസമൂഹം

വനവും ഗോത്ര സമൂഹവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന കണ്ണികളാണ്. വനത്തെ ആശ്രയിച്ച് കഴിയുന്ന അവരുടെ ജീവിത രീതികളും സംസ്കൃതിയും പരിസ്ഥിതിയുമായി ചേർന്നതാണ്. ഗോത്ര വർഗ്ഗങ്ങളുടെ വാസകേന്ദ്രമെന്ന നിലക്ക് അത് അവരുടെ പൂർവ്വികരുടെ പൈതൃകവും ആരാധനാ കേന്ദ്രങ്ങളുമായി അവർ കരുതുന്നു. വനം അവർക്കു നൽകുന്ന ഭൗതിക സേവനങ്ങൾക്കപ്പുറം, അത് അവരുടെ സാമൂഹിക – സാമ്പത്തിക ആരാധനാ ജീവിത ത്തിന്റെ പരുവപ്പെടുത്തൽ കേന്ദ്രങ്ങൾ കൂടിയാണ്. ഈ ദശകങ്ങളിൽ വനം ഏറ്റവും പ്രധാന പ്പെട്ട ജൈവ അടിത്തറയായി പരിഗണിക്കുമ്പോൾ, അത്തരത്തിലുള്ള മാറ്റങ്ങൾ ഈ സമൂഹ ത്തേയും പുരോഗമനപരമായി സ്വാധീനിച്ചിട്ടു ്. വനം വകുപ്പിൽ വിവിധ തസ്തികകളിലായി സ്ഥിരം ജീവനക്കാരായും താൽക്കാലിക ജീവനക്കാരായും ആദിവാസികൾ ജോലി നോക്കിവ രുന്നു. ഇ.ഡി.സികൾ ഗൈഡായി ഉപയോഗിക്കുന്നത് ഭൂരിഭാഗവും ആദിവാസികളെയാണ്. ആന്റിപോച്ചിംഗ് വാച്ചർ, ഫയർ വാച്ചർ എന്നീ ജോലികളിലും ആദിവാസികൾക്ക് മുൻഗണന ലഭിക്കുന്നു. ഡിപ്പാർട്ട്മെന്റ് തലത്തിൽ നേരിട്ടും, വി. എസ്. എസ്, ഇ.ഡി.സി മുതലായവ മുഖേ നയും ആദിവാസികൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ വനം വകുപ്പ് അതീവ ശ്രദ്ധ പുലർത്തുന്നു.

ആദിവാസി വിഭാഗങ്ങളുടെ എണ്ണത്തിൽ വളരെയധികം പ്രാധാന്യമുള്ള ജില്ലയാണ് വയനാട്. വയനാട് വൈൽഡ്ലൈഫ് ഡിവിഷനുകീഴിലുള്ള വനപ്രദേശങ്ങളിൽ പ്രധാനമായും കുറുമ, മുള്ളക്കുറുമ, കാട്ടുനായ്ക്ക, പണിയ, ഊരാളി, കുറിച്ച്യ, അടിയ വിഭാഗക്കാരാണ് താമസിക്കുന്നത്. സാങ്ച്വറിയുടെ പരിധിയിലെ 60% ജനങ്ങളും ഈ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. വനവിഭവങ്ങളെയാണ് പ്രധാനമായും ഉപജീവനത്തിനായി ആശ്രയിക്കുന്നത്. വനാശ്രിത വിഭാഗക്കാരായ ട്രൈബൽ കുടുംബങ്ങളുടെ ഉന്നമനത്തിന് വിവിധ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളിൽ പങ്കാളിത്തവും തൊഴിലും ഉറപ്പുവരുത്തുന്നു ്. വയനാട് വൈൽഡ്ലൈഫ് ഡിവിഷനുൾപ്പെടെയുള്ള വിവിധ വനമേഖലകളിലെ ട്രൈബൽ സെറ്റിൽമെന്റുകളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വയനാട് വന്യജീവി സങ്കേതത്തിൽ നടപ്പിലാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം വനത്തിനുള്ളിൽ ഏറ്റവും രൂക്ഷമായ വന്യമൃഗശല്യം അനുഭവപ്പെടുന്ന കോളനികളെ വനത്തിനു പുറത്തേക്ക് എത്തിക്കുന്നതിന് പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു ്. ആയതു പ്രകാരം അരകുഞ്ചി, കൊട്ടങ്കര, ഗോളൂർ, അമ്മവയൽ, പുത്തൂർ എന്നീ സെറ്റിൽമെന്റുകളിൽ നിന്നും ആളുകളെ പൂർണ്ണമായും പുനരധിവസിപ്പിച്ചിട്ടു ്. കുറിച്ച്യാട്, നരിമാന്തിക്കൊല്ലി, വെള്ളക്കോട്, ഈശ്വരക്കൊല്ലി എന്നീ സെറ്റിൽമെന്റുകളിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു ്. ടി സെറ്റിൽമെന്റുകളെ പൂർണ്ണമായും ഒഴിപ്പിച്ചു കഴിഞ്ഞിട്ടില്ല. മുത്തങ്ങ റെയിഞ്ചിലുൾപ്പെട്ട ചെട്ട്യാലത്തൂർ പ്രദേശത്ത് പുനരധിവാസം നടപ്പിലാക്കുന്നതിന് അർഹതാ കുടുംബങ്ങളെ കെ ത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു ്.

വനം സെറ്റിൽമെന്റുകൾ

വനാവകാശ നിയമം നടപ്പാക്കൽ

പട്ടിക4.7.7

ഡിവിഷൻ	ലഭിച്ച അപേക്ഷകൾ(എണ്ണം)	അനുവദിച്ചത്	
		എണ്ണം	ഹെക്ടർ
നോർത്ത് വയനാട്	815	677	235.4325
സൗത്ത് വയനാട്	....	147	32.9155
വയനാട് വന്യജീവി സങ്കേതം	1433	1433	279
ആകെ		2257	547.348

അവലംബം– വനം വകുപ്പ്

പട്ടിക4.7.8

വനവിഭവ ശേഖരണം

ഇനം	2013 – 14 (കിലോ)	2014 – 15 (കിലോ)	2015 – 16 (കിലോ)	2016 – 17 (കിലോ)	2017 – 18 (കിലോ)	ആകെ
വൻ തേൻ	26055	33085	30216	82707	29223	
ചെറുതേൻ	–	–	–	60	50	
കുറുന്തോട്ടി	234192	237032	224000	20150	195597	
ചുണ്ട	170407	172104	134100	61732	159000	
കുന്തിരിക്കം	496	190	670	146	30	
ഓരില	260	1660	–	–	–	
മൂവില	5000	2700	–	–	–	
ചീനിക്ക	5000	5929	2680	31160	–	
മെഴുക്	–	35	–	100	121	
തിപ്പല്ലി				171		
കുരുമുളക്					444	

അവലംബം– വനം വകുപ്പ്

നെല്ലിക്ക ശേഖരണത്തിന്റെ വ്യക്തമായ അളവുകൾ **ലഭ്യമല്ല. ഒ– ാരെ– റ്റികൾ നെല്ലിക്ക ശേഖരിക്കാത്തതു കാരണം ശേഖരണം നടത്തുന്ന ആദിവാ– ികൾ നേരിട്ട് ആവശ്യക്കാർക്ക് വിൽക്കുന്നു.**.

പട്ടിക4.7.8

വിഭവശേഖരണത്തിലുള്ള പ്രശ്നങ്ങളും പരിഹാരങ്ങളും

പ്രശ്നങ്ങൾ	**പരിഹാരങ്ങൾ**
• ശാസ്ത്രീയമായ രീതിയിലുള്ള വിഭവ ശേഖരണം നടക്കുന്നില്ല. • **വിഭവ ശേഖരണം നടത്തുന്നവർ നെല്ലി മരത്തിന്റെ ശിഖരങ്ങൾ വെട്ടി വീഴ്ത്തി ശേഖരിക്കുന്നു** • **വിഭവങ്ങൾക്ക് മൂല്യം ലഭിക്കുന്നില്ല** • സാമ്പത്തിക പ്രശ്നം മൂലം ശേഖരിക്കുന്നവർ സൊസൈറ്റികളിൽ എത്തിക്കാതെ നേരിട്ട് വിൽപന നടത്തുന്നു.	• **ബോധവത്കരണം നടത്തുക** • **തിരിച്ചറിയൽ കാർഡ് ഉള്ളവരെ മാത്രം ശേഖരണത്തിനായി നിയോഗിക്കുക** • **ശാ– ്ത്രീയമായ രീതിയിൽ വനവിഭവ ശേഖരണം നടത്തുക** • **– ്കാര്യ കൈവശ ഭൂമികളിൽ ഔഷധ – – ്ങളുടെ ഉദ്ി്ാദനവും ശേഖരണവും നടത്തുന്നതിനായി** ത്രിതല പഞ്ചായത്തുകൾ **ആവിഷ്ക്കരിക്കുക.** • റവന്യൂ പുറംപ്പോക്ക് ഭൂമികളിലും പൊതു സ്ഥലങ്ങളിലും ഗ്രാമ പഞ്ചായത്ത് തലത്തിൽ നിശ്ചിത ഏരിയ ഔഷധ തോട്ട നിർമ്മാണത്തിനായി കെ ത്തുകയും ഉൽപാദിപ്പിക്കുകയും കർമ്മ

	പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക. ആയതിന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക. • അങ്കണത്തിൽ പൂർവ്വ ഔഷധ സസ്യ നിർമ്മാണത്തിനായി പ്രോത്സാഹന പദ്ധതികള് ത്രിതല പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുക. • **മറ്റു** ഉൽപന്നങ്ങളോടൊപ്പം **വനവിഭവങ്ങൾ** അനധികൃതമായി **വിൽപന നടത്തുന്നവരുടെ ലൈ- ൻ- ് റദ്ദ് ചെയ്യുക**.

അവലംബം- വനം വകുപ്പ്

വയനാടിന്റെ വിവിധ ഭാഗങ്ങളിൽ ബ്രിട്ടീഷ് കാലം മുതൽ തന്നെ പ്ലാന്റേഷനുകൾ ചെയ്തിരുന്നു. ഇത്തരം പ്ലാന്റേഷനുകളെ കൂടാതെ സ്വാഭാവിക വനത്തിന്റെ ഭാഗങ്ങളും വ്യത്യസ്ത പദ്ധതികളിൽ ഉൾപ്പെടുത്തി പരിചരിച്ചുവരുന്നു. വനത്തിന്റെ സ്വാഭാവിക വളർച്ചയും സമ്പന്നതയും ഉറപ്പ് വരുത്തുന്നതിനായിട്ടാണിത്.

പട്ടിക4.7.9

പ്ലാന്റേഷൻ – പരിചരണ പ്രദേശങ്ങൾ

ക്രമ നമ്പർ	സ്പീഷിസുകൾ	വിസ്തീർണ്ണം (ഹെക്ടർ)			
		നോർത്ത് വയനാട്	സൗത്ത് വയനാട്	വയനാട് വന്യജീവി സങ്കേതം	ആകെ
1	തേക്ക്	483.700	23208.01	7121.75	9933.55
2	മഹാഗണി	62.040	4.000		66.04
3	മാഞ്ചിയം	2.000	10.000		12.000
4	തേക്ക് ആന്റ് സേഫ്റ്റ് വുഡ്	1297.977	781.07		2079.047
5	ബാംബു	494.00	195.00		689.00
6	ചൂരൽ	787.600	60.00		847.600
7	കുരുമുളക്	30.00			30.00
8	ഔഷധ സസ്യങ്ങൾ	444.820	74.560		519.380
9	അക്കേഷ്യ	190.8000	295.88		485.880
10	മിസലേനിയസ്	1379.920	1049.29		2428.949
11	ഗ്ലൂട്ട	8.200			8.200
12	യൂക്കാലി			425.00	425.00
13	സിൽവർറോക്ക്		59.5	876.81	936.31
14	ഹാർഡ് വുഡ്		32.00		32.00
15	ഇരുമ്പകം		31.20		31.20

അവലംബം- വനം വകുപ്പ്

4.7.6. വികസന പ്രശ്നങ്ങൾ

വയനാട്ടിലെ വനമേഖലകൾ നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ

1. മനുഷ്യ വന്യജീവി സംഘർഷം
2. വനം കയ്യേറ്റങ്ങൾ
3. കാട്ടുതീ
4. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള സ്വാഭാവിക വനത്തിന്റെ ശോഷണം
5. ജല സ്ത്രോതസ്സുകളുടെ ശോഷണം
6. ഏകവിള പ്ലാന്റേഷനുകൾ
7. വന്യജീവി വേട്ട
8. തടിയിതര വനവിഭവങ്ങളുടെ അനിയന്ത്രിതമായ ശേഖരണം
9. ജീവനക്കാരുടെ അഭാവം
10. കാലിമേച്ചിൽ
11. വ്യാജ മദ്യ നിർമ്മാണം
12. വനോൽപ്പന്നങ്ങളുടെ അനധികൃത ശേഖരണം.
13. അധിനിവേശ സസ്യങ്ങളുടെ കടന്നുകയറ്റം

4.7.7. മനുഷ്യ വന്യജീവി സംഘർഷം

വനംവകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വനവുമായി അതിർത്തിവരുന്ന എല്ലാ ജനവാസ കേന്ദ്രങ്ങളിലും രൂക്ഷമായ മനുഷ്യ–വന്യജീവി സംഘർഷം നിലനിൽക്കുന്നു ്. കാട്ടാന, കുരങ്ങ്, കാട്ടുപന്നി, മാൻ, കാട്ടുപോത്ത് മുതലായ വന്യമൃഗങ്ങൾ സ്വകാര്യ കൃഷിയിടങ്ങളിൽ ഇറങ്ങി വ്യാപകമായി കൃഷിനശിപ്പിക്കുകയും സ്ഥാവര ജംഗമ വസ്തുക്കൾ നശിപ്പിക്കുകയും ചെയ്യുന്നത് പതിവായിട്ടു ്. കൂടാതെ കടുവ, പുലി എന്നിവ വളർത്തുമൃഗങ്ങളെ ആക്രമിക്കുന്നതും പതിവാണ്. സമീപകാലത്ത് മനുഷ്യന് നേരേയും പലസ്ഥലങ്ങളിലും ആക്രമണം ഉ ാവുകയും മനുഷ്യർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തിട്ടു ്. 1991 ൽ ഇതുവരെയുള്ള കാലയളവിനുള്ളിൽ വയനാട് ജില്ലയിൽ 110 മനുഷ്യ ജീവൻ വന്യജീവികളുടെ ആക്രമണം മൂലം അപഹരിക്കപ്പെട്ടിരിക്കുന്നുവെന്നത് ഏറെ ഗൗരവം അർഹിക്കുന്നു. ഇതിൽ തന്നെ ഏറ്റവും കൂടുതൽ ജീവഹാനി സംഭവിച്ചിരിക്കുന്നത് തിരുനെല്ലി പഞ്ചായത്ത് പരിധിയിലാണ്.

പട്ടിക4.7.10

മനുഷ്യ വന്യജീവി സംഘർഷത്തിന്റെ പ്രധാനപ്പെട്ട കാരണങ്ങളും ലഘൂകരിക്കുന്നതിനുള്ള പ്രതിരോധ പദ്ധതികളും

പ്രധാനപ്പെട്ട കാരണങ്ങൾ	പ്രതിരോധ പദ്ധതികൾ
• വനഭൂമിയും കൃഷി ഭൂമിയും ചേർന്നുകിടക്കുന്നത്. • ജലദൗർല്ലഭ്യം • മുളം കൂട്ടങ്ങൾ പൂർണ്ണമായും നശിച്ചത് മൂലമുള്ള ഭക്ഷ്യ ദൗർല്ലഭ്യം	• ആനകിടങ്ങ് • ആന പ്രതിരോധ ഭിത്തി • സോളാർ ഫെൻസിംഗ് • കൽക്കിടങ്ങ്

• വനത്തിന് പുറത്തെ ഭക്ഷണ ലഭ്യത • വനഭൂമികൾ വേർതിരിക്കപ്പെട്ടതും ആനത്താരകൾ മുറിക്ക പ്പെട്ടതും • കാട്ടുതീ ഉൾപ്പെടെയുള്ള പ്രതിഭാസങ്ങളും കാലാവസ്ഥ വ്യതിയാനം മൂലമുള്ള വനശോഷണവും • വനത്തിനോട് ചേർന്നുള്ള കൃഷി ഭൂമികൾ തെളിക്കപ്പെ ടാതെ കാടുപിടിച്ച് കിടക്കുന്നത്. • വന്യജീവികളുടെ എണ്ണത്തിലു ായ വർദ്ധനവ് • ജലത്തിനും തീറ്റയ്ക്കുമായി ആന ഉൾപ്പെടെയുള്ള വന്യജീ വികൾ വേനൽ കാലത്ത് മറ്റ് പ്രദേശങ്ങളിൽ നിന്നു പോലും എത്തി വയനാടൻ കാടുകളിൽ തമ്പടിക്കുന്നു. ഇതിന്റെ ബാഹുല്യം മൃഗങ്ങളെ വനത്തിന് പുറത്തേക്ക് എത്തിക്കുന്ന തിന് കാരണമാകുന്നു. • കാർഷിക പ്രദേശങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ മുതലാ യവ ആനത്താരകൾ മുറിയുന്നതിനും ആനകളുടേയും മറ്റ് മൃഗങ്ങളുടേയും സ്വതന്ത്രമായ സഞ്ചാരത്തെ തടസ്സപ്പെടു ത്തുന്നതിനും കാരണമാകുന്നു. • സ്വാഭാവിക വനങ്ങൾ വെട്ടി പ്ലാന്റേഷനുകൾ ആക്കി മാറ്റം വരുത്തിയതും കാരണമാകുന്നു. • കാലാവസ്ഥാവ്യതിയാനം	• റെയിൽ ഫെൻസിംഗ് • ചെക്ക് ഡാം • കുളങ്ങൾ • മൺ തടയണ • ആന പ്രതിരോധ ഭിത്തി • സോളാർ ഫെൻസിങ്ങ് • കൽക്കിടങ്ങ് • ചെക്ക് ഡാം • തീറ്റക്കനുയോജ്യമായ സസ്യഫലവൃ ക്ഷങ്ങൾ വെച്ച് പിടിപ്പി ക്കൽ

പട്ടിക4.7.11

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നടപ്പിലാക്കിയ പ്രതിരോധ പദ്ധതി കൾ

പ്രതിരോധ മാർഗ്ഗങ്ങൾ	നോർത്ത് വയ നാട് (കി.മി)	സൗത്ത് വയനാട് (കി.മി)	വയനാട് വന്യജീവി സങ്കേതം (കി.മി)
ആനക്കിടങ്ങ്	64.25	120.00	235.22
ആന പ്രതിരോധ ഭിത്തി	2.87	13.083	6.533
സോളാർ ഫെൻസിങ്ങ്	221.729	224.50	171.25
കൽക്കിടങ്ങ്	36.30	–	1.473
ആകെ	**325.149**	**357.583**	**414.476**
ചെക്ക് ഡാം	14	13 എണ്ണം	45 എണ്ണം
കുളങ്ങൾ	60	8 എണ്ണം	235 എണ്ണം
മൺ തടയണ	1	–	27 എണ്ണം
ആകെ	**75**	**21**	**307**

അവലംബം– വനം വകുപ്പ്

വന്യ മൃഗ ആക്രമണം മൂലമുള്ള മരണങ്ങൾ
2009–10 മുതൽ 2017–18 വരെ



അവലംബം– വനം വകുപ്പ്

വന്യമൃഗ ആക്രമണം മൂലം വളർത്തു മൃഗങ്ങൾക്ക് പരിക്കേറ്റത് സംബന്ധിച്ച്
2009–10 മുതൽ 2017–18വരെ



വയനാട് ജില്ലയിലെ നഷ്ടപരിഹാരം (സംക്ഷിപ്തം) 2009–10 മുതൽ 2017–18 വരെ



അവലംബം– വനം വകുപ്പ്

വനം കയ്യേറ്റങ്ങൾ നോർത്ത് വയനാട് ഡിവിഷൻ 225.51ഹെക്ടർ

സൗത്ത് വയനാട് ഡിവിഷൻ 332.12ഹെക്ടർ

4.7.8. അഗ്നിപ്രതിരോധ വനപരിപാലനം

വയനാട് ജില്ലയിലെ വനമേഖലകളിൽ കൂടുതൽ പ്രദേശങ്ങളും പുൽമേടുകളും ഷോലാ വനങ്ങളും ഉൾപ്പെടുന്ന അതീവ കാട്ടുതീ സാധ്യതയുള്ള സ്ഥലങ്ങളാണ്. വയനാട് ജില്ലയുടെ പരിധിയിൽ വരുന്ന പുൽമേടുകൾ നിറഞ്ഞതും ചെങ്കുത്തായ മലകളോട് കൂടിയതുമായ വന ഭാഗം വർഷങ്ങളായി കാട്ടുതീ ഉ ാകുന്ന പ്രദേശങ്ങളാണ്. കാട്ടുതീ ഉ ായാൽ പുൽമേടുകളി ലൂടെ അതിവേഗം തീ പടർന്ന് ചോല വനങ്ങളുടേയും നീരുറവുകളുടേയും നിലനിൽപ്പിന് തന്നെ ഭീഷണിയായി മാറുന്നു. ചെങ്കുത്തായ ഈ പുൽമേടുകളിൽ എത്തിച്ചേരുക വളരെ അസാധ്യമായതിനാൽ കാട്ടുതീ വനങ്ങളെ നിരന്തരം വേട്ടയാടികൊ ിരിക്കുന്നു. മനുഷ്യരുടെ അശ്രദ്ധമൂലവും ചെറു പ്രശ്നങ്ങൾ കാരണവും മന:പൂർവ്വം ഉ ാക്കുന്ന കാട്ടുതീ വനസമ്പത്ത് നശിപ്പിക്കുകയും പരിസ്ഥിതിക്ക് കോട്ടം തട്ടി ആവാസ വ്യവസ്ഥ തകിടം മറിയുകയും മരു വൽക്കരണം, ജലദൗർലഭ്യത എന്നിവ സംജാതമാക്കുകയും ചെയ്യുന്നു. റിസർവ്വ് വനത്തിന് ചുറ്റുമുള്ള ജനവാസകേന്ദ്രങ്ങളും റിസർവ്വ് വനത്തിനുള്ളിൽ തന്നെയുള്ള ട്രൈബൽ സെറ്റിൽമെന്റുകളും മറ്റ് ജനവാസ കേന്ദ്രങ്ങളും നിലകൊള്ളുന്നതും വിറക്, കുടിവെള്ളം, കാലി മേച്ചിൽ വനവിഭവ ശേഖരണം എന്നിവയ്ക്കായി വനത്തെ ആശ്രയിക്കുന്നതും കാട്ടുതീ, വർദ്ധിച്ച വനശോഷണം എന്നിവയ്ക്കുള്ള സാദ്ധ്യത വർദ്ദിപ്പിക്കുന്നു. വിവിധ കാരണങ്ങളാൽ പ്രാദേശിക ജനങ്ങൾക്കുള്ള എതിർപ്പ് ഫയർ സീസണിൽ ശക്തമായ വെല്ലുവിളിയാകുന്നു. വനാശ്രിത സമൂഹം കാലങ്ങളായി വനത്തിനെ ആശ്രയിക്കുന്നതിനാൽ വന്യജീവികളിൽ നിന്നും രക്ഷ നേടുന്നതിനും ചാരം ശേഖരിക്കുന്നതിനും പുതിയ പുല്ല് ഉ ാകുന്നതിനുമായി കാട്ടുതീ ഇടാറു ്.

വളരെ സമ്പന്നമായ ഒരു ആവാസവ്യവസ്ഥയുടെ ഭാഗമായ വനങ്ങളെ കാട്ടുതീയിൽ നിന്നും അതുമൂലമു ാകുന്ന വനശോഷണത്തിൽനിന്നും തടയേ ത് പരമപ്രാധാന്യമായ കാര്യമാണ്. ഫലപ്രദമായ അഗ്നിപ്രതിരോധപ്രവർത്തനങ്ങൾക്ക് കാടിന് ചുറ്റും അധിവസി ക്കുന്ന ജനങ്ങളുടെ സഹകരണം അത്യന്താപേക്ഷിതമാണ്.

പട്ടിക4.7.12

വന്യജീവി സംരക്ഷണം–എടുത്തിട്ടുള്ള നടപടികൾ

അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ	വന്യജീവി സംരക്ഷണം–എടുത്തിട്ടുള്ള നടപടികൾ
• ഫയർ ലൈനുകൾ നിർമ്മിച്ചും ഫയർ വാച്ചർമാരെ ഏർപ്പെടുത്തിയും അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നിർവ്വഹിക്കാവുന്നതാണ്. • റെയ്ഞ്ചിന്റെ പ്രധാന മേഖലകൾ കേന്ദ്രികരിച്ച് ഫയർ ഗാങ്ങുകൾ രൂപികരിച്ച് കാട്ടുതീ ഉ ാകുന്ന ഭാഗങ്ങളിൽ ഉടൻ എത്തി കാട്ടുതീ അണയ്ക്കുന്നതിനുള്ള ഏകോപിച്ച പ്രവർത്തനങ്ങൾ നടത്തേ താണ്. • വനസംരക്ഷണത്തിന്റെ പ്രധാന്യവും കാട്ടുതീപ്രതിരോധ പ്രവർത്തനങ്ങളുടെ ആവശ്യകതയും മുൻനിർത്തി ബോധവൽകരണപ്രവർത്തനങ്ങൾ നടത്തേ താണ്. • വന സംരക്ഷണ സമിതികളുടേയും അഗ്നിപ്രതിരോധ സമിതികളുടേയും സഹായസഹകരണത്തോടുകൂടി അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. • ഇത്തരത്തിൽ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് മതിയായ ഫ ് ലഭിക്കേ തു ്. • വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്. പി.സി യെപോലെ ഹരിത സേന രൂപീകരിച്ച് പരിശീലനം നൽകി	• ഫയർലൈൻ നിർമ്മാണം • ഫോറസ്റ്റ് ഏരിയ ഫയർ ബ്ലോക്കുകൾ ആയി തിരിച്ച് നിരീക്ഷണത്തിനായി വാച്ചർമാരെ നിയമിക്കുന്നു. • ഫയർ വാച്ചർമാരെയും, ഇ.ഡി.സി അംഗങ്ങളെയും നിയമിക്കുകയും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നു. • ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു • ഫയർഫയറ്റിങ്ങ് എക്യൂപ്മെന്റ്സുകൾ ഉപയോഗിക്കുന്നു. • വനത്തിനകത്തും ചേർന്നുമുള്ള കോളനികളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. • ഡിസ്പ്ലേ ബോർഡുകൾ സ്റ്റിക്കറുകൾ, നോട്ടീസ് എന്നിവയിലൂടെ പൊതു ജനങ്ങൾക്ക് ബോധവത്കരണം നടത്തുന്നു. • കാട്ടൂതീ നിരീക്ഷണത്തിനായി മച്ചാനുകൾ സ്ഥാപിക്കുന്നു. • ചെക്കിംഗ് സ്റ്റേഷനുകളും, വയർലസ് സ്റ്റേഷനുകളും ഫയർ മോണിറ്ററിംഗ് സ്റ്റേഷനുകളായും പ്രവർത്തിപ്പിക്കുന്നു

കാട്ടുതീ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.	• മുത്തങ്ങ, തോൽപ്പെട്ടി വന്യജീവി സങ്കേതത്തിലേക്കും മറ്റു വനമേഖലയിലെ ഇക്കോ ടൂറിസം സെന്ററുകളിലേക്കുമുള്ള വിനോദ സഞ്ചാരികളുടെ പ്രവേശനം ഫിബ്രവരി മുതൽ ഏപ്രിൽ വരെയുള്ള കാലങ്ങളിൽ നിരോധിക്കുന്നു. • വനാന്തർഭാഗങ്ങളിൽ നിരീക്ഷണവും പട്രോളിങ്ങും രാത്രിയും പകലും നടത്തുന്നു.

ചിത്രം.4.7.3



ചിത്രം.4.7.4



4.7.9. അധിനിവേശ സസ്യങ്ങളുടെ കടന്നുകയറ്റം–പാരിസ്ഥിതിക ആഘാതം

വനമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് പരദേശി സസ്യങ്ങളുടെ കടന്നു കയറ്റം. ജൈവ സമ്പത്തിന്റെ സുസ്ഥിരമായ ഉപയോഗത്തെയും, സാധന–സേവനങ്ങളുടെ പ്രകൃതി പുനരുജ്ജീവനത്തേയും കാര്യമായി ബാധിക്കുന്ന ഇത് ജൈവഘടനയിലും, പാരമ്പര്യ അടിത്തറയിലും ഊന്നിയ പ്രകൃതിയുടെ സാമൂഹ്യ സാമ്പത്തിക അടിസ്ഥാനത്തെ പ്രതിലോമക രമായി ബാധിക്കുന്ന വിധം ഈ പ്രശ്നം വളർന്നിരിക്കുന്നു. ഇതിന്റെ നിയന്ത്രണ ചെലവ്, ശമ നം, നിവാരണം എന്നിവയിൽ ഒതുങ്ങുന്നതല്ല അധിനിവേശ സസ്യങ്ങളുടെ പ്രശ്നം. മറിച്ച് ഇത് ജൈവ സേവനത്തിന്റെ പരോക്ഷമായ മൂല്യത്തേയും ബാധിക്കുന്ന തരത്തിലുള്ളതാണ്.

വന്യജീവി ആവാസ വ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്ന ഈ കടന്നുകയറ്റം ഒരു പ്രദേശത്തെ സസ്യ – വൃക്ഷ വിഭാഗങ്ങളെ പ്രകൃതിയിൽ നിന്നും തുടച്ചുമാറ്റാനും നിലനിൽപ്പിന് ഭീഷണി നേരിടുന്നവയെ പൂർണ്ണമായും ഇല്ലാതാക്കാനും അധിനിവേശ സസ്യ ങ്ങൾക്ക് കഴിയും. ഒരു പ്രദേശത്തിന്റെ സസ്യ–ജന്തു വൈവിധ്യത്തെ ഇല്ലാതാക്കി, ആ പ്രദേ ശത്തെ ഏകസസ്യ ഭൂമിയാക്കിമാറ്റാൻ ഇതു കാരണമാകുന്നു.

പ്രധാന അധിനിവേശ സസ്യങ്ങൾ

അനക്സർ–5
അനക്സർ–6
അനക്സർ–7

പട്ടിക4.7.13

ഒരു പ്രദേശത്തിന്റെ സസ്യ–ജന്തു വൈവിധ്യത്തെ ഇല്ലാതാക്കുന്നതും വയനാട്ടിലെ വനമേ ഖലകളിൽ കാണുന്നതുമായ പ്രധാനയിനം അധിനിവേശ സസ്യങ്ങൾ

പേര്	പരിഹാര മാർഗ്ഗങ്ങൾ
• ലന്റാന (ലന്റാന കമേറ) • യൂപ്പറ്റോറിയം (ക്രൊമോലിന ഒഡോറ റ്റ) • മിക്കേനിയ (മികേനിയ മക്രാന്ത) • സെന്നാ സ്പെക്ടാബിലിസ്	• പൂക്കുന്നതിന് മുമ്പ് പിഴിത് മാറ്റുക • കത്തിച്ച് നശിപ്പിക്കുക • അധിനിവേശ സസ്യങ്ങൾക്കെതിരെ ബോധവത്കരണ ക്ലാസുകൾ • അധിനിവേശ സസ്യങ്ങളെ പൂക്കുന്നതിന് മുമ്പ് ജൈവവളമായി ശേഖരിക്കുന്നതിനുള്ള നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുക. • ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനത്തിലൂടെ അധിനിവേശ സസ്യങ്ങളുടെ ഉന്മൂലനത്തിനുള്ള പ്രവർത്തികൾ നടപ്പിലാക്കുക.

4.7.10. കാലാവസ്ഥാ മാറ്റം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

ഏകദേശം 3000 മി.മീറ്റർ മുതൽ 4000 മി.മീറ്റർ വരെ വാർഷിക വർഷപാതം ലഭിക്കുന്ന പ്രദേശമാണ് വയനാട്. മാർച്ച്, ഏപ്രിൽ മാസം മുതൽ വര കാറ്റും തെക്കു പടിഞ്ഞാറൻ മൺസൂൺ കാലത്ത് സാധാരണ സാമാന്യം ശക്തമായ കാറ്റും ഇവിടെ സാധാരണമാണ്. എന്നി രുന്നാലും കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇവിടെ ലഭിക്കുന്ന മഴയിൽ കാര്യമായ കുറവാണ് കാണുന്നത്. വടക്ക് കിഴക്കൻ മൺസൂൺ ഏറ്റവും കുറവ് ലഭിക്കുന്ന പ്രദേശമാണ് വയനാട് എന്ന് പഠനങ്ങളിൽ വ്യക്തമാകുന്നു. മഴയുടെ ഏറിയ അളവും തുടർച്ചയായി ലഭിച്ചിരുന്നത് പ്ലാന്റേഷനുകൾ, സ്വാഭാവിക വനങ്ങൾ എന്നിവയുടെ ആരോഗ്യകരമായ വളർച്ചയെ സഹായി ച്ചിരുന്നു. എന്നാൽ ഈ അവസ്ഥക്ക് മാറ്റം വന്നിട്ടു ്.

ഉയർന്ന പ്രദേശങ്ങളിൽ വാർഷിക താപനില 29 ഡിഗ്രി സെൽഷ്യസും താഴ്ന്നത് 15 ഡിഗ്രി സെൽഷ്യസും വിവിധ രേഖപ്പെടുത്തലുകളിൽ കാണുന്നു. 1901–2003 (103 വർഷം) കാലയള വിൽ താപവർദ്ധന 0.49 ഡിഗ്രി സെൽഷ്യസ് കാണപ്പെട്ടതായി വയനാട് ജില്ലയിലെ കൃഷി വകു പ്പിലെ ജോയിന്റ് ഡയറക്ടറുടെ പഠന റിപ്പോർട്ടിൽ കാണുന്നു. ചൂട് കൂടുതലായി അനുഭവപ്പെ ടുകയും മഴയുടെ അളവ് കുറഞ്ഞുവരുന്നതായുമാണ് കാണുന്നത്.

പട്ടിക4.7.14
2012–15 കാലയളവിലു ായ മഴയുടെ വിവരങ്ങൾ

2012 വർഷം	2013 വർഷം	2014 വർഷം	2015 വർഷം
തെക്ക് പടിഞ്ഞാറൻ കാലവർഷത്തെക്കാൾ കൂടുതൽ വടക്ക് കിഴക്കൻ കാലവർഷമാണ് ലഭ്യമായത്	തെക്ക് പടിഞ്ഞാറൻ കാലവർഷം സാധാരണ നിലയിൽ ലഭിച്ചു. എന്നാൽ വടക്ക് കിഴക്കൻ കാലവർഷം സാധാരണ ലഭിക്കുന്നതിനേക്കാൾ 29 ശതമാനം കുറവായിട്ടാണ് ലഭിച്ചത്	സാധാരണ ലഭിക്കുന്നതിനെക്കാൾ 26 ശതമാനം കൂടുതലായി തെക്ക് പടിഞ്ഞാറൻ കാലവർഷം അനുഭവപ്പെട്ടു.	തെക്ക് പടിഞ്ഞാറൻ കാലവർഷം സാധാരണ ലഭ്യമായതിനെക്കാൾ കുറഞ്ഞ അളവിലാണ് ലഭ്യമായത്. മറ്റ് ജില്ലകളിൽ വടക്ക് കിഴക്കൻ കാലവർഷം കൂടുതൽ അനുഭവപ്പെട്ടപ്പോൾ വയനാട് ജില്ലയിൽ കുറഞ്ഞ മഴയാണ് ലഭ്യമായത്.

ഇന്ത്യയിൽ ശരാശരി 1150 ാാ മഴ ലഭിക്കുമ്പോൾ വയനാട് ജില്ലയിൽ 3000ാാ മഴ ലഭിക്കുന്നു ്. എന്നാൽ മഴയുടെ അളവിൽ കാര്യമായ വ്യത്യാസം ഇല്ലെങ്കിലും അനുഭവപ്പെടുന്ന സമയദൈർഘ്യത്തിൽ കാതലായ വ്യത്യാസം കാണുന്നു.

4.7.11. വനസംരക്ഷണത്തിനും വികസനത്തിനുമായിട്ടുള്ള കേന്ദ്ര – സംസ്ഥാന സർക്കാർ ഫ ു കൾ/പദ്ധതികൾ

4.7.11.1. കേന്ദ്രസർക്കാർ പദ്ധതികൾ

- ഗ്രീൻ ഇൻഡ്യ മിഷൻ (ജിം)
- പ്രാജക്ട് എലഫന്റ്
- നീലഗിരി ബയോസ്ഫിയർ റിസർവ്വ് പ്രൊജക്ട്
- ജൈവ വൈവിദ്ധ്യ പരിപാലനം

4.7.11.2. സംസ്ഥാന സർക്കാർ പദ്ധതികൾ

- മിറ്റിഗേറ്റിങ്ങ് ആന്റ് റസ്യൂഡിങ്ങ് മാൻ ആനിമൽ കോൺഫ്ളിക്റ്റ് (എം.ആർ. എം.എ.സി)
- വനസംരക്ഷണം 34 ഒ.സി
- ആർ.ഡി.എഫ് (ശീർഷകം 2406–01–101–94)

- കെട്ടിടങ്ങൾ (ശീർഷകം 4406–01–070–97)
- റോഡുകൾ (ശീർഷകം 4406–01–070–99)
- തോട്ടങ്ങൾ (നിർമ്മാണവും പരിപാലനവും)

  എച്ച്.ഡബ്ല്യു & ഐ.ആർ.എം)

- സർവ്വേ ഓഫ് ഫോറസ്റ്റ് ബൗ റീസ് & ഫോറസ്റ്റ് പ്രൊട്ടക്ഷൻ

  (എസ്.എഫ്.ബി & എഫ്.ബി)

- പുഴ – വനം സംരക്ഷണ ഫ ് (ആർ..എഫ്. പി.എഫ്)
- ഇക്കോ ടൂറിസം (ശീർഷകം 4406–01–800–91)
- കാട്ടുതീ തടയൽ (ശീർഷകം 2406–01–800–90)
- നബാർഡ്
- വി.എസ്.എസ്/എ.വി.എസ്.എസ് എന്നിവയ്ക്ക് ലഭിക്കുന്ന പ്രത്യേക ഫ ു കൾ

4.7.12. വികസന കാഴ്ച്ചപ്പാടുകൾ

അതീവ പ്രാധാന്യമുള്ള ജൈവമേഖലകളുടെ കേന്ദ്രമായ നീലഗിരി ബയോസ്ഫിയറിൽ ഉൾപ്പെടുന്ന വയനാടൻ വനമേഖലകളുടെ ശാസ്ത്രീയവും, നൈസ്സർഗികവുമായ സംയുക്ത സംരക്ഷണം, അപൂർവ്വ സസ്യ–ജന്തുജാലങ്ങളുടെ സംരക്ഷണം, വനത്തെയും വനവിഭവങ്ങ ളെയും ഉപജീവനത്തിനായി ആശ്രയിക്കുന്ന വനാശ്രിത വിഭാഗക്കാരായ ആദിവാസി കുടുംബ ങ്ങളുടെ ഉന്നമനം, ശാസ്ത്രീയ വനവിഭവ ശേഖരണവും, വിതരണവും, പാരിസ്ഥിതിക മൂല്യ ങ്ങൾക്ക് കോട്ടം തട്ടാതെ ജന്തു–സസ്യ ആവാസവ്യവസ്ഥകളും, ജൈവ വൈവിദ്ധ്യങ്ങളും, ജലസ്രോതസ്സുകളും ചൂഷണം ചെയ്യാതെയുള്ള ഇക്കോ ഫ്ര ്ലി ടൂറിസം, മനുഷ്യ–വന്യജീവി സംഘർഷം പരമാവധി ഇല്ലായ്മ ചെയ്തുള്ള ഒരു കാലഘട്ടം, വി.എസ്സ്.എസ്സ്, എ,വി.എസ്സ്.എ സ്സ്, ഇ.ഡി.സി, ജനജാഗ്രതാസമിതി എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനം ഇതെല്ലാം ഉൾപ്പെടുന്നതാണ് ഞങ്ങളുടെ വികസന കാഴ്ചപ്പാട്.

4.7.13. വനവികസനം പരിഹാരങ്ങളും – നിർദ്ദേശങ്ങളും

4.7.13.1. കീഴ്തട്ട് നിർദ്ദേശങ്ങൾ

- സ്വാഭാവിക വനങ്ങളുടെ നിലനിൽപ്പിനായുള്ള പ്രവർത്തനത്തിന്റെ ഭാഗമായി പ്രാദേ ശിക നൈസർഗ്ഗിക മരങ്ങൾ വച്ചുപിടിപ്പിക്കുക
- വിദേശീയ സസ്യങ്ങളായ യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ ഏകവിള തോട്ടങ്ങൾ വെച്ചുപിടിപ്പിക്കാതിരിക്കുക. നിലവിലുള്ള ഇത്തരത്തിലുള്ള തോട്ടങ്ങൾ ക്രമമായി മുറിച്ച് മാറ്റി സ്വാഭാവിക വനങ്ങളുടെ വളർച്ചയ്ക്കും, പ്രാദേശീകമായ പൾപ്പ് വുഡ് മര ങ്ങളുടെ വളർച്ചയ്ക്കും പ്രചോദനം നൽകുക. തേക്ക് ഏകവിളയായുള്ള തോട്ടങ്ങളുടെ വ്യാപനം കുറച്ചുകൊ ുവരിക.
- പ്രാദേശീക–നൈസ്സർഗ്ഗികമായ വിവിധയിനം മരങ്ങളുടെ തോട്ടങ്ങൾ വെച്ചുപിടിപ്പിക്കു ക.

- മനുഷ്യ–വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സ്വകാര്യ കൈവശ കൃഷിഭൂമിയും വനാതിർത്തിയും ചേരുന്ന ഭാഗങ്ങളിൽ ത്രിതല പഞ്ചായത്ത് തലത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മാണം നടത്തുക.
- ജില്ലാടിസ്ഥാനത്തിൽ ഔഷധ സസ്യങ്ങളുടെ പരിചരണവും ഉൽപാദനവും പ്രോത്സാ ഹിപ്പിക്കുന്നതിന് പഞ്ചായത്ത്തല നടപടികൾ ഉ ാവുക. ആയതിന് ആദിവാസി സഹ കരണ സംഘങ്ങളുടേയും മറ്റിതര സംഘങ്ങളുടേയും സജീവ പങ്കാളിത്തം ഉറപ്പ് വരു ത്തുക.
- കീടനാശിനികളുടേയും രാസവളങ്ങളുടേയും ഉപയോഗം നിയന്ത്രിക്കുകയും ഇത്തര ത്തിലുള്ള കൃഷിക്ക് ഗവൺമെന്റ് സഹായങ്ങൾ നൽകാതിരിക്കുകയും ഇത് സംബ ന്ധിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുക. വനാതിർത്തി പ്രദേശങ്ങളിൽ വനം വകുപ്പും ത്രിതല പഞ്ചായത്തും സംയുക്തമായി പദ്ധതികൾ ഇതിനായി ആവിഷ്കരിക്കു ക.
- ലന്റാന, യൂപ്പിറ്റോറിയം, സെന്ന തുടങ്ങിയ അധിനിവേശ സസ്യങ്ങൾ പൂക്കുന്നതിന് മുമ്പായി ശേഖരിച്ച് കാർഷിക ആവശ്യത്തിനുള്ള പച്ചില വളമായി ഉപയോഗിക്കുന്നതിന് ത്രിതല പഞ്ചായത്തിന്റെ സഹായത്താൽ പ്രോത്സാഹനവും സാമ്പത്തിക സഹായ ആനുകൂല്യങ്ങളും നൽകുക.
- കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, വനവൽക്കരണം എന്നിവക്കായി എസ്.പി.സിയെ പോലെ വിദ്യാലയങ്ങളിൽ ഹരിത സേന രൂപീകരിക്കുക.
- കാട്ടു തീ നിർമ്മാർജ്ജനത്തിനായി ബോധവത്ക്കരണം, പ്രതിരോധ പ്രവർത്തനം എന്നിവ വിദ്യാലയങ്ങളിലെ നാ ഷണൽ സർവ്വീസ് സ്കീം, എൻ.സി.സി, ഫോറസ്റ്റ് ക്ലബ്ബുകൾ മുതലായവ യുടെ സഹകരണത്തോടു കൂടി നടപ്പിലാക്കുക.
- വിദ്യാലയങ്ങളിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ സേവനങ്ങൾ വനത്തിനകത്തെ ജല സ്രോതസ്സുകളുടെ സംരക്ഷണം, അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനം, വന വത്ക്കരണം എന്നിവയ്ക്കായി ഉപയോഗപ്പെടുത്തുക.
- കൃഷി ഇറക്കാതെയോ, തരിശായി കിടക്കുന്ന വനാതിർത്തിയിലെ പൊതു/സ്വകാര്യ ഭൂമി കളിലെ അടിക്കാടുകൾ എൻ.ആർ.ഇ.ജി.പി പദ്ധതിയിൽ ഉൾപ്പെടുത്തി നീക്കം ചെയ്യുക.
- നദീതീരങ്ങളിലും മറ്റും മുളകൾ വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ത്രിതല പഞ്ചായത്തുകൾ പ്രത്യേക കർമ്മ പദ്ധതികൾ രൂപീകരിക്കുക
- ജനവാസ കേന്ദ്രങ്ങളിൽ എത്തപ്പെടുന്ന പാമ്പുകൾ ഉൾപ്പെടെയുള്ള ചെറു വന്യജീവി കളെ സുരക്ഷിതമായി പിടികൂടി അവയുടെ സ്വഭാവിക ആവാസ വ്യവസ്ഥയിൽ വിടുന്ന തിന് താൽപ്പര്യമുള്ള ആളുകൾക്ക് പരിശീലനം നൽകി ത്രിതല പഞ്ചായത്തുകളുടെ സഹായത്താൽ നിയോഗിക്കുക.
- മനുഷ്യ വന്യജീവി സംഘർഷം മൂലമു ാകുന്ന ജീവഹാനി, കൃഷി നാശം മുതലായ വക്ക് അനുയോജ്യമായ ഇൻഷൂറൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ആയതിന് ത്രിതല പഞ്ചായത്തുകളും വനംവകുപ്പും സംയുക്തമായിഫ ് അനുവദിക്കു ക.
- നിർമ്മാണ പ്രവൃത്തികൾ പരിസ്ഥിതി സൗഹാർദപരമായി ചെയ്യുന്നതിനുള്ള പ്രചോദ നവും ബോധവൽക്കരണവും നൽകുക.
- പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ജൈവ വൈവിധ്യ പരിപാലന സമിതികൾ വനംവകുപ്പുമായി ഏകോപിപ്പിച്ചുകൊ ് പ്രവർത്തിക്കേ താണ്.

- വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന സ്വകാര്യ കൈവശ ഭൂമികളിൽ ടൂറിസം പ്രവർത്തനങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും അനുവദിക്കാൻ പാടില്ല.
- സാമൂഹിക വനവത്ക്കരണത്തിലൂടെ വൈവിദ്ധ്യമായ മരങ്ങളുടെ വ്യാപനം സാധ്യമാക്കുക. വനത്തോട് ചേർന്നുള്ള കൃഷിയിടങ്ങളിൽ വാഴ പോലുള്ള വാണിജ്യകൃഷികൾക്ക് പകരം നെൽകൃഷി വ്യാപിപ്പിക്കുക.
- വനംവകുപ്പും, പ്രാദേശികജനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- വനമേഖലകളിലെ ജലസ്രോതസ്സുകളുടെ നിലനില്പിനും ആവശ്യമായ ചെക്ക് ഡാമുകൾ, തടയണകൾ, ഗള്ളി പ്ലഗ്ഗിംഗ് എന്നിവ കൂടുതലായി നിർമ്മിക്കുക.
- വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകേ സേവനങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് വേ നടപടികൾ സ്വീകരിക്കുക.
- ജനജാഗ്രതാസമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.
- രാഷ്ട്രീയ പ്രേരിതവും സംഘടിതവുമായ വനംകയ്യേറ്റം ത്രിതല പഞ്ചായത്ത് തലത്തിൽ ചർച്ച ചെയ്ത് അനുയോജ്യമായ തീരുമാനത്തിലെത്തുക.
- ത്രിതല പഞ്ചായത്തുകളുടെ ഫ ിന്റെ അഞ്ച് ശതമാനം വനവികസനം, വനവൽക്കരണം എന്നിവയ്ക്കായി മാറ്റിവയ്ക്കുക.
    - വയനാട് ജില്ലയിലെ എല്ലാ ഡിവിഷൻ/റെയിഞ്ചുകളിലും ഓട്ടോമാറ്റഡ് വെതർ സ്റ്റേഷൻസ് സ്ഥാപിക്കുക.
    - തടിയേതര വനവിഭവങ്ങളുടെ ശേഖരണ രീതികൾ, സമയക്രമം എന്നിവ സംബന്ധിച്ച കല ർ രൂപപ്പെടുത്തുക. (ശരിയായ സമയത്തുള്ള ശേഖരണം ആദിവാസി വിഭാഗത്തിന് നല്ല വില കിട്ടുന്നതിനും, തന്മൂലം ജീവനോപാധി വർദ്ധിപ്പിക്കുന്നതിനും സഹായകമാകും.
    - ആർ.ഇ.ടി (റെയർ & എൻഡയഞ്ചേഡ് ത്രറ്റന്റ്) സസ്യങ്ങളുടെ പ്രാദേശികമായ നഴ്സറികൾ ആദിവാസികളുടെ സഹായത്താൽ ഉ ാക്കി രൂപപ്പെടുത്തുക. (ഇത്തരത്തിൽ റെഡ് ലിസ്റ്റഡ് പ്ലാന്റ്സിന്റെ നഴ്സറികൾ കെ.എഫ്.ആർ.ഐ, ടി.ബി.ജി.ആർ.ഐ പോലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ വിദഗ്ദോപദേശത്തോട് കൂടി നടപ്പിലാക്കുക).
    - ജനവാസകേന്ദ്രങ്ങളിലും, കൃഷിയിടങ്ങളിലും ഇറങ്ങുന്ന കുരങ്ങുകളെ മിറ്റിഗേറ്റ് ചെയ്യുന്നതിന് ത്രിതല പഞ്ചായത്ത്, മൃഗസംരക്ഷണവകുപ്പ്, വനംവകുപ്പ് എന്നിവ സംയുക്തമായി പദ്ധതികൾ ആവിഷ്ക്കരിക്കുക.
    - കാടുവിട്ട് നാട്ടിലിറങ്ങുന്നതും, വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഇറങ്ങുന്നതുമായ കുരങ്ങുകൾക്ക് മനുഷ്യനിർമ്മിത ഭക്ഷണങ്ങൾ കൊടുക്കാതിരിക്കുകയും, ആയതിനുള്ള ബോധവത്ക്കരണ പദ്ധതികൾ നൽകുകയും ചെയ്യുക.
    - വനപ്രദേശത്തിന് ലഭിക്കുന്ന മഴവെള്ളം ട്രഞ്ചുകളിലൂടെ കുത്തിയൊലിച്ച് പോകുന്നത് വനപ്രദേശങ്ങളിലെ ജലസംഭരണത്തെ കുറയ്ക്കുന്നു. ഇത് നീരൊഴുക്ക് കുറയുന്നതിനും വേനൽ കാലത്ത് ജലദൗർലഭ്യത്തിനും കാരണമാകുന്നു. ആയതിനാൽ ട്രഞ്ചുകൾക്ക് പകരം ബദൽ പ്രതിരോധ മാർഗ്ഗങ്ങൾ കെ ത്തുക.
    - സ്വാഭാവിക വനങ്ങളുടെ നിലനിൽപ്പിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക. മനുഷ്യരുടെ ഇടപെടലുകൾ കുറച്ച് ശോഷണം ഇല്ലാതാക്കുക.
    - തടികഷ്ണങ്ങൾ, മുളകൾ മുതലായവ ഉപയോഗിച്ചുള്ള തടയണകളുടെ നിർമ്മാണത്തിന് പ്രാമുഖ്യം കൊടുക്കുക.

- സാമൂഹ്യ വനവൽക്കരണത്തിലൂടെ വൈവിദ്ധ്യമാർന്ന മരങ്ങളുടെ വ്യാപനം സാധ്യ മാക്കുക.
- ഹരിതവൽക്കരണത്തിന് ത്രിതല പഞ്ചായത്തുകൾ പ്രത്യേക പരിഗണന നൽകുക.
- ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി പുഴകളിലും തോടുകളിലും ക്രോസ് ബാർ തടയണകൾ നിർമ്മിക്കുക. ഇതിനായി ത്രിതല പഞ്ചായത്തുകൾ പ്രത്യേക ഘടക പദ്ധതികൾ ആവിഷ്കരിക്കുക.
വികസന പ്രവർത്തനങ്ങളിലെ വിടവുകൾ നികത്തുന്ന രീതിയിൽ ആയിരിക്കണം തദ്ദേശ ഭരണ സ്ഥാപനങ്ങളും വകുപ്പുകളും പ്രൊജെക്ടുകൾ ആസൂത്രണം ചെയ്യേണ്ടതും നടപ്പിലാക്കേണ്ടതും. വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങൾ ഇന്ന് നേരിടുന്ന പ്രധാന ഭീഷണിയാണ് മദ്യത്തിന് അടിമപ്പെടുക എന്നത് . ഇതിനെതിരെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി ഈ വിഭാഗത്തെ ഇതിൽ നിന്നും മോചിപ്പിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്.

കൂടാതെ വിവിധ തരത്തിലുള്ള സാംക്രമിക രോഗങ്ങൾ പടരുന്നതിൽ നിന്നും ജില്ലയെ രക്ഷിക്കേണ്ടതുണ്ട്. ഇതിനായി നിലവിലുള്ള ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. ജില്ലയിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുക, മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാക്കുക, താലൂക്ക് ജനറൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളും വകുപ്പുമായി ഏകോപിപ്പിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുക, വയനാട് ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റിആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തുക, തടസ്സങ്ങൾ പരിഹരിച്ച് വയനാട് മെഡിക്കൽ കോളേജ് യാഥാർഥ്യമാക്കുക, വടക്കൻ കേരളത്തിന്റെ ആരോഗ്യ മേഖലയിലെ ചിരകാല സ്വപ്നമായ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് യാഥാർഥ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ് .

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഓരോ വാർഷിക പദ്ധതിയിലും മേൽ പ്രതിപാദിക്കപ്പെട്ട ഓരോ ലക്ഷ്യങ്ങളും നേടിയെടുക്കുന്നതിനായുള്ള പ്രൊജക്ടുകൾ വകുപ്പുകളും തദ്ദേശ ഭരണ സ്ഥാപനങ്ങളും അവയുടെ ആസൂത്രണ പ്രക്രിയയിൽ ഉൾപെടുത്തേണ്ടതും ഏകോപനത്തിലൂടെ നടപ്പിലാക്കേണ്ടതുമാകുന്നു.

4.9.19.നിർദ്ദേശങ്ങൾ

- ജില്ലയിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുക, മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാക്കുക, താലൂക്ക് ജനറൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളും വകുപ്പുമായി ഏകോപിപ്പിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുക.
- വയനാട് ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യലിറ്റിആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തുക.
- തടസങ്ങൾ പരിഹരിച്ച് വയനാട് മെഡിക്കൽ കോളേജ് യാഥാർഥ്യമാക്കുക.
- വടക്കൻ കേരളത്തിന്റെ ആരോഗ്യ മേഖലയിലെ ചിരകാല സ്വപ്നമായ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് യാഥാർഥ്യമാക്കുക.
- സാമൂഹ്യപരമായും കുടുംബപരമായും പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി പ്രത്യേക പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കുക (ആദിവാസികൾ,തീരപ്രദേശങ്ങളിൽ താമസിക്കുന്നവർ, ചേരിയിൽ താമസിക്കുന്നവർ തുടങ്ങിയവർ)
- മാതൃ മരണ നിരക്ക്, ശിശു മരണ നിരക്ക്എന്നിവ ഘട്ടം ഘട്ടമായി കുറച്ചു കൊണ്ടുവരുന്നതിനുള്ളഇടപെടലുകൾ വകുപ്പുകളും തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സംയോജിച്ചു നടപ്പിലാക്കുക.
- നവജാത ശിശുക്കളിലെ ഭാരക്കുറവ്, പോഷകാഹാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനായി ശാസ്ത്രീയമായതും ഫലവത്തായതും പ്രായോഗിക ക്ഷമതയുള്ളതുമായ പ്രൊജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വകുപ്പുമായി സംയോജിച്ച് നടപ്പിലാക്കുക .
- ദാരിദ്ര്യ രേഖക്ക് താഴെയുള്ള ജില്ലയിലെ എല്ലാ കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ് നടപ്പിലാക്കുക. ഇതിനായി വകുപ്പുകളുമായി സംയോജിച്ചു തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തി പ്രൊജക്ടുകൾ നടപ്പിലാക്കുക. 50:50 എന്ന അനുപാതത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളും വകുപ്പും തുക വകയിരുത്താവുന്നതാണ്. ഇപ്രകാരം ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയാൽ ജനങ്ങളുടെ രോഗാതുരത കുറയുന്നതോടൊപ്പം അവരുടെ മാനസിക – ശാരീരിക ശേഷിയും വർധിക്കുന്നതാണ്.
- വയോജനങ്ങൾക്കും മറ്റു അവശ വിഭാഗങ്ങൾക്കുമായി പ്രത്യേക ഭവന ചികിത്സാ രീതി നടപ്പിലാകാവുന്നതാണ്. അതാതു പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാവുന്നതാണ്. (ഡോക്ടർമാർ, ജീവനക്കാർ, മരുന്നുകൾ, വാഹനം തുടങ്ങിയവ).
- അപകടത്തിൽ പെടുന്നവർക്കും മറ്റു അപ്രതീക്ഷിത രോഗാവസ്ഥയിൽ പെടുന്നവർക്കും ആയി ഓരോ താലൂക് അടിസ്ഥാനത്തിലും ഒരു ട്രോമാ കെയർ മൊബൈൽ യൂണിറ്റ് ഏർപ്പെടുത്തുന്നത് ജില്ലയിലെ ആരോഗ്യ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിന് സഹായകമാകും

സുസ്ഥിര വികസന ലക്ഷ്യങ്ങൾ (2020)

പട്ടിക. 4.9.26

ക്രമ നം	ഇനം	പഞ്ചായത്ത് തല ലക്ഷ്യങ്ങൾ	പഞ്ചായത്ത് തല പ്രവർത്തനങ്ങൾ
1	മാതൃമരണം	മാതൃമരണമില്ലാത്ത പഞ്ചായത്ത്	• 100% കൗമാരക്കാർക്കും പ്രജനന ആരോഗ്യ സാക്ഷരത നൽകുക • കൗമരക്കാരിലെ വിളർച്ച 100% കു ത്തുക/തടയുക • നവദമ്പതികൾ/വിവാഹം നിശ്ചയിച്ചവർക്ക്

			ഓരോ മാസത്തിനുളളിൽ 100% പേർക്കും വൈവാഹിക കൗൺസിലിംഗ് നൽകുക • എല്ലാ ഗർഭിണികളെയും മൂന്നു മാസത്തിനു മുമ്പ് രജിസ്റ്റർ ചെയ്ത് JPHN നേരിട്ട് സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം. • ഗർഭിണികൾക്ക് കൃത്യമായ ഇടവേളകളിൽ ഭാരം ബി.പി, ഹീമോഗ്ലോബിൻ, ഷുഗർ, മറ്റു രക്ത പരിശോധനകൾ, അൾട്രാസൗ സ്കാൻ എന്നിവ നടത്തി വേ നിർദ്ദേശങ്ങളും കിട്ടിയെന്ന് ഉറപ്പുവരുത്തുക. • TT വാക്സിൻ 100% സമയബന്ധിതമായി ലഭ്യമക്കുക. • ഗർഭിണികൾ കഴിക്കേ തായ അളവിൽ ഫോളിക് ആസിഡും,അയൺ ഗുളികകളും കഴിച്ചു എന്ന് ഉറപ്പുവരുത്തുക • ഗർഭിണികൾ അപായ സാധ്യത ഉളളവരെ കെ ത്തുകയും അവരുടെ ആശുപത്രി പ്രസവം 100% ഉറപ്പാക്കുകയും ചെയ്യുക • ഗർഭിണികൾ 100% പൂരക പോഷണം ഉറപ്പാക്കുക • പ്രസവം കഴിഞ്ഞ എല്ലാ അമ്മമാർക്കും തുടർ പരിചരണം ഉറപ്പാക്കുക • സ്ത്രീകൾക്ക് ആരോഗ്യ സംരക്ഷണത്തിന് വേ ി അനുയോജ്യമായ രീതിയിൽ ബർത്ത് പ്ലാൻ തയ്യാറാക്കുക . • ഒറ്റപ്പെട്ട ഭൂപ്രദേശങ്ങളിൽ നിന്നും ആദിവാസി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്നും വരുന്നവർക്ക് സ്ഥാപന തല പ്രസവത്തിന് സഹായിക്കുന്നതിനുളള മെറ്റേർണിറ്റി ഹോം സ്ഥാപിക്കുക
2	ശിശുമരണം	ശിശുമരണം ഇല്ലാത്ത പഞ്ചായത്ത്	• ഗർഭധാരണത്തിന് മുമ്പ്100% സ്ത്രീകളും ഫോളിക് ആസിഡ് ഗുളിക കഴിച്ചു എന്ന് ഉറപ്പുവരുത്തുക • അപായ സാധ്യതയുളള അമ്മമാരെ 100% കാലേ കൂട്ടി കെ ത്തുക, റഫർ ചെയ്യുക. • ഭ്രൂണത്തിന് വളർച്ചകുറവ് കെ ത്തിയ അമ്മമാർക്ക് അധിക പൂരക പോഷണം ഉറപ്പാക്കുക. ആയതിൽ അന്യസംസ്ഥാന തൊഴിലാളി സ്ത്രീകളെയും ഉൾപ്പെടുത്തുക • പ്രതിരോധ കുത്തിവെയ്പ് 100% നൽകുക • കുഞ്ഞുങ്ങളിലെ വയറിളക്ക രോഗങ്ങൾ,ന്യൂമോണിയ മരണങ്ങൾ 100% തടയുക • ശിശുക്കൾക്ക് ആഭ്യത്തെ ആറുമാസം മുലപ്പാൽ മാത്രവും 2 വയസ്സുവരെ

			മറ്റാഹാരത്തോടൊപ്പം മുലപ്പാലും കിട്ടിയെന്ന് ഉറപ്പുവരുത്തുക • സാമൂഹ്യപരമായും കുടുംബപരമായും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ (ആദിവാസികൾ,തീരപ്രദേശങ്ങളിൽ താമസിക്കുന്നവർ, ചേരിയിൽ താമസിക്കുന്നവർ തുടങ്ങിയവർ) കുട്ടികൾക്ക് അധിക ശ്രദ്ധ നൽകുക. • വളർച്ച മോണിറ്ററിംഗ് 100% ഉറപ്പാക്കുക.
3	മഞ്ഞപിത്തവും ജലജന്യ രോഗങ്ങളും	വാർഷിക രോഗ ബാധ 75% കുറയ്ക്കുക കോളറ മരണം തടയുക	• ശുദ്ധവും അണുവിമുക്തവുമായ കുടിവെള്ളം ലഭ്യമാക്കുക • ക്യത്യമായ ഇടവേളകളിൽ പൊതുകണറുകളും കുടിവെള്ള സംഭരണികളും ക്ലോറിനേഷൻ ചെയ്യുക, ജലഗുണനിലവാരം പരിശോധനയിലൂടെ ഉറപ്പു വരുത്തുക • ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളുടെ ശുചിത്വവും അവിടുത്തെ ജീവനക്കാരുടെ ശുചിത്വവും ആരോഗ്യവും ഉറപ്പു വരുത്തുക (ഹെൽത്ത് കാർഡ്) • വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ബോധ വർക്കരണത്തിലൂടെ മെച്ചപ്പെടുത്തുക • കുടിവെള്ള സ്രോതസ്സിൽ നിന്നും നിശ്ചിത അകലം പാലിച്ച് മാത്രം കക്കൂസ്, മലിനജല ടാങ്ക് നിർമ്മാണത്തിന് അനുമതി കൊടുക്കുക • ശാസ്ത്രിയമായ മലിനജല മാനേജ്മെന്റ് • Dangerous & Offensive ട്രേഡ് ഇൻസ്പെക്ഷൻ ശക്തമാക്കുക • ശാസ്ത്രീയമായ കൈകഴുകൽ രീതി പരിശീലിപ്പിക്കുക • ഉത്സവകേന്ദ്രങ്ങളിലെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക
	കുഷ്ഠം	കുഷ്ഠം നേരത്തെ കെ ത്തി ചികിത്സ നൽകലും അംഗവൈകല്യം ഉള്ളവരുടെ പുനരധിവാസവും	• സ്ക്കൂൾതല, സമൂഹതല സ്ക്രിനിംഗ് ശക്തിപ്പെടുത്തുക • പഞ്ചായത്ത് തലത്തിൽ രോഗികളുടെ ലിസ്റ്റ് തയ്യാറാക്കുക • രോഗം മൂലം ഉ ായ അംഗവൈകല്യങ്ങൾക്ക് തുടർ ചികിത്സയും പുനരധിവാസവും ഉറപ്പാക്കുക • ബോധവൽക്കരണം
	മന്ത്	ഫൈലേറിയ രോഗബാധ 100% തടയുക നിലവിലുള്ള രോഗികൾക്ക്100% –ും പരിചരണം	• രാത്രികാല രക്ത പരിശോധനയിലുടെ സമൂഹത്തിലെ മന്ത് വിരയുടെ നിരക്ക് കെ ത്തുക • രോഗം മൂർച്ഛിച്ച അവസ്ഥയിലുള്ള രോഗികൾക്ക് പരിചരണം പ്രാഥമികാരോഗ്യ തലത്തിൽ ലഭ്യമാക്കുക

		ഉറപ്പാക്കൽ	• അപകട സാധ്യത വിഭാഗക്കാർക്ക് മുൻകൂർ ചികിത്സ നൽകൽ
	മലമ്പനി	തദ്ദേശീയ മലമ്പനി രോഗബാധ 100% തടയുക	• തദ്ദേശീയരുടെയും ഇതര സംസ്ഥാന യാത്രക്കാരുടെയും ഇതര സംസ്ഥാന തൊഴിലാളികളുടെയും പനി നിരീക്ഷണം ഊർജിതമാക്കുക • കൊതുക്നിരിക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുക • മലമ്പനി നേരത്തെ കെ ത്തി ചികിത്സിക്കുക • നിർമ്മാണ പ്രവർത്തനം നടക്കുന്ന കേന്ദ്രങ്ങളിലെ കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾ നിർമ്മാതാവിന്റെ ചുമതലയിൽ തന്നെ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുക • രോഗ പകർച്ചാ സാധ്യത കൂടുതലുള്ള ആൾക്കാരുടെ സ്ക്രീനിംഗ് നടത്തുക • പാഴ്വസ്തു പരിപാലനം കുറ്റമറ്റതാക്കുക
	ക്ഷയം	ക്ഷയരോഗ മരണം ഒഴിവാക്കൽ എം.ഡി.ആർ.ടി.ബി യുടെ വ്യാപനം തടയുക ക്ഷയരോഗ ചികിത്സാഭാരം 2020 ഓട്കൂടി ഇല്ലാതാക്കുക	• 2 ആഴ്ചയിൽ കൂടുതൽ ചുമയുള്ള എല്ലാവരുടെയും കഫ പരിശോധന • നിലവിലുള്ള മുഴുവൻ കേസുകളും കെ ത്തൽ • കെ ത്തുന്ന രോഗികൾക്ക് ചികിത്സ DOTS നൽകൽ • കൂടെ താമസിക്കുന്നവരുടെ സ്ക്രീനിംഗും പൊതു സ്ക്രീനിംഗും • ടി.ബി രോഗികൾക്ക് പോഷകാഹാരം, കുടുംബത്തിന്റെ പിന്തുണ എന്നിവ ഉറപ്പുവരുത്തുക • ആസ്ത്മ രോഗികളെ കെ ത്തി ഇൻഹൈലർ ചികിത്സ നൽകൽ
	എച്ച്.ഐ.വി. / എയ്ഡ്സ്	എച്ച്.ഐ.വി. / എയ്ഡ്സ് രോഗബാധ തടയുക രോഗികൾക്ക് സാന്ത്വനവും പിന്തുണയും നൽകി ജീവിതഗുണനിലവാരം മെച്ചപ്പെടുത്തുക മരണം തടയുക.	• ബോധവൽക്കരണം • രോഗികൾക്കും കാടുംബത്തിനും ചികിത്സയും പിന്തുണയും • ജനനേന്ദ്രിയ രോഗങ്ങളും ലൈംഗീക രോഗങ്ങളും ഉള്ളവർക്ക് ചികിത്സയും പരിചരണവും നൽകുക
4	മാനസികാരോഗ്യം	വിദ്യാർത്ഥികളുടെ വൈകാരികവും പെരുമാറ്റത്തിലുമുള്ള പ്രശ്നങ്ങളും ഇല്ലാതാക്കുക. ആത്മഹത്യാ നിരക്ക് 24.9 ലക്ഷത്തിൽ നിന്നും 5 ലക്ഷം ആക്കി കുറയ്ക്കുക. Stress 70%ത്തിൽ	• സ്കൂളുകളിൽ പഠനത്തോടൊപ്പം മാനസികോല്ലാസത്തിനുള്ള സാഹചര്യങ്ങൾ ഉറപ്പുവരുത്തുക • പൊതുജനങ്ങളുടെ മെച്ചപ്പെട്ട മാനസികാരോഗ്യത്തിനു വേ 1 വായനശാല, ക്ലബുകൾ കേന്ദ്രീകരിച്ച് കലാ–കായിക, സാഹിത്യ പരിപോഷണത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും വർഷത്തിലൊരിക്കലെങ്കിലും പഞ്ചായത്ത്

		നിന്നും 15% ആയി കുറയ്ക്കുക	മേള സംഘടിപ്പിക്കുകയും ചെയ്യുക.
		വിഷാദരോഗം മൂലമുള്ള രോഗാതുരത പുരുഷൻമരിൽ ഇപ്പോഴുള്ള 5.8%–വും യഥാക്രമം 3% ൽ താഴെയും 5% ൽ താഴെയുമായി കുറയ്ക്കുക ചികിത്സ മുടങ്ങിയ രോഗികളിൽ മുഴുവൻ പേർക്കും പുനരധിവാസം ഉറപ്പാക്കുക സാമൂഹിക മാനസികാരോഗ്യ പരിപാടി പഞ്ചായത്ത് തലത്തിൽ വ്യാപിപ്പിക്കുക	• തൊഴിൽ കേന്ദ്രങ്ങളിൽ ജോലിയോടൊപ്പം മാനസിക സംഘർഷങ്ങൾ ഒഴിവാക്കുന്നതിനു വേ ിയുള്ള ഉല്ലാസ പരിപാടികൾ ഉടമയുടെ ഉത്തരവാദിത്വത്തിൽ നിർബന്ധമാവും ഏർപ്പെടുത്തേ താണ്. • പഞ്ചായത്തിലെ മാനസിക രോഗികളുടെ പട്ടിക തയയാറാക്കി ചികിത്സ ഉറപ്പാക്കുക • സംരക്ഷിക്കാൻ ആളുകളില്ലാത്ത മാനസിക രോഗികളുടെ പുനരധിവാസം ഉറപ്പാക്കുക • കൗമാരക്കാരിലെ വിഷാദ രോഗം ക ുപിടിക്കുന്നതിനുള്ള പ്രാഥമിക പരിശോധനാ ശേഷി അദ്ധ്യാപകരിൽ വളർത്തുക
	ഹൃദ്രോഗം പക്ഷാഘാതം COPD/ ആസ്തമ പ്രമേഹം, പൊണ്ണത്തടി	ജീവിതശൈലീ രോഗങ്ങൾ കെ ത്തുകയും ജീവിതൾശൈലീ നവീകരണവും ചികിത്സയും ഉറപ്പാക്കുക രോഗതുരത 80% കുറയ്ക്കുക	• ഗ്രാമപ്രദേശങ്ങളിലെ സ്ഥിരതാമസക്കാരിൽ പകർച്ചേതര വ്യാധികൾ പിടിപെട്ട മുഴുവൻ ആളുകളെയും പട്ടികപ്പെടുത്തുക • മേൽ പട്ടികയിൽപെടാത്ത15 നും 70 നും ഇടയിൽ പ്രായമുള്ള മുഴുവൻ ആളുകളെയും രക്താതി മർദ്ദ, രക്തത്തിലെ പഞ്ചസാര, BMI, എന്നിവയുടെ നിർണ്ണയത്തിന് വിധേയമാക്കുക • നിർണ്ണയത്തിന് വിധേയമാക്കിയ ആൾക്കാരിർ രോഗം വരാൻ സാധ്യതയുളളവർക്ക് ജീവിതശൈലീ മാറ്റത്തെക്കുറിച്ചുള്ള ബോധവർക്കരണം നൽകുക • മേൽ സൂചന പ്രകാരം രക്താതിമർദ്ദം, പ്രമേഹം എന്നിവ കെ ത്തിയവർക്ക് മരുന്നുനൽകുക. പുനരധിവാസ പ്രവർത്തനം നടത്തുക പരിശോധനാ ഡയറി നൽകുക തുടർ പരിശോധന ചികിത്സ നൽകുക. • രോഗ സങ്കീർണ്ണത കെ ത്തുന്നതിനും ചികിത്സിക്കുന്നതിനും സ്പെഷ്യാലിറ്റി ക്യാമ്പുകൾ നടത്തുക • മേൽ പ്രവർത്തനങ്ങൾക്കായി 500 ആരോഗ്യ സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ചെടുക്കുക • പി.എച്ച്.സി ലാബുകൾ ശക്തിപ്പെടുത്തുക

			• ജനങ്ങൾക്ക് വ്യായാമം നടത്തുന്നതിനാവശ്യമായ ഭൗതീക സാഹചര്യം ഒരുക്കുക
5	മദ്യവും ലഹരി വസ്തുക്കളുടെ ഉപയോഗം	100% ആശുപത്രികളിലും മരുന്നും പരിശാധനാ സൗകര്യങ്ങളും ഉറപ്പാക്കുക മദ്യത്തിന്റെ ആളോഹരി ഉപയോഗം 5% കുറയ്ക്കുക. 25 വയസ്സിൽ താഴെയുള്ള വരുടെ അപകടകരമായ മദ്യപാനം ഇല്ലാതാക്കുക. മയക്കുമരുന്ന് ഉപയോഗിത്തിനും കള്ളക്കടത്തിനും എതിരെയുള്ള കേസുകളുടെ രജിസ്ട്രേഷൻ ഇരട്ടിയാക്കുക	• വിദ്യാർത്ഥികളിലും പൊതുജനങ്ങളിലുമുള്ള പുകവലി, മദ്യപാനം വെറ്റില മുറുക്ക് മയക്കുമരുന്ന് ഉപയോഗം തുടങ്ങിയ ദുശ്ശിലങ്ങളെ ഇല്ലാതാക്കുക • വിദ്യാർത്തികളുടെ BMI കണക്കാക്കി ജീവിതശൈലീ നവീകരണം നടത്തുക • സ്ക്കൂൾ ഹെൽത്ത് ക്ലബ് ഹരിത ക്ലബ്, വായനാശാല, പഞ്ചായത്ത്, ക്ലബുകൾ, കാടുംബശ്രീ എന്നിവയുടെ സഹായത്തോടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുക • ആരോഗ്യ വകുപ്പിന്റെ ചികിത്സാമാർഗ്ഗനിർദ്ദേശ രേഖ പ്രകാരം ചികിത്സ നൽകുന്നു എന്ന് ഉറപ്പു വരുത്തുക • മദ്യപാനം, പുകവലി ശീലമുള്ളവരെ ഡീ അഡീഷന് വിധേയമാക്കാൻ സഹായിക്കുക
	വ്യായാമം	കുട്ടികളും മുതിർന്നവരുമുൾപ്പെടെ എല്ലാവരും ആവശ്യമായ രീതിയിൽ വ്യായാമം ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക	• വ്യായാനത്തിനുള്ള സ്ഥല സൗകര്യം സ്ക്കൂളുകൾ, ജോലി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഒരുക്കുക (നടപ്പാതകൾ, സൈക്കിൾസവാരി ട്രാക്കുകൾ, കളിസ്ഥലങ്ങൾ നീന്തൽകുളങ്ങൾ ജിംനേഷ്യം, നൃത്തം)
	ക്യാൻസർ	സ്ഥാപനങ്ങൾ വിദ്യാലങ്ങൾ പൊതുഇടങ്ങൾ എന്നിവ പുകയില രഹിത മേഖയാക്കുക നേരത്തെ കണ്ടത്താവുന്ന ക്യാൻസറുകൾ 80% വും തടയുക ക്യാൻസർ ബാധിതർക്ക് ചികിത്സ100% ഉറപ്പാക്കുക രോഗബാധിതരുടെ ജീവിത ഗുണമേന്മ മെച്ചപ്പെടുത്തലും പുനരധിവാസവും	• 30 വയസ്സു കഴിഞ്ഞ സ്ത്രീകളെ പാപ്സ്മിയർ സ്ക്രീനിംഗ് വിധേയമാക്കുക. ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക • ആരോഗ്യ പ്രവർത്തകയെ ഉപയോഗിച്ച് പ്രാഥമിക സ്തന പരിശോധന വായ പരിശോധന എന്നിവ സബ്സെന്റർ തലത്തിൽ ചെയ്യുക • കേരളത്തിന്റെ വൈവിധ്യവും തനതുമായ ആഹാര ശീലങ്ങളെ പ്രോത്സാഹിപ്പിക്കുക • വ്യായാമം പ്രോത്സാഹിപ്പിക്കുക • COTPA ആക്ട് നടപ്പിലാക്കുക • പുകയില ഉൽപന്നങ്ങൾ ഉപയോഗിക്കുന്നവർക്ക് കൺസിലിംഗും ചികിത്സയും • ലഹരി മുക്ത ഗ്രൂപ്പിനെ ഉപയോഗിച്ച് ബോധവൽക്കരണം.
6	റോഡപകടങ്ങൾ (RTA)	റോഡപകട രഹിത ജില്ലയാക്കി മാറ്റുക	• വിദ്യാർത്ഥികൾ, ഡ്രൈവർമാർ എന്നിവർക്കായി ട്രാഫിക്ക് നിയമങ്ങൾ,

			പ്രഥമ ശുശ്രൂഷ എന്നിവ സംബന്ധിച്ച പ്രത്യേക ബോധവൽക്കരണം. • തദ്ദേശ സ്വയം ഭരണ തലത്തിൽ പ്രഥമ ശുശ്രൂഷ വോളന്റിയർ ഗ്രൂപ്പ് രൂപീകരിക്കലും പ്രവർത്തിക്കലും • അപകട നിയന്ത്രണ പരിശോധന സംവിധാനം വേണം. (ഫോലീസ്, ആരോഗ്യ വകുപ്പ്, തദ്ദേ സ്വയം ഭരണ വകുപ്പ് അംഗങ്ങൾ ത്രിമാസ അവലോകനം) • ഡ്രൈവർക്ക് ആറു മാസത്തിലൊരിക്കൽ വിദഗ്ധ കാഴ്ചപരിശോധന • അപകട സാധ്യത കൂടിയ മേഖലകളിൽ മുന്നറിപ്പ് ബോർഡുകൾ സ്ഥാപിക്കുക • സ്റ്റുഡന്റ് പോലീസ് കേഡറ്റി (SPC) നെ ട്രാഫിക് നിയന്ത്രണങ്ങൾക്ക് ഉപയോഗിക്കുക • പഞ്ചായത്ത് പ്രദേശത്ത് വാഹനം ഓടിക്കുന്നവരുടെ മദ്യപാനം പുർണ്ണമായി ഇല്ലാതാക്കുക
7	പ്രജനന ലൈംഗികാ രോഗ്യം (RSH)	ബാലവിവാഹ വിമുക്ത പഞ്ചായത്ത് ആക്കുക. കൗമാര ഗർഭധാരണം പൂജ്യം ആക്കുക കുറഞ്ഞ ജനനഭാര മുള്ള കുട്ടികളുടെ എണ്ണം 11.6%ൽ നിന്നും 9% ൽ താഴെ യാക്കുക. ആദ്യപ്രസവം സിസേറിയൻ ആക്കു ന്നവരുടെ എണ്ണം 20% താഴെയാക്കുക. ആർത്തവ വിരാമ മായ സ്ത്രികൾക്ക് സ്ക്രീനിങ്ങും ചികി ത്സയും റഫറൽ സൗകര്യവും ഉറപ്പാ ക്കുക വൃദ്ധരായ സ്ത്രീ രോഗികൾക്ക് സ്ത്രീക്ഷേമ ക്ലിനിക്ക് (ണലഹഹ ണീാലി ഇഹശിശര) ആരംഭി ക്കുക. സ്ത്രീകൾക്കെതിരെ യുള്ള അതിക്രമ ങ്ങൾ തടയുന്നതിന് ഏകജാലക പ്രതി	• പഞ്ചായത്ത് തലത്തിൽ കൗമാരക്കാരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുക. • എല്ലാ കുട്ടികൾക്കും ജീവിതനൈപുണ്യ വിദ്യാ ഭ്യാസവും ലഹരി വിമുക്ത അവ ബോധവും നൽകുക. • ഐ.സി.ഡി.എസിന്റെ സഹായത്തോടെ കുട്ടികളുടെയും കൗമാരക്കാരുടേയും വളർച്ചാ നിരീക്ഷണം നടത്തി ആവശ്യ മുള്ളവർക്ക് പൂരക പോഷണം വിതരണം ചെയ്യുക. • കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് യോഗ, മറ്റു വ്യായാമ പരിപാടികൾ നടപ്പി ലാ ക്കുക. • സ്ത്രീ സൗഹൃദ വ്യായാമ ക്ലബ്ബുകൾ സ്ഥാപി ക്കുക. • കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് റുബല്ല വാക്സിനേഷൻ കിട്ടിയെന്ന് ഉറപ്പു വരുത്തുക.

		സന്ധി പരിഹാര സെൽ രൂപീകരിക്കുക. ആത്മഹത്യ നിരക്ക് 50% കുറക്കുക.	
8	ദന്താരോഗ്യം	എല്ലാവർക്കും ദന്താരോഗ്യം ഉറപ്പു വരുത്തുക. സ്കൂൾ കുട്ടികളുടെ (6–12 വയസ്സ്) ദന്തക്ഷയവും 35–45 പ്രായക്കാരിലെ മോണ രോഗവും 30% ത്തിലെത്തിക്കുക. വൃദ്ധജനങ്ങൾക്ക് ദന്താരോഗ്യം ഉറപ്പുവരുത്തുക.	• വർഷത്തിൽ ഒരിക്കൽ ഘജ, ഡജ സ്കൂൾ കുട്ടികൾക്ക് സ്ക്രീനിംഗ് നടത്തുക, ആവശ്യമായ ബോധവൽക്കരണം നടത്തുക.
9	നേത്രാരോഗ്യം	മുൻകൂട്ടി കണ്ടെത്താത്ത കാഴ്ച വൈകല്യം മൂലം ഉണ്ടാകുന്ന അന്ധത ഇല്ലാതാക്കുക. തിമിരം മൂലം ഉണ്ടാകുന്ന അന്ധത പൂർണ്ണമായും ഇല്ലാതാക്കുക ഡയബറ്റിക് റെറ്റിനോപ്പതി മൂലം ഉണ്ടാകുന്ന അന്ധത ഇല്ലാതാക്കുക.	• പഞ്ചായത്തിലെ പ്രമേഹരോഗികളെ (ഉങ) റെറ്റിനോപതി (കണ്ണിന്റെ ഞരമ്പ്) പരിശോധനയ്ക്ക് വിധേയമാക്കുക. (ആറു മാസത്തിലൊരിക്കൽ) • സബ് സെന്റർ തലത്തിലുള്ള ജീവിതശൈലീ രോഗ ക്ലിനിക്കിൽ വിഷൻ ചാർട്ട് ഉപയോഗിച്ച് കാഴ്ച പരിശോധന നടത്തണം. • സ്കൂൾ വിദ്യാർത്ഥികളെ വർഷത്തിലൊരിക്കൽ (ഘജ, ഡജ) വിഷൻ ചാർട്ട് ഉപയോഗിച്ച് പരിശോധിക്കുകയും കാഴ്ച വൈകല്യമുള്ളവരെ റഫർ ചെയ്യുകയും ചെയ്യുക. • അഞ്ച് വയസിനു താഴെയുള്ളവർക്ക് 9 തവണ വിറ്റാമിൻ അലഭിച്ചുവെന്ന് ഉറപ്പു വരുതതുക. • സന്നദ്ധ സംഘടനകളുടെയും കൂടി സഹായത്തോടെ മുഴുവൻ പേർക്കും തിമിര ശസ്ത്രക്രിയകൾ നടത്തുക. • ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവരെ പരിശീലനം നൽകി ശാക്തീകരി ക്കുക.
10	പാലിയേറ്റീവ്	100% സാന്ത്വന പരിചരണവും ചികിത്സയും അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുക.	• നിലവിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തുന്ന പാലിയേറ്റീവ് പരിചരണ പരിപാടിയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക. (ശാരീരിക–മാനസിക, സാമ്പത്തിക പിന്തുണ, ഇൻഷൂറൻസ് പരിരക്ഷ മുതലായവ). • വൃദ്ധരുടെ മാനസിക ഉല്ലാസത്തിനും പരിചരണത്തിനുമായി ആവശ്യമായ പഞ്ചായത്ത് തല വൃദ്ധജന പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുക. • വായനശാല, ക്ലബ്ബുകൾ എന്നിയോടൊനുബന്ധിച്ച് വയോജന വേദി രൂപീകരിക്കുക

			• വയോജനങ്ങളുടെ വിപുലമായ അനുഭവ സമ്പത്ത് പഞ്ചായത്ത് വികസനത്തിന് ഉപ യോഗിക്കുക. • വിവിധ ചികിത്സാ വകുപ്പുകൾ ഏകോപി പ്പിച്ച് കൊള്ളുന്ന പാലിയേറ്റീവ് പ്രവർത്തനം നടത്തുക.

അവലംബം- ആരോഗ്യവകുപ്പ്

4.9.20.സംഗ്രഹം

പത്ത് ലക്ഷത്തിലധികം വരുന്ന വയനാട്ടിലെ- അതിൽ തന്നെ 2 ലക്ഷത്തിലധികം വരുന്ന ആദിവാസി വിഭാഗങ്ങളുടേയും സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്താനുള്ള ദീർഘദൂര ആരോഗ്യകാഴ്ചപ്പാടുകൾ ഉയർന്ന് വരേ തു ്. 02 സംസ്ഥാന അതിർത്തികൾ പങ്കിടുന്ന സംസ്ഥാനത്തെ പ്രധാന കാർഷിക ടൂറിസം മേഖലകൂടി ഉൾപ്പെടുന്ന ജില്ലയിൽ 5000 ലധികം വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടേയും തൊഴിൽ സാന്നിദ്ധ്യവുമു ്. മെഡിക്കൽ കോളേജിന്റെ അഭാവം നിലനിൽക്കുന്ന വയനാട്ടിൽ പ്രധാന ചികിൽസാ കേന്ദ്രമായ ജില്ലാ ആശുപത്രിയിൽ specialityകളും super speciality കളും ഉൾപ്പെടെ, ഭൗതിക സാഹചര്യങ്ങളും വർദ്ധിപ്പിച്ച് മെഡിക്കൽ കോളേജിന് തുല്യമായ ചികിൽസാ സേവനങ്ങൾ ജനങ്ങൾക്ക് ഈ ആതു രാലയത്തിലൂടെ നൽകേ തു ്. താലൂക്ക് ആസ്ഥാന ആശുപത്രികളും, ജനറൽ ആശുപത്രിക ളും, സാമൂഹിക ആരോഗ്യകേന്ദ്രങ്ങളും ഇത്തരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടേ തു ്. ജില്ല യിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിലും ജീവിതശൈലീരോഗ നിയന്ത്ര ണത്തിലും, ക്ഷയരോഗനിയന്ത്രണപ്രവർത്തനങ്ങളിലും വയനാടിന്റെ തനത് പാരിസ്ഥിതിക-സാമൂ ഹിക-ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് ക്രമീകരിക്കേ തും രൂപപ്പെടുത്തേ തുമു ്. ആരോഗ്യവകുപ്പും ആരോഗ്യകേരളവും ആവിഷ്കരിക്കുന്ന പദ്ധതികൾ പൂർണ്ണതലത്തിൽ എത്തേ ത് ജില്ലയുടെ പ്രധാന ആവശ്യവും ജനങ്ങളുടെ അവകാശവുമാണ്. രാജ്യത്തിന് കേരളാ മോഡൽ ആരോഗ്യം എന്നത് പോലെ കേരളത്തിന് വയനാട് മോഡൽ ആരോഗ്യം എന്ന നിലയി ലേക്ക് ഉയർത്താൻ ആരോഗ്യവകുപ്പിനൊപ്പം വിവിധ വകുപ്പുകളുടെയും ജില്ല ഭരണകൂടത്തി ന്റേയും പൂർണ്ണ പങ്കാളിത്തം ആവശ്യമാണ്.

****

കുടിവെള്ളം

കുടിവെള്ളം

4.10. ആമുഖം

വയനാട് ജില്ലയുടെ പ്രധാന പ്രശ്നങ്ങളിലൊന്നായി കുടിവെള്ളക്ഷാമം രൂക്ഷമായികൊ ി രിക്കുകയാണ്.കാലാവസ്ഥാ വ്യതിയാനം, ജനപെരുപ്പം, ഉയർന്ന പ്രതിശീർഷ ജല ആവശ്യം, പരി സ്ഥിതി സന്തുലിതാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയൊക്കെ ചേർന്ന് ശുദ്ധജലക്ഷാമം പ്രധാന പ്രശ്നമായി. ജലസമ്പത്തിന്റെ ലഭ്യത മനസ്സിലാക്കുകയും, അവയെ സുരക്ഷിതമാക്കി ശാസ്ത്രീയമായി ഉപയോഗിക്കുകയും ചെയ്യേ തു ്. ജലലഭ്യത യിലും ജലക്ഷാമത്തിലും മുൻപന്തിയിലാണ് വയനാടെന്നത് ഒരു വൈരുധ്യമാണ്.

2131 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള വയനാട് ജില്ലയിൽ 884.27 ച.കി.മീറ്റർ കാടുക ളാണുള്ളത്. പശ്ചിമ ഘട്ടത്തിലെ മലകളും കാടുകളും അരുവികളും നിറഞ്ഞ ഈ പ്രദേശം ജലസ മ്പത്തുകൊ ് സമ്പന്നമായിരുന്നു. വനങ്ങളും പുൽമേടുകളും ഈറ്റക്കാടുകളും ചതുപ്പുനില ങ്ങളും നെൽപാടങ്ങളുമെല്ലാമടങ്ങുന്ന ഈ ഭൂവിഭാഗം ജലസ്രോതസ്സുകളുടെ കേന്ദ്രമായിരുന്നു വെന്നും സൂചിപ്പിക്കപ്പെട്ടിട്ടു ്.എന്നാൽ വനവിസ്തൃതി കുറയുകയും കാലാവസ്ഥയിൽ മാറ്റമു ാക്കുകയും ചെയ്തതോടെ ജലക്ഷാമം നേരിടുന്ന പ്രദേശമായി മാറി വയനാട്. നിരന്തരമായ വനനശീകരണംകൊ ് മഴയുടെ അളവു കുറഞ്ഞു. ഈറ്റക്കാടുകളും മുളങ്കാടുകളും നശിച്ചതു മൂലം പുഴകളിൽ ജലനിരപ്പ് താണു മണ്ണൊലിപ്പു വർധിച്ചു. ചതുപ്പുനിലങ്ങൾ കൃഷിയിടങ്ങളുമാക്കി മാറ്റിയതുമൂലം പ്രകൃതിദത്തമായ ജലസംഭരണശേഷി നഷ്ടമായി. കാടുകൾ വെട്ടി യൂക്കാലീപ്റ്റ സ്, തേക്ക്, സിൽവർ ഓക്ക് തോട്ടങ്ങളുടെ നിർമ്മാണവും ജല സ്രോതസ്സുകളുടെ ശോഷണത്തിനി ടയാക്കി. പ്രകൃതിയിലെ ഈ ജലസംഭരണശേഷിയുടെ നഷ്ടം ജില്ലയിലെ കുടിവെള്ള ലഭ്യതയുടെ അളവ് ഗണ്യമായി കുറച്ചു.

കേരളത്തിലെ ശരാശരി വാർഷികമഴ 2615 മില്ലീമീറ്ററാണ്. വയനാട് ജില്ലയിൽ ഇത് 2149.14 മില്ലീമീറ്റർ ആണ്. നിർഭാഗ്യവശാൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മഴ ലഭിച്ചിരുന്ന ജില്ലയിൽ വർഷം തോറും മഴ കുറഞ്ഞു വരുന്നു. കഴിഞ്ഞ വർഷം 59% ത്തിന്റേയും ഈ വർഷം 37% ത്തിന്റേയും മഴ കുറവാണ് ജില്ലയിൽ അനുഭവപ്പെട്ടത്. ഒരുകാലത്ത് ഇന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ര ാം സ്ഥാനത്തായിരുന്നു ജില്ലയിലെ ലക്കിടി. കേരള ത്തിൽ ലഭിച്ചുകൊ ിരിക്കുന്ന 3000 മി.മീ.മഴയിൽ 60% തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്തും 25% വടക്കുകിഴക്കൻ തുലാവർഷക്കാലത്തും 15% വേനൽകാലത്തും ലഭിക്കുന്നവയാണ്. കൂടാതെ വയനാട്ടിലെ നദികൾ ചെറുതും വളരെ വേഗത്തിൽ ഒഴുകുന്നവയും സംഭരണശേഷി കുറഞ്ഞവ യുമാണ്.വർഷത്തിൽ സൈലന്റ്വാലിയിൽ 152 മഴ ദിവസങ്ങളുള്ളപ്പോൾ വയനാട് ജില്ലയിൽ ഇത്135ദിവസംമാത്രമാണ്.

വയനാട് ജില്ലയിൽ ഏകദേശം 67–75% വരെ നഗരവാസികൾക്കും 40–55% വരെ ഗ്രാമീണ ജനങ്ങൾക്കും മാത്രമേ ശുദ്ധജലം എത്തിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടുള്ളു. 2030–ാം ആേ ാടു

കൂടി ജില്ലയിൽ എല്ലാവർക്കും ആളോഹരി പ്രതിദിനം 70 ലിറ്റർ ശുദ്ധജലം ഉറപ്പുവരുത്താനുള്ള പദ്ധതികളും പരിഹാരങ്ങളും ആസൂത്രണം ചെയ്തു വരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് ഡിവിഷന്റെ കീഴിൽ ജില്ലയുടെ സമഗ്ര കുടിവെള്ള വികസനപദ്ധതികളുടെ നിർവ്വഹണം പുരോഗതി ആർജ്ജിച്ചു വരുകയുമാണ്, ആയവ പൂർത്തിയാക്കുന്നതോടുകൂടി ശാസ്ത്രീയമായി ശുദ്ധീകരിച്ച കുടിവെള്ളം വിതരണം ചെയ്യുവാൻ സാധിക്കുന്നതാണ്. ജില്ലയിലെ നിയോജക കമണ്ഡല എം.എൽ.എ മാർ എം.പി മാർ എന്നിവരുടെ വികസന ഫ ിൽ നിന്നും കുടിവെള്ള മേഖലക്കുള്ള സംഭാവന ചെറുതല്ല. ജനകീയാസൂത്രണ പരിപാടിയിൽ കുടിവെള്ളത്തിന് മുന്തിയ പരിഗണനയാണ് തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളും നൽകിയിട്ടുള്ളത്.

4.10.1. വയനാട് ജില്ലയുടെ വിവിധ ജലസ്രോതസ്സുകൾ

(1) നദികളും ഡാമുകളും
(2) ഭൂഗർഭജലം
(3) തടാകങ്ങൾ, കുളങ്ങൾ

ചിത്രം.1



4.10.1.1. നദികളും ഡാമുകളും

കേളത്തിലെ കിഴക്കോട്ട് ഒഴുകുന്ന നദികളിൽ പ്രാധാന നദിയായ കബനി നദിയും പോഷക നദികളും ജില്ലയെ ജലസമൃദ്ധമാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. കബനി നദി കാവേരി നദിയുടെ പോഷക നദിയാണ്. കബനിയുടെ പ്രധാന പോഷകനദികൾ പനമരം പുഴ, മാനന്തവാടി പുഴ, കാളിന്ദി പുഴ എന്നിവയാണ്. കൂടാതെ ബാവലിപുഴ നൂൽപുഴ എന്നിവയും പോഷക നദികളാണ്. ജില്ലയിൽ നിന്നും പടിഞ്ഞോറോട്ടൊഴുകി ചാലിയാർ പുഴയിൽ പതിക്കുന്ന കോട്ടൂർ പുഴയും വെത്തിരി താലൂക്കിലു ്. ഈ നദികളുംഇവ കൂടാതെ കാരാപ്പുഴ, ബാണാസുര സാഗർ എന്നീ ര ് പ്രധാന ഡാമുകളും ഉ ്.

4.10.1.2. ഭൂഗർഭജലം

കേരളത്തിലെ ഭൂഗർഭജല ശേഷി 8000 ദശലക്ഷം ഘനമീറ്ററിനോടുത്താണെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ ശേഷിയുടെ 10 ശതമാനത്തിലേറെ ഇപ്പോൾ ഉപയോഗിക്കുന്നു ്. ആകെയുള്ള ശേഷിയുടെ 59 ശതമാനത്തോളം ഉപയോഗയുക്തമാക്കാൻ സാധിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ജില്ലയിൽ ഭൂഗർഭജലത്തിന്റെ ലഭ്യത സംസ്ഥാനത്തെ പല ജില്ലകളെക്കാളും കുറവാണ്. അതുപോലെ ഉപയോഗത്തിലും ജില്ല പിറകിൽതന്നെയെന്ന്.

4.10.1.3. തടാകങ്ങൾ, കുളങ്ങൾ

ജില്ലയിലെ 2 പ്രധാനപ്പെട്ട തടാകങ്ങളാണ് വൈത്തിരി പഞ്ചായത്തിലെ പൂക്കോട് തടാകവും തരിയോട് പഞ്ചായത്തിലെ കർളാട് ചിറയും. 7.5 ഹെക്ടർ വിസ്തൃതിയു ് പൂക്കോട് തടാകത്തിന്. പശ്ചിമഘട്ടത്തിലെ ഏറ്റവുമധികം മഴ ലഭിക്കുന്ന പ്രദേശങ്ങളിലൊന്നിലാണ് തടാകമുള്ളതെന്ന് മഴയുടെ കണക്കുകൾ വ്യക്തമാക്കുന്നു. മാനന്തവാടി പഞ്ചായത്തിലെ കരിക്കുളം, പുൽപ്പള്ളി പഞ്ചായത്തിലെ കഞ്ഞിക്കുളം, കല്പറ്റയിലെ ഈവ കാപ്പിത്തോട്ടത്തിലെ ചിറ, മുട്ടിൽ പഞ്ചായത്തിലെ കല്യാണ മന്ദിരം ചിറ, അമ്പലവയൽ പഞ്ചായത്തിലെ അമ്പലവയൽ കുളം, തുടങ്ങിയവയാണ് മറ്റ് പ്രധാന കുളങ്ങൾ.

4.10.2. ജില്ലയിലെ കുടിവെള്ള വിതരണ സ്ഥിതി

ജില്ലയിൽ ശുദ്ധജല വിതരണത്തിന്റെ മുഖ്യമായ പങ്ക് വഹിക്കുന്നത് കേരള ജല അതോറിറ്റിയാണ്. കൂടാതെ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ജലനിധി, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾ മുഖേനയും വിവിധ ജലവിതരണ പദ്ധതികളും നടപ്പിലാക്കിയിട്ടു ്. നിലവിൽ കുടിവെള്ള വിതരണം നടത്തികൊ ിരിക്കുന്ന പദ്ധതികളുടെ ഗുണനിലവാരവും ഉറപ്പു വരുത്തേ തായ സാഹചര്യം നിലവിലു ്. ഗുണഭോക്ത്യ കമ്മറ്റികൾ മുഖേന നടപ്പിലാക്കിയിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികളിൽ പലതും വാർഷിക അറ്റകുറ്റപണികളുടെ അഭാവം മൂലവും വൈദ്യുതി ചാർജ്ജ് ഒടുക്കാത്തതുകാരണവും പ്രവർത്തനരഹിതമാണ്. ചെറുകിട കുടിവെള്ള പദ്ധതികൾ അല്ലാതെ സമഗ്ര കുടിവെള്ള പദ്ധതിയിലൂടെ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ വാർഡുകളിലും ശാസ്ത്രീയമായി ശുദ്ധീകരിച്ചകുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതികളാണ് ആവശ്യമായിട്ടുള്ളത്. ഏറ്റവും കുറഞ്ഞത് ദിവസം 125 ലിറ്റർ ശുദ്ധജലം വീതം ഓരോരുത്തർക്കും എത്തിച്ചു കൊടുക്കുക എന്ന ലക്ഷ്യമാണ് ജില്ലയുടെ സമഗ്ര കുടിവെള്ള പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

പട്ടിക 4.10.1.
കുടിവെള്ളം:ആവശ്യം, ഉൽപ്പാദനം

വർഷം	ജനസംഖ്യ	ആവശ്യം(ദശലക്ഷം)	ഉൽപ്പാദനം(ദശലക്ഷം)
2011	8,17,420	84.00	
2023	8,58,291	86.00	108.72
2050	9,73,423	91.00	

മേൽ കണക്കുകൾ അനുസരിച്ച് 2023ആകുമ്പോൾജില്ലക്ക്ആവശ്യമായഅളവിൽ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുവാൻ കഴിയും.നിർമ്മാണത്തിലുള്ള കുടിവെള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകളെ സംയോജിപ്പിച്ചു കൊ ് വിവിധ പഞ്ചായത്തുകൾക്കുള്ള അനുയോജ്യ

പദ്ധതികളാണ്.ഇവ കൂടാതെ ആവശ്യമായ ഇടങ്ങളിലേക്ക് സാങ്കേതികതക്കനുസരിച്ച് ത്രിതലപഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതി ദീർഘിപ്പിച്ച് കുടിവെള്ള സംവിധാനം നടപ്പിലാക്കാവുന്നതാണ്. താഴെപട്ടികയിൽ പരാമർശിച്ചിട്ടുള്ള ജല അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ എല്ലാം തന്നെ പ്രവർത്തനക്ഷമമാണ്.

ജില്ലയിൽ വിവിധ പഞ്ചായത്തുകൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ ഘട്ടം ഘട്ടമായി പൂർത്തിയാകുന്നതോടെ പര്യാപ്തമായ അളവിൽ ശുദ്ധജലം വിതരണം ചെയ്യാവുന്നതാണ്.ഭൂഗർഭ ജലവിധാനം താഴാതെ നോക്കേ തും ആയതിന് കുടിവെള്ള പദ്ധതി പ്രദേശങ്ങളിൽ മരങ്ങൾ നട്ടുവളർത്തുന്നതുൾപ്പെടെയുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് പരിഗണന നൽകേ ത് വളെരെ പ്രധാനമാണ്. ആയതിന് ബദ്ധപ്പെട്ട വകുപ്പുകളുടെ സംയോജനവും അവശ്യ മാണ്

പട്ടിക 4.10.2.

കേരള ജല അതോറിറ്റി വയനാട് ജില്ലയിൽ നടപ്പിലാക്കിയ കുടിവെള്ളപദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പ്രതി ദിന ശേഷി	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി	ഉപഭോക്തൃ ജനസംഖ്യ	ജനസംഖ്യാനുപാതിക ഗുണഭോക്താക്കൾ(%)
1	വേമം നല്ലൂർനാട് & പൊരുന്നന്നൂർ വില്ലേജ് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.	2.00	മാനന്തവാടി	63493	28.00
2	തിരുനെല്ലി ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.	2.50	തിരുനെല്ലി	6000	26.00
3	ശുദ്ധജല വിതരണ പദ്ധതി അഞ്ചുകുന്ന് കുപ്പത്തോട് വില്ലേജ്.	2.40	പനമരം	10000	22.00
4	എടവക ശുദ്ധജല വിതരണ പദ്ധതി	1.30	എടവക	18000	42.00
5	മാനന്തവാടി ശുദ്ധജല വിതരണ പദ്ധതി	1.50	മാനന്തവാടി	12000	20.00
6	വള്ളിയൂർകാവ് ശുദ്ധജല വിതരണ പദ്ധതി	0.25	മാനന്തവാടി	1123	2.00
7	പൊട്ടൻകൊല്ലി ശുദ്ധജല വിതരണ പദ്ധതി	0.25	മാനന്തവാടി	1200	2.00
8	തിരുനെല്ലിക്ഷേത്രംശുദ്ധ ജലവിതരണ പദ്ധതി	2.50	തിരുനെല്ലി	2000	26.00
9	വെള്ളമു ശുദ്ധജല വിതരണ പദ്ധതി	0.25	വെള്ളമു	10185	15.00
10	പടിഞ്ഞാറത്തറ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	4.00	പടിഞ്ഞാറത്തറ	24000	64.88
11	കണിയാമ്പറ്റ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	2.50	കണിയാമ്പറ്റ	21000	65.00
12	കൽപ്പറ്റ മുനിസിപ്പൽ ശുദ്ധജല വിതരണ പദ്ധതി	10.00	കൽപ്പറ്റ	22000	90.00
13	കാര്യമ്പാടി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	0.10	മീനങ്ങാടി	5700	10.00
14	വൈത്തിരി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	0.19	വൈത്തിരി	3000	26.00

15	പിണങ്ങോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	0.20	വെങ്ങപ്പള്ളി	3000	18.00
16	ഗാന്ധിനഗർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി വെങ്ങപ്പള്ളി	0.03	വെങ്ങപ്പള്ളി	100	10.00
17	മുട്ടിൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	1.80	മുട്ടിൽ	21370	42.00
18	മൂപ്പൈനാട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	1.20	മൂപ്പൈനാട്	4100	22.26
19	ചുേ ൽ ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി	0.19	വൈത്തിരി	3000	18.00
20	അമ്പലവയൽ ശുദ്ധജല വിതരണ പദ്ധതി	2.25	അമ്പലവയൽ	27500	45.00
21	ബത്തേരി – നൂൽപ്പുഴ ശുദ്ധജല വിതരണ പദ്ധതി	5.00	ബത്തേരി	42000	46.00
22	പുൽപ്പള്ളി – മുള്ളൻകൊല്ലി – കമ്യൂ ണിറ്റി ശുദ്ധജല വിതരണ പദ്ധതി	5.00	മുള്ളൻകൊല്ലി	30000	42.03
23	കൃഷ്ണഗിരി – പുറക്കാടി ശുദ്ധജല വിതരണ പദ്ധതി	5.00	മീനങ്ങാടി	28000	70.00
24	സീതാമൗ ് ശുദ്ധജല വിതരണ പദ്ധതി	0.22	പുൽപ്പള്ളി	1000	7.00
25	ശശിമല ശുദ്ധജല വിത രണ പദ്ധതി	0.22	പുൽപ്പള്ളി	1100	7.00

അവലംബം: വാട്ടർ അതോറിറ്റി

4.10.3. ഭൂജലവകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളപദ്ധതികൾ

ജില്ലയിലെ ഭൂജല വികസനവും ഭൂജല സംരക്ഷണത്തിനും വേ ി സംസ്ഥാനത്തെ നോഡൽ ഏജൻസി ആണ് ഭൂജല വകുപ്പ്. വിവിധ തരം കുഴൽക്കിണറുകൾക്കുള്ള (തുറന്നകി ണർ/ട്യൂബ് വെൽ/ബോർവെൽ/ഫിൽട്ടർ പോയിന്റ്)

ഹൈഡ്രോളജിക്കൽ, ജിയോഫിസിക്കൽ, റിമോട്ട് സെൻസിങ് എന്ന സാങ്കേതിക വിദ്യക ളുടെ സഹായത്തോടെ) സ്ഥാന നിർണ്ണയം നടത്തുന്നു. വിവിധ തരം കുഴൽകിണറുകളുടെ നിർമ്മാണം, ഡെവലപ്പിംഗ്, ലോഗിങ് മുതലായവ ഭൂജല വകുപ്പ് നടപ്പിലാക്കുന്നു.

കർഷകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവർക്ക് കുഴൽകിണർ നിർമ്മിക്കുന്നതിനും ഭൂജലം ഉപയോഗിച്ച് നടപ്പിലാ ക്കുന്ന പദ്ധതികൾക്കും, കൈപ്പമ്പ് സ്ഥാപിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും വകുപ്പ് സാങ്കേ തിക സഹായവും ഉപദേശവും
നൽകി വരുന്നു.

ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ വരൾച്ചദുരിതാശ്വാസ പദ്ധ തിയിലും രാജീവ്ഗാന്ധി പദ്ധതിയിലും ഉൾപെടുത്തി വകുപ്പ് നിർമ്മിച്ച കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 4.10.3.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പദ്ധതി നടപ്പിലാക്കിയ ഏജൻസി	വാർഡ് നമ്പർ, പേര്	ഉപഭോക്താക്കളുടെ എണ്ണം	നടപ്പിലാക്കിയ വർഷം
1	2	3	4	5	6
1	അമ്പാട്ട് കോളനി, പുൽപ്പള്ളി പഞ്ചായത്ത്	ജില്ലാ ഓഫീസ് ഭൂജലവകുപ്പ് വയനാട്	17,മരകാവ്	40	2008–09
2	കാരച്ചാൽ, അമ്പലവയൽ പഞ്ചായത്ത്.		1,കാരച്ചാൽ	9	
3	പുളിക്കംവയൽ അടിയ കോളനി, പനമരം പഞ്ചായത്ത്.		21, അഞ്ചുകുന്ന്	112	2009–10
4	നെല്ലിക്കര കോളനി, പൂതാടി പഞ്ചായത്ത്		18, നെല്ലിക്കര	190	
5	കരിങ്കണ്ണിക്കുന്ന്,മുട്ടിൽ പഞ്ചായത്ത്.		11, കല്ലുപാടി	65	
6	ചു ക്കുന്ന്, പനമരം പഞ്ചായത്ത്.		13, ചു കുന്ന്	100	
7	ഗാന്ധിനഗർ കോളനി, ചീരാംകുന്ന്, മീനങ്ങാടി പഞ്ചായത്ത്		8, കൃഷ്ണഗിരി	110	

അവലംബം: വാട്ടർ അതോറിറ്റി

4.10.4.ജലനിധി വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ.

ചിത്രം.4.10.2

ജലനിധി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന പഞ്ചായത്തുകൾ

ജില്ലയിൽ പൂതാടി, പൊഴുതന, കോട്ടത്തറ, പുൽപ്പള്ളി, തവിഞ്ഞാൽ, തൊ ർനാട്, പനമരം, നൂൽപ്പുഴ എന്നീ പഞ്ചായത്തുകളിൽ പൂർണ്ണമായും വെള്ളമു , കണിയാമ്പറ്റ, എടവക എന്നീപഞ്ചായത്തുകളിൽ ഭാഗികമായും ജലനിധി പദ്ധതികൾ മുഖേന കുടിവെള്ള വിതരണം നടന്നു വരുന്നു ്.

പട്ടിക .4.10.4.

ക്രമ നമ്പർ	പഞ്ചായത്ത്	ജലനിധി നടപ്പിലാക്കി യിട്ടുള്ള പദ്ധതികൾ	ജനസംഖ്യാനുപാതിക ഗുണഭോക്താക്കൾ(%)
1	പൂതാടി	25	32.902
2	എടവക	14	36.863
3	പൊഴുതന	17	29.532
4	കോട്ടത്തറ	6	40.817
5	വെള്ളമു	28	24.797
6	കണിയാമ്പറ്റ	12	15.242
7	പുൽപ്പള്ളി	8	31.049
8	തവിഞ്ഞാൽ	20	23.197
9	തൊ ർനാട്	9	18.260
10	പനമരം	7	41.303
11	നൂൽപ്പുഴ	36	29.079
അവലംബം: വാട്ടർ അതോറിറ്റി			

4.10.4.1. ജനകീയാസൂത്രണ പദ്ധതികൾ മുഖേന നടപ്പിലാക്കി ഗുണഭോക്തൃ കൂട്ടായ്മകളിലൂടെ പരിപാലിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ.

ജില്ലയിൽ കഴിഞ്ഞ 3 വാർഷികപദ്ധതികളിലായി – കുടിവെള്ള മേഖലയിൽ കിണർ നിർമ്മാണം, ചെറുകിട കുടിവെള്ള പദ്ധതികൾ, നിലവിലുള്ള പദ്ധതികളുടെ വികസനം, പ്രകൃതിദത്ത നീരുറവക ളുടെ വിനിയോഗം തുടങ്ങിയ പദ്ധതികൾക്കാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാമുഖ്യം നൽകിയ ത്. നാട്ടറിവുകളുടെ അടിസ്ഥാനത്തിൽ ശുദ്ധജല സ്രോതസ്സുള്ള കേന്ദ്രങ്ങളിൽ കിണർ കുഴിച്ച് വെള്ളം പമ്പു ചെയ്ത് ടാങ്കിലെത്തിച്ച് പൈപ്പുവഴി വിതരണം നടത്തുന്ന രീതിയാണ് ത്രിതല പഞ്ചാ യത്തുകൾ നടപ്പിലാക്കുന്നത്.എന്നാൽ ഓരോ പ്രദേശത്തും ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗ പ്പെടുത്തിക്കൊ ് താരതമ്യേന ചെലവു കുറഞ്ഞതും പെട്ടെന്ന് പൂർത്തിയാക്കാൻ കഴിയുന്നതുമായ ചെറുകിട ജലവിതരണ പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയുമെങ്കിലും സ്രോതസ്സുകളുടെ പരാജ യവും നടത്തിപ്പിലെ അപാകതമൂലവും പദ്ധതികൾ ഉദ്ദേശിക്കുന്ന കാലമത്രയും പ്രവർത്തനക്ഷമമാ

ക്രമ നമ്പർ	പഞ്ചായത്ത് / മുനിസിപ്പാലിറ്റി	പൊതുടാപ്പുകളുടെ എണ്ണം	ഉപഭോക്തൃ ജനസംഖ്യ
1	മാനന്തവാടി	302	7550
2	തിരുനെല്ലി	317	7925
3	പനമരം	272	6800
4	എടവക	143	3575
5	തവിഞ്ഞാൽ	82	2050
6	തൊ ർനാട്	0	ജലനിധി പദ്ധതി
7	വെള്ളമു	78	1950
8	കൽപ്പറ്റ	164	4100
9	പടിഞ്ഞാറത്തറ	194	4850
10	കണിയാമ്പറ്റ	196	4900
11	വെങ്ങപ്പള്ളി	105	2625
12	മുട്ടിൽ	254	6350
13	പൊഴുതന	0	ജലനിധി പദ്ധതി
14	കോട്ടത്തറ	0	ജലനിധി പദ്ധതി
15	തരിയോട്	105	2625
16	വൈത്തിരി	111	2775
17	മേപ്പാടി	2	50
18	മൂപ്പൈനാട്	68	1700
19	സുൽത്താൻ ബത്തേരി	312	7800
20	മുള്ളൻകൊല്ലി	333	8325
21	മീനങ്ങാടി	64	1600
22	പുൽപ്പള്ളി	159	3975
23	അമ്പലവയൽ	271	6775
24	പൂതാടി	88	2200
25	നൂൽപ്പുഴ	172	4300
26	നെൻമേനി	14	350 (ജലനിധി പദ്ധതി)

കുന്നില്ല.ഇത് ചെറുകിട പദ്ധതികളുടെ പരാജയകാരണങ്ങളായി വിവക്ഷിക്കപ്പെട്ടിട്ടു

4.10.5. ജില്ലയിൽ കേരള ജല അതോറിറ്റി നടപ്പിലാക്കാൻ പോകുന്നതും നടന്നു വരുന്നതുമായ ബൃഹത്ത് പദ്ധതികൾ

പട്ടിക 4.10.5

ക്രമനമ്പർ	പദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	പൂർത്തീകരിക്കുന്ന വർഷം
1	സുൽത്താൻ ബത്തേരി, നൂൽപ്പുഴ,മുട്ടിൽ, പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി	1,99,561	2022
2	മേപ്പാടി, മൂപ്പൈനാട്, വൈത്തിരി, ഗ്രാമ പഞ്ചായത്തുകൾക്കുള്ള, കുടിവെള്ള പദ്ധതി	1,72,421	2022
3	കുടിവെള്ള പദ്ധതിതരിയോട്, പൊഴുതന, വെങ്ങപ്പള്ളി, കോട്ടത്തറ എന്നീ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി	84,522	2022
4	മാനന്തവാടി, എടവക, നല്ലൂർനാട്, വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി	3,06,516	2018

അവലംബം: വാട്ടർ അതോറിറ്റി

4.10.6. എം. എസ്. ഡി. പി കൂടിവെള്ള പദ്ധതികൾ

1. പട്ടാണികൂപ്പ് കുടിവെള്ള വിതരണ പദ്ധതി മുള്ളൻകൊല്ലി.
2. അമ്പലവയൽ സാമൂഹ്യാരോഗ്യ കേന്ദ്രം ജല വിതരണ പദ്ധതി.
3. ചുള്ളിയോട് കുടിവെള്ള വിതരണ പദ്ധതി
4. കൈപ്പഞ്ചേരി ജലവിതരണ പദ്ധതി.
5. നായ്ക്കട്ടി ജലവിതരണ പദ്ധതി.
6. പള്ളിക്ക ി ജലവിതരണ പദ്ധതി.
7. ജി.എച്ച്.എച്ച്.എസ്. ചീരാൽ നെന്മേനി ഗ്രാമപഞ്ചായത്ത് ജലവിതരണ പദ്ധതി.
8. കമ്പളക്കാട് കുടിവെള്ള പദ്ധതി
9. നെല്ലിയമ്പം കുടിവെള്ള പദ്ധതി
10. വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് കോടഞ്ചേരിക്കുന്ന് കുടിവെള്ള പദ്ധതി.
11. മപ്പാടി ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി
12. തിരുനെല്ലിക്കുന്ന് കുടിവെള്ള പദ്ധതി.
13. ബാലൻചോല കുടിവെള്ള പദ്ധതി.
14. ചീരാക്കുന്ന് പഴശ്ശിക്കുന്ന് കുടിവെള്ള പദ്ധതി
15. തരകമ്പൻ കുടിവെള്ള പദ്ധതി.

4.10.7. വികസന കാഴ്ചപാട്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വകുപ്പിൻറെയും വിവിധ പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ടു ജില്ലയിലെ കുടിവെള്ള ക്ഷാമം ഇല്ലാതാക്കുക എന്നതാണ് ദീർഘ കാല ലക്ഷ്യം. ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം ലഭ്യമാക്കുന്നതിലൂടെ, പകർച്ച വ്യാധികളുടെ വ്യാപനം കുറക്കുന്നതിനും ജലജന്യ രോഗങ്ങൾ തടയുന്നതിനും ലക്ഷ്യമിടുന്നു. ജില്ലയിൽ നിലവിൽ ലഭ്യമായിട്ടുള്ള വിവിധ ജല സ്രോതസുകളുടെ പരമാവധി ഉപയോഗം ഉറപ്പാക്കികൊണ്ടും വകുപ്പിൻറെ സാങ്കേതിക

പരിജ്ഞാനം പ്രയോജനപ്പെടുത്തികൊണ്ടും കൂടിവെള്ള ക്ഷാമം ഉണ്ടാകുന്ന പ്രദേശങ്ങളിൽ തക്ക സമയത്തു ആവശ്യത്തിന് കൂടിവെള്ളം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളും വകുപ്പിന് ലഭ്യമാകുന്ന വിഭവങ്ങളും ഉപയുക്തമാക്കാൻ സാധിക്കും.
മഴവെള്ളം പരമാവധി സംഭരിക്കാനുള്ള മാർഗങ്ങൾ അവലംബിച്ചുകൊണ്ട് വീടുകളിലും കിണറുകളിലും ജല ലഭ്യത ഉറപ്പു വരുത്തേണ്ടതുണ്ട്. ഇതിലേക്കായി പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം ബോധവൽക്കരണ പ്രവർത്തനങ്ങളും അത്യാവശ്യമാണ്. മുൻ കാലങ്ങളിൽ ഉണ്ടായിരുന്നത് പോലെ തലക്കുളങ്ങളുടെയും ചെറിയ അരുവികളുടെയും സംരക്ഷണവും പരിപാലനവും ആവശ്യമാണ്. മഴ വെള്ള സംഭരണത്തിനായി ഇവയ്ക്കുള്ള പങ്ക് വലുതാണ്. ഇപ്രകാരം ലഭ്യമാകുന്ന എല്ലാ മാർഗങ്ങളും രീതികളും അവലംബിച്ചുകൊണ്ട് ജില്ലയെ കുടിവെള്ള ക്ഷാമ വിമുക്ത ജില്ലയാക്കുവാൻ ലക്ഷ്യമിടുന്നു.
നിലവിൽലഭ്യമായതുംപ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായഎല്ലാകുടിവെള്ളപദ്ധതികളുംവർഷാവർഷങ്ങ ളിൽകൃത്യമായഅറ്റകുറ്റപണികൾനടത്തിയുംകുറവുകൾപരിഹരിച്ചുംനിലനിർത്തികൊണ്ട്പോകേണ്ടതുണ്ട്. ഇതിനായികുറ്റമറ്റ ആസൂത്രണവും മേൽനോട്ടവും ആവശ്യമാണ്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചു മുൻഗണനക്രമത്തിൽ ഗുണഭോക്തൃ സമിതിയുടെയും തദ്ദേശഭരണസ്ഥാപനങ്ങളുടെയും സഹായത്തോടെ എല്ലാകുടിവെള്ള പദ്ധതികളും പരമാവധി ഉപയോഗക്ഷമമാക്കേണ്ടതുണ്ട്.

4.10.8.ജില്ലയിൽ കുടിവെള്ള മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ, ജലക്ഷാമ കാരണങ്ങൾ, നിർദ്ദേശങ്ങൾ

കാലാവസ്ഥാ വ്യതിയാനം, മഴയുടെ അളവിലു ായ ഗണ്യമായ കുറവ്, വനനശീകരണം, നെൽപ്പാടങ്ങൾ നികത്തൽ, കൃഷി രീതിയിൽ ഉ ായ വ്യതിയാനം, ജനസംഖ്യ വർദ്ധനവ്, തുടങ്ങി യവ കാരണങ്ങളാൽ ജില്ലയിലെ ശുദ്ധജല ദൗർലഭ്യം വർദ്ധിച്ചതായി കാണുന്നു.
വയനാട് ജില്ലയിലെ കഴിഞ്ഞ 10 വർഷത്തെ ഡാറ്റപരിശോധിക്കുമ്പോൾ (2007–2016) പുൽപ്പള്ളി – 2.59 മി, തവിഞ്ഞാൽ, വെള്ളമു ,തൊ ർനാട്, തിരുനെല്ലി –0.44 മി ജലനിരപ്പ് താഴ്ന്നതായി മന സ്സിലാക്കാൻ സാധിക്കുന്നു. പ്രസ്തുത കിണറുകളെ പ്രതിനിധീകരിക്കുന്ന പഞ്ചായത്തുകൾ ഭൂരിഭാ ഗവും സ്ഥിതി ചെയ്യുന്നത് ജില്ലയുടെ വടക്ക് – വടക്കു കിഴക്കൻ ഭാഗങ്ങളിൽ ആണ്. 2013 ലെ GEC റിപ്പോർട്ട് പ്രകാരം ജില്ലയിലെ നാലു ബ്ലോക്കുകളിലും കുറഞ്ഞ വാർഷിക റീചാർജിന്റെ തോത് പനമരം, ബത്തേരി ബ്ലോക്കുകളിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ര ു ബ്ലോക്കുകളിൽ കൃത്രിമ ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നത് ഭൂജല സമ്പത്തു ഉയർത്തുന്നതിനു സഹായകമാകും.

ജില്ലയിലെ തെക്ക് – പടിഞ്ഞാറൻ ഭാഗങ്ങളിൽ താരതമ്യേന 3000 മി.മീ നു അടുത്തു മഴ ലഭിക്കുന്നു. മേപ്പാടി, മൂപ്പൈനാട്, പടിഞ്ഞാറത്തറ, തൊ ർനാട്, പൊഴുതന, വൈത്തിരി എന്നീ പഞ്ചായത്തുകളിൽ ജില്ലയിലെ മറ്റു ഭാഗങ്ങളിൽ ലഭിക്കുന്നതിനേക്കാൾ മഴ കൂടുതലായി ലഭിക്കു ന്നു. ആയതിനാൽ ഇത്തരം പ്രദേശങ്ങളിൽ ഫ്രിയാറ്റിക്ക് അക്യൂഫറിനെ ടാപ്പ് ചെയ്യത്തക്ക വിധ ത്തിൽ തുറന്ന കിണർ കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പിലാക്കാവുന്നതാണ്.
വയനാട് ജില്ലയിലെ അമ്പലവയൽ, തിരുനെല്ലി, വെങ്ങപ്പള്ളി, മുള്ളൻകൊല്ലി, എന്നീ പഞ്ചായത്തു കളിൽ നിലവിൽ പ്രവർത്തിക്കാതെ കിടക്കുന്ന കുഴികളിലെ ജലം, രാസ പരിശോധനക്കു വിധേയ

മാക്കി ജലസേചന പദ്ധതികൾക്ക് ഉപയോഗിക്കുന്നതിന്, അതാതു പഞ്ചായത്തുകളെ അധികാര പെടുത്തുന്നതു വഴി വരൾച്ചയെ ലഘൂകരിക്കുന്നതിനും സഹായകമാകും.

ജില്ലയിൽ വേനൽക്കാലങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രധാന പ്രദേശങ്ങളായ പുൽപ്പള്ളി, മുള്ളൻകൊല്ലി,പനമരം,സുൽത്താൻ ബത്തേരി, മൂപ്പൈനാട്, മാനന്തവാടി, മുട്ടിൽ,മേപ്പാടി എന്നീ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങൾ.ഹ്രസ്വ കാല പരിഹാരങ്ങളായി ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തൽ,കുടിവെള്ള കിയോസ്ക്കുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തൽഎന്നിവ അവലംബിക്കാവുന്നതും ദീർഘകാല പരിഹാരങ്ങളായി പുൽപ്പള്ളി, മുള്ളൻകൊല്ലി പ്രദേശങ്ങൾക്കു വേ ി കബനീ നദിയിൽ താൽക്കാലികതടയണ നിർമ്മിച്ച് ജലലഭ്യത മെച്ചപെടുത്തുക,നടപ്പിലാക്കികൊ ിരിക്കുന്നസമഗ്ര കുടിവെള്ള പദ്ധതി കളുടെ സമയബന്ധിത പൂർത്തീകരണവുംഉറപ്പുവരുത്തേ തു ്.

ജില്ലയിലെ ജലഗുണനിലവാര സ്ഥിതി വിവരം 2017–2018

ക്രമ നമ്പർ	കുടിവെള്ള പദ്ധതി	എണ്ണം
1	പരിശോധിച്ച സാമ്പിളുകളുടെ എണ്ണം (സ്വകാര്യ / പൊതു)	5307
2	ഇരുമ്പിന്റെ അംശം കൂടുതലുള്ളത്	12
3	ബാക്ടീരിയ സാന്നിദ്ധ്യ മുള്ളത്	3328
4	മറ്റുള്ളവ	1881

അവലംബം ഐഎംഐഎസ് ഡാറ്റാ

ചിത്രം.4.10.3 ജില്ലയിലെ കിണറുകളിലെ ജലവിതാനം വേനൽക്കാലങ്ങളിൽ താഴുന്ന രീതിയും സ്ഥലങ്ങളും



പശ്ചിമഘട്ടത്തിനോട് അടുത്തു നിൽക്കുന്ന പഞ്ചായത്തുകളിൽ ഉള്ള പ്രകൃതിജന്യ നീരുറ വകൾ സംരക്ഷിച്ചുകൊ ് അതാതു പഞ്ചായത്തുകളുടെയും റവന്യൂ വകുപ്പിന്റെയും വനം വകു പ്പിന്റെയും അനുമതിയോടു കൂടി ചെറിയ കുടിവെള്ള പദ്ധതികൾക്കു രൂപം നൽകി. പ്രസ്തുത

പഞ്ചായത്തുകളിലെ ഉയർന്ന പ്രദേശത്തുള്ളവർക്ക് മാത്രം ഗുണനിലവാരം പരിശോധിച്ചു ജലവിതരണം നടത്താവുന്നതാണ്. ജില്ലയിലു ായ ഭൂവിനിയോഗ മാറ്റങ്ങൾക്ക് അനുസ്യതമായി ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുന്നതിനു വേ ി ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ ജില്ലയുടെ ഭൂപ്രകൃതിക്കും വിനിയോഗത്തിനും അനുസ്യതമായി നടപ്പിലാക്കേ തു ്. ഉദാഹരണം 300 ചരിവു കുറഞ്ഞ പ്രദേശങ്ങളിൽ മൺ/കല്ല് കൈയ്യാലകൾ, മഴക്കുഴികൾ താഴ്ന്ന പ്രദേശങ്ങളിൽ തലക്കുളങ്ങളുടെ നിർമ്മാണം എന്നിവ മണ്ണ് സംരക്ഷിക്കുന്നതോടൊപ്പം ജല സംരരക്ഷണത്തിന്റെയും തോത് വർദ്ധിപ്പിക്കുന്നു.എന്നാൽ വനപ്രദേശവുമായി ചേർന്നു കിടക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ള നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ അനുവാദം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് യഥാസമയം ലഭിക്കാത്തത് ഇത്തരം പദ്ധതികൾക്ക് തടസ്സമാകാറു ്.

4.10.9.മേൽത്തട്ട് – കീഴ്ത്തട്ടു നിർദ്ദേശങ്ങൾ

കേന്ദ്ര, സംസ്ഥാന പദ്ധതിക്കാവശ്യമായ സ്ഥല ലഭ്യത ഉറപ്പാക്കൽ ആവശ്യമായ തുക വിലയിരുത്തൽ, വിവിധ സർക്കാർ ഏജൻസികളുടെ അനുവാദം എന്നിവ പദ്ധതികളുടെ അംഗീകാരം ലഭിക്കുന്ന മുറക്കുതന്നെ ലഭ്യമാക്കേ താണ്.പട്ടികജാതി, പട്ടികവർഗ്ഗ പദ്ധതികൾക്ക് ആവർത്തന ചെലവ് വിലയിരുത്തേ തിനാവശ്യമായ സർക്കാർ ഉത്തരവുകൾ ഇറക്കേ താണ്.കുടിവെള്ള പദ്ധതികൾക്കു അംഗീകാരം ലഭിക്കുന്നതിനായി പദ്ധതി പ്രദേശത്തു മറ്റു പദ്ധതികൾ ഇല്ലെന്ന് മേഖലയിൽ ഉൾപ്പെട്ട വിദഗ്ധരുടെ കമ്മറ്റി പരിശോധിക്കേ താണ്.

4.10.10.സംഗ്രഹം

ജില്ലയുടെ ജല ഗുണനിലവാര പരിശോധനയും കുടിവെള്ള ആവശ്യകതയും പരിഗണിച്ച് സമഗ്ര കുടിവെള്ള പദ്ധതികളാണ് വിഭാവനം ചെയ്യേ ത്.ഇത്തരം പദ്ധതികളിൽ നിന്നും സാങ്കേതികമായി ജലവിതരണം സാധ്യമല്ലാത്ത ഉയർന്ന പ്രദേശങ്ങളിൽ ജല ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തി ചെറുകിട പദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണ്.ജലവിതരണം ഗുണഭോക്ത്യ പങ്കാളിത്തത്തോടെയുള്ള ആവശ്യാനുസരണ സമീപനം (Demand driven approach) ആയി സ്വീകരിക്കാവുന്നതാണ്. പ്രാദേശികമായി ലഭ്യമായ എല്ലാ ജലസ്രോതസ്സുകളും പുനരുദ്ധരിച്ചുകൊ ും സംരക്ഷിച്ചുകൊ ും ജലസംഭരണശേഷി വർധിപ്പിച്ചുകൊ ും പൂർണ്ണമായി ജലസ്രോതസ്സുകൾ ഉപയോഗക്ഷമമാക്കുക, ജലവിതരണ പദ്ധതികൾ കഴിവതും വലുതും സമഗ്രവും ഗുണനിലവാരം ഉറപ്പാക്കിക്കൊ ുള്ളതുമാകണം. ജലദുർവിനിയോഗം തടയുന്നതിനും ജലമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും ജനകീയ സംവിധാനങ്ങളു ാകേ തു ്. മഴവെള്ളം സംഭരിച്ചും റീചാർജ്ജ് ചെയ്തും ഉപയോഗിക്കേ ത് ഇതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്.

പുതിയ കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ, നടപ്പിലാക്കുന്ന ബന്ധപ്പെട്ട ത്രിതല പഞ്ചായത്തുകൾ പ്രസ്തുത സ്ഥലത്ത് നിലവിൽ മറ്റു കുടിവെള്ള പദ്ധതികളില്ല എന്ന് ഉറപ്പു വരുത്തേ തും പ്രസ്തുത പ്രദേശത്ത് മറ്റേതെങ്കിലും ഏജൻസികൾ സമഗ്രകുടിവെള്ള പദ്ധതികൾ ഒന്നും തന്നെ ആസൂത്രണം ചെയ്തിട്ടില്ലെന്നും ഉറപ്പു വരുത്തേ താണ്.

ജില്ലയിൽ പദ്ധതികൾ ഇല്ലാത്ത തൊ ർനാട്, തവിഞ്ഞാൽ, വെള്ളമു ,പനമരം എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി സമഗ്ര കുടിവെള്ള പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കേ തു ്.

****

ശുചിത്വം

ശുചിത്വം, മാലിന്യ സംസ്കരണം

4.11. ആമുഖം

സമുദ്രനിരപ്പിൽ നിന്നും 2100 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന വയനാട് ജില്ല അയൽ സംസ്ഥാനങ്ങളിൽ നിന്നും, കേരളത്തിലെ മറ്റ് ജില്ലകളിൽ നിന്നും പാരിസ്ഥിതികമായി ഏറെ വ്യത്യസ്തത പുലർത്തുന്നു. കാലക്രമേണയായി ഉയർന്നു വന്ന ജന സാന്ദ്രതയും, ശീല,സംസ്കാര വ്യതിയാനങ്ങളും സഞ്ചാരികളുടെ പ്രവാഹവും ചുരുങ്ങിയ കാലത്തിൽ വലിയ തോതിൽ ജില്ലയുടെ ആവാസ പാരിസ്ഥിതിക-ശുചിത്വ-ആരോഗ്യ പ്രശ്നങ്ങൾ വർദ്ധിപ്പിച്ചു. നിലവിൽ മാലിന്യ പ്രശ്നം, ജില്ലയുടെ വികസന കാഴ്ചപ്പാടിൽ ഊന്നൽ നൽകേ പ്രധാന വിഷയമായി.

കേരള വികസനം 13-ാം പഞ്ചവത്സര പദ്ധതിയിൽ എത്തി നിൽക്കുന്നു. മുൻപ് നടന്ന പദ്ധതികളിൽ വെളിയിട മലമൂത്ര വിസർജ്ജനം പൂർണ്ണമായി ഇല്ലായ്മ ചെയ്യുന്ന പ്രവർത്തനങ്ങൾക്കായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. ഇതിന്റെ ഫലപ്രാപ്തി എന്ന നിലയിൽ വെളിയിട മലമൂത്ര വിസർജ്ജന മുക്ത ജില്ലയായി മറ്റു ജില്ലകളോടൊപ്പം നമ്മളും എത്തി നിൽക്കുന്നു. എന്നാൽ നിലവിൽ ജന സാന്ദ്രത കൂടിയതു മൂലവും മണ്ണിന്റെയും ജലത്തിന്റെയും വായുവിന്റെയും മറ്റു പ്രകൃതി വിഭവങ്ങളുടെയും അശാസ്ത്രീയമായ ഉപയോഗം മൂലവും ഉ ാകുന്ന ജൈവ-അജൈവ മാലിന്യങ്ങളുടെ ഫലപ്രദമായ സംസ്കരണവും നിർമ്മാർജ്ജനവുമാണ് നമ്മൾ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളി.

വിവിധങ്ങളായ ആരോഗ്യ സാമൂഹ്യ വിപത്തുകളെ വിശകലനം ചെയ്താൽ അടിത്തട്ടിൽ പ്രശ്നങ്ങളുടെ ഉറവിടം മാലിന്യ സംസ്കരണത്തിന്റെ അഭാവമോ അശാസ്ത്രീയമായ മാലിന്യസംസ്കരണ രീതികളോ ആയിരിക്കും എന്നതിൽ തർക്കമില്ല. വർദ്ധിച്ചുവരുന്ന മാലിന്യത്തിന്റെ അളവ്, മാലിന്യം തരംതിരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ അഭാവം അതിവേഗം വർദ്ധിക്കുന്ന നഗരവത്കരണം , കേന്ദ്രികൃത ശാസ്ത്രീയ സംസ്കരണ രീതികൾ തുടങ്ങി കാരണങ്ങൾ പലതായി ഈ വിഷയത്തെ കാണാവുന്നതാണ്.

4.11.1. അവസ്ഥാ വിശകലനം

വയനാട് ജില്ലയിൽ ജൈവമാലിന്യത്തിലുപരി അജൈവ മാലിന്യങ്ങളുടെ അളവ് വളരെ കൂടുതലാണ്. എന്നാൽ അജൈവമാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിന് ഉപാധികൾ ഒന്നും തന്നെ ജില്ലയിൽ നിലവിലില്ല. വലിയ തോതിൽ ജനങ്ങൾ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വീടുകളിൽ സൂക്ഷിക്കിന്നതോടൊപ്പം അത്ര തന്നെ ഭയാനകമാണ് സമൂഹത്തിൽ ഇവ കത്തിച്ചു കളയുകയോ, അലക്ഷ്യമായി വലിച്ചെറിയുകയോ ചെയ്യുന്ന വസ്തുതയും ചിന്തിക്കേ താണ്. പഠന റിപ്പോർട്ട് പ്രകാരം മാലിന്യങ്ങൾ ശേഖരിച്ച് ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുന്നവരുടെ എണ്ണം കേവലം 3875 പേർ മാത്രമാണ് എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിക്കുന്നതും ഒരു സമഗ്രന്വേഷണത്തിനും പദ്ധതിയുടെ രൂപീകരണത്തെ ന്യായീകരിക്കുന്നതുമാണ്.

ജൈവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവിധ രീതിയിലുള്ള ഉറവിട മാലിന്യ സംസ്കരണം ശീലമാക്കിയ 46755 വീടുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യൂസർ ഫീ നൽകികൊ ് മാലിന്യ സംസ്കരണത്തിന് തയ്യാറായിട്ടുള്ള 85420 വീടുകളും ഉ ് എന്ന് സർവ്വേ റിപ്പോർട്ട് പറയുന്നു. ജില്ലയിലെ വിവധ പ്രദേശങ്ങളെ മാലിന്യത്തിന്റെ അളവ് മാലിന്യത്തിന്റെ രീതിയിലും അടിസ്ഥാനപ്പെടുത്തി മലിനമാക്കുന്ന വിഭവങ്ങളുടെ ആധിക്യവും കുമിഞ്ഞ് കൂടലും കണക്കിലെടുത്ത് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലാ ഗ്രാഫ് തയ്യാറാക്കിയിരിക്കുന്നു. ആയതിൽ പ്രശ്നത്തിന്റെ രൂക്ഷതയും ഹൈ മീഡിയ, ലോ എന്നീ വിധത്തിൽ തരം തിരിച്ച് അടയാളപ്പെടുത്തിയിരിക്കുന്നു.

ചിത്രം. 4.11.1
മാപ്പ് നം.1 മാലിന്യ പ്രശ്നം – അവലോകനം

അവലംബം: ശുചിത്വ മിഷൻ, വയനാട്

4.11.1.1 ഖരമാലിന്യ വിശകലനം

പട്ടിക 4.11.1
ഉൽപ്പാദന ഉറവിടം

ഗാർഹിക മാലിന്യം	49%
ഹോസ്റ്റൽ, കല്ല്യാണ മണ്ഡപങ്ങൾ, സ്ഥാപനങ്ങൾ	17%
ചന്തകൾ, കടകൾ	16%
റോഡുകൾ അടിച്ച് വാരുന്നത്	9%
നിർമ്മാണം	6%
അറവ്ശാല, ആശുപത്രി	3%

അവലംബം: കേരളത്തിലെ ഖര മാലിന്യത്തിന്റെ ഉൽപ്പാദനവും, സ്വഭാവവും– ഡോക്ടർ അജയകുമാർ വർമ്മ

ഉറവിട മാലിന്യ സംസ്കരണത്തിന് സാഹചര്യംകൊ ് പ്രാധാന്യം നൽകുന്ന അവസ്ഥയിൽ ജൈവ മാലിന്യങ്ങൾ പൂർണ്ണമായും ഉറവിടത്തിൽ സംസ്കരിക്കാവുന്നതാണ്. ഖരമാലിന്യം ഉൽപ്പാദിപ്പിക്കുന്നതിൽ ജില്ലയിൽ 49% ത്തോളം ഗാർഹികമാലിന്യമാണെന്ന് കണക്കുകളിൽ പ്രതിപ്പാദിക്കുന്നു. എന്നാൽ ഹോട്ടൽ, മാർക്കറ്റ്, കല്ല്യാണ മണ്ഡപങ്ങൾ തുടങ്ങിയവയിൽ 17% ത്തോളവും, ഹോട്ടലുൾപ്പെടെയുള്ള വ്യവസായ കേന്ദ്രങ്ങളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്നവയാണ്. തുടർന്ന് വരുന്നവ അളവിൽ ചെറുതാണെങ്കിലും ഇവ ഉ ാക്കുന്ന പാരിസ്ഥിതിക, സാമൂഹിക പ്രശ്നങ്ങൾ വളരെ വലുതാണ്.

അജൈവ മാലിന്യത്തിനും അറവു മാലിന്യത്തിനും ശാസ്ത്രീയമായ പരിപാലന രീതി ഇല്ലാത്ത സാഹചര്യത്തിൽ പ്രദേശത്തെ ജലസ്രോതസ്സുകളും, വയലുകളും വഴിയോരങ്ങളും മലിനമാകുന്ന അവസ്ഥ വിശേഷമാണ് നിലിവിലുളളത്. കൂടുതലായി അറവു മാലിന്യം അജൈവ

മാലിന്യവും ഉത്പാദിപ്പിക്കപ്പെടുന്ന പ്രദേശങ്ങളിൽ ശാസ്ത്രീയ പരിപാലനം അടിയന്തിരമായി നടപ്പിലാക്കേ താണ്.

4.11.1.2.വ്യക്തിഗത കക്കൂസുകൾ നിലവിലെ അവസ്ഥ

വയനാട് ജില്ലയിൽ 2011 സെൻസസ് പ്രകാരം 185403 കുടുംബങ്ങളാണ് ഉള്ളത്. ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ നടത്തിയ ബേസ് ലൈൻ സർവ്വെ പ്രകാരം 13777 ഗ്രാമീണ വീടുകളിൽ കക്കൂസുകളിൽ ഇല്ല എന്ന് ക ത്തുകയും ഇവ സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ, ജലനിധി, സന്നദ്ധ സംഘടനകൾ, വള ിയർമാർ തുടങ്ങിയവരുടെ സഹകരണത്തോടെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ലഭ്യമാക്കുകയും ചെയ്തു.

4.11.1.3.അറവ് മാലിന്യം

വയനാടുൾപ്പെടെയുള്ള 3 ജില്ലകളിൽ ഒരു ദിവസം ഉ ായേക്കാവുന്ന അറവ് മാലിന്യത്തിന്റെ ശരാശരി പരിശോധിച്ചാൽ 6170 കിലോ ഗ്രാം മാലിന്യം പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. അറവ് മാലിന്യങ്ങളുടെ അശാസ്ത്രീയമായ പരിപാലനം ഗുരുതരമായ പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിതിരിക്കുന്നു.

ചിത്രം.4.11.2
മാലിന്യ ഉൽപ്പാദനം – ഗാർഹികം, മാർക്കറ്റ്



Solid waste generation in Household level



Solid waste generation in Market level

അവലംബം: സംസ്ഥാന ശുചിത്വ മിഷൻ, തിരുവനന്തപുരം

4.11.1.4.ഖര ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ഖര–ദ്രവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പരിഹാര പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

- ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവബോധ പരിപാടികൾ സംഘടിപ്പിച്ചു.
- തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ അജൈവ മാലിന്യ ശേഖരണത്തിന് ഹരിത കർമ്മസേനയെ തിരഞ്ഞെടുക്കുകയും അംഗങ്ങൾക്ക് പരിശീലനം നൽകി പ്രവർത്തനക്ഷമമാക്കി.
- വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അജൈവ മാലിന്യ ശേഖരണത്തിന് മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

- ഇലക്ട്രോണിക് മാലിന്യ ശേഖരണം സർക്കാർ ഓഫീസുകളിൽ നടത്തുകയും ലഭ്യമായവ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്തു.
- സർക്കാർ സർക്കാർഇതര സംവിധാനങ്ങളിലൂടെ ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്കരണ ഉപാധികൾ വിതരണം ചെയ്യുന്നു.
- സ്ഥലമാന പരിമിതിക്കനുസൃതമായി പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും പ്രൊജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുകയു ായി. വിവിധ വകുപ്പുകളുടെ ഏകോപന സാധ്യതകൾ ഉപയോഗപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനടിസ്ഥാനത്തിൽ വിലയിരുത്തൽ സമീപനരേഖ തയ്യാറാക്കി.

1.1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

പട്ടിക 4.11.2.
മാലിന്യ സംസ്കരണ അവസ്ഥാ വിശേഷണം

ത.സ്വ.ഭ.സ്ഥാപനം	ജൈവമാലിന്യ സംസ്കരണം	അജൈവ മാലിന്യ സംസ്കരണം	ഇ-മാലിന്യശേഖരണവും സംസ്കരണവും	അപകടകരമായ മാലിന്യ സംസ്കരണം	ഹരിത നിയമാവലി	ശ്മശാനം	പൊതുകക്കൂസുകൾ	ശാസ്ത്രീയ അറവ് സംസ്കരണം
നഗരസഭകൾ	3നഗര സഭകളിൽസ്ഥലം ലഭ്യമാണ്. –നിലവിൽശാസ്ത്രീയ ജൈവ മാലിന്യ സ്കരണ സംവിധാനങ്ങൾ ലഭ്യമല്ല	നിലവിൽ അജൈവമാലിന്യശേഖരണവും സ്കരണസംവിധാനവും ലഭ്യമല്ല	നിലവിൽ ലഭ്യമല്ല	നിലവിൽ ലഭ്യമല്ല	സ്ഥാപനാടിസ്ഥാനത്തിൽ ഹരിത നിയമാവലി പാലിക്കുന്നു.	പൊതുശ്മശാനം ലഭ്യമാണ് എന്നാൽ ആധുനിക ശ്മശാനങ്ങൾ സ്ഥാപിച്ചിട്ടില്ല.	പൊതുസ്ഥലങ്ങളിൽ പരിമിതമാണ്.	കാസ്ത്രീയ അറവ് സംവിധാനംലഭ്യമല്ല
ഗ്രാമ പഞ്ചായത്തുകൾ	–ചില ഗ്രാമ പഞ്ചായത്തുകൾ മാലിന്യം ശേഖരിച്ച് പൊതു സ്ഥലത്ത് നിക്ഷേപിക്കുന്നു. –ചില ഗ്രാമപഞ്ചായത്തുകൾ ഇൻസിനറേറ്റർ സ്ഥാപിച്ച് കത്തിക്കുന്നു. –ചില ഗ്രാമപഞ്ചായത്തുകൾ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ചിട്ടു ്.	–നിലവിൽ അജൈവമാലിന്യ ശേഖരണവും സംസ്കരണവും നടത്തുന്നില്ല.	നിലവിൽ ലഭ്യമല്ല	നിലവിൽ ലഭ്യമല്ല	–ചുരുങ്ങിയ ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത് ഓഫീസിൽ ഹരിത നിയമാവലി പാലിക്കുന്നു ്.	–ഒരു ആധുനിക ശ്മശാനം (മീനങ്ങാടി)പ്രവർത്തിക്കുന്നു ്	പരിമിതമായ സൗകര്യത്തോടെ ലഭ്യമാണ്.	ലഭ്യമല്ല

അവലംബം: ശുചിത്വ മിഷൻ, വയനാട്

4.11.1.5. മാലിന്യ ഉൽപ്പാദനം ഹോട്ടൽ, റസ്റ്റോറന്റ് മറ്റ് വ്യവസായങ്ങൾ

ജില്ലയിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് ഹോട്ടൽ ഉൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങളിൽ നിന്നാണ് ബയോഗ്യാസ്, സോക്കേജ്പിറ്റ്, കുഴി

കമ്പോസ്റ്റ് തുടങ്ങിയ സംസ്കരണ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നത് കൂടാതെ പന്നി വളർത്ത് ഫാംകളിലേക്കും ഇവ കൊ ് പോകുന്നതും പതിവാണ്. ടേബിൾ നം.4.11.3. വിവിധ പ്രദേശങ്ങളിലെ മാലിന്യ ഹോട്ടലുകളും റസ്റ്റോറന്റുകളിലെ മാലിന്യ ഉൽപ്പാദനം വിശദീകരിക്കുന്നു.

പട്ടിക 4.11.3.
മാലിന്യ ഉൽപ്പാദനം

ഗ്രാമപഞ്ചായത്ത്/ നഗരസഭ	പ്രതിദിന മാലിന്യുൽപ്പാദനം കിലോ ഗ്രാമിൽ			സംസ്കരിക്കാത്ത മാലിന്യം പ്രതിദിനം കിലോഗ്രാമിൽ		
	അജൈവ മാലിന്യം	ജൈവ മാലിന്യം	ദ്രവ മാലിന്യം	അജൈവ മാലിന്യം	ജൈവ മാലിന്യം	ദ്രവ മാലിന്യം
കണിയാമ്പറ്റ	5	320	95	5	35	40
കോട്ടത്തറ	3	250	75	3	27	35
മേപ്പാടി	4	325	93	4	38	38
മൂപ്പൈനാട്	7	275	78	5	36	35
മുട്ടിൽ	1	175	5500	1	85	2650
പടിഞ്ഞാറത്തറ	1	280	1500	1	130	1000
പൊഴുതന	1	180	60	1	25	40
വെങ്ങപ്പള്ളി	1	110	40	1	20	22
തരിയോട്	1	155	4750	1	75	2550
വൈത്തിരി	1	160	5000	1	80	2800
മാനന്തവാടി	200	3200	12500	150	1000	10000
എടവക	3	562	2000	2	300	1000
പനമരം	70	1010	7000	50	300	4100
തവിഞ്ഞാൽ	3	650	2500	2	275	1500
തിരുനെല്ലി	4	700	3500	2	350	2350
തൊ ർനാട്	3	750	4500	2	375	2750
വെള്ളമുണ്ട	6	1200	7000	3	750	4500
സുൽത്താൻ ബത്തേരി	221	3500	11000	160	1150	9500
മീനങ്ങാടി	7	500	4500	5	275	2800
പൂതാടി	2	285	6000	2	285	4500
പുൽപ്പള്ളി	30	700	1200	20	100	200
മുള്ളൻക്കൊല്ലി	1	500	1100	1	275	750
നൂൽപ്പുഴ	1	130	3000	1	40	2400
നെന്മേനി	2	550	2500	2	350	1275
അമ്പലവയൽ	3	750	3500	2	550	2500
കൽപ്പറ്റ	210	2780	10500	160	1090	8970
ആകെ	791	19997	99491	587	8016	68305

അവലംബം: തദ്ദേശ സ്വയം ഭരണ സ്ഥാപനതല റിപ്പോർട്ട്

ചിത്രം.4.11.3



അവലംബം: തദ്ദേശ സ്വയം ഭരണ സ്ഥാപനതല റിപ്പോർട്ട്

4.11.2. മാലിന്യങ്ങൾ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ

വിനോദ സഞ്ചാരം പ്രധാന വരുമാനമായിട്ടുള്ള വയനാട് ജില്ലയിൽ വിവിധ കേന്ദ്രങ്ങൾ തിരിച്ച് ഉൽപ്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവ് ചുവടെ പറയുന്നു.

പട്ടിക 4.11.4.
മാലിന്യ ഉൽപ്പാദനം– സംസ്കരണം

ഗ്രാമപഞ്ചായത്ത്/ നഗരസഭ	പ്രതിദിന മാലിന്യുൽപ്പാദനം കിലോ ഗ്രാമിൽ		സംസ്കരിക്കാത്ത മാലിന്യം പ്രതിദിനം കിലോഗ്രാമിൽ	
	അജൈവ മാലിന്യം	ജൈവ മാലിന്യം	അജൈവ മാലിന്യം	ജൈവ മാലിന്യം
കണിയാമ്പറ്റ	140	3	85	3
കോട്ടത്തറ	-	-	-	-
മേപ്പാടി	-	-	-	-
മൂപ്പൈനാട്	-	-	-	-
മുട്ടിൽ	55	55	55	55
പടിഞ്ഞാറത്തറ	120	1.2	120	1.2
പൊഴുതന	-	-	-	-
വെങ്ങപ്പള്ളി	-	-	-	-
തരിയോട്	8	16	8	16
വൈത്തിരി	250	8	145	4
മാനന്തവാടി	220	4	135	3
എടവക	-	-	-	-
പനമരം	-	-	-	-
തവിഞ്ഞാൽ	-	-	-	-

തിരനെല്ലി	250	5	150	4
തൊ ർനാട്	-	-	-	-
വെള്ളമു	-	-	-	-
സുൽത്താൻ ബത്തേരി	-	-	-	-
മീനങ്ങാടി	120	2	120	2
പൂതാടി	-	-	-	-
പുൽപ്പള്ളി	10	7	6	4
മുള്ളൻക്കൊല്ലി	-	-	-	-
നൂൽപ്പുഴ	10	8	6	5
നെന്മേനി	-	-	-	-
അമ്പലവയൽ	130	2	130	2

അവലംബം: വിനോദസഞ്ചാര വകുപ്പ്,വയനാട്

ചിത്രം.4.11.4

അവലംബം: വിനോദസഞ്ചാര വകുപ്പ്,വയനാട്

ചിത്രം.4.11.5



അവലംബം: വിനോദസഞ്ചാര വകുപ്പ്,വയനാട്

4.11.2.1. വിവിധ വകുപ്പുകളുടെയും ത്രിതല പഞ്ചായത്തിന്റെയും സംയോജനം

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ സംയോജനവും ഇടപെടലുകളും അനിവാര്യമാണ്. വിവിധ വകുപ്പുകൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ പറയുന്നു.

പട്ടിക 4.11.5.
വകുപ്പുകളും ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും

ക്രമ നമ്പർ	വകുപ്പ്/പ്രൊജക്ടുകൾ	ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനം
1	ത്രിതല പഞ്ചായത്തുകൾ/ നഗരസഭകൾ	പൊതുസ്ഥല മാലിന്യങ്ങൾ ശേഖരിച്ച്പരമ്പരാഗത രീതിയിൽ നിശ്ചയിച്ച സ്ഥലത്ത് കൂട്ടിയിടൽ കൈമാറൽ –പൈപ്പ് കമ്പോസ്റ്റ്, പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്, മൺകലം തുടങ്ങിയ വിതരണം ചെയ്യൽ –വിവരവിജ്ഞാന പ്രവർത്തനങ്ങൾ
2	ശുചിത്വ മിഷൻ	–വ്യക്തിഗത കക്കൂസുകൾ –പൊതു കക്കൂസുകൾ –സ്ഥാപന/സമൂഹ കക്കൂസുകൾ –ജൈവമാലിന്യ ഉപാദികൾക്കുള്ള സബ്സിഡി നൽകൽ –വിവര വിജ്ഞാന പ്രവർത്തനങ്ങൾ –സാങ്കേതിക സഹായം
3	മൃഗ സംരക്ഷണ വകുപ്പ്	–ശാസ്ത്രീയമായി വളക്കുഴി നിർമ്മാണവും സംസ്കരണവും –വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ
4	മലിനീകരണ നലിയന്ത്രണ ബോർഡ്	– മലിനീകരണ സാധ്യതയുള്ള പൊതു സ്വകാര്യ സംരംഭങ്ങളുടെ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ പരിശോധിച്ച് അനുമതി നൽകൽ
5	കുടുംബശ്രീ	മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് സാധന സാമഗ്രികൾ നിർമ്മിച്ച് നൽകുന്ന യൂണിറ്റുകൾ(പാള പ്ലേറ്റ് തുണിസഞ്ചികൾ നിർമ്മാണ യൂണിറ്റുകൾ) സ്ഥാപിക്കൽ –ബോധവൽക്കരണ പ്രവർത്തനങ്ങൾ
6	ആരോഗ്യവകുപ്പ്	–ബയോമെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്ത് കൈമാറുന്നതിനുള്ള പ്രവർത്തനം. –മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ –ബോധവൽക്കരണ പ്രവർത്തനങ്ങൾ –പകർച്ചവ്യാധി നിയന്ത്രണം.
7	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	–കുഴി കമ്പോസ്റ്റുകൾ നിർമ്മിച്ച് നൽകൽ –വിവിധ ശുചീകരണ പ്രവർത്തനങ്ങൾ
8	വിദ്യാഭ്യാസം	–സ്കൂൾ കേന്ദ്രീകരിച്ച് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ –പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ –ഹരിത നിയമാവലി
9	വിനോദ സഞ്ചാര വകുപ്പ്	–വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ
10	കൃഷി വകുപ്പ്	–ബയോഗ്യാസ് പ്ലാന്റ് – മണ്ണിര കമ്പോസ്റ്റ്

അവലംബം: വകുപ്പ്തല റിപ്പോർട്ടുകൾ

4.11.3. മാലിന്യ ഘടകങ്ങളും വികസന കാഴ്ചപ്പാടും

4.11.3.1 . ജൈവമാലിന്യം

വയനാട് ജില്ലയിൽ ജൈവമാലിന്യപരിപാലനത്തിന് ഉറവിട സംസ്കരണ രീതിയിലാണ് പൊതുവിൽ സ്വീകരിച്ച് വരുന്നത്. കാർഷിക പ്രാധാന്യമുള്ള ജില്ലയായതിനാൽ കൃഷി, മൃഗപരിപാലന പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർ ജൈവമാലിന്യം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു. വിവിധ മൃഗ പരിപാലന കേന്ദ്രങ്ങൾ (പന്നിഫാം, ആട്, ഡയറി ഫാം, പോത്ത് കുട്ടി ഫാം) വിവിധ ഹോട്ടലുകളിലെയും ,ചിക്കൻ സ്റ്റാളുകളിലെയും മാലിന്യങ്ങൾ ദൈനംദിന ആവശ്യ ങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു . തുടർന്ന് ഫാമുകൾ പുറംതള്ളുന്ന മാലിന്യങ്ങൾ കർഷകന്റെ കാർഷികാവശ്യങ്ങൾക്കായി വളമാക്കുകയും ചെയ്തുവരുന്നു.

ഇത്തരം ഉപയോഗങ്ങൾക്ക് ശേഷവും അവശേഷിക്കുന്ന ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കേ മാർഗ്ഗങ്ങൾ നിലവിൽ ലഭ്യമല്ല. നഗര വത്കൃത പ്രദേശങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണം നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ നിലവിലില്ലാത്തതും എന്നാൽ അടിയന്തര പ്രാധാന്യത്തോടെ ചിന്തിക്കേ തുമാണ്.ജില്ലയിൽ ജൈവ–അജൈവ മാലിന്യങ്ങൾ തരം തിരിക്കാതെ കൂട്ടിയിടുന്ന ശീലം. വർദ്ധിച്ചുവരുന്നതായ് കാണുന്നു. ഈ സാഹചര്യത്തിൽ ശാസ്ത്രീയ ജൈവ സംസ്ക്കരണ പ്രവർത്തനങ്ങളുടെ അഭാവം വലിയ പാരിസ്ഥിക –പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നതായും ജല–അന്തരീക്ഷ മലിനീകരണത്തിന് കാരണവുമാകയും ചെയ്യുന്നു.

പട്ടിക4.11.6.
ജൈവ–അജൈവ മാലിന്യങ്ങളുടെ വേർതിരിവ്

നം.	ജൈവ മാലിന്യം	അജൈവ മാലിന്യം
1	ജൈവമാലിന്യങ്ങളുടെ വിഘടനം വളരെ എളുപ്പത്തിൽ നടക്കുന്നു.	അജൈവ മാലിന്യങ്ങളുടെ വിഘടനം കാലതാമസം ഉ ാക്കുന്നതാണ്.
2	വിഘടനത്തിന് ബാക്ടീരിയകൾ സഹായകമാകുന്നു.	ബാക്ടീരിയകൾ മൂലമല്ല വിഘടനം സംഭവിക്കുന്നത്
3	കൂടിക്കിടക്കുന്ന സാഹചര്യം ഉ ാകുന്നില്ല	കാലങ്ങളോളം കൂടിക്കിടക്കുന്നു.
4	ജൈവമാലിന്യം പ്രകൃതി – ചക്രത്തിന്റെ ഭാഗമാണ്	വളരെ പതുക്കെ പ്രകൃതിയിൽ ലയിച്ചു ചേരുന്നവയും മാരകവുമാണ്.
5	ജൈവ മാലിന്യം ഊർജ്ജവും വളവും, ആക്കി എളുപ്പത്തിൽ മാറ്റാവുന്നതാണ്.	ഊർജ്ജമാക്കി മാറ്റാൻ വലിയ ചിലവേറിയതും തരം തിരിക്കൽ അനിവാര്യവുമാണ്.

അവലംബം: മാലിന്യം–ഡോക്ടർ വാസുകി.ഐ.എ.എസ്

4.11.3.2ഹ്രസ്വകാല നടപടികൾ

- മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള വിവര വിജ്ഞാന പ്രവർത്തനങ്ങൾ
- മാലിന്യത്തിന്റെ അളവിനനുസൃതമായി തുമ്പൂർമുഴി, കമ്മ്യൂണിറ്റി കമ്പോസ്റ്റ് തുടങ്ങിയ മാർഗ്ഗങ്ങൾ വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

- ജൈവ വള നിർമ്മാണവും വിപണനവും സംരംഭകാടിസ്ഥാനത്തിൽ വളർത്തുക.

4.11.3.3..ദീർഘകാല നടപടികൾ

- ജൈവ മാലിന്യത്തിൽ നിന്നും മിഥേൻ പോലുള്ള ഊർജ്ജ ഉത്പാദന പദ്ധതികൾ സമൂഹ പങ്കാളിത്തതോടെ സ്ഥാപിക്കുക.
- ഉറവിട മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയുടെ സാങ്കേതിക സഹായത്തോടെ വിപുലീകരിക്കുക.
- സാമൂഹ്യ ഉത്തരവാദിത്വത്തോടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും കമ്മ്യൂണിറ്റി സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ റിക്കോർഡ് ഓഡിറ്റ് സംവിധാനങ്ങൾ സംഘടിപ്പിക്കുക.
- വാർഡുകൾ കേന്ദ്രീകരിച്ചുള്ള ജൈവമാലിന്യ സംസ്കരണത്തിന് ഏറോബിക്ക് കമ്പോസ്റ്റ് (തുമ്പൂർമൊഴി മോഡൽ), ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കാവുന്നതാണ്.

4.11.3.4. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യം

ശാസ്ത്രീയ രീതി അജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ലഭ്യമല്ലാത്ത സാഹചര്യമാണ് ജില്ലയിൽ നിലവിലുള്ളത്. ഗ്രാഫ് 2 പ്രകാരം അജൈവ മാലിന്യം അലക്ഷ്യ മായി വലിച്ചെറിയുന്നവരുടെയും കത്തിക്കുന്നവരുടെയും എണ്ണം വളരെ കൂടുതലാണെന്ന് കാണാം.മാലിന്യത്തിന്റെ ഘടനയനുസരിച്ച് തരം തിരിച്ച് വക്കേ തും ഇവ ശേഖരിച്ച് ഷ്രെഡ് ചെയ്ത ശേഷം ഉപ ഉല്പന്നമായിമാറ്റുന്നതിനും ഉതകുന്ന രീതി ശാസ്ത്രമാണ് അവലംബിക്കേ ത്.ടേബിൾ 1– നിലവിലെ അവസ്ഥാ വിശേഷണ പ്രകാരം ഇത്തരം റീസൈക്ലിങ്ങ് പ്ലാന്റുകൾ നിലവിൽ ലഭ്യമല്ലാത്ത സാഹചര്യമാണ് ഉള്ളത്.

പട്ടിക 4.11.7.

അജൈവ മാലിന്യങ്ങളുടെ അളവ് – നഗര പ്രദേശങ്ങളിൽ

ഘടകങ്ങൾ	ശരാശരി
പേപ്പർ	7.43
പ്ലാസ്റ്റിക്	5.11
ലോഹങ്ങൾ	1.2
ഗ്ലാസ്സ്	1.33
റബ്ബർ & ലെതർ	1.67
കമ്പോസ്റ്റ് ചെയ്യാവുന്ന ജൈവ വസ്തുക്കൾ	71.74
മറ്റുള്ളവ (തുണിത്തരങ്ങൾ, തുടങ്ങിയവ)	11.52

അവലംബം: കേരളത്തിലെ ഖര മാലിന്യത്തിന്റെ ഉൽപ്പാദനവും, സ്വഭാവവും– ഡോക്ടർ അജയകുമാർ വർമ്മ

നഗരപ്രദേശങ്ങളുടെ മാലിന്യ ഉൽപ്പാദനത്തിന്റെ അളവ് കണക്കാക്കിയാൽ ജൈവ സ്വഭാവമുള്ളവയാണ് വലിയ തോതിൽ (71.74%) ഉൽപ്പാദിപ്പിക്കപ്പെടുന്നതായി അറിയാൻ സാധിക്കും. മറ്റ് പ്ലാസ്റ്റിക്, ലോഹം, ഗ്ലാസ്സ് തുടങ്ങിയ അജൈവ മാലിന്യങ്ങൾ ലഭ്യമാകുന്ന അളവിൽ ഹരിത കർമ്മ സേന പ്രവർത്തനങ്ങളുടെ ഭാഗമായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിലൂടെ ശാസ്ത്രീയമായി പരിപാലിക്കാവുന്നതാണ്.

4.11.3.5.ഹ്രസ്വകാല നടപടികൾ

- അജൈവ മാലിന്യങ്ങൾ വലിച്ചെറിയാതെയും കത്തിക്കാതെയും തരംതിരിച്ച് വെയ്ക്കുന്നതിനുള്ള വിവര–വിജ്ഞാന പ്രവർത്തനങ്ങൾ.

- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ തദ്ദേശ സ്വയം ഭരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
- ഹരിത കർമ്മസേനയുടെ സഹായത്തോടെ വീടുകൾ തോറും മാലിന്യം ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുക.
- റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിലൂടെ ശേഖരിച്ച മാലിന്യം ഉപഉൽപ്പന്നമായി മാറ്റുക.

4.11.3.6.ദീർഘകാല നടപടികൾ

- അജൈവ മാലിന്യം തരംതിരിച്ച് കൈമാറുന്നതിനുള്ള ശീലവത്കരണ പ്രവർത്തനങ്ങൾ
- ഇലക്ട്രോണിക് – അപകട മാലിന്യങ്ങളുടെ ഇടവേളകളിലെ ശേഖരണവും ശാസ്ത്രീയമായ സംസ്കരണവും.
- പ്രവർത്തനങ്ങൾക്ക് സോഫ്റ്റ് വെയർ സംവിധാനവും വിവര ശേഖരണം ഉറപ്പു വരുത്തുക.
- പ്ലാസ്റ്റിക്ക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് എം.സി.എഫിലേയ്ക്ക് കൊ ു പോകാൻ ആധുനിക രീതിയിലുള്ള വാഹന ലഭ്യത ഉറപ്പുവരുത്താവുന്നതാണ്.

ചിത്രം.4.11.6



അവലംബം: കേരളത്തിലെ ഖര മാലിന്യത്തിന്റെ ഉൽപ്പാദനവും, സ്വഭാവവും– ഡോക്ടർ അജയകുമാർ വർമ്മ

4.11.3.7. ഇ മാലിന്യം

ഉപയോഗയോഗ്യമല്ലാതാകുന്ന ഇലക്ട്രോണിക് വസ്തുക്കളുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചു വരുന്നതായും, എന്നാൽ ഇവ കൈമാറുന്നതിന് സാഹചര്യമില്ലാത്തുമായ സാഹചര്യ മാണ് നിലവിലുള്ളത്. കലക്ടറേറ്റ് വളപ്പിലെസർക്കാർ ഓഫീസുകളിൽ നിന്നും ഇ–മാലിന്യം ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കിലോക്ക് 10 രൂപ നിരക്കിൽ നൽകിയിരുന്നു. എന്നാൽ ജില്ല യിലെ വിവിധ സർക്കാർ –സർക്കാർ ഇതര സ്ഥാപന ഗൃഹാടിസ്ഥാനത്തിൽ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് കൃത്യമായ പ്രവർത്തന രേഖ അനിവാര്യമാണ്.

4.11.3.8. ദ്രവ മാലിന്യം

ജലാശയങ്ങളും, കുടിവെള്ള സ്രോതസ്സുകളും ദിനം പ്രതി മലിനമാകുന്ന സാഹചര്യത്തിൽ മലിനജല സംസ്കരണത്തിന്റെയും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും പ്രസക്തി കൂടുതലാണ്.

ജല മലിനീകരണവുമായി ബന്ധപ്പെട്ട നടത്തിയ ഫോക്കസ്ഡ് ഗ്രൂപ്പ് ചർച്ചയിൽ കണ്ടെത്തിയ പ്രശ്നങ്ങൾ ചുവടെ പറയുന്നു.

- അറവ് മാലിന്യങ്ങളും, ചോരയും മറ്റു അവശിഷ്ടങ്ങളും ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത്.
- കക്കൂസ് മാലിന്യം നേരിട്ട് ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന സാഹചര്യവും ഒറ്റക്കുഴി-കക്കൂസുകൾ കുടിവെള്ള സ്രോതസ്സിനെ മലിനപ്പെടുത്തുന്ന അവസ്ഥയും
- ഓടകളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നത്.
- വീടുകളിലെ അഴുക്കുജലം പൊതുഓടകൾ വഴി ജല സ്രോതസ്സുകളിൽ എത്തിപ്പെടുന്നത്.
- നാപ്കിൻ, ഡയപ്പർ മുതലായവയുടെ ശാസ്ത്രീയ സംസ്കരണ സംവിധാനങ്ങളുടെ അഭാവവും പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന രീതിയും.
- മത്സ്യ-മാംസ മാർക്കറ്റുകളിലെ മലിന ജലം-കുടിവെള്ള സ്രോതസ്സിനെ മലിനപ്പെടുത്തുന്ന സാഹചര്യം.

4.11.3.9. അറവ് മാലിന്യം

വർദ്ധിച്ചു വരുന്ന അംഗീകൃതമല്ലാത്ത അറവുശാലകൾ വലിയ തോതിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ജലാശയങ്ങളെയും, പൊതു സ്ഥലങ്ങളെയും ഇത്തരം മാലിന്യങ്ങൾ മലിനമാകുന്നു. അറവ് മൃഗത്തിന്റെ വലിയ ഭാഗം കച്ചവട സാദ്ധ്യതയുള്ളവയാണെങ്കിലും ശേഷിക്കുന്ന മൂത്രം , ആമാശയ ഭാഗങ്ങൾ, ചോര മുതലായവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള മാർഗ്ഗം അനിവാര്യമാണ്. അറവു മൃഗത്തിന്റെ ആരോഗ്യ പരിശോധനയും, അറവു രീതിയും ആധുനിക രീതിയിൽ പരിപോഷിപ്പിക്കേണ്ടത് അനിവാര്യമാണ്.

4.11.3.10.. കക്കൂസ് മാലിന്യം

പൊതു സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ആവശ്യത്തിന് പൊതു കക്കൂസുകൾ ഇല്ലാത്ത സാഹചര്യം ജില്ലയിലുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികളും യാചകരും, പൊതു കക്കൂസില്ലാത്തതിന്റെ തിക്ത ഫലം അനുഭവിക്കുന്നവരാണ്. കക്കൂസ് മാലിന്യം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമായി, സെപ്റ്റിക് ടാങ്കുകളും, ഇരട്ടക്കുഴി കക്കൂസുകളും, പൊതു കക്കൂസ് കുഴികളും ടോയ്ലറ്റ് ലിങ്ക്ട് ബയോഗ്യാസുകളും, ശാസ്ത്രീയമായ കിണർ നിർമ്മാണവും നിർദ്ദേശിക്കാവുന്നതാണ്.

4.11.3.11 പൊതുശ്മശാനങ്ങൾ

ജില്ലയിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ മാത്രമാണ് ആധുനിക രീതിയിലുള്ള ശ്മശാനം ലഭ്യമായിട്ടുള്ളത്. എന്നാൽ മറ്റുള്ളവയിൽ സ്ഥല ലഭ്യതയുണ്ടെങ്കിലും ആധുനിക രീതി അവലംബിക്കേണ്ടതായുണ്ട്.

4.11.3.12 കാർബൺ ന്യൂട്രൽ വയനാട്

ജില്ലയിൽ വായുമലിനീകരണം ലഘൂകരിക്കുന്നതിന് കൂടുതൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും മണ്ണിൽ പ്ലാസ്റ്റിക്ക് ഉൾപ്പടെയുള്ള മാലിന്യങ്ങളുടെ അളവ് കുറച്ച് നൈട്രജൻ ലഭ്യതയും പോഷകമൂല്യവും ഉറപ്പുവരുത്തേ താണ്.ആയതിന് വിപുലമായ വിവര വിജ്ഞാന പ്രവർത്തനങ്ങളും ജൈവ- അജൈവ ഉറവിട മാലിന്യ പരിപാലന രീതിയും തദ്ദേശഭരണ സ്ഥാപനം ഉറപ്പുവരുത്തേ താണ്.

4.11.3.13 മറ്റു മാലിന്യങ്ങൾ:

പുനരുപയോഗം സാധ്യമല്ലാത്തതും അപകടകരമായതുമായ മാലിന്യങ്ങളായ റക്സിൻ, ലതർ, തെർമോക്കോൾ, സി.എഫ്.എൽ ബൾബുകൾ, ബാറ്ററികൾ, പെയ്ന്റ്, അവശിഷ്ടങ്ങൾ, തുടങ്ങിയവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ജില്ലയിൽ ലഭ്യമല്ല.

പട്ടിക 4.11.8.
രാസ വസ്തുക്കളുടെ രീതി ശാസ്ത്രം – ജില്ലയിലെ മാലിന്യത്തിൽ

സാന്ദ്രത (Kg/m3)	541.63
ഈർപ്പം	51.04
കലോറിഫിക് മൂല്യം	1331
പി.എച്ച്	7.31
ജൈവ ഘടകങ്ങൾ %	33.8
കാർബൺ %	19.6
നൈട്രജൻ %	0.51
സി/എൻ	39.61

അവലംബം: കേരളത്തിലെ ഖര മാലിന്യത്തിന്റെ ഉൽപ്പാദനവും, സ്വഭാവവും- ഡോക്ടർ അജയകുമാർ വർമ്മ

ആകെ മാലിന്യങ്ങൾ കണക്കിലെടുത്താൽ വിഘടന സ്വഭാവത്തിനനുകൂലമ ല്ലാത്ത സാഹചര്യമാണ് രാസ വസ്തുക്കളുടെ ഘടനയിലെന്ന് മനസ്സിലാക്കാൻ സാധിക്കും.

4.11.4..സ്ഥലപരമായ സമീപനം

ജില്ലയിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുള്ള മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ച് വരുന്നു. ആയതിന്റെ സ്ഥല ലഭ്യതയും പ്രവർത്തന രീതിയും ചുവടെ പറയുന്നു.

പട്ടിക 4.11.9.
മാലിന്യ സംസ്കരണം സ്ഥല ലഭ്യത

തദ്ദേശ സ്വയംഭരണ സ്ഥാപനം	സ്ഥലം/ഏക്കർ	മാലിന്യ പരിപാലന മാർഗ്ഗം
കൽപ്പറ്റ	8 ഏക്കർ സ്ഥലം വെളളാരംക്കുന്ന്	നിലവിൽ വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിൽ പരിപാലിക്കുന്നു. കൂടാതെ വിൻഡ്രോ പ്ലാന്റ്, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.
കണിയാമ്പറ്റ	1 ഏക്കർ സ്ഥലം മില്ല് മുക്ക്	വിൻഡ്രോ കമ്പോസ്റ്റിംഗ് മാലിന്യ പരിപാലന പദ്ധതി ആശയത്തിലു ്.

സുൽത്താൻ ബത്തേരി	0.5 ഏക്കർ കരിവള്ളിക്കുന്ന്	ഡിഡാസ്ക് കമ്പനിയുമായി സംയോജിച്ച് കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനം നടന്നു വരുന്നു.
അമ്പലവയൽ	2.5 ഏക്കർ സ്ഥലം ടൗൺ പരിസരത്ത്	പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്

അവലംബം: തദ്ദേശ സ്വയം ഭരണ സ്ഥാപനതല റിപ്പോർട്ട്

- ജൈവമാലിന്യ സംസ്കരണം ഉറവിടത്തിൽ സംസ്കരിക്കുന്ന രീതി പ്രോത്സാഹിപ്പിക്കേ തും നഗരസഭപരിധിയിലെ സ്ഥല ലഭ്യത കുറവുള്ള പ്രദേശങ്ങളിൽ വാർഡുകൾ കേന്ദ്രീകരിച്ച് തുമ്പൂർമുഴി, കമ്മ്യൂണിറ്റി ബയോഗ്യാസ് തുടങ്ങിയ മാതൃകകൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

- ദ്രവമാലിനീകരണത്തിന്റെ തോതനുസരിച്ച് സ്ഥാപനാടിസ്ഥാനത്തിൽ ദ്രവശുചീകരണ സംവിധാനം ഒരുക്കേ തും, ആശുപത്രി, അറവുശാലകൾ തുടങ്ങി കൂടുതൽ മാലിന്യം ഉത്പാദിപ്പിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ കേന്ദ്രീകൃത സംവിധാനങ്ങൾ പ്രവർത്തികമാക്കേ തുമാണ്.

- ത്രിതല പഞ്ചായത്ത് തലത്തിൽ സ്ഥലപരമായി സംയോജന സാധ്യതകൾ പരിശോധിക്കേ തും അറവുശാലകളും ശ്മശാനങ്ങളും പ്രവർത്തന–സ്ഥല ലഭ്യതക്കനുസൃതമായി നിർമ്മിക്കാവുന്നതുമാണ്.

- ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ കക്കൂസ് മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം സാമൂഹിക സംസ്കരണ കേന്ദ്രവും ജനപങ്കാളിത്തത്തോടെ വെയ്സ്റ്റ ടു എനർജി തത്വത്തിൽ സ്ഥാപിക്കാവുന്നതാണ്.

പട്ടിക 4.11.10.
.പ്രശ്ന വിശകലനവും പരിഹാര നിർദ്ദേശങ്ങളും
മാലിന്യ പ്രശ്നം വിശകലനം

ക്രമ നം.	മാലിന്യത്തിന്റെ തരം	സംസ്കരണ രീതി	ഏകോപിപ്പിക്കാവുന്ന വകുപ്പുകളും സ്ഥാപനങ്ങളും	പ്രാഥമിക നേട്ടം
1.	ജൈവ മാലിന്യം	മാലിന്യത്തിന്റെ അളവും, സ്ഥല ലഭ്യതയും അനുസരിച്ചുള്ള ഉറവിട മാലിന്യ സംസ്കരണ രീതി	തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധങ്ങളായ ഉറവിട മാലിന്യ സംസ്കരണ രീതികൾ അവംലബിക്കാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ സംവിധാനങ്ങൾ, കൃഷി വകുപ്പ്, ഡയറി, മൃഗ സംരക്ഷണ വകുപ്പ് തുടങ്ങി മറ്റു സഹായ സ്ഥാപനങ്ങൾക്കും ജൈവ മാലിന്യ സംസ്കരണവും വളവും പ്രോത്സാഹിപ്പിക്കാവുന്നതാ	ഗൃഹ, സ്ഥാപനാടിസ്ഥാനത്തിൽ ജൈവ വളം തരം തിരിച്ച് കമ്പോസ്റ്റാക്കി ജൈവ വളം കൃഷിയാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന സാഹചര്യം വാർഡടിസ്ഥാനത്തിൽ ജൈവ വള നിർമ്മാണവും വിതരണവും സംഘടിപ്പിക്കുന്നതോടൊപ്പം ഊർജ്ജ ഉത്പാദനവും, ബയോഗ്യാസ്

			ണ്. മാലിന്യത്തിന്റെ അളവ് കൂടുന്നതിനനുസരിച്ച് കമ്മ്യൂണിറ്റി കമ്പോസ്റ്റ്, വലിയ ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സന്നദ്ധ സംഘടനകളുടെയും, വിവിധങ്ങളായ സ്ഥാപനങ്ങളുടെയും കുടുംബശ്രീ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്. ഫ്ളാറ്റുകൾ, കോളനികൾ തുടങ്ങിയ സ്ഥലങ്ങളിൽ പൊതു സംസ്കരണ രീതിയും ഗ്യാസ്–വള നിർമ്മാണവും പ്രോത്സാഹിപ്പിക്കുക.	വിതരണവും കമ്മ്യൂണിറ്റി കിച്ചൺ ആശയവും പ്രാപ്തമാവുന്നതാണ്. പ്രസ്തുത ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്ക് സംസ്കരിക്കുകയും മറ്റ് ഉത്പന്നം ലഭ്യമാവുകയും ചെയ്യുന്ന സാഹചര്യം.
2	പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യം	കൃത്യമായ കാലയളവിൽ ശേഖരിച്ച് ഷ്രെഡ് ചെയ്യുകയും ഉപ ഉത്പന്നമാക്കി മാറ്റുകയും ചെയ്യുന്ന സംസ്കരണ മാറ്റം	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംരംഭകാടിസ്ഥാനത്തിൽ ശേഖരണം നടത്തുകയും ഷ്രെഡ് ചെയ്ത് ഉപ ഉത്പന്നമാക്കുകയും ചെയ്യുക. മലിനീകരണ നിയന്ത്രണ ബോർഡ്, കുടുംബശ്രീ, വിദ്യാഭ്യാസ വകുപ്പ്, വിനോദ സഞ്ചാര വകുപ്പ് വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ, വ്യവസായ കേന്ദ്രങ്ങൾ തുടങ്ങിയവയുടെ സഹകരണം അനിവാര്യമാണ്.	കത്തിക്കാതെയും വലിച്ചെറിയാതെയും തരംതിരിച്ച് കൈമാറുന്ന സാഹചര്യവും ആയത് ഉപ ഉത്പന്നമാക്കി മറ്റു പ്ലാസ്റ്റിക് സാധനങ്ങളും, റോഡു നിർമ്മാണത്തിനും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിലൂടെ നൽകുന്ന സംസ്കാരിക മാറ്റം ഉറപ്പു വരുത്താനാകും. അജൈവ മാലിന്യ സംസ്കരണ രംഗത്ത് സംരംഭകർ വരുകയും വ്യവസായ അടിസ്ഥാനത്തിൽ വളർത്തുന്നതിനും സാധിക്കും.
3	ഇലക്ട്രോണിക് മാലിന്യങ്ങൾ	മാലിന്യത്തിന്റെ അപകടാവസ്ഥ മനസ്സിലാക്കി ഇടവേളകളിൽ ഗൃഹ–സ്ഥാപനടി സ്ഥാനത്തിൽ	വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലുള്ള സർക്കാർ–പൊതു സ്വകാര്യ സ്ഥാപനങ്ങളിലെയും ഗൃഹാടിസ്ഥാനത്തിലും ശേഖരണം നടത്തുക.	പൂർണ്ണമായും ഇലക്ട്രോണിക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ക്ലീൻ കേരള

		ശേഖരിക്കുക	ശേഖരണം നടത്തുന്ന സംരംഭകർക്ക് നൽകുന്നതിനുള്ള ഉത്തരവാദിത്വവും ക്ലീൻ കേരള കമ്പനിക്ക് കൈമാറി ശാസ്ത്രീയ സംസ്കരണം ഉറപ്പു വരുത്താവുന്നതാണ്	കമ്പനിക്ക് കൈമാറുന്ന സാഹചര്യം.
4	ഇലക്ട്രോണിക് മാലിന്യങ്ങൾ	മാലിന്യത്തിന്റെ അപകടാവസ്ഥ മനസ്സിലാക്കി ഇടവേളകളിൽ ഗൃഹ–സ്ഥാപനാടിസ്ഥാനത്തിൽ ശേഖരിക്കുക.	വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുള്ള സർക്കാർ–പൊതു സ്വകാര്യ സ്ഥാപനങ്ങളിലെയും ഗൃഹാടിസ്ഥാനത്തിലും ശേഖരണം നടത്തുക. ശേഖരണം നടത്തുന്ന സംരംഭകർക്ക് നൽകുന്നതിനുള്ള ഉത്തരവാദിത്വവും ക്ലീൻ കേരള കമ്പനിക്ക് കൈമാറി ശാസ്ത്രീയ സംസ്കരണം ഉറപ്പു വരുത്തുന്നതുമാണ്.	പൂർണ്ണമായും ഇലക്ട്രോണിക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്ന സാഹചര്യം
5	ദ്രവ മാലിന്യം	ജലമലിനീകരണത്തിന് സാധ്യതയുള്ള ഇടങ്ങളിൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ച് ജലം ശുദ്ധമാക്കുന്ന അവസ്ഥയും മലിനീകരണത്തിനുള്ള സാധ്യത കുറയ്ക്കലും.	ജമലിനീകരണത്തിന് കാരണമാകുന്ന സ്ഥാപനങ്ങൾ കണ്ടെത്തി യോജ്യമായ മുഴുവൻ വകുപ്പുകളുടെ സഹായത്തോടെ ലൈസൻസ് ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ച് അനുയോജ്യമായ മാറ്റം കൈവരിക്കാവുന്നതാണ്. കൂടാതെ മലിന ജലം ഉ ാക്കുന്ന സ്ഥലങ്ങളിൽ നിയന്ത്രിക്കുന്നതിനും അളവ് കുറയ്ക്കുന്നതിന് തുടർന്ന് ട്രീറ്റ് ചെയ്യുന്നതിനും ഉള്ള സംവിധാനങ്ങൾ, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്.	സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും നേതൃത്വത്തിൽ ജല ശുദ്ധമാക്കുന്നതിനും മലിനീകരണം നിയന്ത്രിച്ച് ശുദ്ധമാക്കുകയും ചെയ്യുന്ന അവസ്ഥ.
6	അറവുമാലിന്യം	ആധുനിക സംസ്കരണ രീതി	മലിനീകരണ നിയന്ത്രണ ബോർഡ്. ആരോഗ്യ വകുപ്പ് ത്രിതല പഞ്ചായത്തുകൾ ഇറിഗേഷൻ മണ്ണ്–ജല സംരക്ഷണ വകുപ്പ്	ജില്ലയിലെ മുഴുവൻ അറവുശാലകളും ആധുനിക രീതിയിൽ മാറുകയും മറ്റു പരമ്പരാഗത അറവുശാലകൾ

			ശുചിത്വമിഷൻ	ഇല്ലാതാവുകയും ചെയ്യുന്ന സ്ഥിതി വിശേഷം
7	കക്കൂസ് മാലിന്യം	ഇരട്ടക്കുഴി കക്കൂസുകളും, ടോയ്‌ലറ്റ് ലിങ്ക്ട് ബയോഗ്യാസ് പ്ലാന്റുകളും പൊതു കക്കൂസ് കുഴികൾ	ത്രിതല പഞ്ചായത്തുകൾ വകുപ്പുകൾ ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള ആവാസ വ്യവസ്ഥകൾ സന്നദ്ധ സ്ഥാപനങ്ങൾ	കക്കൂസ് മാലിന്യം ജല മലിനീകരണത്തിന് കാരണമാകാത്ത അവസ്ഥ
8	പൊതു ശ്മാശന ങ്ങൾ	വ്യത്യസ്ത മാതനുചാരങ്ങൾക്ക് അനുസൃതമായി ശവ സംസ്കാര സൗകര്യം ആധുനിക രീതിയിൽ താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുക	വിവിധ ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക്/താലൂക്ക് അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് സ്ഥാപിക്കുക	മലനീകരണമില്ലാത്ത പൊതു ശവ സംസ്കാര സൗകര്യം ലഭ്യമാകും.
9	പൊതു ഇടങ്ങളും, റോഡുകളു ം മാലിന്യമി ല്ലാത്ത അവസ്ഥ	പൊതുജന പങ്കാളിത്തത്തോടെ, പാർക്കുകളും പൂന്തോട്ടങ്ങളും സ്ഥാപിക്കുക	ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നാഷണൽ – സ്റ്റേറ്റ് റോഡ് വകുപ്പുകളുടെ സഹകരണത്തോടെ ജനപങ്കാളിത്തവും സർക്കാർ–പൊതു–സ്വകാര്യ–സ്ഥാപനങ്ങളുടെ ഇടപ്പെടലും ഉറപ്പു വരുത്തി ഏകോപിപ്പിക്കാവുന്നതാണ്.	മാലിന്യമില്ലാത്ത പൂന്തോട്ടങ്ങളും പാർക്കുകളും നിറഞ്ഞ മരങ്ങൾ വളർന്നു നിൽക്കുന്ന തണൽ ലഭ്യമാകുന്ന പാതയോരങ്ങളും പൊതു സ്ഥലങ്ങളും
10	കാർബൺ ന്യൂട്രൽ	മരങ്ങളുടെ ലഭ്യത കൂട്ടുകയും കാർബൺ അംഗം വായുവിൽ കുറച്ച് ഓക്സിജൻ അളവ് വർദ്ധിപ്പിക്കുകയും മണ്ണിന്റെ പോഷക ലഭ്യത കൂട്ടുകയും ചെയ്യുക	ജില്ലയിലെ മുഴുവൻ സർക്കാർ പൊതു സ്വകാര്യ വകുപ്പുകൾ ത്രിതല പഞ്ചായത്തുകൾ പൊതു ഇനം സന്നദ്ധ സംഘടനകൾ വിദ്യാർത്ഥികൾ പരിസ്ഥിത പ്രവർത്തകർ	ശുദ്ധമായ വായുവും മണ്ണും, ജലവും ലഭ്യമാകുന്ന അവസ്ഥ

അവലംബം: തദ്ദേശ സ്വയം ഭരണ സ്ഥാപനതല റിപ്പോർട്ട്

ചിത്രം.4.11.7



അവലംബം: കേരളത്തിലെ ഖര മാലിന്യത്തിന്റെ ഉൽപ്പാദനവും, സ്വഭാവവും– ഡോക്ടർ അജയകുമാർ വർമ്മ

മാലിന്യ പരിപാലനത്തിൽ വയനാട് ജില്ലയിൽ ജൈവ മാലിന്യം ഉറവിട പരിപാലന രീതിയിൽ സംസ്കരിക്കുന്ന ശീലം വളർത്തിയെടുക്കേ തായു ്. മേൽ ഗ്രാഫിൽ പ്രതിപാദിച്ചതനുസരിച്ച് ഗാർഹിക–സ്ഥാപന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കപ്പെടുന്ന സാഹചര്യത്തിൽ വലിയ പ്രശ്ന പരിഹാരമാകും. തുടർന്ന് വലിയ അളവിലുള്ള മാലിന്യങ്ങൾ തുമ്പൂർമുഴി രീതിയിൽ വായുവിന്റെ സഹായത്തോടെ (എയറോബിക് മോഡലിൽ) സംസ്കരിക്കാവുന്നതാണ്. അജൈവ മാലിന്യങ്ങൾ ഹരിത കർമ്മസേന മുഖാന്തിരം മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി വഴി പുനരുപയോഗമോ–പുന:ചക്രമണമോ നടത്താവുന്നതാണ്.

4.11.5.മാലിന്യ സംസ്കരണം ത്രിതല പഞ്ചായത്ത് തലത്തിൽ

പട്ടിക 4.11.11
മാലിന്യ സംസ്കരണം ത്രിതല പഞ്ചായത്ത് തലത്തിൽ

നം.	ഗ്രാമപഞ്ചായത്ത്/നഗരസഭ	പ്രധാന പ്രശ്നങ്ങൾ
1	കൽപ്പറ്റ	• ജില്ലാ ആസ്ഥാന പ്രദേശം. • നഗരസ്വഭാവമുള്ളത്. • 9 മെട്രിക ടൺ ഓളം ദിനംപ്രതി ഉൽപ്പാദിപ്പിക്കപ്പെടുന്നു. • കൂടുതൽ ഹോട്ട് സ്പോട്ടുകൾ ഉള്ള സാഹചര്യമാണുള്ളത് • കേന്ദ്രീകൃതവും വികേന്ദ്രീകൃത വുമായിട്ടുള്ള

		സംസ്കരണ രീതി ആവശ്യമാണ്.
2	മാനന്തവാടി	• മാലിന്യ സംസ്കരണത്തിന് സ്ഥലം ലഭ്യമല്ല. • ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യം ശാസ്ത്രീയമായി പരിപാലിക്കപ്പെടുന്നില്ല. • കബനിപുഴ കൂടുതൽ മലിനമാക്കപ്പെടുന്ന സാഹചര്യമാണുള്ളത്
3	സുൽത്താൻ ബത്തേരി	• നിലവിലെ കേന്ദ്രീകൃത പദ്ധതി പൂർത്തിയായിട്ടില്ല. • അജൈവ മാലിന്യ പരിപാലനം (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) ആരംഭിക്കേ താ യു ്.
4	ഗ്രാമപഞ്ചായത്തുകൾ	• മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി – മീനങ്ങാടി, മൂപ്പൈനാട് തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. • റിസോഴ്സ് റിക്കവറി ഫെസിലിറ്റി പ്രവർത്തനങ്ങൾ ജില്ലയിൽ ആരംഭിക്കേ തായു ്. • ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ അജൈവ മാലിന്യങ്ങൾ പൂർണ്ണമായും ശേഖരിച്ച് എം.എസി.എഫിലേക്ക് കൈമാറുന്നതിന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേ തായു ്. • ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതും, ജൈവ മാലിന്യം പൂർണ്ണമായും പരിപാലിക്കുന്ന പ്രവർത്തനങ്ങൾ അനിവാര്യമാണ്. • കൂടുതൽ വിവര വിജ്ഞാന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേ തായു ്.

അവലംബം: തദ്ദേശ സ്വയം ഭരണ സ്ഥാപനതല റിപ്പോർട്ട്

4.11.6.വികസനലക്ഷ്യം

ശാസ്ത്രീയ മാലിന്യ സംസ്കരണ സംസ്കാരം കൈവരിക്കുന്നതിലൂടെ മലിനമാക്കപ്പെടുന്ന മണ്ണിന്റെയും വായുവിന്റെയും ജലത്തിന്റെയും അളവ് ഗണ്യമായ് കുറക്കുക എന്നതാണ് പരമമായ ലക്ഷ്യം. വലിയ തോതിൽ ഉത്പാദിപ്പിക്കുന്ന ജൈവ മാലിന്യങ്ങൾ ആയതിന്റെ അളവും, സ്ഥല ലഭ്യതയും അനുസരിച്ച് ഉറവിടത്തിൽ സംസ്കരിക്കുകയും തുടർന്ന് ലഭിക്കുന്ന വാതക-വളങ്ങൾ ഉപയോഗ്യമാക്കി അതേ സ്ഥലത്ത് കൃഷിക്ക് ഉപയോഗിക്കുകയും വേണം. ഇത്തരത്തിൽ സംസ്കരണവും രാസവളമില്ലാത്ത പച്ചക്കറി ലഭ്യതയും ഉറപ്പിക്കാനാവുന്നതാണ്. ഉറവിട സംസ്കരണ സാധ്യമല്ലാത്ത അജൈവ-അപകടകരമായ മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും ശേഖരിച്ച് സംസ്കരിക്കുകയും ഉപഉത്പന്നമാക്കി വിപണനം ചെയ്യുന്നതിനുമുള്ള സംരംഭകരെ വളർത്തുന്നതുമൂലം വ്യവസായ സാധ്യതയും, മാലിന്യ-പ്രശ്ന പരിഹാരവും തുല്യമായി പരിഹരിക്കാവുന്നതാണ്. വിവിധങ്ങളായ ജലമ ലിനീകരണ സ്രോതസ്സുകൾ കെ ത്തി ഉചിതമായ പ്രവർത്തനം മുഴുവൻ വകുപ്പുകളും,

സാമൂഹ്യ–സന്നദ്ധ–ത്രിതല പഞ്ചായത്തുകളും നടത്തിയാൽ ദ്രവ മലിനീകരണം കുറയ്ക്കുന്നതിനും കുടിവെള്ള ശുദ്ധത ഉറപ്പാക്കാനും സാധിക്കുകയുള്ളൂ.

ജില്ലയിലെ മാലിന്യത്തിന്റെ അളവും അപകട സാധ്യതയും മനസ്സിലാക്കിക്കൊ ് ചെറുതും വലുതുമായതും പ്രകൃതിക്കനുയോജ്യമായതുമായ പദ്ധതികളാണ് വിഭാവനം ചെയ്യേ ത്. പ്രാദേശികമായി ഉരുതിരിഞ്ഞ് വരുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതി വിഭാവനം ചെയ്യുമ്പോൾ നിലവിലെ അവസ്ഥയിൽ വലിയമാറ്റം സാധ്യമാകും. മാലിന്യ സംസ്ക രണത്തിന്റെ പരമ്പരാഗത രീതികൾ ഒഴിവാക്കി എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യത്തിന്റെ അന്തസത്ത ഉൾകൊ ുള്ള പദ്ധതികളാണ് ജില്ലക്കാവശ്യം. നിലവിലുള്ള സ്ഥിതി സമഗ്രമായ അവസ്ഥാവിശകലനത്തിന് വിധേയമാക്കി ജില്ലയുടെ തനതായ ഹരിതാഭം നിലനിർത്തി കൊ ുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേ തായു ്.

ജില്ലയിൽ ആധുനിക അറവുശാലകൾ പൂർണ്ണമായും സൗകര്യപ്പെടുത്തേ തും, ശാസ്ത്രീയമായും അറവുമൃഗത്തിന്റെ ആരോഗ്യവും ഉറപ്പുവരുത്തേ തുമാണ്. വായു–ജല–മണ്ണിൽ വർദ്ധിച്ച് വരുന്ന കക്കൂസ് അഴുക്ക് മാലിന്യങ്ങൾ മലിനമാക്കാതെ സംരക്ഷിക്കുന്നതിനും, പൊതുജന–ആരോഗ്യ ഉറപ്പാക്കാവുന്നതുമാണ്. പൊതുയിടങ്ങളും റോഡുകളും മാലിന്യ രഹിതമാവുകയും ഇത്തരം ഇടങ്ങളിൽ പൂന്തോട്ടങ്ങളും, ഭംഗിയുള്ള ചെറുമരങ്ങളും വച്ച് പിടിപ്പിച്ച് സംസ്കാരികമായ മാറ്റം കൈവരിക്കാനാകും, പൂർണ്ണമായ മാലിന്യ സംസ്കരണവും വൃക്ഷ ലഭ്യതയും ഉറപ്പുവരുത്തി കാർബൺ അംശം കുറക്കുന്നതിന് അനുയോജ്യമായ ജീവിത രീതിയിലേക്ക് പ്രകൃതിയെ മാറ്റുന്നതിലൂടെയും വയനാടിന്റെ പൂർണ്ണ വികസനം എന്ന സമഗ്ര ലക്ഷ്യം കൈവരിക്കാവുന്നതാണ്.

4.11.7. നിർദ്ദേശങ്ങൾ

- മാലിന്യത്തിന്റെ അളവും സ്വഭാവവും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കൃത്യമായി അറിയുന്നതിനുള്ള പഠനങ്ങൾ അനിവാര്യമാണ്. ഇത്തരം പഠനങ്ങളുടെയും ജനസംഖ്യയുടെയും സ്ഥലപരിമിതിയുടെയും അടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപം നൽകേ തുമാണ്.
- വിവിധ വകുപ്പുകൾ ജൈവ–അജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ സംയോജിപ്പിക്കുന്നതും, ഏകീകൃതമായി നടപ്പിലാക്കുന്നതും ഉചിതമായിരിക്കും.
- ബയോ മെഡിക്കൽ മാലിന്യങ്ങൽ നിലവിൽ ഇമേജ് എന്ന സ്ഥാപനമാണ് ശാസ്ത്രീയമായ സംസ്കരിക്കുന്നത് എന്നാൽ ബയോ മാലിന്യങ്ങളുടെ അളവ് കൂടുന്ന സാഹചര്യത്തിൽ ഭാവിയിൽ പ്രവർത്തന കാഴ്ചപ്പാട് അനിവാര്യമാണ്.
- ഇതര വകുപ്പുകളുടെ കീഴ്ത്തട്ട് സംയോജന സാധ്യതകൾ ഉപയോഗപ്പെടുത്തി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാവുന്നതാണ്.

- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ വിഹിതത്തിന്റെ പത്ത് ശതമാനം ക്രിയാത്മകമായി ഘട്ടഘട്ടമായുള്ള വികസനത്തിന് പ്രാധാന്യം നൽകി ഉപയോഗപ്പെടുത്താവുന്നതാണ്.
- പഞ്ചായത്ത് വാർഡ് തലതതിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കുടുംബശ്രീ, അംഗൻവാടി, ആശ പ്രവർത്തകർ, മറ്റു സാമൂഹിക സ്ഥാപനങ്ങളും മത–സാംസ്കാരിക പ്രവർത്തകരുടെയും സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.
- ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയുടെയും കൃഷി വകുപ്പിന്റെയും കുടുംബശ്രീയുടെയും പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് രൂപ രേഖ തയ്യാറാക്കാവുന്നതാണ്.
- കൂടുതൽ മാലിന്യം ഉ ാകാൻ ഇടയുള്ള വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസുമായി ബന്ധപ്പെടുത്തി നിയന്ത്രണങ്ങളും, ഫീസ് ഈടാക്കുന്നതിലൂടെയും ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പു വരുത്താവുന്നതാണ്.
- ജില്ലയിൽ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ചെറുതും വലുതുമായ പരിപാടികൾ (യോഗങ്ങൾ, കല്ല്യാണങ്ങൾ, ഉത്സവങ്ങൾ) ഹരിതനിയമാവലി പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേ തും പ്രോത്സാഹന പ്രവർത്തനങ്ങൾ നടപ്പിലാക്കേ തുമാണ്.
- ത്രിതല പഞ്ചായത്തുകളുടെ പദ്ധതി രൂപരേഖ ജില്ല വികസന പരിപ്രേക്ഷ്യത്തിന് അനുസൃതമായി ഘട്ടങ്ങൾ രൂപ കല്പന ചെയ്യേ താണ്.
- മാലിന്യ സംസ്കരണ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നഗരസഭ ഗ്രാമപഞ്ചായത്തുകളിൽ പൊതു സമൂഹത്തിന്റെ ഉത്തരവാദിത്വം കാര്യക്ഷമമാക്കുന്നതിനുള്ള ദീർഘകാല വിവര, വിജ്ഞാന മാർഗ്ഗ രേഖ തയ്യാറാക്കേ താണ്.
- പുതിയവീടുകൾക്ക് അനുമതി നൽകുന്ന സാഹചര്യങ്ങളിൽ വിവിധങ്ങളായ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.
- ജൈവമാലിന്യ സംസ്കരണത്തിൽ നിന്നും ലഭ്യമാകുന്ന സ്ലറിയും കമ്പോസ്റ്റ് വളങ്ങളും പാക്ക് ചെയ്തു വിപണിയിൽ വില്പന നടത്തുന്നതിനുള്ള ഭൗതീക സഹായം ത.സ്വ.ഭ സ്ഥാപനങ്ങൾ നേതൃത്വത്തിൽ ഉറപ്പുവരുത്താവുന്നതാണ്.
- ജില്ലയിൽ മാലിന്യം കുമിഞ്ഞ് കൂടികിടക്കുന്ന പ്രദേശങ്ങൾ വൃത്തിയാക്കുകയും അതെ സ്ഥലത്ത് പൂന്തോട്ടങ്ങളും ആധുനിക ശില്പങ്ങളും സ്ഥാപിച്ച് പ്രദേശങ്ങൾ മനോഹരമാക്കാവുന്നതാണ്.
- സ്ഥല ലഭ്യത ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ കൂട്ടിയോജിപ്പിച്ച് അജൈവ മാലിന്യ സംസ്കരണ പദ്ധതികൾ, പൊതു കക്കൂസ് മാലിന്യ സംസ്കരണ ഉപാധികൾ, ഇലക്ട്രോണിക് മാലിന്യ സംഭരണം തുടങ്ങിയ പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

- ഉപയോഗിച്ച ഡയപ്പർ, നാപ്കിൻ മാലിന്യങ്ങളിൽ ജൈവ സ്വഭാവമുളളവ സംസ്കരിക്കുന്നതിനും അജൈവ സ്വഭാവമുളളവ പുന:ചംക്രമണം ചെയ്യുന്നതിനുമുളള പദ്ധതികൾ ജില്ലാടിസ്ഥാനത്തിൽ ഇതര വകുപ്പുകളുടെ സംയോജനത്തിലൂടെ നടപ്പാക്കാവുന്നതാണ്.

വികസന പദ്ധതികളുടെ രൂപ രേഖ ഘട്ടങ്ങളായി നിർവ്വഹിക്കുന്നതിൽ 2017–18 പ്രവർത്തന കാലഘട്ടത്തിൽ വിവിധങ്ങളായ നൂതന പദ്ധതികൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വിഭാവനം ചെയ്തിട്ടു ്. ജില്ലയിൽ 15 മെറ്റിരീയൽ കലക്ഷൻ ഫെസിലിറ്റികളും ഹരിത കർമ്മ സേനയും റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും മറ്റു പ്രവർത്തനങ്ങളും നടപ്പു വർഷം വിഭാവനം ചെയ്തിട്ടു ്. പൊതുജന പങ്കാളിത്തത്തോടുകൂടി ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന സാഹചര്യത്തിൽ അജൈവ മാലിന്യ സംസ്കരണത്തിന് പുത്തൻ ആശയവും മൂല്യ വർദ്ധിത സംരംഭക സാധ്യതയും ലഭ്യമാവുന്നതാണ്.

4.11.8.സൂചകങ്ങൾ

1) സ്ഥല ലഭ്യതയില്ലാത്ത കുടുംബങ്ങളും ഫ്ളാറ്റ് സമുച്ചയങ്ങളിൽ താമസിക്കുന്നവരും വലിയ തോതിലുള്ള ജൈവ–അജൈവ മാലിന്യ പ്രശ്നങ്ങൾക്ക് ഇരകളാണ്. ഇത്തരം സാഹചര്യത്തിൽ പ്രത്യേക പരിഗണന നൽകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കേ തായു ്.
2) അറവ് ശാലകൾ പുറം തള്ളുന്ന മാലിന്യം സംസ്കരിക്കുന്നതിന് ശാസ്ത്രീയ സംവിധാനം അനിവാര്യമാണ്. ആധുനിക അറവു ശാലകളുടെ നിർമ്മാണം പ്രോൽസാഹിപ്പിക്കേ താ ണ്.
3) ജൈവ മാലിന്യ സംസ്കരണത്തിന് ഗാർഹിക തലത്തിൽ ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേ തും സ്ഥാപനത്തിൽ മാലിന്യത്തിന്റെ അളവ് അനുസരിച്ച് അനു യോജ്യമായ സംസ്കരണ രീതികൾ ആവിഷ്കരിക്കേ തുമാണ്.
4) അജൈവ മാലിന്യ സംസ്കരണത്തിന് മാലിന്യത്തിന്റെ സ്വഭാവത്തിനനുസൃതമായി ശേഖ രിച്ച് വെക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ സെന്ററും, ബ്ലോക്ക് അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും ഒരുക്കേ താണ്. ഇവയിൽ പുനചംക്രമണത്തിന്റെ സാദ്ധ്യത വളരെ വലുതാണ്.
5) പൊതുജല സ്രോതസ്സുകളെ മാലിന്യമുക്തമാക്കുന്നതിന് പ്രത്യേക പരിഗണന നൽകേ താണ്.
6) ഹരിത പെരുമാറ്റ ചട്ടം പാലിക്കുന്നതിനും പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതും ഉറപ്പ് വരുത്തേ താണ്.

******

പാർപ്പിടം

പാർപ്പിടം

4.12. ആമുഖം

സുരക്ഷിതമായി അന്തി ഉറങ്ങുവാനും ജീവസന്ധാരണത്തിനുമായുള്ള അടച്ചുറപ്പുള്ളതും മേൽക്കൂരയോടുകൂടിയതുമായ വാസസ്ഥലമാണ് ഭവനം. അധസ്ഥിതന്റെ ഉന്നമനം പൗരാവകാശവും പരിഷ്കൃത സമൂഹത്തിന്റെ ഉത്തരവാദിത്തവുമാണ്.

വയനാട് ജില്ല സംസ്ഥാനത്ത് ഏറ്റവും കുടുതൽ പട്ടികവർഗ്ഗ കുടുംബങ്ങളും ബി.പി.എൽ. കുടുംബങ്ങളും അധിവസിക്കുന്ന ഒരു പിന്നാക്ക ജില്ലയാണ്. 2011-ലെ സെൻസസ് പ്രകാരം ജില്ലയിലെ ജനസംഖ്യ 817420 ആണ് ഇതിൽ 401684 പുരുഷൻമാരും, 415736 സ്ത്രീകളും ഉ ്. 2009-ലെ കണക്കുപ്രകാരം 105625 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. ഭക്ഷണം, ശുദ്ധജലം, ശുചിത്വം, വസ്ത്രം, പാർപ്പിടം, ആരോഗ്യ പരിചരണം, പ്രാഥമിക വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന മനുഷ്യാവശ്യങ്ങൾക്കാണ് മുഖ്യപരിഗണന നൽകുന്നത്. ജനങ്ങളുടെ സാമൂഹ്യപദ്ധതി വിശകലനം ചെയ്യുന്ന നിർണ്ണായക ഘടകങ്ങൾ, പട്ടികജാതി, പട്ടിക വർഗ്ഗക്കാരുടെ എണ്ണം, ഭവന രഹിത കുടുംബങ്ങൾ, ഭൂമി ഇല്ലാത്തവർ, കക്കുസ് ഇല്ലാത്തവർ, തൊഴിൽ, വിദ്യാഭ്യാസ നിലവാരംതുടങ്ങിയവയാണ്.വയനാട് ഒരു ആദിവാസി മേഖലയാണ്.ജനസംഖ്യയുടെ 18.5% വും ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണ്, ഇവരിൽ പണിയ,കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ടവർദയനീയ ജിവിത സാഹചര്യമുളളവരാണ്. ഇവർ വളരെയധികം ചുഷണ വിധേയരുമാണ്. കേന്ദ്ര സംസ്ഥാന സർക്കാറുകൾ ത്രിതല പഞ്ചായത്തുകളുടെയും വിവിധവകുപ്പുകളുടെയും ആഭിമുഖ്യത്തിൽ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, ഇന്ദിരാ ആവാസ് യോജന പ്രധാനമന്ത്രി ആവാസ് യോജന (നഗരം, ഗ്രാമം) രാജീവ് ആവാസ് യോജന, ബേസിക്ക് സർവ്വീസസ് ഫോർ അർബൻ പൂവർ (ബി.എസ്.യു.പി) സംയോജിത പാർപ്പിട ചേരി വികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി) തുടങ്ങിയ നിർമ്മാണ പദ്ധതി നടപ്പിലാക്കിയെങ്കിലുംപരിപൂർണ്ണ വിജയത്തിൽഎത്തിക്കുവാൻ കഴിഞ്ഞിട്ടില്ല.

പട്ടിക 4.12.1

പാർപ്പിട മേഖലയെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ

ആകെ കുടുംബാംഗങ്ങൾ	1,80,192	ശതമാനം
സുരക്ഷിത ഭവനമുളളവർ	1,63,835	90.92
ഭവന രഹിതർ	154	0.09
പുല്ലു മേഞ്ഞ വീടുകളിൽ താമസിക്കുന്നവർ	2393	1.33
പ്ലാസ്റ്റിക് ഷീറ്റുകൊ ുള്ള വീടുകളിൽ താമസിക്കുന്നവർ	4163	2.31
വാടകയ്ക്ക് താമസിക്കുന്നവർ	9647	5.35
ശുദ്ധ ജലം	1,41,161	78.34
വൈദ്യുതീകരിച്ച വീടുകൾ	1,50,463	83.49

അവലംബം :2011 ലെ സെൻസസ്

സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക് പ്രകാരം കേരളത്തിൽ ഏകദേശം 4.32 ലക്ഷം ഭവന രഹിതരായ കുടുംബങ്ങൾ ഉ ്. ഇതിൽ തന്നെ 1.58 ലക്ഷം പേർ ഭൂരഹിതരാണ്. സമൂഹിക, സാമ്പത്തിക പിന്നാക്കാവസ്ഥനേരിടുന്ന വിഭാഗത്തിൽ പെടുന്നവരാണ് ഭൂരിഭാഗവും.2011–ലെ സെൻസസ് പ്രകാരം ജില്ലയിലെ ആകെ 163835 പേർ സുരക്ഷിത ഭവനങ്ങളിൽ താമസിക്കുന്നവരാണ്. ഭവന രഹിതരെയും പുല്ലു മേഞ്ഞ വീടുകളിൽ ഉള്ളവരെയും പ്ലാസ്റ്റിക് മേൽക്കൂരയുള്ളവരെയും ഭവന രഹിതരായും വാടകയ്ക്ക് താമസിക്കുന്നവരെ ഭൂരഹിതഭവനരഹിതരായും കണക്കാക്കാവുന്നതാണ്. അങ്ങനെയെങ്കിൽ ഭവനരഹിതരുടെ എണ്ണം 6116 ഭൂരഹിതരുടെ എണ്ണം 9647 ആണെന്നും കണക്കാക്കാം. എന്നാൽ 2017–ൽ ഭവന രഹിതരെ കെ ത്താൻ നടത്തിയ സർവ്വേഫലം താഴെപ്പറയും പ്രകാരമാണ്.

പട്ടിക 4.12.2.

സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തേ ആകെ ഗുണഭോക്താക്കൾ

വിഭാഗം	ഭവന രഹിതർ	ഭൂരഹിത ഭവന രഹിതർ	ആകെ
ലൈഫ് സർവ്വേ പ്രകാരം	7159	7655	14814
ലൈഫ് പദ്ധതിയിൽ പെടാത്ത ഗുണഭോക്താക്കൾ (ജീർണ്ണാവസ്ഥയിൽ ഉള്ള വീടുകൾ)	19081		19081 (അടുത്തപത്ത് വർഷം കൊ ് ഗുണഭോക്താക്കളായി വരുമെന്ന് പ്രതിക്ഷിക്കുന്നു)
ആകെ	26240	7655	33895

അവലംബം: ലൈഫ് സർവ്വേ 2017

കഴിഞ്ഞ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ കേന്ദ്രഗവൺമെന്റിന്റെ ഐഎവൈ/ പിഎംഎവൈ പദ്ധതികൾ, സംസ്ഥാന സർക്കാരിന്റെ ഇഎംഎസ് ഭവന പദ്ധതി, വിവിധ ഗ്രാമപഞ്ചായത്തുകൾ / മുനിസിപ്പാലിറ്റികൾ നടപ്പാക്കിയ ഭവന പദ്ധതികൾ, പട്ടിക ജാതി വികസന വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പുകൾ, ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം ഗ്രാമസഭ തീരുമാനത്തിന്റെയും ഊരുകൂട്ടതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ വീടുകൾ അനുവദിക്കപ്പെട്ടു വെങ്കിലും ഇപ്പോഴും ആയിരക്കണക്കിന് കുടുബാംഗങ്ങൾ പാർപ്പിട പദ്ധതിയുടെ ഗുണഭോക്താക്കളായി അവശേഷിക്കുന്നു എന്നത് പ്രത്യേകമായി ശ്രദ്ധ പതിയേ വസ്തുതയാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ത്രിതല പഞ്ചായത്തുകളുടെയും ഫ ് ഉപയോഗിച്ച്ജില്ലയിൽ ഇന്ദിരാ ആവാസ് യോജന പ്രകാരം കഴിഞ്ഞ 5 വർഷങ്ങളിലായി 8991 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 7486 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടു ്.2061 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊ ിരിക്കുന്നു. കൂടാതെപട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെയും, ജില്ലാ ഗ്രാമ പഞ്ചായത്തുകളുടെ പ്ലാൻ ഫ ് ഉപയോഗിച്ച് ജില്ലയിൽ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നു ്. ലൈഫ് മിഷൻ പദ്ധതിയുടെ ഡാറ്റാ പ്രകാരം 9901 വീടുകൾ ഇനിയും പൂർത്തികരിക്കുവാനുളളതായി കെ ത്തിയിട്ടു ്.2018 മാർച്ച് മാസം 31–ാം തീയതിയോടെ പൂർത്തീകരിക്കാത്ത വീടുകളുടെ

നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഒരു പ്രത്യേക ക്യാംപയിൻ, വാർഡ്,പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലങ്ങളിൽ കർമ്മസമിതികൾ രൂപീകരിച്ച് പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായിപ്രവർത്തനംനടന്നുവരികയാണ്.ജില്ലയിൽ പൂർത്തീകരിക്കുവാൻ ബാക്കിയുള്ള 9253വീടുകളുടെപൂർത്തീകരണമാണ് ലൈഫ് മിഷന്റെ 2017–2018 വർഷത്തെ ലക്ഷ്യം.

4.12.1. പാർപ്പിട പദ്ധതി വർഷം തിരിച്ച്

വയനാട് ജില്ലയിൽ 9253 വീടുകൾ പണി പൂർത്തീകരിക്കുന്നതിനും 7159 വീടുകൾ പുതിയ വീടുകൾ ഭൂമിയുള്ളവർക്കും 7655 പുതിയ വീടുകൾ ഭൂമിയില്ലാത്തവർക്കും നിർമിച്ചു നൽകേ തു ്. കൂടാതെ ജീർണ്ണിച്ചു പോയ വാസയോഗ്യമല്ലാത്ത വീടുള്ള 19081 കുടുംബാംഗങ്ങൾ ഉ ് അവർക്കുള്ള വീടു നിർമാണ സമയക്രമം താഴെപറയുന്നു.

പട്ടിക 4.12.3.

വർഷം	ഇനം	വീടുകളുടെ എണ്ണം	ആകെ
2015–2018	പണി പൂർത്തീകരിക്കാനുള്ള വീടുകളുടെ പൂർത്തീകരണം	9253	9253
2018–2019	ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം	3600	7159
2019–2020		3559	
2020–2021	ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭവനം	4800	7655
2021–2022		2855	
2022–2023	ജീർണ്ണിച്ച വീടുകളുടെ പുനർനിർമ്മാണം	5000	
2023–2024		5000	
2024–2025		5000	
2025–2026		4081	1908

അവലംബം:ലൈഫ് സർവ്വേ 2017

വയനാട് ജില്ലാ സർക്കാറിന്റെ നവകേരളമിഷന്റെ ഭാഗമായി സമ്പൂർണ്ണ പാർപ്പിടം എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള ലൈഫ്പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയാണ് .ത്രിതല പഞ്ചായത്തുകളുടെയും വിവിധവകുപ്പുകളുടെയുംസഹകരണത്തോടെ2021– 2022 വർഷത്തോടെ ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിഅടച്ചുറപ്പുള്ള സ്വപ്ന ഭവനത്തിന്റെസാക്ഷാത്ക്കാരം ലക്ഷ്യമിടുന്നു

4.12.1.1. ലൈഫ് പദ്ധതിയിൽ മൂന്ന് ഘടകങ്ങളാണുളളത്.

1. വിവിധ പദ്ധതികളിൽആരംഭിച്ച് പണി തിരാത്ത വീടുകളുടെ പൂർത്തീകരണം.
2. ഭൂമിയുളള ഭവന രഹിതർക്ക് വീട് നിർമ്മിച്ചു നൽകൽ.
3. ഭൂമിയില്ലാത്തവർക്ക് ഭവന സമുച്ചയത്തിൽ പാർപ്പിടം നൽകൽ.

ലൈഫ് പദ്ധതിക്ക് പുറമെ ഇടപെടൽ നടത്തേ മേഖലകൾ

1. ജീർണ്ണാവസ്ഥയിലുളള കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുക
2. റേഷൻ കാർഡ് ഇല്ലെങ്കിലും പുതിയ കുടുംബമായി താമസിക്കുന്നവർക്ക് വീട് നിർമ്മിച്ചു നൽകുക
3. നാടോടികൾക്കും തെരുവിൽ ഉളളവർക്കും വീട് നിർമ്മിച്ചുനൽകുക
4. 10 വർഷം കൊ ് പുതുതായി ഉ ായിവരുന്നവർക്ക് വീട് നിർമ്മിച്ചു നൽകുക.

4.12.1..2. പണി തീരാത്ത ഭവനങ്ങളുടെ പൂർത്തീകരണം

പട്ടിക–4.12.4.
ജില്ലയിൽ പൂർത്തീകരിക്കാനുളള ഭവനങ്ങൾ

	LSG				IAY/Block				SC	ST	DPST	Minority	Total			Total
LSG name	Ge	SC	St	Total	Ge	SC	St	Total					Gen	SC	ST	
ബത്തേരി ബ്ലോക്ക്																
അമ്പലവയൽ	7		18	25	9		40	49	1	140			16	1	198	215
മീനങ്ങാടി	90	7	47	144	19	2	63	84	4	213			109	13	323	445
നെൻമേനി	61	9	37	107	26	14	83	123	4	146	1	1	88	27	267	382
നൂൽപ്പുഴ	19	0	68	87	4		82	86	1	140			23	1	290	314
ആകെ	177	16	170	363	58	16	268	342	10	639	1	1	236	42	1078	1356
പനമരം ബ്ലോക്ക്																
പനമരം	79	8	81	168	10	11	57	78	2	152	4		89	21	294	404
പൂതാടി	67	9	49	125	19	9	66	94	1	197	4	1	87	19	316	422
കണിയാമ്പറ്റ	27	0	16	43	15	4	57	76	1	83	6		42	5	162	209
പുൽപ്പളളി	30	7	29	66	11	7	31	49	1	156			41	15	216	272
മുളളൻകൊല്ലി	30	1	21	52	15	14	34	63	1	92			45	16	147	208
ആകെ	233	25	196	454	70	45	245	360	6	680	14	1	304	76	1135	1515

മാനന്തവാടി ബ്ലോക്ക്																
വെള്ളമു	40	4	56	100	15	0	44	59	1	95	4	1	56	5	199	260
തിരുനെല്ലി	71	3	104	178	14	7	65	86		99		1	86	10	268	364
തവിഞ്ഞാൽ	81	15	52	148	23	3	123	149	8	216	4		104	26	395	525
തൊ ർനാട്	86	5	58	149	21	5	81	107		104			107	10	243	360
എടവക	40	2	47	89	25	5	97	127	0	105			65	7	249	321
ആകെ	318	29	317	664	98	20	410	528	9	619	8	2	418	58	1354	1830

കൽപ്പറ്റ ബ്ലോക്ക്																
കോട്ടത്തറ	53	1	106	160	26	8	151	185	2	132	3		79	11	392	482
മേപ്പാടി	155	28	28	211	128	49	178	355	9	84	1	1	284	86	291	661
മൂപ്പൈനാട്	9	3		12	12	8	33	53	10	60			21	21	93	135
മൂട്ടിൽ	38	1	78	117	45	12	156	213	2	89	3		83	15	326	424
പടിഞ്ഞാറത്തറ	64	2	33	99	24	24	77	125	8	69		1	89	34	179	302
പൊഴുതന	47	4	31	82	29	21	85	135	1	194		1	77	26	310	413
തരിയോട്	9	0	2	11	20	0	47	67	0	105			29	0	154	183
വേങ്ങപ്പള്ളി	22	1	68	91	27	6	103	136	4	118	5		49	11	294	354
വൈത്തിരി	6	18	15	39	19	32	14	65	5	71		2	27	55	100	182
ആകെ	403	58	361	822	330	160	844	1334	41	922	12	5	738	259	2139	3136
Grand Total	1131	**128**	**1044**	**2303**	**556**	**241**	**1767**	**2564**	**66**	**2860**	**35**	**9**	**1696**	**435**	**5706**	**7837**

മുനിസിപ്പാലിറ്റി

കൽപ്പറ്റ	148		1	149					44	220			148	44	221	413
മാനന്തവാടി	170	10	130	310	42	4	69	115	3	174		3	215	17	373	605
ബത്തേരി	91	10	54	155	21	11	77	109	2	131		1	113	23	262	398
ആകെ	409	20	185	614	63	15	146	224	49	525	0	4	476	84	856	1416
Grand Total	1540	148	1229	2917	619	256	1913	2788	115	3385	35	13	2172	519	6562	9253

അവലംബം ലൈഫ് സർവ്വേ 2017

പട്ടിക 4.12.5.

പൂർത്തികരിക്കാനുള്ള വീടുകൾ (ഏജൻസി തിരിച്ചുള്ള കണക്ക്)

	ആകെഗുണഭോക്താക്കൾ			
	ജനറൽ	എസ്സി	എസ്ടി	ആകെ
ഗ്രാമപഞ്ചായത്ത്	1131	128	1044	2303
ബ്ലോക്ക്പഞ്ചായത്ത്	619	256	1913	2788
മുൻസിപ്പാലിറ്റി	409	20	185	614
എസ്ടിഡിപ്പാർട്മെൻറ്			3385	3385
എസ്സിഡിപ്പാർട്മെൻറ്		115		115

ജില്ലാ പഞ്ചായത്ത്			35	35
ന്യൂനപക്ഷം	13			13
ആകെ	2172	519	6562	9253

അവലംബം ലൈഫ് സർവ്വേ, 2017

ലൈഫ്പദ്ധതിയിൽ ജനറൽ, എസ്.സി. വിഭാഗത്തിന് 4 ലക്ഷവും പട്ടികവർഗ്ഗ വിഭാഗത്തിന്എസ്റ്റിമേറ്റ് തുകയുമാണ് അനുവദിക്കുന്നത്.നിലവിൽ ഏതെങ്കിലും പദ്ധതിയിൽ അനുവദിച്ച തുകയുടെ ബാക്കി തുക ആനുപാതികമായി നൽകാവുന്നതാണ്.

പട്ടിക 4.12.6.
പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനാവശ്യമായ തുക(ലൈഫ് മിഷൻ വെബ്സൈറ്റ് പ്രകാരം)

ക്രമ നമ്പർ	വിഭാഗം	എണ്ണം	തുക	പഞ്ചായത്തുകൾ വകയിരുത്തിയ തുക	ഇനി ആവശ്യമുള്ള തുക
1	ജനറൽ	2172	231032189	77512274	153519915
2	എസ് സി	519	59444296	16314088	43130208
3	എസ് റ്റി	6562	156050047	85723465	70326582
ആകെ		9253	446526532	179549827	266976705

അവലംബം ലൈഫ് മിഷൻ വെബ്സൈറ്റ് 2017

2016–17, 2017–18 വർഷങ്ങളിൽ അനുവദിച്ച പി.എം.എ.വൈ(ജി) പദ്ധതിപ്രകരമുള്ള വീടുകൾ പൂർത്തീകരിക്കുന്നതിന് ലൈഫ് മിഷൻ പദ്ധതിയിൽ അനുവദിക്കുന്ന അതേ നിരക്കിൽ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേ തുമാണ്.

പട്ടിക. 4.12.7.
2016–2017, 2017–18–ലെ പി.എം.എ.വൈ. ഭവന നിർമ്മാണം സംബന്ധിച്ച് പുരോഗതി റിപ്പോർട്ട്

Year	Target					No.of Houses Sanctioned					2017–18 No.of Houses completed					Cumulative No.of Houses completed (including no. of houses completed in previous years)					No.of houses in progress				
	SC	ST	Minorities	Others	Total	SC	ST	Minorities	Others	Total	SC	ST	Minorities	Others	Total	SC	ST	Minorities	Others	Total	Base level	Lintel level	Level	Refund	Total
16-17	93	1735	210	75	2113	27	509	162	64	762	1	19	15	3	38	11	202	69	15	297	144	184	110	27	465
17-18	23	314	47	19	403	3	21	22	84	130	0	0	0	1	1	0	1	0	3	4	52	35	14	25	126
Total	116	2049	257	94	2516	30	530	184	148	892	1	19	15	4	39	11	203	69	18	301	196	219	124	52	591

4.12.1.3. ഭവന രഹിതർക്ക് വീട്

സർവ്വേ പ്രകാരം കണ ത്തിയ ഭവന രഹിതരുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

പട്ടിക.4.12.8.

ക്രമനമ്പർ	തദ്ദേശ ഭരണ സ്ഥാപനം	LANDLESS HOMELESS				HOMELESS HAVING LAND				TOTAL			
		SC	ST	GE	TOTAL	SC	ST	GEN	TOTAL	SC	ST	GEN	TOTAL
1	അമ്പലവയൽ	14	49	165	228	9	33	198	240	23	82	363	468
2	എടവക	11	53	72	136	22	46	357	425	33	99	429	561
3	കൽപ്പറ്റ മുനിസിപ്പാലിറ്റി	58	64	554	676	27	37	143	207	85	101	697	883
4	കണിയാമ്പറ്റ	45	135	257	437	16	25	362	403	61	160	619	840
5	കോട്ടത്തറ	2	58	24	84	5	17	55	77	7	75	79	161
6	മാനന്തവാടി മുനിസിപ്പാലിറ്റി	47	156	346	549	20	46	103	169	67	202	449	718
7	മീനങ്ങാടി	13	43	185	241	8	20	145	173	21	63	330	414
8	പുതാടി	100	32	815	947	52	8	485	545	152	40	1300	1492
9	മുളളൻകൊല്ലി	61	45	72	178	8	7	151	166	69	52	223	344
10	മുപ്പൈനാട്	53	30	427	510	44	28	498	570	97	58	925	1080
11	മുട്ടിൽ	31	106	250	387	17	18	325	360	48	124	575	747
12	നെൻമേനി	13	31	136	180	8	13	116	137	21	44	252	317
13	നൂൽപ്പുഴ	7	94	61	162	15	50	106	171	22	144	167	333
14	പടിഞ്ഞാറത്തറ	9	7	39	55	33	39	254	326	42	46	293	381
15	പനമരം	27	101	156	284	14	70	171	255	41	171	327	539
16	പുതാടി	4	53	94	151	17	64	511	592	21	117	605	743
17	പൊഴുതന	70	58	417	545	42	40	230	312	112	98	647	857
18	പുൽപ്പളളി	9	18	93	120	6	5	70	81	15	23	163	201
19	സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി	21	19	356	396	11	7	167	185	32	26	523	581
20	തരിയോട്	6	69	66	141	9	9	73	91	15	78	139	232
21	തവിഞ്ഞാൽ	61	120	217	398	27	14	261	302	88	134	478	700
22	തിരുനെല്ലി.	30	219	127	376	17	201	315	533	47	420	442	909
23	തൊ ർനാട്	2	24	53	79	14	71	242	327	16	95	295	406
24	വെളളമു	4	53	55	112	8	19	153	180	12	72	208	292
25	വേങ്ങപ്പളളി	2	29	40	71	2	3	52	57	4	32	92	128
26	വൈത്തിരി	60	6	146	212	83	8	184	275	143	14	330	487
Bsl		**760**	**1672**	**5223**	**7655**	**534**	**898**	**5727**	**7159**	**1294**	**2570**	**10950**	**14814**

അവലംബം ലൈഫ് മിഷൻ വെബ് സൈറ്റ്

പട്ടിക 4.12.9.

ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണത്തിനാവശ്യമായ തുക

ക്രമ നമ്പർ	വിഭാഗം	എണ്ണം	ആവശ്യമായ തുക
1	ജനറൽ	5788	2290800000
2	എസ് സി	540	213600000
3	എസ് റ്റി(പരമാവധി 6 ലക്ഷം രൂപ എന്ന് സങ്കൽപ്പിച്ചാൽ)	924	538800000
ആകെ	7159		3043200000

4.12.1.4.ഭൂരഹിത ഭവന രഹിതർ

ഭൂരഹിതരായ 7853 ഗുണഭോക്താക്കൾ ജില്ലയിലു ് ഇവർക്ക് ഭവന സമുച്ചയം നിർമ്മിച്ചു നൽകുകയോ, ഭവനം നിർമ്മിക്കാൻ സ്ഥലം നൽകുകയോ ചെയ്യേ തു ്. ഇതിനായി താഴെകാണുന്ന പട്ടിക പ്രകാരമുള്ള ഭൂമി കെ ത്തിയിട്ടു ്.

പട്ടിക 4.12.10.

ഭൂലഭ്യത	`ഭൂമിയുടെ ഉടമസ്ഥത	അഭിപ്രായം
34.99ഏക്കർ	റവന്യു ഡിപ്പാർട്ട്മെന്റ് വൈത്തിരി	ജില്ലാ ഭരണകൂടം, സംസ്ഥാന സർക്കാറിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടു ്.
100 ഏക്കർ	പ്രിയദർശിനി എസ്റ്റേറ്റ് മാനന്തവാടി	
100 ഏക്കർ	പ്രിയദർശിനി എസ്റ്റേറ്റ് മാനന്തവാടി	
.5 ഏക്കർ	റവന്യു ഡിപ്പാർട്ട്മെന്റ് സുൽത്താൻ ബത്തേരി.	
ആകെ 235.49		

ഭൂരഹിത ഭവന രഹിതർക്ക് കെ ത്തിയിട്ടുള്ള ഭൂമി 3 താലൂക്കുകളിലും ഓരോ കേന്ദ്രങ്ങളാണ്. 26 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ചിതറികിടക്കുന്ന ഭൂരഹിത ഭവന രഹിതരെ മൊത്തമായി ഈ മൂന്നുകേന്ദ്രങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കുന്നത് അവരുടെ സാമൂഹിക അവസ്ഥയെയും ജീവ നോപാധിയെയും ദോഷമായി ബാധിക്കുകയും അതുകൊ ് ഈ മൂന്നു കേന്ദ്രങ്ങൾ ഒഴികെയുള്ള തദ്ദേശ സ്ഥാപനങ്ങൾ അതാത് തദ്ദേശ സ്ഥാപനത്തിന്റെ പരിധിക്കകത്ത് ഒന്നോ രെ ാ കേന്ദ്രങ്ങളി ലായി സ്ഥലം ലഭ്യമാക്കേ തും അതാതിടങ്ങളിൽ ഭവന സമുച്ചയം പണിതു നൽകേ തും ആണ്.

പട്ടിക 4.12.11.
ഭൂരഹിത ഭവനരഹിതർ

SL No	LOCAL BODY	LANDLESS HOMELESS			
		SC	ST	GE	TOTAL
1	അമ്പലവയൽ	14	49	165	228
2	എടവക	11	53	72	136

3	കൽപ്പറ്റ മുനിസിപ്പാലിറ്റി	58	64	554	676
4	കണിയാമ്പറ്റ	45	135	257	437
5	കോട്ടത്തറ	2	58	24	84
6	മാനന്തവാടി മുനിസിപ്പാലിറ്റി	47	156	346	549
7	മീനങ്ങാടി	13	43	185	241
8	പുതാടി	100	32	815	947
9	മുളളൻകൊല്ലി	61	45	72	178
10	മുപ്പൈനാട്	53	30	427	510
11	മുട്ടിൽ	31	106	250	387
12	നെൻമേനി	13	31	136	180
13	നൂൽപ്പുഴ	7	94	61	162
14	പടിഞ്ഞാറത്തറ	9	7	39	55
15	പനമരം	27	101	156	284
16	പുതാടി	4	53	94	151
17	പൊഴുതന	70	58	417	545
18	പുൽപ്പളളി	9	18	93	120
19	സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റീ	21	19	356	396
20	തരിയോട്	6	69	66	141
21	തവിഞ്ഞാൽ	61	120	217	398
22	തിരുനെല്ലി.	30	219	127	376
23	തൊ ർനാട്	2	24	53	79
24	വെളളമു	4	53	55	112
25	വേങ്ങപ്പളളി	2	29	40	71
26	വൈത്തിരി	60	6	146	212
ആകെ		**760**	**1672**	**5223**	**7655**

അവലംബം ലൈഫ് മിഷൻ വെബ് സൈറ്റ്

പട്ടിക 4.12.12.

ഭൂമിയില്ലാത്ത ഭവനരഹിതരുടെ ഭവനനിർമ്മാണത്തിനാവശ്യമായ തുക

ക്രമ നമ്പർ	വിഭാഗം	എണ്ണം	ആവശ്യമായ തുക
1	ജനറൽ	5223	2089200000
2	എസ് സി	760	304000000
3	എസ് റ്റി(പരമാവധി 6 ലക്ഷം രൂപ എന്ന് സങ്കൽപ്പിച്ചാൽ)	1672	1003200000
ആകെ		7655	3396400000

അവലംബം ലൈഫ് മിഷൻ വെബ് സൈറ്റ്

4.12.2. ഭവന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ

1. നിർമ്മാണ സാമഗ്രികളുടെ ലഭ്യത കുറവ്

2. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം

3. എസ്.റ്റി. വിഭാഗക്കാരുടെ വീട് കോൺട്രാക്റ്റർമാരുടെ ഇടപെടൽ

4. ഭൂമിയുടെ വിലവർദ്ധനവ്

വയനാട് ജില്ല 2131 – 212560 ഹെക്ടർ വിസ്തൃതി ഉള്ളതാണ് ഇതിൽ 885.92 –78787 ഹെക്ടർ വനഭൂമിയുമാണ്. 24731 ഹെക്ടർ നിലവും 100869 ഹെക്ടർ കരയുമാണ്. 22772 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. കരഭൂമിയുടെ സിംഹഭാഗവും കാപ്പി, തേയില എസ്റ്റേറ്റുകളും കൈയ്യടക്കിയിരിക്കുന്നു. അവശേഷിക്കുന്ന കരഭൂമിയാണ് വാസയോഗ്യമായുള്ളത്. ചെറുകിട കർഷകരും, ഇടത്തരം കർഷകരും നാമമാത്ര കർഷകരും, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരും ഇടകലർന്ന് അധിവസിക്കുന്ന വയനാട്ടിൽ ഭൂമിയുടെ ലഭ്യതയും പരിമിതമാണ്.

നിർമ്മാണ സാമഗ്രികളുടെ ലഭ്യത കുറവ് പരിഗണിക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കട്ട, ജനൽ വാതിൽ ഫ്രെയിമുകൾ, തുടങ്ങിയവ എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കാവുന്ന നടപടി സ്വീകരിക്കുന്നതിനും ഇതിനുവേ ി എല്ലാ പഞ്ചായത്തുകളും കൺസ്ട്രക്ഷൻ യൂണിറ്റുകൾ ആരംഭിക്കാവുന്നതുമാണ്.

പട്ടിക വർഗ്ഗ വിഭാഗക്കാരുടെ വീട് നിർമ്മാണത്തിന് കോൺട്രാക്ടർമാരുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ഇടപെടലുകൾ ഗുരുതരമായ പ്രശ്നങ്ങൾ ഈ മേഖലയിൽ ഉ ാക്കുന്നു. പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ നിർമ്മാണം അംഗീകൃത എസ്റ്റിമേറ്റ് അനുസരിച്ചാണ് നടക്കുന്നത്. നേരിട്ട് പ്രവൃത്തി ഏറ്റെടുക്കുവാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്ക്(പ്രത്യേകിച്ച് പ്രാക്തനഗോത്ര വർഗ്ഗക്കാരയവർക്ക്) വീടുകൾ കോൺട്രാക്ടർമാർ മുഖേന ടെൻഡർ ചെയ്ത് നിർമ്മിച്ച് നൽകുന്ന നടപടി സ്വീകരിക്കാവുന്നതാണ്. നിർമ്മാണം കഴിഞ്ഞ് ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഉ ാക്കിയാൽ പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ട വീടുകൾ ഇല്ലാതാക്കുവാൻ കഴിയും.

4.12.3. തുടർന്നുള്ള വർഷങ്ങളിൽ ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവർ.

2011 സെൻസസ് പ്രകാരം വയനാട്ടിലെ കുടുംബങ്ങളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

പട്ടിക 4.12.13.

കുടുംബങ്ങളുടെ എണ്ണം

Name of Panchayat	No.of Household	Total Population		
		Persons	Male	Female
തിരുനെല്ലി	6,902	29,696	14,573	15,123
മാനന്തവാടി	11,376	47,974	23,468	24,506
തവിഞ്ഞാൽ	9,257	39,813	19,685	20,128
തൊ ർനാട്	5,280	23,142	11,546	11,596
എടവക	7,539	33,665	16,802	16,863
വെള്ളമുണ്ട	8,796	40,627	20,010	20,617
മാനന്തവാടി ബ്ലോക്ക്	**49,150**	**214,917**	**106,084**	**108,833**

കോട്ടത്തറ	3,787	16,670	8,195	8,475
മുട്ടിൽ	7,998	35,281	17,150	18,131
പടിഞ്ഞാറത്തറ	5,788	25,965	12,592	13,373
വേങ്ങപ്പള്ളി	2,676	11,756	5,735	6,021
തരിയോട്	2,734	11,725	5,808	5,917
പൊഴുതന	4,256	18,406	8,854	9,552
വൈത്തിരി	4,159	18,305	8,815	9,490
മേപ്പാടി	8,661	37,785	18,349	19,436
മുപ്പൈനാട്	5,562	24,590	11,936	12,654
കൽപ്പറ്റ ബ്ലോക്ക്	**45,621**	**200,483**	**97,434**	**103,049**
പനമരം	10,334	45,627	22,668	22,959
കണിയാമ്പറ്റ	7,672	33,956	16,739	17,217
പുൽപ്പള്ളി	8,414	33,951	16,812	17,139
പുതാടി	9,800	39,649	19,633	20,016
മുള്ളൻകൊല്ലി	6,929	28,400	14,131	14,269
പനമരം ബ്ലോക്ക്	**43,149**	**181,583**	**89,983**	**91,600**
സുൽത്താൻ ബത്തേരി	10,848	45,417	22,342	23,075
നൂൽപ്പുഴ	6,510	27,833	13,673	14,160
നെൻമേനി	11,330	46,950	22,929	24,021
അമ്പലവയൽ	8,568	35,207	17,214	17,993
മീനങ്ങാടി	8,199	33,450	16,624	16,826
സുൽത്താൻ ബത്തേരി ബ്ലോക്ക്	**45,455**	**188,857**	**92,782**	**96,075**
കൽപ്പറ്റ മുനിസിപ്പാലിറ്റി	7519	31,580	15,401	16,179
ജില്ല- മൊത്തം	190,894	817,420	401,684	415,736

അവലംബം കുടുംബശ്രീ മിഷൻ

2011 ലെ 190894 കുടുംബങ്ങളിൽ നിന്ന് 15927 കുടുംബങ്ങൾ 2017 ൽ പാർപ്പിടത്തിന് ഗുണഭോക്താക്കളായി വന്നു. 11.98% (പ്രതിവർഷം 2%).ഈ നിരക്കിൽ ഗുണഭോക്താക്കൾ ആവശ്യക്കാരായി വന്നാൽ ഇപ്പോൾ തയ്യാറാക്കിയ ലിസ്റ്റിലുള്ള ഗുണഭോക്താക്കൾ വീട് നൽകികഴിയുമെന്ന് കണക്കുകൂട്ടുന്നു.

2022 ആവുമ്പേഴേക്ക് 10% പുതിയ ഗുണഭോക്താക്കൾ ഉ ായി വരും. അതായത് 2022ൽ 10% ഗുണഭോക്താക്കൾ (19089 കുടുംബങ്ങൾ) ക്ക് കൂടി വീട് നൽകേ തായി വരും. ഓരോ വർഷവും 26 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായി 3817 പുതിയ ഗുണഭോക്താക്കൾ ഉ ാകും. ഇവർക്കു വേ ിയുള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കേ തു ്.

4.12.4. ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ ഓൺലൈൻ സാധ്യത

നിലവിൽ ഓരോ തവണയും വിശദമായി സർവ്വേ നടത്തി വലിയ മനുഷ്യാധ്വാനത്തിന്റെ ഫല മായി ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണ്. ഈ രീതിക്ക് മാറ്റം വരണം. തദ്ദേശഭരണവകു പ്പിന്റെ സുലേഖ സോഫ്റ്റ് വെയറിൽ, അല്ലെങ്കിൽ അതുപോലുള്ള മറ്റേതെങ്കിലും സൈറ്റിൽ ഗുണഭോ ക്താക്കൾക്ക് അക്ഷയകേന്ദ്രം വഴി അപേക്ഷ സമർപ്പിക്കാൻ സൗകര്യം നൽകണം. മാനദ്ണ്ഡങ്ങൾക്ക നുസരിച്ച് മാർക്ക് നൽകുന്നതിനുള്ള ചോദ്യങ്ങൾ ഈ സൈറ്റിലു ാവണം. അപേക്ഷകൾ സമർപ്പി ക്കുന്ന മുറക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിക്കണം. (ഇതിനായി പഞ്ചായത്തു തലത്തിലെ പാർപ്പിട പദ്ധതി നടപ്പിലാക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് വാർഡു കൾ തിരിച്ച് ചുമതല നൽകണം.)

ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്ന പക്ഷം സോഫ്റ്റ്വെയർ ഉപയോഗിച്ച് മാർക്ക് നൽകി ഗുണ ഭോക്തൃപട്ടിക തയ്യാറാക്കണം. ഈ പട്ടിക തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകരിക്കണം. ഗ്രാമ, ബ്ലോക്ക്, പഞ്ചായത്തുകളും എസ് സി /എസ് ടി /ഫിഷറീസ് വകുപ്പുകളും മറ്റും വീട് നൽകു മ്പോൾ ഈ ലിസ്റ്റിലെ മുൻഗണനാ ക്രമത്തിൽ അനുവദിക്കണം. മുഴുവൻ ലിസ്റ്റും ഓൺലൈനിൽ പരി ശോധിക്കാൻ സൗകര്യമൊരുക്കണം. ഓരോ പുതിയ ഗ്രാമസഭ കഴിയുമ്പോഴും അംഗീകരിച്ച ലിസ്റ്റ് കൂടി ഓൺലൈനിൽ ലഭ്യമാക്കണം.

4.12.5.നാടോടികൾക്കും ഇതര സംസ്ഥാന തൊഴിലാളികൾക്കും വീട്

ഇതര സംസ്ഥാന തൊഴിലാളികൾക്കും നാടോടികൾക്കും പാർപ്പിടമൊരുക്കാനുള്ള പദ്ധതി ആസൂ ത്രണം ചെയ്യണം. ഈ വിഭാഗത്തിന് സ്ഥിരമായ ഭവനം എന്നതല്ല, താൽകാലിക പാർപ്പിടം എന്നതാ വണം നയം, വാടകയ്ക്ക് നൽകുന്നതിനുള്ള സൗകര്യവും ഒരുക്കണം.

4.12.6.ടൂറിസ്റ്റുകൾക്ക് താമസസൗകര്യം

അടുത്ത ദശകത്തിൽ വയനാട് ഉറ്റുനോക്കുന്ന ഒരു മേഖലയാണ് ടൂറിസം. വയനാട്ടിലെത്തുന്ന ടൂറിസ്റ്റുകൾക്ക് മികച്ച സൗകര്യത്തിൽ സഹകരണമേഖലയിലും മറ്റുള്ള മേഖലകളിലുംന്യായമായ നിര ക്കിൽ താമസസൗകര്യമൊരുക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യണം.

ജില്ലയിൽ ഭവന നിർമ്മാണ പദ്ധതികൾ വളരെ വിജയകരമായാണ് നടപ്പിലാക്കുന്നതെങ്കിലും സാങ്കേതികമായിചില ബുദ്ധിമുട്ടുകൾ നിലവിൽ നേരിടേ ിവരുന്നു ്. പദ്ധതി പ്രകാരം ഗുണഭോക്താവിന് നേരിട്ടാണ് സാമ്പത്തിക സഹായം നൽകുന്നത്.എന്നാൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ പലരും പല കാരണങ്ങളാൽ ഭവന നിർമ്മാണം പാതിവഴിയിലുപേക്ഷിക്കുന്നതായി കാണുന്നു. എസ്.ടി. കോളനികളിലേക്കുള്ള വാഹനസൗകര്യക്കുറവും നിർമ്മാണ സാമഗ്രികൾഎത്തിക്കാനുള്ള ബുദ്ധിമുട്ടുകളും ഇതിനു കാരണമാണ്. കൂടാതെ ഏറ്റവും താഴെത്തട്ടിലുള്ള ഗുണഭോക്താക്കൾക്ക് സ്വന്തമായി നിർമ്മാണം ഏറ്റെടുത്തു നടത്തുവാൻ കഴിവില്ലാത്തതിനാൽപുറമെ നിന്നുള്ള ആളുകളെ നിർമ്മാണ ചുമതല

ഏൽപ്പിക്കാറു ്. ഇതു നിർമ്മാണം പാതി വഴിയിലുപേക്ഷിക്കുവാൻ കാരണമാകുന്നു. ഇവരുടെ സാമ്പത്തിക പിന്നാക്കാവസ്ഥയും സാങ്കേതികമായ അറിവില്ലായ്മയും സാമൂഹ്യമായ ഒറ്റപ്പെടലും നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും വിലവർദ്ധനവും ഭവന പൂർത്തീകരണത്തിന് തടസ്സമാകാറു ്.

4.12.7.പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ പ്രശ്നങ്ങൾ

ജില്ലയിലെ 18% ജനങ്ങൾ ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണ്. പ്രാക്തന ഗോത്രവർഗ്ഗക്കാരായ ഇവ രിൽ പല വിഭാഗവും ഇന്നും അതീവ ശോചനീയാവസ്ഥയിലാണ്. ഇവരുടെ ഉന്നമനത്തിനായി കാലാ കാലങ്ങളായി പല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയെങ്കിലും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ചില വിഭാഗങ്ങളുടെ ജീവിതരീതിയും, ലഹരി വസ്തുക്കളുടെ ഉപയോഗവും ഇവരെ പിന്നാക്കാവസ്ഥ യിൽ തന്നെ നിലനിർത്തി. സ്വന്തമായി സമ്പാദ്യമൊന്നുമില്ലാത്ത ഇവർക്ക് വീട് നിർമ്മിച്ചുനൽകുന്നതി നുള്ള പദ്ധതികളും വെല്ലുവിളികൾ നേരിടുന്നവയാണ്. നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനു ള്ള റോഡുകളുടെ അപര്യാപ്തത, വനാന്തർഭാഗത്ത് എത്തിച്ചേരാനുള്ള ബുദ്ധിമുട്ട്, സ്വന്തമായി റേഷൻകാർഡ്, ഭൂമി എന്നിവ ഇല്ലായ്മ, അലസമായ ജീവിത ശൈലി, ജീവിച്ച ജീവിത സാഹചര്യങ്ങ ളിൽ നിന്ന് വിട്ട് പോകുവാനുള്ള താല്പര്യകുറവ് എന്നിവ ഇവരുടെ പുരോഗതിയെ പിന്നാക്കാവസ്ഥ യിലേക്ക് നയിക്കുന്ന പ്രധാനപ്പെട്ട വസ്തുതകളാണ്.

4.12.8.2. മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വയനാട് ജില്ലയിൽ വീടില്ലാത്ത 7252 കുടുംബങ്ങളും വീടും സ്ഥലവും ഇല്ലാത്ത 7853 കുടുംബങ്ങളും ഉ ്. ഇത്രയും കുടുബങ്ങൾക്ക് അടുത്ത 5 വർഷം കൊ ് സ്ഥലം വാങ്ങി വീട് നിർമ്മിച്ചു നൽകുന്നതിനാവശ്യമായ ഫ ് ലഭ്യമാക്കുക.
2. ഇതര സംസ്ഥാന തൊഴിലാളികളുടെ പുനരധിവാസത്തിന് സൗകര്യമേർപ്പെടുത്തുന്നതിന്പദ്ധതികൾ ആവിഷ്കരിക്കുക.
3. ഗൃഹ നിർമ്മാണത്തിന് ആധുനിക രീതികൾ അവലംബിക്കുക
4. ട്രൈബൽ മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികളുടെ ഘടനയും, പ്രവർത്തന ക്ഷമ തയും മെച്ചപ്പെടുത്തുക.
5. ലേബർ കോൺട്രക്ട് സൊസൈറ്റികൾക്ക് ആവശ്യമായ ഫ ് ലഭ്യമാക്കുകയും പ്രവർത്തന മേഖല വിപുലപ്പെടുത്തുകയും ചെയ്യുക.

4.12.8.3.കീഴ്ത്തട്ട് നിർദ്ദേശം

1. ജില്ലയിൽ വിവിധ കാലങ്ങളിലായി പൂർത്തീകരിക്കാത്ത 9452 വീടുകളു ്. ഈ വീടുകൾ പഞ്ചായത്തിന്റെ സഹകരണത്തോടെ 2022–ൽ പൂർത്തീകരിക്കുക.
2. ജീർണാവസ്ഥയിലുള്ളതും,വാസയോഗ്യമല്ലാത്തതുമായ 16430 വീടുകളുടെ പൂനർ നിർമ്മാണം 2022–ഓടെ പൂർത്തിയാക്കുക.

3. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയെങ്കിലും ഇനിയും ഒറ്റപ്പെട്ട വീടുകളിൽ പലകാരണത്താൽ വൈദ്യുതി ലഭിച്ചിട്ടില്ല. ഈ വീടുകളുടെ വൈദ്യുതീകരണം പൂർത്തീകരിക്കുക
4. ആദിവാസി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവും യഥാർത്ഥ കരാറുകാരനും തമ്മിൽ എഗ്രി മെന്റ് വെക്കുകയും ഊരുകൂട്ട കമ്മിറ്റി മോണിറ്ററിംഗ് നടത്തുകയും ചെയ്യുക.
5. എല്ലാ വീടുകളിലും ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പ് വരുത്തുക
6. എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ഉറപ്പ് വരുത്തുക
7. നാടോടികൾക്കും ഇതര സംസ്ഥാന തൊഴിലാളികൾക്കും സുരക്ഷിതമായി കഴിയുവാനുള്ള സംവിധാനം എർപ്പെടുത്തുക

4.12.8.4.സംയോജന സാധ്യതകൾ

1. എസ്.സി., എസ്.റ്റി, പഞ്ചായത്ത്, കെ.എസ്.ഇ.ബി.,വാട്ടർഅതോറിറ്റി, മൈനോരിറ്റിവെൽഫ യർ തുടങ്ങിയ വകുപ്പുകളുടെയും, സന്നദ്ധ പ്രവർത്തകർ, വ്യവസായികൾ, മറ്റ് സംഘടന കൾ എന്നിവരുടെയും സഹകരണത്തോടെ, വീടുകൾ നിർമ്മിച്ചു നൽകുവാനുള്ള പദ്ധ തികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

4.12.8.സംഗ്രഹം.

4.12.8.1.വികസന പരിപ്രേക്ഷ്യവും നിർദ്ദേശങ്ങളും.

വികസന പ്രക്യതിയുടെ ഏറ്റവും പ്രധാന ഘടകമായ മനുഷ്യ വിഭവശേഷിയേയും പ്രക്യതി വിഭവങ്ങളേയും സംയോജിപ്പിച്ച് കുടുതൽ തൊഴിലവസരം സ്യഷ്ടിച്ച് ജനങ്ങളുടെ ജീവിത നിലവാരവും തദ്വാരാ സമ്പദ് ഘടനയും ശക്തിപ്പെടുത്തുക. 2022 വർഷത്തോടെവീടില്ലാത്തവർക്ക് വീട്, സ്ഥലമില്ലാത്തവർക്ക് സ്ഥലം, വീടും ജിർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പുനർനിർമ്മാണം, അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം മെച്ചപ്പെട്ട ആരോഗ്യ–ശുചിത്വമാലിന്യ സംസ്കരണ സംവിധാനങ്ങൾ, കുടിവെള്ളം ലഭ്യമാക്കൽയുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനവുംസെറ്റിൽമെന്റുംമഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കുടുതൽ കാര്യക്ഷമമാക്കൽ തുടങ്ങിയവയാണ് ദാരിദ്ര്യ ലഘൂകരണ–പാർപ്പിട–സേവന രംഗത്ത് ജില്ലാ പഞ്ചായത്തിന്റെ ദീർഘകാലപരിപ്രേക്ഷ്യം. വീട് നിർമ്മാണത്തിന് നിലവിലുള്ള യൂണിറ്റ് കോസ്റ്റ് അപര്യപ്തമായതുകൊ ് പണിപൂർത്തീകരിക്കുവാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു ്. യുണിറ്റ് കോസ്റ്റ് ഉയർത്തേ തു ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പട്ടിക വർഗ്ഗക്കാരെ പരമാവധി ഉൾപ്പെടുത്തി പ്രവർത്തനം. കുടുതൽ കാര്യക്ഷമമാക്കണം. ജില്ലയിൽ നാമവശേഷമായികൊ ിരിക്കുന്ന നെൽകൃഷി എം.ജി.എൻ.ആർ.ഇ.ജി.എയിൽ ഉൾപ്പെടുത്തണം. കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കുന്ന ദാരിദ്ര്യ ലഘൂകരണ പദ്ധതികൾകുടുതൽ കാര്യക്ഷമവും സൂതാര്യവുമാക്കണം. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തണം. എല്ലാ ഗ്രാമ സഭാംഗങ്ങൾക്കുംപദ്ധതി രൂപീകരണം നിർവ്വഹണം സംബന്ധിച്ച ബോധവൽക്കരണം അനിവാര്യമാണ്.

*****

വിദ്യാഭ്യാസം

4.13 ആമുഖം

വയനാട് ജില്ലയിൽ വിദ്യാഭ്യാസ രംഗത്ത് സമഗ്ര പുരോഗതി കൈവരിക്കുന്നതിന് ലക്ഷ്യം വെച്ചു കൊ ് നൂതനമായ നിരവധി പ്രവർത്തനങ്ങൾ സമയബന്ധിതമായി സംഘടിപ്പിക്കുന്നതി നുള്ള കർമ്മ പരിപാടികളാണ് ഈ വിദ്യാഭ്യാസ പദ്ധതിയിലൂടെ ഇവിടെ അവതരിപ്പിക്കുന്നത്. വയനാടിന്റെ നിലവിലുള്ള അവസ്ഥ വിശേഷങ്ങളെ സമൂലം വിലയിരുത്തി മാറുന്ന കാലത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാനാവും വിധം മാനവവിഭവശേഷി വികസിപ്പിക്കുന്നതിനുള്ള പ്രവർത്ത നങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. പൊതു വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് അനുബന്ധമാകും വിധം ഓരോ മേഖലകളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൂട്ടായ്മയിൽ ജില്ലയിലെ വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള മാനവ വിഭവവികസനത്തിന് കളമൊരുക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

കേരളത്തിലെ ഒരു ഹൈറേഞ്ച് ജില്ലയായ വയനാടിന് അതിന്റേതായ ചില തനതു സവിശേ ഷതകളു ്. ഗോത്ര ജനത ഏറ്റവുമധികം അധിവസിക്കുന്ന കേരളത്തിലെ ജില്ലകളിലൊന്നാണ് വയനാട്. വയനാടൻ ജനതയുടെ പ്രധാനവരുമാനമാർഗം കൃഷിയാണ്. വിവിധ ദേശ സംസ്കൃതി യുടെ കുടിയേറ്റം നടന്ന നാടാണിത്. വനവും വന്യജീവികളും ഏറെയുള്ള ജില്ലകളിൽ ഒന്നാണ് വയനാട്. ഗോത്ര ജനതയിൽ തന്നെ പ്രാക്തനഗോത്ര വിഭാഗങ്ങളേറെയും അധിവസിക്കുന്ന നാടാണ് വയനാട്. സാമൂഹ്യമായും സാമ്പത്തികമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ല കൂടിയാണിത്. ഇതെല്ലാം ജില്ലയുടെ വിദ്യാഭ്യാസ മേഖലയുടെ വളർച്ചയെ പലവിധത്തിലും സ്വാധീ നിച്ചിട്ടു ്. ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞുകൊ ാണ് ജില്ലയുടെ വിദ്യാഭ്യാസ മേഖലയിൽ ഗണപരമായും ഗുണപരമായും അനുകൂലമാറ്റങ്ങൾ സൃഷ്ടിക്കാനുതകുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതി അവതരിപ്പിക്കുന്നത്.

ജില്ല ഇന്ന് അഭിമുഖീകരിക്കുന്ന ചില സുപ്രധാന പ്രശ്നങ്ങൾ തിരിച്ചറിയുമ്പോൾ മാത്രമേ ഈ പദ്ധതി പ്രവർത്തനങ്ങളുടെ പ്രസക്തി തിരിച്ചറിയാനാവുകയുള്ളൂ. ഗോത്ര ജനതയുടെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ സമ്പൂർണ വിദ്യാലയപ്ര വേശനത്തെയും നിലനിർത്തലിനേയും പ്രതികൂലമായി ബാധിക്കുന്നു ്. ജനകീയ കൂട്ടായ്മ ശക്തിപ്പെടുത്തി സമ്പൂർണ വിദ്യാലയപ്രവേശനത്തിൽ ലക്ഷ്യങ്ങളോട് ഒത്തൊരുമിച്ച് നേട്ടങ്ങൾ കൈവരിക്കാനാകുന്നുെ ങ്കിലും കൊഴിഞ്ഞുപോക്ക് ഒരു വലിയ പ്രശ്നമായി അവശേഷിക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽതന്നെ പണിയ പോലുള്ള വിഭാഗങ്ങളിലാണ് ഏറ്റവും കൂടുതൽ കൊഴി ഞ്ഞുപോക്ക് നിലനിൽക്കുന്നത്. എന്നാൽ ഇതുപോലെ ഗൗരവമുള്ള മറ്റൊരു പ്രശ്നമാണ് കുട്ടിക ളുടെ കൃത്യമായ ഹാജരില്ലാത്ത അവസ്ഥ.

വിദ്യാലയങ്ങൾ വിദ്യാർത്ഥികൾക്ക് ആകർഷകമാകുന്ന സാഹചര്യത്തിൽ മാത്രമേ വിദ്യാലയ ങ്ങളിൽ കുട്ടികളുടെ കൃത്യമായ ഹാജർ നില ഉറപ്പുവരുത്താനാവുകയുള്ളൂ. വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളും അക്കാദമിക് പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതോടൊപ്പം അദ്ധ്യാപക സമൂഹത്തിൽ ഗുണാത്മക മനോഭാവം സൃഷ്ടിച്ചും വേണം ഈ ദൗത്യം ലക്ഷ്യ സാക്ഷാത്കരണം നടത്തേ ത്. അതിനായി സവിശേഷമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേ തുമു ്.

കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ സൗകര്യങ്ങളുള്ള ജില്ലയാണ് വയനാട്. ഉന്നത വിദ്യാഭ്യാസ രംഗത്താകട്ടെ സൗകര്യങ്ങൾ തുലോം പരിമിതമാണ്. അതുകൊ ് തന്നെ ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന കുട്ടികളിൽ ഗണ്യമായ വിഭാഗം അന്യ സംസ്ഥാനങ്ങളെയും അന്യജില്ലകയെും ആശ്രയിക്കേ ിവരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ മോഹം അതുകൊ ു തന്നെ ഇരുളടഞ്ഞതുമാകു ന്നു. പ്രൊഫഷണൽ കോഴ്സ് സാധ്യതകളും ജില്ലയിൽ വളരെ കുറവാണ്. ഇതൊക്കെ പരിഹരി ക്കാതെ ജില്ലയ്ക്ക് വിദ്യാഭ്യാസ മേഖലയിൽ ഗണ്യമായ നേട്ടങ്ങൾ കൈവരിക്കാനാവില്ല.

വനവും വന്യജീവികളും കുട്ടികളുടെ സ്ക്കൂൾ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്ന ഒട്ടനവധി പ്രദേശങ്ങൾ ജില്ലയിലു ്. നിരന്തരമായി വന്യജീവികളുടെ ആക്രമണം ഭയന്ന് വനപാതകളിലൂടെ കാൽനടയായി സ്ക്കൂളിലെത്താൻ കഴിയാതെ കുട്ടികൾ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേ ുന്ന സ്ഥിതിയും ജില്ലയിൽ ഉ ്. കുട്ടികൾക്ക് കാൽനട ദൂരത്തെങ്കിലും വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെടേ തു ്. കൂടുതൽ ട്രൈബൽ റസിഡൻഷ്യൽ സ്ക്കൂളുകളും പട്ടികവർഗ്ഗ ഹോസ്റ്റലുകളുമെല്ലാം സ്ഥാപിക്കണമെന്ന ആവശ്യമുയരുന്നതും ഇത്തരം സാഹചര്യങ്ങളിൽ നിന്നാണ്.

വയനാട് ജില്ലയിലെ എല്ലാ പൊതു വിദ്യാലയങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക എന്നത് ഈ നാടിന്റെ ആവശ്യമാണ്. ഈ കാർഷിക ജില്ലയുടെ പരിമിതമായി വിഭവ ലഭ്യതയിൽ ഇത് എളുപ്പമല്ല, എന്നാൽ അതിനുള്ള ജനകീയ കൂട്ടായ്മകൾ രൂപപ്പെടുത്താൻ ഇവിടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടു ്.

ഭൗതിക സൗകര്യവികസനം ഏറ്റവും അനിവാര്യമായതുതന്നെ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെട്ടതുകൊ ് മാത്രം വിദ്യാഭ്യാസ ലക്ഷ്യങ്ങൾ സാധ്യമാവില്ലല്ലോ. അതുകൊ ് തന്നെ ഗുണമേന്മ വർദ്ധനവിന് കൂടുതൽ പ്രാധാന്യം നൽകിക്കൊ ുള്ള വൈവിധ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഈ പദ്ധതി ഊന്നൽ നൽകിയിട്ടു ്.

അക്കാദമിക് മികവുകളോടൊപ്പം ഉത്തമ പൗരന്മാരെയും സൃഷ്ടിക്കുന്നതിന് ലക്ഷ്യം വെച്ചുള്ള പ്രവർത്തന പരിപാടികളാണ് ജില്ല അവതരിപ്പിക്കുന്നത്. കലാ– സാംസ്കാരിക മേഖലയുടെ വികാസം, കായിക പോഷണം, വ്യക്തിത്വ വികസനം, ശാസ്ത്ര സാങ്കേതിക രംഗത്ത് നൂതന കഴ ത്തലുകൾക്ക് സഹായകമാകുന്ന പരിപോഷണ പരിപാടികൾ, ഭിന്നശേഷി വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ,പട്ടിക ജാതി– പട്ടിക വർഗ്ഗ മേഖലയിലെ യഥാർത്ഥ്യങ്ങൾ കൃത്യമായി പഠനവിധേയമാക്കിയുള്ള വിദ്യാഭ്യാസ വികസന പരിപാടികൾ, വിവിധങ്ങളായ ശേഷികളും, നൈപുണികളും, വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങി മാനവ വിഭവശേഷി വികസനത്തിനായുള്ള ദീർഘ വീക്ഷണ പ്രവർത്തനങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

വരും നാളുകൾ പ്രതീക്ഷയുടേതാണ്. സർക്കാരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ജനങ്ങളും കൂട്ടായ്മ ഒരുക്കി പൊതു വിദ്യാലയങ്ങളുടെ മുഖച്ഛായ മാറ്റുന്ന യജ്ഞത്തിന്റെ കാലം. കാലത്തിന്റെ മാറ്റങ്ങൾക്കൊപ്പം വിദ്യാഭ്യാസ മേഖലയിൽ ഉന്നത നേട്ടങ്ങൾ കൈവരിക്കാൻ വയനാടിനും സാധിക്കുമെന്ന യഥാർത്ഥ്യമാക്കാനാവുന്ന പ്രതീക്ഷയാണ് വയനാടിന്റെ ഈ സമഗ്ര വിദ്യാഭ്യാസ പദ്ധതി.

4.13.1. നിലവിലുള്ള അവസ്ഥ

വയനാട് ജില്ലയിൽ 4 ബ്ലോക്കുകൾ 23 ഗ്രാമ പഞ്ചായത്തുകൾ 3 മുനിസിപ്പാലിറ്റികൾ ഒരു വിദ്യാഭ്യാസ ജില്ല, മൂന്ന് വിദ്യാഭ്യാസ ഉപജില്ലകൾ എന്നിവ ഉൾക്കൊള്ളുന്നു. ഇന്ത്യയിലെ ആദ്യത്തെ ഡയറ്റ് സ്ഥാപിതമായ ജില്ലകൂടിയാണിത്.

ജില്ലയിലെ പൊതു വിദ്യാലയങ്ങൾ ആകർഷകമാക്കുന്നതിന് നടത്തിയ ശ്രമങ്ങൾ ഗുണഫലങ്ങൾ സൃഷ്ടിച്ചിട്ടു ്. ഗോത്ര വിഭാഗം കുട്ടികൾക്ക് പ്രഭാതഭക്ഷണം വിതരണം ചെയ്യുന്ന മാതൃകാപരമായ പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നു വരുന്നു. ഡ്രോപൗട്ട് ഫ്രീ വയനാട് എന്ന ലക്ഷ്യത്തോടെ കുട്ടികൾ കൊഴിഞ്ഞ് പോകുന്നത് തടയുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

ഗുണമേന്മാ വർദ്ധനവ് ലക്ഷ്യമാക്കി വയനാട് ജില്ലാ പഞ്ചായത്ത് ശ്രദ്ധേയമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തിന്റെ വിദ്യാഭ്യാസ പദ്ധതികളിലൂടെ നടത്തി വരുന്നു. ഗോത്ര വിഭാഗം വിദ്യാർത്ഥികളുടെ ശേഷീ വികസനത്തിനായി വിവിധങ്ങളായ പരിപാടികളിലൂടെ ട്രൈബൽ വിദ്യാഭ്യാസ പദ്ധതിയും നടന്നു വരുന്നു. പിന്തുണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേ തു ്.

4.13.2.അവസ്ഥാ വിശകലനം

4.13.2.1. പ്രീ–പ്രൈമറി വിദ്യാഭ്യാസം

ജില്ലയിൽ 814 അംഗൺവാടികളും 127 പ്രൈമറി സ്ക്കൂളുകളുമു ്.

4.13.2.1.1. പ്രശ്നങ്ങൾ:

- 814 അംഗൺവാടികളിൽ 690 എണ്ണത്തിന് സ്വന്തമായി കെട്ടിടമു ്.
- 115 അംഗൺവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.
- 96 അംഗൺവാടികൾക്ക് സ്വന്തമായി സ്ഥലം പോലും ഇല്ല.
- 369 അംഗൺവാടികൾക്ക് കളിസ്ഥലമില്ല.
- 377 അംഗൺവാടികൾക്ക് സ്വന്തമായി ശുദ്ധജല ലഭ്യതയില്ല.
- 692 അംഗൺവാടികൾക്ക് ശിശുസൗഹൃദ ടോയിലറ്റുകൾ ഇല്ല.
- 716 അംഗൺവാടികൾക്ക് ശിശുസൗഹൃദ ഫർണിച്ചറുകളും ഇല്ല.

പട്ടിക4.13.1
വിദ്യാലയങ്ങൾ

സർക്കാർ മേഖലയിലെ പ്രൈമറി സ്ക്കൂളുകൾ	111
എയ്ഡഡ് പ്രൈമറി സ്ക്കൂളുകൾ	88
അൺ എയ്ഡഡ് പ്രൈമറി സ്ക്കൂളുകൾ	16
അനംഗീകൃത അൺ എയ്ഡഡ് പ്രൈമറി സ്ക്കൂളുകൾ	19
ഏകാദ്ധ്യാപക വിദ്യാലയങ്ങൾ	37
ഗവ. ഹൈസ്ക്കൂളുകൾ	60
എയ്ഡഡ് ഹൈസ്ക്കൂളുകൾ	23
അംഗീകൃത അൺ എയ്ഡഡ് ഹൈസ്ക്കൂളുകൾ	5
അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്ക്കൂളുകൾ	0
ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ	7
എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ	2
ഗവ. ഹയർ സെക്കന്ററി സ്ക്കൂളുകൾ	33
എയ്ഡഡ് ഹയർ സെക്കന്ററി സ്ക്കൂളുകൾ	19
അംഗീകൃത ഹയർ സെക്കന്ററി സ്ക്കൂളുകൾ	5
അനംഗീകൃത അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്ക്കൂളുകൾ	0
കേന്ദ്രീയ വിദ്യാലയം	1
സി.ബി.എസ്.ഇ വിദ്യാലയങ്ങൾ	21
ഐ.സി.എസ്.ഇ വിദ്യാലയങ്ങൾ	3
നവോദയ വിദ്യാലയം	1
ടെക്നിക്കൽ സ്ക്കൂളുകൾ	2
ഗവ. ആർട്സ് ആന്റ് സയൻസ് കോളേജുകൾ	2
എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ	4
അൺ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ	11
ഗവ. ഐ.ടി.ഐ.	2
പോളിടെക്നിക്ക് കോളേജുകൾ	3
ഗവ. എഞ്ചിനിയറിംഗ് കോളേജ്	1
ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്	1
ഡയറ്റ്	1
മെഡിക്കൽ കോളേജ(സ്വകാര്യമേഖല)	1
ഗവ. വെറ്ററിനറി കോളേജ്	1

വെറ്ററിനറി സർവ്വകലാശാല	1
ബി.എഡ് കോളേജുകൾ	6
ടിടിഐ ഇൻസ്റ്റിറ്റ്യൂട്ടുകൾ	7
പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം അമ്പലവയൽ	1
ഡോ.എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗ ഷൻ	1
ഐ.ടി.ഐ (പ്രൈവറ്റ്)	4
എൽ.ബി.എസ്. സെന്റർ	1
ഗവ. നേഴ്സിംഗ് സ്ക്കൂളുകൾ	1
സ്വകാര്യ നേഴ്സിംഗ് കോളേജുകൾ	2
സർവ്വകലാശാല സെന്ററുകൾ	1

അവലംബം. ഡിഡിഇ വയനാട്

പട്ടിക.4.13.2

വിദ്യാലയ പ്രവേശനം നേടിയ പട്ടികജാതി വിദ്യാർത്ഥികൾ(2016–17)

ക്ലാസ്	ഗവൺമെന്റ്			എയ്ഡഡ്			അൺ എയ്ഡഡ്			ആകെ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	718	711	1429	587	515	1102	16	12	28	1321	1238	2559
II	748	706	1454	589	530	1119	25	16	41	1362	1252	2614
III	673	673	1346	628	562	1190	17	16	33	1318	1251	2569
IV	708	674	1382	600	565	1165	11	25	36	1319	1264	2583
V	764	759	1523	676	619	1295	13	9	22	1453	1387	2840
VI	781	713	1494	617	612	1229	5	9	14	1403	1334	2737
VII	884	825	1709	675	651	1326	3	5	8	1562	1481	3043
VIII	1200	1101	2301	318	320	647	2	3	5	1520	1433	2953
IX	1293	1247	2540	368	379	747	5	4	9	1666	1630	3296
x	949	970	1919	276	286	562	5	5	10	1230	1261	2491
ആകെ	8718	8379	17097	5334	5048	10382	102	104	206	14154	13531	27685

അവലംബം. ഡിഡിഇ വയനാട്

പട്ടിക.4.13.3

വിദ്യാലയ പ്രവേശനം നേടിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ(2016–17)

ക്ലാസ്	ഗവൺമെന്റ്			എയ്ഡഡ്			അൺ എയ്ഡഡ്			ആകെ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	93	105	198	99	95	194	19	24	43	211	224	435
II	104	101	205	95	116	211	20	22	42	219	239	458
III	103	102	205	117	118	235	16	16	32	236	236	472
IV	128	87	215	116	117	233	12	9	21	256	213	469
V	132	126	258	140	121	261	10	7	17	282	254	536
VI	152	130	282	117	139	256	11	11	22	280	280	560
VII	140	120	260	159	138	297	11	6	17	310	264	574
VIII	181	156	337	106	120	226	3	2	5	290	278	568
IX	250	183	433	118	98	216	6	6	12	374	287	661
x	248	188	436	115	137	252	3	3	6	366	328	694
ആകെ	1531	1298	2829	1182	1199	2381	111	106	217	2824	2603	5427

അവലംബം. ഡിഡിഇ വയനാട്

പട്ടിക 4.13.4

വിദ്യാലയ പ്രവേശനം നേടിയ വിദ്യാർത്ഥികൾ (2016–17)

ക്ലാസ്	ഗവൺമെന്റ്			എയ്ഡഡ്			അൺ എയ്ഡഡ്			ആകെ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	2196	2125	4321	2095	2131	4226	456	473	929	4747	4729	9476
II	2235	2246	4481	2235	2192	4427	471	450	921	4941	4888	9829
III	2152	2169	4321	2313	2235	4548	458	429	887	4923	4833	9756
IV	2407	2202	4609	2369	2288	4657	429	411	840	5205	4901	10106
V	2578	2298	4876	2791	2659	5450	321	302	623	5690	5259	10949
VI	2591	2395	4989	2729	2678	5407	266	310	576	5586	5383	10969
VII	2808	2606	5414	2921	2764	5685	312	285	597	6041	5655	11696
VIII	3727	3384	7111	2250	2505	4755	223	204	427	6200	6093	12293
IX	4109	3686	7788	2417	2526	4943	206	209	415	6725	6421	13146
x	3925	3581	7506	2361	2522	4883	199	187	386	6485	6290	12775
ആകെ	28721	26692	55413	24481	24500	48981	3341	3260	6601	56543	54452	110995

അവലംബം. ഡിഡിഇ വയനാട്

2016–17 വർഷത്തെ അപേക്ഷിച്ച് പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം 2017–18 ൽ വർദ്ധിച്ചിട്ടു ്. 2016–17 വർഷത്തെ കുട്ടികളുടെ എണ്ണത്തേക്കാൾ 1009 കുട്ടികൾ കുറവാണ് 2017–18 വർഷത്തിൽ ജില്ലയിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം. ജനസംഖ്യയിൽ 17 ശതമാനത്തോളമാണ് പട്ടിക വർഗ്ഗ വിദ്യാർത്ഥികളെങ്കിൽ ജില്ലയിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ 25 ശതമാനത്തോളം പട്ടിക വർഗ്ഗ വിദ്യാർത്ഥികളാണ്. ഇത് പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാലയ പ്രവേശനത്തിന്റെ ഗുണത്മക മുന്നേറ്റ സൂചകമാണ്. പട്ടികജാതി വിഭാഗത്തിലെ കുട്ടികളും ഏകദേശം കൃത്യമായതോതിൽ വിദ്യാലയ പ്രവേശനം തേടുന്നു ്. എല്ലാ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും ഹൈസ്ക്കൂളുകളും ഹയർ സെക്കന്ററി സ്ക്കൂളുകളും പൊതു വിദ്യാലയങ്ങളായു ്. എല്ലാ പ്രദേശത്തും കുട്ടികൾക്ക് നടന്നെത്താനാവും വിധമുള്ള ദൂരത്ത് ഇപ്പോഴും വിദ്യാലയങ്ങൾ സ്ഥാപിതമായിട്ടില്ല. യാത്രപ്രശ്നം, വന്യമൃഗശല്യം ഇവയൊക്കെ കുട്ടികളുടെ തുടർച്ചയായ ഹാജർ നിലയെ പ്രതികൂലമായി ബാധിക്കുന്നു ്. കൊഴിഞ്ഞുപോക്ക് ഇന്നും നിലനിൽക്കുന്ന ഒരു രൂക്ഷ പ്രശ്നമാണ്. മറ്റ് വിഭാഗങ്ങളിലെ കൊഴിഞ്ഞുപോക്ക് തുലോം കുറവാണ്

പട്ടിക.4.13.5

കൊഴിഞ്ഞുപോക്ക്

വർഷം	കൊഴിഞ്ഞു പോയ കുട്ടികളുടെ ആകെ എണ്ണം	കൊഴിഞ്ഞു പോയ പട്ടിക വർഗ്ഗ കുട്ടികളുടെ ആകെ എണ്ണം
2013---14	1771	1368
2014-15	1456	1166
2015-16	1379	1163
2016-17	1290	1031

അവലംബം : ഡി.ഡി.ഇ .വയനാട് (സ്റ്റാറ്റിസ്റ്റിക്സ്)

4.13.2.1.2.കാരണങ്ങൾ

1. കോളനികളിലെയും വീടുകളിലെയും സാഹചര്യങ്ങൾ.
2. സാമൂഹ്യ സാമ്പത്തിക പിന്നോക്കവസ്ഥ.
3. വിദ്യാലയം ഗോത്രവിഭാഗം കുട്ടികൾക്ക് ആകർഷമാകുന്നില്ല.
4. വിദ്യാലയങ്ങളിൽ ഗോത്ര വിഭാഗം കുട്ടികൾക്ക് അംഗീകാരവും പരിഗണനയും ലഭിക്കാത്ത സാഹചര്യം.
5. ഭാഷാ പ്രശ്നം.
6. ബാലവേലയ്ക്ക് നിയോഗിക്കപ്പെടുന്ന സാഹചര്യം.
7. യാത്ര സൗകര്യത്തിന്റെ അപര്യാപ്തത
8. വീടുകളിൽ പഠനസാഹചര്യമില്ലാത്ത അവസ്ഥ
9. ഗോത്ര ജനതയുടെ ജീവിതവും പാഠഭാഗവും തമ്മിലുള്ള ബന്ധം ഇല്ലായ്മ.
10. പരിഹാര ബോധനത്തിന്റെ കുറവ്.
11. വിദ്യാലയങ്ങളിൽ ഗോത്രവിഭാഗം വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന ഒറ്റപ്പെടലുകൾ.
12. അദ്ധ്യാപകരുടെ സമീപനം
13. വിദ്യാർത്ഥികളെയും, കുടുംബസാഹചര്യങ്ങളെയും സംബന്ധിച്ചുള്ള ധാരണക്കുറവ്.
14. രക്ഷിതാക്കളുടെ താൽപര്യക്കുറവ്.
15. ഉയർന്ന ജീവിതലക്ഷ്യം രൂപപ്പെടാത്ത അവസ്ഥ.
16. ദാരിദ്ര്യം
17. പഠന പിന്നോക്കാവസ്ഥ.

4.13.2.2..കൊഴിഞ്ഞുപോക്ക് തടയാനുള്ള മാർഗ്ഗങ്ങൾ

1. ഗോത്രവിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാലയങ്ങളിൽ അംഗീകാരവും പരിഗണനയും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
2. നിരന്തരമുള്ള ഗൃഹസന്ദർശനം.
3. രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണം
4. യാത്രസൗകര്യം ഏർപ്പെടുത്തുക.
5. ഗോത്ര വിഭാഗം വിദ്യാർത്ഥികൾക്ക് പഠനസഹായമൊരുക്കാൻ പഠന വീടുകൾ സ്ഥാപിക്കുക.
6. പരിഹാരബോധന പ്രവർത്തനങ്ങൾ കൃത്യമായി സംഘടിപ്പിക്കുക.
7. ട്രൈബൽ പ്രൊമോട്ടർ ആനിമേറ്റർ, എഡ്യുക്കേഷൻ വളന്റിയർമാർ, ആശാവർക്കർമാർ, മെന്റർ ടീച്ചർമാർ തുടങ്ങിയവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
8. കോളനികളിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന സൗകര്യം ഒരുക്കുക.
9. കുട്ടികളെ തൊഴിലിടങ്ങളിൽ കൊ ുപോയി പണിയെടുപ്പിക്കുന്നത് കർശനമായി തടയുക.
10. വ്യക്തിത്വ വികസന പരിപാടികൾ സംഘടിപ്പിക്കുക
11. കുട്ടികളുടെ നേതൃഗുണം വളർത്തിയെടുക്കാനുള്ള അവസരങ്ങൾ ഒരുക്കുക.
12. ഗോത്രവിഭാഗം വിദ്യാർത്ഥികൾക്ക് കലാ–കായിക പരിശീലനം നൽകുക.

13. ദാരിദ്ര്യ ലഘൂകരണത്തിന് പരിപാടികൾ നടപ്പിലാക്കുക.
14. പഠനോപകരണങ്ങൾ, യൂണിഫോം, യുണിഫോം അല്ലാത്ത വസ്ത്രങ്ങൾ വിതരണം ചെയ്യുന്നു.
15. മികച്ച ആരോഗ്യ ശീലങ്ങൾ വളർത്തുന്നതിന് സഹായം നൽകുക.
16. കോളനികളെ ലഹരി വിമുക്തമാക്കുക.
17. ഗോത്ര ജീവിതം ഉള്ളടക്കമാകുന്ന പാഠഭാഗങ്ങൾഉൾപ്പെടുത്തുക.
18. അദ്ധ്യാപകരുടെ സമീപനത്തിൽ മാറ്റങ്ങൾ വരുത്തുന്നതിന് കൃത്യമായ ഗോത്ര ജീവിതം ഉള്ളടക്കമാകുന്ന പാഠഭാഗങ്ങൾപരിശീലനം നൽകുക.
19. ഗോത്ര വിഭാഗം വിദ്യാർത്ഥികളുടെ കലാ-കായിക അവതരണത്തിന് ഗോത്രഫെസ്റ്റ് പോലുള്ള പരിപാടികൾ സംഘടിപ്പിക്കുക.
20. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും കൃത്യമായ ഇടപെടലുകൾ നടത്തുക.
21. ഗോത്ര വിഭാഗം വിദ്യാർത്ഥികളുടെ ഹാജർനില കൃത്യമായാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പുവരുത്തുക.
22. ഗോത്രമേഖലയിലെ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകുകയും വീർഗ്രൂപ്പ് പഠന സൗകര്യം ഒരുക്കുകയും ചെയ്യുക.
23. കൂടുതൽ റസിഡൻഷ്യൽ സ്ക്കൂളുകൾ ആരംഭിക്കുക.
24. കൂടുതൽ ട്രൈബൽ ഹോസ്റ്റലുകൾ സ്ഥാപിക്കുക.
25. കൃത്യമായ മോണിറ്ററിംഗും, നിരന്തരമായ വിദ്യാലയസന്ദർശനവും പ്രതിമാസ വിലയിരുത്തലുകളും നടത്തുക.
26. ട്രൈബൽ വിദ്യാർത്ഥികൾക്ക് ശാസ്ത്രമേളകളിലും സ്ക്കൂൾ കലോത്സവങ്ങളിലും പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനവും സഹായവും നൽകുക.
27. പഠനം ഹൃദ്യമാക്കുന്നതിന് വിദഗ്ദരെ ഉപയോഗിച്ച് അവധി ദിവസങ്ങളിലും അധികസമയങ്ങളിലുംപ്രത്യേക ക്ലാസുകൾ ഒരുക്കുക.
28. കൊഴിഞ്ഞുപോക്കിന് സാധ്യതയുള്ള കുട്ടികളെ കണ്ടെത്തി അദ്ധ്യാപകൻ, രക്ഷിതാക്കൾ, വീർഗ്രൂപ്പ്, സന്നദ്ധ സംഘടനകൾ വായനശാലകൾ ലൈബ്രറികൾ ക്ലബുകൾ തുടങ്ങിയവയ്ക്ക് കത്തു നൽകുക.
29. പ്രാദേശിക കൂട്ടങ്ങൾ (രക്ഷിതാക്കളുടെ കൂട്ടായ്മകൾ) സംഘടിപ്പിക്കുക.
30. ക്ലാസ് മുറികളിൽ ഉള്ളടക്ക വിനിമയം എല്ലാ കുട്ടികൾക്കും കൃത്യമായി ആർജിതമാകുന്നുവെന്ന് ഉറപ്പുവരുത്തുക.
31. ദൃശ്യശ്രവ്യസങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി പാഠഭാഗവിനിമയം നടത്തുക.
32. പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സഹായകമാകുന്ന പഠനമെറ്റീരിയലുകൾ തയ്യാറാക്കി വിതരണം ചെയ്യുക.
33. സ്ക്കൂൾ പാർലമെന്റിൽ ട്രൈബൽ വിദ്യാർത്ഥികൾക്ക് സ്ഥാനങ്ങൾ സംവരണം ചെയ്തു നൽകി അവരെ കൂടുതൽ സജീവമാക്കുക.
34. കുട്ടികളുടെ സർഗശേഷി വികസനത്തിന് പരമാവധി അവസരങ്ങൾ സൃഷ്ടിക്കുക.
35. എല്ലാ കുട്ടികളുടെയും ആരോഗ്യം സാമ്പത്തികം, കുടുംബ വിവരങ്ങൾ കൃത്യമായി അദ്ധ്യാപകർ മനസ്സിലാക്കുക.

36. പഠനപിന്നോക്കവാസ്ഥ യഥാസമയം പരിഹരിക്കുന്നതിന് സഹായം നൽകുക.
37. മോട്ടിവേഷൻ ക്ലാസ്സുകൾ നൽക്കുക.
38. ഗോത്രമേഖലയിലെ വിദ്യാസമ്പന്നരുടെ കൂട്ടായ്മയിൽ സഹായങ്ങൾ നൽകുക.
39. പ്രഭാതഭക്ഷണം കാര്യക്ഷമമാക്കുക.
40. പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകുക.

4.13.2.3.പട്ടികജാതി, പട്ടികവർഗ്ഗ മേഖലയിലെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ

1. രക്ഷിതാക്കളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ
2. ദാരിദ്ര്യം.
3. സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ.
4. കുട്ടികൾക്ക് നടപ്പു ദൂരത്തിൽ വിദ്യാലയങ്ങളില്ലാത്ത അവസ്ഥ.
5. പട്ടിക ജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുകൂടി ആകർഷകമാകും വിധം വിദ്യാർത്ഥി സൗഹൃദമല്ലാത്ത വിദ്യാലയങ്ങൾ.
6. കുട്ടികളെ സാമ്പത്തിക വരുമാനത്തിനായി തൊഴിലിടങ്ങളിലേക്കയക്കുന്ന അവസ്ഥ.
7. കുട്ടികൾക്ക് അംഗീകാരവും പരിഗണനയും ലഭിക്കുന്നില്ല എന്ന സാഹചര്യം.
8. ലിങ്ക് ലാംഗ്വേജിന്റെ അഭാവം.
9. മദ്യം, ലഹരി, വസ്തുക്കൾക്കടിമപ്പെടുന്ന രക്ഷിതാക്കളും കുട്ടികളും.
10. ട്രൈബൽ പ്രോമോട്ടർ, ആനിമേറ്റർ, ആശാവർക്കർമാർ, വിദ്യാ വള ിയർമാർ തുടങ്ങിയ വിവിധ വള ിയർമാരുടെ സേവനം കാര്യക്ഷമമല്ലാത്ത അവസ്ഥ.
11. കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ യഥാസമയം കെ ത്തി പരിഹാരം കാണാത്തസാഹചര്യം.
12. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം.

4.13.3. കല–സംസ്കാരം– അവസ്ഥ

- ജില്ലയിൽ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത 189 ലൈബ്രറികളാണുള്ളത്.
- 3 ഫിലീം സൊസൈറ്റികളാണി ജില്ലയിൽ ഉള്ളത്.
- 432 ആർട്സ് & സ്പോർട്ട്സ് ക്ലബുകളാണ് ജില്ലയിലുള്ളത്.
- 400 മീറ്റർ ട്രാക്ക് സൗകര്യം ഉളള ഒരു ഗ്രൗ ് മാത്രമാണ് നിലവിൽ ഉള്ളത്.
- 200 മീറ്റർ ട്രാക്ക് സൗകര്യം ഉള്ള 18 കളിസ്ഥലങ്ങൾ ജില്ലയിൽ ഉ ്.
- ഒരു നീന്തൽ കുളം മാത്രമാണ് അക്വാറ്റിക് പരിശീലനത്തിന് അനുയോജ്യമായ വിധംജില്ലയിലുള്ളത്.
- ഗോത്രമേഖലയിൽ കലാകായികമേഖലയിൽ ഏറ്റവും പ്രാവിണ്യമുള്ള നിരവധി യുവജനങ്ങൾഉെ ങ്കിലും അവരുടെ ശേഷി വികസനത്തിന് ജില്ലയിൽ കാര്യമായ സൗകര്യങ്ങളൊന്നുമില്ല.
- ഗദ്ദികപോലുളള ട്രൈബൽ കലകളുടെ ജന്മനാടായിട്ടും ട്രൈബൽ കലാവികസനത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടില്ല.

- പ്രാദേശികമായി നിരവധി നാടൻപാട്ട്, നാടൻകലാവതരണ സംഘമുകെങ്കിലും അവർക്ക് ശാസ്ത്രീയ പരിശീലനം നൽകാൻ ജില്ലയിൽ സൗകര്യമുണ്ടായിട്ടില്ല.
- വിവിധ ഗെയിമുകളുടെ പരിശീലനത്തിന് ജില്ലയിൽ സൗകര്യമില്ല.
- അഡ്വഞ്ചർ സ്പോർട്ട്സ് പരിശീലനത്തിന് ഏറെ സാധ്യതയുകെങ്കിലും അതിന് സൗകര്യമില്ല.
- ജില്ലയിലെ സാംസ്കാരിക സ്ഥാപനങ്ങളിൽ ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള ഗ്രന്ഥശാലകൾ ഒഴികെയുള്ളവയുടെ കാര്യത്തിൽ ഫലപ്രദമായ ഏകോപനമില്ല.
- ക്ലാസിക്കൽ കലകളുടെ പരിശീലനത്തിന് ജില്ലയിൽ സൗകര്യങ്ങൾ വളരെ പരിമിതമാണ്.
- യുവജനങ്ങൾക്കിടയിൽ മദ്യം, മയക്കുമരുന്നുപയോഗം വർദ്ധിച്ചുവരുന്നു.

4.13.4.ഭൗതിക സൗകര്യങ്ങൾ –അവസ്ഥാ വിശകലനം

4.13.4.1.കെട്ടിടം

സർക്കാർ മേഖലയിലെ 111 പ്രൈമറി വിദ്യാലയങ്ങളിൽ ഭൂരിഭാഗം വിദ്യാലയങ്ങളിലും കുട്ടികൾക്ക് പഠനസൗകര്യത്തിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ ഉണ്ട്. എന്നാൽ ലൈബ്രറി റീഡിംഗ് റൂം, ലാബ് കമ്പ്യൂട്ടർ ലാബ്, സ്റ്റോർ റൂം, സ്പോർട്ട്സ് റൂം, ഡൈനിംഗ് ഹാൾ എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ 75% വിദ്യാലയങ്ങൾക്കും യഥാവിധം ഒരുങ്ങിയിട്ടില്ല.

എയ്ഡഡ് വിദ്യാലയങ്ങളിൽ 88 എണ്ണത്തിൽ 25% വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.60 ഗവ. ഹൈസ്ക്കൂളുകളിൽ 80% വിദ്യാലയങ്ങൾക്കും ക്ലാസ് മുറി കെട്ടിട സൗകര്യങ്ങൾ ലഭ്യമാണ്. എന്നാൽ ലാബ്, ലൈബ്രറി, റീഡിംഗ്റൂം, സ്പോർട്ട്സ് റൂം, കമ്പ്യൂട്ടർ ലാബ്, എന്നിങ്ങനെയുള്ള പ്രത്യേകസൗകര്യങ്ങൾക്കാവശ്യമായ കെട്ടിടങ്ങൾ ഭൂരിഭാഗം വിദ്യാലയങ്ങൾക്കും വേണ്ടത്രയില്ല.

23 എയ്ഡഡ് വിദ്യാലയങ്ങളിൽ ക്ലാസ് മുറി കെട്ടിട സൗകര്യങ്ങൾ ഭൂരിഭാഗത്തിനും ഉകെങ്കിലും ലാബ് ലൈബ്രറി പോലുള്ള പ്രത്യേക സൗകര്യങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ 50% വിദ്യാലയങ്ങൾക്ക് മാത്രമേ ആവശ്യത്തിന് ലഭ്യമായിട്ടുള്ളൂ.

33 ഗവ. ഹയർ സെക്കന്ററി സ്ക്കൂളുകളിൽ ഭൂരിഭാഗം വിദ്യാലയങ്ങളിലും ക്ലാസ് മുറിക്കപ്പുറം മറ്റ് സൗകര്യങ്ങൾ വേണ്ടത്ര ഇനിയും ഒരുങ്ങിയിട്ടില്ല.19 എയ്ഡഡ് ഹയർ സെക്കന്ററി വിദ്യാലയങ്ങളിലും ക്ലാസ് മുറികൾക്കപ്പുറമുള്ള സൗകര്യങ്ങൾ ഇനിയും ഒരുങ്ങേണ്ടതുണ്ട്.

4.13.4.2.വൈദ്യുതി

ജില്ലയിലെ 2 സ്ക്കൂൾ ഒഴികെ എല്ലായിടത്തും വൈദ്യുതി സൗകര്യം ലഭ്യമായിട്ടുണ്ട്. (എ.എൽ.പി. എസ്. വാളാട്, ജി.എൽ.പി.എസ്. ചെട്ടിയാലത്തൂർ) കൂടാതെ നിലhnÂവിദ്യാലയങ്ങളിൽ പുതിയതായി നിർമ്മിക്കപെട്ട കെട്ടിടങ്ങളിൽ വൈദ്യുതികരണം നടന്നിട്ടില്ല, അതുകൊണ്ട് തന്നെ 25 ശതമാനത്തിലധികം സ്കൂളുകളിൽ ഭാഗീകമായിട്ടുള്ള വൈദ്യുതികരണം മാത്രമേ നിലവിലുള്ളൂ .

4.13.4.3.സ്ക്കൂൾ ഉച്ചഭക്ഷണം

ജില്ലയിലെ ഗവ/എയ്ഡഡ് സ്ക്കൂളുകളിലെ 1 മുതൽ 8 –ാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകുന്നു ്. ജില്ലയിലെ മൂന്ന് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരമാണ് സ്ക്കൂളുകൾക്ക് ഉച്ചഭക്ഷണയിനത്തിൽ ചെലവായ തുകകൾ അനുവദിക്കുന്നത്. 2017–18 വർഷത്തിൽ ജില്ലയിൽ 14,32,94,709/– രൂ](അരി,പാചകകൂലി,മറ്റ് ചിലവുകൾ) ചെലവഴിച്ചിട്ടു ്.

4.13.4.4.സ്മാർട്ട് ക്ലാസ് റൂമുകൾ

സർക്കാറിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തോടനുബന്ധിച്ച് വയനാട് ജില്ലയിലെ 155 (ഗവൺമെന്റ്/എയ്ഡഡ്) സ്ക്കൂളിൽ കിഫ്ബി മുഖാന്തിരം 1355 ക്ലാസ് മുറികൾ ഹൈടെക്ക് ആക്കി മാറ്റുന്നു ് ഇതിൽ തന്നെ 1143 ക്ലാസ് മുറികൾ ഇതിനകം പൂർത്തിയായിട്ടു ്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക.4.13.6
സ്മാർട്ട് ക്ലാസ് റൂമുകൾ

ആകെ ക്ലാസ്സ്മുറികളുടെ എണ്ണം				പൂർത്തിയായക്ലാസ്സ് മുറികളുടെ എണ്ണം		
വിഭാഗം	ഗവ	എയ്ഡട്	ആകെ	ഗവ	എയ്ഡട്	ആകെ
ഹൈ സ്കൂളുകളുടെ എണ്ണം	62	27	89			
ക്ലാസ്സ് മുറികളുടെ എണ്ണം	611	364	975	496	309	805
ഹയർസെക്കൻഡറി സ്കൂളുകളുടെ എണ്ണം	36	20	56			0
ക്ലാസ്സ് മുറികളുടെ എണ്ണം	208	120	328	179	118	297
വെകേഷൻ ഹയർസെക്കൻഡറി സ്കൂളുകളുടെ എണ്ണം	8	2	10			0
ക്ലാസ്സ് മുറികളുടെ എണ്ണം	42	10	52	31	10	41
ആകെ ക്ലാസ്സ്മുറികളുടെ എണ്ണം	**861**	**494**	**1355**	**706**	**437**	**1143**

അവലംബം: കൈറ്റ് വയനാട്

4.13.4.5.ചുറ്റുമതിൽ

ജില്ലയിലെ പല സ്ക്കൂളുകളിലും സംരക്ഷണമതിൽ നിലവിലില്ല, ഉള്ളതിൽ തന്നെ പലതും ഭാഗികമാണ്. ആയത് ഫലപ്രദമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേ താ ണ്.ചുറ്റുമതിലുകളില്ലാത്ത hnദ്യാലയങ്ങളുടെ സുരക്ഷിതത്വത്തെ ഏറെ പ്രതികൂലമായിബാധിച്ചിട്ടുണ്ട്

4.13.4.6.യൂണിഫോം

ജില്ലയിലെ 1 മുതൽ 8 വരെയുള്ള ഗവൺമെന്റ് സ്ക്കൂളിലെ കുട്ടികൾക്ക് യൂണിഫോമുകൾസൗജന്യമായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം വിതരണം ചെയ്യുന്നുണ്ട്.കൂടാതെജില്ലയിലെ 1 മുതൽ 7 വരെയുള്ള ഗവൺമെന്റ് സ്ക്കൂളിലെ കുട്ടികൾക്ക് കൈത്തറിയൂണിഫോമുകൾസൗജന്യ മായി മുഖാന്തിരം വിതരണം ചെയ്യുന്നുണ്ട്.

4.13.4.7.അടുക്കള &ഡൈനിംഗ് റൂം

കൃത്യമായ സൗകര്യങ്ങളോടെയുള്ള സ്റ്റോർ, അടുക്കള ഡൈനിംഗ് റൂം സൗകര്യം ജില്ലയിലെ 90 ശതമാനം വിദ്യാലയങ്ങളിലും ഒരുങ്ങിയിട്ടില്ല. ഏറ്റവും പരിമിതമായ സൗകര്യങ്ങളുള്ള ഒരു അടുക്കളയാണ് എല്ലാ വിദ്യാലയങ്ങളിലുമുള്ളത്.

4.13.4.8.ഓഡിറ്റോറിയം

ജില്ലയിലെ 90%ത്തിൽ അധികം വിദ്യാലയങ്ങൾക്കും സൗകര്യപ്രദമായ ഒഡിറ്റോറിയം ഇല്ല. കുട്ടികളെ ഒന്നിച്ചിരുത്താൻപറ്റുന്ന ഹാളുകളില്ല എന്നത് വലിയൊരു പരിമിതിയാണ്.

4.13.4.9.കുടിവെള്ള സൗകര്യം

ജില്ലയിലെ 75% വിദ്യാലയങ്ങളിലും കുടിവെള്ളത്തിനായുള്ള കിണർ സൗകര്യം ലഭ്യമാണെങ്കിലും വേനലിൽ രൂക്ഷമായ ജലക്ഷാമം നേരിടുന്നതിനാൽ കുടിവെള്ള പ്രശ്നം വിദ്യാലയങ്ങൾ നേരിടുന്ന വലിയൊരു പ്രശ്നമാണ്.

4.13.4.10 ഫർണീച്ചർ

കുട്ടികൾക്ക് ഇരുന്നു പഠിക്കാനാവശ്യമായ ഫർണീച്ചറുകൾ 75% വിദ്യാലയങ്ങൾക്കും ലഭ്യമാണ്. എന്നാൽ ഒരു ബെഞ്ചിൽ ഇരിക്കുന്ന കുട്ടികളുടെ എണ്ണം ക്രമീകരിച്ചാൽ ഇനിയുമേറെ ഫർണീച്ചറുകൾ വിദ്യാലയങ്ങൾക്ക് വേ തു ്. മാറിയ ക്ലാസ്മുറികൾക്കനുഗുണമായ ഫർണീച്ചറുകൾ ഒരു വിദ്യാലയത്തിലുമില്ല എന്നത് വലിയ ഒരു പരിമിതിയാണ്.ക്ലാസ് മുറി ക്രമീകരണം മാറിയ ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് വ്യക്തിഗത മേശകളും, കസേരകളും എന്ന രീതിയിലേക്ക് മാറേ തു ്. ഓഫീസ് ലൈബ്രറി, ലാബ്, റീഡിംഗ് റൂം, സ്റ്റോർ റൂം, സ്പോർട്സ് ആവശ്യത്തിന് വേ ത്ര ഫർണീച്ചറുകൾ ഒരു വിദ്യാലയത്തിലും ലഭ്യമല്ല.

4.13.4.11.ടോയിലറ്റുകൾ:

ഇനിയും ആവശ്യത്തിന് ടോയിലറ്റുകളും അവയിലേക്ക് മുടക്കം കൂടാതെയുള്ള ജലവിതരണവും വിദ്യാലയങ്ങളിൽ ഒരുങ്ങിയിട്ടില്ല. ഗേൾസ് ഫ്ര ്ലി ടോയിലറ്റുകൾ ആവശ്യമായതിന്റെ 40%പോലും വിദ്യാലയങ്ങളിൽ സജ്ജമായിട്ടില്ല. ഭിന്നശേഷിക്കാർക്കുള്ള അഡാപ്റ്റഡ് ടോയിലറ്റുകൾ 90% വിദ്യാലയങ്ങളിലും ലഭ്യമല്ല.ഭൂരിഭാഗം വിദ്യാലയങ്ങളിലും ആൺകുട്ടികളുടെ യൂറിനലുകളും, ടോയിലറ്റുകളും ആവശ്യത്തിന് ലഭ്യമല്ല. ടോയ്ലറ്റുകളിൽ നിലവിലുള്ളവയുടെ നവീകരണവും ശുചിത്വം നിലനിർത്തലും ആവശ്യം വേ ുന്നതാണ്. പ്രൈമറി വൽക്കരിക്കേ തു ്. കൃത്യമായി അടച്ചുറപ്പുള്ള വാതിലുകൾ പോലുമില്ലാത്ത ടോയിലറ്റുകൾ ജില്ലയിൽ ധാരാളമു ്.

4.13.4.12.കളിസ്ഥലം:

ജില്ലയിലെ ഭൂരിഭാഗവും വിദ്യാലയങ്ങൾക്കും ആവശ്യമായ കളിസ്ഥലംഇല്ല എന്നത് വലിയ പരിമിതിയാണ്.400 മീറ്റർ ട്രാക്ക് സൗകര്യമുള്ള ഒരു വിദ്യാലയവും 200 മീറ്റർ ട്രാക്ക്സൗകര്യമുള്ള 18 വിദ്യാലയങ്ങളുമാണുള്ളത്. കളി ഉപകരണങ്ങളും മിക്ക വിദ്യാലയങ്ങൾക്കും സ്വന്തമായി ഇല്ല. ജില്ലയിൽ ആധുനിക സൗകര്യമുള്ള വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാവുന്ന ഒരു പൊതു സ്റ്റേഡിയം പോലുമില്ല.അന്താരാഷ്ട്ര നിലവാരമുള്ള ഒരു ക്രിക്കറ്റ് സ്റ്റേഡിയം ജില്ലയിലുെ ന്നത് അഭിമാനാർഹമായ സംഗതിയുമാണ്.

4.13.4.13.ലാബ്, ലൈബ്രറി സൗകര്യങ്ങൾ

എല്ലാ വിദ്യാലയങ്ങളിലും പരിമിതമായ സൗകര്യങ്ങളോടുകൂടിയ ലാബ് ലൈബ്രറി സൗകര്യങ്ങൾ ഇന്നു ്. ലൈബ്രറി , റീഡിംഗ് റൂം പ്രത്യേക സൗകര്യമില്ലാത്ത വളരെയധികം വിദ്യാലയങ്ങളു ്. ഗണിതലാബ്, സാമൂഹ്യ ശാസ്ത്ര ലാബ്, ഇവ ജില്ലയിലെ ഒരൊറ്റ വിദ്യാലയങ്ങളിലും ഇല്ല.

4.13.4.14.സ്ക്കൂൾ ബസ്:

ജില്ലയിലെ ഗവ. സ്ക്കൂളുകൾക്ക് 90% ത്തിനും സ്ക്കൂൾ വാഹനങ്ങൾ ഇല്ല. എസ്.എസ്.എൽ.സി /ഹയർസെക്കണ്ടറി വിജയശതമാന അവലോകനം

പട്ടിക 4.13.7

എസ് .എസ്.എൽ.സിഹയർസെക്കണ്ടറി

വർഷം	വിജയ ശതമാനം	വർഷം	വിജയ ശതമാനം
201011	64.69%	201213	81.92%
201112	74.41%	201314	82.09%
201213	74.98%	201415	85.84%
201314	76.92%	201516	84.13%
201516	92%	201617	85.35%
201617	89.65%		

അവലംബം : ഡി.ഡി.ഇ .വയനാട് , കൈറ്റ് വയനാട്

ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ വളരെയധികം പരിമിതികൾ അനുഭവപ്പെടുന്ന ജില്ലയാണ് വയനാട്.ജില്ലയിൽ 2 ഗവൺമെന്റ് ആർട്സ് &സയൻസ് കോളേജുകൾ 4എയ്ഡഡ് കോളേജുകൾ 11 അൺഎയ്ഡഡ് കോളേജുകൾ എന്നിവയാണ് ഉള്ളത്.

ജില്ലയിലെ 2 ഗവൺമെന്റ് കോളേജുകളിൽ മാനന്തവാടി ഗവ:കോളേജിൽ മാത്രമാണ് ശാസ്ത്രവിഷയങ്ങളിൽ പോസ്റ്റ് ഗ്രാജൂവേഷൻ കോഴ്സുകൾ നിലവിലുള്ളത്. കല്പറ്റയിൽ സ്ഥിതിചെയ്യുന്ന എൻ.എം.എസ്.എം. കോളേജിലാകട്ടെ ശാസ്ത്രവിഷയങ്ങളിൽ ഗ്രാജുവേഷനോ പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സോ പഠിക്കുന്നതിന് ഇന്ന് സാഹചര്യമില്ല.എറ്റവും സാധ്യതയുള്ള കോഴ്സുകളാകട്ടെ പലതും അൺ എയ്ഡഡ് സെൽഫ് ഫിനാൻസിങ് കോളേജുകളിലാണ് പരിശീലിപ്പിക്കപ്പെടുന്നത്.ഈ സാഹചര്യങ്ങളിൽ മാറ്റമു ാകേ തു ്. ഗവൺമെന്റ് എയിഡഡ് കോളേജുകളിൽ കൂടുതൽ സൗകര്യങ്ങളോടുകൂടിയ പുതിയ കോഴ്സുകൾ ഗ്രാജുവേഷൻ,പോസ്റ്റ് ഗ്രാജുവേഷൻ തലങ്ങളിൽ അനുവദിച്ചുകിട്ടേ തു ്.

അമ്പലവയൽ അഗ്രിക്കൾച്ചറൽ റിസർച്ച് സെന്റർ, കേരള അഗ്രികൾച്ചറൽ ആന്റ് വെറ്ററിനറി യൂണിവേഴ്സിറ്റി,പൂക്കോട് എന്നിവിടങ്ങളിലാണ് നിലവിൽ ഗവേഷണ സൗകര്യങ്ങൾ ഉള്ളത്. സുൽത്താൻ ബത്തേരിക്കടുത്ത ചെതലയത്തും മുട്ടിലിലും കാലിക്കറ്റ്സർവകലാശാലയുടെ സ്റ്റഡിസെൻറുകളും,മാനന്തവാടിയിൽ തോണിച്ചാലിൽ കണ്ണൂർ സർവകലാശാലയുടേതുമായി മൂന്നുസർവകലാശാല സെൻറുകളാണ് ജില്ലയിൽ നിലവിലുള്ളത്. കേന്ദ്രസർവകലാശാലയുടെ ഒരുകേന്ദ്രം പനമരം, മേപ്പാടിപഞ്ചായത്തുകളിൽ ഒന്നിൽ സ്ഥാപിക്കേണ്ടതുണ്ട്.

കണ്ണൂർ യൂണിവേഴ്സിറ്റിക്കും കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കും കീഴിലാണ് വയനാട് ജില്ലയിലെ ആർട്സ് ആന്റ് സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നത്. ജില്ലയിൽ കേരള വെറ്ററിനറി സർവകലാശാല പൂക്കോട് പ്രവർത്തിക്കുന്നു ്. അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തോടു ചേർന്ന് അഗ്രികൾച്ചറൽ റിസർച്ച് സെന്ററിന്റെ നേതൃത്വത്തിൽ പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകളും ഗവേഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. ജില്ലയിലെ ഏറ്റവും പ്രധാന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമാണ് ഗവ: എഞ്ചിനിയറിംഗ് കോളേജ്, മാനന്തവാടി. നിലവിൽ നിരവധി ബ്രാഞ്ചുകളിലായി ബിരുദ ബിരുദാനന്തര എഞ്ചിനിയറിംഗ് കോഴ്സുകൾ ഇവിടെ നടന്നുവരുന്നു ്.

ജില്ലയിൽ ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ ര ് പ്രമുഖ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. മാനന്തവാടിയിൽ പ്രവർത്തിക്കുന്ന പി.കെ. കാളൻ സ്മാരക കോളേജ് ഓഫ് അപ്ലൈഡ് സയൻസും, ഐ.എച്ച്.ആർ.ഡി കോളേജ്, മീനങ്ങാടിയും.സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ട മൂന്ന് പോളിടെക്നിക് കോളേജുകളും ജില്ലയിലു ്.

1.ഗവ: പോളിടെക്നിക് കോളേജ്, മീനങ്ങാടി 2.ഗവ: പോളിടെക്നിക് കോളേജ്, മേപ്പാടി 3. ഗവ: പോളിടെക്നിക് കോളേജ്, ദ്വാരക,മാനന്തവാടി.
കൃഷ്ണമോഹൻ മെമ്മോറിയൽ ഗവ: ഐ.ടി.ഐ. കല്പറ്റയിൽ സ്ഥിതിചെയ്യുന്നു.

ജില്ലയുടെ അക്കാദമിക് ആവശ്യങ്ങൾ നിറവേറ്റാൻ ഈ സ്ഥാപനങ്ങൾമാത്രം മതിയാവുന്നില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

വയനാട് ജില്ലയിൽ സ്വകാര്യ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന മറ്റൊരു പ്രധാന സ്ഥാപനമാണ് വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (വിംസ് വയനാട്). ഇവിടെ എം.ബി.ബി.എസ്,നേഴ്സിങ്ങ്കോഴ്സുകൾ നിലവിലു ്.

2 ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ സെക്ക റി, ഹയർ സെക്ക റി തലം വരെയുള്ള പരിശിലനം നൽകുന്ന സ്ഥാപനങ്ങളായി ജില്ലയിൽ പ്രവർത്തിക്കുന്നു. സുൽത്താൻബത്തേരിയിലുള്ള ഗവ: ടെക്നിക്ക്ൽ ഹയർ സെക്ക റി സ്ക്കൂളും നല്ലൂർനാടുള്ള ഗവ: ടെക്നിക്കൽ ഹൈസ്ക്കൂളുംജില്ലയിൽ പ്രവർത്തിക്കുന്നു ്. 4 പ്രൈവറ്റ് ഐ.ടി.ഐ.കളും ജില്ലയിൽ ഉ ്.

വയനാട്ടിൽ ഇനിയും പ്രൊഫഷണൽ കോഴ്സുകൾ ആരംഭിക്കേ തു ്. കേരള വെറ്ററിനറി സർവ്വകലാശാലയുടെ കൂടുതൽ കോഴ്സുകൾആരംഭിക്കേ തു ്. വയനാടിന്റെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥക്കു പരിഹാരമാകുംവിധം ജോലി സാധ്യത ഏറ്റവും കൂടുതലുള്ള കോഴ്സുകൾ കൊ ുവരണം. പോളിടെക്നിക്ക് കോളേജുകളും, ഐ.ടി.ഐ.കളും കരിയർ സാധ്യതകളെ പരിഗണിച്ച് നൂതന ട്രേഡുകളിലുള്ള കോഴ്സുകൾ ആരംഭിക്കണം.നിലവിലുള്ളവയുടെ നിലവാരം ഉയർത്തുകയും വേണം.

പട്ടിക.4.13.8
ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഉടമസ്ഥത
1	എൻ.എം.എസ്.എം. ഗവ: കോളേജ് കൽപ്പറ്റ	ഗവൺമെന്റ്
2	ഗവ: കോളേജ്,മാനന്തവാടി	ഗവൺമെന്റ്
3	മേരിമാതാ കോളേജ്, മാനന്തവാടി	സ്വകാര്യമേഖല എയ്ഡഡ്
4	സെന്റ് മേരിസ് കോളേജ്, സുൽത്താൻ ബത്തേരി	സ്വകാര്യമേഖല എയ്ഡഡ്
5	പഴശ്ശിരാജാ കോളേജ്, പുൽപ്പള്ളി	സ്വകാര്യമേഖല എയ്ഡഡ്
6	WMO ആർട്സ് & സയൻസ് കോളേജ്, മുട്ടിൽ	എയ്ഡഡ്& സ്വാശ്രയം
7	ഓറിയന്റൽ കോളേജ് ഓഫ് ഹോട്ടൽ മാനേജ്മെന്റ്&കൂലിനറി ആർട്സ്, ലക്കിടി	സ്വകാര്യ സ്വാശ്രയം
8	ഡോൺ ബോസ്ക്കോ കോളേജ് സുൽത്താൻബത്തേരി	സ്വകാര്യമേഖല സ്വാശ്രയം
9	ഓറിയന്റൽ സ്കൂൾ ഓഫ് ഹോട്ടൽ മാനേജ്മെന്റ്, ലക്കിടി	സ്വകാര്യമേഖല സ്വാശ്രയം
10	ഇമാം ഗസാലി ആർട്സ് & സയൻസ് കോളേജ്,കൂളിവയൽ, പനമരം	സ്വകാര്യമേഖല സ്വാശ്രയം
11	സി.എം. കോളേജ്, നടവയൽ	സ്വകാര്യമേഖല സ്വാശ്രയം
12	എസ.എൻ.ഡി.പി.യോഗം കോളേജ്, പുൽപ്പള്ളി	സ്വകാര്യമേഖല സ്വാശ്രയം
13	അൽഫോൺസാ കോളേജ്, ബത്തേരി	സ്വകാര്യമേഖല സ്വാശ്രയം
14	ജയശ്രീ ആർട്സ് & സയൻസ് കോളേജ്, പുൽപ്പള്ളി	സ്വകാര്യമേഖല സ്വാശ്രയം

15	എൽദോ മാർ ബസേലിയോസ് കോളേജ്, മീനങ്ങാടി	സ്വകാര്യമേഖല സ്വാശ്രയം
16	കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മീനങ്ങാടി	ഐ.എച്ച.ആർ.ഡിസ്വാശ്രയം
17	മർക്കസ് വിമൻസ് കോളേജ്, നായ്ക്കട്ടി	സ്വകാര്യമേഖല സ്വാശ്രയം
18	അഗ്രികൾച്ചറൽ റിസർച്ച് സെന്റർ, അമ്പലവയൽ	ഗവൺമെന്റ്
19	കേരള അഗ്രികൾച്ചറൽ &വെറ്ററിനറി യൂണിവേഴ്സിറ്റി, പൂക്കോട്	ഗവൺമെന്റ്
20	കാലിക്കറ്റ്യൂണിവേഴ്സിറ്റി സെന്റർ, ചെതലയം	ഗവൺമെന്റ്
21	കണ്ണൂർ യൂണിവേഴ്സിറ്റി സെന്റർ, മാനന്തവാടി	ഗവൺമെന്റ്
22	കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്റർ, മുട്ടിൽ	ഗവൺമെന്റ്
23	ഗവ: എഞ്ചിനിയറിംഗ് കോളേജ്, മാനന്തവാടി	ഗവൺമെന്റ്
24	വിംസ് മെഡിക്കൽ കോളേജ്, മേപ്പാടി, അരപ്പറ്റ.	സ്വകാര്യ മേഖല സ്വാശ്രയം
25	പി.കെ. കാളൻ സ്മാരക കോളേജ് ഓഫ് അപ്ലൈഡ് സയൻസ്	ഐ.എച്ച.ആർ.ഡി
26	ഗവ: പോളിടെക്നിക് കോളേജ്, മാനന്തവാടി	ഗവൺമെന്റ്
27	ഗവ: പോളിടെക്നിക്ക് കോളേജ്, മീനങ്ങാടി	ഗവൺമെന്റ്
28	ഗവ: പോളിടെക്നിക്ക് കോളേജ്, മേപ്പാടി	ഗവൺമെന്റ്
29	കൃഷ്ണമോഹൻ മെമ്മോറിയൽ ഗവ: ഐ.ടി.ഐ. കൽപ്പറ്റ	ഗവൺമെന്റ്
30	കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എജ്യൂക്കേഷൻ സെന്റർ, കണിയാമ്പറ്റ	ഗവ: സ്വാശ്രയം
31	കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എജ്യൂക്കേഷൻ സെന്റർ, പൂമല, ബത്തേരി	ഗവ: സ്വാശ്രയം
32	മാർ ബസേലിയോസ് കോളേജ് ഓഫ് ടിച്ചർ എജൂക്കേഷൻ സെന്റർ, ബത്തേരി	സ്വകാര്യ മേഖല സ്വാശ്രയം
33	സി.കെ.രാഘവൻ മെമ്മോറിയൽ കോളേജ് ഓഫ് ടീച്ചർ എജൂക്കേഷൻ, പുൽപ്പള്ളി	സ്വകാര്യ മേഖല സ്വാശ്രയം
34	മാർഗ്രിഗോറിയോസ് കോളേജ് ഓഫ് ടീച്ചർ എജൂക്കേഷൻ, മീനങ്ങാടി	സ്വകാര്യ മേഖല സ്വാശ്രയം
35	കണ്ണൂർ യൂണിവേഴ്സിറ്റി ടീച്ചർ എജൂക്കേഷൻ സെന്റർ, മാനന്തവാടി	ഗവ: സ്വാശ്രയം
36	ഗവ: വനിത ഐ.ടി.ഐ. നെൻമേനി	ഗവൺമെന്റ്
37	എൽഡറാഡോ പ്രൈവറ്റ് ഐ.ടി.ഐ. ദ്വാരക	സ്വകാര്യ മേഖല
38	ഐടെക് പ്രൈവറ്റ് ഐ.ടി.ഐ. ബത്തേരി	സ്വകാര്യ മേഖല
39	എംഎ പ്രൈവറ്റ് ഐ.ടി.ഐ. ബത്തേരി	സ്വകാര്യ മേഖല
40	ഡെക്കാൻ പ്രൈവറ്റ് ഐ.ടി.ഐ. കൽപ്പറ്റ	സ്വകാര്യ മേഖല

അവലംബം. ഡിഡിഇ വയനാട്

ഹയർ സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഉന്നത പഠനത്തിനായി ചേരുന്ന കുട്ടികളുടെ ശതമാനം ഏറ്റവും കുറവുള്ള ജില്ലകളിൽ ഒന്നാണ് വയനാട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വൈവിധ്യമുള്ള കോഴ്സുകളും ഏറ്റവും പരിമിതമാണ് ഈ ജില്ലയിൽ എന്നതും, കാർഷിക വൃത്തിയെ മാത്രം ആശ്രയിച്ചു കഴിയുന്ന ജനതയാണ് ഭൂരിഭാഗവും എന്നതുമാണ് ജില്ലയുടെ പിന്നോക്കാവസ്ഥയുടെ പ്രധാനകാരണം. സാമ്പത്തിക പിന്നോക്കാവസ്ഥയിൽ കഴിയുന്ന ജനങ്ങൾക്ക് ഉന്നത പഠനത്തിന് കുട്ടികളെ വിദൂരസ്ഥ പ്രദേശങ്ങളിലേക്ക് അയക്കുന്നതിനുള്ള സാഹചര്യമില്ല. ഇത് പരിഹരിക്കപ്പെടണമെങ്കിൽ ജില്ലയിലെ ഉന്നത പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. പടിഞ്ഞാറത്തറ, വെള്ളമുണ്ടഅമ്പലവയൽ, തവിഞ്ഞാൽ പഞ്ചായത്തുകളിൽ പുതിയഗവ.കോളേജുകൾ അനുവദിക്കുമ്പോൾ ഉന്നത വിദ്യാഭ്യാസരംഗത്തുണ്ടായനാടിന്നേട്ടങ്ങൾകൊയ്യാനാകും.

4.13.5. ശാരീരികവും മാനസീകവുമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസ ത്തിന് ലഭ്യമായ സൗകര്യങ്ങൾ– വിശകലനം

പട്ടിക.4.13.9

ക്രമനം	മേഖല	സബ് ജില്ല	B	G	T
1	പ്രൈമറി	ബത്തേരി	828	701	1529
		മാനന്തവാടി	592	456	1048
		വൈത്തിരി	581	468	1049
2	സെക്കണ്ടറി	വയനാട്	2001	1625	3626
	ആകെ		4002	3250	7252

അവലംബം. ഡിഡിഇ വയനാട്

ജില്ലയിൽ പൂമല, സുൽത്താൻ ബത്തേരി, ഡബ്ലൂ.എം.ഒ സ്പെഷൽ സ്കൂൽ, മുട്ടിൽ, എമ്മാനുവൽ തോണിച്ചാൽ എന്നിവിടങ്ങളിൽ പ്രത്യേക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ജില്ലയിൽ പനമരം ഗവ.എച്ച്.എസ്.എസിൽ പ്രത്യേക പരിശീലനകേന്ദ്രവും ചിലവിദ്യാലയങ്ങളിൽ റിസോഴ്സ് സെന്ററുകളും ഉ ്. പ്രത്യേക പരിശീലനം നേടിയ അധ്യാപകർ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു ്.

പട്ടിക.4.13.10
ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തലൈബ്രറികളുടെ എണ്ണം

ക്രമനം	താലൂക്ക്	എ+	എ ഗ്രേഡ്	ബി ഗ്രേഡ്	സി ഗ്രേഡ്	ഡി ഗ്രേഡ്	ഇ ഗ്രേഡ്	എഫ് ഗ്രേഡ്	ആകെ
1	വൈത്തിരി		3	11	8	17	10	7	56
2	സുൽത്താൻ ബത്തേരി		5	8	14	12	21	5	65
3	മാനന്തവാടി	1	5	7	11	9	19	16	68
	ആകെ	1	13	26	33	38	50	28	189

അവലംബം. ഡിഡിഇ വയനാട്

പട്ടിക.4.13.11
ജില്ലയിലെ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ എണ്ണം

ബ്ലോക്ക്	പഞ്ചായത്ത്	ആർട്സ്& സ്പോർട്സ് ക്ലബ്ബുകൾ	ബ്ലോക്ക്	പഞ്ചായത്ത്	ആർട്സ്& സ്പോർട്സ് ക്ലബ്ബുകൾ
കൽപ്പറ്റ	കോട്ടത്തറ	24	പനമരം	മുള്ളൻകൊല്ലി	13
	മേപ്പാടി	12		പൂതാടി	23
	മൂപ്പൈനാട്	14		പുൽപ്പള്ളി	20
	മുട്ടിൽ	35		പനമരം	16
	പടിഞ്ഞാറത്തറ	12		കണിയാമ്പറ്റ	20
	പൊഴുതന	12		ആകെ	92
	തരിയോട്	7	സു.ബത്തേരി	മീനങ്ങാടി	8
	വൈത്തിരി	17		നെൻമേനി	21
	വേങ്ങപ്പള്ളി	10		അമ്പലവയൽ	36

	ആകെ	143		നൂൽപ്പുഴ	10
മാനന്തവാടി	എടവക	15		ആകെ	75
	തവിഞ്ഞാൽ	12	നഗരസഭ	മാനന്തവാടി	22
	തിരുനെല്ലി	12		സു.ബത്തേരി	8
	തൊ ർനാട്	14		കൽപ്പറ്റ	10
	വെള്ളമു	29		ആകെ	40
	ആകെ	82			

അവലംബം. ഡിഡിഇ വയനാട്

4.13.6. വികസനവിടവുകൾ

4.13.6.1.പ്രധാന പ്രശ്നങ്ങൾ

.4.13.6.1.1 ഭൗതികസൗകര്യങ്ങളുടെഅപര്യാപ്തത

- കെട്ടിടങ്ങൾ,,
- ഓഡിറ്റോറിയം
- ലൈബ്രറി,
- മൾട്ടിമീഡിയാറൂം
- കളിസ്ഥലം,
- അസംബ്ലി ഹാൾ
- കമ്പ്യൂട്ടറുകളുംഅനുബന്ധഉപകരണങ്ങളും,
- യാത്രാസൗകര്യം,
- ടോയ്ലെറ്റുകൾ,
- സ്പോർട്സ്ഉപകരണങ്ങൾ,
- ശുചിത്വസൗകര്യങ്ങൾ ,
- വിഭവങ്ങളുടെകുറവ്
- നൂതനസാങ്കേതികഉപകരണങ്ങളുടെകുറവ്
- മാലിന്യസംസ്കരണം
- ഫർണിച്ചർ
- അധ്യാപകരുടെകുറവ്,
- അടുക്കള
- കുടിവെള്ളം,
- വിഷായാധിഷ്ഠിതലബോറട്ടറികൾ
- ഉപകരണങ്ങൾ
- സി.ഡബ്ല്യു.എസ് .എൻകുട്ടികൾക്കുള്ളഅഡാപ്റ്റഡ്ടോയ്ലറ്റ് ,റാംപ്.....
- ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുടെകുറവ്.....
- ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഗുണനിലവാരകുറവ്
- .അക്കാദമികരംഗത്തെപ്രശ്നങ്ങൾ
- ഉള്ളടക്കവിനിമയത്തിലെപോരായ്മ
- ഗുണനിലവാരകുറവ്
- അധ്യാപകർ, രക്ഷിതാക്കൾ, നാട്ടുകാർ, കുട്ടികൾതുടങ്ങിയവരുടെമനോഭാവം,
- സാങ്കേതികവിദ്യയുടെഉപയോഗക്കുറവ്,
- കുടുംബസാഹചര്യം,
- സ്കൂൾപ്രവൃത്തിദിവസത്തിൽവരുന്നകുറവ്,

- അച്ചടക്കമില്ലായ്മ
- പിഞ്ഞണാസംവിധാനത്തിന്റെകുറവ്,
- മോണിറ്ററിങ്ങിൻറെ പോരായ്മ,
- വിലയിരുത്തൽസംവിധാനത്തിന്റെപോരായ്മ
- അക്ഷരമറിയാത്തഅവസ്ഥ,
- വിരസമാകുന്നക്ലാസ്സ്മുറികൾ,
- പ്രതിഭാപോഷണക്കുറവ്,
- സർഗ്ഗശേഷിവികസനസൗകര്യത്തിന്റെകുറവ്,
- സാമൂഹ്യപങ്കാളിത്തകുറവ്,
- കലാ-കായികപോഷണത്തിന്റെകുറവ്
- കൂട്ടായ്മയിലുള്ളകുറവ്,
- അധ്യാപകപരിശീലനത്തിന്റെപോരായ്മ
- റഫറൻസ്സൗകര്യം,
- പാഠ്യ-പാഠ്യേതരപ്രവർത്തങ്ങളിലുള്ളകുറവ്.
- പരിഗണന, പ്രോത്സാഹനം
- ഭാഷാശേഷിയിലുള്ളകുറവ്,
- നൂതനമായകോഴ്സുകളുടെകുറവ്,
- അറിവ്നിർമാണപ്രവർത്തനത്തിനുള്ളഅപാകത, *
- ടെക്നിക്കൽവിദ്യാഭ്യാസത്തിന്റെപോരായ്മകൾ
- പി.ടി.എ,എം.പി.ടി.എ,എസ്.എം.സി,ഒ.എസ്.എഇടപെടലുകളുടെകുറവ്,

സാംസ്കാരിക രംഗത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും ഇടപെടൽ പരിമിതമാണ്.സാസ്കാരിക വികസനത്തിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫ ് വക യിരുത്തുന്നത് വിരളമാണ്

- ആദിവാസി കലാരൂപങ്ങളുടെ ഒരു കലവറയാണ് വയനാട്. പക്ഷെ ഈ കലാ രൂപങ്ങൾ പരിശീലിക്കുവാനും പ്രചരിപ്പിക്കാനും ഡോക്യുമെന്റ് ചെയ്യുവാനും ഉള്ള സംഘടിത ശ്രമം നടക്കുന്നില്ല.

സാസ്കാരിക കൂട്ടായ്മകളെ രജിസ്റ്റർ ചെയ്യാനും സാംസ്കാരികവും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമുള്ള ശ്രമം നടക്കുന്നില്ല . ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ ശേഷി പ്രയോജനപ്പെടുത്താനുള്ള ശ്രമംസമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിനു ശേഷം ഉ ായിട്ടില്ല. ക്ലബ്ബുകളെ ഗവൺമെന്റ് മിഷനുകളുമായി ബന്ധിപ്പിക്കുവാനും ക്ലബ്ബുകളുടെ പ്രവർത്തന മികവ് അനുസരിച്ച് അവയെ സഹായിക്കാനുള്ള പ്രവർത്തനങ്ങൾ ഉ ായിട്ടില്ല.
വിവാഹ പൂർവ്വ കൗൺസിലിംഗ് കുടുംബജീവിത പരിശീലനം, സാമ്പത്തിക സാക്ഷരത പരിപാടി, തുടങ്ങിയ സേവനങ്ങൾ യുവജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിച്ചില്ല.

- യുവജന ശാക്തീകരണത്തിനായുള്ള അനൗപചാരിക വിദ്യാഭ്യാസം , ജീവിത നൈപുണ്യ പരിശീലനങ്ങൾ , വ്യക്തിത്വ വികസന പദ്ധതികൾ, തൊഴിൽ വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശം , പി എസ് സി സൗജന്യ പരീക്ഷ പരിശീലനം, എന്നീ ചുമതലകൾ

ഏറ്റെടുക്കാൻ സർക്കാർ ഏജൻസികൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ കഴിഞ്ഞിട്ടില്ല.

4.13.7.വികസന പരിപ്രേക്ഷ്യം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏകോപിച്ചുള്ള ചില പദ്ധതി പ്രവർത്തനങ്ങൾ ജില്ല യിൽ നടന്നു വരുന്നു ്. പ്രഭാത ഭക്ഷണ വിതരണം പോലുള്ള പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ജില്ലയിൽ നടപ്പിലാക്കുന്നതിനും സാധിച്ചിട്ടു ്. സർക്കാരിന്റെ നേരിട്ടുള്ള പ്രവർത്തനങ്ങൾ എം.എ സ്.ഡി.പി പോലുള്ള മറ്റ് പദ്ധതി പ്രവർത്തനങ്ങൾ എം.എൽ.എ മാർ, എം.പി എന്നിവരുടെ നേതൃ ത്വത്തിൽ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾ, ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാ ലിറ്റി പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഏകോപിപ്പിച്ച് ഓരോ പ്രദേശത്തിന്റെയും ആവശ്യകത തിട്ടപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനാണ് പതിമൂന്നാം പദ്ധതിയിൽ ഉദ്ദേശി ക്കുന്നത്. വിഭവങ്ങളുടെ സന്തുലിതമായ വിതരണവും അസമത്വം പരമാവധി ലഘൂകരിക്കുന്നതിന് സഹായകമാകുന്ന പ്രവർത്തനങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ പ്രബ ലപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് ഇവിടെ ലക്ഷ്യം വെക്കുന്നത്. ലഭ്യമായ ഭൗതിക സൗകര്യ ങ്ങളെ പരമാവധി മെച്ചപ്പെടുത്തി കാര്യക്ഷമതയോടെ ഉപയോഗപ്പെടുത്തുന്നതിനും വിവിധ ഏജൻസികളുടെ ഏകോപനത്തിലൂടെ പ്രവർത്തനങ്ങളുടെ ആവശ്യകത കൃത്യമായി തിട്ടപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും പ്രത്യേക ഊന്നൽ നൽകുന്നതാണ്. പ്രീ പ്രൈമറി തലം മുതൽ ഹയർ സെക്ക റി തലം വരെയുള്ള വിദ്യാഭ്യാസം മെച്ചപ്പെടുത്തി പൊതു വിദ്യാല യങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി വളർത്തുക എന്നതാണ് ലക്ഷ്യം.

4.13.7.1..വികസനകാഴ്ചപ്പാട്

1. പൊതു വിദ്യാഭ്യാസ സംരക്ഷണമാണ് 13-ാം പദ്ധതിയിലെ വിദ്യാഭ്യാസ പദ്ധതിയുടെ വിക സന കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനമായി പ്രവർത്തിക്കുക.
2. കൃത്യമായ ആവശ്യകത തിട്ടപ്പെടുത്തിയശേഷമായിരിക്കും അധിക ഭൗതിക സൗകര്യ വിക സനം നടപ്പിലാക്കുന്നത്.
3. സന്തുലിത വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതി പ്രവർത്തനാസൂത്രണം.
4. അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയങ്ങളെ ഉയർത്തിക്കൊ ് വരുന്നതിന് വിദ ഗ്ധർ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കും വികസന പരിപാടികൾ നടപ്പിലാക്കുന്നത്.
5. എം.എൽഎമാർ , എം.പി, എന്നിവരുടെ പ്രാദേശിക വികസന ഫ ുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന ഫ ുകൾ, മറ്റ് ഏജൻസികൾ വഴി ലഭ്യമാകുന്ന ഫ ുകൾ, പൂർവ്വ വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ ഇവരെല്ലാം ലഭ്യമാ ക്കുന്ന ഫ ുകളെ പൂൾചെയ്ത് ആവശ്യങ്ങൾ തിട്ടപ്പെടുത്തിയ ശേഷം ഉചിതമായ മാന ദണ്ഡം പാലിച്ച് വിതരണം ചെയ്യുന്നതായിരിക്കും ഫ ് വിതരണത്തിന്സ്വീകരിക്കുന്ന കാഴ്ചപ്പാട്.

6. മാറുന്ന കാലത്തിനനുസരിച്ച് വിജ്ഞാനം വിരൽത്തുമ്പിലെത്തും വിധം ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി വിപുലീകരിച്ച് പ്രസ്തുത സൗകര്യം ഫലപ്രദമായി വിദ്യാലയത്തിൽ പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പ് വരുത്തൽ.
7. കൃഷി ഒരു സംസ്കാരമായി കാണുന്നതിനു പ്രചോദനം നൽകുന്ന പ്രവർത്തനങ്ങൾ സ്കൂൾ ക്യാംപസിലും വീടുകളിലും നടപ്പിലാക്കുന്നതിന് വിദ്യാർഥികൾക്ക് പ്രോൽസാഹനവും പ്രചോദനവും നൽകുന്നതാണ്.
8. പ്രീ സ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതും അധ്യാപകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി ശാക്തീകരിക്കുന്നതുമാണ്.
9. സ്കൂൾ ജനാധിപത്യ വേദികളെ ശാകതീകരിക്കുന്നതു വഴി കുട്ടികളിൽ ജനാധിപത്യബോധം വളർത്തുന്നതിനും നേതൃ ഗുണവും,ഭരണ പരിചയവും നൽകുന്ന സന്ദർഭങ്ങൾ സൃഷ്ടിക്കുന്നതിനും, സാമൂഹ്യ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് വിമർശന ബുദ്ധ്യാ വിലയിരുത്തി പരിഹാരങ്ങൾ തേടുന്നതിന് കാര്യപ്രാപ്തിയുള്ളവരാക്കി മാറുന്നതുമാണ്.
10. ആദിവാസി വികസനം ലക്ഷ്യമാക്കി എല്ലാ ഗോത്ര വിഭാഗം വിദ്യാർഥികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും വിദ്യാർഥികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും പ്രഥമ പരിഗണന നൽകുന്നതാണ്.
11. പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകി വിദ്യാഭ്യാസത്തിനു ശേഷം ജീവിത വൃത്തിക്ക് പ്രാപ്തരാക്കുന്ന പരിശീലന പരിപാടികൾ വിദ്യാലയത്തിൽ സംഘടിപ്പിക്കുന്നതാണ്.
12. കൊഴിഞ്ഞുപോക്ക് പൂർണ്ണമായും തടയുകയും മുൻവർഷങ്ങളിൽ കൊഴിഞ്ഞു പോയവരെ തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുകയോ തുടർ സാക്ഷരതാപരിപാടി വഴി പഠന സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്യണം.
13. പഠന പിന്നോക്കാവസ്ഥയ്ക്ക് പരിഹാരബോധന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതാണ്.
14. മാതൃഭാഷയിൽ തെറ്റു കൂടാതെ എഴുതാനും വായിക്കാനും ആശയ സംവേദനത്തിനും കുട്ടിയെ പ്രാപ്തരാക്കുന്നത്തിന് മുഖ്യ പ്രാധാന്യം നൽകുന്നതാണ്.
15. ഗവേഷണപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതാണ്.
16. എല്ലാ വിദ്യാലയങ്ങളും മാലിന്യ വിമുക്തമാക്കാൻ കർമ്മ പരിപാടികൾ തയ്യാറാക്കുന്നതാണ്. പ്ലാസ്റ്റിക് വിമുക്ത ക്യാംപസായി വിദ്യാലയങ്ങളെ മാറ്റുന്നതാണ്.മാലിന്യ സംസ്കരണ സംവിധാനങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഒരുക്കുന്നതാണ്.
17. അധ്യാപക പരിശീലനങ്ങൾ സർഗാത്മകമാക്കുന്നതാണ്. ഉള്ളടക്ക സംബന്ധിയായും വിനിമയ സംബന്ധിയായും നൂതന രീതികൾ പരിചയപ്പെടുത്തും വിധം കാര്യക്ഷമമായപരിശീലനം നൽകുന്നതാണ്.
18. എസ്.എസ്.എ, ആർ.എം.എസ്..എ പദ്ധതികളെ പൊതുപദ്ധതികളുമായി സംയോജിപ്പിച്ച് സംഘടിപ്പിക്കുന്നതാണ്.
19. എസ്.സി. ഇ.ആർ.ടി, സീമാറ്റ്, ഐ ടി @ സ്കൂൾ , എസ്.ഐ.ഇ.ടി, എസ്.എസ്.എ, ആർ.എം.എസ്.എ, ഡയറ്റ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ അക്കാദമിക് നിലവാരം ഉയർത്തുന്നതിനും ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പരസ്പര പൂരകമായി ഉപയാഗപ്പെടുത്തുണ്.

20. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സാധ്യായ ദിവസങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനു പ്രാമുഖ്യം നൽകി വിദ്യാലയ പ്രവർത്തനങ്ങൾ ക്രമീകരിച്ച് നടപ്പിൽ വരുത്തേ താണ്.
21. അധ്യാപക ഒഴിവുകൾ കൃത്യമായി നികത്തപ്പെടുന്നതിന് സംവിധാനം ഒരുക്കേ താണ്.
22. അക്കാദമിക് ക്ലബുകൾ ശാക്തീകരിക്കപ്പെടണം. അവയുടെ നേതൃത്വത്തിൽ വൈവിധ്യമുള്ള പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
23. അക്കാദമിക് പ്രവർത്തനങ്ങൾ വിലയിരുത്താൻ അക്കാദമിക് സമിതികൾ രൂപീകരിക്കണം.
24. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ജീവിത വിജയം നേടുന്നതിനു പ്രാപ്തരാക്കുക്കുന്നതിനും ദൈനംദിന ജീവിതത്തെ നേരിടുന്നതിനും പരിശീലനം നൽകണം.
25. പ്രാദേശിക പി.ടി.എകൾ, പ്രാദേശിക പഠന വീടുകൾ, അയൽക്കൂട്ട പഠന സഹായ കേന്ദ്രങ്ങൾ തുടങ്ങിയവയെല്ലാം ഒരുക്കി പൊതുവിദ്യാഭ്യാസ ശാക്തീകരണം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
26. അറിവു നിർമ്മാണത്തിനു കുട്ടികൾക്ക് പരമാവധി അവസരം നൽകും വിധം വിദ്യാലയ പ്രവർത്തനങ്ങൾ ക്രമീകരിച്ചു നടപ്പിലാക്കണം.
27. പൗരത്വ പരിശീലനത്തിന് അവസരം നൽകണം.
28. വിദ്യാലയ മികവുകൾ പൊതുസമൂഹത്തിന് അനുഭവവേദ്യമാക്കണം.
29. ഗ്രന്ഥശാലകൾ*ആർ*ട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ , സാംസ്കാരിക കൂട്ടായ്മകൾ, ഫിലിം സൊസൈറ്റികൾ എന്നിവയും സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന ഗ്രന്ഥശാല സംഘം , കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, സാഹിത്യ അക്കാദമി കേരള കലാമണ്ഡലം, കേരള ചലചിത്ര അക്കാദമി, എന്നിവയുമായുള്ള ഏകോപനം സാധ്യമാകണം. യൂത്ത് ക്ലബ്ബ ഏകോപന സമിതിയുടെ മാതൃകയിൽ ഗ്രാമ തലത്തിൽ സാംസ്കാരിക ഏകോപന സമിതി രൂപീകരിക്കുകയും വാർഷിക സാംസ്കാരിക പ്ലാൻ രൂപീകരിക്കുകയും ചെയ്യാം.
30. ഗ്രന്ഥശാലകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുകയും വിദ്യാർത്ഥികൾക്കും മൽസര പരീക്ഷ എഴുതുന്നവർക്കുമായി റഫറൻസ് സെന്ററുകൾ എല്ലാ എ ഗ്രേഡ് ലൈബ്രറികളിലും ആരംഭിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തുകയും ചെയ്യേ താണ്.
31. ഇ– വായനയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി എല്ലാ എ ഗ്രേഡ് ലൈബ്രറികളിലും ഇ– റീഡറുകളും ഇന്റർ നെറ്റ് സൗകര്യങ്ങളും ഒരുക്കേ താണ്.
32. ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒരു വാർഡിൽ ഒരു ലൈബ്രറി എന്ന നിലയിൽ ലൈബ്രറികൾ രൂപീകരിക്കും. ജില്ലയിലെ ലൈബ്രറികളുടെ എണ്ണം 500 ആക്കുകയാണ് ലക്ഷ്യം.ഒരു ഗ്രാമ പഞ്ചായത്തിൽ ര ു ലൈബ്രറികൾ എ ഗ്രേഡ് ആക്കി മാറ്റേ താണ്. മുൻസിപ്പൽ അതിർത്തിയിൽ മൂന്ന് ലൈബ്രറികൾ എ ഗ്രേഡ് ലൈബ്രറികൾ ആക്കാം.
33. ഗ്രാമത്തിനൊരു കളിസ്ഥലം എന്ന ലക്ഷ്യത്തിനായി ഗ്രാമ പഞ്ചായത്തിലും മുനിസിപ്പാലിറ്റി–യിലും പൊതു ജനങ്ങളുടെ ഉപയോഗത്തിനായി ഒരു ഗ്രൗ ങ്കിലും നിർമ്മിക്കേ താണ്.

34. സ്കൂളുകൾ കോളേജുകൾ കേരളോൽസവ വിജയികൾ എന്നിവരിൽ നിന്ന് അത്ലറ്റിക്സ്, ഗെയിംസ്, നീന്തൽ , കളരിപ്പയറ്റ്, ആർച്ചറി, എന്നിവയിൽ മികവ് തെളിയിക്കുന്നവരെ തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും പരമാവധി മൽസരങ്ങളിൽ പങ്കെടുക്കാനുള്ള സൗകര്യം നൽകുകയും ചെയ്യും.
35. അന്ധ വിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ഒരു പ്രസ്ഥാനമാക്കേ താണ്.ഇതിനായി ഗ്രന്ഥശാലകളുടേയും ആർട്സ് & സ്പോർട്സ് ക്ലബ്ബുകളുടേയും നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

4.13.8.സംഗ്രഹം

വയനാടിന്റെ വിദ്യാഭ്യാസ മേഖലയിൽ അത്ഭുതപൂർവ്വമായ വളർച്ച കൈവരിക്കുന്നതിന് ഈ സമഗ്ര വിദ്യാഭ്യാസ പദ്ധതി വഴി സാധിതമാവുകയാണ്. മലകളുടെയും വയലുകളുടെയും, ഗോത്ര സംസ്കൃതിയുടെയും നാട് മാനവ വിഭവ ശേഷി വികസനത്തിൽ ഒരു കുതിച്ചു ചാട്ടത്തിന് ഒരുങ്ങുകയാണ്. സർക്കാരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, ജനങ്ങളും, വിശാലമായ കൂട്ടായ്മ ഒരുക്കി പൊതു വിദ്യാഭ്യാസത്തിന്റെ കാവലാളാവുകയാണ്. ഉന്നത വിദ്യാഭ്യാസ സൗകര്യവികസനം സാധ്യമാക്കി ഈ പിന്നോക്ക ജില്ലയുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് പരിഹാരം തേടുകയാണ്. മാനവ വിഭവശേഷി വികസനത്തിന്റെ സർവ്വതലങ്ങളിലും ഗുണപരമായ പരിവർത്തനത്തിന് സാഹചര്യമൊരുങ്ങുന്നതോടെ വയനാടും സാമൂഹ്യ സാമ്പത്തിക മേഖലയിൽ ഏറ്റവും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്നതാണ്. ഈ നല്ലൊരു കാലത്തിലേക്കുള്ള വഴികാട്ടിയാണ് ഈ സമഗ്ര വിദ്യാഭ്യാസ പദ്ധതി.

ഓരോ മേഖലയിലെയും വികസനം ലക്ഷ്യമാക്കി കൃത്യമായി ആസൂത്രണം ചെയ്ത് സമയ ബന്ധിതമായി ഓരോ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നിർവ്വഹിക്കുക എന്ന ഗൗരവമുള്ള ഉത്തരവാദിത്വം ഇനി നമ്മൾ പൂർത്തീകരിക്കേ തു ്. അതിനാവശ്യമായ വിഭവങ്ങൾ ഒരുക്കേ തു ്. അതിനായി കർമ്മ നിരതരായ കർമ്മ ഭടന്മാരെയും അണിനിരത്തേ തു ്. ഇത് സാധ്യമാകുന്നതോടെ വയനാട് മാനവ വിഭവശേഷി വികസനത്തിൽ ലോകോത്തരം ഉയരുമെന്ന പ്രതീക്ഷയുമു ്.

ജില്ല നേരിടുന്ന ഓരോ പ്രശ്നങ്ങളെയും സൂക്ഷ്മതലത്തിൽ പഠനവിധേയമാക്കിയാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ ഈ പ്രശ്നപരിഹാരത്തിനുള്ള വഴികളാണ് ഓരോ പദ്ധതി പ്രവർത്തനങ്ങളും നമുക്കി തിരിച്ചറിയാനാകും. ഭൗതിക സൗകര്യ വികസനം യാഥാർത്ഥ്യമാകുന്നതോടെ ലോകോത്തര നിലാവരത്തിലുള്ള പഠന സാഹചര്യം സാധ്യമാകും. അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഈ സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സജ്ജമാക്കുന്നതിലൂടെ ഗുണമേന്മ വിദ്യാഭ്യാസവും ഉറപ്പാക്കാനാകും, ഗോത്രജനതയുടെ സവിശേഷമായ പ്രശ്നങ്ങളെ ഉൾക്കാഴ്ചയിലൂടെ സമീപിക്കുമ്പോൾ ഗോത്ര ജനതയുടെ മാനവവിഭവശേഷി വികസന നിലവാരം ഏറ്റവും ഉയർന്ന നിലവിലേക്കെത്തിക്കാൻ സാധിക്കും. ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെ യഥാവിധം പഠിച്ച് പരിഹാരങ്ങൾ കാണുന്നതുകൊ ുതന്നെ പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്കും സമഗ്ര പുരോഗതിക്ക് അവസരമൊരുക്കാൻ സാധിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിശേഷിച്ച് പ്രൊഫഷണൽ കോഴ്സുകളുടെ പഠനസാധ്യതകളിൽ ജില്ലയിൽ പുതിയ അവസരങ്ങളൊരുങ്ങും, കലാ സാംസ്കാരിക രംഗത്തും, കായിക രംഗത്തും പുതിയ വികസന ചക്രവാളം സൃഷ്ടിക്ക

പ്പെടും. ഈ സാധ്യതകളെയെല്ലാം ഉൾച്ചേർത്തുകൊ ് മുന്നേറുമ്പോൾ ഈ പദ്ധതി ലക്ഷ്യ ങ്ങൾ കൈവരിക്കുമെന്ന ഉറച്ച പ്രതിക്ഷയു ്. ഏത് പദ്ധതി പ്രവർത്തനങ്ങളുടെയും വിജയം ജനങ്ങളുടെ കൂട്ടായ്മയാണ്. സാമൂഹ്യ സാമ്പത്തിക മേഖലയിലടക്കം ഗുണപരമായി മാറ്റ ങ്ങൾക്ക് സാക്ഷ്യമേകുന്ന ഈ പദ്ധതി ഈ നാടിന്റെ സാംസ്കാരവും ജീവിതവും കോർത്തി ണക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളാണെന്ന് തിരിച്ചറിയാൻ നമുക്കനിസാധിക്കേ തു ്. പൊതു വിദ്യാലയങ്ങളും, പൊതു വിദ്യാഭ്യാസവും സംരക്ഷിക്കുന്ന ദൗത്യങ്ങൾക്കൊപ്പം അനു ധാവനം ചെയ്യുന്ന വിശാലമായ ഒരു ജനകീയ കൂട്ടായ്മ രൂപപ്പെടുമെന്നത് തന്നെ ഒരു നാടിന് കൈവരുന്ന ഏറ്റവും വലിയ നേട്ടമാണ്.പൊതു വിദ്യാഭ്യാസ രംഗത്ത് പുതുജീവൻ സൃഷ്ടിക്കു ന്ന, വയനാടിന്റെ സമഗ്ര പുരോഗതി സാധ്യമാകുന്ന മറ്റൊരുപദ്ധതിയാണിത്. നമുക്കിത് ഏകമ നസ്സോടെ വിജയത്തിലെത്തിക്കാം– ജനങ്ങളുടെ കൂട്ടായ്മയിൽ നമുക്ക് വിജയത്തിന്റെ പുതുച രിത്രം രചിക്കാം.

****

സംസ്കാരം, കായികം, യുവജനകാര്യം



സംസ്കാരം, കായികം, യുവജനകാര്യം

4.14. ആമുഖം

സംസ്കാരം, കായികം, യുവജന കാര്യ മേഖല അതീവ പ്രാധാന്യമുള്ളതാണ്.എന്നാൽ സർക്കാർ ഇടപെടലിനും പദ്ധതിക്കുമുപരിയായി സമൂഹത്തിന്റെ സന്നദ്ധ പ്രവർത്തനം വഴിയാണ് ഈ മേഖല കൾ വികസിക്കുന്നത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ ഗ്രാമീണ വായനശാലകളും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളും വളരെ സജീവമാണ്.സർക്കാർ ധന സഹായത്തിനുപരിയായി ഈ സംഘടനകൾ സമൂഹത്തിൽ നിന്ന് ശേഖരിക്കുന്ന പണം ഉപ യോഗിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

കേരളത്തിന്റെ സാസ്കാരിക പാരമ്പര്യം പരിപോഷിപ്പിക്കുന്നതിനും കലാ കായിക പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും വിദ്യാഭ്യാസ തൊഴിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും വളരെയേറെ പരിശ്രമിക്കുന്ന വായനശാലകൾക്കും ആർട്സ് ആന്റ് സ്പോർടസ് ക്ലബ്ബുകൾക്കും അർഹമായ പരിഗണന സർക്കാരിൽ നിന്ന് ലഭിച്ചിട്ടില്ല. .ജാതി മത രാഷ്ട്രീയ ഭേദ മന്യേ യുവജനങ്ങളെ സംഘടിപ്പിക്കുന്ന വായനശാലകൾക്കും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബു കൾക്കും പ്രാധാന്യം നൽകി സന്നദ്ധ പ്രവർത്തനവും സർക്കാർ പദ്ധതികളും ഏകോപിപ്പിക്കുന്ന ഒരു വികസന പരിപ്രേക്ഷ്യമാണ് അവതരിപ്പിക്കുന്നത്.

4.14.1. സംസ്കാരം, കായികം, യുവജന കാര്യം മേഖലയുടെ വികസന പരിപ്രേക്ഷ്യം.

മേഖലയുടെ നിലവിലുള്ള അവസ്ഥ

4.14.1.1. സാംസ്കാരിക മേഖല

സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന പ്രധാന ഏജൻസി വയനാട് ജില്ല ലൈബ്രറി കൗൺസിലാ ണ്. ലൈബ്രറി കൗൺസിലിന് കീഴിലുള്ളതും സ്വതന്ത്രമായതുമായ ലൈബ്രറികൾ,ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ ജില്ലയിലെ സാഹിത്യകാരൻമാർ,കലാകാരൻമാർ, സാമൂഹ്യ പ്രവർത്തകർ തുട ങ്ങിയവരാണ് വയനാട് ജില്ലയിലെ സംസ്കാര സംരംക്ഷണത്തിൽ പ്രധാന പങ്കു വഹിക്കുന്നത്

പട്ടിക 4.14.1.

ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത വയനാട് ജില്ലയിലെ ലൈബ്രറികൾ(എണ്ണം)

ക്രമ നമ്പർ	താലൂക്ക്	എ+	എ ഗ്രേഡ്	ബി ഗ്രേഡ്	സി ഗ്രേഡ്	ഡി ഗ്രേഡ്	ഇ ഗ്രേഡ്	എഫ് ഗ്രേഡ്	ആകെ
1	വൈത്തിരി		3	11	8	17	10	7	56
2	സുൽത്താൻ ബത്തേരി		5	8	14	12	21	5	65
3	മാനന്തവാടി	1	5	7	11	9	19	16	68
	ആകെ	1	13	26	33	38	50	28	189

അവലംബം – വയനാട് ജില്ലാ ലൈബ്രറി കൌൺസിൽ

മൂന്ന് ഫിലിം സൊസൈറ്റികളാണ് വയനാട് ജില്ലയിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. കൽപ്പറ്റ, ബത്തേരി എന്നിവടങ്ങളിലാണ് മൂന്ന് ഫിലിം സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. നല്ല സിനിമകൾ പ്രചരിപ്പിക്കുന്നതിനും ചലചിത്രാസ്വാദന ശീലം വളർത്തിയെടുക്കുന്നതിനുമുള്ള സംഘടിത ശ്രമങ്ങൾ നടക്കേ തു ്.

പുസ്തക ചർച്ച, സാംസ്കാരിക സമ്മേളനങ്ങൾ, കവിയരങ്ങുകൾ, സാഹിത്യകാരൻമാരെ കുറിച്ചുള്ള അനുസ്മരണം തുടങ്ങിയ പരിപാടികൾ വായനശാലകൾ കേന്ദ്രീകരിച്ചു നടത്തി വരുന്നു.

വായന ശാലകളും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളും സാംസ്കാരിക കൂട്ടായ്മകളും ,നാടകാവതരണം, നാടൻപാട്ട് അവതരണം, നാടക –നാടൻ കലാ ക്യാമ്പുകൾ എന്നിവയും നടത്തി വരുന്നു.

ആദിവാസി കലാ രൂപങ്ങളുടെ ഒരു കലവറ തന്നെയാണ് വയനാട്. ഇത്തരത്തിലുള്ള കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനുള്ള സംഘടിത പ്രവർത്തനങ്ങൾ നടത്തേ തു ്.

എന്നാൽ ഇപ്രകാരമുള്ള ഈ കലകൾ കെ ത്തി പരിശീലിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള ശ്രമം നടന്നിട്ടില്ല. നാടക പരിശീലനവും അവതരണവും ക്ലബ്ബുകളും വായനശാലകളും കലാകാരൻമാരും നടത്തുന്നുെ ങ്കിലും ഒരു കാലത്ത് പ്രശസ്തമായ നാട്ടു ഗദ്ദിക പോലെയുള്ള നാടകങ്ങൾ ഉടലെടുത്തവയനാടിന്റെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്.

കഥകളി ,കൂടിയാട്ടം ,ഓട്ടൻ തുള്ളൽ , ശാസ്ത്രീയ സംഗീതം തുടങ്ങിയ ക്ലാസിക്കൽ കലകൾ പ്രചരിപ്പിക്കുന്നതിനുള്ള ശ്രമം കാര്യമായിട്ടില്ല. വിദ്യാർത്ഥികൾക്കിടയിൽ സ്പിക്ക് മാക്കെ നടത്തുന്ന ചില ശ്രമങ്ങളുംസകൂൾ –കോളേജ് യുവജനോൽസവങ്ങളുമാണ്ഈ രംഗത്തുള്ള പ്രവർത്തനങ്ങൾ. വായനശാലകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഇ–വായന, ഇന്റർനെറ്റിന്റെ ഉപയോഗം, ഓൺ ലൈൻ മൽസര പരീക്ഷ, പരിശീലനം എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേ തു ്.

4.14.1.2. യുവജന ക്ഷേമ മേഖല

ര ുതലങ്ങളിലായാണ് യുവജന ക്ഷേമ പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കുന്നത്.

- കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലേബർ വകുപ്പ്, തൊഴിൽ വകുപ്പ് എന്നിവ നേരിട്ട് നടത്തുന്ന പദ്ധതികൾ
- ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ നേരിട്ടും കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, നെഹ്റു യുവ കേന്ദ്ര എന്നിവയുടെ സഹായത്തോടെയും നടപ്പിലാക്കുന്ന പദ്ധതികൾ

യുവജന ക്ഷേമ പ്രവർത്തനങ്ങൾനടപ്പിലാക്കുന്നതിൽ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾക്ക് വലിയ പങ്കാണുള്ളത്.സർക്കാരിന്റെ ധന സഹായം കൂടാതെ തന്നെ സമൂഹത്തിൽ നിന്ന് ശേഖരിക്കുന്ന ധനമുപയോഗിച്ച് പ്രവർത്തിക്കുന്ന സംഘടനകളാണിവ.കേരളത്തിന്റെ സംസ്കാരം സംരക്ഷിക്കുന്നതിനും കലാ– കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിലും മതേതരത്വം, ജനാധിപത്യം തുടങ്ങിയ കാര്യങ്ങൾ സംരക്ഷിക്കുന്നതിലും ആർട്സ് ആന്റ് സ്പോർട്സ്ക്ലബ്ബുകളുടെ പങ്ക് വളരെ വലുതാണ്.

പട്ടിക 4.14.2.

വയനാട് ജില്ലയിലെ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ എണ്ണം

ബ്ലോക്ക്	പഞ്ചായത്ത്	ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ എണ്ണം
കൽപ്പറ്റ	കോട്ടത്തറ	24
	മേപ്പാടി	12
	മൂപ്പൈനാട്	14
	മുട്ടിൽ	35
	പടിഞ്ഞാത്തറ	12
	പൊഴുതന	12
	തരിയോട്	7
	വൈത്തിരി	17
	വെങ്ങപള്ളി	10
	ആകെ	143
മാനന്തവാടി	എടവക	15
	തവിഞ്ഞാൽ	12
	തിരുനെല്ലി	12
	തൊ ർനാട്	14
	വെള്ളമു	29
	ആകെ	82
പനമരം	മുള്ളൻകൊല്ലി	13
	പൂതാടി	23
	പുൽപ്പള്ളി	20
	പനമരം	16
	കണിയാമ്പറ്റ	20
	ആകെ	92
സുൽത്താൻ ബത്തേരി	മീനങ്ങാടി	8
	നെൻമേനി	21
	അമ്പലവയൽ	36
	നൂൽപുഴ	10
	ആകെ	75

അവലംബം – യുവജന ക്ഷേമ ബോർഡ്

മാനന്തവാടി മുനിസിപ്പാലിറ്റി	22	
സുൽത്താൻബത്തേരിമുനിസിപ്പാലിറ്റി	8	
കൽപ്പറ്റമുനിസിപ്പാലിറ്റി	10	
ആകെ	432	

പട്ടിക 4.14.3.

യുവജന ക്ഷേമം –നിലവിലുള്ള പദ്ധതികൾ

	പദ്ധതികൾ	നടപ്പിലാക്കുന്ന ഏജൻസികൾ
1	കലാ കായിക മൽസരങ്ങൾ (കേരളോൽസവം)	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
2	നീന്തൽ പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്,
3	പി എസ് സി പരീക്ഷ പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ
4	യുവ ക്ലബ്ബ് രൂപീകരണം, പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കുള്ള ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ
5	സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്,
6	യുവതീ ക്യാമ്പുകൾ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ
7	സംരംഭകത്വ വികസന പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, വ്യവസായ വകുപ്പ്
8	സ്വയം തൊഴിൽ വായ്പ	തൊഴിൽ വകുപ്പ്
9	സ്വയം തൊഴിൽ പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, തൊഴിൽ വകുപ്പ്, നെഹ്റു യുവ കേന്ദ്ര
10	മദ്യം മയക്കു മരുന്ന് ബോധവൽക്കരണ പ്രവർത്തനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, എക്സൈസ് വകുപ്പ്

11	യുവജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങൾ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, കോളേജ് യൂണിയനുകൾ
a)	ജൈവ കൃഷി	കൃഷി വകുപ്പ് , കേരള സംസ്ഥാന യുവ ജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ,
b)	പാലിയേറ്റീവ് കെയർ	മെഡിക്കൽ വകുപ്പ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ
c)	കുളം , നദി, തോട് സംരക്ഷണം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മണ്ണ് സംരക്ഷണ വകുപ്പ്
d)	വർക്ക് ക്യാമ്പ്	നെഹ്റു യുവകേന്ദ്ര
12	ഫുട് ബോൾ , വോളി ബോൾ, കബഡി, വടംവലി ടൂർണ്ണമെന്റുകൾ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, നെഹ്റു യുവ കേന്ദ്ര
13	വ്യക്തിത്വ വികസന ക്യാമ്പ്	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര
14	അഡ്വഞ്ചർ സ്പോർട്സ്	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്
15	സ്പോർട്സ് കിറ്റ് നൽകൽ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് , നെഹ്റു യുവകേന്ദ്ര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
16	ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കൽ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് , നെഹ്റു യുവകേന്ദ്ര , ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി

അവലംബം – യുവജന ക്ഷേമ ബോർഡ്

4.14.1.3. സ്പോർട്സ് മേഖല

സ്പോർട്സ് കൗൺസിലിനാണ് ജില്ലയിലെ സ്പോർട്സിന്റെ ചുമതലയുള്ളത്.ഓരോ ഗെയിമുകൾക്കും ജില്ലാ തല സ്പോർട്സ് അസോസിയേഷനുകൾ വഴി പരിശീലനം നൽകുന്നു.ഇതു

കൂടാതെ സ്കൂൾ കായികാദ്ധ്യാപകർ സ്കൂൾ തല മൽസരങ്ങൾക്കും കോളേജ് കായികാദ്ധ്യാപകർ യൂണിവേഴ്സിറ്റി മൽസരങ്ങൾക്കും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളാണ് യുവജനങ്ങളെ അത്ലറ്റിക്സിലേക്കും ഗെയിമുകളിലേക്കും ആകർഷിക്കുന്നതിൽ മുൻ പന്തിയിൽ നിൽക്കുന്നത്.ജീവിത ശൈലീ രോഗങ്ങൾ തടയാനും യുവ പ്രതിഭകളെ കണ്ടത്താനും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ വഹിക്കുന്ന പങ്ക് പ്രധാനമാണ്.ക്ലബ്ബുകൾ നടത്തുന്ന ടൂർണ്ണമെന്റുകൾ വോളി ബോൾ , ക്രിക്കറ്റ്, ഫുട്ബോൾ, കബഡി തുടങ്ങിയ ഗെയിമുകൾ പ്രചരിപ്പിക്കുന്നതിന് വലിയ പങ്ക് വഹിച്ചിട്ടുണ്ട് . ക്ലബ്ബുകൾ തമ്മിലുള്ള മൽസരങ്ങൾക്ക് കേരളോൽസവങ്ങൾ അരങ്ങൊരുക്കുന്നുവെങ്കിലും യുവ പ്രതിഭകളെ ഈ മൽസരങ്ങളിലൂടെ കണ്ടത്തി പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

അഡ്വഞ്ചർ സ്പോർട്സ് ജില്ലയിൽ പ്രചാരത്തിലില്ല എന്നു തന്നെ പറയാം.ടൂറിസത്തിന്റെ ഭാഗമായി ഇപ്പോൾ അഡ്വഞ്ചർ സ്പോർട്സിനു പ്രാമുഖ്യം കിട്ടി വരുന്നുണ്ടെങ്കിലും മതിയായയോഗ്യതയില്ലാത്തവരാണ് അഡ്വഞ്ചർ സ്പോർട്സ് ഇൻസ്ട്രക്ടർമാരായി പ്രവർത്തിക്കുന്നത്. ഇത് സുരക്ഷാ പ്രശ്നങ്ങൾക്ക് കാരണമാകുകയും അഡ്വഞ്ചർ സ്പോർട്സിനെക്കുറിച്ച് തെറ്റിദ്ധാരണകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. അഡ്വഞ്ചർ സ്പോർട്സ് നടത്തുവാൻ മതിയായ യോഗ്യതയുള്ളവരെ പരിശീലിപ്പിക്കാനുള്ള സംവിധാനത്തിന്റെ കുറവും സർക്കാർ അംഗീകാരത്തോടെയുള്ള സ്ഥാപനങ്ങളുടെ അഭാവവുമാണ് ഈ രംഗത്തെ പ്രശ്നം .മറ്റ് ജില്ലകളെ അപേക്ഷിച്ച് വയനാട്ടിൽഗ്രൗണ്ടുകളുടെ എണ്ണം വളരെ കുറവാണ്.

പട്ടിക 4.14.4

4.14.1.4.ഗ്രൗണ്ടുകളുടെയും നീന്തൽ കുളങ്ങളുടെയും എണ്ണം

ഇതുകൂടാതെ സ്കൂൾ കോളേജ് ഗ്രൗണ്ടുകളുമുണ്ട്. ഈ ഗ്രൗണ്ടുകൾ ഉത്തരവാദിത്വത്തോടെ പൊതുജനങ്ങൾക്കും ഉപയോഗിക്കാൻ അവസരം ലഭിക്കേണ്ടതുണ്ട്. അതുപോലെ ഗ്രൗണ്ടുകളുടെയും നീന്തൽ കുളങ്ങളുടെയും വികസനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മതിയായ ഫണ്ട് ലഭിക്കേണ്ടതുണ്ട്.

കേരളത്തിന്റെ തനതു കായിക ഇനമായ കളരിപയറ്റിന് വേണ്ട പ്രചാരം ലഭിച്ചിട്ടില്ല.സ്കൂൾ കോളേജ് വിദ്യാർത്ഥികളെയും കളരിപയറ്റ് പരിശീലിപ്പിക്കേണ്ടത് ആരോഗ്യ സംരംക്ഷണത്തിന് ആവശ്യമാണ്.

4.14.2.വികസന പ്രശ്നങ്ങൾ

ക്രമനമ്പർ	ഗ്രൗണ്ടിന്റെ അളവ്	എണ്ണം
1	400 മീറ്റർ ട്രാക്ക്	1
2	200 മീറ്റർ ട്രാക്ക്	18
3	നീന്തൽ കുളം	1
4	നീന്തൽ കുളമാക്കാൻ പറ്റുന്ന കുളങ്ങൾ	5

അവലംബം – യുവജന ക്ഷേമ ബോർഡ്

4.14.2.1.സാംസ്കാരിക രംഗം

- സാംസ്കാരിക രംഗത്ത് ഗ്രന്ഥശാലകളും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളും സാംസ്കാരിക കൂട്ടായ്മകളും ഫിലിം സൊസൈറ്റികളുമാണ് സജീവമായി പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും തമ്മിൽ വേ ത്രഏകോപനമില്ല .
- പുസ്തക വായന പ്രോൽസാഹിപ്പിക്കുന്നതിനും ഗ്രാമീണ ഗ്രന്ഥശാലകളെ പ്രോൽസാഹിപ്പിക്കുന്നതിനും ഗ്രന്ഥശാല സംഘം മുൻകൈയെടുക്കുന്നു ്. മൽസര പരീക്ഷകൾക്കും തയ്യാറെടുക്കുന്ന വിദ്യാഭ്യാസത്തിനുള്ള റഫറൻസ് പുസ്തകങ്ങൾ ഗ്രന്ഥശാലകളിൽ സജ്ജീകരിക്കുന്നതിനും ലൈബ്രറിക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഫർണ്ണിച്ചർ വാങ്ങുന്നതിനും ലൈബ്രറി കൗൺസിലിന്റെ പരിമിത ഫ ് കൊ ് കഴിയുന്നില്ല.
- ലോകമെമ്പാടും ഇ-വായനയുടെ സാധ്യതകളെ പ്രോൽസാഹിപ്പിക്കുമ്പോൾ ഇ-വായനയെ പ്രോൽസാഹിപ്പിക്കാനുള്ള ശ്രമം ഇ- റീഡറുകളും ഇന്റർനെറ്റ് സൗകര്യങ്ങളും ഇല്ലാത്തതു മൂലം വയനാട് ജില്ലയിൽ പരാജയപ്പെടുന്നു.
- ആകെ മൂന്ന് ഫിലിം ക്ലബ്ബുകൾ മാത്രമാണ് വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നത്.നല്ല സിനിമാ സംസ്കാരം വളർത്തിയെടുക്കുവാൻ ഫിലിം ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കേ ത് ആവശ്യമാണ്.
- സ്കൂൾ കോളേജ് കലോൽസവങ്ങളിലും കേരളോൽസവങ്ങളിലും, ക്ലാസിക്കൽ കലകളിലും ,നാടോടി നൃത്തം, നാടോടിപ്പാട്ട് എന്നീ ഇനങ്ങളിൽ മൽസരമു ങ്കിലും ഇവയിൽ പരിശീലനം നടത്തുന്നത് പണമുള്ളവർക്ക ്മാത്രമേ സാധ്യമാകുന്നുള്ളൂ. ഫീസ് കൊടുത്ത പഠിക്കാൻ നിവൃത്തിയില്ലാത്തവർക്ക് പരിശീലിക്കാനും വലിയ തുക ചെലവാക്കി രംഗത്ത് അവതരിപ്പിക്കാനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- സാംസ്കാരിക രംഗത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും ഇടപെടൽ പരിമിതമാണ്.സാസ്കാരിക വികസനത്തിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫ ് വകയിരുത്തുന്നത് വിരളമാണ്.
- ഓണാഘോഷം പോലെയുള്ള പരിപാടികൾ ജനകീയോൽസവങ്ങൾ എന്നതിനു പകരം പണം നൽകി കലാകാരൻമാരെ കൊ ു വന്ന് അവതരിപ്പിക്കുന്ന പരിപാടികളായി മാറി കൊ ിരിക്കുകയും ചെയ്യുന്നു.പൊതു ജനങ്ങൾ കാഴ്ചക്കാർ മാത്രമാകുന്ന അവസ്ഥ നിലവിലു ്.
- ഗ്രാമീണ യുവജനങ്ങളുടെ കലാ-കായിക മികവ് പ്രകടിപ്പിക്കാനുള്ള വേദിയായ കേരളോൽസവങ്ങൾ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വേ ത്ര ഗൗരവത്തോടെയെടുത്തിട്ടില്ല.
- ആദിവാസി കലാരൂപങ്ങളുടെ ഒരു കലവറയാണ് വയനാട്. പക്ഷെ ഈ കലാ രൂപങ്ങൾ പരിശീലിക്കുവാനും പ്രചരിപ്പിക്കാനും ഡോക്യുമെന്റ് ചെയ്യുവാനും ഉള്ള സംഘടിത ശ്രമം നടക്കുന്നില്ല.

- സാംസ്കാരിക കൂട്ടായ്മകളെ രജിസ്റ്റർ ചെയ്യാനും സാംസ്കാരികവും അന്ധവിശ്വാസങ്ങൾക്കുംഅനാചാരങ്ങൾക്കും എതിരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമുള്ള ശ്രമം നടക്കുന്നില്ല .
- ഫോക് ലോർ അക്കാദമികളടക്കമുള്ള സ്ഥാപനങ്ങൾ കലാകാരൻമാരെയാണ് കലാകൂട്ടായ്മകളെയല്ല ശ്രദ്ധിക്കുന്നത്. ആയതിനാൽ വ്യക്തികൾക്ക് പ്രാധാന്യം ലഭിക്കുകയും കലകൾക്ക് പ്രാധാന്യം ലഭിക്കാതെ പോവുകയും ചെയ്യുന്നു.

4.14.2.2.യുവജന ക്ഷേമം

- യുവജന ക്ഷേമ പ്രവർത്തനങ്ങളിലേറെയും നടത്തുന്നത് യുവജന കൂട്ടായ്മകളായ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളാണ്. ആർട്സ് അന്റ് സ്പോർട്സ് ക്ലബ്ബുകൾ കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക കായിക മേഖലകളിലും . മതേതരത്വം നില നിർത്തുന്നതിനും വലിയ സംഭാവനകൾ നൽകുന്നവയാണ്. എന്നാൽ സർക്കാരിൽ നിന്ന് ധനസഹായം വാങ്ങി പ്രവർത്തിക്കുന്ന ചാരിറ്റബിൽ സൊസൈറ്റികളും ആർട്സ് അന്റ് സ്പോർട്സ് ക്ലബ്ബുകളും ഒരേ നിയമമനുസരിച്ചാണ് രജിസ്റ്റർ ചെയ്യേ ത്
വലിയ തുക രജിസ്ട്രേഷനു വേ ി വരുമെന്ന് മാത്രമല്ല ഓഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിച്ചാൽ മാത്രമേ വർഷം തോറും രജിട്രേഷൻ പുതുക്കി ലഭിക്കുകയുള്ളു.ഇതു മൂലം ക്ലബ്ബുകൾ രജിസ്റ്റർ ചെയ്യാൻ മടിക്കുകയോ പുതുക്കാതിരിക്കുകയോ ചെയ്യുന്നു.

- കരിയർ ഗൈഡൻസ് , വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശങ്ങൾ എന്നീ സേവനങ്ങൾയുവജനങ്ങൾക്ക് ലഭ്യമാകുന്നില്ല. കനത്ത ഫീസ് കൊടുക്കാൻ കഴിയുന്നവരിലേക്ക് മാത്രം സേവനങ്ങൾ പരിമിതപ്പെടുന്നു.

- വിവിധ വകുപ്പുകളിൽ നിന്നും യുവജനങ്ങൾക്ക് ലഭിക്കുന്ന തൊഴിൽ പരിശീലനമടക്കമുള്ള സേവനങ്ങളെപ്പറ്റി ജനങ്ങൾക്ക് അറിവ് ലഭിക്കുന്നില്ല. ഗ്രാമ പഞ്ചായത്തു തലത്തിൽ ഇത്തരം വിവരങ്ങൾ ലഭിക്കുന്ന കേന്ദ്രങ്ങളില്ല .

- യുവജനങ്ങളുടെ കലാ- കായിക മികവ് തെളിയിക്കുന്നതിനുള്ള കേരളോൽസവങ്ങൾ നടക്കുന്നുെ ങ്കിലും കലാ-കായിക പരിശീലനങ്ങൾക്കുള്ള സൗകര്യങ്ങൾ ഗ്രാമ പഞ്ചായത്ത് മുൻസിപ്പൽ തലങ്ങളിൽ നിലവിലില്ല.പണം കൊടുത്ത് പഠിക്കാൻ കഴിയുന്നവർക്ക് മാത്രമായി ഇത്തരം പരിശീലനങ്ങൾ ഒതുങ്ങി പോകുന്നു. ഗ്രാമ മുൻസിപ്പൽ തല കേരളോൽസവത്തിന് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ തമ്മിലുള്ള മൽസരങ്ങളായ് മാറാൻ കഴിഞ്ഞിട്ടില്ല.

- ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ ശേഷി പ്രയോജനപ്പെടുത്താനുമുള്ള ശ്രമംസമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിനു ശേഷം ഉ ായിട്ടില്ല. ക്ലബ്ബുകളെ ഗവൺമെന്റ് മിഷനുകളുമായി ബന്ധിപ്പിക്കുവാനും ക്ലബ്ബുകളുടെ പ്രവർത്തന മികവ് അനുസരിച്ച് അവയെ സഹായിക്കാനുള്ള പ്രവർത്തനങ്ങൾ ഉ ായിട്ടില്ല.
- വിവാഹ പൂർവ്വ കൗൺസിലിംഗ് കുടുംബജീവിത പരിശീലനം, സാമ്പത്തിക സാക്ഷരത പരിപാടി, തുടങ്ങിയ സേവനങ്ങൾ യുവജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.
- യുവജന ശാക്തീകരണത്തിനായുള്ള അനൗപചാരിക വിദ്യാഭ്യാസം , ജീവിത നൈപുണ്യ പരിശീലനങ്ങൾ , വ്യക്തിത്വ വികസന പദ്ധതികൾ, തൊഴിൽ വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശം , പി എസ് സി സൗജന്യ പരീക്ഷ പരിശീലനം, എന്നീ ചുമതലകൾ ഏറ്റെടുക്കാൻ സർക്കാർ ഏജൻസികൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ കഴിഞ്ഞിട്ടില്ല.
- ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ നടത്താവുന്ന രക്തദാനം , സമ്പൂർണ്ണ ശുചിത്വ പദ്ധതി , ജൈവ പച്ചക്കറി കൃഷി , സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ ട്യൂഷൻ, പാലിയേറ്റീവ് കെയർ പ്രവർത്തനം തുടങ്ങിയ സന്നദ്ധ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെങ്കിലും ക്ലബ്ബുകളെ ഈ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കാനോ ഏകോപിപ്പിക്കാനോ കഴിഞ്ഞിട്ടില്ല.
- യുവജനങ്ങളുടെ സാഹിത്യാഭിരുചി ചിത്ര രചന, പെയിന്റിംഗ് എന്നിവ പ്രോൽസാഹിപ്പിക്കുന്ന ക്യാമ്പുകൾ നടത്താൻ കഴിഞ്ഞിട്ടില്ല.
- യുവജനങ്ങളെ സംബന്ധിച്ച വിവരങ്ങളുടെ അപര്യാപ്തത ആസൂത്രണത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. യുവജനങ്ങളുടെ വിദ്യഭ്യാസം തൊഴിൽ തുടങ്ങി വിവരങ്ങളുടെ ലഭ്യതയില്ല.
- സംസ്കാരം യുവജന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നത് ഈ പ്രവർത്തനങ്ങളുമായി ബന്ധമുള്ള ഇംപ്ലിമെന്റിംഗ് ഓഫീസർമാരല്ല.
- അഭ്യസ്ഥ വിദ്യരായ യുവജനങ്ങളുടെ തൊഴിലില്ലായ്മ ജില്ലയിലെ ഒരു പ്രധാന പ്രശ്നമാണ്. പട്ടിക വർഗ്ഗക്കാരുടെ ഇടയിൽ ഇത് വളരെ രൂക്ഷമാണ്. 18 നും 45 നും ഇടയിൽ പ്രായമുള്ള 11,142 അഭ്യസ്ഥവിദ്യരായ പട്ടിക വർഗ്ഗക്കാർജില്ലയിലു ് ഇവർക്കിടയിലെ 1476 പേർക്ക് തൊഴിലില്ല.പത്താം ക്ലാസിനു മുകളിൽ വിദ്യഭ്യാസമുള്ള 6555 തൊഴിൽരഹിതരായ പട്ടിക വർഗ്ഗ യുവാക്കളാണ് ജില്ലയിലുള്ളത് ഇത് പത്താംതരം വിദ്യഭ്യാസം നേടിയവരുടെ 50.16 ശതമാനമാണ്. പട്ടികവർഗ്ഗത്തിൽപെട്ട തൊഴിൽ വൈദഗ്ധ്യമുള്ള 984 പേരിൽ 94.96 ശതമാനം പേർക്കും തൊഴിലില്ല.

4.14.2.3.കായിക മേഖല

കായിക മേഖലയിൽ നിലവിൽ ര ു വിധത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ആദ്യത്തേത് വിനോദത്തിനായും ആരോഗ്യത്തിനായും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടക്കുന്ന മൽസരങ്ങളും ടൂർണ്ണമെന്റുകളുമാണ്.ഈ മേഖലയിൽ കബഡി, വോളീബോൾ

,ഫുട്ബോൾ ,വടംവലി, ക്രക്കറ്റ്, ചെസ്സ്, കാരംസ്, തുടങ്ങിയ ഗെയിമുകളുടെ അനൗദ്യോഗിക ടൂർണ്ണ മെന്റുകൾ സംഘടിപ്പിക്കുന്നു ്. കിളിത്തട്ട് , തലപ്പന്ത്, തുടങ്ങിയ നാടൻ കളികളുടെയും മൽസര ങ്ങൾ ക്ലബ്ബുകൾ സംഘടിപ്പിക്കുന്നു ്. കൂടാതെ ദിവസവും ക്ലബ്ബുകളുടെ നേതൃത്വത്തിൽ യുവജന ങ്ങൾ ഈ ഗെയിമുകളിലേർപ്പെടുന്നു ്

കായികാദ്ധ്യാപകരുടെ നേതൃത്വത്തിൽ സ്കൂൾതല കായിക മേളകളിൽ പങ്കെടുക്കാ നായി കുട്ടികളെ തെരഞ്ഞെടുത്തു പരിശീലിപ്പിച്ചു വരുന്നു. സ്കൂൾ തല മൽസരങ്ങളിൽ ദേശീയ തലത്തിൽ തന്നെ കഴിവു തെളിയിക്കുന്ന ചിലർക്കെങ്കിലും പഠനം അവസാനിക്കുന്നതോടെ തുടർ പരി ശീലനം ലഭിക്കാത്തതു കൊ ് തുടർന്നും നേട്ടങ്ങൾ കൈവരിക്കാൻ കഴിയാത്ത അവസ്ഥയു ്. കോളേജ് വിദ്യാർത്ഥികൾക്കും കായികാദ്ധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം ലഭിക്കുകയും കോളേജ് തല മൽസരങ്ങളിൽ പങ്കെടുക്കാൻ കഴിയുകയും ചെയ്യുന്നു.

സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വിവിധ അസോസിയേഷനുകളുടെ നേതൃത്വത്തിൽ വിവിധ ജില്ലാ ടീമുകൾ തെരഞ്ഞെടുത്ത് പരിശീലനം നൽകി മൽസരത്തിന് സജ്ജ മാക്കി വരുന്നു. സംസ്ഥാന തല മൽസരങ്ങളിലും ഏഷ്യൻ ഗെയിംസും ഒളിമ്പിക്സും പോലെയുള്ള മൽസരങ്ങളിൽ പങ്കെടുക്കാൻ യുവജനങ്ങളെ പരിശീലിപ്പിക്കുകയാണ് സ്പോർട്സ് കൗൺസിലിന്റെ ലക്ഷ്യം.

കേരളത്തിൽ അധികം പ്രാധാന്യം നേടിയിട്ടില്ലാത്തതാണ് സാഹസിക കായിക ഇന ങ്ങൾ. കുന്നുകളും ജലാശയങ്ങളും ഏറെയുള്ള കേരളത്തിന്റെ ഭൂപ്രകൃതിക്ക്ഏറെയിണ ങ്ങുന്നതുംയുവജനങ്ങളിൽ ധൈര്യം, സംരംഭകത്വം, ആരോഗ്യസംരക്ഷണം, എന്നിവക്കും പ്രയോജനം ചെയ്യുന്ന സാഹസിക കായിക ഇനങ്ങൾക്ക് പ്രാധാന്യം നൽകേ താണ്. നിലവിൽ ടൂറിസത്തിന്റെ ഭാഗമായി അഡ്വഞ്ചർ ടൂറിസത്തെ പ്രോൽസാഹിപ്പിക്കുന്നുെ ങ്കിലും ഇൻസ്ട്രക്ടർമാർ ഏറെയും ഇത്തരത്തിലുള്ള പ്രവർത്തനം നടത്താൻ മതിയായ യോഗ്യതയില്ലാത്തവരാണ്. വേ ത്ര മുൻകരുത ലുകളില്ലാതെ യോഗ്യതകളില്ലാത്ത ഇൻസ്ട്രക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന അഡ്വഞ്ചർ ടൂറിസം സമൂഹത്തിന് ഒരു ഭീഷണിയാണ്. ഇന്ത്യയിലെ അഞ്ച് ദേശീയ അഡ്വഞ്ചർ അക്കാദമികളും എല്ലാം വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലാണ്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് പ്രവർത്തിച്ചു വരുന്ന തെക്കെ ഇന്ത്യയിലെ തന്നെ ഏക ദേശീയ അഡ്വഞ്ചർ അക്കാദമി വികസനം മുരടിച്ച് നിൽക്കുകയാണ്.കുന്നുകളും കാടുകളും നിറഞ്ഞ വയനാടിന്റെ ഭൂപ്രകൃതി ട്രക്കിംഗ്, കയാക്കിംഗ്, മൗ ൻ സൈക്ലിംഗ് തുടങ്ങിയ സാഹസിക വിനോ ദങ്ങൾക്ക് അനുയോജ്യമാണ്.അഡ്വഞ്ചർ ടൂറിസത്തിന് ആവശ്യമായ ഇൻസ്ട്രക്ടർമാരെ പരിശീലിപ്പി ക്കുന്നതിനുള്ള കേന്ദ്രങ്ങളും നിലവിലില്ല. ദേവികുളത്തെ ദേശീയ സാഹസിക അക്കാദമിയുടെ ഒരു സബ്സെന്റർ വയനാട്ടിൽ സ്ഥാപിക്കാനുള്ള ശ്രമങ്ങളും വിജയം ക ില്ല.

4.14.3. വികസന കാഴ്ചപാട്

4.14.3.1.സാംസ്കാരിക രംഗം

- ഗ്രന്ഥശാലകൾ*ആർ*ട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ , സാംസ്കാരിക കൂട്ടായ്മകൾ, ഫിലിം സൊസൈറ്റികൾ എന്നിവയും സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന ഗ്രന്ഥശാല സംഘം , കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, സാഹിത്യ അക്കാദമി കേരള കലാമണ്ഡലം, കേരള ചലചിത്ര അക്കാദമി, എന്നിവയുമായുള്ള ഏകോപനം സാധ്യമാകണം. യൂത്ത് ക്ലബ്ബ ഏകോപന സമിതിയുടെ മാതൃകയിൽ ഗ്രാമ തലത്തിൽ സാംസ്കാരിക ഏകോപന സമിതി രൂപീകരിക്കുകയും വാർഷിക സാംസ്കാരിക പ്ലാൻ രൂപീകരിക്കുകയും ചെയ്യാം.
- ഗ്രന്ഥശാലകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുകയും വിദ്യാർത്ഥികൾക്കും മൽസര പരീക്ഷ എഴുതുന്നവർക്കുമായി റഫറൻസ് സെന്ററുകൾ എല്ലാ എ ഗ്രേഡ് ലൈബ്രറികളിലും ആരംഭിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തുകയും ചെയ്യേ താണ്.
- ഇ– വായനയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി എല്ലാ എ ഗ്രേഡ് ലൈബ്രറിക ളിലും ഇ– റീഡറുകളും ഇന്റർ നെറ്റ് സൗകര്യങ്ങളും ഒരുക്കേ താണ്.
- ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒരു വാർഡിൽ ഒരു ലൈബ്രറി എന്ന നിലയിൽ ലൈബ്രറികൾ രൂപീകരിക്കും. ജില്ലയിലെ ലൈബ്രറികളുടെ എണ്ണം 500 ആക്കുകയാ ണ്ലക്ഷ്യം.ഒരു ഗ്രാമ പഞ്ചായത്തിൽര ു ലൈബ്രറികൾ എ ഗ്രേഡ് ആക്കി മാറ്റേ താണ്. മുൻസിപ്പൽ അതിർത്തിയിൽ മൂന്ന് ലൈബ്രറികൾ എ ഗ്രേഡ് ലൈബ്രറികൾ ആക്കാം.
- ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തിലും മുൻസിപ്പാലിറ്റിയിലും ഫിലിം ക്യാമ്പുകൾ സംഘടിപ്പി ക്കാവുന്നതാണ്.
- കലാ–കായിക സാംസ്കാരിക പാർക്കുകൾ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ആരംഭി ക്കുന്നത് പരിഗണിക്കാവുന്നതാണ്.ക്ലാസിക്കൽ കലകളും നാടൻ കലകളുമുൾപ്പടെയുള്ള കല കൾ പ്രോത്സാഹിപ്പിക്കാനും പരിശീലിപ്പിക്കാനുമായി എ ഗ്രേഡ് ലൈബ്രറികളോ യൂത്ത് കേന്ദ്രീകരിച്ച് കലാപരിശീലനം ആരംഭിക്കാവുന്നതാണ്.
- ആദിവാസി കലാ രൂപങ്ങൾ പരിശീലിക്കാനുള്ള കേന്ദ്രങ്ങൾ ജില്ലയിൽ ആരംഭിക്കണം. ഈ കേന്ദ്രങ്ങളിൽ ആദിവാസി കലാരൂപങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാനുള്ള സംവിധാനം ആവശ്യമാണ്.
- അന്ധ വിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ഒരു പ്രസ്ഥാനമാക്കേ താണ്.ഇതിനായി ഗ്രന്ഥശാലകളുടേയും ആർട്സ് & സ്പോർട്സ് ക്ലബ്ബുകളുടേയും നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- പ്രാദേശിക ചരിത്ര രചന പ്രോൽസാഹിപ്പിക്കുക ഇതിനായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ചരിത്ര സൗഹൃദ കൂട്ടായ്മകൾ സംഘടിപ്പിക്കാവുന്നതാണ്.

- എല്ലാ പഞ്ചായത്തുകളിലും ഫിലിം സൊസൈറ്റികൾ രൂപീകരിക്കുക .ജില്ലയിലെ ഫിലിം ക്ലബ്ബു കളെ എണ്ണം 26 ആക്കുക.വർഷം തോറും ഗ്രാമതലത്തിൽ ഫിലിം ഫെസ്റ്റിവെൽ സംഘടിപ്പി ക്കാവുന്നതാണ്.

4.14.3.2.യുവജന ക്ഷേമം

- പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊ ുള്ള പദ്ധതികളാണ് വയനാട് ജില്ല യിൽ നടപ്പിലാക്കേ ത്.ജില്ലയെ ആഗോള വിദ്യഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന്റെ ഭാഗ മായിയൂണിവേഴ്സിറ്റി ക്യമ്പസുകളും ഇൻസ്റ്റിറ്റ്യൂട്ടുകളും ജില്ലയിൽ സ്ഥാപിക്കാവുന്നതാണ്.ഇ തിന്റെ തുടക്കമെന്ന നിലയിൽ കേരള സംസ്ഥാന യുവജന പഠന ഗവേഷണകേന്ദ്രവും ഹൈ ആർറ്റിറ്റ്യൂഡ് കായിക ഗവേഷണ കേന്ദ്രവും ജില്ലയിൽ സ്ഥാപിക്കാവുന്നതാണ്.
- ജില്ലയിലെ ആർസ് ആന്റ് സ്പോർട്സ് ക്ലബ്ബുകളെ അവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാന ത്തിൽ എ, ബി, സി ഗ്രേഡുകളാക്കി തിരിച്ച് വിവിധ സർക്കാർ ഏജൻസികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം ലഭ്യമാക്കും.
- ജില്ലയിലെ എല്ലാ വാർഡുകളിലുംആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിക്കുക. ജില്ല യിലെ എ ഗ്രേഡ് ക്ലബ്ബുകളുടെ എണ്ണം അമ്പതായി ഉയർത്തണം.
- യൂത്ത് ക്ലബ്ബ് ഏകോപന സമിതിയുടെ നേതൃത്വത്തിൽ വാർഷിക യുവജന പ്ലാൻ തയ്യാറാക്കി നടപ്പിലാക്കേ താണ്.
- ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.കേരള സംസ്ഥാനത്തിന് മുഴുവൻ ബാധകമായ നിയമം ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ചു രൂപീകരിക്കാവുന്നതാണ്
- ഗ്രാമ തല കേരളോൽസവങ്ങൾ ഓണാഘോഷത്തിന്റെ ഭാഗമായിനടത്തും. കേരളോൽസവ മൽസരങ്ങൾ ക്ലബ്ബുകൾ തമ്മിലുള്ള മൽസരമാക്കി മാറ്റുകയും യുവജന പങ്കാളിത്തം വർദ്ധി പ്പിക്കുകയും ചെയ്യും.ഇതിനാവശ്യമായ രീതിയിൽ കേരളോൽവ സംഘാടക സമിതിയിൽ മാറ്റം വരുത്തണം .
- യുവജനങ്ങൾക്ക് വിവിധ സർക്കാർ സേവനം സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റിയിലെ സജീവമായ ക്ലബ്ബിനെ/ വായനശാലയെ തെര ഞ്ഞെടുത്ത് നോഡൽ ക്ലബ്ബാക്കുകയും ഇന്റർ നെറ്റ് അടക്കമുള്ളസൗകര്യങ്ങൾ അവിടെ ഏർപ്പെടുത്തുകയും ചെയ്യണം..

- ഗ്രാമ പഞ്ചായത്തിലെ സജീവമായ എ ഗ്രേഡ് ക്ലബ്ബുകളെ തൊഴിൽ വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശം സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ ട്യൂഷൻ , വ്യക്തിത്വ വികസന ക്യാമ്പ് , വിവാഹ പൂർവ്വ കൗൺസിലിംഗ്, എന്നീ സേവനങ്ങൾ നൽകുന്നതിന് ചുമതലപ്പെടുത്തു

കയും ഇതിനാവശ്യമായ പരിശീലന സൗകര്യങ്ങൾ നൽകുകയും സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

- കേരളോൽസവങ്ങൾക്ക് മുന്നോടിയായി ക്ലബ്ബുകൾക്ക് പരിശീലനങ്ങൾ നടത്താനുള്ള സൗകര്യം നൽകും. കേരളോൽസവ വിജയികൾക്ക് പരിശീലനം നൽകാനുള്ള സൗകര്യം ഏർപ്പെടുത്തും .
- യുവജനങ്ങൾക്കായി ബ്ലോക്കു തലത്തിൽ വർഷം തോറും സാഹിത്യ , ചിത്ര രചന, ശിൽപ നിർമ്മാണ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. .
- സ്വയം തൊഴിൽ സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ജില്ലാ തലത്തിൽ സംരംഭകത്വ പരിശീലനവും മാർഗ്ഗ നിർദ്ദേശ സംവിധാനവും ഏർപ്പെടുത്തേ തു ്..സ്വയം തെഴിൽ വായ്പകൾ അർഹരായവർക്ക് ലഭിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തണം.കേന്ദ്ര –സംസ്ഥാന സർക്കാരുകളുടെ തൊഴിൽ പരിശീലന പദ്ധതികൾ ഉപയോഗപ്പെടുത്തി യുവജനങ്ങൾക്കായി തൊഴിൽ പരിശീലനങ്ങൾനടത്തുവാനും അർഹരായവർക്ക് പരിശീലനം ലഭിക്കാനുള്ള സംവിധാനം ഒരുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാവുന്നതാണ്.
- മദ്യം മയക്കുമരുന്ന് എന്നിവക്കെതിരെയുള്ള ബോധവൽക്കരണത്തിനായി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളെയും വായനശാലകളെയും ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.
- യുവജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള പരിസ്ഥിതി സംരക്ഷനണയജ്ഞം ആരംഭിക്കാവുന്നതാണ്. ഇതിനു തുടക്കമെന്ന നിലയിൽ കബനീസംരക്ഷണ യജ്ഞം ആരംഭിക്കുക
- യുവജനങ്ങളിൽ അഡ്വഞ്ചർ ആക്റ്റിവിറ്റീസ് പ്രോൽസാഹിപ്പിക്കുന്നതിനായി അഡ്വഞ്ചർ ക്ലബ്ബുകൾ രൂപീകരിക്കേ താണ്.
- ഹയർസെക്കന്ററി സ്കൂളുകളിലും കോളേജുകളിലും അഡ്വഞ്ചർ ക്ലബ്ബുകൾ രൂപീകരിക്കാവുതാണ്.
- സർക്കാർ സ്ഥാപനങ്ങൾ കുറവുള്ള ഒരു ജില്ലയാണ് വയനാട് . ആയതിനാൽ യുവജനങ്ങൾക്കായി തൊഴിൽ സംരംഭകങ്ങൾ ആരംഭിക്കുക.
- യുവജന ക്ലബ്ബുകൾ വഴി വിനോദ സഞ്ചാര മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

4.14.3.3.കായിക മേഖല

- ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ജീവിത ശൈലി രോഗങ്ങൾ അകറ്റി നിർത്തുന്നതിനുമായി, കബഡി, വോളിബോൾ, ഫുട്ബോൾ, ബാഡ്മിന്റൻ, കിളിത്തട്ട്തുടങ്ങിയ നാടൻ കളികൾ പ്രോൽസാഹിപ്പിക്കും.ഇതിനായി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ നടത്തുന്നപരിശീലനങ്ങൾക്കും ടൂർണ്ണമെന്റുകൾക്കും സഹായം നൽകും.

- ഗ്രാമത്തിനൊരു കളിസ്ഥലം എന്ന ലക്ഷ്യത്തിനായിഗ്രാമ പഞ്ചായത്തിലും മുനിസിപ്പാലിറിറിയി ലുംപൊതു ജനങ്ങളുടെ ഉപയോഗത്തിനായി ഒരു ഗ്രൗ ങ്കിലും നിർമ്മിക്കേ താണ്.
- സ്കൂളുകൾ കോളേജുകൾ കേരളോൽസവ വിജയികൾ എന്നിവരിൽ നിന്ന് അത്ലറ്റിക്സ്, ഗെയിംസ്, നീന്തൽ , കളരിപ്പയറ്റ്, ആർച്ചറി, എന്നിവയിൽ മികവ് തെളിയിക്കുന്നവരെ തെരഞ്ഞെ ടുത്ത് പരിശീലിപ്പിക്കുകയും പരമാവധി മൽസരങ്ങളിൽ പങ്കെടുക്കാനുള്ള സൗകര്യം നൽകു കയും ചെയ്യും.
- ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു കുളമെങ്കിലും വികസിപ്പിച്ച് നീന്തലിന് ഉപയുക്തമാക്കും.

- സ്കൂളുകളിലും ക്ലബ്ബുകളിലും വായനശാലകളിലുംകളരിപ്പയറ്റ് പരിശീലിപ്പിക്കുന്നത് പ്രോൽസാ ഹിപ്പിക്കുകയും ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു പരിശീലന കേന്ദ്രമെങ്കിലും സ്ഥാപിക്കു കയും ചെയ്യും.
- നാഷണൽ അഡ്വഞ്ചർ അക്കാദമിയുടെ കീഴിൽ ട്രക്കിംഗും പ്രകൃതി പഠനവും മുഖ്യ ലക്ഷ്യ മാക്കിഒരു സബ് സെന്റർ വയനാട് ജില്ലയിൽ സ്ഥാപിക്കാവുന്നതാണ്. .

- ലോക നിലവാരത്തിലുള്ള കായിക പ്രതിഭകളെ വാർഡത്തെടുക്കുന്നതിന് സഹായകമായ രീതിയിൽ ഹൈ ആൾറ്റിറ്റ്യൂഡ് കായിക ഗവേഷണ കേന്ദ്രം വയനാട് കേന്ദ്രമായി സ്ഥാപിക്കാവു ന്നതാണ്.

4.14.4. വികസന കാഴ്ചപ്പാട്–സംയോജന സാധ്യത

പട്ടിക 4.14.6

4.14.4.1. സാംസ്കാരിക രംഗം

ക്രമ നമ്പർ	വികസന കാഴ്ചപ്പാട്	പ്രവർത്തനം	ഏജൻസികൾ
1.	സാംസ്കാരിക പ്രവർത്തന ഏകോപനം	(1) ജില്ലാതല സാംസ്കാ രിക ഏകോപന സമിതി രൂപീകരണം (2) സംസ്കാരം– ജില്ലാതല പ്ലാൻ തയ്യാറാക്കൽ	ഗ്രന്ഥശാലാ സംഘം ,കേരള സംസ്ഥാന യുവജനക്ഷേമബോർഡ് യൂത്ത് ക്ലബ്ബ് ഏകോപന സമിതി പ്രതിനിധികൾ ,ജില്ലാ പഞ്ചായത്ത് ,പബ്ലിക് റിലേഷൻസ് വകുപ്പ്, സാഹിത്യ അക്കാദമി ,ചലചിത്ര അക്കാദമി ,കേരള കലാമണ്ഡലം ,ഫോക്ലാർ അക്കാദമി,ചിത്രകലാ അക്കാദമി, ഫിലിം ക്ലബ്ബുകൾ സാഹിത്യ നാടക അക്കാദമി,ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

2.	ഗ്രന്ഥശാലകളിലെ അടിസ്ഥാന സൗകര്യവികസനം	(1) സ്ഥല സൗകര്യമില്ലാത്ത ലൈബ്രറികൾക്ക് കെട്ടിട നിർമ്മാണം (2) ഷെൽഫുകൾ, അലമാരകൾ വാങ്ങൽ (3) പുസ്തകം വാങ്ങൽ (4)ഇ.റീഡറുകൾ വാങ്ങൽ ഇന്റർനെറ്റ് സൗകര്യം (5) റഫറൻസ് ലൈബ്രറികൾ	ഗ്രാമ പഞ്ചായത്ത് ,ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എം.എൽ.എ/എം.പി ഫ റവന്യൂ വകുപ്പ് ഗ്രാമ പഞ്ചായത്ത് ,ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എം.എൽ.എ/എം.പി ഫ റവന്യൂ വകുപ്പ് ലൈബ്രറി കൗൺസിൽ,പൊതുജനങ്ങളിൽ നിന്നുള്ള സംഭാവന ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്ലൈബ്രറി കൗൺസിൽ
3.	ര ു വാർഡുകൾക്ക് ഒരു ലൈബ്രറി എന്നതോതിൽ ലൈബ്രറി രൂപീകരണം	(1)ആർട്സ് & സ്പോർട്സ് ക്ലബ്ബുകളെ ലൈബ്രറികളാക്കി മാറ്റുക	ലൈബ്രറി കൗൺസിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഗ്രാമ പഞ്ചായത്ത്
4.	ലൈബ്രറികളുടെ ഗുണനിലവാരം ഉയർത്തുക	ഗ്രാമ പഞ്ചായത്തിൽ ര ു ലൈബ്രറികളെയെങ്കിലും എ ഗ്രേഡായി ഉയർത്തുക	ലൈബ്രറി കൗൺസിൽ ഗ്രാമ പഞ്ചായത്ത് ജില്ലാ പഞ്ചായത്ത്
5.	നല്ല സിനിമാ സംസ്കാരം രൂപീകരിക്കുക	ഒരു ഗാമ പഞ്ചായത്തിൽ ഒരു ഫിലിം ക്ലബ്ബ് വീതം രൂപീകരിക്കുക.	ലൈബ്രറികൾ ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾസാംസ്കാരിക കൂട്ടായ്മ ഫിലിംക്ലബ്ബുകൾകേരള സംസ്ഥാനയുവജനക്ഷേമബോർഡ് ലൈബ്രറി കൗൺസിൽ
6.	കലാ– കായിക സാംസ്കാരിക പാർക്കുകൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും	(1) കലാ പരിശീലനങ്ങൾ (2) ക്ലാസിക്കൽ കലകളേയും നാടൻ കലകളേയും പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക. (3) സാഹിത്യ ക്യാമ്പുകൾ (4) ചിത്രരചനാ ക്യാമ്പുകൾ (5) പുസ്തക ചർച്ച (6) കേരളോത്സവങ്ങൾ	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ലൈബ്രറി കൗൺസിൽ ലൈബ്രറികൾ ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ കേരള കലാമണ്ഡലം സംഗീത നാടക അക്കാദമി ഫോക്ക്ലോർ അക്കാദമി ചിത്രകലാ അക്കാദമി ഗ്രാമ പഞ്ചായത്ത്

7.	ആദിവാസികളെ പ്രോത്സാഹിപ്പിക്കുക	(1) ആദിവാസി കലാരൂപങ്ങൾ പരിശീലിപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കുക (2) ആദിവാസി കലാരൂപങ്ങൾ തനതായ രീതിയിൽ രേഖപ്പെടുത്താനുള്ള സൗകര്യം	ഫോക്ക്ലോർ അക്കാദമി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ലൈബ്രറികൾ ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
8.	പ്രാദേശിക ചരിത്രം പ്രോത്സാഹിപ്പിക്കുക	(1) ഗ്രാമ പഞ്ചായത്ത്തല ചരിത്ര രചന (2) ജില്ലാ ചരിത്ര രചന	കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ലൈബ്രറി കൗൺസിൽ ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ,വായന ശാല,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
9.	അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവക്ക് എതിരായുള്ള പ്രവർത്തനം	ബോധവൽക്കരണ പ്രവർത്തനങ്ങൾ	ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ ലൈബ്രറികൾ ഫിലിം ക്ലബ്ബുകൾ വിദ്യഭ്യാസ വകുപ്പ് ലൈബ്രറി കൗൺസിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

പട്ടിക 4.14.7.
യുവജനക്ഷേമം

ക്രമ നമ്പർ	വികസന കാഴ്ചപ്പാട്	പ്രവർത്തനം	ഏജൻസികൾ
1	യുവജനക്ഷേമ പദ്ധതി ഏകോപനം	(1) വാർഷിക യുവജന പ്ലാൻ ഗ്രാമ പഞ്ചായത്ത് തലം മുതൽ ജില്ലാ തലം വരെ രൂപീകരിക്കൽ (2) യൂത്ത് ക്ലബ്ബ് കോ–ഓഡിനേഷൻ കമ്മറ്റി ശക്തിപ്പെടുത്തൽ	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യൂത്ത് ക്ലബ്ബ് കോ ഓഡിനേഷൻ കമ്മറ്റി ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ നെഹ്റു യുവകേന്ദ്ര

2.	ആർട്സ് & സ്പോർട്സ് ക്ലബ്ബുകളെ ശക്തിപ്പെടുത്തുക	(1) ക്ലബ്ബുകളെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡുകളായി തിരിക്കുക (2)ജില്ലയിലെ എ ഗ്രേഡ് ലഭിക്കാൻ അർഹതയുള്ള ക്ലബ്ബുകളുടെ എണ്ണം 50 ആയി ഉയർത്തുക (3) ക്ലബ്ബുകൾക്ക് പ്രവർത്തിക്കാനുള്ള സ്ഥല സൗകര്യം ഉറപ്പ് വരുത്തുക (4) പുതുതായി ഒരു വാർഡിൽ ഒരു ക്ലബ്ബ് ആരംഭിക്കുക	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
3.	കേരളോത്സവം ശക്തിപ്പെടുത്തുക	(1) കേരളോത്സവത്തിന്റെ സംഘാടക സമിതി യൂത്ത് ക്ലബ്ബ് ഏകോപനസമിതിക്ക് കൂടുതൽ പ്രാതിനിധ്യം നൽകുന്ന രീതിയിലാക്കുക (2) കേരളോത്സവം ക്ലബ്ബുകൾ തമ്മിലുള്ള മത്സരമാക്കുക (3) ഗാമ പഞ്ചായത്ത് തല മത്സരങ്ങളിൽ വേ ത്ര മത്സരങ്ങളില്ലാത്തവ ബ്ലോക്ക് തലത്തിലോ ജില്ലാ തലത്തിലോ ആരംഭിക്കുന്ന രീതിയിലാക്കുക ഗ്രാമ/ബ്ലോക്കുതല കേരളോത്സവങ്ങൾ അവധി സമയമായ ഏപ്രിൽ മേയ് മാസങ്ങളിൽ നടത്തുക ജില്ലാ കേരളോത്സവം ഓണാഘോഷത്തോടനുബന്ധിച്ചും അതിനു പിന്നാലെ സംസ്ഥാന മത്സരങ്ങളും നടത്തുക	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
4.	യുവജന സേവന കേന്ദ്രങ്ങൾ രൂപീകരിക്കുക	(1) പി.എസ്.സി/യു.പി.എസ്.സി പരീക്ഷാ രജിസ്ട്രേഷൻ, പഠനം, വിവിധ സർക്കാർ സേവനങ്ങൾ എന്നിവക്ക് യുവജനങ്ങൾക്ക് സഹായകമായരീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കുക (2) ആർട്സ് & സ്പോർട്സ് ക്ലബ്ബിനെ ശക്തിപ്പെടുത്തി	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

		സേവന കേന്ദ്രമാക്കുക യാണ് വേ ത്. .	
5	യുവ ജനങ്ങൾക്കാവ ശ്യമായ പരിശീ ലനം നൽകുക	(1) തൊഴിൽ വിദ്യഭ്യാസ മാർഗ്ഗനിർദ്ദേശം (2)സൗജന്യ ട്യൂഷൻ (3) പി.എസ്.സി/യു.പി.എ സ്.സി പരീക്ഷാപരിശീലനം (4) വ്യക്തിത്വ വികസന ക്യാമ്പ് (5) കൗൺസിലിംഗ് (6)വിവാഹപൂർവ്വ കൗൺസെലിംഗ് (7)സാമ്പത്തിക സാക്ഷരത	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ നെഹ്റു യുവകേന്ദ്ര തൊഴിൽ വകുപ്പ് ആർട്സ് & സ്പോർട്സ് ക്ലബ്ബു കൾ
6	കേരളോത്സവ ങ്ങൾക്ക് മുന്നോ ടിയായി പരിശീ ലനം	കലാ പരിശീലനങ്ങൾ ക്ലബ്ബ ടിസ്ഥാനത്തിൽ നടത്താം	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ലബ്ബുകൾ
7	സാംസ്കാരിക –കലാ പ്രവർത്ത നങ്ങൾ ശക്തി പ്പെടുത്തുക	(1) സാഹിത്യ ക്യാമ്പ് (2) ചിത്രരചനാ ക്യാമ്പ് (3)പുസ്തക ചർച്ച (4) ശിൽപ നിർമ്മാണ ക്യാമ്പ് (5) സിനിമാ ക്യാമ്പ് (6) നാടൻപാട്ട് ക്യാമ്പ്	സാഹിത്യ അക്കാദമി ചിത്രകലാ അക്കാദമി സംഗീത നാടക അക്കാദമി ചലചിത്ര അക്കാദമി ഫോക്ക്ലോർ അക്കാദമി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ലൈബ്രറി കൗൺസിൽ ആർട്സ് & സ്പോർട്സ് ക്ലബ്ബു കൾ
8	സ്വയം തൊഴിൽ സംരംഭകങ്ങൾ ശക്തിപ്പെടു ത്തുക	(1) സംരംഭത്വ പരിശീലനം (2) മാർഗ്ഗനിർദ്ദേശം (3) സ്വയം തൊഴിൽ വായ്പകൾ അർഹരായിട്ടു ള്ളവർക്ക് നൽകുക	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തൊഴിൽ വകുപ്പ് വ്യവസായ വകുപ്പ് ജില്ലാ പഞ്ചായത്ത്ഖാദി വില്ലേജ്ഇൻഡസ്ട്രിയൽബോർഡ്
9	മദ്യം –മയക്കുമ രുന്ന് ബോധ വൽക്കരണം	(1) ബോധവൽക്കരണം (2) ലഹരി –വിമുക്ത കേന്ദ്ര ങ്ങൾ (3)വോള ിയർ പരിശീ ലനം (4)ലഭ്യത തടയാനുള്ള പ്രവർത്തനം (5) കൗൺസെലിംഗ്	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് എക്സൈസ് ജില്ലാ ഭരണകൂടം തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ ആർട്സ് & സ്പോർട്സ് ക്ലബ്ബു കൾ വായനശാലകൾ വിദ്യഭ്യാസ വകുപ്പ് പോലീസ് വകുപ്പ്
10	അഡ്വഞ്ചർ ആക്ടിവിറ്റീസ് പ്രോത്സാഹിപ്പി ക്കുക	(1) നാഷണൽ അഡ്വഞ്ചർ അക്കാദമിയുടെ പ്രകൃതി പഠനം മുഖ്യവിഷയമാക്കി ജില്ലയിൽ ഒരു സബ്ബ് സെന്റർ സ്ഥാപിക്കുക	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നാഷണൽ അഡ്വഞ്ചർ അക്കാദമി ,ദേവികുളം ജില്ലാ ഭരണകൂടം

		(2) ക്ലബ്ബുകളിലും ഹയർ സെക്ക റികളിലും അഡ്വ ഞ്ചർ ക്ലബ്ബ് രൂപീകരിക്കുക (3) അഡ്വഞ്ചർ ആക്ടിവി റ്റീസ് പ്രോത്സാഹിപ്പിക്കുക (4) ജില്ലാതല കേരളോത്സ വത്തോടനുബന്ധിച്ച് അഡ്വ ഞ്ചർഫെസ്റ്റ് നടത്തുക.ജേ താക്കൾക്ക് സർട്ടിഫിക്കറ്റ് നൽകുക. (5) അഡ്വഞ്ചർഫെസ്റ്റ് ജേ താക്കൾക്ക് പോലീസ് സെലക്ഷനിൽ വെയിറ്റേജ് നൽകുക (6) അഡ്വഞ്ചർ ആക്ടിവി റ്റീസ് നടത്തുന്ന ഇൻസ്ട്ര ക്ടർമാർ യോഗ്യതയുള്ളവ രാണെന്ന് ഉറപ്പ് വരുത്തുക (7) എല്ലാ തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങളിലും യുവകർമ്മസേന രൂപീക രിച്ച് പ്രഥമ ശുശ്രൂഷയിൽ പരിശീലനം നൽകുക	തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ വിദ്യഭ്യാസ വകുപ്പ്
11	പരിസ്ഥിതി സംരക്ഷണം	(1) ആർട്സ് & സ്പോർട്സ് ക്ലബ്ബുകളെ ഹരിതകേരളം പദ്ധതിയിൽ പങ്കാളികളാ ക്കുക (2) വനം പ്രകൃതി,നദീ സംരക്ഷണത്തിന് പദ്ധതി തയ്യാറാക്കി പ്രവർത്തിക്കുക	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ മണ്ണ് സംരക്ഷണ വകുപ്പ് വനം വകുപ്പ് ആർട്സ് & സ്പോർട്സ് ക്ലബ്ബു കൾ വായനശാലകൾ വിദ്യഭ്യാസ വകുപ്പ് ജില്ലാ ഭരണകൂടം

4.14.5. മേൽത്തട്ട് നിർദ്ദേശം

1. നിലവിലുള്ള തിരു കൊച്ചി നിയമവും മലബാർ നിയമവും ഏകീകരിച്ച് ക്ലബ്ബുകളുടെ രജിസ്ട്രേഷ നുവേ ി കേരള ചാരിറ്റബിൾ സൊസൈറ്റി ആക്ട് രൂപീകരിക്കുക, ക്ലബ്ബുകളുടെ രജിസ്ട്രേഷന് പ്രത്യേക വ്യവസ്ഥകൾ രൂപീകരിക്കുക.
2. ക്ലബ്ബുകളുടെ കെട്ടിടം പണിയാൻ എം.എൽ.എ, എം.പി ഫ ിൽ നിന്ന് തുകയനുവദിക്കുക
3. യുവജനപഠനകേന്ദ്രം വയനാട് കേന്ദ്രമാക്കി ആരംഭിക്കുക
4. സംസ്ഥാന കേരളോത്സവത്തോടനുബന്ധിച്ച് അഡ്വഞ്ചർ ഫെസ്റ്റ് നടത്തുക. വിജയികൾക്ക് സർട്ടി ഫിക്കറ്റും പ്രൈസ് മണിയും നൽകുക
5. അഡ്വഞ്ചർ ഇൻസ്ട്രക്ടർമാരെ പരിശീലിപ്പിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന തെക്കേ ഇന്ത്യയിലെ ഏക സ്ഥാപനമായി ഇടുക്കി ദേവികുളത്തെ നാഷണൽ അഡ്വഞ്ചർ അക്കാദമിയെ വികസിപ്പിക്കു

പട്ടിക 4.14.8.

.കായിക മേഖല

ക്രമ നമ്പർ	വികസന കാഴ്ച പ്പാട്	പ്രവർത്തനം	ഏജൻസികൾ
(1)	സ്പോർട്സ് രംഗത്ത് ഏകോ പനം കൊ ുവ രിക	(1) മത്സര സ്പോർട്സ് ഇന ങ്ങളിൽ പരിശീലനം നൽകുന്നതിന് വിദ്യാലയ ങ്ങൾ , സ്പോർട്സ് അസോസിയേഷനുകൾ ക്ലബ്ബുകൾ എന്നിവയുടെ പരിപാടികൾ സംയോജിപ്പി ക്കുക, ജില്ലാതല വാർഷിക പദ്ധതി തയ്യാറാക്കുക (2) സ്ക്കൂൾ – കായികാ ദ്ധ്യാപകരുടെയും സ്പോർട്സ് കൗൺസിൽ കോച്ചുകൾ എന്നിവരു ടെയും പ്രവർത്തലം പൊതുവായ ഒരു പദ്ധതി യുടെ അടിസ്ഥാനത്തിലാ യിരിക്കണം	സ്പോർട്സ് കൗൺസിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ വിദ്യഭ്യാസ വകുപ്പ് കേരള സംസ്ഥാന യുവ ജനക്ഷേമബോർഡ് യൂത്ത് ക്ലബ്ബ് ഏകോപന സമിതി ഗെയിംസ് അസോസിയേഷൻ
(2)	അന്താരാഷ്ട്ര കായിക മത്സര ങ്ങളിൽ മെഡൽ നേടാൻ യുവാ ക്കളെ പ്രാപ്തര രാക്കുക	(1) ഒളിമ്പിക്സ് , ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ മെഡൽ നേടാൻ യുവാ ക്കളെ പ്രാപ്തരാക്കുക (2) സ്ക്കൂൾ കോളേജ് മത്സരങ്ങൾ, കേരളോത്സവ വിജയികൾ എന്നിവരെ തെരഞ്ഞെടുത്ത് പരിശീ ലനം നൽകുക (3)മത്സരങ്ങൾക്കായുള്ള കായിക ഇനങ്ങൾക്കും വ്യായാമത്തിനും ആരോഗ്യ സംരക്ഷണത്തിനും ഒരേ പ്രാധാന്യം നൽകണം	സ്പോർട്സ് കൗൺസിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ
3	ജീവിതശൈലീ രോഗങ്ങൾ അക റ്റുക	(1) കബഡി, വോളി ബോൾ,ഫുട് ബോൾ, ബാഡ്മിന്റൺ,കിളിത്തട്ട് തുടങ്ങിയ നാടൻ കളികളും പ്രോത്സാഹിപ്പിക്കുക (2) മുൻപറഞ്ഞ കളികളിൽ പരിശീലനവും ടൂർണ മെന്റും നടത്തുക (3) കളരിപ്പയറ്റ് സാർവത്രി കമാക്കുക എല്ലാവരേയും പഠിപ്പിക്കുക (4) കേരളോത്സവങ്ങൾ ഗ്രാമീണ കായികോത്സങ്ങ ളാക്കുക	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ ജില്ലാ ഭരണകൂടം കളരിപ്പയറ്റ് അസോസിയേഷൻ ആർട്സ് & സ്പോർട്സ് ക്ലബ്ബു കൾ

4	അഡ്വഞ്ചർ ആക്ടിവിറ്റീസ് പ്രോത്സാഹിപ്പിക്കുക കളരിപ്പയറ്റ് എന്ന കേരളീയ കായിക ഇനം പ്രചരിപ്പിക്കുക	(1) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ആർട്സ് & സ്പോർട്സ് ക്ലബ്ബുകളുടെ മുൻകൈയിൽ ഒരു കളരിപ്പയറ്റ് പരിശീലനകേന്ദ്രം ആരംഭിക്കുക (2)സ്കൂളുകളിൽ കളരിപ്പയറ്റ് പരിശീലനം നടപ്പാക്കുക	കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സ്പോർട്സ് കൗൺസിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ കളരിപ്പയറ്റ് അസോസിയേഷൻ
(5)	നീന്തൽ പ്രോത്സാഹിപ്പിക്കുക	(1) ഒരു പഞ്ചായത്തിൽ ഒര നീന്തൽ കുളമെങ്കിലും വികസിപ്പിക്കുക (2) നീന്തൽപരിശീലനം പരിശീലിപ്പിക്കുക.	സ്പോർട്സ് കൗൺസിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്
(6)	കളിസ്ഥല ലഭ്യത ഉറപ്പ് വരുത്തുക	ഒരു ഗ്രാമ പഞ്ചായത്തിന് ഒരു ഗ്രൗങ്കിലും വികസിപ്പിക്കുക	ജില്ലാ ഭരണകൂടം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്പോർട്സ് കൗൺസിൽ

സംസ്ഥാനത്തെ ആദ്യത്തെ യുവജന കായിക പഠനകേന്ദ്രം വയനാട് ജില്ലയിൽ ആരംഭിക്കാവുന്നതാണ്.സ്കൂളുകളിൽ കളരിപ്പയറ്റ് പരിശീലനം നടപ്പാക്കുക

4.14.8..സംഗ്രഹം

സംസ്കാരം യുവജനക്ഷേമ കായിക മേഖലയുടെ പ്രത്യേകത ആ കാലത്ത് സർക്കാർ ഏജൻസികളുടെ ഇടപെടൽ പരിമിതമാണ് എന്നതാണ്. ലൈബ്രറി കൗൺസിൽ , കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സ്പോർട്സ് കൗൺസിൽ തുടങ്ങിയ ഏജൻസികൾ പ്രവർത്തിക്കുന്നുങ്കിലും സമഗ്രമായ ഒരു പദ്ധതി മേഖലാടിസ്ഥാനത്തിൽ രൂപീകരിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞില്ല . സാംസ്കാരിക യുവജനക്ഷേമ കായിക മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളായ ലൈബ്രറികൾ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ , സാംസ്കാരിക കൂട്ടായ്മകൾ ഫിലിം സൊസൈറ്റികൾ തുടങ്ങിയ സംഘടനകൾ സ്വന്തം പദ്ധതികളനുസരിച്ച് പ്രവർത്തിക്കുന്നത് സർക്കാരിതര സംഘടനകളുടെ ശക്തി രൂപീകരിക്കാൻ കഴിയേ താണ്. സംസ്കാരം യുവജനക്ഷേമ – കായിക മേഖലകളിൽ ഗ്രാമപഞ്ചായത്തുതലം മുതൽ ജില്ലാ തലം വരെ യൂത്ത് ക്ലബ്ബ് കോ – ഓർഡിനേഷൻ കമ്മറ്റികൾ വാർഷിക പദ്ധതികൾ തയ്യാറാക്കേ താണ്. വാർഷിക പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകി നടപ്പാക്കാനുള്ള നടപടിയുാകണം.

******

തൊഴിൽ



തൊഴിലും നൈപുണ്യവും

4.15. ആമുഖം

വിസ്തൃതമായ ഒരു തൊഴിൽ മേഖലയാണ് വയനാട് ജില്ലക്കുള്ളത്. ജില്ലയുടെ വികസനത്തിന് തൊഴിൽ മേഖല വഹിക്കുന്ന പങ്ക് വളരെയേറെയാണ്. വിവിധ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കിടയിലേക്ക് ഇറങ്ങിച്ചെല്ലാനും തൊഴിലാളികൾക്കിടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കാനും ഇവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും തൊഴിൽ വകുപ്പ് ശ്രദ്ധ ചെലുത്തുകയും, നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു ്. തൊഴിൽ നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് തൊഴിലാളികൾക്ക് ലഭിക്കേ ആനുകൂല്യങ്ങളും മിനിമം വേതനവും ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുന്നു. വയനാട് ജില്ലയിലെ തൊഴിൽ മേഖലയുടെ വ്യാപ്തി, തൊഴിലാളികൾ നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ തൊഴിൽ മേഖലയുടെ വികസനകാഴ്ചപ്പാടുകൾ എന്നിവ സംബന്ധിച്ച ഒരു അവലോകനം ഈ പദ്ധതിയിലൂടെ അവതരിപ്പിക്കുന്നു.

4.15.1. തൊഴിൽ വകുപ്പ് – വയനാട്

വയനാട് ജില്ലയിൽ തൊഴിൽ വകുപ്പിന് കീഴിൽ ആസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസും മൂന്ന് താലൂക്കുകളിലും ഓരോ അസിസ്റ്റന്റ് ലേബർ ഓഫീസും കൽപ്പറ്റ, മാനന്തവാടി എന്നീസ്ഥലങ്ങൾ ആസ്ഥാനമായി പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസ് എന്നിവയും പ്രവർത്തിക്കുന്നു, ഈ ജില്ലയിലെ ഗ്രാറ്റുവിറ്റി കേസുകൾ കോഴിക്കോട് ഡെപ്യൂട്ടി ലേബർ കമ്മീഷണറും കൈകാര്യം ചെയ്തുവരുന്നു.

4.15.1.1. തൊഴിൽ മേഖല

തോട്ടം തൊഴിലാളികൾ, വിവിധ ക്ഷേമനിധി ബോർഡിനുകീഴിൽ വരുന്ന തൊഴിലാളികൾ, ഇതര സംസ്ഥാനതൊഴിലാളികൾ, കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ, മരംകയറ്റ തൊഴിലാളികൾ, എന്നിവരുൾപ്പെട്ട ഒരു തൊഴിൽ മേഖലയാണ് വയനാട് ജില്ലയ്ക്കുള്ളത്. ടി തൊഴിൽ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ വിവരങ്ങൾ ചുവടെ പറയുന്നു.

പട്ടിക 4.15.1.

തോട്ടം തൊഴിലാളികൾ

വിള	തോട്ടങ്ങളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം
തേയില	30	5518
കാപ്പി	142	689
ഏലം	11	50

അവലംബം– തൊഴിൽ വകുപ്പ്

തോട്ടം തൊഴിലാളികളുടെ സംരക്ഷണത്തിനും ഇവർക്കിടയിൽ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി കൽപ്പറ്റ, മാനന്തവാടി, പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ മുഖേന പ്ലാന്റേഷൻ മേഖലകളിൽ പരിശോധന നടത്തുകയും തൊഴിൽ നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

പട്ടിക 4.15.2.

പ്ലാന്റേഷൻ മേഖലയിലെ ലയങ്ങളുടെ വിവരങ്ങൾ

കൽപ്പറ്റ

ക്രമ നമ്പർ	തോട്ടത്തിന്റെ പേര്	ലയങ്ങളുടെ എണ്ണം
1	ഹാരിസൺസ് മലയാളം ലിമിറ്റഡ്, ചുേ ൽ എസ്റ്റേറ്റ്	243 മുറികൾ
2	ഹാരിസൺസ് മലയാളം ലിമിറ്റഡ്,അച്ചൂർ എസ്റ്റേറ്റ്	547 മുറികൾ
3	ഹാരിസൺസ് മലയാളം ലിമിറ്റഡ്,സെന്റിനൽ റോക്ക് എസ്റ്റേറ്റ്	550 മുറികൾ
4	ഹാരിസൺസ് മലയാളം ലിമിറ്റഡ്, പോഡാർ പ്ലാന്റേഷൻസ്	550 മുറികൾ
5	ഹാരിസൺസ് മലയാളം ലിമിറ്റഡ്,അരപ്പറ്റ എസ്റ്റേറ്റ്	1003 മുറികൾ
6	ഹാരിസൺസ് മലയാളം ലിമിറ്റഡ്,ചുളിക്ക എസ്റ്റേറ്റ്	257 മുറികൾ
7	ഹാരിസൺസ് മലയാളം ലിമിറ്റഡ്,ചെമ്പ്ര എസ്റ്റേറ്റ്	228 മുറികൾ
8	ഹാരിസൺസ് മലയാളം ലിമിറ്റഡ്,എൽസ്റ്റൺ എസ്റ്റേറ്റ്	263 മുറികൾ
9	ഹാരിസൺസ് മലയാളം ലിമിറ്റഡ്,ചേലോട്ട് എസ്റ്റേറ്റ്	152 മുറികൾ
10	ഹാരിസൺസ് മലയാളം ലിമിറ്റഡ്,കുറിച്യാർമല പ്ലാന്റേഷൻസ്	170 മുറികൾ

അവലംബം- തൊഴിൽ വകുപ്പ്

പട്ടിക4.15.3

മാനന്തവാടി

ക്രമ നമ്പർ	തോട്ടത്തിന്റെ പേര്	ലയങ്ങളുടെ എണ്ണം
1	പാരിസൺസ് എസ്റ്റേറ്റ്, ചിറക്കര, മാനന്തവാടി.	132 മുറികൾ
2	പാരിസൺസ് എസ്റ്റേറ്റ്, തലപ്പുഴ, മാനന്തവാടി	197മുറികൾ
3	പാരിസൺസ് എസ്റ്റേറ്റ്, ജെസ്സി, മാനന്തവാടി	83 മുറികൾ
4	പാരിസൺസ് എസ്റ്റേറ്റ്, തേറ്റമല, മാനന്തവാടി	80 മുറികൾ
5	വയനാട് ടീ പ്ലാന്റേഷൻ പ്രൊജക്ട്, കമ്പാല കെ.എഫ്.ഡി.സി. മാനന്തവാടി.	95 മുറികൾ
6	പ്രിയദർശിനി എസ്റ്റേറ്റ്, പഞ്ചാരകൊല്ലി, മാനന്തവാടി	91 മുറികൾ
7	പീവീസ് പ്ലാന്റേഷൻസ് എസ്റ്റേറ്റ്, തോൽപ്പെട്ടി, മാനന്തവാടി	19 മുറികൾ
8	ബാർഗിരി എ എസ്റ്റേറ്റ്, തോൽപ്പെട്ടി മാനന്തവാടി.	2 മുറികൾ
9	എൻ.എസ്.എസ്.എസ്റ്റേറ്റ്, പനത്തടി, കാസർഗോഡ്	7 മുറികൾ
10	പുതുക്കാട് എസ്റ്റേറ്റ്, ചീമേനി, കണ്ണൂർ	8 മുറികൾ

പട്ടിക4.15.4.

വിവിധ ക്ഷേമനിധി ബോർഡിനുകീഴിൽ വരുന്ന തൊഴിലാളികൾ

ക്ഷേമനിധി ബോർഡ്	തൊഴിലാളികളുടെ എണ്ണം
കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്	123757
തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്	14111
കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്	23821
ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്	

അവലംബം- തൊഴിൽ വകുപ്പ്

4.15.2. ഇതര സംസ്ഥാന തൊഴിലാളികൾ

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, വയനാട് ജില്ലാ ഓഫീസിൽ രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം 5629.

4.15.3.കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള തൊഴിലാളികൾ

കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള സ്ഥാപനങ്ങളിൽ വയനാട് ജില്ലയിലുള്ള തൊഴിലാളികളുടെ എണ്ണം – സ്ത്രീ 6333, പുരുഷൻ 11156 ആകെ 17489.

4.15.4. അസംഘടിത തൊഴിലാളി ക്ഷേമപദ്ധതി

അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായമായി 2,000/– രൂപ അനുവദിക്കുന്നു. ഇത് കാൻസർ, വൃക്ക, ഹൃദയ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, പക്ഷാഘാതം തുടങ്ങിയ അസുഖങ്ങൾക്കാണ്.2017 – 18 സാമ്പത്തിക വർഷം വരെ90 തൊഴിലാളികൾക്ക് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടു ്.

4.15.5.കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി

മരംകയറ്റ തൊഴിൽ ചെയ്യുന്നതിനിടെ അപകടം പറ്റുകയും തുടർന്ന് ജോലി ചെയ്യാൻ കഴിയാത്തവിധം അവശരാകുന്ന തൊഴിലാളികൾക്ക് പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായം – 50,000/– രൂപയും അപകടത്തിൽ മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിക്കുന്ന ധനസഹായം – 1,00,000/– രൂപയുമാണ്. നാളിതുവരെ ഈ കാര്യാലയത്തിൽ നിന്നും 390 തൊഴിലാളികൾക്ക് ഇത്തരത്തിൽ ധനസഹായം അനുവദിച്ചിട്ടു ്.

4.15.6.തൊഴിൽ മേഖലകളിലെ വികസനം തൊഴിൽ വകുപ്പിലൂടെ

4.15.6.1. വേതന സുരക്ഷാ പദ്ധതി

തൊഴിലാളികളെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിനും അവർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായും മിനിമം വേതന നിയമപ്രകാരമുള്ള വിവിധങ്ങളായ രജിസ്റ്ററുകളും റിക്കാർഡുകളും സൂക്ഷിക്കുന്നതിൽനിന്നും തൊഴിലുടമയെ ഒഴിവാക്കുന്നതിനായും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് വേതന സുരക്ഷാ പദ്ധതി (ഡബ്ല്യു.പി.എസ്). ടി പദ്ധതിയിലൂടെ സ്വകാര്യമേഖലയിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ വേതനവും മറ്റ് ബത്തകളും ജീവനക്കാരുടെ സേവിംഗ്സ് ബാങ്ക് അക്കൗ ിലേക്ക് നൽകുന്നു.

ലേബർ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.lc.kerala.gov.in മുഖേന വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം ഓൺലൈൻ രജിസ്ട്രേഷൻ, പുതുക്കൽ തുടങ്ങിയവ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. വേതന സുരക്ഷാ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസിൽ സ്ഥാപനത്തിന്റെ ഇ–മെയിൽ ഐ.ഡി, വേതനം വിതരണം ചെയ്യുന്നതിനുള്ള കറന്റ് അക്കൗ ് വിവരങ്ങൾ, വൺടൈം പാസ്സ് വേർഡ് ലഭിക്കുന്നതിനുള്ള മൊബൈൽ നമ്പർ എന്നിവയും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങളും നൽകേ താണ്. ഈ പദ്ധതിയുമായി സഹകരിച്ചുപ്രവർത്തിക്കുന്ന ബാങ്കുകളിലായിരിക്കണം സ്ഥാപനത്തിന് കറന്റ് അക്കൗ ് ഉ ായിരിക്കേ ത്. തൊഴിലുടമ ശമ്പളമായി ജീവനക്കാർക്ക് നൽകുവാൻ ഉദ്ദേശിക്കുന്ന തുക അതാത് മാസം വേതന സുരക്ഷാപദ്ധതി മുഖേന അപ്ലോഡ് ചെയ്ത് ട്രാൻസ്ഫർ ചെയ്യുന്ന മുറയ്ക്ക് ജീവനക്കാരുടെ അക്കൗ ുകളിലേക്ക് തൊഴിലുടമയുടെ നിർദ്ദിഷ്ട കറന്റ് അക്കൗ ിൽ നിന്നും തുക പിൻവലിക്കപ്പെട്ട് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യും.

വേതന സുരക്ഷാപദ്ധതിയിൽ പങ്കാളികളാകുന്ന സ്ഥാപനങ്ങളിൽ വിവിധ തൊഴിൽ നിയമങ്ങൾ അനുശാസിക്കുന്ന രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേ തില്ല. കൂടാതെ വകുപ്പ്

നടപ്പാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ ഗ്രേഡിങ്ങിൽ വേതന സുരക്ഷാ പദ്ധതി മുഖേന വേതനം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണനയും ലഭിക്കുന്നതാണ്. 20–ൽ അധികം തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം വേതനം വിതരണം ചെയ്യാൻ കഴിയുക. ജില്ലയിലെ 197 സ്ഥാപനങ്ങൾ ഇപ്രകാരം വേതനം നൽകിവരുന്നു ്. കൂടുതൽ തൊഴിലുടമകളെ ഈ പദ്ധതിയിൽ കൊ ുവരുന്ന ഊർജ്ജിത നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നു.

4.15.6.2.'ആവാസ്' – ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷൂറൻസ് പദ്ധതി

ഇതര സംസ്ഥാന തൊഴിലാളികൾക്കായി 'ആവാസ്' എന്ന പേരിൽ ആവിഷ്ക്കരിച്ചിട്ടുള്ള ആരോഗ്യ ഇൻഷൂറൻസ് പദ്ധതി 2017 നവംബർ 1–ന് ബഹു. മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തു. 18–നും 60–നും ഇടയിലുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഈ പദ്ധതിയിൽ അംഗമാകാം. അംഗമാകുന്നതൊഴിലാളിക്ക് അപകടമരണം സംഭവിക്കുകയാണെങ്കിൽ കുടുംബത്തിന്2 ലക്ഷം രൂപ അപകട ഇൻഷൂറൻസും, സർക്കാർ ആശുപത്രികളിൽ നിന്നോ, ഈ ആവശ്യത്തിനായി എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽനിന്നോ 15000/– രൂപവരെ സൗജന്യ ചികിത്സാച്ചിലവും ലഭ്യമാക്കുന്നു.

4.15.6.3. ഇതര സംസ്ഥാന തൊഴിലാളികൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പും, ബോധവത്ക്കരണവും

ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ തൊഴിൽ നിയമ ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിക്കുന്നു.

4.15.6.4. ഗ്രേഡിംഗ്

സംസ്ഥാനത്തെ വ്യാപാര വ്യവസായ സ്ഥാപനങ്ങളെ അവരുടെ പ്രവർത്തന സംവിധാന–തൊഴിലാളി ക്ഷേമ സംരംഭങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഗ്രേഡിംഗ് നടത്തുന്നതിനുള്ള പദ്ധതി തൊഴിൽ വകുപ്പ് ആവിഷ്കരിച്ചുവരുന്നു. ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ – റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്വല്ലറികൾ, ഐടി സ്ഥാപനങ്ങൾ, സെക്യൂരിറ്റി എന്നീ മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മികച്ച തൊഴിൽ ദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, സ്ഥാപനങ്ങളിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം, സ്ത്രീ സൗഹൃദ അന്തരീക്ഷം, തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ, തൊഴിലിടങ്ങളിലെ സുരക്ഷ എന്നീ മാനദണ്ഡങ്ങൾ പാലിച്ചാണ് ഗ്രേഡിംഗ് നിർണയിക്കുന്നത്.

4.15.6.5. സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതി (ആർ.എസ്.ബി.വൈ)

അസംഘടിത മേകലയിലെ തൊഴിലാളികളുടേയും, ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടേയും ആരോഗ്യ സംരക്ഷണവും, സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ഇൻഷൂറൻസ് പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന(ആർഎസ്.ബി.വൈ). ടി പദ്ധതിയുടെ നടത്തിപ്പിനായി തൊഴിൽ വകുപ്പ് ചിയാക് എന്ന ഏജൻസി രൂപീകരിച്ചിട്ടു ്. പ്രസ്തുത ഏജൻസി മുഖേന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ജില്ലാ ലേബർ ഓഫീസർ പദ്ധതിയുടെ കൺവീനർ സ്ഥാനം വഹിക്കുകയും പദ്ധതിയുടെ നടത്തിപ്പിന് നേതൃത്വം നൽകുകയും

ചെയ്യുന്നു. വയനാട് ജില്ലയിൽ ഏകദേശം 122000 കുടുംബങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാവുന്നു ്.

4.15.6.6. അപ്നാഘർ – ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേ ിയുള്ള ഭവന പദ്ധതി

ഇതര സംസ്ഥാന തൊഴിലാളികൾക്കായി 'അപ്നാഘർ' എന്ന പേരിൽ തൊഴിൽ വകുപ്പ് ഭവന പദ്ധതി നടപ്പിലാക്കിയിട്ടു ്. ടി പദ്ധതിയിലൂടെ തൊഴിലാളികൾക്ക് കുറഞ്ഞ വാടക നിരക്കിൽ പാർപ്പിട സൗകര്യം ലഭ്യമാക്കുന്നു. തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഭവനം ഫൗേ ഷൻ കേരള എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ തൊഴിലാളികൾക്കായി പാർപ്പിട സൗകര്യം ഒരുക്കുന്നു. ആദ്യ സംരംഭം 8.5 കോടി ചെലവിൽ പാലക്കാട് കിൻഫ്ര പാർക്കിൽ നടപ്പിലാക്കിയിട്ടു ്. 44200 സ്ക്വയർ ഫീറ്റിൽ തീർത്ത കെട്ടിട സമുച്ചയത്തിൽ 600 തൊഴിലാളികൾക്ക് വരെ താമസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടു ്. എറണാകുളം തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ അപ്നാഘർ പ്രൊജക്ടിന്റെ അടുത്ത സംരംഭം ആരംഭിക്കുന്നതിനുള്ള നടപടി തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നു.

4.15.6.7.എൻഫോഴ്സ്മെന്റ് വിഭാഗം

തൊഴിൽ വകുപ്പിൽ 28 ഓളം വരുന്ന വിവിധ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനായി വയനാട് ജില്ലാ ലേബർ ഓഫീസർ, താലൂക്കുകളിലായി 3 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, മാനന്തവാടി, കൽപ്പറ്റ എന്നീ സ്ഥാലങ്ങളിലായി പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ എന്നിങ്ങനെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടു ്. തൊഴിൽ തർക്കങ്ങളിൽ പ്രശ്ന പരിഹാരമു ാക്കുന്നതുസംബന്ധിച്ച് വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ തർക്കങ്ങളിൽ പ്രശ്നപരിഹാരത്തിനായി 1947–ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം ജില്ലാ ലേബർ ഓഫീസർ, ഡെപ്യൂട്ടി ലേബർ ഓഫീസർ എന്നീ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടു ്.

4.15.7.വികസന കാഴ്ചപ്പാട്

- തോട്ടം തൊഴിലാളികളുടെ മിനിമം കൂലി 18000/– രൂപയായി വർദ്ധിപ്പിക്കുക.

- തോട്ടം തൊഴിലാളികൾക്കുള്ള ഭവനപദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക, ലൈഫ് മിഷൻ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള ഭവനം നിർമ്മിക്കുന്നതിനുള്ള ഭൂമി കേ ത്തുന്നതിനായി നടപടി സ്വീകരിക്കുക,
- തോട്ടം തൊഴിലാളികൾക്ക് മാരക രോഗങ്ങൾക്ക് ചികിത്സാ ധന സഹായം അനുവദിക്കുക,
- തോട്ടം തൊഴിലാളികളുടെകുട്ടികൾക്ക് ഉന്നത വിദ്യാഭാസത്തിനുള്ള സ്കോളർഷിപ്പ് അനുവദിക്കുക,
- തോട്ടം തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധന സഹായം അനുവദിക്കുക.
- വൻകിട തോട്ടങ്ങൾ സ്ഥിതിചെയ്യുന്ന വയനാട് ജില്ലയിലെ ഗ്രാറ്റുവിറ്റി കേസുകളുടെ ബാഹുല്യം കണക്കിലെടുത്ത് വയനാട് ജില്ലക്ക് മാത്രമായി ഒരു ഡെപ്യൂട്ടി ലേബർ കമ്മീഷണറെ നിയോഗിക്കേ താണ്.
- ഷോപ്പുകളിലും വിവിധ സ്ഥാപനങ്ങളിലും തൊഴിൽ ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ കുട്ടികൾക്കായി താലൂക്ക് കേന്ദ്രങ്ങളിൽ ക്രഷ് സൗകര്യം ഏർപ്പെടുത്തുക.

- ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് ആർ.എസ്.ബി.വൈ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുക.
- ജില്ലയിൽ വളർന്നു വരുന്ന തൊഴിൽ മേഖലകളിൽ വിദഗ്ധ പരിശീലനം കഴിഞ്ഞവരുടെ കുറവുള്ളതിനാൽ ജില്ലാതലത്തിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ ഒരുക്കാവുന്നതാണ്.
- ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആയ പോളിടെക്നിക്, ഐ.റ്റി.ഐ, എഞ്ചിനീയറിംഗ് കോളേജ് എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ സഹായത്തോടെ എൽ.എസ്.ജിയുടെ വിവിധ മെയിന്റനൻസ് പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.
- വൻകിട തോട്ടങ്ങൾ കൂടാതെ ജില്ലയിൽ വളർന്നുവന്ന വിവിധ തൊഴിൽ സ്ഥാപനങ്ങളുടെയും തൊഴിലാളികളുടേയും എണ്ണം കണക്കിലെടുത്ത് തൊഴിൽ വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ മറ്റു ജില്ലകളെപ്പോലെ തന്നെ എൻഫോഴ്സ്മെന്റ്, ജനറൽ വിഭാഗത്തിന്റെ ഓരോ ജില്ലാ ലേബർ ഓഫീസർമാരുടെ സേവനം ഉറപ്പുവരുത്താവുന്നതാണ്. ആയതിനാൽ, ഒരു ജില്ലാ ലേബർ ഓഫീസറുടെ അധിക തസ്തിക കൂടി സൃഷ്ടിക്കാൻ സർക്കാരിലേക്ക് ശുപാർശ ചെയ്യാവുന്നതാണ്.

*****

സഹകരണം

4.16. ആമുഖം

ലോകത്തെ ഏറ്റവും വലിയ സഹകരണ പ്രസ്ഥാനങ്ങളിലൊന്നാണ് ഇന്ത്യയിലേത്. കേരളത്തിലാവട്ടെ സാമൂഹ്യജീവിതത്തിൻറെ സമസ്ത മേഖലകളിലും വ്യാപിച്ചുകിടക്കുന്ന അതിശക്തമായ ഒരു പ്രസ്ഥാനമായി സഹകരണമേഖല വളർന്നുകഴിഞ്ഞു. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും വായ്പ നൽകുന്നതിനുള്ള സംവിധാനം എന്നതിൽനിന്ന് ഉത്പാദനം വിപണനം ഭക്ഷ്യസംസ്കരണം, ഉപഭോഗം, ഭവനം, ഗതാഗതം, തൊഴിൽ, ആരോഗ്യം സംസ്കാരം മുതലായ പ്രധാനമേഖലകളിലെല്ലാം സഹകരണപ്രസ്ഥാനം വ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ ഇന്ന് സഹകരണ രജിസ്ട്രറുടെ നിയന്ത്രണത്തിൽവരുന്ന 15428 സഹകരണ സംഘങ്ങളും വ്യവസായം, ക്ഷീരവികസനം, കയർ, കൈത്തറി മുതലായ മേഖലകളിലായി 17000ൽ പരം സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സഹകരണ മേഖലയിലെ ഏറ്റവും ശക്തമായ വിഭാഗം വായ്പാ സഹകരണ സംഘങ്ങൾ തന്നെയാണ്. വാണിജ്യ ബാങ്കുകൾ ഹെക്ടറൊന്നിന് 3.00 ലക്ഷം രൂപ കാർഷിക വായ്പ നൽകുമ്പോൾ സഹകരണ സ്ഥാപനങ്ങൾ 3.75 ലക്ഷം രൂപ വരെയാണ് വായ്പ നൽകുന്നത്. കേരളത്തിൽ കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനം വഹിക്കുന്ന സുപ്രധാന പങ്ക് ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട്. ക്രെഡിറ്റ് മേഖലയിൽ മാത്രമല്ല വിപണനം, ഉപഭോഗം, ഉല്പാദനം എന്നിങ്ങനെ ഒട്ടെല്ലാ സാമ്പത്തിക മേഖലകളിലും സഹകരണ പ്രസ്ഥാനം ചുവടുറപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കയർ, കൈത്തറി, ബീഡി, കുടിൽ വ്യവസായങ്ങൾ തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ പുന.സംഘടിപ്പിച്ചു കഴിഞ്ഞു. പാലുല്പാദനത്തിൻറെ സിംഹഭാഗവും സഹകരണ മേഖലയിലാണ്. ഉപഭോക്തൃ സഹകരണ ശൃംഖല വിപുലമാണ്. പൊതുവിതരണത്തിനായി നീതിസ്റ്റോറുകൾ ഈ രംഗത്തെ പുതിയൊരു ചുവടുവയ്പാണ്. വനിതകൾ, പട്ടികജാതി, പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർക്കായി പ്രത്യേക സഹകരണ ശൃംഖലകൾ ഉണ്ട്. ഇങ്ങനെ ജീവിതത്തിൻറെ സമസ്തമേഖലകളിലും വിദ്യാഭ്യാസ-ആരോഗ്യ-സാംസ്കാരിക മേഖലകളുമെല്ലാം സഹകരണ പ്രസ്ഥാനം ശക്തമാണ്.

4.16.1. ജില്ലയിലെ അവസ്ഥ

വയനാട് ജില്ലയിൽ സഹകരണ വകുപ്പിന് കീഴിൽ 436 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. ജില്ലയിലെ കാർഷിക വായ്പാ മേഖലയുടെ മുഖ്യ ശ്രോതസ്സായ ജില്ലാ സഹകരണ ബാങ്കും, മധ്യകാല ദീർഘകാല കാർഷിക വായ്പ നൽകുന്ന 3 കാർഷിക വികസന ബാങ്കുകളും ഹ്രസ്വകാല വായ്പ നൽകുന്ന 27 പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും ഉൾപ്പെട്ടതാണ് ജില്ലയിലെ സഹകരണ കാർഷിക വായ്പാ മേഖല. ഇവ കൂടാതെ കാർഷികേതര വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾ ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, കൺസ്യൂമർ മേഖലയിലെ സഹകരണ സംഘങ്ങൾ വിപണന സഹകരണ സംഘങ്ങൾ പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർ വനിതകൾ തുടങ്ങിയ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ളസഹകരണ സംഘങ്ങൾ സ്കൂൾ, കോളേജ് സഹകരണ സ്റ്റോറുകൾ എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങൾ, ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ തുടങ്ങിയവയും ഈ മേഖലയിൽ പ്രവർത്തിക്കുന്നു. പട്ടിക ജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ജെ.ഡി.സി പരിശീലനം നൽകുന്നതിനുള്ള ഒരു പരിശീലന കേന്ദ്രം കരണിയിൽ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ വകുപ്പ് ക്ഷീര വകുപ്പ് ഖാദി ഗ്രാമ വ്യവസായ ബോർഡ്, ഫിഷറീസ് വകുപ്പ് എന്നിവയുടെ കീഴിലുള്ള സഹകരണ സംഘങ്ങൾ ഇവയ്ക്ക് പുറമേയാണ്.

പട്ടിക 4.16.1.

ക്രമ നം.	ഇനം	എണ്ണം
01.	ജില്ലാസഹകരണ ബേങ്ക്	1
02.	പിഎസ്.സി.എ.	31
03.	പിബി.ഡി.ആർ.എ.സി.	3
04.	അർബൻ സഹകരണ ബാങ്കുകൾ	1
05.	അർബൻ സഹകരണ സംഘങ്ങൾ	2
06.	മൊത്തവ്യാപാര സഹകരണ സംഘം	1
07	അഗ്രികൾച്ചർ ഇംപ്രൂവ്മെൻറ്	16
08.	പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ ബാങ്കുകൾ	50
09.	പ്രാഥമിക ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ	12
10.	എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങൾ	8
11.	വനിത സഹകരണ സംഘങ്ങൾ	29
12.	ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ	47
13.	സ്കൂൾ, കോളേജ് സഹകരണ സ്റ്റോറുകൾ	84
14.	മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ	52
15.	എംപ്ലോയീസ് സഹകരണ സംഘങ്ങൾ	34
16	ഹൌസിംഗ് സഹകരണ സംഘങ്ങള്	08
17	സോഷ്യല് വെല്ഫയര് സഹകരണ സംഘങ്ങള്	14
18	ആശുപത്രി സഹകരണ സംഘങ്ങള്	03
19	നോണ് അഗ്രീകള്ച്ചറല് സഹകരണ സംഘങ്ങള്	04
20	മോട്ടോര് ട്രാന്സ്പോര്ട്ട് സഹകരണ സംഘങ്ങള്	04
21	പലവക സഹകരണ സംഘങ്ങള്	17
22	ഫാമിംഗ് സഹകരണ സംഘം	02
23	കോമേഴ്സ്യല് സഹകരണ സംഘം	13
	ആകെ	436

സംസ്ഥാനതല അപ്പക്സ് സംഘങ്ങളായ കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് ബാങ്ക്, കേരള സ്റ്റേറ്റ് അഗ്രികൾച്ചറൽ &റൂറൽ ഡവലപ്മെൻറ് ബാങ്ക്, മാർക്കറ്റിംഗ് ഫെഡറേഷൻ, എസ്.സി/എസ്.റ്റി ഫെഡറേഷൻ, സെറിഫെഡ്, റെയ്ഡ്കോ, സാഹിത്യപ്രവർത്തന സഹകരണ സംഘം (എൽ.ബി.എസ്), കോമാർക്ക് (കർണ്ണാടക) എന്നിവയുടെയും എൻ.എം.ഡി.സി യുടെയും ശാഖകൾ വയനാട് ജില്ലയിൽ പ്രവത്തിച്ചു വരുന്നുണ്ട്.

4.16.2. നിർദ്ദേശങ്ങൾ

- കാർഷിക പ്രാധാന്യമുള്ള ജില്ലയെന്ന നിലയിൽ സമ്പൂർണ്ണ കാർഷിക വികസനം ലക്ഷ്യം വെച്ചുള്ള സഹകരണ സംഘങ്ങൾ ജില്ലയ്ക്ക് അനിവാര്യമാണ്. നിലവിലെ പ്രാഥമിക കാർഷിക സംഘങ്ങൾ കാർഷികാനുബന്ധ വായ്പകൾ നൽകുന്നതിൽ പിറകിലാണ്. ജില്ലയുടെ വൈവിധ്യമാർന്ന വിളവുകൾ തിരിച്ചറിഞ്ഞ് സമയബന്ധിതമായി വായ്പാ ലഭ്യത ഉറപ്പാക്കാൻ സാധിക്കണം. ജില്ലയിലെ വായ്പാ സഹകരണ സ്ഥാപനങ്ങളുടെ സെൻട്രൽ ബാങ്കായ വയനാട് ജില്ലാ സഹകരണ ബാങ്കിന് ഇക്കാര്യത്തിൽ മുഖ്യമായൊരു റോളുണ്ടാകണം.

- ജില്ലയിൽ വനിതാ സഹകരണ സംഘങ്ങളുടെ എണ്ണം വളരെ കുറവാണ്. പ്രവർത്തന ക്ഷമതയുള്ള കൂടുതൽ സംഘങ്ങൾ രൂപീകരിക്കാനും പ്രവർത്തിക്കുന്നവയെ കാര്യക്ഷമമാക്കാനും വകുപ്പും സഹകാരികളും ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.
- ജില്ലയിൽ 12ഓളം കൺസ്യൂമർ സഹകരണ സംഘങ്ങൾ രേഖകളിൽ കാണുന്നുണ്ടെങ്കിലും വെറും 4എണ്ണം മാത്രമേ പ്രവർത്തിക്കുന്നതായുള്ളൂ, ബാക്കിയെല്ലാം പ്രവർത്തന രഹിതമോ സമസ്തീകരണ ഘട്ടത്തിലോ ആണ്. ഉപഭോക്തൃ മേഖല ഇന്ന് ശക്തമാകേണ്ടത് സാധാരണക്കാരൻറെ ആവശ്യമാണ്. ജില്ലാ മൊത്തവ്യാപാര സഹകരണ സംഘത്തിൻറെ പ്രവർത്തനം മെച്ചപ്പെടുത്തി പ്രാഥമിക ഉപഭോക്തൃ സംഘങ്ങൾ വഴി നിത്യോപയോഗ സാധനങ്ങൾ ഉപഭോക്താവിന് ലഭ്യമാക്കാൻ വഴിയൊരുക്കേണ്ടതുണ്ട്.
- വളരെ കുറവ് പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളെ ജില്ലയിൽ സജീവമായി പ്രവർത്തിക്കുന്നവയായിട്ടുള്ളു. നിരവധി കേന്ദ്രാവിഷ്കൃത-സംസ്ഥാന ഫണ്ടുകൾ ഈ മേഖലയിൽ ലഭ്യമാണെങ്കിലും ഫലപ്രദമായ വിനിയോഗവും പരിശോധനയും ഉണ്ടായാൽ മാത്രമേ ഗുണപ്രദമാവൂ. വനവിഭവങ്ങളുടെയും ആദിവാസി പാരമ്പര്യ ഉൽപന്നങ്ങളുടെയും വിപണനം എന്നിവ ഈ സംഘങ്ങൾ വഴിയാവണം.
- ജില്ലക്ക് ടൂറിസത്തിന് അനന്ത സാധ്യതകളാണുള്ളത്. എന്നാൽ പ്രവർത്തനക്ഷമമായ ഒരു സംഘം പോലും ഈ വിഭാഗത്തിൽ ജില്ലയിലില്ല. പുതിയ ടൂറിസം സംഘങ്ങളോ നിലവിലെ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ഈ സാധ്യത ഉൾപ്പെടുത്തി വിപുലപ്പെടുത്തുന്നതിനോ ശ്രമിക്കേണ്ടതാണ്.

4.16.3. കാർഷിക സേവന കേന്ദ്രം

വയനാട് ജില്ലയിലെ 2കാർഷിക സേവന കേന്ദ്രങ്ങൾ നല്ല നിലവിൽ പ്രവർത്തിച്ചു വരുന്നു. വെള്ളമുണ്ട സർവ്വീസ് സഹകരണ ബാങ്കിൻറെ കീഴിലും തവിഞ്ഞാൽ സർവ്വീസ് സഹകരണ ബാങ്കിൻറെ കീഴിലും. ടി ബാങ്കുകൾക്ക് ഇതുവരെ ധനസഹായമായി 75ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. തവിഞ്ഞാൽ സർവ്വീസ് സഹകരണ ബാങ്കിന് കർഷക സേവന കേന്ദ്രത്തിൽ നൂതന പ്രവർത്തനങ്ങൾ മണ്ണ് സംരക്ഷണം എന്നിവ നടത്തുന്നതിനായി 25 ലക്ഷം രൂപയും മുള്ളൻകൊല്ലി സർവ്വീസ് സഹകരണ ബാങ്കിന് 5 ലക്ഷം രൂപ പ്രവർത്തന മൂലധനമായും ലഭിച്ചിട്ടുണ്ട്. 201617 സാമ്പത്തിക വർഷം ലഭിച്ച തുകകൾ വിനിയോഗിച്ചുവരുന്നു.

വിപണന മേഖല വളരെയധികം മത്സരോന്മുഖമായ ഈ സാഹചര്യത്തിൽ പരമാവധി സേവനങ്ങൾ വളരെ വേഗതയിൽ മെച്ചപ്പെട്ടരീതിയിൽ പ്രദാനം ചെയ്യാൻ സാധിക്കുന്നവർ മാത്രം ഏത് മേഖലയിലും വിജയിക്കുന്ന സാഹചര്യമാണിന്ന്. ഉപഭോക്താവിന് ഒരു പ്രധാന സ്ഥാനം നൽകികൊണ്ടുള്ള വിപണന നയം മാത്രമേ വിജയിക്കുകയുള്ളു. നിത്യോപയോഗ സാധനങ്ങളുടെ വില ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വില നിയന്ത്രണത്തിനായി നീതി, നന്മ സ്റ്റോറുകളുടെ പ്രവർത്തനം ഉപയോഗപ്പെടുത്താനും തദ്ദേശവാസികളായ കർഷകരിൽ നിന്നും വിഷമുക്തമായ നാടൻ പച്ചക്കറികളും അരിയും സംഭരിക്കുകയും ന്യായവിലക്ക് ജനങ്ങളിലെത്തിക്കാനും പ്രൊജക്ട് വഴി സംഘം പ്രവർത്തനം കാഴ്ചവെക്കാവുന്നതാണ്.

4.16.4. എസ്.സി/എസ്.റ്റി

201617 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്ക് പ്രവർത്തനത്തിനുള്ള ഗ്രാൻറിനത്തിൽ 10,00,000/ രൂപ അനുവദിച്ചു നൽകി. തവിഞ്ഞാൽ പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘം, വയനാട് എസ്.സി/എസ്.റ്റി കൺസ്ട്രക്ഷൻ സഹകരണ സംഘം, വയനാട് ജില്ലാ മൾട്ടിപർപ്പസ് പട്ടികവർഗ്ഗ സഹകരണസംഘം, മേപ്പാടി പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘം, തിരുനെല്ലി പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘം എന്നിവയ്ക്ക് 2,00,000/ രൂപ വീതം പ്രവർത്തന മൂലധനഗ്രാൻറ്

അനുവദിച്ചു നൽകിയത്, വനവിഭവങ്ങളുടെ ശേഖരണം കരാർ പണികൾ എന്നിവയ്ക്കായി ടി ഇക സംഘങ്ങൾ വിനിയോഗിച്ചു. കെട്ടിട പുനരുദ്ധാരണ ഗ്രാൻറിനത്തിൽ തിരുനെല്ലി പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘത്തിന് 5,00,000/ രൂപ അനുവദിച്ചുനൽകിയിരുന്നു. സംഘത്തിൻറെ നിലവിലുള്ള കെട്ടിടം അറ്റകുറ്റപണികൾ നടത്തുന്നതിന് ടി ഇക വിനിയോഗിച്ചു. മനേജീരിയൽ സബ്സിഡി ഇനത്തിൽ വയനാട് ജില്ലാ മൾട്ടിപർപ്പസ് പട്ടികവർഗ്ഗ സഹകരണസംഘം തവിഞ്ഞാൽ പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘം എന്നിവയ്ക്ക് 60,000/ രൂപ വീതവും മേപ്പാടി പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘത്തിന് 36,000/ രൂപയും അനുവദിച്ചുനൽകി. ടി ഇക സംഘങ്ങളിലെ സ്ഥിരം ജീവനക്കാരുടെ വേതനം നൽകുന്നതിന് വിനിയോഗിച്ചു. മേപ്പാടി പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘത്തിന് 2,00,000/ രൂപയും വയനാട് എസ്.സി/എസ്.റ്റി കൺസ്ട്രക്ഷൻ സഹകരണ സംഘത്തിന് 3,00,000/ രൂപയും 201617 പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചു നൽകിയിട്ടുണ്ട്. ടി ഇക ബന്ധപ്പെട്ട സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുണ്ട്.

4.16.5. സഹകരണ മേഖലയിലൂടെ ശക്തിപ്പെടുത്താവുന്ന വികസന സാധ്യതകൾ

4.16.5.1. കാർഷിക രംഗം

വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ, വയനാട് ജില്ലാ സഹകരണ ബാങ്കിൻറെ ശാഖകൾ മറ്റ് കാർഷിക വായ്പാ സംഘങ്ങൾ എന്നിവയുടെ പിൻബലത്തിൽ ജില്ലയിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്താനാവും. കാപ്പി, നെല്ല്, സുഗന്ധ ദ്രവ്യങ്ങൾ, പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയ കാർഷിക വിഭവങ്ങളുടെ പ്രോത്സാഹനം സഹകരണ സംഘങ്ങൾ വഴി നൽകാനാവുന്നതാണ്.

വർദ്ധിച്ചുവരുന്ന കൃഷിചെലവുകൾ ഉൽപ്പാദന പ്രക്രിയ ലാഭകരമല്ലാതാക്കിയിരിക്കുകയാണ്. ജില്ലാ സഹകരണ ബാങ്ക് നേതൃത്വം നൽകി തയ്യാറാക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസ് ആണ് ജില്ലയിലെ എല്ലാ ദേശസാൽകൃത-സഹകരണ ഗ്രാമീണ ബാങ്കുകളുടെയും കാർഷിക വായ്പാ തോത് നിർണയിക്കുന്നത്. കൃത്യമായ കൃഷി ചെലവ് കണക്കായി വായ്പ അളവ് ക്രമപ്പെടുത്തി കൃഷിക്കാലത്തിനനുസരിച്ച് കർഷകരെ വായ്പ നൽകി സഹായിക്കാൻ സഹകരണ മേഖലയ്ക്ക് സാധിക്കും.

4.16.5.1.1. .കോഫീ ബ്രാൻറിംങ്

വയനാടൻ കോഫിയെ പ്രോത്സാഹിപ്പിക്കുവാനും വയനാടൻ കോഫി എന്ന ബ്രാൻറിംഗിൽ അവ വിപണിയിൽ ലഭ്യമാക്കാനും കോഫി മേഖലയിൽ പുതിയ സഹകരണ സ്ഥാപനമോ നിലവിലുള്ളവയെ പുനരുജ്ജീവിപ്പിക്കുകയോ ആവശ്യമാണ്. ഉൽപ്പാദിപ്പിച്ചെടുക്കുന്നവയ്ക്ക് ഒറ്റ ബ്രാൻറിൽ പുറത്തിറങ്ങുന്ന രീതിയിൽ വിപണന സാധ്യതകളും കണ്ടെത്തണം.

4.16.5.1.2. നെൽ കൃഷി

അത്യുൽപാദനശേഷിയുള്ള നെൽകൃഷിക്ക് പ്രസിദ്ധമാണ് വയനാട്. തരിശ്ശു നിലങ്ങൾ ജല-ലഭ്യത ഉറപ്പാക്കിയാൽ നെൽകൃഷി ലാഭകരമാക്കാനാകും. സഹകരണ ബാങ്കുകൾക്ക് സബ്സിഡിയിലൂടെ കുറഞ്ഞ പലിശ നിരക്കിൽ കർഷകരെ സഹായിക്കാനുമാകും. നെല്ല സംഭരണത്തിനും വിപണനത്തിനും ജില്ലാ തലത്തിൽ ഏകീകൃതമായ രീതിയിൽ സഹകരണ സംഭരണം വിപണന സംഘങ്ങൾക്ക് രൂപനൽകാനാകും.

4.16.5.1.3.. പച്ചക്കറിയും പഴവർഗ്ഗങ്ങളും

പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ വയനാടൻ കാലാവസ്ഥയ്ക്ക് ഇണങ്ങുന്നവയാണ്. സഹകരണ കാർഷിക ചന്തകൾ വഴിയോ നിലവിലെ സഹകരണ സംവിധാനം വഴിയോ അത്തരം കൃഷിരീതിക്ക് വായ്പ ലഭ്യമാക്കാനും ഉൽപ്പന്ന വിപണനത്തിനും സൗകര്യമൊരുക്കാനാകും.

4.16.5.1.4..സുഗന്ധദ്രവ്യങ്ങൾ

വയനാടൻ മഞ്ഞൾ,കുരുമുളക്, ഇഞ്ചി, ഏലം എന്നിവയെയും സഹകരണ മേഖലയിലൂടെ വായ്പാ, വിപണനം എന്നീ സൗകര്യങ്ങൾ ലഭ്യമാക്കാനാകും.

4.16.5.1.5. ക്ഷീരം

മികച്ച ക്ഷീര സംഘങ്ങൾ വയനാടിൻറെ പ്രത്യേകതയാണ്. ഇവിടെ ലഭ്യമാക്കുന്ന തീറ്റപ്പുല്ല്, കാലിവളം എന്നിവ മാത്രം മതി ഈ മേഖലയ്ക്ക് വളരുവാൻ. ക്ഷീരമേഖലയിൽ നിലവിലുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്ന രീതിയിൽ കൂടുതൽ പേർക്ക് കന്നുകാലികളെ വളർത്തുന്നതിനും പാലുൽപ്പാദത്തിനും വായ്പ ലഭ്യമാക്കാൻ സഹകരണ മേഖലയ്ക്ക് സാധിക്കും.

മേൽ സൂചിപ്പിച്ച കാർഷിക വിഭവങ്ങളിൽ ജൈവാധിഷ്ഠിത കൃഷിയിന്ന് പ്രചാരം നേടിയിരിക്കുകയാണ്. ഇതിൽ ജൈവ പച്ചക്കറി, കാപ്പി, സുഗന്ധദ്രവ്യങ്ങൾ എന്നിവയ്ക്ക് പ്രത്യേകമായ വിപണനകേന്ദ്രങ്ങൾ ജില്ലയിലെ സഹകരണ സംഘങ്ങൾക്ക് തുറക്കാനാകും.

4.16.5.1.6. ജില്ലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ

1. സെൻറിനൽ റോക്ക് എസ്റ്റേറ്റ് എംപ്ലോയീസ് സഹകരണ സംഘം.
2. മാനന്തവാടി താലൂക്ക് ഉപഭോക്തൃ സഹകരണ സ്റ്റോർ.
3. ചെറക്കര എസ്റ്റേറ്റ് സഹകരണ സ്റ്റോർ ക്ലിപ്തം നമ്പർ സി.267.
4. തേറ്റമല എസ്റ്റേറ്റ് എംപ്ലോയീസ് സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ സി.269.
5. മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘം

കൺസ്യൂമർ സഹകരണ സംഘംങ്ങൾക്ക് യഥാസമയം കൺസ്യൂമർ ഫെഡിൽ നിന്നും സാധനങ്ങൾ ലഭിക്കാതെ വരുന്നതിനാൽ പ്രവർത്തനം നടത്തുന്നതിലേക്ക് സ്വകാര്യ മൊത്തകച്ചവടക്കാരെ ആശ്രയിക്കേണ്ടതായി വരുന്നു. ഇതുമൂലം പൊതു മാർക്കറ്റിലെ വിലയ്ക്കോ അതിൽ കൂടിയ വിലക്കോ സാധനങ്ങൾ വിൽക്കേണ്ടി വരുന്നത് സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നു. ആയതിനാൽ കൺസ്യൂമർ ഫെഡിൽ നിന്നും യഥാസമയം സാധനങ്ങൾ ലഭ്യമാക്കുന്നതിലൂടെ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

സ്വകാര്യ സൂപ്പർമാർക്കറ്റുകളോടുംമറ്റും മത്സരിച്ച് നിൽക്കേണ്ടതിനാൽ ഉപഭോക്താക്കളെ ആകർഷിക്കത്തക്കരീതിയിൽ കെട്ടിലുംമട്ടിലും മാറ്റങ്ങൾ വരുത്തേണ്ടതും അതോടൊപ്പം കമ്പ്യൂട്ടർ വൽക്കരണം ഉൾപ്പടെയുള്ള ആധുനിക വൽക്കരണം നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. സ്റ്റോർ നല്ല രീതിയിൽ നടത്തിക്കൊണ്ട് പോകുന്നതിന് ജീവനക്കാർക്ക് കൺസ്യൂമർ ഫെഡിൻറെ നേതൃത്വത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ സ്റ്റോക്ക് തീരുന്ന മുറയ്ക്ക് ഗുണനിലവാരമുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിനും എല്ലാ സാധനങ്ങളും ഒരേ കുടക്കീഴിൽ ലഭിക്കുന്ന തരത്തിൽ സഹകരണ ഉപഭോക്തൃ സംഘങ്ങളെ സജ്ജമാക്കേണ്ടതാണ്.

4.16.5.2.. ടൂറിസം രംഗം

ടൂറിസ്സമാണ് വയനാടിന് നാളത്തെ പ്രതീക്ഷ നൽകുന്ന മേഖല. ഈ മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന് അനന്ത സാധ്യതകൾ കാണുന്നു.

ജില്ലയുടെ അടിസ്ഥാന സൗകര്യ വികസനം – അഭിവൃദ്ധിപ്പെട്ടാലെ പ്രാദേശിക– വിദേശ ടൂറിസ്റ്റുകളെ ജില്ലയിലേക്ക് ആകർഷിക്കാനാവൂ. ജില്ലയ്ക്കകത്തും പുറത്തുമുള്ള മികച്ച സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിച്ച് ജില്ലക്കാവശ്യമായ വലിയ ടൂറിസം പ്രൊജക്ടുകൾ ഏറ്റെടുക്കാനാവും.

വയനാട് ചുരത്തിലെ റോപ്-വേ സംവിധാനം, ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള റോഡ് സംവിധാനങ്ങൾ, ഹെലിടൂറിസ്റ്റ് സർവ്വീസുകൾ, ടൂറിസ്റ്റ് റിസോർട്ടുകൾ, കബനി ടൂറിസം എന്നിവ സഹകരണ സംവിധാനം വഴി ശക്തിപ്പെടുത്താനാവും. ജില്ലയിലെ പ്രധാന നഗരങ്ങളായ കൽപ്പറ്റ, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കുന്നതിനും സഹകരണ കൺസോർഷ്യം വഴി സാധ്യമാകും.

നിലവിലെ സഹകരണ സംഘങ്ങൾക്ക് പ്രാദേശിക ടൂറിസം പ്രോത്സാഹനത്തിന് ഹോംസ്റ്റേ വായ്പകൾ, റിസോർട്ട് നിർമ്മാണത്തിനുള്ള വായ്പകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വായ്പകൾ എന്നിവ നൽകാനാവും.

4.16.5.3. വ്യവസായം–വിപണനം

കൃഷിയാധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതാവും വയനാടിൻറെ പ്രകൃതി സന്തുലിതാവസ്ഥയെ ബാധിക്കാതിരിക്കാൻ ഉണകരമായത്. പരമ്പരാഗത ആദിവാസി ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും വിപണനത്തിനുമുള്ള ആദിവാസി ക്രാഫ്റ്റ് വില്ലേജുകൾ എന്ന ആശയം സഹകരണ മേഖലയിലൂടെ പ്രായോഗികമാക്കാവുന്നതാണ്. ഗന്ധകശാല പോലുള്ള അപൂർവ്വ നെല്ലിനങ്ങളുടെ സംസ്കരണത്തിനുള്ള റബ്ബറൈസ്ഡ് മില്ലുകൾ വയനാടിന് യോജിച്ചവയാണ്. സഹകരണ വിപണന സംവിധാനം വഴി അത് സാധ്യമാക്കാനാവും.ജില്ലയിൽ ലഭ്യമായ പഴവർഗ്ഗങ്ങൾ എന്നിവുടെ സംസ്കരണ യൂണിറ്റുകളും സംസ്കരണ സംവിധാനം വഴി സാധ്യമാക്കാം.

- **ഇൻഫർമേഷൻ ടെക്നോളജി**

ഇന്ത്യയിലെ ഏറ്റവും മികച്ച ഐ.ടി മേഖലയായ ബാംഗ്ലൂരുമായി ഏറ്റവും അടുത്തു നിൽക്കുന്നതും നിക്ഷേപകരെ ആകർഷിക്കുന്ന തരത്തിലുള്ള കാലാവസ്ഥ കൊണ്ടും അനുഗ്രഹീതമായ വയനാട് ജില്ലയിൽ സഹകരണ കൺസോർഷ്യം വഴി മികച്ച ഐ.ടി പാർക്കുകൾ സ്ഥാപിച്ചെടുക്കാനാവും.

4.16.5.4.പട്ടികജാതി / പട്ടികവർഗ്ഗം

ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ സഹകരണ സംഘങ്ങൾ ധാരാളം പ്രവർത്തിക്കുന്നുണ്ട്. ശരിയായ മേൽനോട്ടമോ പ്രവർത്തന സജ്ജരായ അംഗങ്ങളോ ഉണ്ടെങ്കിൽ അവയെല്ലാം ലാഭകരമായ രീതിയിൽ നടത്തുവാനാവും ആദിവാസി വിഭവങ്ങൾ കേരളത്തിൽ ഇന്ന് പ്രിയങ്കരങ്ങളാണ്, അവയുടെ ശേഖരണം സഹകരണ സംഘങ്ങൾ വഴി സാധ്യമാകും. വയനാടൻ തേൻ എന്ന ബ്രാൻറ് വിപുലപ്പെടുത്തി ആദിവാസി ഉന്നമനത്തിന് വലിയ സാധ്യത കാണുന്നു, വിപണനം കേന്ദീകൃതമാവണമെന്ന് വാദം.

ജില്ലയിലെ ഒരു ടൈബൽ വില്ലേജ് എന്നത് ആദിവാസി കല, ജീവിത രീതി, ചികിത്സാരീതി, എന്നിവ പുറം നാട്ടുകാർക്ക് മനസ്സിലാക്കികൊടുക്കാനും ദൈവാനുഗ്രഹങ്ങളായ കഴിവുകൾ അന്യം

നിന്നു പോവാതിരിക്കാനും ഉപകാരപ്പെടും. ഇത്തരമൊരു വില്ലേജും സഹകരണാടിസ്ഥാനത്തിൽ സാധ്യമാകും.

ആദിവാസി വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് മികച്ച പഠനത്തിനും പരിശീലനങ്ങൾക്കും സാധ്യമാകുന്ന വിധത്തിൽ മികച്ചൊരു പരിശീലന കേന്ദ്രവും സഹകരണ മേഖലയിലൂടെ സാധ്യമാകും. നിലവിൽ ഉള്ള സഹകരണ പരിശീലന കേന്ദ്രത്തിൻറെ ഘടന, പ്രവർത്തനം എന്നിവ മാറ്റിയെടുക്കുന്നതിലൂടെ അക്കാര്യം സാധ്യമാകും.

4.16.5.5. വനിതാ ശാക്തീകരണം

ഇതര ജില്ലകളെ അപേക്ഷിച്ച് വനിതാ സഹകരണ സംഘങ്ങൾ വയനാട് ജില്ലയിൽ വളരെ കുറവാണ്. വനിതകളുടെ സ്വയംതൊഴിൽ, വിദ്യാഭ്യാസം എന്നിവയെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ചെറുകിട വ്യവസായ യൂണിറ്റുകൾ, ഡ്രൈവിംഗ് സ്കൂളുകൾ, സഹകരണ വായ്പാ സംഘങ്ങൾ എന്നിവ സ്ഥാപിക്കാവുന്നതാണ്.

ജില്ലയിലെ നിലവിലെ സഹകരണ ബാങ്കുകൾ വനിതകൾക്ക് ഓട്ടോറിക്ഷ, ചെറുകിട കച്ചവടം, തയ്യൽ കേന്ദ്രങ്ങൾ എന്നിവയ്ക്ക് വായ്പകൾ ലഭ്യമാക്കുന്ന പക്ഷം ഈ ജില്ലയിലെ വനിതകൾക്ക് മികച്ച അവസരം സാധ്യമാകും.

മികവുറ്റ തൊഴിൽ നൈപുണ്യം നേടിയ വനിതകളെ കണ്ടെത്തുന്നതിന് വനിതാ ലേബർ ബാങ്ക് ജില്ലയിൽ സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്.

4.16.6. സേവന മേഖല

ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ മേഖലയിൽ സഹകരണ സംവിധാനം വഴി വൻ കുതിച്ചുചാട്ടം നടത്താനാവുമെന്ന് കേരളം തെളിയിച്ചിട്ടുണ്ട്. നിലവിലെ സഹകരണ സംഘങ്ങൾക്ക് തന്നെ ആരോഗ്യ രംഗത്ത് ക്ലിനിക്കുകൾ , ലാബുകൾ, മെഡിക്കൽ സ്റ്റോറുകൾ, ഡയാലിസിസ് സെൻറുകൾ എന്നിവ ആരംഭിക്കാനാവും.

സഹകരണാടിസ്ഥാനത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസ കേന്ദ്രങ്ങൾ, പാരലൽ വിദ്യാഭ്യാസ കേന്ദ്രങ്ങൾ, പരിശിലന കേന്ദ്രങ്ങൾ എന്നിവക്കും ജില്ലയിൽ സാധ്യതകൾ കാണുന്നു.വിദഗ്ദരായ കർഷക-കാർഷികേതര തൊഴിലാളികൾക്കായി ലേബർ ബാങ്കുകൾ രൂപീകരിക്കുക, ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ശക്തിപ്പെടുത്തുക എന്നിവ സഹകരണ പ്രസ്ഥാനത്തിലൂടെ ജില്ലയ്ക്ക് കൈവരിക്കാവുന്നവയാണ്.

4.16.7. പൊതു നിർദ്ദേശങ്ങളും സംയോജന സാധ്യതകളും

ജില്ലയിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ കൃഷി വകുപ്പിൻറെ പദ്ധതികൾ കൂടി ഉൾപ്പെടുത്തി സാധ്യതകൾ തേടാവുന്നതാണ്. കൃഷിഭവനുകൾ, സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകുപ്പുകൾ എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങൾ കാർഷിക മേഖലയുടെ വികസനത്തിന് അനിവാര്യമായിരിക്കും. ക്ഷീരം, പച്ചക്കറി, നെൽകൃഷി, പ്ലാൻറേഷൻ വിളകൾ എന്നിവയ്ക്കും ഇത്തരത്തിലുള്ള കൂട്ടായ്മ നിർണ്ണായകമാണ്.

പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ പദ്ധതികളും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും പൊതുവിൽ ഗുണഭോക്താക്കളെ ഉദ്ദേശിച്ചാണ് നടപ്പിലാക്കുന്നത്. ഇക്കാര്യത്തിൽ പദ്ധതി വിഹിതങ്ങളിൽ ഏകോപനം വികസന ലക്ഷ്യം നേടുന്നതിന് ഏറെ ഗുണകരമാകുമെന്നതിൽ സംശയമില്ല.

- കാർഷിക വിളകളുടെ മാർക്കറ്റിങ്ങിന് സഹകരണ മേഖലയുടെ ഇടപെടൽ അനിവാര്യമാണ്

- കാർഷിക സേവന കേന്ദ്രങ്ങൾ കൂടുതൽ ഫലപ്രദമാക്കണം . ജില്ലയിലെ എല്ലാ പ്രാഥമിക സംഘങ്ങളും കർഷകരുടെ ഉന്നമനത്തിനായി പ്രവർത്തിക്കണം
- ചഇഉഇ സഹായത്തോടെ വിവിധ സേവന പ്രവർത്തനങ്ങൾ സംഘങ്ങൾ ഏറ്റെടുത്തു നടത്തണം .
- ജില്ലയിലെ പ്രാഥമിക സംഘങ്ങൾ ഇവിടെയെത്തുന്ന ടൂറിസ്റ്റുകൾക് മിതമായ നിരക്കിൽ യാത്ര ചെയ്യുന്നതിനുള്ള വാഹനങ്ങൾ വാടകക്ക് നല്കാൻ കഴിയണം .
- സഹകരണ കൺസോർഷ്യം ഉണ്ടാക്കി വിവിധ കാർഷിക ഉപകരണങ്ങൾ ബ്രാൻഡ് ചെയ്ത് ടൂറിസ്റ്റ കേന്ദ്രങ്ങളിൽ മാർക്കെറ്റ് ഔട്ലെറ്റുകൾ ഉണ്ടാക്കണം

4.16.8. സംഗ്രഹം

വയനാട് ജില്ലയുടെ അടുത്ത 5വർഷക്കാലത്തെ സഹകരണമേഖലയുടെ വികസന സാധ്യതകൾ വിലയിരുത്തലുകളാണ് ഇവിടെ ഉദ്ദേശിച്ചത്. വൈവിധ്യമാർന്ന സാധ്യതകൾ ഈ മേഖലയിലുണ്ടെന്ന് ഉപസമിതി അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായിട്ടുണ്ട്. ജില്ലയുടെ വലിപ്പം, കാലാവസ്ഥ, സാമ്പത്തിക സ്ഥിതി, സഹകരണ സാധ്യതകൾ എന്നിവയെല്ലാം പരിഗണിച്ചായിരുന്നു നിർദ്ദേശങ്ങൾ രൂപപ്പെടുത്തിയത്. ലക്ഷ്യബോധമുള്ള വകുപ്പ് ഉദ്യോഗസ്ഥരും, സഹകരണ സ്ഥാപന മാനേജ്മെൻറും ജീവനക്കാരും, തിരിച്ചറിവുള്ള അംഗങ്ങളുമുള്ള ഒരു സഹകരണ സമൂഹത്തിൽ അസാധ്യമായി ഒന്നുമില്ലെന്ന് സഹകരണ ചരിത്രം തെളിയിച്ചതാണ്. വയനാട് ജില്ലയുടെ കാര്യത്തിലും അതിന് മാറ്റമുണ്ടാവില്ലെന്ന് ഉറപ്പാണ്.

****

സഹകരണം

ഊർജ്ജം

ഊർജ്ജം

4.17. ആമുഖം

ഏതൊരു രാജ്യത്തിന്റെയും ഊര്ജ്ജലഭ്യതയും ഊര്ജ്ജ ഉപയോഗത്തിന്റെ തോതും ആ രാജ്യത്തിന്റെ വികസനത്തിന്റെ അളവുകോലായി കരുതപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിയ്ക്കുന്നത്. ഓരോ മനുഷ്യൻറെയും ദൈനംദിന ജീവിതം ഊര്ജ്ജത്തിന്റെ ഏതെങ്കിലും രൂപത്തിലുള്ള ഉപയോഗവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിയ്ക്കുന്നു. മാത്രവുമല്ല രാജ്യത്തിന്റെ അടിസ്ഥാന സൌകര്യവികസനവും സാമ്പത്തിക മേഖലയിലുള്ള വളര്ച്ചയും ഊര്ജ്ജ ലഭ്യതയും ഊര്ജ്ജ ഉപയോഗവുമായി നേരിട്ട് ബന്ധപ്പെട്ടരിക്കുന്നു. നമ്മുടെ രാജ്യത്ത് ലഭ്യമായ ചെറുതും വലുതുമായ ഊര്ജ്ജ ഉറവിടങ്ങളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേര്ക്കുന്നു.

4.17.1. ഊർജ്ജ ഉറവിടങ്ങൾ

പുനസ്ഥാപിക്കാൻ കഴിയാത്തവ	*പുനസ്ഥാപിക്കാൻ കഴിയുന്നവ*
കലക്കരി, ലിഗ്നൈറ്റ്	ജലത്തില് നിന്ന്
പെട്രോളിയം	കാറ്റില് നിന്നുളള ഊർജ്ജം
പ്രകൃതിവാതകം	സൂര്യപ്രകാശം
	ബയോഗ്യാസ്
	ജിയോ തെർമൽ

ചെലവുകുറഞ്ഞ ഉല്പ്പാദനവും അക്ഷയവും അല്ലാത്തതുമായ ഉറവിടങ്ങളില് നിന്നുളള ലഭ്യതയും, മറ്റ ഊര്ജ്ജ രൂപങ്ങളിലേക്ക് എളുപ്പത്തില് മാറ്റുവാനുളള സൌകര്യവും, ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് സംവഹിക്കാനുളള ലളിതമായ മാർഗ്ഗങ്ങളും വൈദ്യുതോര്ജ്ജത്തെ, മറ്റ ഊര്ജ്ജരൂപങ്ങളേക്കാള് സര്വ്വസാധാരണവും ജനപ്രിയവുമാക്കി മാറ്റിയിരിക്കുന്നു. ആയതിനാൽ ഊർജ്ജമേഖലയിലുളള ഭാവിപദ്ധതികള് വിഭാവനം ചെയ്യുമ്പോള് വൈദ്യുതി മേഖലയ്ക്ക് പ്രഥമ പരിഗണന ലഭിക്കുന്നത് സ്വാഭാവികമാണ്.

വൈദ്യുതിയുടെ പ്രതിശീർഷ ഉപയോഗം രാജ്യത്തിന്റെ വികസനത്തെ വിലയിരുത്താനുളള ഒരു തോത് ആയി ഇപ്പോള് അംഗീകിരിക്കപ്പെട്ടിട്ടുണ്ട്. 2016ലെ വിവരങ്ങള് പ്രകാരം ലോകത്തിലെ ശരാശരി പ്രതിശീർഷ വൈദ്യുത ഉപയോഗം 2674ആണ്. എന്നാല് വികസിത രാജ്യമായ അമേരിക്കയില് ഇത് 12077ഉം ഇന്ത്യയില് 1122ഉം കേരളത്തില് 737ഉം ആണ് വയനാട്ടിൽ ഇത് 356 മാത്രമാണ്.കേരളത്തിന്റെ വൈദ്യുതോര്ജ്ജ ഉപയോഗത്തിന്റെ തോത് പരിശോധിക്കുമ്പോള് വ്യവസായിക കാർഷിക മേഖലകളിലെ കുറഞ്ഞ വൈദ്യുതി ഉപയോഗമാണ് ഈ കുറഞ്ഞ പ്രതിശീർഷ നിരക്കിന് കാരണമായിരിക്കുന്നത് എന്ന് മനസ്സിലാക്കാം

4.17.2. ജില്ലയിലെ നിലവിലെ സ്ഥിതി

ജില്ലയിൽ നിലവിലുള്ള വ്യാവസായിക വൈദ്യുതി ഉപയോഗം ആകെയുള്ളതിന്റെ പതിനഞ്ച് ശതമാനത്തിൽ താഴെയും കാർഷിക വൈദ്യുതി ഉപയോഗം മൂന്ന് ശതമാനത്തിൽ താഴെയും ആണെന്ന് കാണുന്നു. ജില്ലയുടെ അടിസ്ഥാന മേഖലകളാകേണ്ട വ്യാവസായിക കാർഷിക മേഖലകളിൽ വർഷങ്ങൾക്കു ശേഷവും നിലനിൽക്കുന്ന പിന്നോക്കാവസ്ഥയുടെ സൂചകങ്ങളാണ് ഈ വസ്തുത എന്ന് കാണാം. ജില്ലയുടെയും സംസ്ഥാനത്തിന്റെയും ഉപഭോക്താക്കളുടെ എണ്ണവും ഉപയോഗ തോതും താരതമ്യം ചെയ്യുന്നത് ചുവടെ കൊടുക്കുന്നു.

പട്ടിക 4.17.1
വൈദ്യുത ഉപയോഗത്തിൻറെ മേഖല വിഭജനം

	വയനാട്		കേരളം (3132017)	
ഉപ്ഭോക്താക്കളുടെ തരം	എണ്ണം	ശരാശരി ഉപയോഗം (%)	എണ്ണം	ശരാശരി ഉപയോഗം(%)
ഗാര്ഹികം	221538	63	9124747	47
വാണിജ്യം	40854	16	1923402	21
കാര്ഷികം	4555	2.5	473882	1.5
വ്യവസായം	2271	14	136693	28
മറ്റുള്ളവ	4219	4.5	1739307	2.5
ആകെ	284465		11668031	

അവലംബം കെ.എസ്.ഇ.ബി, വയനാട്.

കേരളത്തിന്റെ ഊര്ജ്ജ ഉപയോഗവുമായി താരതമ്യം ചെയ്യുമ്പോള് വ്യവസായ മേഖലയില് ജില്ല വളരെ പിന്നിലാണെന്ന് കാണാം. എന്നാല് വാണിജ്യ മേഖലയിലെ ഉപയോഗം സംസ്ഥാന ശരാശരിയുമായി വലിയ അന്തരമില്ലാതെ നില്ക്കുന്നതായും കാണുന്നു. ജില്ലയിലെ വികസനത്തിന് ഒട്ടും ആശാ വഹമല്ലാത്ത ഉല്പ്പാദന മേഖലയിലെ മുരടിപ്പും ഉപഭോഗ മേഖലയിലെ വളര്ച്ചയുമാണ് ഇത് കാണിക്കുന്നത്.

വൈദ്യുതിയുടെ സുഗമമായ ലഭ്യതയും കാര്യക്ഷമമായ പ്രസരണ വിതരണ സംവിധാനങ്ങളും ഉറപ്പവരുത്തേണ്ടത് നമ്മുടെ ജില്ലയിലെ വ്യാവസായിക, കാര്ഷിക, വാണിജ്യ, ഗാര്ഹിക മേഖലകളുടെ വളര്ച്ചക്ക് അത്യന്താപേക്ഷിതമാണ്. സമ്പൂര്ണ്ണ വൈദ്യുതീകരണ പദ്ധതിയിലൂടെ ഗാര്ഹിക വൈദ്യുതീകരണ രംഗത്ത് കേരളത്തിലുണ്ടായ മുന്നേറ്റത്തിന്റെ ഭാഗമായി വയനാട് ജില്ലയും 27/05/2017ല് സമ്പൂര്ണ്ണമായി വൈദ്യുതീകരിക്കപ്പെട്ട ജില്ലയായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. പദ്ധതികള് വിഭാവനം ചെയ്യുമ്പോള് ഗാര്ഹികമേഖലയുടെ വൈദ്യുതീകരണത്തോടൊപ്പം തന്നെ അടിസ്ഥാന മേഖലകളിലേക്കും ഗുണമേന്മയുള്ള ഊര്ജ്ജ ലഭ്യത ഉറപ്പവരുത്തക്കവിധം ശ്രദ്ധചെലുത്തേണ്ടതുണ്ട്. വയനാട് ജില്ലയുടെ ഊര്ജ്ജമേഖലയുടെ നിലവിലെ സ്ഥിതി, ഭാവിയിലേക്ക് വിഭാവനം ചെയ്യേണ്ട പദ്ധതികള്,പ്രതിസന്ധികള്,സാധ്യതകള് എന്നിവ വിലയിരുത്താനാണ് ഈ റിപ്പോര്ട്ടിലൂടെ പരിശ്രമിക്കുന്നത്.

4.17.3.. ഊര്ജ്ജ മേഖലയുടെ നിലവിലെ അവസ്ഥ

ഊര്ജ്ജ മേഖലയെ വിശകലനം ചെയ്യുമ്പോഴും പദ്ധതികള് ആസൂത്രണം ചെയ്യുമ്പോഴും ഊര്ജ്ജ ലഭ്യത ഉറപ്പവരുത്തുന്നതിനായി ഉല്പ്പാദന മേഖലയെയും ലഭ്യമായ ഊര്ജ്ജത്തിന്റെ കാര്യക്ഷമമായ പ്രസരണം സാധ്യമാക്കുന്നതിനായി പ്രസരണ മേഖലയെയും ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കളില് എത്തിക്കാന് വിതരണ മേഖലയെയും പ്രത്യേകം പ്രത്യേകം കണ്ടുകൊണ്ടും ഊര്ജ്ജ സംരക്ഷണ പ്രവര്ത്തനങ്ങള് വ്യാപിപ്പിച്ചുകൊണ്ടുമുള്ള രീതിയാണ് ഏറ്റവും അഭികാമ്യം.

4.17.4. ഉല്പാദന മേഖലയുടെ തല്സ്ഥിതി

ഊര്ജ്ജ ഉല്പാദന മേഖലയില് വയനാട് ജില്ലയില് പാരമ്പര്യ ഊര്ജ്ജ ഉല്പാദന നിലയങ്ങളൊന്നും നിലവിലില്ല. ജില്ലയിലേക്കുള്ള വൈദ്യുതി 220കെ.വിയുടെ അരീക്കോട് കണിയാമ്പാറ്റ മൈസൂര് ലൈനിലൂടെയാണ് എത്തിക്കുന്നത്. പാരമ്പര്യേതര ഊര്ജ്ജ വിഭാഗത്തില് കാറ്റില് നിന്നും ഊര്ജ്ജം ഉല്പാദിപ്പിക്കുന്ന പദ്ധതികളില്ല. എന്നാല് സൌരോര്ജ്ജത്തില് നിന്നും വൈദ്യുതി ഉല്പ്പാദിപ്പിക്കുന്ന മൂന്ന് പദ്ധതികള് ജില്ലയില് പൂര്ത്തീകരിച്ച് പ്രവര്ത്തനം നടത്തുന്നത് അഭിമാനാര്ഹമായ നേട്ടം തന്നെയാണ്.

1. 400 KWPബാണാസുര സാഗര് ഡാം റൂഫ് ടോപ്പ് സോളാര് പ്ലാന്റ്
2. 10 KWPബാണാസുര സാഗര് ഫ്ലോട്ടിംഗ് സോളാര് പ്ലാന്റ്
3. 500 KWPബാണാസുര സാഗര് ഫ്ലോട്ടിംഗ് സോളാര് പ്ലാന്റ്

ഇതിനുപുറമെ കേരള സർക്കാറിന്റെ ഊർജ്ജ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അനർട്ട് മുഖേന പാരമ്പര്യേതര ഊർജ്ജ വിഭാഗത്തില് ഊജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ചെയ്തിട്ടുള്ള താഴെ പറയുന്ന പ്രവർത്തനങ്ങളും വയാനാടിന്റെ ഊർജ്ജ ലഭ്യതയ്ക്ക സഹായകരമാണ്.

- അനർട്ടിന്റെ സോളാർ കണക്ട് എന്ന ഓൺഗ്രിഡ് പദ്ധതി നിലവിലുണ്ട്. ഇതിന്റെ ഭാഗമായി 201415 ൽ40 കിലോവാട്ട് സ്ഥാപിതശേഷിയും, 201617 ൽ42 കിലോവാട്ട് സ്ഥാപിതശേഷിയും വർദ്ധിപ്പിക്കുവാന് സാധിച്ചിട്ടുണ്ട്.

- സോളാർ സ്മാർട്ട് എന്ന ഓഫ് ഗ്രിഡ് പദ്ധതിയിൽ142 വീടുകളിലായി 142 കിലോവാട്ട് ഊർജ്ജത്തിനുള്ള പദ്ധതികൾ201516ലും 201617ൽ33 വീടുകളിലായി 67 കിലോവാട്ട് ഊർജ്ജത്തിനുള്ള പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.

സൌരോർജ്ജ മേഖലയില് മൂന്ന് എണ്ണം പദ്ധതികള് കമ്മീഷന് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ജില്ലയിലെ പ്രതിദിന വൈദ്യുതി ഉപയോഗമായ 8 ലക്ഷം യുണിറ്റിന്റെ ഒരു ശതമാനം പോലും ഇപ്രകാരം ഉല്പ്പാദിപ്പിയ്ക്കാന് ഇതുവരെയും സാധിച്ചിട്ടില്ല. മാത്രവുമല്ല പീക്ക് സമയത്തെ ലഭ്യതക്കുറവും സോളാർ വൈദ്യുതിയുടെ പരിമിതിയാണ്.

4.17.5. പ്രസരണ മേഖലയുടെ തൽ സ്ഥിതി

ഊർജ്ജത്തിന്റെ സർവ്വസാധാരണ രൂപമെന്ന നിലയില് വൈദ്യുതോർജ്ജം കണക്കാക്കപ്പെടുന്നു. തദ്ദേശീയമായി ഉല്പ്പാദിപ്പിക്കുന്നതോ, സംസ്ഥാന, അന്തർ സംസ്ഥാന ഗ്രിഡില് നിന്നും ലഭിക്കുന്നതോ ആയ വൈദ്യുതോർജ്ജം കാര്യക്ഷമമായി ജില്ലയിലാകമാനം സംവഹിക്കുന്നതിന് സുശക്തമായ ഒരു പ്രസരണ സംവിധാനം ആവശ്യമാണ്. ആയതിനാല് ഉല്പ്പാദനമേഖലയെപ്പോലെ തന്നെയുള്ള പ്രാധാന്യം പ്രസരണ മേഖലയ്ക്കും ഉണ്ട്. വയനാട് ജില്ലയിലെ പ്രസരണ സംവിധാനത്തിന്റെ ഏകദേശം രൂപം ചുവടെക്കൊടുക്കുന്നു.

മൈസൂരില് നിന്നും 220കെ.വി അരീക്കോട് കണിയാമ്പറ്റ മൈസൂര് ലൈനിലൂടെ ലഭിക്കുന്ന വൈദ്യുതി കണിയാമ്പറ്റയില് സ്ഥാപിക്കപ്പെട്ടിട്ടുള്ള 220കെ.വി സബ് സ്റ്റേഷനില് സ്വീകരിച്ച് 66കെ.വി , 33കെ.വി വോള്ട്ടേജുകളിലേക്ക് താഴ്ത്തി, ജില്ലയിലെ വിവിധ സ്ഥലങ്ങളിലുള്ള സബ് സ്റ്റേഷനുകളില് എത്തിച്ച് വിതരണം നടത്തുന്നു.

പട്ടിക.4.17.2
ജില്ലയിലെ സബ് സ്റ്റേഷന്റെ വിവരങ്ങൾ

സബ് സ്റ്റേഷന്റെ പേര്	ശേഷി	66കെ.വി ഫീഡറുകള്	33കെ.വി ഫീഡറുകള്	11കെ.വി ഫീഡറുകള്
220കെ.വി സബ് സ്റ്റേഷന് കണിയാമ്പറ്റ	50 MVA x2= 100MVA	2	4	4
66കെ.വി സബ് സ്റ്റേഷന്,സുല്ത്താന് ബത്തേരി	10 MVA x2 = 20 MVA			4
66കെ.വി സബ് സ്റ്റേഷന്, മാനന്തവാടി	10 MVA x2 = 20 MVA			6
66കെ.വി സബ് സ്റ്റേഷന്, കൂത്തുമുണ്ട	10 MVA x2 = 20 MVA			6
66കെ.വി സബ് സ്റ്റേഷന്, അഞ്ചുകുന്ന്	5 MVA x110 MVA x 1			3

	= 15 MVA			
33കെ.വി സബ് സ്റ്റേഷന് മീനങ്ങാടി	5 MVA x2= 10 MVA			3
33കെ.വി സബ് സ്റ്റേഷന്, പുല്പ്പള്ളി	5 MVA x2= 10 MVA			2
33കെ.വി സബ് സ്റ്റേഷന്, മണിയന്കോട്	5 MVA x2= 10 MVA			4
33കെ.വി സബ് സ്റ്റേഷന്, പടിഞ്ഞാറത്തറ	5 MVA x2= 10 MVA			3

അവലംബം കെ.എസ്.ഇ.ബി, വയനാട്.

4.17.6. വിതരണ മേഖല

സമ്പൂര്ണ്ണ വൈദ്യുതീകരണ ജില്ലയായി 27/05/2017 ല് പ്രഖ്യാപിക്കപ്പെട്ട വയനാട് ജില്ലയിലെ എ.പി.എല്/ബി.പി.എല് വിഭാഗത്തില് വൈദ്യുതിയില്ലാത്തതായി കണ്ടെത്തിയ എല്ലാ വീടുകളും അംഗനവാടികളും വൈദ്യുതീകരിക്കാന് സാധിച്ചിട്ടുണ്ട്. സമ്പൂര്ണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം സാധ്യമാക്കാനായി വിതരണ മേഖലയിൽ വലിയൊരു മുന്നേറ്റം തന്നെ നടത്തിയിട്ടുണ്ട്. വനഭൂമിയിലൂടെ ലൈന് വലിക്കാന് നിയമപരമായി തടസ്സമുള്ള സുല്ത്താന് ബത്തേരി താലൂക്കിലെ ഏതാനും കോളനികള് ഇതില് വരുന്നില്ല എന്നത് വസ്തുതയാണ്. ജില്ലയിലെ വൈദ്യുതി ഉപഭോക്താക്കളുടെ നിലവിലുള്ള കണക്കുകളും സംസ്ഥാനത്തെ സ്ഥിതിയുമായുള്ള താരതമ്യവും ചുവടെ ചേര്ക്കുന്നു.

പട്ടിക .4.17.3.

ജില്ലയിലെയും സംസ്ഥാനത്തെയും ഉപഭോക്താക്കളുടെ എണ്ണം താരതമ്യം

	ഉപഭോക്താക്കളുടെ എണ്ണം	ജില്ലയിലെ ഉപഭോക്താക്കള് ശതമാന നിരക്കില്	സംസ്ഥാനത്തെ ഉപഭോക്താക്കളുടെ എണ്ണം	സംസ്ഥാനത്തെ ഉപഭോക്താക്കള് ശതമാന നിരക്കില്
ഗാര്ഹികം	221538	77.87	9124747	78.20
വാണിജ്യം	40854	14.36	1923402	16.48
കാര്ഷികം	4555	1.60	473882	4.06
വ്യവസായികം	2271	0.79	136693	1.17
മറ്റിനം	4219	1.48	1739307	14.90
ആകെ	284465		11668031	

അവലംബം കെ.എസ്.ഇ.ബി, വയനാട്.

ജില്ലയിൽ നിലവിലുള്ള വൈദ്യുതി കണക്ഷനുകളുടെ എണ്ണത്തിൽ വ്യാവസായിക കണക്ഷനുകളുടെ എണ്ണം ആകെയുള്ളതിന്റെ ഒരു ശതമാനത്തിൽ താഴെയും കാർഷിക കണക്ഷനുകളുടെ എണ്ണം രണ്ട് ശതമാനത്തിൽ താഴെയും ആണെന്ന് കാണുന്നു. ഇതു സംസ്ഥാനത്തെ നിരക്കിനേക്കാള് വളരെ താഴെയാണെന്നു കാണാം. ജില്ലയുടെ അടിസ്ഥാന മേഖലകളാകേണ്ട വ്യാവസായിക കാർഷിക മേഖലകളിൽ വർഷങ്ങൾക്കു ശേഷവും നിലനിൽക്കുന്ന മുരടിപ്പിന്റെ സൂചകങ്ങളാണ് മേൽ കണക്കുകൾ.

പട്ടിക .4.17.4.

വിതരണ ലൈനുകള് (കിലോമീറ്ററില്)

എല്.ടി സിംഗിള് ഫേസ്	എല്.ടി ത്രീ ഫേസ്	ആകെ എല്.ടി ലൈന്	11കെ.വി ലൈന്	11കെ.വി ഭൂഗര്ഭ കേബിള്
5703.77	3152.04	8855.81	1811.15	6.25

അവലംബം കെ.എസ്.ഇ.ബി, വയനാട്.

പട്ടിക 4.17.5.

വിതരണ ട്രാന്സ്ഫോര്മറുകള്(എണ്ണത്തില്)

5കെ.വി.എ	63കെ.വി.എ	100കെ.വി.എ	160കെ.വി.എ	250കെ.വി.എ	315കെ.വി.എ	500കെ.വി.എ	ആകെ
182	93	1383	136	28	5	2	1834

അവലംബം കെ.എസ്.ഇ.ബി, വയനാട്.

പട്ടിക 4.17.6.

വിതരണ മേഖല വളർച്ച

ക്രമ നം	വിശദാംശങ്ങൾ	1516	1617	1718 (10/17വരെ)
1	കണക്ഷനുകളുടെ എണ്ണം	7682	11455	10491
2	11കെ.വി ലൈന്	63	45	34
3	ആകെ എല്.ടി ലൈന്	126	175	179
4	വിതരണ ട്രാന്സ്ഫോര്മറുകള്	72	61	29

അവലംബം കെ.എസ്.ഇ.ബി, വയനാട്.

201617 ലും 201718 ലുമായി കണക്ഷനുകളുടെ എണ്ണത്തിലും എല്. ടി. ലൈനുകളുടെ ദൂരത്തിലും നേടാന് സാധിച്ച പുരോഗതി സമ്പൂര്ണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമാണെന്നത് എടുത്തു പറയേണ്ടതാണ്.

വിതരണ രംഗത്ത് അനർട്ടിലൂടെ കൈവരിക്കാനായ നേട്ടങ്ങൾ

1. ദക്ഷതയുള്ള വിറകടുപ്പുകൾ : 47,860 nos
2. പോർട്ടബിൾ അടുപ്പുകൾ : 15,200 nos
3. ദക്ഷതയുള്ള മണ്ണെണ്ണസ്റ്റൗ : 12,500 nos
4. പ്രഷർക്കുക്കറുകൾ : 12,000 nos
5. ചൂടാറാപ്പെട്ടികൾ : 53000 nos
6. നാടൻ ഫ്രിഡ്ജ് : 35 nos
7. സോളാർ ഹോംലൈറ്റിങ്ങ് സിസ്റ്റം (അനർട്ട് സ്ഥാപിച്ചത്) : 3,485 nos സോളാർ ഹോംലൈറ്റിങ്ങ് സിസ്റ്റം (അനർട്ട് വിറ്റത്) : 400 nos
8. സോളാർ തെരുവുവിളക്കുകൾ : 311 nos
9. സോളാർ കുക്കർ(സൗജന്യം) : 13 nos
10. സോളാർ കുക്കർ(വില്പന) : 25 nos
11. സോളാർ സ്റ്റിൽ : 2 nos
12. സോളാർ വാട്ടർ ഹീറ്റർ(സ്ഥാപനങ്ങളിൽ) : 13 nos

13. സോളാർ വാട്ടർ ഹീറ്റർ(വീടുകളിൽ)	: 1164 nos
14. ബയോഗ്യാസ് പ്ളാൻറുകൾ	: 314 ീ൯
15. സോളാർ പവർ പ്ളാന്റ് 1 കിലോ വാട്ട്	: 49 nos
16. സോളാർ വാട്ടർ പമ്പിങ്ങ് സിസ്റ്റം (സൗജന്യം)	: 6nos
17. സോളാർ വാട്ടർ പമ്പിങ്ങ് സിസ്റ്റം (വില്പന)	: 29 nos
18. സിഎഫ്എൽ&ഹോൾഡർ	: 4,500 nos
19. സൗരോർജ്ജറാന്തൽ	: 8,750 nos
20. സൗജന്യ സോളാർ ഡെമോ കിറ്റ്	: 3 nos
21. സോളാർ ടിവി	: 3 nos
22. സോളാർ പാനൽ(90o,70o 35o,15o,10o,5o,1.5o)	: 2,475 nos
23. കമ്മ്യൂണിറ്റി അടുപ്പുകൾ	: 1873
24. വൈദ്യുതി വേലി	: 17 site(60.07km)

4.17.7. ഊർജ്ജ സംരക്ഷണ മേഖല

- വയനാട്ടിലെ വിറകിന്റെ ലഭ്യത കണക്കിലെടുത്ത് അനർട്ട്, പരിഷത്ത് എന്നിവ ദക്ഷത കൂടിയ വിറകടുപ്പുകൾ സ്ഥാപിച്ച് നല്കുന്നുണ്ട്. 201213ൽ2226ഉം 2013 14ൽ1501 ഉം, 201415 ൽ466 ഉം, 201516 ൽ96ഹ ഉം , 201617 ൽ835 എണ്ണവും സ്ഥാപിച്ചിട്ടുണ്ട്.
- പരിഷത്തിന്റെ 53000 ചൂടാറാപ്പെട്ടികൾ വയനാട്ടിൽ ഇതിനകം നൽകിയിട്ടുണ്ട്.
- ഗാർഹിക ജൈവ മാലിന്യങ്ങളിൽ നിന്നും ബയോഗ്യാസ് ഉണ്ടാക്കുന്ന 728 എണ്ണം ബയോഗ്യാസ് പ്ളാൻറുകൾ ജില്ലയിൽ ഇതിനകം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

- അനർട്ടിന്റെ മേൽനോട്ടത്തിൽ സർക്കാർ സബ്സിഡിയോടെ ജില്ലയിലെ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളിൽ സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ചുവരുന്നു.
- സൂര്യറാന്തൽ വിതരണവും ഏറെ പ്രയോജനകരമായ പദ്ധതിയാണ്.

4.17.8. വികസന പ്രശ്നങ്ങൾ

ഊർജ്ജ മേഖലയുടെ വികസനം എല്ലാക്കാലത്തും പ്രതിസന്ധികളാൽ ഞെരുക്കപ്പെടുന്നുണ്ട്. ഇതിന് സ്ഥലകാലഭേദമില്ല. എന്നാല് പ്രതിസന്ധികളെ തരണം ചെയ്ത് വിജയം നേടുമ്പോള് അത് രാജ്യത്തിന് മുതല്കൂട്ടായി മാറുന്നു എന്നത് വസ്തുതയാണ്. വയനാട് ജില്ലയില് ഉല്പാദന പ്രസരണ വിതരണ മേഖലയില് നേരിടുന്ന വെല്ലുവിളികള്

1. ജില്ലയിലെ പരിസ്ഥിതിയെയും ജൈവാവസ്ഥയെയും സംരക്ഷിക്കുവാന് വന്കിട ജലവൈദ്യുതിപദ്ധതികള് ജില്ലയില് വിഭാവനം ചെയ്യുന്നില്ല. എങ്കില് പോലും പരിസ്ഥിതിക്ക് അല്പം പോലും കോട്ടം തട്ടാതെ ജില്ലയില് ആവിഷ്കരിക്കാവുന്ന ചെറുകിട വൈദ്യുതി പദ്ധതികളോടു പോലുമുള്ളപൊതുജനങ്ങളുടെയും പരിസ്ഥിതി പ്രവര്ത്തകരുടെയും അന്ധമായ എതിര്പ്പ്.
2. അന്തര് സംസ്ഥാന ബന്ധമുള്ള നദികളിലൽ നീരൊഴുക്കിനെ ബാധിക്കാതെ നടപ്പിലാക്കാവുന്ന ചെറുകിട പദ്ധതികളോടുപോലുമുള്ള അന്തര് സംസ്ഥാന തര്ക്കങ്ങളും ഏകോപനമില്ലായ്മയും.
3. ചെറുകിട ജലവൈദ്യുതി പദ്ധതികള് ഏറ്റെടുത്തു നടത്തുവാന് തദ്ദേശഭരണ സ്ഥാപനങ്ങള് മുന്നോട്ട് വരേണ്ടതുണ്ട്.
4. പാരമ്പര്യേതര ഉൗര്ജ്ജ ഉല്പാദന മേഖലയില് മറ്റ് സര്ക്കാര് വകുപ്പുകളുടെ പങ്കാളിത്തക്കുറവ്.

5. സൗരോര്ജ്ജ വൈദ്യുതി ഉല്പാദനത്തിനു വരുന്ന വര്ദ്ധിച്ച മുതൽ മുടക്ക്.
6. ഗ്രിഡ് കണക്ടഡ് അല്ലാത്ത സൗരോര്ജ്ജ പ്ലാന്റുകള്ക്ക് വരുന്ന വര്ദ്ധിച്ച ആരംഭ മുതൽ മുടക്കം ആവര്ത്തിച്ചുവരുന്ന ബാറ്ററിയുടെയും മറ്റു ചെലവുകളും.
7. കാറ്റില് നിന്നും ഖര ജൈവമാലിന്യങ്ങളില് നിന്നും ഗ്യാസിഫയര് പ്ലാന്റുകളില് നിന്നു മെല്ലാമുള്ള ഉൗര്ജ്ജഉല്പാദന സാധ്യതകള് ഉപയോഗപ്പെടുത്തുന്നതിലെ പിന്നോക്കാവസ്ഥ.
8. പുതിയ പ്രസരണ വിതരണ ലൈനുകളുടെ നിര്മ്മാണത്തോടും മറ്റുമുള്ള പൊതുജനങ്ങളുടെ എതിര്പ്പും വ്യവഹാരങ്ങളും.
9. വനഭൂമിയിതലൂടെ ഓവര്ഹെഡായോ, ഭൂഗര്ഭ കേബിള് മുഖേനയോ, ഓവര്ഹെഡ് ഇന്സുലേറ്റഡ് ഏരിയല് ബഞ്ച്ഡ് കണക്ടര് മുഖേനയോ ലൈനുകള് നിര്മ്മിക്കുന്നതിനുള്ള നിയമപരമായ ദീര്ഘകാലങ്ങളായി പരിഹാരമാകാത്ത തടസ്സങ്ങള്.

10.വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം ഇനിയും വൈദ്യുതി എത്തിക്കാന് കഴിയാത്തചെട്ട്യാലത്തൂര്,മണിമുണ്ട, പുത്തൂര്,പാമ്പുകൊല്ലി സെറ്റിൽമെൻറുകൾ

വൈദ്യുതീകരിക്കാത്ത വീടുകൾ വയനാട് ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് വൈദ്യുതി നൽകുന്നതിനുള്ള പദ്ധതികളും നിലവിലുണ്ട്. എന്നാൽ സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്ന താഴെ പറയുന്ന സ്ഥലങ്ങളിൽ വൈദ്യുതീകരണം നടത്താൻ സാധിച്ചിട്ടില്ല.

1. വനം വകുപ്പിൻറെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടതും വന ഭൂമിയിലൂടെ ലൈൻ നിർമ്മിക്കാൻ അനുമതി ലഭിക്കാത്തതുമായ ചെട്ട്യാലത്തൂർ സെറ്റിൽമെൻറ് കോളനിയിലെ 107 വീടുകൾ നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്.
2. കൈവശ രേഖയില്ലാത്തതിനാൽ നിയമപരമായ തടസ്സം കൈവശ രേഖയില്ലാത്തതിനാൽ നിയമപരമായ തടസ്സം നിലനിൽക്കുന്ന പെരിങ്ങോട് എസ്റ്റേറ്റിലെ 40 വീടുകൾ പൊഴുതന ഗ്രാമ പഞ്ചായത്ത്)

4.17.8.1. വികസന പ്രശ്നങ്ങൾ

വൈദ്യുതി മേഖലയിൽ ഊന്നൽ നൽകിക്കൊണ്ടും ഊർജ്ജ മേഖലയുടെ തല്സ്ഥിതി ഉൾക്കൊണ്ടുകൊണ്ടും അടുത്ത അഞ്ചു വർഷങ്ങളിൽ ജില്ലയിലെ ഊർജ്ജ മേഖലയെ കൂടുതൽ മെച്ചപ്പെട്ട സ്ഥിതിയിലെത്തിക്കുന്നതിനായി പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ മാർഗദർശികളാകേണ്ട വസ്തുതകള് ചുവടെ ചേർക്കുന്നു.

- സമ്പൂര്ണ്ണ വൈദ്യുതീകരണ പദ്ധതിയിലൂടെ ഗാര്ഹിക വൈദ്യുതീകരണ രംഗത്ത് വന് മുന്നേറ്റം നടത്താന് ഇതിനകം തന്നെ കഴിഞ്ഞിട്ടുണ്ട്. അതിനാല് വീടുകള്ക്ക് കണക്ഷന് നല്കുന്നതിനും വിതരണ ശൃംഖല വിപുലീകരിക്കുന്നതിനുമായി കൂടുതല് തുക മുന് വര്ഷങ്ങളിലേതു പോലെ നീക്കി വയ്ക്കുന്നത് അഭികാമ്യമല്ല.
- പ്രസരണ രംഗത്ത് സുശക്തമായ ഒരു ശൃംഖല ജില്ലയ്ക്ക് സ്വന്തമായുണ്ട്. ആയതിനാല് പ്രസരണ രംഗത്ത് കൂടുതലായി ശ്രദ്ധ ചെലുത്തേണ്ടതില്ല.

പാരമ്പര്യ പാരമ്പര്യേതര ഊർജ്ജ മേഖലകളിൽ നിന്നും പരിസ്ഥിതി സൗഹൃദമായ പദ്ധതികളിലൂടെ പരമാവധി ഊർജ്ജ ലഭ്യത സാധ്യമാക്കാം.

- ജില്ലയുടെ പ്രതിദിന ഊര്ജ്ജ ഉപയോഗം ഇപ്പോള് 8 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ്. അടുത്ത അഞ്ചുവര്ഷങ്ങളില് ഓരോ വര്ഷവും 2 മെഗാവാട്ട് സോളാര് പ്ലാന്റ് സ്ഥാപിക്കാന് സാധിച്ചാല് പ്രതിദിനം 8000യൂണിറ്റ് എന്ന തോതില് അഞ്ചു വര്ഷങ്ങള്ക്കു ശേഷം ജില്ലയുടെ ഊര്ജ്ജ ദിവസേനയുള്ള ഊര്ജ്ജ ഉപയോഗത്തിന്റെ 5 % വൈദ്യുതി (ഒരു ദിവസം 40000 യൂണിറ്റ്) സൌരോര്ജ്ജത്തിതില് നിന്നും ഗ്രിഡിലീക്ക് നല്കാന് കഴിയും

- അഞ്ചു വര്ഷങ്ങള്കൊണ്ട് 3 മെഗാ വാട്ട് ജല വൈദ്യുതി ചെറുകിട പദ്ധതികളില് നിന്നും ഉല്പ്പാദിപ്പിച്ചാല് , അഞ്ചു വര്ഷങ്ങള്ക്കു ശേഷം പ്രതിദിനം നമ്മുടെ ഉപയോഗത്തിന്റെ 2.5 % (20000 യൂണിറ്റ് / ദിവസം) ജല ഊര്ജ്ജത്തില് നിന്നും ഗ്രിഡിലേക്ക് നല്കാന് കഴിയും
- വിതരണ രംഗം ഗുണമേന്മയും ആശ്രയത്വവും വർദ്ധിപ്പിച്ച് തടസ്സരഹിതമായ ഊർജ്ജ ലഭ്യത ഉറപ്പാക്കുന്ന വിധം വിതരണ രംഗം ആധുനിക വൽക്കരണം നടപ്പാക്കുക
- ജില്ലയിലെ കാർഷിക വ്യാവസായിക മേഖലയിലെ ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുക
- ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത വനമേഖലയിലുള്ള സെറ്റിൽമെന്റുകളിൽ വൈദ്യുതി എത്തിക്കാനുള്ള തടസ്സങ്ങൾ നീക്കിക്കിട്ടുക
- ഖര ജൈവ മാലിന്യങ്ങളിൽ നിന്നുള്ള ഊർജ്ജ ഉല്പാദനം പ്രോത്സാഹിപ്പിക്കുകയും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾവ്യാപകമാക്കുക യും ചെയ്യുക.

4.17.8.2. പരിഹാര നിർദ്ദേശങ്ങൾ

ജില്ലാ പദ്ധതിയില് സവിശേഷ ശ്രദ്ധ ലഭിക്കേണ്ട മുന്ഗണനാ മേഖലകള് ചുരുക്കത്തില് താഴെ പരാമര്ശിച്ചിരിക്കുന്നു.

- ഊര്ജ്ജ ഉല്പ്പാദന രംഗത്തെ പിന്നോക്കാവസ്ഥ ലഘൂകരിക്കുന്നതിന്നു പാരമ്പര്യ ഊര്ജ്ജ മേഖലയില് ചെറുകിട ജല വൈദ്യുത പദ്ധതികള് വിഭാവനം ചെയ്യുക.
- പാരമ്പര്യേതര ഊര്ജ്ജ മേഖലയില് സോളാര് പദ്ധതികളുടെ വ്യാപനം നടപ്പാക്കുക
- കാറ്റില് നിന്നുള്ള ഊര്ജ്ജ ഉല്പ്പാദന സാധ്യതകള് കണ്ടെത്തുക

- ഖര ജൈവ മാലിന്യങ്ങളില് നിന്നും ഊര്ജ്ജം ഉല്പ്പാദിപ്പിക്കുന്ന പദ്ധതികള് നടപ്പാക്കുക
- വിതരണ മേഖലയില് ഗുണമേന്മയും തടസ്സമില്ലാത്ത ഊര്ജ്ജ ലഭ്യതയും ഉറപ്പുവരുത്തുന്ന പദ്ധതികള്
- വ്യാവസായിക കാര്ഷിക മേഖലകളില് ഊര്ജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികള്
- ഊര്ജ്ജ സംരക്ഷണ പ്രവര്ത്തനങ്ങള് വര്ദ്ധിപ്പിക്കുക

ഇങ്ങനെ ഉല്പ്പാദന, പ്രസരണ, വിതരണ,ഊര്ജ്ജസംരക്ഷണ മേഖലകളെ പ്രത്യേകമായി കണ്ടുകൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാടാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്.

4.17.9. മേല്ത്തട്ട് കീഴ്ത്തട്ട് നിര്ദേശങ്ങള്

4.17.9.1. ഉല്പ്പാദന മേഖല

ഊര്ജ്ജത്തിന്റെ കാര്യത്തില്,ബാണാസുര സാഗര് ഡാമിനോടനുബന്ധിച്ച് നിര്മ്മിച്ചിട്ടുള്ള മൂന്ന് എണ്ണം സോളാര് പദ്ധതികളൊഴിച്ചാല്,വയനാട് ജില്ല ഒരു ഉപഭോക്തൃ ജില്ലയാണ്. ഗാര്ഹിക, വ്യാവസായിക,കാര്ഷിക മേഖലകളില് നിലനില്ക്കുന്ന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഊര്ജ്ജ ലഭ്യത ഉരപ്പുവരുത്തേണ്ടതുണ്ട്. പുറമെനിന്നുള്ള വൈദ്യുതി ലഭ്യതയെ മാത്രം ആശ്രയിച്ചുള്ള വികസനം അഭികാമ്യമല്ല. എന്നാല് വന്കിട ജലംവൈദ്യുതി പദ്ധതികള് നടപ്പിലാക്കുന്നത് വയനാട് ജില്ലയില് വരും കാലങ്ങളില് പ്രായോഗികവുമല്ല. ആയതിനാല് കുറഞ്ഞ മൂലധന മുടക്കില് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്ക്കോ, കെ.എസ്.ഇ.ബി ലിമിറ്റഡിനോ മറ്റ് ഏജന്സികള്ക്കോ ഏറ്റേടുത്ത് നടത്താവുന്നതും പാരിസ്ഥിതിക പ്രശ്നങ്ങള് സൃഷ്ടിക്കത്തതും വന ഭൂമിയോ കൃഷി ഭൂമിയോ ഏറ്റെടുക്കല് തീരെയില്ലത്തതോ നാമമാത്രമായതോ പദ്ധതികളാണ് നമുക്ക് അനുയോജ്യം. പൊതുജന പ്രതിഷേധങ്ങള് ക്ഷണിച്ചുവരുത്താത്തതുമായ ചെറുകിട പദ്ധതികള് ചുവടെ ചേര്ക്കുന്നു.

4.17.9.2. പാരമ്പര്യ ഉര്ജ്ജ മേഖല

ഏറ്റവും ചെലവു കുറഞ്ഞതും ശുദ്ധവും അക്ഷയവുമായ ഊര്ജ്ജത്തിന്റെ ഉറവിടമാണ് ജല വൈദ്യുതി. 1 മെഗാ വാട്ട് മുതല് 25 മെഗാ വാട്ട് വരെ വൈദ്യുതി ഉല്പ്പാദിപ്പിക്കാവുന്ന പദ്ധതികളാണ് ചെറുകിട വിഭാഗത്തില് വരുന്നത്. ഒരു മെഗാ വാട്ട് പ്ലാന്റിന് വരുന്ന പരമാവധി മുടക്ക് 9 കോടി രൂപ യാണ്. സര്ക്കാര് അനുവദനീയ സബ്സിഡികള് പുറമേ ലഭിക്കുന്നതാണ്. 1 മെഗാ വാട്ട് പ്ലാന്റില് നിന്നും ശരാശരി 2.5 ദശ ലക്ഷം യൂണിറ്റ് വൈദ്യുതി പ്രതി വര്ഷം ഉല്പ്പാദിപ്പിക്കാവുന്നതാണ്. ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉല്പ്പാദന ചെലവു 4 മുതല് 6 രൂപ വരെയാണ്. 10 വര്ഷങ്ങള് കൊണ്ട് മുടക്ക് മുതല് തിരിച്ചുകിട്ടുന്നു.

4.17.10. കബനി നദി ചെറുകിട പദ്ധതി

ജില്ലയിലെ പ്രധാന നദിയായ കബനിയില്, നദിയുടെ സഞ്ചാര ദിശയില് 1 കി. മീറ്ററില് 1 മീറ്റര് ഹെഡ് ലഭിയ്ക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. നദിയുടെ നിലവിലുള്ള സംഭരണ സ്ഥലത്ത് തന്നെ ജലം ശേഖരിച്ച്, 1 മീറ്റര് ഹെഡ് ഉപയോഗിച്ച് 1.2 മെഗാ വാട്ട് വൈദ്യുതി ഉല്പ്പാദിപ്പിക്കാവുന്നതാണ്. കൂടല് കടവില് 4 മീറ്റര് ഹെഡ് ലഭ്യമാണെന്നു കണ്ടെത്തിയിട്ടുണ്ട്. 1 മീറ്റര് ഹെഡില് പോലും സുഗമമായി പ്രവര്ത്തിക്കുന്ന സ്ക്രൂ ടര്ബൈനും റബ്ബര് ഡാമും ഈ പദ്ധതിക്കായി ഉപയോഗിക്കാവുന്നതാണ്. 100 കിലോ വാട്ട് വരെ വൈദ്യുതി ഉല്പ്പാദിപ്പിക്കാവുന്ന മൈക്രോ പദ്ധതിയായും ഇത് പരിഗണിക്കാവുന്നതാണ്.

4.17.11. നിർവ്വഹണ സാധ്യത ജില്ലാ പഞ്ചായത്ത്, സംസ്ഥാന സർക്കാർ

** 90 ലക്ഷം രൂപ ചെലവില് കരിമ്പ പഞ്ചായത്തില് മീന്വല്ലം ജല പദ്ധതിയുടെ ടെയില് റേസില് പാലക്കാട് ജില്ലാ പഞ്ചായത്ത് പണിതീര്ത്തുകൊണ്ടിരിക്കുന്ന 40 കിലോവാട്ട് മീന്വല്ലം മൈക്രോ വൈദ്യുതി പദ്ധതി മാതൃക ആക്കാവുന്നതാണ്. 6 മീറ്റര് ഉയരം മാത്രമുള്ള തടയണയാണ് പദ്ധതിക്കായി നിര്മ്മിക്കുന്നത്.

ചിത്രം4.17.1.

മീന് വല്ലം 40 കിലോവാട്ട് പദ്ധതി പുരോഗമിക്കുന്നു – പാലക്കാട് ജില്ലാ പഞ്ചായത്ത്

കേരളത്തിലെ ആദ്യത്തെ സ്ക്രൂ ടര്ബൈന് പ്രെജക്ട് പെരിങ്ങല്കുത്തില് കെ.എസ്.ഇ.ബി ലിമിറ്റഡ് നിര്മ്മിച്ച് പ്രവര്ത്തന് ആരംഭിച്ചുകഴിഞ്ഞു. ഇതും മാതൃക ആക്കാവുന്നതാണ്.

ചിത്രം4.17.2.

കേരളത്തിലെ ആദ്യത്തെ സ്ക്രൂ ടർബൈന് പ്രൊജക്ട്, പെരിങ്ങല്കുത്ത്

1

4.17.12. കബനി മൈക്രോ / ചെറുകിട പദ്ധതിയുടെ നേട്ടങ്ങള്

- അധിക ഭൂമി ഏറ്റെടുക്കേണ്ടതില്ല.
- വന ഭൂമി ഉൾപ്പെടുന്നില്ല.
- മാഴക്കലത്തെ വർദ്ധിച്ച നീരൊഴുക്കിന് ശേഷം വേനലില് മുഴുവന് ലഭ്യത.
- നദിയുടെ ഗതി മാറ്റേണ്ടതില്ല.
- ടൂറിസം രംഗത്ത് മുന്നേറ്റം ഉണ്ടാക്കാം
- കൃഷിയ്ക്കാവശ്യമായ ജല ലഭ്യത ഉറപ്പാക്കാം
- ഡാം ആവശ്യമില്ല. ഉയരം കുറഞ്ഞ തടയണ മാത്രം മതി.
- പൈലറ്റ് പദ്ധതി വിജയിച്ചാല് കൂടുതല് എണ്ണം പദ്ധതികള്ക്കുള്ള സാധ്യത.

ഇതേ രീതിയില്, വയനാട് ജില്ലയില് വിവിധ പഠന ഘട്ടങ്ങളിലുള്ള താഴെ പറയുന്ന 7 എണ്ണം ചെറുകിട ജല വൈദ്യുത പദ്ധതികള് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

പട്ടിക.4.17.7

ക്രമനം	പദ്ധതിയുടെ പേര്	റിസർവോയന്റെ സ്ഥലം	പവർസ്റ്റേഷന്റെ സ്ഥലം	കപ്പാസിറ്റി	റിമാർക്ക്
1	പാല്ച്ചുരം	തവിഞ്ഞാല്	കെട്ടിയൂര്	16 ങണ	വിശദമായ പഠനം പൂര്ത്തിയാക്കി
2	കെ◌തകൈല്ലി ഡെ◌വേര്ഷന്	തവിഞ്ഞാല്	കെട്ടിയൂര്	10 ങണ	വിശദമായ പഠനം പൂര്ത്തിയാക്കി
3	തിരുനെല്ലി	തിരുനെല്ലി	തിരുനെല്ലി	1.2 ങണ	വിശദമായ പഠനം പൂര്ത്തിയാക്കി
4	കാന്തന്പാറ	മൂപ്പനാട്	നിലമ്പൂര്	66 ങണ	ഡി.പി.ആര് അന്തിമഘട്ടത്തില്
5	ചോളാടി	മൂപ്പനാട്	നിലമ്പൂര്	60 ങണ	പ്രാരംഭ പഠനം പൂര്ത്തിയാക്കി
6	റിപ്പണ് വില്ലേജ്	മൂപ്പനാട്	നിലമ്പൂര്	6.5 ങണ	പ്രാരംഭ പഠനം പൂര്ത്തിയാക്കി
7	വൈത്തിരി	വൈ◌ത്തിരി	താമരശ്ശേരി	60 ങണ	ഡി.പി.ആര് അന്തിമഘട്ടത്തില്

അവലംബം കെ.എസ്.ഇ.ബി, വയനാട്.

മേല് പദ്ധതികള് പൂര്ത്തിയാക്കിയാല് 220 ങണ വൈദ്യുതി ഉല്പാദനം സാധിക്കാവുന്നതാണ്. നിലവിലുള്ള എല്ലാ ഊർജ്ജ ഉല്പാദന സംവിധാനങ്ങളേക്കാള്ഏറ്റവും

ചെലവ് കുറഞ്ഞ ഉല്പാദനമേഖലയാണ് ജല വൈദ്യുതി പദ്ധതികള് എന്നത് ശ്രദ്ധിക്കേണ്ടതാണ്. മാത്രവുമല്ല ജലവൈദ്യുതി ഉറവിടങ്ങള് റിന്യൂവബിള് എനര്ജി എന്ന വിഭാഗത്തില് പെടുന്നതുമാണ്.

നിർവ്വഹണ സാധ്യത ജില്ലാ പഞ്ചായത്ത്, സംസ്ഥാന സർക്കാർ, കെ.എസ്.ഇ.ബി ലിമിറ്റഡ്

4.17.12.1.പുനരുദ്ധാരണം ചെയ്യാവുന്ന പദ്ധതികൾ

അനർട്ടിന്റെ നേതൃത്വത്തിൽ പൂക്കോട്, സുഗന്ധഗിരി എന്നിവിടങ്ങളിൽ1990 ൽ സ്ഥാപിച്ച് പിന്നീട് നിലച്ചുപോയ രണ്ടെണ്ണം ചെറുകിട വൈദ്യുത പദ്ധതികളും പുനരുജ്ജീവിപ്പക്കേണ്ടതുണ്ട്.

നിർവ്വഹണ സാധ്യത അനർട്ട്

4.17.13.പാരമ്പര്യേതര ഊർജ്ജ മേഖല

പാരമ്പര്യേതര ഉറവിടങ്ങളില് നിന്നുള്ള ഊര്ജ്ജത്തെക്കുറിച്ച് ചിന്തിക്കുമ്പോള് നമ്മുടെ ജില്ലയില് സോളാര് പദ്ധതികള്, ഖര ജൈവ മാലിന്യങ്ങളില് നിന്നുള്ള ഉല്പ്പാദന സാധ്യത, കാറ്റില് നിന്നുള്ള വൈദ്യുതിയുടെ ലഭ്യത എന്നിവയാണ് പ്രധാനമായും പരിശോധിക്കേണ്ടത്.

4.17.14.സൗരോര്ജ്ജ പദ്ധതികൾ

സൌരോര്ജ്ജ പദ്ധതികളെ വ്യാപകമായി സ്വാഗതം ചെയ്യുന്ന ഒരു യുഗത്തില് ആണ് നാം ജീവിക്കുന്നത്. പൂര്ണമായും സോളാര് വൈദ്യുതിയില് പ്രവര്ത്തിക്കുന്ന കൊച്ചിന് ഇന്റര്നാഷണല് എയര്പോര്ട്ട് ലിമിറ്റഡ് (സിയാല്) വിമാനത്താവളം കേരളത്തിനു അഭിമാനമായി നിലകൊള്ളുന്നു. ഇവിടെ 13.1 മെഗാവാട്ട് വൈദ്യുതി ഉല്പ്പാദിപ്പിക്കുന്നതിന് 46150 പാനലുകള് 45 ഏക്കര് സ്ഥലത്ത് സ്ഥാപിച്ച് ദിനംപ്രതി 50000 യൂണിറ്റ് വൈദ്യുതി ലഭ്യമാക്കുന്നു. മുതല് മുടക്ക് 62 കോടി.
സൌരോര്ജ്ജ മേഖലയിലുള്ള പദ്ധതികള് വിഭാവനം ചെയ്യുമ്പോള് ഈ രംഗവുമായി ബന്ധപ്പെട്ട ഏതാനും വസ്തുതകള് മനസ്സില് സൂക്ഷിക്കുന്നത് യാഥാര്ത്ഥ്യ ബോധത്തോടെയുള്ള പദ്ധതി രൂപീകരണത്തിനു സഹായകമാകും.

- 1 മെഗാ വാട്ട് സോളാര് പ്ലാന്റില് നിന്നും വര്ഷം ഉല്പ്പാദിപ്പിക്കാവുന്ന ശരാശരി വൈദ്യുതി 1.5 ദശ ലക്ഷം യൂണിറ്റ്
- 1 കിലോ വാട്ട് (ആയിരം വാട്ട്) സോളാര് വൈദ്യുതിക്കാവശ്യമായ പാനല് വിസ്തീര്ണ്ണം 10 സ്ക്വയര് മീറ്റര്
- 1 മെഗാ വാട്ട് സോളാര് പ്ലാന്റിന്റെ പാനലുകള് സ്ഥാപിക്കാനാവശ്യമായ സ്ഥലം 4.5 മുതല് 5.0 ഏക്കര് വരെ.
- ബാറ്ററി ഇല്ലാത്ത 1 കിലോവാട്ട് ഗ്രിഡ് കണക്ടഡ് പ്ലാന്റിന് വരുന്ന പരമാവധിചെലവു 1.0 ലക്ഷം, ഒരു മെഗാവാട്ട് ആകുമ്പോള് 6 കോടി മുതല് 8 കോടി വരെ.
- ബാറ്ററി ഉപയോഗിക്കുന്ന തരം 1 കിലോവാട്ട് പ്ലാന്റിന് വരാവുന്ന മുടക്ക് 2.1 ലക്ഷം രൂപ.
- ഡാമുകളില് സ്ഥാപിക്കാവുന്ന 1 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാര് പ്ലാന്റിന് വരുന്ന ചെലവു 18.5 കോടി
- സോളാര് പാനലുകളുടെ ഏറ്റവും കുറഞ്ഞ ആയുസ്സ് 25 മുതല് 30വരെ വര്ഷങ്ങളാണ്

സൌരോർജ്ജം ഉപയോഗപ്പെടുത്തി, ഗ്രേഡിലേക്ക് കണക്ട് ചെയ്യാവുന്ന രീതിയില്,ബാണാസുരഡാം സോളാര് പദ്ധതിയുടെ മാതൃകയില് ജില്ലയിലെ ഡാമുകളില് നടപ്പിലാക്കാവുന്ന പദ്ധതികള്.

1. കാരാപ്പുഴ ഡാം റൂഫ് ടോപ്പ് &ഫ്ളോട്ടിംഗ് സോളാര് പ്ലാന്റ് 20 ങണ

നിർവ്വഹണ സാധ്യത – മൈനർ ഇറിഗേഷൻ വകുപ്പ്

2. ബാണാസുരഡാം റൂഫ് ടോപ്പ് സോളാര് പദ്ധതിയുടെ വിപുലീകരണം 500 ഗണജ

നിർവ്വഹണ സാധ്യത – കെ. എസ്.ഇ.ബി

ചിത്രം4.17.3.

ബാണാസുര സാഗര് റൂഫ് ടോപ് പ്ലാന്റ് **ബാണാസുര സാഗര് ഫ്ലോട്ടിംഗ് പ്ലാന്റ്**

സിയാല് മോഡലില് ഗ്രിഡ് കണക്ടഡ് സോളാര് പ്ലാന്റുകള് ജില്ലയിലെ താഴെ പറയുന്ന സ്ഥാപനങ്ങളോട് ചേര്ന്ന് സ്ഥാപിക്കാവുന്നതാണ്

ചിത്രം4.17.4.

സിയാൽ 13.1 മെഗാവാട്ട് സോള്ര് പ്ലാന്റ്

4.17.15.വയനാട് കളക്ടറേറ്റ്

നിലവിലെ സ്ഥിതി

ജില്ലാ കളക്ടറേറ്റ് ഇപ്പോള് 15 വ്യത്യസ്ത വൈദ്യുതി കണക്ഷനുകളിലായി പ്രതിമാസം ശരാശരി 12000 യൂണിറ്റ് വൈദ്യുതീ ഉപയോഗിക്കുന്നു. ഫിക്സഡ് ചാര്ജ്ജുകളും നികുതിയും ഉള്പടെ ശരാശരി പ്രതിമാസ ബില് തുക 120000 രൂപയാണ്. രജിസ്റ്റര് ചെയ്തിരിക്കുന്ന കണക്ടഡ് ലോഡ് 100 കിലോവാട്ട് ആണ്.

പട്ടിക 4.17.8.

കളക്ടറേറ്റില്ർ സോളാർ പാനല്ർ വിഭാവനം ചെയ്യുമ്പോൾ

100 കിലോ വാട്ട് കണക്ടഡ് ലോഡില് 0.8 ലോഡ് ഫാക്ടറില് വേണ്ടിവരുന്ന സോളാര് പ്ലാന്റ് ശേഷി	80 കിലോവാട്ട്
40 കിലോവാട്ട് പാനലിനുള്ള തുറന്ന ഏരിയ	800 സ്ക്വയര് മീറ്റര്
പരമാവധി മുതല് മുടക്ക്	64 ലക്ഷം
പ്ലാന്റില് നിന്നും വര്ഷത്തില് ലഭിക്കാവുന്ന ഊര്ജ്ജം	120000 യൂണിറ്റ്
ഇപ്പോഴത്തെ നിരക്കില് ഊര്ജ്ജത്തിന്റെ മൂല്യം	12 ലക്ഷം രൂപ
മുടക്ക് മുതല് തിരികെ കിട്ടുന്ന കാലാവധി	5 — 6 വര്ഷം
പ്ലാന്റിന്റെ കുറഞ്ഞ ആയുസ്സ്	25 — 30 വര്ഷം

അവലംബം കെ.എസ്.ഇ.ബി, വയനാട്.

സമാനമായ പദ്ധതികള് താഴെ പറയുന്ന കെട്ടിടങ്ങളിലും സ്ഥാപിക്കാവുന്നതാണ്

- ജില്ലാ കോടതി സമുച്ചയം
- നവോദയ സ്കൂള്
- പൂക്കോട് വെറ്റിനറി കോളേജ്
- തെരഞ്ഞെടുത്ത വിദ്യാലയങ്ങള്
- തദ്ദേശ ഭരണ സ്ഥാപനങ്ങള്
- ജില്ലാ ആശുപത്രി
- താലൂക്ക് ആശുപത്രികള്
- നിര്ദ്ദിഷ്ട മെഡിക്കല് കോളേജ്

4.17.16.നിർവ്വഹണ സാധ്യത – ബന്ധപ്പെട്ട വകുപ്പുകള്

4.17.16.1.കാറ്റില് നിന്നുള്ള വൈദ്യുതി

കാറ്റില് നിന്നുള്ള ഉൗര്ജ്ജലഭ്യത ഉള്ളതായി കണക്കാക്കപെടുന്ന പടിഞ്ഞാറത്തറ, തലപ്പുഴ എന്നിവിടങ്ങളിലും ജില്ലയുടെ മറ്റ ഭാഗങ്ങളിലും കാറ്റാടി വൈദ്യുതി ഉല്പാദന രംഗത്തെ നൂതനസാങ്കേതിക വിദ്യയായ വെര്ട്ടിക്കല് ടര്ബൈന് ഉപയോഗിച്ചുള്ള ഉല്പ്പാദനത്തിന്റെ സാധ്യതാ പഠനം നടത്തേണ്ടതുണ്ട്. 1 മെഗാവാട്ട് വൈദ്യുതി ഉല്പ്പാദനത്തിനുള്ള ചെലവു 4.5 കോടി മുതല് 6.85 കോടി വരെയാണ്. ഇത് ജല വൈദ്യുതിയെകാളും സൌരോര്ജ്ജത്തെക്കാളും ലാഭകരമാണ്

4.17.16.2.ബയോമാസ് പദ്ധതികള്

ഖര ജൈവ മാലിന്യങ്ങളില് നിന്നുള്ള ഊര്ജ്ജ ഉല്പ്പാദനത്തിനും നമ്മുടെ ജില്ലയില് ശോഭനമായ സാധ്യതകള് നിലവിലുണ്ട്. കല്പ്പറ്റ, മാനന്തവാടി, സുല്ത്താന് ബത്തേരി എന്നീ മുനിസിപ്പാലിറ്റികളില് ഖര മാലിന്യത്തില് നിന്നും വൈദ്യുതി ഉല്പ്പാദിപ്പിക്കുന്നതിനുള്ള നിലയങ്ങള് സ്ഥാപിക്കാവുന്നതാണ്. എങ്കിലും 1 മെഗാവാട്ടിന് 9 മുതല് 15 കോടി വരെ മുടക്കെണ്ടിവരുനത് ഒരു പ്രതിസന്ധി തന്നെയാണ്.

എന്നാല് അല്പം കൂടി ചെലവു കുറഞ്ഞ രീതിയില് ഈ മുനിസിപ്പാലിറ്റികളില് നിലവിലുള്ള അറവു ശാലകളിലെയും മത്സ്യ മാംസ മാര്ക്കറ്റ്കളിലെയും ജൈവ മാലിന്യത്തില് നിന്നും വൈദ്യുതി ഉല്പ്പാദിപ്പിക്കാവുന്നതാണ്.

പട്ടിക 4.17.9.

കല്പറ്റ മുനിസിപ്പാലിറ്റി ബയോ ഗ്യാസ് പവര് പ്ലാന്റ്:

പ്രതിദിനം ലഭ്യമാകുന്ന ജൈവ മാലിന്യം	2 മെട്രിക് ടണ്ണ്
2 മെട്രിക് ടണ്ണില് നിന്നും ലഭിക്കുന്ന ബയോ ഗ്യാസിന്റെ അളവ്	200 ക്യു. മീറ്റര്
പ്ലാന്റിന്റെ സ്ഥാപിത ശേഷി	10 കിലോ വാട്ട്
ദിവസേന ഉല്പ്പാദിപ്പിക്കാവുന്ന വൈദ്യുതി	200 യൂണിറ്റ്
ഏകദേശ മുതല് മുടക്ക്	60 –65 ലക്ഷം

അവലംബം കെ.എസ്.ഇ.ബി, വയനാട്.

4.17.17.. നിർവ്വഹണ സാധ്യത കല്പറ്റ മുനിസിപ്പാലിറ്റി

** പത്തനാപുരം ഗ്രാമ പഞ്ചായത്തില് 750 കിലോ മാലിന്യത്തില് നിന്നും 5 കിലോ വാട്ട് വൈദ്യുതി പ്രതിദിനം ഉല്പ്പാദിപ്പിക്കുന്ന പ്ലാന്റ് വിജയകരമായി പ്രവര്ത്തിക്കുന്നു.

** കൂടാതെ ബാംഗലൂര് കാര്ഷിക യൂനിവേര്സിറ്റിയിലെ സ്ഥാപിച്ച 20 കിലോവാട്ട് പ്ലാന്റില് നിന്നും 320 യൂണിറ്റ് ഊര്ജ്ജവും ഉല്പ്പാദിപ്പിക്കുന്നു.

ചിത്രം4.17.5

.

ബയോ ഗ്യാസ് പവര് പ്ലാന്റ് ബംഗലൂരു യൂണിവേഴ്സിറ്റി ബയോ ഗ്യാസ് പവര് പ്ലാന്റ്

4.17.18.ഗ്യാസിഫയര് വൈദ്യുതി പ്ലാന്റ്

ജില്ലയിലെ തേയില എസ്റ്റേറ്റുകളില് പ്രൂണിംഗ് നടത്തുന്നതിന്റെ ഭാഗമായി ലഭ്യമാകുന്ന വിറക് ഉപയോഗപ്പെടുത്തി, തേയില എസ്റ്റേറ്റുകളില് ഗ്യസിഫയര് പ്ലാന്റുകള് സ്ഥാപിച്ച് ഊർജ്ജ ഉല്പ്പാദനം നടത്തുവാനുള്ള സാധ്യതകള് നിലവിലുണ്ട്.

പൈലറ്റ് പദ്ധതി എന്ന നിലയില് വനം വകുപ്പിന്റെ കീഴിലുള്ള മക്കിമല എസ്റ്റേറ്റില് ഒരു പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്.സാധ്യതകള് നിലവിലുണ്ട്.

പട്ടിക 4.17.10.

മക്കിമല തേയില എസ്റ്റേറ്റിന്റെ വിസ്തൃതി	300 ഏക്കര്
ഒരു വര്ഷം പ്രൂണിംഗ് നടത്തുന്ന ഏകദേശ വിസ്തൃതി	100 ഏക്കര്
ഒരു ചെടിയില് നിന്നും ലഭിക്കുന്ന വിറകിന്റെ ഏകദേശ അളവ്	0.4 കിലോ
ഒരേക്കറില് വളരുന്ന ചെടികളുടെ സാധാരണ സംഖ്യ	4500
ഒരു വര്ഷം ലഭിക്കാവുന്ന വിറകിന്റെ ഏകദേശം അളവ്	180000 കിലോ
ഒരു യൂണിറ്റ് വൈദ്യുതി ഗ്യസിഫയര് പ്ലാന്റില് ഉല്പ്പാദിപ്പിക്കാന് വേണ്ട വിറകു	1.8കിലോ
ഒരു യൂണിറ്റ് ഊര്ജ്ജത്തിനു 1.8 കിലോ വിറകു എന്ന കണക്കില് ഒരു വര്ഷം ലഭ്യമാകുന്ന ഊര്ജ്ജം	100000 യൂണിറ്റ്
ഒരു 100 കിലോ വാട്ട് പ്ലാന്റിന് വരുന്ന മതിപ്പ് ചെലവ്	30 ലക്ഷം
ഒരു 100 കിലോവാട്ട് ബയോ മാസ്സ് പ്ലാന്റില് നിന്നും ഒരു ദിവസം ലഭ്യമാകുന്ന ഊര്ജ്ജം	1000 യൂണിറ്റ്

അവലംബം കെ.എസ്.ഇ.ബി, വയനാട്.

** അനര്ട്ടിന്റെ നേതൃത്വത്തില് തിരുവമ്പാടിയില് കൊപ്ര ഉണങ്ങുന്നതിനായി ഒരു ഗ്യസിഫയര് സ്ഥാപിച്ചിട്ടുണ്ട്

** വിറകിനു പുറമേ ചകിരി, ചിരട്ട തുടങ്ങിയവയും ഉപയോഗിക്കാവുന്നതാണ്.

ചിത്രം4.17.6.
നിർവ്വഹണ സാധ്യത വനം വകുപ്പ്

അനര്ട്ട് സ്ഥാപിച്ച ഗസിഫയര് പ്ലാന്റ്

ഇത്തരത്തിലുള്ള പദ്ധതികള് ജില്ലയിലെ സ്വകാര്യ തേയില തോട്ടങ്ങളിലും സ്ഥാപിച്ച് ഊർജ്ജം ഉല്പ്പാദിപ്പിക്കുവുന്നതാണ്.

4.17.19.. ഉൗര്ജ്ജ സംരക്ഷണ പ്രവര്ത്തനങ്ങൾ

ഉൗര്ജ്ജ സംരക്ഷണം ഉൗര്ജ്ജ ഉല്പ്പാദനത്തിന് തുല്യം എന്ന തത്വത്തിലൂന്നി കെ.എസ്.ഇ.ബി ലിമിറ്റഡ്, അനര്ട്ട്, തദ്ദേശ ഭരണ സ്ഥാപനങ്ങള് എന്നിവയുമായി കൈകോര്ത്ത് താഴെ പറയുന്ന പ്രവര്ത്തനങ്ങള് വിഭാവനം ചെയ്യാവുന്നതാണ്.

1. ജില്ലയിലെ ട്രൈബല് കോളനികളിലുള്ള മുഴുവന് ട്രൈബല് വീടുകളിലും എല്. ഇ. ഡി ബള്ബുകള് വിതരണം ചെയ്യുക.

2. ജില്ലയില സര്ക്കാര് ഓഫീസുകള് അർദ്ധ സർക്കാര് പൊതുമേഖലാസ്ഥാപനങ്ങള് എന്നിവിടങ്ങളിലെ ദക്ഷത കുറഞ്ഞ ലൈറ്റുകല് മാറ്റി പൂര്ണ്ണമായും എല്.ഇ.ഡി ബള്ബുകള് സ്ഥാപിക്കുക.

ഇപ്പോഴത്തെ നിരക്കില് ഒരു എല് ഇ ഡി ബള്ബിനു നല്കേണ്ടിവരുന്ന വില 60 –65 രൂപയാണ്. ഈ നിരക്കില് കെ.എസ്.ഇ.ബി ലിമിറ്റഡ് ബള്ബുകള് വിതരണം ചെയ്യുന്നുണ്ട്.

3. ഇന്ഡക്ഷന് കുക്കറുകളുടെ വ്യാപനം തടയുകയും ചൂടാറാപ്പെട്ടികള്,സോളാര് കുക്കിംഗ് സിസ്റ്റം, പുകയില്ലാത്ത അടുപ്പുകള് തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നടപടികള് അനര്ട്ട് വഴി നടപ്പാക്കുക

4. സൂര്യറാന്തലുകള്,സൗരോര്ജ്ജ ഗാര്ഹിക തെരുവുവിളക്കുകള് എന്നിവയുടെ വിതരണം, സ്ഥാപനം എന്നിവ മെച്ചപ്പെടുത്തുക.

4.17.20. പ്രസരണ മേഖല

ജില്ലയിലെ പ്രസരണ മേഖലയില് പൂര്ണ്ണമായും പ്രവര്ത്തിച്ചുവരുന്നത് പൊതു മേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി ലിമിറ്റഡ് ആണ്. പ്രസരണ ശൃഖലയുടെ സാമാന്യരൂപം ആദ്യഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. അടുത്ത അഞ്ചുവര്ഷങ്ങളില് വയനാട് ജില്ലയിലെ പ്രസരണ ശൃഖലയുടെ ശാക്തീകരണം ലക്ഷ്യമാക്കി കെ. എസ്. ഇ. ബി ലിമിറ്റഡ് വിഭാവനം ചെയ്യുന്ന പദ്ധതികള് ചുവടെ ചേര്ക്കുന്നു.

പട്ടിക .4.17.11.

ക്രമ നമ്പര്	കെ.എസ്.ഇ.ബി യുടെ പദ്ധതികള്
1	കണിയാമ്പറ്റയിലെ 220 കെ വി സബ് സ്റ്റേഷനില് നിന്നും 66 കെവി സിംഗിള് സര്ക്യൂട്ടൈനിലൂടെ ജില്ലയില് നാലിടങ്ങളിലായുള്ള 66 കെവി സബ്സ്റ്റേഷനുകളിലൂടെ പ്രസരണം നടത്തുന്ന സംവിധാനം ലൈനുകളെല്ലാം 110കെവി ഡബിള് സര്ക്യൂട്ട് നിലവാരത്തിലേക്കും സബ്സ്റ്റേഷനുകളെല്ലും 110 കെവി സബ്സ്റ്റേഷന് നിര്മ്മിക്കാനുള്ള പദ്ധതി.
2	അമ്പലവയല് പുതുതായി 110 കെവി സബ്സ്റ്റേഷന് നിര്മ്മിക്കുന്ന പ്രവൃത്തി അടുത്ത ഒരു വര്ഷത്തിനകം പൂര്ത്തിയാക്കുക
3	വെള്ളമുണ്ടയില് പുതിയ 110 കെവി സബ്സ്റ്റേഷന് നിര്മ്മിക്കാനുള്ള പദ്ധതി.
4	മൈസൂര് അരീക്കോട് 400 കെവി ലൈനില് മാനന്തവാടിയില് ഒരു സ്വിച്ചിങ്ങ് സ്റ്റേഷന് നിര്മ്മിക്കുക.

അവലംബം കെ.എസ്.ഇ.ബി, വയനാട്.

ഇതില് ഒന്നും രണ്ടും പ്രവര്ത്തികള് ഇതിനകം തന്നെ ആരംഭിച്ചു കഴിഞ്ഞു. മതിപ്പ് മുതല് മുടക്ക് 100 കോടി രൂപയാണ്.

4.17.21. വിതരണ മേഖല

ഉൗര്ജ്ജ ലഭ്യതയും സുശക്തമായ പ്രസരണ സംവിധാനവും ഉണ്ടായാല്പോലും കാര്യക്ഷമതയുള്ള വിതരണ സംവിധാനത്തിലൂടെ മാത്രമെ ജനങ്ങള്ക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കാന് കഴിയുകയുള്ളൂ. നിരന്തരമായ വൈദ്യുതി തടസ്സങ്ങളും അനുവദനീയമായ പരിധിയില് നിന്നു താഴ്ന്ന വോള്ട്ടേജ് നിലയും മീറ്ററിങ്ങിലും മറ്റുമുള്ള തകരാറുകളും ഉപഭോക്താക്കള് നേരിടുന്ന പ്രശ്നങ്ങളാണ്. ഇത് മുന്നിര്ത്തി വിതരണ മേഖലയില് അടുത്ത അഞ്ചു വര്ഷങ്ങളില് വിഭാവനം ചെയ്യാവുന്ന പദ്ധതികള്.

4.17.22.വിതരണ രംഗത്തെ സേവനം മെച്ചപ്പെടുത്തുക

നിലവിലുള്ള ഉപഭോക്താക്കള്ക്ക് തടസ്സമില്ലാത്തതും ഗുനമെന്മയുള്ളതുമായ വൈദ്യുതി നല്കി ഉപഭോക്താക്കളുടെ സംതൃപ്തി വര്ധിപ്പിക്കുന്നതിനുള്ള നടപടികള്ക്കാന് വിതരണ മേഘലയില് വരുന്ന അഞ്ചു വര്ഷങ്ങളില് ഊന്നല് നല്കേണ്ടത്.

പട്ടിക .4.17.12.

നമ്പര്	വിഭാവനം ചെയ്യുന്ന പ്രവര്ത്തി	തുക
1	ജില്ലയിലെ 17 സെക്ഷന് ഓഫീസുകള്ക്ക് കീഴിലും 11 കെ. വി. ലൈനില് ഏറ്റവും കൂടുതല് തകരാറുള്ള 3 കി. മീറ്റര് ലൈന് കണ്ടു പിടിച്ചു അവിടെ കവചിത എച്ച്. ടി ഏ. ബി. സി കേബിള് സ്ഥാപിക്കുക	17.6 ലക്ഷം / കി. മീറ്റര് നിരക്കില് 51 കിലോ മീറ്റര് ദൂരം 8.97 കോടി രൂപ
2.	ജില്ലയിലെ 17 സെക്ഷന് ഒഫീസുകള്ക്ക് കീഴിലും എറ്റവും കൂടുതല് തകരാറുകള് രേഖപ്പെടുത്തിയിട്ടുള്ള 5 കി. മീറ്റര് എല്. റ്റി. ലൈനുകള് കണ്ടുപിടിച്ചു അവിടെ കവചിത എല്. ടി എ.ബി.സി. കേബിള് സ്ഥാപിക്കുക	12.33 ലക്ഷം / കി. മീറ്റര് നിരക്കില് 85 കിലോ മീറ്റര് ദൂരം –1048.05 ലക്ഷം
3.	ട്രാന്സ്ഫോര്മറുകള് തകരാരിലാകുന്ന പക്ഷം പെട്ടെന്ന് വൈദ്യുതി പുനസ്ഥാപിക്കാന് പോര്ട്ടബിള് ട്രാന്സ്ഫോര്മര് സൗകര്യം ജില്ലയില് ലഭ്യമാക്കാനുള്ള പദ്ധതി	5 ലക്ഷം രൂപ
4.	കല്പ്പറ്റ ടൗണ്,കളക്ടറേറ്റ്, നിര്ദ്ദിഷ്ട മെഡിക്കല് കോളേജ് എന്നിവിടങ്ങളില് തടസ്സമില്ലാത്ത വൈദ്യുതി ഉറപ്പവരുത്തുന്നതിനായി കൂട്ടമുണ്ട സബ് സ്റ്റേഷനില് നിന്നും ഭൂഗര്ഭ 11 കെവി കേബിള് സ്ഥാപിക്കുക	31.25 ലക്ഷം / കി. മീറ്റര് നിരക്കില് 15 കി. മീറ്റര് ദൂരം – 468.75 ലക്ഷം
5	ജില്ല ആസ്ഥാനമായ കല്പ്പറ്റയില് വൈദ്യുതി സംബന്ധമായ എല്ലാ സേവനങ്ങളും ഒരു ഓഫീസില് തന്നെ ലഭിക്കത്തക്കവിധം കസ്റ്റമര് സര്വ്വീസ് സെന്റര് സ്ഥാപിക്കുക	വാര്ഷിക ചെലവ് 80 ലക്ഷം

അവലംബം കെ.എസ്.ഇ.ബി, വയനാട്.

പട്ടിക.4.17.13.

കാര്ഷിക വ്യാവസായിക മേഖലയില് ഊര്ജ്ജ ഉപയോഗം വര്ദ്ധിപ്പിക്കുന്നതിന്നായി താഴെ പറയുന്ന പദ്ധതികല് നടപ്പാക്കുക

ക്രമ നമ്പര്	പദ്ധതി	ചെലവ്	നിര്വ്വഹണം
1	ജില്ലയിലെ ജല സമ്പത്ത് ഉപയോഗപ്പെടുത്തും വിധം നദികളുടെ പുഴയോരങ്ങള് വൈദ്യുതീകരിച്ച് കാർഷികാവശ്യത്തിനുള്ള പമ്പ് സെറ്റുകൾ സ്ഥാപിച്ച് ജല ലഭ്യത വരുത്തുന്ന ഒരു പദ്ധതി നടപ്പാക്കുക. നമ്പിക്കൊല്ലി – കല്ലൂര് പുഴയോര വൈദ്യുതീകരണം.	മതിപ്പ് ചെലവ് –75 ലക്ഷം	ജില്ലാ പഞ്ചായത്ത്
2	ജില്ലയില് സ്ഥാപിക്കാന് സാധ്യതയുള്ള വ്യവസായ പാര്ക്കുകള്ക്ക് വൈദ്യുതി ലഭ്യത ഉറപ്പാക്കുക		വ്യവസായ വകുപ്പ്
3	ചുണ്ടയില് നിലവിലുള്ള കിന്ഫ്ര പാര്ക്കിലേക്ക് തടസ്സമില്ലാത്ത വൈദ്യുതി ലഭ്യമാകാന് 3.5 കി. മീറ്റര് 11 കെ. വി. ഏ ബി. സി. ലൈന് സ്ഥാപിക്കുക	62 ലക്ഷം	വ്യവസായ വകുപ്പും കെ.എസ് ഇ ബി ലിമിറ്റഡും

അവലംബം കെ.എസ്.ഇ.ബി, വയനാട്

പട്ടിക .4.17.14.

അനര്ട്ടുമായി ചേർന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് ചെയ്യാവുന്ന സർക്കാർ സബ്സിഡിയുള്ള വിതരണ പദ്ധതികള് ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ പേര്	സബ്സിഡി	ഗുണഭോക്താക്കള്
1	ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ളാന്റ് 2 മുതൽ100 കിലോവാട്ട് വരെ	10% + കേന്ദ്ര സബ്സിഡി	എല്ലാ വിഭാഗങ്ങൾക്കും
2	ഓഫ് ഗ്രിഡ് സോളാർ പവർ പ്ളാൻറ് 1 മുതൽ5 കിലോ വാട്ട് വരെ	15% + കേന്ദ്ര സബ്സിഡി	എല്ലാ വിഭാഗങ്ങൾക്കും
3	സോളാർ ഹോം ലൈറ്റിങ്ങ് സിസ്റ്റം 1 കിലോ വാട്ടിന് താഴെ	15%	എല്ലാ വിഭാഗങ്ങൾക്കും
4	സൗര റാന്തൽ	ജനറൽ15% പിന്നോക്ക വിഭാഗങ്ങൾ 50 %	എല്ലാ വിഭാഗങ്ങൾക്കും
5	സോളാർ വാട്ടർ ഹീറ്റർ	15%	എല്ലാ വിഭാഗങ്ങൾക്കും
6	സോളാർ വാട്ടർ ഹീറ്റർ	15%	എല്ലാ വിഭാഗങ്ങൾക്കും
7	കേന്ദ്രീകൃത സോളാർ തെർമൽ സിസ്റ്റം	10% + കേന്ദ്ര സബ്സിഡി	എല്ലാ വിഭാഗങ്ങൾക്കും
8	ബയോഗ്യാസ് പ്ളാന്റുകൾ	1 ക്യു. മീ. വരെയുള്ളവയ്ക്ക് 50 % , അതിനു മുകളിൽ10% + കേന്ദ്ര സബ്സിഡി	എല്ലാ വിഭാഗങ്ങൾക്കും
9	മെച്ചപ്പെട്ട വിറകടുപ്പ്	90%	എസ്.സി,എസ്.ടി, സമ്പൂർണ്ണ പാർപ്പിട പദ്ധതി

അവലംബം കെ.എസ്.ഇ.ബി, വയനാട്.

4.17.23. സംഗ്രഹം

ജില്ലയിലെ ഊർജ്ജ മേഖലയുടെ സാമാന്യമായ അവലോകനത്തിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന പ്രധാന വസ്തുതകൾ ഇപ്രകാരം സംഗ്രഹിക്കാവു ന്നതാണ്.

അനുകൂല ഘടകങ്ങള്

- ഗാർഹിക മേഖലയിലെ ഊർജ്ജ ലഭ്യത ഉറപ്പു വരുത്തുന്ന കാര്യത്തിൽജില്ലയ്ക്ക് അസൂയാവഹമായ നേട്ടം കൈവരിക്കാൻ ഇതിനോടകം തന്നെ സാധിച്ചിട്ടുണ്ട്.
- ശക്തമായ പ്രസരണ ശൃംഖല ജില്ലയിൽ നിലവലുണ്ട്.
- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ അനർട്ടിന്റെയും തദ്ദേശ്ശ സ്ഥാപനങ്ങളുടെയും സഹായത്തോടെ സാധിച്ചിട്ടുണ്ട്.

ഈ അടിത്തറയില് നിന്നുകൊണ്ട് ഊര്ജ്ജമേഖലയില് പാരമ്പര്യ പാരമ്പര്യേതര ഉറവിടങ്ങളില് നിന്നുള്ള പരമാവധി ഊര്ജ്ജ ഉത്പാദനം പരിസ്ഥിതി സൗഹൃതമായ മാര്ഗ്ഗങ്ങളിലൂടെ ഉല്പാദിപ്പിക്കുകയും ഏറ്റവും കുറഞ്ഞ പ്രസരണ നഷ്ടത്തില് ഊര്ജ്ജ പ്രസരണം സാധ്യമാക്കുകയും വിതരണ മേഖലയുടെ കാര്യക്ഷമതയും ആശ്രയത്വവും വര്ദ്ധിപ്പിക്കുകയും ചെയ്യുന്ന പദ്ധതികള് വിഭാവനം ചെയ്ത് നടപ്പില് വരുത്തുവാന് നമുക്ക് സാധിക്കട്ടെ.

****

ഗതാഗതം,വാർത്താവിനിമയം, വിനോദസഞ്ചാരം

വിനോദ സഞ്ചാരം, ഗതാഗതം, വാർത്താവിനിമയം

4.18. ആമുഖം

ദൈവത്തിന്റെ സ്വന്തംനാട് എന്നറിയപ്പെടുന്ന കേരളത്തിന്റെ വടക്കേ അറ്റത്ത് കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന വയനാട് ജില്ലക്ക് അനന്തമായ വിനോദ സഞ്ചാര സാധ്യതകളുള്ളതാണ്.പ്രകൃതി സമ്പത്ത്, അനുകൂലമായ കാലാവസ്ഥ, ജനവിഭാഗങ്ങൾ, ചരിത്ര പശ്ചാത്തലം,കാർഷിക മേഖല മറ്റു വിഭവങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി ജില്ലയിൽ ഉത്തരവാദിത്ത ടൂറിസം, സാഹസിക ടൂറിസം, ഇക്കോ ടൂറിസം, തീർത്ഥാടന ടൂറിസം, കാർഷിക അനുബന്ധ ടൂറിസം, ഒഴിവുകാല ടൂറിസം എന്നീ മേഖലകളിൽ സുസ്ഥിര വിനോദ സഞ്ചാര വികസനം സാധ്യമാക്കിയാൽ ജില്ലയുടെ സാമൂഹിക സാമ്പത്തിക മേഖലക്ക് ഉയർച്ചയു ാകും. തൊഴിൽ, വരുമാനം, എന്നിവ കൃത്യമായി വർദ്ധിക്കുന്നതോടൊപ്പം ജില്ലയുടെ സംസ്കാരവും പാരമ്പര്യവും പരിസ്ഥിതിയും സംരക്ഷിച്ച് നിലനിർത്തുന്നതിനും മെച്ചപ്പെട്ട സാമൂഹിക ജീവിതം ഉറപ്പാക്കുന്നതിനും വിനോദ സഞ്ചാരത്തെ നമുക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്തേ തു ്. ഇതോടൊപ്പം ടൂറിസം വികസനത്തിന്റെ ഭാഗമായി സംഭവിച്ചേക്കാവുന്ന പോരായ്മകളും പ്രത്യാഘാതങ്ങളും സാമൂഹിക ജീവിതത്തെ ബാധിക്കുമെന്നത് തിരിച്ചറിഞ്ഞ് കൊ ുള്ള വിനോദസഞ്ചാരമാണ് നാം നടപ്പിലാക്കേ ത്.

4.18.1. അവസ്ഥാ വിശകലനം

4.18.1.1. ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങൾ

വനം, പ്രകൃതി, പൈതൃകം, വിശ്രമകേന്ദ്രം, തീർത്ഥാടനകേന്ദ്രങ്ങൾ എന്നിവയുടെ അടിസ്ഥാ നത്തിൽ വയനാടൻ വിനോദ സഞ്ചാര കേന്ദ്രങ്ങളെ തരംതിരിക്കാവുന്നതാണ്.

4.18.1.1.1 എടക്കൽ ഗുഹ

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽ നിന്നും 14 കിലോമീറ്റർ മാറി പശ്ചിമ ഘട്ടത്തിന്റെ ഭാഗമായ അമ്പുകുത്തി മലയിലെ മൂന്ന് പ്രകൃതി ജന്യമായ ഗുഹകളാണ് എടക്കൽ ഗുഹകൾ. സമുദ്ര നിരപ്പിൽ നിന്നും 4,000 ത്തിൽപ്പരം അടി ഉയരത്തിൽ നിൽക്കുന്ന ഇവിടെ കേരളത്തിൽ ലഭി ച്ചിട്ടുള്ള ഏറ്റവും പുരാതന ലിഖിതങ്ങളാണ് പാറയിൽ കൊത്തിയിരിക്കുന്നത്.

4.18.1.1.2 കാന്തൻപാറ വെള്ളച്ചാട്ടം

മേപ്പാടിയിൽ നിന്നും 8 കിലോമീറ്റർ അകലെയായി കാന്തൻപാറ വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്നു. 30 മീറ്റർ ഉയരത്തിൽ നിന്നും വീഴുന്ന വെള്ളച്ചാട്ടം നയനമനോഹരമായ കാഴ്ചയാണ്. മറ്റു വെള്ളച്ചാട്ടങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഒരു ഡ്രൈവ്-ഇൻ വെള്ളച്ചാട്ടമെന്ന പ്രത്യേകത ഇതിനു ്.

4.18.1.1.3 പൂക്കോട് തടാകം

വൈത്തിരിയിൽ നിന്ന് മൂന്ന് കിലോമീറ്റർ മാറി തളിപ്പുഴയ്ക്ക് സമീപമായി പൂക്കോട് തടാകം സ്ഥിതി ചെയ്യുന്നു. 13 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന പൂക്കോട് തടാകത്തിൽ ബോട്ട് സവാരിയും കുട്ടികൾക്കായുള്ള പാർക്കും ഏർപ്പെടുത്തിയിട്ടു ്.

4.18.1.1.4 കുറുവാ ദ്വീപ്

950 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന 150 ഓളം ചെറുദ്വീപുകളുടെ സമൂഹമാണ് കുറുവാദ്വീപ്. മാന ന്തവാടിയിൽ നിന്നും 15 കിലോ മീറ്റർ അകലെയാണ് കുറുവാ ദ്വീപ് സ്ഥിതി ചെയ്യുന്നത്. സംരക്ഷിത വനമേഖലയായ ഇവിടെ പലവിധത്തിലുള്ള ഔഷധ ചെടികളും, പക്ഷികളും ഉ ്.മാനന്തവാടി ഭാഗ ത്തുള്ള പാൽവെളിച്ചം കൗ റിന്റെ നിയന്ത്രണം ഡി.ടി.പി.സി.യും പുൽപ്പള്ളി പാക്കം ഭാഗത്തുള്ള ചെറിയമല പ്രവേശന കവാടത്തിന്റെ നിയന്ത്രണം വനസംരക്ഷണ സമിതിയുമാണ്.

4.18.1.1.5 ബാണാസുര അണക്കെട്ട്

ഹൈഡൽ ടൂറിസത്തിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ട് നിർമ്മിച്ചത് 1979 ലാണ്. ജലസേചനം, വൈദ്യുതി ഉൽപ്പാദനം എന്നീ ആവശ്യങ്ങൾ മുൻനിർത്തിയാണ് അണക്കെട്ട് നിർമ്മിച്ചത്. കൽപ്പറ്റ യിൽ നിന്ന് 21 കിലോമീറ്റർ മാറി പടിഞ്ഞാറത്തറയ്ക്ക് സമീപമാണ്ഇത് സ്ഥിതി ചെയ്യുന്നത്.

4.18.1.1.6 ചെമ്പ്രമല

സമുദ്രനിരപ്പിൽ നിന്നും 2100 അടി ഉയർന്ന് മേപ്പാടിക്ക് സമീപമായി ചെമ്പ്രമല സ്ഥിതി ചെയ്യുന്നു. കൊടുമുടിക്ക് മുകളിൽ ഹൃദയത്തിന്റെ ആകൃതിയിൽ പ്രകൃതിദത്ത തടാകമാണ് ഈ സാഹസിക വിനോദ സഞ്ചാര കേന്ദ്രത്തിന്റെ മുഖ്യ ആകർഷണം.

4.18.1.1.7 സൂചിപ്പാറ വെള്ളച്ചാട്ടം

മേപ്പാടിയിൽ നിന്നും 13 കി.മീറ്റർ അകലെയായി സൂചിപ്പാറ വെള്ളച്ചാട്ടംസ്ഥിതി ചെയ്യുന്നു. 100 മുതൽ 200 അടി വരെ ഉയരത്തിൽ നിന്നും പതിക്കുന്ന മൂന്ന് വെള്ളച്ചാട്ടങ്ങളാണ് ഇവിടുത്തെ മുഖ്യ ആകർഷണം. മേപ്പാടി മുതൽ തുടങ്ങുന്ന തേയിലത്തോട്ടങ്ങളുടെ ഇടയിലൂടെയുള്ള സൂചിപ്പാറയിലേക്കുള്ള സഞ്ചാരം വിനോദ സഞ്ചാരികൾക്ക് മറ്റൊരനുഭവമാണ്.

4.18.1.1.8 കറളാട് തടാകം

തരിയോട് ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജലാശയമായ കറലാട് തടാകം ജില്ലയിലെ പ്രധാനപ്പെട്ട സാഹസിക വിനോദസഞ്ചാര കേന്ദ്രമായി പരിഗണിക്കപ്പെടുന്നു. വയനാട് ഡി ടി പി സി ഇവിടെ സ്വിപ്പ് ലൈൻ, കയാക്കിംഗ്, റോപ്പ് ക്ലൈംബിംങ്ങ്, പെയിന്റ് ബോൾ, അമ്പെയ്ത്ത്തുടങ്ങിയ സാഹസിക വിനോദസഞ്ചാര ഉപാധികളുംബോട്ടിംഗ്, പ്രകൃതിക്കിണങ്ങിയ തരത്തിലുള്ള താമസ സൗകര്യം, ക്യാമ്പിംഗ് സൗകര്യം, റസ്റ്റോറന്റ് തുടങ്ങിയവയും സഞ്ചാരികൾക്കായി ഒരുക്കിയിരിക്കുന്നു.

4.18.1.1.9 വയനാട് വന്യജീവി സങ്കേതം (മുത്തങ്ങ)

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽ നിന്നും 12 കി.മീറ്റർ മാറി മൈസൂർ റോഡിലായി മുത്തങ്ങ വന്യജീവി സങ്കേതം സ്ഥിതി ചെയ്യുന്നു. കാട്ടുപോത്ത്, മാൻ, ആന, കടുവ, തുടങ്ങിയജീവി കളെ ഈ വന്യമൃഗസങ്കേതത്തിലെ കാടുകളിൽ കാണാൻ കഴിയും.

4.18.1.1.10 തിരുനെല്ലി ക്ഷേത്രം

ദക്ഷിണ കാശി എന്നറിയപ്പെടുന്ന തിരുനെല്ലി ക്ഷേത്രം ബ്രഹ്മഗിരി മലനിരകളുടെ ചരിവിലായി മാന ന്തവാടിയിൽ നിന്നും 30 കി.മീറ്റർ അകലെയായി വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഒരു പുരാതന ക്ഷേത്രം, പാപനാശിനി എന്ന തീർത്ഥ ഉറവയുടെ സാമിപ്യം എന്ന നിലയിലും തിരുനെല്ലി ക്ഷേത്രത്തെ തീർത്ഥാടക ടൂറിസം കേന്ദ്രമായി മാറ്റിയിരിക്കുന്നു.

4.18.1.1.11 ബത്തേരി ജൈന ക്ഷേത്രം

കൽപ്പറ്റയിൽ നിന്ന് 24 കി.മീറ്റർ മാറി ബത്തേരി ടൗണിനോട് ചേർന്നാണ് ജൈനക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കരിങ്കല്ലിൽ പണിചെയ്തതും, മതിൽകെട്ടുള്ളതും ധാരാളം കൊത്തുപണികളുള്ളതു മായ ഈ ക്ഷേത്രം വളരെ ആകർഷണീയമാണ്.

14.18.1.1.12 കാരാപ്പുഴ ഡാം

കൽപ്പറ്റ സുൽത്താൻ ബത്തേരി റോഡിൽ കാക്കവയലിൽ നിന്നും 5 കി.മീ അകലെയായി കാരാപ്പുഴ ഡാം സ്ഥിതി ചെയ്യുന്നു. ടൂറിസം വകുപ്പിന്റെ ധന സഹായത്തോടെ ജലസേചനവകുപ്പിന്റെ സഹകരണത്തോടെയും ഈ കേന്ദ്രം ജില്ലയിലെ ഒരു മെഗാ ടൂറിസംപദ്ധതിയായിമാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

4.18.1.1.13 മറ്റു കേന്ദ്രങ്ങൾ

മേൽപ്പറഞ്ഞ കേന്ദ്രങ്ങൾ കൂടാതെ പ്രിയദർശിനി ടീ എൻവിറോൺസ്, വയനാട് ഹെറിറ്റേജ് മ്യൂസിയം, മാനന്തവാടി പഴശ്ശി കുടീരം, തോൽപ്പെട്ടി വന്യജീവി സങ്കേതം, പഴശ്ശി പാർക്ക്, അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം, നീലിമല വ്യൂ പോയിന്റ്, ഫാന്റം റോക്ക്, മീൻമുട്ടി വെള്ളച്ചാട്ടം തുടങ്ങിയവയും സഞ്ചാരികളെ ആകർഷിക്കുന്നു.

മറ്റു തീർത്ഥാടക കേന്ദ്രങ്ങളായ പള്ളിക്കുന്ന് ദേവാലയം, വള്ളിയൂർക്കാവ് ക്ഷേത്രം, വാരാമ്പറ്റ മോസ്ക്ക് എന്നിവയും ജില്ലയിൽ പ്രാധാന്യം അർഹിക്കുന്ന കേന്ദ്രങ്ങളാണ്.

ചിത്രം.4.18.1

ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ സഞ്ചാരികളുടെ വളർച്ചാനിരക്ക്



അവലംബം- ടൂറിസം വകുപ്പ്

വയനാട് ടൂറിസം മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. കാലാവസ്ഥ വ്യതിയാനം :
2. കുന്നിടിക്കൽ
3. നെൽ വയലുകളുടെ ദുരുപയോഗം :
4. .യാത്ര സൗകര്യങ്ങളുടെ അഭാവം :

4.18.2. വികസന കാഴ്ച്ചപ്പാട്

ജില്ലയുടെ പ്രകൃതി സമ്പത്തിന് യാതൊരുകോട്ടവും തട്ടാതെ തികച്ചും പരിസ്ഥിതി സൗഹൃദമായ സുസ്ഥിര ടൂറിസം വികസനമാണ് നടപ്പിൽ വരുത്തേ ത്.ഇത്തരം ടൂറിസം വികസനത്തിന്റെ ആത്യന്തിക ഗുണഭോക്താക്കൾ പ്രാദേശിക ജനസമൂഹമായിരിക്കണം. ഹരിത തത്വത്തിൽ അധിഷ്ടിതമായി അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിനോദ സഞ്ചാര കേന്ദ്രങ്ങളെ ഉയർത്തുകയും ആഗോള വിനോദസഞ്ചാര പ്രവണതക്കനുസൃതമായി കാലോചിതമായ വിനോദസഞ്ചാര വികസനം താഴെ പറയുന്ന മേഖലകളിൽ സാധ്യമാക്കണം

- ഉത്തരവാദിത്ത വിനോദസഞ്ചാര വികസനം
- സാഹസീക വിനോദ സഞ്ചാര വികസനം
- കാർഷിക അനുബന്ധ വിനോദ സഞ്ചാര വികസനം
- ഗ്രീൻകാർപ്പറ്റ് – 'അതിഥികൾക്കായി അരങ്ങൊരുക്കാൻ'
- ഗ്രാമീണ വിനോദ സഞ്ചാര വികസനം
- പാരിസ്ഥിതിക വിനോദ സഞ്ചാര വികസനം
- മാലിന്യ നിർമാർജ്ജന പദ്ധതികൾ
- വിനോദസഞ്ചാര വികസനകൂട്ടായ്മകൾ
- വിനോദസഞ്ചാര ബോധവൽക്കരണ പരിപാടികൾ
- വയനാട് ടൂറിസം ബ്രാന്റിംഗ്
- ജില്ലയെ മികച്ച ടൂറിസം സൗഹൃദ ജില്ലയാക്കി പ്രഖ്യാപിക്കൽ.

4.18.2.1 ഉത്തരവാദിത്ത ടൂറിസം വികസനം

കേരളത്തിലെ വിനോദസഞ്ചാര മേഖലക്ക് പുത്തൻ ഉണർവേകി പ്രവർത്തിച്ചുകൊ ിരിക്കുന്ന ഉത്തരവാദിത്ത ടൂറിസം വയനാട് ജില്ലയിൽ വൈത്തിരി, അമ്പലവയൽ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്.

ഉത്തരവാദിത്ത ടൂറിസം വയനാട് ജില്ലയിൽ അടുത്ത 5 വർഷം കൊ ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ:

1. ടൂറിസം റിസോഴ്സ് മാപിംഗ്
2. ടൂറിസം ലേബർ ഡയറക്ടറി തയ്യാറാക്കൽ
3. ഗ്രാമയാത്രകൾ
4. വയനാടിന്റെ തനത് ഉൽപന്നങ്ങൾ ഉത്തരവാദിത്ത ടൂറിസം ബ്രാൻഡിൽ വിപണനം നടത്തൽ.
5. .ആദിവാസികലാരൂപങ്ങൾ സംരക്ഷിക്കുന്നതിന് വേ ിയുള്ള പ്രവർത്തനം.

ഉത്തരവാദിത്ത ടൂറിസം പരിശീലന പരിപാടികൾ

1. ഗ്രാമീണ ടൂറിസം എസ്ക്കോട്ട് പരിശീലനം.
2. ഉത്തരവാദിത്ത ടൂറിസം ഷോഫർ പരിശീലനം.
3. ഹോം സ്റ്റേ പരിശീലനം
4. മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണ പരിശീലനം.

4.18.2.2 സാഹസിക വിനോദ സഞ്ചാര വികസനം

1. കുറുമ്പാലക്കോട്ട സാഹസിക ടൂറിസം പദ്ധതി
2. കറലാട് തടാകം സാഹസിക ടൂറിസം പദ്ധതി – തുടർ പ്രവർത്തനങ്ങൾ
3. ചീങ്ങേരിമല – റോക്ക് അഡ്വഞ്ചർ ടൂറിസം – ര ാം ഘട്ടം.
4. കൊളഗപ്പാറ വിനോദസഞ്ചാര വികസന പദ്ധതി

4.18.2.3 കാർഷിക അനുബന്ധ വിനോദ സഞ്ചാര വികസനം

1. പ്രിയദർശിനി ഫാം ടൂറിസം പദ്ധതി
2. അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം – ഫാം ടൂറിസം സെന്ററായി വികസിപ്പിക്കൽ

4.18.2.4 ഗ്രീൻകാർപ്പറ്റ് – 'അതിഥികൾക്കായി അരങ്ങൊരുക്കാൻ' ടൂറിസം വകുപ്പിന്റെ പദ്ധതി

ടൂറിസം വികസനത്തിന് വ്യക്തവും സമഗ്രവുമായ ഒരു നയം രൂപീകരിച്ച ആദ്യ സംസ്ഥാനമാണ് കേരളം. കൂടുതൽ ചിട്ടയോടും ലക്ഷ്യ ബോധത്തോടും കൂടിയ പ്രവർത്തനങ്ങളാണ് ടൂറിസത്തെ ശക്തിപ്പെടുത്തുന്നതിന് ഇപ്പോൾ ആവശ്യം.

4.18.2.5 ഗ്രാമീണ വിനോദ സഞ്ചാര വികസനം

വയലേലകൾ, പുഴകൾ, കുന്നിൻ പ്രദേശങ്ങൾ, ജല സംഭരണികൾ പോലുള്ള പ്രകൃതിയുടെ വരദാനങ്ങളാൽ ജില്ലയിലെ ഗ്രാമീണ മേഖല സമൃദ്ധമാണ്.

- ജില്ലയിലെ പ്രധാന ജലസംഭരണികളായി മാറിയിട്ടുള്ള പൂക്കോട്, കർലാട് തടാകങ്ങൾ, കാരാപ്പുഴ, ബാണാസുര ഡാമുകൾ എന്നിവയെ ജലബന്ധിതമായ വിനോദ സഞ്ചാര വികസനത്തിനായി ഉപയോഗിക്കാവുന്നതാണ്.
- മുള കൊ ുള്ള ചങ്ങാടങ്ങളിലുള്ള റാഫ്റ്റിംങ്: ഓരോ ഗ്രാമപഞ്ചായത്തിലും യോജിച്ച പുഴകളിലൂടെ മുളകൊ ുള്ള ചങ്ങാടത്തിലൂടെ ഗ്രാമീണ സൗന്ദര്യം ആസ്വദിക്കുന്നതിന് സന്ദർശകർക്കായി റാഫ്റ്റിംങ് ഏർപ്പെടുത്താവുന്നതാണ്. ഇത്തരം സംരഭങ്ങൾ നടപ്പിലാക്കാൻ അതാത് പ്രദേശത്ത് നിന്നുള്ള യുവതീ യുവാക്കളെ തിരഞ്ഞെടുത്ത് പരിശീലനം നൽകാവുന്നതാണ്.
- ചൂ ഉപയോഗിച്ച് പുഴകളിൽ നിന്ന് മീൻ പിടിക്കുന്നതിനുള്ള സൗകര്യം: ഓരോ പ്രദേശത്തിനും അനുഗുണമായ സ്ഥലം കെ ത്തി പരിസ്ഥിതി സൗഹൃദ ഫിഷിംങ് സ്പോട്ടുകൾ കെ ത്തുകയും നടപ്പിലാക്കുകയും ചെയ്യുക.
- നീന്തൽക്കുളം: വിവിധ പ്രായക്കാർക്കായുള്ള നീന്തൽകുളങ്ങൾ ജില്ലയിലെ വിവിധ ഭാഗങ്ങളിലായി സജ്ജീകരിക്കേ തായു ്.
- പ്രധാന ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡ് വികസനം
  വയനാട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം സർക്യൂട്ടാണ് കാരാപ്പുഴ ഡാം, എടക്കൽ ഗുഹ, അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ ഹെറിറ്റേജ് മ്യൂസിയം എന്നിവ. മേൽ ടൂറിസം സർക്യൂട്ടിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അമ്പലവയൽ–കാരാപ്പുഴ ഡാം റോഡ്. 5.1 കി.മീ ദൂരം വരുന്ന റോഡ് പൂർണ്ണമായും ഗതാഗത യോഗ്യമാക്കിയാൽ മേൽ ടൂറിസം സർക്യൂട്ടിൽ വിനോദ സഞ്ചാരികൾക്ക് എളുപ്പത്തിൽ എത്തിച്ചേരുവാൻ സാധിക്കും.ആയത് നിലവിലെ യാത്രാദൂരം മൂന്നിൽ ഒന്നായി കുറക്കുന്നതിന് ഉപകരിക്കും.

4.18.2.6 പാരിസ്ഥിതിക വിനോദ സഞ്ചാര വികസനം

പനമരം കൊറ്റില്ലം സംരക്ഷണം

കേരളത്തിലെ തന്നെ വളരെ പ്രാധാന്യമർഹിക്കുന്ന കൊറ്റില്ലമാണ് പനമരം പുഴയോരത്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്നത്. പനമരം, വരദൂർ പുഴകൾ സംഗമിക്കുന്നിടത്തെ തുരുത്തിലാണ് കൊറ്റില്ലമുള്ളത്. ഇവിടെയെത്തുന്ന പക്ഷികളെ കാണുന്നതിനും നിരീക്ഷിക്കുന്നതിനുമായി പുഴയുടെ തീരത്തു സ്ഥിതിചെയ്യുന്ന പമ്പ് ഹൗസിനടുത്തായി ഒരു വാച്ച് ടവ്വർ നിർമ്മിക്കാനും ആയതിൽ ബൈനോക്കുലർ

സൗകര്യം ഏർപ്പെടുത്തുന്നതിനും കൊറ്റില്ലം സ്ഥിതി ചെയ്യുന്ന 500 മീറ്റർ ചുറ്റളവിൽ പക്ഷിക ളുടെ ആവാസ വ്യവസ്ഥയുടെ സുരക്ഷിതത്വത്തിന് തടസ്സം നേരിടുന്ന രീതിയിലുള്ള എല്ലാ കാര്യങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്താനും കൂടുതൽ മുള തൈകളും പക്ഷികളെ ആകർഷിക്കുന്ന മറ്റ് വൃക്ഷതൈകളും വെച്ചു പിടിപ്പിച്ചു കൊ ് സംരക്ഷിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. കൊറ്റില്ലത്തിന്റെ നിലനിൽപിന് ഭീഷണിയാവുന്ന തരത്തിലുള്ള മണൽ ഖനനം അവസാനിപ്പിക്കുന്നതിന് നടപടി അത്യാവശ്യമാണ്.

4.18.2.7. മാലിന്യ നിർമാർജ്ജന പദ്ധതികൾ

വിനോദ സഞ്ചാര വികസനം ജില്ലയിൽ സാധ്യമാക്കുന്നതിനോടൊപ്പം ശാസ്ത്രീയമായ മാലിന്യ സംസ്ക്കരണ പദ്ധതിയും വിഭാവനം ചെയ്യേ തായിട്ടു ്. പ്രധാനമായും ര ് തരത്തിലുള്ള മാലിന്യങ്ങൾ വിനോദ സഞ്ചാര കേന്ദ്രത്തിൽ എത്തിച്ചേരുന്നു ്.

1. ജൈവ മാലിന്യങ്ങൾ

2. അജൈവ മാലിന്യങ്ങൾ.

ആയതിന്റെ സംസ്ക്കരണ സംവിധാനങ്ങൾതാഴെപറയുംപ്രകാരംനടപ്പിലാക്കാവുന്നതാണ്.

4.18.2.7.1 ജൈവ മാലിന്യ സംസ്കരണം

ടൂറിസം കേന്ദ്രത്തിൽ വിനോദ സഞ്ചാരികൾ ഉപേക്ഷിക്കുന്ന ഭക്ഷണാവശിഷ്ടങ്ങൾ, വിനോദ സഞ്ചാരികൾതാമസിക്കുന്ന ഹോട്ടലുകൾ, റിസോർട്ടുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നി വിടങ്ങളിലെ വിവിധ ജൈവ മാലിന്യ അവശിഷ്ടങ്ങൾ എന്നിവ ഇതിൽ പ്രധാനമാണ്. പൈപ്പ് കമ്പോസ്റ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവ വിവിധ ടൂറിസം കേന്ദ്രങ്ങളിലും, അനുബന്ധ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നത് ഉചിതമാ ണ്.

4.18.2.7.2 അജൈവ മാലിന്യ സംസ്കരണം

വളരെ ശ്രമകരമായ പ്രവർത്തനമാണ് അജൈവ മാലിന്യ സംസ്ക്കരണം ആയതിന് താഴെ പറയും പ്രകാരമുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാൻ സാധിക്കും.

1. അജൈവ മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന് തടസ്സം സൃഷ്ടിക്കൽ–നിയന്ത്രണങ്ങൾ ഏർപ്പെടുത്തൽ
2. അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി തരം തിരിച്ച് സംസ്ക്കരിക്കൽ.
3. അജൈവ മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നത് ഒഴിവാക്കാനായി വിവിധ ടൂറിസം കേന്ദ്ര ങ്ങളിലും , മറ്റ് വിനോദ സഞ്ചാരികളുമായി ബന്ധപ്പെട്ട അനുബന്ധ സ്ഥാപനങ്ങളിലേയും കർശനമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകൽ.
4. ടി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുെ ന്ന് ഉറപ്പ് വരുത്തുന്നതിനായി പ്രാദേശിക പങ്കാളിത്തത്തോടെ നിരീക്ഷണ സമിതികൾ രൂപീകരിക്കൽ
5. കൂടാതെ അത്യാവശ്യഘട്ടങ്ങളിൽ പ്ലാസ്റ്റിക്ക് സാമഗ്രികൾ ടൂറിസം കേന്ദ്രങ്ങളിൽ കൊ ുപോകുന്നതിനായി തിരിച്ച് നൽകാവുന്ന ഫീസ് സംവിധാനം ഏർപ്പെടുത്താവുന്നതാണ്.
6. അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.

7. ശേഖരിച്ച മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനായി റീസൈക്കിൾ യൂണിറ്റുകൾ സ്ഥാപിക്കൽ, ആയതിന് കുടുംബശ്രീ പോലുള്ള സംവിധാനങ്ങളെപ്രയോജനപ്പെടുത്തൽ.
8. ജില്ലാ, താലൂക്ക് കേന്ദ്രത്തിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ.
9. ടൂറിസ്റ്റ് കേന്ദ്രത്തിൽ മൈക്രോ പ്രോസ്സസിംങ്ങ് യൂണിറ്റുകൾ സ്ഥാപിച്ച് മാലിന്യങ്ങൾ സംസ്ക്കരിക്കൽ.
10. ഉറവിട മാലിന്യസംസ്കരണത്തിന് ഊന്നൽ നൽകിയുള്ള മാലിന്യസംസ്കരണ നയം.

4.18.2.8 വിനോദസഞ്ചാര വികസനകൂട്ടായ്മകൾ

1. വിദ്യാലയ ടൂറിസം ക്ലബ്ബുകൾ.
2. ഗ്രാമീണ ടൂറിസം ക്ലബ്ബുകൾ.

4.18.2.8.1 വിദ്യാലയ **ടൂറിസം ക്ലബ്ബുകൾ.**

ജില്ലയിലെ എല്ലാ ഹൈസ്ക്കൂൾ, ഹയർ സെക്ക റി, കോളേജ് വിദ്യഭ്യാസ സ്ഥാപനങ്ങളിലും ടൂറിസം ക്ലബ്ബുകൾ സ്ഥാപിക്കേ തു ്. ആയത് ഈ രംഗത്തേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും ,പുതിയ തൊഴിൽ അവസരങ്ങൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനും ഉപകരിക്കും. കൂടാതെ വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തി ടൂറിസം കേന്ദ്രങ്ങളുടെ നവീകരണവും, പുതിയ വിനോദ സഞ്ചാര സാധ്യതകൾ മനസ്സിലാക്കുന്നതിനും, വിപുലമായ വിനോദ സഞ്ചാര പ്രചരണത്തിനും ഉപകരിക്കും. പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഗ്രാന്റ് നൽകാവുന്നതാണ്.

4.18.2.8.2 ഗ്രാമീണ ടൂറിസം ക്ലബ്ബുകൾ

പൊതുജനങ്ങൾക്കിടയിൽ വിനോദ സഞ്ചാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിനും, അറിയപ്പെടുന്നതും അറിയാത്തതുമായ വിവിധ വിനോദ സഞ്ചാര സാധ്യതകളെ തദ്ദേശീയരെക്കൊ ് കെ ത്തി പരിപോഷിപ്പിക്കുന്നതിനും നിരവധി യുവതീ യുവാക്കൾക്ക് വിനോദ സഞ്ചാര മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനും സഹായിക്കും. പ്രാരംഭപ്രവർത്തനങ്ങൾക്ക് ഗ്രാന്റ് നൽകാവുന്നതാണ്.

4.18.2.8.3 ടൂറിസം ബോധവൽക്കരണ പരിപാടികൾ

സമൂഹത്തിലെ വിവിധ തലങ്ങളിൽ നിന്നുള്ളവർക്ക് വിനോദ സഞ്ചാര ബോധവൽക്കണം നൽകേ ത് വളരെ അത്യാവശ്യമാണ്. ആയത് ടൂറിസ്റ്റുകളോടുള്ള മികച്ച സമീപനം സൃഷ്ടിക്കുന്നതിനും ഉത്തരവാദിത്വ ടൂറിസം യാഥാർത്ഥ്യമാക്കുന്നതിനും ഉപകരിക്കും. ഇതിനായി വിവിധ ടൂറിസം ക്ലബ്ബുകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ടൂറിസവുമായി ബന്ധപ്പെട്ട ഗൈഡുകൾ, ടാക്സി ഡ്രൈവർമാർ, ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജന്റ്സ്,ഹോട്ടൽ/റിസോർട്ട് ജീവനക്കാർ, പൊതുജനങ്ങൾ എന്നിവർക്കായി വിവിധങ്ങളായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേ തായു ്. പരിശീലനപരിപാടികൾക്ക് തുക വകയിരുത്തേ താണ്.

4.18.2.8.4 ടൂറിസ്റ്റ് ഗൈഡുകൾക്കുള്ള പരിശീലനപരിപാടി

ജില്ലയിൽ എത്തുന്ന സഞ്ചാരികൾക്ക് തടസ്സങ്ങളില്ലാതെ അവർ ഉദ്ദേശിക്കുന്ന തരത്തിൽ വിനോദ സഞ്ചാര സാധ്യതകൾ അനുഭവവേദ്യമാക്കുന്നതിന് ടൂറിസ്റ്റ് ഗൈഡുകൾക്ക് മുഖ്യമായ പങ്കാണുള്ളത്.നിലവിൽ ജില്ലയിൽ ആവശ്യത്തിന് ഗൈഡുകൾ ഇല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ അഭ്യസ്തവിദ്യരായ യുവാക്കളിൽ ഭാഷാ പ്രാവീണ്യമുള്ളവരെ കെ ത്തി, ഇതര ഭാഷാ പ്രാവീണ്യമുള്ളവരായി അവരെ മാറ്റിയെടുത്ത് മികച്ച പരിശീലനം നൽകി ജില്ലയിലെ വിവിധ വിനോദ സഞ്ചാര സാധ്യകൾ സംബന്ധിച്ചും, ടൂറിസം കേന്ദ്രങ്ങൾ സംബന്ധി

ച്ചും അറിവ് നൽകി ടൂറിസ്റ്റ് ഗൈഡുകളായി പരിശീലനം നൽകുന്നത് വലിയ ഒരു തൊഴിൽ സാധ്യത ജില്ലയിൽ സൃഷ്ടിക്കുന്നതിന് പര്യാപ്തമാകും.

4.18.2.8.5 വയനാട് ടൂറിസം ബ്രാന്റിംഗ്

വയനാട് ജില്ലയിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി മികച്ച ടൂറിസം വിപണന നയങ്ങൾ ആവിഷ്കരിക്കേ തായു ്. ഇതിന്റെ ഭാഗമായി ജില്ലയിലെ എല്ലാ ടൂറിസം സാധ്യതകളേയും സംയോജിപ്പിച്ച് മികച്ച ഒരു ബ്രാ ിംഗ് തന്ത്രങ്ങൾ രൂപവത്കരിച്ച് പ്രവർത്തിക്കേ തായു ്. ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടു ്.

4.18.2.8.6 ജില്ലയെ മികച്ച ടൂറിസം സൗഹൃദ ജില്ലയാക്കി പ്രഖ്യാപിക്കൽ

താഴെ പറയുന്ന മികച്ച അടിസ്ഥാന സൗകര്യങ്ങൾ ജില്ലയിൽ ഒരുക്കുന്നതോടെ മികച്ച ടൂറിസം സൗഹൃദ ജില്ലയാക്കി വയനാടിനെ പ്രഖ്യാപിക്കാവുന്നതാണ്.

- എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പരിസ്ഥിതി സൗഹൃദ ടോയ്ലറ്റുകൾ സ്ഥാപിക്കൽ.
- എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് കേന്ദ്രീകൃത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി മികച്ച സുരക്ഷ ഉറപ്പ് വരുത്തൽ
- രാത്രി കാലങ്ങളിൽ പ്രവർത്തിപ്പിക്കുന്ന ടൂറിസം കേന്ദ്രങ്ങളിൽ മികച്ച വൈദ്യുത വിളക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തൽ.
- വിനോദ സഞ്ചാരികൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ ഏർപ്പെടുത്തുന്നതിനായി മികച്ച ദിശാ സൂചകങ്ങൾ സ്ഥാപിക്കൽ.
- ഭിന്നശേഷി സൗഹൃദ ടോയ്ലറ്റുകൾ, അവർക്കായുള്ള നടപ്പാത, കൈവരികൾ മുതലായവ നിർമ്മിക്കൽ
- എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സൗജന്യവും, സുരക്ഷിതവുമായ കുടിവെള്ള സംവിധാനം ഏർപ്പെടുത്തൽ.
- ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ, മറ്റ് പാതകൾ എന്നിവയുടെ മികച്ച നിലവാരം ഉറപ്പ് വരുത്തൽ.
- വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ജില്ലയിലെ എല്ലാ വിവിധ ടൂറിസം കേന്ദ്രങ്ങൾ താമസ സൗകര്യങ്ങൾ, യാത്രാമാർഗ്ഗങ്ങൾ, ഗൈഡുകൾ, ടൂറിസം പാക്കേജുകൾ, മറ്റ് ടൂറിസം സംവിധാനങ്ങൾ എന്നിവ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കൽ.
- മികച്ച ടൂറിസം സർക്യൂട്ടുകളുമായി ജില്ലയെ ബന്ധിപ്പിച്ച് കൂടുതൽ സഞ്ചാരികളെ ആകർഷിക്കൽ

4.18.3. മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ ഭൂരിഭാഗം വിനോദ സഞ്ചാര കേന്ദ്രങ്ങളും വനം വകുപ്പിന്റെ നിയന്ത്രണത്തിലാണുള്ളത്. ഇതിൽ ഒട്ടുമിക്ക വിനോദ സഞ്ചാര കേന്ദ്രങ്ങളിലും സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കുന്നില്ല. മീൻമുട്ടി വെള്ളച്ചാട്ടം, നീലിമല വ്യൂ പോയിന്റ്, സൺറൈസ് വാലി തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. ഇത്തരം കേന്ദ്രങ്ങളിൽ ഇക്കോ ടൂറിസത്തിന് പ്രാധാന്യം നൽകി ഫോറസ്റ്റ് ഗൈഡുകളുടെ സേവനം പ്രയോജനപ്പെടുത്തി സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കേ താണ്. ഇതിനായി ഉന്നതതല സർക്കാർ ഇടപെടൽ അത്യാവശ്യമാണ്.

2. കേന്ദ്ര പുരാ വസ്തു വകുപ്പിന്റെ കീഴിൽ വരുന്ന ജൈന ക്ഷേത്രങ്ങൾ പലതും മൺ മറഞ്ഞു പോകുന്ന അവസ്ഥയിലാണ്. ഇവയുടെ സംരക്ഷണത്തിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കേ താണ്.
3. വയനാട്ടിൽ ഡി ടി പി സിയുടെ കീഴിൽ വരുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിലുള്ള അപര്യാപ്തത മൂലം ഗുണമേൻമയുള്ള സേവനം വിനോദ സഞ്ചാരികൾക്ക് നൽകുവാൻ സാധിക്കുന്നില്ല. ആയതിനാൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കേ താണ്.
4. വയനാട് ചേംബർ ഓഫ് കൊമേഴ്സ് വയനാട് കോഴിക്കോട് ഡി ടി പി സികളുടെ സഹകരണത്തോടെ നടപ്പിലാക്കാൻ ശ്രമിക്കുന്ന ചുരം റോപ് വേ പദ്ധതി വയനാട് ടൂറിസം രംഗത്ത് വൻ മാറ്റങ്ങൾ വരുത്താൻ ഉതകുന്നതാണ്. ഇതിന് സർക്കാർ തലത്തിലുള്ള അനുമതികൾ (പാരിസ്ഥിതിക അനുമതി ഉൾപ്പടെ) ലഭിക്കുന്നതിനുള്ള നടപടികൾ അത്യാവശ്യമാണ്.

4.18.4 **കീഴ്ത്തട്ട് നിർദ്ദേശങ്ങൾ**

1. മാലിന്യ സംസ്ക്കരണം
2. സാഹസീക ടൂറിസം പദ്ധതികൾ
3. കുറുമ്പാലക്കോട്ട സാഹസീക ടൂറിസം പദ്ധതി

4. ചീങ്ങേരി മല റോക്ക് അഡ്വഞ്ചർ ടൂറിസം

5. വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡ് വികസനം

1. ജില്ലയിലെ പ്രധാന ടൂറിസം സർക്ക്യൂട്ടായ അമ്പലവയൽ – കാരാപ്പുഴ റോഡിന്റെ വികസനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുക.
2. മാവിലാം തോട് പഴശ്ശി സ്മാരകത്തിലേക്കുള്ള റോഡിന്റെ വികസനം.

4.18.3. **നിർദ്ദേശങ്ങൾ (സംയോജന സാധ്യതകൾ ഉൾപ്പടെ)**

വയനാട് ജില്ലയിലെ സമഗ്ര വിനോദ സഞ്ചാര വികസനത്തിന് വിവിധ വകുപ്പുകളുടെ സംയോജനവും സഹകരണവും വളരെ അത്യാവശ്യമാണ്. അതിലേറ്റവും പ്രധാനപ്പെട്ട വകുപ്പുകളും ആയതിന് കീഴിൽ വരുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളും ചുവടെ ചേർക്കുന്നു.

പട്ടിക 4.18.1.

ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളും വിവിധ വകുപ്പുകളും

നം	വകുപ്പ്	കീഴിൽ വരുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങൾ
1	വനം വകുപ്പ്	മുത്തങ്ങ, തോൽപ്പെട്ടി വന്യജീവി സങ്കേതങ്ങൾ,മീൻമുട്ടിസൂചിപ്പാറ വെള്ളച്ചാട്ടങ്ങൾ, കുറുവാ ദ്വീപ്, ചെമ്പ്ര പീക്ക്, ബ്രഹ്മഗിരി, ബാണാസുര മല ട്രക്കിങ് കേന്ദ്രങ്ങൾ, നീലിമല,സൺറൈസ് വാലീ വ്യൂ പോയിന്റുകൾ
2	കെ എസ് ഇ ബി	ബാണാസുര സാഗർ ഡാം
3	ജലസേചന വകുപ്പ്	കാരാപ്പുഴ ഡാം
4	കേരള പുരാ വസ്തു വകുപ്പ്	എടക്കൽ ഗുഹ, പഴശ്ശി കുടീരം, മറ്റു ചരിത്ര കേന്ദ്രങ്ങൾ, ചരിത്ര അവശിഷ്ടങ്ങൾ
5	കേന്ദ്ര പുരാ വസ്തു വകുപ്പ്	സുൽത്താൻ ബത്തേരി, പുഞ്ച വയൽ ജൈന ക്ഷേത്രങ്ങൾ
6	കൃഷി വകുപ്പ്	പ്രാദേശിക കാർഷിക വികസന കേന്ദ്രം, അമ്പലവയൽ
7	പട്ടിക വർഗ്ഗ വികസന വകുപ്പ്	പ്രിയദർശിനി ഫാം ടൂറിസം പദ്ധതി, ചീങ്ങേരി ഫാം ടൂറിസം പദ്ധതി, എൻ–ഊരു ടൂറിസം പദ്ധതി

അവലംബം. ടൂറിസം വകുപ്പ്

4.18.5. സംയോജന സാധ്യതകൾ

- ജില്ലാ ഭരണകൂടം, ടൂറിസം വകുപ്പ്, ഡി ടി പി സി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ മേൽ വകുപ്പുകളെ ഏകോപിപ്പിച്ച് മേൽ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ സുസ്ഥിര വികസനം സാധ്യമാക്കേ തു ്. കൂടാതെ ജില്ലയുടെ വിനോദ സഞ്ചാര വികസനത്തിന് നേതൃത്വം നൽകുന്ന ഡി ടി പി സി ഗവേർണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയിൽ മേൽ വകുപ്പുകളുടെ പദ്ധതികൾ, നടത്തിപ്പ്, പ്രവർത്തന രീതി എന്നിവ അവലോകനം ചെയ്യേ തു ്.
- വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ജില്ലയിലെ മുഴുവൻ ടൂറിസം കേന്ദ്രങ്ങളിലേയും വിവരങ്ങൾ, പ്രവേശനം, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കൽ, ഏകോപനം മുതലായവ

(ബി) നിർദ്ദേശങ്ങൾ

ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് മർമ്മപ്രധാനമായ പങ്കാളിത്തം വഹിക്കാനാകും. ആയത് സംബന്ധിച്ച ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ ടൂറിസം സാദ്ധ്യതകൾ കൂടി കണക്കിലെടുത്ത് സംയോജിത വികസന പരിപാടികൾ ആവിഷ്ക്കരിക്കുക.
2. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ടൂറിസം സംരംഭകരുമായി ചേർന്ന് സാമൂഹ്യ സംരംഭകത്വ വികസനപരിപാടികൾ നടപ്പിലാക്കുക.
3. സ്വയം തൊഴിൽ, കൂട്ടുസംരംഭം, കുടുംബസംരംഭങ്ങൾ തുടങ്ങിയവ വഴി പ്രാദേശിക തലത്തിൽ ടൂറിസം ബിസിനസ്സ് ശക്തിപ്പെടുത്തുകയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ നികുതി ഇതര വരുമാന സ്രോതസ് തുറക്കുകയും ചെയ്യുക.
4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണസ്ഥാപനങ്ങളും ചേർന്ന് പ്രാദേശിക തലത്തിൽ ടൂറിസം സംയുക്ത സംരംഭങ്ങളും അടിസ്ഥാന സൗകര്യ വികസനവും പ്രോത്സാഹിപ്പിക്കുക.
5. തദ്ദേശസ്വയം ഭരണ സ്ഥാപന തലത്തിൽ ടൂറിസം വിഭവ ഭൂപടം തയ്യാറാക്കി പ്രാദേശിക ടൂറിസം വികസന പദ്ധതികൾ ആവിഷ്ക്കരിക്കുക.
6. ടൂറിസം കേന്ദ്രങ്ങൾ മാലിന്യ രഹിതവും, ആരോഗ്യദായകവുമായി നിലനിർത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പ്രത്യേക പദ്ധതി നടപ്പിലാക്കുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം ബിസിനസ്സ് സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ പങ്കാളിത്തത്തോടെ ആയിരിക്കണം പദ്ധതികൾ നടപ്പിലാക്കേ ത്.
7. വഴിവാണിഭക്കാർ, റെസ്റ്റോറന്റുകൾഎന്നിവ വഴി സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിന് ഭക്ഷ്യസുരക്ഷ കമ്മീഷണർ കാര്യാലയവുമായി സഹകരിച്ച് പരിശീലന പരിപാടികളും, മോണിറ്ററിംഗ് സംവിധാനവും നടപ്പിലാക്കുക. ടൂറിസം കേന്ദ്രങ്ങളിലും, വഴിയോരങ്ങളിലുമുളള റെസ്റ്റോറന്റുകളിൽ സുരക്ഷിതവും, ആസ്വാദ്യകരവുമായ ഭക്ഷണത്തിന്റെ ലഭ്യത പ്രോത്സാഹിപ്പിക്കാൻ റെസ്റ്റോറന്റുകളിൽ ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കുക.
8. ടൂറിസം വികസന സാധ്യതയുളള തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിൽ ടൂറിസം ടാസ്ക് ഫോഴ്സ് രുപീകരിക്കുക.
9. ഹെലിപാഡ് , എയർ സ്ട്രിപ്പ് ഉയർന്ന താമസ സൗകര്യങ്ങൾ എന്നിവയുടെ ആരംഭം
10. വിനോദ സഞ്ചാരികൾക്ക് വയനാടിനെ അറിയാൻ കരിതണ്ടൻ മൊബൈൽ അപ്ലിക്കേഷൻ നിർമ്മാണം
11. വയനാടൻ രുചികളുടെ(Ethnic Food),പ്രോത്സാഹനം
12. നാഷണൽ ഹൈവേ വയനാടൻ വിഭവങ്ങളുടെ വിപണനകേന്ദ്രങ്ങൾ
13. ഔഷധ സസ്യങ്ങൾ റോസ് ഗാഡൻ എന്നിവ ആരംഭിക്കുക
14. ജില്ലയിൽ ഒരു ടു വീലർ ടാക്സി പദ്ധതി നടപ്പിലാക്കിയാൽ തൊഴിൽരഹിതരായ യുവാക്കൾക് ഒരു വരുമാനമാർഗമാകും
15. ചീങ്ങേരി ഫാം ടൂറിസം പദ്ധതി: കൊളഗപ്പാറ– അമ്പലവയൽ റോഡിൽ മട്ടപ്പാറ മുതൽ ആയിരംകൊല്ലിവരെയുളള ഭാഗത്ത്സ്ഥിതിചെയ്യുന്ന പട്ടികവർഗ്ഗ വകുപ്പിന് കീഴിലുളള 100 ഏക്കർ സ്ഥലം ഫാം ടൂറിസം പദ്ധതിക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. ഇത് പട്ടികവർഗ്ഗ വകുപ്പ്, ടൂറിസംവകുപ്പ്, കൃഷിവകുപ്പ് എന്നിവരുടെ സംയുക്ത സംരഭമായി നടപ്പിലാക്കാവുന്നതാണ്.

16. ജില്ലയിലെ വിവിധ തീർത്ഥങ്ങശെ വിനോദസഞ്ചാരകേന്ദ്രങ്ങളുടെ വികസനം
17. റോപ്പ്വേ, കേബിൾകാർ, ഹോപ്പ്ഓൺ ഹോപ്പ്ഓഫ്സേവനം എന്നീ നവീന വിനോദസഞ്ചാര സാധ്യതകൾവികസിപ്പിക്കൽ
18. പൊഴുതന വലിയപാറ സാഹസീകവിനോദസഞ്ചാരവികസനം
19. ജില്ലയിലെ പ്രധാന നദികൾ, ജലാശങ്ങൾഎന്നിവയിൽവൈറ്റ്വാട്ടർറാഫ്റ്റിംഗ്, ബാംബുറാഫ്റ്റിംഗ്, കയാക്കിംഗ്, കനോയിംഗ്മുതലായവ പ്രാവർത്തികമാക്കൽ
20. നിലവിൽ ഭൂമിയുടെഘർലഭ്യംവിനോദസഞ്ചാരവികസനത്തിന് തടസ്സംസൃഷ്ടിക്കുന്നു ്. ഭാവിവിനോദസഞ്ചാരവികസനത്തിന് ജില്ലയിൽകൂടുതൽഭൂമിയുടെലഭ്യതഉറപ്പ്വരുത്തേ തായു ്.
21. കുറുവ–ചാലിഗദ്ദ പുഴയോരസൗന്ദര്യവൽക്കരണവികസന പദ്ധതി
22. സർക്കാർമേഖലയിൽജില്ലയിൽ ഒരു ഗസ്റ്റ്ഹൗസ്, 6 റസ്റ്റ്ഹൗസ്എന്നിവ മാത്രമാണ് നിലവിലുളളത്. വർദ്ധിച്ചുവരുന്ന വിനോദസഞ്ചാര സാധ്യതകണക്കിലെടുത്ത് പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളോടനുബന്ധിച്ച്യാത്രി നിവാസ് പോലുളളകൂടുതൽതാമസസൗകര്യങ്ങൾസ്ഥാപിക്കേ താണ്.
23. പ്രിയദർശിനി ടൂറിസം, എൻ ഊർതുടങ്ങിയട്രൈബൽ മേഖലയിലെവിനോദസഞ്ചാര പദ്ധതികൾ ടൂറിസംവകുപ്പുമായിഏകോപിപ്പിച്ച് പരമാവധി വിനോദസഞ്ചാരികളെആകർഷിക്കൽ.
24. പരമ്പരാഗത കരകൗശലവസ്തുക്കളുടെഉൽപാദനവുംവിപണനവും സാധ്യമാക്കുന്നതിനായിജില്ലയിൽ ഒരു ക്രാഫ്റ്റ്വില്ലേജ്സ്ഥാപിക്കേ തു ്.

4.18.6 ഗതാഗതം

ഭാവിയിൽ നിർമ്മിക്കുന്ന റോഡുകൾ താഴെ വിവരിക്കുന്ന ഭൗതിക സൗകര്യങ്ങളോടുകൂടി നിർമ്മിക്കണം.

- ഒന്നാം ഘട്ടം റോഡുകൾക്ക് വേ ി 25 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുകയും 10 മീറ്റർ വീതിയിൽ എല്ലാ ട്രാഫിക് സൗകര്യങ്ങളോടും കൂടി ടാർ ചെയ്യുകയും വേണം.
- ര ാം ഘട്ടം റോഡുകൾക്ക് വേ ി 20 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുകയും 7 മീറ്റർ വീതിയിൽ ടാർ ചെയ്യുകയും വേണം.
- മൂന്നാം ഘട്ടം റോഡുകൾക്ക് വേ ി 15 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുകയും 5.50 മീറ്റർ വീതിയിൽ ടാർ ചെയ്യുകയും വേണം.
- മേൽപ്പറഞ്ഞ മൂന്നുതരം റോഡുകളിലും ആധുനിക രീതിയിലുള്ള ബസ് ബേ–കൾ നിർമ്മിക്കണം.
- ബസ് ടെർമിനലുകളുടെ ആധുനികവൽക്കരണം.
- ട്രാഫിക് സുരക്ഷാ സംവിധാനങ്ങളോടുകൂടി ജങ്ഷനുകൾ, അപകടസാധ്യതാ മേഖലകൾ, മാർക്കറ്റ്, സ്കൂൾ സോണുകൾ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തൽ.
- പാതയോരങ്ങളിൽ ടൂറിസം ഫെസിലിറ്റേഷൻ സെന്ററുകളുടെ നിർമ്മാണം.
- പാതയോരങ്ങളിൽ സാമൂഹ്യ വനവൽക്കരണം.

4.18.6.2 പാലങ്ങൾ

പാലങ്ങളുടെ കാര്യത്തിൽ ഭാവിയിലെ അടിസ്ഥാനസൗകര്യവികസനത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്ക് ഉയർന്ന പരിഗണന നൽകണം.

1. മിസ്സിംഗ് ലിങ്കുകളെ ബന്ധിപ്പിക്കുന്നപാലങ്ങളുടെയും നടപ്പാലങ്ങളുടെയും നിർമ്മാണം.
2. അപകടാവസ്ഥയിലുള്ള / പഴയ പാലങ്ങളുടെ പുനർനിർമ്മാണം.
3. വീതി കുറഞ്ഞ പാലങ്ങളുടെ പുനർനിർമ്മാണം.

4.18.6.3 കെട്ടിടങ്ങൾ

താഴെ നൽകിയിരിക്കുന്ന ലക്ഷ്യങ്ങൾ മുന്നിൽ ക ുകൊ ാവണം ഭാവിയിൽ കെട്ടിട നിർമ്മാണം നടത്തേ ത്.

1. ഗവൺമെന്റ് ഓർഡറുകൾ അനുശാസിക്കുന്ന വിധത്തിൽ ഹരിത നിർമ്മാണ ചട്ടം അനുസരിച്ചുള്ള കെട്ടിട നിർമ്മാണം.
2. ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ പബ്ലിക് കെട്ടിടങ്ങളുടെ നിർമ്മാണം.
3. ജില്ലാ താലൂക്ക് ആശുപത്രികളുടെ പുനർ നിർമ്മാണവും ആധുനികവൽക്കരണവും.
4. ടൂറിസം കേന്ദ്രങ്ങളോടനുബന്ധിച്ച് ടൂറിസം ഫെസിലിറ്റേഷൻ സെന്ററുകളുടെ നിർമ്മാണം.
5. ഇപ്പോൾ വാടക കെട്ടിടത്തിൽപ്രവർത്തിക്കുന്ന എല്ലാ ഗവൺമെന്റ് ഓഫീസുകൾക്കുംസ്വന്തമായി കെട്ടിടം നിർമ്മിക്കണം.

വികസന വീക്ഷണം

'ജില്ലയുടെ ടൂറിസം കാർഷിക സാധ്യതകളെ സഹായിക്കാനും, ആസൂത്രിതമായ സുസ്ഥിര വികസനത്തിന് വേ ിയും ഭൗതിക, സാമൂഹിക, സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക'.

നയങ്ങളും ഉപായങ്ങളും

നാടിന്റെ വികസനത്തിനും അഭിവൃദ്ധിക്കും താഴെ പറയുന്ന നയങ്ങളും ഉപനയങ്ങളും സ്വീകരിക്കേ തായു ്.

ജില്ലയുടെ ഇപ്പോഴത്തെയും ഭാവിയിലെയും ആവശ്യത്തിന് നിറവേറ്റാനുതകുന്ന ഫലപ്രദമായ റോഡുകൾ നിർമ്മിക്കുക.

- നിലവിലെ ഭൂരിഭാഗം റോഡുകളെയും ഫസ്റ്റ്ഓർഡർ റോഡുകളായി വികസിപ്പിക്കുക.
- ജില്ലയിലെ ഉൾനാടൻ ഗ്രാമങ്ങളെ ഫസ്റ്റ് ഓർഡർ ഓർഡർ റോഡുകളുമായി ബന്ധിപ്പിക്കുന്നവിധത്തിൽ ഒരു റിംഗ് റോഡ് വികസിപ്പിക്കുക.
- നിലവിലുള്ള എല്ലാ റോഡുകൾക്കും ആവശ്യത്തിന് വീതി കൂട്ടുക.
- നഗരമദ്ധ്യത്തിലെ ട്രാഫിക്ക് തിരക്ക് ഒഴിവാക്കാൻ ബൈപാസ്സ് റോഡുകൾ നിർമ്മിക്കുക.
- മറ്റ് ജില്ലകളും സംസ്ഥാനങ്ങളുമായി ബന്ധപ്പെടുന്ന റോഡുകൾ വികസിപ്പിക്കുക.

- മറ്റ് ജില്ലകളും സംസ്ഥാനങ്ങളുമായി ബന്ധപ്പെടാൻ ഉതകുന്ന തരത്തിൽ റെയിൽ ശൃംഖല വികസിപ്പിക്കുക.

ഗവൺമെന്റ് ബിൽഡിംഗുകൾ പോലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുക.

- ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും സ്വന്തം കെട്ടിടം പണിയുക.
- ജില്ലയിലെ എല്ലാ ആരോഗ്യകേന്ദ്രങ്ങൾക്കും ആവശ്യത്തിന് കെട്ടിടം നിർമ്മിക്കുക.
- എല്ലാ സർക്കാർ ഓഫീസുകളും ഉചിതമായ ദൂരത്തിലായിരിക്കണം.

എല്ലാ വിഭാഗത്തിൽ വരുന്ന ആൾക്കാരുടെയും പാർപ്പിട സൗകര്യങ്ങൾ ഉറപ്പു വരുത്തുക

- പാർപ്പിട എജൻസികളുടെ സംയോജനം.
- ദരിദ്ര ജനവിഭാഗത്തിനു വേ ി പ്രകൃതി സൗഹൃദ ചെലവ് കുറഞ്ഞ പാർപ്പിടങ്ങൾക്ക് വേ ിയുള്ള സാങ്കേതികവിദ്യ വികസിപ്പിക്കുക.

സാമൂഹ്യ സേവനങ്ങൾ ഉറപ്പാക്കണം.

- പഞ്ചായത്തുകളിലും താലൂക്ക് തലത്തിലും സാമൂഹ്യ സേവനങ്ങൾ ഉറപ്പ് വരുത്തുക.
- കൃത്യമായ സ്ഥലങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പ് വരുത്തുക.

അടിസ്ഥാന സൗകര്യങ്ങൾക്ക് വേ ിയുള്ള വീക്ഷണ പദ്ധതി.

കാർഷിക, വ്യാവസായിക, ടൂറിസം മേഖലകളെ ഉൾപ്പെടുത്തി ജില്ലാ വികസന പദ്ധതിയിൽ പുതിയൊരു ഗതാഗത പദ്ധതി ഉരുത്തിരിഞ്ഞു വന്നിട്ടു ്.

വയനാട് ജില്ലയ്ക്ക് വേ ി ഭാവിയിലെ റോഡ് ശൃഖല തയ്യാറാക്കുവാൻ പരിഗണിക്കേ കാര്യങ്ങൾ.

- മധ്യകേരളത്തിൽ നിന്നും, മലബാറിൽ നിന്നും കർണ്ണാടക/ തമിഴ്നാട്ടിലേയ്ക്കുള്ള പ്രധാന വഴിയാണ് എൻ.എച്ച്. 766.
- എന്നാൽ എൻ.എച്ച്. 766–ൽ രാത്രിയാത്രാ നിരോധനം നിലനിൽക്കുന്നതിനാൽ മറ്റൊരു വഴിയായി കൈനാട്ടി–പനമരം– മാനന്തവാടി – കുട്ട റോഡിനെ പരിഗണിക്കേ താണ്.
- യാത്രക്കാരുടെയും ചരക്ക് നീക്കത്തിന്റെയും ആവശ്യകതകൾ പരിഗണിച്ചുകൊ ് മാനന്ത വാടി – കുട്ട റോഡിന്റെ നിലവാരം ഉയർത്തി മികച്ച ഒരു അന്തർ സംസ്ഥാന പാതയാക്കണം.
- ജില്ലയിലെ പ്രാദേശിക പാതകൾ, ഭൂമി ശാസ്ത്രം, ഭൂപ്രകൃതി, ടൂറിസം സാധ്യതകൾ ഉൾക്കൊ ് കണക്ടിവിറ്റി റോഡ് ഉ ാക്കുക.
- നെൻമേനി, അമ്പലവയൽ, മേപ്പാടി എന്നീ പഞ്ചായത്തുകൾ മികച്ച വികസന തരയുള്ള പഞ്ചായത്തുകൾ ആണ്. ഈ പഞ്ചായത്തുകൾക്ക് എൻ.എച്ച്. 766 –മായിട്ടുള്ള ബന്ധം അവയുടെ വളർച്ചയെ തരിതപ്പെടുത്തും.

- പടിഞ്ഞാറത്തറ പഞ്ചായത്ത് കൽപ്പറ്റയുമായും, എൻ.എച്ച്. 766–മായും ബന്ധപ്പെട്ടിരിക്കുന്നത് സംസ്ഥാന പാത മുഖാന്തിരമാണ്. ഇത് വെള്ളമു , എടവക പഞ്ചായത്തുകൾ വഴി മാന ന്തവാടി വരെ നീട്ടാവുന്നതാണ്.
- താഴെ പറയുന്ന റോഡുകളുടെ നിലവാരമുയർത്തേ താണ്.
    - പനമരം – തരുവണ – കുറ്റ്യാടി റോഡ്
    - മാനന്തവാടി – ഇരിട്ടി റോഡ്
    - മേപ്പാടി – ചൂരൽമല റോഡ്
    - മാനന്തവാടി – പുൽപ്പള്ളി റോഡ്
- ജില്ലയുലെ പ്രധാന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റിംഗ് റോഡ് നിർമ്മിക്കണം.
- ജില്ലയിലെ പ്രധാന പട്ടണ പ്രദേശങ്ങളായ കൽപ്പറ്റ, മാനന്തവാടി,സുൽത്താൻ ബത്തേരി എന്നിവ തമ്മിലുള്ള റോഡ് ബന്ധം മെച്ചപ്പെടുത്തേ താണ്.

4.18.6.4 ഗതാഗത വികസന സങ്കൽപ്പം

നിലവിൽ ജില്ലയിലെ ഒരു ഫസ്റ്റ് ഓർഡർ റോഡ് ആയ എൻ.എച്ച് 766 വയനാടിന്റെ തെക്ക് കിഴക്ക് ഭാഗത്തുകൂടി കടന്നുപോകുന്നു. മറ്റ് ഭാഗങ്ങളിൽക്കൂടി ഫസ്റ്റ് ഓർഡർ റോഡുകൾ കടന്നു പോകുന്നില്ല. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയേയും കർണ്ണാടകയിലെ മൈസൂരിനേയും ബന്ധിപ്പിക്കുന്ന പ്രാദേശിക പാത മാനന്തവാടിയിൽ കൂടി കടന്നുപോകുന്നു. മലബാറിനേയോ വട ക്കൻ കേരളത്തിനേയോ മൈസൂർ – ബാംഗ്ലൂർ എന്നിവിടങ്ങളുമായി ബന്ധിപ്പിക്കാനുള്ള മറ്റൊരു സുപ്രധാനമായ വഴിയാണിത്. രാത്രിയാത്രാ നിരോധനത്തിന്റെ നൂലാമാലകൾ ഈ ഒരു വഴിയിൽ കടന്നുവരുന്നുമില്ല. അതിനാൽ ഈ റോഡിനെ വയനാടിന്റെ വടക്കു – പടിഞ്ഞാറ് ഭാഗത്തുകൂടി കടന്നുപോകുന്ന ഫസ്റ്റ് ഓർഡർ റോഡ് ആയി വികസിപ്പിക്കണം.

ഇപ്പാൾ നിലവിലുള്ള തലശ്ശേരി – ഊട്ടി റോഡ് മാനന്തവാടി – കൽപ്പറ്റ എന്നിവിടങ്ങ ളിൽക്കൂടി കടന്നുപോകുകയും മേൽപ്പറഞ്ഞ (നിലവിലുള്ള എൻ.എച്ച്. 766–ും പുതുതായി വിഭാ വനം ചെയ്ത കുറ്റ്യാടി – മൈസൂർ റോഡും) ര ു റോഡുകളുമായി കൂട്ടി മുട്ടുകയും ജില്ലയെ നാലായി ഭാഗിക്കുകയും ചെയ്യുന്നു. ജില്ലയുടെ മധ്യഭാഗത്തുകൂടി കടന്നുപോകുന്ന ഈ റോഡിനെ സെക്കന്റ് ഓർഡർ റോഡ് ആയി വികസിപ്പിക്കുകയും വേണം.

ഭാവിയിലേക്കായി വിഭാവനം ചെയ്യുന്ന റിംഗ് റോഡ് തവിഞ്ഞാൽ, തിരുനെല്ലി, പുൽപ്പള്ളി, പൂതാടി, ബത്തേരി, നെൻമേനി, മൂപ്പൈനാട്, മേപ്പാടി, വൈത്തിരി, പൊഴുതന, പടിഞ്ഞാറത്തറ, വെള്ളമു , തൊ ർനാട് എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു. കൂടാതെ ഫസ്റ്റ് ഓർഡർ, സെക്കന്റ് ഓർഡർ റോഡുകൾ തമ്മിലുള്ള ദൂരം കുറക്കുകയും ചെയ്യുന്നു.

4.18.6.5 വിഭാവനം ചെയ്യുന്ന ഭാവി ഗതാഗത ശൃംഖല

ജില്ലയിലെ വികസന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ഒരുപാട് റോഡുകളുടെ ങ്കിലും പലപ്രദേശങ്ങളിൽക്കൂടിയും ഫസ്റ്റ് ഓർഡർ, സെക്കന്റ് ഓർഡർ റോഡുകൾ കടന്നുപോകുന്നില്ല. അതുകൊ ുതന്നെ എല്ലാ പ്രദേശങ്ങൾക്കും സൗകര്യപ്രദമാകുന്ന പുതിയൊരു റോഡ് ശൃംഖല യുടെ ആവശ്യകത ഉ ്. മേൽപ്പറഞ്ഞ എല്ലാ ആവശ്യങ്ങൾക്കുമുതകുന്ന പുതിയൊരു റോഡ് ശൃംഖലയുടെ ചിത്രം 18.28–ൽ നൽകിയിരിക്കുന്നത്.

4.18.6.6 **ഭാവി ഗതാഗത ശൃംഖലയും വനഭാഗങ്ങളും.**

വിഭാവനം ചെയ്തിരിക്കുന്ന പുതിയ ഗതാഗത ശൃംഖല വനപ്രദേശത്തെ ബാധിക്കുന്നില്ല. ഔട്ടർ റിംഗ് റോഡിൽ വരുന്ന ചില ഭാഗങ്ങൾ നേരത്തെ തന്നെ വനപ്രദേശത്തുകൂടി കടന്നുപോകുന്നതിനാൽ വനഭൂമി ഏറ്റെടുക്കേ ി വരുന്നില്ല. താഴെ ചിത്രം 18.29–ൽ ഭാവി റോഡ് ശൃംഖലയും വനപ്രദേശങ്ങളും കാണിച്ചിരിക്കുന്നു.

4.18.6.7 **ഭാവി റോഡ് ശൃംഖലയും ടൂറിസം കേന്ദ്രങ്ങളും**

ഭാവി ഗതഗത ശൃംഖല വയനാട്ടിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളെയെല്ലാം തന്നെ നല്ല രീതിയിൽ ബന്ധിപ്പിച്ചിരിക്കുന്നു. ഇത് മികച്ച ഒരു ടൂറിസം ശൃംഖല രൂപപ്പെട്ടുവരാനും വഴിയൊരുക്കുന്നു. ചിത്രം 18.30ൽ പ്രധാന ടൂറിസം കേന്ദ്രങ്ങളെയും ഭാവി റോഡ് ശൃംഖലയും കാണിച്ചിരിക്കുന്നു.

4.18.6.8 ഗതാഗത വികസന സങ്കൽപ്പത്തിലെ പ്രധാന പ്രമേയങ്ങൾ

ഭാവിയിലെ വികസനത്തിനുവേ ി ജില്ലയിലെ താഴെ പറയുന്ന റോഡുകൾ മെച്ചപ്പെടുത്തേ ിയിരിക്കുന്നു.

ഫസ്റ്റ് ഓർഡർറോഡുകളായി മെച്ചപ്പെടുത്തേ റോഡുകൾ.

1. ദേശീയ പാത 766
2. മാനന്തവാടി കൽപ്പറ്റ റോഡ്
3. മാനന്തവാടി കല്ലോടി നിരവിൽപ്പുഴ റോഡ്
4. കൽപ്പറ്റ വാരാമ്പറ്റ റോഡ്
5. സുൽത്താൻ ബത്തരി ചേരംമ്പാടി റോഡ്
6. മാനന്തവാടി പക്രംതളം റോഡ്
7. തലശ്ശേരി ബാവലി റോഡ്
8. കൽപ്പറ്റ ചുേ ൽ വടുവൻചാൽ ചോലാടി റോഡ്
9. അമ്പലവയൽ – ചുളളിയോട് റോഡ്
10. മേപ്പാടി – ചൂരൽമല – അരണപ്പാറ റോഡ്
11. കാട്ടിക്കുളം – തോൽപ്പെട്ടിറോഡ്
12. ചുേ ൽ – മേപ്പാടി റോഡ്

സെക്കന്റ് ഓർഡർ റോഡുകളായി മെച്ചപ്പെടുത്തേ റോഡുകൾ.

1. കാപ്പിസെറ്റ് – പുൽപ്പളളി – പാക്കം – ദാസനക്കര – പയ്യമ്പളളി – കൊയിലേരി റോഡ്
2. ബീനാച്ചി – പനമരം റോഡ്
3. കണിയാമ്പറ്റ – മീനങ്ങാടി റോഡ്
4. മുട്ടിൽ – മേപ്പാടി റോഡ്
5. കൽപ്പറ്റ – മേപ്പാടി റോഡ്
6. മാനന്തവാടി – കൈതക്കൽ റോഡ്
7. കൊളവയൽ – കാര്യമ്പാടി – കേണിച്ചിറ – ആരിയപ്പളളി – പുൽപ്പളളി റോഡ്
8. തവിഞ്ഞാൽ – വാളാട് – കുഞ്ഞോം റോഡ്
9. ബത്തേരി – പുൽപ്പളളി – പെരിക്കല്ലൂർ റോഡ്
10. ബത്തേരി – നൂൽപ്പുഴ റോഡ്

11. കെല്ലൂർ – ചേരിയംകൊല്ലി – കഴുക്കലോടി – വിളമ്പുക ം – കമ്പളക്കാട് റോഡ്
12. മീനങ്ങാടി – കുമ്പളേരി– അമ്പലവയൽ
13. വടുവഞ്ചാൽ – കൊളഗപ്പാറ – ബത്തേരി റോഡ്
14. ബോയ്സ് ടൗൺ
15. വെള്ളമു – പന്തിപ്പൊയിൽ റോഡ്
16. വൈത്തിരി – തരുവണ റോഡ്
17. അമ്പലവയൽ – ചുള്ളിയോട് റോഡ്

തേർഡ് ഓർഡർറോഡുകളായി മെച്ചപ്പെടുത്തേ റോഡുകൾ.

1. കൂടോത്തുമ്മൽ – നടവയൽ – വേലിയമ്പം – പുൽപ്പള്ളി റോഡ്
2. പനമരം –നെല്ലിയമ്പം – നടവയൽ റോഡ്
3. മാനന്തവാടി – വിമല നഗർ – കുളത്താട – വാളാട് റോഡ്
4. അഞ്ചാം പീടിക – പുതുശ്ശേരി – കാഞ്ഞിരങ്ങാട് റോഡ്
5. ഇരുളം – മൂന്നാനക്കുഴി – മീനങ്ങാടി റോഡ്
6. 7/4 – പാതിരിച്ചാൻ – പള്ളിക്കൽ റോഡ്
7. പുൽപ്പള്ളി – വടക്കനാട് – പാളക്കൊല്ലി – ചേകാടി – ബാവലി റോഡ്
8. പയ്യമ്പള്ളി – 54 റോഡ്
9. കോറോം – കരിമ്പിൽ റോഡ്
10. പേരിയ – പാംബള – കുഞ്ഞോം റോഡ്.

ഒന്ന്, ര ്, മൂന്ന് ഓർഡറുകളായി റോഡുകൾ പുനരുദ്ധാരണം നടത്തിക്കഴിയുമ്പോൾ വയനാട് ജില്ലയുടെ മൊത്തമായുള്ള വികസനത്തിന് പൂർണ്ണമായും ആക്കം കൂട്ടും. ഈ റോഡുകൾ ജില്ലയ്ക്ക് അകത്ത് റിംഗ് റോഡുകളായി വിനോദ സഞ്ചാര മേഖലയെ ബന്ധപ്പെടുത്താം. വിനോദ സഞ്ചാര വകുപ്പിന്റെ "Hope - on Hope - off " എന്ന രീതിയിലുള്ള ബസ്സ് ട്രിപ്പുകൾ യാഥാർത്ഥ്യമാകും. ഈ റോഡുകൾക്ക് ജില്ലയ്ക്ക് മൊത്തമായുള്ള നെറ്റ് വർക്ക് ആയി മാറുന്നതിനാൽ മൊത്തം പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്ന ഊരുകൂട്ടങ്ങളുമായി നേരിട്ടോ, മറ്റൊരു കണക്ഷൻ റോഡു മുഖാന്തിരമോ ബന്ധങ്ങൾ സ്ഥാപിച്ചെടുക്കാൻ സാധിക്കും. സുഗന്ധഗിരിയുടെ പ്രത്യേക പദ്ധതികൾക്കും പരസ്പരം ഗുണങ്ങൾ നേടിക്കൊടുക്കാൻ സാധിക്കും. പട്ടിക ജാതി – പട്ടിക വർഗ്ഗ മേഖലകളിൽ നടപ്പാക്കുന്ന പ്രത്യേക പദ്ധതികളിൽ റോഡുകളുടെ പ്രവർത്തികൾ തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ഐ.റ്റി.ഡി.പി, മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ മുഖാന്തിരം നടത്തി വരുന്നു ്. ഈ റോഡുകൾ എല്ലാം തന്നെ മേൽ വിവരിച്ച മൂന്ന് തരത്തിലുള്ള ഏതെങ്കിലും ഒരു റോഡുമായി ബന്ധപ്പെടുന്നതുമാണ്. ആയതിനാൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ അതിവേഗ പുരോഗതിക്കും ഇത് ആക്കം കൂട്ടും.

4.18.6.9 മെച്ചപ്പെടുത്തേ അപകടസാധ്യതാ മേഖലകൾ

ജില്ലയിലെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനുവേ ി അപകട സാധ്യതാ മേഖലകളിൽ റോഡ് മെച്ചപ്പെടുത്തൽപ്രവർത്തനങ്ങൾ നടത്തേ ിയിരിക്കുന്നു.

1. ചീയമ്പം വളവ് (ബത്തേരി – പെരിക്കല്ലൂർ റോഡ്)
2. മുള്ളൻകൊല്ലി (ബത്തേരി – പെരിക്കല്ലൂർ റോഡ്)
3. നടവയൽ ടൗൺ (ബീനാച്ചി – പനമരം റോഡ്)
4. ദൊട്ടപ്പൻകുളം (എൻ.എച്ച്. 212)

5. പാതിരിപ്പാലം (എൻ.എച്ച്. 212)
6. ബൈപ്പാസ് ജംങ്ഷൻ, കൈനാട്ടി (എൻ.എച്ച്. 212)
7. എസ് വളവ് തലപ്പുഴ (തലശ്ശേരി – ബാവലി റോഡ്)
8. കൈതക്കൊല്ലി (തലശ്ശേരി – ബാവലി റോഡ്)
9. മടക്കിമല (മാനന്തവാടി – കൽപ്പറ്റ റോഡ്)
10. പായോട് (മാനന്തവാടി – കൽപ്പറ്റ റോഡ്)

മെച്ചപ്പെടുത്തേ ജംങ്ഷനുകൾ

1. ചുേ ൽ
2. കൈനാട്ടി
3. പനമരം
4. മാനന്തവാടി ടൗണിലെ ജംങ്ഷനുകൾ
5. കോട്ടക്കുന്ന് ജംങ്ഷൻ, ബത്തേരി
6. മേപ്പാടി
7. ചെറ്റപ്പാലം
8. കൈതയ്ക്കൽ
9. അഞ്ചുകുന്ന്
10. തരുവണ
11. നാലാം മൈൽ
12. ബീനാച്ചി
13. മീനങ്ങാടി
14. വടുവഞ്ചാൽ
15. തോൽപ്പെട്ടി
16. നടവയൽ
17. കേണിച്ചിറ
18. പടിഞ്ഞാറത്തറ
19. വൈത്തിരി
20 ചുേ ൽ
21. മേപ്പാടി
22. നിരവിൽപ്പുഴ

4.18.6.9 വിഛേദിക്കപ്പെട്ട റോഡുകളുടെ നിർമ്മാണം.

ഭൗതിക സാഹചര്യ വികസനത്തിൽ ബന്ധം വിഛേദിക്കപ്പെട്ട റോഡുകളുടെ നിർമ്മാണത്തിന് ഏറെ പ്രാധാന്യമു ്. ബന്ധം വിഛേദിക്കപ്പെട്ട റോഡുകളുടെ സ്ഥാനം ചിത്രം 18.36ൽ കാണിച്ചിരിക്കുന്നു.

1. പടിഞ്ഞാറത്തറ – പൂഴിത്തോട് റോഡ്
2. ആനക്കാംപൊയിൽ – കല്ലാടി ടണൻ റോഡ്
3. കൂടോത്തുമ്മൽ – ചീക്കല്ലൂർ – നടവയൽ – വേലിയമ്പം റോഡ്
4. തലപ്പുഴ 44 –കൊട്ടിയൂർ റോഡ്

4.18.6.10 റെയിൽവേ

നിലവിൽ വയനാട് ജില്ലയിൽ റെയിൽവേ നിർമ്മാണം നടന്നിട്ടില്ല.

തലശ്ശേരി മാനന്തവാടി മൈസൂർ പാത (കൽപ്പറ്റ വരെ നീട്ടുക)

നിർമ്മിക്കേ ുന്ന പുതിയ പാലങ്ങൾ

1 തളിപ്പാറ കടവ്
2. മാമ്പിളിച്ചി കടവ്
3. പാറക്കടവ്
4. ബൈരക്കുപ്പ

പുതുക്കി പണിയേ ുന്ന പാലങ്ങൾ

1. ചെറുപുഴ – മാനന്തവാടി
2. ചെറുപുഴ – പനമരം
3. പനന്തറ
4. മുട്ടിൽ
5. പാതിരിപ്പാലം
6. നായ്ക്കട്ടി പാലം
7. ആനപ്പാറ പാലം
8. മാത്തൂർ പാലം
9. താഴത്തുവയൽ പാലം

4.18.6.11 പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കേ പ്രവൃത്തികളും നിർദ്ദേശങ്ങളും

1. കർണാടകയും തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന സംസ്ഥാനന്തര ഹൈവേകളായ കോഴി ക്കോട്, വൈത്തിരി, ഗൂഡല്ലൂർ റോഡും, ചു മൈസൂർ റോഡും, ശാസ്ത്രീയമായ പുനർ നിർമ്മാണം നടത്തി സംസ്ഥാന നിലവാരത്തിലേക്ക് മേജർ ജില്ല റോഡുകൾ മറ്റ് ജില്ലാ റോഡുകൾ എന്നിവയെഉയർത്തുക.
2. കോഴിക്കോട്, വൈത്തിരി റോഡിൽ 7–ാം വളവിൽ നിന്നുള്ള താമരശ്ശേരി ശോഭന എസ്റ്റേറ്റ് വരെ ബൈപ്പാസ് നിർമ്മിക്കുക.
3. പിഞ്ഞാറത്തറ പൂഴിത്തോട് റോഡ് പണി പൂർത്തിയാക്കുക. പടിഞ്ഞാറത്തറയിൽ നിന്നും കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറ പഞ്ചായത്തിലൂടെ പൂഴിത്തോടിലേക്കുള്ള ഈ റോഡ്പണി 1994 ആരംഭിച്ചുവെങ്കിലും ഇതുവരെ പൂർത്തിയായിട്ടില്ല. 16 കി.മി. റോഡ് റിസർവ്വ് വനത്തിലൂടെ കടന്നുപോകുമ്പോൾ 52 ഏക്കർ വനം നഷ്ടപ്പെടുന്നതിനു പകരമായി 104 ഏക്കർ ഭൂമി ഇരു പഞ്ചായത്തുകളും നൽകാമെന്ന് സമ്മതിച്ചിട്ടുെ ങ്കിലും കേന്ദ്രപരി സ്ഥിത് മന്ത്രാലയം അനുമതി നൽകിയിട്ടില്ല.
4. മേപ്പാടി കള്ളാടി ആനക്കാംപൊയിൽ റോഡ് മു ക്കൈ നിലമ്പൂർ റോഡ് എന്നിവ യാഥാർത്ഥ്യമാക്കുക കേവലം 12 കി.മി. ദൂരം വനഭൂമിയിലൂടെ റോഡു ായാൽഏറ്റവുമ ടുത്ത റെയിൽവേ സ്റ്റേഷനായ നിലമ്പൂരിലെത്താൻ 30 കിലോമീറ്റർ റോഡ് നിർമ്മിച്ചാൽ മതി.
5. കുറ്റ്യാടി പക്രന്തളം മാനന്തവാടി റോഡ് ഹിൽ ഹൈവേയായി പ്രഖ്യാപിക്കുക.
6. മാനന്തവാടി പഴശ്ശി റോഡ് തവിഞ്ഞാൽ കൊട്ടിയൂർ റോഡുകൾ പൂർത്തിയാക്കുക.
7. കബനി നദിയിൽ ബൈരകുപ്പയിൽ പാലം നിർമ്മിക്കുക.
8. ബത്തേരിയിൽ പുതിയ ബൈപ്പാസ് നിർമ്മിക്കുക.
9. ജനസംഖ്യാനുപാതികമായും വികസന തോതനുസരിച്ചും മുൻഗണന നൽകി റോഡുകൾ വിവിധ വകുപ്പുകളും പഞ്ചായത്തുകളും ഏറ്റെടുക്കണം.
10. റോഡുകളെ സ്വതന്ത്രമായി ക ് വികസിപ്പിക്കുന്ന പ്രവണത ഒഴിവാക്കി പ്രാദേശിക വിക സനം ലക്ഷ്യമാക്കി ആസൂത്രിതമായി മാത്രം വികസിപ്പിക്കുകയും ത്രിതല പഞ്ചായത്തുകൾ തമ്മിലുള്ള സംയോജന സാധ്യത പരിഗണിക്കുകയും ചെയ്യുക.
11. ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്തുകളുടെ പ്രൊപ്പോസലുകൾക്കനുസൃതമായും വിവിധ വികസന കേന്ദ്രങ്ങളെ സംയോജിപ്പിക്കുന്നതിൽ ഉ ായ വിടവ് നികത്തുന്ന തരത്തി ലുമുള്ള പദ്ധതികൾക്കും മുൻഗണന നൽകാം നിലവിലുള്ള റോഡുമായി ബന്ധിപ്പിക്കു ന്നതും വിവിധ പഞ്ചായത്തുകളെക്കൂട്ടി ഇണക്കുന്നതുമാകണം.

12. വിവിധ ബ്ലോക്ക് പഞ്ചായത്തുകളെ സംയോജിപ്പിക്കുന്നതിൽ ഉ ായ വിടവ് നികത്തുന്നതും സംയോജന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതുമായ റോഡുകൾക്കും പാലങ്ങൾക്കുമാണ് ജില്ലാ പഞ്ചായത്ത് പ്രാധാന്യം നൽകേ ത്. പൊതുമരാമത്ത് വകുപ്പിൽ നിന്നും ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയ റോഡുകൾക്ക് പ്രത്യേക പരിഗണന നൽകി കൊ ുള്ള ആസൂ ത്രണവും ആവശ്യമാണ്.
13. നഗരസഭയിൽ റോഡ് വികസന രംഗത്തെ ആസൂത്രണം, ട്രാഫിക്ക് നിയന്ത്രണം, മാനേ ജ്മെന്റ്, ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പ്, പാർക്കിംഗ് കേന്ദ്രങ്ങൾ എന്നി അടിസ്ഥാന സൗകര്യ ങ്ങൾ ബന്ധപ്പെടുത്തണം.
14. വാർഡ് / ഡിവിഷൻ തലത്തിൽ ഫ ് മാറ്റിവയ്ക്കുന്ന അവസ്ഥ ഒഴിവാക്കി മൊത്തത്തിലു ള്ള വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം ആയിരിക്കണം ലക്ഷ്യം. പുതിയ റോഡിനേ ക്കാൾ നിലവിലുള്ളവയുടെ വികസനത്തിനാണ് ഊന്നൽ നൽകേ ത്. മോട്ടോർ ഗതാഗത ത്തിന് സാദ്ധ്യതയുള്ള റോഡുകളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി പദ്ധതി ആസൂത്രണം നടത്തണം.
15. റോഡുകളുടെ ഗതാഗത ശേഷി വർദ്ധിപ്പിക്കുന്നതിനായി എല്ലാ റോഡ് പുറമ്പോക്ക് കയ്യേറ്റ ങ്ങളും ഒഴിപ്പിക്കുക.
16. കൽപ്പറ്റ, ബത്തേരി, മാനന്തവാടി എന്നീ കേന്ദ്രങ്ങളിൽ പ്രധാന കവലകളിൽ കാൽനടയാത്ര ക്കാർക്ക് സബ്വേകൾ നിർമ്മിക്കുക.
17. കെ. എസ് ഇ ബി, കെ ഡബ്ല്യുയു എ, ടെലികോം വകുപ്പ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി ഈ വകുപ്പുകളും പൊതുമരാമത്ത് വകുപ്പും സംയോജിതമായി നടപ്പിലാക്കുക.
18. നിലവിലുള്ള റോഡുകളുടെ ജ്യോമെട്രിക്സ് മെച്ചപ്പെടുത്തുക ആവശ്യമായ സ്ഥലം റിസർച്ച് ചെയ്യുക.
19. പഞ്ചായത്തു റോഡുകളുടെ നിർമ്മാണത്തിന് അവയെക്കുറിച്ച് വിശദമായ ഫീൽഡ് സ്റ്റഡി നടത്തി റോഡ് നിർമ്മിക്കുക. കൽപ്പറ്റ, ബത്തേരി, മാനന്തവാടി എന്നീ കേന്ദ്രങ്ങളിൽ ഹെലിപാഡുകൾ നിർമ്മിക്കുക.
20. നിർദ്ദിഷ്ട ഹിൽ ഹൈവേ ആയ ചൂരൽ മല – മേപ്പാടി–കൽപ്പറ്റ – പച്ചിലക്കാട് – മാനന്തവാടി– ബോയ്സ് ടൗൺ റോഡും ബോയ്സ് ടൗൺ – വാളാട് – കുഞ്ഞോം – കുങ്കിച്ചിറ റോഡും കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ത്വരിതഗതി യിലാക്കി പൂർത്തീകരിക്കേ താണ്.
21. നിലവിൽ അടിയന്തിര ചികിത്സക്കായി 80 കി.മീ. മാറി ചുരം വഴി കോഴിക്കോട് മെഡി ക്കൽ കോളേജിലാണ് രോഗികളെ എത്തിക്കേ ി വരുന്നത് . അതിന് മാറ്റം ഉ ാകുന്നതി ലേക്കായി വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭി ക്കേ തു ്.
22. വയനാട് ജില്ലയെ മലപ്പുറം ജില്ലയുമായി ബന്ധിപ്പിക്കാൻ കിഫ്ബി വഴി നടപ്പാക്കുന്ന കല്ലാടി തുരങ്കത്തിന്റെ പ്രവൃത്തിയും ത്വരിതപ്പെടുത്തുന്നതിലേക്ക് ജില്ലാ ഭരണകൂടം ശ്രദ്ധ ചെലുത്തേ തു ്.
23. തദ്ദേശ സ്വയം ഭരണ വകുപ്പ് കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾ കർശനമായി പാലി ക്കുക
24. ഗവൺമെമ്റ് സ്ഥലങ്ങളിലേയ്ക്കുള്ള കൈയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി ഗവൺമെന്റ് സ്ഥലങ്ങൾ ബൗ ി കല്ലുകൾ ഇട്ട് വേർതിരിക്കണം.
25. കാലാകാലങ്ങളിൽകോൺക്രീറ്റ് റോഡും ടാർ റോഡും സമയപരിധിക്കുള്ളിൽ തന്നെ മെയ്ന്റനൻസ് നടത്തുന്നതിന് ഭരണാനുമതിലഭിക്കുന്നതിനുള്ള തടസ്സം മാറികിട്ടേ താണ്
26. 9–)0 വളവിൽ നിന്നും ലക്കിടിയിലേക്ക് പോകുന്ന സമാന്തര പാത

4.18.6. 12. **വയനാട് ജില്ലയിലേയ്ക്കുള്ള ബദൽ റോഡ്കൾക്കുള്ള നിർദ്ദേശം**:-

താഴെ നൽകുന്ന റോഡുകളുടെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി ജില്ലയുടെ സാമ്പത്തിക മായും സാമൂഹികമായും ഒരു പരിധിവരെ പുരോഗതി കൈവരിക്കാവുന്നതാണ്.

27. പടിഞ്ഞാറത്തറ പൂഴിത്തോട് (കോഴിക്കോട് ജില്ല)
28. കുഞ്ഞോം – വിലങ്ങാട് (കോഴിക്കോട് ജില്ല)
29. താമരശ്ശേരിചുരം – നാലാം വളവിൽ നിന്നും അടിവാരത്തേക്ക്. (കോഴിക്കോട് ജില്ല)
30. കല്ലോടി തുരംങ്കം (മലപ്പുറം ജില്ല)
31. 44–ാം മൈൽ – അമ്പായത്തോട് – കൊട്ടിയൂർ (കണ്ണൂർ ജില്ല)
32. മേപ്പാടി ചൂരൽമല അരുണപ്പുഴ മു ക്കൈ റോഡ് (മലപ്പുറം ജില്ല)
33. വിനോദ സഞ്ചാര മേഖലകളിൽ പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കായുള്ള മൾട്ടി പർപ്പസ് കെട്ടിടം:ഈ നൂതന കെട്ടിട സമുച്ചയം വിനോദ സഞ്ചാര വകുപ്പിന്റെ ഉയർച്ചയ്ക്കും പട്ടിക ജാതി – പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃകങ്ങളുടെ ഉന്നമനത്തിനും, അവ രുടെ പാരമ്പര്യ നിർമ്മിതികൾക്കും, ഉൽപ്പന്നങ്ങൾക്കുമുള്ള വിപണന കേന്ദ്രവുമായാണ് വിഭാവനം ചെയ്യുന്നത്. സഞ്ചാരികൾക്ക് ഈ വിഭാഗക്കാരുടെ കലാപരിപാടികൾ ആസ്വ ദിക്കാനും, പാരമ്പര്യ ചികിത്സകൾ അനുഭവിക്കാനും, മരുന്നുകളുടെയും, അവരുടെ പ്രത്യേകതരം ഉൽപ്പന്നങ്ങളും, ഫലങ്ങളും വാങ്ങിക്കുവാനും ഉതകുന്ന രീതിയിലുള്ള വിപണന കേന്ദ്രം കൂടിയാണ് ഈ കെട്ടിടം സാദ്ധ്യമാക്കുന്നത്. അതിലൂടെ ടൂറിസത്തി ന്റെയും ഈ വിഭാഗക്കാരുടെയും ഉന്നമനമാണ് ലക്ഷ്യമിടുന്നത്. ഇത് സാദ്ധ്യമാകുന്ന തോടെ ഈ വിഭാഗങ്ങൾക്ക് പുതിയ തൊഴിൽ സംരംഭവും, ഇത്തരക്കാരെ ഇടനിലക്കാരി ല്ലാതെയുള്ള കച്ചവടക്കാരാക്കുകയും, പാരമ്പര്യ ചികിത്സയുടെ സാദ്ധ്യതയും അതിലുപരി വിനോദ സഞ്ചാരികളുടെ എണ്ണവും പുർവ്വാധികം വർദ്ധിപ്പിക്കുവാനും ഉതകുന്നതുമാണ്. ഏതെങ്കിലും ഒരു വിനോദ കേന്ദ്രത്തിലെ കെട്ടിടത്തിന്റെ അനക്സ് ടൂറിസവും & ഹോട്ടൽ മാനേജ്മെന്റും ഉൾപ്പെടുന്ന കോഴ്സുകളും, അതോടൊപ്പം ഗവൺമെന്റിന്റെ തന്നെ ഒരു ഹോട്ടലും ഇവിടെ സാദ്ധ്യമാകുന്നതാണ്. ഇത് മുഖാന്തിരം പട്ടിക ജാതി – പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും ഒരു പരിധി വരെ ജോലി ചെയ്തും, സ്വന്തമായി ബിസിനസ്സ് നട ത്തിയും ഉന്നതിയിലെത്താൻ സഹായകമാകുന്നതുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടു ന്നത്. ഈ കെട്ടിടം, ടൂറിസം, പട്ടിക ജാതി – പട്ടിക വർഗ്ഗ വകുപ്പുമായി സംയോജിച്ച് ധനസ്രോതസ്സ് ഉ ാക്കുകയും, പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഇതിന്റെ നിർമ്മിതി കളും സാക്ഷാത്കരിക്കാവുന്നതാണ്. കോഴ്സുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ MSME മന്ത്രാലയം വഴി സഹായം തേടാവുന്നതാണ്.

4.18.7. വാർത്താവിനിമയം: വയനാട് ജില്ലയിലെ ഐ .റ്റി വികസനത്തിനായുള്ള നിർദ്ദേശങ്ങൾ

4.18.7.1. ആമുഖം

സാങ്കേതികവിദ്യയുംസംവിധാനങ്ങളും വളർന്നതോടെ സാധാരണക്കാരുടെ ജീവിതനിലവാരത്തിലും ദ്രുതഗതിയിലുള്ള വളർച്ച ഉണ്ടായിട്ടുണ്ട് പുതിയൊരു ഡിജിറ്റൽ ജീവിതശൈലിയിലേക്ക്നാം മാറിക്കൊണ്ടിരിക്കുകയാണ്.ഓൺലൈൻ- ഡിജിറ്റൽ രംഗത്ത് അനുദിനം ഉണ്ടാകുന്ന മാറ്റങ്ങളും പ്രവണതകളും താഴെ തട്ടിലെ സാധാരണക്കാരിലേക്ക് എത്തിക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്. വിവര സാങ്കേതിക വിദ്യയുടെ നൂതന വശങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിന് താഴെത്തട്ടിലുള്ള ജനങ്ങളെ ബോധവൽക്കരിക്കേണ്ടത് ആവശ്യമാണ്. ഇതിനായി കമ്മ്യൂണിക്കേഷൻ സംവിധാനവും അപ്ഗ്രേഡ് ചെയ്യേണ്ടത് അത്യാവശ്യമായിരിക്കുകയാണ്.

4.18.7.1 ബി.എസ്.എൻ.എൽ

BSNL വയനാട് എന്നത് കോഴിക്കോട് ബിസിനസ്സ് ഏരിയയുടെ ഭാഗമാണ്. പൂർണ്ണമായും കേന്ദ്ര സർക്കാർ അസ്സിസ്റ്റൻസിൽ ഇത് പ്രവർത്തിക്കുന്നത്. സാധാരണക്കാരിലേക്ക് കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ എത്തിക്കുകയാണ് ലക്ഷ്യം. നമ്മുടെ ജില്ലയിൽ 36 ടെലഫോൺ എക്സ്ച്ചേഞ്ചുകളും 138 മൊബൈൽ ടവറുകളും പ്രവർത്തിക്കുന്നു. ഇതിൽ 60 എണ്ണം 3 ജി ഫെസിലിറ്റി ഉള്ളതാണ്. ഈ മാർച്ച് മാസത്തിനകം എല്ലാ മൊബൈൽ ടവറുകളും 3ജി യിലേക്ക് മാറ്റി മൊബൈൽ കവറേജ് മെച്ചപ്പെടുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്. BSNL കോഴിക്കോട്, വരുന്ന 5 വർഷത്തിനകം 75-100 മൊബൈൽ ടവറുകൾ കൂടി പ്ലാൻ ചെയ്യുന്നു. BSNL കേരള 3 ജി മൊബൈൽ സംവിധാനം കൂടാതെ 4ജി സംവിധാനവും കൂടി മാർച്ച് മാസത്തിനകം ആരംഭിക്കാൻ പദ്ധതിയിടുന്നുണ്ട്. വയനാട്ടിൽ BSNL 100 Wi-Fiഹോട്ട് സ്പോട്ടുകളും, കേരള സർക്കാരുമായി ആലോചിച്ച്സംസ്ഥാന ഐ ടി മിഷനുമായി സഹകരിച്ച്150 Wi-Fiഹോട്ട് സ്പോട്ടുകളും ലക്ഷ്യമിടുന്നുണ്ട്. പൊതുജനങ്ങളും സ്ഥാപനങ്ങളുമെല്ലാംതന്നെ ഹൈ ബാന്ഡ് വിഡ്ത് ആവശ്യപ്പെടുന്നതിനാൽ ചാനൽ പാർട്ണർമാരെ ഏറ്റവും ഗ്രാമീൺ ഏരിയയിൽ പോലും തെരഞ്ഞെടുത്തുവരുന്നു. കൂടാതെ താഴെ പറയുന്ന OFC റൂട്ടുകൾ വികസിപ്പിക്കുന്നതിനായും ഉദ്ദേശിക്കുന്നു.

പട്ടിക. 14.8.7.1
വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഒ.എഫ്.സി റൂട്ടുകൾ

1	വാളാട് ടിഇ	പുതുശ്ശേരി	5500
2	ബീനാച്ചി	മൂന്നാനക്കുഴി	9000
3	വരദൂർ ടി ഇ	പച്ചിലക്കാട്	3000
4	കാഞ്ഞിരങ്ങാട്	വെള്ളമുണ്ട, കോറോം 12എഫ് ജെടി	2000
5	ചേരിയംകൊല്ലി ടി ഇ	കാരക്കാമല 48എഫ് ജെ ടി	4000
6	മീനങ്ങാടി ടി ഇ	വരദൂർ ടി ഇ	9500
7	വടുവൻചാൽ ടി ഇ	അമ്പലവയൽ ടി ഇ	11000
8	കല്പറ്റ	മേപ്പാടി	12000
9	മാനന്തവാടി	നിരവിൽപുഴ	20000
10	സുൽത്താൻ ബത്തേരി	പുൽപ്പള്ളി	27000
11	മാനന്തവാടി	തലപ്പുഴ	9000

അവലംബം. ബിഎസ്എൻഎൽ

4.18.7.2 വിവര സാങ്കേതിക വിദ്യ / ഐ ടി

4.18.7.2.1 മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ ഐ റ്റി യുമായി ബന്ധപ്പെട്ട സപ്പോർട്ട് നൽകാൻ ഒരു ജില്ലാ ടീം അത്യാവശ്യമാണ്. വിവിധ ജില്ലകളിലെ ഐ റ്റി സെല്ലുകളെ കോ-ഓർഡിനേറ്റ ചെയ്യാനും, ജില്ലാ ഭരണകൂടത്തിനും, മറ്റ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും വേണ്ട സോഫ്റ്റ് വെയറുകൾ, ആപ്ലിക്കേഷനുകൾലോക്കലി ഡെവലപ്പ് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തണം.സൈബർ സുരക്ഷയും ഐ റ്റി ഹാർഡ്വെയർ മെയിന്റൻസും ഈ ടീം ഉറപ്പുവരുത്തണം.ജില്ലാ ഇ-ഗവേര്ണൻസ് സൊസൈറ്റി ഇതിന്റെ മേൽനോട്ടം വഹിക്കണം
2. ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകൾ ഗ്രൂഗിൾ സഹായത്തോടെ മാപ് ചെയ്യാവുന്നതാണ്.കോൺടാക്ട് നമ്പർ , അഡ്രസ് തുടങ്ങിയവ ഇതോടൊപ്പം ചേർക്കാവുന്നതാണ്. സർക്കാർ ഓഫീസുകളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള അഭിപ്രായം

ഓൺലൈൻ ആയി രേഖപ്പെടുത്താനുള്ള സംവിധാനവും ഗ്രഗിൾ ഇൽ ഉണ്ട്. മാപ് മൈ ഹോം കണ്ണൂർ എന്ന പേരിൽ കണ്ണൂർ ജില്ല ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് .

3. സർക്കാർ പർച്ചേസുകൾ എല്ലാം ഇ ടെൻഡർ മുഖേന ആയ സാഹചര്യത്തിൽ ഒരു ഇ ടെൻഡർ ഹെൽപ്ഡെസ്ക് ആൻഡ് ട്രെയിനിങ് സെന്റർ KSITM സഹായത്തോടെ ജില്ലയിൽ ആരംഭിക്കാവുന്നതാണ്.

4. ഡിജിറ്റലൈസേഷൻ കാലത്തിന്റെ അനിവാര്യതയാണ്. സർക്കാരിന്റെ വിവിധ വകുപ്പുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി ലക്ഷക്കണക്കിനുള്ള പഴയ ഡോക്യുമെന്റ്സ് സ്കാൻ ചെയ്യേണ്ടതായി വരുന്നുണ്ട്. എന്നാൽ ഒട്ടുമിക്ക ഓഫീസുകളിലും സാധാരണ സ്കാനർ ആണ് ഇതിനായി ഉപയോഗിക്കുന്നത്. ഒന്നോ രണ്ടോ പഞ്ചായത്തുകൾ ചേർന്ന് ഹൈ സ്പീഡ് ഹൈ കപ്പാസിറ്റി സ്കാനർ വാങ്ങാമെന്നുണ്ടെങ്കിൽ വിവിധ വകുപ്പുകളുടെയും പഞ്ചായത്തുകളുടെയും ഇത്തരം വർക്കുകൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്തു നടപ്പാക്കാവുന്നതാണ്. ഇതിൻറെ പ്രവർത്തന ഉത്തരവാദിത്തം അക്ഷയ കേന്ദ്രങ്ങളെയൊ മറ്റോ ഏല്പിക്കാവുന്നതാണ്. ഇത്തരം സ്കാനിംഗ് ഹബ്ബുകൾ ജില്ലയിൽ ഉണ്ടെങ്കിൽ ഡിജിറ്റലൈസേഷൻ ത്വരിത ഗതിയിൽ നടപ്പിലാക്കാവുന്നതാണ്.

5. സർക്കാർ തലത്തിൽ വിവിധ വകുപ്പുകൾ നടത്തുന്ന എക്സിബിഷനുകൾ,മേളകൾ കൂടാതെ വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള എൻട്രി ടിക്കറ്റുകൾ ഓൺലൈനായി ചെയ്യുന്നതിനുള്ള ഒരു സംയോജിത പോർട്ടൽ സംവിധാനം ഏർപ്പാടാക്കേണ്ടതാണ്. സാധാരണക്കാർക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി ഈ ബുക്കിംഗ് മിതമായ നിരക്കിൽ ചെയ്യാൻ സാധിക്കണം.

6. സർക്കാർ, അർധസർക്കാർ, വിവിധ കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ വൈവിധ്യമാർന്ന പ്രൊഡക്ടുകൾ ഓൺലൈൻ സംവിധാനത്തിലൂടെ വില്പനനടത്തുന്നതിനുള്ള ഒരു ഇൻറഗ്രേറ്റഡ് ഇ കൊമേഴ്സ് പോർട്ടൽ നിർമ്മിക്കേണ്ടതാണ്. ഓൺ ലൈൻ സംവിധാനത്തിനു പുറമെ പ്രാദേശിക അക്ഷയ കേന്ദ്രങ്ങൾക്കും മറ്റ ഗവൺമെൻറ്സ്ഥാപനങ്ങൾക്കും ഇതിനുള്ള ഓർഡർ കെ ഡലിവറി പോയൻറായി പ്രവർത്തിക്കാവുന്നതാണ്.

7. പഞ്ചായത്ത് തലത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന പ്രദേശങ്ങൾ കണ്ടെത്തി KSITL നെ അറിയിക്കുന്ന മുറയ്ക്ക് ചെറിയ ഐടി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം സർക്കാർ നൽകുന്നത് പ്രയോജനപ്പെടുത്താവുന്നതാണ്.

8. സർക്കാർ വകുപ്പുകളിലും,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പഞ്ചിങ് സംവിധാനം ഏർപ്പെടുത്തണം.

9. ഡിജിറ്റൽ സേവനങ്ങളെക്കുറിച്ചുള്ള ബുക്ക് ലെറ്റ് മലയാളത്തിൽ പ്രസിദ്ധീകരിച്ച് വിതരണം ചെയ്യണം. ജില്ലയിൽ നടക്കുന്ന മേളകളിലും ഡിപ്പാർട്ട്മെൻറ് പരിപാടികളിലും ഡിജിറ്റൽ ബോധവൽക്കരണം ഉൾപ്പെടുത്തണം.
എൻ എസ് എസ് പോലുള്ള സംഘടനകളെ ഉപയോഗപ്പെടുത്തണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പ്രചരണം നടത്തണം. അസാപിൻറെ പങ്കാളിത്തം കൂടുതലായി ഉപയോഗിക്കണം. ഇതിനായി തെരഞ്ഞെടുക്കുന്ന മാസ്റ്റർ ട്രെയിനർമാർക്ക് തിരിച്ചറിയൽ കാർഡും ആറുമാസം സന്നദ്ധ സേവനം നടത്തിക്കഴിയുമ്പോൾ സർട്ടിഫിക്കേറ്റും നൽകണം.

10. ഡിജിറ്റൽ ഫിനാൻസ് ലിറ്ററസി-സാമ്പത്തിക സാക്ഷരതയെക്കുറിച്ച് കൂടുതൽ ബോധവൽക്കരണം നടത്തണം. ഓൺലൈൻ പെയ്മെൻറിനെ ക്കുറിച്ച് ബാങ്കിംഗ് മേഖലയിൽ നിന്ന് കൂടുതൽ പ്രചരണം ആവശ്യമാണ്. ജില്ലയിലെ വ്യാപാര സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എ.ഇ.പി.എസ് ഉപയോഗിക്കാൻ പരിശീലനവും പ്രോത്സാഹനവും നൽകണം. ആർ.ബി.ഐക്ക് കീഴിലുള്ള ഫിനാൻസ് ലിറ്ററസി കൌൺസിലർമാരുടെ നേതൃത്വത്തിൽ പരിപാടികൾ ഏകോപിപ്പിക്കണം. എല്ലാ മാസവും ഡിജിറ്റൽ സാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

11. വയനാട് ജില്ലയ്ക്ക് ഒരു ഇൻറഗ്രേറ്റഡ് പോർട്ടൽ ആവശ്യമാണ്. മറ്റ് പോർട്ടലുകൾ തമ്മിൽ ലിങ്ക് ചെയ്ത് എല്ലാ വകുപ്പുകളുടെയും വിവരങ്ങൾ മറ്റ വകുപ്പുകൾക്കും എടുക്കുവാൻ കഴിയുന്ന തരത്തിൽ ലിങ്ക് ചെയ്യണം. നിലവിൽ നിലനിൽക്കുന്ന നെറ്റ് വർക്കിംഗ് ഹാർഡ് വെയർ സംബന്ധമായ പ്രശ്നങ്ങളിൽ പരിഹാരമുണ്ടാകണമെന്നും ഇതിനായി ജില്ലാതലത്തിലുള്ള ഐ.ടി സപ്പോർട്ടിംഗ് ടീം രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കണമെന്നും നിർദ്ദേശമുണ്ടായി.

12. സർക്കാർ/അർദ്ധ സർക്കാർ/സഹകരണ മേഖലയിലെ മുഴുവൻ പെയ്മെൻറുകളും ഓൺലൈൻ വഴിയാക്കണമെന്നും നിർദ്ദേശമുണ്ടായി.

13. എല്ലാ വകുപ്പുകലിലുമുള്ള ഐടി സപ്പോർട്ടിംഗ് ടീമിന് ജില്ലാ തലത്തിൽ ജില്ലാ ഇ ഗവേണൻസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വേണ്ട ടെയിനിങ് മറ്റ സഹായങ്ങളും നൽകണം. ഹാർഡ് വെയർ മെയിൻറനൻസ് ക്ലിനിക്കുകൾ സംഘടിപ്പിക്കണം. ഐ ടി മിഷൻ ഇതിനുവേണ്ട സഹായങ്ങൾ ചെയ്യണം. ജില്ലയിലെ ഡിപ്പാർട്ടുമെൻറുകളുടെ ആവശ്യത്തിലേക്കായി ഒരു സോഫ്റ്റ് വെയർ ഡവലപ്പ്മെൻറ് ടീം സജ്ജീകരിക്കണം.

14. ഫേസ് ബുക്ക് വാട്സ് ആപ്പ് പെലെയുള്ള സോഷ്യൽ മീഡിയ നിയമ വിധേയമാക്കുന്നതിനുള്ള സംവിധാനം ആവശ്യമാണ്. അനധികൃത ഓൺലൈൻ ന്യൂസ് മീഡിയകളും ലൈസൻസ് മുഖേന റഗുലേറ്റ് ചെയ്യേണ്ടതുണ്ട്.

15. വയനാട് ഒരു ടൂറിസ്റ്റ് സ്പോട്ട് ആയതിനാൽ വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വം മുൻ നിർത്തിയുള്ള സോഫ്റ്റ് വെയറുകളുടെ നിർമ്മാണവും ആലോചിക്കാവുന്നതാണ്.

16. വിവിധ കോളേജുകളിൽ എൻജിനീയറിംഗ് തുടങ്ങിയ കോഴ്സുകൾ പഠിച്ച് പുറത്തേക്കിറങ്ങുന്ന കുട്ടികൾക്ക് കൂടുതൽ പരിശീലനം സ്കിൽ ഓറിയൻറഡായി കിട്ടുന്നത് നല്ലതാണ്. വിവിധ സർക്കാർ ഓഫീസുകളിൽ ഈ കുട്ടികൾക്ക് ഇൻറേൺഷിപ്പ്/പ്രൊജക്ട് സൌകര്യം ഏർപ്പെടുത്താവുന്നതാണ്.

17. മൊബൈൽ അക്ഷയ കേന്ദ്രങ്ങൽ ഏർപ്പാടാക്കുക. ഇത് ഗവൺമെൻറ് നിയന്ത്രണത്തിലാക്കുക. ആധാർ, ഇലക്ഷൻ ഐഡി രജിസ്ട്രേഷൻ പോലുള്ള അത്യാവശ്യ കാര്യങ്ങൾ റിമോട്ട് ഏരിയയിൽ ചെയ്യേണ്ടി വരുമ്പോൾ ഈ മൊബൈൽ യൂണിറ്റ് ഉപയോഗിക്കുക. എസ് ടി മേഖലയിൽ പ്രത്യേകമായി അക്ഷയ സർക്കാർ സഹായത്തോടെ നടപ്പിലാക്കുക. കിടപ്പു രോഗികളുടെ ആധാർ എൻറോൾമെൻറിനും മൊബൈൽ അക്ഷയ കേന്ദ്രങ്ങൽ ഉപയോഗിക്കാവുന്നതാണ്. ജില്ലാ അക്ഷയ ഓഫീസിന് ഇതിൻറെ നിർവ്വാഹണച്ചുമതല ഏറ്റെടുക്കാവുന്നതാണ്.

18. എല്ലാ ഗവൺമെൻറ് ഡാറ്റകളും ഓൺ ഡിമാൻറ് കിട്ടുകയാണെങ്കിൽ കറപ്ഷൻ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും. സർക്കാരിനെ സംബന്ധിച്ച വിവരങ്ങൾ ഓപ്പൺ(ഓൺലൈൻ) ആയിരിക്കണം. ഓരോ പ്രൊജക്ടിനെക്കുറിച്ചും ചിലവുകൾ അതുചെയ്യാനെടുത്ത കാലാവധി തുടങ്ങിയവയെല്ലാം ഓൺലൈനായി പ്രസിദ്ധീകരിക്കണം.

19. സ്റ്റാർട്ട് അപ് ആളുകൾക്ക് കോൺടാക്ട് ചെയ്യുന്നതിന് ഒരു സിംഗിൾ പോയൻറ് ഉണ്ടായാല് നന്നായിരിക്കും.

20. ഡിജിറ്റൽ ഓൺലൈൻ സംവിധാനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് വയനാട് ജില്ലയ്ക്ക് ഒരു മൊബൈൽ ആപ്ലിക്കേഷൻവേണം. ഈ ആപ്ലിക്കേഷന് എം.വയനാട് എന്ന പേരിടണം. വയനാട് ജില്ലയിലെ പ്രധാന ടെലഫോൺ നമ്പറുകൾ, ഇ – മെയിൽ വിലാസങ്ങൾ, കോൺടാക്ട് അഡ്രസ്സ് എന്നിവ ഈ ആപ്ലിക്കേഷൻ വഴി ജനങ്ങൾക്ക് ലഭ്യമാക്കണം.

21. വയനാട് ഐടി വികസനത്തിന് വളരെയധികം സാധ്യതയുള്ള സ്ഥലമാണ്. സർവ്വീസ് സെക്ടറിൽ വീട്ടമ്മമാർക്ക് കൂടുതൽ കോൺട്രിബ്യൂട്ട് ചെയ്യാൻ കഴിയും. ഇതിനായി പ്രത്യേക പരിശീലനം സംഘടിപ്പിക്കുകയും ചെയ്യാവുന്നതാണ്. പിഎംജി ദിശ സൌജന്യനിരക്കിൽ

നിലവിലുണ്ട. ആയത് പ്രയോജനപ്പെടുത്താവുന്നതാണ്. ഇക്കാര്യത്തിൽ അക്ഷയ കേന്ദ്രങ്ങൽ സഹായകരമാണ്.

22. സൈബർ സെക്യൂരിറ്റി ഓഫീസുകൾ ജില്ലാ തലത്തിലും താഴെ തട്ടിലും ഏർപ്പെടുത്തണം.സെക്യൂരിറ്റി ഓഡിറ്റുകൾ സർക്കാർ ഓഫീസുകളിൽ ഏർപ്പെടുത്തണം.
23. മെഡിക്കൽ സർവ്വീസിൽ ഉള്ളതുപോലെ Compulsory IT Service for TechnicalPeople നടപ്പിൽ വരുത്തണം. സർക്കാർ വകുപ്പുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രോജക്ട് /ഇന്റേൺഷിപ് ചെയ്യാൻ ഇത്തരം കുട്ടികൾക്ക് അവസരം ഒരുക്കണം.ജില്ല ഇ-ഗവേണൻസ് സൊസൈറ്റി ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. വിദ്യാർത്ഥികൾക്ക് സർക്കാർ സംവിധാനം മനസിലാക്കാൻ ഇത് സഹായകമാകും.
24. യൂണിവേഴ്സിറ്റികളും ഇൻഡസ്ട്രീസും തമ്മിലുള്ള ഇൻട്രാക്ഷൻ കൂട്ടണം.കോളേജുകൾ അവിടെ സ്റ്റഡൻസിനെ റിക്രൂട്ട് ചെയ്യുന്ന കമ്പനികളെ കസ്റ്റമേഴ്സ് ആയി കാണണം.കമ്പനികൾ വിദ്യാർഥികൾക്ക് ടെക്നിക്കൽ ഓറിയെന്റേഷൻനൽകുന്നതിനും.വിവിധ സ്കോളർഷിപ്പുകൾ നൽകുന്നതിനും ശ്രദ്ധ പതിപ്പിക്കണം.
25. മെട്രോ നഗരങ്ങളെക്കാൾ ഉപരി , ഐ റ്റി പാർക്കുകൾ വയനാട് പോലെയുള്ള സ്ഥലങ്ങളിൽസ്ഥാപിക്കേണ്ടതാണ്. ഇവിടുത്തെ കാലാവസ്ഥയും,ടൂറിസം സാധ്യതയും കൂടിയാകുമ്പോൾ അത് വയനാടിന്റെ സമഗ്ര വികസനത്തിന് സഹായകരമാകും.
26. വലിയ ഏക്കർ കണക്കിന് പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്ന സൈബർ പാർക്കിന് പകരം ചെറിയ ചെറിയ പാർക്കുകൾ ഓരോ സ്ഥലത്തിന്റെയും അവൈലബിലിറ്റി അനുസരിച്ച് വയനാട്ടിൽ പ്രാവർത്തികമാക്കാവുന്നതാണ്. .
27. ഫാബ് ലാബുകൾ റിമോട്ട് എരിയകളിലേക്ക് കൂടി എക്സ്റ്റൻഡ് ചെയ്യണം.
28. ഐറ്റി കമ്പനികളുടെ R&D വർക്കുകൾക്ക് സർക്കാർ സഹായം നൽകണം.
29. അക്ഷയ കേന്ദ്രങ്ങളെ ഐ റ്റി പാർക്കുകളുടെ ഏറ്റവും ചെറിയ പതിപ്പെന്ന രീതിയിൽ ഉപയോഗിക്കാവുന്നതാണ്. കൂടാതെ അക്ഷയ കേന്ദ്രങ്ങളിൽ സർക്കാരിന്റെ വിവിധ സേവനങ്ങളെ ക്കുറിച്ചുള്ള കോൾസെന്റർ സൗകര്യവും BPO സൗകര്യവും ഏർപ്പെടുത്താവുന്നതാണ്.

4.18.7.2.2 കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- വിവര സാങ്കേതിക വിദ്യയുടെ വിവിധ വശങ്ങളെയും ഉപയോഗത്തെയും കുറിച്ച്പഞ്ചായത്ത് തലത്തിൽ മെമ്പർമാർക്കും ഉദ്യോഗസ്ഥർക്കും ബോധവൽക്കരണം നടത്തണം. പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണംനടത്തണം. അക്ഷയ സംരംഭകർ, എസ് സി എസ് ടി പ്രമോട്ടർമാർ, കുടുംബശ്രീ-അംഗൻവാടി പ്രവർത്തകർ, ആശാവർക്കർമാർ, സാക്ഷരതാമിഷൻ, യുവജന സംഘടനകൾ എന്നിവരെ ഇതിനായി ഉപയോഗിക്കണം. ഐ ടി സാക്ഷരതക്കായി ജില്ലാ തലത്തിൽ മാസ്റ്റർ ട്രെയിനർമാരെ തെരെഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകണം.മാസ്റ്റർ ട്രെയിനർമാരെ പഞ്ചായത്ത്തല കോ-ഓർഡിനേറ്റർമാരായി നിയമിക്കണം.മാസ്റ്റർ ട്രെയിനർ മാർക്ക് തിരിച്ചറിയൽ കാർഡും, ആറുമാസം സന്നദ്ധ സേവനം നടത്തുന്നവർക്ക് സർട്ടിഫിക്കറ്റും നൽകണം.
- ബാങ്ക് അക്കൌണ്ടുകൾ ആധാറുമായി ലിങ്ക് ചെയ്യാത്തവർക്കും മൊബൈൽ നമ്പർ ലിങ്ക് ചെയ്യാത്തവർക്കും വേണ്ടി പ്രത്യേക ബോധവൽക്കരണം നടത്തണം. കോളനികളിൽ പി.ഒ .എസ്, എ. ഇ .പി. എസ് പോലുള്ള സംവിധാനങ്ങൾ ആദിവാസികൾക്ക് പരിചയപ്പെടുത്തണം..

- ഗ്രാമ പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും അക്ഷയ മൈക്രോ സബ്സെന്ററുകൾ ആരംഭിക്കണം. ഒരു കമ്പ്യൂട്ടർ, ഒരു സ്മാർട്ട്ഫോൺ എന്നിവ വഴി ഇത് സാധ്യമാക്കാൻ കഴിയും. സേവനം ലളിതമാക്കാനും തൊഴിലവസരം സൃഷ്ടിക്കാനും ഇത് കാരണമാകും.കൂടാതെ എല്ലാ സർക്കാർ ഓഫീസുകളിലും (പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെ) മൈക്രോ സെന്ററുകൾ ആരംഭിക്കണം.

- അനധികൃത ഓൺലൈൻ പോർട്ടലുകളെക്കുറിച്ച് അവബോധം ഉണ്ടാക്കുക(കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സ്കൂളുകൾ, കോളേജുകള് എന്നിവ കേന്ദ്രീകരിച്ച് ക്യാമ്പയിൻ നടത്താം)

- അക്ഷയ കേന്ദ്രങ്ങളിൽ സർക്കാരിന്റെ വിവിധ സേവനങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന LCD ഡിസ്പ്ലേ സ്ഥാപിക്കാവുന്നതാണ്. ഓരോ പുതിയ പദ്ധതി വരുമ്പോഴും അതാതു കാര്യങ്ങൾ ഇവിടെ പ്രദർശിപ്പിക്കേണ്ടതാണ്.

- വയനാട് ഐടി വികസനത്തിന് വളരെയധികം സാധ്യതതയുള്ള സ്ഥലമാണ് .സർവ്വീസ് സെക്ടറിൽ വീട്ടമ്മമാർക്ക് കൂടുതൽ കോൺട്രിബ്യൂട്ട് ചെയ്യാൻ കഴിയും ഇതിനായി പ്രത്യേക പരിശീലനം സംഘടിപ്പിക്കുകയും ചെയ്യാവുന്നതാണ്. PMGDisha സൌജന്യ നിരക്കിൽ നിലവിലുണ്ട്. ആയത് പ്രയോജനപ്പെടുത്താവുന്നതാണ്. ഇക്കാര്യത്തിന് അക്ഷയ കേന്ദ്രങ്ങൾ സഹായകരമാണ്.

- പഞ്ചായത്തിൻറെ നേതൃത്വത്തിൽ ചെറിയ ഐ ടി പാർക്കുകളും ബിപിഒ കളും സജ്ജീകരിക്കാവുന്നതാണ്. അതിനുള്ള സാങ്കേതിക സഹായം KSITM നും KSITL നും നൽകാവുന്നതാണ്. ആ പ്രദേശത്തുള്ള അഭ്യസ്ത വിദ്യരായ യുവതിയുവാക്കൾക്കും വീട്ടമ്മമാർക്കും തൊഴിൽ നൽകുന്നതിന് ഈ പദ്ധതി ഉപകരിക്കും

- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സോഷ്യൽ മീഡിയ പേജുകൾ തുടങ്ങാവുന്നതാണ്. വികസനപരമായ ഡിസ്കഷന്സ് ഉറപ്പു വരുത്താൻ വാട്സ്ആപ് കൂട്ടായ്മകൾ രൂപീകരിക്കാവുന്നതാണ്. ഈ കാര്യങ്ങളിൽ അക്ഷയ കേന്ദ്രങ്ങൾക്ക് സഹായിക്കാൻ കഴിയും

4.18.8. അക്ഷയ പദ്ധതികൾ

അക്ഷയ പദ്ധതി - കംപ്യൂട്ടർ പരിജ്ഞാനം ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ്. ഒരു കുടുംബത്തിലെ മുതിർന്ന ഒരാളെയെങ്കിലും കംപ്യൂട്ടർ സാക്ഷരനാക്കുക എന്ന പ്രാഥമിക ലക്ഷ്യവുമായി തുടങ്ങിയ പദ്ധതി ഇന്ന് വളരെയധികം മുന്നോട്ടു പോയിട്ടുണ്ട്. ഇന്ന് നിരവധി സർക്കാർ സർക്കാരിതര ഓൺലൈൻ സേവനങ്ങളുടെ ഫ്രണ്ട് എൻറായി അക്ഷയ പ്രവർത്തിക്കുന്നു.

അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം:	67
പെർമനൻറ് ആധാർ എൻറോൾമെൻറ്കേന്ദ്രങ്ങൾ (PEC)	24
ആധാർ എഡിറ്റിംഗ് കേന്ദ്രങ്ങൾ	37
ബാങ്കിംഗ് കിയോസ്കുകൾ	50

4.18.8.1. അക്ഷയ സെർവീസുകൾ

യുണീക് ഐഡന്റിഫിക്കേഷൻ നമ്പർ (ആധാർ / യുഐഡിഎഐ)

- കിയോസ്ക് ബാങ്കിംഗ്
- ഇ-ഡിസ്ട്രിക്ട്
- ഇ-ഗ്രാൻറ്സ്
- ലേബർ വെൽഫെയർ ബോർഡ് ഡാറ്റാ എൻട്രി
- NRK വെൽഫെയർ ഫണ്ടിന്റ് സബ്സ്ക്രിപ്ഷൻ തുക ശേഖരണം
- RSBY ന് കീഴിലുള്ള എപിഎൽ കുടുംബങ്ങളുടെ രജിസ്ട്രേഷൻ ബിപിഎൽ /
- ഇ-പേയ്മെൻറ്
- റേഷൻ കാർഡ് ഓൺലൈൻ അപേക്ഷ
- വാണിജ്യ നികുതി വകുപ്പിൻറെ ഇ-ഫയലിംഗ്
- ഇ-ടിക്കറ്റിംഗ്
- മോട്ടോർ വാഹന വകുപ്പ്
- ആം ആദ്മി ബീമാ യോജന)AABY) രജിസ്ട്രേഷൻ
- സർവീസ് ആൻഡ് പേറോൾ അഡ്മിനിസ്ട്രേറ്റിവ് റിപ്പോസിറ്ററി ഓഫ് കേരള സ്പാർക്ക്.
- നോഡൽ സെന്റർ ഫോർ മലയാളം കമ്പ്യൂട്ടിംഗ്
- നോഡൽ സെന്റർ ഫോർ കമ്മ്യൂണിറ്റി വെബ് പോർട്ടൽ

വയനാട് ജില്ലയിൽ 23 ഗ്രാമ പഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റികളിലുമായി 68 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ശരാശരി 2500 മുതൽ 3000 വരെ കുടംബങ്ങൾക്ക് ഒരു കേന്ദ്രം എന്ന നിലയ്ക്കാണ് അക്ഷയ കേന്ദ്രങ്ങളുടെ വിന്യാസം. അക്ഷയ കേന്ദ്രങ്ങൾ എല്ലാം തന്നെ സംസ്ഥാന സർക്കാരിൻറെ നയന്ത്രണത്തിലാണ്. സംസ്ഥാന തലത്തിൽ കേരള സംസ്ഥാന ഐടിമിഷനാണ് അക്ഷയ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുന്നത്. ജില്ലാ തലത്തിൽ ബഹു ജില്ലാ കളക്ടർ ചെയർമാനായുളള ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയാണ് പദ്ധതിമോണിറ്ററിംഗ് ചെയ്യുന്നത്. ഇതിനായി അക്ഷയ ജില്ലാ പ്രൊജക്ട് ഓഫീസും സ്ഥാപിച്ചിട്ടുണ്ട്. ശരാശരി 50 മുതൽ 100 വരെ ആളുകൾ വിവിധ ആവശ്യങ്ങൾക്കായി ഓരോ ദിവസവും ഒരു അക്ഷയ കേന്ദ്രത്തെ ആശ്രയിച്ചുവരുന്നു.

സർക്കാർ പലവിധ സേവനങ്ങൾ പൊതുജനങ്ങൾക്കായിനൽകുന്നുണ്ട്. എന്നിരുന്നാലും അവയെക്കുറിച്ചുളള വിവരങ്ങൾ എല്ലാം തന്നെ പലപ്പോഴും താഴെ തട്ടിലേക്ക് എത്തുന്നില്ല. ഇത്തരം കാര്യങ്ങളിൽ പ്രദേശത്തെ അക്ഷയ കേന്ദ്രങ്ങൾക്ക് വലിയ ഒരു ഇടപെടൽ നടത്താൻ കഴിയും. ഇനി വരും വർഷങ്ങളിൽ അക്ഷയ പദ്ധതിയുടെ നേതൃത്വത്തിൽ ചെയ്ത് തീർക്കാവുന്ന ജനോപകാരപ്രദമായ ചില ആശയങ്ങൾ ചുവടെ ചേർക്കുന്നു.

4.18.8.2. അക്ഷയ ഡിജിറ്റൽ ഡിസ് ട്രിക്ട് ക്യാംമ്പയി .2018

ഓൺലൈൻ സേവനങ്ങളെ കുറിച്ചുംസർട്ടിഫിക്കറ്റുകളെ പറ്റിയും കൃത്യമായ , ഇത്തരം ആളുകളെ .അവബോധമില്ലാത്തവരാണ് സമൂഹത്തിലെ ഭൂരിഭാഗം ആളുകളും സഹായിക്കുന്നതിനു വേണ്ടി ആവശ്യടെആധാർകാർഡ്,ഇലെക്ഷൻ ഐഡി കാർഡ്,പാൻകാർഡ്,റേഷൻ കാർഡ് എന്നിങ്ങനെ തുടങ്ങുന്ന ഓരോ രേഖകളുടെസർട്ടിഫിക്കറ്റുകളുടെയും തെറ്റുതിരുത്തൽ അല്ലെങ്കിൽ പുതിയതായി അവ / സംഘടിപ്പിക്കുന്നതിനുള്ള അവസരം എന്നിവ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയാണ് അക്ഷയ ഡിജിറ്റൽ ഡിസ്ട്രിക്ട് ക്യാമ്പയിൻ2018 എന്ന പേരിൽ വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ച നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്ഇതിലേക്കായി ഓരോ തദ്ദേശസ സ്വയംഭരണ സ്ഥാപനങ്ങൾ തോറും . സർട്ടിഫിക്കറ്റുകൾ എന്നിവ അപേക്ഷിക്കുന്ന അന്നേ ,ക്യാമ്പുകൾ സംഘടിപ്പിച്ച് വിവിധ സേവനങ്ങൾ

ദിവസം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്അക്ഷയ . കേന്ദ്രങ്ങൾ വഴി നൽകുന്ന മുഴുവൻ സേവനങ്ങളും അന്നേ ദിവസം ക്യാമ്പുകൾ വഴി നൽകാൻ സാധിക്കും കൂടാതെ വിദ്യാഭ്യാസ സാമൂഹിക ക്ഷേമ പദ്ധതികൾ,മറ്റു സർക്കാർ പദ്ധതികൾ എന്നിവയെ പറ്റി ബോധവത്കരണം നടത്താനും സാധിക്കും അക്ഷയ പദ്ധതിയും പൊതുജനങ്ങളും.തമ്മിൽ വളരെ സൗഹൃദ പരമായ അന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നുള്ളതും ഈ പദ്ധതിയുടെ നേട്ടമാണ് . വിദൂര ദേശങ്ങളിൽ ജോലി ചെയ്യുന്നവർക്ക് പോലും വർഷത്തിൽ ഒന്നോ രണ്ടോ ദിവസം മാത്രം വന്നാൽ ഇത് വർഷത്തിൽ ഒന് .സർട്ടിഫിക്കറ്റുകൾ ശരിയാക്കി മടങ്ങാം എന്ന മേൻമയും ഉണ്ട്നോ രണ്ടോ തവണ വീതം എല്ലാം വർഷവും നടത്തേണ്ടതുണ്ട്ഈ ക്യാംമ്പിലേയ്ക്കുള്ള രജിസ്ട്രേഷൻ അക്ഷയ . .കേന്ദ്രങ്ങൾ വഴി ഒരു മാസം മുൻപേ തുടങ്ങാം

4.18.8.3. സിറ്റിസൺ സർവ്വീസ് ഹെല്പ് ഡെസ്ക്.

സർക്കാർ സേവനങ്ങളും പദ്ധതികളും മറ്റും അർഹരായ ജനങ്ങളിലേക്ക് വേണ്ടവിധത്തിൽ എത്തുനില്ല എന്നത് കാലാകലങ്ങളായി നിലനിൽക്കുന്ന ഒരു ആക്ഷേപമാണ്.പല പദ്ധതികളെയും സംമ്പന്ധിച്ച വിശദാംശങ്ങൾ അറിയാൻ അതുമായി ബന്ധപ്പെട്ട വിവിധ സർക്കാർ ഓഫീസുകൾ കയറി ഇറങ്ങേണ്ട സാഹചര്യം യോഗ്യതയുള്ള പല ആളുകളെയും ഈ ഉദ്യമത്തിൽ നിന്നും പിൻതിരിപ്പിക്കുന്നു.

ജില്ലയിലെ മുഴുവൻ അക്ഷയ കേന്ദ്രങ്ങളിലും ഒരു സർവ്വീസ് ഹെൽപ് ഡെസ്ക് നടപ്പിലാക്കണം. ഈ ഹെൽപ്പ് ഡെസ്കുകൾ എല്ലാ വിധ സർക്കാർ സേവനങ്ങൾ, ക്ഷേമപദ്ധതികൾ എന്നിവയെ പറ്റി പൗരന്മാർക്ക് കൃത്യമായി വിവരങ്ങൾനല്കുന്ന രീതിയിലാണ് പ്രവർത്തിക്കേണ്ടത്.അഭ്യസ്ത വിദ്യരായ ബിരുദധാരികൾക്ക് ഒരു ഇന്റേൺഷിപ്പ് പരിപാടിയായി നടപ്പിലാക്കാം, പ്രത്യേകിച്ച് വയനാട്ടിൽ താമസിക്കുന്ന അഭ്യസ്ത വിദ്യരായ സ്ത്രീകൾക്ക്.

സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ച് വിശദമായ ട്രെയ്നിംഗ് അതാതു വകുപ്പുകൾ വഴി നൽകും സിഡിറ്റ്, റൂടോണിക്സ് പോലുള്ള ഏജൻസികളുമായി സഹകരിച്ച് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സുകൾ ഇവർക്ക് നഷകും. രണ്ടു വർഷത്തേക്ക് പഠനത്തോടൊപ്പം വിവിധ അക്ഷയ കേന്ദ്രങ്ങളിൽ ജോലിയും നൽകാവുന്നതാണ്. ഇന്റേൺഷിപ്പ് കാലയളവ് വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റ്, സ്വകാര്യ ഗവണ്മെൻറ് സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് (പ്രൊജക്ടുകളിൽ) ഗ്രീമീണ വനിതകളുടെ തൊഴിൽ സാധ്യതകളെ വർധിപ്പിക്കാനും അവരുടെ വൈദഗ്ധ്യം കൂടുതൽ സഹായവും നൽകാവുന്നതാണ് അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു.

4.18.8.4 .പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെവിവരശേഖരണവും ഡിജിറ്റൽസൂക്ഷിപ്പും.

വയനാട് ജില്ലയിൽ നടപ്പിലാക്കാവുന്ന ഒരു സവിശേഷ പദ്ധതിയാണിത് വേണ്ടത്ര ആധികരിക രേഖകൾ ഇല്ലാത്തതിനാൽ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന പാർശ്വവൽക്കരിക്കപ്പെടുന്ന വ്യക്തികൾക്ക് ഒരു കൈതാങ്ങാണ് ഈ പദ്ധതിപ്പെടുന്ന (ആദിവാസികൾ) പട്ടികവർഗ്ഗ വിഭാഗത്തിൽ . തയ്യാറാക്കലുമാണ് ഈ സ്സമഗ്രമായ വിവര ശേഖരണവും ഡാറ്റ ബെയ് വ്യക്തികളുടെ .പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്ITDP യുടെ സഹകരണത്തോടെ ജില്ലയിലെ മുഴുവൻ ആദിവാസി കോളനികളിലും അക്ഷയ സംരംഭകരുടെ നേതൃത്വത്തിൽ കൃത്യമായ വിവരണ ശേഖരണം നടത്തി ഈ വിഭാഗത്തിൽ പെടുന്ന വ്യക്തികളുടെ ആധികാരിക രേഖകളുടെഏകീകരണവും (റേഷൻകാർഡ്,പാൻകാർഡ്,ആധാർകാർഡ്,ഡി.വോട്ടേർസ്ഐ) അവയുടെ കൃത്യമായ ഡിജിറ്റൽസൂക്ഷിപ്പും വഴി ജില്ലയിലെ ആദിവാസി വിഭാഗത്തിൽ പെടുന്ന മുഴുവൻ വ്യക്തികളുടെയും കൃത്യമായ വിവരം ഏതു സമയത്തും ലഭ്യമാക്കാൻ സാധിക്കും.

4.18.8.5. ഇ-കൊമേഴ്സ്

തമിഴ്നാട്,രാജസ്ഥാൻ തുടങ്ങിയ സംസ്ഥാങ്ങളിൽ പരീക്ഷിച്ചു വിജയിച്ച പദ്ധതിയാണ് (udaan) പ്രമുഖരായഓൺലൈൻബിസിനസ്കമ്പനികളുമായി (flipkart, amazone, snapdeal,etc...) ചേർന്നുകൊണ്ട്അവരുടെഉത്പന്നങ്ങൾ വാങ്ങുന്നതിനായി ഉപഭോക്താക്കളെ സഹായിക്കുകയും,ഇത്തരംകമ്പനികളുടെ ഡെലിവറി പോയിന്റായി പ്രവർത്തിക്കുകയും വഴി അക്ഷയ കേന്ദ്രങ്ങൾക്ക് പുതുതായി ഒരു വരുമാനമാർഗം തുറന്നു കിട്ടുകയും ചെയുന്നു.ഇതു വഴി പൊതുജനങ്ങൾക്ക് വിവിധ കമ്പനികളുടെ ഉൽപന്നങ്ങൾ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭിക്കുംഎ.ന്നാൽ പൊതുജനങ്ങൾക്ക് സ്വന്തമായി ഓൺലൈൻ ഓർഡർ ചെയ്യുന്നതിനായി ഒരു ടച്ച് സ്ക്രീൻ കിയോസ്ക് സംവിധാനം അക്ഷയ കേന്ദങ്ങളിൽ നടപ്പിലാക്കേണ്ടതായുണ്ട്ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് ,കൂടാതെ അവരുടെ ഡബിറ്റ്. ആധാർ പെയ്മെൻറ് സൌകര്യ,സംവിധാനവും .എസ്.ഒ.സാധങ്ങൾ വാങ്ങുന്നതിന് പിവും ഏർപ്പെടുത്താവുന്നതാണ്.

4.18.8.6. .പ്രാദേശിക തൊഴിൽ പോർട്ടൽ

തൊഴിൽ അന്യോഷകരായ മുഴുവൻ ആളുകൾക്കും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യാം.ഓരോ ആളുകളുടെയും വൈദഗ്ധ്യത്തിനനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിനും തൊഴിൽ ദായകർക്കു ആവശ്യത്തിനനുസരിച്ചുള്ള തൊഴിലാളികളെ തിരഞ്ഞെടുക്കുന്നതിനും വളരെ ഫലപ്രദമായിരിക്കും.ളുമായി ബന്ധപ്പെടേണ്ടതുണ്ട്ഇതിനായി വിവിധ തൊഴിൽ ദാതാക്ക.

4.18.8.7. ടൂറിസം ഇൻഫർമേഷൻ സെന്റർ.

കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ് വയനാട് വർഷം തോറും നിരവധി സഞ്ചാരികളാണ് ജില്ലയിൽ എത്തുന്നത്ഡി..ടി.പി.സി യുടെ സഹകരണത്തോടെ ജില്ലയിലെ അക്ഷയകേന്ദ്രങ്ങളെ ടൂറിസം ഇൻഫർമേഷൻ കേന്ദ്രങ്ങൾ ആക്കിമാറ്റുകയാണെങ്കിൽ വിവിധ പ്രദേശങ്ങളിൽ നിന്നും വരുന്ന സഞ്ചാരികൾക്കു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും,വിലപ്പെട്ട നിർദേശങ്ങൾ നൽകുന്നതിനും സാധിക്കുംഅക്ഷയ സംരഭകർക്കും.,വിനോദ സഞ്ചാരികൾക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന വളരെ ഫലപ്രദമായ പദ്ധതിയാണ്.

4.18.8.8 സോഫ്റ്റ്വെയർ, ഹാർഡ്വെയർ, മെയിന്റനൻസ്/സോഷ്യൽ മീഡിയ മാനേജ്മെന്റ്

ഓരോ അക്ഷയ കേന്ദ്രങ്ങളെയും അവരവരുടെ പരിധിയിൽ വരുന്ന സർക്കാർ ഓഫീസുകളുടെ സോഫ്ട് വെയർ മെയിൻറൻസ് ,കബ്യൂട്ടർ ഹാർഡ് വെയർ(പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെ) പ:ാർട്ട്ണർ ആക്കാവുന്നതാണ്ഹാർഡ് വെയർ കോഴ്സുകൾ കെൽട്രോണുമായി സഹകരിച്ച്. പഠിക്കാനുള്ള സൌകര്യംഅക്ഷയ കേന്ദ്രത്തിൽ സജ്ജമാക്കാവുന്നതാണ്കൂടാതെ പ്രസ്തുത . ഓഫീസുകളുടെ സോഷ്യൽ മീഡിയ മാനേജ്മെൻറിനായി അക്ഷയ കേന്ദ്രങ്ങളെ .നിയോഗിക്കാവുന്നതാണ്ന്റ്.

4.18.8. സംഗ്രഹം

വയനാട് ജില്ലയുടെ അഭൗമ്യമായ പ്രകൃതി സൗന്ദര്യവും ജൈവവൈവിദ്ധ്യവും സംസ്ഥാനത്തിന്റെ വിനോദസഞ്ചാര വികസനത്തിന് മുതൽക്കൂട്ടാക്കാവുന്ന വിധത്തിൽ വരുന്ന വർഷങ്ങളിൽ ദീർഘവീക്ഷണത്തോടെ വികസന പദ്ധതികൾ നടപ്പിലാക്കാവുന്നതും ആയത്മൂലം ജില്ലയെ കൂടുതൽ വിനോദസഞ്ചാരികളുടെ പ്രിയപ്പെട്ട കേന്ദ്രമാക്കി മാറ്റാവുന്നതുമാണ്.

വിവിധ മേഖലകളിലെ അപര്യാപ്തതകളെയും സാധ്യതകളെയും മനസ്സിലാക്കിക്കൊ ്, വരുന്ന 20 വർഷത്തേയ്ക്ക് ജില്ലാ പ്ലാൻ ഉ ാക്കുക എന്നതാണ് സംയോജിത ജില്ലാ വികസന പദ്ധ തിയും, തദ്ദേശ പദ്ധതിയും അഭിമുഖീകരിക്കുന്നത്. ഈ ഒരു ആവശ്യത്തിനുവേ ി 28 മേഖലകൾ പരിഗണിച്ചു. ഇതിലെ അടിസ്ഥാന വികസന കാര്യങ്ങളാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റ് മേഖലകളിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ പല മാറ്റങ്ങളും ഉൾക്കൊള്ളാനു ്. ഫസ്റ്റ് ഓർഡർ മുതൽ തേർഡ് ഓർഡർ വരെയുള്ള പ്രവൃത്തികൾ നൂതന സാങ്കേതിക വീദ്യകൾ ഉപ യോഗിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതോടെ വയനാട് ജില്ലയുടെ ഉന്നതി കേരള ത്തിൽത്തന്നെ പുരോഗതിയിൽ ഉയർന്ന സ്ഥാനങ്ങൾ കരസ്ഥമാക്കാൻ സഹായകരമാകും. വയ നാടിനെപ്പോലുള്ള പിന്നോക്ക ജില്ലകളുടെ വികസനത്തിൽ ഇതൊരു നാഴികക്കല്ലാകുമെന്ന് പ്രതീ ക്ഷിക്കുന്നു.

വിവരസങ്കേതികവിദ്യ സമഗ്രമേഖലകളിലും പ്രയോജനപ്പെടുത്തി ജില്ലയിലെ വിവിധ വകുപ്പു കളെ ഏകോപിപ്പിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ സുതാര്യമായും ആയാസരഹിതവുമായ ഭരണ സംവിധാനം ഉറപ്പ് വരുത്താവുന്നതാണ്

***

പട്ടികജാതി പട്ടികവർഗ്ഗ വികസനം

പട്ടികജാതി പട്ടികവർഗ്ഗ വികസനം

4.19. പട്ടികജാതി വികസനം

4.19.1 ആമുഖം

ഇന്ത്യയിലെ ഒരു ദേശീയ ജനവിഭാഗമാണ് പട്ടികജാതിക്കാർ. ഒരു ജനതയെന്ന നില യിൽ ദീർഘകാല പാരമ്പര്യമുള്ളവരും ഇൻഡ്യയുടെ അറിയപ്പെടുന്ന ചരിത്രം മുതൽക്കു തന്നെ രാജ്യനിർമ്മാണ പ്രക്രിയയിൽ അനിഷേധ്യമായ പങ്കുവഹിച്ചവരുമാണ് ഇവർ. എന്നാൽ കാലാകാലങ്ങളിൽ മാറിമാറി വന്ന സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങളുടെ ഫലമായ ഉദയം കൊ ജാതിവ്യവസ്ഥയുടെ ഇരകളെന്ന നിലയിൽ നിരവധിയായ അവകാശനിഷേധങ്ങൾക്ക് ഇവർ വിധേയരായതിനാൽ ഈ ജനവിഭാഗങ്ങളെ ഇന്ത്യയുടെ ഭരണഘടന പ്രത്യേക പരിരക്ഷ നൽകി സംരക്ഷണം നൽകുകയും സാമൂഹ്യപുരോഗതി ഉറപ്പാക്കുകയും ചെയ്യുന്നു.

കേരളത്തിന്റെ സാമൂഹിക പരിഷ്കരണത്തിന് ഗണ്യമായ സംഭാവന നൽകിയിട്ടുള്ള സാംസ്കാരിക നവോത്ഥാന നായകരിൽ പ്രഥമസ്ഥാനീയനായ മഹാനായ അയ്യൻങ്കാളിയുടെ ജന്മംകൊ ് അനുഗ്രഹീത ഭൂമിയായ കേരള സംസ്ഥാനത്തിൽ 12–ാമതു ജില്ലയായ വയനാട്, പട്ടികജാതി വിഭാഗ ജനസംഖ്യയിൽ സംസ്ഥാനത്ത് ഏറ്റവും കുറവുള്ള ജില്ലയാണ്. താരത മേന്യ പട്ടണങ്ങളിൽ നിന്ന് അകന്ന് വളരെ ഉൾപ്രദേശങ്ങളിലാണ് പട്ടികജാതി വിഭാഗക്കാർ താമസിച്ചു വരുന്നത്.

പട്ടികജാതി വിഭാഗ ജനതയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, സാംസ്കാരിക മേഖലകളിൽ പട്ടികജാതി വികസന വകുപ്പും മറ്റു വിവിധ വകുപ്പുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഒട്ടനവധി പദ്ധതികൾ നാളിതുവരെ നടപ്പിലാക്കിയിട്ടു ്. ആയതിന്റെ ഫലമായി സാമൂഹികമായി ഒറ്റപ്പെട്ടും പാർശ്വവൽക്കരിക്കപ്പെട്ടും നിന്ന ഒരു ജനതയെ മുഖ്യധാരയിലേക്ക് കൊ ു വരുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വികസനത്തിന്റെ പാതയിലേക്കുള്ള മുന്നേറ്റങ്ങൾ സംജാതമാക്കുന്നതിനും സാധിച്ചിട്ടു ്.

എന്നിരുന്നാലും സംസ്ഥാനത്തിന്റെ പല മേഖലകളിലുമുള്ള പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ സാഹചര്യങ്ങളോടൊത്തു നിൽക്കുന്ന നിലവാരം വയ നാട് ജില്ലയിലെ വിവിധ സങ്കേതങ്ങളിലുെ ന്ന് അവകാശപ്പെടാൻ സാധിക്കുകയില്ല. ജില്ലാത ലത്തിലുള്ള താരതമ്യത്തിലേക്ക് കടക്കുമ്പോഴാകട്ടെ മലയോര മേഖലയുടേതായ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകൾ ചില പ്രദേശങ്ങളിലെ പട്ടികജാതി വിഭാഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിന് കൂടുതൽ ശ്രദ്ധപതിപ്പിക്കേ തിലേയ്ക്കുള്ള ദിശാസൂചകമായി നില നിൽക്കുകയും ചെയ്യുന്നു ്. മാത്രവുമല്ല വയനാട് ജില്ലയുടെ പ്രവർത്തന മേഖലയുടെ വ്യാപ്തിയും തന്മൂലം ലക്ഷ്യ ജനതയിലേക്ക് പരമാവധി ഇറങ്ങി ച്ചെന്ന് പ്രവർത്തിക്കുന്നതിനുള്ള പരിമിതിയും വിപരീത ഘടകങ്ങളായി തുടരുന്നു ്. ഭൂമിശാസ്ത്രപര മായ വെല്ലുവിളികളും കൂടുതൽ പിന്നാക്കവസ്ഥയിലും ദുർബലാവസ്ഥയിലും കഴിയുന്നതും മാറ്റങ്ങളോടും പുരോഗതിയിലേക്കുള്ള പരിശ്രമങ്ങളോടും ജീവിതശൈലിയുടെയും സാഹചര്യങ്ങളുടെയും പ്രത്യേകതകൾ മൂലം വൈമുഖ്യം പുലർത്തുന്നതുമായ ഒരു നല്ല ശതമാനം ജനതയുടെ സാന്നിദ്ധ്യം, കൂടുതൽ ലക്ഷ്യബോധത്തോടെയും അർപ്പണ മനോഭാവത്തോടെയുമുള്ള ശ്രമങ്ങൾ ആവശ്യപ്പെടുന്നു ്.

4.19.2. പട്ടികജാതി ഉപപദ്ധതിയുടെ കാഴ്ചപ്പാട്

പട്ടികജാതി–വർഗക്കാരും പുരോഗമിച്ച ജനവിഭാഗങ്ങളും തമ്മിലുള്ള സാമ്പത്തിക വികസന അന്തരം ത്വരിതഗതിയിൽ പരിഹരിക്കുന്നതിനായുള്ള പ്രത്യേക സമഗ്രവികസന പദ്ധ തിയായാണ് 1978 മുതൽ പ്രത്യേക ഘടക പദ്ധതി (പട്ടികജാതി ഉപപദ്ധതി) വിഭാവനം ചെയ്ത ത്. പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനവും അവർക്കായി ആസ്തിസൃഷ്ടിക്കുകയു

മാണ് പട്ടികജാതി ഉപപദ്ധതിയുടെ സുപ്രധാന ലക്ഷ്യം. സാമ്പത്തിക വികസനമെന്നാൽ മാന്യമായ തൊഴിലിലൂടെയുള്ള വരുമാന വർദ്ധനവാകുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും പട്ടികജാതി സങ്കേതങ്ങൾക്കും നേരിട്ടു പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് പട്ടികജാതി ഉപപദ്ധതിയുടെ കീഴിൽ ആവിഷ്ക്കരിക്കേ ത്. വികസനവും സംരക്ഷണവും എന്ന ദ്വിമുഖ തത്വത്തിനൊപ്പം സുസ്ഥിര സാമ്പത്തിക വികസനത്തിലൂടെ സാമൂഹ്യ പുരോഗതി എന്ന ലക്ഷ്യത്തിന് പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ഊന്നൽ നൽകിക്കൊ ുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. തങ്ങൾക്ക് വേ ി രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന പദ്ധതികളെക്കുറിച്ച് അറിയുവാനും വില

യിരുത്തുവാനും പട്ടികജാതിക്കാർക്ക് അവസരം ഉ ായിരിക്കണമെന്നു മാത്രമല്ല പദ്ധതി രൂപീകരണ പ്രക്രിയയിലും അവർക്ക് മുൻതൂക്കം ലഭിക്കേ താണ്. അവകാശാധിഷ്ഠിത സമീപനത്തിലൂടെ പട്ടികജാതി ഉപപദ്ധതി പ്രകാരം മാറ്റിവച്ചിരിക്കുന്ന ഫ ് ചെലവഴിക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായം, നിയന്ത്രണം, മുൻഗണന എന്നിവയ്ക്കുള്ള അഭിപ്രായം നൽകണം.

വികസനം പുരോഗമിക്കുമ്പോൾ അവ സ്ഥാപനവൽക്കരിക്കപ്പെടുകയും ശാശ്വത പങ്കാളിത്തം, ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നീ മേഖലകളിൽ പട്ടികജാതിക്കാർക്ക് ചുവടുറപ്പിക്കുവാൻ കഴിയുംവിധമായിരിക്കണം പദ്ധതികൾ ആവിഷ്ക്കരിക്കേ ത്. പട്ടികജാതിക്കാരുടെ യഥാർത്ഥ ശാക്തീകരണവും സ്വാഭിമാനവും സാമൂഹ്യപുരോഗതിയും ഉറപ്പാക്കുവാൻ പട്ടികജാതി ഉപപദ്ധതി പ്രകാരം ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്ക് കഴിയേ താണ്.

4.19.3. വയനാട് ജില്ലയിലെ പട്ടികജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകൾ

പട്ടികജാതിക്കാരുടെ സാമൂഹ്യസാമ്പത്തിക നില വ്യക്തമാക്കുന്ന സ്ഥിതിവിവരക്കണക്കുകൾ ജനസംഖ്യ, സാക്ഷരത, തൊഴിൽനില, വിദ്യാഭ്യാസം, ആരോഗ്യം, എന്നീ ശീർഷകങ്ങളിലായി തിരിച്ചിരിക്കുന്നു. 2011 ലെ സെൻസസ് റിപ്പോർട്ടിനെയാണ് പ്രധാനമായും ഇതിനായി ഉപയോഗപ്പെടുത്തിയിരിക്കുന്നത്.

4.19.3.1. ജനസംഖ്യ

വയനാട് ജില്ലയിലെ പട്ടികജാതിക്കാരുടെ ആകെ ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം 32,578 ആകുന്നു. ഇതിൽ 16,406 പേർ പുരുഷന്മാരും 16,172 പേർ സ്ത്രീകളുമാണ്. റവന്യൂ വകുപ്പിന്റെ വിഭജനപ്രകാരം ഈ ജില്ലയിൽ ഒരു റവന്യൂ ഡിവിഷനും 3 താലൂക്കുകളും 49 വില്ലേജുകളുമു ്. പ്രാദേശിക സർക്കാരുകളെന്ന നിലയിൽ നഗര മേഖലയിൽ 3 മുനിസിപ്പാലിറ്റികളും ഗ്രാമീണ മേഖലയിൽ ഒരു ജില്ലാപഞ്ചായത്തും 4 ബ്ലോക്ക് പഞ്ചായത്തും 23 ഗ്രാമപഞ്ചായത്തുകളുമു ്. ജില്ലയിലെ എല്ലാ പ്രാദേശിക സർക്കാരുകളിലും പട്ടികജാതിക്കാർ അധിവസിക്കുന്നു ്. ജില്ലയിലെ മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള ജനസംഖ്യ പട്ടിക 2.1 ആയി കൊടുക്കുന്നു.

സംസ്ഥാനത്തെ ആകെ പട്ടികജാതി വിഭാഗജനസംഖ്യയുടെ .01 % ആയ 32578 പേർ വയനാട് ജില്ലയിലാണ് അധിവസിക്കുന്നത്. ജില്ലയുടെ മൊത്തം ജനസംഖ്യയിൽ 4 % പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്ആകെ ജനസംഖ്യയിൽ 16,406 പേർ പുരുഷൻമാരും 16172 പേർ സ്ത്രീകളുമാണ്. 2001 നെ അപേക്ഷിച്ച് 2011 ൽ പട്ടികജാതി ജനസംഖ്യയിൽ കുറവു ്. ജില്ലയിൽ അധിവസിക്കുന്ന പ്രധാന പട്ടികജാതി വിഭാഗക്കാർ പുലയൻ/ ചെറുമൻ, കണക്കൻ, ബാക്കുഡ പറയൻ, മണ്ണാൻ / പതിയാൻ/ വണ്ണാൻ/ വേലൻ എന്നിവരാണ്. ജില്ലയിലെ പട്ടികജാതി വിഭാഗത്തിലെ സ്ത്രീ പുരുഷാനുപാതം 1000 പുരുഷൻമാർക്ക് 985 സ്ത്രീകൾ എന്നതാണ്. ഇത് സംസ്ഥാനത്തെ പൊതുവായ സ്ത്രീ പുരുഷ അനുപാതത്തെക്കാൾ കുറവാണ്. വയനാട് ജില്ലയിലെ പട്ടികജാതി വിഭാഗക്കാരുടെ സാക്ഷരതാ നിരക്ക് 85.70 ശതമാനമാണ്. ഇത് സംസ്ഥാന ശരാശരി (88.73 %) യെക്കാൾ കുറവാണ്.

പട്ടിക 4.19.1

ജില്ലയിലെ മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള ജനസംഖ്യ

പ്രാദേശിക സർക്കാർ	പേര്		ആകെ
മുനിസിപ്പാലിറ്റി	കൽപ്പറ്റ മുൻസിപ്പാലിറ്റി	2200	5650
	സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റി	1761	
	മാനന്തവാടി മുൻസിപ്പാലിറ്റി	1689	
കൽപ്പറ്റ	വൈത്തിരി	2808	13285
	മേപ്പാടി	3502	
	പടിഞ്ഞാറത്തറ	1830	
	പൊഴുതന	1222	
	മൂപ്പൈനാട്	1832	
	മുട്ടിൽ	1030	
	കോട്ടത്തറ	587	
	വെങ്ങപ്പള്ളി	250	
	തരിയോട്	224	
മാനന്തവാടി	തൊ ർനാട്	466	3764
	തിരുനെല്ലി	480	
	വെള്ളമു	811	
	എടവക	450	
	തവിഞ്ഞാൽ	1557	
പനമരം	പനമരം	1026	5288
	കണിയാമ്പറ്റ	772	
	പൂതാടി	890	
	മുള്ളൻകൊല്ലി	1578	
	പുൽപ്പള്ളി	1022	
സുൽത്താൻ ബത്തേരി	നെൻമേനി	1866	4591
	മീനങ്ങാടി	908	
	അമ്പലവയൽ	955	
	നൂൽപ്പുഴ	862	
	ആകെ	**32578**	

അവലംബം: സെൻസസ് 2011

പട്ടികജാതിക്കാരുടെ ജനസംഖ്യയെ അടിസ്ഥാനമാക്കി ചുവടെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ നടത്താവുന്നതാണ്.

- ഗ്രാമപ്രദേശങ്ങളിൽ കൽപ്പറ്റ ബ്ലോക്കിലാണ് പട്ടികജാതിക്കാരുടെ ജനസംഖ്യ ഏറ്റവും കൂടുതൽ. മാനന്തവാടി ,പനമരം ബ്ലോക്കുകൾ ര ും മൂന്നും സ്ഥാനങ്ങളിൽ വരുന്നു.
- ബ്ലോക്ക് പഞ്ചായത്തുകളിൽ മാനന്തവാടി ബ്ലോക്കിലാണ് പട്ടികജാതിക്കാർ ഏറ്റവും കുറവ്.
- നഗരപ്രദേശങ്ങളിൽ കൽപ്പറ്റ നഗരസഭയിലാണ് പട്ടികജാതിക്കാർ ഏറ്റവും കൂടുതലുള്ളത്.
- ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കുറവുള്ളത് കൽപ്പറ്റ ബ്ലോക്കിലെ തരിയോട് ഗ്രാമപഞ്ചായത്തിലുമാണ് (224).
- ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളത് കൽപ്പറ്റ ബ്ലോക്കിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലുമാണ് (3502).

സ്ത്രീ–പുരുഷന്മാരുടെ എണ്ണം

പട്ടിക 4.19.2

വയനാട് ജില്ലയിലെ പട്ടികജാതി സ്ത്രീ–പുരുഷ എണ്ണം

	ആകെ	പുരുഷൻ	സ്ത്രീ
ആകെ	32578	16406	16172

അവലംബം: സെൻസസ് 2011

പട്ടികജാതി ജനസംഖ്യ ഗ്രാമം നഗരം തിരിച്ച്

പട്ടിക 4.19.3

വയനാട് ജില്ലയിലെ പട്ടികജാതിജനസംഖ്യ ഗ്രാമം നഗരം തിരിച്ച്

മേഖല	പട്ടികജാതി ജനസംഖ്യ	ആകെ ജനസംഖ്യയുടെ ശതമാനം
ആകെ	32578	4%
ഗ്രാമം	27048	3.3
നഗരം	5530	.67%

അവലംബം: സെൻസസ് 2011

ജനസംഖ്യയിലെ ദശവാർഷിക വ്യതിയാനം

പട്ടിക 4.19.4

വയനാട് ജില്ലയിലെപട്ടികജാതി ജനസംഖ്യയിലെ ദശവർഷ വ്യതിയാനം

	1991	2001	വ്യതിയാന % (വർധനവ്/കുറവ്)	2011	വ്യതിയാന % (വർധനവ്/കുറവ്)
ആകെ ജനസംഖ്യ		33364		32578	0.97
പുരുഷന്മാർ		16799		16406	
സ്ത്രീകൾ		16344		16172	

അവലംബം: സെൻസസ് 2011

2001 നെ അപേക്ഷിച്ച് 2011 ൽ പട്ടികജാതി ജനസംഖ്യയിൽ .97 % ന്റെ കുറവു ് .

പട്ടികജാതി കുടുംബങ്ങൾ

പട്ടിക 4.19.5

വയനാട് ജില്ലയിലെ പട്ടികജാതി കുടുംബങ്ങൾ

	കുടുംബങ്ങൾ
ആകെ	8196
ഗ്രാമം	7628
നഗരം	568

അവലംബം: സെൻസസ് 2011

പട്ടികജാതികുടുംബങ്ങൾ, ജനസംഖ്യ : സമുദായാടിസ്ഥാനത്തിൽ

പട്ടിക 4.19.6

വയനാട് ജില്ലയിലെ പട്ടികജാതി കുടുംബങ്ങൾ, ജനസംഖ്യ : സമുദായാടിസ്ഥാനത്തിൽ

		കുടുംബങ്ങൾ	ജനസംഖ്യ
			ആകെ
(1)	(2)	(3)	

1	ആദി ദ്രാവിഡ	58	290
2	ആദി കർണ്ണാടക	203	1020
3	അരുന്ധതിയാർ	21	66
4	ബാക്കുഡ	498	2241
5	പരവൻ	156	780
6	ഭാരതർ, പരവൻ	375	1800
7	ചക്കിലിയൻ	191	960
8	ചെറുമൻ	1581	7850
9	ഡൊംബൻ	1	2
10	കള്ളാടി	24	115
11	കണക്കൻ, പടന്ന, പടന്നൻ	593	2900
12	കവറ	81	438
13	കൂടൻ	1	6
14	കുറവൻ,സിദ്ധനർ, കുറവർ, കുറവ, സിദ്ധന	141	710
15	മണ്ണാൻ, പതിയാൻ, പെരുമണ്ണാൻ, വണ്ണാൻ, വേലൻ	1105	5504
16	നായാടി	6	30
17	പള്ളൻ	176	810
18	പുള്ളുവൻ	15	70
19	പാണൻ	126	615
20	ത ാൻ	19	80
21	വള്ളുവൻ, പുലയ, വേട്ടുവൻ	106	510
22	വേടൻ	17	92
23	പുലയൻ, ചേരമർ	1223	4897
24	മോഗർ	102	509
25	മലയൻ	56	283

അവലംബം: പട്ടികജാതി വികസന വകുപ്പ് 2012

4.19.2.2. വയനാട് ജില്ലയിലെ പട്ടികജാതി കോളനികൾ

സംസ്ഥാനത്തിന്റെ പല മേഖലകളിലുമുള്ള പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ സാഹചര്യങ്ങളോടൊത്തു നിൽക്കുന്ന നിലവാരം വയനാട് ജില്ലയിലെ വിവിധ സങ്കേതങ്ങളിലുെ ന്ന് അവകാശപ്പെടാൻ സാധിക്കുകയില്ല. ജില്ലാതലത്തിലുള്ള താരതമ്യത്തിലേക്ക് കടക്കുമ്പോഴാകട്ടെ മലയോര മേഖലയുടേതായ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ചില പ്രദേശങ്ങളിലെ പട്ടികജാതി വിഭാഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിന് കൂടുതൽ ശ്രദ്ധപതിപ്പിക്കേ തിലേയ്ക്കുള്ള ദിശാസൂചകമായി നിലനിൽക്കുകയും ചെയ്യുന്നു ്. മാത്രവുമല്ല വയനാട് ജില്ലയുടെ പ്രവർത്തന മേഖലയുടെ വ്യാപ്തിയും തന്മൂലം ലക്ഷ്യ ജനതയിലേക്ക് പരമാവധി ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്നതിനുള്ള പരിമിതിയും വിപരീത ഘടകങ്ങളായി തുടരുന്നു ്. കൂടുതൽ പിന്നാക്കവസ്ഥയിലും ദുർബലാവസ്ഥയിലും കഴിയുന്നതും മാറ്റങ്ങളോടും പുരോഗതിയിലേക്കുള്ള പരിശ്രമങ്ങളോടും ജീവിതശൈലിയുടെയും സാഹചര്യങ്ങളുടെയും പ്രത്യേകതകൾ മൂലം വൈമുഖ്യം പുലർത്തുന്നതുമായ ഒരു നല്ല ശതമാനം ജനതയുടെ സാന്നിദ്ധ്യം, കൂടുതൽ ലക്ഷ്യബോധത്തോടെയും അർപ്പണ മനോഭാവത്തോടെയുമുള്ള ശ്രമങ്ങൾ ആവശ്യപ്പെടുന്നു ്.

വയനാട് ജില്ലയിലെ പട്ടികജാതികോളനികളുടെ എണ്ണം

പട്ടിക 4.19.7
വയനാട് ജില്ലയിലെ പട്ടികജാതി കോളനികളുടെ എണ്ണം– പഞ്ചായത്ത്/മുനി/ അടിസ്ഥാന ത്തിൽ

പ്രാദേശിക സർക്കാർ	പേര്	കോളനി/ സങ്കേതങ്ങളുടെ എണ്ണം	കുടുംബങ്ങ ളുടെ എണ്ണം	ജനസംഖ്യ
മുനിസിപ്പാലിറ്റി	കൽപ്പറ്റ	10	75	315
	സുൽത്താൻ ബത്തേരി	7	111	443
	മാനന്തവാടി	12	113	455
കൽപ്പറ്റ	പടിഞ്ഞാറത്തറ	20	414	1690
	കോട്ടത്തറ	5	70	290
	വേങ്ങപ്പള്ളി	0	0	
	തരിയോട്	1	7	25
	പൊഴുതന	6	77	311
	മുട്ടിൽ	7	37	137
	വൈത്തിരി	26	178	763
	മൂപ്പൈനാട്	10	106	422
	മേപ്പാടി	26	193	816
സുൽത്താൻ ബത്തേരി	മീനങ്ങാടി	6	59	238
	നെൻമേനി	17	130	565
	നൂൽപ്പുഴ	11	169	677
	അമ്പലവയൽ	6	71	288
മാനന്തവാടി	തൊ ർനാട്	6	43	175
	തവിഞ്ഞാൽ	11	157	626
	എടവക	1	34	119
	വെള്ളമു	11	126	510
	തിരുനെല്ലി	0	0	0
പനമരം	കണിയാമ്പറ്റ	2	20	83
	പനമരം	3	26	106
	പുൽപ്പള്ളി	10	121	469
	മുള്ളൻകൊല്ലി	17	199	829
	പൂതാടി	2	18	65
		233	2554	7224

അവലംബം: പട്ടികജാതി വികസന വകുപ്പ് 2012

പട്ടിക 4.19.8
വയനാട് ജില്ലയിൽ

40 ീകൂടുതൽീ കുടുംബങ്ങൾ ഉള്ള പട്ടികജാതി കോളനികൾ

നമ്പർ	കോളനിയുടെ പേര്	എണ്ണം	പഞ്ചായത്ത്/മുൻസിപാലിറ്റി/കോർപ്പറേഷൻ
1	കൊറ്റുകുളം	70	പടിഞ്ഞാറത്തറ
2	ചെമ്പകമൂല	42	പടിഞ്ഞാറത്തറ
3	കൊറ്റിയോട്ടുകുന്ന്	60	പടിഞ്ഞാറത്തറ
4	പാറനിരപ്പ്കുന്ന്	67	പടിഞ്ഞാറത്തറ
5	വലിയകുന്ന്	48	കോട്ടത്തറ
6	അംബേദ്കർ IHDP	47	വൈത്തിരി

	കോളനി		
7	പാതിരി	52	മുള്ളൻകൊല്ലി
8	കാവുംകുന്ന്	42	വെള്ളമു
9	ബിയ്യൂർകുന്ന്	40	വെള്ളമു

അവലംബം: പട്ടികജാതി വികസന വകുപ്പ് 2012

4.19.3 ജില്ലയിലെ പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യ വിശദാംശങ്ങൾ

സങ്കേതാധിഷ്ഠിതമായി കൂടുതൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കിയിട്ടു ്. അപ്രകാരം നടപ്പിലാക്കിയ പദ്ധതികളിലൂടെ മിക്ക ഗ്രാമപഞ്ചായത്തുകളിലും ഗതാഗതം, കുടിവെള്ളം, വൈദ്യുതി, പാർപ്പിടം എന്നിങ്ങനെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേ സമസ്ത മേഖലകളിലും എടുത്തു പറയത്തക്ക പുരോഗതി നേടിയിട്ടു ്. ഗ്രാമപഞ്ചായത്തുകൾ മുഖേന കുടുംബാധിഷ്ഠിതമായ കൂടുതൽ ക്ഷേമപദ്ധതികൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിയിട്ടുമു ്

പട്ടികജാതി വികസന വകുപ്പ് സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിലായി ഒട്ടേറെ പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണത്തിലൂടെ ജില്ലയിലെ അർഹതയുള്ള പട്ടികജാതി കുടുംബങ്ങളിൽ സേവനം എത്തിച്ചു വരുന്നു ്.

4.19.3.1. റോഡ് ഉള്ളവ–ഇല്ലാത്തവ, ഇനിയും ആവശ്യമുള്ളവ

സങ്കേതങ്ങളിലേയ്ക്കുള്ള റോഡുകൾ ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളിലൂടെ ഗതാഗതയോഗ്യമായിട്ടുെ ങ്കിലും സങ്കേതങ്ങൾക്കുള്ളിലുള്ള പാതകൾക്കായി കൂടുതൽ പദ്ധതികൾ നിർദ്ദേശിച്ച് നടപ്പിലാക്കേ തു ്.

4.19.3.2. കുടിവെള്ള സൗകര്യം

പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള മേഖലകളിൽ പോലും വർഷകാലത്തൊഴിച്ച് രൂക്ഷമായ ശുദ്ധജലദൗർലഭ്യം അനുഭവപ്പെടുന്നു ്. വർഷം മുഴുവനും ഉപയുക്തമാക്കാവുന്ന ജലസ്രോതസ്സിനെ അടിസ്ഥാനമാക്കി മാത്രം പദ്ധതികൾ ഏറ്റെടുത്ത് കൃത്യമായ കാഴ്ചപ്പാടോടെ നടപ്പിലാക്കുന്നതാണ് പരിഹാരമാർഗ്ഗം കൂടാതെ ഭാവിയിൽ ഉപയോഗക്ഷമമാക്കാവുന്ന കുളങ്ങൾ, കിണറുകൾ, നീരുറവകൾ എന്നിവയെ കെ ത്തി പുനരുദ്ധരിക്കുകയും ഭൂഗർഭജലസ്രോതസ്സിനെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നത് വഴി കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്. സങ്കേതങ്ങളിൽ മഴവെള്ള സംഭരണത്തിനുള്ള പരിപാടികൾ നടപ്പിലാക്കാവുന്നതും ഈ പ്രശ്നത്തിന് ഒരു പരിഹാരമാർഗ്ഗമായി നിർദ്ദേശിക്കാവുന്നതാണ്.

പട്ടിക 4.19.9

വയനാട് ജില്ലയിലെ പട്ടികജാതി സങ്കേതവാസികളുടെ കുടിവെള്ള ലഭ്യത

ക്രമ നമ്പർ	സ്രോതസിന്റെ ഇനം	കുടുംബങ്ങൾ	ജലലഭ്യത			
			യഥേഷ്ടം	ആറുമാസത്തിൽ കൂടുതൽ ലഭിക്കുന്നു	ആറുമാസത്തിൽ കുറവ് ലഭിക്കുന്നു	ജല ക്ഷാമം നേരിടുന്നു
(1)	(2)	(3)	(4)	(5)	(6)	(7)
1	പൊതുകിണർ	1230	570	321	328	11
2	പൊതു കുഴൽകിണർ	36	9	8	19	
3	സ്വന്തം കിണർ/കുഴൽ കിണർ	358	200	105	50	3
4	സ്വകാര്യ കിണർ/കുഴൽ കിണർ	239	71	67	97	4
5	പൈപ്പ്ലൈൻ	445	186	84	168	7
6	നീർച്ചാൽ	1	1			
7	നീരുറവ	145	41	71	33	
8	പുഴ/തോട്/കുളം	36	7	16	13	
9	കേണി/ഓലി/ഊറ്റ്	64	39	18	6	1

	ആകെ					

അവലംബം: പട്ടികജാതി വികസന വകുപ്പ് 2012

പട്ടിക 4.19.10

വയനാട് ജില്ലയിലെ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതിക്കാരുടെ കുടിവെള്ള ലഭ്യത

ക്രമ നമ്പർ	സ്രോതസിന്റെ ഇനം	കുടുംബങ്ങൾ	ജലലഭ്യത			
			യഥേഷ്ടം	ആറുമാസത്തിൽ കൂടുതൽ ലഭിക്കുന്നു	ആറുമാസത്തിൽ കുറവ് ലഭിക്കുന്നു	ജല ക്ഷാമം നേരിടുന്നു
(1)	(2)	(3)	(4)	(5)	(6)	(7)
1	പൊതുകിണർ	1323	803	278	257	5
2	പൊതു കുഴൽകിണർ	14	8	6	0	0
3	സ്വന്തം കിണർ/കുഴൽ കിണർ	1138	666	387	83	2
4	സ്വകാര്യ കിണർ/കുഴൽ കിണർ	614	338	141	135	
5	പൈപ്പ്ലൈൻ	1045	583	165	297	
6	മഴവെള്ള സംഭരണി	62	48	4	10	
7	നീർച്ചാൽ	18	10	7	1	
8	നീരുറവ	111	29	43	43	
9	പുഴ/തോട്/കുളം	51	36	8	7	
10	കേണി/ഓലി/ഊറ്റ്	63	40	9	7	
	ആകെ	**4439**	**2557**	**1048**	**827**	**7**

അവലംബം: പട്ടികജാതി വികസന വകുപ്പ് 2012

4.19.3.3. വൈദ്യുതീകരണം

വൈദ്യൂതീകരിക്കാത്ത സങ്കേതങ്ങൾ ജില്ലയിൽ ഇല്ലായെങ്കിലും വൈദ്യൂതി എത്തിച്ചേരാത്ത ഒറ്റപ്പെട്ട ഭവനങ്ങൾ സങ്കേതങ്ങളിൽ ഇപ്പോഴും ഉ ്.

4.19.3.4. പാർപ്പിടം

ജില്ലയിൽ ഭൂരഹിതരും ഭവനരഹിതരുവുമായ 731 കുടുംബങ്ങളും ഭൂമിയുെ ങ്കിലും ഭവ നരഹിതരായ 547 കുടുംബങ്ങളും നിലവിലു ്. സങ്കേതങ്ങൾക്കുളളിലെ പട്ടികജാതി കുടുംബ ങ്ങളിൽ നല്ലൊരു പങ്കും വാസയോഗ്യമായ വീടുകളിലല്ല താമസിച്ചു വരുന്നത്. സാമ്പത്തിക ഭദ്രത ഇല്ലായ്മ സ്വന്തമായി ഒരു ഭവനം നിർമ്മിക്കുന്നതിൽ നിന്നും മിക്കവരെയും പിൻതിരിപ്പി ക്കുന്നു. ആയതിനാൽ ഇത്തരം വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന നിർധനരായ പട്ടികജാതി വിഭാഗക്കാരെ കെ ത്തി ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് നൽകി സമ്പൂർണ്ണ ഭവനം

എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ത്രിതല പഞ്ചായത്തുകളുടെയും പട്ടികജാതി വികസന വകുപ്പിന്റെയും പ്രവർത്തനങ്ങൾ മുഖേന സാധിക്കണം. ധനസഹായം അനുവദിക്കപ്പെട്ട ഭവന ങ്ങളിൽ ഗണ്യമായ ഒരു ശതമാനം വാസയോഗ്യമായ രീതിയിൽ പൂർത്തികരിക്കപ്പെടാതെ അവശേഷിക്കുന്നതും ഈ മേഖലയിലെ ഏറ്റവും പ്രധാന വെല്ലുവിളിയാണ്. ഗുണഭോക്താക്ക ളുടെ മനോഭാവത്തിൽ കാലാനുസൃതമായ പരിവർത്തനം ഉ ാകാൻ ഉതകുന്ന രീതിയിലുളള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ശ്രദ്ധ പതിപ്പിക്കേ സാഹചര്യം ഉ ്. മെച്ചപ്പെട്ടതും സൗകര്യങ്ങൾ ഉള്ളതുമായ ഒരു ഭവനം കുടുംബത്തിന് ലഭ്യമാക്കി വിദ്യാർത്ഥികളായ മക്കൾക്ക് പഠന സൗകര്യം ഒരുക്കേ ത് അവരുടെ അവകാശമാണെന്ന ധാരണ രക്ഷിതാക്കളിൽ ഉറപ്പിക്കേ തു ്. താരതമ്യേന മെച്ചപ്പെട്ട ഭവന നിർമ്മാണ ധനസഹായ തുക അനുവദിക്കുന്നുെ ങ്കിലും നിർമ്മാണ ചെലവിൽ ഉ ായിട്ടുള്ള ക്രമാതീതമായ വർദ്ധ നവ് ഗുണഭോക്താക്കളുടെ സാമ്പത്തിക ഭദ്രത ഇല്ലായ്മയുടെ പശ്ചാത്തലത്തിൽ ലക്ഷ്യ പൂർത്തീകരണത്തിലുളള പ്രധാന വൈതരണിയായി അനുഭവപ്പെടുന്നു ്.

4.19.3.5. വീടുകളുടെ അവസ്ഥ

പട്ടിക 4.19.11.

വയനാട് ജില്ലയിലെപട്ടികജാതിക്കാരുടെ വീടുകളുടെ അവസ്ഥ

ക്രമ നമ്പർ	തദ്ദേശഭരണ സ്ഥാപനം									
		കുടുംബങ്ങൾ	പൂർണ്ണമായും സ്വന്തം വീടുകൾ ഉള്ള കുടുംബങ്ങൾ	പൂർണ്ണമായും വാടകയ്ക്കോ പാട്ടത്തിനോ ആയ വീടുകൾ	കുടുംബങ്ങൾ	സ്വന്തം വീടുകൾ ഭാഗികമായുള്ള കുടുംബങ്ങൾ	പൂർണ്ണമായും വാടകയ്ക്കോ പാട്ടത്തിനോ ആയ വീടുകൾ	കുടുംബങ്ങൾ	പൂർണ്ണമായും സ്വന്തം വീടുകൾ ഉള്ള കുടുംബങ്ങൾ	പൂർണ്ണമായും വാടകയ്ക്കോ പാട്ടത്തിനോ ആയ വീടുകൾ
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
ബ്ലോക്ക് പഞ്ചായത്തുകൾ										
1	മാനന്തവാടി	483	319	114	701	444	117	11484	763	226
2	സുൽത്താൻ ബത്തേരി	540	368	156	1048	835	159	1588	1200	314
3	കൽപ്പറ്റ	1067	720	238	1530	744	199	2597	1464	437
4	പനമരം	358	304	82	816	562	174	1214	866	256
ആകെ (ബ്ലോക്ക് പഞ്ചായത്തുകൾ)		**2448**	**1711**	**590**	**4095**	**2585**	**649**	**16883**	**4293**	**1233**
നഗരസഭകൾ										
1	കൽപ്പറ്റ	66	47	14	344	260	30	410	257	44

അവലംബം: പട്ടികജാതി വികസന വകുപ്പ് 2012

പട്ടിക 4.19.12

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതഭവനരഹിതരുടെയും ഭൂമിയുള്ള ഭവന രഹിതരുടെയും എണ്ണം

ക്രമ നം	തദ്ദേശസ്ഥാപനം	ഭൂരഹിത ഭവനരഹിതർ	ഭൂമിയുള്ള ഭവന രഹിതർ	ആകെ
1	മേപ്പാടി	97	55	152
2	വൈത്തിരി	56	87	143
3	പൊഴുതന	67	46	113
4	മൂപ്പൈനാട്	45	52	97
5	തവിഞ്ഞാൽ	61	27	88
6	കൽപ്പറ്റ മുൻസിപ്പാലിറ്റി	58	27	85
7	മുള്ളൻകൊല്ലി	60	9	69
8	മാനന്തവാടി മുൻസിപ്പാലിറ്റി	47	20	67
9	കണിയാമ്പറ്റ	41	20	61
10	തിരുനെല്ലി	30	19	49
11	പടിഞ്ഞാറത്തറ	9	32	41
12	മുട്ടിൽ	31	10	41
13	പനമരം	27	14	41
14	എടവക	11	22	33
15	സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റി	21	11	32
16	അമ്പലവയൽ	14	9	23

17	പൂതാടി	3	18	21
18	നെൻമേനി	13	8	21
19	നൂൽപ്പുഴ	2	16	18
20	മീനങ്ങാടി	13	4	17
21	തരിയോട്	6	9	15
22	തൊ ർനാട്	2	12	14
23	പുൽപ്പള്ളി	9	5	14
24	വെള്ളമു	4	8	12
25	കോട്ടത്തറ	2	5	7
26	വെങ്ങപ്പള്ളി	2	2	4
		731	547	1278

അവലംബം: ലൈഫ് വെബ്സൈറ്റ്

4.19.3.6. വയനാട് ജില്ലയിലെ പട്ടികജാതിക്കാരുടെ കൈവശഭൂമി

പട്ടിക 4.19.13
വയനാട് ജില്ലയിലെ പട്ടികജാതിക്കാരുടെ കൈവശഭൂമി (ഭൂമി വിസ്തൃതി : സെന്റ്)

ക്രമ നമ്പർ	തദ്ദേശഭരണ സ്ഥാപനം	സങ്കേതത്തിൽ താമസിക്കുന്നവർ		ഒറ്റപ്പെട്ടു താമസിക്കുന്നവർ		ആകെ	
		കുടുംബങ്ങൾ	കൈവശഭൂമി (സെന്റ്)	കുടുംബങ്ങൾ	കൈവശഭൂമി (സെന്റ്)	കുടുംബങ്ങൾ	കൈവശഭൂമി (സെന്റ്)
(1)	(2)	(3)	(4)	(5)	(6)	(7)	(8)
	ബ്ലോക്ക് പഞ്ചായത്തുകൾ/നഗരസഭകൾ						
1	മാനന്തവാടി	483	14428	701	16863	1184	31262
2	സുൽത്താൻ ബത്തേരി	540	44488	1048	25123	1588	69611
3	കൽപ്പറ്റ	1067	31678	1570	20527	2597	52202
4	പനമരം	398	10598	816	16929	1214	27527
5	കൽപ്പറ്റ നഗരസഭ	66	1033	399	3207	410	4240
		2554	102223	4439	82619	6999	184852

അവലംബം: പട്ടികജാതി വികസന വകുപ്പ് 2012

4.19.3.7.. തൊഴിലും പട്ടികജാതി വിഭാഗവും

വിദ്യാഭ്യാസം പൂർത്തീകരിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് പ്രതിമാസ സ്ഥിരവരുമാനം ലഭിക്കുന്ന രീതിയിൽ ലഭിച്ച വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തി തൊഴിലായി പരിവർത്തനപ്പെടുത്തുന്നതിൽ നിരന്തരമായി പരാജയപ്പെടുന്ന ദുരവസ്ഥ മാറ്റമില്ലാതെ തുടരുകയാണ്. സർക്കാർ സ്വകാര്യ മേഖലകളിലൂടെയോ സ്വയം തൊഴിൽ സംരംഭങ്ങളിലൂടെയോ ലഭിച്ച വിദ്യാഭ്യാസത്തിന് യോജിച്ച രീതിയിലുള്ള തൊഴിൽ മേഖല കെ ത്തി സ്ഥിര വരുമാനം ആർജ്ജിക്കുന്നതിന് സഹായകരമായ രീതിയിലുള്ള പ്രവർത്തനങ്ങൾ അഭ്യസ്തവിദ്യരായ യുവജനങ്ങളെ കേന്ദ്രീകരിച്ച് ആസൂത്രണം ചെയ്ത് നടപ്പിലാക്കേ തു ്. ബിസിനസ്സ് സംരംഭങ്ങൾ ലാഭകരമായി ചെയ്ത് വിജയം വരിക്കുന്നത്പട്ടികജാതി മേഖലയിൽ അപൂർവ്വതയാണ്. വരുമാനത്തിനനുസൃതമായി ചെലവിനെ ക്ലിപ്തപ്പെടുത്തുകയും പണത്തിന്റെയും വരുമാനത്തിന്റെയും മൂല്യത്തെപ്പറ്റി ധാരണ ഉറപ്പിക്കുകയും ചെയ്ത് സ്വയം തൊഴിൽ സംരംഭം ലാഭകരമായി സ്ഥിരവരുമാന സ്രോതസ്സായി തുടർന്ന് പോകുന്നതിന് വേ ി പ്രത്യേക പരിശീലനം സംരംഭകർക്ക് പ്രോജക്ട് രൂപീകരണ ഘട്ടത്തിൽ തന്നെ നൽകേ തു ്. ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനസമാഹരണം പ്രധാനകടമ്പയായി തുടരുന്നു. പൊതുമേഖല ബാങ്കുകൾ പോലും ആവശ്യമുള്ളത്ര മൂലധനം വായ്പായി അനുവദിക്കുന്നതിന് വിമുഖത കാണിക്കുന്നു ്. ചില ഗുണഭോക്താക്കൾ വായ്പാ തുക

യുടെ ഉദ്ദേശിച്ച രീതിയിൽ വിനിയോഗിക്കാതിരിക്കുന്നതും തിരിച്ചടവിലു ായിട്ടുള്ള വീഴ്ചയും ബാങ്കിങ് മേഖലയിൽ പ്രതിച്ഛായപരമായ വിപരീത സ്വഭാവത്തിലുള്ള ധാരണ പ്രചരിക്കാൻ ഇട വരുത്തിയിട്ടു ്. സ്വയം സഹായസംഘങ്ങൾ ശാക്തീകരിക്കുകയും ആധു നിക സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിന് വേ ിയുള്ള പരിശീലനം നൽകുന്നതി നായി പ്രയോഗിക തലത്തിലുള്ള പരിപാടികൾ നടപ്പിലാക്കുകയും തുടർ പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുകയും ചെയ്യേ താണ്.

കിലയും പട്ടികജാതി വികസന വകുപ്പും സംയുക്തമായി നടത്തിയ കണക്കെടുപ്പ് പ്രകാരം ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽ 80% ൽ അധികം പേരും കാർഷിക മേഖല യിലും മറ്റ് നിർമ്മാണ മേഖലയിലും പണിയെടുക്കുന്ന ദിവസ വേതന തൊഴിലാളികളാണ്. താര തമേന്യ ചെറിയ ഒരു ശതമാനമാണ് സർക്കാർ, അർദ്ധസർക്കാർ, മറ്റ് സംഘടിത തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവർ ഭക്ഷ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന കൃഷി സംബന്ധമായ പ്രവർത്തനങ്ങളിലും വ്യവസായ സംരംഭങ്ങളിലും നാമമാത്രമായ കുടുംബങ്ങൾ മാത്രമാണ് ഏർപ്പെട്ട് വരുന്നത്.

സർക്കാർ, അർദ്ധസർക്കാർ മറ്റ് സംഘടിത മേഖലയിൽ തൊഴിൽ ആർജ്ജിക്കുന്ന തിലേയ്ക്കും വരുമാനദായക സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിലേയ്ക്കും തദ്വാര കുടുംബങ്ങളുടെ സ്വയം പര്യാപ്തത യിലേയ്ക്കും നയിക്കുമെന്നുള്ളത് പട്ടികജാതി വികസന വകുപ്പിന്റെ തുടർപ്രവർത്തനങ്ങൾക്ക് ഏറെ മനോവീര്യം നൽകുന്നതും അർദ്ധശങ്കയ്ക്ക് ഇടവരാതെ പ്രവർത്തിക്കാൻ ഊർജ്ജം പകരുന്നതുമാണ്. ചെറുകിട കാർഷിക ഉൽപ്പന്ന അധിഷ്ഠിത വ്യവസായ മേഖലയിലേയ്ക്ക് പട്ടികജാതി വിഭാഗങ്ങളെ കൈപിടിച്ച് ഉയർത്തു വാൻ സാദ്ധ്യമാകണമെങ്കിൽ നിലവിലുള്ള ക്ഷേമകാര്യപദ്ധതികൾക്കൊപ്പം പ്രൊഫഷണൽ സാമ്പത്തിക ഉന്നമന പരിപാടികളിലേയക്ക് പ്രവർത്തനം വ്യാപിപ്പിക്കുക എന്നത് കാലഘട്ട ത്തിന്റെ അനിവാര്യതയായി കണക്കാക്കേ താണ്.തൊഴിൽ നിലയുടെ വിവിധ സ്ഥിതിവിവര ക്കണക്കുകൾ ചുവടെ കൊടുക്കുന്നു.

4.19.3.8. തൊഴിൽ മേഖല

പട്ടിക 4.19.14
വയനാട് ജില്ലയിലെ പട്ടികജാതിക്കാരുടെ തൊഴിൽ

ക്രമ നമ്പർ	തൊഴിൽ മേഖല	സങ്കേതത്തിൽ താമസിക്കുന്നവർ			ഒറ്റപ്പെട്ടു താമസിക്കുന്നവർ			ആകെ		
		പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1	സ്ഥിരം തൊഴിൽ – സർക്കാർ	46	17	63	158	103	261	204	120	324
2	സ്ഥിരം തൊഴിൽ–അർദ്ധ സർക്കാർ സ്ഥാപനത്തിൽ	6	4	10	4	18	22	10	22	32
3	സ്ഥിരം തൊഴിൽ – സ്വകാര്യ സ്ഥാപനത്തിൽ	20	19	39	72	80	152	92	99	191
4	സ്ഥിരം തൊഴിൽ – സഹകരണമേഖല	0	0	0	1	0	1	1	0	1
5	താല്ക്കാലിക തൊഴിൽ – സർക്കാർ	5	19	24	19	37	56	24	56	80
6	താല്ക്കാലിക തൊഴിൽ– അർദ്ധസർക്കാർ സ്ഥാപനത്തിൽ	1	5	6	4	11	15	5	16	21
7	താല്ക്കാലിക തൊഴിൽ –	26	28	54	206	163	369	232	191	423

	സ്വകാര്യസ്ഥാപനത്തിൽ									
8	താല്ക്കാലിക തൊഴിൽ– സഹകരണമേഖല	0	1	1	1	0	1	1	1	2
11	സ്വയം തൊഴിൽ– മൃഗപരിപാലനം	12	79	91	3	30	33	15	109	124
12	സ്വയം തൊഴിൽ–കാർഷികമേഖല	145	44	189	0	1	1	145	45	190
13	സ്വയം തൊഴിൽ– പരമ്പരാഗത മേഖല	2	1	3	1	1	2	3	2	5
14	മറ്റ് സ്വയം തൊഴിൽ	95	50	145	330	98	428	425	148	573
15	കൂലിപ്പണി – കാർഷികേതര മേഖല	1601	1058	2659	1260	742	2002	2861	1800	4661
16	കൂലിപ്പണി – കൃഷിയും അനുബന്ധമേഖലകളും	333	218	551	1563	1037	2600	1896	1255	3151
17	കൂലിപ്പണി മറ്റ് മേഖല	392	260	652	879	493	1372	1271	753	2024
18	തൊഴിലാളി– മൃഗപരിപാലനം	2	25	27	1	0	1	3	25	28
18	തൊഴിലാളി– പരമ്പരാഗത മേഖല	12	9	21	3	1	4	15	10	25
19	തൊഴിലാളി – കെട്ടിട നിർമ്മാണ മേഖല	42	3	45	87	8	95	129	11	140
	ആകെ തൊഴിൽ ചെയ്യുന്നവർ	2740	1840	4580	4592	2823	7415	7332	4663	11995

അവലംബം: പട്ടികജാതി വികസന വകുപ്പ് 2012

4.19.3.9. തൊഴിലും വിദ്യാഭ്യാസവും

പട്ടിക 4.19.15
വയനാട് ജില്ലയിലെ പട്ടികജാതിക്കാരുടെ തൊഴിലും വിദ്യാഭ്യാസവും

ക്രമ നമ്പർ	തൊഴിൽ ചെയ്യുന്നവരുടെ വിദ്യാഭ്യാസം	സങ്കേതത്തിൽ താമസിക്കുന്നവർ			ഒറ്റപ്പെട്ടു താമസിക്കുന്നവർ			ആകെ		
		പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1	നിരക്ഷരൻ	187	263	450	193	285	478	380	548	928
2	നവാക്ഷരർ	26	28	44	30	44	74	56	72	128
3	പ്രൈമറിതലം	835	624	1459	1326	1086	2412	2161	1710	3871
4	സെക്ക റിതലം	1080	577	1657	1774	837	2611	2854	1414	4268
5	എസ്.എസ്.എൽ.സി. ജയിച്ചു	380	230	610	805	351	1156	1185	581	1766
6	പ്രീഡിഗ്രി/പ്ലസ് ടു ജയിച്ചു	149	71	220	279	126	405	428	197	625
7	ബിരുദം	53	27	80	121	51	172	174	78	252
8	ബിരുദാനന്തര ബിരുദം	10	4	14	23	20	43	33	24	57
9	എഞ്ചിനീയറിംഗ് (ബിരുദം)	6	3	9	2	0	2	8	3	11
10	എഞ്ചിനീയറിംഗ് (സർട്ടിഫിക്കറ്റ്/ഡിപ്ലോമ)	3	2	5	7	1	8	10	3	13
11	മെഡിസിൻ ബിരുദം	0	0	0	0	1	1	0	1	1
12	മറ്റ് പ്രൊഫഷണൽ	1	1	2	15	12	27	16	13	29

	ബിരുദം									
13	മറ്റ് പ്രൊഫഷണൽ കോഴ്സ് (സർട്ടിഫിക്കറ്റ്/ഡിപ്ലോമ)	10	10	20	17	9	26	27	19	46
	ആകെ	**2740**	**1840**	**4580**	**4592**	**2823**	**7415**	**7332**	**4663**	**11995**

അവലംബം: പട്ടികജാതി വികസന വകുപ്പ് 2012

4.19.3.10. വിദ്യാഭ്യാസം

വിദ്യാഭ്യാസം മൂലം മാത്രമേ ശാശ്വതമായ വികസനം സാധ്യമാകൂ എന്ന തിരിച്ചറിവും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും മഹത്വവും പട്ടികജാതി വിഭാഗ ജനതയിൽ അരക്കെട്ടുറപ്പിക്കേ ിയിരിക്കുന്നു.കൊഴിഞ്ഞു പോക്ക് ഇല്ലെങ്കിലും സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന വിജ്ഞാന നിലവാരം മെച്ചപ്പെട്ടതല്ലെന്ന അവസ്ഥ ഉ ്. സെക്കൻഡറി തലത്തോട് കൂടി പഠനം അവസാനിപ്പിക്കുന്ന പ്രവണത ഇപ്പോഴും നിലനിൽക്കുന്നു. ഉന്നത വിദ്യാഭ്യാസം നൽകേ തിന്റെയും നേടേ തിന്റെയും പ്രാധാന്യം ഇനിയും പട്ടികജാതി വിഭാഗ ജനത ഉൾക്കൊള്ളേ ിയിരിക്കുന്നു. ബിരുദ ബിരുദാനന്തര തലം വരെയെങ്കിലും പഠനം എത്തിക്കുന്നതിനും അതു വഴി ഉയർന്ന സാമൂഹിക കാഴ്ചപ്പാടും ജീവിത നിലവാരവും ആർജ്ജിക്കുന്നതിനും സാധിക്കുന്നതരത്തിൽ പ്രാഥമിക തലം മുതൽ തന്നെ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഇടയിൽ അവബോധം സൃഷ്ടിക്കാൻ കഴിയണം. കേരളത്തിന്റെ പിന്നാക്ക ജില്ല എന്ന നിലയിൽ വയനാടിന്റെ ഭാവി സാധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ അടിത്തട്ടു വിഭാഗങ്ങളെ/പട്ടികജാതി വിഭാഗങ്ങളെ മാറ്റി തീർക്കുന്നതിനുള്ള പ്രയോഗിക വിദ്യാഭ്യാസ സമീപനം സ്വീകരിക്കേ തായിട്ടു ്. പട്ടികജാതിക്കാരുടെ വിവിധ വിദ്യാഭ്യാസ സ്ഥിതിവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

419.3.11. സാക്ഷരത

പട്ടിക 4.19.16
വയനാട് ജില്ലയിലെ പട്ടികജാതി സാക്ഷരത–സ്ത്രീ പുരുഷൻ

	സാക്ഷരർ			നിരക്ഷരർ		
	ആകെ	പുരുഷൻ	സ്ത്രീ	ആകെ	ആൺ	പെൺ
ആകെ	25387	13460	11927	7191	2946	4245
ഗ്രാമം	23634	12529	11105	6744	2752	3992
നഗരം	1753	931	822	447	194	253

അവലംബം: സെൻസസ് 2011

4.19.3.12. പട്ടികജാതിക്കാരുടെ പ്രായവും വിദ്യാഭ്യാസവും

പട്ടിക 4.19.17
പട്ടികജാതിക്കാരുടെ പ്രായവും വിദ്യാഭ്യാസവും

ക്രമ നമ്പർ	പ്രായം	വിദ്യാഭ്യാസ നിലവാരം													
		നിരക്ഷരൻ	സാക്ഷരർ/ നവസാക്ഷരർ	പ്രൈമറിതലം	സെക്കന്ററിതലം	എസ്.എസ്. എൽ.സി. ജയിച്ചു	പ്രീഡിഗ്രി/പ്ലസ് ടു ജയിച്ചു	ബിരുദം	ബിരുദാനന്തര ബിരുദം	എഞ്ചിനീയറിംഗ് ബിരുദം	എഞ്ചിനീയറിംഗ് ഡിപ്ലോമ	മെഡിസിൻ ബിരുദം	മറ്റ് പ്രൊഫഷണൽ ബിരുദം	മറ്റ് പ്രൊഫഷണൽ ഡിപ്ലോമ	ആകെ

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)	(15)	(16)
1	05–09 വയസ്	159	0	1995	0	0	0	0	0	0	0	0	0	0	2154
2	10–14	0	0	1729	993	0	0	0	0	0	0	0	0	0	2722
3	15–21	9	0	179	997	1004	847	68	0	8	9	0	3	19	3143
4	22–29	36	0	497	1855	974	574	287	52	6	12	1	28	46	4368
5	30–44	393	37	2089	2798	1165	415	123	38	6	9	1	17	29	7120
6	45–59	912	128	2174	952	308	59	45	7	2	2	0	7	3	4599
7	60 വയസ്സിന് മുകളിൽ	1295	100	580	193	39	16	5	2	1	0	0	0	1	2232
	ആകെ	**2804**	**265**	**9243**	**7788**	**3490**	**1911**	**528**	**99**	**23**	**32**	**2**	**55**	**98**	**26338**

അവലംബം: പട്ടികജാതി വികസന വകുപ്പ് 2012

4.19.3.13.. എഞ്ചിനീയറിംഗ്, ടെക്നിക്കൽ കോഴ്സുകൾക്കു പഠിക്കുന്ന പട്ടികജാതി കുട്ടികളുടെ എണ്ണം

പട്ടിക 4.19.18

വയനാട് ജില്ലയിൽ എഞ്ചിനീയറിംഗ്, ടെക്നിക്കൽ കോഴ്സുകൾക്കു പഠിക്കുന്ന പട്ടികജാതി കുട്ടികളുടെ എണ്ണം 2015 16

ക്രമ നമ്പർ	പേര്	ആകെ
എഞ്ചിനീയറിംഗ്കോളേജ്		
1	എഞ്ചിനീയറിംഗ്കോളേജ്, മാനന്തവാടി	10
പോളിടെക്നിക് കോളേജ്/ഐ.ടി.ഐ		
1	പോളിടെക്നിക്, മീനങ്ങാടി	40
2	പോളിടെക്നിക്, ദ്വാരക	20
3	പോളിടെക്നിക്, മേപ്പാടി	35
4	ഗവ:ഐ.ടി.ഐ കൽപ്പറ്റ	62
5	ഗവ: വനിത ഐ.ടി.ഐ നെൻമേനി, ബത്തേരി	10
ടെക്നിക്കൽ ഹൈസ്കൂൾ		
1	ടെക്നിക്കൽ ഹൈസ്കൂൾ ബത്തേരി	8
2	ടെക്നിക്കൽ ഹൈസ്കൂൾ, മാനന്തവാടി	10
ആകെ		195

അവലംബം: പട്ടികജാതി വികസന വകുപ്പ് 2016

4.19.3.14. ആരോഗ്യം

മിക്ക ഭവനങ്ങളിലും അവഗണിക്കാനാവാത്ത രീതിയിലുള്ള ആരോഗ്യ പ്രശ്നങ്ങൾ വികസനത്തിന് വെല്ലുവിളിയായി നിൽക്കുന്നു ്. പോഷകാഹാരക്കുറവ്, ചിട്ടയോടെ അല്ലാതെയുള്ള ജീവിതശൈലി, മദ്യം മുതലായ ലഹരി വസ്തുക്കളുടെ അനിയന്ത്രിതമായ ഉപയോഗം, രോഗ പ്രതിരോധം സംബന്ധിച്ച ധാരണയില്ലായ്മ, ശുചിത്വ സംബന്ധമായ പ്രശ്നങ്ങൾ, ശുദ്ധജല ദൗർലഭ്യം, തൊഴിൽ ജന്യരോഗങ്ങൾ എന്നിങ്ങനെ രോഗാതുരതക്ക് കാരണങ്ങൾ ഒട്ടനവധിയു ്. വിവിധ പ്രശ്നങ്ങൾ നേരിടുന്നതിനുള്ള എളുപ്പവഴിയായും ശീലത്തിന്റെ ഭാഗമായും ലഹരിക്ക് അടിമപ്പെടുന്നതിലൂടെ വർദ്ധിച്ച പ്രശ്നങ്ങളുടെ ഊരാക്കുടുക്കിലേയക്ക് അകപ്പെട്ട് പോകുന്ന പ്രവണത മിക്ക സങ്കേതങ്ങളിലും പ്രകടമാണ്. മാരകരോഗങ്ങളുടെ നൈരന്തര്യത്തിലേക്കും അനന്തമായ ചെലവുകളിലേയ്ക്കും കുടുംബ ബന്ധങ്ങളുടെ തകർച്ചയിലേക്കും പതിക്കുന്നതിലൂടെ വികസനത്തിന്റെ പാതയിൽ നിന്നും അകന്നുപോകുന്നതിന് ഇടവരുന്നു. മാരകമായ രോഗബാധയുള്ളവർക്ക് പട്ടികജാതി വികസനവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് വരുന്നു ്. ത്രിതലപഞ്ചായത്ത് സംവിധാനവും വിവിധ സർക്കാർ വകുപ്പുകളും ഏകോപിപ്പിച്ച് നൂതനമായ പദ്ധതികളിലൂടെ സങ്കേതങ്ങളിലേയക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേ തു ്. ആരോഗ്യവകുപ്പിന്റെ കൂടുതൽ പ്രവർത്തനങ്ങളും സങ്കേതങ്ങളിലേയ്ക്ക് എത്തിച്ചേരേ– തു ്. ബോധവത്ക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ശുചീകര

ണപ്രവർത്തനങ്ങൾ എന്നിവ പ്രതിമാസ അടിസ്ഥാനത്തിൽ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നത് വഴി മെച്ചപ്പെട്ട ആരോഗ്യ സാഹചര്യം സൃഷ്ടിക്കാൻ സാധിക്കും.

4.19.3.15. കല, സാസ്കാരികം, മറ്റുള്ളവ

കൗമാരക്കാരുടെയും അമ്മമാരുടെയും വിവിധ ആവശ്യങ്ങൾ നിറവേറ്റി നൽകുന്നതിലേക്കായും ശിശുക്കളുടെ പരിപാലനത്തിനുമായി അംഗൻവാടികൾ ഇല്ലാത്ത പട്ടികജാതി സങ്കേതങ്ങൾക്കുള്ളിൽ ആയവയും വയോജനങ്ങൾക്കായുള്ള കേന്ദ്രങ്ങളും സ്ഥാപിക്കേ തു ്. പട്ടികജാതി മേഖലയിലെ കലാ സാസ്കാരിക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായും സംഘടിപ്പിക്കുന്നതിലേക്കായും മാതൃകാ കമ്മ്യൂണിറ്റി ഹാളുകൾ സങ്കേതങ്ങളിൽ സ്ഥാപിക്കേ താണ്. ചില സങ്കേതങ്ങളിൽ പദ്ധതി തുക ചെലവഴിച്ച് കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിച്ചിട്ടുെ ങ്കിലും ആയവയുടെ നടത്തിപ്പിലും മറ്റും കാര്യക്ഷമവും ഗുണപരവുമായ തുടർ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായി കരുതുവാൻ സാധിക്കുകയില്ല

പട്ടികജാതി വിഭാഗ ജനതയുടെ അന്യം നിന്ന് പോകുന്ന തനത് കലാരൂപങ്ങളെയും അനുഷ്ഠാന കലകളെയും പരിപോഷിപ്പിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിലേക്കായി ആവശ്യമായ പദ്ധതികൾ രൂപീകരിക്കേ തു ്.പട്ടികജാതി വിഭാഗ ജനതയുടെ കൈവശഭൂമി തുലോം കുറവാണെന്ന സാഹചര്യത്തിൽ പല കുടുംബങ്ങൾക്കും ശവസംസ്കാരത്തിനായി ആവശ്യമായ സ്ഥലസൗകര്യ കുറവു ്. എല്ലാ പഞ്ചായത്തുകളിലും ശ്മശാന നിർമ്മാണം അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കേ താണ്.

4.19.3.16. വിജ്ഞാൻവാടികൾ

പട്ടികജാതി യുവജനങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യവും ലൈബ്രറിയും സങ്കേതങ്ങൾക്കുള്ളിൽ ത്തന്നെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ വിജ്ഞാൻവാടികൾ സ്ഥാപിച്ചിട്ടു ്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായ സ്ഥലത്ത് പട്ടികജാതി വികസന വകുപ്പ് പണികഴിപ്പിച്ച കെട്ടിടത്തിൽ 65000 രൂപയോളം വില വരുന്ന പുസ്തകങ്ങളുടെ ശേഖരം, ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് കണക്ഷനോട് കൂടിയ കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ, ഇംഗ്ലീഷ് മലയാളം ദിനപത്രങ്ങൾ എന്നിവ സങ്കേത നിവാസികൾക്കായി ക്രമീകരിച്ചിരിക്കുന്നു.

പട്ടിക 4.19.19
വിജ്ഞാൻവാടി കെട്ടിടങ്ങൾ സംബന്ധിച്ച വിവരം

മാനന്തവാടി ബ്ലോക്ക്	കണ്ണോത്ത്മല കോളനി, തവിഞ്ഞാൽ
കൽപ്പറ്റ ബ്ലോക്ക്	PHC കോളനി, മേപ്പാടി
പനമരം ബ്ലോക്ക്	ഭൂദാനം കോളനി, പുൽപ്പള്ളി

അവലംബം: പട്ടികജാതി വികസന വകുപ്പ്

4.19.4. വിഭവ ലഭ്യത

പട്ടികജാതി വികസനത്തിനായി സംസ്ഥാനത്തെ പ്ലാൻതുകയുടെ 9.8% തുക വകയിരുത്തിയിട്ടു ്. കേന്ദ്രസർക്കാരിൽ നിന്നും വ്യത്യസ്തമായി സംസ്ഥാന സർക്കാർ പഞ്ചവൽസര പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനാലും പ്ലാൻ–നോൺപ്ലാൻ സംയോജനം നടപ്പിലാക്കിയിട്ടില്ലാത്തതിനാലും അത്തരമൊരവസ്ഥ ഉ ാകുന്നതുവരെ പട്ടികജാതി വികസനത്തിന് ധനലഭ്യതയ്ക്ക് മുടക്കമു ാകാനിടയില്ല.

4.19.5. സ്ഥാപനലഭ്യത

പട്ടികജാതിക്കാരുടെ സമഗ്രവികസനത്തിനാവശ്യമായ വിവിധ അനുകൂല ഘടകങ്ങൾ ധാരാള മുള്ള ഒരു ജില്ലയാണ്വയനാട്. അവ ചുവടെ കൊടുക്കുന്നു.

പട്ടിക 4.19.42

വയനാട് ജില്ലയിലെ പട്ടികജാതി വികസനത്തിനുള്ളഓഫീസുകളും സ്ഥാപനങ്ങളും

1.	വയനാട് ജില്ലാ പട്ടികജാതി വികസന ഓഫീസ്	1
2.	മുനിസിപ്പാലിറ്റി–ബ്ലോക്ക് പഞ്ചായത്ത്	5
3.	പട്ടികജാതി വികസന ഓഫീസുകൾ	4
4.	പട്ടികജാതി–പട്ടികവർഗ വികസന കോർപ്പറേഷൻ ജില്ലാ ഓഫീസ്	1
5.	പ്രീ മെട്രിക് ഹോസ്റ്റൽ	1

വയനാട് ജില്ലയിലെ പട്ടികജാതിക്കാരുടെ വികസനം ഉറപ്പാക്കുവാനായി ഈ സ്ഥാപനങ്ങളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനൊപ്പം വ്യവസായ സംരഭങ്ങളെ പ്രോത്സാഹിപ്പി ക്കാൻ ഒരു പുതിയ സ്ഥാപനം കൂടി സ്ഥാപിക്കുന്ന കാര്യവും ജില്ലാപഞ്ചായത്തിനും ,മുനിസി പ്പാലിറ്റിക്കും സംയുക്തസംരഭമായി പരിഗണിക്കാവുന്നതാണ്.

4.19.6. വികസന കാഴ്ചപാട്

പതിമൂന്നാം പദ്ധതി കാലത്തു ജില്ലയിലെ പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക വിദ്യാഭാസ മേഖലകളിലെ വളർച്ച നിലവാരം പൊതു വിഭാഗങ്ങളോടൊപ്പം എത്തിക്കേണ്ടതുണ്ട്. പട്ടികജാതി മേഖലയിലുള്ള വികസന വിടവുകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകേണ്ടതുണ്ട് . കൂടാതെ പട്ടികജാതി വികസന വകുപ്പും മറ്റ് തദ്ദേശഭരണ സ്വയം ഭരണ സ്ഥാപനങ്ങളും പട്ടികജാതി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊന്നൽ കൊടുക്കുകയും വ്യക്തികൾക്കും കുടുംബങ്ങൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ വിദ്യാഭാസ, സാമ്പത്തിക വികസന മേഖലകളിൽ മുൻഗണന നൽകുന്ന രീതിയിൽ പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്.

4.19.61. നൂതന പ്രോജക്റ്റുകൾ

- സർക്കാർ ധനസഹായം ഉപയോഗിച്ച് കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററുകൾ നടത്തുന്ന

  പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 'അക്ഷയ കേന്ദ്രങ്ങൾ തുടങ്ങാനാവ ശ്യമായ സഹായം ലഭ്യമാക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

- വിദ്യാഭ്യാസത്തെ ദീർഘകാല പദ്ധതി എന്ന നിലയിൽ ക ുകൊ ് പ്രീസ്കൂൾ, പ്രാഥ മിക വിദ്യാഭ്യാസം (1 മുതൽ 7 വരെ) ഹൈസ്കൂൾ വിദ്യാഭ്യാസം (7–12) വരെ ഉന്നത വിദ്യാഭ്യാസം എന്നീ തലങ്ങളിൽ പ്രത്യേക ശ്രദ്ധയും പരിഗണനയും ലഭ്യമാകുന്ന തര ത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം.
- പ്രാഥമിക വിദ്യാഭ്യാസത്തിന് 100 ശതമാനം പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീപ്രൈ മറി സ്കൂളുകൾ, അംഗനവാടികൾ, പ്രൈമറിസ്കൂൾ എന്നിവ ശിശു സൗഹൃദ കേന്ദ്രങ്ങ ളായി പരിവർത്തനപ്പെടുത്തുക. പ്രാഥമിക വിദ്യാഭ്യാസം ശക്തമാക്കുന്നതിനായി കുട്ടി കൾ, അദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവർ ഒന്നിച്ചു ചേർന്നുള്ള പ്രവർത്തന ങ്ങൾക്കുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക.
- പ്രാഥമിക വിദ്യാഭ്യാസം (1 മുതൽ 8 വരെ) എന്ന നിലയിൽ പരിഗണിച്ച് ഗുണമേന്മയു ള്ള വിദ്യാഭ്യാസം എല്ലാ വിഭാഗങ്ങളിലും പ്രദേശങ്ങളിലും ലഭ്യമാകുന്നുവെന്ന് ഉറപ്പാ ക്കുന്നതിനായി 1 മുതൽ 8 വരെയുള്ള കുട്ടികളുടെ ഡേറ്റാ ബേയ്സ് തയ്യാറാക്കുകയും ഘട്ടംഘട്ടമായി പഠന നിലവാരം വിലയിരുത്തുയും ചെയ്യുക.

- പ്രാഥമിക വിദ്യാഭ്യാസം ഗുണമേന്മാധിഷ്ഠിധാമാക്കി തീർക്കുന്നതിനായി കുട്ടികൾക്ക് ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ് ഭാഷ, മാതൃഭാഷ, എന്നിവയിൽ അടിസ്ഥാന അറിവുകൾ വിലയിരുത്തുന്നതിനും, ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി വിദ്യാഭ്യാസ കർമ്മസേനകളുടെ പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തുക.
- സ്കൂൾ വിദ്യാഭ്യാസ കാലം മുതൽ തന്നെ ഇംഗ്ലീഷ് ഭാഷ നൈപുണ്യം ആർജ്ജിക്കുതി നായുള്ള പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കണം.
- ഉന്നത വിദ്യാഭ്യാസ സാധ്യതകൾ, തൊഴിൽ സാധ്യതകൾ എന്നിവയെക്കുറിച്ച് അവ ബോധം വളർത്തുന്നതിനായി ഗൈഡൻസ് ആന്റ് കൗൺസിലിംഗ്, കരിയർ ഡെവല പ്പ്മെന്റ്, എന്നിവ ഹൈസ്കൂൾ ഹയർ സെക്ക റി വിദ്യാഭ്യാസ കാലത്ത് തന്നെ നൽകു ന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- ജില്ലയിലെ ഭാവി സാധ്യതകൾ (തുറമുഖം, ഐ.ടി വിജ്ഞാന നഗരം, വിനോദ സഞ്ചാ രം, ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ തൊഴിലധിഷ്ഠിത വിദിാഭ്യാസം, കോഴ്സുകൾ, പരിശീലനങ്ങൾ എന്നിവ പരിഷ്കരിക്കുക.
- ബി.ടെക്, എംടെക്ക്, എം.ബി.ബി.എസ് തുടങ്ങിയ സാങ്കേതിക തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്നവരിൽ പഠനപിന്നോക്കാവസ്ഥയിലുളളവർക്കായി കോഴ്സ് ഘട്ടത്തിൽ തന്നെ റെമിഡിയൽ റ്റീച്ചീങ്, ക ൻസ് റ്റൂ കോഴ്സ് എന്നിവ നടത്തുന്നതി നുള്ള നടപടികൾ സ്വീകരിക്കുക
- പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കായി നൈപുണ്യ വികാസ പരിപാടി കോഴ്സ് ഘട്ടത്തിൽ തന്നെ നൽകുന്നതിനായുള്ള നടപടികളു ാകണം.
- രാജ്യത്തിനകത്തും വിദേശമുളള വ്യവസായികസ്ഥാപനങ്ങളിലെ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തതിനായുള്ള പ്രത്യേക പരിശീലനങ്ങൾ ആവശ്യമാണ്.
- കൗമാര വിദ്യാഭ്യാസം, ലഹരി വിരുദ്ധ മനോഭാവം, എന്നിവയ്ക്കായുള്ള അവബോധക്ലാ സ്സുകൾ താഴെത്തട്ടിൽ നടപ്പിലാക്കുക.
- നാഷണൽ റ്റാലന്റ് സെർച്ച്, വിജ്ഞാനപരീക്ഷകൾ എന്നിവയിൽ മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ നൽകി ഉന്നതനിലവാരം പുലർത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനത്തിനുളള പരിപാടികൾ ആവി ഷ്കരിക്കണം.
- വിവിധ സൂക്ഷ്മ ചെറുകിട ഇടത്തരം സംരഭങ്ങളിലേർപ്പെട്ട പട്ടികജാതിക്കാർക്ക് വിപണ നത്തിനും നിലവാരമുയർത്തുന്നതിനുമാവശ്യമായ സഹായം നൽകുന്നതിനായി പദ്ധതി കൾ ആവിഷ്ക്കരിക്കണം.

പട്ടികജാതി സഹകരണസംഘങ്ങൾ ലാഭകരമാക്കണമെങ്കിൽ സ്വീകരിക്കേ നടപടികളിൽ ചിലവ ചുവടെ കൊടുക്കുന്നു.

1. നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽഭൂരിഭാഗത്തിനും സ്വന്തമായി ഭൂമിയോ, കെട്ടിടമോ ഇല്ല. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് ആഫീസ് കെട്ടിട നിർമ്മാണത്തിന് വസ്തുവാങ്ങുന്നതിനും ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും സഹായകരമായ പദ്ധതി കൾ ആവിഷ്ക്കരിക്കേ താണ്.
2. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നൽകി വരുന്ന മാനേജീരിയൽ സബ്സിഡി, ബിൽഡിംഗ്മെയിന്റനൻസ് ഗ്രാന്റ് മുതലായ സാമ്പത്തിക സഹായങ്ങൾ തുലോം തുച്ഛമാണ്. ആയവയ്ക്കുള്ള ചെലവുകൾക്കനുസരിച്ച് കാലോചിതമായി സഹാ യിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

3. നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് സർക്കാർ സഹായം ലഭിക്കാൻ അർഹതയില്ലാത്തതിനാൽ അവയെ പുനരുദ്ധരിക്കുവാനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.
4. ഒരു തദ്ദേശഭരണ സ്ഥാപനം ഒരു കോളനി ഏറ്റെടുത്ത്–സർക്കാർ സ്കീമുകളും ഉൾപ്പെടുത്തി അവിടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാവുന്നതാണ്. പാർപ്പിടം ആരോഗ്യം വിദ്യാഭ്യാസം തൊഴിൽ വിനോദം തുടങ്ങി എല്ലാ കാര്യത്തിനും സൗകര്യമുളളവയാക്കി മാറ്റുക (സംയുക്ത പ്രോജക്ടകളുമാകാം)
5. പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് തൊഴിൽ സംരംഭക യൂണിറ്റുകൾ (സേവനമേഖല കേന്ദ്രീകരിച്ച്– മെഡിക്കൽ സ്റ്റോർ, ലാബ്, യോഗാകേന്ദ്രം)
6. സ്വന്തമായി കെട്ടിടമില്ലാത്ത സംഘങ്ങൾക്ക് (പ്രവർത്തിക്കുന്ന) സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് നൽകാവുന്നതാണ്.
7. പട്ടികജാതി സംഘങ്ങൾക്ക് ലാഭത്തിൽ പ്രവർത്തിക്കാനുളള അടിസ്ഥാന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
8. പട്ടികജാതി സഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്തി പി.എസ്.സിപരിശീലന കോഴ്സുകൾ തുടങ്ങിയവ ആരംഭിക്കാവുന്നതാണ്.
9. പട്ടികജാതി സഹകരണ സംഘങ്ങൾക്ക് അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുക.

4.19.6.2. മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പട്ടികജാതിക്കാർക്കായുള്ള പദ്ധതിരൂപീകരണങ്ങളിൽ സുസ്ഥിര സാമ്പത്തിക വികസനം എന്നത് മുഖ്യലക്ഷ്യമായി കാണുക
2. വികസനത്തിലെ സ്വയംഭരണാവകാശം പട്ടികജാതിക്കാർക്കും ഉറപ്പുവരുത്തുകയും പട്ടികജാതിവികസനത്തിനായി നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശം പ്രാപ്തമായ പട്ടികജാതി സംഘടനകൾക്ക് നൽകാനുള്ള സമീപനം സ്വീകരിക്കുക
3. പട്ടികജാതിക്കാരുടെ സാമൂഹ്യ–സാമ്പത്തികസ്ഥിതിയും ആവശ്യങ്ങളും അറിയുന്നതിനായി സമഗ്രമായ സാമ്പത്തിക വികസന സെൻസസ് നടത്തുക.
4. പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയും പ്രാദേശിക സർക്കാരുകൾ വീ ും ആവിഷ്ക്കരിക്കേ തില്ല എന്ന കർശന നിർദ്ദേശം നൽകുക. ആവശ്യമെങ്കിൽ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് അധികസഹായം ലഭ്യമാകുന്നതിനുള്ള പദ്ധതികൾ പ്രാദേശിക സർക്കാരുകൾക്ക് ആവിഷ്ക്കരിക്കാവുന്നതാണ്.
5. പട്ടികജാതിക്കാർക്ക് കൈവശഭൂമി പരിമിതമായതിനാൽ ഭൂമി ആവശ്യമുള്ള വികസന മേഖലകളായ കൃഷി, മൃഗസംരക്ഷണം, മൽസ്യകൃഷി, വ്യവസായ സംരഭങ്ങൾ തുടങ്ങിയ മേഖലകളിൽ ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ പൂർണ്ണമായ പ്രയോജനം ലഭ്യമാകാൻ കഴിയില്ല. അതിനാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അവിടെ ലഭ്യമായതും പട്ടികജാതി സങ്കേതങ്ങളോടൊത്തു കിടക്കുന്നതുമായ സർക്കാർ ഭൂമിയിൽ വ്യവസായ പാർക്കുകൾ, മൃഗസംരക്ഷണ പാർക്കുകൾ, പശുവളർത്തൽ കേന്ദ്രങ്ങൾ, പൊതു കൃഷിയിടങ്ങൾ എന്നിവ ഒരുക്കേ തു ്. അതിനായി ഭൂമി ലഭ്യമാക്കാൻ വേ നടപടി സ്വീകരിക്കുക.
6. പട്ടികജാതിക്കാർക്കായി ഓരോ ബ്ലോക്ക്–മുനിസിപ്പാലിറ്റി–കോർപ്പറേഷൻ അടിസ്ഥാനത്തിൽ പ്രത്യേക സാമ്പത്തിക മേഖലകൾ സൃഷ്ടിക്കുക.
7. പട്ടികജാതിവികസന വകുപ്പും മലബാർ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനും സംയുക്തമായി മലബാർ മേഖലയിൽ നടപ്പിലാക്കുന്ന പ്രത്യേക തൊഴിൽദാന പരിപാടി (പശു വളർത്തൽ, മൊബൈൽ ഐസ്ക്രീം യൂണിറ്റ്) തിരുവനന്തപുരം ജില്ലയിലും നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുക.
8. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള സർക്കാർ സ്ഥാപനങ്ങളുടെ ഉപയോഗത്തിനു വേ ി വരുന്ന സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ 25% അതാത് പ്രാദേശിക സർക്കാരുകളെ പരിധിയിലുള്ള പട്ടികജാതി സംരഭകരു ാക്കുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളുമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുക.

9. ഭൂമിയുടേയും മൂലധനത്തിന്റേയും അഭാവത്താൽ സംരഭകരാകാൻ ആഗ്രഹിക്കുന്ന പട്ടികജാതിക്കാർക്ക് മതിയായ സെക്യൂരിറ്റി നൽകാൻ കഴിയാത്തതിനാൽ ബാങ്ക്വായ്പ ലഭ്യമാകാൻ ഇടയാകാത്ത സാഹചര്യത്തിൽ കുറഞ്ഞത് ആയിരം കോടിയുടെ ഒരു സെക്യൂരിറ്റി ഫ ് ഉ ാക്കുക. ആ ഫ ിന്റെ ഈടിൻമേൽ ബാങ്ക് വായ്പ ലഭ്യമാക്കുക.
10. പട്ടികജാതിക്കാർക്കായുള്ള സാമ്പത്തിക വികസന പദ്ധതികളെ ഏകോപിപ്പിക്കാൻ നിലവിൽ പ്രത്യേക സംവിധാനങ്ങളൊന്നും ഇല്ലാത്തതിനാൽ തിരുവനന്തപുരം ആസ്ഥാനമാക്കി പട്ടികജാതി–പട്ടികവർഗ ബിസിനസ് ഡവലപ്മെന്റ് സെന്റർ എന്ന ഒരു പുതിയ സ്ഥാപനം നന്ദാവനത്ത് പുതുതായി പണിതീർത്ത കെട്ടിടത്തിൽ ആരംഭിക്കുക. അതിലൂടെ സംരഭകരാകാൻ ആഗ്രഹിക്കുന്ന പട്ടികജാതിക്കാർക്ക് ഏകജാലക സംവിധാനത്തിലൂടെ സംരഭകരായി മടങ്ങാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കുക.
11. ഓരോ പ്രാദേശിക സർക്കാരിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കേന്ദ്ര–സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പട്ടികജാതിക്കാരുടെ സ്റ്റാറ്റസ് റിപ്പോർട്ട് അവരുടെ പ്രതിമാസ വിശകലന യോഗത്തിൽ ചർച്ചയ്ക്കുവയ്ക്കുകയും സാധ്യമായ മേഖലകളിൽ ഇടപെടൽ ഉറപ്പാക്കുകയും ചെയ്യുക.
12. കേന്ദ്ര സർക്കാരിന്റെ 2012 ലെ പ്രൊക്യൂർമെന്റ് പോളിസിപ്രകാരം പട്ടികജാതി വെ ർമാരിൽ നിന്നും കേന്ദ്രസർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും നാലുശതമാനം സാധനങ്ങൾ വാങ്ങുന്നുവെന്ന് ഉറപ്പാക്കുവാനുള്ള അവകാശം പ്രാദേശിക സർക്കാരിലെ ജനപ്രതിനിധികൾക്കും നൽകുക.
13. പട്ടികജാതിക്കായി സ്പെഷ്യൽ ഗ്രാമസഭകൾ മൂന്നുമാസത്തിലൊരിക്കൽ വിളിച്ചു ചേർക്കേ താണ്.
14. പട്ടികവർഗ ഉപപദ്ധതി പട്ടികവർഗ ഊരുക്കൂട്ടങ്ങളുടെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കുന്നതുപോലെ പട്ടികജാതി വികസനത്തിനായി പ്രാദേശിക സർക്കാരുകൾ കൈക്കൊള്ളുന്ന നടപടികളെല്ലാം പട്ടികജാതിക്കാരുടെ സ്പെഷ്യൽ ഗ്രാമസഭയുടെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്.
15. അതാത് പ്രാദേശിക സർക്കാരുടെ പരിധിയിൽ പ്രവർത്തിക്കുന്ന പട്ടികജാതിക്കാരുടെ വിവിധ സംഘടനകളെയും പട്ടികജാതി വികസനത്തിൽ താൽപര്യമുള്ള സംഘടനകളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യിപ്പിക്കുകയും അവരെ പട്ടികജാതി വികസനത്തിന്റെ ഔദ്യോഗിക സ്റ്റേക്ക്ഹോൾഡർ ആയി അംഗീകരിച്ച് വികസന ചർച്ചകളിലും നടത്തിപ്പിലും പങ്കാളികളാക്കുകയും ചെയ്യുക.
16. പട്ടികജാതി പ്രമോട്ടറെ ഗ്രാമ–വാർഡ് സഭാ മീറ്റിംഗുകളിലെ കോ–കോഡിനേറ്ററായി ചുമതലപ്പെടുത്തേ താണ്.
17. പ്രാദേശിക സർക്കാരുകൾ തയ്യാറാക്കുന്ന പട്ടികജാതിക്കാരുടെ അവസ്ഥാവിശകലന റിപ്പോർട്ടുകൾ വിവിധ വകുപ്പുകളുടെയും ഏജൻസികളുടേയും ജില്ലാ–ബ്ലോക്ക്–താലൂക്ക് തല മേധാവികൾക്കു കൂടി നൽകുകയും പട്ടികജാതിക്കാർക്ക് പ്രയോജനപ്രദമാംവിധം പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ അവശ്യപ്പെടുകയും ചെയ്യുക.

4.19.6.3. കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പദ്ധതികൾ തയ്യാറാക്കുമ്പോൾ പട്ടികജാതിക്കാരുടെ ആവശ്യങ്ങൾക്ക് പ്രഥമപരിഗണന നൽകുക.
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ പട്ടികജാതിക്കാർക്കായി സംവരണം ചെയ്തിട്ടുള്ള മുറികൾ അവർക്ക് തന്നെ നൽകാനാവശ്യമായ നടപടി സ്വീകരിക്കുക. ബിനാമികളുടെ ങ്കിൽ ഒഴിപ്പിക്കുക. വാടകയും ഡെപ്പോസിറ്റും ഇപ്പോഴത്തെ നിരക്കിന്റെ 50% കുറയ്ക്കുക.

3. തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ പദ്ധതികളിൽ അപേക്ഷിക്കുവാൻ വരുമാന പരിധി എന്ന മാനദണ്ഡം ഒഴിവാക്കുക. പകരം അപേക്ഷകരിൽ ഏറ്റവും വരുമാനം കുറഞ്ഞ വർക്ക് മറ്റ് മുൻഗണനാ മാനദണ്ഡങ്ങളും കൂടി കണക്കിലെടുത്തുകൊ ് മുൻഗണന നൽകുക.
4. പ്രാദേശികസർക്കാരുകൾ അതാത് വർഷത്തെ സ്വന്തം പദ്ധതികൾ ആവിഷ്ക്കരിക്കുന്ന തിനു മുമ്പ് വിവിധ വകുപ്പുകളുടെ സ്കീമുകളെക്കുറിച്ച് സമഗ്രപഠനം നടത്തേ തും കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കു സമാനമായ പദ്ധതികൾ ആവിഷ്ക്കിരിക്ക പ്പെടുന്നത് ഒഴിവാക്കേ തുമാണ്.
5. അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിയിലുള്ള പട്ടികജാതിക്കാ രുടെ സ്ഥിതിവിവരക്കണക്കുകൾ അവിടെ പ്രവർത്തിക്കുന്ന വിവിധ കേന്ദ്ര–സംസ്ഥാന ഓഫീസുകൾക്ക് കൈമാറേ താണ്.
6. കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികൾ നിലവിലു ങ്കിൽ അവയുടെ പ്രയോജനം നേടിയെടുക്കേ തും അത്തരം പദ്ധതികളുമായി സംയോജിച്ചു പ്രവർത്തിക്കുന്ന തര ത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കേ താണ്. ഉദാഹരണത്തിന് ഭവന നിർമ്മാണത്തി നായി ലൈഫ് പദ്ധതി നിലവിലു ങ്കിൽ പട്ടികജാതിക്കാരുടെ ഭവനനിർമ്മാണത്തിനായി പ്രാദേശിക സർക്കാരുകൾ പ്രത്യേക പദ്ധതി രൂപീകരിക്കണമെന്നില്ല. പകരം ഭവനരഹിത രായ പട്ടികജാതിക്കാരെല്ലാം ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടു എന്നുറപ്പുവരുത്തുകയും ആ ഭവനനിർമ്മാണ പദ്ധതിക്ക് അധികസഹായം നൽകാനായി പദ്ധതി ആവിഷ്ക്കരിക്കാ വുന്നതും അതുവഴി കുറച്ചുകൂടി മെച്ചപ്പെട്ട ഒരു വീട് തങ്ങളുടെ പരിധിയിലുള്ള പട്ടികജാ തിക്കാരന് ലഭ്യമാകാൻവേ നടപടി സ്വീകരിക്കാവുന്നതുമാണ്.

7. പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയും പ്രാദേശിക സർക്കാരുകൾ വീ ും ആവിഷ്ക്കരിക്കേ തില്ല. അതിനായി പട്ടികജാതി വികസനവകു പ്പിന്റെ ബ്ലോക്ക്–മുനിസിപ്പൽ ഓഫീസറുമായി നിരന്തരം സമ്പർക്കം പുലർത്തേ തും പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്കു സമാനമായ പദ്ധതികൾ തങ്ങളുടെ പദ്ധതികളിലില്ലായെന്ന് ഉറപ്പുവരുത്തേ തുമാണ്. എന്നാൽ പട്ടികജാതി വിക സന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ ഗുണഭോക്താക്കളായ പട്ടികജാതിക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട ഫലം ലഭിക്കുന്നതിനായി അത്തരം പദ്ധതികൾക്ക് അധികസഹായം നൽകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.
8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ നടപ്പിലാക്കുന്ന എല്ലാ കേന്ദ്ര–സം സ്ഥാനാവിഷ്കൃത പദ്ധതികളുടേയും സ്വന്തം പദ്ധതികളുടേയും സോഷ്യൽ ഓഡിറ്റിംഗി നായി പട്ടികജാതിക്കാരുടെ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എല്ലാ പ്രാദേശിക സംഘടകനകളുടേയും വിവിധ സംഘടനകളുടെ പ്രാദേശിക യൂണിറ്റുകളുടേയും പങ്കാ ളിത്തം ഉറപ്പാക്കേ താണ്.
9. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ പട്ടികജാതി വികസനത്തിനായി ആവിഷ്ക്കരിച്ച പദ്ധ തികൾ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തിനായി അയച്ചുകൊടുക്കുന്നതിനു മുമ്പ് അവയിൽ പട്ടികജാതി വികസനവകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളൊന്നും തന്നെ ഉൾപ്പെട്ടിട്ടില്ല എന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം വാങ്ങേ താണ്. എന്നാൽ പട്ടികജാതിവികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതി കളുടെ ഗുണഭോക്താക്കൾക്ക് അധികസഹായം ലഭ്യമാകാൻവേ ി ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്ക് ഇത് ബാധകമല്ല.
10. പട്ടികജാതി വികസനം സമയബന്ധിതമായി നടപ്പിലാക്കുവാനും വിവിധ തലങ്ങളിലുള്ള തദ്ദേശസ്വയംഭരണസ്ഥാപങ്ങളുടെ പദ്ധതി ഏകോപനം സാധ്യമാക്കുവാനുമായി നില വിൽ ഫ ിന്റെ 30 ശതമാനം ഉൽപ്പാദനമേഖലയിൽതന്നെ ചെലവഴിക്കാൻ നിർദ്ദേശമു െ ങ്കിൽക്കൂടി ഗ്രാമപഞ്ചായത്തുകൾ എസ്.സി.പി ഫ ിന്റെ 100 ശതമാനം തുകയും ഉൽപ്പാദനമേഖലയിൽ മാത്രവും ബ്ലോക്ക് പഞ്ചായത്തുകൾ ബാക്കി 70 ശതമാനം തുക സേവനമേഖലയിൽ മാത്രവും ജില്ലാപഞ്ചായത്തുകൾ ബാക്കി 70 ശതമാനം തുക പശ്ചാ ത്തലമേഖലയിൽ മാത്രവും ചെലവഴിക്കത്തക്ക രീതിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കേ

താണ്. മുനിസിപ്പാലിറ്റികളും 30 ശതമാനം തുക ഉൽപ്പാദനമേഖലയിൽത്തന്നെ ചെല വഴിക്കേ താണ്.

11. ആകെ എസ്.സി.പി ഫ ിന്റെ ഇരുപതു ശതമാനം തുക ഉൽപ്പാദനമേഖലയിൽ പട്ടിക ജാതി വനിതകൾ ഗുണഭോക്താക്കളായ പദ്ധതികൾ ആവിഷ്ക്കരിക്കേ താണ്.
12. എച്ച്.ഐ.വി. ബാധിതരായ സ്ത്രീകൾക്കും കുട്ടികൾക്കുമായി സാമൂഹ്യക്ഷേമ വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതിയിൽ അംഗങ്ങളായ പട്ടികജാതി വനിതകൾക്കും കുട്ടികൾക്കും അധികസഹായം ലഭ്യമാകാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.
13. തടവുകാരുടെ ആശ്രിതർക്കായി സാമൂഹ്യക്ഷേമ വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതിയിൽ അംഗങ്ങളായ പട്ടികജാതിക്കാർക്ക് അധികസഹായം ലഭ്യമാകാനുള്ള പദ്ധതി ആവിഷ്ക്ക രിക്കുക.
14. ആക്രമണത്തിനിരയായവരുടെ പുനരധിവാസത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് ആവി ഷ്ക്കരിച്ച പദ്ധതിയിൽ അംഗങ്ങളായ പട്ടികജാതിക്കാർക്ക് അധികസഹായം ലഭ്യമാകാ നുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

4.19.7. പട്ടികവർഗ്ഗ വികസനം– അവസ്ഥയും പരിപ്രേക്ഷ്യവും

4.19.7.1 ആമുഖം

വയനാട് ജില്ലയിൽ 23 ഗ്രാമ പഞ്ചായത്തുകളിലും, 3 മുനിസിപ്പാലിറ്റികളിലും, മൂവ്വായിര ത്തോളം പട്ടികവർഗ്ഗ കോളനികളിലായി 36135 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിച്ചുവരുന്നു. ജില്ലയിലെ പട്ടികവർഗ്ഗ ജനസമൂഹത്തിന്റെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിലും ഉപജീവന വും, അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹ്യ സുരക്ഷിതത്വം, ഭൂഉടമസ്ഥത, സംസ്ക്കാരം, വനവുമായുള്ള പാരസ്പര്യം, ഒറ്റപ്പെട്ട ഊരുകൾ എന്നീ പ്രധാന വിഷയ മേഖലകളിലെ വികസ നാവസ്ഥയുടെ സമഗ്ര വിശകലനവും പരിപ്രേക്ഷ്യവുമാണ് ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുള്ളത്.

ജില്ലയിലെ പട്ടികവർഗ്ഗക്കാരിൽ പണിയ, അടിയ, കാട്ടുനായ്ക്കർ, വെട്ടക്കുറുമൻ ഊരാളി എന്നീ വിഭാഗങ്ങളാണ് ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്നത്. വനത്തെയും വനോൽപന്നങ്ങളേയും പരമ്പരാഗത കൃഷി രീതി കളെയും ആശ്രയിച്ച് സ്വയാശ്രിത സമൂഹമായി ജീവിച്ചിരുന്നവരാണ് ജില്ലയിലെ പട്ടികവർഗ്ഗക്കാർ. എന്നാൽ വനനിയമം നില വിൽ വന്ന ശേഷം കൃഷിയും, വേട്ടയും അവസാനിച്ചതോടെ മാറിയ ജീവിത സാഹചര്യം ഉ ാക്കിയ സന്നിഗ്ദ്ധ ഘട്ടം മറികടക്കാനോ മുഖ്യധാരാ സമൂഹത്തിനൊപ്പം ഇഴുകിച്ചേരാനോ ഗോത്രസമൂഹത്തിന് ഇതുവരെയും പൂർണ്ണമായി കഴിഞ്ഞിട്ടില്ല. എന്നാൽ വിദ്യാഭ്യാസത്തോട് താൽ പ്പര്യവും മുഖ്യധാരാ സമൂഹത്തോട് ഇടകലർന്ന് ജീവിക്കാൻ സാഹചര്യവും ലഭിച്ച വിഭാഗങ്ങളിൽ വലിയ മാറ്റങ്ങൾ ഉ ായിട്ടു ്.

പട്ടികവർഗ്ഗവികസനം ഓരോ തലത്തിലുള്ള സർക്കാരിന്റെയും ഭരണഘടനാപരമായ ഉത്തരവാദിത്വവും ലക്ഷ്യവുമാണ്. പ്രാദേശിക സർക്കാരുകളുടെ ഈ മേഖലയിലെ ഇടപെടലു കളും വികസന മേഖലയുമായി ഗോത്ര ജനതയെ കൂട്ടിയിണക്കുന്നതിനുള്ള സാധ്യതകളും ഇനിയും പൂർണ്ണമായി വിനിയോഗിക്കപ്പെട്ടിട്ടില്ല. അവരുടെ പൈതൃകവും പാരമ്പര്യരാനുഷ്ഠാന ങ്ങളും അറിവുകളും നിലനിർത്തിക്കൊ ് തന്നെ ആധുനിക സമൂഹമാർജ്ജിച്ച വികസന മേഖ ലകൾ അവർക്കും സാധ്യമാക്കേ തു ്. ഊര്–കുടുംബ കേന്ദ്രീകൃതമായ സൂക്ഷ്മ പദ്ധതിയാ സൂത്രണങ്ങളും സേവന–സൗഹാർദ്ദ സ്ഥിതിയിലധിഷ്ഠിതമായ നിർവ്വഹണ പരിപാടികളും പട്ടികവർഗ്ഗ മേഖലയിൽ അനിവാര്യമാണ്. ഒപ്പം വിവിധ സർക്കാർ വകുപ്പുകളുടെ ഫലപ്രദ മായ ഏകോപനവും സംയുക്ത–സംയോജിത പദ്ധതികളും അത്യന്താപേക്ഷിതമാണ്.

വികസന പരിപ്രേക്ഷ്യത്തിന്റെ രൂപീകരണത്തിനായി മാനവ വികസന കാഴ്ചപ്പാടിനനു സൃതമായി വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, അടിസ്ഥാന സൗകര്യം, സാമൂഹ്യ സുരക്ഷിത ത്വം തുടങ്ങിയ 10 വിഷയ മേഖലയ്ക്കു ബാധകമാകാവുന്ന പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്ന തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി.

പട്ടിക.4.19.43
ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളും ജനസംഖ്യയും

ക്രമ നം.	പട്ടികവർഗ്ഗ വിഭാഗം	കോളനികളുടെ എണ്ണം	കുടുംബങ്ങളുടെ (എണ്ണം)	ജനസംഖ്യ
1	പണിയൻ	1210	15876	69116
2	കുറിച്യൻ	511	5812	25266
3	കുറുമർ/മുള്ളകുറുമൻ	397	5139	20983
4	കാട്ടു നായിക്കൻ	418	4369	17051
5	അടിയൻ	177	2570	11196
6	വെട്ടക്കുറുമൻ	174	1700	6472
7	തച്ചനാടൻ മൂപ്പൻ	45	390	1646
8	വയനാട് കാടർ	35	174	673
9	കരിമ്പാലൻ	5	39	145
10	മലയരയൻ	0	43	166
11	ഉള്ളാടൻ	3	23	94
		2975	36135	152808

അവലംബം : 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

4.19.8. നിലവിലുള്ള അവസ്ഥ

4.19.8.1. ഭൂരാഹിത്യം

പട്ടിക **4.19.44**
ഭൂരഹിത കുടുംബങ്ങൾ

ക്രമനമ്പർ	താലൂക്ക്	കുടുംബങ്ങൾ
1	വൈത്തിരി	2379
2	ബത്തേരി	3927
3	മാനന്തവാടി	2512
ആകെ		8818

ആകെയുള്ള 8818 പേരിൽ വിവിധ പദ്ധതികളിലൂടെ 679 പേർക്ക് ഭൂമി വാങ്ങി നൽകുകയും നിലവിൽ 8139 പേർ ഭൂരഹിതരായി തുടരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരു കുടുംബത്തിന് കുറഞ്ഞത് ഒരേക്കർ വീതം ഭൂമി ലഭ്യമാക്കേ ത് അത്യാവശ്യമാണ്. ഇതിനായി ഹ്രസ്വകാല/ദീർഘകാലപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേ തു ്. നിലവിൽ കഴത്തിയ ഭൂരഹിതർക്ക് പുറമേ പട്ടികവർഗ്ഗക്കാരിൽ വർഷം തോറും ഉ ാകുന്ന പുതിയ ഭൂരഹിത കുടുംബങ്ങൾക്ക് കൂടി ഭൂമി ലഭ്യമാക്കുന്നതിനായി ഭൂരഹിതരുടെ പട്ടിക എല്ലാവർഷവും പുതുക്കുകയും ചെയ്യണം.

ഭൂരാഹിത്യം പരിഹരിക്കപ്പെടാതെ കിടക്കുന്നത് കൊ ് ഉ ായിട്ടുള്ള പ്രശ്നങ്ങൾ ചുവടെ കൊടുത്തിട്ടു ്.

1. കുറഞ്ഞ ഭൂവിസ്തൃതിയുള്ള പട്ടികവർഗ്ഗകോളനികളിൽ അടുത്തടുത്തായി വീടുകൾ നിർമ്മിക്കുന്നതിലൂടെ കോളനികളിൽ ഇടുങ്ങിയ സാഹചര്യം ഉ ാകുന്നു ്. മഴക്കാലത്ത് അഴുക്കു

വെളളം കയറി കുടിവെളള സ്രോതസ്സുകൾ മലിനമാകുകയും സാംക്രമികരോഗങ്ങൾ പകരാനി ടയാകുകയും ചെയ്യുന്നു.

2. സ്വന്തമായി കൃഷി ഭൂമിയില്ലാത്തതിനാൽ പട്ടികവർഗ്ഗക്കാർക്ക് തൊഴിലും വരുമാനവും ഉ ാ കുന്നില്ല.

3. പല കോളനികളിലും ആവശ്യമായ ഭൂമിയില്ലാത്തിനാൽ ഭവനനിർമ്മാണത്തിന് ഫ ് ഉ ങ്കിലും വീട് നിർമ്മിക്കാൻ സാധിക്കുകയില്ല.

4.19.8.2. ഭവന നിർമ്മാണം

ജില്ലയിലുള്ള 36135 പട്ടികവർഗ്ഗ കുടുംബങ്ങളിൽ 9147 കുടുംബങ്ങൾ ഭവനരഹിതരാണെന്ന് കണക്കാക്കുന്നു. ഭവനങ്ങൾ ആവശ്യമുള്ളവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് തദ്ദേശ ഭ രണസ്ഥാപനങ്ങൾ എന്നിവ മുമ്പാകെ ഭവന നിർമ്മാണ ഗ്രാന്റ് അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനെ കഴിഞ്ഞ പത്ത് വർഷങ്ങളിലായി 12131 വീടുകൾ അനുവദിച്ചിട്ടു ്. ഓരോ വർഷവും ശരാശരി 3% കുടുംബങ്ങൾ വിവിധ കാരണങ്ങളാൽ പുതിയ വീടുകൾക്ക് ആവശ്യമുന്നയിച്ച് വരുന്നു ്. ഭൂമി നൽകുന്നതിനോടൊപ്പം ഭവനങ്ങൾ നിർമ്മിച്ചുനൽകി കാല താമസം കൂടാതെ ഭൂരഹിതരെ പുതിയ ഭവനങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കാനുള്ള നടപടികൾക്ക് വേഗത തീരെയില്ലെന്ന് പറയാം. സ്വന്തമായി വീട് പണിയാൻ കഴിവില്ലാത്ത ഗുണഭോക്താക്കളെ നിർദ്ദയം ചൂഷണം ചെയ്യുന്ന ഇടനിലക്കാരേയും ബിനാമികളേയും പൂർണ്ണമായും ഒഴിവാക്കു കയും വേണം.ഭവന നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ ചുവടെ ചേർത്തിട്ടു ്.

1. പൊതുമരാമത്ത് വിഭാഗം അംഗീകരിക്കുന്ന എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ പട്ടികവർഗ്ഗ ഭവന നിർമ്മാണത്തിന് നിലവിലില്ല. വീടുകൾക്ക് നിശ്ചിത വിസ്തീർണ്ണം ഉ ായിരിക്കണം എന്ന താണ് പ്രധാന വ്യവസ്ഥ.

2. പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് സർക്കാർ വകുപ്പുകളോ ഏജൻസികളോ നിലവിലില്ല.

3. പട്ടികവർഗ്ഗക്കാർ പട്ടികവർഗ്ഗ വികസന വകുപ്പ്/മറ്റ് വകുപ്പുകൾ എന്നിവയുമായി കരാർ പത്രം ഒപ്പ് വെച്ചതിന് ശേഷം ഭവന നിർമ്മാണം ആരംഭിക്കുകയും, ഓരോ സ്റ്റേജ് പൂർത്തീകരി ക്കുന്ന മുറക്ക് ഗഡുക്കൾ അനുവദിച്ചു വരികയുമാണ് ചെയ്യുന്നത്. പട്ടികവർഗ്ഗക്കാരിൽ സ്വ യമേവ വീട് പണി ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് പ്രാപ്തിയുള്ളവർ വളരെ കുറവാണ്. പട്ടികവർഗ്ഗക്കാരുടെ നിർമ്മാണ മേഖലയിലുള്ള അജ്ഞത മുതലെടുത്ത് ഇടനിലക്കാർ വീട് നിർമ്മാണം ഏറ്റെടുക്കുകയും ഇടക്ക് വെച്ച് നിർമ്മാണം അവസാനിപ്പിച്ച് പോകുകയും ചെയ്യു ന്നു. പട്ടികവർഗ്ഗ ക്കാരനും, ഇടനിലക്കാരനും തമ്മിൽ നിയമാനുസൃതമുള്ള കരാർ ഇല്ലാത്തതി നാൽ ഇടനിലക്കാരനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നില്ല. ഇട നില/കരാറുകാരൻ തട്ടിയെടുത്ത പണം തിരികെ ലഭിക്കാത്തതിനാൽ പട്ടികവർഗ്ഗക്കാരുടെ വീടു കളുടെ നിർമ്മാണം പാതിവെച്ച് നിലക്കുകയും പിന്നീട് പൂർത്തിയാക്കാൻ കഴിയാത്ത സാഹച ര്യം ഉ ാകുകയും ചെയ്യുന്നു

4. ഭവന നിർമ്മാണ ഗ്രാന്റ് ഏകീകൃത നിരക്കിലാണ് അനുവദിച്ച് വരുന്നത്. നിലവില ഉള്ള നിരക്ക് 3,50,000/– രൂപയാണ്. ഒരു പട്ടികവർഗ്ഗ കുടുംബത്തിൽ എത്ര അംഗങ്ങളു ങ്കിലും ഭവന നിർമ്മാണ ഗ്രാന്റ് തുക ഒന്നു തന്നെയാണ്. ഈ രീതി മാറ്റേ തു ്.

4.19.8.3. വിദ്യാഭ്യാസം

മാനവ വികസന സൂചികയിൽ പരമ പ്രധാനമായ ഒന്നാണ് വിദ്യാഭ്യാസ നിലവാരം. ഗോത്ര സമുദായങ്ങൾ മുഖ്യധാരയിലേക്കെത്തുന്നതിന്റെ പ്രധാന സൂചന കൂടിയാണ് വിദ്യാ ഭ്യാസം.

4.9.8.4.സാക്ഷരത

പട്ടിക **4.19.45**

പട്ടികവർഗ്ഗ സാക്ഷരത – ജില്ലയിൽ

ആൺ (ശതമാനം)	പെൺ(ശതമാനം)	ആകെ ശതമാനം
76.85	66.05	71.36

ഏറ്റവും ഉയർന്ന സാക്ഷരതാ നിലവാരമുള്ള സമുദായം – കുറുമർ –86.94%

ഏറ്റവും കുറഞ്ഞ സാക്ഷരതാ നിലവാരമുള്ള സമുദായം–കാട്ടുനായ്ക്കർ–60.15%

- സംസ്ഥാനത്തെ പൊതു സാക്ഷരത : 93.91%
- സംസ്ഥാനത്തെ ഗോത്രവർഗ്ഗവിഭാഗത്തിലെ സാക്ഷരത : 74.44%
- വയനാട് ജില്ലയിലെ പൊതു സാക്ഷരത : 89.03%
- വയനാട് ജില്ലയിലെ പട്ടികവർഗ്ഗ സാക്ഷരത : 71.36%

പട്ടിക. 4.19.46

2013 ലെ സോഷ്യോ എക്കണോമിക് സർവ്വേ റിപ്പോർട്ട് പ്രകാരം പഠനം ഉപേക്ഷിച്ചവരും അതിനുള്ള കാരണങ്ങളും

ക്രമ നം	പഠനം ഉപേക്ഷിക്കാനുള്ള കാരണം	പഠനം ഉപേക്ഷിച്ചവരുടെ എണ്ണം
1	ദാരിദ്ര്യം, സാമ്പത്തിക പ്രയാസം	4745
2	പരാജയം	4936
3	വിദ്യാലയങ്ങളിൽ നിന്നുള്ള അകലം	553
4	ദുർഘടമായ യാത്ര	159
5	കുടുംബ പ്രശ്നം	2089
6	ഒറ്റപ്പെടുന്ന തോന്നൽ	2089
7	വിവാഹം	465
8	ഗോത്രാചാരം	31
9	മറ്റുള്ളവ	1286
	ആകെ	**14904**

4.19.8.5.പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകമായുള്ള വകുപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പട്ടിക 4.19.47

മോഡൽ റസിഡൻഷ്യൽ/ ആശ്രമം സ്കൂളുകൾ

ക്രമ നമ്പർ	പേര്	ആൺ/പെൺ	അനുവദിനീയമായ കുട്ടികളുടെ എണ്ണം	നിലവിലെ എണ്ണം
1	എം.ആർ.എസ് പൂക്കോട്	മിക്സ്ഡ്	300	292
2	ജി. എം.ആർ.എസ് കണിയാമ്പറ്റ	പെൺ	310	310
3	എ.എംഎം.ആർ.എസ് നല്ലൂർനാട്	ആൺ	300	314
4	ആർ.ജി.എം.ആർ.എസ് നൂൽപ്പുഴ	മിക്സ്ഡ്	455	482
5	ആശ്രമം സ്കൂൾ തിരുനെല്ലി	മിക്സ്ഡ്	300	303

പട്ടിക 4.19.48

പ്രീമെട്രിക് ഹോസ്റ്റലുകൾ

ക്രമ നമ്പർ	പേര്	ആൺ/പെൺ	അനുവദിനീയമായ കുട്ടികളുടെ	നിലവിലെ എണ്ണം

			എണ്ണം	
1	പ്രീമെട്രിക് ഹോസ്റ്റൽ കണിയാമ്പറ്റ	ആൺ	60	65
2	പ്രീമെട്രിക് ഹോസ്റ്റൽ കാക്കവയൽ	ആൺ	60	80
3	പ്രീമെട്രിക് ഹോസ്റ്റൽ പിണങ്ങോട്	ആൺ	60	64
4	പ്രീമെട്രിക് ഹോസ്റ്റൽ കാവുമന്ദം	പെൺ	60	69
5	പ്രീമെട്രിക് ഹോസ്റ്റൽ മേപ്പാടി	ആൺ	60	73
6	പ്രീമെട്രിക് ഹോസ്റ്റൽ കരിങ്കുറ്റി	പെൺ	60	
7	പ്രീമെട്രിക് ഹോസ്റ്റൽ വേലിയമ്പം	പെൺ	60	104
8	പ്രീമെട്രിക് ഹോസ്റ്റൽ വാകേരി	പെൺ	60	84
9	പ്രീമെട്രിക് ഹോസ്റ്റൽ അമ്പലവയൽ	പെൺ	60	85
10	പ്രീമെട്രിക് ഹോസ്റ്റൽ ചീരാൽ	പെൺ	60	73
11	പ്രീമെട്രിക് ഹോസ്റ്റൽ വേലിയമ്പം	പെൺ	40	49
12	പ്രീമെട്രിക് ഹോസ്റ്റൽ മീനങ്ങാടി	ആൺ	40	28
13	പ്രീമെട്രിക് ഹോസ്റ്റൽ സുൽത്താൻബത്തേരി	ആൺ	40	76
14	പ്രീമെട്രിക് ഹോസ്റ്റൽ ആനപ്പാറ	ആൺ	30	50
15	പ്രീമെട്രിക് ഹോസ്റ്റൽ വടുവൻചാൽ	ആൺ	30	43
16	പ്രീമെട്രിക് ഹോസ്റ്റൽ പുൽപ്പള്ളി	ആൺ	30	64
17	പ്രീമെട്രിക് ഹോസ്റ്റൽ മുള്ളൻകൊല്ലി	ആൺ	40	49
18	പ്രീമെട്രിക് ഹോസ്റ്റൽ മാനന്തവാടി	പെൺ	40	53
19	പ്രീമെട്രിക് ഹോസ്റ്റൽ പനമരം	പെൺ	60	72
20	പ്രീമെട്രിക് ഹോസ്റ്റൽ പനമരം	ആൺ	60	73
21	പ്രീമെട്രിക് ഹോസ്റ്റൽ അഞ്ചുകുന്ന്	ആൺ	40	76
22	പ്രീമെട്രിക് ഹോസ്റ്റൽ തലപ്പുഴ	ആൺ	60	76
23	പ്രീമെട്രിക് ഹോസ്റ്റൽ എളളുമന്ദം	പെൺ	60	68
24	പ്രീമെട്രിക് ഹോസ്റ്റൽ തൃശ്ശിലേരി	പെൺ	80	115
25	പ്രീമെട്രിക് ഹോസ്റ്റൽ വാളേരി	പെൺ	60	89
26	പ്രീമെട്രിക് ഹോസ്റ്റൽ കാട്ടിക്കുളം	ആൺ	60	74
27	പ്രീമെട്രിക് ഹോസ്റ്റൽ തൊ ർനാട്	ആൺ	60	46

പട്ടിക 4.19.49

2017–ലെ പത്താം ക്ലാസ്സും തുടർ പഠനവും

വർഷം	എസ്.എസ്. എൽ.സി വിജയിച്ചവർ	പ്ലസ് വൺ ചേർന്നവർ	പ്ലസ്സ് ടു വിജയിച്ചവർ	ഉപരിപഠനത്തിന് ചേർന്നവർ
2017–18	325	322	148	108

പട്ടിക. 4.19.50

സ്കൂളുകളിൽ പ്രവേശനം നേടിയവർ

5 വയസ്സ് പ്രായമുള്ള കുട്ടികൾ	അംഗനവാടിയിൽ പ്രവേശനം നേടി യർ	അംഗനവാടിയിൽ പ്രവേശനം നേടാത്തവർ	അംഗനവാടിയിൽ പ്രവേശനം നേടാത്തവരുടെ ശതമാനം
6315	991	5324	84.31

➢ മാനവ വികസന സൂചികയിൽ പരമ പ്രധാനമായ ഒന്നാണ് വിദ്യാഭ്യാസ നിലവാരം. ഗോത്ര സമുദായങ്ങൾ മുഖ്യധാരയിലേക്കെത്തുന്നതിന്റെ പ്രധാന സൂചന കൂടിയാണ് വിദ്യാഭ്യാസം. ജില്ലയിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന മുഴുവൻ പട്ടികവർഗ്ഗ കുട്ടികളും 10–ാം ക്ലാസ്സിൽ എത്തുന്നില്ല.

- എസ്.എസ്.എൽ.സി ജയിക്കുന്ന മുഴുവൻ പട്ടികവർഗ്ഗ കുട്ടികളും +2 അടക്കം ഉന്നത വിദ്യാഭ്യാസത്തിന് ചേരുന്നില്ല.
- വാസസ്ഥലത്തുനിന്നും നിത്യവും പോയി വരാവുന്ന ദൂരത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതയു ്..
- പട്ടികവർഗ്ഗ കുട്ടികൾക്ക് പഠനത്തിന് രക്ഷിതാക്കളുടെ പിന്തുണ ലഭിക്കുന്നില്ല. രക്ഷിതാക്കളുടെ നിരക്ഷരത, സ്ഥായിയായ വരുമാനമില്ലായ്മ, അറിവ് കുറവ് ഇവയെല്ലാം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു.
- വീട്ടിൽ സ്വതന്ത്രമായി ഇരുന്ന് പഠിക്കുന്നതിന് സ്ഥല സൗകര്യമില്ലാത്തത്, വീട്ടിലെ ഭൗതിക അവസ്ഥ, വീട്ടിൽ നിന്നും പ്രഭാത ഭക്ഷണം കഴിച്ചു പോകുവാനുള്ള സൗകര്യമില്ലാത്തത്.
- വീട് ഉൾപ്പെടുന്ന സങ്കേതത്തിൽ ഒത്തുചേർന്നു പരസ്പരം ആശയ വിനിമയം നടത്തുന്നതിനും മുതിർന്നവരോടു സംശയങ്ങൾ നിവാരണം ചെയ്യുന്നതിനുമുള്ള സൗകര്യമില്ല.
- അഭ്യസ്ഥ വിദ്യരായ യുവതീ-യുവാക്കൾക്ക് തൊഴിൽ ലഭിക്കാത്ത സാഹചര്യം.
- ഉന്നത വിദ്യാഭ്യാസത്തിന് സ്ഥാപനത്തിനടുത്ത് താമസ സൗകര്യത്തിന്റെ അഭാവം.
- സർക്കാർ അനുവദിക്കുന്ന സ്റ്റൈപ്പന്റ് തുക വിനിയോഗിച്ചു താമസ ഭക്ഷണ ചിലവും പഠന ചിലവും വഹിക്കുവാനാകുന്നില്ല.
- ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുമ്പോൾ വേ ി വരുന്ന പ്രാരംഭ ചിലവുകൾ വഹിക്കുന്നതിനു നേരിടുന്ന സാമ്പത്തിക പ്രയാസം.
- പ്രൈമറി സ്ക്കൂൾ വിദ്യാഭ്യാസത്തിലെ ഹാജർ കുറവും, അദ്ധ്യായന നിലവാരക്കുറവും ഉന്നത വിദ്യാഭ്യാസ കോഴ്സുകളുമായി സമരസപ്പെടുന്നതിനുള്ള പ്രയാസം.
- പ്രൊഫഷണൽ കോഴ്സുകളെ കുറിച്ചുള്ള അവബോധക്കുറവും, പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലനത്തിന്റെ തയ്യാറെടുപ്പിന്റെയും അഭാവം.
- ടെക്നിക്കൽ ഹൈസ്ക്കൂൾ, ഐ.ടി.ഐ, പോളിടെക്നിക്ക് തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചുള്ള അവബോധക്കുറവും അവയുടെ സമീപം താമസ സൗകര്യം ലഭിക്കാത്തതും.
- കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയം, സൈനിക സ്ക്കൂൾ എന്നിവിടങ്ങളിൽ ചേർന്ന് പഠിക്കുന്നതിനുള്ള ധാരണയില്ലായ്മയും, പ്രോത്സാഹക്കുറവും.
- സ്ക്കൂൾ യുവജനോത്സവം, സ്പോർട്സ് മീറ്റ്, ശാസ്ത്രമേള, ക്രാഫ്റ്റ് മത്സരം, കിസ് മത്സരം, എൽ.എസ്.എസ്, എൻ.ടി.എസ്.ഇ തുടങ്ങി മത്സര സ്വഭാവമുള്ളവയ്ക്ക് ചേരുന്നതിനുള്ള പ്രോത്സാഹനക്കുറവ്.
- പഠനം ഉപേക്ഷിക്കുന്നവരെ കെ ത്തി പ്രശ്നങ്ങൾ അപഗ്രഥിച്ചു തിരിച്ചു സ്ക്കൂളിൽ എത്തിക്കുന്നതിനുള്ള വ്യക്തമായ പരിപാടിയുടെ അഭാവം.
- മുൻതലമുറയുടെ വനവുമായുള്ള പാരസ്പര്യം പല ഘടകങ്ങളാൽ പുലർത്താൻ കഴിയാത്തത് കൊ ും സ്വാശ്രയ കാർഷിക സംസ്ക്കാരം നഷ്ടപ്പെട്ടതിനാലും ആരോഗ്യ മേഖലയിലും ആയൂർദൈർഘ്യത്തിലും ഗോത്ര മേഖല പിറകിലാണ്.

4.19.8.6. **ആരോഗ്യം, ശുചിത്വം**

വയനാട് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 3 ആയൂർവ്വേദ ആശുപത്രികളാണുള്ളത്. ജില്ലയിലെ രോഗികളായ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യന്തോടെ കോഴിക്കോട് മെഡിക്കൽ കോളേജ്, വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രികൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, നല്ലൂർനാട് ക്യാൻസർ സെന്റർ എന്നിവിടങ്ങളിലേക്ക് ആവശ്യമായ ഫ ് പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ചുവരുന്നു ്. കൂടാതെ രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള വാഹന

വാടക, മരുന്ന്, മറ്റ് മെഡിക്കൽ ചെക്കപ്പുകൾ നടത്തുന്നതിനുമായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ ധനസഹായവും നൽകിവരുന്നു ്. സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സാമ്പത്തിക സഹായ പദ്ധതിയും നടത്തി വരുന്നു ്.

മദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ഉപയോഗം ആദിവാസി മേഖലയിൽ പൊതുവെ കൂടുതലാണ്. അലോപ്പതി ചികിത്സയോടുള്ള വൈമുഖ്യം, അന്ത വിശ്വാസം, അറിവില്ലായ്മ എന്നിവ ഈ മേഖലയിലെ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമാകുന്നു. യഥാസമയമുള്ള ചികിത്സ, പോഷകാഹാരം, ബോധവൽക്കരണം എന്നിവ നൽകുന്നതുവഴി ഇത്തരം പ്രശ്നങ്ങൾ കുറെയേറെ പരിഹരിക്കുവാൻ കഴിയുന്നതാണ്.

മുൻതലമുറയുടെ വനവുമായുള്ള പാരസ്പര്യം പല ഘടകങ്ങളാൽ പുലർത്താൻ കഴിയാത്തത് കൊ ും സ്വാശ്രയ കാർഷിക സംസ്ക്കാരം നഷ്ടപ്പെട്ടതിനാലും ആരോഗ്യ മേഖലയിലും ആയൂർദൈർഘ്യത്തിലും ഗോത്ര മേഖല പിറകിലാണ്. ജില്ലയിലെ ശിശുമരണ നിരക്ക് വളരെ കൂടുതലാണ്. മാതൃ മരണ നിരക്ക് ആരോഗ്യമേഖലയിലെ പുരോഗതിയുടെ ഫലമായി കുറ ഞ്ഞുവരുന്നു ്. മാരകരോഗികളായിട്ടുള്ളവരും, ദൈനംദിന ജോലികൾ ചെയ്യാൻ സാധി ക്കാത്ത ഭിന്നശേഷിയുള്ളവരും കൂടുതലാണ്.

പട്ടിക. 4.19.51

ഭിന്നശേഷിയുള്ളവർ/നിത്യരോഗികൾ

ഭിന്നശേഷിയുള്ളവർ			**മാരകരോഗികൾ**		
ദൈനംദിന ജോലികൾ ചെയ്യാൻ സാധിക്കാത്തവർ	പരസഹായത്തോടെ ദൈനംദിന ജോലികൾ ചെയ്യുന്നവർ	കിടപ്പു രോഗികൾ	ദൈനംദിന ജോലികൾ ചെയ്യാൻ സാധിക്കാത്തവർ	പരസഹായത്തോടെ ദൈനംദിന ജോലികൾ ചെയ്യുന്നവർ	കിടപ്പു രോഗികൾ
2941	521	121	5456	735	185

ഉറവിടം : 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

പട്ടിക. 4.19.52

പോഷകാഹാരക്കുറവ് നേരിടുന്ന കുടുംബങ്ങൾ.

ആകെ കുടുംബങ്ങൾ	പോഷകാഹുരകുറവ് നേരിടുന്ന കുടുംബങ്ങൾ	പോഷകാഹാരകുറവ് നേരിടുന്ന കുടുംബങ്ങളുടെ %
36135	**5773**	**15.98**

അവലംബം : 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

പട്ടിക. 4.19.53

ജില്ലയിൽ ശിശു-മാതൃ മരണ നിരക്ക്

വർഷം	ശിശുമരണം	മാതൃമരണം
2012	72	8
2013	83	4
2014	62	4
2015	72	4

അവലംബം : 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

പട്ടിക. 4.19.54

ആരോഗ്യസ്ഥാപനങ്ങളില്ലാത്ത കോളനികൾ

ആരോഗ്യ സ്ഥാപനങ്ങളില്ലാത്ത കോളനികൾ	ആരോഗ്യപ്രവർത്തകരുടെ സേവനം ലഭിക്കാത്ത കോളനികൾ	പ്രതിരോധ പ്രവർത്തനങ്ങൾ നടത്താത്ത/ഹെൽത്ത് ക്യാമ്പ് സംഘടിപ്പിക്കാത്ത കോളനികൾ
749	235	462

അവലംബം : 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

പട്ടിക. 4.19.55

ജില്ലയിൽ പട്ടികവർഗ്ഗക്കാർ ആശ്രയിക്കുന്ന ആരോഗ്യ കേന്ദ്രങ്ങൾ

ക്രമനം.	ആശുപത്രിയുടെ പേര്	കിടക്കകളുടെ എണ്ണം	മുഴുവൻ സമയ സേവനം ലഭ്യമായ ആശുപത്രികൾ
1	ജില്ലാ ആശുപത്രി മാനന്തവാടി	274	ഉ ്
2	താലൂക്ക് ആശുപത്രി സുൽത്താൻ ബത്തേരി	57	ഉ ്
3	താലൂക്ക് ആശുപത്രി വൈത്തിരി	129	ഉ ്
4	നല്ലൂർനാട് ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ	–	ഉ ്
	ആകെ	460	

4.19.8.7 പൂരകപോഷകാഹാരം ലഭിക്കാത്ത കോളനികൾ

ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും നവജാത ശിശുക്കൾക്കും പോഷകാഹാരം ലഭ്യമാക്കുന്നതിനായി ജനനീ ജന്മരക്ഷാ പദ്ധതി പ്രകാരം ഗർഭധാരണത്തിന്റെ മുന്നാമത്തെ മാസം മുതൽ കുട്ടിക്ക് ഒരു വയസ്സാകുന്നതുവരെ പ്രതിമാസം 1000 രൂപ വീതം ആകെ 18,000 രൂപ അനുവദിക്കുന്നു.

4.19.8.8. ആരോഗ്യമേഖലയിലെ നിലവിലെ അവസ്ഥയും, പ്രശ്നങ്ങളും

- മാറിയ ജീവിതശൈലി.
- ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം.
- അംഗനവാടി സൗകര്യങ്ങളുടെയും, പോഷണകിറ്റുകളുടെയും അപര്യാപ്തത.
- ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് തുടർച്ചയില്ലാത്തതും, യുവാക്കളെ ആകർഷിക്കാൻ കഴിയാത്തതും.
- ആധുനിക ശുചിത്വ അവബോധമില്ലായ്മ.
- ഒറ്റപ്പെട്ടതാണെങ്കിലും വീട്ടു പ്രസവങ്ങൾ സംഭവിക്കുന്നു.
- ഭിന്നശേഷിക്കാർക്ക് സൗഹൃദമായ അന്തരീക്ഷവും വ്യക്തിഗത സേവനങ്ങളും ലഭിക്കുന്നില്ല.
- കിടപ്പുരോഗികളും രോഗികളായ അഗതികളും വർദ്ധിക്കുന്നു.
- ആശുപത്രിയിൽ പോകാനുള്ള മാനസിക വൈമുഖ്യം.

4.19.8.9.സാന്ത്വന പരിചരണം.

- കിടപ്പിലായ രോഗികളെയും, മാരക രോഗികളെയും പരിചരിക്കാനും, ശുശ്രൂഷിക്കാനും ആരുമില്ലാത്ത അവസ്ഥ.
- അനാഥരും, അഗതികളുമായ രോഗികൾക്ക് ചികിത്സയും, ശുശ്രൂഷയും, സാന്ത്വന പരി ചരണവും നൽകുന്ന സ്ഥാപനങ്ങളുടെ അഭാവം.
- പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പെയിൻ & പാലിയേറ്റീവ് യൂണിറ്റുകളുടെ അഭാവം.
- ആവശ്യാനുസരണം വാട്ടർബെഡ്, എയർബെഡ് തുടങ്ങിയ സാന്ത്വന പരിചരണ സാമ ഗ്രികൾ പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാകാത്ത അവസ്ഥ.

4.19.8.10 തൊഴിൽ ഉപജീവനം

ഒരു സമൂഹത്തിന്റെ പുരോഗതി ദാരിദ്ര്യത്തിന്റെ അളവുമായി ബന്ധപ്പെട്ടിരിക്കു ന്നു. തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിലൂടെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യപ്പെടും. ഉല്പാദനപരമായ കാർഷിക വൃത്തിയാണ് ഗോത്രസമൂഹത്തിന്റെ നട്ടെ ല്ല്. പലവിധ കാരണങ്ങളാൽ അതിൽ ക്ഷതം സംഭവിച്ചിരിക്കുന്നു. ആധുനിക സമൂഹ ത്തിനൊപ്പം മറ്റ് തൊഴിൽ വൃത്തികളിലേക്ക് കടന്നുകയറാൻ കഴിഞ്ഞിട്ടുമില്ലായെന്നത് യാഥാർത്ഥ്യമാണ്.

ജില്ലയിലെ പട്ടികവർഗ്ഗക്കാർ പൊതുവെ കൃഷിപണിയെടുത്ത് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നവരാണ്. വളരെ ചെറിയ ശതമാനം പേർ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു ്. ജില്ലയിലെ പട്ടികവർഗ്ഗക്കാരിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പണിയ വിഭാഗക്കാർ കൂലി പണിയെ മാത്രം ആശ്രയിക്കുന്നവരാണ്. നിലവിലെ തൊഴിൽ സാഹചര്യത്തിൽ കൂലിപണി കുറവായതിനാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാണ് ആശ്രയം. കേരളത്തിൽ ഒരു കുടുംബത്തിന് ഇപ്പോൾ 150 ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ലഭിക്കുന്നുണ്ടെങ്കിലും, കൂലി ലഭിക്കാനുള്ള കാലതാമസം കാരണം ഇവർ കൃത്യമായി ജോലിക്ക് പോകാറില്ല. ദാരിദ്ര്യ ലഘൂകരണത്തിനും, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വേ ി ആവിഷ്കരിച്ച് നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതി ഒരു പരിധിവരെ പട്ടികവർഗ്ഗക്കാർക്കിടയിൽ ഫലപ്രദമാകുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(1) 9–10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്
(2) മാതൃക റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ.
(3) പട്ടികവർഗ്ഗ ഉപ പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായം.
(4) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ.
(5) സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോൽസാഹനം.
(6) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്പ്മെന്റ് പദ്ധതി.
(7) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രക്കുള്ള ധനസഹായം.
(8) വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണ പദ്ധതി
(9)

പട്ടിക. 4.19.56
കാർഷികമേഖലയെ ആശ്രയിക്കുന്നവർ

തൊഴിലാളികൾ	കർഷകർ	മൃഗപരിപാലനം	കർഷക തൊഴിലാളികൾ
73802	**6504**	**1316**	**52277**

അവലംബം : 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

പട്ടിക. 4.19.57
വനവുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവർ

ചെറുകിട വന വിഭവം	പാരമ്പര്യ പച്ചമരുന്ന്	വന മേഖലയിൽ തൊഴിൽ	മറ്റുള്ളവർ
1089	245	1482	324

അവലംബം : 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

പട്ടിക. 4.19.58
വനമേഖലയെ ആശ്രയിച്ച് ജീവിക്കുന്നവർ.

ആകെ തൊഴിലാളികൾ	ചെറുകിട വന വിഭവങ്ങൾ ശേഖരിക്കുന്നവർ	പരമ്പരാഗതമായ തൊഴിൽ ചെയ്യുന്നവർ	പച്ചമരുന്ന് ശേഖരിക്കുന്നവർ	വനമേഖലയിൽ ജോലിചെയ്യുന്നവർ	ആകെ വനമേഖലയെ ആശ്രയിച്ച് ജീവിക്കുന്നവർ	വനമേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ശതമാനം
73802	1089	24	245	1482	2840	3.84

അവലംബം :: 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

പട്ടിക. 4.19.59
കാർഷികേതര മേഖലയിൽ ജോലിചെയ്യുന്നവർ

ആകെ തൊഴിലാളികൾ	പെട്ടികട നടത്തുന്നവർ	തൊഴിലുറപ്പ് ജോലികളിൽ ഏർപ്പെടുന്നവർ	കാർഷികേതര മേഖലയിൽ ജോലിചെയ്യുന്നവർ	തോട്ടം തൊഴിലാളികൾ	സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ	മറ്റുള്ളവർ	ആകെ കാർഷികേതര മേഖലയിൽ ജോലിചെയ്യുന്നവർ	കാർഷികേതര മേഖലയിൽ ജോലിചെയ്യുന്നവരുടെ ശതമാനം
73802	49	5848	1966	396	2236	620	11115	15.6

അവലംബം : 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് എടുത്തവർ – 5848
- ട്രൈബൽ പ്ലസ്സ് പദ്ധതിയിലുൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ തൊഴിൽ ദിനങ്ങൾ 200 ആയി വർദ്ധിപ്പിച്ചിട്ടു ്.
- പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കലാ രൂപങ്ങൾ പ്രദർശിപ്പിക്കാനും, വിപണനം ചെയ്യാനുമുള്ള കേന്ദ്രത്തിന്റെ അഭാവം.
- പരമ്പരാഗത കരകൗശല വസ്തുക്കൾ വിപണനം ചെയ്യാനുള്ള കേന്ദ്രത്തിന്റെ അഭാവം.
- ചെറുകിട വന വിഭവങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യാനുള്ള സംരഭത്തിന്റെ അഭാവം.
- പരമ്പരാഗത വിത്തിനങ്ങളുടെ വിപണന കേന്ദ്രത്തിന്റെ അഭാവം.
- ട്രൈബൽ മ്യൂസിയത്തിന്റെ അഭാവം.
- ട്രൈബൽ കലാ കേന്ദ്രത്തിന്റെ അഭാവം.
- തനത് പാരമ്പര്യ നൈപുണ്യങ്ങളിൽ നിന്നുമുള്ള പിൻവാങ്ങൽ.
- ഉയർന്ന/സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അഭാവം.

- സ്വയം തൊഴിൽ/ജീവനോപാധി പദ്ധതികളുമായി ബന്ധപ്പെട്ട് പരിശീലനങ്ങളുടെ അഭാവം.
- മത്സര പരീക്ഷാ പരിശീലനത്തിന്റെ അപര്യാപ്തത.
- തൊഴിലെടുക്കാൻ ശേഷിയുള്ളവരിലെ തൊഴിൽ രാഹിത്യം.
- കാലാനുസൃത സ്റ്റാർട്ടപ്പുകളെ കുറിച്ചുള്ള അജ്ഞത.

പട്ടിക **4.19.60**

കൃഷിയും അനുബന്ധ മേഖലയും

1	ഭൂരഹിതർ	7124 / 8818
2	5 സെന്റിൽ കുറവ് ഭൂമിയുള്ള കുടുംബങ്ങൾ	8081
3	100 സെന്റിൽ കൂടുതൽ ഭൂമിയുള്ള കുടുംബങ്ങൾ	4607
4	വനാവകാശം വഴി ഭൂമി ലഭ്യമാക്കിയത്	4262

അവലംബം: 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

- കൃഷി ചെയ്യുന്നതിനുള്ള വർദ്ധിച്ച ചെലവ്.
- തൊഴിലാളികളുടെ ദൗർലഭ്യം.
- കാലവർഷക്കെടുതികൾ.
- രാസവളങ്ങളെ കൂടുതലായി ആശ്രയിക്കുന്നതുമൂലം മണ്ണിന്റെ ഫലഭൂയിഷ്ടി നഷ്ടമാകുന്നത്.
- പുതിയ തലമുറക്ക് കാർഷിക മേഖലയിൽ ജോലിചെയ്യുന്നതിനുള്ള താൽപര്യമില്ലായ്മ.
- കാലാവസ്ഥാ വ്യതിയാനം.
- ശാസ്ത്രീയ കൃഷിരീതികളിലുള്ള അജ്ഞത.
- ഗ്രൂപ്പ് ഫാമിംങ്ങ് ഉൾപ്പെടെയുള്ള കാർഷിക രീതികൾ അവലംബിക്കാതിരിക്കുന്നത്.
- തുള്ളിനന ഉൾപ്പെടെയുള്ള യുള്ള കൃഷിരീതികളോടുള്ള അജ്ഞത.
- ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാത്തത്.
- സ്ഥല ലഭ്യതയുടെ കുറവ്.
- തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന ചൂഷണം.
- പാരമ്പര്യ കാർഷിക വിജ്ഞാനത്തിന്റെ ശോഷണം.
- വർദ്ധിച്ച കടബാധ്യതകൾ.
- നെൽവയലുകൾ വീ ടുക്കലും നെൽകൃഷിവ്യാപനവും
- വന്യമൃഗ ശല്യം

4.19.9. അടിസ്ഥാന സൗകര്യങ്ങൾ

അടിസ്ഥാന ജീവിത സൗകര്യങ്ങളായ വീട്, കുടിവെള്ളം, വൈദ്യുതി, ശുചിത്വ സൗകര്യം എന്നിവ ഉറപ്പാക്കുന്നതാണ് സാമൂഹ്യ പുരോഗതിയുടെ പ്രധാന ലക്ഷണം, മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് ചുവടെ പ്രതിപാദിക്കുന്നു.

4.19.9.1 ശുചിത്വം

- കക്കൂസ് പരിചയമില്ലാത്തത്
- കാടും പരിസരവും കൂടുതലുള്ളത്
- കക്കൂസിൽ മുടങ്ങാതെ ജലം ലഭിക്കുന്ന പൈപ്പ് സംവിധാനം ഇല്ലാത്തത്
- നിർമ്മാണത്തിന് സഹായപദ്ധതികൾ ഇല്ലാത്തത്

4.19.9.2. വൈദ്യുതി

- വർദ്ധിച്ചുകൊ ിരിക്കുന്ന വയറിംഗ് ചെലവ്– ഗ്രാന്റ് തുക വർദ്ധിപ്പിക്കാത്തത്.
- ദുർഘടമായ വനമേഖലകൾ

4.19.9.3. കുടിവെള്ളം

- കാലാവസ്ഥാ വ്യതിയാനം
- സർക്കാർ പദ്ധതികൾ പൂർത്തിയാക്കാത്തത്
- വൈദ്യുതി ചെലവ് വഹിക്കാൻ കഴിയാത്ത അവസ്ഥ
- ജലസ്രോതസ്സുകൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യാത്തത്.
- കിണർ റീചാർജ്ജിംഗിന്റെ അഭാവം.
- കുടിവെള്ള പദ്ധതികളുടെ ഉടമസ്ഥതാ തർക്കങ്ങൾ, അറ്റകുറ്റപ്പണികൾ ചെയ്യാത്തത്, ഗുണഭോക്തൃ കമ്മറ്റികളുടെ ശരിയായ പരിപാലനം ഇല്ലാത്തത്.

4.19.10. സാമൂഹ്യ സുരക്ഷിതത്വവും ലിംഗപദവിയും

- 60% ആളുകൾക്കും അർഹമായ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൃത്യമായി ലഭ്യമാ കുന്നില്ല.
- ചൂഷണത്തിന് ഇരകളായ അവിവാഹിതരായ അമ്മമാരുടെ ഫലപ്രദമായ പുനരധിവാസം സാധ്യമായിട്ടില്ല.
- പി.ഒ.എ. ആക്ടിന്റെ കൃത്യമായ നിയമനടപടികൾ പരിപാലിക്കപ്പെടുന്നില്ല.
- കുടുംബശൈഥില്യങ്ങൾ കാരണം ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
- രോഗികളായ വൃദ്ധരുടെ ഒറ്റപ്പെടൽ/അനാഥ വാർദ്ധക്യം.
- ഭിന്നശേഷി ഉള്ളവർക്ക് സൗഹൃദമായ അന്തരീക്ഷവും വ്യക്തിഗത സഹായങ്ങളും ശരിയായി ലഭിക്കുന്നില്ല.

പട്ടിക. **4.19.61**
പ്രത്യേക പരിഗണന അർഹിക്കുന്നവർ

ഗർഭിണികളും മുല യൂട്ടുന്ന അമ്മ മാരും	6 വയസ്സിൽ താഴെ യുള്ള ആകെ കുട്ടി കൾ	അവിവാഹിത അമ്മമാർ	അനാഥരായ കുട്ടികൾ	ഭിന്നലിംഗ ക്കാർ
2790	6789	311	271	5433

അവലംബം : 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

പട്ടിക. **4.19.62**

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

വർഷം	എണ്ണം
2014	28
2015	60
2016	88
2017	26

അവലംബം : 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

4.19.11. വനാശ്രിതത്വം

2006-ലെ വനാവകാശം അംഗീകരിക്കൽ നിയമ പ്രകാരം വയനാട് ജില്ലയിൽ 4262 പേർക്ക് 3227 ഏക്കർ ഭൂമിയ്ക്ക് കൈവശരേഖ നൽകിയിട്ടു ്.

പട്ടിക 4.19.**63**

എഫ്.ആർ.സികളുടെ എണ്ണം	വ്യക്തിഗത അവകാശങ്ങൾ	സാമൂഹിക അവകാശങ്ങൾ	വികസന അവകാശങ്ങൾ
110	4262	124	159

അവംബം : 2013 ലെ സോഷ്യോ എക്കണോമിക് സർവ്വെ റിപ്പോർട്ട്

- വനാവകാശ നിയമം പൂർണ്ണ തോതിൽ നടപ്പിലായിട്ടില്ല.
- സാമൂഹികാവകാശമോ സി.എഫ്.ആർ മാനേജ്മെന്റ് കമ്മിറ്റികളോ നിലവിൽ വന്നിട്ടില്ല.
- കൈവശ ഭൂമി പുറത്ത് നിന്നുള്ളവർ പാട്ടത്തിനെടുത്ത് ചൂഷണം ചെയ്യുന്നു.
- വന്യമൃഗശല്യം മൂലം ജീവനും സ്വത്തിനും നാശം.
- വനോത്പന്നങ്ങളുടെ ലഭ്യത കുറവ്.
- കർശനമായ വനനിയമങ്ങളും നടപടികളും.
- കൃത്യമായ സർവ്വെയുടെ അഭാവം

4.19.12. കലാ സാംസ്ക്കാരികം

വയനാട്ടിലെ പട്ടികവർഗ്ഗക്കാർ സമ്പന്നമായ കലാ-സാംസ്ക്കാരിക പാരമ്പര്യത്തിന്റെ ഉടമകളാണ്. സംസാരഭാഷ, ആചാരാനുഷ്ഠാനങ്ങൾ, കൃഷി രീതികൾ, ഭക്ഷണം, ചികിത്സ തുടങ്ങി സമസ്ത മേഖലകളിലും തങ്ങളുടേതായ രീതികൾ ഓരോ പട്ടികവർഗ്ഗക്കാരനുമു ്. പുതിയ തലമുറയിലേക്ക് അമൂല്യമായ അറിവുകൾ വേ രീതിയിൽ പകർന്നുനൽകുന്നില്ല എന്നത് പരിഗണിക്കപ്പെടേ തും പരമ്പരാഗതമായ അറിവുകളിലെ നന്മകൾ പരിപോഷി പ്പിക്കപ്പെടേ തുമാണ്.

ജില്ലയിലെ പ്രധാനപട്ടികവർഗ്ഗക്കാരുടെ അനുഷ്ഠാന കലകളും, പാട്ടുകളും അവരുടെ സംസ്ക്കാരത്തേയും പാരമ്പര്യത്തേയും വെളിപ്പെടുത്തുന്നതാണ്. അവരുടേ തായ കൃഷിരീതികളും ഭക്ഷണ സമ്പാദന മാർഗ്ഗങ്ങളും ചികിത്സാരീതികളുമൊക്കെ വലിയൊരള വോളം ആരോഗ്യപരമായ ജീവിതം നയിക്കുവാൻ അവരെ സഹായിച്ചിരു ന്നതാണ്. വനവിഭവശേഖരണ രീതികളും ഉപജീവനമാർഗ്ഗമെന്ന നിലയിൽ ശ്രദ്ധേയമാണ്. പരമ്പരാഗതമായ ഈ അറിവുകൾ അഭ്യസ്തവിദ്യരായ പുതിയ തലമുറയ്ക്ക് വേ ത്ര കൈമാറ്റപ്പെടുന്നില്ല.

പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കലാരൂപങ്ങളും, ഗോത്ര സംസ്കാരങ്ങളും പരിപോഷിപ്പിക്കുന്ന കലാകേന്ദ്രം (കലാമണ്ഡലം മാതൃക) സ്ഥാപിക്കുക.

4.19.12.1. കായികം

കായികമായി ശ്രേഷ്ഠമായ ശേഷിയും സിദ്ധിയുമുള്ളവരാണ് പട്ടികവർഗ്ഗ യുവതീ യുവാക്കൾ. എന്നാൽ ഈ കഴിവുകൾ വേ ത്ര പ്രോത്സാഹിക്കപ്പെടുന്നില്ല. കായിക പരിശീലനം നേടുന്നതിന് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സൗകര്യങ്ങളുമില്ല. കഴിവും പ്രാഗത്ഭ്യവുമുള്ളവരെ ചെറുപ്രായത്തിൽത്തന്നെ കെ ത്തി പ്രോത്സാഹിപ്പിച്ചാൽ അതൊരു ഉപജീവന മാർഗ്ഗമായി പരിവർത്തനം ചെയ്യാവുന്നതാണ്.

4.19.12.2. യുവജനക്ഷേമം

ജില്ലയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ യുവതീയുവാക്കൾക്ക് ഒത്തുചേരുന്നതിനോ സംവദിക്കുന്നതിനോ മതിയായ സൗകര്യങ്ങളില്ല. ഈ പരിമിതി പലപ്പോഴും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരികളുടെ മേഖലകളിലേയ്ക്ക് പട്ടികവർഗ്ഗക്കാരായ യുവാക്കളെ നയിക്കുന്നു. 15ൽ അധികം കുടുംബങ്ങൾ അധിവസിക്കുന്ന പട്ടികവർഗ്ഗ യുവതീ യുവാക്കളെ പ്രോത്സാഹിപ്പിച്ച് അവരുടെ കഴിവ് ജീവനോപാധിയായി വികസിപ്പിക്കാവുന്നതാണ്. പട്ടികവർഗ്ഗക്കാരിലെ തൊഴിലില്ലായ്മ കൂടി പരിഗണിച്ച് അവരുടെ സംസ്ക്കാരം, കലാകായിക രംഗത്തെ കഴിവ്, പാരമ്പര്യ ഭക്ഷണ രീതി, പാരമ്പര്യ ചികിത്സ ഇവ പരിപോഷിപ്പിച്ച് ഉപജീവനമാർഗ്ഗമായി വികസിപ്പിക്കുന്ന തിനുള്ള പദ്ധതികളും ആവിഷ്ക്കരിക്കാവുന്നതാണ്.

4.19.13. വികസന കാഴ്ചപ്പാട്

- ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക, സാമൂഹിക വിദ്യാഭ്യാസ മേഖലകളിലെ വളർച്ചാ നിലവാരം പൊതുവിഭാഗങ്ങളോടൊപ്പം എത്തിക്കേ തു .
- ഊരുകൂട്ടങ്ങളെ ശാക്തീകരിക്കണം. ഊരുകൂട്ടങ്ങളുടെ നടത്തിപ്പ് മോണിറ്റർ ചെയ്യാൻ ജില്ലാതല സംവിധാനം വേണം
- ഗോത്ര സൗഹൃദ ജില്ലയും പഞ്ചായത്തുകളും എന്ന നയത്തിലൂന്നിയുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ശുചിത്വം, വെളിച്ചം, കുടിവെള്ളം, വാഹന സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടെയുള്ള കുടുംബങ്ങളും ഊരുകളും സാധ്യമാക്കുക.
- മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതിയും കക്കൂസും സുരക്ഷിതമായ വീടുകളും സാധ്യമാക്കുക. വീടുകളുടെ വയറിംഗിന് പ്രത്യേക തുക വകയിരുത്തുക.
- ഗോത്രകലകളും, സാംസ്ക്കാരിക തനിമകളും നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. ഇതിനായി സർക്കാർ തലത്തിൽ വ്യവസ്ഥകളും പദ്ധതികളും ഉ ാക്കണം.
- പ്രദേശത്തിനും സംസ്ക്കാരത്തിനും അനുയോജ്യമായ സമീപനത്തിലൂന്നി പ്രാദേശിക വികസനവും ജീവിത നിലവാരമുയർത്തലും സാധ്യമാക്കുക.
- തൊഴിലും വരുമാനവും വർദ്ധിപ്പിച്ചും ജീവിത നിലവാരം ഉയർത്തിയും അടിസ്ഥാന സൗകര്യങ്ങൾ സ്വയമാർജിക്കാൻ അടുത്ത തലമുറയെ പ്രാപ്തരാക്കുക.

- ഊരുകൂട്ടങ്ങളുടെ സജീവവും ക്രിയാത്മകവുമായുള്ള ഇടപെടൽ വഴി പങ്കാളിത്ത ജനാധിപത്യവത്ക്കരണം സാധ്യമാക്കുക.
- തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിന് പാരമ്പര്യവും നൂതനവുമായ തൊഴിൽ സാധ്യതകളെ ഉപയോഗപ്പെടുത്തുക. യുവജനങ്ങൾക്ക് തൊഴിൽ പരിശീലനവും കരിയർ ഗൈഡൻസ് പരിപാടികളും തുടർച്ചയായി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് പ്രായോഗികവും തുടർച്ചയുള്ളതുമായ സൗഹൃദ പദ്ധതികൾ ആവിഷ്ക്കരിക്കുക.
- വിദ്യാഭ്യാസം തടസ്സപ്പെടാതിരിക്കാൻ സങ്കേതങ്ങളിൽ പ്രത്യേക സമിതിയുടെ നിരീക്ഷണവും ഇടപെടലും സാധ്യമാക്കുക. ഉന്നതവിദ്യാഭ്യാസത്തിന് അഡ്മിഷൻ ലഭിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രാരംഭചെലവുകൾ നിർവഹിക്കാനായി മുൻകൂറായി തുക അനുവദിക്കുക, രക്ഷിതാക്കൾക്ക് പണമില്ലാത്തതിന്റെ പേരിൽ കോഴ്സിന് ചേരാൻ കഴിയാത്ത സാഹചര്യം ഉ ാകരുത്.
- പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വികസനത്തിനായി വ്യക്തിഗത പരിപാലന പദ്ധതി ആവിഷ്ക്കരിക്കുക.

- പട്ടികവർഗ്ഗവികസനത്തിനായി തദ്ദേശഭരസ്ഥാപനങ്ങളും സർക്കാർ ഡിപ്പാർട്ടുമെന്റുകളും മറ്റ് ഏജൻസികളും നടപ്പിലാക്കുന്ന മുഴുവൻ പ്ളാൻ, നോൺ–പ്ളാൻ പദ്ധതികളും അവലോകനം ചെയ്യാൻ ജില്ലാ ആസൂത്രണസമിതിയെ ചുമതലപ്പെടുത്തണം. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനങ്ങൾ എടുക്കണം.

പട്ടിക 4.19.64

മേൽത്തട്ട്, കീഴ്ത്തട്ട് നിർദ്ദേശങ്ങളും, സംയോജന സാദ്ധ്യതകളും

വികസന പ്രശ്നങ്ങൾ	മേൽത്തട്ട് നിർദ്ദേശങ്ങൾ	കീഴ്ത്തട്ട് നിർദ്ദേശങ്ങൾ	സംയോജന സാദ്ധ്യതകൾ
ഭൂരഹിതർ	(1) ഭൂരഹിതകുടുംബങ്ങൾക്ക് 1 ഏക്കർ വീതം ഭൂമി നൽകുക (2) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുവദിച്ച നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക.	(1)ഭൂരഹിതരുടെ കൃത്യമായ സർവ്വെ നടത്തി ഗുണഭോക്തൃ പട്ടിക തയ്യാറാക്കുക (2) സാമുദായികാടിസ്ഥാനത്തിൽ ശ്മശാന ഭൂമി ലഭ്യമാക്കണം. (3) നിലവിലുള്ള ശ്മശാന ഭൂമികൾക്ക് രേഖയും, സംരക്ഷണവും ഉറപ്പാക്കുക.	സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
ഭവന രഹിതർ	(1) വീട് നിർമ്മിച്ച് നൽകുന്നതിന് സർക്കാർ വകുപ്പുകളോ, ഏജൻസികളോ നിലവിലില്ല. (2) ഭവന നിർമ്മാണം മേൽനോട്ടം വഹിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ ജില്ലാ ആഫീസുകളിലും എൻജിനീയറിംഗ് വിംഗ് രൂപീകരിക്കുക. (3) കുടുംബത്തിലെ അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് വീടുകളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കു	(1)പഞ്ചായത്ത് അടിസ്ഥാനത്തിൽ സാങ്കേതിക ജ്ഞാനമുള്ള വരെ ഉൾപ്പെടുത്തി പട്ടികവർഗ്ഗ സൊസൈറ്റികൾ രൂപീകരിക്കുക. (2) ഭവന നിർമ്മാണം മൊണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുക.	എം.ജി.എൻ.ആർ.ഇ.ജി.എസ്, ഗ്രാമ പഞ്ചായത്ത് എന്നിവയുമായി സംയോജിപ്പിക്കുക.

	ക. (4)ദുർഘടപ്രദേശങ്ങളിലെ ഭവന നിർമ്മാണത്തിന് അധികധനസഹായം അനുവദിക്കുക. (5) ഭവന നിർമ്മാണ പദ്ധതി പൂർണ്ണമായും ഗ്രാമ പഞ്ചായത്തിനെ ചുമതലപ്പെടുത്തുക.		
വിദ്യാഭ്യാസം	(1) കൂടുതൽ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുക. (2) ഉന്നത വിദ്യാഭ്യാസ കോഴ്സ്, പ്രൊഫഷണൽ കോഴ്സ് സൗകര്യം ഏർപ്പെടുത്തുക. (3) ഉന്നത വിദ്യാഭ്യാസ കോഴ്സിന് പ്രാരംഭ ചെലവുകൾ വഹിക്കുക.	(1)കൊഴിഞ്ഞുപോക്ക് ഫലപ്രദമായി തടയുക (2) 10–ാം ക്ലാസ്സിന് ശേഷം കുട്ടികളുടെ തുടർ പഠനം ഉറപ്പുവരുത്തുക	സർക്കാർ വകുപ്പുകൾ, എസ്സ്. എസ്സ്.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
ആരോഗ്യം	(1)ആധുനിക ചികിത്സാ സഹായം ലഭ്യമാക്കുക, (2) ആധുനിക ചികിത്സാ സൗകര്യങ്ങളുള്ള സ്ഥാപനങ്ങൾ കൂടുതലായി ആരംഭിക്കുക. (3)പ്രതിരോധകുത്തിവെപ്പും, പോഷകാഹാര കിറ്റും ഗർഭിണികൾക്കും, കുട്ടികൾക്കും നൽകുക. (4)ജില്ലയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ മാനസികാരോഗ്യ കേന്ദ്രം, ഡി–അഡിക്ഷൻ സെന്റർ ആരംഭിക്കുക. (5)വീടുകളിലെ പ്രസവം ഒഴിവാക്കുന്നതിനായി പ്രധാന ആശുപത്രികൾ കേന്ദ്രീകരിച്ച് ഗൃഹാന്തരീക്ഷത്തോടുകൂടിയ സാറ്റലൈറ്റ് സെന്റർ ആരംഭിക്കുക.	(1)എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാനും, സംയോജന സാധ്യതകൾ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുവാനുള്ള മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക. (2)വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ആധുനിക വൈദ്യശാസ്ത്രം എന്നിവയെ കുറിച്ച് ബോധവൽക്കരണം നടത്തുക. (3) പട്ടികവർഗ്ഗ മേഖലകളിലെ ആശുപത്രികളിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. (4)ഒറ്റപ്പെറ്റ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുക. (5)പട്ടികവർഗ്ഗത്തിൽപ്പെട്ട ആശാവർക്കർമാരെ നിയോഗിക്കുകയും, ശരിയായ പരിശീലനം നൽകുയും ചെയ്യുക. (6) സിക്കിൾസെൽ അനീമിയ രോഗികൾക്ക് പാക്കേജ് പദ്ധതി നടപ്പാക്കുക. (7)ആശുപത്രികളിൽ കൂട്ടിരിപ്പിനായി സേവന സന്നദ്ധരായ ആളുകളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുക.	സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
വയോജന ക്ഷേമം	(1)വയോജന പരിപാലനത്തിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കുക. (2) പട്ടികവർഗ്ഗക്കാർ ആശ്രയിക്കുന്ന പി.എച്ച്.സികൾ സി.എച്ച്.സികളായി ഉയർത്തുക.	(1) സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക. (2)ആരോഗ്യവകുപ്പിന്റെ ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.	സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ.

	(3)മരണാനന്തര ചടങ്ങു കൾക്ക് ഒരു നിശ്ചിത തുക ധനസഹായം അനുവദിക്കു ക.	(3)ചെറിയ കൈത്തൊഴിൽ സാധ്യതകൾ ക ത്തി വരുമാനദായക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കു ക. (4)പാലിയേറ്റീവ് പ്രവർത്തന ങ്ങൾ മെച്ചപ്പെടുത്തുക.	
തൊഴിൽ ഉപജീ വനം–കൃഷി	(1)സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുക. താമസ സൗകര്യ ത്തോടുകൂടി മത്സര പരീക്ഷാ പരിശീലന കേന്ദ്ര ങ്ങൾ ആരംഭിക്കുക. (2)മൂല്യവർദ്ധിത ഉൽപ്പന്ന ങ്ങൾ ഉ ാക്കുന്നതി നുള്ളപരിശീലനങ്ങളും, ആധുനിക തൊഴിൽ പരിശീ നങ്ങളും, തൊഴിൽ സാധ്യതാ പദ്ധതികളും ആവിഷ്കരി ക്കുക. (3)പ്രീറിക്രൂട്ട്മെന്റ് ട്രെയി നിംഗ് സെന്ററുകൾ ആരംഭി ക്കുക. (4)ടൂറിസവും, ആദിവാസി മേഖലയും ബന്ധിപ്പിച്ചുള്ള ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ ആവിഷ്കരിക്കു ക. (5)പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റി കളുടെ രൂപീകരണം.	(1)സ്വയം തൊഴിൽ സംരഭങ്ങ ളിൽ നൈപുണ്യം/താൽപര്യ മുള്ളവരെ ക ത്തുക. ഐ.റ്റി മേഖലകളിൽ തൊഴിൽ അവസരങ്ങളെകു റിച്ച് ബോധവൽക്കരണം നട ത്തുക. (2)പാരമ്പര്യ കൃഷി, പരമ്പരാ ഗത തൊഴിലുകൾ എന്നിവ പ്രോത്സാഹിപ്പിക്കുക. (3)കൂട്ടുകൃഷി, പാട്ടകൃഷി സംരംഭങ്ങൾ പ്രോത്സാഹിപ്പി ക്കുക. (4)ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പി ക്കുക. (5)കുടുംബശ്രീമുഖേന കുടിൽ വ്യവസായ സംരഭ ങ്ങൾ ആരംഭിക്കുക. (6)തൊഴിലുറപ്പുപദ്ധതിയിൽ പട്ടികവർഗ്ഗ പങ്കാളിത്തം ഉറ പ്പാക്കുക. (7)ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി ബ്രാൻഡ് ചെയ്ത് വിപണനം . (8)പട്ടികവർഗ്ഗ ലേബർ സൊസൈറ്റികളുടെ ശാക്തീ കരണം.	വകുപ്പുകൾ, തദ്ദേശ സ്വയംഭ രണ സ്ഥാപന ങ്ങൾ, കുടും ബശ്രീ യൂണി റ്റുകൾ, സന്നദ്ധ സംഘടന കൾ/സൊസൈ സറ്റികൾ
അടിസ്ഥാന സൗകര്യങ്ങൾ	(1)പാർപ്പിടം, കുടിവെള്ളം, റോഡ്, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതികൾ നടപ്പാക്കുക. (2)കുടിശ്ശിക മൂലം വിശ്ചേദി ക്കപ്പെട്ട വൈദ്യുതി കണ ക്ഷനുകൾ പുനസ്ഥാപിക്കുക (3)വയറിംഗ് ഗ്രാന്റ് വർദ്ധിപ്പി ക്കുക.	(1) അടിസ്ഥാന സൗകര്യങ്ങ ളില്ലാത്ത കോളനികൾ ക ത്തി മുൻഗണനാടി സ്ഥാനത്തിൽ പദ്ധതികൾ നടപ്പാക്കുക. (2)സമ്പൂർണ്ണ കോളനി വിക സന പദ്ധതികൾ നടപ്പാക്കു ക. (3)കോളനികളിൽ ഉപയോഗ ക്ഷമമല്ലാത്ത കുടിവെള്ള പദ്ധതികൾ/കിണറുകൾ നവീകരിക്കുക.	വകുപ്പുകൾ, തദ്ദേശ സ്വയംഭ രണ സ്ഥാപന ങ്ങൾ, പട്ടിക വർഗ്ഗ സൊസൈറ്റി കൾ

സാമൂഹ്യ സുരക്ഷിതത്വം	(1)ഗോത്ര വിഭാഗത്തിൽ വയോജനങ്ങൾ, വനിതകൾ, കുട്ടികൾ, ഭിന്നശേഷിയുള്ളാവർ എന്നിവരുടെ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കിക. (2)സ്ത്രീകൾക്കും, പുരുഷൻമാർക്കും ഓരോ അഗതി മന്ദിരം വീതം പുതുതായി ആരംഭിക്കുക. അവിടെ സഹായിയുടെയും, നേഴ്സിന്റെയും തസ്തികകൾ അനുവദിക്കുക. (3) അഗതി മന്ദിരങ്ങളിൽ സ്ഥിരം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുക.	(1)സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അർഹരായ എല്ലാവർക്കും വിതരണം ചെയ്യുക. (2)അവിവാഹിത അമ്മമാരുടെ പുനരധിവാസ പദ്ധതികൾ. (3) ഭിന്നശേഷി സൗഹൃദ പദ്ധതികൾ നടപ്പാക്കുക.	വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംഘടനകൾ
വനാശ്രിതത്വം	(1) വനാവകാശകമ്മറ്റികൾ ശാക്തീകരിക്കുക. സാമൂഹ്യ വനാവകാശ കമ്മറ്റികൾ രൂപീകരിച്ച് നടപടികൾ പൂർത്തീകരിക്കുക. വന സംരക്ഷണ പ്രവർത്തനങ്ങൾ വനാവകാശ കമ്മറ്റികൾ മുഖേന നടപ്പിലാക്കുക. (2)വന്യമൃഗങ്ങളാലുള്ള അപമൃത്യു തടയാനായി റെയിൽ ഫെൻസിങ്ങ് ഏർപ്പെടുത്തുക.	(1)വനസംരക്ഷണ പ്രവർത്തികൾ വനാവകാശ കമ്മറ്റികൾ മുഖേന നടപ്പാക്കുക. (2) വനവിഭവങ്ങൾ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി ബ്രാന്റ് ചെയ്ത് വിപണനം നടത്തുക. (3)വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക പദ്ധതികൾ നടപ്പാക്കുക.	വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
കലാസാംസ്കാരികം	(1) ജില്ലയിലെ പ്രധാന സർക്കാർ പരിപാടികളിൽ പട്ടികവർഗ്ഗ കലാപരിപാടികൾ നടത്താൻ അവസരം നൽകുക. (2)പട്ടികവർഗ്ഗ കലാ സംഘങ്ങൾക്ക് നിശ്ചിത തുക പ്രതിവർഷം ഗ്രാന്റായി നൽകുക. (3)വയനാട്ടിൽ ഒരു ഫോക്ക്ലോർ അക്കാദമി ആരംഭിക്കുക. (4)എല്ലാ മോഡൽ സ്കൂളുകളിലും സ്പെഷ്യൽ അദ്ധ്യാപകരുടെ സ്ഥിരം തസ്തികകൾ അനുവദിക്കുക.	(1) കഴിവുള്ളവരെ കണ്ടെത്തി സ്കൂൾ തലം മുതൽ അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക. (2)കോളനികളിൽ ആർട്സ് & സ്പോർട്സ് ക്ലബുകൾ, ഗ്രന്ഥശാലകൾ മുതലായവ ആരംഭിച്ച് കലാസാംസ്കാരിക പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക. (3)ഇത്തരം സംഘങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ/വസ്ത്രങ്ങൾ വാങ്ങി നൽകുക.	വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
അവികസിത മേഖലകൾ	ജില്ലയിലെ അവികസിത മേഖലകൾ കണ്ടെത്തി വികസനത്തിനായി മൈക്രോപ്ലാനുകൾ അടിസ്ഥാനമാക്കി പ്രത്യേക പരിരക്ഷയും, പദ്ധതിയും ഏർപ്പെടുത്തുക.	(1)അവികസിത മേഖലകൾ കണ്ടെത്തി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. (2)അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പരിഗണന നൽകുക.	വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
ഊരു കൂട്ടങ്ങളുടെ ശാക്തീകരണം	–	ഊരുകൂട്ടങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ കൃത്യമായി നടത്തുക.	വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

4.19.14. സംഗ്രഹം

ഇന്ത്യയുടെ കുലീനമായ ദേശീയദൗത്യങ്ങളിലൊന്നാണ് ഇന്ത്യൻ ജനസംഖ്യയുടെ അഞ്ചിലൊന്നോളം വരുന്ന പട്ടികജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിച്ച് അവരെ പുരോഗതിയുടെ മുഖ്യധാരയിലെത്തിക്കുക എന്നത്. ആ ലക്ഷ്യം നേടുന്നതിനായി ആവിഷ്ക്കരിച്ച നിരവധി പദ്ധതികളിലൊന്നാണ് ഇന്ന് പട്ടികജാതി ഉപപദ്ധതി എന്നറിയപ്പെടുന്ന പ്രത്യേക ഘടക പദ്ധതി. സംസ്ഥാന ബജറ്റിന്റെ പത്തുശതമാനത്തോളം പ്ലാൻഫ ് മാറ്റിവച്ചുകൊ ് ഗവൺമെന്റ് അത്യന്തം പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്ന പട്ടികജാതി വികസനമെന്ന അജ , അധികാരവികേന്ദ്രീകരണ സമ്പ്രദായത്തിലൂടെ ഏറ്റവും താഴെത്തട്ടിൽ നിർവഹിക്കപ്പെടുന്നു എന്നുറപ്പുവരുത്തുന്നതിനൊപ്പം വയനാട് ജില്ലയുടെ സകലമേഖലകളിലുമുള്ള സമഗ്രപുരോഗതിയ്ക്കായുള്ള പ്രവർത്തനങ്ങളിൽ പട്ടികജാതിക്കാരുടെ വികസനവും ഉൾച്ചേർക്കുക എന്ന മഹത്തായ ദൗത്യമാണ് ജില്ലാപദ്ധതി മുന്നോട്ടു വയ്ക്കുന്നത്. പട്ടികജാതിക്കാരുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് വ്യക്തിപരമായും കുടുംബങ്ങൾക്കും അധിവാസകേന്ദ്രങ്ങൾക്കും സ്ഥാപനങ്ങളും സംഘടനകൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ സുസ്ഥിര സാമ്പത്തിക വികസനത്തിനും ആസ്തി വർദ്ധനവിനും ഉതകുന്ന പദ്ധതികളാണ് പ്രാദേശിക സർക്കാരുകൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കേ ത്. സുസ്ഥിര സാമ്പത്തിക വികസനത്തിനായി തൊഴിലും വരുമാനവർദ്ധവും ഉറപ്പുനൽകുന്ന പദ്ധതികൾക്കായിരിക്കണം പ്രഥമ പരിഗണന നൽകേ ത്. പദ്ധതികളുടെ രൂപീകരണത്തിലും നിർവഹണത്തിലും അവകാശാധിഷ്ഠിത സമീപനത്തിന് ഊന്നൽ നൽകേ തും പട്ടികജാതിക്കാരുടെ പങ്കാളിത്തം പരമാവധി ഉറപ്പുവരുത്തേ തുമാണ്.തദ്ദേശീയ ജനതയുടെ അവകാശ സംരക്ഷണത്തിനും അതിജീവനത്തിനും വേ ി, അവരുടെ അന്തസും സംസ്ക്കാരവും നിലനിർത്തുന്നതിനും പാരമ്പര്യ അറിവുകളും വിഭവങ്ങളും സംരക്ഷിക്കുന്നതിനും ഒപ്പം പുതിയ കാലത്തെ വിദ്യാഭ്യാസം, സംസ്ക്കാരം, ആരോഗ്യ പരിപാലനം, ആശയ വിനിമയ സംവിധാനങ്ങൾ അവരുടെ അറിവോടെ അവർക്കും അനുഭവവേദ്യമാക്കുന്നതിന് പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനുമായി സുതാര്യവും സമഗ്രവും സംയോജിതവുമായ നിർവ്വഹണ പരിപാടികൾ ആവിഷ്ക്കരിക്കുക.

***

സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം, വനിതകൾ, വയോജനങ്ങൾ,കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെണ്ടർ എന്നിവരുടെ വികസനം

സാമൂഹ്യ ക്ഷേമം, സാമൂഹ്യസുരക്ഷിതത്വം

4.20. വനിതാ വികസനം

4.20.1 ആമുഖം

സ്ത്രീകളുടെ ആരോഗ്യത്തിലും വിദ്യാഭ്യാസത്തിലും കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെങ്കിലും വികസന പ്രക്രിയയിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതോടൊപ്പം ആ പങ്കാളിത്തം അംഗീകരിക്കപ്പെടേ തു ്. സമൂഹത്തിന്റെ മുഖ്യധാരയിൽ സ്ത്രീകളെ സജീവമാക്കാനും അതിലൂടെ സാമൂഹ്യവികസനം ത്വരിതപ്പെടുത്തുന്നതിനുമുള്ള കാഴ്ചപ്പാടോടുകൂടിയ സമീപനമാണ് ഇതിനാവശ്യം. ജനകീയാസൂത്രണം തുടങ്ങിയ കാലം മുതൽ നാളിതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുെ ങ്കിലും സ്ത്രീശാക്തീകരണ മേഖലയിൽ ഇനിയും മുന്നോട്ടുപോവേ തു ്. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ ഒരു നിശബ്ദ വിപ്ളവത്തിന് തന്നെ ഇടയാക്കിയ കുടുംബശ്രീ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നിലവിലു ്. എങ്കിലും സാമ്പത്തിക പ്രവർത്തന മേഖലകളിൽ പിന്തള്ളപ്പെട്ടു പോയിട്ടുെ ന്നും സ്ത്രീ പീഡനങ്ങളും വിവേചനങ്ങളും നിലനിൽക്കുന്നുവെന്ന് മനസിലാവുന്നു. വയനാട് ജില്ലയിലെ കൗമാരപ്രായക്കാരായ പെൺകുട്ടികൾ, യുവതികൾ, വിവാഹിതർ, അവിവാഹതരായ സ്ത്രീകൾ, വിധവകൾ, വൃദ്ധർ തുടങ്ങി വിവിധമേഖലകളിലുള്ള സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹീക പദവി, സാമ്പത്തിക സ്ഥിതി, ദാരിദ്ര്യനിർമാർജനം എന്നീ മേഖലകളിലെ ഉയർച്ച ലക്ഷ്യമിട്ടുകൊ ുള്ള പദ്ധതികൾ 13–ാം പഞ്ചവൽസര പദ്ധതിയിൽ ആവിഷ്ക്കരിക്കേ തു ്.

4.20.2. കുടുംബശ്രീ

കുടുംബശ്രീ മിഷൻ ദാരിദ്ര്യ നിർമ്മാർജ്ജന സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. ജില്ലയിൽ 9271 അയൽക്കൂട്ടങ്ങളിലായി 1.42 ലക്ഷം അംഗങ്ങളാണ് കുടുംബശ്രീയിലുള്ളത്. വയനാട് ജില്ലയിൽ 2017 – 18 വർഷത്തിൽ കാർഷിക – ചെറുകിട സംരംഭ മേഖലയിൽ സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊ ് ജീവനോപാധികൾ കെ ത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും കുടുംബശ്രീ അംഗങ്ങൾക്കിടയിൽ ചെയ്തു വന്നത്.

കാർഷിക മേഖലയിൽ ആറായിരത്തി അഞ്ഞൂറിൽ പരം ജെ.എൽ.ജികളിലായി മുപ്പത്തി അയ്യായിരത്തിലധികം കർഷകരാണ് കുടുംബശ്രീയിലുള്ളത്. ഇവർക്ക് ഏരിയാ ഇൻസെന്റീവ്, കാർഷിക വായ്പക്കുള്ള പലിശ സബ്സിഡി എന്നി ഇനങ്ങളിലായാണ് പ്രധാനമായും സഹായം നൽകിയിട്ടുള്ളത്. മൃഗ സംരക്ഷണ മേഖലയിലും പലിശ സബ്സിഡിയോടു കൂടിയുള്ള വായ്പാ സഹായങ്ങളാണ് നൽകിയിട്ടുള്ളത്.

ചെറുകിട സംരംഭ മേഖലയിൽ മുന്നൂറിലധികം സംരംഭങ്ങളാണുള്ളത്. ഇതിൽ തെരഞ്ഞെടുക്കപ്പെട്ടവക്ക് ടെക്നോളജി ഫ ്, ടെക്നോളജി അപ്ഗ്രഡേഷൻ ഫ ്, ര ാം ഘട്ട

ധനസഹായം, റിവോൾവിംഗ് ഫ ്, ഇന്നവേഷൻ ഫ ് തുടങ്ങിയവ നൽകി വരുന്നു. ഇതിനു പുറമെ നാന്നൂറോളം വരുന്ന വ്യക്തികൾക്ക് വിവിധ തൊഴിൽ മേഖലയിൽ നൈപുണ്യ പരിശീലനം നൽകി. പുതുതായി രൂപീകരിക്കുന്ന സംരംഭങ്ങൾക്ക് പലിശ സബ്സിഡിയോടുകൂടിയ വായ്പയും ലഭ്യമാക്കുന്നു ്.

1. വിപണന മേഖലകളിൽ ഉൽപ്പാദകരെ സഹായിക്കുന്നതിനായി വിവിധ തരം മേളകൾ, ആഴ്ച ചന്തകൾ, ഉത്സവകാല ചന്തകൾ എന്നിവയും നടത്തി വരുന്നു. ലഘുസമ്പാദ്യ വായ്പാ മേഖലയിൽ അയൽക്കൂട്ട പലിശ സബ്സിഡി, മാച്ചിംഗ് ഗ്രാന്റ് എന്നിവ നൽകി വരുന്നു.
2. ഇതിനു പുറമെ പ്രത്യേകം പരിഗണിക്കപ്പെടേ വിഭാഗങ്ങളായ വയോജനങ്ങൾ, വികലാംഗർ, അരിവാൾ രോഗികൾ, ഭിന്ന ലിംഗക്കാർ തുടങ്ങിയവരുടെ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് കോർപ്പസ് ഫ ് ധനസഹായവും നൽകി വരുന്നു. ആദിവാസി അയൽക്കൂട്ടങ്ങൾക്കും കോർപ്പസ് ഫ ും നൽകുന്നു ്. എൻ.ആർ.എൽ.എം, കുടുംബശ്രീ സംസ്ഥാന മിഷൻ എന്നിവയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ എം.ഐ.എസിൽ ജില്ലയിലെ മുഴുവൻ അയൽക്കൂട്ടങ്ങളിലെയും അംഗങ്ങളുടെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തി വരുന്നു. എൻ.ആർ.എൽ.എം പദ്ധതിയുടെ ഭാഗമായി ദരിദ്ര്യ വിഭാഗങ്ങൾ കൂടുതലുള്ള അയൽക്കൂട്ടങ്ങൾക്ക് വൾനറബിലിറ്റി റിഡക്ഷൻ ഫ ും, എ.ഡി.എസുകൾക്ക് റിവോൾവിംഗ് ഫ ും അനുവദിക്കുന്നു. അയൽക്കൂട്ടങ്ങളുടെയും, സംരംഭങ്ങളുടെയും കണക്കുകളും രേഖകളും കൃത്യമാക്കുന്നതിന് ജില്ലാ മിഷന് കീഴിലുള്ള കാസ്സ് ടീമിന്റെ നേതൃത്വത്തിൽ ഓഡിറ്റിംഗ് സമയ ബന്ധിതമായി നടത്തുന്നു.
3. ജില്ലയിലെ 26 സി.ഡി.എസുകളുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സി.ഡി.എസ് ചെയർപേഴ്സൺമാർ, അക്കൗ ന്റുമാർ എന്നിവർക്ക് ഹോണറേറിയവും, സി.ഡി.എസിനുള്ള ഭരണ നിർവ്വഹണ ഗ്രാന്റും കുടുംബശ്രീ ജില്ലാ മിഷൻ വഴിയാണ് നൽകുന്നത്. ഇതിനു പുറമെ സ്ത്രീ ശാക്തീകരണ രംഗത്ത് വിവിധങ്ങളായ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. വൾനറബിലിറ്റി മാപ്പിംഗ്, സ്നേഹിത ജെന്റർ ഹെൽപ് ഡെസ്ക് ജെന്റർ റിസോഴ്സ് സെന്റർ തുടങ്ങിയവ ഇതിൽ പെടുന്നു.
4. മാനസ്സിക – ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ബഡ്സ്, ബി.ആർ.സി പദ്ധതിക്കും, പരാശ്രയമില്ലാതെ കഴിയുന്നവർക്കായി നടപ്പാക്കുന്ന ആശ്രയ പദ്ധതിക്കുമുള്ള സാമ്പത്തിക പിന്തുണയും നൽകി വരുന്നു. ബാലസഭാ കുട്ടികൾക്കായുള്ള സ്പെഷ്യൽ ക്യാമ്പുകൾ, ബാലപഞ്ചായത്ത്, പഠനയാത്രകൾ, സഹവാസ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിക്കുന്നു. ഇതിനു പുറമെ ജില്ലാ തല തനത് പദ്ധതികളും ചെയ്തു വരുന്നു ്.
5. ഗോത്രമേഖലയിൽ അയൽക്കൂട്ട രൂപീകരണത്തിനും, ശാക്തീകരണത്തിനും പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു. പട്ടിക സുസ്ഥിര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അയൽക്കൂട്ടങ്ങൾക്കും ജെ.എൽ.ജികൾക്കും കോർപ്പസ് ഫ ് പ്രത്യേകം നൽകുന്നു. അയൽക്കൂട്ട രൂപീകരണം, ശാക്തീകരണം എന്നിവ കാര്യക്ഷമമാക്കുന്നതിനായി ആനിമേറ്റർമാരുടെ സേവനവും ഉറപ്പാക്കിയിട്ടു ്. ഗോത്രമേഖലയിൽ മാത്രമായി യുവജന ക്ലബ്ബുകൾ, കലാസംഘങ്ങൾ എന്നിവ രൂപീകരിക്കുന്നു. ഊര് അദാലത്ത്, അയൽക്കൂട്ട

സംഗമം, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു ്. തെരഞ്ഞെടുത്ത ഊരുകളിൽ മാതൃകാ ഊര് പദ്ധതിയും നടത്തുന്നു.

4.20.2.1. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

4..20.2.1.1. .എം.കെ.എസ്.പി (മഹിളാ കിസാൻ സശാക്തീകരൺ പര്യോജന)

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപപദ്ധതിയാണ് എം.കെ.എസ്.പി (മഹിളാ കിസാൻ സശാക്തീകരൺ പര്യോജന. സ്ത്രീകൾക്കിടയിൽ കൃഷി സംസ്കാരം വളർത്തുകയും അതുവഴി ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുക എന്നുള്ളതുമാണ് എം.കെ.എസ്.പി പദ്ധതി ലക്ഷ്യമിടുന്നത്. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ജെ.എൽ.ജി (കൂട്ടു ബാധ്യതാ സംഘം) രൂപീകരിക്കുകയും അവർക്ക് 4 ശതമാനം പലിശ നിരക്കിൽ കൃഷി ആവശ്യങ്ങൾക്കായി ബാങ്ക് വായ്പ ലഭ്യമാക്കുകയും തുടർന്ന് കൃഷിയിൽ വിദഗ്ദ പരിശീലനം നൽകുകയും ചെയ്ത് ജെ.എൽ.ജി ഗ്രൂപ്പുകളിലൂടെ കൃഷി രംഗത്ത് ഇടപെടുകയാണ് എം.കെ.എസ്.പിയിലൂടെ ചെയ്യുന്നത്. എല്ലാ സി.ഡി.എസിനു കീഴിലും ഇതിനായി എഫ്.എഫ്.സി (ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ) ആരംഭിച്ചിട്ടു ്.

4..20.2.1.2. മൈക്രോ ഫിനാൻസ് (എം.എഫ്)

- **റിവോൾവിംഗ് ഫ ് –** മൊത്തം സമ്പാദ്യം വർദ്ധിപ്പിക്കുന്നതിനും ആന്തരിക വായ്പ ത്വരിതപ്പെടുത്തുന്നതിനും റിവോൾവിംഗ് ഫ ് ഉപകരിക്കുന്നു. നിശ്ചിത മാനദണ്ഡപ്രകാരം അർഹതപ്പെട്ട അയൽക്കൂട്ടങ്ങൾക്ക് പതിനയ്യായിരം രൂപ വരെ നൽകാവുന്നതാണ്
- **അയൽക്കൂട്ട സബ്സിഡി സ്കീം**

  എൻ.ആർ.എൽ.എം പദ്ധതി പ്രകാരം ബാങ്ക് ലിങ്കേജ് നടത്തുന്ന അയൽക്കൂട്ടങ്ങൾക്ക് മൂന്നര ലക്ഷം രൂപ വരെ ലോൺ എടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് 7 ശതമാനം കിഴിച്ച് ബാക്കി പലിശ സബ്സിഡി അതാത് അയൽക്കൂട്ടങ്ങളുടെ ലോൺ അക്കൗ ിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതാണ്.
- **സി.ഇ.എഫ് (കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫ ്) –** ചെറിയ രീതിയിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനും മറ്റു സാമൂഹ്യ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും സംരംഭങ്ങൾക്ക് ആവശ്യം വരുന്ന സന്ദർഭങ്ങളിൽ വായ്പയായി നൽകുന്ന ധനസഹായമാണ് സി.ഇ.എഫ്.

4..20.2.1.3. പട്ടിക വർഗ്ഗ വികസന പദ്ധതി

ജില്ലയിലെ എല്ലാ ഊരുകളിലും സമ്പൂർണ്ണ അയൽകൂട്ട രൂപീകരണത്തിനായി 95 ആനിമേറ്റർമാരെയും 2 എസ്.ടി കോ– ഓർഡിനേറ്റർമാരെയും നിയമിച്ചു. 2098 അയൽകൂട്ടങ്ങളിലായി 27135 അംഗങ്ങളു ്.

1. **ഗോത്രശ്രീ –** ഊരുകളിൽ അയൽക്കൂട്ടം രൂപീകരിക്കുകയും മൈക്രോ സംരംഭങ്ങൾ, ജെ.എൽ.ജി, ബാലസഭ, യൂത്ത് ക്ലബ് തുടങ്ങിയവ ആരംഭിക്കുകയും ചെയ്തു.
2. കമ്മ്യൂണിറ്റി കിച്ചൺ – തിരുനെല്ലി, കണിയാമ്പറ്റ, നൂൽപ്പുഴ എന്നീ പഞ്ചായത്തുകളിലായി കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി പ്രവർത്തനം നടത്തുന്നു. മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തക്കൾക്ക്

അയൽകൂട്ടങ്ങളുടെ മേൽനോട്ടത്തിൽ വൈകുന്നേരങ്ങളിൽ ഭക്ഷണം തയ്യാറാക്കി നൽകുന്നു.

3. തിരുനെല്ലി സ്പെഷ്യൽ പ്രൊജക്ട് – എല്ലാ ഊരുകളിലും സമ്പൂർണ്ണ അയൽകൂട്ട രൂപീകരണം, കോർപ്പസ് ഫ ് ലഭ്യമാക്കൽ, ബ്രിഡ്ജ് സ്കൂൾ, ഉപജീവനത്തിനായി സ്വയം തൊഴിൽ ലഭ്യമാക്കൽ തുടങ്ങിയവ നടത്തി വരുന്നു.

4..20.2.1.4. ഡി.ഡി.യു ജി.കെ.വൈ

ഗ്രാമീണ മേഖലയിലെ യുവതി യുവാക്കൾക്ക് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം) കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സാങ്കേതിക വൈദഗ്ദ്യ പരിശീലന പദ്ധതിയാണ് ഡി.ഡി.യു ജി.കെ.വൈ (ദീൻ ദയാൽ ഉപാദ്യായ ഗ്രാമീൺ കൗശല്യ യോജന). ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അർഹമായ തൊഴിൽ നൽകുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ഈ പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കഴ ത്തുന്ന ദരിദ്ര്യ കുടുംബങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള അംഗങ്ങളാണ് ഇതിന്റെ ഗുണഭോക്താക്കൾ. സ്ത്രീകൾ, പട്ടിക വർഗ്ഗക്കാർ, വൈകല്യമുള്ളവർ എന്നിവർക്ക് 45 വയസ്സുവരെ ഇളവ് അനുവദനീയമാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ തൊഴിലുറപ്പ് പദ്ധതികളിൽ 35 തൊഴിൽ വീതം ഓരോ വർഷവും പൂർത്തിയാക്കിയവർക്ക് മുൻഗണന.

സംസ്ഥാനത്തെ വിദഗ്ധ പരിശീലന സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ തൊഴിൽ ഉടമകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതനുസരിച്ച് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കമ്പനികൾ, തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, സർക്കാർ – അർദ്ധ സർക്കാർ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെട്ട് കുടുംബശ്രീയുമായി സഹകരിക്കുന്നത്. നിലവിൽ വയനാട് ജില്ലയിൽ 7 ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു ്.

മറ്റ് സേവനങ്ങൾ

- 100 ശതമാനം ജോലി ഉറപ്പുവരുത്തുന്നു
- പരിശീലന കാലയളവിൽ യാത്ര, ഭക്ഷണം, താമസം, യൂണിഫോം എന്നിവ സൗജന്യമായിരിക്കും
- പോസ്റ്റ് പ്ലെയ്സ്മെന്റ് സപ്പോർട്ട്
- കൗൺസലിംഗ് ട്രാക്കിംഗ്
- മൈഗ്രേഷൻ സപ്പോർട്ട് സെന്റർ
- കാൾ സെന്റേർസ്

4..20.2.1.5. എസ്.വി.ഇ.പി

ഗ്രാമീണ മേഖലയിൽ ദാരിദ്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട്കൊ ് കേന്ദ്രസർക്കാർ കുടുംബശ്രീ വഴി തെരഞ്ഞടുത്ത ബ്ലോക്കുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ് എസ്.വി.ഇ.പി (Startup Village Entrepreneurship Program). സ്വന്തമായും ഗ്രൂപ്പായും സംരംഭങ്ങൾ തുടങ്ങുവാനും വിജയകരമായി നടത്തുവാനും ഗ്രാമീണ ജനതയെ സഹായിച്ചുകൊ ് ദാരിദ്യത്തിൽ നിന്നും മോചിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പ്രാദേശിക തലത്തിൽ ധാരാളം പേർ വ്യത്യസ്തങ്ങളായ സംരംഭങ്ങൾ തുടങ്ങുന്നത് പുത്തൻ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് വഴി തെളിക്കും. കൂടാതെ വിപണിയുടെ വ്യാപനത്തിനും പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ വികസനത്തിനും അത് സഹായിക്കും. പനമരം ബ്ലോക്കിനെയാണ് എസ്.വി.ഇ.പി പദ്ധതി നടപ്പാക്കുന്നതിനായി വയനാട് ജില്ലയിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ളത്.

പട്ടിക.4.20.1

വയനാട് ജില്ലയിൽ കുടുംബശ്രീയുടെ 2016–17 സാമ്പത്തിക വർഷത്തെയും 30/9/2017 വരെയും ഉള്ള പ്രവർത്തന ചുരുക്കം

ഇനം	എണ്ണം					
	എസ്.സി		എസ്.ടി		മറ്റുള്ളവ	
	2016–17	2017–18 30/9/2017 വരെ	2016–17	2017–18 30/9/2017 വരെ	2016–17	2017–18 30/9/2017 വരെ
എത്ര കുടുംബശ്രീ എൻ എച്ച്ജി			2098	50	7241	7411
ആകെ മെമ്പർമാർ/ കുടുംബം			22838	523	115856	122282
ആകെ നിക്ഷേപം					115 കോടി	118 കോടി
ലോൺ നൽകിയത് മക്കളുടെ വിദ്യാഭ്യാസം/ മറ്റ് ആവശ്യങ്ങൾ					1410	
തുടങ്ങിയ തൊഴിൽ സംരംഭങ്ങൾ				26	680	
തുടങ്ങിയതിൽ നില നിൽക്കുന്നവ					320	
തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം					1600	

അവലംബം ; കുടുംബശ്രീ ജില്ലാ മിഷൻ, വയനാട്

4.20.3. ഭരണ രംഗത്തെ പങ്കാളിത്തം

73 74 ഭരണഘടനാ ഭേദഗതികൾ പ്രാദേശിക ഭരണരംഗത്ത് വൻ സ്ത്രീ മുന്നേറ്റത്തിന് സാഹചര്യമൊരുക്കി. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി പ്രാദേശിക വികസന പ്രവർത്തനങ്ങളിലെ സ്ത്രീപങ്കാളിത്തം വളരെ വർദ്ധിച്ചിട്ടു ്. കഴിഞ്ഞ പദ്ധതികളിലൂടെ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യംവച്ച്കൊ ് നടത്തിയ പ്രവർത്തനങ്ങളും സാമൂഹ്യരംഗത്തെ ഇടപെടലുകളും പഞ്ചായത്തീരാജ് നിയമ ഭേദഗതിയിലൂടെ ത്രിതല പഞ്ചായത്തുകളിൽ 50 ശത

മാനം സംവരണം ഏർപ്പെടുത്തിയതും സ്ത്രീകളുടെ അന്തസ് ഉയർത്തുന്നതിന് സഹായകരമായിട്ടു ്. സ്ത്രീപദവി ഉയർത്തുവാനാവശ്യമായ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രാദേശികമായി മുഴുവൻ സ്ത്രീകളെയും കോർത്തിണക്കേ ആവശ്യകതയു ്.

പട്ടിക.4.20.2
ജില്ലയിലെ ജനപ്രതിനിധികളുടെ വിവരം

ഇനം	സ്ത്രീകളുടെ എണ്ണം			പുരുഷൻമാരുടെ എണ്ണം			ആകെ
	SC	ST	Others	SC	ST	Others	
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനത്രിനിധികൾ –ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്ത്/മുൻസിപ്പാലിറ്റീ	3	59	237	19	46	218	582
നിയമസഭാ മണ്ഡലം	–	–	–	–	2	1	3
ലോകസഭാ മണ്ഡലം	–	–	–	–	–	1	1

4.20.4. ആരോഗ്യം

സ്വന്തം ആരോഗ്യത്തെക്കുറിച്ചുള്ള അശ്രദ്ധയും അറിവില്ലായ്മയും സ്ത്രീകളിൽ രോഗാതുരത വർദ്ധിക്കുന്നതിന് കാരണമാവുന്നു. ആദിവാസി മേഖലയിൽ വിവിധ വകുപ്പുകളുടെയും സന്നദ്ധ പ്രവർത്തകരുടെയും കൂടുതൽ ഇടപെടലുകൾക്ക് സംവിധാനമൊരുക്കുന്നത്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ 2015–16 ലെ കുട്ടികളുടെയും സ്ത്രീകളുടെയും ആരോഗ്യ–പോഷണ സ്ഥിതി സംബന്ധിച്ച സർവ്വെ–4 പ്രകാരം മാനവ വിഭവശേഷി വികസന സൂചികയിലെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായ ഘടകങ്ങൾ നിലനിൽക്കുന്നതായി കത്തിയ ഇന്ത്യയുടെ 113 ജില്ലകളിൽ കേരളത്തിൽ വയനാട് ജില്ല ഉൾപ്പെടുന്നുവെന്നത് ശ്രദ്ധേയമാണ്. 15–49 വയസ് പ്രായമുള്ള സ്ത്രീകളിൽ 32.3% പേർക്ക് അനിമിയ ബാധിച്ചതായി കത്തിയിരിക്കുന്നു.

4.20.5. അതിക്രമങ്ങൾ

കേരള സമൂഹത്തിൽ നിലനിൽക്കുന്ന അസമമായ ലിംഗപദവി ബന്ധത്തിന്റെ പ്രതിഫലനമാണ് സ്ത്രീകൾക്ക് നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങളിൽ കാണുന്നത്.

പ്രധാന പ്രശ്നങ്ങൾ

1. കുടുംബത്തിനുള്ളിൽതന്നെ പെൺകുട്ടികൾ ലൈംഗികപീഡനത്തിന് ഇരയാകുന്നു.
2. സ്ത്രീകൾക്ക് തൊഴിലിടങ്ങളിലും സ്വന്തം വീട്ടിലും അതിക്രമങ്ങളും ചൂഷണങ്ങളും നേരിടേ ിവരുന്നു.
3. തൊഴിലിടങ്ങളിലേയും പൊതുസ്ഥലങ്ങളിലേയും ചൂഷണങ്ങൾക്കെതിരെയും അതിക്രമങ്ങൾക്കെതിരെയും ബോധവൽക്കരണം നടത്തി കർമ്മശേഷിയും കാര്യപ്രാപ്തിയും വർദ്ധിപ്പിക്കേ തു ്.

4. സ്ത്രീധന സമ്പ്രദായം, പൊതു സ്ഥലങ്ങളിലെ സുരക്ഷിതത്വമില്ലായ്മ, വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം എന്നിവ പ്രധാന പ്രശ്നങ്ങളാണ്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ, സ്ത്രീകൾ അതിക്രമം നേരിടേ ി വരുന്ന സ്ഥലങ്ങൾ എന്നിവയുടെ വിവരം ചുവടെചേർക്കുന്നു.

പട്ടിക.4.20.3

ഗാർഹിക അതിക്രമം

നമ്പർ	വിവരങ്ങൾ	2016	2017
1	കോടതി വഴി ലഭിച്ചവ	209	234
2	നേരിട്ട് ലഭിച്ചവ	86	73
3	മറ്റുള്ളവ	2	27
4	ഒത്തുതീർപ്പായ പരാതികൾ	1	25

അവലംബം– വനിതാ പ്രൊട്ടക്ഷൻ ഓഫീസ്, വയനാട്

4.20.6. കൗമാരപ്രായക്കാരായ പെൺകുട്ടികൾ

മനുഷ്യജീവിതത്തിൽ ബാല്യത്തിൽനിന്നും കൗമാരത്തിലേക്കുള്ള പാലമാണ് കൗമാരം. ശാരീരികവും മാനസീകവും സാമൂഹീകവുമായ വ്യതിയാനങ്ങൾകൊ ് പ്രക്ഷുബ്ധമായ ഈ കാലഘട്ടം സവിശേഷ ശ്രദ്ധ അർഹിക്കുന്നു. ഈ സമ്പൂർണ്ണ പരിവർത്തനത്തെ യഥാവിധി കൈകാര്യം ചെയ്യുന്നതിന് കൗമാരത്തെ ഒരുക്കേ ത് സമൂഹത്തിന്റെ ചുമതലയാണ്. ജില്ല യിലെ 874 അങ്കണവാടി കേന്ദ്രങ്ങളിലും കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ക്ളബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. അങ്കണവാടി കേന്ദ്രങ്ങൾ മുഖേന പോഷകാഹാര വിതരണത്തിന് ഗ്രാമപഞ്ചായത്തുകൾ തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തുവരുന്നു. ഐസിഡിഎസ് പ്രൊജക്ടു തിരിച്ചുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ എണ്ണം ചുവടെചേർക്കുന്നു.

ക്രമ നം	ഐസിഡിഎസ് പ്രൊജക്ടിന്റെ പേര്	കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ	
		എണ്ണം	പോഷകാഹാരം ലഭിക്കുന്നവർ
1	കൽപ്പറ്റ	8186	1220
2	കൽപ്പറ്റ അഡീഷണൽ	7077	491
3	ബത്തേരി	6475	834
4	ബത്തേരി അഡീഷണൽ	3696	473
5	പനമരം	5380	842
6	പനമരം അഡീഷണൽ	6607	1395
7	മാനന്തവാടി	7776	780
8	മാനന്തവാടി അഡീഷണൽ	6530	934
ആകെ		51727	6969

അവലംബം ; ജില്ലാതല ഐസിഡിഎസ് സെൽ പ്രോഗ്രാം ഓഫീസിലെ 31/3/2018 ലെ റിപ്പോർട്ട്

പ്രധാന പ്രശ്നങ്ങൾ	പരിഹാര മാർഗങ്ങൾ	നേടാനാഗ്രഹിക്കുന്ന ലക്ഷ്യങ്ങൾ
കലാകായിക പ്രവർത്തനങ്ങൾ സാമ്പത്തിക ശേഷി കുറഞ്ഞ വർക്ക് അപ്രാപ്യമാണ്.	കൂടുതൽ അവസരങ്ങളും സ്ഥാനമാനങ്ങളും അംഗീകാരവും നൽകുക	എല്ലാ മേഖലകളിലും സമത്വം.
മൊബൈൽ ഇന്റർനെറ്റ് എന്നിവയുടെ ദുരുപയോഗം	പ്രശ്ന പരിഹാരത്തിന് പോലീസും മറ്റുദ്യോഗസ്ഥരും ശ്രദ്ധിക്കണം. ആൺകുട്ടികൾക്കും കൗൺസിലിംഗ് നൽകുക.	പുതിയ രീതിയിലുള്ള വിദ്യാഭ്യാസം. പ്രശ്നങ്ങൾ നേരിടുന്നതിനുള്ള ധൈര്യം. എവിടെയും പ്രതികരിക്കാൻ കഴിയുന്ന സ്ത്രീ സമൂഹം. ഉന്നത വിദ്യാഭ്യാസം, വരുമാനം ലഭിക്കുന്ന സ്ത്രീകൾ. എല്ലാ മേഖലയിലും വളരുന്ന സ്ത്രീകൾ.
കുടുംബത്തിൽനിന്നുള്ള അവഗണന.	സംരക്ഷണം ഉറപ്പു വരുത്തണം. പീഡിപ്പിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കണം.	

പ്രധാന പ്രശ്നങ്ങൾ	പരിഹാര മാർഗങ്ങൾ	നേടാനാഗ്രഹിക്കുന്ന ലക്ഷ്യങ്ങൾ
കുടുംബത്തിൽനിന്നുള്ള അവഗണന.	സംരക്ഷണം ഉറപ്പു വരുത്തണം. പീഡിപ്പിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കണം.	
അദ്ധ്യാപകരാലും ബന്ധുമിത്രാദികളാലും സഹോദരങ്ങളാലും സമപ്രായക്കാരാലും ശാരീരികവും മാനസീകവുമായ പീഡനം.	സ്ക്കൂളുകളിലും കോളേജുകളിലും കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുക. അങ്കണവാടികളിലെ കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ക്ളബ്ബുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക. കരിയർ ഗൈഡൻസും തൊഴിൽ പരിശീലനവും ഉറപ്പുവരുത്തുക. പീഡനങ്ങളും അതിക്രമങ്ങളും നിയമത്തിനു മുന്നിൽ കൊ ുവരുന്നതിന് ബോധവൽക്കരണവും സഹായങ്ങളും നൽകുക. കോളേജുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജനമൈത്രി പൊലീസ്/എക്സൈസ്/വനംവകുപ്പ് എന്നിവയുടെ ഇടപെടലുകൾ ശക്തമാക്കുക.	എവിടെയും പ്രതികരിക്കാൻ കഴിയുന്ന സ്ത്രീ സമൂഹം.
സ്വതന്ത്രമായി യാത്ര ചെയ്യാൻ കഴിയുന്നില്ല.		ഏത് സമയത്തും സാഹചര്യത്തിലും യാത്ര ചെയ്യുന്നതിനും സൗകര്യം ക്രമപ്പെടുത്തണം.
പാഠ്യപദ്ധതിയിൽ ലിംഗ തുല്യതയെന്ന ആശയം ഉൾപ്പെട്ടിട്ടുങ്കിലും പഠനാന്തരീക്ഷം പെൺകുട്ടി സൗഹൃദപരമല്ല.		പഠനത്തോടൊപ്പം തൊഴിൽ പരിശീലനം
കുടുംബാംഗങ്ങളുടെ മദ്യപാനം വീട്ടിലെ വഴക്കും വിശ്വസ്തതയോടെ പ്രശ്നങ്ങൾ തുറന്നു പറയാൻ കഴിയാത്ത അവസ്ഥയും.		സ്വയം പ്രതിരോധത്തിന് പ്രാപ്തരാക്കുക.
ആൺകുട്ടികൾക്ക് നൽകുന്ന പരിഗണന പെൺകുട്ടികൾക്ക് കിട്ടുന്നില്ല.		സമൂഹത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക.
ആദിവാസി വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നഷ്ടമാവുന്നു.		കരിയർ ഗൈഡൻസ്, വ്യക്തിത്വവികസനം, സാമൂഹീകാവബോധം. തൊഴിൽ പരിശീലനം
ലൈംഗികതയെക്കുറിച്ചുള്ള		

അറിവില്ലായ്മയും അതിക്രമങ്ങളും.		എന്നിവ സംബന്ധിച്ച പരിശീലന പരിപാടികൾ അങ്കണവാടികൾ കേനദ്രീകരിച്ച .ഗ് സംഘടിപ്പിച്ച് കാഴ്ചപ്പാടിലും മാറ്റം. സ്ത്രീകൾക്ക് മാത്രമായി നടപ്പാക്കുന്ന സ്ക്കോളർഷിപ്പുകൾ.
സമൂഹത്തിൽ അവജ്ഞയും ഒറ്റപ്പെടലും വിവേചനവും അനുഭവിക്കുന്ന ഭിന്നലിംഗ വിഭാഗക്കാർക്ക് ആത്മവിശ്വാസം നൽകി അന്തസ്സോടെ സമൂഹത്തിൽ ജീവിക്കാനുള്ള അവ

സരം സൃഷ്ടിക്കാൻ, വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും സംവരണം ഏർപ്പെടുത്തുക. കേരള സർക്കാർ പ്രഖ്യാപിച്ച ഭിന്നലിംഗ നയം ശരിയായ അർഥത്തിൽ നടപ്പിലാക്കി ഈ വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക, വിക സനപങ്കാളികളാക്കുക.

4.20.3.1.അവസ്ഥാ വിശകലനം

2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ 4.88 ലക്ഷം ഭിന്നലിംഗക്കാർ ഉ ന്ന് ക ത്തിയിട്ടു ്. അതിൽ 66% ഗ്രാമവാസികളാണ്. ഭിന്നലിംഗ സാക്ഷരത 46% ആണ്. (പൊതു വിഭാഗം 74%)

കേരളത്തിൽ 25000 ഭിന്നലിംഗക്കാരു ്. എന്നാൽ ഭൂരിപക്ഷം ആളുകളും അദൃശ്യ രായി കഴിയുകയാണ്. 4000 പേർ മാത്രമാണ് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിയിട്ടു ള്ളൂ.

സുപ്രീം കോടതി 2014 ഏപ്രിലിലാണ് ഭിന്നലിംഗക്കാരെ നിയമപരമായി അംഗീകരിച്ചത്. ഭിന്നലിംഗവിഭാഗത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവ രായി കണക്കാക്കി, വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ സംവരണം ഏർപ്പെടുത്തണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചു.

ഭിന്നലിംഗനയം പ്രഖ്യാപിച്ചതോടെ കേരളം രാജ്യത്തിനൊട്ടാകെ മാതൃകയായിരിക്ക യാണ്. ഭിന്നലിംഗക്കാർ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, പാർപ്പിടം തുടങ്ങി മിക്ക മേഖ ലകളിലും കടുത്ത വിവേചനം നേരിടുന്നു ന്ന് പ്രസ്തുത നയത്തിൽ സർക്കാർ വെളിപ്പെ ടുത്തുന്നു.

*ഭിന്നലിംഗക്കാരിൽ 54% ആളുകൾക്ക് പ്രതിമാസം 5000 രൂപയിൽ കുറഞ്ഞ വരുമാനമേ ഉള്ളൂ.

*11.6% പേർക്ക് മാത്രമേ സ്ഥിരവരുമാനമുള്ളൂ.

*പരിഹാസവും വിവേചനവും ഒറ്റപ്പെടലും കാരണം ഭിന്നലിംഗ വിദ്യാർഥികളിൽ 54% പേരും പത്താംതരം എത്തുന്നതിനു മുൻപ് പഠിത്തം നിർത്തുന്നു.

പട്ടിക4.20.3.

ഭിന്നലിംഗക്കാരിൽ ഭിന്നശേഷിക്കാർ (2015 ലെ കേരള വികലാംഗ സെൻസസ്

ജില്ല	**ഭിന്നശേഷിക്കാർ**
കാസർഗോഡ്	37
കണ്ണൂർ	66
വയനാട്	35
കോഴിക്കോട്	92
മലപ്പുറം	111
പാലക്കാട്	131
തൃശ്ശൂർ	111

എറണാകുളം	124
ഇടുക്കി	43
കോട്ടയം	56
ആലപ്പുഴ	69
പത്തനംതിട്ട	33
കൊല്ലം	128
തിരുവനന്തപുരം	153
ആകെ	**1189**

പട്ടികജാതി : 159, പട്ടികവർഗ്ഗം : 30, ഒ.ബി.സി. 685, മറ്റുള്ളവർ: 315)

- കേരളം ഭിന്നലിംഗക്കാർക്ക് റസിഡൻഷ്യൽ സ്ക്കൂൾ ആരംഭിച്ച ആദ്യ സംസ്ഥാനം.

കേരളസർക്കാർ 23 ഭിന്നലിംഗക്കാർക്ക് കേരള മെട്രോയിൽ ജോലി നൽകി. (വാടകവീട് ലഭിക്കാത്തതിനാൽ 8 പേർ ജോലി ഉപേക്ഷിച്ചു.)

* മെഡിക്കൽ കോളേജുകളിൽ ഭിന്നലിംഗക്കാർക്ക് പ്രത്യേകം ക്ളിനിക്കുകൾ കേരള സർക്കാർ ഏർപ്പെടുത്തുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ അത് ആരംഭിച്ചു കഴിഞ്ഞു: എല്ലാ മാസവും ആദ്യത്തെ ചൊവ്വാഴ്ച.

* കൂടാതെ, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ര ് സർജിക്കൽ വിങ്ങും ആരംഭിക്കും.

* ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി കേരള സർക്കാർ 2017–18 ലെ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടു ്.

4.20.3.2.വികസന വിടവുകൾ:

* ഭിന്നലിംഗക്കാർ മിക്കവരും അസ്പർശത കാരണം അദൃശ്യരായി ജീവിക്കുകയാണ്. അതുകൊ ുതന്നെ, ഈ വിഭാഗത്തിൽ വയനാട് ജില്ലയിൽ എത്ര പേരുെ ന്ന് കൃത്യമായ കണക്ക് ലഭ്യമല്ല. 100 പേർ ഭിന്നലിംഗ വിഭാഗത്തിൽ ജില്ലിയിൽ ഉെ ന്നാണ് കണക്ക്.

* പെൻഷൻ, സ്ക്കോളർഷിപ്പ് തുടങ്ങിയ ക്ഷേമ പദ്ധതികൾക്കൊന്നും മതിയായ അപേക്ഷകർ ഇല്ല.

* തൊഴിൽ മേഖലയിൽ ആവശ്യമായ പരിശീലനവും നൈപുണ്യ വികസനവും നടക്കുന്നില്ല.

* ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ ബോധവത്ക്കരണം, ഭിന്നലിംഗ കുടുംബാംഗങ്ങൾക്ക് കൗൺസലിങ്ങ് എന്നിവയുടെ അഭാവമു ്.

4.20.3.3.വികസന സാദ്ധ്യതകൾ:–

* ഭിന്നലിംഗക്കാരുടെ ജില്ലാതല സെൻസസ് നടത്തുക.
* എല്ലാവർക്കും തിരിച്ചറിയൽ കാർഡ് നൽകുക.
* അപേക്ഷാ ഫോറങ്ങളിൽ ഭിന്നലിംഗം കോളം ചേർക്കുക.
* വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുക.

* അദ്ധ്യാപകർക്ക് ബോധവത്ക്കരണം നൽകുക.
* സാക്ഷരതാ പരിപാടിയിൽ ഭിന്നലിംഗക്കാരെ ഉൾപ്പെടുത്തുക.
* നൈപുണ്യ വികസന, തൊഴിൽ പരിശീലന പരിപാടികളിൽ ഭിന്നലിംഗക്കാരെയും ഉൾപ്പെടുത്തുക.
* ജില്ലാ, താലൂക്ക് ആശുപത്രികളിൽ ഭിന്നലിംഗക്കാർക്ക് മാസത്തിൽ ഒരു ദിവസം പ്രത്യേക ക്ളിനിക്ക് ഏർപ്പെടുത്തുക.
* ലിംഗമാറ്റ ശസ്ത്രക്രിയ നടത്താൻ ജില്ലാ ആശുപത്രിയിൽ സംവിധാനം ഒരുക്കുക.

4.20.3.4.സംയോജന സാദ്ധ്യതകൾ:–

സാക്ഷരതാ മിഷൻ പരിപാടിയും സാമൂഹ്യനീതി വകുപ്പിന്റെ ഐ.ഡി. കാർഡ് വിതരണം, പരിശീലനങ്ങൾ, നൈപുണ്യ വികസനം മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംയോജിപ്പിക്കാം.

4.20.3.5.മേൽത്തട്ട് നിർദ്ദേശങ്ങൾ:–

1. മാനന്തവാടി ജില്ലാ ആശുപത്രി, കൽപ്പറ്റ, ബത്തേരി താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഭിന്നലിംഗക്കാർക്ക് മാസത്തിലൊരു ദിവസം പ്രത്യേക ക്ളിനിക്ക് അനുവദിക്കുക.
2. മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഭിന്നലിംഗക്കാർക്ക് ലിംഗമാറ്റ ശസ്ത്രക്രിയക്കും മറ്റും പ്രത്യേക സർജിക്കൽ വാർഡ് അനുവദിക്കുക.

4.20.4.വയോജനക്ഷേമം

പട്ടിക4.20.4.

വികസന കാഴ്ചപ്പാട് – നേടിയെടുക്കാനുള്ള നിർദ്ദേശങ്ങൾ:–

വികസന കാഴ്ചപ്പാട്	അവ നേടിയെടുക്കാനുള്ള നിർദ്ദേശങ്ങൾ	ഏജൻസി	സംയോജന സാധ്യതകൾ
*വയോജനങ്ങളുടെ സ്വാതന്ത്ര്യം, പങ്കാളിത്തം, സംരക്ഷണം, സ്വയംപര്യാപ്ത, പരിഗണന എന്നിവ ഉറപ്പു വരുത്തിക്കൊ ് വാർദ്ധക്യകാലം സന്തോഷകരമാക്കുക. * വയോജനങ്ങളുടെ ജീവിതാനുഭവങ്ങളും വൈദഗ്ധ്യവും സമൂഹത്തിന് പ്രയോജനപ്പെടുന്ന തരത്തിൽ ഉപയോഗപ്പെടുത്തുക.	1.വയോജനങ്ങളുടെ ജീവിതദിശയിൽ സ്വന്തം വീട്ടിൽ (ഭാഗം ചെയ്തു കെ◌ു ത്തെങ്കിൽ പോലും) സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള അവകാശം ഉറപ്പു വരുത്തണം. നിലവിലുള്ള സീനിയർ സിറ്റിസൺസ് ആക്ട് പോലുള്ള നിയമങ്ങൾ കർശനമായി പാലിക്കപ്പെടണം. 2.വയോജനങ്ങളുടെ സാമൂഹ്യ സുരക്ഷ സമൂഹത്തിന്റെ ബാധ്യതയാണ്. അടുത്ത തലമുറയെ വളർത്തിയെടുന്നുന്നതിലും തൊഴിലെടുക്കുന്നതിലും ജീവിതത്തിന്റെ നല്ല് കാലം ചെലവഴിച്ചവരെ ആദരവോടെ കുടുംബത്തിൽത്തന്നെ നിലനർത്താനുള്ള അവബോധം യുവതലമുറയിൽ സൃഷ്ടിക്കണം. 3. ക്ഷേമപെൻഷനുകൾ കൃത്യമായി നൽകുക.	സർക്കാർ സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/പോലീസ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ “ “	സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പോലീസ് വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ സംയോജിച്ച് ബോധവൽക്കരണ പരിപാടികൾക്ക് രൂപം

*പട്ടിക വർഗ്ഗക്കാരായ മുതിർന്ന പൗര ന്മാർക്കിടയിൽ സാമ്പത്തികവും സാമൂഹികവുമായ അരക്ഷിതാവസ്ഥ ഉ ്. അതു മാറ്റി ഇത്തരം വയോജനങ്ങൾക്ക് ആത്മ വിശ്വാസവും സന്തോഷവും നൽകാൻ സാധിക്കണം.	4. ആരോഗ്യപ്രശ്നങ്ങൾ നേരിടാൻ മൊബൈൽ യൂണിറ്റുകൾ വഴിയും പാലിയെറ്റീവ് കെയർ യൂണിറ്റുകൾ വഴിയും വൈദ്യ സഹായവും മരുന്നും ലഭ്യമാക്കുക. 5. വാർഡു തലത്തിൽ (സേവാഗ്രാമം) വയോജന ക്ളബ്ബുകൾ/പകൽ കേന്ദ്രങ്ങശ രൂപീകരിക്കുക. അവിടെ ആയാസ രഹിതമായ തൊഴിലിൽ ഏർപ്പെടാനുള്ള സൗകര്യവും വേണം. കൂടാതെ യുവാക്കൾക്ക് മുതിർന്ന പൗരന്മാരുടെ അനുഭവപാഠങ്ങൾ പകർന്നുകൊടുക്കാനും ഇടം നൽകണം. ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ അംഗൺവാടകളോടനുബന്ധിച്ച് നടത്താം. 6. സാക്ഷരത/തുടർ സാക്ഷരത ഇവർക്കിടയിൽ ഫലപ്രദമാക്കുക. ക്ഷേമ പെൻഷനുകൾ കാലവിളംബമില്ലാതെ കൃത്യമായി നൽകുക. ഇത്തരം മുതിർന്ന പൗരന്മാരുടെ കരകൗശല/കൈത്തൊഴിൽ വൈദഗ്ധ്യം, വൈദ്യം, ഗോത്രസംസ്ക്കാരം, കലകൾ എന്നിവയിലെ പ്രാവീണ്യം/അറിവ് അന്യം നിന്നു പോകാതെ, വരും തലമുറയിലേക്ക് പകർന്നു കൊടുക്കാനുള്ള സാഹചര്യമൊരുക്കണം.	സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	നൽകണം. വിദ്യാഭ്യാസ വകുപ്പ്, സാംസ്ക്കാരിക വകുപ്പ്, പട്ടിക വർഗ്ഗ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്.

4.20.4.1.അവസ്ഥാവിശകലനം

കേരളജനതയുടെ 12.83% വയോജനങ്ങളാണ്. 2026 ആകുമ്പോഴേക്കും ഇത് 18.3 % ആയി വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. വയനാട് ജില്ലയിലെ വയോജനങ്ങളുടെ എണ്ണം 77184 ആണ്. ആരോഗ്യരംഗത്ത് സംസ്ഥാനത്തിനു ായ പുരോഗതി, ജനന, മരണ നിരക്കുകളിൽ വന്ന കുറവ്, ആയുർദൈർഘ്യം കൂടിയത് ഇവയെല്ലാം വയോജനസംഖ്യ വർദ്ധിക്കാൻ ഹേതുവായിട്ടു ്. പക്ഷെ ഇതോടൊപ്പം അവരുടെ പ്രശ്നങ്ങളും വർദ്ധിച്ചിട്ടു ്. കേരളത്തിൽ രൂപപ്പെട്ടുവന്ന അണുകുടുംബവ്യവസ്ഥയും, ചെറുപ്പക്കാർ ജോലി തേടി പുറത്തേക്ക് പോയതും, സ്ത്രീകളും വിദ്യാഭ്യാസത്തിനും തൊഴിലിനും വീടു വിട്ടിറങ്ങിയതും, ഒട്ടുമിക്ക വീടുകളിലും വയോജനങ്ങൾ മാത്രം അവശേഷിക്കുന്ന സ്ഥിതി സംജാതമാക്കി. തികച്ചും ഒറ്റപ്പെട്ട അവസ്ഥ. വയനാട്ടിലെ വയോജനങ്ങളിൽ ഏകദേശം 16 ശതമാനത്തോളം പട്ടിക വർഗ്ഗക്കാരാണ്. അവരുടെ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷവും വ്യത്യസ്തവുമാണ്.

ജില്ലയിലെ വിവിധ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പണി കഴിപ്പിച്ചിട്ടുള്ള നിരവധി പകൽവീടുകൾ നിലവിലു ്. ഇവയിൽ ഒട്ടു മിക്കവയും പ്രവർത്തനരഹിതമോ, ഭാഗികമായി മാത്രം പ്രവർത്തിക്കുന്നവയോ ആണ്. ഇവയിൽ മതിയായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുകയും വിനോദ, വിശ്രമോപാധികൾ നൽകുകയും ചെയ്യേ തായിട്ടു ്. വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ നിർമ്മിച്ചിട്ടുള്ള പകൽവീടുകളുടെ വിവരം താഴെ ചേർക്കുന്നു.

പട്ടിക4.20.5.

ക്രമനം.	തദ്ദേശഭരണസ്ഥാപനം	പകൽവീട് സ്ഥിതി ചെയ്യുന്ന സ്ഥലം	പകൽവീട് നിർമ്മിച്ച സ്ഥാപനം	ഇപ്പോഴത്തെ അവസ്ഥ
	കൽപ്പറ്റ മുനിസിപ്പാലിറ്റി	മുേ രി	കൽപ്പറ്റ നഗരസഭ	പ്രവർത്തിച്ചുവരുന്നു
	കോട്ടത്തറ	വെണ്ണിയോട്	കോട്ടത്തറ ഗ്രാമപഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	പടിഞ്ഞാറത്തറ	ചേര്യംകൊല്ലി	പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	തരിയോട്	ചെന്നലോട്	കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	പൊഴുതന	പൊഴുതന	പൊഴുതന ഗ്രാമപഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	വൈത്തിരി	വൈത്തിരി	ജില്ലാ പഞ്ചായത്ത് വയനാട്	പ്രവർത്തിച്ചുവരുന്നു
	മുപ്പൈനാട്	വാളത്തൂർ	കൽപ്പറ്റ ബ്ലോക്ക്	നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നു
	മുട്ടിൽ	മുട്ടിൽ	ജില്ലാ പഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	മീനങ്ങാടി	അപ്പാട്	ജില്ലാ പഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	അമ്പലവയൽ	പോത്തുകെട്ടി	എം.എൽഎ.ഫ	പ്രവർത്തിച്ചുവരുന്നു
	അമ്പലവയൽ	കടൽമാട് എസ്.ടി കോളനി	വയനാട് ജില്ലാ പഞ്ചായത്ത്	പണി പൂർത്തീകരിച്ചു
	നെന്മേനി	വരിക്കേരി	ജില്ലാപഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	നൂൽപ്പുഴ	മാറോട്	എം.എൽ.എ.ഫ	പ്രവർത്തി ആരംഭിച്ചു
	മുള്ളൻകൊല്ലി	സുരഭിക്കവല	മുള്ളൻകൊല്ലി	പ്രവർത്തിച്ചുവരുന്നു
	മുള്ളൻകൊല്ലി	ഇരിപ്പൂട്	മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്	പ്രവർത്തിച്ചവരുന്നു
	പുൽപ്പള്ളി	ആടിക്കൊല്ലി	പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	പുൽപ്പള്ളി	അമരക്കുനി	പുൽപ്പള്ളിഗ്രാമപഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	പുൽപ്പള്ളി	ചെറിയകുരിശ്	പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു

	പൂതാടി	ചെറുകുന്ന്	പൂതാടി ഗ്രാമ പഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	പനമരം	കൈപ്പാട്ടുകുന്ന്	പനമരം ബ്ലോക്ക് പഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	കണിയാമ്പറ്റ	കണിയാമ്പറ്റ	കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	വെള്ളമു	വെള്ളമു 8/4	മാനന്തവാടി ബ്ലോക്ക്	പ്രവർത്തിച്ചുവരുന്നു
	എടവക	എടവക	എടവക ഗ്രാമപഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	തവിഞ്ഞാൽ	അമ്പലക്കൊല്ലി	തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു
	തിരുനെല്ലി	തോൽപ്പെട്ടി	തിരുനെല്ലി	പ്രവർത്തിച്ചുവരുന്നു
	തിരുനെല്ലി	തിരുനെല്ലി	തിരുനെല്ലി	പ്രവർത്തിച്ചുവരുന്നു
	മാനന്തവാടി മുനിസി.	പഞ്ചാരകൊല്ലി	ജില്ലാ പഞ്ചായത്ത്	പ്രവർത്തിച്ചുവരുന്നു

അവലംബം– സാമൂഹ്യ നീതി വകുപ്പ്

പട്ടിക4.20.6.

വയനാട് ജില്ല–വയോജനങ്ങളുടെ കണക്ക് പ്രായത്തിന്റെ അടിസ്ഥാനത്തിൽ

ക്രമ നം	പഞ്ചായത്ത്/ മുൻസിപ്പാലിറ്റിയുടെ പേര്	60 നും 69 നുമിടയിൽ പ്രായമുള്ളവർ						70 നും 79 നുമിടയിൽ പ്രായമുള്ളവർ						80 നു മുകളിൽ പ്രായമുള്ളവർ					
		GEN		SC		ST		GEN		SC		ST		GEN		SC		ST	
		M	F	M	F	M	F	M	F	M	F	M	F	M	F	M	F	M	F
1	അമ്പലവൽ	983	1054	104	79	158	178	347	404	33	28	37	78	98	151	10	11	14	36
2	മീനങ്ങാടി	1058	967	45	64	286	256	373	374	12	17	130	113	123	143	0	3	29	26
3	നെൻമേനി	1187	1129	70	87	213	243	356	439	22	27	63	87	106	157	8	12	22	31
4	നൂൽപ്പുഴ	172	161	7	7	96	118	35	40	1	5	21	35	15	19	0	0	12	14
5	കണിയാമ്പറ്റ	835	904	28	25	249	233	186	230	8	9	60	67	71	103	1	2	14	18
6	മുള്ളൻകൊല്ലി	806	850	48	59	57	58	282	366	12	26	18	19	107	165	11	6	2	8
7	പനമരം	1067	1101	58	72	304	329	356	420	14	31	108	112	125	155	4	9	35	39
8	പുൽപ്പള്ളി	858	729	47	54	226	210	327	400	20	25	96	74	138	173	5	4	27	33
9	പൂതാടി	1226	1181	33	41	241	254	439	504	10	12	80	74	146	216	3	5	30	40
10	എടവക	1053	1079	31	47	102	125	347	375	16	11	58	49	128	191	9	4	27	35
11	തവിഞ്ഞാൽ	1000	1319	57	72	249	262	570	436	29	28	106	74	162	167	12	21	38	38
12	തിരുനെല്ലി	509	542	40	53	364	456	245	187	23	21	135	139	66	78	1	2	40	40
13	തൊർനാട്	634	637	31	46	151	141	40	237	225	11	12	49	77	112	4	2	26	14
14	വെള്ളമു	952	951	36	26	153	182	349	355	7	11	42	41	127	149	3	4	17	21
15	കോട്ടത്തറ	369	358	14	26	150	236	145	206	4	7	70	38	59	64	2	1	19	11
16	മേപ്പാടി	806	850	48	59	57	58	282	366	12	26	18	19	107	165	11	11	2	11
17	മൂപ്പൈനാട്	609	579	47	67	37	58	196	254	7	17	13	23	52	103	3	9	0	7
18	മുട്ടിൽ	841	795	42	53	132	156	283	368	10	17	60	71	105	134	11	7	16	28
19	പടിഞ്ഞാറ	737	707	68	71	87	94	231	230	26	24	18	25	66	97	8	9	10	12

	ത്തറ																		
20	പൊഴുതന	361	425	41	47	123	125	89	147	11	14	25	15	18	57	2	7	4	11
21	തരിയോട്	286	277	15	23	82	117	105	159	3	2	24	20	48	109	1	1	8	11
22	വെങ്ങപ്പള്ളി	277	278	8	11	93	98	80	96	0	3	16	26	40	57	0	0	10	14
23	വൈത്തിരി	396	479	77	115	30	32	143	203	24	37	2	8	35	72	7	13	3	0
	ആകെ	17022	17352	995	1204	3640	4019	5806	6796	529	409	1212	1256	2019	2837	116	143	405	498
24	മാനന്തവാടി	1293	1243	56	66	208	235	444	432	25	20	85	122	141	183	4	5	33	46
25	ബത്തേരി	1027	979	72	62	175	160	307	395	9	14	47	51	132	186	2	6	30	33
26	കൽപ്പറ്റ	760	788	85	65	96	130	179	219	11	31	23	35	54	82	8	8	5	19
	ആകെ	3080	3010	213	193	479	525	930	1046	45	65	155	208	327	451	14	19	68	98
	ജില്ലയിൽ ആകെ	**20102**	**20362**	**1208**	**1397**	**4119**	**4544**	**6736**	**7842**	**574**	**474**	**1367**	**1464**	**2346**	**3288**	**130**	**162**	**473**	**596**

	60 നും 69 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ	26303	70 നും 79 നും ഇടയിൽ -സ്ത്രീകൾ	9780	80 വയസ്സിനു മുകളിൽ -സ്ത്രീകൾ	4046
	60 നും 69 നും ഇടയിൽ പ്രായമുള്ള പുരുഷൻമാർ	25429	70 നും 79 നും ഇടയിൽ -പുരുഷൻമാർ	8677	80 വയസ്സിനു മുകളിൽ - പുരുഷൻമാർ	2949
	ആകെ	51732	ആകെ	18457	ആകെ	6995
	വയോജനങ്ങൾ–സ്ത്രീകൾ	40129	വയോജനങ്ങൾ–പുരുഷൻമാർ	37055	വയോജനങ്ങൾ–ആകെ	77184

അവലംബം– സാമൂഹ്യ നീതി വകുപ്പ്

4.20.4.2.വികസന വിടവുകൾ/പ്രശ്നങ്ങൾ:–

- വയോജനങ്ങളുടെ ഒറ്റപ്പെടലിനും അവഗണനയ്ക്കും പരിഹാരം കാണാൻ, സാമൂഹ്യ സുരക്ഷിതത്വത്തിന് ഫലപ്രദമായ പദ്ധതികൾ രൂപപ്പെടുത്താൻ സാധിച്ചിട്ടില്ല.
- തൊഴിൽ ചെയ്യാനുള്ള ആരോഗ്യമില്ലാത്തതും വരുമാനം കുറയുന്നതും വയോജനങ്ങളുടെ സാമ്പത്തിക ഭദ്രത ഇല്ലാതാക്കുന്നു.
- ക്ഷേമപെൻഷനുകൾ കൃത്യമായി ലഭിക്കുന്നില്ല.
- ആരോഗ്യപ്രശ്നങ്ങൾ കാരണം ചികിത്സക്കും മരുന്നിനും കടം വാങ്ങേ തായി വരുന്നു.

- ഒറ്റപ്പെട്ട ജീവിതം നയിക്കുന്ന വയോജനങ്ങൾക്ക് സുരക്ഷാ ഭീഷണി നേരിടേ ിവരു ന്നു.
- വയോജനങ്ങളിൽ പുരുഷന്മാരേക്കാൾ കഷ്ടത അനുഭവിക്കുന്നത് സ്ത്രീകളാണ്. സ്വത്ത് ഭർത്താവിന്റെയോ മക്കളുടെയോ പേരിലായിരിക്കുമെന്നതും ധനപരമായ കാര ്യങ്ങളിലെ അറി വില്ലായ്മയും ഇതിനു കാരണമാണ്.
- പട്ടികവർഗ്ഗ വിഭാഗങ്ങളിലെ മുതിർന്ന പൗരന്മാർക്ക് സാമ്പത്തികവും സാമൂഹികവുമായ ഭദ്രത ഇല്ല.
- പട്ടികവർഗ്ഗ വിഭാഗങ്ങളിലെ മുതിർന്ന പൗരന്മാരുടെ നാട്ടറിവും തൊഴിൽ നൈപുണ ്യവും വരും തലമുറയിലേക്ക് പകർന്ന്കൊടുക്കാനുള്ള സംവിധാനമില്ല.
- ഗോത്രസംസ്ക്കാരത്തിന് മുതൽക്കൂട്ടായേക്കാവുന്ന നാടൻപാട്ടുകൾ, കലകൾ, ആചാര ങ്ങൾ, വൈദ്യം എന്നിവ സംരക്ഷിക്കപ്പെടാൻ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ മുതിർന്ന പൗരന്മാരെ പ്രയോജനപ്പെടുത്തുന്നില്ല.

മേൽത്തട്ട് നിർദ്ദേശങ്ങൾ:

സർക്കാർ	തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ
1. നിലവിലുള്ള സംരക്ഷണ നിയമങ്ങൾ മുതിർന്ന പൗരന്മാരുടെ സംരക്ഷണ ത്തിനായി കൃത്യമായി പാലിക്കപ്പെടു ന്നു ് എന്നുറപ്പു വരുത്തുക. 2. ക്ഷേമപെൻഷനുകൾ മുടക്കമില്ലാതെ ലഭ്യമാക്കുക 3. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വയോജന ങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക. 4. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വയോജന ങ്ങളുടെ കൈത്തൊഴിൽ, കരകൗശലം, വൈദ്യം, ഗോത്രാചാരങ്ങൾ, ഗോത്ര സംസ്കൃതി എന്നിവയിലുള്ള അറിവ് വരുംതലമുറയിലേക്ക് കൈമാറാനും സംരക്ഷിക്കാനുമുള്ള നടപടി കൈക്കൊള്ളുക. 5. വയോജന സ്ത്രീകൾക്കായി, പ്രത്യേകിച്ചും വിധവകളും തനിച്ചു ജീവിക്കു ന്നവരുമായവർക്കായി പ്രത്യേക സംര ക്ഷണ പാക്കേജ് രൂപപ്പെടുത്തുക.	1. സമൂഹത്തിലെ മുതിർന്ന പൗരന്മാരെ സംര ക്ഷിക്കാനും ആദരിക്കാനും യുവതലമു റയെ ബോധവത്ക്കരിക്കുക. 2. പഞ്ചായത്ത് വാർഡ് തലത്തിൽ വൈദ്യസ ഹായവും മരുന്നും ലഭ്യമാക്കാനുള്ള സംവിധാനം ഓരോ പഞ്ചായത്തിലും ഏർപ്പെടുത്തുക. മൊബൈൽ യൂണിറ്റുക ളുടെയും പാലിയേറ്റീവ് കെയർ യൂണിറ്റുക ളുടെയും സേവനം ഇതിനായി ലഭ്യമാക്കു ക. മാസത്തിൽ ഒരിക്കലെങ്കിലും (പ്രതേ ്യകിച്ച് പട്ടികവർഗ്ഗക്കാർക്ക്), താമസിക്കുന്നി ടത്ത് വൈദ്യസഹായം ഉറപ്പു വരുത്തുക. 3. വാർഡ് തലത്തിൽ വയോജന കൂട്ടായ്മ ഉ ാക്കുക. സേവാഗ്രാം മാതൃകയിൽ പകൽ സമയത്ത് ചെറിയ തൊഴിലുകളിൽ ഏർപ്പെടാനും മുതിർന്നവരുടെ പരിചയവും അനുഭവവും പങ്കു വയ്ക്കാനും യുവതലമു റയ്ക്ക് പകർന്നു നൽകുവാനും സാഹചര്യ മൊരുക്കുക. ഇത് ഒറ്റപ്പെടലും അവഗണനയും ഏറെ ക്കുറെ ഇല്ലാതാക്കും. 4. സാക്ഷരത/തുടർസാക്ഷരത പരിപാടികൾ പട്ടികവർഗ്ഗ വയോജനങ്ങൾക്കിടയിൽ ഊർജ്ജിതപ്പെടുത്തുക.

4.20.4.3.സംഗ്രഹം

വികസനം ഒരു തുടർപ്രക്രിയയാണ്. അത് മുരടിപ്പില്ലാതെ എപ്പോഴും ചലനാത്മകമായിരിക്കണം. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടി എഴുപത് വർഷം പിന്നിടുമ്പോഴും ദാരിദ്ര്യനിർമ്മാർജ്ജനയജ്ഞം തുടരുകയാണ് എന്നത് പ്രശ്നത്തിന്റെ ആഴവും പദ്ധതി നടത്തിപ്പിലെ പാളിച്ചയും വെളിവാക്കുന്നു. അവശ ജനവിഭാഗങ്ങളുടെ പ്രശ്ന പരിഹാരത്തിന് പദ്ധതി ആസൂത്രണം മാത്രം പോര. പദ്ധതികൾക്ക് പ്രായോഗിക രൂപം നൽകുന്ന ഘട്ടത്തിൽ ഇച്ഛാശക്തിയും സേവന മനോഭാവവും അധ്വാനവും കൂടിച്ചേർന്നാൽ അത്ഭുതങ്ങൾ സൃഷ്ടിക്കാം. സ്വപ്നങ്ങൾ യാഥാർഥ്യമാക്കാം.

****

ജില്ലാ ആസൂത്രണ സമിതി വയനാട്

ജില്ലാപദ്ധതി
വയനാട്

ഭാഗം–2

2018

ജില്ലാ ആസൂത്രണ സമിതി വയനാട്

നവകേരളത്തിന് ജനകീയാസൂത്രണം

ജില്ലാ പദ്ധതി

വയനാട്

ഭാഗം 2

ജില്ലാ ആസൂത്രണ സമിതി
വയനാട്

ഉള്ളടക്കം

അദ്ധ്യായം 5.	കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും	1–40
അദ്ധ്യായം 6.	തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും.	41–90
അദ്ധ്യായം 7.	പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും	91–105

അധ്യായം 5

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും.

2016 – 17 സാമ്പത്തിക വർഷം 208 സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് വകയിരുത്തിയ തുക 292.88 കോടി രൂപയും ചെലവഴിച്ച തുക 289.15 കോടി രൂപയും 45 കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വകയിരുത്തിയ തുക 149.59 കോടി രൂപയും ചെലവഴിച്ച തുക 139.26 കോടി രൂപയുമാണ്. ജില്ലയിലെ വിവിധ വകുപ്പുകളുടെ കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

5.1 കൃഷി

2016–17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച 4135.15554 ലക്ഷം രൂപയിൽ 4135.15554 ലക്ഷം രൂപയും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച 440.62174 ലക്ഷം രൂപയിൽ 440.62174 ലക്ഷം രൂപ ചെലവഴിച്ചു.പദ്ധതിയേതര ഇനത്തിൽ ലഭിച്ച 763.93538 ലക്ഷം രൂപയിൽ 763.93136 ലക്ഷം രൂപയും ചെലവഴിച്ചു. ഈ സാമ്പത്തിക വർഷം ജില്ലയുടെ കാർഷിക വികസനത്തിനായി ആകെ അനുവദിച്ച 5339.71266 ലക്ഷം രൂപയിൽ 5339.70864 (99.99%) ലക്ഷം രൂപ വിനിയോഗിച്ചു.

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)	ഭൗതിക ലക്ഷ്യം	ഭൗതികനേട്ടം
1	സുസ്ഥിര നെൽ കൃഷി വികസനം	213.8472	213.8472	8878.967 ഹെക്റ്റർ	8417.167 ഹെക്റ്റർ
2	സ്ഥണ്തണിംഗ് ഓഫ് അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ ആൻഡ് സൈബർ എക്സ്റ്റൻഷൻ	121.17876	121.1787	75 no	75 no
3	അഗ്രോ സർവീസ് സെൻറർ ആൻഡ് സർവീസ് ഡെലിവറി	22.0731	22.07314	4 no	4 no
4	അഗ്രോ സർവീസ് സെൻറർ ആൻഡ് സർവീസ് ഡെലിവറി	13	13		
5	വകുപ്പുതല ലബോറട്ടറി കളുടെ ആധുനിക വൽക്കരണം	5.8	5.8		
6	ജൈവകൃഷി	32.53334	32.5333	11 ക്ലസ്റ്റർ	11 ക്ലസ്റ്റർ
7	കേര ഗ്രാമം പദ്ധതി	149.6	149.9	500 ഹെക്റ്റർ	500 ഹെക്റ്റർ
8	സുഗന്ധവിള വികസന പദ്ധതി	239.5	239.5	1000 ഹെക്റ്റർ	1000 ഹെക്റ്റർ
9	വയനാട് പാക്കേജ്	1275.04	1275.04	15873 ഹെക്റ്റർ	15873 ഹെക്റ്റർ
10	പച്ചക്കറി കൃഷി വികസന പദ്ധതി	276.56	276.56	50 ക്ലസ്റ്റർ	50 ക്ലസ്റ്റർ

11	ക്രോപ്പ് ഹെൽത്ത് മാനേജ്മെൻറ് പദ്ധതി	20.33	20.33	80പേസ്റ്റ് സർവൈലൻസ് യൂണിറ്റ്	80 ക്ലസ്റ്റർ
12	മണ്ണിൻറെ ആരോഗ്യ പരിപാലനവും ഉൽപ്പാദന വർദ്ധനവും	22	22	3600കി ഗ്രാം മൈക്രോ ന്യൂട്രിയൻസ്	3600കി ഗ്രാം മൈക്രോ ന്യൂട്രിയൻസ്
13	മാർക്കറ്റ് വികസനം	1.9	1.9	4 നം	4 നം
14	പ്രകൃതി ക്ഷോഭ ദിരിതാശ്വാസം	1732.08	1732.08	15215 നം	15215 നം
15	ഓണം മാർക്കറ്റ്	9	9	16 നം	16 നം
16	ആത്മ പദ്ധതി	74.22	74.22		

നിർദേശങ്ങൾ

- വയനാട് ജില്ലക്ക് ആവശ്യമായ നെൽവിത്ത് ജില്ലയിൽ തന്നെ ഉൽപ്പാദിപ്പിക്കുവാനായി നെൽകൃഷിയിൽ രജിസ്ട്രേഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം (ആർ.എസ്.ജി.പി) നടപ്പിലാക്കുക
- നടീൽ വസ്തുക്കളും ഉൽപ്പാദനോപാധികളും ജില്ലയിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- വിപണന ഔട്ട്ലെറ്റുകൾ വിപുലപ്പെടുത്തുക
- നെൽകൃഷിയിൽ ജലസേചന സൗകര്യത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക

5.2 ജലസേചനം

2016–17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച 1288 ലക്ഷം രൂപയിൽ 1240.56 ലക്ഷം രൂപയും ചെലവഴിച്ചു.

കാരാപ്പുഴ ഇറിഗേഷൻ വകുപ്പ്

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ച തുക (ലക്ഷം)
1	റിസർ വോയർ	68.41	68.41
2	കനാൽ	196.96	196.96
3	ബിൽഡിങ്സ്	3.96	3.98
4	വർക്സ്	16.48	16.48
5	ബ്രാഞ്ചസ്	4.58	4.58
6	സാലറിസ്	350.21	350.21

ബാണാസുര ഇറിഗേഷൻ

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ച തുക (ലക്ഷം)
1	എസ്കൃഷൻ	249.31	249.31
2	ബിൽഡിങ്സ്	30	30
3	കനാൽ	15	15
4	ബ്രാഞ്ചസ്	72.08	72.08
5	ഡിസ്ട്രിബ്യുട്ടറി	15	15

മൈനർ ഇറിഗേഷൻ

1	നബാർഡ് (ആർ.ഐ.ഡി.എഫ്)	291.6	291.6

നിർദേശങ്ങൾ

- ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ തുടരേ താണ്
- കബനീ നദീതടത്തിലെ ചെറുകിട ജലസേചന പദ്ധതികൾ തുടരേ താണ്.
- കാരാപ്പുഴ ജലസേചന പദ്ധതി, ബാണാസുര സാഗർ അണക്കെട്ട് എന്നിവ ജല സേചന സൗകര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേ താണ്.

5.3 മണ്ണ് സംരക്ഷണം

കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമിട്ടുകൊ ് നബാർഡിന്റെ സാമ്പത്തികസഹായത്താൽ സംസ്ഥാന ഗവൺമെൻറ് മണ്ണു പര്യവേഷണ മണ്ണു സംരക്ഷണ വകുപ്പു മുഖേന വയനാട് ജില്ലയിൽ 2016 –2017 ൽ ആർ .ഐ.ഡി.എഫ് –പത്തൊൻപത്, ആർ .ഐ.ഡി.എഫ് – ഇരുപത്തിയൊന്ന് എന്നീ ട്രാഞ്ചികളിൽ ഉൾപ്പെടുത്തി 4 നീർത്തടാധിഷ്ഠിത മണ്ണു ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടു ്. 2016–17 ൽ 1,03,00,000/– രൂപ അലോട്ടു മെൻറ് ലഭിക്കുകയും അത്ര തന്നെ തുക മേൽ പറഞ്ഞ 4 പദ്ധതികൾക്കായി ചെലവഴിക്കുകയുമു ായി .

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം(ല ക്ഷം)	ചെലവഴിച്ച തുക(ലക്ഷം)	ഭൗതിക ലക്ഷ്യം	ഭൗതികനേട്ടം
1	ആർ .ഐ .ഡി . ഫ് വാട്ടർ ഷെഡ്	102.97	102.97	340 ഹെക്റ്റർ	340 ഹെക്റ്റർ
2	സോയിൽ ഹെൽത്ത് കാർഡ്	1	0.767	4000 (നം)	5837 (നം)
3	അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ്	1.23	1.22		

നിർദേശങ്ങൾ

- വിവിധ വകുപ്പുകളുടെ ഏകോപനത്തിന്റെ അഭാവം, ഓരോ പദ്ധതിക്കുമു ായിരുന്ന സാമ്പത്തിക നിയന്ത്രണം, പദ്ധതിയുടെ ഭാഗമായി സംരക്ഷിക്കേ വിഭവങ്ങൾ പങ്കുവെയ്ക്കുന്നതിലും തുടർന്ന് സംരക്ഷിക്കുന്നതിനും പൊതുജനങ്ങൾ ക്കു ായ പരാജയം സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതി തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും വിവിധ ഏജൻസികൾക്കുള്ള സാങ്കേതിക പരിജ്ഞാന കുറവുകൾ എന്നിവ പരിഹരിക്കപ്പെടേ താണ്.

5.4 മൃഗസംരക്ഷണം

2016..17 വയനാട് ജില്ലയ്ക്ക് സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിന് 314.30– ലക്ഷംരൂപ ലഭ്യമായതിൽ 279.04 ലക്ഷം –രൂപചെലവഴിക്കുകയും ചെയ്തിട്ടു ്.

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ച തുക (ലക്ഷം)
1	സ്റ്റേഞ്ത്എനിങ് ഓഫ് വെറ്റിനറി സെർവിസ്സ്	53.85	53.69
2	ഡോർസ്റ്റെപ് ആൻഡ് ടോമിസൈലിയറി വെറ്റിനറി സർവീസ്	26.95	16.99
3	എക്സ്പാൻഷൻ ക്രോസ്സ് ബ്രീഡിങ് ഫെസിലിറ്റി	7	6
4	വെറ്റിനറി എക്സ്റ്റൻഷൻ	19.09	17.57
5	സ്റ്റേഞ്ത്എനിങ് ഓഫ് ഡിപ്പാർട്മെൻറ് ഫാംസ്	25.77	4.75
6	സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ഡെവലൊപ്മെന്റ് പ്രോഗ്രാം	64.70	64.70
7	സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ഡെവലൊപ്മെന്റ് പ്രോഗ്രാം 2	96.12	96.12
8	ബേക്കയാർഡ് പൗൾട്ടറി ഡെവലൊപ്മെന്റ് പ്രൊജക്റ്റ്	16.37	14.76
9	മോടെർമിസഷൻ ആൻഡ് ഇ – ഗോവെർണൻസ്	4.45	4.45

നിർദേശങ്ങൾ

- രാത്രികാലങ്ങളിലെ സേവനത്തിനുമാത്രമായി ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു വെറ്ററിനറി സർജനെ നിയമിക്കുന്ന പദ്ധതി വരുംവർഷങ്ങളിൽ തുടരേ താണ്.

- വന്ധ്യതാ നിവാരണ ക്യാമ്പുകളിലൂടെ വന്ധ്യത പരിഹരിച്ച് ഗർഭധാരണം നടക്കുന്നതോടുകൂടി പാലുൽപാദനം വീ ും തുടങ്ങുകയും കർഷകർക്ക് സാമ്പത്തിക നഷ്ടം ഇല്ലാതാവുകയും ചെയ്യുന്നു. കൂടാതെ ജില്ലയിലെ പാലുൽപാദനം വർദ്ധിപ്പി ക്കുകയും ചെയ്യുന്ന പദ്ധതി തുടരേ താണ്.

- ജില്ലാ ലാബുകളുടെയും മറ്റ് ലാബുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തിയാൽകൃത്യസമയത്ത് കൃത്യമായ രോഗനിർണ്ണയം നൽകാൻ സാധിച്ചാൽ ഉരുക്കളുടെ രോഗംമൂലം കർഷർക്കു ാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ സാധിക്കുന്നതാണ്.

- ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം തുടരേ താണ്
- ജില്ലാ വെറ്ററിനറി കേന്ദ്രത്തിന്റെയും അനുബന്ധ ലാബിന്റെയും ശാക്തീകരണം:
- മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് കർഷകർക്ക് വീട്ടുപടിയ്ക്കൽ ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനായും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി തുടരേ താണ്.
- സ്കൂളുകളിലെ ജന്തുക്ഷേമ ക്ലബുകൾ മുഖേന തിരഞ്ഞെടുത്ത കുട്ടികൾക്ക് (മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ള) ആട്, മുയൽ, തുടങ്ങിയ മൃഗങ്ങളേയോ, കോഴികളേയോ നൽകുകയും കുട്ടികളിൽ സമ്പാദ്യശീലം വളർത്തുവാൻ സഹായിക്കുന്ന ഈ പദ്ധതി തുടരേ താണ്.
- പബ്ലിസിറ്റി ഓഫ് എക്സ്റ്റൻഷൻ ആക്ടിവിറ്റീസ് : (കർഷക അവാർഡ് വിതരണം) തുടരേ താണ്
- അടുക്കളമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്ന ബാക്ക്യാർഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോഗ്രാംഭക്ഷ്യസുരക്ഷ കൈവരിക്കുവാൻ സഹായിക്കുന്ന തുടരേ പദ്ധതിയാണ്.
- സാറ്റലൈറ്റ് യൂണിറ്റ് സ്ഥാപിക്കൽ (ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്, കൊമോർസ്യൽ ഗോട്ടറി ട്രെയിനിംഗ്, താറാവ് സാറ്റലൈറ്റ് യൂണിറ്റ്, സ്ട്രെങ്തണിംഗ് ഓഫ് ഡിപ്പാർട്ട്മെന്റ് ഫാംസ്)
- താലൂക്ക്തല ഇൻവെസ്റ്റേഴ്സ് മീറ്റ് : മൃഗസംരക്ഷണ മേഖലയിലെ പ്രത്യേകിച്ച് പന്നി, ആട് എന്നീ മേഖലയിൽ നിക്ഷേപം നടത്താൻ താൽപര്യമുള്ള വ്യക്തികളെ കണ്ടെത്തി അവർക്ക് അനുയോജ്യമായ പരിശീലനങ്ങൾ നൽകാൻ പദ്ധതി തുടരേ താണ്.
- ജില്ലയിൽ തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കുവാനും അതുവഴി പേവിഷബാധ തടയുവാനും സുൽത്താൻ ബത്തേരി പോളി ക്ലിനിക്കിനോടനുബന്ധിച്ച് നടത്തിവരുന്ന തെരുവായ്ക്കളുടെ വന്ധ്യംകരണ ശസ്ത്രക്രിയ്ക്ക് മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങിക്കുന്നതിനായും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായും ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയായി നടപ്പിലാക്കുന്ന എ.ബി.സി പദ്ധതി തുടരേ താണ്.
- എസ്.എൽ.ബി.പി. കാഫ് അഡോപ്ഷൻ (കന്നുകുട്ടി പരിപാലന പദ്ധതി) തുടരേ താണ്.

5.5 ക്ഷീര വികസനം

2016..17 വയനാട് ജില്ലയ്ക്ക് സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിന് 394.42– ലക്ഷംരൂപ ലഭ്യമായതിൽ 394.42 ലക്ഷം –രൂപചെലവഴിക്കുകയും ചെയ്തിട്ടു ്.

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ച തുക (ലക്ഷം)	ഭൗതിക ലക്ഷ്യം(നം)	ഭൗതിക നേട്ടം(നം)
1	മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം	165.90	165.90		
2	അസ്സിസ്റ്റന്റ്സ് ടു ഡി .സി.എസ്	114.85	114.85		
3	ക്യാറ്റിൽ ഫീഡ് സബ്സിഡി	7.58	7.58		
4	പ്രൊഡക്ഷൻ ആൻഡ് കോൺസെർവഷൻ ഓഫ് ഫോഡ്ഡർ ഇൻ ഫാർമേഴ്സ് ഫീൽഡ്സ് ആൻഡ് ഡയറി കോ –ഓപ്പറേറ്റീവ്സ്	29.98	29.98		

5	ഫിനാൻഷ്യൽ അസ്സിസ്റ്റൻസ് ടു ഇൻഡെബ്റ്റ്ഡ് ഡയറി ഫാർമേഴ്സ്	49.45	49.45		
15	സ്ട്രെങ്തനിംഗ് ക്വാളിറ്റി കൺട്രോൾ ലാബ്	11.775	11.775	28	28
16	ആർ .ഡി .ഇ	14.90	14.90	323	323

നിർദേശങ്ങൾ

- തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ (ഡയറി പ്രൊമോട്ടർമാരുടെ ഇൻസെന്റീവ്, അസോള കൃഷി ജലസേചന സൗകര്യ പ്രവർത്തനങ്ങൾ, ചാഫ് കട്ടർ, അഗത്തി പോലുള്ള വൃക്ഷവിളകൾ വെച്ചുപിടിപ്പിക്കൽ, വുമൺ ഗ്രൂപ്പിനുള്ള തീറ്റപ്പുൽകൃഷി(ഗോപാലിക ഗ്രൂപ്പ്), ക്ഷീര സംഘങ്ങൾക്ക് തീറ്റപ്പുൽ വിതരണത്തിനായി പുൽകൃഷിവെച്ചു പിടിപ്പിക്കൽ) തുടരേ താണ്

- ഗ്രാമീണ വിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ
- ലാബ് ശാക്തീകരണം പദ്ധതികൾ തുടരേ താണ്
- മിൽക്ക് ഷെഡ് വികസന പദ്ധതി തുടരേ താണ്
- ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം തുടരേ താണ്.
- കാറ്റിൽ ഫീഡിംഗ് സബ്സിഡി, കാലിത്തീറ്റ–ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ: കടക്കെണിയിലായ ക്ഷീര കർഷകർക്ക് ധനസഹായം എന്നിവ തുടരേ താണ്.

5.6 മൽസ്യ വികസനം

2016..17 വയനാട് ജില്ലയ്ക്ക് സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിന് 284.12–ലക്ഷംരൂപ ലഭ്യമായതിൽ 284.12 ലക്ഷം –രൂപചെലവഴിക്കുകയും ചെയ്തിട്ടു ്.

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	ഫിഷ് സീഡ് ഫാംസ് ആൻഡ് നേഴ്സറിസ്	39.32	39.32
2	മൽസ്യ സമൃദ്ധി	35	35
3	എക്സ്റ്റെൻഷൻ ആൻഡ് ട്രെനീങ്	0.5	0.5
4	മൽസ്യ സമൃദ്ധി (സ്റ്റേറ്റ്)	49	49
5	ഫിഷ് സീഡ് ഫാംസ് ആൻഡ് നേഴ്സറിസ് ,ഹാച്ചറിസ്	158.20	158.20
6	കോൺസെർവഷൻ ആൻഡ് മാനേജ്മെൻറ് ഫിഷ് റിസോഴ്സ്	2	2
7	മോഡെർനൈസേഷൻ ഫിഷ് ഡിപ്പാർട്മെൻറ്	0.10	0.10

നിർദേശങ്ങൾ

- ഉൾനാടൻ മത്സ്യോൽപ്പാദന വർധനവിനായി നടപ്പിലാക്കി വരുന്ന ജനകീയ മത്സ്യ കൃഷി പദ്ധതി തുടരുക .ഹരിത കേരളം മിഷനിൽ ശുദ്ധ ജല –ഓരു ജല മത്സ്യ കൃഷിക്ക് പ്രാധാന്യം നൽകുക .
- സാമൂഹ്യ മത്സ്യകൃഷി പദ്ധതി ആഘാത പഠനത്തിന് വിധേയമാക്കി മാത്രം ഭാവിയിൽ നടപ്പിലാക്കുക .
- ഗ്രാമ പഞ്ചായത്തുകളിലെ ഉൾനാടൻ മത്സ്യ ഉൽപ്പാദന വർധനവിനായുള്ള വിവിധ പദ്ധതികൾ വിപുലീകരിക്കുക .സബ്സിഡി മാനദണ്ഡങ്ങളിൽ പ്രായോഗിക സമീപനം സ്വീകരിക്കുക .
- ജില്ലയിലെ പട്ടിക വർഗ വിഭാഗത്തിൽ പെട്ടവരും റിസെർവോയറുകൾ, പുഴകൾ കേന്ദ്രീകരിച്ച് മത്സ്യം പിടിക്കുന്നവരുമായവരെ ഉൾനാടൻ മത്സ്യ തൊഴിലാളി ക്ഷേമ നിധിയിൽ അംഗത്വം നൽകി ആനുകൂല്യങ്ങൾ ഉറപ്പാക്കി.
- അനുബന്ധ മത്സ്യ തൊഴിലാളികൾക്ക് അടിസ്ഥാന തൊഴിൽ സൗകര്യം ഏർപ്പെടുതതി

- കർഷക സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകി റിസെർവോയറുകൾ കേന്ദ്രീകരിച്ച് പൊതു –സ്വകാര്യ പങ്കാളിത്തത്തോടെ (PPP) വൻകിട മത്സ്യോൽപ്പാദന സംഭരണ വിപണന ശൃംഖല സൃഷ്ടിക്കുക
- മൽസ്യകൃഷി നടത്തുന്നതിന് സ്ഥലമുള്ള കർഷകർക്ക് കുളം നിർമ്മിക്കുന്നതിനും ഇതിന്റെ ഭാഗമായി കന്നുകാലി വളർത്തൽ, പച്ചക്കറി കൃഷി, പൂകൃഷി, പക്ഷി വളർത്തൽ എന്നിവയ്ക്കും അസോള കൃഷിയ്ക്കും നൽകുന്ന ധനസഹായം തുടരേ താണ്.
- കാരാപ്പുഴ ജലസേചന പദ്ധതി, ബാണാസുരസാഗർ ജലസേചന പദ്ധതി എന്നീ ജലസംഭരണികളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച എച്ച.ഡി.പി.ഇ. കൂടുകൾ സ്ഥാപിച്ച് മൽസ്യകൃഷി നടത്തുന്ന പദ്ധതി തുടരേ താണ്.
- അലങ്കാര മൽസ്യങ്ങളുടെ ഉൽപാദനവും വിതരണവും പ്രോൽസാഹിപ്പിക്കുക.

5.7.പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം

തണൽ കാപ്പി പ്രോത്സാഹനം

തണൽ കാപ്പി കൃഷിയുടെ കാലാവസ്ഥ അനുകൂല ഘടകങ്ങൾ ലോകത്തിൽ പല രാഷ്ട്രങ്ങളിലും വിശദമായി പഠിച്ചിട്ടു ്. തണൽ കാപ്പിത്തോട്ടങ്ങൾ വയനാടിന്റെ സവിശേഷമായ സൂക്ഷ്മ കാലാവസ്ഥ നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു ു. ദിവസത്തിന്റെ ഏറ്റവും ചൂട് കൂടിയ സമയത്ത് തണൽ കാപ്പിത്തോട്ടങ്ങൾക്ക് മണ്ണിന്റെ താപനില വർദ്ധിപ്പിക്കാതെ നിലനിർത്താൻ കഴിയും. ഇത് കൂടുതൽ കാപ്പി വിളവ് നൽകുന്നതിന് സഹായിക്കും

കാലാവസ്ഥാ വ്യതിയാന ഇൻഷുറൻസ് പദ്ധതി

- കാലം തെറ്റിയ മഴ, ശക്തിയേറിയ ആലിപ്പഴ മഴ, വരൾച്ച, അതിശക്തമായ രോഗകീടബാധകൾ മണ്ണിടിച്ചിൽ ഉരുൾ പൊട്ടൽ, 30^0ര ൽ കൂടുതൽ ചൂട് അനുഭവപ്പെടുന്ന ദിനങ്ങളുടെ വർദ്ധനവ്, മഴയെക്കുറിച്ചുള്ള സൂചനകൾ ലഭിക്കാത്ത അവസ്ഥ എന്നിവയാണ് കാലാവസ്ഥാ വ്യതിയാനം മൂലം ഭാവിയിൽ സംഭവിക്കാൻ പോകുന്ന മാറ്റങ്ങൾ എന്ന് 2005 ൽ നടത്തിയ പഠനത്തിൽ രേഖപ്പെടുത്തിയിട്ടു ു. ഇതിൽ

നിന്നുമു ാകുന്ന കാർഷിക നഷ്ടം കർഷകർക്ക് കുറയ്ക്കുന്നതിന് കർഷകർക്ക് കാലാവസ്ഥാ വ്യതിയാന ഇൻഷുറൻസ് പദ്ധതി ക്രമീകരിക്കണം.

- വിവിധ വിളകൾക്ക് ഒരു വിള സ്ഥിരതാ ഫ ്
- തൊഴിലുറപ്പ് പദ്ധതികൾ കാപ്പികൃഷി, നെൽകൃഷി മേഖലകളിലേക്ക് വ്യാപിപ്പിക്കണം.
- കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള സമഗ്ര പദ്ധതികൾ സംയോജിതമായി നടപ്പിൽ വരുത്തുന്നതിനുള്ള ഏകീകൃത സംവിധാനം ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടപ്പിൽ വരുത്തുകയും ചെയ്യണം.
- എല്ലാ ര ് വർഷങ്ങളിലും പുതിയ പഠനങ്ങൾ നടത്തണം. ഫലങ്ങൾ ക്രോഡീകരിച്ച് പദ്ധതികൾ പുനരാവിഷ്കരിക്കണം.
- കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച ശാസ്ത്രീയ വിവരങ്ങൾ കർഷകരെ ധരിപ്പിക്കണം. കർഷകർക്ക് വിളക്രമീകരണത്തിനുള്ള സാങ്കേതിക സഹായങ്ങൾ നൽകണം. വെള്ള കുറവ് ആവശ്യമുള്ള കൃഷിരീതികൾ പ്രോത്സാഹിപ്പിക്കണം.
- എല്ലാ കൃഷിഭവനുകളിലും മഴ അന്തരീക്ഷതാപനില അന്തരീക്ഷ ആർദ്രത എന്നിവ കൃത്യ മായി രേഖപ്പെടുത്തുന്നതിനും ഡിജിറ്റലായി ലഭ്യമാകുന്നതിനുമുള്ള സംവിധാനങ്ങൾ സ ജ്ജീകരിക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തു പദ്ധതികളിൽ ഉൾപ്പെടുത്തുക.
- സമയാസമയങ്ങളിൽ കാലാവസ്ഥാമുന്നറിയിപ്പ് നൽകുന്നതിനായി പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന കാലാവസ്ഥാ റിസ്ക്ക് മാനേജർമാരുടെ സംഘത്തെ സജ്ജമാക്കണം. ഇ വർ കൃഷി വകുപ്പുമായി ചേർന്ന് പ്രവർത്തിക്കണം.
- എല്ലാകൃഷിഭവനുകളിലും മെറ്റീരിയോളജിക്കൽ സർവെയുടെ ദൈനംനിന കാലാവസ്ഥാ വിവരങ്ങൾ സ്വീകരിക്കുന്നതിനുള്ള സംവാധാനങ്ങൾ ഉ ാവണം. ഇവ ക്രോഡീകരിച്ച് മല യാളത്തിൽ കാലാവസ്ഥാ റിസ്ക്ക് മാനേജർമാരിലുടെ കർഷകരിലെത്തിക്കാൻ കഴിയണം. വാട്ടസ്അപ്പ്, എസ്. എം. എസ്. വിവരങ്ങളായും ഇത് കർഷകരിലെത്തിക്കാം.
- ഒരു ക്ലൈമറ്റ് റിസ്ക് ജില്ല എന്ന നിലയിൽ വയനാടിന് ഒരു ക്ലൈമറ്റ് റിസ്ക് ഫ ് രൂപീകരി ക്കണം.

5.8 വനവികസനം

വനസംരക്ഷണത്തിനും വികസനത്തിനുമായിട്ടുള്ള കേന്ദ്ര – സംസ്ഥാന സർക്കാർ ഫ ുകൾ/പദ്ധതികൾ

കേന്ദ്രസർക്കാർ പദ്ധതികൾ	സംസ്ഥാന സർക്കാർ പദ്ധതികൾ
• ഗ്രീൻ ഇൻഡ്യ മിഷൻ (ജിം) • പ്രാജക്ട് എലഫന്റ് • നീലഗിരി ബയോസ്ഫിയർ റിസർവ്വ് പ്രൊജക്ട് • ജൈവ വൈവിദ്ധ്യ പരിപാലനം	• മിറ്റിഗേറ്റിങ്ങ് ആന്റ് റസ്യൂഡിങ്ങ് മാൻ ആനിമൽ കോൺഫ്ളിക്റ്റ് (എം.ആർ.എം. എ.സി) • വനസംരക്ഷണം 34 ഒ.സി • ആർ.ഡി.എഫ് (ശീർഷകം 2406–01–101–94) • കെട്ടിടങ്ങൾ (ശീർഷകം 4406–01–070–97) • റോഡുകൾ (ശീർഷകം 4406–01–070–99) • തോട്ടങ്ങൾ (നിർമ്മാണവും പരിപാലനവും) എച്ച്.ഡബ്ല്യു & ഐ.ആർ.എം) • സർവ്വേ ഓഫ് ഫോറസ്റ്റ് ബൗ റീസ് & ഫോറസ്റ്റ് പ്രൊട്ടക്ഷൻ(എസ്.എഫ്.ബി & എഫ്.ബി) • പുഴ – വനം സംരക്ഷണ ഫ ് (ആർ..എ

	ഫ്. പി.എഫ്) • ഇക്കോ ടൂറിസം (ശീർഷകം 4406-01-800-91) • കാട്ടുതീ തടയൽ (ശീർഷകം 2406-01-800-90) • നബാർഡ് • വി.എസ്.എസ്/എ.വി.എസ്.എസ് എന്നിവയ്ക്ക് ലഭിക്കുന്ന പ്രത്യേക ഫണ്ടുകൾ

പട്ടിക4.7.15

ഡിവിഷണൽ ഫോറെസ്റ്റ് ഓഫീസ് നോർത്ത് വയനാട്

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	വന സംരക്ഷണം	50	50
2	നശിപ്പിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം	48.65	48.65
3	വന്മരത്തോട്ടങ്ങൾ	122.00	122.00
4	വ്യാവസായിക അസംസ്കൃത ഉൽപ്പന്നങ്ങൾ	13	13
5	റോഡുകൾ	19.50	19.43
6	കെട്ടിടങ്ങൾ	27.50	27.50
7	ജൈവ വൈവിദ്ധ്യ സംരക്ഷണം	7.00	7.00
8	പരിസ്ഥിതി വികസന പദ്ധതി	15.59	15.59
9	നബാർഡ്	150.00	150.00
10	മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറക്കുന്നതിനുള്ള നടപടികൾ	75.50	75.50
11	ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള തടി ഇതര വനംവിഭവങ്ങൾ	7.50	7.34
12	ആസൂത്രണവും ഗവേഷണവും	1.00	1.00
13	പരിസ്ഥിതി വിനോദ സഞ്ചാരം	1.00	1.00
14	വൃക്ഷതൈ പ്രോത്സാഹനം	1.00	1.00
15	വനാതിർത്തികളുടെ സർവേ	48.7	48.65
16	പ്രൊജക്ട് എലെഫന്റ്റ്	8.83	8.83
17	ഇന്റഗ്രേറ്റഡ് ഫോറെസ്റ് പ്രൊട്ടക്ഷൻ സ്കീം (50% CSS)	10.13	10.13

നിർദേശങ്ങൾ

ഗ്രീൻ ഇന്ത്യാ മിഷന്റെ ഭാഗമായി ലഭ്യമായിട്ടുള്ള കേന്ദ്ര ഫ ുകളും ജില്ലയ്ക്ക് ഉപയോഗ പ്പെടുത്താവുന്നതാണ്. ലാൻസ്കേപ്പ്, നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങക്ക് ഈ സാധ്യത ഉപയോഗപ്പടുത്തേ താണ്.

- സാമൂഹിക വനവത്കരണ വിഭാഗവുമായി ബന്ധപ്പെട്ട പദ്ധതികൾ, പരിസ്ഥിതി ബോധവത്ക രണ പരിപാടികൾ, പരിസ്ഥിതി സംരക്ഷണ പരിപാടികൾ എന്നിവ പ്രോൽസാഹിപ്പിക്കേ താണ്

- കാർബൺ ന്യൂട്രൽ പദ്ധതി പ്രോൽസാഹിപ്പിക്കേ താണ്.

ഡിവിഷണൽ ഫോറെസ്റ് ഓഫീസ് സൗത്ത് വയനാട്

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	വന സംരക്ഷണം	42.00	42.00
2	നശിപ്പിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം	3.00	3.00
3	വന്മരത്തോട്ടങ്ങൾ	31.00	31.00
4	വ്യാവസായിക അസംസ്കൃത ഉൽപ്പന്നങ്ങൾ	12.38	12.38
5	റോഡുകൾ	8.00	8.00
6	കെട്ടിടങ്ങൾ	39.21	39.21
7	ജൈവ വൈവിദ്ധ്യ സംരക്ഷണം	10.00	10.00
8	പരിസ്ഥിതി വികസന പദ്ധതി	14.88	14.88
9	നബാർഡ്	1288.76	1288.76
10	മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറക്കുന്നതിനുള്ള നടപടികൾ	57.00	57.00
11	ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള തടി ഇതര വനംവിഭവങ്ങൾ	2.70	2.70
12	ആസൂത്രണവും ഗവേഷണവും		
13	പരിസ്ഥിതി വിനോദ സഞ്ചാരം	14.88	14.88
14	വൃക്ഷതൈ പ്രോത്സാഹനം		
15	വനാതിർത്തികളുടെ സർവേ	87.00	87.00
16	ഇന്റഗ്രേറ്റഡ് ഫോറെസ്റ് പ്രൊട്ടക്ഷൻ സ്കീം (50% CSS)	9.07	9.07
17	പ്രൊജക്ട് എലെഫന്റ്റ്	28.08	28.08

വൈൽഡ് ലൈഫ് വാർഡൻ

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	വന സംരക്ഷണം	65.00	65.00
2	റോഡുകൾ	28.00	28.00
3	കെട്ടിടങ്ങൾ	9.00	9.00
4	ജൈവ വൈവിദ്ധ്യ സംരക്ഷണം	35.00	35.00
5	പരിസ്ഥിതി വികസന പദ്ധതി	46.00	46.00
6	നബാർഡ്	79.68	79.68
7	മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറക്കുന്നതിനുള്ള നടപടികൾ	72.00	72.00
8	വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി	235.77	235.77
9	വനാതിർത്തികളുടെ സർവേ	44.00	43.99
10	പ്രൊജക്ട് എലെഫന്റ്	47.19	47.19

അസിസ്റ്റന്റ് കോൺസെർവാട്ടർ ഓഫ് ഫോറെസ്റ്റ്

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	എക്സ്റ്റൻഷൻ ഫോറെസ്റ്റ്റി	74.00	74.00
2	ഫോറെസ്റ് പ്രൊട്ടക്ഷൻ	0.70	0.70
3	ജൈവ വൈവിദ്ധ്യ സംരക്ഷണം	1.45	1.45

വികസന കാഴ്ച്ചപ്പാടുകൾ

അതീവ പ്രാധാന്യമുള്ള ജൈവമേഖലകളുടെ കേന്ദ്രമായ നീലഗിരി ബയോസ്ഫിയറിൽ ഉൾപ്പെടുന്ന വയനാടൻ വനമേഖലകളുടെ ശാസ്ത്രീയവും, നൈസ്സർഗികവുമായ സംയുക്ത സംര ക്ഷണം, അപൂർവ്വ സസ്യ-ജന്തുജാലങ്ങളുടെ സംരക്ഷണം, വനത്തെയും വനവിഭവങ്ങളെയും ഉപ ജീവനത്തിനായി ആശ്രയിക്കുന്ന വനാശ്രിത വിഭാഗക്കാരായ ആദിവാസി കുടുംബങ്ങളുടെ ഉന്നമ നം, ശാസ്ത്രീയ വനവിഭവ ശേഖരണവും, വിതരണവും, പാരിസ്ഥിതിക മൂല്യങ്ങൾക്ക് കോട്ടം തട്ടാതെ ജന്തു-സസ്യ ആവാസവ്യവസ്ഥകളും, ജൈവ വൈവിദ്ധ്യങ്ങളും, ജലസ്രോതസ്സുകളും ചൂഷണം ചെയ്യാതെയുള്ള ഇക്കോ ഫ്ര ്ലി ടൂറിസം, മനുഷ്യ-വന്യജീവി സംഘർഷം പരമാവധി ഇല്ലായ്മ ചെയ്തുള്ള ഒരു കാലഘട്ടം, വി.എസ്സ്.എസ്സ്, എ,വി.എസ്സ്.എസ്സ്, ഇ.ഡി.സി, ജനജാഗ്രതാ സമിതി എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനം ഇതെല്ലാം ഉൾപ്പെടുന്നതാണ് ഞങ്ങളുടെ വിക സന കാഴ്ചപ്പാട്.

5.9. വ്യവസായം , വാണിജ്യം , സ്വയം തൊഴിൽ സംരംഭങ്ങൾ

2016–17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച 106.06 ലക്ഷം രൂപയിൽ 106.06 ലക്ഷ ചെലവഴിച്ചു.പദ്ധതിയേതര ഇനത്തിൽ ലഭിച്ച 6.92 ലക്ഷം രൂപയിൽ 6.92 ലക്ഷം രൂപയും ചെലവഴിച്ചു.

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)	ഭൗതിക ലക്ഷ്യം(നം)	ഭൗതിക നേട്ടം(നം)
1	സംരംഭക സഹായ പദ്ധതി	106.06	106.06	24	24
2	സംയോജിത വ്യവസായ വൽക്കരണ പരിപാടി	4.92	4.92	19	19
3	വാണിജ്യ വികസനം	2	2	1	

നിർദേശങ്ങൾ

- സംരംഭകസഹായപദ്ധതിപ്രോൽസാഹിപ്പിക്കേ താണ്
- അസിസ്റ്റന്റ്സ് സ്കീം ഫോർഹാന്റിക്രാഫ്റ്റ്സ് ആർട്ടിസെന്റ്സ്
- സംരംഭകത്വ വികസന പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തി നവ സംരംഭകർക്ക് ബോധവല്കരണ ക്യാമ്പുകളും ഹ്രസ്യകാല പരിശീലന പരിപാടികളുംതുടരേ താണ്.
- നൈപുണ്യ വികസന പദ്ധതിയോടൊപ്പം (സ്കീല് ഡവലപ്മെന്റ് പ്രോഗ്രാം)യൂണിറ്റ് സ്ഥാപിക്കുന്നതിന് ധനസഹായം പ്രോൽസാഹിപ്പിക്കേ താണ്.
- കൈത്തറി പദ്ധതികൾ (കൈത്തറി സ്വയം തൊഴില് പദ്ധതി, യന്ത്രത്തറി മേഖലയിലെ സ്വയം തൊഴില് പദ്ധതി എന്നിവ തുടരേ താണ്
- മിനി ബിസിനസ് ഇന്കുബേഷന് സെന്ററുകളുടെ പ്രവര്ത്തനം തുടരേ താണ്

സേവനമേഖല

- ജില്ലയിലെ അമ്പലവയൽ, തിരുനെല്ലി, വെങ്ങപ്പള്ളി, മുള്ളൻകൊല്ലി, എന്നീ പഞ്ചായത്തുക ളിൽ നിലവിൽ പ്രവ്യത്തിക്കാതെ കിടക്കുന്ന കാറികളിലെ ജലം, രാസ പരിശോധനക്കു വിധേയമാക്കി ജലസേചന പദ്ധതികൾക്ക് ഉപയോഗിക്കുന്നതിന്, അതാതു പഞ്ചായത്തു കളെ അധികാരപെടുത്തുക
- പുതിയ കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ, പ്രസ്തുത സ്ഥലത്ത് നിലവിൽ മറ്റു കുടിവെള്ള പദ്ധതികളില്ല എന്ന് ഉറപ്പു വരുത്തുന്നതിനും പ്രസ്തുത പ്രദേശത്ത് മറ്റേ തെങ്കിലും ഏജൻസികൾ സമഗ്രകുടിവെള്ള പദ്ധതികൾ ഒന്നും തന്നെ ആസൂത്രണം ചെയ്തിട്ടില്ലെന്നും ഉറപ്പു വരുത്തേ താണ്.

5.10. ആരോഗ്യം

സംയോജിത രോഗ പരിവേഷണ പ്രോഗ്രാം

സാക്രമീകരോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി 2014 ൽ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി കേന്ദ്രഗവൺമെന്റ് സംയോജിത രോഗ പരിവേഷണ പ്രോഗ്രാം പ്രവർത്തനമാരംഭിച്ചു. ആരോഗ്യമേഖലയിൽ നിന്നും സാക്രമീകാരോഗങ്ങളുടെ വിവരശേഖരവും വിശകലനവും നടത്തി വ്യക്തമായ മാർഗ്ഗരേഖകൾ തയ്യാറാക്കുകയും അത് ഫീൽഡ്തലങ്ങളിൽ പ്രാവർത്തികമാക്കി സാക്രമീകരോഗങ്ങളുടെ നിയന്ത്രണം ഉറപ്പുവരുത്തുകയാണ് ഐ.ഡി.എസ്. പി.യുടെ പ്രവർത്തനം.

വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും (സി.എച്ച്. സി., പി.എച്ച്.സി. , സബ്സെന്റേഴ്സ് , പ്രൈവറ്റ് ഹോസ്പിറ്റൽ , ലാബ്സ്) ആഴ്ചതോറും നിശ്ചിത എസ്.പി.എൽ.ഫോമുകളിൽ (എസ്. – രോഗലക്ഷണങ്ങൾ, ഫീൽഡ്, പി. – സാദ്ധ്യതയുളള കേസുകൾ , ഡോക്ടേഴ്സ്, എൽ.– ലാബോറട്ടറി) വ്യക്തമായ വിവരശേഖരണം നടത്തി സൂക്ഷ്മപരിശോധനയിലൂടെ നിലനിൽക്കുന്ന സാംക്രമീകാരോഗങ്ങളുടെ പ്രവണത മനസ്സിലാക്കുകയും പ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുകയും ചെയ്യുന്നു.

എപ്പോഴെങ്കിലും രോഗങ്ങളുടെ പ്രവണതയിൽ രോഗങ്ങളുടെ വ്യതിയാനം ശ്രദ്ധയിൽപ്പെടുന്ന പക്ഷം റാപ്പിഡ് റെസ്പോൺ ടീം (ആർ.ആർ.ടി. അന്വേഷണം നടത്തുകയും രോഗനിയന്ത്രണത്തിനുളള മാർഗ്ഗരേഖകൾ നിർദേശിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. പകർന്ന് പിടിക്കപ്പെടാവുന്ന രോഗങ്ങളുടെ നിയന്ത്രണം സാദ്ധ്യത മനസ്സിലാക്കാൻ വിവരശേഖരണവും വിശകലനവും വഴി ഐ.ഡി.എസ്.പി.ക്ക് സാദ്ധ്യമാകുന്നു. 2005 മുതൽ ഐ.ഡി.എസ്.പി.വയനാട് ജില്ലയിൽ പ്രവർത്തനം ആരംഭിക്കുകയും 12 വർഷക്കാലമായി ജില്ലയിലെ ആരോഗ്യമേഖലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം	14.67	14.67
2	പെയിൻ ആൻഡ് പാലിയേറ്റിവ്	69.38	69.38
3	കേരള പെർസ്പെക്ടീവ് പ്ലാൻ	3.00	2.97
4	ക്യാൻസർ കെയർ പ്രോഗ്രാം	6.50	6.50
5	മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൽ	0.655	0.655
6	മെഡിക്കൽ ഓഫീസർമാർക്കുള്ള ട്രെയിനിംഗ്	0.1	0.1
7	ഫിസിക്കൽ മെഡിസിൻ & റീഹാബിലേഷൻ യൂണിറ്റ്	0.1	0.1
8	അഡോൾസെന്റ് ന്യൂട്രീഷൻ	1.89	1.89
9	ലെപ്രസി	1.63	1.63
10	നഴ്സിംഗ് സ്കൂൾ	2.67	2.58
11	സ്ട്രെങ്ത്തനിങ് ഓഫ് ഡെന്റൽ യൂണിറ്റ്	1.83	1.83
12	ന്യൂട്രീഷൻ (state)	0.50	0.50

13	സ്റ്റെങ്ത്തനിങ് മെഡിക്കൽ കെയർ യൂണിറ്റ്	1.00	1.00

ദേശിയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടി

മലമ്പനി, ഡെങ്കിപ്പനി, മന്ത്, ചിക്കുൻഗുനിയ, കാല അസാർ തുടങ്ങിയ പ്രാണിജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായ് കേന്ദ്ര ആരോഗ്യ മന്ത്രാലത്തിൻ കീഴിൽ പ്രവർത്തിക്കുന്ന നോഡൽ ഏജൻസിയാണ് ദേശിയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടി പദ്ധതിക്കാവശ്യമായ പോളിസി രൂപപ്പെടുത്തുന്നതും നിർമ്മിക്കുന്നതും ഏകോപിപ്പിക്കുന്നതും ഈ ഏജൻസി വഴിയാണ്. വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന 17 മേഖലാ ഓഫീസുകൾ ഇതിനു വേ ി പ്രവർത്തിക്കുന്നു. ഇവയ്ക്ക് കീഴിലായ് 565 ജില്ലാ മലേറിയാ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

ജില്ലാ ഓഫീസുകൾക്ക് കീഴിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കു കീഴിൽ സബ് സെന്ററുകൾ കേന്ദ്രീകരിച്ച് രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നു. ആക്ടീവ്, പാസ്സീവ് സർവ്വലൻസ്, വിവിധ തരത്തിലുള്ള പ്രാണി നിയന്ത്രണ പ്രവർത്തനങ്ങൾ – ചികിത്സ എവിടെ കാര്യക്ഷമമായി നിർവ്വഹിക്കപ്പെടുന്നു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും ഇതിനായ് പ്രവർത്തിച്ചു വരുന്നു.

ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി

1955–ൽ കേന്ദ്രസർക്കാർ ഡാപ്സോൺ എന്ന മരുന്നുപയോഗിച്ചുകൊ ് ദേശീയ കുഷ്ഠരോഗ നിയന്ത്രണ പരിപാടി തുടങ്ങി. തുടർന്ന് ലോകാരോഗ്യ സംഘടന 1982–ൽ വിവിധ ഔഷധ ചികിത്സ വികസിപ്പിച്ചെടുത്തതോടെ 1983–ൽ ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയ്ക്ക് തുടക്കം കുറിച്ചു.ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നമ്മുടെ ജില്ലയിലും ഊർജ്ജിതമായി നടന്നുവരുന്നു. ഈ സാമ്പത്തിക വർഷം നമ്മുടെ ജില്ലയിൽ ആകെ 14 രോഗികളെ ക ത്തി ചികിത്സയ്ക്കു വിധേയമാക്കി. നിലവിൽ 13 രോഗികൾ ചികിത്സയിലു ്.

ക്ഷയ രോഗ നിയന്ത്രണ പരിപാടി

2017 ൽ 386 ക്ഷയരോഗികളാണ് ജില്ലാ ടി.ബി.സെന്ററിൽ റജിസ്റ്റർ ചെയ്ത് ചികിത്സ സ്വീക രിച്ച് വരുന്നത്. ഇവയിലധികം സാമ്പത്തീകവും സാമൂഹ്യവുമായി പിന്നോക്കം നിൽക്കുന്നവരാ ണ്. സൗജന്യമായി മരുന്ന് ലഭിക്കുമ്പോൾ തന്നെ ഇത്തരക്കാർക്ക് പോഷകാഹാരവും മറ്റ് സഹാ യങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേ തു ്. ബോധവൽക്ക രണ പരിപാടികളും തുടരേ തു ്.

സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം)

ഗോത്രവർഗ്ഗക്കാർക്കിടയിലും വയനാടൻ ചെട്ടിമാർക്കിടയിലും ക ുവരുന്ന അസുഖമാണ് സിക്കിൾസെൽ അനീമിയ (അരിവാൾ രോഗം) നിലവിൽ വയനാട് പാലക്കാട് ജില്ലകളിലാണ് ഇതുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ നിലവിലുളളത്. അസുഖം ക ത്താനുള്ള സ്ക്രീനിംഗ് പ്രാഥമീകാരോഗ്യകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ക ത്തുന്ന രോഗികൾക്ക് ആവശ്യമായ ചികിത്സ എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും ലഭ്യമാണ്.

മേൽ വിഭാഗങ്ങൾക്കിടയിൽ അസുഖത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പുതിയ കേസുകൾ ക ത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആരോഗ്യപ്രവർത്തക രുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇത് ശക്തിപ്പെടുത്തേ തു ്.

വയോജന ആരോഗ്യ പരിപാലനം.

മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും ജീവിത സാഹചര്യങ്ങളും സമൂഹത്തിൽ വയോജന ങ്ങളുടെ ജനസംഖ്യാ അനുപാതം വർദ്ധിച്ചിട്ടു ്. ഇവരുടെ ആരോഗ്യ സംരക്ഷണത്തിന് ആവശ്യ മായ പദ്ധതികൾ ആവിഷ്കരിക്കേ തു ്.

അമ്മയും കുഞ്ഞും പദ്ധതി

അമ്മയും കുഞ്ഞും പദ്ധതി (ജനനി ശിശു സുരക്ഷാ കാര്യക്രം) എന്ന പേരിലായി പ്രസവ സംബന്ധമായ എല്ലാ ചികിത്സാ ചിലവുകളും തികച്ചും സൗജന്യമായി നൽകുന്നു. സർക്കാർ ആശുപത്രികളിലൂടെ ഗർഭം സ്ഥിരീകരിക്കുമ്പോൾ മുതൽ പ്രസവാനന്തിരം അമ്മയും കുഞ്ഞും സ്വന്തം വീട്ടിൽ എത്തിച്ചേരുന്നതിനുള്ള യാത്രാ ചിലവ് അടക്കം ഈ പദ്ധതിയിലൂടെ നൽകിവരുന്നു. വിവിധ സമയങ്ങളിലെ ചികിത്സ, പരിശോധന, പ്രസവത്തിനായി ആശുപത്രിയിൽ പ്രവേശിക്കുന്നതു മുതൽ ആശുപത്രി വിട്ടു പോകുന്നതുവരെ ഭക്ഷണം എന്നിവ തികച്ചും സൗജന്യമായി ലഭ്യമാക്കുന്നു. കൂടാതെ ഒരു വയസ്സുവരെ നവജാത ശിശുകൾക്കുള്ള ചികിത്സയും ഈ പദ്ധതി പ്രകാരം ലഭിക്കുന്നതാണ്. സർക്കാർ ആശുപത്രികളിൽ ഈ സേവനം എല്ലാ വിഭാഗത്തിലുള്ള ആളുകൾക്കും ലഭിക്കുന്നതാണ്.

ജനനി ശിശു സുരക്ഷാ യോജന

സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്ന എല്ലാ വിഭാഗക്കാർക്കും സർക്കാർ അംഗീകൃത സ്വകാര്യ ആശിപത്രികളിൽ പ്രസവിക്കുന്ന ആദിവാസി വിഭാഗക്കാർക്കും , ദാരിദ്യ രേഖയ്ക്ക് താഴെയുള്ളവർ എന്നിവർക്ക് പ്രസവാനുകൂല്യം നൽകിവരുന്നു. ഗ്രാമ പ്രദേശങ്ങളിൽ 700 രൂപയും നഗരപ്രദേശങ്ങളിൽ 600 രുപയും ആനുകൂല്യമായി ലഭിക്കുന്നു. ഗുണ ഭോക്താവ് ബാങ്ക് അക്കൗ ിന്റെ വിശദാംശവും ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാകുന്ന അപേക്ഷയും സഹിതം പ്രസവം നടന്ന ആശുപത്രി സൂപ്ര ിന് സമർപ്പിക്കുന്ന മുറയ്ക്ക് ആനുകൂല്യം ബാങ്ക് അക്കൗ ിലേക്ക് ലഭ്യമാക്കുന്നതാണ്. സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിലെ പ്രസവത്തിന് ആനുകൂല്യം ലഭിക്കുന്നതിന് ദാരിദ്യ രേഖയ്ക്ക് താഴെ എന്നതു തെളിയിക്കുന്ന സർട്ടിഫിക്കറ്റും/ ബാങ്ക് രേഖയും സഹിതം ഗുണഭോക്താവിന്റെ പ്രദേശത്തെ ആരോഗ്യ കേന്ദ്രത്തിൽ സമർപ്പിക്കേ താണ്. ആദിവാസി വിഭാഗത്തിൽപെട്ടവർക്ക് ആനുകൂല്യം സർക്കാർ/ സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിൽ നിന്ന് ലഭിക്കുന്നതാണ്.

ആശ

കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും മെച്ചപ്പെട്ട ആരോഗ്യ കുടുംബക്ഷേമ സേവനം ലഭ്യമാക്കാൻ ജനസംഖ്യാനുപാതകമായി നിയമിക്കപ്പെട്ടിരിക്കുന്നവരാണ് ആശപ്രവർത്തകർ. 1000 പേർക്ക് ഒരു ആശ എന്ന തോതിൽ ആണ് വയനാട്ടിൽ 669 ആശമാർ പ്രവർത്തിക്കുന്നു. ജോലിക്ക് അനുസ്യതമായ ഇൻസെന്റീവും, മാസം 2000 രൂപ വീതം ഹോണറേറിയവും നൽകിവരുന്നു.

രാഷ്ട്രീയ ബാൽ സ്വസ്ഥ്യ കാര്യക്രം – ആരോഗ്യ കിരണം

പതിനെട്ട് വയസുവരെയുള്ളവർക്ക് സർക്കാർ ആശുപത്രികളിൽ വിവിധ രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്താൽ പ്രാവർത്തികമാക്കിയ ഈ പദ്ധതിയിലൂടെ വിദഗ്ധ ചികിത്സ കുട്ടികൾക്കും കൗമാരക്കാർക്കും ലഭ്യമാകുന്നു. ജന്മനാ ഉ ാകുന്ന വൈകല്യങ്ങൾ, പോഷകാഹാര കുറവുകൾ, വിവിധ തരത്തി ലുള്ള രോഗങ്ങൾ, വളർച്ചയിലു ാകുന്ന വൈകല്യങ്ങൾ എന്നിവക്ക് ഫലപ്രദമായ ചികിത്സ ചെറുപ്രായത്തിൽ തന്നെ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം ചികിത്സ ലഭിക്കുന്നതിന് സർക്കാർ ആശുപത്രികളിൽ സമീപിക്കേ താണ്

ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (ഡിസ്ട്രിക്റ്റ് ഏർലി ഇന്റെർവെൻഷൻ സെന്റർ)

ആരോഗ്യകിരണം ആർ.ബി.എസ്.കെ എന്നീ പദ്ധതിയുടെ ഭാഗമായി പ്രാഥമിക പരി ശോധനയിലൂടെ കെ ത്തുന്ന വിവിധ തരത്തിലുള്ള വൈകല്യങ്ങൾ, രോഗങ്ങൾ എന്നിവക്ക് വിദഗ്ധ ചികിത്സ നൽകുന്നതിനായി ജില്ലയിൽ ക്രമീകരിച്ചിരിക്കുന്ന ആരോഗ്യ കേന്ദ്രമാണിത്. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം വയനാട് ജില്ലയിൽ കൽപ്പറ്റ കൈനാട്ടിയിൽ പ്രവർത്തിക്കുന്ന ജനറൽ ആശുപത്രിയിലാണ് പ്രസ്തുത കേന്ദ്രം പ്രവർത്തിക്കുന്നത്. ശിശു രോഗ വിദഗ്ധർ, പല്ലു

രോഗ വിദഗ്ധർ സൈകോളജിസ്റ്റ്, സൈക്കോതെറാപ്പി, ഓഡിയോളജി, കൗൺസിലർ തുടങ്ങിയ വിദഗ്ധരായവരുടെ സേവനങ്ങൾ പ്രസ്തുത കേന്ദ്രത്തിലൂടെ ലഭ്യമാണ്. 18 വയസുവരെ ഉള്ളവ രിൽ ക ുവരുന്ന രോഗങ്ങൾ , വൈകല്യങ്ങൾ, വളർച്ചയുടെ വിവിധഘട്ടങ്ങളിൽ ക ുവരുന്ന രോഗങ്ങൾ, വൈകല്യങ്ങൾ എന്നിവ പ്രാരംഭ ഘട്ടങ്ങളിൽ തന്നെ കെ ത്തി ചികിത്സിച്ച് ഭേദമാ ക്കുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം പ്രവർത്തിക്കുന്നത്.

കൗമാര ആരോഗ്യ കേന്ദ്രങ്ങൾ

കൗമാരക്കാരുടെ ശാരീരിക മാനസിക ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകികൊ ് പ്രവർത്തിക്കുന്ന കേന്ദ്രമാണ് കൗമാര ആരോഗ്യ കേന്ദ്രങ്ങൾ. നിലവിൽ ജില്ല ആശുപത്രി മാനന്ത വാടി, ജി എച്ച് കൽപ്പറ്റ, സി.എച്ച്.സി മീനങ്ങാടി,പുൽപ്പള്ളി,തരിയോട് എന്നിവിടങ്ങളിൽ പ്രവർത്തി ക്കുന്നു. വിദഗ്ദരായ ഡോക്ടേഴ്സ്, കൗൺസിലർ എന്നിവരുടെ സേവനം തിങ്കൾ,ചൊവ്വ,വെളളി, ശനി ദിവസങ്ങളിൽ രാവിലെ 9 മുതൽ 4 വരെ ലഭിക്കുന്നു. കൗമാരക്കാരുടെ ശാരീരിക,മാനസിക, വൈകാരിക പഠനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വ്യക്തിത്വ വികസനം നേടുന്നതിനുമായ പ്രത്യേക പരിശീലനവും, കൗൺസിലിങ്ങും നൽകിവരുന്നു.പിയർ എഡ്യൂക്കേഷൻ (സൗഹൃദ പരിശീലനം) ആർ.കെ.എസ്.കെയുടെ ഒരു പ്രധാന സവിശേഷതയാണ്. എകദേശം 635 കുട്ടി കൾക്ക് പരിശീലനം ഇതിനകം നൽകി കഴിഞ്ഞു.കൂടാതെ ജീവിത നിലവാരം ഉയർത്തുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.

പകൽ വീട്

തരിയോട് പി.എച്ച്.സി യോട് അനുബന്ധിച്ചുള്ള കെട്ടിടത്തിൽ മെന്റൽ ഹെൽത്ത് ഡേ കെയർ സെന്റർ 2014 നവംബർ മാസം ആരംഭിക്കുകയു ായി. 15 രോഗികളുമായി ആരംഭിച്ച ഈ സംരഭം രോഗികളുടെയും അവരുടെ കുടുംബങ്ങളുടെയും ആരോഗ്യവകുപ്പിന്റെയും ആരോഗ്യ കേരളത്തിന്റെയും സഹകരണത്തോടുകൂടി പ്രവർത്തിച്ചുവരുന്നു. ഡേ കെയർ സെന്റർ ഓരോ ദിവസവും ഭംഗിയായി നടത്തുവാൻ ഒക്കൂപ്പഷനൽ തെറാപ്പിസ്റ്റ് 3 സ്റ്റാഫ് നേഴ്സ് , 2 സപ്പോർട്ടീവ് സ്റ്റാഫ് എന്നിവർ നന്നായി പരിശ്രമിക്കുന്നു. മനോവൈകല്യമുള്ളവരാണ്(Schizophrenia,Maniac disorder, Psychosis MR, Schizo affective disorder)ഇവിടുത്തെ ആന്തേവാസികൾ ഇതിൽ പലർക്കും ശാരീരികമായും വൈകല്യങ്ങൾ ഉ ്

സാന്ത്വന പരിചരണ പദ്ധതി

കിടപ്പിലായ രോഗികൾ, മാറ രോഗികൾ എന്നിവർക്ക് ഗൃഹ പരിചരണം, ആശുപത്രിയിൽ പരിചരണം, ചികിത്സ, മരുന്ന് മറ്റ് സഹായങ്ങൾ എന്നിവ നൽകുന്നതിന് ആരംഭിച്ച പദ്ധതിയാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരോഗ്യകേരളം പദ്ധതിയുടെ നേതൃത്വ ത്തിൽ ജില്ലയിൽ ഉടനീളം സാന്ത്വന പരിചരണം പദ്ധതി പ്രാവർത്തികമാക്കിയിരിക്കുന്നു. ഡോക്ടർ, നേഴ്സ്, ആശ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവർ അടങ്ങിയ ടീമുകൾ വിവിധ പ്രദേശങ്ങളിൽ വീടുകളിൽ ചെന്ന് കിടപ്പിലായ രോഗികളെ ശുശ്രൂഷിക്കുകയും ചികിത്സ നൽകുകയും ചെയ്യുന്നു. കൂടാതെ ബത്തേരി, വൈത്തിരി എന്നീ താലൂക്ക് ആശുപത്രികളിൽ സാന്ത്വന പരിചരണത്തിനായി പ്രത്യേക വാർഡുകളും ക്രമീകരിച്ചിരിക്കുന്നു. സാന്ത്വന പരിച രണം ആവശ്യമായ രോഗികൾ തൊട്ടടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേ താ ണ്. രോഗികൾക്ക് ആവശ്യമായ വീൽചെയർ, നടക്കുവാനാവശ്യമായ വടി, വാട്ടർ ബെഡ്, തുട ങ്ങിയ ഉപകരണങ്ങൾ സൗജന്യമായി ഈ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി ലഭ്യമാക്കുന്നു

ജില്ല മാനസീക ആരോഗ്യ പരിപാടി

വയനാട് ജില്ലയിൽ ആത്മഹത്യകളും കുറ്റകൃത്യങ്ങളും ലൈംഗീക അതിക്രമങ്ങളും ലഹരിവ സ്തിക്കളുടെ ഉപയോഗവും വർദ്ധിച്ച് വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ജില്ലാ താലൂക്ക് ആശുപത്രി തലത്തിലും സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലും മാനസിക ആരോഗ്യ

ക്ലിനിക്കുകളും കൗൺസിലിംഗ് സേവനങ്ങളും നൽകി വരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫ ് വകയിരുത്തി സൗജന്യ മരുന്ന് വിതരണവും വിദഗ്ദ്ധ ചികിത്സാ സേവനങ്ങളും പദ്ധതിയുടെ ഭാഗമായി നൽകി വരുന്നു.

ഭൂമിക വൺ സ്റ്റോപ്പ് ക്രൈസിസ് സെൽ

ഗാർഹിക ഗാർഹികേതര പീഡനത്തിന് ഇരയാകുന്നവർക്ക് സംരക്ഷണവും സേവനങ്ങളും ഒരു കുടകീഴിൽ ഏകോപിപ്പിച്ചുകൊ ് പ്രവർത്തിക്കുന്ന പരിപാടിയാണ് ഭൂമികയിലൂടെ നിർവഹിക്കുന്നത്. സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഭൂമിക കേന്ദ്രത്തിൽ ഡോക്ടർ, നേഴ്സ്, കൗൺസിലർ, പോലീസ്, നിയമ വിദഗ്ദർ എന്നിവരുടെ സൗജന്യ സേവനം ലഭിക്കുന്നതാണ്. മാനസിക ശാരീരിക പീഡനത്തിന് വിധേയരാകുന്ന സ്ത്രീകൾ, കൗമാരക്കാർ, കുട്ടികൾ എന്നിവർക്ക് സഹായത്തിനും സേവനത്തിനും തുടർ നടപടികൾക്കുമായി ഭൂമിക സെന്റിനെ സമീപിക്കാവുന്നതാണ്. ജില്ലിൽ വിവിധ പ്രദേശങ്ങളിൽ ഗാർഹികേതര പീഡനത്തിനെതിരെ ബോധവൽകരണ പ്രവർത്തനങ്ങളും ഭൂമികയുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

കായകൽപ് അവാർഡ്

ആശുപത്രികളിലെ വ്യത്തിയും ശുചിത്വവും കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കായകൽപ് അവാർഡ്.ഈ അവാർഡ് നൽകുന്നത് താഴെ പറയുന്ന കാര്യങ്ങളിലെ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തിയാണ്.

1. ആശുപത്രികളുടെ പുനരുദ്ധാരണം
2. ശുചിത്വപരിപാലനം
3. ബയോമെഡിക്കൽ/ വേസ്റ്റ് മാനേജ്മെന്റ്
4. അണുബാധ നിയ{ന്തണ മാർഗ്ഗങ്ങൾ
5. അനുബന്ധ സേവനങ്ങൾ

ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ്

അപ്പപ്പാറ, നൂൽപ്പുഴ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരോഗ്യകേരളം വയനാടിന്റെ ധനസഹായത്തിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നു. ആദിവാസി കോളനികളിൽ ചെന്ന് ഡോക്ടർ, നേഴ്സ് മറ്റ് ജീവനക്കാരുടെ നേതൃത്വത്തിൽ ചികിത്സ, മരുന്ന് വിതരണം എന്നിവ നിർവ്വഹിക്കുന്നു. ഓരോ കോളനികൾ / പ്രദേശങ്ങൾ സന്ദർശിക്കുന്ന തീയ്യതിയും സമയവും അതാതു പ്രാഥമികാരോഗ്യ കേന്ദ്രം /കുടുംബക്ഷേമ ഉപകേന്ദ്രം എന്നിവിടങ്ങളിൽ ലഭ്യമാണ്.

അരിവാൾ കോശരോഗ നിയന്ത്രണ പരിപാടി

ആദിവാസി ജനവിഭാഗങ്ങളിലും വയനാടൻ ചെട്ടി സമുദായക്കാരിലും ക ുവരുന്ന അരിവാൾ കോശ രോഗികൾക്ക് ചികിത്സാ സഹായങ്ങൾ പ്രദാനം ചെയ്യുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് വയനാട് ജില്ലയിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി കൊ ിരുക്കുന്നത്.പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകർ കോളനികൾ, വിദ്യാലയങ്ങൾ മറ്റ് പ്രധാന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വെച്ച് നടത്തുന്ന പ്രത്യേക ക്യാമ്പുകളിലൂടെ രോഗലക്ഷണമുള്ളവരെ ക ത്തുകയും, പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മുകളിലോട്ടുള്ള സർക്കാർ ആരോഗ്യ സംവിധാനങ്ങളിലൂടെ വിവിധതരം പരിശോധനകൾ, ചികിത്സ, മരുന്ന്, കൗൺസലിംഗ് എന്നിവ നൽകുന്നു. രജിസ്റ്റർ ചെയ്ത രോഗികൾക്ക് മാസത്തിൽ ഒരിക്കൽ ചീരാൽ അമ്പലവയൽ, മീനങ്ങാടി, ചുള്ളിയോട്, വരദൂർ, വാഴവറ്റ, ചെതലയം, പൂതാടി, മുള്ളൻകൊല്ലി, നൂൽപ്പുള, പുൽപ്പള്ളി, പനമരം, അപ്പപ്പാറ, കുറുക്കൻമൂല, മേപ്പാടി, പൊരുന്നന്നൂർ എന്നീ 16 പ്രാഥമിക / സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലൂടെ ചികിത്സാ സേവനം നൽകിവരുന്നു.അരിവാൾ കോശ രോഗികൾ നേരിടുന്ന പോഷകാഹാരത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി ആരോഗ്യകേന്ദ്രങ്ങളിലൂടെ പത്ത് കിലോഗ്രം അടങ്ങിയ വിവിധ തരം

ധാന്യങ്ങൾ മാസത്തിൽ ഒരിക്കൽ നൽകിവരുന്നു. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകരെ സമീപിക്കേ താണ്.

ട്രൈബൽ മെഡിക്കൽ ക്യാമ്പുകൾ

നിലവിലുള്ള ചികിത്സാ സംവിധാനങ്ങൾക്കു പുറമെ ആദിവാസി മേഖലയിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുകൊ ് ആദിവാസി വിഭാഗക്കാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നു. ജില്ലയിൽ വിവിധ ആരോഗ്യസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കോളനികൾ കേന്ദ്രീകരിച്ചുകൊ ് ഈവർഷം ഏകദേശം 160 ഓളം ക്യാമ്പുകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു.

ദേശീയ അന്ധതാ നിവാരണ പരിപാടി

ദേശീയ ആരോഗ്യ പദ്ധതികളുടെ ഭാഗമായി നടത്തുന്ന പരിപാടിയാണിത്.ഇത് പ്രകാരം ജില്ലാ ആശുപത്രിയിൽ നിന്നും സൗജന്യ തിമിര ശസ്ത്രക്രിയ, കണ്ണട എന്നീ സേവനങ്ങൽ ലഭിക്കുന്നു. കൂടാതെ കൽപ്പറ്റ അഹലിയ, കാര്യമ്പാടി കണ്ണാശുപത്രി എന്നിവരിലൂടെ തിമിര ശസ്ത്രക്രിയ, കണ്ണട, ചികിത്സ എന്നിവ സൗജന്യമായി ലഭിക്കുന്നതാണ്.

ആർത്തവ ശുചിത്വ പദ്ധതി.

കൗമാരക്കാരായ പെൺകുട്ടികളുടെ ആർത്തവ കാലത്തെ ശുചിത്വം വർദ്ധിപ്പിച്ച് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കികൊ ിരിക്കുന്ന പരിപാടിയാണ് ആർത്തവ ശുചിത്വ പദ്ധതി. ഇത് പ്രകാരം 10 – 19 വയസുവരെ ഉള്ള ഗ്രാമ പ്രദേശത്തെ കൗമാരക്കാരായ പെൺകുട്ടിക്കൾക്ക് ആവശ്യാനുസരണം സാനിറ്ററി നാപ്കിനുകൾ ഒരു പായ്ക്കറ്റിന് 6 രൂപ നിരക്കിൽ ആശ പ്രവർത്തകർ മുഖേനയും കുടുംബക്ഷേമ ഉപകേന്ദ്രത്തിലൂടെയും ലഭ്യമാക്കുന്നു. ആദ്യഘട്ടമെന്ന നിലയിൽ കേരളത്തിൽ വയനാട് ജില്ലയിലും ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നു. സാനിറ്ററി നാപ്കിനുകൾ ലഭിക്കുന്നതിന് പ്രദേശത്തെ ആശ പ്രവർത്തക / ആരോഗ്യ കേന്ദ്രം അധികൃതർ എന്നിവരെ സമീപിക്കേ താണ്.

ആർ.ബി.എസ്.കെ (മൊബൈൽ ഹെൽത്ത് ടീം)ശലഭം

ശലഭം– മൊബൈൽ ഹെൽത്ത് ടീം(എം.എച്ച്.റ്റി) പദ്ധതിക്ക് തുടക്കമായി. ബഹു: ആരോഗ്യ മന്ത്രി കെ.കെ ഷൈല ടീച്ചർ ഫ്ലാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു. ഇത്തരം പദ്ധതികളിലുടെ സാധാരണക്കാരായ ജനങ്ങളിലേക്ക് ഇറങ്ങി ചെല്ലണമെന്നും മികച്ച ആരോഗ്യം ഉറപ്പുവരുത്തണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

ദേശീയ ആരോഗ്യ ദൗത്യം വഴി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആർ.ബി.എസ്.കെ പദ്ധതിയുടെ ഭാഗമായി എത്തിചേരാൻ പ്രയാസമുള്ള പ്രദേശങ്ങളിൽ ആർ.ബി.എസ്.കെ പദ്ധതിയുടെ സേവനം ഉറപ്പാക്കാൻവേ ി സം,സ്ഥാന സർക്കാർ പുതുതായി നടപ്പിലാക്കുന്ന പരിപാടിയാണ് ശലഭം എന്ന പേരിലുള്ള മൊബൈൽ ഹെൽത്ത് ടീം.

ശലഭം മൊബൈൽ ഹെൽത്ത് ടീം ആർ.ബി.എസ്.കെ പരിശോധന വഴി കുട്ടികളുടെ ജന്മ വൈകല്യങ്ങളും, പോഷകകുറവും, വളർച്ചയിലെ കാല താമസവും, ബാല്യകാല രോഗങ്ങളുമാണ് കെ ത്തുന്നത്. പരിശോധനക്കാവശ്യമായ എല്ലാ ഉപകരണങ്ങളുടെയും സഹായത്തോടെയാണ് ശലഭം മൊബൈൽ ഹെൽത്ത് ടീം പരിശോധന നടത്തുന്നത്. പ്രത്യേക പരിശീലനം ലഭിച്ച ആർ. ബി.എസ്.കെ നഴ്സുമാരും, ഡോക്ടറും അടങ്ങുന്നതാണ് ടിം. തുടർ ചികിത്സ ആവശ്യമായ കുട്ടികൾക്ക് മരുന്നും ലാബ് പരിശോധനകളും ഉൾപ്പെടെയുള്ള എല്ലാ ചികിത്സയും ടിം ഉറപ്പാക്കുന്നു. കൂടാതെ ജില്ലാ ആശുപത്രി/ മെഡിക്കൽ കോളേജ് മുതലായ ആശുപത്രികളിലേക്ക്പോകേ തായ അസുഖങ്ങൾക്ക് റഫർ ചെയ്യുന്നു.എർളി ഇന്റെർ വെൻഷൻ സർവ്വീസിനായി ഡി.ഇ.ഐ.സി യിലേക്കും അനുയാത്ര എം.ഐ.യുവിലേക്കും റഫർ ചെയ്യുന്നു.

വയനാടു ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലേയും, അംഗൻ വാടികളിലേക്കും, സ്കൂളുകളിലേക്കും18 വയസ്സിൽ താഴെയുള്ള മുഴുവൻ കുട്ടികളിലും ശലഭം ടീം ആർ.ബി.എ സ്.കെ പരിശോധന നടത്തും. 6 ആരോഗ്യ ബ്ലോക്കുകളിലും ആഴ്ച്ചയിൽ ഒരു ദിവസം വീതമാണ് ശലഭം ടീം എത്തിച്ചേരുന്നത്.

അനുയാത്ര – മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്

കേരള സർക്കാറിനു കീഴിൽ ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും സാമൂഹിക സുരക്ഷ മിഷന്റെയും ആഭിമുഖ്യത്തിൽ ജനനം മുതൽ 18 വയസു വരെയുള്ള കുട്ടികൾക്കായി സംസ്ഥാന വ്യപകമായി നടപ്പിലാക്കുന്ന പദ്ധതിയാണ് അനുയാത്ര (എം,ഐ.യു)

ദേശീയ ആരോഗ്യ ദൗത്യം വഴി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആർ.ബി.എസ് കെ പദ്ധതി യുടെ ഭാഗമായി കുട്ടികളിലെ വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഏർലി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു ു. എന്നാൽ ഡി.ഇ. ഐ.സി യുടെ സേവനം ലഭ്യമാകുന്നത് ജനറൽ ആശുപത്രിയിൽ മാത്രമാണ്. എന്നാൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർക്ക് ജില്ലാ തലസ്ഥാനത്ത് എത്തി ചേരാൻ പ്രയാസമുള്ള സാഹച ര്യത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ആവശ്യമായ ചിക്ത്സാ സഹായം എത്തിക്കുന്നതിനായി ആരംഭിച്ചിരിക്കുന്ന പദ്ധതിയാണ് അനുയാത്ര. ഈ പദ്ധതിയുടെ ലക്ഷ്യം കൈയെത്തും ദൂരത്ത് ഏർലി ഇന്റർവെൻഷൻ സർവ്വീസുകൾ ഉറപ്പാക്കുകയെന്നതാണ്. ഇതിന്റെ ഭാഗമായി ജില്ലാ ആശുപത്രിയും, താലൂക്ക് ആശുപത്രികളും കേന്ദ്രീകരിച്ച് അനുയാത്ര പദ്ധതി നട പ്പിലാക്കുന്നു.ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഡെവലപ്പ്മെന്റ് തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂകേറ്റർ എന്നിവരടങ്ങുന്നതാണ് അനുയാത്ര ടിം. കൂടാതെ ആശുപത്രിയിൽ നിന്നും മെഡിക്കൽ ഓഫീസറുടെ സേവനവും ലഭ്യമാണ്.വയനാട് ജില്ലയിൽ ജില്ലാ ആശുപത്രി മാനന്തവാടി, താലൂക്ക് ആശുപത്രി ബത്തേരി എന്നിവിടങ്ങളിൽ ആഴ്ചയിൽ 3 ദിവസം അനു യാത്ര ടീംന്റെ സേവനം ലഭ്യമാണ്.

ഹൃദ്യം പദ്ധതി

ജന്മനാ ഹൃദയത്തിന് തകരാറ് സംഭവിച്ച 18 വയസ്സ് താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയണ് ഹൃദ്യം. hridyam.in എന്ന വെബ്സൈറ്റിൽ രജി സ്റ്റർ ചെയ്യുന്ന കുട്ടികൾക്കാണ് ഈ സൗജന്യ സേവനം ലഭ്യമാകുന്നത്. രജിസ്ട്രേഷന് 5 സ്റ്റെപ്പുക ളാണ് ഉള്ളത്. അസുഖത്തിന്റെ ത്രീവത അനുസരിച്ച് ചികിത്സ ഉടനെ വേണോ സാവധാനം മതിയോ എന്ന് തീരുമാനിക്കുന്നു.

ജീവനി (ജീവിതശൈലിരോഗനിയന്ത്രണ കേന്ദ്രം)

ആരോഗ്യകേരളം വയനാട്, അർബൻ ഹെൽത്തിന് കീഴിൽ ജീവിതശൈലി രോഗ നിയന്ത്ര ണത്തിന് മുൻതൂക്കം നൽകികൊ ു എൻ.സി.ഡി, സ്ക്രീനിംഗ്, ട്രീറ്റുമെന്റ് അവേയർനസ് മറ്റ് ആരോഗ്യ സംബന്ധമായ വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനായി, ഡോക്ടർ, ഫാർമ സിസ്റ്റ്, നഴ്സ്, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ സേവനവും, സൗജന്യ മരുന്നും നൽകുന്നതാ ണ്. സംസ്ഥാനത്ത് ആദ്യമായി വയനാട് ജില്ലയിൽ കൽപ്പറ്റ ടൗണിൽ മുൻസിപ്പാലിറ്റി വിട്ട് നൽകിയ കെട്ടിടം ''ജീവനി'' ക്കായി രൂപപ്പെടുത്തിയിരിക്കുന്നു.

സ്റ്റുഡന്റ് ഡോക്ടർ കേഡറ്റ് (എസ്.ഡി.സി)

കുട്ടികളിലൂടെ തന്നെ കുട്ടികൾക്ക് ആരോഗ്യ പരമായ അറിവുകൾ പകർന്ന് കൊടുക്കുന്ന പദ്ധതിയാണ് സ്റ്റുഡന്റ് ഡോക്ടർ കേഡറ്റ്. രാഷ്ട്രീയ കിഷോർ സ്വസ്ഥ്യ കാര്യക്രം (ആർ.കെ.എ സ്.കെ) എന്ന കൗമാര ആരോഗ്യ പദ്ധതിയുടെ ചുവടുപിടിച്ചാണ് ഈ പദ്ധതിക്ക് രൂപം നൽകിയി രിക്കുന്നത്. ആരോഗ്യ കാര്യങ്ങ Ã കൈകാര്യം ചെയ്യുന്നതിന് ജില്ലയിലെ മിടുക്കരായ 532 വിദ്യാർത്ഥികൾക്ക് 6 ദിവസത്തെ പ്രത്യേക പരിശിലനം നൽകി സജ്ജരാക്കിയിട്ടു ു.

ഹാംലെറ്റ് ആശ (ഊരുമിത്രം)

ആദിവാസി മേഖലയിലെ ആരോഗ്യ പ്രശ്നങ്ങൾ കെ ത്തുന്നതിനും പരിഹരിക്കുന്നതിനു മായി അവർക്കിടയിൽ തന്നെയുള്ള 178 പേരെ തിരഞ്ഞെടുത്ത് പരിശീലനം നൽകി നടപ്പിലാ ക്കുന്ന പദ്ധതിയാണ് ഹാംലെറ്റ് ആശ.

ആയുഷ് വകുപ്പ് നടപ്പിലാക്കുന്ന ദേശീയ/സംസ്ഥാന ജില്ലാതല പദ്ധതികളുടെ അവലോകനം

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	സ്ട്രെങ്ത്എനിങ് ആൻഡ് ഇമ്പ്രോവെമെന്റ് ഓഫ് ആയുർവേദ റൂറൽ ഡിസ്പെന്സറിസ് .	12.85	12.85
2	കണ്ട്രോൾ ഓഫ് കമ്മ്യൂണിക്കൽ ഡിസീസസ് ആൻഡ് നാച്ചുറൽ കാലമിറ്റീസ്	0.50	0.50
3	അപ്ഗ്രഡേഷൻ ആൻഡ് മോഡേൺനൈസേഷൻ ഓഫ് ഐ സ് എം ഇന്സ്റ്റിട്യൂഷൻസ്	88.62	

ക്രമ നം.	പദ്ധതിയുടെ പേര്	ഗുണഭോക്താക്കൾ	അവലോകനം
1	ബാലമൃകുളം 2011–12 മുതൽ നടപ്പിലാക്കിവരുന്നു	സർക്കാർ സ്കൂളുക ളിലെ കുട്ടികൾ (യു. പി.)	കുട്ടികളുടെ ശാരീരിക പഠനവൈകല്യങ്ങൾ പരിഹരിക്കുന്നു. പ്രതിരോധശേഷി വർദ്ധിപ്പി ക്കുവാനും, രോഗങ്ങൾ കുറയ്ക്കുവാനും, പദ്ധതിയിലൂടെ സാധിക്കുന്നു ു.
2	പ്രസാദം 2013–14 മുതൽ നടപ്പിലാക്കിവരുന്നു	സർക്കാർ ഹൈസ്കൂൾ കുട്ടി കൾ	നടപ്പിലാക്കിയ സ്കൂളുകളിലെ കുട്ടികളിൽ വിളർച്ച നിയന്ത്രണവിധേയമാക്കുവാൻ സാധിച്ചിട്ടു ു.
3	കരൾരോഗമുക്തി 2015–16 മുതൽ നടപ്പി ലാക്കിവരുന്നു	കരൾ സംബന്ധമായ രോഗമുള്ള ആളുകൾ	കരൾരോഗങ്ങളുടെ തീഷ്ണത കുറയ്ക്കാൻ സാധിച്ചു.
4	ആയുഷ്യം 2016 മുതൽ നടപ്പിലാക്കിവരുന്നു	ജീവിതശൈലി രോഗം ബാധിച്ചവർ	രോഗങ്ങൾ നിയന്ത്രണ വിധേയമാക്കുവാനും, ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും പദ്ധ തിയിലൂടെ സാധിക്കുന്നു.
5	വയോ അമൃതം 2012–13 മുതൽ നടപ്പിലാക്കി വരുന്നു	വയോജനങ്ങൾ	വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ കെ ത്തുന്നതിനും, ചികിത്സിക്കുന്നതിനും, ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും സാധിച്ചു
5	സുതാര്യം 2016 ൽ കൽപ്പറ്റ നഗരസഭയിൽ നടപ്പിലാക്കി	തിമിരം ബാധിച്ചവർ	തിമിരത്തിന്റെ വ്യാപനം തടയുവാൻ സാധി ച്ചു. അന്ധത നിവാരണത്തിന് ജില്ലാ തല ത്തിൽ നടപ്പിലാക്കാവുന്ന പ്രൊജക്ട്
7	അരിവാൾ രോഗി	അരിവാൾ രോഗം	1) 25 പുതിയ കേസുകൾ സ്ഥിരീകരിച്ചു.

	കൾക്കുള്ള പ്രൊജക്ട് 2015–16 മുതൽ ജില്ലയിൽ നടപ്പിലാക്കി വരുന്നു	ബാധിച്ചവർ	2) അരിവാൾ രോഗികളുടെ ഹെൽത്ത് റെക്കോർഡ് ഉ ാക്കുവാൻ സാധിച്ചു. 3) രോഗലക്ഷണങ്ങൾ കുറയ്ക്കുവാനും ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും സാധിച്ചു. 4) ആയുർദൈർഘ്യം വർദ്ധിപ്പിക്കുവാൻ സഹായകരമായി 5) രക്തം സ്വീകരിക്കുന്നതിന്റെ തോത് കുറയ്ക്കുവാൻ സാധിച്ചു.
8	പാലിയേറ്റീവ് പ്രൊജക്ട് തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു	പാലിയേറ്റീവ് കെയർ ആവശ്യമായവർക്ക്	രോഗികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ സാധിച്ചു.
9	സിദ്ധ പദ്ധതി 2016 മുതൽ നടപ്പിലാക്കിവരുന്നു	രോഗികൾ	സിദ്ധ വൈദ്യശാസ്ത്രത്തിന്റെ പ്രചാരണം
10	കൗമാരഭൃത്യം 2017 മുതൽ	കൗമാരക്കാരായ കുട്ടികൾ	നടപ്പിലാക്കിവരുന്നു.
11	പ്രസൂതി 2017 മുതൽ	ഗർഭിണികൾ, പ്രസവിച്ചവർ, നവ ജാത ശിശുക്കൾ	നടപ്പിലാക്കിവരുന്നു
12	മാനസികം 2017 മുതൽ	ഉറക്കകുറവ്, ഡിപ്രഷർ തുടങ്ങിയവയ്ക്കുള്ള ആയർവേദ ചികിത്സ	നടപ്പിലാക്കിവരുന്നു

ജില്ലയിൽ നിലവിലുള്ള സ്പെഷ്യാലിറ്റി ഹോമിയോപതി

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	സ്റ്റാൻഡേർഡിസഷൻ ആൻഡ് മോടെർമിസഷൻ ഓഫ് ഹോമോടെയോ ഡിപ്പാർട്മെൻറ്	15.60	15.60
2	ഹെൽത്ത് മാനേജ്മന്റ് ആൻഡ് സ്പെഷ്യൽറ്റി ഹെൽത്ത് കെയർ സെന്റ്രെസ് അറ്റ് ഹോമിയോപതി	42.98	42.98

ആസ്തമ അലർജി ക്ലിനിക്

വയനാട് ജില്ലയുടെ കാലാവസ്ഥാ പ്രത്യേകതകളും അന്തരീക്ഷ മലിനീകരണവും തൊഴിൽ മേഖലയിലെ വ്യതിയാനങ്ങളും കൊ ് ആസ്തമ, അലർജി രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊ ിരിക്കുന്ന സാഹചര്യമാണുള്ളത്. പ്രസ്തുത സാഹചര്യത്തിലാണ് കേരള സർക്കാർ ഹോമിയോ വകുപ്പ് 2010 ജൂലൈ മാസം 10–ാം തീയതി അഞ്ചുകുന്ന് ജില്ലാ ഹോമിയോ ആശുപത്രി കേന്ദ്രീകരിച്ച് ആസ്തമ– അലർജി സ്പെഷ്യൽ ക്ലിനിക് ആരംഭിച്ചത്. പ്രസ്തുത ക്ലിനിക്കിന് പൊതുജനങ്ങൾ നൽകിയ സ്വീകാര്യതയും പദ്ധതിയുടെ ഫലപ്രാപ്തിയും 2 പോസ്റ്റ് ഗ്രാഡേ

ാറ്റ് മെഡിക്കൽ ഓഫീസർമാരെയും 1 ഫാർമസിസ്റ്റിനെയും അധിക ചുമതല നൽകി നിയമിച്ചു കൊ ് വിദഗ്ധ സേവനം ഉറപ്പുവരുത്തുന്നു.

സീതാലയം പ്രൊജക്ട്

സ്ത്രീകളുടെ ആരോഗ്യം, സന്തോഷം, സാമൂഹ്യ സമത്വം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യ ത്തോടെ സമൂഹത്തിലെ പീഢനം അനുഭവിക്കുന്ന സ്ത്രീകൾക്കുവേ ി കേരള സർക്കാർ ഹോമി യോപ്പതി വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് സീതാലയം. സാമൂഹ്യ നീതി വകുപ്പ്, ആഭ്യന്തര നിയമ വകുപ്പുകൾ, വനിതാകമ്മീഷൻ എന്നിവയുടെ സഹകരണത്തോടെയാണ് സീതാലയം പ്രവർത്തനം നടക്കുന്നത്. ജില്ലയിലെ എല്ലാ സർക്കാർ ഹോമിയോ ഡിസ്പൻസറികളിലും നൽകി വരുന്ന സേവനത്തോടൊപ്പം റഫറൽ കേന്ദ്രമായി അഞ്ചുകുന്ന് ജില്ലാ ഹോമിയോ ആശുപത്രി യിലെ സീതാലയം യൂണിറ്റ് പ്രവർത്തിക്കുന്നു.

സേവനങ്ങൾ

1. സ്ത്രീകളുടെ വൈകാരിക മാനസിക ആരോഗ്യ പ്രശ്നങ്ങൾക്ക് വിദഗ്ധ ചികിത്സ.
2. കൗൺസിലിംഗിന് ലേഡി സൈക്കോളജിസ്റ്റിന്റെ സേവനം.
3. നിയമ പരിരക്ഷാ നിർദ്ദേശങ്ങൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ സേവനം ലഭ്യമാക്കൽ.
4. ബോധവൽക്കരണ ക്ലാസ്സുകൾ

വന്ധ്യതാ നിവാരണ ക്ലിനിക്

വന്ധ്യതാ ചികിത്സാ രംഗത്ത് നടമാടിയിരുന്ന മൂല്യച്യുതിയുടെയും വഞ്ചനയുടെയും ഇരക ളായി തീർന്ന ഹതഭാഗ്യരായ ദമ്പതിമാർക്ക് ഒരു കൈത്തിരി നാളമായിട്ടാണ് സീതാലയം യൂണിറ്റു കളോടെനുബന്ധിച്ച് സൗജന്യ വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ ആരംഭിക്കുവാൻ കേരള സർക്കാർ ഹോമിയോപ്പതി വകുപ്പ് തീരുമാനിച്ചത്. 2012-ൽ കണ്ണൂർ, കോഴിക്കോട്, തിരുവനന്ത പുരം എന്നീ ജില്ലകളിൽ ആരംഭിച്ച വന്ധ്യതാ നിവാരണ ക്ലിനിക്കുകളുടെ വൻ വിജയമാണ് 2015 -ൽ എല്ലാ ജില്ലകളിലും സീതാലയം യൂണിറ്റുകളിൽ വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ ആരംഭു ക്കുവാൻ പ്രേരണയായത്. കണ്ണൂരിലുള്ള വന്ധ്യതാ നിവാരണ ക്ലിനിക്ക് ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആക്കി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

ലഹരി വിമുക്ത ചികിത്സാലയം

ലഹരിയ്ക്ക് അടിമപ്പെടുന്നവരുടെ ശാരീരിക, മാനസിക, സാമൂഹിക സാമ്പത്തിക പ്രശ്ന ങ്ങൾ സമൂഹത്തിന്റെ മുമ്പിൽ വൻ വിപത്തായി മാറിയ സാഹചര്യത്തിലാണ് കേരള സർക്കാർ ഹോമിയോപ്പതി വകുപ്പ് ലഹരി വിമുക്ത ചികിത്സാലയം പദ്ധതി നടപ്പിലാക്കിയത്. വയനാട് ജില്ല യിൽ ലഹരി വിമുക്ത ചികിത്സാലയം, സീതാലയത്തിന്റെ ഭാഗമായി അഞ്ചുകുന്ന് ജില്ലാ ഹോമിയോ ആശുപത്രിയിൽ പ്രവർത്തിക്കുന്നു.

സദ്ഗമയ – കൗമാരക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ

കൗമാരപ്രായക്കാർ ഓരേ സമയം തന്നെ പലതലത്തിലുള്ള സന്ദർഭങ്ങൾക്ക് വിധേയരാകേ ിവരുന്നവരാണ്. പഠന സംബന്ധമായ പ്രശ്നങ്ങൾ, ശിഥിലമായ കുടുംബാന്തരീക്ഷം, ശാരീരിക അനാരോഗ്യം, മാനസിക സംഘർഷങ്ങൾ, സമ്മർദ്ധം ഏറിയ പഠന രീതികൾ ഇവയൊക്കെ കുട്ടിയെ പലപ്പോഴും വിഷാദലേയ്ക്കോ ഒരു പൊട്ടിത്തെറിയിലേയ്ക്കോ നയിച്ചേക്കാം. ഇങ്ങനെ യുള്ള കുട്ടികളിൽ ആത്മവിശ്വാസക്കുറവ്, പരീക്ഷാ ഭയം, പഠന വൈകല്യം, പെരുമാറ്റ വൈക ല്യം, ലഹരി ഉപയോഗം എന്നിവ കണ ത്താം. ഇങ്ങനെയുള്ള കുട്ടികളെ സഹായിക്കുന്നതിനായി

ട്ടാണ് ഹോമിയോപ്പതി വകുപ്പ് സദ്ഗമയ എന്ന പദ്ധതി ആരംഭിച്ചത്. എല്ലാ സർക്കാർ ഹോമിയോ ഡിസ്പൻസറികളിൽ നൽകി വരുന്ന സേവനത്തോടൊപ്പം റഫറൽ കേന്ദ്രമായി അഞ്ചുകുന്ന് ജില്ലാ ഹോമിയോ ആശുപത്രിയിലെ സദ്ഗമയ യൂണിറ്റ് പ്രവർത്തിക്കുന്നു. സ്പെഷ്യൽ ടീച്ചറുടെയും കൗൺസിലറുടെയും സേവനം ഇവർക്ക് ലഭ്യമാണ്.

വയോജനപ്രത്യേക ചികിത്സാ പദ്ധതി:

വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ സർക്കാരിന്റെ സജീവ പ്രാധാന്യമുള്ള ഒരു വിഷയമാണ്. ജനസംഖ്യാനുപാതത്തിൽ മുതിർന്ന പൗരൻമാരുടെ എണ്ണം കൂടിയിരിക്കുന്നതിനാൽ സ്വാഭാവികമായും അവർക്ക് ലഭിക്കേ പരിരക്ഷകൾ കുടുംബത്തിൽ നിന്നും ലഭിക്കുന്നുേ ാ എന്ന വിഷയം വളരെ ഗൗരവമേറിയ ഒന്നാണ്. മുതിർന്ന പൗരൻമാരുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾക്ക് ഹോമിയോപ്പതി ചികിത്സ ലഭ്യമാകുന്നതിനൊപ്പം ഇവരിൽ ക ുവരുന്ന അസ്ഥി സംബന്ധമായ രോഗങ്ങൾക്ക് ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനവും കോർത്തിണക്കിയ ഒരു ചികിത്സാപദ്ധതിയാണ് വയനാട് ജില്ലാ ഹോമിയോ ആശുപത്രി അഞ്ചുകുന്നിൽ വകുപ്പ് വിഭാവനം ചെയ്തിരിക്കുന്നത്.

പെയിൻ ആന്റ് പാലിയേറ്റീവ്:

പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണത്തിൽ ഹോമിയോപ്പതി മരുന്നുകളുടെ സാധ്യതകൾ ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായിട്ടാണ് പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണ വിഭാഗം അഞ്ചുകുന്ന് ജില്ലാ ഹോമിയോ ആശുപത്രിയിൽ 2016 നവംബറിൽ ആരംഭിച്ചത്. മലപ്പുറം ജില്ലയിലെ വ ൂർ എന്ന സ്ഥലത്ത് പ്രവർത്തിച്ചിരുന്ന ഗവ. ഹോമിയോ ഡിസ്പൻസറിയിൽ വർഷങ്ങൾക്ക് മുൻപ് വ്യാഴാഴ്ച ദിവസങ്ങളിൽ മാത്രം ഒരു സ്പെഷ്യൽ ഒ.പി. ആയി ആരംഭിച്ച ചേതന എന്ന ക്യാൻസർ കെയർ ക്ലിനിക്ക് ആണ് ഇപ്പോൾ ഇന്ത്യയിലെ തന്നെ ആദ്യ ഹോമിയോപ്പതിക് ക്യാൻസർ ആശുപത്രിയായി മാറ്റിയിരിക്കുന്നത്. എല്ലാ ബുധനാഴ്ചകളിലും പെയിൽ ആന്റ് പാലിയേറ്റീവ് സ്പെഷ്യൽ ഒ.പി. ഇവിടെ പ്രവർത്തിക്കുന്നു.

മൊബൈൽ ഹോമിയോ ഡിസ്പൻസറി:

ജില്ലയിലെ പിന്നോക്ക ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്ന ദുർബല ജനവിഭാഗങ്ങളിൽപ്പെട്ട കൂടുതൽ പേരും ചികിത്സാ സംബന്ധമായി ഡിസ്പൻസറികളിലും ആശുപത്രിയിലും വരുന്നതിൽ വിമുഖത കാണിക്കുന്നതുകൊ ് അവരിലേക്ക് ഇറങ്ങിചെല്ലുക എന്നത് മുഖ്യലക്ഷ്യമായികൊ ് കേരള സർക്കാർ ഹോമിയോപ്പതി വകുപ്പ് 2016 നവംബറിൽ ജില്ലയിൽ ആരംഭിച്ച പദ്ധതിയാണ് മൊബൈൽ ഹോമിയോ ഡിസ്പൻസറി. അതോടൊപ്പംതന്നെ ദുർഘട സ്ഥലങ്ങളിൽ വസിക്കുന്ന പൊതുവിഭാഗത്തിൽപ്പെട്ട രോഗികൾക്കും ഈ ഡിസ്പൻസറിയുടെ സേവനം നൽകി വരുന്നു. ഡോക്ടറും നേഴ്സും ഫാർമസിസ്റ്റും ഉൾപ്പെടുന്ന ടീം കഴിഞ്ഞ ഒരു വർഷകാലമായി ജില്ലയിൽ ഉടനീളം നല്ല സേവനമാണ് കാഴ്ച വയ്ക്കുന്നത്. ദിവസവും 100– 150 രോഗികൾ മൊബൈൽ ഡിസ്പൻസറിയിൽ ചികിത്സക്കായി എത്തുന്നു.

ആയുഷ്മാൻഭവ: ജീവിതശൈലീരോഗ ചികിത്സാ പദ്ധതി

ജീവിത ശൈലീരോഗങ്ങളുടെ സമഗ്ര ചികിത്സയ്ക്കായി ഹോമിയോപ്പതി പ്രകൃതി ചികിത്സാ, യോഗ, എന്നിവ ഉൾപ്പെടുത്തികൊ ് ഹോമിയോപ്പതി വകുപ്പ് രൂപംകൊടുത്ത ചികിത്സാ പദ്ധതിയാണ് ആയുഷ്മാർ ഭവ: ഈ പദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനം 2017 ഓഗസ്റ്റ് 5–ാം തിയതി നടന്നു. ഈ പദ്ധതിയുടെ ഭാഗമായി രോഗസാധ്യതാ ഗ്രൂപ്പുകളെ കെ ത്തി അവർക്ക് രോഗപ്രതിരോധം സാധ്യമാക്കുന്നതിനുളള നിർദ്ദേശങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, യോഗ പരിശീലനം, ഹോമിയോപ്പതി ചികിത്സ എന്നിവ നൽകുന്നു. ഈ പദ്ധതിയുടെ പ്രവർത്തനകേന്ദ്രം അഞ്ചുകുന്ന് ജില്ലാ ഹോമിയോ ആശുപത്രിയാണ്.

എസ്.സി. ഹോമിയോ ഹെൽത്ത് സെന്റർ:

ഹോമിയോപ്പതി വകുപ്പിന്റെയും പട്ടികജാതി വകുപ്പിന്റെയും സംയുക്തസംരംഭത്തിന്റെ ഭാഗമായി 2012–ൽ കേരളസർക്കാർ 29 ഹോമിയോപ്പതിക് ഹെൽത്ത് സെന്ററുകൾ സംസ്ഥാനത്ത് ആരംഭിച്ചു. വയനാട് ജില്ലയിൽ പടിഞ്ഞാറത്തറ പഞ്ചായത്തിലെ കൊറ്റിയോട്കുന്ന് എസ്.സി. കോളനിയിൽ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. മേഖലയിലെ വിവിധ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കാൻ ഡിസ്പൻസറി സജ്ജമാണ്. സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി, മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, അറ്റന്റർ, പി.ടി.എസ്. എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നു.

പെരിഫറൽ ഒ.പി.:

സർക്കാർ ഡിസ്പൻസറികളുടെ സേവനങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പരിമിതമായ യാത്രാസൗകര്യം കണക്കിലെടുത്തുകൊ ് ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ചികിത്സ എത്തിക്കുന്നതിനുവേ ി ആഴ്ചയിൽ ഒരു നിശ്ചിതദിവസം പെരിഫറൽ ഒ.പി. പ്രവർത്തിക്കുന്നു. നിലവിൽ 3 പഞ്ചായത്തുകളിലാണ് പെരിഫറൽ ഒ.പി പ്രവർത്തിക്കുന്നത്.

1. പൂതാടി പഞ്ചായ്ത്ത് – ഇരുളം
2. മീനങ്ങാടി പഞ്ചായത്ത് – മീനങ്ങാടി
3. പനമരം പഞ്ചായത്ത് – പനമരം.

താൽക്കാലിക ഡിസ്പൻസറികൾ:

വളളിയൂർക്കാവ് ക്ഷേത്രമഹോത്സവത്തോടനുബന്ധിച്ച് എല്ലാ മാർച്ച് മാസങ്ങളിലും താത്ക്കാലിക ഹോമിയോ ഡിസ്പൻസറിയുടെ സേവനവും വിവിധ പ്രൊജക്ടുകളെ സംബന്ധിച്ചുള്ള വിശദവിവരവും ലഭ്യമാക്കി വരുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ സ്കൂൾ കലോത്സവങ്ങളോടനുബന്ധിച്ചും താൽക്കാലിക ഹോമിയോ ഡിസ്പൻസറികളുടെ സേവനം ലഭ്യമാക്കാറു ്.

5.11. കുടിവെള്ളം

കേരള ജല അതോറിറ്റി

ക്രമ നമ്പർ	പദ്ധതി	പദ്ധതികളുടെ എണ്ണം	പദ്ധതി വിഹിതം	ചിലവ്	ഭൗതിക നേട്ടം
1	എം.എസ്.ഡി.പി	15	733.93	98.17	9 എണ്ണം പൂർത്തീകരിച്ചു
2	ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ	2	13.52	12.70	പൂർത്തീകരിച്ചു
3	നബാർഡ്	2	6606.00	2025.10	നടപ്പിലാക്കിവരുന്നു
4	എൻ.ആർ.ഡി.ഡബ്ലു.പി	1	4760.00	30.81	നടപ്പിലാക്കിവരുന്നു
5	എ.ആർ.പി	1	950.00	1450.00	പൂർത്തീകരിച്ചു

ഭൂജല വകുപ്പ്

ക്രമനമ്പർ	പദ്ധതി	പദ്ധതികളുടെ എണ്ണം	പദ്ധതി വിഹിതം	ചിലവ്	ഭൗതിക നേട്ടം
1	ഭൂജല വകുപ്പ് പടപ്പിലാക്കിയത്	26	44.04	43.36	1445 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കി

ജലനിധി പദ്ധതികൾ

ക്രമ നമ്പർ	പദ്ധതി	പദ്ധതികളുടെ എണ്ണം	പദ്ധതി വിഹിതം	ചിലവ്	ഭൗതിക നേട്ടം
1	ജലനിധി നടപ്പിലാക്കിയത്	182	770.66	737.81	22512 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കി

രാജീവ് ഗാന്ധി കുടിവെള്ള പദ്ധതികൾ

ക്രമ നമ്പർ	പദ്ധതി	പദ്ധതികളുടെ എണ്ണം	പദ്ധതി വിഹിതം	ചിലവ്	ഭൗതിക നേട്ടം
1	വിവിധ ഏജൻസികൾ നടപ്പിലാക്കിയത്	18	109.8	99.18	487 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കി

തദ്ദേസ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള പദ്ധതികളുടെ വിശകലനം

ക്രമ നമ്പർ	തദ്ദേസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	എണ്ണം	പദ്ധതികളുടെ എണ്ണം	വിഭാഗം			നീക്കിയിരിപ്പ്
				SC	ST	Gen	
1	ഗ്രാമ പഞ്ചായത്ത്	23	426	47	13	243	1253.30
2	ബ്ലോക്ക് പഞ്ചായത്ത്	3	32	11	8	13	181.96
3	ജില്ലാ പഞ്ചായത്ത്	1	14	4	4	6	167.82
4	മുൻസിപ്പാലിറ്റി	3	195	3	53	139	405.51
	ആകെ	30	667	65	201	401	2008.63

നിർദേശങ്ങൾ

കിണർ നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ, പദ്ധതി പൂർത്തീകരണ പ്രവൃത്തികൾ, പട്ടിക ജാതി/പട്ടികവർഗ്ഗ കുടിവെള്ള പദ്ധതികൾ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രവൃത്തികൾ ഉൾപ്പെട്ടതാണ്.പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയവയുടെ തുടർ നടത്തിപ്പും അറ്റകുറ്റപണികളും ആവശ്യമായ സാമ്പത്തിക ഭദ്രതയും സാങ്കേതിക അറിവും ഗുണഭോക്തൃ കമ്മിറ്റികൾക്ക് ഉ ന്ന് ഉറപ്പു വരുത്തേ താണ്. വരും വർഷങ്ങളിൽ വിഭാവനം ചെയ്യുന്ന കുടിവെള്ള പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കിവരുന്ന ബൃഹത് കുടിവെള്ള പദ്ധതികൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലാണോ എന്ന് പരിശോധിച്ച് അംഗീകരിക്കേ താണ്.

ജില്ലയിൽ കുടിവെള്ള മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ, ജലക്ഷാമ കാരണങ്ങൾ, നിർദ്ദേശങ്ങൾ

കാലാവസ്ഥാ വ്യതിയാനം, മഴയുടെ അളവിലു ായ ഗണ്യമായ കുറവ്, വനനശീകരണം, നെൽപ്പാടങ്ങൾ നികത്തൽ, കൃഷി രീതിയിൽ ഉ ായ വ്യതിയാനം, ജനസംഖ്യ വർദ്ധനവ്, തുടങ്ങിയ കാരണങ്ങളാൽ ജില്ലയിലെ ശുദ്ധജല ദൗർലഭ്യം വർദ്ധിച്ചതായി കാണുന്നു.

വയനാട് ജില്ലയിലെ കഴിഞ്ഞ 10 വർഷത്തെ ഡാറ്റ പരിശോധിക്കുമ്പോൾ (2007–2016) പുൽപ്പള്ളി – 2.59 മി, തവിഞ്ഞാൽ, വെള്ളമു ,തൊ ർനാട്, തിരുനെല്ലി –0.44 മി ജലനിരപ്പ് താഴ്ന്നതായി മനസ്സിലാക്കാൻ സാധിക്കുന്നു. പ്രസ്തുത കിണറുകളെ പ്രതിനിധീകരിക്കുന്ന പഞ്ചായത്തുകൾ ഭൂരിഭാഗവും സ്ഥിതി ചെയ്യുന്നത് ജില്ലയുടെ വടക്ക് – വടക്കു കിഴക്കൻ ഭാഗങ്ങളിൽ ആണ്. 2013 ലെ **GEC** റിപ്പോർട്ട് പ്രകാരം ജില്ലയിലെ നാലു ബ്ലോക്കുകളിലും കുറഞ്ഞ വാർഷിക റീചാർജിന്റെ തോത് പനമരം, ബത്തേരി ബ്ലോക്കുകളിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ

ര ു ബ്ലോക്കുകളിൽ കൃത്രിമ ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നത് ഭൂജല സമ്പത്തു ഉയർത്തുന്നതിനു സഹായകമാകും.

ജില്ലയിലെ തെക്ക് – പടിഞ്ഞാറൻ ഭാഗങ്ങളിൽ താരതമ്യേന 3000 മി.മീ നു അടുത്തു മഴ ലഭിക്കുന്നു. മേപ്പാടി, മൂപ്പൈനാട്, പടിഞ്ഞാറത്തറ, തൊ ർനാട്, പൊഴുതന, വൈത്തിരി എന്നീ പഞ്ചായത്തുകളിൽ ജില്ലയിലെ മറ്റു ഭാഗങ്ങളിൽ ലഭിക്കുന്നതിനേക്കാൾ മഴ കൂടുതലായി ലഭിക്കുന്നു. ആയതിനാൽ ഇത്തരം പ്രദേശങ്ങളിൽ ഫ്രിയാറ്റിക്ക് അക്യൂഫറിനെ ടാപ്പ് ചെയ്യത്തക്ക വിധത്തിൽ തുറന്ന കിണർ കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പിലാക്കാവുന്നതാണ്.

ജില്ലയിൽ വേനൽക്കാലങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രധാന പ്രദേശങ്ങളായ പുൽപ്പള്ളി, മുള്ളൻകൊല്ലി, പനമരം, സുൽത്താൻ ബത്തേരി, മൂപ്പൈനാട്, മാനന്തവാടി, മുട്ടിൽ,മേപ്പാടി എന്നീ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങൾ.ഹ്രസ്വ കാല പരിഹാരങ്ങളായി ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തൽ,കുടിവെള്ള കിയോസ്ക്കുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തൽ എന്നിവ അവലംഭിക്കാവുന്നതും ദീർഘകാല പരിഹാരങ്ങളായി പുൽപ്പള്ളി, മള്ളൻകൊല്ലി പ്രദേശങ്ങൾക്കു വേ ി കബനീ നദിയിൽ താൽക്കാലിക തടയണ നിർമ്മിച്ച് ജലലഭ്യത മെച്ചപെടുത്തുക,നടപ്പിലാക്കികൊ ിരിക്കുന്ന സമഗ്ര കുടിവെള്ള പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണവും ഉറപ്പുവരുത്തേ തു ്.

പശ്ചിമഘട്ടത്തിനോട് അടുത്തു നിൽക്കുന്ന പഞ്ചായത്തുകളിൽ ഉള്ള പ്രകൃതിജന്യ നീരുറവകൾ സംരക്ഷിച്ചുകൊ ് അതാതു പഞ്ചായത്തുകളുടെയും റവന്യൂ വകുപ്പിന്റെയും വനം വകുപ്പിന്റെയും അനുമതിയോടു കൂടി ചെറിയ കുടിവെള്ള പദ്ധതികൾക്കു രൂപം നൽകി. പ്രസ്തുത പഞ്ചായത്തുകളിലെ ഉയർന്ന പ്രദേശത്തുള്ളവർക്ക് മാത്രം ഗുണനിലവാരം പരിശോധിച്ചു ജലവിതരണം നടത്താവുന്നതാണ്. ജില്ലയിലു ായ ഭൂവിനിയോഗ മാറ്റങ്ങൾക്ക് അനുസൃതമായി ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുന്നതിനു വേ ി ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ ജില്ലയുടെ ഭൂപ്രകൃതിക്കും വിനിയോഗത്തിനും അനുസൃതമായി നടപ്പിലാക്കേ തു ്. ഉദാഹരണം 30^0 ചരിവു കുറഞ്ഞ പ്രദേശങ്ങളിൽ മൺ/കല്ല് കൈയ്യാലകൾ, മഴക്കുഴികൾ താഴ്ന്ന പ്രദേശങ്ങളിൽ തലക്കുളങ്ങളുടെ നിർമ്മാണം എന്നിവ മണ്ണ് സംരക്ഷിക്കുന്നതോടൊപ്പം ജല സംരക്ഷണത്തിന്റെയും തോത് വർദ്ധിപ്പിക്കുന്നു. എന്നാൽ വനപ്രദേശവുമായി ചേർന്നു കിടക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ള നിർമ്മാണ

പ്രവൃത്തികൾക്കാവശ്യമായ അനുവാദം ബ൦പ്പെട്ട വകുപ്പുകളിൽ നിന്ന് യഥാസമയം ലഭിക്കാത്തത് ഇത്തരം പദ്ധതികൾക്ക് തടസ്സമാകാറു ്. കേരള ജല അതോറിട്ടിയുടെ നിലവിലുള്ള പൈപ്പുലൈനുകൾ നീട്ടി കുടിവെള്ള പ്രവർത്തികൾ നടപ്പിലാക്കുമ്പോൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നത് പരിഗണിക്കാവുന്നതാണ്

കുടിവെള്ള പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കാൻ പ്രൊജെക്ടുകൾ ആസൂത്രണം ചെയ്യുമ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങളും ജല അതോറിറ്റിയുമായി സംയോജനവും ആലോചനയും ഒരു അത്യാവശ്യ ഘടകമാണ് . സ്ഥലത്തിന്റെ ലഭ്യത ഗുണഭോക്താക്കളുടെ എണ്ണം ആവശ്യമായ ജല ലഭ്യതയുടെ അളവ് എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പ്രൊജെക്ടുമായി ബന്ധപ്പെട്ട സാങ്കേതിക നിർവഹണ കാര്യങ്ങൾ ജല അതോറിറ്റിയുമായും കൂടിയാലോചിച്ചു നടപ്പാക്കുന്നതായിരിക്കും ഉചിതം.

5.12 ശുചിത്വം, മാലിന്യ സംസ്കരണം

ക്രമ നമ്പർ	വകുപ്പ്/പ്രൊജക്ടുകൾ	ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനം
1	ത്രിതല പഞ്ചായത്തുകൾ/ നഗരസഭകൾ	പൊതുസ്ഥല മാലിന്യങ്ങൾ ശേഖരിച്ച് പരമ്പരാഗത രീതിയിൽ നിശ്ചയിച്ച സ്ഥലത്ത് കൂട്ടിയിടൽ, കൈമാറൽ പൈപ്പ് കമ്പോസ്റ്റ്, പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് , മൺകലം തുടങ്ങിയ വിതരണം ചെയ്യൽ വിവരവിജ്ഞാന പ്രവർത്തനങ്ങൾ
2	ശുചിത്വ മിഷൻ	വ്യക്തിഗത കക്കൂസുകൾ പൊതു കക്കൂസുകൾ സ്ഥാപന/സമൂഹ കക്കൂസുകൾ ജൈവമാലിന്യ ഉപാദികൾക്കുള്ള സബ്സിഡി നൽകൽവിവര വിജ്ഞാന പ്രവർത്തനങ്ങൾ സാങ്കേതിക സഹായം
3	മൃഗ സംരക്ഷണ വകുപ്പ്	ശാസ്ത്രീയമായി വളക്കുഴി നിർമ്മാണവും സംസ്കരണവും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ
4	മലിനീകരണ നലിയന്ത്രണ ബോർഡ്	മലിനീകരണ സാധ്യതയുള്ള പൊതു സ്വകാര്യ സംരംഭങ്ങളുടെ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ പരിശോധിച്ച് അനുമതി നൽകൽ
5	കുടുംബശ്രീ	മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് സാധന സാമഗ്രികൾ നിർമ്മിച്ച് നൽകുന്ന യൂണിറ്റുകൾ(പാളപ്ലേറ്റ് തുണിസഞ്ചികൾ നിർമ്മാണ യൂണിറ്റുകൾ) സ്ഥാപിക്കൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ
6	ആരോഗ്യവകുപ്പ്	ബയോമെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്ത് കൈമാറുന്നതിനുള്ള പ്രവർത്തനം. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ബോധവർക്കരണ പ്രവർത്തനങ്ങൾ പകർച്ചവ്യാധി നിയന്ത്രണം.
7	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	കുഴി കമ്പോസ്റ്റുകൾ നിർമ്മിച്ച് നൽകൽ വിവിധ ശുചീകരണ പ്രവർത്തനങ്ങൾ
8	വിദ്യാഭ്യാസം	സ്കൂൾ കേന്ദ്രീകരിച്ച് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ ഹരിത നിയമാവലി
9	വിനോദ സഞ്ചാര വകുപ്പ്	വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ
10	കൃഷി വകുപ്പ്	ബയോഗ്യാസ് പ്ലാന്റ് മണ്ണിര കമ്പോസ്റ്റ്

5.13. പാർപ്പിടം

2016–2017–ലെ പി.എം.എ.വൈ. ഭവന നിർമ്മാണം സംബന്ധിച്ച് പുരോഗതിറിപ്പോർട്ട്

വർഷം	ലക്ഷ്യം					അംഗീകാരം കൊടുത്ത വീടുകളുടെ എണ്ണം					2017–18 പൂർത്തീകരിച്ച വീടുകൾ				പൂർത്തീകരിച്ച വീടുകൾ(കഴിഞ്ഞ വർഷം പൂർത്തീകരിച്ച വീടുകളുടെ എണ്ണം ഉൾപ്പടെ)						പുരോഗതിയിലുള്ള വീടുകളുടെ എണ്ണം				
	എസ്സ്.സി	എസ്സ്.ടി	ന്യൂനപക്ഷം	മറ്റുള്ളവർ	ആകെ	എസ്സ്.സി	എസ്സ്.ടി	ന്യൂനപക്ഷം	മറ്റുള്ളവർ	ആകെ	എസ്സ്.സി	എസ്സ്.ടി	ന്യൂനപക്ഷം	മറ്റുള്ളവർ	ആകെ	എസ്സ്.സി	എസ്സ്.ടി	എസ്സ്.സി ന്യൂനപക്ഷം	മറ്റുള്ളവർ	ആകെ	അടിത്തറ	ജനൽപടി	മേൽക്കൂര	ആരംഭിക്കാത്ത	ആകെ
16-17	93	1735	210	75	2113	27	509	162	59	757	3	28	25	9	65	3	28	25	9	65	297	190	94	111	692
17-18	28	526	64	23	641	0	5	4	11	20	0	0	0	0	0	0	0	0	0	0	4	0	0	16	20
Total	121	2261	274	98	2754	27	514	166	70	777	3	28	25	9	65	3	28	25	9	65	301	190	94	127	712

5.14. വിദ്യാഭ്യാസം

2017–18 വർഷത്തിൽ ജനറൽ വിഭാഗത്തിൽ വിജയ ജ്വാല എന്ന പേരിലും , പട്ടിക വർഗ്ഗ വിഭാഗത്തിൽ ഗോത്ര ജ്വാല എന്ന പേരിലും പദ്ധതി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ഇതിനു പുറമെ ട്രൈബൽ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്ന പദ്ധതിയും വിദ്യാല യങ്ങൾക്കാവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതും നാപ്കിൻ വെന്റിംഗ് ഇൻസനേറ്റർ വാങ്ങുന്ന തുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു ്.

വിജയ ജ്വാല പദ്ധതി 40,00,000 അടങ്കൽ തുകയിലുള്ള പദ്ധതിയാണ്. എസ്.എസ്.എൽ.സി , ഹയർ സെക്ക റി , വൊക്കേഷണൽ ഹയർ സെക്ക റിപഠന നിലവാരം ഉയർത്തുന്നതിനും ഉയർന്ന വിജയശതമാനം കരസ്ഥമാക്കുന്നതിനും ലക്ഷ്യമിട്ടുകൊ ുള്ള ഗുണമേന്മാ പ്രവർത്തന ങ്ങളാണ് ഇതിൽ നടപ്പിലാക്കുന്നത്. റിസൽട്ടവലോകനം, അധിക സമയ ക്ലാസ്സുകൾ യൂണിറ്റ് ടെസ്റ്റു കളും അവയുടെ അവലോകനവും മികച്ച വിജയം നേടിയ വിദ്യാലയങ്ങളെയും, വിദ്യാർത്ഥികളെ

ആദരിക്കലുമൊക്കെ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങളിൽ ഉ്പ്പെടുന്നു. ഇവ കാര്യക്ഷമതയോടെ സംഘടിപ്പിച്ചു വരുന്നു.

കുട്ടികളുടെ ടാലന്റ് പോഷിപ്പിക്കുന്നതിനായുള്ള ടാലന്റ് ക്രിയേറ്റീവ് ശില്പശാലകളാണ് മറ്റൊരു പ്രവർത്തനം. തിയറ്റർ ശില്പശാല, കലാ സാഹിത്യ ശില്പശാലകൾ, പ്രതിഭാ പോഷണം,, കുട്ടികളുടെ രചനകൾ ചേർത്തുള്ള ഗ്രന്ഥ പ്രകാശനം തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നതാണ് ടാലന്റ് ക്രിയേറ്റീവ് ഗ്രന്ഥശാലകൾ.

അക്കാദമിക് ക്ലബുകൾ ശാക്തീകരിച്ച് മികച്ച അക്കാദമിക് റിസൾട്ട് നേടുന്നതിന് ലക്ഷ്യം വെച്ചുകൊ ുള്ളതാണ് മറ്റൊരു പ്രവർത്തനം. ശാസ്ത്ര, പരിസ്ഥിതി, ഗണിത, ചരിത്ര, ഐ.ടി, ശില്പശാലകൾ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ശില്പശാലകൾ, ഫിലീം ഫെസ്റ്റിവൽ, സ്കൂൾ പാർല മെൻറ് ശാക്തീകരണം, ലഹരി വിരുദ്ധപരിപാടി, ഊർജ്ജസംരക്ഷണ പരിപാടി, ഗേൾസ് എംപ വർമെന്റ് പരിപാടി തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പ്രവർത്തനങ്ങളിലൂടെ സംഘടിപ്പിക്കുന്നു.

എസ്.എസ്.എൽ.സി , ഹയർ സെക്ക റി, വി.എച്ച്.എസ്.ഇ റിസൽട്ട് മെച്ചപ്പെടുത്തുന്നതിന് ജനുവരി മാസം മുതൽ എല്ലാ വിദ്യാലയങ്ങളിലുെ സംഘടിപ്പിക്കുന്ന ഒരു തീവ്രയത്ന പരിപാടി യാണ് ഇതിലൂടെ ആസൂത്രണം ചെയ്തിരിക്കുന്നത്.

ക്യാമ്പസ് ബുള്ളറ്റിൻ എന്ന പേരിൽ കുട്ടികളുടെയും വിദ്യാലയങ്ങളുടെയും അക്കാദമിക് പ്രവർത്തനങ്ങൾ പൊതു സമൂഹത്തിന് പരിചയപ്പെടുത്തുന്ന പരിപാടി, സർഗോൽസവം എന്ന പേരിൽ 5 ദിവസം നീ ു നിൽക്കുന്ന പ്രതിഭാപോഷണ പരിപാടി കലാകായിക പോഷണത്തി നായി സംഘടിപ്പിക്കുന്ന വ്യത്യസ്ത കോച്ചിംഗ് ക്യാമ്പുകൾ കലാ പരിശീലന കേന്ദ്രങ്ങൾ,

കൗൺസലിംഗ് ആന്റ് മോട്ടിവേഷൻ പരിപാടികൾ, തുടങ്ങിയ തീർത്തും ഗുണമേന്മ വിദ്യാ്യാസം ലക്ഷ്യമാക്കിയുള്ല പദ്ധതി പ്രവർത്തനങ്ങളാണ് ഇതു വഴി സംഘടിപ്പിച്ചു വരുന്നത്. ചില പ്രവർത്തനങ്ങൾ ഭംഗിയായി നടന്നു വരുന്നു. മറ്റുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ആസൂത്രണവും നടന്നു വരുന്നു.

പട്ടിക വർഗ്ഗ വികസനം ലക്ഷ്യമാക്കി ഗോത്ര ജ്വാല എന്ന പേരിൽ 20,00,000 രൂപ അടങ്കൽ തുകയുള്ള പദ്ധതിയാണ് ടി.എസ്.പി പ്രോജക്ടായി നടപ്പലാക്കി വരുന്നത്. ഗുണമേന്മ വിദ്യാ ഭ്യാസം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഗോത്ര ഫെസ്റ്റ് എന്ന പേരിൽ ഗോത്ര വിഭാഗം വിദ്യാർത്ഥികൾക്കാ യുള്ള കലാപ്രകടനാവതരണത്തിനുള്ള പരിപാടി, എസ്.എസ്.എൽ.സി, വി.എച്ച്.എസ്.ഇ, എച്ച്.എ സ്.എസ് പഠനക്യാമ്പുകൾ, സർഗ്ഗശേഷി വികസനം ലക്ഷ്യമാക്കിയുള്ള കലാ സാഹിത്യ ഫോക് ലോർ ക്യാമ്പുകൾ പട്ടിക വർഗ്ഗ വിദ്യാർത്ഥികലുടെ കായിക പോഷണം ലക്ഷ്യമാക്കിയുള്ള പരി ശീലന ക്യാമ്പുകൾ, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കലാപഠന ക്യാമ്പുകൾ, പഠനത്തോ ടൊപ്പം തൊഴിൽ പരിശീലനം നൽകുന്ന ലേൺ ആന്റ് ഏൺ പരിപാടി, രക്ഷാകർത്താ ക്കൾക്കുള്ള ബോധവൽക്കരണ പരിപാടികൾ, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കൗൺസിലിംഗ് ആന്റ് മോട്ടിവേഷൻ പരിപാടികൾ, തുടങ്ങിയ പരിപാടികളാണ് ഇതു വഴി സംഘടിപ്പിക്കുന്നത്.

പ്രഭാതഭക്ഷണ വിതരണം ജൂൺമാസം മുതൽ നടന്നു വരുന്നു. ഫർണിച്ചർ പോലുള്ള ഉപ കരണങ്ങൾ വാങ്ങുന്നതിനുള്ള ടെ ർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. നാപ്കിൻ വെന്റിംഗ് മെഷീൻ എല്ലാ വിദ്യാലയങ്ങളിലേക്കും വാങ്ങി നൽകുന്നതിനും അതു വഴി കുട്ടികളുടെ ശുചിത്വം, ആരോഗ്യം, ഇവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ശ്രദ്ധ ചെലുത്തിയിരിക്കു ന്നു. കമ്പ്യൂട്ടർ സൗകര്യങ്ങൾ ഏറ്റവും പരിമിതമായ ര ു വിദ്യാലയങ്ങളെ കെ ത്തി അവക്ക് കമ്പ്യൂട്ടർ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	മോർഡൺനൈസേഷൻ ഓഫ് ഓഫീസ്സ് ഓഫ് എഡ്യൂക്കേഷൻ ഡിപ്പാർട്മെൻറ്	6.45	6.45
2	സ്കൂൾ എഡ്യൂക്കേഷൻ - സ്റ്റഡൻറ് സെൻട്രിക് ആക്ടിവിറ്റീസ്	51.51	51.51
3	അസ്സിസ്റ്റൻസ് ടു ഡി പി ഐ ആൻഡ് ഡറക്ടറെറ്റ് ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷൻ ഫോർ കോണ്ടക്ട് ഓഫ് സ്പോർട്സ് .	1.08	1.08

4	അക്കാഡമിക് ഏക്സ്ലെൻസ്	16.61	16.49
5	ഡിസ്ട്രിബ്യൂഷൻ ഓഫ് സ്കൂൾ യൂണിഫോംസ് ഇൻ എയ്ഡഡ് സ്കൂൾസ്	164.71	164.71

5.15. സംസ്കാരം,കായികം,യുവജനകാര്യം

സംസ്കാരം കായികം യുവജന കാര്യ മേഖലകളിൽ സർക്കാർ ഏജൻസികളാ യി പ്രവർത്തിക്കുന്ന നോഡൽ ഏജൻസികൾ ലൈബ്രറി കൗൺസിൽ, സ്പോർട്സ് കൗൺസിൽ , കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് , കേന്ദ്ര സർക്കാർ ഏജൻസിയായ നെഹ്റു യുവ കേന്ദ്ര എന്നിവയാണ്. സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന സംഗീത നാടക അക്കാദമി, സാഹിത്യ അക്കാദമി ഫോക്ക്ലോർ അക്കാദമി തുടങ്ങിയവയും പ്രവർത്തിക്കുന്നു. കൂടാതെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കായികാദ്ധ്യാപകരും സ്പോർട്സ് രംഗത്ത് പ്രവർത്തിച്ചു വരുന്നു. സർക്കാർ ഏജൻസികൾക്കു പുറമെ ഗ്രാമീണ ലൈബ്രറി , ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ , സാംസ്കാരിക കൂട്ടായ്മകൾ എന്നിവയും പ്രവർത്തിച്ചു വരുന്നു.മുൻ പറഞ്ഞ സർക്കാർ ഏജൻസികളുടെ പരിമിതമായ പ്രവർത്തനങ്ങൾ ഒഴിച്ചാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ മേഖലകൾക്കായി കൃത്യമായി ഫ ് നീക്കി വെക്കുന്നില്ല.പദ്ധതികൾ തമ്മിൽ ഏകോപനമില്ലാത്തതു മൂലം ഏജൻസികളുടെ പ്രവർത്തനങ്ങൾ പലപ്പോഴും ഫല പ്രാപ്തിയിൽ എത്തുന്നുമില്ല .

5.16. തൊഴിൽ

2016–17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച 1.75 ലക്ഷം രൂപയിൽ 1.75 ലക്ഷ0 ചെലവഴിച്ചു.പദ്ധതിയേതര ഇനത്തിൽ ലഭിച്ച 12000 രൂപയിൽ 12000 ലക്ഷം രൂപയും ചെലവഴിച്ചു.

ക്രമ നമ്പർ	പദ്ധതി	സാമ്പത്തിക വർഷം	അനുവദിച്ച തുക	വിനിയോഗം ചെയ്ത തുക
1.	ഇതര സംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പ്, ബോധവത്ക്കരണം	2016 – 17	1,75,000	1,75,000
		2017 – 18	1,75,000	50,000
2.	മരംകയറ്റ തൊഴിലാളി പെൻഷൻ	2016 – 17	7,63,560	7,63,560
		2017 – 18	9,20,750	8,72,650
3.	അസംഘടിത തൊഴിലാളികൾക്കായി ചികിത്സാ ധനസഹായം	2016 – 17	12,000	12,000
		2017 – 18	8,000	8,000

നിർദേശങ്ങൾ

അസംഘടിത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് കൃാൻസർ, വൃക്ക, ഹൃദയം സംബന്ധമായ രോഗങ്ങൾ, പക്ഷാഘാതം എന്നീ രോഗങ്ങൾക്ക് പദ്ധതി പ്രകാരം 2000/– രൂപ ധനസഹായം അനുവദിക്കുന്നു ്. എന്നാൽ ടി തുക ചികിത്സാ ചെലവുകൾക്ക് അപര്യാപ്തമാണ്. ടി സാഹചര്യത്തിൽ തുക കൂട്ടി അനുവദിക്കേ ത് അത്യന്താപേക്ഷിതമാണ്.

വിവിധ തൊഴിൽ നിയമങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള വിവിധ തരത്തിലുള്ള ആനുകൂല്യങ്ങളും തൊഴിൽ സംരക്ഷണവും തൊഴിലാളികളുടെ അവകാശങ്ങളും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നു.

5.17. സഹകരണം

2016–17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച 3.07 ലക്ഷം രൂപയിൽ 3.07 ലക്ഷ0 ചെലവഴിച്ചു.

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം(ലക്ഷം)	ചെലവഴിച്ചതുക(ലക്ഷം)
1	ബയോഗ്യാസ് പ്ലാൻറ് പലിശ രഹിത വായ്പ്പ ,പലിശ സബ്സിഡി	0.57	0.57
2	ജീവനക്കാരുടെ വായ്പ്പ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധന സഹായം	1	1
3	പ്രൈമറി ഹൗസിംഗ് സഹകരണസംഘങ്ങൾക്കുള്ള ഓഹരി മൂലധന സഹായം	1	1
4	നീതി സ്റ്റോർ നടത്തുന്ന പ്രാഥമിക സംഘങ്ങൾക്കുള്ള ഷെയർ ,ലോൺ ,സബ്സിഡി ധനസഹായം	0.5	0.5

5.18. ഊർജ്ജം

2016–17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച 1363.23 ലക്ഷം രൂപയിൽ 1363.23 ലക്ഷ0 ചെലവഴിച്ചു

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	നോർമൽ ഫണ്ട് മാനന്തവാടി	701.34	660.66
2	നോർമൽ ഫണ്ട് കൽപ്പറ്റ	689.5	628.50

നിർദേശങ്ങൾ

- ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത വനമേഖലയിലുള്ള സെറ്റിൽമെന്റുകളിൽ വൈദ്യുതി എത്തിക്കുവാനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കുക.

5.19.ഗതാഗതം,വാർത്താവിനിമയം,വിനോദ സഞ്ചാരം

അടിസ്ഥാന സൗകര്യങ്ങളുടേയും പ്രാദേശിക പഠനങ്ങളുടേയും അടിസ്ഥാനത്തിൽ ലഭിച്ച വിവരങ്ങളുടെ ക്രോഡീകരണം ചുവടെ ചേർക്കുന്നു.

- പിഡബ്ല്യുഡി റോഡുകളുടെസാന്ദ്രത സംസ്ഥാന ശരാശരി 76.49/100 ച.കി.മീ ആയിരിക്കുമ്പോൾ വയനാടിന്റെ സാന്ദ്രത 43. കി.മീ/100 ച.കി.മീ. മാത്രമാണ്.
- വാഹന ഗതാഗതയോഗ്യമല്ലാത്ത ഉൾനാടൻ റോഡുകളുടെ ശതമാനം സംസ്ഥാന ശരാശരിയേക്കാൾ വളരെ കൂടുതനാണ്.
- ടാർ ചെയ്ത റോഡുകളുടെ ശതമാനം വളരെ കുറവാണ്.
- ദേശീയ പാത, സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡ് എന്നിവയിലെ പ്രധാന പ്രശ്നം ആവശ്യമായ വീതി ഇല്ല എന്നതാണ്.
- റോഡുകളുടെ മോശം അവസ്ഥ അപകടങ്ങൾക്കും, റോഡിലെതിരക്കിനുംകാരണമാകുന്നു.
- ഭൂരിഭാഗം ഗ്രാമ പഞ്ചായത്ത് റോഡുകളുടെയും വിതി 6 മീറ്ററിലും താഴെയാണ്.
- വികസന പ്രവർത്തനങ്ങൾക്ക് വേ ി ഭൂമി ഏറ്റെടുക്കുന്നതിലെ കാല തടസ്സം.
- ഗവൺമെന്റ് ഓഫീസുകൾ പ്രവർത്തിക്കാൻ സ്വന്തം കെട്ടിടങ്ങളുടെ അപര്യാപ്തത.
- തൊട്ടടുത്ത എയർപോർട്ടായ കോഴിക്കോട് എയർപോർട്ട് ജില്ലാ ആസ്ഥാനത്തുനിന്നും 120 കി.മീ. അകലെയാണ്.
- തൊട്ടടുത്ത റെയിൽവേ സ്റ്റേഷനായ കോഴിക്കോട് ജില്ലാ ആസ്ഥാനത്തുനിന്നും 75 കി.മീ. അകലെയാണ്.
- ചെലവ് കുറഞ്ഞ ഗതാഗത സംവിധാനങ്ങളുടെ അപര്യാപ്തത.
- റോഡ് സുരക്ഷ പദ്ധതികളുടെ അഭാവംമൂലമുള്ള അപകടങ്ങൾ ഉ ാകുന്ന വളവുകളും, റോഡുകളും.
- തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പദ്ധതികളുടെ എണ്ണക്കൂടുതൽ പദ്ധതികളുടെ നല്ല രീതിയിലുള്ള പൂർത്തീകരണം സാദ്ധ്യമാകുന്നില്ല.
- വീടുകളില്ലാത്ത കുടുംബങ്ങളുടെ എണ്ണക്കൂടുതൽ
- വയനാട് ജില്ലയിൽ ക്വാറികളുടെ പ്രവർത്തനം ഇല്ലാത്തത് നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമാകുന്നു.
- കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾ പാലിക്കാതെയുള്ള നിർമ്മാണ രീതി.
- ഗവൺമെമ്റ് സ്ഥലങ്ങളിലേയ്ക്കുള്ള കൈയ്യേറ്റം.

പദ്ധതിയിൽ പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കേ പ്രവൃത്തികളും നിർദ്ദേശങ്ങളും

1. കർണാടകയും തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന സംസ്ഥാനന്തര ഹൈവേകളായ കോഴിക്കോട്, വൈത്തിരി, ഗൂഡല്ലൂർ റോഡും, ചു മൈസൂർ റോഡും, ശാസ്ത്രീയമായ പുനർ നിർമ്മാണം നടത്തി സംസ്ഥാന നിലവാരത്തിലേക്ക് മേജർ ജില്ല റോഡുകൾ മറ്റ് ജില്ലാ റോഡുകൾ എന്നിവയെ ഉയർത്തുക.
2. കോഴിക്കോട്, വൈത്തിരി റോഡിൽ 7-ാം വളവിൽ നിന്നുള്ള താമരശ്ശേരി ശോഭന എസ്റ്റേറ്റ് വരെ ബൈപ്പാസ് നിർമ്മിക്കുക.
3. പിഞ്ഞാറത്തറ പൂഴിത്തോട് റോഡ് പണി പൂർത്തിയാക്കുക. പടിഞ്ഞാറത്തറയിൽ നിന്നും കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറ പഞ്ചായത്തിലൂടെ പൂഴിത്തോടിലേക്കുള്ള ഈ റോഡ്പണി 1994 ആരംഭിച്ചുവെങ്കിലും ഇതുവരെ പൂർത്തിയായിട്ടില്ല. 16 കി.മി. റോഡ് റിസർവ്വ് വനത്തിലൂടെ കടന്നുപോകുമ്പോൾ 52 ഏക്കർ വനം നഷ്ടപ്പെടുന്നതിനു പകരമായി 104 ഏക്കർ ഭൂമി ഇരു പഞ്ചായത്തുകളും നൽകാമെന്ന് സമ്മതിച്ചിട്ടുകിലും കേന്ദ്രപരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിട്ടില്ല.

4. മേപ്പാടി കള്ളാടി ആനക്കാംപൊയിൽ റോഡ് മു ക്കൈ നിലമ്പൂർ റോഡ് എന്നിവ യാഥാർത്ഥ്യമാക്കുക കേവലം 12 കി.മി. ദൂരം വനഭൂമിയിലൂടെ റോഡു ായാൽഏറ്റവുമ ടുത്ത റെയിൽവേ സ്റ്റേഷനായ നിലമ്പൂരിലെത്താൻ 30 കിലോമീറ്റർ റോഡ് നിർമ്മിച്ചാൽ മതി.
5. കുറ്റ്യാടി പക്രന്തളം മാനന്തവാടി റോഡ് ഹിൽ ഹൈവേയായി പ്രഖ്യാപിക്കുക.
6. മാനന്തവാടി പഴശ്ശി റോഡ് തവിഞ്ഞാൽ കൊട്ടിയൂർ റോഡുകൾ പൂർത്തിയാക്കുക.
7. കബനി നദിയിൽ ബൈരകുപ്പയിൽ പാലം നിർമ്മിക്കുക.
8. ബത്തേരിയിൽ പുതിയ ബൈപ്പാസ് നിർമ്മിക്കുക.
9. ജനസംഖ്യാനുപാതികമായും വികസന തോതനുസരിച്ചും മുൻഗണന നൽകി റോഡുകൾ വിവിധ വകുപ്പുകളും പഞ്ചായത്തുകളും ഏറ്റെടുക്കണം.
10. റോഡുകളെ സ്വതന്ത്രമായി ക ് വികസിപ്പിക്കുന്ന പ്രവണത ഒഴിവാക്കി പ്രാദേശിക വിക സനം ലക്ഷ്യമാക്കി ആസൂത്രിതമായി മാത്രം വികസിപ്പിക്കുകയും ത്രിതല പഞ്ചായത്തുകൾ തമ്മിലുള്ള സംയോജന സാധ്യത പരിഗണിക്കുകയും ചെയ്യുക.
11. ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്തുകളുടെ പ്രൊപ്പോസലുകൾക്കനുസൃതമായും വിവിധ വികസന കേന്ദ്രങ്ങളെ സംയോജിപ്പിക്കുന്നതിൽ ഉ ായ വിടവ് നികത്തുന്ന തര ത്തിലുമുള്ള പദ്ധതികൾക്കും മുൻഗണന നൽകാം നിലവിലുള്ള റോഡുമായി ബന്ധിപ്പിക്കു ന്നതും വിവിധ പഞ്ചായത്തുകളെക്കൂട്ടി ഇണക്കുന്നതുമാകണം.
12. വിവിധ ബ്ലോക്ക് പഞ്ചായത്തുകളെ സംയോജിപ്പിക്കുന്നതിൽ ഉ ായ വിടവ് നിക ത്തുന്നതും സംയോജന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതുമായ റോഡുകൾക്കും പാല ങ്ങൾക്കുമാണ് ജില്ലാ പഞ്ചായത്ത് പ്രാധാന്യം നൽകേ ത്. പൊതുമരാമത്ത് വകുപ്പിൽ നിന്നും ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയ റോഡുകൾക്ക് പ്രത്യേക പരിഗണന നൽകി കൊ ുള്ള ആസൂത്രണവും ആവശ്യമാണ്.
13. നഗരസഭയിൽ റോഡ് വികസന രംഗത്തെ ആസൂത്രണം, ട്രാഫിക്ക് നിയന്ത്രണം, മാനേ ജ്മെന്റ്, ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പ്, പാർക്കിംഗ് കേന്ദ്രങ്ങൾ എന്നി അടിസ്ഥാന സൗക ര്യങ്ങൾ ബന്ധപ്പെടുത്തണം.
14. വാർഡ് / ഡിവിഷൻ തലത്തിൽ ഫ ് മാറ്റിവയ്ക്കുന്ന അവസ്ഥ ഒഴിവാക്കി മൊത്തത്തിലു ള്ള വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം ആയിരിക്കണം ലക്ഷ്യം. പുതിയ റോഡി നേക്കാൾ നിലവിലുള്ളവയുടെ വികസനത്തിനാണ് ഊന്നൽ നൽകേ ത്. മോട്ടോർ ഗതാ ഗതത്തിന് സാദ്ധ്യതയുള്ള റോഡുകളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി പദ്ധതി ആസൂ ത്രണം നടത്തണം.
15. റോഡുകളുടെ ഗതാഗത ശേഷി വർദ്ധിപ്പിക്കുന്നതിനായി എല്ലാ റോഡ് പുറമ്പോക്ക് കയ്യേ റ്റങ്ങളും ഒഴിപ്പിക്കുക.
16. കൽപ്പറ്റ, ബത്തേരി, മാനന്തവാടി എന്നീ കേന്ദ്രങ്ങളിൽ പ്രധാന കവലകളിൽ കാൽനടയാ ത്രക്കാർക്ക് സബ്വേകൾ നിർമ്മിക്കുക.
17. കെ. എസ് ഇ ബി, കെ ഡബ്ല്യുയു എ, ടെലികോം വകുപ്പ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി ഈ വകുപ്പുകളും പൊതുമരാമത്ത് വകുപ്പും സംയോജിതമായി നടപ്പിലാക്കുക.
18. നിലവിലുള്ള റോഡുകളുടെ ജ്യോമെട്രിക്സ് മെച്ചപ്പെടുത്തുക ആവശ്യമായ സ്ഥലം റിസർച്ച് ചെയ്യുക.
19. പഞ്ചായത്തു റോഡുകളുടെ നിർമ്മാണത്തിന് അവയെക്കുറിച്ച് വിശദമായ ഫീൽഡ് സ്റ്റഡി നടത്തി റോഡ് നിർമ്മിക്കുക. കൽപ്പറ്റ, ബത്തേരി, മാനന്തവാടി എന്നീ കേന്ദ്രങ്ങ ളിൽ ഹെലിപാഡുകൾ നിർമ്മിക്കുക.
20. നിർദ്ദിഷ്ട ഹിൽ ഹൈവേ ആയ ചൂരൽ മല – മേപ്പാടി–കൽപ്പറ്റ – പച്ചിലക്കാട് – മാനന്തവാടി– ബോയ്സ് ടൗൺ റോഡും ബോയ്സ് ടൗൺ – വാളാട് – കുഞ്ഞോം – കുങ്കിച്ചിറ റോഡും കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ത്വരിതഗതി യിലാക്കി പൂർത്തീകരിക്കേ താണ്.
21. നിലവിൽ അടിയന്തിര ചികിത്സക്കായി 80 കി.മീ. മാറി ചുരം വഴി കോഴിക്കോട് മെഡി ക്കൽ കോളേജിലാണ് രോഗികളെ എത്തിക്കേ ി വരുന്നത് . അതിന് മാറ്റം ഉ ാകുന്ന

തിലേക്കായി വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കേതു ്.

22. വയനാട് ജില്ലയെ മലപ്പുറം ജില്ലയുമായി ബന്ധിപ്പിക്കാൻ കിഫ്ബി വഴി നടപ്പാക്കുന്ന കല്ലാടി തുരങ്കത്തിന്റെ പ്രവൃത്തിയും ത്വരിതപ്പെടുത്തുന്നതിലേക്ക് ജില്ലാ ഭരണകൂടം ശ്രദ്ധ ചെലുത്തേതു ്.
23. തദ്ദേശ സ്വയം ഭരണ വകുപ്പ് കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾ കർശനമായി പാലിക്കുക
24. ഗവൺമെമ്റ് സ്ഥലങ്ങളിലേയ്ക്കുള്ള കൈയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി ഗവൺമെന്റ് സ്ഥലങ്ങൾ ബൗ റി കല്ലുകൾ ഇട്ട് വേർതിരിക്കണം.
25. കാലാകാലങ്ങളിൽ കോൺക്രീറ്റ് റോഡും ടാർ റോഡും സമയപരിധിക്കുള്ളിൽ തന്നെ മെയ്ന്റനൻസ് നടത്തുന്നതിന് ഭരണാനുമതിലഭിക്കുന്നതിനുള്ള തടസ്സം മാറികിട്ടേ താണ്
26. 9--ാം വളവിൽ നിന്നും ലക്കിടിയിലേക്ക് പോകുന്ന സമാന്തര പാത

വയനാട് ജില്ലയിലേയ്ക്കുള്ള ബദൽ റോഡ്കൾക്കുള്ള നിർദ്ദേശം:– താഴെ നൽകുന്ന റോഡുകളുടെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി ജില്ലയുടെ സാമ്പത്തികമായും സാമൂഹികമായും ഒരു പരിധിവരെ പുരോഗതി കൈവരിക്കാവുന്നതാണ്.

27. പടിഞ്ഞാറത്തറ പൂഴിത്തോട് (കോഴിക്കോട് ജില്ല)
28. കുഞ്ഞോം – വിലങ്ങാട് (കോഴിക്കോട് ജില്ല)
29. താമരശ്ശേരിചുരം – നാലാം വളവിൽ നിന്നും അടിവാരത്തേക്ക്. (കോഴിക്കോട് ജില്ല)
30. കല്ലോടി തുരംങ്കം (മലപ്പുറം ജില്ല)
31. 44–ാം മൈൽ – അമ്പായത്തോട് – കൊട്ടിയൂർ (കണ്ണൂർ ജില്ല)
32. മേപ്പാടി ചൂരൽമല അരുണപ്പുഴ മുക്കൈ റോഡ് (മലപ്പുറം ജില്ല)
33. വിനോദ സഞ്ചാര മേഖലകളിൽ പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കായുള്ള മൾട്ടി പർപ്പസ് കെട്ടിടം:ഈ നൂതന കെട്ടിട സമുച്ചയം വിനോദ സഞ്ചാര വകുപ്പിന്റെ ഉയർച്ചയ്ക്കും പട്ടിക ജാതി – പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃകങ്ങളുടെ ഉന്നമനത്തിനും, അവരുടെ പാരമ്പര്യ നിർമ്മിതികൾക്കും, ഉൽപ്പന്നങ്ങൾക്കുമുള്ള വിപണന കേന്ദ്രവുമായാണ് വിഭാവനം ചെയ്യുന്നത്. സഞ്ചാരികൾക്ക് ഈ വിഭാഗക്കാരുടെ കലാപരിപാടികൾ ആസ്വദിക്കാനും, പാരമ്പര്യ ചികിത്സകൾ അനുഭവിക്കാനും, മരുന്നുകളുടെയും, അവരുടെ പ്രത്യേകതരം ഉൽപ്പന്നങ്ങളും, ഫലങ്ങളും വാങ്ങിക്കുവാനും ഉതകുന്ന രീതിയിലുള്ള വിപണന കേന്ദ്രം കൂടിയാണ് ഈ കെട്ടിടം സാദ്ധ്യമാക്കുന്നത്. അതിലൂടെ ടൂറിസത്തിന്റെയും ഈ വിഭാഗക്കാരുടെയും ഉന്നമനമാണ് ലക്ഷ്യമിടുന്നത്. ഇത് സാദ്ധ്യമാകുന്നതോടെ ഈ വിഭാഗങ്ങൾക്ക് പുതിയ തൊഴിൽ സംരംഭവും, ഇത്തരക്കാരെ ഇടനിലക്കാരില്ലാതെയുള്ള കച്ചവടക്കാരാക്കുകയും, പാരമ്പര്യ ചികിത്സയുടെ സാദ്ധ്യതയും അതിലുപരി വിനോദ സഞ്ചാരികളുടെ എണ്ണവും പൂർവ്വാധികം വർദ്ധിപ്പിക്കുവാനും ഉതകുന്നതുമാണ്. ഏതെങ്കിലും ഒരു വിനോദ കേന്ദ്രത്തിലെ കെട്ടിടത്തിന്റെ അനക്സ് ടൂറിസവും & ഹോട്ടൽ മാനേജ്മെന്റും ഉൾപ്പെടുന്ന കോഴ്സുകളും, അതോടൊപ്പം ഗവൺമെന്റിന്റെ തന്നെ ഒരു ഹോട്ടലും ഇവിടെ സാദ്ധ്യമാകുന്നതാണ്. ഇത് മുഖാന്തിരം പട്ടിക ജാതി – പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും ഒരു പരിധി വരെ ജോലി ചെയ്തും, സ്വന്തമായി ബിസിനസ്സ് നടത്തിയും ഉന്നതിയിലെത്താൻ സഹായകമാകുന്നതുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ കെട്ടിടം, ടൂറിസം, പട്ടിക ജാതി – പട്ടിക വർഗ്ഗ വകുപ്പുമായി സംയോജിച്ച് ധനസ്രോതസ്സ് ഉറപ്പാക്കുകയും, പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഇതിന്റെ നിർമ്മിതികളും സാക്ഷാത്കരിക്കാവുന്നതാണ്. കോഴ്സുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ MSME മന്ത്രാലയം വഴി സഹായിയെ തേടാവുന്നതാണ്.

5.20. പട്ടിക ജാതി വികസനം

2016–17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച 1680.00 ലക്ഷം രൂപയിൽ 1680.00 ലക്ഷ0 ചെലവഴിച്ചു

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	ഭ്രരഹിത പുനരധിവാസ പദ്ധതി	1037.15	1037.15
2	ഭവന നിർമാണ പദ്ധതി	415.15	415.15
3	ഭവന പുനരുദ്ധാരണ പദ്ധതി	44.75	44.75
4	വിവാഹ ധനസഹായം	69.05	69.05
5	ചികിത്സ ധനസഹായം	16.5	16.5
6	മിശ്ര വിവാഹ ധനസഹായം	13	13
7	പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്	30.82	30.82
8	പ്രോത്സാഹന ധനസഹായം	6.68	6.68
9	അയ്യങ്കാളി സ്കോളർഷിപ്	3.22	3.22
10	സ്വയം തൊഴിൽ ധന സഹായം	5.80	5.80
11	എസ്.സി പ്രെമോർട്ടർ ഹോണറേറിയം	20.79	20.79
12	വിദേശ തൊഴിൽ ധനസഹായ പദ്ധതി	1.5	1.5
13	ടോയ്ലറ്റ് നിർമാണ ധനസഹായം	2.25	2.25
14	കോർപ്പസ് ഫണ്ട്	13.93	13.93

പദ്ധതിയിൽ പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കേ പ്രവൃത്തികളും നിർദ്ദേശങ്ങളും

- വിദ്യാഭ്യാസാനുകൂല്യങ്ങൾഓൺലൈൻസംവിധാനത്തിലേക്ക് മാറ്റാവുന്നതാണ്
- ട്യൂഷന് സ്ഥിരം സംവിധാനം ഏർപ്പെടുത്താവുന്നതാണ്
- ധനകാര്യസ്ഥാപനങ്ങളുമായിചേർന്ന്നടപ്പിലാക്കുന്നസ്വയംതൊഴിൽപദ്ധതി॥ ബാങ്കുകൾവായ്പനൽകുന്നത് സുതാര്യമാക്കുക.
- പ്രീ-മെട്രിലംപ്സംഗ്രാൻറപ്രതിമാസ സ്റ്റൈഫൻറ് എയ്ഡഡ് ,അംഗീകൃത അൺഎയ്ഡഡ്സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ട്യൂഷൻ ഫീ റീ ഇംമ്പേഴ്സ്മെൻറ്അയ്യങ്കാളി ടാലൻറ് സെർച്ച് സ്കോളർഷിപ്പ് ഹോസ്റ്റലുകളിലെ ട്യൂഷൻഎന്നിവ തുടരേ താണ്
- വീടില്ലാത്തവർക്ക് വീട് ,പൂര്ർത്തികരിക്കാത്ത വീടുകളുടെ പൂര്ർത്തീകരണം ഭ്രമിയില്ലാത്ത കുടുംബങ്ങള്ർക്ക് വീട് നിർമ്മാണംഎന്നിവ തുടരേ താണ്.
- തുടർച്ചയായപി.എസ്.സിപരിശീലനം നടത്തേ താണ്

5.21. ജില്ലാ പട്ടിക വർഗവികസനം

2016–17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച 7974.64 ലക്ഷം രൂപയിൽ 7974.64 ലക്ഷ0 ചെലവഴിച്ചു

ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, സുൽത്താൻ ബത്തേരി

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	ഐ .ഇ.സി പ്രൊജക്ട്	0.90	0.90
2	പട്ടിക വർഗ വികസനം	15.08	15.08
3	ഫുഡ് സപ്പോർട് പ്രോഗ്രാം	288.11	288.11
4	എൻഹാൻഡ്സ്മെൻറ് ഓഫ് ഫെസിലിറ്റീസ് ഇൻ ട്രൈബൽ ഏരിയാസ്	0.75	0.75
5	ഗ്രാൻഡ്-ഇൻ-എയ്ഡ് ടു സ്ക്കിമസ് കമിംഗ് അണ്ടർ ആർട്ടിക്കിൾ	89.65	89.65
6	റണ്ണിങ് ഓഫ് സ്കൂൾസ്	224.88	224.88
7	ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം	178.64	178.64
8	ഹോണറേറിയം ടു ട്രൈബൽ പ്രമോട്ടയ്സ്	153.24	153.24
9	ഉത്രുക്കുട്ടം	2.3	2.3
10	ഹോണറേറിയം ടുമാനേജ്മെൻറ് ട്രെയിനീസ് &ഹെൽത്ത് മാനേജ്മെൻറ് ട്രെയിനീസ്	13.75	13.75
11	ഹോണറേറിയം ടുകൗൺ സിലേഴ്സ് എൻഗേജിഡ് ഇൻ ഹോസ്റ്റൽസ് &എം .ആർ .എസ്	1.9	1.9
12	എൻഗേജിങ് സോഷ്യൽ വർക്കേഴ്സ് ഇൻ ട്രൈബൽ വെൽഫെയർ	19.22	19.22
13	അയ്യങ്കാളി മെമ്മോറിയൽ ടാലൻറെ സെർച്ച് &ഡവലപ്മെന്റ്	3.4	3.4
14	സ്റ്റഡി ട്ടൂർ ടു സ്കൂൾ	.10	.10
15	അസിസ്റ്റൻസ് ടു ഓർഫാൻസ്	30.090	30.090
16	കോംപ്രിഹെൻസീവ് ട്രൈബൽ ഹെൽത്ത് കെയർ	44.95	44.95
17	ഹൗസ് ടു ഹൗസ് ലെസ്	822	822
18	അസിസ്റ്റൻറ് ഫോർ സിക്കിൽ സെൽ അനീമിയ പേഷ്യൻറ്	79.54	79.54
19	അസിസ്റ്റൻറ് ഫോർ മാരേജ് ഓഫ് എസ്.ടി ഗേൾസ്	12	12
20	ജനനി ജന്മരക്ഷ	190	190
21	സോഷ്യൽ പ്രോഗ്രാം ഫോർ അടിയ, പണിയ ,പി .വി .ടി .ജി&ൊടബ്സ് ലിവിങ് ഇൻ ഫോറെസ്റ്റ്	8	8
22	പ്രൊമോഷൻ ഓഫ് എഡ്യൂക്കേഷൻ എമംങ് ഷെഡ്യൂൾഡ് ട്രൈബ്സ്	107.85	107.85
23	സ്പെഷ്യൽ പാക്കേജ്	1074.97	1074.97

ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, മാനന്തവാടി

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)	ക്രമ നമ്പർ	സ്കീമിന്റെ പേര്
1	അസിസ്റ്റൻറ് ഫോർ സിക്കിൽ സെൽ അനീമിയ പേഷ്യൻറ്	24.3	24.3	97	97
2	കൈതാങ്ങ്	6.25	4.09	38	38
3	ജനനി ജന്മരക്ഷ	220	220	2327	2327
4	എ.ടി .എസ്.പി	990	990	750	750
5	എ.ടി .എസ്.പി 2	48.2	48.2	37	37
6	മാനേജ്മെൻറ് ട്രെയിനീസ്	13.08	13.08	12	12
7	പ്രൊമോഷൻ ഓഫ് എഡ്യൂക്കേഷൻ	156.67	156.67	53	53
8	ഉത്രുക്കുട്ടം	2.35	2.35	7	7
9	ഹാംലെറ്റിക്സനം	72.91	72.91	1	1
10	ട്രൈബൽപ്രേമോട്ടർ	164.46	164.46	143	143
11	വനബന്ധു കല്യാൺ യോജന	540.41	540.41	1030	1030
12	സമഗ്ര ആരോഗ്യരക്ഷ	49.50	49.50	1600	1600
13	ആർട്ടിക്കിൾ 275(1)	63.59	63.59	31	31
14	കൗൺസിലേഴ്സ് ഹോണറേറിയം	2.40	2.40	4	4
15	ഹൗസ് ടു ഹൗസ് ലെസ്	990	990	910	910
16	റീസെറ്റിൽമെൻറ് പ്ലൂ ലാൻഡ് ലെസ് ട്രൈബ്സ്	69.67	69.67	7	7
17	ഫുഡ് സപ്പോർട് പ്രോഗ്രാം	247.84	247.84	10284	10284
18	പബ്ലിസിറ്റി വിങ്	0.93	0.93	6	6
19	സാമൂഹ്യ പ്രവർത്തനങ്ങൾ	15.77	15.77	20	20
20	കോർപ്പസ് ഫണ്ട്	296.79	296.79		
21	അടിയ പണിയ പാക്കേജ്	24.26	24.26	8	8
22	ഡിപ്പാർട്മെൻറ് ആധുനിക വത്കരണം	26.02	26.02	2	2
23	എൻഹാൻസ്മെൻറ് ഓഫ് ഫെസിലിറ്റീസ് ട്രൈബൽ ഏരിയാസ്	36.15	36.15	4	4
24	എൻഹാൻസ്മെൻറ് ഓഫ് ഫെസിലിറ്റീസ് ട്രൈബൽ ഹോസ്റ്റൽസ്	23.24	23.24	2	2
25	ആശ്രമം സ്കൂൾ& മോഡൽ റെസിഡെൻഷ്യൽ സ്കൂൾ	502.15	502.15	2	2
26	അസിസ്റ്റൻലസ് ഫോർ മാരിയേജ് ഓഫ് എസ്.ടി ഗേൾസ്	21	21	42	42
27	സ്റ്റഡി ട്ടൂർ ടു സ്കൂൾ	1.93	1.93	4	4
28	അയ്യങ്കാളിസ്കോളർഷിപ്	3.45	3.45	83	83

- എല്ലാ സ്കൂളുകളിലേയും ഭൗതിക സാഹചര്യങ്ങളും, അക്കാദമിക്ക് നിലവാരവും കൂടുതൽ മെച്ചപ്പെടുത്തേ തു ്.
- വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്ക് വർദ്ധിപ്പിക്കേ തു ്.
- നൽകുന്ന ധനസഹായം കുട്ടികളുടെ തുടർപഠനത്തിന് ഉപകരിക്കേ തു ്.
- എല്ലാപട്ടികവർഗ്ഗവിദ്യാർത്ഥികൾക്കും പ്രയോജനം ലഭിത്തക്ക വിധത്തിൽ പദ്ധതി നടപ്പിലാക്കുക.
- കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കാനും , പ്രോത്സാഹിപ്പിക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കുക.
- വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്ക് വർദ്ധിപ്പിക്കേ തു ്.
- ഹോസ്റ്റലുകളുടെ അത്യാവശ്യ അറ്റകുറ്റപണികൾ നടപ്പിലാക്കുക.
- ഈ വിഭാഗങ്ങളുടെ സമഗ്ര വികസനം സാദ്ധ്യമാകുന്ന രീതിയിൽ പദ്ധതികൾ രൂപപ്പെടുത്തണം.
- ജൂൺ മുതൽ നാല് മാസക്കാലം ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കേ തു ്.
- ധനസഹായ നിരക്ക് വർദ്ധിപ്പിക്കേ തു ്.
- സമഗ്ര വികസനം സാദ്ധ്യമാകുന്ന രീതിയിൽ പദ്ധതികൾ രൂപപ്പെടുത്തണം.
- ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 1 ഏക്കർ വീതം ഭൂമി നൽകണം.
- നിരക്ക് വർദ്ധിപ്പിക്കണം, മാനദണ്ഢങ്ങൾ ലഘൂകരിക്കണം.
- സമഗ്ര വികസനം സാദ്ധ്യമാകുന്ന തരത്തിൽ നടപ്പിലാക്കണം.
- നിരക്ക് വർദ്ധിപ്പിക്കണം. നിർമ്മാണത്തിന് സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തണം.
- ഓണറേറിയം വർദ്ധിപ്പിക്കണം, യോഗ്യത വർദ്ധിപ്പിക്കുക
- കൂടുതൽ തുക വകയിരുത്തണം.
- ക്ലസ്റ്റർ അടിസ്ഥാന വികസന കാഴ്ച്ചപാട് ഉപേക്ഷിക്കണം.
- നിരക്ക് കാലാനുസൃതമായി വർദ്ധിപ്പിക്കണം
- അർഹരായ എല്ലാ ഉപഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാക്കേ തു ്.

പ്രൊജക്ട് ഓഫീസർ, ഐ ടി ഡി പി

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം (ലക്ഷം)	ചെലവഴിച്ചതുക (ലക്ഷം)
1	ഐ .ഇ.സി പ്രൊജക്ട്	2	2
2	അയ്യങ്കാളിസ്കോളർഷിപ്	3.49	3.49
3	പട്ടിക വർഗ വികസനം	.14	.14
4	ഫുഡ് സപ്പോർട് പ്രോഗ്രാം	150	150
5	എൻഹാൻഡ്സ്മെൻറ് ഓഫ് ഫെസിലിറ്റീസ് ഇൻ ട്രൈബൽ ഏരിയാസ്	1.7	1.7
6	ആർട്ടിക്കിൾ 275(1)	24.99	24.99
7	ഗ്രാൻഡ്-ഇൻ-എയ്ഡ് ടു സ്ക്കിമസ് കമിംഗ് അണ്ടർ ആർട്ടിക്കിൾ	24.99	24.99
8	റണ്ണിങ് ഓഫ് സ്കൂൾസ്	1867.25	1867.25
9	ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം	213.89	213.89
10	ഹോണറേറിയം ടു ട്രൈബൽ പ്രമോട്ടയ്സ്	83.64	83.64
11	ഉത്രുക്കുട്ടം		
12	ഹോണറേറിയം ടു മാനേജ്മെൻറ് ട്രെയിനീസ് &ഹെൽത്ത് മാനേജ്മെൻറ് ട്രെയിനീസ്	10.87	10.87
13	ഹോണറേറിയം ടുകൗൺ സിലേഴ്സ് എൻഗേജിഡ് ഇൻ ഹോസ്റ്റൽസ് &എം .ആർ .എസ്	2.73	2.73

14	എൻഗേജിങ് സോഷ്യൽ വർക്കേഴ്സ് ഇൻ ട്രൈബൽ വെൽഫെയർ	15.57	15.57
15	പ്രീമെട്രിക് സ്കോളർഷിപ്	29.37	29.37
16	സ്റ്റഡി ടൂർ ടു സ്കൂൾ	.98	.98
17	അസിസ്റ്റൻസ് ടു ഓർഫാൻസ്	12.47	12.47
18	ഗിരിവികാസ് പ്രൊജക്ട്	33.50	33.50
19	ഹൗസ് ടു ഹൗസ് ലെസ്	524.15	524.15
20	അസിസ്റ്റൻറ് ഫോർ സിക്കിൽ സെൽ അനീമിയ പേഷ്യൻറ്	21.54	21.54
21	അസിസ്റ്റൻറ് ഫോർ മാരേജ് ഓഫ് എസ്.ടി ഗേൾസ്	9	9
22	ജനനി ജന്മരക്ഷ	65	65
23	അടിയ പണിയ പാക്കേജ്	20.30	20.30
24	സ്പെഷ്യൽ ഇൻസെൻറ്റീവ് ടു ബ്രില്യൻറ് സ്റ്റുഡൻറ്	9.43	9.43
25	ഗോത്രസാരഥി	66.68	66.68
26	എ.ടി .എസ്.പി	1050	1050
27	എ.ടി .എസ്.പി 2	25	25
28	സ്പെഷ്യൽ സെൻട്രൽ അസ്സിസ്റ്റൻസ് ടു ട്രൈബൽ പ്ലാൻ	110	110
29	റീ സെറ്റിൽമെൻറ് ഓഫ് ലാൻഡ്	6.32	6.32
30	അട്രോസിറ്റീസ് ആക്ട്	6.5	6.5
31	ട്യൂട്ടോറിയൽ സ്കീം	8.75	8.75

5.22. സാമൂഹ്യ ക്ഷേമം സാമൂഹ്യ സുരക്ഷിതത്വം, വനിതകൾ,കുട്ടികൾ

2016–17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച 53.35 ലക്ഷം രൂപയിൽ 53.35 ലക്ഷ0 ചെലവഴിച്ചു

ക്രമ നമ്പർ	സ്കീമിന്റെ പേര്	പദ്ധതി വിഹിതം(ലക്ഷം)	ചെലവഴിച്ച തുക(ലക്ഷം)
1	കപ്പാസിറ്റി ബിൽഡിങ്	1.61	1.61
2	സ്ട്രെങ്ത്എനിങ് അഡ്മിനിസ്ട്രേറ്റീവ് ഇൻഫ്രാസ്ട്രക്ചർ	1.18	1.18
3	ഡോക്യുമെേൻറഷൻ &പബ്ലിസിറ്റി ഇൻക്ലൂഡിങ് ഒബ്സർവേൻസ് ഓഫ് നാഷണൽ ഡേയ്സ് വീക്സ്	0.58	0.58
4	കുറ്റവാളികളുടെ പുനരധിവാസ ഫണ്ട്	27.15	27.15
5	വനിതാ വികസന പദ്ധതി	25.25	25.25
	സൈക്കോ സോഷ്യൽ സെർവിസ്സ് ട്രോ അഡലൈസെൻറ് ഗേൾസ്	29.44	29.44

	ന്യൂ സോഷ്യൽ സെക്യൂരിറ്റി ഇനിഷ്യറ്റീവ് ഫോർ ദി മാർജിനലൈസ്ഡ് ഗ്രൂപ്സ്	1.45	1.45
	ജിസ് ബേസ്ഡ് മദർ ആൻഡ് ചൈൽഡ് ഹെൽത്ത് ട്രാക്കിംഗ് സിസ്റ്റം ഇൻ മാനന്തവാടി ബ്ലോക്ക്	0.05	0.05
	അസ്സിസ്റ്റൻസ് ടു ആഫ്റ്റർ കെയർ പ്രോഗ്രാമിംസ് ആൻഡ് ഫോൽലോ അപ്പ് സെർവിസ്സ് ഓഫ് വിക്ടിംസ് റീഹാബിലിറ്റേഷൻ ഫണ്ട്	1	1
	ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം (CSS)	16.43	16.20
	ഇന്റഗ്രേറ്റഡ് ചൈൽഡ് സർവിസ് സ്കീം (CSS)	921.51	921.51
	സപ്ലിമെന്ററി ന്യൂടിഷൻ പ്രോഗ്രാം (60% CSS)	62.95	0.00
	ഐ സി ഡി സ് ടെയിനിങ് പ്രോഗ്രാം (60%CSS)	0.07	0.06

****

അദ്ധ്യായം.6

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും.

73,74 ഭരണ ഘടന ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് നഗരപാലിക സംവിധാനങ്ങൾ നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ അധികാര വികേന്ദ്രീകരണം നടപ്പിലാക്കുകയും അതുവഴി സാമൂഹ്യനീതിക്കും സാമ്പത്തിക വികസനത്തിനും വേ ിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള അധികാരവും ചുമതലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാകുകയു ായി. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 25 ശതമാനം തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. പദ്ധതി വിഹിതത്തിന് പുറമേ ധനകാര്യ കമ്മീഷൻ ഗ്രാന്റ് കെ.എൽ.ജി.എസ്.ഡി.പി പ്രത്യേക ഗ്രാന്റുകൾ, മെയിന്റനൻസ് ഗ്രാന്റ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫ ്, ഗുണഭോക്തൃ വിഹിതം എന്നിവ എല്ലാം ചേർത്താണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കുന്നത്. 2017–18 ൽ 5684754971 കോടി രൂപയാണ് ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അടങ്കൽ.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര ചുമതല മേഖലകളിൽ സ്വതന്ത്രമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന രീതി പ്രാവർത്തകമാക്കുന്നതിൽ ഏറെക്കുറെ വിജയിച്ചു എന്നുതന്നെ പറയാം. എന്നാൽ, വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സമന്വയവും ഏകോപനവും ഉറപ്പാക്കി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേ ശ്രമങ്ങൾ ഇനിയും പ്രാദേശിക സർക്കാരുകളിൽ നിന്നും ലഭ്യമാക്കേ തു ്.

ഏകോപനത്തിന്റെ പോരായ്മയാണ് മറ്റൊരു പ്രധാന പ്രശ്നം. അതുകൊ ് തന്നെ ജില്ലാതലത്തിലെ ജനകീയാസൂത്രണ പദ്ധതി ആരംഭിച്ചിട്ട് 20 വർഷം കഴിഞ്ഞുവെങ്കിലും വികസന പ്രവർത്തനങ്ങൾ കടന്നു ചെല്ലാത്തമേഖലകൾ ഇനിയും അവശേഷിക്കുന്നു ് എന്ന് കാണാവുന്നതാണ്. 2017–18 വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും വികസന കാഴ്ചപ്പാടും അതിലേക്ക് എത്തിചേരാൻ സ്വീകരിച്ച മാർഗ്ഗങ്ങളും വ്യത്യസ്ത രീതിയിലുള്ളതാണ് എന്ന് കാണാവുന്നതാണ്. വികസന രേഖകളിലും പദ്ധതി രേഖകളും വികസന കാഴ്ചപ്പാടിനെക്കുറിച്ച് പ്രതിപാദിപ്പിക്കുന്നുെ ങ്കിലും ലക്ഷ്യം കൈവരിക്കുന്നതിനായി അവലംബിച്ച മാർഗ്ഗങ്ങൾ പൂർണ്ണമായും ലക്ഷ്യം കൈവരിക്കുന്നതായിരുന്നില്ല എന്ന് വിലയിരുത്തുന്നു. അത്യുൽസാഹത്തോടെ 13 –ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതിയിൽ ധാരാളം പ്രോജക്ടുകൾ ആവിഷ്കരിക്കപ്പെട്ടെങ്കിലും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി പിന്നീട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധാരാളം വിട്ടുവീഴ്ചകൾ ചെയ്യേ ിവന്നു. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മേഖല വകയിരുത്തലുകൾക്കും അനിവാര്യ വകയിരുത്തലുകൾക്കും ശേഷം ആവശ്യമായ ഫ ിന്റെ അപര്യാപ്തത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. വയനാട് പോലുള്ള ജില്ലകളിൽ കാർഷിക മേഖലയിൽ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊജക്ടുകളുെ ങ്കിലും ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനും ഉപ ഉല്പന്നങ്ങളാക്കിമാറ്റുന്നതിനുമുള്ള പ്രൊജക്ടുകൾ വളരെക്കുറവാണ്. തൊഴിലുറപ്പ് പദ്ധതി മാത്രമാണ്ഒരു പരിധിവരെ ജനങ്ങൾക്ക് തൊഴിൽ നൽകുന്ന പദ്ധതിയായി തുടരുന്നത്. നൂതന പ്രോജക്ടുകൾ വിരളമായിരുന്നുവെങ്കിലും തയ്യാറാക്കിയ പ്രാദേശിക സർക്കാരുകൾക്ക് സമയബന്ധിതമായി അംഗീകാരം ലഭ്യമാക്കുന്നതിന് കാലതാമസം ഉ ായി എന്നതും ശ്രദ്ധേയമാണ്.

ജില്ലയിൽ നല്ലൊരുവിഭാഗം ആളുകളും ക്ഷീരമേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും ക്ഷീര വികസന വകുപ്പിന്റെയും ഇടപെടൽമൂലം

പാലുൽപാദനത്തിൽ വയനാട് കേരളത്തിന്റെ മാതൃകയാകുന്ന മുന്നേറ്റമാണ് നടത്തിയിരിക്കുന്നത്. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഈ മേഖലയിൽ തുക വകയിരുത്തിയിട്ടു ്. പാലുൽപാദനത്തിൽ ജില്ലയ്ക്ക് സംസ്ഥാനതലത്തിൽ ര ാം സ്ഥാനവും ഉ ്.

ചുമതലകള് വിശദമാക്കിയിട്ടുണ്ട്. മുന്കാലങ്ങളെ അപേക്ഷിച്ച് ഫണ്ടുകള് വകയിരുത്തുന്നതില് കൂടുതല് സന്തുലിതാവസ്ഥ കൈവരിക്കുന്നതിന് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കണക്കുകള് പരിശോധിച്ചാല് വ്യക്തമാവുന്നതാണ്. പ്രോജക്ടുകളുടെഎണ്ണക്കുടുതല്ചിലപഞ്ചായത്തുകളില്നിര്വ്വഹണംസങ്കീര്ണ്ണമാക്കുന്നുവെന്ന്പറയാതി രിക്കാനാവില്ല. (അമ്പലവയല്,തവിഞ്ഞാല്405, പനമരം 466, വെള്ളമുണ്ട 410) അതേസമയംപദ്ധതികളുടെഎണ്ണംകുറച്ച്നിര്വ്വഹിക്കപ്പെടുന്നപദ്ധതികളുടെഭൂണനിലവാരംകാര്യക്ഷമ മാക്കുന്നതരത്തില് ചിലപഞ്ചായത്തുകള്ശ്രമങ്ങള്നടത്തിയത് ശ്രദ്ധേയമാണ്. കോട്ടത്തറ 189, തരിയോട് 131, മൂപ്പൈനാട് 159, വേങ്ങപ്പള്ളി 161 പഞ്ചായത്തുകളില്മറ്റുപഞ്ചായത്തുകളെല്ലാംതന്നെശരാശരി200 നും 400നുംഇടയില്പദ്ധതികള്തയ്യാറാക്കിയതായികാണാവുന്നതാണ്.പദ്ധതികള്തയ്യാറാക്കുമ്പോള്പഞ്ചാ യത്ത്ദേശത്തിന്റെവികസനംഎന്നതിലുപരിവാര്ഡ്തലവിഭജനംഎന്നരീതിപൂര്ണ്ണമായിഒഴിവാക്കപ്പെ ട്ടിട്ടില്ലഎന്ന്മനസിലാക്കാവുന്നതാണ്.ഗ്രാമപഞ്ചായത്തുകള്ഫണ്ടിന്റെമേഖലാവിഭജനം നടത്തുമ്പോള്അനിവാര്യവകയിരുത്തലുകള്ക്ക്ശേഷം ഉദ്പാദന മേഖലക്ക് 30%ല്കുറയാത്ത തുക വകയിരുത്തണമെന്ന് മാര്ഗ്ഗരേഖ നിഷ്കര്ഷിക്കുന്നു. അതേസമയം പശ്ചാത്തലമേഖലക്ക് വകയിരുത്തുന്ന തുക 30% ല്കവിയാതിരിക്കുന്നതിനുംശ്രദ്ധിക്കേണ്ടതുണ്ടപശ്ചാത്തലമേഖലയെസംബന്ധിച്ചുള്ളമാനദണ്ഡങ്ങള് എസ്.സി.പി,ടി.എസ്.പിഫണ്ടിനുംബാധകമാണ്.സേവനമേഖലക്ക്ഇത്തരത്തില്മാനദണ്ഡങ്ങള്നിഷ്കര് ഷിച്ചിട്ടില്ല.

പട്ടിക.6.13.

വയനാട്ജില്ലാ പഞ്ചായത്ത്

ജില്ലാ പഞ്ചായത്ത്	**മേഖല**	**പ്രോജക്ടുകളുടെ എണ്ണം**	**അനുവദിച്ച തുക**	**% ചിലവ്**
ജില്ലാ പഞ്ചായത്ത്	ഉല്പാദനം	31	99284566	12.2
	പശ്ചാത്തലം	222	255617895	31.5
	സേവനം	271	455666899	56.2
ആകെ		**524**	**810569360**	**100.0**
ബ്ലോക്ക് പഞ്ചായത്തുകൾ	**മേഖല**	**പ്രോജക്ടുകളുടെ എണ്ണം**	**അനുവദിച്ച തുക**	**% ചിലവ്**
കല്പ്പറ്റ	ഉല്പാദനം	25	22148361	12.8
	പശ്ചാത്തലം	72	38080006	22.0
	സേവനം	77	113156990	65.3
ആകെ		**174**	**173385357**	**100**
ബത്തേരി	ഉല്പാദനം	18	99636659	48.7
	പശ്ചാത്തലം	60	31824666	15.6
	സേവനം	70	73060346	35.7
ആകെ		**148**	**204521671**	**100**
പനമരം	ഉല്പാദനം	18	34704513	23.7
	പശ്ചാത്തലം	58	34738969	23.8
	സേവനം	59	76817034	52.5
ആകെ		**135**	**146260516**	**100**

മാനന്തവാടി	ഉല്പാദനം	24	45741476	28.1
	പശ്ചാത്തലം	74	39731517	24.4
	സേവനം	55	77240325	47.5
ആകെ		**153**	**162713318**	**100**

പട്ടിക.6.14.

ആകെ ഫണ്ട് വകയിരുത്തലുകള്

മുൻസിപ്പാലിറ്റികൾ	**മേഖല**	**പ്രോജക്ടുകളുടെ എണ്ണം**	**അനുവദിച്ച തുക**	**% ചിലവ്**
കല്പ്പറ്റ മുന്സിപ്പാലിറ്റി	ഉല്പാദനം	17	14037079	6.2
	പശ്ചാത്തലം	216	105692464	46.9
	സേവനം	96	105841678	46.9
ആകെ		**329**	**225571221**	**100.0**
മാനന്തവാടി മുന്സിപ്പാലിറ്റി	ഉല്പാദനം	23	78444237	20.6
	പശ്ചാത്തലം	338	189868791	49.8
	സേവനം	174	112916480	29.6
ആകെ		**535**	**381229508**	**100**
ബത്തേരി മുന്സിപ്പാലിറ്റി	ഉല്പാദനം	17	12554435	4.3
	പശ്ചാത്തലം	278	124661973	43.0
	സേവനം	295	152968078	52.7
ആകെ		**590**	**290184486**	**100**

പട്ടിക 2. ഗ്രാമപഞ്ചായത്തുകളുടെ ആകെ പ്രൊജക്ടുകൾ മേഖലാ അടിസ്ഥാനത്തിÂ
(പശ്ചാത്തല മേഖലയിÂ ഗതാഗത മേഖല പ്രത്യേകം കാണിച്ചിരിക്കുന്നു)

	GP	Productive Sector			Service Sector			Infrastructure Sector			Total		Roads Sector		
		Projects	Fund	% to total fund	Projects	Fund	% to total fund	Projects	Fund	% to total fund	Total Projects	Fund total	Total Projects	Fund total	% of Infrastructure
1	അമ്പലവയൽ	46	27803992	18.7	203	75458071	50.7	161	45649170	30.7	410	148911233	147	39302071	86.1
2	എടവക	24	16356958	17.1	117	41426476	43.2	131	38080506	39.7	272	95863940	125	36889955	96.9
3	കണിയാമ്പറ്റ	19	27487350	17.3	114	72258784	45.4	135	59490799	37.4	268	159236933	121	21400299	36.0
4	കോട്ടത്തറ	20	13977186	16.0	69	27267014	31.3	100	45998034	52.7	189	87242234	89	41877465	91.0
5	തരിയോട്	19	11387794	19.0	66	24799761	41.3	46	23807469	39.7	131	59995024	36	17328000	72.8
6	തവിഞ്ഞാൽ	41	29457561	16.7	152	75399675	42.7	212	71847726	40.7	405	176704962	195	58771983	81.8
7	തിരുനെല്ലി	36	42334815	20.8	100	79956155	39.3	122	81085317	39.9	258	203376287	98	70124601	86.5
8	തൊണ്ടർനാട്	22	11912640	13.5	94	45521721	51.7	96	30650911	34.8	212	88085272	84	25977353	84.8
9	നൂൽപ്പുഴ	20	36399613	21.8	121	67762831	40.5	155	63155614	37.7	296	167318058	137	49812973	78.9
10	നെന്മേനി	43	59749500	26.8	130	108461753	48.6	159	55115931	24.7	332	223327184	136	37630687	68.3
11	പടിഞ്ഞാറെത്തറ	24	13763253	12.7	152	47257383	43.6	212	47396466	43.7	388	108417102	179	36014990	76.0
12	പൂതാടി	59	36348863	27.0	85	41092270	30.6	191	57002551	42.4	335	134443684	153	48090251	84.4
13	പനമരം	22	28711251	10.5	147	152704662	56.0	297	91509082	33.5	466	272924995	255	79454715	86.8
14	പുൽപ്പള്ളി	50	38386476	15.9	107	83029566	34.4	180	120281533	49.8	337	241697575	147	85222129	70.9
15	പൊഴുതന	20	12026904	12.2	97	42059052	42.6	96	44539537	45.2	213	98625493	69	25609576	57.5
16	മുട്ടിൽ	20	19410196	17.9	108	53103608	49.1	123	35701191	33.0	251	108214995	101	26887886	75.3
17	മുപ്പൈനാട്	29	9987594	17.6	79	31298815	55.3	51	15342210	27.1	159	56628619	49	11744081	76.5
18	മുള്ളൻകൊല്ലി	36	21625639	14.4	121	65723377	43.9	80	62372329	41.7	237	149721345	66	54791519	87.8
19	മീനങ്ങാടി	34	30443637	17.6	123	49626849	28.7	141	92874355	53.7	298	172944841	106	35501050	38.2
20	മേപ്പാടി	49	26330079	10.3	118	59852918	23.4	185	169783916	66.3	352	255966913	144	55831706	32.9
21	വെള്ളമുണ്ട	33	26285352	18.8	134	59161409	42.4	243	54083216	38.8	410	139529977	230	51543216	95.3
22	വേങ്ങപ്പള്ളി	18	7870374	11.8	71	20850258	31.3	72	37985913	56.9	161	66706545	54	31764906	83.6
23	വൈത്തിരി	10	6387730	8.8	102	39888608	54.8	123	26476375	36.4	235	72752713	109	23101375	87.3
	Total	*694*	*554444757*	*16.9*	*2610*	*1363961016*	41.5	*3311*	*1370230151*	41.7	*6615*	*3288635924*	2830	964672787	70.4

ആകെഅടങ്കല്തുകയുമായിതാരതമ്യംചെയ്താല്പൂതാടി (27%), നെന്മേനി (26.8%), തിരുനെല്ലി (20.8%)പഞ്ചായത്തുകളാണ്ഏറ്റവുംകൂടുതല്തുകഉദ്പാദനമേഖലക്കവകയിരുത്തിയതായികാണുന്നത്. വക

വൈത്തിരി (8.8%), മേപ്പാടി (10.3%), പടിഞ്ഞാറത്തറ (12.7%), പനമരം (10.5%) പഞ്ചായത്തുകളാണ് ഏറ്റവും കുറഞ്ഞ തുക ഉദ്പാദനമേഖലക്ക് വകയിരുത്തിയ പഞ്ചായത്തുകള്. പശ്ചാത്തലമേഖലയില്നെന്മേനി(24.7%) ഒഴികെമറ്റു പഞ്ചായത്തുകളെല്ലാം തന്നെ ആകെ അടങ്കലിന്റെ30%ലധികം തുക വകയിരുത്തിയതായി കാണാം. പശ്ചാത്തലമേഖലക്കുവകയിരുത്തിയ ഫണ്ടില്കണിയാമ്പറ്റ (36%)

ഒഴികെമറ്റുപഞ്ചായത്തുകളെല്ലാംതന്നെ 70% മോഅതിലധികമോറോഡു വികസനത്തിനാണ് വ യിരുത്തിയതെന്ന് കാണാവുന്നതാണ്. എടവകപഞ്ചായത്ത് (96.9%) ആണ്ഏറ്റവുംകൂടുതല്തുകറോഡു വികസനത്തിന് വകയിരുത്തിയിരിക്കുന്നത്.

പട്ടിക 6.15.

പട്ടികവികസനഫണ്ട് വകയിരുത്തലുകള്

ജില്ലാ പഞ്ചായത്ത്	മേഖല	പ്രോജക്ടുകളുടെ എണ്ണം	അനുവദിച്ച തുക	% ചിലവ്
ജില്ലാ പഞ്ചായത്ത്	ഉല്പാദനം	29	89860149	18.0
	പശ്ചാത്തലം	56	57460386	11.5
	സേവനം	149	351598977	70.5
ആകെ		**234**	**498919512**	**100.0**

പട്ടിക 6.16. & 6.17

വികസന ഫണ്ട്വ്കയിരുത്തലുകള്

ബ്ലോക്ക് പഞ്ചായത്തുകൾ	മേഖല	പ്രോജക്ടുകളുടെ എണ്ണം	അനുവദിച്ച തുക	% ചിലവ്
കല്പ്പറ്റ	ഉല്പാദനം	25	20945242	16.6
	പശ്ചാത്തലം	68	36463006	28.9
	സേവനം	68	68886664	54.5
ആകെ		**161**	**126294912**	**100**
ബത്തേരി	ഉല്പാദനം	18	29795774	25.4
	പശ്ചാത്തലം	60	31824666	27.1
	സേവനം	59	55839211	47.5
ആകെ		137	117459651	100
പനമരം	ഉല്പാദനം	18	27219513	24.7
	പശ്ചാത്തലം	55	32723969	29.7
	സേവനം	50	50169150	45.6
ആകെ		123	110112632	100
മാനന്തവാടി	ഉല്പാദനം	22	37573198	27.9
	പശ്ചാത്തലം	70	37331489	27.7
	സേവനം	39	59847144	44.4
ആകെ		131	134751831	100

പട്ടിക 6.18.

വികസന ഫണ്ട് വകയിരുത്തലുകള്

മുൻസിപ്പാലിറ്റികൾ	മേഖല	പ്രോജക്ടുകളുടെ എണ്ണം	അനുവദിച്ച തുക	% ചിലവ്
കല്പ്പറ്റ മുന്സിപ്പാലിറ്റി	ഉല്പാദനം	17	12770412	7.8
	പശ്ചാത്തലം	156	73229977	44.8
	സേവനം	79	77463555	47.4
ആകെ		**252**	**163463944**	**100.0**

പട്ടിക 6.19

മാനന്തവാടി മുന്സിപ്പാലിറ്റി	ഉല്പാദനം	13	14667437	13.3
	പശ്ചാത്തലം	206	47061164	42.8
	സേവനം	112	48199407	43.8
ആകെ		**331**	**109928008**	**100**
ബത്തേരി മുന്സിപ്പാലിറ്റി	ഉല്പാദനം	12	9199280	8.7
	പശ്ചാത്തലം	39	27147371	25.6
	സേവനം	129	69843021	65.8
ആകെ		**180**	**106189672**	**100**

പട്ടിക.6.20

പട്ടിക 4. ഗ്രാമപഞ്ചായത്തുകളുടെ എസ് സി പി വിഭാഗം വികസനഫ് പ്രൊജക്ടുകൾ മേഖലാ അടിസ്ഥാനത്തിÂ

S No	Panchayat	Total SCP Projects	Total Outlay	Productive Sector			Service sector			Infrastructure Sector		
				Num of Proj	Fund	% of tot SCP fund	Num of Proj	Fund	% of tot SCP fund	Num of Proj	Fund	% of tot SCP fund
1	അമ്പലവയൽ	23	4504116	5	980000	21.8	10	2095000	46.5	8	1429116	31.7
2	എടവക	6	1483000				4	838000	56.5	2	645000	43.5
3	കണിയാമ്പറ്റ	5	5961920				4	5901920	99.0	1	60000	1.0
4	കോട്ടത്തറ	5	1550000	2	560000	36.1	1	790000	51.0	2	200000	12.9
5	തരിയോട്	1	480000				1	480000	100.0			
6	തവിഞ്ഞാൽ	28	7439845	2	500000	6.7	17	5016684	67.4	9	1923161	25.8
7	തിരുനെല്ലി	5	1406000				5	1406000	100.0			
8	തൊണ്ടർനാട്	3	1152000				3	1152000	100.0			
9	നൂൽപ്പുഴ	3	1470000	1	850000	57.8	2	620000	42.2			
10	നെന്മേനി	13	6140608	2	637500	10.4	8	4117608	67.1	3	1385500	22.6
11	പടിഞ്ഞാറെത്തറ	26	5498500	4	738500	13.4	10	3465000	63.0	12	1295000	23.6
12	പൂതാടി	10	2536000	1	200000	7.9	7	1691000	66.7	2	645000	25.4
13	പനമരം	9	4115000				9	4115000	100.0			
14	പുൽപ്പള്ളി	13	5022708	3	495500	9.9	10	4527208	90.1			
15	പൊഴുതന	10	3552000	1	260000	7.3	7	2826000	79.6	2	466000	13.1
16	മുട്ടിൽ	10	2452000	2	250000	10.2	8	2202000	89.8			
17	മുപ്പൈനാട്	7	3362000	2	250000	7.4	5	3112000	92.6			
18	മുള്ളൻകൊല്ലി	20	5859522	4	620422	10.6	14	4487100	76.6	2	752000	12.8
19	മീനങ്ങാടി	6	2325000	2	535000	23.0	2	1100000	47.3	2	690000	29.7
20	മേപ്പാടി	39	14783289	5	2375000	16.1	23	8548289	57.8	11	3860000	26.1
21	വെള്ളമുണ്ട	12	1903720	2	510500	26.8	8	914000	48.0	2	479220	25.2
22	വേങ്ങപ്പള്ളി	7	1533931	3	188000	12.3	3	1246326	81.3	1	99605	6.5
23	വൈത്തിരി	22	8780000				14	5630000	64.1	8	3150000	35.9
	G TOTAL	283	93311159	41	9950422	10.7	175	66281135	71.0	67	17079602	18.3

പട്ടിക6.21

പട്ടിക 5. ഗ്രാമപഞ്ചായത്തുകളുടെ ടി എസ് പി വിഭാഗം വികസനഫ് പ്രൊജക്ടുകൾ മേഖലാ അടിസ്ഥാനത്തിÂ

S no	TSP Fund	Num of total TSP Proj	Total Outlay	Productive Sector			Service Sector			Infrastructure		
				Num of Proj	Fund	% of tot TSP fund	Num of Proj	Fund	% of tot TSP fund	Num of Proj	Fund	% of tot TSP fund
1	അമ്പലവയൽ	92	25225820	16	5285106	21.0	47	14580709	57.8	29	5360005	21.2
2	എടവക	39	15917210	5	1201500	7.5	15	10078131	63.3	19	4637579	29.1
3	കണിയാമ്പറ്റ	48	22436329	1	500000	2.2	30	17537829	78.2	17	4398500	19.6
4	കോട്ടത്തറ	44	17778187	7	2705000	15.2	13	10036500	56.5	24	5036687	28.3
5	തരിയോട്	21	10834000	3	3430000	31.7	11	5212560	48.1	7	2191440	20.2
6	തവിഞ്ഞാൽ	71	31790075	3	1860000	5.9	30	21064275	66.3	38	8865800	27.9
7	തിരുനെല്ലി	42	46200800	7	6100000	13.2	15	28749800	62.2	20	11351000	24.6
8	തൊണ്ടർനാട്	30	15893020	4	1550000	9.8	19	12358466	77.8	7	1984554	12.5
9	നൂൽപ്പുഴ	73	49015757	4	3750000	7.7	36	32605757	66.5	33	12660000	25.8
10	നെന്മേനി	75	39196476	5	3435000	8.8	24	22261500	56.8	46	13499976	34.4
11	പടിഞ്ഞാറെത്തറ	58	11744747	2	460000	3.9	34	8259000	70.3	22	3025747	25.8
12	പൂതാടി	74	28847241	21	8940600	31.0	21	11829463	41.0	32	8077178	28.0
13	പനമരം	100	63553782	4	5180000	8.2	39	46793400	73.6	57	11580382	18.2
14	പുൽപ്പള്ളി	54	35055585	13	4464500	12.7	27	25058598	71.5	14	5532487	15.8
15	പൊഴുതന	38	15345897	2	723500	4.7	18	7942432	51.8	18	6679965	43.5
16	മുട്ടിൽ	52	17793700	5	2298968	12.9	20	10761732	60.5	27	4733000	26.6
17	മുപ്പൈനാട്	18	3128000	4	582594	18.6	13	2330406	74.5	1	215000	6.9
18	മുള്ളൻകൊല്ലി	34	11636700	12	2868000	24.6	20	8208700	70.5	2	560000	4.8
19	മീനങ്ങാടി	72	31009552	9	4149012	13.4	32	18712490	60.3	31	8148050	26.3
20	മേപ്പാടി	43	18129580	8	3269005	18.0	20	10148475	56.0	15	4712100	26.0
21	വെള്ളമുണ്ട	66	26320600	7	3555000	13.5	27	15918600	60.5	32	6847000	26.0
22	വേങ്ങപ്പള്ളി	38	10310497	4	700000	6.8	22	7216197	70.0	12	2394300	23.2
23	വൈത്തിരി	17	3456287				14	2610287	75.5	3	846000	24.5
	G TOTAL	1199	550619842	146	67007785	12.2	547	350275307	63.6	506	133336750	24.2

ജനറല്വിഭാഗംവികസനഫണ്ടിന്റെമേഖലവിഭജനംശ്രദ്ധിച്ചാല്മീനങ്ങാടി, അമ്പലവയല്, നെന്മേനി, നൂല്പ്പുഴ, തവിഞ്ഞാല്, എടവകഒഴികെമറ്റുപഞ്ചായത്തുകളെല്ലാംതന്നെഉദ്പാദന മേഖലക്ക് കാര്യമായപ്രാതിനിധ്യം നല്കിയിട്ടില്ലെന്ന് കാണാവുന്നതാണ്.

പശ്ചാത്തല മേഖലക്ക് കുറഞ്ഞശതമാനംതുകവകയിരുത്തിയപഞ്ചായത്തുകള്എടവക, നൂല്പ്പുഴ, നെന്മേനി, മുട്ടില്, മുള്ളന്കൊല്ലി, മീനങ്ങാടി, വെള്ളമുണ്ട, വൈത്തിരിപഞ്ചായത്തുകളാണ്. പദ്ധതിഅംഗീകാരംലഭ്യമാക്കിയശേഷംതുടര്പ്രവര്ത്തനങ്ങള്ക്ക് മാര്ഗ്ഗരേഖ മേഖല മാനദണ്ഡങ്ങള്പാലിക്കുന്നതില്പഞ്ചായത്തുകള് ശ്രദ്ധക്കുറവ് കാണിക്കുന്നതായും മനസിലാക്കാവുന്നതാണ്. ആകെലഭ്യമാക്കിയപദ്ധതിതുകയില് നിന്നുംഉദ്പാദന മേഖലക്ക് കൂടുതല്തുക വകയിരുത്തിയിരിക്കുന്നത് പൂതാടി (27%), നെന്മേനി (26.8%), നൂല്പ്പുഴ (21.8%), തിരുനെല്ലി (20.8%) പഞ്ചായത്തുകളാണ്. അതേസമയം പഞ്ചായത്തുകള് ഉദ്പാദന മേഖലക്ക് വേണ്ടത്രപ്രാധാന്യംനല്കിയിട്ടില്ല എന്ന് കാണാവുന്നതാണ്.വികസനഫണ്ടില്നിന്നുംപശ്ചാത്തല മേഖലക്ക് വകയിരുത്താവുന്നപരമാവധിവിഹിതം 30% ആയി നിജപ്പെടുത്തുന്നതിന് മാര്ഗ്ഗരേഖ നിഷ്കര്ച്ചിരിക്കുന്നു.മൊത്തംഅടങ്കല്തുകയുമായിതാരതമ്യംചെയ്യുമ്പോള്ഗ്രാമപഞ്ചായത്തുകള്പശ്ചാത്ത ലമേഖലക്ക് പ്രത്യേകിച്ചും റോഡ് വികസനത്തിന് ഫണ്ട് വകയിരുത്തുന്നതിനാണ് കൂടുതല്താത്പര്യം കാണിക്കുന്നതെന്ന്കണക്കുകള്സൂചിപ്പിക്കുന്നു.ഈഇനത്തില്ലഭ്യമായതുകയുടെഭീമമായവിഹിതംവക യിരുത്തിയത് മേപ്പാടി, വേങ്ങപ്പള്ളി, മീനങ്ങാടി, പുല്പ്പള്ളി, പൊഴുതന, പടിഞ്ഞാറത്തറപഞ്ചായത്തുകളാണെന്ന് കാണാവുന്നതാണ്. ജില്ലശരാശരിപശ്ചാത്തലമേഖലയില്.7% ആണ്.അതേസമയംഉദ്പാദനമേഖലയില്ഇത്കേവലം 16.9% മാത്രമാണ്.പശ്ചാത്തല മേഖലക്ക് വകയിരുത്തിയ ആകെ തുകയുടെ ഭൂരിഭാഗവും റോഡ് വികസനത്തിനുവകയിരുത്തിയപഞ്ചായത്തുകള്എടവക (96.9%), വെള്ളമുണ്ട (95.3%), കോട്ടത്തറ

(91%) എന്നിവയാണ്. അതേസമയംമറ്റുപശ്ചാത്തല മേഖലകളിലേക്ക് ശ്രദ്ധ തിരിച്ച പഞ്ചായത്തുകളാണ് കണിയാമ്പറ്റ (36%), മേപ്പാടി (32.9%), മീനങ്ങാടി (38.2%) എന്നിവ എന്ന് കാണാവുന്നതാണ്.പശ്ചാത്തലമേഖലയിലെക്കാളുംശ്രദ്ധകേന്ദ്രീകരിക്കേണ്ടിവരുന്നത്പ്രോജക്ടുകളുടെ എണ്ണത്തിലുള്ളവര്ദ്ധനവാണ്.പനമരം പഞ്ചായത്തില് റോഡ് വികസനത്തിനുമാത്രമായി 255 പ്രോജക്ടുകളുംവെള്ളമുണ്ടപഞ്ചായത്ത് 230 പ്രോജക്ടുകളുംതവിഞ്ഞാല്പഞ്ചായത്ത് 195പ്രോജക്ടുകളുംതയ്യാറാക്കിയതായികാണാവുന്നതാണ്.ഇത്തരത്തില്പശ്ചാത്തലമേഖലയില്പ്രോജക്ടുകളുടെഎണ്ണംകൂട്ടുന്നത്ആസ്തിയുടെഗുണനിലവാരംകുറക്കുന്നതിനുംഎന്നാല്ജോലിഭാരംവര്ദ്ധിക്കുന്നതിനുംകാരണമാകുന്നതായിവിലയിരുത്താവുന്നതാണ്. അതേസമയംമൂപ്പൈനാട്പഞ്ചായത്ത് (49 എണ്ണം) മുള്ളന്കൊല്ലിപഞ്ചായത്ത് (66 എണ്ണം) വേങ്ങപ്പള്ളിപഞ്ചായത്ത് (54 എണ്ണം) പൊഴുതനപഞ്ചായത്ത് (69 എണ്ണം) തരിയോട്പഞ്ചായത്ത് (36 എണ്ണം) എന്നിങ്ങനെഗുകവകയിരുത്തിയത്ആശാവഹമാണ്.

സേവനമേഖലക്ക് കൂടുതൽഫണ്ട് വകയിരുത്തിയ പഞ്ചായത്തുകൾപനമരം (56%) വൈത്തിരി (54.8%) മൂപ്പൈനാട് (55.3%) തൊണ്ടർനാട് (51.7%) അമ്പലവയൽ(50.7%) എന്നിവയാണെന്ന് കാണാം.

ജനറൽവിഭാഗം വികസന ഫണ്ടിൻറെ മേഖലാ വകയിരുത്തലുകൾപരിശോധിച്ചാൽപൂതാടി (24.7%) നെൻമേനി (29.4%), തവിഞ്ഞാൽ(23%), അമ്പലവയൽമീനങ്ങാടി (22.4%) എന്നീ പഞ്ചായത്തുകൾതാരതമ്യേന കൂടിയ വിഹിതം ഉദ്പാദന മേഖലയിൽവകയരുത്തിയിരിക്കുന്നതായി കാണാവുന്നതാണ്. വെങ്ങപ്പള്ളി (10.5%), പൊഴുതന (12.1%), പനമരം (12.9%) പഞ്ചായത്തുകൾതാരതമ്യേന കുറഞ്ഞ വിഹിതം ഈ മേഖലയിൽവകയിരുത്തിയ പഞ്ചായത്തുകളാണ്.

വേങ്ങപ്പള്ളി (55.4%), പൊഴുതന (51.8%) പഞ്ചായത്തുകളാണ് വികസന വിഭാഗം ഫണ്ടിൽനിന്നും പശ്ചാത്തല മേഖലയിലേക്ക് കൂടുതൽതുക വകയിരുത്തിയ പഞ്ചായത്തുകൾഎന്നും കാണാവുന്നതാണ്. പദ്ധതികളുടെ എണ്ണക്കൂടുതലിൽപനമരം പഞ്ചായത്ത് (108 പ്രൊജക്ടുകൾ) മുന്നിൽനിൽക്കുന്നതായി കാണാം. തരിയോട് (17 എണ്ണം), നെൻമേനി (15), വെങ്ങപ്പള്ളി (21) പഞ്ചായത്തുകൾപ്രൊജക്ടുകളുടെ എണ്ണം നിയന്ത്രണ വിധേയമാക്കിയതായും കാണാവുന്നതാണ്. മുള്ളൻകൊല്ലി (61.1%), വെള്ളമുണ്ട (59.9%) , നെൻമേനി (59.5%) പഞ്ചായത്തുകൾതാരതമ്യേന കൂടുതൽഫണ്ട് സേവനമേഖലയിലേക്ക് വകയിരുത്തിയതായും വെങ്ങപ്പള്ളി (34.1%) പൊഴുതന (36%) പൂതാടി (36.2%) പഞ്ചായത്തുകൾതാരതമ്യേന കുറഞ്ഞ ഫണ്ട് വകയിരുത്തിയതായും കാണാവുന്നതാണ്.

പട്ടികജാതി വികസന ഫണ്ടിൽനിന്നും ഉദ്പാദനമേഖലയിൽഫണ്ട് വകയിരുത്തിയിരിക്കുന്നത് കേവലം 16 പഞ്ചായത്തുകൾമാത്രമാണ്. എടവക, കണിയാമ്പറ്റ, തിരുനെല്ലി, തൊണ്ടർനാട്, പനമരം പഞ്ചായത്തുകൾഉദ്പാദന മേഖലയിലേക്ക് ഫണ്ട് വകയിരുത്താത്ത പഞ്ചായത്തുകളിൽപെടുന്നു.

പ്രൊജക്ടുകളുടെ എണ്ണക്കൂടുതലിൽനിൽക്കുന്നത് മേപ്പാടി (39) പഞ്ചായത്തും ഏറ്റവും കുറവ് തരിയോട് (1) പഞ്ചായത്തുമാണ്.

പട്ടികവർഗ്ഗ വികസന ഫണ്ടിൽനിന്നും ഉദ്പാദന മേഖലയിലേക്ക് വൈത്തിരി പഞ്ചായത്ത് മാത്രമേ ഫണ്ട് വകയിരുത്തിയതായി കാണുന്നുള്ളൂ. അതേ സമയം തരിയോട്, പൂതാടി പഞ്ചായത്തുകൾമാതൃകാപരമായി താരതമ്യേന കൂടുതൽതുക ഉദ്പാദനമേഖലയിലേക്ക് വകയിരുത്തിയതായും കാണുന്നു. ഫണ്ടിൽനിന്നും പശ്ചാത്തലമേഖലയിലേക്ക് താരതമ്യേന ഏറ്റവും കൂടുതൽതുക വകയിരുത്തിയിരിക്കുന്നത് പൊഴുതന (43.5%) പഞ്ചായത്താണ്. ഈ മേഖലയിൽഏറ്റവും കുറവ് വന്നിരിക്കുന്നത് മുള്ളൻകൊല്ലി (4.8%) പഞ്ചായത്തിലാണ്. പദ്ധതിയുടെ എണ്ണക്കൂടുതൽപനമരം (100) പഞ്ചായത്ത്. എണ്ണക്കുറവ് വൈത്തിരി (17) പഞ്ചായത്തിലുമാണ്. ഉദ്പാദന മേഖലക്ക് താരതമ്യേന കുറഞ്ഞ തുക വകയിരുത്തിയ പഞ്ചായത്തുകൾകണിയാമ്പറ്റ (2.2%), പടിഞ്ഞാറത്തറ (3.9%) , തവിഞ്ഞാൽ(5.9%) എന്നിവയാണ്. വൈത്തിരി ഗ്രാമപഞ്ചായത്ത് ഉദ്പാദനമേഖലയിൽതുക വകയിരുത്തിയിട്ടില്ല എന്നും കാണാം. ഫണ്ടിൽനിന്നും താരതമ്യേന കൂടുതൽതുക വകയിരുത്തിയത് നെൻമേനി പഞ്ചായത്തും (34.4%) കുറഞ്ഞ തുക വകയിരുത്തിയത്

മുള്ളൻകൊല്ലി (4.8%) പഞ്ചായത്തുമാണ്. ജില്ലാ ശരാശരി ഉദ്പാദനമേഖലയിൽ12.2% ഉം പശ്ചാത്തലമേഖലയിൽ24.2% വുമാണ്.

പട്ടിക 6. ഗ്രാമപഞ്ചായത്തുകൾ പ്രത്യേക വിഭാഗങ്ങൾക്ക് മാറ്റി വെച്ച പ്രൊജക്ടുകളുടെ വിവരങ്ങൾ

	GP Name	Total Outlay	WCP		Child		Aged		Diff Abled		Oth Vulnarable Groups		Pain & Paliative		Youth Welfare		Total Allocation	%
1	അമ്പലവയൽ	148911233	13	8304950	6	2864146	2	1300000	1	300000	5	1328760	1	1000000	7	3050894	18148750	12.2
2	എടവക	95863940	10	8091440	6	2998500	2	2658713	1	1745800	1	100000	1	600000	1	500000	16694453	17.4
3	കണിയാമ്പറ്റ	159236933	8	10665000	6	1650000	4	1250000	5	1359000	1	500000	2	1050000	3	890829	17364829	10.9
4	കോട്ടത്തറ	87242234	9	5132186	4	750000	4	1038300	3	600000	1	300000	1	371300			8191786	9.4
5	തരിയോട്	59995024	5	5145200	7	1389440	2	1700000	3	800000	2	800000	1	500000	1	710000	11044640	18.4
6	തവിഞ്ഞാൽ	176704962	28	17109527	17	12675000	8	2450000	3	1030000	9	6622500	1	1500000	15	10022295	51409322	29.1
7	തിരുനെല്ലി	203376287	16	22227500	8	3179000	3	4000000	1	500000			1	500000	1	3500000	33906500	16.7
8	തൊണ്ടർനാട്	88085272	10	10612400	7	2041250	4	2325000	3	850000	2	597500	1	500000	4	1237316	18163466	20.6
9	നൂൽപ്പുഴ	167318058	12	9546255	11	5872000	6	5700000			1	50000	1	600000	2	3085212	24853467	14.9
10	നെന്മേനി	223327184	11	8133500	8	5100000	3	4805500	1	2000000	1	200000	2	700000	6	2400000	23339000	10.5
11	പടിഞ്ഞാറത്തറ	108417102	8	4487030	4	1380000	6	1870000	3	735000					3	726000	9198030	8.5
12	പൂതാടി	134443684	13	7801760	3	6850000	6	3162889	5	1510000	5	981000	1	660000	7	1650491	22616140	16.8
13	പനമരം	272924995	13	13742999	7	2237450	7	4656500	3	1700000	4	2135000	1	700000	4	3030000	28201949	10.3
14	പുൽപ്പള്ളി	241697575	19	13259509	10	5164696	6	5882558	1	775000					4	2897902	27979665	11.6
15	പൊഴുതന	98625493	12	5154215	10	2083000	4	1592000	2	950000	1	130200			2	864259	10773674	10.9
16	മുട്ടിൽ	108214995	11	5813750	5	2077000	6	1640408	1	400000			1	600000			10531158	9.7
17	മൂപ്പൈനാട്	56628619	13	4375983	10	1615000	4	700000	2	750000			2	600000	3	168900	8209883	14.5
18	മുള്ളൻ	149721345	12	6244000			3	2120000	4	2300000	2	1044175	1	500000	1	300000	12508175	8.4
19	മീനങ്ങാടി	172944841	18	10623599	11	2750000	5	1762315	2	1100000	1	100000	2	899200	1	1427500	18662614	10.8
20	മേപ്പാടി	255966913	11	13047202	6	2250000	4	2272000	3	1397500			2	1500000	1	300000	20766702	8.1
21	വെള്ളമുണ്ട	139529977	15	10008894	9	3730749	5	1501000	7	2675000	2	1800000	5	1241300	10	6165500	27122443	19.4
22	വേങ്ങപ്പള്ളി	66706545	10	2659396	8	1844500	3	1701000	1	250000					2	166605	6621501	9.9
23	വൈത്തിരി	72752713	6	2985000	4	956000	1	1000000	1	1200000	1	100000	1	400000			6641000	9.1
		3288635924	283	205171295	167	71457731	98	57088183	56	24927300	39	16789135	28	14421800	78	43093703	432949147	13.2

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം, വൃദ്ധജനങ്ങളുടെ ക്ഷേമം തുടങ്ങി പ്രത്യേക മേഖലകൾഎല്ലാ പഞ്ചായത്തുകളും വനിതാഘടക പദ്ധതികൾക്ക് തുക വകയിരുത്തി പ്രൊജക്ടുകൾതയ്യാറാക്കിയിട്ടുണ്ട്. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് ഒഴികെ എല്ലാ പഞ്ചായത്തുകളും കുട്ടികൾക്കായുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വൃദ്ധജനങ്ങൾക്കായുള്ള പദ്ധതികൾക്ക് എല്ലാ പഞ്ചായത്തുകളും തുക വകയിരുത്തിയിട്ടുണ്ട്.ജില്ലയിലാകെ98 പ്രോജക്ടുകൾഈയിനത്തിൽആവിഷ്കരിച്ചതായി കാണുന്നു.
ഭിന്നശേഷിക്കാർക്കുള്ള പദ്ധതികളും എല്ലാ പഞ്ചായത്തുകളും ആവിഷ്കരിച്ചിട്ടുണ്ട്. ദുർബല വിഭാഗങ്ങൾക്കായുള്ള പദ്ധതികൾക്കായി തിരുനെല്ലി, പടിഞ്ഞാറത്തറ, പുൽപ്പള്ളി, മുട്ടിൽ, മൂപ്പൈനാട്, മേപ്പാടി, വേങ്ങപ്പള്ളി പഞ്ചായത്തുകൾതുക വകയിരുത്തിയതായി കാണുന്നില്ല. പെയ്ൻ&

പാലിയേറ്റീവ് മേഖലയിലേക്ക് പടിഞ്ഞാറത്തറ, പുൽപ്പള്ളി, പൊഴുതന, വേങ്ങപ്പള്ളി പഞ്ചായത്തുകൾഒഴികെ എല്ലാ പഞ്ചായത്തുകളും തുക വകയിരുത്തിയിട്ടുണ്ട്. കോട്ടത്തറ, മുട്ടിൽ,വൈത്തിരി പഞ്ചായത്തുകൾയുവജന ക്ഷേമത്തിന് യാതൊരു പരിഗണനയും നൽകിയിട്ടില്ല എന്ന് കാണാവുന്നതാണ്.

പട്ടിക 6.22.

തനത് ഫണ്ട് വകയിരുത്തലുകൾ

പട്ടിക 8. ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾക്കായി വകയിരുത്തിയ മെയിന്റനൻസ് ഗ്രാന്റ് ,തനതു ഫ് എന്നിവയുടെ വിവരങ്ങൾ

S No	LB Name	Total Projects(All funds)	Total Outlay(All Funds)	Total Own Fund Projects	Total Own Fund	Percentage to total outlay	Loan from Institutions	Loan Fund Allocated	Percentage to total outlay
1	അമ്പലവയൽ	410	148911233	44	10847207	7.3			
2	എടവക	272	95863940	55	7949104	8.3			
3	കണിയാമ്പറ്റ	268	159236933	118	16929705	10.6	2	40000000	25.1
4	കോട്ടത്തറ	189	87242234	15	576866	0.7			
5	തരിയോട്	131	59995024	5	352000	0.6			
6	തവിഞ്ഞാൽ	405	176704962	68	15590599	8.8			
7	തിരുനെല്ലി	258	203376287	40	6329503	3.1	2	6230845	3.1
8	തൊണ്ടർനാട്	212	88085272	16	3949000	4.5	1	4001000	4.5
9	നൂൽപ്പുഴ	296	167318058	7	1088500	0.7			
10	നെന്മേനി	332	223327184	42	12101285	5.4	4	10100000	4.5
11	പടിഞ്ഞാറെത്തറ	388	108417102	41	6984703	6.4	2	4761500	4.4
12	പൂതാടി	335	134443684	17	7082010	5.3	2	390000	0.3
13	പനമരം	466	272924995	78	19072169	7.0	3	44700000	16.4
14	പുൽപ്പള്ളി	337	241697575	12	9488355	3.9	2	20200000	8.4
15	പൊഴുതന	213	98625493	12	3258000	3.3	2	1400000	1.4
16	മുട്ടിൽ	251	108214995	35	16351804	15.1	1	500000	0.5
17	മുപ്പൈനാട്	159	56628619	5	626000	1.1	3	900000	1.6
18	മുള്ളൻകൊല്ലി	237	149721345	14	7590000	5.1	1	9780000	6.5
19	മീനങ്ങാടി	298	172944841	22	9926196	5.7	1	42000000	24.3
20	മേപ്പാടി	352	255966913	46	9622041	3.8			
21	വെള്ളമുണ്ട	410	139529977	15	3369476	2.4	1	2625000	1.9
22	വേങ്ങപ്പള്ളി	161	66706545						
23	വൈത്തിരി	235	72752713	127	23044018	31.7	1	480000	0.7
		6615	3288635924	834	192128541	5.8	28	188068345	5.7

പട്ടിക 6.23.

പട്ടിക 7. ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾക്കായി വകയിരുത്തിയ മെയിന്റനൻസ് ഗ്രാന്റിന്റെ വിവരങ്ങൾ						
S No	LB Name	Total Projects(All	Total Outlay(All Funds)	MG Projects	MG Fund	Percentage to total outlay
1	അമ്പലവയൽ	410	148911233	98	21144898	14.2
2	എടവക	272	95863940	81	26005204	27.1
3	കണിയാമ്പറ്റ	268	159236933	41	12258000	7.7
4	കോട്ടത്തറ	189	87242234	61	23811533	27.3
5	തരിയോട്	131	59995024	38	16320814	27.2
6	തവിഞ്ഞാൽ	405	176704962	122	37136120	21.0
7	തിരുനെല്ലി	258	203376287	79	38961212	19.2
8	തൊണ്ടർനാട്	212	88085272	62	17870350	20.3
9	നൂൽപ്പുഴ	296	167318058	118	44686558	26.7
10	നെന്മേനി	332	223327184	101	39438545	17.7
11	പടിഞ്ഞാറെത്തറ	388	108417102	161	34505796	31.8
12	പൂതാടി	335	134443684	89	29019462	21.6
13	പനമരം	466	272924995	140	44807877	16.4
14	പുൽപ്പള്ളി	337	241697575	136	72265799	29.9
15	പൊഴുതന	213	98625493	51	17766043	18.0
16	മുട്ടിൽ	251	108214995	88	23943018	22.1
17	മുപ്പൈനാട്	159	56628619	34	8121736	14.3
18	മുള്ളൻകൊല്ലി	237	149721345	75	48576357	32.4
19	മീനങ്ങാടി	298	172944841	67	25929538	15.0
20	മേപ്പാടി	352	255966913	87	38758252	15.1
21	വെള്ളമുണ്ട	410	139529977	172	40174085	28.8
22	വേങ്ങപ്പള്ളി	161	66706545	49	14310172	21.5
23	വൈത്തിരി	235	72752713	30	7759659	10.7
	Total	6615	3288635924	1980	683571028	20.8

വേങ്ങപ്പള്ളി ഒഴികെ മറ്റെല്ലാ പഞ്ചായത്തുകൾക്കും പദ്ധതികൾക്കായി തനത് ഫണ്ട് വകയിരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. മൊത്തം പദ്ധതി അടങ്കലിൻറെ 31.7%വും തനത് ഫണ്ട് വകയിരുത്തി വൈത്തിരി ഗ്രാമപഞ്ചായത്ത് ഒന്നാം സ്ഥാനത്തും 15.1% വും വകയിരുത്തി മുട്ടിൽഗ്രാമപഞ്ചായത്ത് രണ്ടാം സ്ഥാനത്തും നിൽക്കുന്നു. അമ്പലവയൽ, എടവക, കോട്ടത്തറ, തരിയോട്, തവിഞ്ഞാൽ, നൂൽപ്പുഴ, മേപ്പാടി, വേങ്ങപ്പള്ളി പഞ്ചായത്തുകൾഒഴികെ മറ്റ

പഞ്ചായത്തുകളെല്ലാം തന്നെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പ പദ്ധതി രൂപീകരണത്തിനായി വകയിരുത്തിയിട്ടുണ്ട്.

6.20. ആസൂത്രണ ഘട്ടം – വിലയിരുത്തൽ

കേരളത്തെ വളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിനോടൊപ്പം പരിസ്ഥിതി സുരക്ഷയുടെയും ഉത്തമമാതൃകയാക്കി കേരളത്തെ ഇന്നത്തെ നേട്ടങ്ങൾക്കെല്ലാം അടിസ്ഥാനമായ വികേന്ദ്രീകൃത ആസൂത്രണം മുന്നോട്ട കൊണ്ടുപോവുക എന്നതാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിട്ടിരുന്നത്.
വയനാട് ജില്ലയിൽദീർഘകാല ഫലങ്ങൾലക്ഷ്യമിട്ടും അടിസ്ഥാനപരമായ സാമൂഹ്യമാറ്റം യാഥാർത്ഥ്യമാക്കുന്നതിനും ജില്ലയുടെ സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ് ഓരോ വിഷയമേഖലകളിലും അനുസൃതമായി പ്രൊജക്ടുകൾരൂപീകരിക്കുന്നതിനും തദ്ദേശസ്ഥാപനങ്ങൾഒറ്റക്കെട്ടായി ശ്രമിച്ചതിൻറെ ഫലമായി ഗവൺമെൻറ് നിർദ്ദേശപ്രകാരം സമയബന്ധിതമായി ജില്ലക്ക് സംസ്ഥാനതലത്തിൽതന്നെ 2017–18 വാർഷിക പദ്ധതികൾക്ക് അംഗീകാരം ഒന്നാമതായി നിറവേറ്റാൻകഴിഞ്ഞിട്ടുണ്ട്.
ജില്ലയിൽവാർഷിക പദ്ധതി ആസൂത്രണ പ്രക്രിയയുടെ എടുത്തു പറയാവുന്ന പ്രത്യേകതകൾതാഴെ പറയുന്നവയാണ്.

1. ആസൂത്രണ സമിതികളുടെ രൂപീകരണം
2. സമ്പന്നമായ ഗ്രാമസഭ
3. സമയബന്ധിതമായ നടപടിക്രമങ്ങളുടെ തീർപ്പാക്കൽ
4. വർക്കിംഗ് ഗ്രൂപ്പുകളുടെ സജീവത
5. മാർഗ്ഗരേഖകളിലെ അയവുകളെ യഥാവിധി ഉപയോഗപ്പെടുത്തൽ
6. യാഥാർത്ഥ്യബോധത്തോടെയുള്ള പ്രൊജക്ടുകൾ
7. പദ്ധതിരൂപീകരണ ഘട്ടങ്ങളിൽജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഉണർവ്വും കൂട്ടായ്മയും
8. പ്രതീക്ഷാനിർഭരമായ പദ്ധതികൾ
9. ഓരോ വിഷയമേഖലകളിലെയും പ്രശ്നങ്ങളെയും പ്രതിവിധികളെയും ഫലപ്രദമായി അപഗ്രഥനം നടത്തി തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട്.
10. പദ്ധതി പ്രവർത്തനങ്ങൾക്ക് ആദ്യഘട്ടത്തിൽതന്നെ അനുവദിച്ച ഫണ്ട് – സ്പിൽഓവർപ്രൊജക്ടുകളുടെ പൂർത്തീകരണത്തിന് സഹായകമാക്കി
11. വിവിധ ഡിപ്പാർട്ടുമെൻറുകളുടെ ഉദ്യോഗസ്ഥരുടെ ഇടപെടൽസ്റ്റാറ്റസ് റിപ്പോർട്ടിലെ ദത്തങ്ങളുടെ ശേഖരണത്തിന് ആശ്വാസമായി
12. പദ്ധതി നിർവ്വഹണത്തിന് കലണ്ടർതയ്യാറാക്കികൊണ്ടുള്ള ആസൂത്രണം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ദിശാബോധം നൽകുന്നതിന് സഹായകമായിട്ടുണ്ട്.
13. യഥാസമയം പദ്ധതി തയ്യാറാക്കിയത് പ്രവൃത്തിയുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും ഉചിതമായ സമയത്ത് ആനുകൂല്യങ്ങൾലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.
14. നൂതന പ്രൊജക്ടുകൾഏറ്റെടുക്കൽ

6.21. ഗ്രാമസഭ പങ്കാളിത്തം – സംഘാടനം – വിലയിരുത്തൽ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവാർഷിക പദ്ധതി തയ്യാറാക്കേണ്ടതിന് ഗ്രാമസഭയുടെ സജീവമായ പങ്കാളിത്തം ആവശ്യമായിരുന്നു. ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽതയ്യാറാക്കുന്ന ജനതയുടെ വികസന പ്രതീക്ഷകൾനിറവേറ്റുന്നതിന് കൂട്ടായ ഇടപെടൽഅത്യാവശ്യമായിരുന്നു. നവ കേരള പിറവിക്കായി സംസ്ഥാന സർക്കാർനടപ്പിലാക്കുന്ന വികസന ദൗത്യങ്ങളായ ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംസ്കരണ യജ്ഞം തുടങ്ങിയവ കോർത്തിണക്കി പ്രാദേശിക – സാമൂഹിക – സാമ്പത്തിക – സാംസ്കാരിക വിദ്യാഭ്യാസ വികസനം സാധ്യമാക്കാൻലക്ഷ്യമിട്ട പഞ്ചവത്സര പദ്ധതിയിൽപൊതുജനത്തിൻറെ പ്രത്യാശ ഗ്രാമസഭായോഗങ്ങളിലെ വൻപങ്കാളിത്തത്തിൽസ്പഷ്ടമായിരുന്നു. ജില്ലയിലെ 23 പഞ്ചായത്തുകളിലും

ഗ്രാമസഭായോഗങ്ങളിൽനിറഞ്ഞ സാന്നിധ്യമാണുണ്ടായിരുന്നത്. വരും കാലഘട്ടത്തിൽനമ്മുടെ നാടിൻറെ ദിശാസൂചകമാക്കുന്ന ദീർഘകാലവികസന നയവും അടിയന്തിര ശ്രദ്ധകേന്ദ്രീകരിക്കേണ്ട ഹ്രസ്വകാല വികസനപദ്ധതികളുടെ നിർദ്ദേശങ്ങളും ഗ്രാമസഭയിൽരൂപം കൊണ്ടു. വയനാട് ജില്ല ഗ്രാമസഭസംഘാടനത്തിൽമറ്റ ജില്ലകളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്. വാർഡുകളിൽഗ്രാമസഭ സംഘാടക സമിതി വിളിച്ചുചേർത്തുകൊണ്ട് ചേർന്ന ഗ്രാമസഭ ആശയസമ്പുഷ്ടവും നൂതന നിർദ്ദേശങ്ങൾകൊണ്ട് വേറിട്ടു നിന്നു.

ജി.ഒ (എം.എസ്) നം 72/2017 തീയ്യതി 29-03-2017 മാർഗ്ഗ നിർദ്ദേശപ്രകാരം ഗ്രാമസഭ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾനൽകിയിരുന്നു. ആസൂത്രണത്തിൽനിർണ്ണായകമായ പങ്കുവഹിക്കുന്നതിന് ജനങ്ങൾക്ക് പരമാവധി അവസരമുണ്ടാക്കേണ്ടതിൻറെ ആവശ്യകത ഇതിൽപ്രതിപാദിച്ചിട്ടുണ്ട്. പ്രാദേശിക പദ്ധതികളെ ജനകീയമാക്കുന്നതിനും പ്രാദേശിക സാധ്യതകൾഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും ഗ്രാമസഭ വിപുലമായി നടത്തിയതിലൂടെ സാധിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങളിൽഗ്രാമസഭകൾയോഗം ചേർന്ന് ആസൂത്രണ പ്രവർത്തനങ്ങളും ഗുണഭോക്തൃ തെരെഞ്ഞെടുപ്പും നടത്തണം എന്നത് നിർബന്ധ വ്യവസ്ഥയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമസഭ യോഗം ചേരുന്നതിന് മുമ്പായി വ്യാപകമായ പ്രചരണ പരിപാടികൾസംഘടിപ്പിക്കുകയുണ്ടായി. മാധ്യമങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിൽവേദികളിലും കുടുംബശ്രീശൃഖലവഴിയും പ്രചരണം സജീവമാക്കിയിരുന്നു.

ഗ്രാമപഞ്ചായത്തിൻറെ മുഖ്യ വികസന പ്രശ്നങ്ങൾപ്രതിഫലിപ്പിക്കുന്ന രീതിയിൽഗ്രാമസഭ യോഗത്തിൻറെ കാര്യപരിപാടി രൂപപ്പെടുത്തുന്നതിന് മിക്ക ഗ്രാമപഞ്ചായത്തുകളും ശ്രമിച്ചു. വികസനപ്രശ്നങ്ങൾതരംതിരിച്ച് കൃത്യമായി മുൻഗണന നിശ്ചയിച്ചുകൊണ്ടാണ് മിക്ക ഗ്രാമപഞ്ചായത്തുകളും ഗ്രാമസഭ വിളിച്ചു ചേർത്തിട്ടുള്ളത്. മാർഗ്ഗനിർദ്ദേശപ്രകാരം ഗ്രാമസഭ യോഗത്തിൽഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ടതായ വികസന പ്രശ്നങ്ങളുടെ മുൻഗണനക്രമം സംബന്ധിച്ച് അഭിപ്രായസർവ്വേ പരീക്ഷണാടിസ്ഥാനത്തിൽനടത്തുന്നതിന് മിക്ക ഗ്രാമപഞ്ചായത്തുകളും താത്പര്യം കാണിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ടുകൊണ്ട് വികസന പ്രവർത്തനങ്ങൾഗ്രാമസഭയിൽചർച്ചചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഗ്രാമസഭകൾക്ക് ആയതിൻറെ പ്രാധാന്യം വേണ്ട വിധേന ബോധ്യപ്പെട്ടുന്നില്ല എന്നത് വസ്തുതയാണ്.

6.21.1.പ്രത്യേക ഗ്രാമസഭകൾ

യുവജനങ്ങൾ, വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർഎന്നിവർക്കായി പ്രത്യേക ഗ്രാമസഭ വിളിച്ചു ചേർക്കുന്നതിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾപ്രത്യേകം താത്പര്യം കാണിച്ചത് പ്രസ്തുതമേഖലകളിൽമുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽവിഹിതം വകയിരുത്തുന്നതിന് കാരണമായിട്ടുണ്ട്.

6.21.2. ഊരുകൂട്ട യോഗങ്ങൾ

വയനാട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിൽഅധിവസിക്കുന്ന ജനതയുടെ കാർഷിക - വിദ്യാഭ്യാസ - ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾഅടുത്തറിഞ്ഞ് തയ്യാറാക്കിയ പ്രൊജക്ടുകൾഈ മേഖലയിലെ അടിസ്ഥാനപരമായ മാറ്റത്തിന് സാധ്യമാകുമെന്നാണ് കരുതുന്നത്.

ഗ്രാമസഭായോഗത്തിന് നിശ്ചയിച്ചിട്ടുള്ള കാര്യപരിപാടിക്ക് സമാനമായ രീതിയിൽഊരുമൂപ്പൻറെ അദ്ധ്യക്ഷതയിൽഊരുകൂട്ട യോഗങ്ങൾസംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയതിനാൽവ്യവസ്ഥ ചെയ്തിരുന്ന ഊരിലെ ആകെ വോട്ടർമാരിൽഅൻപത് ശതമാനത്തിലധികം അംഗങ്ങൾഊരുകൂട്ടയോഗങ്ങളിൽപങ്കെടുത്തതായി കാണുന്നില്ല.

ഊരുകൂട്ടയോഗങ്ങളിൽഗ്രാമപഞ്ചായത്ത് അംഗങ്ങൾനിർബന്ധമായും പങ്കെടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും എല്ലാ ഊരുകൂട്ടയോഗങ്ങളിലും വാർഡ് മെമ്പർപങ്കെടുത്തതായി

കാണുന്നില്ല. ഊരുകൂട്ടയോഗങ്ങളിൽവെച്ച് നടപ്പിലാക്കേണ്ട പ്രൊജക്ടുകളുടെ മുൻഗണന യഥാവിധി നിശ്ചയിക്കപ്പെടുന്നില്ല.

പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽഎല്ലാ ഊരുകളിലും യോഗം ചേർന്നു വേണം ആസൂത്രണ പ്രവർത്തനങ്ങളും ഗുണഭോക്തൃ തെരെഞ്ഞെടുപ്പും നടത്തേണ്ടത് എന്ന നിർബന്ധ വ്യവസ്ഥ ചില പഞ്ചായത്തുകളിൽകാര്യക്ഷമമായി നടക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്തുകളിൽനിയോഗിക്കപ്പെട്ടിട്ടുള്ള എസ് ടി പ്രൊമോട്ടർമാരുടെ സേവനം പട്ടികവർഗ്ഗ വകുപ്പുതലവർത്തനങ്ങളിൽടൈബൽഎക്സ്റ്റൻഷൻഓഫീസർമാർക്ക് മാത്രം ലഭിക്കുന്നത് തദ്ദേശസ്ഥാപനങ്ങളിലെ ടി. എസ്.പി വിഹിതം കാര്യക്ഷമവും പ്രയോജനകരവുമായ പദ്ധതികൾആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നിനും തടസ്സം നേരിടുന്നതായി വിലയിരുത്തുന്നു. പട്ടികവർഗ്ഗമേഖലയിലെ പ്രവൃത്തികൾടൈബൽപ്രൊമോട്ടർമാരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തി ടി.ഇ.ഒ മാർനിർവ്വഹണം നടത്തുകയായിരിക്കും ഉചിതമെന്ന് കണക്കാക്കുന്നു.

ഗ്രാമസഭ/ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്ഥാപനത്തിലെ/ഘടകസ്ഥാപനങ്ങളിലെ/കൈമാറിയ ഉദ്യോഗസ്ഥനെ ഗ്രാമസഭാ/ഊരുകൂട്ടത്തിൻറെ കോ-ഓർഡിനേറ്ററായി ഭരണസമിതി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഊരുകൂട്ടയോഗങ്ങളിൽഇത് കാര്യക്ഷമമായിട്ടില്ല. ഊരുകൂട്ടയോഗങ്ങൾകാര്യക്ഷമമായി നടത്തുന്നതിന് പ്രത്യേകിച്ച് ഒരാളെ ചുമതലപ്പെടുത്തേണ്ടതുണ്ട്.
ഊരുകൂട്ടയോഗങ്ങൾചേരുന്നതിന് മുമ്പേ ഓരോ ഊരിലും വ്യാപകമായി പ്രചരണ പരിപാടികൾസംഘടിപ്പിക്കേണ്ടതുണ്ട്.

ഗ്രാമസഭ/ഊരുകൂട്ട യോഗത്തിലെ ഹാജർരജിസ്റ്റർഗ്രൂപ്പ ചർച്ചകളിലെ നിർദ്ദേശങ്ങൾ, ലഭിച്ച ചോദ്യങ്ങൾ, മിനിട്ട്സ്, തീരുമാനങ്ങൾഎന്നിവ യോഗം നടന്നതിൻറെ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ കോ-ഓർഡിനേറ്റർസെക്രട്ടറിയെ ഏൽപ്പിക്കണമെന്നും ഫോട്ടോഗ്രാഫുകൾഅതതു മിനിട്ട്സ് ബുക്കുകളിൽഒട്ടിക്കണമെന്നും നിർദ്ദേശങ്ങളിൽപറഞ്ഞിരുന്നുവെങ്കിലും ആയത് ഫലപ്രദമായിട്ടില്ല. ഗുണഭോകതൃലിസ്റ്റുകൾതയ്യാറാക്കുന്നതിൽകാലതാമസമുണ്ടാകുന്നതിന് ഇത് കാരണമായിട്ടുണ്ട്.

6.21.3. ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകളിലെ ഗ്രാമസഭ

ഗ്രാമസഭകൾ/ ഊരുകൂട്ടങ്ങൾബ്ലോക്ക് – ജില്ലാ പഞ്ചായത്തുകളുടെ പരിഗണനക്ക് മേൽത്തട്ട് നിർദ്ദേശങ്ങൾതയ്യാറാക്കി സമയബന്ധിതമായി ബ്ലോക്ക് പഞ്ചായത്തിനും ജില്ലാപഞ്ചായത്തിനും ലഭ്യമാക്കാത്തത് ഉപരിതല ഗ്രാമസഭാ യോഗങ്ങളിൽഇവ ചർച്ച ചെയ്യുന്നതിനോ ഉചിതമായ തീരുമാനങ്ങൾനടപ്പിലാക്കുന്നതിനോ കഴിയുന്നില്ല. ഗ്രാമസഭ/ ഊരുകൂട്ടങ്ങളിൽപ്രത്യേക അജണ്ടയായി മേൽത്തട്ട് നിർദ്ദേശങ്ങൾഉൾപ്പെടുത്തുകയും ആയത് സമയബന്ധിതമായി മേൽഗ്രാമസഭയിൽചർച്ചചെയ്യുന്നതിനും സാധിക്കേണ്ടതുണ്ട്.

6.22 .വികസനസെമിനാർ

വർക്കിംഗ് ഗ്രൂപ്പുകൾയോഗം ചേർന്ന് ഗ്രാമസഭ/ ഊരുകൂട്ട നിർദ്ദേശങ്ങൾക്രോഡീകരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് സമർപ്പിച്ച് ആയത് ഭരണസമിതി പരിഗണിച്ച് എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ച് വികസന സെമിനാർജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളും നടത്തിയിട്ടുണ്ട്. കരട് വികസനരേഖയും, 2017-18 കരട് പദ്ധതിരേഖയും വികസന സെമിനാറിൽഅച്ചടിച്ച് വിതരണം ചെയ്തു. ബ്ലോക്ക് പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും ജില്ലാ പഞ്ചായത്തും മാർഗ്ഗ നിർദ്ദേശ പ്രകാരം വികസന സെമിനാർസംഘടിപ്പിച്ചു. വായ്പാ ബന്ധിത പ്രൊജക്ടുകളുടെ വായ്പാ സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തുകൾതാത്പര്യം കാണിച്ചിട്ടില്ല എന്ന് കാണുന്നു. പ്രോജക്ടുകൾതയ്യാറാക്കുന്ന ഘട്ടത്തിൽതദ്ദേശഭരണ സ്ഥാപനരിധിയിൽപ്രവർത്തിക്കുന്ന സഹകരണ സംഘ പ്രതിനിധികളുമായി സഹകരണാടിസ്ഥാനത്തിൽയോജിച്ച് നടപ്പിലാക്കാവുന്ന പ്രൊജക്ടുകളെക്കുറിച്ച് കൂടിയാലോചനകൾനടന്നിട്ടില്ല എന്ന് വിലയിരുത്തുന്നു.

വികസനരേഖയും പദ്ധതിരേഖയും മാർഗ്ഗനിർദ്ദേശം അനുശാസിക്കും വിധത്തിൽതയ്യാറാക്കുന്നതിൽഗ്രാമപഞ്ചായത്തുകൾശ്രദ്ധിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനതല ആസൂത്രണസമിതി ഇക്കാര്യത്തിൽഭരണസമിതിയെ സഹായിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾപ്രോജക്ടിൻറെ അടങ്കൽതുകയെക്കുറിച്ച് കൃത്യമായി വിലയിരുത്തൽനടന്നിട്ടില്ല. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം ഗണ്യമായി കുറക്കണം എന്ന നിർദ്ദേശം മൂപ്പൈനാട്, തരിയോട് എന്നീ പഞ്ചായത്തുകളൊഴികെ ബാക്കിയിടങ്ങളിൽനടപ്പിലാക്കിയിട്ടില്ല.

ഓരോ വിഷയമേഖലയിലെയും ഉപമേഖലക്കും ഓരോ വിഭാഗത്തിനും വകയിരുത്താവുന്ന അടങ്കൽതുക പ്രമേയം മുഖേന ഭരണസമിതികൾതീരുനിക്കപ്പെട്ടിട്ടില്ല. ആയതിനാൽഓരോ വിഷയ മേഖലകളിലും തദ്ദേശ സ്ഥാപനങ്ങൾവകയിരുത്തിയ തുക സംബന്ധിച്ച വിവരങ്ങൾമുതൽവരെയുള്ള പട്ടികളിൽപ്രതിപാദിച്ചിട്ടുണ്ട്.

ഭരണസമിതി എടുത്ത തീരുമാനത്തിൻറെ അടിസ്ഥാനത്തിൽഓരോ സ്റ്റാൻറിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളെ ഉൾപ്പെടുത്തി പ്രോജക്ട് റിപ്പോർട്ടുകൾതയ്യാറാക്കിയിട്ടുണ്ട്. ഓരോ പ്രോജക്ടിൻറെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയ സാധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകളിൽചർച്ച ചെയ്ത് ഉറപ്പു വരുത്താൻകഴിഞ്ഞിട്ടില്ല എന്ന് വിലയിരുത്തുന്നു. വാർഷിക പദ്ധതി രേഖ മാർഗ്ഗനിർദ്ദേശ പ്രകാരം തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾശ്രദ്ധിച്ചിട്ടുണ്ട്. എങ്കിലും 2012–17 12–ാം പഞ്ചവത്സര പദ്ധതിയെ ഫലപ്രദമായി വിലയിരുത്തി ആയതിലുണ്ടായ വീഴ്ചകൾപരിഹരിക്കാൻപൂർണ്ണമായും കഴിഞ്ഞിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് മുൻവർഷങ്ങളെ അപേക്ഷിച്ച് കുറ്റമറ്റ രീതിയിൽതയ്യാറാക്കുന്നതിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

6.23. വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങൾനിബന്ധനകൾ

വികസന മേഖലയിലെ പ്രോജക്ടുകൾതയ്യാറാക്കുമ്പോൾപാലിക്കേണ്ട നിർദ്ദേശങ്ങൾപുറപ്പെടുവിച്ചിരുന്നെങ്കിലും അവ പൂർണ്ണമായും നടപ്പിൽവരുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ലെന്ന് വിലയിരുത്തുന്നു.

- കാർഷിക മേഖലയിലെ ഇടപെടലുകൾഹരിതകേരളം മിഷൻറെ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ല.
- മണ്ണ്, ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾവളരെ കുറവ് പഞ്ചായത്തുകൾമാത്രമാണ് ഏറ്റെടുത്തിട്ടുള്ളത്.
- ജൈവകൃഷിയും ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഉദ്പാദനവും ഉപയോഗവും വേണ്ടവിധേന പ്രോത്സാഹിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല.
- കാർഷിക പദ്ധതികൾമഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തിയിട്ടില്ല.
- മൃഗസംരക്ഷണ മേഖലയിൽകാലിത്തൊഴുത്ത് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം മുതലായവ തൊഴിലുറപ്പ പദ്ധതിയിൽഉൾപ്പെടുത്തിയിട്ടില്ല.
- തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഭവന നിർമ്മാണ പ്രോജക്ടുകൾസംസ്ഥാന സർക്കാർആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ സുരക്ഷാ പാർപ്പിട പദ്ധതി (ലൈഫ്) മാർഗ്ഗരേഖ പാലിച്ചു വേണം തയ്യാറാക്കേണ്ടത് എന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും മാർഗ്ഗരേഖ ഇറങ്ങുന്നത് വൈകിയായതിനാൽപദ്ധതി റിവിഷൻഘട്ടത്തിൽമാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഈയിനത്തിൽപ്രോജക്ടുകളിൽതുക വകയിരുത്താൻകഴിഞ്ഞത്.
- ജലവിഭവ സംരക്ഷണ പ്രവർത്തനങ്ങൾഹരിതകേരളം മിഷൻറെ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാൻകഴിഞ്ഞിട്ടില്ല.

- റോഡ് നിർമ്മാണ പ്രോജക്ടുകളിൽമൺപണി, മെറ്റലിംഗ് എന്നിവയുടെ ചെലവ് തൊഴിലുറപ്പു പദ്ധതിയിൽചെയ്യണമെന്ന വ്യവസ്ഥ പൂർണ്ണമായും പാലിച്ചിട്ടില്ല.
- ആരോഗ്യ പ്രോജക്ടുകൾആർദ്രം മിഷനുമായി സമന്വയിപ്പിച്ച് നല്ല രീതിയിൽനടന്നു വരുന്നതായി വിലയിരുത്തുന്നു.
- മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് എൻ.ആർ.എച്ച്.എം, സ്വച്ഛ് മിഷൻ, ഹരിതമിഷൻഎന്നിവയുടെ ധനസഹായം ലഭിക്കുമെങ്കിൽഅവ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംയുക്ത പ്രോജക്ടുകൾതയ്യാറാക്കാൻകഴിഞ്ഞിട്ടില്ല.
- സാമൂഹ്യതിൻമകളെ നിരുത്സാഹപ്പെടുത്തുന്നതിനും ലഹരി ഉപയോഗ വിപത്തുകൾക്കെതിരെ ബോധവത്ക്കരണം നടത്തുന്നതിനും അനുയോജ്യമായ പ്രോജക്ട് ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾഏറ്റെടുത്തിട്ടില്ല.
- അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്ത പ്രോജക്ട് ഏറ്റെടുക്കാമെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽപറഞ്ഞെങ്കിലും ആയതിനുള്ള ശ്രമങ്ങൾഉണ്ടായിട്ടില്ല.

6.24. കായിക വിനോദ സൗകര്യങ്ങൾ

പതിമൂന്നാം പദ്ധതിയിൽകായികരംഗത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങൾകൂടുതൽസജീവമായി ഇടപെടണമെന്നും ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉറപ്പുവരുത്താനും ജീവിതശൈലി രോഗങ്ങൾനിയന്ത്രിക്കുന്നതിനും ഇത് ആവശ്യമാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് ഈ മേഖലയിൽദീർഘവീക്ഷണത്തോടെ ശാസ്ത്രീയ പരിശീലന പരിപാടികൾരൂപകൽപന ചെയ്ത് നടപ്പിലാക്കുന്നതിന് മിക്ക ഗ്രാമപഞ്ചായത്തുകളും ശ്രദ്ധിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള സ്പോർട്സ് – ഗെയിംസ് ഇനങ്ങളിൽദൈനംദിന പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾഎന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കായികരംഗത്തെ പ്രവർത്തനങ്ങൾക്ക് സ്പോൺസർഷിപ്പിലൂടെ വിഭവങ്ങൾകണ്ടെത്താൻകഴിഞ്ഞിട്ടില്ല.

6.25. സഹകരണ മേഖല

സഹകരണ സംഘങ്ങളുടെ വിഭവശേഷിയും അധിക വിഭവവും വിനിയോഗിച്ച് പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ലെന്ന് വിലയിരുത്തുന്നു.

സഹകരണ മേഖലയിൽവിഭാവനം ചെയ്യുന്ന പ്രോജക്ടുകളിൽപ്രവർത്തക്ഷമതയുള്ള സംഘങ്ങൾക്ക് ധനസഹായം, അടിസ്ഥാനസൗകര്യങ്ങൾ, അവയുടെ ആധുനികവത്ക്കരണം എന്നിവ ഉൾപ്പെടുത്താമായിരുന്നെങ്കിലും അവ കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

6.26. കലയും സംസ്കാരവും

ജനകീയ സമിതികളുടെയും സന്നദ്ധ സംഘടനകളുടെയും മറ്റും നേതൃത്വത്തിൽപ്രാദേശികമായ വിഭവങ്ങൾസമാഹരിച്ച് തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സാംസ്കാരിക നിലയങ്ങൾ വായനശാലകൾ, വിദ്യാലയങ്ങൾഎന്നിവ കേന്ദ്രീകരിച്ച് കലാ സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന നിർദ്ദേശങ്ങൾചില ഗ്രാമപഞ്ചായത്തുകൾമാത്രമാണ് പാലിച്ചു കാണുന്നത്.

6.27.പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതി ആസൂത്രണം

6.27.1. പട്ടിക ജാതി ഉപപദ്ധതി –

പ്രത്യേക ഘടക പദ്ധതി പ്രകാരം ലഭ്യമായ വിഭവ സ്രോതസ്സുകൾഉപയോഗപ്പെടുത്തി പട്ടികജാതി ജനവിഭാഗത്തിൻറെ പരിരക്ഷ ഉറപ്പുവരുത്താനും പാർപ്പിടം, വൈദ്യുതി, കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾക്കും പട്ടികജാതി സങ്കേതങ്ങളിൽസാംസ്കാരിക പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും വാർഷിക പദ്ധതിയിൽമുന്തിയ പരിഗണന നൽകിയിട്ടുണ്ട്. കുടുംബ കേന്ദ്രീകൃത പദ്ധതികളിലൂടെ ഈ വിഭാഗത്തിൻറെ സർവ്വതോന്മുഖമായ പുരോഗതിക്ക് ഊർജ്ജം പകരുന്ന പദ്ധതികൾനടപ്പിലാക്കാൻസാധിക്കുമെന്ന് കരുതുന്നു. കൃഷിഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പാട്ടക്കൃഷി ചെയ്യുന്നതിന് ധനസഹായം അനുവദനീയമാണെങ്കിലും തത്പരരായ ഗുണഭോക്താക്കൾഇല്ലാത്തത് കാർഷിക മേഖലയിൽപട്ടികജാതി വിഭാഗത്തിൻറെ ഫണ്ട് വകയിരുത്തൽകുറവായതിനു കാരണമായിട്ടുണ്ട്.

6.27.2. പട്ടികവർഗ്ഗ ഉപപദ്ധതി

പട്ടികവർഗ ഉപപദ്ധതി വിഹിതം സംസ്ഥാന ബജറ്റിൽപ്രത്യേകം വകയിരുത്തുന്നതു പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനു വേണ്ടി ഓരോ തദ്ദേശസ്ഥാപനങ്ങളും പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗ ഉപപദ്ധതി കൂടി തയ്യാറാക്കണം എന്ന നിർദ്ദേശം പാലിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗം നേരിടുന്ന താഴെ പറയുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ പദ്ധതികൾഫലപ്രദമായി ആവിഷ്കരിക്കുന്നതിന് 2017-18 വാർഷിക പദ്ധതിയിൽകഴിഞ്ഞതായി കരുതുന്നില്ല.

- അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം
- പോഷകാഹാരകുറവ്
- മദ്യാസക്തി കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ
- വരുമാനത്തിൻറെ നല്ലൊരു പങ്കും ലഹരി ഉപയോഗത്തിനായി മാറ്റിവെക്കുന്നു.
- സ്കൂൾപ്രായമായ മുഴുവൻകുട്ടികളും സ്കൂളിലെത്തുന്നില്ല.
- വീടുകളിൽപഠിക്കുന്നതിനുള്ള അന്തരീക്ഷമില്ല
- അവിവാഹിത അമ്മമാരുടെ പ്രശ്നങ്ങൾ
- സർക്കാർനടപ്പിലാക്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് അറിവില്ലായ്മയും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും

കുടുംബം, വ്യക്തി, സമൂഹം ഇവ കേന്ദ്രീകരിച്ച് കൗൺസിലിംഗ്, ബോധവത്ക്കരണം എന്നിവ നടത്തുന്നതിനും ലഹരി വിമുക്ത പദ്ധതികളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ സാധ്യതകളുപയോഗിച്ച് തൊഴിലും വരുമാന വർദ്ധനവും കുട്ടികളെ സ്കൂളിൽഎത്തിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പരിപാടികൾചില പഞ്ചായത്തുകൾഏറ്റെടുത്തിട്ടുള്ളത് പ്രതീക്ഷക്ക വകനൽകുന്നു.

6.28. വനിതാഘടക പദ്ധതി

വയനാട് ജില്ലയുടെ സാമൂഹ്യ സാംസാകാരിക പശ്ചാത്തലം പരിശോധിക്കുമ്പോൾജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകൾവരുമാനദായക തൊഴിലുകളിൽഏർപ്പെടാതെ കുടുംബങ്ങളിൽകേന്ദ്രീകരിച്ച് ജീവിച്ചുവരുന്നവരായിരുന്നു. കുടുംബശ്രീ പ്രസ്ഥാനത്തിൻറെ ആവിർഭാവത്തോടെ ഇതിനു മാറ്റമുണ്ടാവുകയും തൊഴിലുറപ്പ പദ്ധതിയിലൂടെ ഊർജ്ജസ്വലമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വാർഷിക പദ്ധതിയിൽവനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനും സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾആവിഷ്കരിക്കുന്നതിന് ജില്ലയിലെ തദ്ദേശസ്ഥാപനങ്ങൾക്ക് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.

സ്ത്രീപക്ഷ നിലപാടുകൾബലപ്പെടുത്തുന്നതിന് വിപുലമായ ആശയപ്രചരണവും ബോധവത്ക്കരണവും സംഘടിപ്പിക്കേണ്ടതുണ്ട്. സ്ത്രീ സൗഹൃദ പഞ്ചായത്തുകളായി ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെ മാറ്റിയെടുക്കുന്നതിന് നവീനങ്ങളായ പ്രൊജക്ടുകൾഏറ്റെടുക്കേണ്ടതുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ്, വനിതവികസന കോർപ്പറേഷൻ, വനിത പോലീസ് സെൽ, ജനമൈത്രി പോലീസ്, ജാഗ്രത സമിതി തുടങ്ങി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സംയോജനത്തിലൂടെ സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്താനുള്ള പ്രവർത്തനങ്ങൾഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്.

6.29. കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗവിഭാഗക്കാർ, വയോജനങ്ങൾഎന്നിവരുടെ പദ്ധതി

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിനും നിരാലംബർക്കും, ഭിന്നശേഷിയുള്ളവർക്കും, കുട്ടികൾക്കും, വയോജനങ്ങൾക്കും കരുതലും സംരക്ഷണവും പങ്കാളിത്തവും ഉറപ്പവരുത്തി സാമൂഹ്യനീതി സാധ്യമാക്കുവാൻകഴിയേണ്ടതുണ്ട്. പരാശ്രയമില്ലാതെ അല്ലലില്ലാതെ ജീവിക്കുവാനും ജിവിതം സന്തോഷകരമാക്കുവാനും കഴിയാത്ത സഹജീവികൾക്ക് കാരുണ്യത്തിൻറെ കൈത്താങ്ങായി മാറാൻതദ്ദേശസ്ഥാപനങ്ങൾമാതൃകാപരമായ പ്രോജക്ടുകൾഏറ്റെടുത്തത് ജില്ലയ്ക്ക് അഭിമാനമാണ്. ഭിന്നശേഷിയുള്ളവർ, മാനസിക ശരീരിക വെല്ലുവിളി നേരിടുന്നവർഎന്നിവരുടെ സമഗ്രമായ ആവശ്യാധിഷ്ഠിത പദ്ധതി ആവിഷ്കരിക്കാൻകഴിയേണ്ടതുണ്ട്.

6.30. ആസ്തി സംരക്ഷണ പദ്ധതി

തദ്ദേശഭരണ സ്ഥാപനത്തിൻറെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് , റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരുന്നുവെങ്കിലും മുട്ടിൽഗ്രാമപഞ്ചായത്ത് ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകൾഇക്കാര്യത്തിൽപ്രാധാന്യം നൽകിയില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഉണമേന്മ വർദ്ധിപ്പിച്ചും സേവന നിലവാരം ഉയർത്തിയും ടോട്ടൽകെയാളിറ്റി മാനേജ്മെൻറിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യണമെന്ന ലക്ഷ്യം നേടാൻതദ്ദേശസ്ഥാപനങ്ങുടെ ആത്മാർത്ഥശ്രമം ഉണ്ടാകേണ്ടതുണ്ട്.

6.31.സദ്ഭരണപദ്ധതി

പൊതുജനങ്ങൾക്ക് അവരുടെ പരാതികൾഉന്നയിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും ഉള്ള അവസരം നൽകണമെന്ന് നിർദ്ദേശങ്ങളിൽപരാമർശിച്ചിരുന്നു. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുജനങ്ങൾക്ക് പരാതി ഉന്നയിക്കുന്നതിന് പരാതിപ്പെട്ടി സ്ഥാപിക്കുകയും ആയത് പെർഫോർമൻസ് ഓഡിറ്റ് വിഭാഗം എല്ലാ മാസവും തുറന്ന് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുമുണ്ട്. പരാതിപ്പെട്ടി സ്ഥാപിച്ച വിവരം ഗ്രാമസഭയിലും മറ്റു ജനകീയവേദികളിലും അറിയിക്കേണ്ടതുണ്ട്.

6.32.അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി

പതിനാലാം ധനകാര്യക്കമ്മീഷൻഗ്രാൻറ് വിനിയോഗിച്ചുകൊണ്ട്

(1) ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം

(2) മലിനജല നിർഗമനം, ഖരമാലിന്യ പരിപാലനം

(3) ശ്മശാനം സ്ഥാപിക്കൽതുടങ്ങിയ സേവനങ്ങളിൽശ്രദ്ധപതിപ്പിച്ച് പ്രോജക്ടിൽതുക വകയിരുത്തി നിർവ്വഹണം നടത്തണമെന്ന നിർദ്ദേശം പാലിച്ച് തദ്ദേശസ്ഥാപനങ്ങൾതുക വകയിരുത്തിയിട്ടുണ്ട്. വാർഷിക പദ്ധതിയിൽഒരു സേവനഘടകത്തിന് മാത്രം ഊന്നൽനൽകി പ്രോജക്ട് ഏറ്റെടുത്ത് പൂർണ്ണതയിലെത്തിക്കുകയാണ് അഭികാമ്യം എന്ന് എടുത്തു പറഞ്ഞിട്ടുണ്ട്. ക്ലസ്റ്റർഅടിസ്ഥാനത്തിൽജില്ലാ തലത്തിൽയോഗം ചേർന്ന് സംയുക്ത പ്രോജക്ടുകൾഏറ്റെടുക്കുകയാവും ഉചിതമെന്ന് കരുതുന്നു.

പദ്ധതി ആസൂത്രണ പ്രക്രിയയിൽഉണ്ടായ ഈ ആവേശവും ഉണർവ്വും പ്രതീക്ഷയും നിർവ്വാഹണഘട്ടത്തിൽതാഴെ പറയുന്ന കാരണങ്ങളാൽനിലനിർത്താൻസാധിക്കാതെ വന്നിട്ടുണ്ട്.

6.33.വെറ്റിംഗ് തലത്തിൽനേരിട്ട പ്രശ്നങ്ങൾ

തദ്ദേശ സ്ഥാപനങ്ങളിലെ വിവിധ വിഷയമേഖലകളിൽ(കൃഷി, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, പട്ടികജാതി/പട്ടിക വർഗ്ഗ) വർക്കിംഗ് ഗ്രൂപ്പുകൾപ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളെയും വ്യക്തമായ അപഗ്രഥനം നടത്തി കാലാനുസൃതവും ആവശ്യാനുസൃതവുമായി തയ്യാറാക്കിയ പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർമാരിൽനിന്നും താമസംവിനാ അംഗീകാരം ലഭിക്കാത്തത് പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട വിഷയമേഖലകളിലെ വെറ്റിംഗ് ഓഫീർക്കുതന്നെ പ്രൊജക്ടുകൾവെറ്റിംഗിനു അയക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽശ്രദ്ധിക്കാത്തതും വിനയായിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

6.34.നവകേരള മിഷൻ

ദീർഘകാല പരിപ്രേഷ്യത്തിൽഊന്നിയുള്ള നവകേരളമിഷൻആർദ്രം – ലൈഫ് – ഹരിതം – സമ്പൂർണ്ണ വിദ്യാഭ്യാസ സംരക്ഷണ യജ്ഞം തദ്ദേശ സ്ഥപനങ്ങൾതയ്യാറാക്കിയ പ്രോജക്ടുകളിൽയഥാവിധി സംയോജിപ്പിക്കും വിധം മാർഗ്ഗരേഖയിൽപരാമർശങ്ങളില്ലാത്തത് സംയോജന സാധ്യതകൾഎല്ലാ സ്ഥാപനങ്ങളുടെയും പ്രോജക്ടുകളിൽപ്രതിഫലിച്ചില്ല.

6.35.നൂതന പദ്ധതികൾ

ജില്ലയിലെ തദ്ദേശസ്ഥാപനങ്ങൾനിർദ്ദേശിക്കുന്ന പുതിയ വികസന ആശയങ്ങൾഉൾക്കൊള്ളുന്ന നൂതന പ്രോജക്ടുകൾപരിശോധിച്ച് വിലയിരുത്തുന്നതിന് ജില്ലാതലത്തിൽഒരു വിദഗ്ധ സമിതി രൂപീകരിക്കുന്നതിനും ഇത്തരം പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുന്നതിനും താമസം നേരിട്ടത് നൂതന പദ്ധതികളുടെ നിർവ്വഹണം നടത്തുന്നതിന് വിഘാതമുണ്ടാക്കിയിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി 2017–18 വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ല. വയനാട് പോലുള്ള കാർഷിക മേഖലക്ക് മുഖ്യ പ്രാധാന്യം കൊടുക്കേണ്ട ജില്ലയിൽകാർഷിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് തൊഴിലുറപ്പ പദ്ധതിയും വാർഷിക പദ്ധതിയും സംയോജിപ്പിക്കേണ്ടത് അനിവാര്യമാണ്.

- വയനാട് ജില്ല – പൊതുമരാമത്ത് പ്രവൃത്തികൾഏറ്റെടുക്കുന്നതിൽകരാറുകാരുടെ നിസ്സഹകരണം – അസംസ്കൃത സാധനങ്ങളുടെ അലഭ്യതയും പി.ഡബ്ല്യു.ഡി നിരക്ക് മറ്റു ജില്ലകളെ അപേക്ഷിച്ച് കുറവായതിനാലും വയനാട് ജില്ലയിൽകൂറികൾക്ക് പ്രവർത്തനാനുമതി ഇല്ലാത്തതും കരാറുകാർടാറിംഗ് പ്രവൃത്തികൾഏറ്റെടുക്കുന്നതിൽവിമുഖത കാണിച്ച സാഹചര്യമുണ്ടായി.
- പട്ടികജാതി / പട്ടിക വർഗ്ഗ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻഅസി. സെക്രട്ടറിയാണ്. പട്ടികവർഗ്ഗ മേഖലയിൽപ്രാവീണ്യമുള്ള ടി.ഇ.ഒ യുടെയും ടൈബൽപ്രൊമോട്ടർമാരുടെയും സേവനം യഥാവിധി തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാകാത്ത സാഹചര്യമുണ്ട്. ഈ മേഖലയിൽപ്രാവീണ്യമുള്ള ടൈബൽഎക്സ്റ്റൻഷൻഓഫീസർമാർനിർവ്വഹണ ഉദ്യോഗസ്ഥരായി തുടരുകയാവും ഉചിതം.

6.36.മാതൃകാപരമായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും ഭൂമിയിൽജീവൻറെ നിലനിൽപിന് പോലും ആശങ്കകൾഉയർത്തുന്ന വർത്തമാന കാലഘട്ടത്തിൽഭൂമിയും ആവാസവ്യവസ്ഥയും സംരക്ഷിക്കുക എന്നത് ഓരോ പൗരൻറെയും ഭരണകൂടത്തിൻറെയും അനിവാര്യ ചുമതലയാണെന്ന് തിരിച്ചറിഞ്ഞ് പ്രകൃതി ജൈവസമ്പത്ത് സംരക്ഷിച്ച് കാർഷിക സംസ്കൃതിയിലേക്ക് നാടിനെ നയിക്കാൻപ്രകൃതി സൗഹൃദ കാർഷിക പദ്ധതികൾആവിഷ്കരിച്ച് നടപ്പിലാക്കാനും നിലനിർത്താനും അതുവഴി ഭൂമിയെയും

ജലത്തെയും സംരക്ഷിച്ച് ഭക്ഷ്യ ലഭ്യത ഉറപ്പവരുത്തി സുസ്ഥിരവികസനം ഉറപ്പവരുത്തുന്ന രീതിയിലുള്ള പ്രോജക്ടുകൾഏറ്റെടുത്ത് മീനങ്ങാടി ഗ്രാമപഞ്ചായത്തിൻറെ മാതൃക അനുകരണീയമാണ്. ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾഏറ്റെടുത്ത നൂതന പദ്ധതികൾതാഴെ പറയുന്നവയാണ്.

പട്ടിക.6.24.

തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്	**പദ്ധതിയുടെ പേര്**	**തുക**
ജില്ലാ പഞ്ചായത്ത്	പി.എസ്,സി കോച്ചിംഗ്	1000000
	സ്നേഹ സ്പർശം	3000000
	പുനർജ്ജനി വയോജന ആരോഗ്യ വികസന പദ്ധതി	13000000
	പുനർജ്ജനി വയോജന ക്ഷേമ പദ്ധതി	9000000
	ഗോത്ര കലോത്സവങ്ങൾക്ക് വാദ്യോപകരണങ്ങൾനൽകൽ	1000000
മീനങ്ങാടി ഗ്രാമപഞ്ചായത്ത്	കാർബൺന്യൂട്രൽ	500000
	പരാതി പരിഹാര സെൽ	5000000
നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്	ഗോത്ര ആരോഗ്യ പരിരക്ഷാ പദ്ധതി	2500000
	കൺമണി പദ്ധതി	1420000
വൈത്തിരി ഗ്രാമ പഞ്ചായത്ത്	പരിസ്ഥിതി ആഘാത പഠനം	500000
മുട്ടിൽഗ്രാമ പഞ്ചായത്ത്	വൃദ്ധരുടെ ജീവിതശൈലി പ്രതിവിധിയെന്നോണം പകൽവീടിനോടനുബന്ധിച്ച് വ്യായാമാവശ്യത്തിന് ഹെൽത്ത് ക്ലബ്	345204
തരിയോട് ഗ്രാമ പഞ്ചായത്ത്	പരിസ്ഥിതി പുനരുജ്ജീവന പ്രവർത്തന പദ്ധതി	200000
മേപ്പാടി ഗ്രാമ പഞ്ചായത്ത്	ഇംഗ്ലീഷ് അധ്യാപകർക്കും രക്ഷിതാക്കൾക്കും പഠന കളരിയും പഠനസഹായിയും	100000

6.37. മേൽത്തട്ട് നിർദ്ദേശങ്ങൾ

- പുതിയപദ്ധതികൾഏറ്റെടുക്കുമ്പോൾഅതിൻഫലമായുണ്ടാകുന്നപാരിസ്ഥിതികാഘാതങ്ങളെ ക്കുറിച്ച് പഠിക്കേണ്ടതും ആയതിനാവശ്യമായ മുൻകരുതൽഎടുക്കുന്ന കാര്യങ്ങളും വർക്കിംഗ് ഗ്രൂപ്പ് തലത്തിൽചർച്ച ചെയ്യുന്നതും അത്തരത്തിലുള്ള പ്രോജക്ടുകൾവാർഷിക പദ്ധതിയിൽഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. തദ്ദേശമിത്രം ഫണ്ടുകൾഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്ന പ്രവൃത്തികളിലെ പ്രോജക്ട് ഫയലുകളിൽലെ ഫോം ഉൾപ്പെടുത്തണമെന്ന നിർദ്ദേശം എല്ലാ ഫണ്ടിനങ്ങളിലും ഉൾപ്പെടുത്തുന്നത് നന്നായിരിക്കും.
- വയനാട്ടിലെ തൊഴിലാളികളുടെ എണ്ണം 358613 പുരുഷൻമാരും 90128 സ്ത്രീകളുമുണ്ടെന്നാണ് കണക്ക്. ജില്ലയിൽദാരിദ്ര്യരേഖക്കു താഴെയായി 18934 കുടുംബങ്ങളുണ്ട്. ദാരിദ്ര്യ ലഘൂകരണത്തിനായി ഫലപ്രദമായി നടപ്പിലാക്കി വരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുമായി വാർഷിക പദ്ധതി 2017-18 സംയോജിപ്പിച്ച് നടപ്പിലാക്കണമെന്ന്

നിർദ്ദേശമുണ്ടെങ്കിലും ആയത് ഫലപ്രദമായി നടപ്പിലാക്കുന്ന രീതി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളിൽവ്യക്തത ഉണ്ടാകേണ്ടതുണ്ട്. ആസ്തികളുടെ സൃഷ്ടിക്ക് പര്യാപ്തമാകും വിധം തൊഴിലുറപ്പ പദ്ധതിയെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതുണ്ട്.

- വാർഷിക പദ്ധതി രൂപീകരണവും നിർവ്വഹണവും വിശാലമായ വിഷയവും ആയത് നടപടിക്രമങ്ങളനുസരിച്ച് ഫലപ്രദമായി നിർവ്വഹണം നടത്തുന്നതിനും ചുമതലകൾക്കും ഉത്തരവാദിത്തങ്ങൾക്കും ആനുപാതികമായി സ്റ്റാഫ് പാറ്റേൺപുതുക്കേണ്ടത് അത്യാവശ്യമാണ്. വികേന്ദ്രീകൃതാസൂത്രണത്തിൻറെ അനന്തസാധ്യതകൾപ്രയോജനപ്പെടുത്തുന്നതിന് ഇത് സഹായകമാകും.
- സാമ്പത്തികവർഷത്തിനു മുൻപേ ബഡ്ജറ്റ് വിഹിതം പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽപദ്ധതികളുടെ അംഗീകാരം സാമ്പത്തിക വർഷാരംഭത്തിൽനൽകുന്നതിന് നടപടിയുണ്ടാവണം.
- നിർബന്ധ വകയിരുത്തലുകൾക്ക് ശേഷം അനിവാര്യമായ പദ്ധതികൾക്ക് ആവശ്യമായ തുക അപര്യാപ്തമാണ്. ആയതിനാൽമേഖലകൾക്കും വിഭാഗങ്ങൾക്കും ആവശ്യമായ തുക മാത്രം നിർബന്ധവകയിരുത്തലാക്കി നിശ്ചയിക്കുക.
- വാർഡ് കേന്ദ്രം എന്ന ആശയം പൂർണ്ണമായി സാക്ഷാത്കരിക്കുന്നതിന് അനുമതി നൽകുക.
- ജീവനക്കാരുടെ അനിയന്ത്രിമായ സ്ഥലം മാറ്റം തടയുകയും പരമാവധി പ്രദേശികമായിട്ടുള്ള ഓഫീസുകളിൽനിയമനം നൽകുകയും ചെയ്യുന്നത് വാർഷിക പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കും എന്ന് വിലയിരുത്തുന്നു.
- വിവിധ സോഫ്റ്റ് വയറുകളുടെ ഏകീകരണം സാധ്യമാക്കേണ്ടതുണ്ട്.
- തൊഴിലുറപ്പ പദ്ധതിയുമായി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിന് കൃത്യമായ നിർദ്ദേശങ്ങൾമാർഗ്ഗനിർദ്ദേശങ്ങളിൽഉൾപ്പെടുത്തുക.
- കാർഷികമേഖലയിലെ വ്യവസായവൽക്കരണത്തിനായി മാർഗ്ഗനിർദ്ദേശങ്ങളിൽഉൾപ്പെടുത്തുക.
- പ്രദേശികമായി ലഭ്യമാവുന്ന വസ്തുക്കളെ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾബ്രാൻറ് അരി, കാപ്പിപ്പൊടി, ഇഞ്ചി സംസ്കരണ യൂണിറ്റ് എന്നീ സംരംഭത്തിലേർപ്പെടാൻതാത്പര്യമുളളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുളള പദ്ധതി പ്രവർത്തനങ്ങളുടെ ചുമതലകൾടി.ഇ.ഒ യുടെ നേതൃത്വത്തിലാവുന്നത് ഉചിതമായിരിക്കും.

6.37.1. വിഷയമേഖലാ നിർദ്ദേശങ്ങൾ

തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ മേഖലകളിൽ ഏറ്റെടുക്കുന്ന വികസന പദ്ധതികൾ ഭൂമിശാസ്ത്രപരവും പാരിസ്ഥിതിക സവിശേഷതകൾ ഉളളതും മനുഷ്യ പ്രകൃതി വിഭവങ്ങൾ, പൊതു സാമൂഹിക സാമ്പത്തിക അവസ്ഥകൾ, വികസന പ്രശ്നങ്ങൾ, വെല്ലുവിളികൾ എന്നിവ ഉൾപ്പെട്ടിട്ടുളളവയായിരിക്കണം. വാർഷിക പദ്ധതി രൂപീകരണ പ്രക്രിയയിൽ നിലവിൽ ഉൽപാദനം, സേവനം, പശ്ചാത്തലം, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ എന്നീ നാല് മേഖലകളെ അടിസ്ഥാനമാക്കിയുളള പദ്ധതി രൂപീകരണവും നിർവ്വഹണവുമാണ് നടന്നുവരുന്നത്.

മേൽ പറഞ്ഞ നാല് മേഖലകളിൽ ഏറ്റെടുക്കുന്ന പദ്ധതികൾ രൂപകൽപ്പന ചെയ്യുമ്പോൾ പാലിക്കേ നിബന്ധനകളും നിർദ്ദേശങ്ങളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുമെങ്കിലും ആയവ പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്ന് വിലയിരുത്താവുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾ വിഭാവനം ചെയ്യുന്ന വികസന പദ്ധതികൾ അവലോകനം ചെയ്യുമ്പോൾ പദ്ധതി നിർദ്ദേശങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ രൂപകൽപ്പന ചെയ്യുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

6.38 വികസന മേഖലകൾ

6.38.1. ഉൽപാദന മേഖല

- ജില്ലയിൽ പാരമ്പര്യ നെൽകൃഷിക്ക് പ്രാധാന്യം നൽകേ താണ്.
- കാർഷിക മേഖലയിലെ ഇടപെടലുകൾ ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കണം
- മണ്ണ്, ജലസരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവൽക്കരണം, കാലാവസ്ഥാ വ്യതിയാനം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ ഏറ്റെടുക്കണം.
- ജൈവകൃഷിയുംജൈവവളങ്ങളുടെയുംജൈവകീടനാശിനികളുടെയുംഉദ്പാദനവുംഉപയോഗവും വേണ്ടവിധേനപ്രോത്സാഹിപ്പിക്കണം
- കാര്ഷികപദ്ധതികള്മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതിയുമായിസംയോജിപ്പിച്ച്നടപ്പിലാക്കണം
- മൃഗസംരക്ഷണമേഖലയില്കാലിത്തൊഴുത്ത്നിര്മ്മാണം, കോഴിക്കൂട്നിര്മ്മാണംമുതലായവതൊഴിലുറപ്പപദ്ധതിയില്ഉള്പ്പെടുത്ത ണം .
- പാൽ, മുട്ട ഉൽപാദന/സംഭരണ/വിപണന മേഖലയിൽ ജില്ലയെ ഒന്നാം സ്ഥാനത്ത് എത്തിക്കണം.
- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടപ്രവര്ത്തനങ്ങള്ക്ക്എന്.ആര്.എച്ച്.എം, സ്വച്ഛ്മിഷന്, ശുചിത്വമിഷന്എന്നിവയുടെധനസഹായംഉള്ക്കൊള്ളിച്ചുകൊണ്ടുള്ളസംയുക്തപദ്ധതിക ളായിനടപ്പിലാക്കണം
- കാർഷിക മേഖലയിലെ വ്യാവസായികവൽക്കരണ ത്തിനായി മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തണം.
- ജില്ലയെ പൂക്കൃഷി മേഖലയായി പ്രഖ്യാപിച്ച സാഹചര്യത്തിൽ പൂക്കളുടെ ഉൽപ്പാദനം/സംഭരണം/വിപണനം എന്നിവ പ്രോൽസാഹിപ്പിക്കണം.
- ജില്ലയിൽ നടപ്പിലാക്കിയ ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തണം.
- എല്ലാവർക്കും എല്ലായ്പോഴും കുടിവെള്ളമെന്ന ആശയം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.

6.38.2 സേവന മേഖല

- തദ്ദേശഭരണസ്ഥാപനങ്ങളുടെഭവനനിര്മ്മാണപ്രോജക്ടുകള്സംസ്ഥാനസര്ക്കാര്ആവിഷ്കരിച്ചിട്ടുള്ളസമ്പൂര്ണ്ണസുരക്ഷാപാര്പ്പിടപദ്ധതി) ലൈഫ് (മാര്ഗ്ഗരേഖപാലിച്ചുവേണംതയ്യാറാക്കേണ്ടത്.
- ലൈഫ് മിഷൻ മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിക്കുമ്പോൾ ഗുണഭോക്തൃപട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്കു കൂടി ഭവനം നിർമ്മിച്ചു നൽകണം.
- സാമൂഹ്യതിന്മകളെനിരുത്സാഹപ്പെടുത്തുന്നതിനുംലഹരിഉപയോഗവിപത്തുകള്ക്കെതിരെബോധവത്ക്കരണംനടത്തുന്നതിനുംഅനുയോജ്യമായപ്രോജക്ട്കള്ഏറ്റെടുക്കണം.
- ആരോഗ്യപ്രോജക്ടുകള്ആര്ദ്രംമിഷനുമായിസമന്വയിപ്പിച്ച്നല്ലരീതിയില്ഏറ്റെടുക്കണം.

6.39.കായികവിനോദസൗകര്യങ്ങൾ

- ഓരോപ്രദേശത്തുംപ്രചാരത്തിലുള്ളസ്പോര്ട്സ് – ഗെയിംസ്ഇനങ്ങളില്ദൈനംദിനപരിശീലനം, കോച്ചിംഗ്ക്യാമ്പുകള്എന്നിവസംഘടിപ്പിക്കണം.
- കായികരംഗത്തെപ്രവര്ത്തനങ്ങള്ക്ക്സ്പോണ്സര്ഷിപ്പിലൂടെവിഭവങ്ങള്കണ്ടെത്തണം.

6.40. സഹകരണമേഖല

- സഹകരണ സംഘങ്ങളുടെ വിഭവശേഷിയും അധിക വിഹിതവും വിനിയോഗിച്ച് പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയണം.
- സഹകരണ മേഖലയിൽ വിഭാവനം ചെയ്യുന്ന പ്രോജക്ടുകളിൽ പ്രവർത്തന ക്ഷമതയുള്ള സംഘങ്ങൾക്ക് ധനസഹായം, അടിസ്ഥാന സൗകര്യങ്ങൾ, അവയുടെ ആധുനിക വൽക്കരണം എന്നിവ ഉൾപ്പെടുത്തി അവ കാര്യക്ഷമമാക്കണം.

6.41. കലയും സംസ്കാരവും

- ജനകീയ സമിതികളുടേയും സന്നദ്ധ സംഘടനകളുടേയും മറ്റും നേതൃത്വത്തിൽ പ്രാദേശികമായ വിഭവങ്ങൾ

സമാഹരിച്ച് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സാംസ്കാരിക നിലയങ്ങൾ, വായനശാലകൾ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് കലാ സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം.

6.42.പശ്ചാത്തല മേഖല

- റോഡ് നിർമ്മാണ പ്രോജക്ടുകളിൽ മൺപണി, മെറ്റലിംഗ് എന്നിവയുടെ ചെലവ് തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യണമെന്ന വ്യവസ്ഥ പൂർണ്ണമായും പാലിക്കണം.
- നിർമ്മാണ സാമഗ്രികളായ സിമന്റ് കട്ട, ഇഷ്ടിക നിർമ്മാണം എന്നിവയുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കണം.
- പ്രാദേശികമായി നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തണം.

6.43. പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതി ആസൂത്രണം.

പട്ടികജാതി ഉപപദ്ധതി

കുടുംബ കേന്ദ്രീകൃത പദ്ധതികളിലൂടെ ഈ വിഭാഗത്തിന്റെ സർവ്വതോൻമുഖമായ പുരോഗതിക്ക് ഊർജ്ജം പകരുന്ന പദ്ധതികൾ നടപ്പിലാക്കണം. കൃഷി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പാട്ടകൃഷി ചെയ്യുന്നതിന് ഇന്ധന സഹായം അനുവദിച്ചുള്ള ഗുണഭോക്താക്കളെ കാർഷിക മേഖലയിലേക്ക് ആകൃഷ്ടരാക്കണം.

പട്ടിക വർഗ്ഗ ഉപ പദ്ധതി

- പട്ടിക വർഗ്ഗ ഉപ പദ്ധതി വിഹിതം സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തുന്നത് പ്രകാരം പട്ടിക വർഗ്ഗ വിഭാഗക്കാരുടെ വികസനത്തിന് വേ ി ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും പദ്ധതിയുടെ ഭാഗമായി പട്ടിക വർഗ്ഗ ഉപ പദ്ധതികൂടി തയ്യാറാക്കണം.
- അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, പോഷാകാഹാരക്കുറവ്, മദ്യാസക്തികൊ ു ാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, സ്കൂൾ പ്രായമായ മുഴുവൻ കുട്ടികളുടേയും കൊഴിഞ്ഞുപ്പോക്ക്, വീടുകളിൽ പഠിക്കുന്നതിനുള്ള അന്തരീക്ഷമില്ല, അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ, സർക്കാർ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവില്ലായ്മയും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും പരിഹരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണം.
- കുടുംബം, വ്യക്തി, സമൂഹം ഇവ കേന്ദ്രീകരിച്ച് കൗൺസലിംഗ് ബോധവൽക്കരണം എന്നിവ നടത്തുന്നതിനും ലഹരിവിമുക്ത പദ്ധതികളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതിയുടെ സാധ്യതകൾ ഉപയോഗിച്ച് തൊഴിലും വരുമാന വർദ്ധനവും കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പരിപാടികൾ ഏറ്റെടുക്കണം.

വനിത ഘടക പദ്ധതി

- സ്ത്രീപക്ഷ നിലപാടുകൾ ബലപ്പെടുത്തുന്നതിന് വിപുലമായ ആശയപ്രചരണവും ബോധവൽക്കരണവും സംഘടിപ്പിക്കേ തു ്.
- സ്ത്രീ സൗഹൃദ പഞ്ചായത്തുകളായി ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെ മാറ്റിയെടുക്കുന്നതിന് നവീനങ്ങളായ പ്രോജക്ടുകൾ ഏറ്റെടുക്കേ താണ്.
- സാമൂഹ്യക്ഷേമ വകുപ്പ് വനിത വികസന കോർപ്പറേഷൻ വനിതപോലീസ് സെൽ, ജനമൈത്രി പോലീസ് ജാഗ്രതാസമിതി തുടങ്ങി വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സംയോജനത്തിലൂടെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്താനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേ താണ്.

കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്ന ലിംഗ വിഭാഗക്കാർ, വയോജനങ്ങൾ എന്നിവരുടെ പദ്ധതി.

- പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിനും നിരാലംബർക്കും, ഭിന്നലിംഗക്കാർക്കും, ഭിന്നശേഷിയുള്ളവർക്കും കുട്ടികൾക്കും, വയോജനങ്ങൾക്കും കരുതലും സംരക്ഷണവും പങ്കാളിത്തവും ഉറപ്പുവരുത്തണം.
- ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ബാലസൗഹൃദ പഞ്ചായത്തുകളാക്കി മാറ്റുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം.
- ഭിന്ന ലിംഗക്കാരെ സമൂഹത്തിൽ മുൻനിരയിൽ എത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ഏറ്റെടുക്കേ തു ്.

നൂതന പദ്ധതികൾ

- ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പുതിയ വികസന ആശയങ്ങൾ ഉൾക്കൊള്ളുന്ന നൂതന പ്രോജക്ടുകളുടെ അംഗീകാരം /നിർവ്വഹണം എന്നിവ സംബന്ധിച്ച് പ്രത്യേക മാർഗ്ഗരേഖ പുറപ്പെടുവിക്കേ തു ്.

6.44. നിർദ്ദേശങ്ങൾ

- പിന്നോക്ക/പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾ ഏറ്റവും കൂടുതലുള്ള ജില്ല എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് പദ്ധതികളുടെ പ്രവർത്തന ചുമതല ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ നേതൃത്വത്തിൽ ആയിരിക്കണം.
- കാർഷിക/ടൂറിസം മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകുന്ന രീതിയിൽ നിർദ്ദേശങ്ങൾ ഉ ാകണം.
- ജില്ലാ പഞ്ചായത്തിന്റെ ഒരു കോടിയിൽ താഴെ അടങ്കൽ വരുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർക്ക് അധികാരം നൽകേ താണ്.
- നഗരസഭ/ഗ്രാമ പഞ്ചായത്തുകളിൽ അസി.സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്തിൽ ജോയിന്റ് ബി.ഡി.ഒ എന്നിവരുടെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകളിൽ പ്രത്യേക സെൽ രൂപീകരിക്കേ താണ്.
- വെറ്റിംഗ് പ്രക്രിയ കുടുതൽ വ്യക്തവും ലഘൂകരിക്കുകയും ചെയ്യുക.
- ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള നിയന്ത്രണം ലഘൂകരിക്കുക.

*****

അധ്യായം 7

പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടേയും സംഗ്രഹവും ഉപസംഹാരവും

അധികാര വികേന്ദ്രീകരണത്തിൽ പുതിയ പന്ഥാവ് സൃഷ്ടിച്ച സംസ്ഥാനമാണ് കേരളം. 25–ാം വർഷത്തിലേക്ക് കടക്കുന്ന ജനകീയാസൂത്രണത്തിലേക്കുള്ള പുതിയ കാൽവെയ്പാണ് ജില്ലാ പദ്ധതി തയ്യാറാക്കൽ എന്നത്. ജില്ലയ്ക്ക് മൊത്തത്തിൽ ബാധകമായ ജില്ലാ പദ്ധതി തയ്യാറാക്കണമെന്ന് ഭരണ ഘടന തന്നെ അനുശാസിക്കുന്നു. വിവിധ തട്ടിലുള്ള പദ്ധതികൾ തമ്മിലുള്ള ഏകോപനമാണ് ജില്ലാ പദ്ധതികൊ ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ മെച്ചപ്പെട്ട ഏകോപനവും ഉദ്ഗ്രഥനവും സാധ്യമാകുമെന്ന് മാത്രമല്ല ദീർഘ വീക്ഷണത്തോട് കൂടിയ ഭൂവിനിയോഗ, സ്ഥല വിനിയോഗ ആസൂത്രണത്തിലേക്ക് നീങ്ങുവാനും കഴിയും.

നിരവധി പ്രത്യേകതകളുള്ള ജില്ലയാണ് വയനാട്. തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ഏകജില്ലയായ വയനാട് സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള ജില്ലയാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ വിഭാഗക്കാർ ഉള്ള ജില്ലയിൽ പട്ടികജാതി വിഭാഗങ്ങളുടെ എണ്ണം ഏറ്റവും കുറവാണ്.

കാർഷിക അധിഷ്ഠിത സമ്പദ് വ്യവസ്ഥയാണ് ജില്ലയുടേത്. അതോടൊപ്പം തന്നെ പശു വളർത്തലും പ്രധാന ഉപജീവനമാർഗ്ഗമാണ്. സംസ്ഥാനത്ത് പാലുൽപാദനത്തിൽ ര ാം സ്ഥാനം ജില്ലയ്ക്കു ്. വിനോദ സഞ്ചാര മേഖലയിൽ ശ്രദ്ധേയമായ സ്ഥാനമാണ് ജില്ലയ്ക്കുള്ളത്. അതീവ പരിസ്ഥിതിലോല മേഖലയിലാണ് ജില്ല സ്ഥിതി ചെയ്യുന്നത്. ഗതാഗതത്തിന് റോഡ് മാത്രമാണ് ആശ്രയം. 2005 ലെ മാനവ വികസന സൂചികയനുസരിച്ച് 13–ാം സ്ഥാനത്താണ് ജില്ലയുള്ളത്. പ്രവാസികളുടെ എണ്ണം മറ്റ് ജില്ലകളെ അപേക്ഷിച്ച് കുറവാണ് വ്യവസായ രഹിത ജില്ല എന്നാണ് വയനാട് അറിയപ്പെടുന്നത്. ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന ധനമാണ് ജില്ലയുടെ വികസന പ്രവർത്തനങ്ങൾക്കുള്ള മുഖ്യ ശ്രോതസ്സ്.

വയനാട് ജില്ലയുടെ പരിമിതികളും സാധ്യതകളും പരിഗണിച്ചുകൊ ാണ് ഉപ സമിതികൾ വികസന പരിപ്രേക്ഷ്യം രൂപീകരിച്ചിട്ടുള്ളത്. മേൽത്തട്ട്, കീഴ്ത്തട്ട് നിർദ്ദേശങ്ങൾ സംയോജന സാധ്യതയുള്ള പദ്ധതികൾ, നൂതന പദ്ധതികൾ എന്നിവയെ സംക്ഷിപ്തമായി ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

7.1. ഉൽപാദന മേഖല

7.1.1 നീർത്തടാധിഷ്ടിത വികസനം (കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം)

കാർഷിക ജില്ലയാണ് വയനാട്. കാലാവസ്ഥാ വ്യതിയാനം, കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിലു ാകുന്ന ഏറ്റക്കുറച്ചിലുകൾ, രോഗ കീട ബാധകൾ, വന്യജീവി ആക്രമണം, തുടങ്ങിയവ കാർഷിക രീതികളിൽ വലിയമാറ്റങ്ങൾക്കു കാരണമായി. റിയൽ എസ്റ്റേറ്റ് മേഖലയുടെ കടന്നു കയറ്റം കാർഷികേതര ആവശ്യങ്ങൾക്കായി ഭൂമി തരം മാറ്റുന്ന പ്രവണത കൂടിവന്നു. വയൽ നാടായിരുന്ന ജില്ലയിൽ നെൽ കൃഷിയുടെ വിസ്തൃതി കുറഞ്ഞുവരുന്നു. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്നവർ നിർമ്മാണ മേഖലയിലേക്ക് ചുവടുമാറ്റി. 12.5 ശതമാനം കൃഷി ഭൂമിക്ക് മാത്രമാണ് ജലസേചന സൗകര്യമുള്ളത്. രാസവളങ്ങളുടേയും കീടനാശിനികളുടേയും വിവേചന രഹിതമായ ഉപയോഗം മണ്ണിന്റെ ഘടനയിൽ മാറ്റം വരുത്തി.

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക, ജൈവകൃഷിയുടെ പ്രോത്സാഹനം, പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണം, മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയുടെ സംരക്ഷണം എന്നിവയിലൂന്നിയ വികസനമാണ് ലക്ഷ്യമിടുന്നത്. തരിശ്ശായി കിടക്കുന്ന നെൽവയലുകളിൽ തനതായ നെൽകൃഷി

പുനരാരംഭിച്ച് ജലം സംഭരിക്കുക, പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുക, കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുക എന്നിവയിലൂടെ കാർഷിക മേഖലയെ സ്വയം പര്യാപതയിലേക്ക് എത്തിക്കാവുന്നതാണ്. കൂടാതെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യേ തു ്. കാർഷിക മേഖലയുടെ സംരക്ഷണത്തിനും ജൈവ വൈവിധ്യങ്ങളും പുനരുജ്ജീവനത്തിനും നീതിയുക്തമായി പരിപാലിക്കുന്ന കാഴ്ചപ്പാടോടുകൂടിയ സംയോജിതവും സമഗ്രവുമായ നീർത്തടാധിഷ്ടിത പദ്ധതി ജില്ലയ്ക്ക് ആവശ്യമു ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വയനാടിന്റെ പാരമ്പര്യ നെൽവിത്തിനങ്ങളുടെ സംരക്ഷണത്തിന് സർക്കാർതലത്തിൽ നടപടി സ്വീകരിക്കുക.
2. വയനാട്ടിൽ ജില്ലാ കൃഷി ഫാം സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച് ജില്ലയ്ക്ക് ആവശ്യമായ വിത്തുകളും നടീൽ വസ്തുക്കളും ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക.
3. സുൽത്താൻ ബത്തേരിയിലുള്ള കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രം വിപുലീകരിച്ച് വിപണന ശൃംഖല സ്ഥാപിക്കുകയും ശീതീകരണ സംഭരണ സംവിധാനം ആരംഭിക്കുകയും ചെയ്യുക.
4. കാരാപ്പുഴ, ബാണാസുര സാഗർ ജലസേചന പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്യുക.
5. വന്യമൃഗ ശല്യം പരിഹരിക്കുന്നതിന് സമഗ്രവും ശാസ്ത്രീയവുമായ സംവിധാനം നടപ്പിലാക്കുക.
6. തൊഴിലുറപ്പ് പദ്ധതിയെ നെൽകൃഷിയിൽ പൂർണ്ണമായും സ്ഥിരമായി പ്രയോജനപ്പെടുത്തുന്നതിനുള്ള നയരൂപീകരണം.
7. ബയോ ഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ഉയർന്ന നിരക്കിൽ സബ്സിഡി നൽകുക.
8. കാവേരി ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം ജില്ലയ്ക്ക് അനുവദിച്ച് 21 ടി.എം.സി ജലം ഉപയോഗിക്കുന്നതിന് ആവശ്യമായ സമഗ്ര പദ്ധതി ആവിഷ്കരിക്കുക.
9. വരൾച്ച ബാധിത പ്രദേശങ്ങളിൽ കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് രൂപം നൽകുക.
10. ജില്ലയിലെ പ്രധാനപ്പെട്ട നദീതടങ്ങളെ മിനി വാട്ടർഷെഡ്ഡുകളായി തരം തിരിച്ചിട്ടു ്. ഓരോ നീർത്തടത്തിലേയും നിമ്നോന്നതി, നീർച്ചാലുകളുടെ ആവൃത്തി, സാന്ദ്രത, നീരൊഴുക്ക് ഗുണാങ്കം, വരൾച്ചാ ബാധിത പ്രദേശത്തിന്റെ അനുപാതം, തരംമാറ്റപ്പെട്ട വയലുകളുടെ വിസ്തൃതി, വാർഷിക വർഷപാതം മണ്ണൊലിപ്പിന്റെ തോത് എന്നീ സൂചകങ്ങൾ പരിഗണിച്ചുകൊ ് മുൻഗണനകൾ നിശ്ചയിച്ചിട്ടുള്ളത്. മുൻഗണനാ ക്രമമനുസരിച്ച് മൂന്നുവർഷം ഓരോ പദ്ധതികൾക്കും നിർവ്വഹണ ഘട്ടം നിശ്ചയിച്ചു കൊ ് ജില്ലയിലെ മുഴുവൻ നീർത്തടങ്ങളും 2018 ൽ ആരംഭിച്ച് 2025 ൽ പൂർത്തീകരി ക്കാവുന്ന വിധത്തിൽ ക്രമപ്പെടുത്തിയിട്ടു ്. ഈ പദ്ധതികൾക്ക് അംഗീകാരം നൽകുക

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. നെൽകൃഷി ചെയ്യുന്ന മുഴുവൻ നെൽകർഷകർക്കും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും പൂർണ്ണമായി നൽകുന്നതിനുള്ള തുക പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തുക.
2. നെൽ കൃഷിയിൽ യന്ത്രവൽക്കരണത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടു ത്തുന്നതിനാവശ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കുക.
3. പുഴയോര വൈദ്യുതീകരണം ഉൾപ്പെടെ ലിഫ്റ്റ് ഇറിഗേഷൻ ചെക്കുഡാം തുടങ്ങിയ ജലസേചന പദ്ധതികൾക്ക് ജില്ലാ പഞ്ചായത്ത് നേതൃത്വം നൽകുക.

4. ഫാം ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കുടുംബങ്ങളുടെ ജീവിത നിലവാരവും തദ്വാര ജില്ലയുടെ വരുമാനവും ഉയർത്തുന്നതിന് ഉതകുന്ന പദ്ധതികൾക്ക് രൂപം നൽകാം.
5. ജൈവ ചംക്രമണം പരമാവധി സാധ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ എല്ലാ പുരയിടങ്ങളിലും കമ്പോസ്റ്റ്/മണ്ണിര കമ്പോസ്റ്റ് നിർമ്മാണം ജൈവവള ലഭ്യത വർദ്ധിപ്പിക്കുക.
6. മാലിന്യ സംസ്കരണത്തോടൊപ്പം ജൈവകൃഷി പ്രോത്സാഹനം ലക്ഷ്യമിട്ട് വീട്ട് വളപ്പിലെ പച്ചക്കറി കൃഷിക്കായി പൈപ്പ് കമ്പോസ്റ്റിംഗ് വ്യാപകമാക്കുക.
7. വിവിധ വിളകളുടെ ഉൽപാദന വർദ്ധനവിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുക.
8. സ്ത്രീകളുടെ വരുമാന വർദ്ധനവിനായി കൂൺ കൃഷി പ്രോത്സാഹിപ്പിക്കുക.
9. മിനി പോളിഹൗസ്, മഴമറ, സൂക്ഷ്മജലസേചനം എന്നിവ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ
10. 4 ബ്ലോക്കുകളിലും ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുക.
11. നൂതന ജലസേചന വിദ്യകളായ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ഇറിഗേഷൻ, എന്നിവ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കേ താണ്.
12. മഴക്കാലങ്ങളിൽ മാത്രം വെള്ളം ലഭിക്കുന്ന തോടുകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥിരം തടയണകൾ നിർമ്മിച്ച് ജലസേചനം നടപ്പാക്കുക.
13. അഗ്രികൾച്ചർ എഞ്ചിനിയറുടെ നേതൃത്വത്തിൽ ബ്ലോക്ക് തലത്തിൽ കാർഷിക യന്ത്രങ്ങളുടെ സർവ്വീസ് സെന്റർ സ്ഥാപിച്ച് അറ്റകുറ്റ പണികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
14. തുറന്ന കിണർ ഉള്ള സ്ഥലങ്ങളിൽ കിണർ റീച്ചാർജ്ജിംഗ് ചെയ്യുന്നതിനാവശ്യമായ തുക വാർഷിക പദ്ധതിയിൽ വകയിരുത്തുക.

7.1 .2 മൃഗ സംരക്ഷണം, ക്ഷീര വികസനം

മൃഗസംരക്ഷണ രംഗത്ത് വളരെ ശ്രദ്ധേയമായ സ്ഥാനമാണ് വയനാട് ജില്ലയ്ക്കുള്ളത്. സംസ്ഥാനത്ത് പാലുൽപാദനത്തിൽ ര ാം സ്ഥാനത്താണ് ജില്ല. കാർഷിക മേഖലയിലു ായ തകർച്ചയിൽ കർഷകർക്ക് തുണയായത് മൃഗസംരക്ഷണ മേഖലയിലെ സാധ്യതകളായിരുന്നു. പാലുൽപാദനത്തോടൊപ്പം മുട്ടയുൽപാദനം, ഇറച്ചി വിപണനം, ഓമന മൃഗങ്ങൾ, അലങ്കാര പക്ഷികൾ എന്നിവയുടെ വിപണനം സാധ്യകളും വർദ്ധിച്ചു വരുന്നു. പഞ്ചായത്ത് തോറുമുള്ള മൃഗ ചികിത്സാ ശൃംഖല, പാൽ സംഭരണ വിപണന ശൃംഖല, ആധുനിക മാംസ സംസ്കരണ ശാലയായ മലബാർ മീറ്റിന്റെ സാന്നിദ്ധ്യം എന്നിവ ഈ മേഖലയ്ക്ക് ഉണർവ്വ് നൽകുന്നു. കൂടാതെ, കേരള വെറ്റിറിനറി സർവ്വകലാശാലയുടെ ആസ്ഥാനം വയനാട് ജില്ലയിലെ പൂക്കോട് സ്ഥാപിച്ചതും ഈ മേഖലയുടെ കുതിപ്പിന് ആക്കം കൂട്ടി. എന്നാൽ ഈ മേഖലയുടെ പരിമിതികൾ ചെറുതല്ല. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളാണ് ഉയർന്നു വരുന്നത്.

ജന പങ്കാളിത്തത്തോടെയും സംയോജിതവുമായ കന്നുകാലി വളർത്തലിലൂടെ സുസ്ഥിരമായ വികസനം പ്രാവർത്തികമാക്കുകയും സുരക്ഷിത ഭക്ഷണം ഉറപ്പാക്കുകയും സംസ്കരണ മൂല്യ വർദ്ധനാ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുകയും മനുഷ്യവിഭവശേഷി ഉപയോഗിച്ച് ജീവനോപാധിയും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഈ മേഖല ലക്ഷ്യമിടുന്നത്. ക്ഷീരോൽപാദനം പ്രതിദിനം 10 ലക്ഷം ലിറ്ററായി വർദ്ധിപ്പിച്ച് പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടേയും സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ, ജില്ലയുടെ കന്ന് കാലി സമ്പത്ത് 80,000 ആയി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. മൃഗ സംരക്ഷണ മേഖലയിലെ സംരഭകർക്കുള്ള പലിശനിരക്ക് കാർഷിക മേഖലയിലെ പലിശ നിരക്കുമായി ഏകീകരിക്കുക. കൂടാതെ ആദ്യ 2 വർഷം പലിശ രഹിത വായ്പ ക്രമീകരിക്കുക.
2. പശുവളർത്തൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക.

3. വളർത്തു മൃഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മഗാശുപത്രികൾ ആരംഭിക്കുകയും വെറ്ററിനറി സർജൻമാരെ നിയോഗിക്കുകയും ചെയ്യുക.
4. 2 ഷിഫ്റ്റുകളിലായി ആശുപത്രി സമയം ക്രമീകരിച്ച് രാവിലെ 9 മുതൽ രാത്രി 8 മണിവരെ സേവനം ലഭ്യമാക്കുക.

കീഴ്ത്തട്ട് നിർദ്ദേശം

1. തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കുക.
2. മുട്ടയുൽപാദനത്തിൽ സ്വയം പര്യാപ്തത ഉറപ്പുവരുത്തുന്നതിനായി മുട്ട കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക.
3. കൃത്യമായ ഇടവേളകളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.
4. വയനാടിന്റെ തനത് ജനുസ്സ് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുക.
5. അത്യുൽപാദന ശേഷിയുള്ള പശുക്കൾക്ക് ഗർഭാവസ്ഥയിലും കറവകാലത്തും ആവശ്യമുള്ള ധാതു, ലവണ മിശ്രിതവും മരുന്നും വിതരണം ചെയ്യുക.
6. വന്ധ്യംകരിച്ച തെരുവുനായ്ക്കളുടെ പുനരധിവസിപ്പിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത്/നഗരസഭതലത്തിൽ കെന്നലുകൾ ആരംഭിക്കുക.
7. ജില്ലയിൽ കോഴിത്തീറ്റ, കാലിത്തീറ്റ എന്നിവ ഉൽപാദിപ്പിക്കുന്ന ചെറുകിടയൂണിറ്റുകൾ സ്ഥാപിക്കുക.

7.1.3 മത്സ്യ വികസനം

വയനാട് ജില്ല തീരദേശമേഖലയോ ജലാശയങ്ങളോ ഇല്ലാത്ത കുന്നുകളാൽ ചുറ്റപ്പെട്ട മേഖലയാണ്. എന്നാൽ ഉൾനാടൻ മത്സ്യകൃഷിക്ക് അനന്ത സാധ്യകളു ്. കാരാപ്പുഴ റിസർവോയർ, ബാണാസുര സാഗർ റിസർവോയർ, പൊതു ജലാശയങ്ങൾ,കുളങ്ങൾ എന്നിവ മത്സ്യകൃഷിക്ക് അനുയോജ്യമാണ്. കൂടാതെ അലങ്കാര മത്സ്യ കൃഷിക്കും ഇവിടം അനുയോജ്യമാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഉൾനാടൻ മത്സ്യ കൃഷിക്കുള്ള നിലവിലെ സബ്സിഡികൾ കാലാനുസൃതമായി പരിഷ്കരിക്കുക.
2. മത്സ്യ വിത്ത് ലഭിക്കുന്നതിനായി ഉൽപാദന കേന്ദ്രാം ജില്ലയിൽ സ്ഥാപിക്കുക.
3. ജില്ലയിൽ മൊബൈൽ മാർക്കറ്റിംഗ് യൂണിറ്റ് ആരംഭിക്കുക.
4. കാരാപ്പുഴ, ബാണാസുര സാഗർ എന്നീ ഡാമുകളിൽ മത്സ്യകൃഷിക്കുള്ള നിയന്ത്രണങ്ങൾ നീക്കുക.
5. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ലാബോറട്ടറികളിൽ മത്സ്യവുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്നതിനാവശ്യമായ സംവിധാ നങ്ങൾ ഏർപ്പെടുത്തുക

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. എല്ലാതദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതി വിഹിതത്തിൽ മത്സ്യ കർഷകരുടെ ആനുപാതികമായി ഈ മേഖലയിൽ തുക നീക്കി വെയ്ക്കുക.
2. തദ്ദേശഭരണ സ്ഥാപനതലത്തിൽ മത്സ്യ കൃഷിക്കും വിപണനത്തിനുമായി സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

3. മത്സ്യത്തിന്റെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുക.

4. കാർഷിക മേഖലയിൽ ജലസേചനത്തിനായി ഉപയോഗിക്കുന്ന കുളങ്ങളിൽ കർഷകർക്ക് അധികവരുമാനം ലഭിക്കുന്ന ഒരു കൃഷിയായി മത്സ്യകൃഷിയെ മാറ്റി ആയതിന് പ്രോത്സാഹനം നൽകുക.

5. ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജലസംരക്ഷണ പദ്ധതിഎന്നിവയിൽ ഉൾപ്പെടുത്തികൂടുതൽ കുളങ്ങൾ പുതിയതായി നിർമ്മിക്കുക.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഫിഷ്ബൂത്ത്/ആധുനിക മത്സ്യ ചന്തകൾ തുടങ്ങുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

7. തശേസ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ സർക്കാർ സർക്കാരിതര ഏജൻസികളുടേയും കൈവശമുള്ള കുളങ്ങൾ നിയന്ത്രാനുസൃതമായി കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾഎന്നിവയ്ക്ക് പാട്ടത്തിന്നൽകിമത്സ്യകൃഷി നടത്തുന്നതിന് പ്രോത്സാഹനം നൽകുക.

7.1.4 പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വനവികസനം

പരിസ്ഥിതി പ്രാധാന്യമുള്ള മേഖലയാണ് പശ്ചിമഘട്ടത്തിന്റെ ഭാഗമായ വയനാട്. ഗാഡ്ഗിൽ, കസ്തൂരി രംഗൻ റിപ്പോർട്ടുകളിൽ പരിസ്ഥിതിലോല മേഖലയായാണ് വയനാട് രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് തന്നെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് വയനാട്ടിലാണ്. മഴയിലു ാകുന്ന ഏറ്റക്കുറച്ചിലുകൾ, കുടിവെള്ളക്ഷാമം, വർദ്ധിച്ചുവരുന്ന മാലിന്യ പ്രശ്നങ്ങൾ എന്നിവ ജില്ല നേരിടുന്ന വെല്ലുവിളികളാണ്. രാസവളങ്ങളുടേയും കീടനാശിനികളുടേയും വിവേചന രഹിതമായ ഉപയോഗം വർദ്ധിച്ചു വരുന്നു.

ജില്ലയുടെ ആകെ ഭൂവിസ്തൃതിയുടെ 39 ശതമാനം വനഭൂമിയാണ്. സ്വാഭാവിക വനവിസ്തൃതിയുടെ കുറവും അശാസ്ത്രീയ വനവൽക്കരണവും ജില്ലയിൽ മനുഷ്യ വന്യ ജീവി സംഘർഷത്തിന് കാരണമാകുന്നു. പരിസ്ഥിതി സൗഹൃദ വികസനമാണ് ജില്ലയ്ക്ക് ആവശ്യം. അതോടൊപ്പം സ്വാഭാവിക വനവിസ്തൃതി നിലനിർത്തേ തു ്. ജില്ല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായ മനുഷ്യ–വന്യജീവി സംഘർഷത്തിന് ശാശ്വതമായ പരിഹാരവും കാണേ തു ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വയനാട് ജില്ലയ്ക്കായി സുസ്ഥിര വികസന പദ്ധതി തയ്യാറാക്കുക.
2. മനുഷ്യ വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് സമഗ്രവും ശാസ്ത്രീയവുമായ പദ്ധതികൾ ആവിഷ്കരിക്കുക.
3. ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ കെട്ടിട നിർമ്മാണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.
4. ശാസ്ത്രീയമായ രീതിയിൽ വനവൽക്കരണം നടത്തുക.
5. ജനവാസ കേന്ദ്രങ്ങളിലും കൃഷിയിടങ്ങളിലും നാശനഷ്ടങ്ങളു ാക്കുന്ന വന്യ ജീവികളെ പാർപ്പിക്കുന്നതിന് സൂവോളജിക്കൽ പാർക്ക്/റെസ്ക്യൂ സെന്റർ ആരംഭികക്കുക.
6. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്.പി.സിയെപ്പോലെ ഹരിതസേന രൂപീകരിക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. സ്വാഭാവിക വനങ്ങളുടെ നിലനിൽപ്പിനായുള്ള പ്രവർത്തനത്തിന്റെ ഭാഗമായി പ്രദേശിക നൈസർഗിക മരങ്ങൾ വെച്ചുപ്പിടിപ്പിക്കുക.
2. ജില്ലാ അടിസ്ഥാനത്തിൽ ഔഷധ സസ്യങ്ങളുടെ പരിചരണവും ഉൽപാദനവും പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനതല നടപടികൾ ഉ ാകുക.
3. കാട്ടുതീ നിർമ്മാർജ്ജനത്തിനായി ബോധവൽക്കരണം പ്രതിരോധ പ്രവർത്തനം എന്നിവ വിദ്യാലയങ്ങളുടെ നാഷണൽ സർവ്വീസ് സ്കീം, എൻ.സി.സി, ഫോറസ്റ്റ് ക്ലബ്ബുകൾ മുതലായവയും സഹകരണത്തോട് കൂടി നടപ്പാക്കുക.
4. നദീതടങ്ങളിലും മറ്റും മുളകൾ വച്ചുപിടിപ്പിക്കുകന്നതിനും പരിപാലിക്കുന്നതിനും ത്രിതല പഞ്ചായത്തുകൾ പ്രത്യേക കർമ്മ പദ്ധതി രൂപീകരിക്കുക.
5. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും ഖരമാലിന്യ പരിപാലനത്തിനും സംസ്കരണത്തിനും പ്രഥമ പരിഗണന നൽകുക.

7.1.5 വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ

വ്യവസായ രഹിത ജില്ലയെന്നാണ് വയനാട് അറിയപ്പെടുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊ ് വൻകിട വ്യവസായങ്ങൾക്ക് സാധ്യത പരിമിതമാണ്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉള്ളതിനാൽ കാർഷികാധിഷ്ടിത വ്യവസായങ്ങൾക്ക് ജില്ല അനുയോജ്യമാണ്. ഐടി അധിഷ്ടിത വ്യവസായവും ജില്ലയ്ക്ക് അഭികാമ്യമാണ്. ഐ.ടി നഗരമായ ബംഗലുരുവിനെ കോഴിക്കോട് ജില്ലയുമായി ബന്ധിപ്പിക്കുന്ന ജില്ല എന്ന രീതിയിൽ വ്യവസായ വികസന സാധ്യതകൾ ഉയർന്നുവരുന്നു. കൂടാതെ, കണ്ണൂർ വിമാനത്താവളവും ജില്ലയുടെ വ്യവസായ കുതിപ്പിന് ആക്കം കൂട്ടുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിൽ ഫുഡ് പാർക്ക് സ്ഥാപിക്കുക. ഇതിനായി കെ ത്തിയ വാര്യാട് എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.
2. പരമ്പരാഗത തൊഴിലുകൾക്ക് (കളിമണ്ണ്, കുട്ട നെയ്ത്ത് തുടങ്ങിയവ) ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർതലത്തിൽ സ്വീകരിക്കുക.
3. പ്രോഡക്ട് എക്സ്പോ എല്ലാവർഷവും സംഘടിപ്പിക്കാനുള്ള നടപടികൾ.
4. ഐടി പാർക്ക് ജില്ലയിൽ സ്ഥാപിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. തദ്ദേശഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങളുള്ള വ്യവസായ ഷെഡുകൾ നിർമ്മിച്ച് സംരഭകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. ജില്ലയിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വയനാട് ബ്രാന്റ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം. (തേൻ, മഞ്ഞൾ, സുഗന്ധ അരി, കാപ്പി തുടങ്ങിയവ).
3. എല്ലാ വിദ്യാലയങ്ങളിലും സംരഭക വികസന ക്ലബ്ബുകൾ ആരംഭിക്കുക.
4. ജില്ലയുടെ കാർഷികാധിഷ്ടിത മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഓൺലൈൻ പോർട്ടൽ ആരംഭിക്കുക.
5. വാഴനാര്, കുവുങ്ങ് പാള എന്നിവ ഉപയോഗിച്ചുള്ള ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുക.

7.2 സേവന മേഖല

7.2.1 ആരോഗ്യം, കുടിവെള്ളം, ശുചിത്വം

ആധുനിക വൈദ്യ ശാസ്ത്ര രംഗത്ത് ഏറെ പരിമിതികൾ ഉള്ള ജില്ലയാണ് വയനാട്. ചികിത്സയ്ക്കായി മാനന്തവാടി ജില്ലാ ആശുപത്രിയെയും കോഴിക്കോട് മെഡിക്കൽ കോളേജിനെയുമാണ് ജില്ലക്കാർ ആശ്രയിച്ചുവരുന്നത്. ചികിത്സാ സൗകര്യത്തിന്റെ അഭാവം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെയും താഴ്ന്ന വരുമാനക്കാരുമായ ജില്ലയിലെ ഭൂരിപക്ഷം വരുന്ന ജനതയെയുമാണ് ഏറെ ബാധിക്കുന്നത്. വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നു ു. ട്രോമകെയർ സംവിധാനത്തിന്റെ അഭാവം അപകടത്തെത്തുടർന്നു ാകുന്ന മരണ നിരക്കിന്റെ വർദ്ധിക്കുന്നതിന് കാരണമാകുന്നു. ആയൂർവേദ, ഹോമിയോ, യുനാനി ചികിത്സാ സംവിധാനങ്ങളുടെ ശൃംഖലയും ജില്ലയ്ക്കു ു. കൂടാതെ, പാരമ്പര്യ ആദിവാസി ചികിത്സകരുടെ വലിയ സമ്പത്തും ജില്ലയ്ക്കു ു.

ജില്ലയിൽ 67 മുതൽ 75 ശതമാനം വരെ നഗരവാസികൾക്കും 40 മുതൽ 50 ശതമാനം വരെ ഗ്രാമീണ ജനങ്ങൾക്കും മാത്രമേ ശുദ്ധജലം എത്തിക്കാൻ കഴിഞ്ഞിട്ടുള്ളു. വെള്ളത്തിന്റെ ഗുണനിലവാരം ജില്ലയിൽ താരമ്യേന കുറവാണ്. ടൂറിസം മേഖലയിലു ാകുന്ന വളർച്ച മാലിന്യങ്ങളുടെ അളവ് വർദ്ധിക്കുന്നതിന് കാരണമായിട്ടു ു. ജൈവമാലിന്യത്തിന് ഉപരി അജൈവ മാലിന്യങ്ങളും അളവ് വളരെ കൂടുതലാണ്. എന്നാൽ അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായ സംസ്കരണത്തിന് ഉപാധികൾ ഒന്നുംതന്നെ നിലവിലില്ല. സമഗ്രവും ശാസ്ത്രീയവുമായ മാലിന്യ സംസ്കരണ സംവിധാനം ആവശ്യമാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുക
2. വയനാട് ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുക.
3. തടസ്സങ്ങൾ പരിഹരിച്ച് വയനാട് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുക.
4. വടക്കൻ കേരളത്തിന്റെ ആരോഗ്യ മേഖലയിലെ ചിരകാല സ്വപ്നമായ ശ്രീചിത്തിര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് യാഥാർത്ഥ്യമാക്കുക.
5. ജില്ലയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ട്രോമകെയർ യൂണിറ്റ് സ്ഥാപിക്കുക.
6. ട്രോമാകെയർ മൊബൈൽ യൂണിറ്റ് താലൂക്ക് അടിസ്ഥാനത്തിൽ ഏർപ്പെടുത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. നവജാത ശിശുക്കളുടെ ഭാരക്കുറവ് പോഷകാഹാരക്കുറവ്, എന്നിവ പരിഹരിക്കുന്നതായുള്ള പ്രോജക്ടുക്ടുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകുക.
2. മാതൃമരണ നിരക്ക് ശിശുമരണ നിരക്ക് എന്നിവ ഇല്ലാതാക്കുന്നതിന് ശാസ്ത്രീയവും ഫലവത്തായതും പ്രായോഗിക ക്ഷമത ഉള്ളതുമായ പദ്ധതികൾക്ക് രൂപം നൽകുക.
3. പുതിയ വീടുകൾക്ക് അനുമതി നൽകുന്ന സാഹചര്യത്തിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഉറപ്പുവരുത്തുക.
4. അജൈവ മാലിന്യ ശേഖരണത്തിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ ആരംഭിക്കുക.
5. ഹരിതകർമ്മ സേനയുടെ സഹായത്തോടെ വീടുകളിൽ നിന്നും അജൈവമാലിന്യം ശേഖരിക്കുക.
6. ജില്ലായിലെ എല്ലാ പരിപാടികളിലും ഹരിത നിയമാവലി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

7.2.2 പാർപ്പിടം

ജില്ലയിൽ വീടില്ലാത്ത 7252 കുടുംബങ്ങളും വീടും സ്ഥലവുമില്ലാത്ത 7853 കുടുംബങ്ങളും ഉ ്. കൂടാതെ വിവിധ കാലയളവിൽ അനുവദിച്ച 9,482 വീടുകൾ പൂർത്തീകരിക്കാനു ്. ഇത്രയും കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് വീടുനിർമ്മിച്ചു നൽകുകയും പൂർത്തീകരിക്കാൻ ശേഷിക്കുന്ന ഭവനങ്ങൾ പൂർത്തീകരിക്കേ തു ്. ജീർണ്ണാവസ്ഥയിലുള്ളതും വാസയോഗ്യവുമല്ലാത്തതുമായ 16430 വീടുകൾ പുനർ നിർമ്മിക്കേ തുമു ്. ഇതോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളുടെ താമസ സൗകര്യത്തിനുള്ള സംവിധാനവും ഏർപ്പെടുത്തേ തു ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിൽ വീടില്ലാത്ത 7252 കുടുംബങ്ങൾക്കും വീടുംസ്ഥലവുമില്ലാത്ത 7853 കുടുംബങ്ങൾക്കും പാർപ്പിടം നൽകുക.
2. വൈദ്യുതീകരണം നടപ്പിലാക്കാൻ ശേഷിക്കുന്ന വീടുകൾ വൈദ്യുതീകരിക്കുക.
3. ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള 25 സെന്റ് എന്ന കൂടിയ പരിധി ജില്ലയിൽ ഒരു ഏക്കർ ആയി പുതുക്കി നിശ്ചയിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകുക.
2. ആദിവാസി ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താവും യഥാർത്ഥ കരാറുകാരനും തമ്മിൽ നിയമപരമായ ഉടമ്പടിയിൽ ഏർപ്പെടുന്നതിനുള്ള സംവിധാനം ഒരുക്കുക.

7.2.3 വിദ്യാഭ്യാസം, സംസ്കാരം, കായികം, യുവജനകാര്യം

കേരളത്തിലെ മറ്റ് ജില്ലകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ സൗകര്യങ്ങളുള്ള ജില്ലയാണ് വയനാട്. പൊതു വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏറെക്കുറെ പര്യാപ്തമെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് സൗകര്യങ്ങൾ പരിമിതമാണ്. അതുകൊ ് ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന കുട്ടികൾ അന്യ സംസ്ഥാനങ്ങളെയും അന്യ ജില്ലകളെയും ആശ്രയിക്കേ ി വരുന്നു. പട്ടികവർഗ്ഗക്കാരുടെ കൊഴിഞ്ഞ്പ്പോക്കാണ് ഈ രംഗത്ത് ജില്ല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

സാംസ്കാരിക കലാകായി മേഖലയിൽ ലൈബ്രറി കൗൺസിന് കീഴിലുള്ളതും സ്വതന്ത്രവുമായ ലൈബ്രറികൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിൽ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ആർട്സ് & സയൻസ് കോളേജ്ജുകൾ സ്ഥാപിക്കുക.
2. ജില്ലയിലെ എല്ലാ പൊതു വിദ്യാലയങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.
3. കൂടുതൽ പ്രൊഫഷണൽ കോളേജ്ജുകൾ സ്ഥാപിക്കുക.
4. എഡ്യുപാർക്ക് സ്ഥാപിക്കൽ.
5. ജില്ലയിൽ സ്പോർട്സ് അക്കാദമി സ്ഥാപിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയെ ഡ്രോപ്പൗട്ട് ഫ്രീ ആക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളും വകുപ്പുകളും ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

2. പൊതു വിദ്യാലയങ്ങൾ ആകർഷകമാക്കുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക.
3. വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ടോയ്‌ലറ്റ് സൗകര്യങ്ങൾ ഒരുക്കുക.

7.3 പശ്ചാത്തല മേഖല

7.3.1 ഊർജ്ജം

ബാണാസുര സാഗർ ഡാമിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള 3 എണ്ണം സോളാർ പദ്ധതികൾ ഒഴിച്ചാൽ വയനാട് ജില്ല ഒരു ഉപഭോക്തൃ ജില്ലയാണ്. ജില്ലയിൽ ഊർജ്ജ ഉൽപാദന നിലയങ്ങളൊന്നും തന്നെ നിലവിലില്ല. ഉൽപാദന മേഖലയിലെ കുറവും ഉപഭോഗ മേഖലയിലെ വളർച്ചയും ജില്ലയ്ക്ക് ഒട്ടും ആശാസ്യമല്ല. ഇതുകൊ ് തന്നെ ഊർജ്ജ ഉൽപാദന മേഖലയിൽ ജില്ലയ്ക്ക് മുന്തിയ പരിഗണന ലഭിക്കേ തു ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ പ്രധാന നദിയായ കബനി നദിയിൽ ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുക.
2. വിവിധ പഠന ഘട്ടങ്ങളിലുള്ള 7 ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കുക.
3. കാരാപ്പുഴ ഡാമിൽ റൂഫ് ഫ്ളോട്ട് സോളാർ പാനൽ സ്ഥാപിക്കുക.
4. ജില്ലാ കളക്ടറേറ്റ് ഉൾപ്പെടെ സാധ്യമായ സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ സോളാർ പനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. കൽപ്പറ്റ, മാനന്തവാടി, സു.ബത്തേരി നഗരസഭകളിൽ ഖരമാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന നിലയ്ങ്ങൾ സ്ഥാപിക്കുക.
2. ഈ നഗരസഭകളിൽ അറവുശാലകളിലേയും മത്സ്യ മാസം മാർക്കറ്റുകളിലേയും ജൈവ മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.

7.3.2 ഗതാഗതം, വാർത്താ വിനിമയം, വിനോദ സഞ്ചാരം

ഗതാഗത സൗകര്യത്തിന് റോഡ് ഏക ആശ്രമായുള്ള ജില്ലയാണ് വയനാട്. എന്നാൽ, ജില്ലയിലെ റോഡുകൾ ഗുണനിലവാരത്തിൽ നിർമ്മിച്ചിട്ടുള്ളവയല്ല. ദേശീയപാത 766 മാത്രമാണ് ജില്ലയിലെ ഏക ഫസ്റ്റ് ഓർഡർ റോഡ്. നിലമ്പൂർ–നഞ്ചൻകോട്, മൈസൂർ–തലശ്ശേരി എന്നീ റെയിൽവെ ലൈനുകൾ ദീർഘകാലമായി പരിഗണയിലുെ ങ്കിലും നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല. എയർ സ്ട്രിപ്പുകൾ ജില്ലയുടെ വ്യവസായ വിനോദ സഞ്ചാരമേഖലയ്ക്ക് സഹായകരമാകുന്നതാണ്.

അനന്തമായ വിനോദ സഞ്ചാര സാധ്യതയുള്ള ജില്ലയാണ് വയനാട് ജില്ല. സാഹസിക ടൂറിസം, ഇക്കോ ടൂറിസം, തീർത്ഥാടന ടൂറിസം, കാർഷിക അനുബന്ധ ടൂറിസം, ഒഴിവുകാല ടൂറിസം എന്നീ മേഖലകളിൽ സുസ്ഥിര വിനോദ സഞ്ചാര വികസനം ജില്ലയ്ക്ക് അത്യന്താപേക്ഷിതമാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ ഭൂരിഭാഗം വിനോദ സഞ്ചാരകേന്ദ്രങ്ങളും വനം വകുപ്പിന്റെ നിയന്ത്രണത്തിലാണ് ഉള്ളത്. ഇതിൽ ഒട്ടുമിക്ക വിനോദ സഞ്ചാരികൾക്ക് പ്രവേശനം അനുവദനീയമല്ല. ഈ കേന്ദ്രങ്ങളിൽ വിനോദ സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കുന്നതിന് നയപരമായ ഇടപെടൽ.
2. ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. ചുരം റോപ്പ്വേ പദ്ധതി യഥാർത്ഥ്യമാക്കുക.
4. ദേശീയപാത 766 ലെ രാത്രികാല യാത്രാ നിരോധനം നീക്കുന്നതിനുള്ള ഇടപെടൽ.
5. ജില്ലയിലെ 11 റോഡുകളെ ഫസ്റ്റ് ഓർഡർ റോഡുകളായും 17 റോഡുകളെ സെക്കന്റ് ഓർഡർ റോഡുകളായും 10 റോഡുകളെ തേർഡ് ഓർഡർ റോഡുകളായും മെച്ചപ്പെടുത്തുക.
6. നിലമ്പൂർ നഞ്ചൻകോട്, തലശ്ശേരി–മൈസൂർ റോഡുകൾ റെയിൽവേ യാഥാർത്ഥ്യമാക്കുക.
7. ജില്ലയെ അതിർത്തി ജില്ലകളുമായി ബന്ധിപ്പിക്കുന്ന ബദൽ റോഡുകൾ പൂർത്തീകരിക്കുക.
8. കബനി നദിയിൽ ബൈരക്കുപ്പയിൽ പാലം നിർമ്മിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പരിസ്ഥിത സൗഹൃദ ടോയ്ലറ്റുകൾ സ്ഥാപിക്കുക.
2. തദ്ദേശഭരണ സ്ഥാപനങ്ങളും ടൂറിസം സംരഭകരുമായി ചേർന്ന് സാമൂഹിക സംരഭകത്വ വികസന പരിപാടി കൾ നടപ്പിലാക്കുക.
3. ടൂറിസം വിഭവ ഭൂപടം തയ്യാറാക്കി പ്രാദേശിക ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിക്കുക.
4. ടൂറിസം വികസന സാധ്യതയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ടൂറിസം ടാസ്ക് ഫോഴ്സ് രൂപീകരിക്കുക.
5. വിനോദ സഞ്ചാരികൾക്ക് വയനാടിനെ അറിയാൻ കരന്ത ൻ മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കുക.
6. റോഡുകളെ സ്വതന്ത്രമായി ക ് വികസിപ്പിക്കുന്ന പ്രവണത ഒഴിവാക്കി പ്രാദേശിക വികസനം ലക്ഷ്യമാക്കി ആസൂത്രിതമായി മാത്രം വികസിപ്പിക്കുകയും ത്രിതല പഞ്ചായത്തുകൾ തമ്മിലുള്ള സംയോജന സാധ്യത പരിഗണിക്കുകയും ചെയ്യുക.
7. നഗരസഭയിൽ റോഡ് വികസന രംഗത്തെ ആസൂത്രണം, ട്രാഫിക് നിയന്ത്രണം, മാനേജ്മെന്റ്, ബസ്റ്റാന്റ്, ബസ്റ്റോപ്പ്, പാർക്കിംഗ് കേന്ദ്രങ്ങൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെടുത്തണം.

7.4 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

7.4.1 പട്ടികജാതി/പട്ടികവർഗ്ഗ വികസനം

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ള ജില്ലയാണ് വയനാട്. എന്നാൽ, പട്ടികജാതി ജനസംഖ്യ ഏറ്റവും കുറവും ജില്ലയിലാണ്. ജില്ലയിൽ 2975 കോളനികളിലായി 36,135 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നു ്. ഇവരിൽ പണിയ, അടിയ, കാട്ടുനായ്ക്കർ, ഊരാളി എന്നീ വിഭാഗങ്ങളാണ് ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്നത്. വനത്തെയും വന ഉൽപ്പന്നങ്ങളേയും പരമ്പരാഗത കൃഷി രീതികളെയും ആശ്രയിച്ച് സ്വയാശ്രിത സമൂഹമായി ജീവിച്ചിരുന്നവരാണ് ജില്ലയിലെ പട്ടികവർഗ്ഗക്കാർ. എന്നാൽ വന നിയമം നിലവിൽ വന്നതിന് ശേഷം കൃഷിയും വേട്ടയും അവസാനിച്ചതോടെ മാറിയ ജീവിത സാഹചര്യം ഉ ാക്കിയ സന്നിഗ്ധ ഘട്ടം മറികടക്കാനോ മുഖ്യധാരാ സമൂഹത്തിനൊപ്പം ഇഴുകി ചേരാനോ ഗോത്ര സമൂഹത്തിന് ഇതുവരെയും പൂർണ്ണമായി കഴിഞ്ഞിട്ടില്ല. എല്ലാ പട്ടികവർഗ്ഗ കുടുംബംങ്ങൾക്ക് വീടും ജീവനോപാധിയും നൽകുക എന്നത് ഭരണഘടനാപരമായ ബാധ്യതയാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഭൂരഹിത കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി നൽകുക.
2. ദുർഘട പ്രദേശങ്ങളിലെ ഭവന നിർമ്മാണത്തിന് അധിക ധനസഹായം അനുവദിക്കുക.
3. ജില്ലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ മാനസിക ആരോഗ്യ കേന്ദ്രങ്ങൾ, ഡീ അഡീഷനൻ സെന്ററുകൾ സ്ഥാപിക്കുക.
4. ജനസംഖ്യ ആനുപാതികമായി പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ അനുവദിക്കുക.
5. ജില്ലയിൽ ഫോക്ക്ലോർ അക്കാദമി സ്ഥാപിക്കുക.
6. ജില്ലയിൽ പട്ടികജാതി സംങ്കേതങ്ങൾ കുറവായതിനാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മാർഗ്ഗരേഖയിൽ ഇളവ് നൽകുക.
7. പട്ടിക വർഗ്ഗ ഉപ പദ്ധതി പട്ടികവർഗ്ഗ ഊരുകൂട്ടങ്ങളുടെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കുന്നത് പോലെ പട്ടികജാതി വികസനത്തിനായി പ്രാദേശിക സർക്കാരുകൾ കൈക്കൊള്ളുന്ന നടപടികളെല്ലാം പട്ടികജാതിക്കാരുടെ സ്പെഷ്യൽ ഗ്രാമ സഭയുടെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗ പങ്കാളിത്തം ഉറപ്പാക്കുക.
2. സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രത്യേക പാക്കേജ് തയ്യാറാക്കുക.
3. നിലവിലുള്ള ശ്മശാന ഭൂമികൾക്ക് രേഖയും സംരക്ഷണവും ഉറപ്പാക്കുക.
4. പട്ടികവർഗ്ഗ വിഭാഗക്കാരുടെ തൊഴിൽ നൈപുണ്യ വികസനത്തിന് പ്രത്യേക ഊന്നൽ നൽകുക.
5. മത്സര പരീക്ഷകളിൽ വിജയം ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനാവശ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കുക.
6. ഊരുകൂട്ടങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ കൃത്യമായി നടത്തുക.

7.4.2 വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റർ വിഭാഗം എന്നിവരുടെ വികസനം

സത്രീ പദവിയുടെ കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണെങ്കിലും സ്ത്രീകൾക്കെതിരായ അതി ക്രമങ്ങൾ വർദ്ധിച്ചു വരുന്ന കാലഘട്ടത്തിലൂടെയാണ് നാം കടുന്നു പോകുന്നത്. വികസന പ്രക്രിയയിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതോടൊപ്പം അവർ പ്രശ്നങ്ങൾക്ക് പരിഹാരം കാണേ തു ്. ജില്ലയിലെ കൗമാരക്കാരായ പെൺകുട്ടികൾ, വിധവകൾ, അവിവാഹിതരായ അമ്മമാർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗ വനിതകൾ തുടങ്ങയവരുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യപദവി, സാമ്പത്തിക സ്ഥിതി, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവ ലക്ഷ്യമിട്ടുകൊ ുള്ള പദ്ധതികൾ ആവിഷ്കരിക്കേ തു ്.

ജില്ലയിൽ ജനസംഖ്യയിൽ 11.29 ശതമാനം കുട്ടികളാണ്. കുട്ടികളുടെ വളർച്ചയും വികാസവും തുടർപ്രക്രിയ ആയതിനാൽ ഓരോ ഘട്ടത്തിലുമുള്ള ഇടപെടുകൾ ആനിവാര്യമാണ്. ഇവരുടെ സമഗ്ര വികസനം ലക്ഷ്യപ്രാപ്തിയിലെത്തണമെങ്കിൽ ആരോഗ്യം, പോഷണം, വിദ്യാഭ്യാസം, സംരക്ഷണം, പങ്കാളിത്തം എന്നവയ്ക്ക് ഊന്നൽ നൽകേ തു ്.

ഏറ്റവും ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ളവരാണ് ഭിന്നശേഷിക്കാർ. ജില്ലാ ജനസംഖ്യയുടെ ഏറ്റവും കൂടുതൽ ശതമാനം ഭിന്നശേഷിക്കാരുള്ള ജില്ലയാണ് വയനാട് (2.75%) ഓരോ വിഭാഗം ഭിന്നശേഷിക്കാരെ പ്രത്യേകമായി പരിഗണിച്ച് ഭിന്നശേഷി സൗഹൃദ ജില്ലയാണ് ലക്ഷ്യമിടുന്നത്.

സമൂഹത്തിൽ അവജ്ഞയും ഒറ്റപ്പെടലും വിവേചനവും അനുഭവിക്കുന്ന ഭിന്നലിംഗക്കാർക്ക് മുഖ്യധാരയിൽ എത്തുന്നതിനും അന്തസോടെ സമൂഹത്തിൽ ജീവിക്കാനുള്ള അവസ്ഥ സൃഷ്ടിക്കുകയും ചെയ്യുക എന്നത് പരിഷ്കൃത സമൂഹത്തിന്റെ കടമയാണ്.

സംസ്ഥാനത്തെ മറ്റ് ജില്ലകളെപോലെ തന്നെ വയോജനങ്ങളുടെ എണ്ണം ജില്ലയിൽ വർദ്ധിച്ചുവരികയാണ്. ഇവുടെ ഒറ്റപ്പെടൽ, അവഗണന, എന്നിവയ്ക്ക് പരിഹാരം കാണുകയും സാമ്പത്തിക സുരക്ഷിതത്വം, ആരോഗ്യ പരിരക്ഷ എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. കുട്ടികളുടെ വളർച്ചാ നിരീക്ഷണത്തിനുള്ള ജാതക് ജനനി പദ്ധതി എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കുക.
2. ജില്ലയിലെ എല്ലാ പൊതു സ്ഥാപനങ്ങളിലും വിദ്യാലയങ്ങളും ഭിന്നശേഷി സൗഹൃദമാക്കുക.
3. നവജാത ശിശുക്കൾക്ക് വികലാംഗ നിർണ്ണയ പരിശോധന എല്ലാ സർക്കാർ ആശുപത്രികളിലും ആരംഭിക്കുക.
4. ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഭിന്ന ലിംഗക്കാർക്ക് മാസത്തിലൊരു ദിവസം പ്രത്യേക ക്ലിനിക്ക് ആരംഭിക്കുക.
5. ജില്ലാ ആശുപത്രികളിൽ ഭിന്നലിംഗക്കാർക്ക് ലിംഗമാറ്റ ശസ്ത്രക്രിയക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. ക്ഷേമ പെൻഷനുകൾ എല്ലാ മാസവും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗ ിൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കൂടാതെ ഭിന്നശേഷിക്കാർക്കുള്ള പെൻഷനുകൾ കാലാനുസൃതമായി പരിഷ്കരിക്കുക.
7. വയോജന സത്രീകൾക്ക് പ്രത്യേകിച്ചും വിധവകൾ, തനിച്ചു ജീവിക്കുന്നവർ എന്നിവർക്കായി പ്രത്യേക സംരക്ഷിത പാക്കേജ് രൂപപ്പെടുത്തുക.
8. പട്ടികവർഗ്ഗ വിഭാഗത്തിലെ വയോജനങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.

കീഴ്ത്തട്ട് നിർദ്ദേശം

1. അവിവിഹിതരായ അമ്മമാരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ ഏറ്റെടുക്കുക.
2. ജില്ലയിലെ മുഴുവൻ സ്ഥാപനങ്ങളും പൊതു ഇടങ്ങളും ബാലസൗഹൃദമാക്കുക.
3. ഭിന്നശേഷിക്കാർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പെൻഷൻ, സ്കോളർഷിപ്പ് എന്നിവ കൃത്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. കിടപ്പിലായ ഭിന്നശേഷിക്കാർക്ക് ബ്ലോക്ക് തലത്തിൽ സംരക്ഷണ കേന്ദ്രം ആരംഭിക്കുക.
5. അഗതികളായ ഭിന്നശേശിക്കാർക്ക് ജില്ലയിൽ അഗതിമന്ദിരം ആരംഭിക്കുക.
6. തദ്ദേശഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച പകൽ വീടുകൾ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തന സജ്ജമാക്കുക.

7.5 തൊഴിൽ, സഹകരണം

ശക്തമായ തൊഴിൽ മേഖല നിലനിൽക്കുന്ന ജില്ലയാണ് വയനാട്. പ്ലാന്റേഷൻ മേഖലയിൽ 6,597 തൊഴിലാളികൾ ജില്ലയിലു ്. മറ്റ് ജില്ലകളെ അപേക്ഷിച്ച് അന്യ സംസ്ഥാന തൊഴിലാളികളുടെ എണ്ണം കുറവുമാണ്.
സഹകരണ മേഖലയ്ക്ക് ഗണ്യമായ സ്വാധീനമുള്ള ജില്ലയാണ് വയനാട്. സഹകരണ വകുപ്പിന് കീഴിൽ 436 സഹകരണ സംഘങ്ങൾ നിലവിലു ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. തോട്ടം തൊഴിലാളികളുടെ മിനിമം കൂലി 18,000 രൂപയായി വർദ്ധിപ്പിക്കുക.
2. തോട്ടം തൊഴിലാളികൾക്കു ാകുന്ന മാരക രോഗങ്ങൾക്ക് ചികിത്സാ ധന സഹായം അനുവദിക്കുക.

3. തോട്ടം തൊഴിലാളികൾക്കുള്ള ഭവന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക.
4. മികച്ച സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ജില്ലയുടെ വികസനത്തിന് ആവശ്യമായ ബൃഹത് പദ്ധതികൾ ഏറ്റെടുക്കുക.

കീഴ്ത്തട്ട് നിർദ്ദേശം

1. ഷോപ്പുകളിലും വിവിധ സ്ഥാപനങ്ങളിലും തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ കുട്ടികൾക്കായി താലൂക്ക് കേന്ദ്രങ്ങളിൽ ക്രഷ് സൗകര്യം ഏർപ്പെടുത്തുക.
2. തോട്ടം മേഖലകളിലെ എസ്റ്റേറ്റ് പാടികളിൽ ശുചിത്വ പരിപാടി നടപ്പിലാക്കുക.
3. തദ്ദേശഭരണ സ്ഥാപനങ്ങൾ സഹകരണ സംഘങ്ങളുടെ വികസനത്തിനാവശ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കുക.
4. പട്ടികവർഗ്ഗ മേഖലയിൽ സഹകരണ സംഘങ്ങൾ ആരംഭിച്ച് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക..
5. ടൂറിസം മേഖലയിൽ സഹകരണ സംഘം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7.6 നൂതന പദ്ധതികൾ

എഡ്യൂപാർക്ക്

ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ഒരു പദ്ധതിയാണിത്. വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതികം, വിനോദ സഞ്ചാരം, കൃഷി, ഭക്ഷ്യകാര്യം, ആരോഗ്യം, തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന ഒരു പ്രൊജക്ടാണിത്. റൂറൽ റിസർച്ച് ലാബ്, പ്ലാനറ്റോറിയം, ബൊട്ടാണിക്കൽ ഗാർഡൻ, ബട്ടർ ഫ്ളൈ വിഷ്വൽ തീയ്യേറ്റർ, കലാ പരിശീലന ഗ്രാമം, പെഡഗോഗി പാർക്ക്, ട്രൈബൽ ഹെറിറ്റേജ് മ്യൂസിയം, റഫറൻസ് ലൈബ്രറി, ആർട്ട് ഗാലറി, അക്വേറിയം, അഗ്രികൾച്ചറൽ നഴ്സറി, ജിംനാസ്റ്റിക് കേന്ദ്രം, ഇൻഡോർ സ്റ്റേഡിയം, ഓപ്പൺ എയർ ഓഡിറ്റോറിയം, ഗ്രാമീണ തൊഴിൽ പരിശീലന കേന്ദ്രം, ഡിജിറ്റൽ ലൈബ്രറി,ട്രെയ്നിംഗ് സെന്റർ, ഫുഡ് കോർട്ട്, ഹാന്റി ക്രാഫ്റ്റ്സ്, ത്രീഡി തീയ്യേറ്റർ, കൾച്ചർ എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, ഗോത്ര കലാമണ്ഡലം, ഭക്ഷ്യ സംസ്കരണം, വിപണന മേഖലകൾ, ക്വാർട്ടേഴ്സുകൾ, ഡോർമിറ്ററികൾ, തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ ജില്ലയിലെ ഒരു പ്രധാന നോളഡ്ജ് ഹബ്ബ് കൂടിയായി കേന്ദ്രം വികസിക്കുമ്പോൾ ജില്ലയിലെ അക്കാദമിക് രംഗത്ത് വൻ മുന്നേറ്റത്തിനിടയാക്കും. ബഹുവർഷ പദ്ധതിയായി ഈ പ്രവർത്തനം ഏറ്റെടുക്കണം.

7.7 സംയോജിത പദ്ധതികൾ

1. ഡ്രോപ്പൗട്ട് ഫ്രീ വയനാട്.

ജില്ലയിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പ്പോക്ക് തടയുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വകുപ്പ് പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങിയവയുടെ സഹകരണത്തോട് കൂടിയുള്ള സമഗ്ര പദ്ധതി

2. സേഫ് വയനാട്

തദ്ദേശഭരണ സ്ഥാപനങ്ങൾ ഹരിതമിഷൻ, വിനോദസഞ്ചാര വകുപ്പ്, മോട്ടോർവാഹന വകുപ്പ്, പോലീസ്, ശുചിത്വമിഷൻ എന്നിവയുടെ സഹകരണത്തോടെ പൂർണ്ണമായും അപകട വിമുക്തമായ ജില്ലയാക്കുന്നതിനുള്ള സമഗ്ര പരിപാടി.

3. ബാല സൗഹൃദ ജില്ല

ജില്ലയെ ബാലസൗഹൃദമാക്കുന്നതിന് സംയോജിത പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. അങ്കണവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ത്രിതപ പഞ്ചായത്തുകൾ, വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് തുടങ്ങിയവയുടെ

സഹായത്തോട്കൂടി ഒരുക്കേ തു ്. സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ അങ്കണവാടികൾ സ്ഥലവും കെട്ടിടവുമില്ലാത്ത അങ്കണവാടികൾ എന്നിവയ്ക്ക് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയെ കെട്ടിടങ്ങൾ നിർമ്മിക്കേ തു ്. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ടോയ്ലറ്റുകളും നിർമ്മിക്കേ തു ്. മാത്രമല്ല എല്ലാ പൊതു വിദ്യാലയങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തേ തു ്.

4. കബനീ നദീതട സംരക്ഷണം

കാവേരി ട്രൈബ്യൂണൽ വിധി പ്രകാരം ജില്ലയ്ക്ക് 21 ടിംഎംസി ജലത്തിന് അർഹതയു ്. എന്നാൽ ഇത് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയാറില്ല. കബനി നിദിയിൽ ചെക്കു ഡാമുകൾ നിർമ്മിച്ചും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലൂടെയും പരമാവധി ജലം ജില്ലയ്ക്ക് ഉപയോഗിക്കുന്നതിന് കഴിയേ തു ്. മാത്രമല്ല കബനീ നദീതടം സംരക്ഷിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കേ ത് വളരെ അത്യന്താപേഷിതമാണ്. ജലസേചന വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഹരിതകേരളം മിഷൻ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്ത പ്രവർത്തനങ്ങൾ ഇതിലേക്കായി വിനിയോഗിക്കാൻ കഴിയും.

5. മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ

ജില്ലനേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ് മനുഷ്യ വന്യജീവി സംഘർഷം. ഇത് ലഘൂകരിക്കുന്നതിനായി സമഗ്രവും ശാസ്ത്രീയവുമായ മാർഗ്ഗം തദ്ദേശഭരണ സ്ഥാപനങ്ങളുടേയും മറ്റ് വകുപ്പുകളുടേയും സംയുക്ത ആഭിമുഖ്യത്തിൽ ഏറ്റെടുക്കേ തു ്.

6. വ്യവസായ പാർക്ക്

വ്യവസായ രഹിതമായ ജില്ലയിൽ ഫുഡ്പാർക്ക് സ്ഥാപിക്കുന്നതിനായി വാരിയാട് എസ്റ്റേറ്റ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാരിന്റെ പരിഗണനയിലു ്. ഇത് ത്വരിതപ്പെടുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വ്യവസായ വകുപ്പിന്റെ കീഴിൽ വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കേ തു ്.

7. വയനാട് ബ്രാന്റിംഗ്

വയനാട് തനത് ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ വർദ്ധിച്ച ആവശ്യമുണ്ടെങ്കിലും വിപണനത്തിലുള്ള പോരായ്മ ഉൽപ്പന്നങ്ങൾക്ക് ന്യായ വില ലഭിക്കുന്നതിനും തടസ്സമാകുന്നു ്.കൃഷി വകുപ്പ് ടൂറിസം വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ, വനംവകുപ്പ് തുടങ്ങിയവയുടെ സഹകരണത്തിലൂടെ വയനാടൻ ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം ബ്രാന്റിംഗ് നടത്തുന്നത് വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹായകരമാണ്.

8. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ റൂറൽ ഗസ്റ്റ് ഹൗസ്

ജില്ലയിൽ വിനോദ സഞ്ചാര മേഖല അനുദിനം വളർന്നു വരികയാണ്. സഞ്ചാരികൾക്ക് ന്യായമായ നിരക്കിൽ താമസ സൗകര്യം ഏർപ്പെടുത്തുന്നത് സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന് സഹായകരമാകും ഇതിനായി ടൂറിസം വകുപ്പുമായി സംയോജിച്ച് പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗസ്റ്റ് ഹൗസ് ആരംഭിക്കാവുന്നതാണ്.

9. ബ്ലോക്ക് തലത്തിൽ കിടപ്പിലായ ഭിന്നശേഷിക്കാർക്കുള്ള സംരക്ഷണ കേന്ദ്രം

കിടപ്പിലായ ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തും അതിന് കീഴിലുള്ള ഗ്രാമ പഞ്ചായത്തുകളും ചേർന്ന് ബ്ലോക്ക് തലത്തിൽ സംരക്ഷണ കേന്ദ്രം സ്ഥാപിക്കുന്നത് ഇത്തരം ആളുകൾക്കും അവരുടെ സംരക്ഷകർക്കും ഏറെ സഹായകരമാണ്. ആധുനിക സൗകര്യങ്ങളും

ഉപകരണങ്ങളും തെറാപ്പിസ്റ്റുകളും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഈ കേന്ദ്രത്തിൽ ഒരുക്കേ തു ്.

10. ആദിവാസി പച്ചമരുന്ന്, വംശീയ ഭക്ഷണ പ്രോത്സാഹനം

ആദിവാസി വിഭാഗങ്ങളുടെ തനത് വിഭവങ്ങൾ ആദിവാസി പച്ചമരുന്ന് എന്നിവയുടെ പ്രോത്സാഹനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ്, ത്രിതല പഞ്ചായത്തുകൾ, ടൂറിസം വകുപ്പ് എന്നിവച ചേർന്ന് സംയുക്ത പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

11. തരിശ് രഹിത വയനാട്

ജില്ലയിൽ തരിശ്ശായി കിടക്കുന്ന എല്ലാ സ്ഥലങ്ങളിലും കൃഷി വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും പദ്ധതികൾ സംയോജിപ്പിച്ചുകൊ ് തരിശ് രഹിത വയനാട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കാവുന്നതാണ്.

വിവിധ തട്ടു ഗവൺമെന്റുകൾ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇലപെടലുകൾക്ക് ദിശാബോധം നൽകുന്നതിനും കോട്ടങ്ങൾ കെ ത്തി പരിഹരിക്കുന്നതിനും ശരികളെയും നേട്ടങ്ങളെയും കൂടുതൽ ബലപ്പെടുത്തുന്നതിനും നല്ല മാതൃകകളെ വ്യാപിപ്പിക്കുന്നതിനും തെറ്റായ രീതികളെ നിരുൽസാഹപ്പെടുത്തുന്നതിനും വിവിധ ഏറ്റെടുക്കുന്ന വികസന പ്രൊജക്ടുകൾ തമ്മിൽ മെച്ചപ്പെട്ട സംയോജനം ഉറപ്പുവരുത്തുന്നതിനുള്ള ഉപകരണമാണ് ജില്ലാ പദ്ധതി.

ജില്ലാ പദ്ധതിയുടെ അന്തസത്ത ഉൾകൊ ുകൊ ് തദ്ദേശഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ അവയുടെ പദ്ധതിയുടം പ്രൊജക്ടുകളും തയ്യാറാക്കി നടപ്പാക്കേ ത് ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിക്കുവാൻ വികസന വകുപ്പുകളും ഏജൻസികളും തയ്യാറാകേ താണ്. ലഭ്യമായ വിഭവങ്ങളുടെ പരമാവധി പ്രയോജനം ജനങ്ങൾക്ക് ലഭ്യമാകുന്നതിന് ഈ രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

****

ജില്ലാ ആസൂത്രണ സമിതി വയനാട്